ارکان اربعہ (ملیالم)

# അർകാനെ അർബഅഃ

www.abulhasanalinadwi.org

www.abulhasanalinadwi.org

# അർകാനെ അർബഅഃ

(നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് ഒരപഗ്രഥനം)


## അബുൽഹസൻ അലി നദ്‌വി

വിവർത്തനം :

**എം. എം. നദ്‌വി**



**യുവത ബുക്ക് ഹൗസ്**

പി. ബി. നമ്പർ 524

കോഴിക്കോട്-2.


www.abulhasanalinadwi.org

ARKANE ARBAA
(Malayalam)
By: Abul Hasan Ali Nadvi
Translation:
M. M. Muhyiddheen Nadvi
Publishers:
YUVATHA BOOK HOUSE
Calicut-2.
First Edition:
January 1987
Copies 5000
Cover:
Khayyoom
Type Setting:
Indo Arab Press, Tirur-1.
Printed at:
Emirate Offset Prints, Calicut-2
Copyright Reserved
Price: Rs. 40.00

YBH 001 01-87 5000 En. 1

www.abulhasanalinadwi.org

# യുവത

സ്വതന്ത്ര സ്വഭാവമുള്ള ഒരു പ്രസിദ്ധീകരണ സ്ഥാപനം. മൂല്യാധിഷ്ഠിത കൃതികൾ സാഹിത്യ ലോകത്തിന് നൽകണം എന്നതാണ് ലക്ഷ്യം. വിശ്വാസജീർണ്ണതകൾക്കും ആചാര വൈകൃതങ്ങൾക്കുമെതിരെ തലമുറകളെ പ്രബുദ്ധരാക്കാൻ പ്രതിജ്ഞാബദ്ധമാണ്.

ഒരു കാര്യം പ്രത്യേകം ഉണർത്തട്ടെ. ' യുവത ' ഒരു ഔദ്യോഗിക സ്ഥാപനമല്ല. അതുകൊണ്ടുതന്നെ യുവത പ്രസിദ്ധീകരണങ്ങളിലെ പരാമർശങ്ങൾക്ക് ഔപചാരികത നൽകുന്നത് സ്വീകാര്യവുമല്ല. രചനകളുൾക്കൊള്ളുന്ന വീക്ഷണ ഭാവങ്ങൾ എഴുത്തുകാരിൽ മാത്രം പരിമിതമാണ്. വിഷയങ്ങളുടെ പ്രസക്തിക്ക് പ്രാധാന്യം നൽകുന്നുവെന്നല്ലാതെ ഏതെങ്കിലും അഭിപ്രായങ്ങളുടെ പക്ഷം ചേരാൻ യുവത താൽപര്യം കാണിക്കുകയില്ല.

വിവിധ ഭാഷകളിലെ പ്രഗത്ഭരുടെ കനപ്പെട്ട കൃതികൾ കാഴ്ചവെക്കണമെന്ന് യുവത ആഗ്രഹിക്കുന്നു. യുവത ഒരുക്കുന്ന കൃതികളെല്ലാം ഭിന്നരുചിക്കാരെ മുന്നിൽ കണ്ടുകൊണ്ടാണ്. ആ വൈവിദ്ധ്യം പുസ്തകങ്ങളിൽ വായനക്കാർക്ക് കാണാം.

മലയാളത്തിലെ ഇസ്ലാമിക സാഹിത്യലോകത്തിന് ഒരു പുതിയ മാനം നൽകാനുള്ള യുവതയുടെ എളിയ ശ്രമങ്ങൾക്ക് സർവ്വവിധ പ്രോത്സാഹനങ്ങളും പ്രതീക്ഷിക്കട്ടെ. കരുണാവാരിധിയായ ജഗന്നിയന്താവിനോട് ഈ ശ്രമങ്ങളെല്ലാം പുണ്യകർമ്മങ്ങളാക്കി മാറ്റുന്നതിന് വേണ്ടി മനംനൊന്തു പ്രാർത്ഥിച്ചുകൊണ്ട് അനുവാചകർക്കായി ഈ കൃതി ഞങ്ങൾ സമർപ്പിക്കുന്നു.

—യുവത പ്രവർത്തകർ

www.abulhasanalinadwi.org

ഇസ്ലാമിക സൗധത്തിന്റെ നെടുംതൂണുകളായ
നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്
എന്നിവയെപ്പററി സമഗ്രമായ ഒരപഗ്രഥനം.
ഇസ്ലാമിലെ ആരാധനകളും
ഇസ്ലാമേതര മതങ്ങളിലെ അനുഷ്ഠാനങ്ങളും
തമ്മിൽ സത്യസന്ധമായ താരതമ്യപഠനം
നദ്വിസാഹിബിന്റെ കൃതികളിൽ
ഏററവും മൗലികമാണ്
ഇസ്ലാമിന്റെ സമഗ്രപഠനം ഉൾക്കൊള്ളുന്ന
'അർകാനെ അർബഅഃ'
ഇസ്ലാമിലെ ചതുർസ്തംഭങ്ങളുടെ
ശ്രേഷ്ഠതകൾ വിവരിക്കുന്ന
ഈ അമൂല്യകൃതി
ഞങ്ങൾ സമർപ്പിക്കുന്നു.

—പ്രസാധകർ.

www.abulhasanalinadwi.org

# അബുൽഹസൻ അലി നദ്‌വി

## കുടുംബം

ഹസൻ(റ)വിൻെറ സന്തതിപരമ്പരയിലാണ് അമീർക്വുതുബുദ്ദീൻെറ (മരണം 677 ഹി:) ജനനം. അദ്ദേഹത്തിൻെറ പിൻഗാമികളിൽ ക്വാസിഅഹമദ് എന്നൊരു മഹാൻ നസ്വീറാബാദ് ജില്ലയിൽ വന്ന് താമസമുറപ്പിച്ചു. ഇദ്ദേഹത്തിന് പ്രസിദ്ധരായ രണ്ടു പൗത്രൻമാരുണ്ടായി. ഒരാളിൽ സയ്യിദ് ശാഅലമുല്ലാ ജനിച്ചു. റായിബറേലിയിൽ മൗലാനാനദ്‌വിയുടെ വീട്ടുപേർ ഈ പേരിനോടു ചേർത്തു ''ദായിറയേ ശാ അലമുല്ലാ'' എന്നറിയപ്പെടുന്നു. ഹസ്രത്ത് സയ്യിദ് അഹ്‌മദ്ശഹീദുൾപ്പെടെ ദശക്കണക്കിന് മഹാൻമാർ ശാഅലമുല്ലയുടെ സന്തതി പരമ്പരയിലുണ്ട്.

## മാതാപിതാക്കൾ

ക്വാസീ അഹ്‌മദിൻെറ മറ്റൊരു പൗത്ര പരമ്പരയിലാണ് മൗലാനാനദ്‌വിയുടെ പിതാവ് ഹക്കീം സയ്യിദ് അബ്‌ദുൽഹയ്യ് ജനിച്ചത്. വളരെ ചെറുപ്പത്തിൽതന്നെ അറബി. ഉറുദ്, പാർസീ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പിതാവ് പ്രാവീണ്യം നേടി. വിവിധ വിഷയങ്ങളിലായി ധാരാളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. എട്ടു വാള്യം വരുന്ന 'നുസ്‌ഹത്തുൽഖവാതിർ' എന്ന ഗ്രന്ഥം അയ്യായിരത്തോളം ഇന്ത്യൻ പണ്ഡിതൻമാരെക്കുറിച്ചുളള ആധികാരിക ചരിത്രരേഖയാണ്. 1915-ൽ ദാറുൽ ഉലൂംനദ്‌വത്തുൽ ഉലമയുടെ നാസിമായി തെരഞ്ഞെടുക്കപ്പെട്ടു.

1891- ഡിസമ്പറിൽ അമ്മാവൻെറ മകൾ സൈനബയുമായി വിവാഹം നടന്നു. പക്ഷെ, പത്തു വർഷം കഴിഞ്ഞപ്പോഴേക്കും തൻെറ 33-ാമത്തെ വയസ്സിൽ സഹധർമ്മിണി അന്തരിച്ചു.

## അലീമിയാൻ ജനിക്കുന്നു.

പ്രിയതമയുടെ നിര്യാണത്തിൽ മനംനൊന്ത് കഴിഞ്ഞുകൂടുകയായിരുന്നു ഹക്കീം സയ്യിദ്അബ്‌ദുൽഹയ്യ്സാഹിബ്. തുടർന്നുളള ജീവിതകാലം വിഭാര്യനായി കഴിഞ്ഞുകൂടാൻതന്നെ അദ്ദേഹം തീരുമാനിച്ചു. പക്ഷെ, പിതാവിൻെറയും കുടുംബത്തിൻെറയും നിർ

www.abulhasanalinadwi.org

ബന്ധപ്രകാരം തീരുമാനം പുനരാലോചനക്ക് വിധേയമാക്കി. അതനുസരിച്ച് റായീബറേലിയിലെ ഒരു പ്രസിദ്ധ ദീനീ പ്രവർത്തകനായിരുന്ന സിയാഉന്നബിയുടെ പണ്ഡിതയും ഭക്തയുമായ മകൾ ഖൈറുന്നിസയെ എ. ഡി 1904-ന് വിവാഹം ചെയ്തു. ഈ ദാമ്പത്യവല്ലരിയിൽ 1333- മുഹറം 6-ാംന് (1914 എ. ഡി) വിരിഞ്ഞ കുസുമമാണ് ഇന്ന് വിശ്വപണ്ഡിതനായി അറിയപ്പെടുന്ന അബുൽഹസൻ അലിയ്യുൽഹസനീ അന്നദ്‌വി എന്ന അലീമിയാൻ. അബുൽഹസൻ തൂലികാനാമം, അലി വ്യക്തി നാമവും ഹസനി സംബന്ധികാനാമവും നദ്‌വി ബിരുദ നാമവുമാണ്.

## കുട്ടിക്കാലം

ഒമ്പതാമത്തെ വയസ്സിൽ പിതാവ് മരണമടഞ്ഞു. അനാഥനായ ബാലനെ വാത്സല്യനിധിയായ മാതാവും, വിദ്യാസമ്പന്നനായ (പിതാവിന്റെ ആദ്യ വിവാഹത്തിലെ) ജ്യേഷ്ടനും കൂടി യഥാവിധി സംരക്ഷിച്ചു. ബാല്യത്തിൽ തന്നെ ഉർദു, പേർഷ്യൻ ഭാഷകളിൽ വ്യുൽപത്തിനേടി. വിശുദ്ധ ഖുർആനിലെ വലിയ വലിയ അദ്ധ്യായങ്ങൾ മാതാവിൽനിന്ന് നേരിട്ട് ഹൃദിസ്ഥമാക്കി.

## വിദ്യാഭ്യാസം

പത്തുവയസ്സുവരെ ഗൃഹാന്തരീക്ഷത്തിൽ മാതാവിൽനിന്നും സ്വകാര്യ അദ്ധ്യാപകരിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചു. അനന്തരം റായിബറേലിയിൽനിന്ന് കുടുംബസമേതം താമസം ലക്നോയിലേക്ക് മാററി. ലക്നോ യൂനിവേഴ്സിററിയിലെ അറബി ഭാഷാ പ്രൊഫസറായിരുന്ന ഖലീൽ മുഹമ്മദ് അറബ് സാഹിബിനെ ജ്യേഷ്ടൻ അദ്ദേഹത്തിന്നു പ്രൈവററദ്ധ്യാപകനായി നിയമിച്ചുകൊടുത്തു.

14-ാം വയസ്സിൽ ലക്നോ യൂണിവേഴ്സിററിയിൽ അറബി സാഹിത്യപഠനത്തിന് ചേർന്നു. രണ്ടാംവർഷം ഉയർന്ന മാർക്കു കരസ്ഥമാക്കി സ്കോളർഷിപ്പിനും സ്വർണ്ണമെഡലിനും അർഹനായി. പ്രശംസാർഹമായ ഈ വിജയത്തിന്റെ അടിസ്ഥാനത്തിൽ 1929- ജൂണിൽ തന്റെ 16-ാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിന് ലാഹോറിലേക്ക് തിരിച്ചു. അവിടെ ഓറിയൻറൽകോളേജിൽ ചേരാൻ പുറപ്പെട്ട വിദ്യാർത്ഥി പ്രിൻസിപ്പാളുടെയും മററും നിർദ്ദേശ

www.abulhasanalinadwi.org

പ്രകാരം തുടർന്നു അറബിയിൽതന്നെ ഉപരിപഠനം നടത്താൻ തീരുമാനിച്ചു. അങ്ങനെ ലക്നോവിലേക്ക്തന്നെ മടങ്ങിയ അദ്ദേഹം 1929-ജൂലൈയിൽ ദാറുൽ ഉലൂമിൽ ഹദീസ് പഠനത്തിന് ചേർന്നു. ശൈഖുൽഹദീസ് മൗലാനാ ഹൈദർഹസൻസാഹിബായിരുന്നു ഗുരു. ഇക്കാലത്താണ് തന്റെ ജീവിത വിജയത്തിലെ പ്രധാന കണ്ണിയായ അല്ലാമാ തഖിയ്യുദ്ദീൻഹിലാലീ ദാറുൽഉലൂമിലുണ്ടായിരുന്നത്. അദ്ദേഹത്തിൽനിന്നും ശൈഖ് ഖലീൽ മുഹമ്മദ് അറബിയിൽ അവഗാഹം നേടി. ഒപ്പംതന്നെ ഇംഗ്ലീഷും അഭ്യസിച്ചു.

1930-31-ൽ വീണ്ടും ലാഹോറിലേക്കു പുറപ്പെട്ടു. അവിടെ ഹസ്രത്തു മൗലാനാ അഹ്മദ്അലിസാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ചു. 1932-ൽ ദയൂബന്തിലെത്തി മൗലാനാ ഹുസൈൻ അഹ്മദ് മദനിയുടെ ശിഷ്യനായി. കുറച്ച് മാസങ്ങൾക്ക്ശേഷം അവിടെനിന്നു പിരിഞ്ഞപ്പോൾ വീണ്ടും ലാഹോറിലേക്കു തന്നെ പോയി മൗലാനാ അഹ്മദലിയിൽനിന്ന് തഫ്സീർ പഠനംകൂടി പൂർത്തിയാക്കാൻ തീരുമാനിച്ചു. അങ്ങനെ 1932- ഡിസംബറിൽ പിന്നെയും ലാഹോറിലെത്തി. മദ്റസ: ക്വാസിമുൽ ഉലൂമിൽ പ്രവേശനം നേടി. അവിടെ രണ്ടു വർഷത്തെ പഠനംകഴിഞ്ഞ് 98% മാർക്കുവാങ്ങി ലക്നോയിൽ തിരിച്ചെത്തി. ഇതോടെ 1934-ൽ തന്റെ 20-ാമത്തെ വയസ്സിൽ ഔദ്യോഗിക വിദ്യാർത്ഥി ജീവിതം അവസാനിച്ചു.

തുടർന്ന് 1945-വരെ ദാറുൽഉലൂംനദ്‌വത്തുൽ ഉലമാ (ലക്നോ)യിൽ അദ്ധ്യാപകനായി ജോലി നോക്കി. അവിടന്നങ്ങോട്ട് പ്രധാനമായും ഗ്രന്ഥരചന, പത്ര പ്രവർത്തനം, സംഘടനാപ്രവർത്തനം, പ്രസംഗം, പര്യടനം, ലോകനേതാക്കളുമായുള്ള കൂടിക്കാഴ്ച, വിദ്യാഭ്യാസ പ്രവർത്തനം എന്നീ രംഗങ്ങളിലേക്ക് അദ്ദേഹത്തിന്റെ പ്രവർത്തനം വ്യാപിച്ചു.

## പത്രപ്രവർത്തനം

1940-മുതൽ അന്നദ്‌വ, തഅ്മീർ, നിദായെമില്ലത്ത്, തഅ്മീറെഹയാത്ത് എന്നീ ഉറുദു പ്രസിദ്ധീകരണങ്ങളും, അൽബഅ്സുൽ ഇസ്‌ലാമി, അർറാഇദ് എന്നീ അറബി പ്രസിദ്ധീകരണങ്ങളും മൗലാനാ നദ്‌വിയുടെ മേൽനോട്ടത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇതിൽ ചിലതെല്ലാം നിലച്ചുപോയിട്ടുണ്ട്.

www.abulhasanalinadwi.org

## ഗ്രന്ഥരചന

'തൗഹീദ്' മാസികയിൽ മുഹ്‌യിദ്ദീൻ കസൂരി എഴുതിയ 'ഹിന്ദുസ്ഥാൻ കാ മുജാഹിദേ അഅ്സം' എന്ന ലേഖനം തന്റെ 16-ാമത്തെ വയസ്സിൽ അറബിയിലേക്ക് വിവർത്തനം ചെയ്തു. അനന്തരം ലോക പണ്ഡിതനായ സയ്യിദ് റശീദുരിസാ നടത്തുന്ന 'അൽമനാർ' മാസികയിലേക്കയച്ചു. അദ്ദേഹമത് 'തർജുമത്തുൽ ഇമാം അസ്സയ്യിദ് അഹ്മദുബ്നുഇർഫാൻ' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഇത് പിന്നീട് ഒരു സ്വതന്ത്ര ലഘു ലേഖയായി റശീദുരിസാ പുറത്തിറക്കുകയും ചെയ്തു. ഒരു ഗ്രന്ഥമെന്ന രൂപത്തിൽ ആദ്യമായി പുറത്തിറക്കിയ കൃതി 'സീറത്ത് സയ്യിദ് അഹ്മദ് ശഹീദാ'ണ്. 464-പേജോളം വരുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ 24-ാമത്തെ വയസ്സിലാണ് രചിച്ചത്. തുടർന്ന് അറബിയിലും ഉർദുവിലും വിരചിതമായ കൃതികൾ ചെറുതും വലുതുമായി നൂറോളം വരും. അവയിൽ ഒട്ടുമുക്കാലും ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥങ്ങളിൽ മുഖ്താറാത്തുൻമിനൽ അദബിൽ അറബി, അൽകിറാഅത്തുർറാശിദഃ, കസസുന്നബിയ്യീന ലിൽഅത്ഫാൽ, അൽഅർക്കാനുൽ അർബഅഃ, മാദാ ഖസിറൽ ആലം..., രിജാലുൽ ഫിക്‌രി വദ്ദഅ്‌വഃ, അത്തരീകു ഇലൽ മദീനഃ തുടങ്ങി പലതും ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സ്കൂളുകൾ മുതൽ യൂണിവേഴ്സിറ്റി തലം വരെ പാഠ പുസ്തകങ്ങളായി അഭ്യസിക്കപ്പെടുന്നു.

## സംഘടനാപ്രവർത്തനങ്ങളും സ്ഥാനങ്ങളും

സമുദായത്തെയും രാഷ്ട്രത്തെയും സേവിക്കാൻ സംഘടനാപ്രവർത്തനവും ആവശ്യമാണെന്ന് മൗലാന മനസ്സിലാക്കി. പ്രത്യേകിച്ചും ഇസ്‌ലാമിന്റെ സന്ദേശം അമുസ്ലിംകളിൽ പ്രചരിപ്പിക്കാൻ അത് കൂടിയേതീരൂ. തങ്ങിസ്ഥാനത്തിൽ 1954-ൽ 'പയാമേ ഇൻസാനിയ്യത്ത്' എന്ന സംഘടനക്ക് രൂപം നൽകി. ഇടക്കാലത്ത് ഇതിന്റെ പ്രവർത്തനം നിലച്ചുപോയെങ്കിലും 74-75-ൽ വീണ്ടും സജീവമായി. 1964-ൽ 'മജ്‌ലിസേ മുശാവറ'ക്ക് ജന്മം നൽകിയവരുടെ മുൻപന്തിയിലുണ്ടായിരുന്നു. 1962-ൽ മുസ്ലിം വേൾഡ് ലീഗിന്റെ സ്ഥാപകാംഗ മെമ്പറായി. അതേ വർഷം മുതൽ മദീനാ ഇസ്ലാമിക് യൂണിവേഴ്സിറ്റി അഡ്വൈസറി കമ്മിറ്റിയുടെയും മെമ്പറാണ്. 61-മുതൽ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമാ (ലക്നോ)

www.abulhasanalinadwi.org

യുടെ റെക്ടറായി സേവനമനുഷ്ഠിക്കുന്നു. 59-ൽ അക്കാഡമി ഓഫ് ഇസ്ലാമിക് റിസർച്ച് ആൻറ് പബ്ലിക്കേഷൻസ് (ലക്നോ) സ്ഥാപിച്ചു; അന്നുമുതൽ അതിൻെറ പ്രസിഡൻറായി തുടരുന്നു. 57-മുതൽ ഡമസ്കസിലെ അക്കാഡമി ഓഫ് ഇസ്ലാമിക് ആർട്സ് ആൻറ് ലെറ്റേഴ്സിൻെറ മെമ്പറായി. 59-ൽ ഉത്തർപ്രദേശിൽ സ്ഥാപിതമായ മത വിദ്യാഭ്യാസ കൗൺസിലിൻെറ തലവനായി. 62-ൽ റാറുൽ ഉലൂം ദയൂബന്ദിൻെറ മജ്ലിസ് ശൂറയിൽ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.

അലീഗർ മുസ്ലിം യൂണിവേഴ്സിററിയിൽ മതകാര്യ വകുപ്പിൻെറ ഉപദേശകൻ. ലക്സംബർഗി (ബൽജിയം)ലെ ഫൗണ്ടേഷൻ ഫോർ സ്ററഡീസ് ആൻറ് റിസേർച്ചിൻെറ ചെയർമാൻ എന്ന നിലയിലും പ്രവർത്തിക്കുന്നു. കാർത്തേജി (ടൂണിഷ്യാലെ) നാഷണൽ ഫൗണ്ടേഷൻ ഫോർ ട്രാൻസലേഷൻ റിസേർച്ച് ആൻറ് സ്ററഡീസ്, അമ്മാനിലെ അക്കാഡമി ഓഫ് റിസേർച്ച് ഇൻ ഇസ്ലാമിക് സിവിലൈസേഷൻ, റബാത്തി (മൊറോക്കോ)ലെ ഫെഡറേഷൻ ഓഫ് ഇസ്ലാമിക് യൂണിവേഴ്സിററീസ് എന്നിവയുടെ മെമ്പറായി സ്ഥാനമലങ്കരിക്കുന്നു. കൂടാതെ അഅ്സംഗഡി (യു. പി.) ലെ ശിബ്ലി അക്കാഡമിയുടെ പ്രസിഡൻറും, ബ്രിട്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിൽ ഇസ്ലാമിക് സെൻററിൻെറ ചെയർമാനുമാണ്. 83-ൽ മൗലാനാ നദ്വിയാണിത് സ്ഥാപിച്ചത്. 84-ൽ റിയാദിൽ സ്ഥാപിതമായ വേൾഡ് ഫോറം ഓഫ് ഇസ്ലാമിക് ലിറററേച്ചറിൻെറ അദ്ധ്യക്ഷനായി ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടു. 80-ൽഇസ്ലാമിക പ്രബോധനത്തിനുള്ള ഫൈസൽ അവാർഡ് ഏററുവാങ്ങിയ മൗലാനാ നദ്വി ഇപ്പോൾ മുസ്ലിം പേഴ്സണൽ ലോ ബോർഡിൻെറ അദ്ധ്യക്ഷൻ കൂടിയാണ്.

## പര്യടനം

ഇറാൻ, ഇറാക്, ഈജിപ്ത്, സിറിയ, ലബനാൻ, സ്പെയിൻ, ഫലസ്തീൻ. സഊദി അറേബ്യ, യു. എ. ഇ. തുർക്കി, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ബർമ്മ, സിലോൺ, അമേരിക്ക, ബ്രിട്ടൻ ഇംഗ്ലണ്ട്, ജനീവ, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ അനവധി നാടുകളിൽ പല പ്രാവശ്യം മൗലാനാ പര്യടനം നടത്തി. അവിടത്തെ പല യൂണിവേഴ്സിററികളിലും ഉജ്ജ്വല പ്രഭാഷണങ്ങൾ നടത്തി. ആ നാടുകളെകുറിച്ച് പഠിച്ചു; അവിടത്തെ ജനങ്ങളെ അഭിസംബോധന ചെയ്തു; ഇസ്ലാമിനെ പരിചയപ്പെടുത്തി. പ്രസ്തുത നാടുകളിലെ മുസ്ലിംകളുടെ അവസ്ഥ ലോകത്തിന് പറഞ്ഞ്കൊടുത്തു.

www.abulhasanalinadwi.org

ഈ കാലത്തിനിടയിൽ അദ്ദേഹം അഞ്ച് പ്രാവശ്യം കേരളത്തിലും വരികയുണ്ടായി. ആദ്യമായി 1961–ഫെബ്രുവരി 5 (ഹി:1380-ശഅബാൻ 18)നാണ് ഇവിടെ വന്നത്. അന്ന് കോഴിക്കോട് നടന്ന കേരള നദ്‌വത്തുൽ മുജാഹിദീന്റെ സ്റ്റേറ്റ് സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു.

## കൂടിക്കാഴ്ച

1935-ൽ ഭാരതത്തിൽ കോളിളക്കം സൃഷ്ടിച്ച ഒന്നാണ് ഇന്ത്യൻ ഭരണഘടനയുടെ ശില്പി ഡോ. അംബേദ്കറും, അദ്ദേഹത്തിന്റെ ജനതയും ഒരു ലോകമതത്തിൽ ചേരാൻ തീരുമാനിച്ചുവെന്നത്. ഈ വിവരമറിഞ്ഞ ഉടനെ മൗലാനാ നദ്‌വി ജ്യേഷ്ഠന്റെയും, ഗുരുനാഥന്റെയും നിർദ്ദേശപ്രകാരം ബോംബേയിലേക്ക് തിരിച്ചു. അന്ന് 21-വയസ്സ് മാത്രം പൂർത്തിയായിരുന്ന അദ്ദേഹം ഡോ: അംബേദ്കറുമായി ബന്ധപ്പെട്ടു. ഇസ്ലാമിനെക്കുറിച്ചു പരിചയപ്പെടുത്തി.

തുടർന്ന് പല സന്ദർഭങ്ങളിലായി ഇന്ത്യയിലെ പല അമുസ്ലിം നേതാക്കളുമായി ബന്ധപ്പെടുകയുണ്ടായി. അടിയന്തിരാവസ്ഥയിൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുമായി സുദീർഘ ചർച്ച നടത്തി. ജനതാ ഗവർമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇന്ദിരാഗാന്ധി മൗലാനാ നദ്‌വിയുടെ വീട്ടിലെത്തി തന്റെ കഴിഞ്ഞകാല ഭരണത്തിലെ വീഴ്ചകൾ ഏററു പറഞ്ഞു. ജനതാ പാർട്ടിയിലെ ഉത്തരവാദപ്പെട്ട നേതാക്കളുമായി പലപ്രാവശ്യം രാജ്യകാര്യങ്ങളെക്കുറിച്ചാലോചിച്ചു. ജംഷഡ്പൂരിലും, രേവഡ്കേലയിലും വർഗ്ഗീയ കലാപങ്ങൾ നടന്നപ്പോൾ ജയപ്രകാശ്നാരായണനും, വിനോബജിയുമായി കണ്ടു സമാധാന പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ചു. സുപ്രീംകോടതി മുസ്ലിം ശരീഅത്തിൽ ഇടപെട്ടപ്പോൾ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുമായി ദീർഘമായി കൂടിക്കാഴ്ച നടത്തി.

ലോകമുസ്ലിം പണ്ഡിതൻമാരും നേതാക്കളുമായി മൗലാനാ നദ്‌വിക്ക് വളരെ അടുത്ത പരിചയവും ബന്ധവുമാണ്. അറബ് രാജ്യങ്ങളിലെ ഭരണാധികാരികൾ വളരെ ആദരപൂർവ്വം പല പ്രാവശ്യം അദ്ദേഹവുമായി നേരിട്ടു സംസാരിക്കുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്.

www.abulhasanalinadwi.org

## വിവാഹവും മററും

1934-നവമ്പറിൽ തൻെറഅമ്മാവൻ സയ്യിദ് അഹ്മദ്സഈദിൻെറ പുത്രിയുമായി വിവാഹം നടന്നു. ദാമ്പത്യ ജീവിതത്തിൽ സന്താനങ്ങളൊന്നും ജനിച്ചില്ല. തൻെറ 9-ാം വയസിൽ പിതാവും, 47-ാം വയസിൽ ജ്യേഷ്ടനും, 54-ാം വയസിൽ മാതാവും മരിച്ചു.

## പ്രധാന ഗുരുനാഥൻമാർ

അല്ലാമാ തകിയുദ്ദീൻ ഹിലാലി ശൈഖ് ഖലീൽ മുഹമ്മദ് അറബി അൽയമാനീ, ശൈഖുൽഹദീസ് മൗലാനാ ഹൈദർഹസൻ ഖാൻ സാഹിബ്, മൗലാനാ അഹ്മദ്അലിസാഹിബ് ലാഹോരീ, മൗലാനാ ഹുസൈൻ അഹ്മദ് മദനീ എന്നീ പണ്ഡിതൻമാരിൽ നിന്നാണ് പ്രധാനമായും മൗലാനാ നദ്വി വിജ്ഞാനം നുകർന്നത്. ഇവരെകൂടാതെ ആദർശ ഗുരുക്കളായും ആത്മീയ നേതാക്കളായും മൗലാന തെരഞ്ഞെടുത്തവർ വേറെയുമുണ്ട്. മൗലാനാ മുഹമ്മദ് ഇൽയാസ്സാഹിബ് മൗലാനാ അബ്ദുൽഖാദിർ റായേപൂരി ശൈഖുൽ ഹദീസ് മുഹമ്മദ് സകരിയാ സഹാറൻപൂരി, ശാ മുഹമ്മദ്യഅ്കൂബ് ഭോപാലി, മൗലാനാ അബ്ദുശുക്കൂർ സാഹിബ് ഫാറൂകീ എന്നിവരാണത്. തന്നെ ആവേശംകൊള്ളിച്ചത് മഹാകവി അല്ലാമാ ഇകബാലാണെന്നതിൽ അദ്ദേഹം അഭിമാനംകൊള്ളുന്നു.

മൗലാനാ നദ്വിയുടെ ജീവിതത്തിൽ സ്വാധീനം സൃഷ്ടിച്ച കഴിഞ്ഞകാല മഹാത്മാക്കൾ ഇമാം അഹ്മദുബ്നുഹമ്പൽ, ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃ, ശൈഖ് അഹ്മദ് സർഹിന്ദീ, ഷാ വലിയ്യുല്ലാഹിദ്ദഹ്ലവീ, സയ്യിദ് അഹ്മദ് ശഹീദ് എന്നീ അഞ്ചു വ്യക്തികളാണ്. ഇവരുടെ ത്യാഗോജ്ജ്വലമായ ജീവിതം ഭാവിതലമുറക്കെത്തിക്കാൻ അദ്ദേഹം ധാരാളംഎഴുതി; പ്രസംഗിച്ചു.

## നാലു കൃതികൾ

മൗലാന അറബിഭാഷ പഠിക്കാൻവേണ്ടി ഉപയോഗപ്പെടുത്തിയതും എന്നും പ്രാധാന്യത്തോടെ സ്മരിക്കുന്നതും നാലു ഗ്രൻഥങ്ങളാണ്. ഇബ്നുമുകഫ്ഫഇൻെറ കലീലഃവദിംനഃ, ശരീഫുർറസിയുടെ 'നഹ്ജുൽബലാഗഃ, ജുർജാനിയുടെ ദലാഇലുൽഇഅ്ജാസ്, അബുതമാമിൻെറ ഹമാസഃ എന്നിവയാണവ.

www.abulhasanalinadwi.org

## ശിർക്ക്-ബിദ്അത്തിൽനിന്ന് മോചനം

ഈ വിഷയകമായി അദ്ദേഹം എഴുതുന്നത് വായിക്കുക:

''ഹി: ആറാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ എൻെറ കുടുംബം ഇന്ത്യയിൽ വന്നു. ഹസ്രത്ത് സയ്യിദ് അമീർ കുത്വുബുദ്ദീനാണ് പ്രപിതാക്കളിൽ ആദ്യമായി ഇവിടെ താമസമുറപ്പിച്ച വ്യക്തി. . അന്നു മുതൽ ഇന്നുവരെ ശിർക്ക്-ബിദ്അത്തുകളിൽ നിന്ന് പൂർണ്ണമായും എൻെറ കുടുംബം പരിശുദ്ധമാണ്. ശീആയിസത്തിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ട്. തൗഹീദും സുന്നത്തും പ്രചരിപ്പിക്കാൻ മുൻപന്തിയിൽനിന്നു. ഇതിനു ഏററവും വ്യക്തമായ തെളിവിതാണ്. ആ കുടുംബത്തിൽ ആരുടെയും (അവരിൽ ചിലർ തങ്ങളുടെ കാലങ്ങളിൽ അറിയപ്പെട്ട ശൈഖുമാരും ''ഔലിയാ''ക്കളുമായിരുന്നിട്ടുപോലും) ഖബറുകൾ കെട്ടിപ്പൊക്കുകയോ ഖുബ്ബകളായി ഉയർത്തുകയോ ചെയ്തില്ല. 'ഇനി ഏതെങ്കിലും സ്ഥലത്ത് ഖബറുകൾക്ക് ചുററും മതിലുകൾ പടർത്തുയർത്തിയിട്ടുണ്ടെങ്കിൽതന്നെ അത് കുത്തിയൊഴുകുന്ന വെള്ളച്ചാലിൽനിന്ന് ഖബറുകളെ രക്ഷിക്കാനാണ്. അല്ലെങ്കിൽ പിൽക്കാലത്ത് വന്ന ഏതോ അറിയപ്പെടാത്ത ''വസീലഃ'' നേട്ടക്കാരൻെറ പണിയാവാം. മാത്രമല്ല, ഒരു കാലത്തും കുടുംബത്തിലെ നല്ലവരായ മുൻകഴിഞ്ഞവരുടെ ഖബ്റിടത്തിൽവെച്ച് ഉറൂസോ, നേർച്ചയോ, ആണ്ടോ ഒന്നും തന്നെ നടത്തിയിട്ടില്ല. സഊദി ഭരണകൂടം അധികാരത്തിൽ വന്ന ശേഷം മക്കഃയിലെ 'ജന്നത്തുൽമുഅല്ല'യിലും മദീനഃയിലെ 'ജന്നത്തുൽ ബഖീഇ'ലും പടുത്തുയർത്തിയ ഖബറുകൾ നിരത്തി സമമാക്കുകയുണ്ടായി. എന്നാൽ ഞങ്ങളുടെ പൂർവ്വ പിതാക്കൾ അന്ത്യവിശ്രമംകൊള്ളുന്ന ശ്മശാനകേന്ദ്രങ്ങൾ എത്രയോ മുമ്പ് തന്നെ ഇതേ അവസ്ഥയിലാണ്. ഉദാഹരണത്തിന് റായ്ബറേലിയിലെ നസ്വീറാബാദ് ജില്ലയിലും 'ദാഇറയെ ശാ അലമുല്ല'യിലുമുള്ള കേന്ദ്രങ്ങൾ നേരിട്ട് കാണാവുന്നതാണ്. അവിടെ ഖബറുകളിൽ ഒരു എഴുത്തോ, നാട്ടിയ പലകയോപോലും കാണുകയില്ല. ഞാൻ അറിഞ്ഞേടത്തോളം എന്തെന്ത് കർമ്മപരവും സ്വഭാവപരവുമായ ദൂഷ്യങ്ങൾ എൻെറ കുടുംബത്തിൽ ഉണ്ടെങ്കിൽതന്നെയും ശിർക്ക്-ബിദ്അത്തുകളിൽനിന്ന് അത് എക്കാലത്തും പരിശുദ്ധമായിരുന്നു.'' (കാർവാനെസിന്ദഗീ-വാ: 1, പുറം: 22) ★

★ കാറവാനേസിന്ദഗീ, ഹയാത്തു അബ്ദിൽഹയ്യ്, മാദാഖസീറയുടെ മുഖവുര തുടങ്ങിയ മൗലാനയുടെ കൃതികളോട് കടപ്പാട്. (വിവ.)

www.abulhasanalinadwi.org

## വായനക്കാരോട്

പദബാഹുല്യമുള്ള അറബി, ഉറുദു മുതലായ ഭാഷകളിൽ, ആശയബാഹുല്യത്തോടെ വിരചിതമായ കൃതികൾ പദദൗർലഭ്യമുള്ള മലയാളംപോലുള്ള ഭാഷകളിൽ തർജ്ജമ ചെയ്യാനുള്ള ഉദ്യമം വളരെ ദുഷ്കരമാണ്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള പറഞ്ഞ ഒരുദാഹരണം ഇവിടെ ഓർക്കട്ടെ: തർജ്ജമ എന്ന ഉദ്യമം ഏകദേശം സോഡാക്കുപ്പികളിലെ ദ്രവം, പരന്ന പാത്രങ്ങളിൽ പകരുംപോലെയാണ്. കുപ്പി തുറക്കുമ്പോൾതന്നെ അതിലെ ജലത്തിന്ന് വീര്യഹേതുവായ ഗ്യാസ് കുറെയൊക്കെ നഷ്ടപ്പെടുന്നു. പിന്നെ തുറക്കുന്ന വ്യക്തി കുപ്പി ശരിക്ക് പിടിച്ചിട്ടില്ലെങ്കിൽ, അതിന്റെ ഇടുങ്ങിയ മുഖനാളം തടഞ്ഞുപോകാം; ചിലപ്പോൾ അല്പബിന്ദു മാത്രമായും നിർഗ്ഗമിക്കും. എല്ലാം പകർന്നുകഴിയുമ്പോഴേക്കും, ആദ്യമുണ്ടായിരുന്നതിൽ കുറെമാത്രം അവശേഷിക്കും; ഇതിൽ തന്നെയും ജലം മാത്രമല്ല കുറഞ്ഞിരിക്കുന്നത്. വാതകശൂന്യമായ ചൈതന്യം അഥവാ വീര്യംകൂടി മിക്കവാറും ശൂന്യമായിരിക്കും. ഇതുപോലെ ഇതരഭാഷകൃതികൾ തുറന്നു വായിക്കുമ്പോൾ തന്നെ ചില സാരതത്വങ്ങൾ വായനക്കാരന്ന് ഗ്രഹിക്കാൻ കഴിയാതെ വിട്ടുപോകുന്നു. പിന്നെ, ആശയം പകരുവാൻ തുനിയുമ്പോൾ പലതും തടഞ്ഞുപോകും; ചിലതു മുഴുവനും മറ്റു ചിലത് ന്യൂനമായും പകർന്നുവെന്ന്വരാം. പദദൗർലഭ്യംമൂലം ആശയങ്ങളെ തത്തുല്യമായി പകരുവാൻ കഴിയാതെയും, കഴിഞ്ഞാൽതന്നെ, മൂലാർത്ഥം ശരിക്കു ഗ്രഹിക്കാതെ പദത്തിന് പകരം പദം നികത്തിയും കാര്യം സാധിക്കുന്നു. അങ്ങനെ മൂലകൃതിയുടെ അന്തർഹിതമായ ചൈതന്യം മിക്കവാറും ലുപ്തമാകുന്നു. ഇതാണ് ഏത് തർജ്ജമയുടെയും സ്ഥിതി.

'അറ്ക്കാനെ അർബഅഃ' ഒരു ആശയവിവർത്തനമാണ്, എങ്കിലും വായനയുടെ ഒഴുക്ക് നഷ്ടപ്പെടാത്ത രൂപത്തിൽ പരമാവധി പദാനുപദ വിവർത്തനമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഫാർസി, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സാമാന്യം നല്ല അറിവുള്ളതോടൊപ്പം തന്നെ ഉറുദു, അറബി, ഇസ്ലാമിക വിഷയങ്ങൾ എന്നിവയിൽ കിടയറ്റതും ആധികാരികവുമായ പരിജ്ഞാനമുള്ള ഒരു വിശ്വ ചിന്തകന്റെ ഉജ്ജ്വലകൃതിയാണീ പുസ്തകം. അതിനാൽ ഭാഗികമായ ആസ്വാദനമേ ഇവിടെ കഴിയൂ. കാരണം, ഒന്ന് മേൽപറഞ്ഞതുപോലെ ഭാഷാന്തരീകരണത്തിലുള്ള വിഷമം. രണ്ട്, ഗ്രന്ഥകർത്താവിന്റെയും വിവർത്തകന്റെയും ഓരോ വിഷയത്തിലുള്ള പാണ്ഡിത്യാന്തരം.

www.abulhasanalinadwi.org

ഇതിൽ എന്നെ സഹായിച്ച എല്ലാവർക്കും നന്ദി, പ്രത്യേകിച്ചും യുവതാ ബുക്ക് ഹൗസിന്. അല്ലാഹു അവർക്കെല്ലാം മഹത്തായ പ്രതിഫലം നൽകട്ടെ. തർജ്ജമഃക്ക്‌വേണ്ടി ഞാൻ ഉപയോഗപ്പെടുത്തിയത് മജ്‌ലിസെ തഹ്ക്വീക്വാത്തോ നശ്‌രിയ്യാത്ത് (ലക്നോ) ഇറക്കിയ ഉർദു നാലാം എഡിഷനും, ദാറുൽക്വലം (കുവൈത്ത്) ഇറക്കിയ അറബി മൂന്നാം എഡിഷനുമാണ്. അല്ലാഹുവേ 'ഇതൊരു സത്കർമ്മമായി സ്വീകരിക്കേണമേ!

13-2-1407.
17-10-1986.

എം. എം. മുഹ്‌യിദ്ദീൻ നദ്‌വി
യഹ്‌യാ മൻസിൽ
സലാഹ് നഗർ
എടവണ്ണ
676 541

www.abulhasanalinadwi.org

# ഈ ഗ്രന്ഥത്തെക്കുറിച്ച്

"സീതാപ്പൂർ ഹോസ്പിററലിലെ ജീവിതം ഒരു ജീവന്മരണ പോരാട്ടമായിരുന്നു. ഇനി ഗ്രന്ഥ രചന പോയിട്ട്, എനിക്കെന്റെ ബന്ധുക്കളുടെയും സുഹൃദ്ജനങ്ങളുടെയും ഇടയിൽ പരസഹായം കൂടാതെ എഴുന്നേററ് നടക്കാൻ സാധിക്കുമോ? ഒരു സാധാരണ ജീവിതം ഇനി ഞാൻ നയിക്കുമോ? ഇതായിരുന്നു ചിന്ത. പക്ഷെ, ഈ ശക്തമായ വേദനക്കിടയിലും എനിക്കുതോന്നി: ആശുപത്രിയിൽ നിന്ന് പോയാൽ ഉടനെ ഇസ്ലാമിന്റെ അനുഷ്ഠാന കർമ്മങ്ങളായ ചതുർ സ്തംഭങ്ങളെക്കുറിച്ച് സമഗ്രമായ ഒരു അപഗ്രഥന ഗ്രന്ഥം പുറത്തിറക്കണം. ഹോസ്പിററലിലെ രോഗാതുരമായ അന്തരീക്ഷത്തിനോ, കണ്ണിന്റെ കഠിനമായ വേദനക്കോ മനോമുകുരത്തിൽ തള്ളിക്കയറിയ ഈ ചിന്തയെ പുറത്താക്കാൻ സാധിച്ചില്ല.

ഇതിനെന്നെ പ്രേരിപ്പിച്ച പ്രധാന ചോദന ഒരേയൊരു തോന്നലാണ്. ഇസ്ലാമിന്റെ ഈ (നമസ്ക്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ്) നാല് അടിസ്ഥാനുഷ്ഠാന തൂണുകളുടെ ആത്മാവ്, യുക്തി, മേന്മ, നേട്ടം, ലക്ഷ്യം, ഗുണം, സാരം തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുന്നതിൽ നമ്മുടെ എഴുത്തുകാർക്കും ഗ്രന്ഥകാരന്മാർക്കുമിടയിൽ കുറച്ചുകാലമായി ഏതോ തരത്തിലുള്ള ഒരു അത്ഭുതകരമായ വ്യതിയാനവും അനീതിയും കടന്നുകൂടിയിരിക്കുന്നു. അവർ അതിനെ ആധുനികതത്വശാസ്ത്രങ്ങളുടെയും, രാഷ്ട്രീയ സാമ്പത്തിക ചിന്താ പ്രസ്ഥാനത്തിന്റെ ശുഷ്കിച്ച സാങ്കേതിക ശബ്ദങ്ങളുടെയും പ്രയോഗങ്ങളുടെയും പര്യായമാക്കിക്കൊണ്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ സ്വാഭാവികമായും ഒരു ആശങ്ക; അതായത് ഏതൊരു യഥാർത്ഥ ലക്ഷ്യവും ഊർജ്ജവും ലഭ്യമാകാൻ വേണ്ടിയാണോ ദീനിന്റെ ഈ അടിസ്ഥാന

www.abulhasanalinadwi.org

സ്തംഭങ്ങാം നിയമമാക്കപ്പെട്ടത്, പ്രസ്തുത യഥാർത്ഥ ലക്ഷ്യവും ഊർജ്ജവും മേൽപറഞ്ഞ പ്രത്യേക രീതിയിലുള്ള ചിന്താഗതിയിൽ ആകൃഷ്ടരാകുന്ന വായനക്കാർക്ക് വിനഷ്ടമാകുമോ? അത്യന്താധുനികമായ ഈ ഭൗതിക വ്യാഖ്യാനങ്ങളും കാലിക വിശദീകരണങ്ങളുമെല്ലാം നമ്മുടെ മനോമുകുരത്തിൽ നിന്ന് 'ഈമാൻ' 'ഇഹ്തിസാബി'ന്റെ അർത്ഥം മാച്ചുകളയുമോ 'ഇബാദത്തി'ന്റെയും 'ഇഖ്ലാസി'ന്റെയും സത്തയും മജ്ജയുമെല്ലാം ഈ ഭൗതിക ചിന്താഗതിയുടെ വേലിയേററം വലിച്ചെടുക്കുമോ. അങ്ങനെ സംഭവിച്ചാൽ അത് മുസ്ലീം സമുദായത്തെ സംബന്ധിച്ചേടത്തോളം അതിഭയാനകമായ ഒരപകടമല്ലേ. ആഴമേറിയ ആശയ വൈകല്യത്തിന്റെ മുന്നോടിയല്ലേ.

ഒരു ഭാഗത്ത് കണ്ണിന്റെ കഠിനമായ വേദനയും അതിന്റെ ചികിത്സാർത്ഥമുള്ള വിശ്രമവും, മറുഭാഗത്ത് ശക്തമായ അനാരോഗ്യം. ഇതെല്ലാമുണ്ടായിട്ടും ഈ അതിസൂക്ഷ്മവും സുപ്രധാനവുമായ കാര്യത്തിന് ഞാൻ ഒരുങ്ങാൻ മറെറാരു കാരണവും കൂടിയുണ്ട്. എന്റെ സ്നേഹിതൻ ഡോ: സഈദ്ദ്റമസാന്റെ നിർബന്ധ പ്രകാരം 'അൽമുസ്ലീമൂനി'ൽ ഹജ്ജിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങളെ കുറിച്ച് ഞാൻ ഒരു തുടർലേഖനമെഴുതിയിരുന്നു. (ചതുർ സ്തംഭങ്ങളിൽ ഏററവും കൂടുതൽ തെററിദ്ധരിപ്പിക്കപ്പെട്ടത് ഹജ്ജാണല്ലോ. കുറെ കാലങ്ങളായി അതൊരു 'അന്താരാഷ്ട്ര മുസ്ലീം കോൺഫ്രൻസാ'യി ചിത്രീകരിക്കപ്പെടുന്നു. ഹജ്ജിനെക്കുറിച്ച് ഇങ്ങനെ പരിചയപ്പെടുത്തുന്നത് മിനാ-അറഫ: പോലുള്ള സ്ഥലങ്ങളിൽ വെച്ചുപോലും എനിക്ക് കേൾക്കാൻ ഇടവന്നിട്ടുണ്ട്.) സഊദി റേഡിയോ പല പ്രാവശ്യം പ്രസ്തുത ലേഖനം പ്രക്ഷേപണവും ചെയ്തു. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരും പണ്ഡിതന്മാരും അതിനെക്കുറിച്ച് വളരെയധികം പ്രശംസിച്ചു. ആധുനികമായ പല കൃതികളിലും കാണാത്ത ഒരു പുതിയ ശൈലി അതിൽ വന്നു. അതെന്റെ തൂലികാ ശക്തിയുടെ ഫലമോ, യോഗ്യതയോ അല്ല. മറി

www.abulhasanalinadwi.org

ച്ച് വിഷയത്തിൻെറ തന്നെ സ്വഭാവവും നേട്ടവുമാണ്. പ്രേമാനുരാഗബന്ധത്തിൻെറ പ്രതിഫലനമാണ്. ഈ സ്തംഭത്തിൻെറ സ്ഥാപകനും ജനയിതാവുമായ ഖലീലുല്ലാഹി ഇബ്രാഹീ (അ)മിൻെറ പ്രത്യേകതയാണ്.

ഹജ്ജിനുപുറമെ രണ്ടുവർഷം വ്രതത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ച് 'അൽമുസ്ലിമൂന'യിൽ എഴുതാൻ അവസരമുണ്ടായി. അതോടെ ഈ ജോലിയുടെ പകുതി നിർവ്വഹിച്ചുവെന്ന തോന്നൽ തുടർന്നുള്ള ഭാരിച്ച ജോലിയെ എളുപ്പമാക്കി. ഹോസ്പിററലിൽനിന്ന് മടങ്ങിവന്ന് അല്പദിവസത്തെ വിശ്രമത്തിന്ശേഷം 1966 ഏപ്രിൽ 8-ാംന് അല്ലാഹുവിൻെറ നാമത്തിൽ ഇതിൻെറ ജോലി തുടങ്ങി. റായീബറേലിയിലെ 'ദായിറേശാഅലമുല്ല' യിൽ സയ്യിദ് അഹ്മദുശഹീദിൻെറയും ശാഅലമുല്ലയുടെയും അനുഗൃഹീത മസ്ജിദിൻെറ പടിഞ്ഞാറുഭാഗത്തിരുന്ന് എഴുത്താരംഭിച്ചു. എൻെറ സ്നേഹിതൻ മൗലവീനിസാറുൽ ഹക്വ് നദ്വി എഴുതി. ഞാൻ അറബിയിൽ പറഞ്ഞുകൊടുത്തു. ഞാൻ സാധാരണ ചെയ്യാറുള്ളത്പോലെ ആദ്യമായി വിഷയങ്ങൾ ക്രോഡീകരിച്ചു. അഥവാ വിശുദ്ധ ഖുർആൻ ഒരാവർത്തിനോക്കി. നമസ്ക്കാരത്തെക്കുറിച്ച പ്രതിപാദ്യങ്ങൾ മുഴുവനും ശേഖരിച്ചു. 'ജംഉൽഫവാഇദി വ മജ്മഉസ്സവാഇദി'ൽ ഈ സ്തംഭങ്ങളുടെ മഹത്വ-ലക്ഷ്യ-നേട്ട വൈശിഷ്ട്യങ്ങളെക്കുറിച്ചുവന്ന ഹദീസുകളും ഒരുക്കൂട്ടി. അനന്തരം പ്രത്യേകമായി ഇമാം ഗസ്സാലി, ഹാഫിസുബ്നുകയ്യിം, ശാഹ്വലിയ്യുല്ലാഹിദ്ദഹ്ലവി എന്നീ മൂന്ന് മഹാത്മാക്കളുടെ ഇഹ്യാഉലൂമിദ്ദീൻ, സാദുൽമആദ്, ഹുജ്ജത്തുല്ലാഹിൽബാലിഗഃ തുടങ്ങിയ കൃതികളും മററും അവധാനതയോടെ നോക്കി ആവശ്യമെന്ന് തോന്നിയ ഭാഗങ്ങൾ കുറിച്ചെടുത്തു. പിന്നീട് എഴുത്താരംഭിച്ചു. ചൂട് കഠിനമാകുന്നതുവരെ ഈ അവസ്ഥ തുടർന്നുകൊണ്ടിരുന്നു. മനസ്സും മസ്തിഷ്ക്കവും പുസ്തകത്തിലെ വിഷയങ്ങൾ കൊണ്ട് സദാ നിറഞ്ഞുനിന്നു. ഏതുസമയവും ഒരേയൊരു ചിന്താ

www.abulhasanalinadwi.org

കാലങ്ങളായി പ്രധാന ഗ്രന്ഥങ്ങൾ രചിക്കുമ്പോൾ എന്റെ അവസ്ഥ അങ്ങനെയാണ്. ഇത് യഥാർത്ഥത്തിൽ ഒരു തപസ്യയാണ്. പുസ്തകത്തിന്റെ പൂർണ്ണ രൂപം ജന്മം കൊള്ളുന്നതുവരെ ഈ സ്ഥിതി തുടരുന്നു.

1967 ഫെബ്രുവരി 13-ാംന് പുസ്തക രചന പൂർത്തിയായിചതുർസ്തംഭങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും യുക്തിയും വിവരിക്കുന്നതോടൊപ്പം ഈ ഗ്രന്ഥത്തിന്റെ മറ്റൊരു പ്രത്യേകത ഇതാണ്: ഇതര മതങ്ങളിലെയും ഇസ്ലാമിലെയും അനുഷ്ഠാന കർമ്മങ്ങൾ തമ്മിൽ ഒരു താരതമ്യ പഠനം നടത്തുന്നു. ഇത്തരത്തിൽ ഒരു COMPARATIVE STUDY യുള്ള ഗ്രന്ഥം ഒരു പക്ഷെ ഇതാദ്യമാണ്. അതിനുവേണ്ടി ഇംഗ്ളീഷിലുള്ള പുസ്തകങ്ങളുടെ ആയിരക്കണക്കിന് പേജുകൾ എനിക്ക് പരതേണ്ടിവന്നു.

പുസ്തകം പൂർത്തിയായ ഉടൻ കുവൈത്തിലെ ഏറ്റവും വലിയ പബ്ലിഷേഴ്സായ 'ദാറുൽകലം' അതേറ്റെടുത്തു. 67-ൽ ഒന്നാം എഡിഷൻ പുറത്തുവന്നു. 68-ൽ രണ്ടാം എഡിഷനും. 69-ൽ മർഹും മുഹമ്മദ്സാനി ഇത് ഉർദുവിലേക്ക് വിവർത്തനം ചെയ്തു. കൂടുതൽ താമസിയാതെ FOUR PILLARS OF ISLAM എന്ന പേരിൽ ഡോ: മുഹമ്മദ് ആസിഫ്സാഹിബ് ഇംഗ്ളീഷിലേക്കും തർജ്ജമപ്പെടുത്തി. റിയാദിലെ ജാമിഅത്തുൽ ഇമാം മുഹമ്മദുബ്നു സുഊദിന്റെ ഭാഗത്ത്നിന്ന് ഇതിന്റെ തുർക്കി പരിഭാഷയും പുറത്തിറങ്ങി.

ചില പണ്ഡിതന്മാർ ഈ പുസ്തകത്തിൽ വലിയൊരു പോരായ്മ ഉള്ളതായി അഭിപ്രായപ്പെട്ടു. അതായത് നമസ്ക്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് എന്നീ നാല് അനുഷ്ഠാന കർമ്മങ്ങൾക്ക് മുമ്പായി അല്ലാഹു, തൗഹീദ്, രിസാലത്ത്, ആഖിറത്ത് തുടങ്ങിയ ഇസ്ലാമിന്റെ അടിസ്ഥാനപരമായ വിശ്വാസ കാര്യങ്ങളെക്കുറിച്ച് ഒന്നും എഴുതിയില്ല. ചുരുങ്ങിയത് തൗഹീദിനെക്കുറിച്ചെങ്കിലും

www.abulhasanalinadwi.org

രദ്ധ്യായം ഉണ്ടാകേണ്ടതായിരുന്നു. 1974-ൽ മീനായിലു
ള്ള റാബിതഃയുടെ ഓഫീസിൽവെച്ച് ഞാൻ ആദ്യമായി
അസ്ഹർ യൂണിവേഴ്സിററിയുടെ മഹോന്നതനായ സർ
വ്വാധികാരി അൽഉസ്താദുൽ അക്ബർ ശൈഖ് അബ്ദുൽ
ഹലീം മഹ്മൂദുമായി കണ്ടുമുട്ടി. അദ്ദേഹം ''അൽഅർ
ക്കാനുൽ അർബഅഃ'' ഈജിപ്തിൽ നിന്ന്തന്നെ വായി
ച്ചിരുന്നു അതിനാൽ ഈ ചോദ്യം ആവർത്തിച്ചു; 'നിങ്ങൾ
വിശ്വാസകാര്യങ്ങളെക്കുറിച്ചുള്ള ചർച്ച ഈ ഗ്രന്ഥത്തിൽ
എന്തുകൊണ്ട് ഉൾപ്പെടുത്തിയില്ല? ഞാൻ പറഞ്ഞു ആ വി
ഷയത്തിൽ വേറെ എഴുതാൻ വിചാരിക്കുന്നു; അതിന് ഒര
ദ്ധ്യായം മാത്രം പോരാ, സ്വതന്ത്രമായ ഒരു ഗ്രന്ഥംതന്നെ
വേണം 'എന്നാൽ നിങ്ങൾ ആ ഗ്രന്ഥം ഉടൻ പൂർത്തിയാ
ക്കണം. അത് അസ്ഹർ യൂണിവേഴ്സിററിയിൽ നിന്ന്
അടിച്ച് വിതരണം നടത്താം' ശൈഖ് പറഞ്ഞു. അതനു
സരിച്ച് ഞാൻ ''അൽഉസ്വൂലുസ്സലാസഃ'' എന്ന സ്വത
ന്ത്രകൃതി എഴുതാൻ തുടങ്ങി. വിഷയങ്ങളെല്ലാം ശേഖരി
ച്ചു. വിശ്വാസ പരങ്ങളായ കാര്യങ്ങളെകുറിച്ചെഴുതുമ്പോൾ
മററുള്ള ഏതൊരു വിഷയത്തേക്കാളും സൂക്ഷ്മത ആവ
ശ്യമാണെന്നെനിക്കറിയാമായിരുന്നു. കൂടുതൽ പഠനവും
വായനയും കൂടിയേ തീരൂ. ജൂത, ക്രൈസ്തവ, ഹിന്ദു
മതങ്ങളിലെ ആധികാരിക ഗ്രന്ഥങ്ങൾ നോക്കണം. അതാ
കട്ടെ അധികവും ഇംഗ്ലീഷിലുമാണ്. 1977-ൽ അമേരിക്ക
യിൽവെച്ച് എന്റെ കണ്ണിന്റെ വിജയപ്രദമായ ഓപ്പറേഷൻ
ചെയ്യുന്നതുവരെ എനിക്ക് സ്വയം ഗ്രന്ഥങ്ങൾ വായി
ക്കാൻ കഴിഞ്ഞിരുന്നില്ല. ഗ്രന്ഥരചനയും ഗവേഷണനി
രീക്ഷണവും ജോലിയാക്കിയവർക്കെല്ലാം അറിയുന്ന കാ
ര്യമാണ്, ഗ്രന്ഥകാരന് നേരിട്ട് സ്വയം വായിച്ച് തൃ
പ്തിവരാതിരുന്നാൽ തന്റെ ജോലി പൂർത്തിയാവുകയി
ല്ലയെന്ന്. പിന്നീട് കൃത്യാന്തരബാഹുല്യം എന്ന വലയം
ചെയ്തപ്പോൾ സ്വതന്ത്രവും വിശദവുമായ ഗ്രന്ഥം ത
യ്യാറാക്കാനുള്ള സമയ സൗകര്യം എനിക്കിനി ലഭിക്കില്ലാ
യെന്ന് തോന്നി. അതിനാൽ അഹ്ലുസ്സുന്നത്തുവൽ

www.abulhasanalinadwi.org

ജമാഅത്തിന്റെ അടിസ്ഥാന പരമായ വിശ്വാസ കാര്യങ്ങളെക്കുറിച്ചുമാത്രം ഖുർആൻ, സുന്നത്ത് ആധികാരിക വ്യാഖ്യാതാക്കളുടെ കൃതികളും എന്നിവ അവലംബമാക്കി കൊണ്ട് 'അൽഅകീദത്തുവൽ ഇബാദത്തു വസ്സുലൂക്ക്'' എന്ന കൃതി രചിച്ചു. 1982-ൽ ഇത് പുറത്തുവന്നു 'ദസ്തൂറെഹയാത്ത്'' എന്ന പേരിൽ ഇത് ഉർദുവിലും ലഭ്യമാണ്.'

(കാറവാനെ സിന്ദഗീ,വാ : 2, പേ : 16, 17, 18)

അബുൽഹസൻ അലിയ്യുൽഹസനി നദ്‌വി
ദാഇറയേശാ അലമുല്ല
റായ്ബറേലി.

www.abulhasanalinadwi.org

# സ്വലാത്ത്

وَاَقِيْمُوا الصَّلَاةَ وَلَا تَكُوْنُوْا مِنَ الْمُشْرِكِيْنَ

www.abulhasanalinadwi.org

www.abulhasanalinadwi.org

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവും അവന്റെ അടിമയും തമ്മിലുള്ള ഉന്നതവും, അസാധാരണവും, അത്ഭുതാവഹവും, അതുല്യവുമായ ബന്ധങ്ങളെക്കുറിച്ച് ശരിയായ ബോധവും ധാരണയും ഉള്ളവർക്ക് മാത്രമേ നമസ്കാരത്തിന്റെ യാഥാർത്ഥ്യവും, പ്രാധാന്യവും, ആവശ്യകതയും ശരിക്ക് ഗ്രഹിക്കാൻ കഴിയുകയുള്ളൂ. അല്ലാഹുവും അവന്റെ ദാസനും തമ്മിലുള്ള ബന്ധത്തിന്ന് തുല്യമായ ഒരു ബന്ധം ചൂണ്ടിക്കാട്ടുക അസാദ്ധ്യമാണ്. ബ്രഹ്മാണ്ഡകടാഹത്തിൽ അഖില സൃഷ്ടിജാലങ്ങളിലും നമുക്ക് പരതാം. അവിടെ നിർമ്മാതാവും നിർമ്മിതിയും ഉണ്ട്; രാജാവും പ്രജയുമുണ്ട്; ശക്തനും അശക്തനുമുണ്ട്; ആവശ്യക്കാരും അതിന്റെ ദാതാക്കളുമുണ്ട്; ഇവർ തമ്മിലെല്ലാം ബന്ധങ്ങൾ ഉടലെടുക്കുക സ്വാഭാവികമാണല്ലോ? എന്നാൽ ഇത്തരം രണ്ട് ശക്തികൾക്കോ വ്യക്തികൾക്കോ തമ്മിലുള്ള ബന്ധങ്ങളോടൊന്നും അല്ലാഹുവും അവന്റെ ദാസനും തമ്മിലുള്ള ബന്ധത്തെ ഉപമിക്കാനോ തുലനംചെയ്യാനോ സാദ്ധ്യമല്ല. എന്തുകൊണ്ട്? ആ ബന്ധം അത്യുന്നതവും അതിശ്രേഷ്ഠവുമാണ്. എല്ലാ ബന്ധങ്ങളെക്കാളും സൂക്ഷ്മവും, സുദൃഢവും, വിപുലവും, വ്യാപകവുമാണത്.

## ബന്ധങ്ങൾ ഗുണവിശേഷങ്ങളുടെ താൽപര്യമനുസരിച്ച്

അല്ലാഹുവും അവന്റെ ദാസനും തമ്മിലുള്ള ബന്ധം മനസ്സിലാക്കാനുള്ള പ്രഥമവും പ്രധാനവുമായ ഉപാധി മനുഷ്യൻ സ്രഷ്ടാവിന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് ബോധവാനാകുക എന്നതാണ്. കാരണമുണ്ട്; ബന്ധങ്ങൾ എന്നും കേവലം ഗുണവിശേഷങ്ങളുടെ അറിവിനെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നത്. രണ്ട് വ്യക്തികളുടെയും ശക്തികളുടെയും ഗുണങ്ങളെക്കുറിച്ച് നമുക്കറിയില്ല; അവരുടെയിടയിൽ നിലനിൽക്കുന്ന നല്ല സമീപനത്തെക്കുറിച്ചും ഗുണകാംക്ഷയെക്കുറിച്ചും നമ്മൾ അജ്ഞരാണ്; എങ്കിൽ ജീവിതത്തിൽ ലിഖിതനിയമങ്ങളിലൂടെ അനുവർത്തിക്കുന്ന മുഴുവൻ ബന്ധങ്ങളുടെയും ശരിയായ രൂപം നമുക്ക് മനസ്സിലാക്കാൻ കഴിയാതെ പോകുന്നു. നമ്മുടെ സമൂഹസൃഷ്ടിയും സാംസ്കാരികപ്രവർത്തനങ്ങളുമെല്ലാം യഥാർത്ഥത്തിൽ മനുഷ്യസമൂഹത്തിൽ ദൃശ്യമാകുന്ന ഗുണവിശേഷങ്ങളുടെ അടിസ്ഥാനത്തിലാണ്.

www.abulhasanalinadwi.org

## ഖുർആനിലെ ഗുണനാമങ്ങളുടെ പ്രാധാന്യം

അതുകൊണ്ടാണ് എല്ലാ മതങ്ങളും ദൈവീക ഗ്രന്ഥങ്ങളും ഒന്നാമതായി ഏററവും ശക്തമായ ഭാഷയിൽ ദൈവത്തിൻെറ ഗുണനാമങ്ങളും വിശേഷണങ്ങളും പഠിപ്പിച്ചത്. അതിന്നു ശേഷം ആരാധനാനിയമങ്ങളും ക്രയവിക്രയനിയമങ്ങളും സാമൂഹ്യബന്ധങ്ങളും ഭരണസമ്പ്രദായങ്ങളും നിയമനിർദ്ദേശങ്ങളും വിശദമായി പഠിപ്പിച്ചു. ദൈവീകമതങ്ങൾ മുഴുവനും ആദ്യമായി വിശ്വാസകാര്യങ്ങൾ ശരിപ്പെടുത്തി. പിന്നീട് കർമ്മാനുഷ്ഠാനങ്ങളും നിയമനിർദ്ദേശങ്ങളും പ്രബോധനം ചെയ്തു. എക്കാലത്തും ഭൂമുഖത്ത് നിയുക്തരായ പ്രവാചകപ്രവരന്മാർ അഖിലവും ആദ്യമായി ദൈവത്തെക്കുറിച്ചുള്ള ജ്ഞാനവും ശരിയായ ഗുണനാമങ്ങളും ജനങ്ങളെ പഠിപ്പിച്ചു. ദൈവത്തിൻെറ പവിത്രത അവക്ക് മനസ്സിലാക്കിക്കൊടുത്തു. പ്രവാചകന്മാരുടെ പ്രബോധനത്തിൻെറയും കഠിനാദ്ധ്വാനത്തിൻെറയും സിംഹഭാഗവും ഇതിനെ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു. ഇപ്പറഞ്ഞതിന്ന് ഏററവും പ്രബലമായ തെളിവ് മുൻകഴിഞ്ഞ എല്ലാ വേദഗ്രന്ഥങ്ങളെയും അംഗീകരിക്കുന്ന അനശ്വരവും അവസാനത്തേതുമായ വിശുദ്ധ ഖുർആൻതന്നെയാണ്. അതിൽ ഈ വിഷയം പല സ്ഥലങ്ങളിലായി തലങ്ങും വിലങ്ങും, തിരിച്ചും മറിച്ചും വിവിധ ശൈലിയിൽ ആവർത്തിച്ചാവർത്തിച്ച് പറയാൻ കാരണമിതാണ്. എന്നു മാത്രമല്ല, ഈ അമാനുഷികഗ്രന്ഥത്തിൻെറ അടിസ്ഥാനപരമായ ലക്ഷ്യം തന്നെ ഇക്കാര്യം ജനങ്ങളെ പഠിപ്പിക്കലാണ്. അതുതന്നെയാണല്ലോ (അല്ലാഹുവിൻെറ ഏകത്വവും പരിശുദ്ധിയും വിശദീകരിക്കുന്നേ ചുരുങ്ങിയ ചില സൂക്തങ്ങളിൽ പരിമിതമായ) 'സൂറത്തുൽ ഇഖ്ലാസി'നെപ്പററി ഖുർആൻെറ മൂന്നിലൊന്ന് എന്നു പറയാൻ കാരണം.[1]

അല്ലാഹുവിൻെറ ഉൽകൃഷ്ടമായ ഗുണവിശേഷങ്ങളും ഉദാത്തമായ നാമങ്ങളും തുടങ്ങി അവൻെറ പ്രവർത്തനങ്ങൾ, കൈകാര്യകർതൃത്വങ്ങൾ, ശക്തി, സൃഷ്ടി, സംഹാരം, കരുണ, കൃപ, സ്നേഹം, വാത്സല്യം, ദാനം, ഔദാര്യം, വിട്ടുവീഴ്ച,

1 ഇമാം മുസ്ലിം തൻെറ സഹീഹിൽ അബൂഹുറയ്റ (റ) യിൽനിന്ന് അപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്.

www.abulhasanalinadwi.org

മാപ്പ നൽകൽ, നിഷേധിക്കൽ, ഉപകാരം, ഉപദ്രവം, അറിവ്, സമീപസ്ഥത, ഒരുമ, ശക്തിവലയം എല്ലാംതന്നെ അവന്റെ അടിമക്ക് മനസ്സിലാക്കാവുന്ന ലളിതവും, യുക്തവുമായ ശൈലിയിലും രൂപത്തിലും വിവരിച്ചുപറഞ്ഞിട്ടുണ്ട്. ഉപമാനോപമേയങ്ങൾ ഇടയ്ക്കിടെ നിരത്തിക്കൊണ്ടാണ് അവൻ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നത്. ''ആകാശഭൂമികളിൽ അവന്ന് അത്യുന്നതമായ ഉപമകളുണ്ട്. അവൻ പ്രതാപശാലിയും യുക്തിമാനുമാണ്.'' (റൂം:27) അവന്ന് തുല്യമായി ഒരു വസ്തുവും ഇല്ല. അവൻ കേൾക്കുന്നവനും കാണുന്നവനുമാണ്. (ശൂറാ: 11)

## മനുഷ്യൻ വൈരുധ്യങ്ങളുടെ സമുച്ചയം

അസാധാരണവും അത്ഭുതകരവുമായ ഈ സൃഷ്ടിയുടെ മാനസികവും ശാരീരികവുമായ ഘടനയിൽ വൈരുധ്യങ്ങളും വൈവിധ്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ദൈവികഗ്രന്ഥങ്ങൾ ഗാഢമായ ഗവേഷണത്തിന് വിധേയമാക്കുമ്പോൾ മനസ്സിലാകും. അനുഭവജ്ഞാനവും ശാസ്ത്രീയവിജ്ഞാനങ്ങളും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യന്റെ സൃഷ്ടി നടത്തിയിരിക്കുന്നത് വൈവിധ്യപൂർണ്ണവും അത്ഭുതാവഹവും അസാധാരണവുമായ ചേരുവകൾ ചേർത്താണ്. സൂക്ഷ്മനിരീക്ഷണം നടത്തിയാൽ മനുഷ്യനെപോലെ വൈജാത്യങ്ങളുടെ സമാഹാരമായി, വൈരുധ്യങ്ങളുടെ സമുച്ചയമായി മറ്റൊരു സൃഷ്ടിജാലവുമില്ലെന്ന് മനസ്സിലാകും. അവനെക്കാൾ അതിസൂക്ഷ്മവും അദ്ഭുതകരവും അസാധാരണവുമായി ചരാചരങ്ങളിൽ ഒന്നുമില്ല. അവന്റെ സൃഷ്ടിഘടന നമുക്ക് പരിശോധിക്കാം. അവൻ ദുർബ്ബലനാണ്. പക്ഷെ, ബലവും ശക്തിയും ആശിക്കുന്നു. ആവശ്യക്കാരനാണ്; അതേസമയം സമ്പന്നനുമാണ്. നശ്വരനാണ്; പക്ഷെ ശാശ്വതജീവിതത്തിൽ കൊതിയുമുണ്ട്. അപകടഗ്രസ്തനും ആതുരനുമാണ്; എങ്കിലും ആരോഗ്യത്തിന്റെയും സ്വസ്ഥതയുടേയും അന്വേഷകനാണ്, ദുർബലമനസ്കനാണ്. അതോടൊപ്പം വീരശൂരതയുടെ പര്യായവും. അവന്റെ ആഗ്രഹാഭിലാഷങ്ങൾ എണ്ണമററതും പരിധികൾ ഇല്ലാത്തതുമാണ്. അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ മേഖലകൾ അതിവിപുലവുമാണ്. പരമാണുവേക്കാൾ സൂക്ഷ്മ

www.abulhasanalinadwi.org

വും സങ്കീർണ്ണവുമാണ് അവയുടെ ഘടന. അവന്റെ വികാരങ്ങളും വിചാരങ്ങളും ഓരോ നിമിഷത്തിലും വ്യത്യാസപ്പെടുകയും മാറിമാറി മറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒന്നിലും ഒരിക്കലും അവന്ന് സംതൃപ്തിയോ സ്വസ്ഥതയോ ലഭിക്കുന്നില്ല. എല്ലാ പുതുമകളെയും പുണരാനും പഴമകളെ തിരസ്കരിക്കാനും അവൻ വെമ്പൽകൊള്ളുന്നു. സാദ്ധ്യതകളോട് വൈമുഖ്യവും അസാദ്ധ്യതകളോട് അഭിനിവേശവും പ്രകടിപ്പിക്കുന്നു. അവന്റെ ആശകൾ ശ്വാസനിശ്വാസങ്ങളെ കവച്ചുവെക്കുന്നു. അവന്റെ ആവശ്യങ്ങളുടെ പട്ടിക ആയുസ്സിനേക്കാൾ അധികം ദൈർഘ്യമുള്ളതാണ്. ഈ ഇടുങ്ങിയ ഭൂതലം അവന്റെ ഒടുങ്ങാത്ത, അടങ്ങാത്ത അഭിലാഷങ്ങൾക്കും ആഗ്രഹങ്ങൾക്കും അപര്യാപ്തവുമാണ്.

എന്നാൽ, അത്ഭുതാവഹവും അനുപമേയവുമായ ഈ വൈരുദ്ധ്യങ്ങളുടെ മദ്ധ്യത്തിലും അവന്റെ ഉന്നതമായ ധൈര്യവും സ്ഥൈര്യവും പ്രകടമായി കാണാം. ഈ ഭ്രാന്തമായ അഭിലാഷങ്ങളിലും, ആസ്വാദനങ്ങൾക്കുവേണ്ടിയുള്ള അന്വേഷണത്വരയിലും അവന്റെ സ്വന്തമായ അന്തസ്സും ആഭിജാത്യവും ദൈവീകനിയമങ്ങൾ അനുധാവനം ചെയ്യുവാനുള്ള ത്വരയും ഔന്നത്യബോധവുമുണ്ട്. ഈ വസ്തുതകളാണ് ആകാശവും ഭൂമിയും പർവ്വതങ്ങളും ഏറ്റെടുക്കാൻ ധൈര്യപ്പെടാതിരുന്ന അമാനത്ത് (ഉത്തരവാദിത്തം) ഏറ്റുവാങ്ങാൻ അവന്നു പ്രേരണ നല്കിയത്. "അത് വഹിക്കുവാൻ അവ (ആകാശഭൂമികളും പർവ്വതങ്ങളും) വിസമ്മതിക്കുകയും ഭയപ്പെടുകയും ചെയ്തു; അപ്പോൾ മനുഷ്യൻ അതേറ്റെടുത്തു. അവൻ വലിയ അജ്ഞനും അക്രമകാരിയുമായിരിക്കുന്നു." (അഹ്സാബ് - 72)[2]

## പ്രകൃതിദത്തമായ സ്നേഹ സൗഹൃദങ്ങൾ

മനുഷ്യന്റെ സൃഷ്ടിഘടനയിൽ ഭൗതികജീവിതത്തിന്റെ മുഖ്യഘടകമായി വർത്തിക്കുന്ന പഞ്ചേന്ദ്രിയങ്ങളുടെകൂടെ ദൈവം ഒരു ഇന്ദ്രിയംകൂടി അനുഗ്രഹിച്ചു നൽകിയിരിക്കുന്നു.

---

فأبين ان يحملنها واشفقن منها وحملها الانسان انه كان ظلوما جهولا
الاحزاب : ٧٢

www.abulhasanalinadwi.org

ആ ഇന്ദ്രിയത്തെ നമുക്ക് സ്നേഹസൗഹൃദങ്ങളുടെ ഇന്ദ്രിയം എന്നു വിളിക്കാം. ഈ ഇന്ദ്രിയം ശക്തമായതും അശക്തമായതുമുണ്ട്. പ്രസ്തുത ഇന്ദ്രിയം ഇല്ലാത്ത മനുഷ്യൻ തന്റെതായ കഴിവുകൾ നഷ്ടപ്പെട്ടവനായിരിക്കും. അല്ലെങ്കിൽ തന്റേതായ പ്രകൃതിയിൽനിന്ന് തെററി അചേതനവസ്തുവായി രൂപാന്തരം പ്രാപിച്ചവനായിരിക്കും. ആ ഇന്ദ്രിയം ഒരേ അവസരത്തിൽ പ്രസ്പഷ്ടവും അസ്പഷ്ടവുമാണ്. അതു മുഖേനയുള്ള വികാരങ്ങൾ വിജൃംഭിതവും അനുഭൂതികൾ അതിലോലവുമാണ്. ഈ ഇന്ദ്രിയം മറെറാരു സൃഷ്ടിക്കും കഴിയാത്തത്ര ശക്തമായി സൗന്ദര്യത്തിലേക്കും പൂർണ്ണതയിലേക്കും വലിച്ചടുപ്പിക്കുന്നു. അത് തന്റെ കമിതാവിനുവേണ്ടി സ്വന്തം ആത്മാവ്, ആത്മാർത്ഥത, സ്നേഹം, അഭിലാഷങ്ങൾ തുടങ്ങി എല്ലും ബലിയർപ്പിക്കാൻ തയാറാകുന്നു. കമിതാക്കളുടേയും പ്രേമഭാജനങ്ങളുടെയും സത്യസന്ധമായ സംഭവകഥകൾ ഇതിന്റെ ദർപ്പണങ്ങളാണ്. ആത്മജ്ഞാനികളുടെയും ആദ്ധ്യാത്മികവാദികളുടെയും കഥകൾ അഖിലവും ഈ വികാരത്തിന്റെ വ്യക്തമായ പ്രകടനങ്ങളാണ്. ഈ ഭൂമുഖത്തെ ആകർഷകവും വൈകാരികവും പ്രേമസംബന്ധിയുമായ സകല സാഹിത്യ സമ്പത്തും ഇതിന്റെ സംഭാവനയാണ്.

## വിനയമെന്ന വികാരം

ഈ വികാരങ്ങൾക്കു പുറമെ മറെറാരു വികാരവുംകൂടി അവന് ലഭിച്ചിട്ടുണ്ട്. അതിനാണ് വിനയം, വണക്കം, താഴ്മ, ഭയഭക്തി എന്നൊക്കെ പറയുന്നത്. ഈ വികാരമാണ് മനുഷ്യനെകൊണ്ട് ആദരപൂർവ്വം സാഷ്ടാംഗം ചെയ്യിക്കുന്നത്. മാനവതയുടെ എല്ലാ കാലഘട്ടങ്ങളിലും മുഴുവൻ ജനവിഭാഗവും ഈ വികാരത്താൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. മാനവതയുടെ ആരംഭദശയിൽ കല്ലുകൾക്കും വൃക്ഷങ്ങൾക്കും നദികൾക്കും സാഷ്ടാംഗം ചെയ്തുകൊണ്ട് ഈ വികാരത്തിന് ശമനം കണ്ടെത്തി. (ചില ജനവിഭാഗങ്ങൾക്കിടയിൽ ഇന്നും ഈ ആരംഭദശ നിലനിൽക്കുന്നു.) അഗ്നി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവക്ക് ആരാധനകൾ അർപ്പിച്ച് മററു ചിലർ ആശ്വാസം കണ്ടെത്തി. വേറെ ചിലരാകട്ടെ പ്രകൃതിദൃശ്യങ്ങൾക്കും, സൃഷ്ടിജാലങ്ങൾക്കും, ജ്യോത്സ്യ - പുരോഹിത

www.abulhasanalinadwi.org

വൃന്ദങ്ങളും ജിന്ന്-പിശാചുക്കളും തലകുനിച്ചു. തങ്ങളുടെ അറിവിന്റെ അപ്പുറത്തും വിജ്ഞാനവലയത്തിന് വെളിയിലും ഉള്ള എല്ലാററിനേയും അതിരില്ലാതെ ആദരിക്കുവാൻ അവർ മുന്നോട്ടു വന്നു. എന്തിനേറെ പറയുന്നു! ഈ യുഗം ഏതാണ് ? മനുഷ്യൻ പുരോഗതിയുടെയും നാഗരികതയുടെയും സംസ്കാരങ്ങളുടെയും വിശാലവിഹായസ്സിൽ വട്ടമിട്ട് പറക്കുന്നു. പുരോഗമനാത്മകമായ ധിഷണാവ്യാപാരവും വിപ്ലവാത്മകവും ഔദ്ധത്യപരവുമായ വ്യക്തിവീക്ഷണങ്ങളും സ്വാഭിപ്രായങ്ങളും ഇന്നുണ്ട്. ഉൽക്കൃഷ്ടചിന്തയും എന്നത്തേക്കാളും കൂടുതലാണ്. നിരന്തരമായ വിപ്ലവങ്ങളും അതിക്രമങ്ങളും നടക്കുന്നു. പുരോഗതിയുടേയും സ്വാതന്ത്ര്യത്തിന്റേയും പേരിലുള്ള നിഷ്ഫലശ്രമങ്ങളും ഇന്നു കുറവല്ല. എന്നിട്ടുകൂടി രാജാക്കന്മാരോടും പാർട്ടിനേതാക്കളോടും ഭരണസാരഥികളോടും, സംഘാടകരോടും തത്വചിന്തകരോടുമുള്ള അനുരാഗാത്മകമായ ഭ്രമത്തിൽ ജനങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. സംസ്കാരത്തിന്റേയും പുരോഗമനത്തിന്റേയും ധിഷണാവ്യാപാരത്തിന്റേയും യുഗം എന്നാണ് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത്. എന്നാൽ ഈ കാലഘട്ടത്തിലും ജനങ്ങൾ ഗവേഷകന്മാർ, ചിന്തകന്മാർ, ഗ്രന്ഥകാരന്മാർ, ധനാഢ്യന്മാർ, ഭരണാധിപന്മാർ, കവികൾ, സാഹിത്യകാരന്മാർ, ചിന്താസ്രഷ്ടാക്കൾ, വിചാരവിപ്ലവത്തിന്റെ വീരകേസരികൾ, അനിതരസാധാരണരായ ബുദ്ധിരാക്ഷസന്മാർ എന്നെല്ലാം കേൾക്കുമ്പോൾ ആവേശംകൊള്ളുകയും അവരോടുള്ള അതിരററ അഭിനിവേശത്താൽ ആനന്ദംകൊള്ളുകയും ചെയ്യുന്നു. അതിപുരാതന കാലഘട്ടത്തിലെന്നപോലെ അവരെ ആദരിക്കുകയും, അംഗീകരിക്കുകയും പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്താണിതിനു കാരണം ? അവൻ ജന്മനാതന്നെ, സ്നേഹിക്കുന്ന, തലകുനിക്കുന്ന, തനിക്കേററവും പ്രിയപ്പെട്ട വസ്തുവിനു മുമ്പിൽ സ്വന്തത്തെത്തന്നെയും ബലിയപ്പിക്കുന്ന സൃഷ്ടിയാണ് എന്നതുതന്നെ. ഈ വികാരം അവനിൽ രൂഢമൂലവും അവന്റെ പ്രകൃതിയിലെ ഒരു ചേരുവയുമാണ്.

## ഒരു മാതൃകാ അസ്തിത്വത്തിന്റെ ആവശ്യകത

പ്രസ്തുത ആവശ്യാർത്ഥം അവന്ന് പരിപൂർണ്ണവും മാതൃകാ

www.abulhasanalinadwi.org

പരവുമായ ഒരു അസ്തിത്വത്തിൻെറ ആവശ്യമുണ്ട്. അതിനെ ഖുർആനിൻെറ ഭാഷയിൽ "അത്യുന്നതമായ മാതൃക" (المثل الأعلى) എന്ന് വിശേഷിപ്പിക്കാം. ആ അസ്തിത്വം സൗന്ദര്യത്തിൻേറയും സമ്പൂർണ്ണതയുടേയും കാര്യത്തിൽ തൻെറ അറിവിന്നതീതമായിരിക്കണം. കഴിവിൻേറയും ശക്തിയുടേയും കാര്യത്തിൽ തൻെറ പ്രകൃതിദത്തമായ വികാരത്തിന്ന ശമനം നൽകാനും ഉദ്ദേശലക്ഷ്യങ്ങളെ സഫലീകരിക്കാനും അതിന് കഴിയണം.

## മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിൻെറ ശരിയായ രൂപം

ആദ്യമായി നാം അല്ലാഹുവിൻെറ അപരിമേയവും അതുല്യവുമായ ഗുണങ്ങളെക്കുറിച്ചും ശക്തിമാഹാത്മ്യങ്ങളെക്കുറിച്ചും മനസ്സിലാക്കുക. പ്രപഞ്ചസ്രഷ്ടാവിൻെറ ശക്തിബാഹുല്യവും ജ്ഞാനവും കരുണയും ഔദാര്യവും അടിമയുടെ പ്രാർത്ഥനക്കുത്തരം നൽകുന്നതിലുള്ള വേഗതയും ശ്രുസ്സാന്തിയും സമീപസ്ഥതയും ശരിക്ക് ഗ്രഹിക്കുക. മറെറാരു വാക്കിൽ പറഞ്ഞാൽ ഉന്നതവും ഉദാത്തവുമായ ഗുണനാമങ്ങളും അമാനുഷികവും അത്യുൽകൃഷ്ടവുമായ കഴിവുകളും മനോമുകുരത്തിൽ സജീവമാക്കുക. അതേ ശ്വാസത്തിൽതന്നെ നാം നമ്മളിലേക്ക് മടങ്ങുകയും ചെയ്യുക. എന്നിട്ട് നമ്മുടെ ദുർബലതയെ പററി ചിന്തിക്കുക. കേവലം ബലഹീനത, ദാരിദ്ര്യം എന്നീ രണ്ടു പദങ്ങളിൽ അതിനെ നമുക്ക് സംഗ്രഹിക്കാം. നമ്മുടെ എല്ലാ ബലഹീനതയും കഴിവുകേടും പ്രസ്തുത രണ്ടു പദങ്ങളിൽ അന്തർലീനമാണ്. അതേ സമയം നമ്മുടെ സൃഷ്ടിപ്പിൽ ദൈവം സംയോജിപ്പിച്ചിരിക്കുന്ന കഴിവുകളെന്തൊക്കെ? ആത്മീയതയുടെയും ഭൗതികതയുടെയും രണ്ടു മണ്ഡലങ്ങളിൽ നമുക്കുള്ള അടങ്ങാത്തതും ഒതുങ്ങാത്തതുമായ വിശപ്പും ദാഹവും മറെറതൊരു ജീവിയിലാണുള്ളത്? തീർന്നില്ല അവൻെറ ആവശ്യങ്ങൾ ആഗ്രഹങ്ങൾ, അററമില്ലാത്ത അഭിലാഷങ്ങൾ, അന്ത്യമില്ലാത്ത പ്രാരാബ്ധങ്ങളുടെയും പരാതികളുടെയും പട്ടിക, ആരായിരിക്കും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ളവൻ എന്ന ചിന്ത. ഇതെല്ലാം മുമ്പിൽ

www.abulhasanalinadwi.org

വെച്ചുകൊണ്ടു് ചിന്തിക്കുക. അപ്പോൾ മനസ്സിലാക്കാൻ കഴിയും; രക്തത്തിലും മജ്ജയിലും വിനയത്തിന്റെയും വന്ദനത്തിന്റെയും സ്നേഹത്തിന്റെയും വണക്കത്തിന്റെയും വികാരം അടക്കംചെയ്തതിന്റെ രഹസ്യം.

ഈ വ്യക്തമായ യാഥാർത്ഥ്യങ്ങളെ തുറന്ന മനസ്സോടെ ഒരു മനുഷ്യൻ മനസ്സിലാക്കി എന്നിരിക്കട്ടെ; എങ്കിൽ തന്നെ പരിപാലിക്കുന്ന രാജാധിരാജനായ കരുണാവാരിധിയായ രക്ഷിതാവിന്റെ മുമ്പിൽ സദാ റുകൂഇലും സുജൂദിലും കഴിഞ്ഞുകൂടാനും ആരാധനയിലും അനുസരണത്തിലും ജീവിക്കാനും പ്രാർത്ഥനയിലും പ്രകീർത്തനങ്ങളിലും മുഴുകുവാനും അവൻ ബാദ്ധ്യസ്ഥനല്ലെ? അതിന്റെ ആവശ്യവും അവനില്ലേ? അവൻ തന്റെ ജിഹ്വകൊണ്ടു് പറയട്ടെ; സന്ദർഭം കൊണ്ടു് സൂചിപ്പിക്കട്ടെ; ഏതു തരത്തിലുള്ള ആവശ്യങ്ങളായാലും അതിനെ സഫലീകരിച്ചുതരാൻ അനുഗ്രഹദാതാവു് എപ്പോഴും സന്നദ്ധനായിക്കൊണ്ടിരിക്കുന്നു.
“നിങ്ങൾ ആവശ്യപ്പെട്ടതു് മുഴുവൻ അവൻ നിങ്ങൾക്കു് നല്കി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണി തിട്ടപ്പെടുത്താൻ ഒരുങ്ങിയാൽ അതിനു് നിങ്ങൾക്കു് കഴിയില്ല.”[3]

അവ്യക്തങ്ങളും അതിരഹസ്യങ്ങളുമായ അനുഭവങ്ങൾ, മനോമണ്ഡലങ്ങളിൽനിന്നു് മാഞ്ഞുപോയ ചിന്തകൾ, പുരാതനവും വിസ്മൃതിയുടെ കയങ്ങളിൽ മുങ്ങിയതുമായ ആഗ്രഹാഭിലാഷങ്ങൾ എല്ലാംതന്നെ അവൻ അറിയുന്നു. മനുഷ്യൻ അതിനെ ആഗ്രഹിച്ചു് പണ്ടെങ്ങോ കൈവെടിഞ്ഞിട്ടുണ്ടാവും. ചിലപ്പോൾ അവന്റെ ആഗ്രഹങ്ങൾക്കു് ബുദ്ധിയുടെ പിന്തുണപോലും ലഭിച്ചിട്ടുണ്ടായിരിക്കുകയില്ല.
“അല്ലാഹു മനുഷ്യന്റെയും അവന്റെ ഹൃദയത്തിന്റെയും ഇടയിൽ മറയായി നിൽക്കുന്നു എന്ന കാര്യം നിങ്ങൾ മനസ്സിലാക്കുക.”

---

وآتاكم من كل ما سألتموه وان تعدوا نعمة الله لا تحصوها
(ابراهيم: ٣٤)

واعلموا ان الله يحول بين المرأ وقلبه (سورة الانفال: ٢٤)

www.abulhasanalinadwi.org

"കണ്ണുകളുടെ കട്ടനോട്ടവും ഹൃദയരഹസ്യവും അവൻ അറിയുന്നു."

"നീ ഉച്ചത്തിൽ സംസാരിച്ചാൽ അതവൻ അറിയുന്നു. (പക്ഷെ അതിൻെറ ആവശ്യമില്ല.) കാരണം അതിരഹസ്യവും അവ്യക്തവുമായത് അറിയുന്നവനാണവൻ."

അല്ലാഹുവിനേക്കാൾ സമീപസ്ഥനും അവനെക്കാൾ കേൾക്കുന്നവനും പ്രത്യുത്തരം നല്കുന്നവനുമായി ആരുമില്ല.

"എൻെറ ദാസന്മാർ എന്നെ സംബന്ധിച്ച് നിന്നോട് ചോദിച്ചാൽ ഞാൻ സമീപസ്ഥനും എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നവന് ഉത്തരം ചെയ്യുന്നവനുമാണ് (എന്ന് പറയു) അതുകൊണ്ട് അവർ എനിക്കുത്തരം നല്കട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം."

"മനുഷ്യനെ നാം സൃഷ്ടിച്ചു. അവൻെറ മനസ്സ് അവനോട് മന്ത്രിക്കുന്നത് നാം അറിയുന്നു. അവൻെറ കണ്ഠനാഡിയേക്കാൾ നാം അവനോട് അടുത്തവനാണ്."

"നിങ്ങളെക്കാൾ അവനോട് ഏററവും അടുത്തത് നമ്മളാണ്. പക്ഷെ നിങ്ങൾ കാണുന്നില്ലെന്നു മാത്രം."

---

يعلم خائنة الأعين وما تخفى الصدور (المؤمن: ١٩)

وان تجهر بالقول فانه يعلم السر واخفى (طٰه : ٧)

واذا سألك عبادى عنّى فانّى قريب اجيب دعوة الدّاع اذا دعان
فليستجيبوا لى وليؤمنوا بى لعلهم يرشدون (البقرة : ١٨٦)

ولقد خلقنا الانسان ونعلم ما توسوس به نفسه ونحن اقرب اليه
من حبل الوريد (قٓ : ١٦)

ونحن اقرب اليه منكم ولكن لا تبصرون (الواقعة : ٨٥)

www.abulhasanalinadwi.org

എല്ലാ കുലദൈവങ്ങളെയും കയ്യൊഴിച്ച് നിരഘകന്റനായി ബാഷ്പകണങ്ങളോടെ പശ്ചാത്താപമനസ്ഥിതിയോടെ പ്രാർത്ഥിക്കുന്ന നിസ്വാർത്ഥനും നിഷ്കളങ്കനുമായ ഏതൊരാളെയും അവൻ കൂടുതലായി സ്നേഹിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

“നിങ്ങളുടെ നാഥൻ പറഞ്ഞിരിക്കുന്നു; എന്നെ വിളിച്ച് നിങ്ങൾ പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും. എന്നെ വിളിച്ച് പ്രാർത്ഥിച്ച് ആരാധിക്കാതെ അഹന്ത കാണിക്കുന്നവരെല്ലാം നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും.”

“താഴ്മയോടെ രഹസ്യമായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ വിളിച്ചു പ്രാർത്ഥിക്കുക. പരിധി ലംഘിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല.”

മാത്രമല്ല; സാധാരണ നാം ആരോടെങ്കിലും എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ എല്ലാവരും വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നു. എന്നാൽ നബി (സ) പഠിപ്പിക്കുന്നു: “ആരെങ്കിലും തന്റെ ആവശ്യം അല്ലാഹുവിനോട് ആവശ്യപ്പെടാതിരുന്നാൽ അല്ലാഹു അവനോട് കോപിക്കുന്നു.”

## സൃഷ്ടിജാലങ്ങൾ മുഴുവനും സ്രഷ്ടാവിന് സാഷ്ടാംഗ നിമഗ്നർ

പ്രപഞ്ചസൃഷ്ടിപ്പിന്റെ ആദ്യദശ മുതൽ എല്ലാ സൃഷ്ടിജാലങ്ങളും അല്ലാഹുവിനെ ആരാധിച്ചും അവനെ വണങ്ങിയും കഴിഞ്ഞുകൂടുന്നു. ജീവജാലങ്ങൾക്ക് ചൂടും വെളിച്ചവും നല്കുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ട സൂര്യൻ തന്റെ ഉദ്യോ

---

وقال ربكم ادعونى استجب لكم ان الذين يستكبرون عن عبادتى سيدخلون جهنم داخرين (المؤمن : ٦٠)

ادعوا ربكم تضرعا وخفية انه لايحب المعتدين (الاعراف: ٥٥)

انه من لم يسأل الله يغضب عليه (ترمذى ؛ كتاب الأدعية)

www.abulhasanalinadwi.org

ഗത്തിൽ ഒരിക്കലും ഒരു കോട്ടവും വരുത്തുന്നില്ല. ചന്ദ്രൻ അതിൻെറ ഉത്തരവാദിത്തവും കടമയും നിരന്തരമായി നിർവ്വഹിച്ചുപോരുന്നു. തൻെറ ഭ്രമണപഥത്തിലൂടെ നീന്തിനീങ്ങുകയും, മാസങ്ങളും സംവത്സരങ്ങളും നിർണ്ണയിക്കുകയും ചെയ്യുന്നു. പർവ്വതസാനുക്കളും അവയുടെ കർത്തവ്യനിർവ്വഹണ സപര്യക്കുവേണ്ടി നിതാന്ത ജാഗരൂകരായി നിലകൊള്ളുന്നു. വൃക്ഷലതാദികൾ ദിവ്യാജ്ഞ വഹിക്കുന്നതിൽ വ്യാപൃതരാണ്. അവ തങ്ങളുടെ തണലും ഫലങ്ങളും ജീവജാലങ്ങൾക്ക് പ്രദാനംചെയ്യുന്നു. മാരുതൻ മർത്ത്യകുലത്തിൻെറ ജൈവസന്ദേശവുമായി മണ്ണിലും വിണ്ണിലും കരയിലും കടലിലും കറങ്ങിനടക്കുന്നു. കാർമേഘപടലങ്ങൾ ജലകണങ്ങളെ ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേക്ക് നയിക്കുന്നു. അത് നിർജീവമായ ഭൂതലം സജീവമാക്കുകയും പച്ചപിടിപ്പിക്കുകയും ചെയ്യുന്നു. തദ്ഫലമായി ഉറവിടങ്ങൾ പൊട്ടിഒഴുകുന്നു. മനുഷ്യരാശിയുടെ പിപാസ അവസാനിപ്പിക്കുന്നു. ഉർവ്വിയുടെ വിരിമാറിൽ വിവിധങ്ങളായ വിളവുകളും ഉൽപന്നങ്ങളും തയ്യാറാകുന്നു. നാൽക്കാലിമൃഗങ്ങൾ പുല്ലും വെള്ളവും കഴിച്ച് ഉല്ലാസചിത്തരായി ഓടിച്ചാടി നടക്കുന്നു. അവയുടെ കളിയും കൂത്താട്ടവും ദൈവത്തിനുവേണ്ടിയുള്ള നമിക്കലും സാഷ്ടാംഗവുംപോലെ കാണപ്പെടുന്നു. മനുഷ്യൻെറ വാഹനമായി വർത്തിക്കുകയും അവൻെറ ഭാണ്ഡംപേറുകയും ചെയ്യുന്നു. ഉഷ്ണത്തിലും ശൈത്യത്തിലും മനുഷ്യൻെറ കവചമായി മാറുന്നു. ഭോജനത്തിനും ഭാജനത്തിനും അതിനെ ഉപയോഗപ്പെടുത്തുന്നു. ഇഴജന്തുക്കൾ മുഖേനയും മനുഷ്യന് നേട്ടങ്ങൾ ലഭിക്കുന്നു. ഇങ്ങനെ ചരാചരങ്ങൾ അഖിലവും അല്ലാഹുവിൻെറ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ജീവിക്കുന്നു. ധിഷണാവ്യാപാരമോ ചിന്താശക്തിയോ ഇല്ലാത്ത നാല്ക്കാലിമൃഗങ്ങളും സസ്യലതാദികളും അവൻെറ ആജ്ഞകൾക്കും ഉൽബോധനങ്ങൾക്കും കീഴ്പെട്ടു കഴിഞ്ഞുകൂടുന്നു. അനുസരണക്കേടോ അച്ചടക്കരാഹിത്യമോ ഇല്ല. കുഴപ്പങ്ങളോ കലാപങ്ങളോ ഇല്ല. സമരങ്ങളോ സംഘട്ടനങ്ങളോ ഇല്ല. പണിമുടക്കോ അവധിയോ ഇല്ല. ക്ഷീണമോ തളർച്ചയോ ഇല്ല. ചുരുക്കത്തിൽ സദാ സർവ്വസംരക്ഷകനായ സ്രഷ്ടാവിന് സാഷ്ടാംഗം ചെയ്തു കഴിഞ്ഞുകൂടുന്നു.

www.abulhasanalinadwi.org

"ആകാശഭൂമിയിലുള്ളവരും, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പർവ്വതങ്ങൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ എന്നിവയും മനുഷ്യരിൽ ഒരു വലിയ വിഭാഗവുമെല്ലാംതന്നെ അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുന്നത് നീ കാണുന്നില്ലേ? മനുഷ്യരിൽ കുറെയധികം ആളുകൾക്ക് നമ്മുടെ ശിക്ഷ ബാധകമായിരിക്കുന്നു. വല്ലവനേയും അല്ലാഹു അപമാനിച്ചാൽ അവനെ ബഹുമാനിക്കുവാൻ ആരും ഉണ്ടാവുകയില്ല. അല്ലാഹു താനുദ്ദേശിക്കുന്നത് പ്രവർത്തിക്കുകതന്നെ ചെയ്യും."

"ആകാശഭൂമികളിലുള്ള ജീവികളും മലക്കുകളുമെല്ലാംതന്നെ അല്ലാഹുവിന് സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ജീവിക്കുന്നു. അവർ അഹന്ത കാണിക്കുന്നില്ല. തങ്ങൾക്കുപരിയായി നിലകൊള്ളുന്ന രക്ഷിതാവിനെ അവർ ഭയപ്പെടുന്നു. ആ രക്ഷിതാവ് അവരോട് കല്പിക്കുന്നത് പ്രവർത്തിക്കുകയും ചെയ്യുന്നു."

"ആകാശഭൂമികളിലുള്ളതെല്ലാം സ്വയംസന്നദ്ധമോ നിർബന്ധിതമോ ആയി അല്ലാഹുവിനെയാണ് പ്രണമിക്കുന്നത്. അവരുടെ നിഴലുകൾകൂടി രാവിലെയും വൈകുന്നേരവും അല്ലാഹുവിന്ന് സാഷ്ടാംഗം ചെയ്യുന്നു."

---

الم تر ان الله يسجد له من فى السموات ومن فى الارض والشمس والقمر والنجوم والجبال والشجر والدّواب وكثير من الناس وكثير حق عليه العذاب ومن يهن الله فما له من مكرم ان الله يفعل ما يشاء
(الحج: ١٨)

ولله يسجد ما فى السموات وما فى الارض من دابة والملائكة وهم لا يستكبرون يخافون ربهم من فوقهم ويفعلون ما يؤمرون
(النحل: ٤٩)

ولله يسجد من فى السموات والارض طوعا وكرها وظلالهم بالغدوّ والآصال
(الرعد: ١٥)

www.abulhasanalinadwi.org

"സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. വൃക്ഷങ്ങളും സസ്യലതാദികളും അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുന്നു."

"ആകാശ ഭൂമികളെ സൃഷ്ടിക്കുകയും ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുകയും അതുമുഖേന നിങ്ങൾക്ക് ആഹാരത്തിനായി പഴങ്ങൾ ഉല്പാദിപ്പിച്ചുതരികയും തന്റെ കല്പനയനുസരിച്ച് സമുദ്രത്തിൽ ഓടേണ്ടതിന്ന് കപ്പലുകളെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തരികയും നദികളെ കീഴ്പ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നത് അല്ലാഹുവാണ്. നിരന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വിധത്തിൽ സൂര്യനെയും ചന്ദ്രനെയും നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നവനും അല്ലാഹുതന്നെ. ചുരുക്കത്തിൽ, നിങ്ങൾക്കാവശ്യമുള്ളത് മുഴുവൻ അല്ലാഹു നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിക്കണക്കാക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. (എന്നിട്ടും) മനുഷ്യൻ തികഞ്ഞ അക്രമിയും നന്ദിയില്ലാത്തവനുമാകുന്നു."

വ്യത്യസ്ത രൂപഭാവങ്ങളും, ആരാധനാവൈധർമ്മ്യങ്ങളുമുള്ള സൃഷ്ടിജാലങ്ങൾ മുഴുവനും അവസ്ഥനുസരിച്ച രൂപത്തിൽ പ്രത്യേകമായ നമസ്കാരം നിലനിർത്തുന്നു. അത് പൂർണ്ണമായും മനസ്സിലാക്കുക നമുക്ക് സാദ്ധ്യമല്ല. അല്ലാഹു നൽകിയ സവിശേഷമായ ഉൾക്കാഴ്ചയുള്ളവർക്കും ഭൗതികമറകൾ ഉയർത്തപ്പെട്ടവർക്കും മാത്രമേ അത് കാണാൻ കഴിയുകയുള്ളു.

---

والشمس والقمر بحسبان والنجم والشجر يسجدان (الرحمن : ٦)

الله الذى خلق السموات والارض وانزل من السماء ماء فاخرج به
من الثمرات رزقا لكم وسخر لكم الفلك لتجرى فى البحر بامره وسخر
لكم الانهار وسخر لكم الشمس والقمر دائبين وسخر لكم الليل والنهار
وآتاكم من كل ما سألتموه وان تعدوا نعمة الله لا تحصوها ان
الانسان لظلوم كفار (ابراهيم : ٣٢، ٣٤)

www.abulhasanalinadwi.org

"ഏഴ് ഉപരിലോകങ്ങളും ഭൂമിയും അവയിലുള്ള സകലതും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. അവനെ സ്തുതിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യാത്ത ഒരു വസ്തുവുമില്ല. പക്ഷെ, അവയുടെ പ്രകീർത്തനം നിങ്ങൾ അറിയുന്നില്ല. അല്ലാഹു വളരെ ക്ഷമിക്കുന്നവനും പൊറുക്കുന്നവനുമാണ്."

"ആകാശഭൂമികളിലുള്ള എല്ലാവരും, ചിറക് വിരുത്തി പറക്കുന്ന പക്ഷികളുമെല്ലാംതന്നെ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നത് നീ കാണുന്നില്ലേ? എല്ലാ വസ്തുക്കൾക്കും അവയുടെ പ്രാർത്ഥനയെകുറിച്ചും പ്രകീർത്തനങ്ങളെ കുറിച്ചും ബോധമുണ്ട്. അവയുടെ പ്രവർത്തനങ്ങളെകുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു."

## സൃഷ്ടിജാലങ്ങളിൽ മനുഷ്യന്റെ മാഹാത്മ്യം

ഔന്നത്യം, ഔൽകൃഷ്ട്യം, ധിഷണാധനത്വം, ബുദ്ധിശക്തി തുടങ്ങിയ പ്രത്യേകതകൾകൊണ്ടനുഗ്രഹീതൻ മനുഷ്യനാണ്. ഇതരസൃഷ്ടിജാലങ്ങളിൽനിന്ന് അവനെ വ്യത്യസ്തനാക്കുന്നതും മേൽഗുണങ്ങളാണ്. മനുഷ്യപുത്രനിൽ നിരന്തരമായി വർഷിച്ചതും വഷിച്ചുകൊണ്ടിരിക്കുന്നതുമായ അനുഗ്രഹങ്ങളും ഔദാര്യങ്ങളും അനന്തവും അപരിമേയങ്ങളുമാകുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ മനുഷ്യൻ തന്റെ ജീവിതത്തിന്റെ മുഴുവൻ സമയവും ആരാധനക്കുവേണ്ടി വിനിയോഗിക്കേണ്ടതായിരുന്നു. തന്റെ ഓരോ നിമിഷവും ദൈവ

---

تسبح له السموات السبع والارض ومن فيهن وان من شيء
الا يسبح بحمده ولكن لا تفقهون تسبيحهم انه كان حليما غفورا
(بنواسرائيل: ٤٤)

الم تر ان الله يسبح له من فى السموات والارض والطير صافات كل
قد علم صلاته وتسبيحه والله عليم بما يفعلون (النور: ٤١)

www.abulhasanalinadwi.org

സ്തോത്രങ്ങളിലും സാഷ്ടാംഗപ്രണാമത്തിലും കഴിച്ചുകൂട്ടേണ്ടതായിരുന്നു. മനുഷ്യന്റെ ജിഹ്വ പ്രപഞ്ചസ്രഷ്ടാവിനെ പ്രകീർത്തനംചെയ്യുന്നതിനുമാത്രം നീക്കിവെക്കേണ്ടതുമായിരുന്നു. ജീവിതത്തിൽനിന്ന് ഒരു നിമിഷമോ ഒരു നാഴികയോ നമസ്കാരത്തിൽനിന്ന് വിമുഖരായിരിക്കാൻ പാടില്ല. യഥാർത്ഥത്തിൽ മാലാഖമാരോട് പറഞ്ഞ അതേ അവസ്ഥ മനുഷ്യനിലും സംജാതമാകേണ്ടിയിരുന്നു. അപ്പോൾ മാത്രമേ മനുഷ്യനും ഇതര സൃഷ്ടിജാലങ്ങളും തമ്മിലുള്ള അനുഗ്രഹലബ്ധതയുടെ വ്യത്യാസത്തിന്റെ അനുപാതക്രമമനുസരിച്ചുള്ള തേട്ടം സാക്ഷാല്കരിക്കപ്പെടുകയുള്ളൂ. മാലാഖമാരെക്കുറിച്ച് അല്ലാഹു പറഞ്ഞത്, അവർ സദാ ആരാധനാനിമഗ്നരാണെന്നാണ്. വിശുദ്ധഖുർആൻ പറയുന്നു:

''ആകാശഭൂമികളിലുള്ളവരെല്ലാംതന്നെ അവനുള്ളതാണ്. അവന്റെ അടുത്തുള്ളവർ അവനെ ആരാധിക്കുന്നതിൽ അഹംഭാവം കാണിക്കുന്നില്ല. (ആരാധനയാൽ) അവർ ക്ഷീണിക്കുന്നുമില്ല. അവർ രാവും പകലും അവന്റെ പരിശുദ്ധി പ്രകീർത്തനം ചെയ്യുന്നു.''

എന്നാൽ മലക്കുകളുടെ ഇതേ അവസ്ഥ മനുഷ്യനിൽനിന്ന് അല്ലാഹു പ്രതീക്ഷിക്കുന്നില്ല. കാരണമുണ്ട്; അവനെ തന്റെ ഭൂമിയുടെ അധിപതിയായി നിശ്ചയിക്കേണ്ടതുണ്ട്. ചരാചരങ്ങളിൽ മറ്റൊന്നിനും നിർവ്വഹിക്കാൻ കഴിയാത്ത മഹത്തായ ഒരു ഉദ്യോഗം അവനെ ഏല്പിക്കണം. ഈ ഒരു ഉദ്ദേശം മുൻകൂട്ടി പ്രപഞ്ചസ്രഷ്ടാവ് കണ്ടതിനാൽ അവനിൽ ആവശ്യങ്ങളും അഭിലാഷങ്ങളും നിറക്കപ്പെട്ടു. ആശകളും അഭിനിവേശങ്ങളും ഉൾക്കൊള്ളിച്ചു. സന്താപങ്ങളും സന്തോഷങ്ങളും അവനിൽ അന്തർലീനമാക്കി. അന്വേഷണതൃഷ്ണയും

---

ولہ من فی السموات والارض ومن عندہ لا یستکبرون عن عبادتہ ولا یستحسرون یسبحون اللیل والنہار لا یفترون

(الانبیاء: ١٩، ٢٠)

www.abulhasanalinadwi.org

വിജ്ഞാനദാഹവും മനുഷ്യസൃഷ്ടിപ്പിൽ ഉൾപ്പെടുത്തി. അവന് ഉർവ്വിയുടെ വിരിമാറിൽ നിറക്കപ്പെട്ട കനികളും ഖജനാവുകളും കണ്ടുപിടിക്കാനും ഉപയോഗപ്പെടുത്താനുമുള്ള കഴിവും ഉത്സാഹവും കൊടുത്തു. 'നാമപഠനം' മുഖേന അവനുണ്ടായ പ്രത്യേകത യഥാർത്ഥത്തിൽ അവന്റെ ജന്മസിദ്ധമായ കഴിവുകളിലേക്കുള്ള സൂചനയാണ്. ഭൂമിയുടെ ഭരണച്ചുമതല ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പുമാണ്.

“ഭൂമിയിൽ ഒരു ഖലീഫയെ ഞാൻ നിയോഗിക്കുകയാണെന്ന് നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കേണ്ടതാണ്. നാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ അവിടെ നിയോഗിക്കുന്നത്? നിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യാൻ ഞങ്ങളുണ്ടല്ലോ? എന്ന് മലക്കുകൾ മറുപടി പറഞ്ഞു. നിങ്ങൾക്കറിവില്ലാത്തത് എനിക്കറിവുണ്ട് എന്നാണ് അല്ലാഹു അതിന്നു മറുപടി പറഞ്ഞത്. അല്ലാഹു ആദമിന് സർവ്വ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചു. പിന്നീട് ആ സാധനങ്ങളെല്ലാം മലക്കുകൾക്ക് കാണിച്ചുകൊടുത്തിട്ട് 'നിങ്ങൾ സത്യമാണ് പറയുന്നതെങ്കിൽ ഇവയുടെ പേരുകൾ എന്നോട് പറയുക' എന്നവൻ അരുളി. 'നിനക്ക് സ്തോത്രം! നീ പഠിപ്പിച്ചുതന്നല്ലാതെ മററു യാതൊരറിവും

---

واذ قال ربك للملائكة انى جاعل فى الأرض خليفة قالوا أتجعل
فيها من يفسد فيها ويسفك الدماء ونحن نسبح بحمدك ونقدس
لك قال انى اعلم ما لا تعلمون وعلم آدم الاسماء كلها ثم عرضهم
على الملائكة فقال انبؤنى بأسماء هؤلاء ان كنتم صادقين قالوا
سبحانك لا علم لنا الا ما علمتنا انك انت العليم الحكيم. قال
يا آدم انبئهم بأسمائهم فلما انبأهم بأسمائهم قال الم اقل لكم انى اعلم
غيب السموات والأرض واعلم ما تبدون وما كنتم تكتمون
(بقرة : ٣٠ - ٣٢)

www.abulhasanalinadwi.org

ങ്ങൾക്കില്ല. നീ അഗാധജ്ഞാനമുള്ളവനും തികഞ്ഞ യുക്തിമാനുമാണ്. എന്ന് മലക്കുകൾ മറുപടി പറഞ്ഞു. അനന്തരം ആദമേ! അവയുടെ നാമങ്ങൾ നീ അവർക്ക് പറഞ്ഞുകൊടുക്കുക എന്ന് അല്ലാഹു കൽപിച്ചരുളി...... അങ്ങനെ അവയുടെ നാമങ്ങൾ മലക്കുകൾക്ക് പറഞ്ഞുകൊടുത്തു കഴിഞ്ഞപ്പോൾ 'ആകാശഭൂമികളിലെ അദൃശ്യകാര്യങ്ങളെല്ലാം എനിക്കറിവുണ്ടെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതുമെല്ലാം ഞാനറിയുമെന്നും (മുമ്പുതന്നെ) ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ.......' എന്ന് അല്ലാഹു മലക്കുകളോട് ചോദിച്ചു.''

''ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നത് അവനത്രെ!''

'' ചോദിക്കുക: അല്ലാഹു തന്റെ അടിമകൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്ന അലങ്കാരവസ്തുക്കളെയും നല്ല ആഹാരങ്ങളെയും നിഷിദ്ധമാക്കുവാൻ ആരുണ്ട്?''

ഈ മഹത്തായ ഉത്തരവാദിത്തം അവന്റെ ശിരസ്സിൽ അർപ്പിക്കപ്പെടണമെങ്കിൽ, പ്രത്യേകമായ ഈ ലക്ഷ്യം മനുഷ്യൻ മുഖേന സാക്ഷാൽക്കരിക്കപ്പെടണമെങ്കിൽ ഒരു കാര്യം ഉറപ്പാണ്. വാനലോകങ്ങൾ, വന്യമൃഗങ്ങൾ, പർവ്വതസാനുക്കൾ, സചേതനാചേതനവസ്തുക്കൾ എന്നിവയെപ്പോലെ നിരന്തരവണക്കം, നിതാന്തസാഷ്ടാംഗം, നിസ്സന്ദ്രപ്രകീർത്തനം തുടങ്ങിയ കാര്യങ്ങൾ ഒരിക്കലും അവനോട് ആജ്ഞാപിച്ചുകൂടാ......! അത്തരത്തിലുള്ള ആരാധനയുടെ നൈരന്തര്യത്തിനുവേണ്ടി മർത്ത്യൻ ശ്രമിക്കുകയാണെങ്കിൽ അല്ലാഹുവിനാൽ ഏല്പിക്കപ്പെട്ട ഭൂമിയിലെ ആധിപത്യസാക്ഷാല്ക്കരണം സഫലമാവുകയില്ല. മാലാഖമാർ അല്ലാഹുവിന്റെ മുമ്പിൽ പ്രക

---

هو الذى خلق لكم ما فى الارض جميعا (البقرة: ٢٩)

قل من حرم زينة الله التى اخرج لعباده والطيبات من الرزق (الاعراف: ٣٢)

www.abulhasanalinadwi.org

ടിപ്പിച്ച സംശയം പൂർണ്ണമായും സാക്ഷാല്ക്കരിക്കപ്പെട്ടമെന്നതിൽ സംശയവുമില്ല. ആരാധനയുടെ നിരന്തരതയ്ക്കുവേണ്ടി അവർ തങ്ങളെത്തന്നെ അല്ലാഹുവിന്ന് ചൂണ്ടിക്കാണിച്ചു! സ്തോത്രപ്രകീർത്തനങ്ങളിലും ആരാധനയിലും ഇടതടവില്ലാതെ വ്യാപൃതരായതിനാൽ 'ഖിലാഫത്തി'ന്റെ അർഹത തങ്ങൾക്കാണെന്ന് മലക്കുകൾ മനസ്സിലാക്കി. അവർ പറഞ്ഞു:

"ഞങ്ങൾ നിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും, നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരല്ലേ?"

ഈ വസ്തുതകളെല്ലാം മുമ്പിൽവെച്ച് ചിന്തിക്കുമ്പോൾ ഒരു കാര്യം സുതരാം വ്യക്തമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്ന് വ്യക്തമായ ഒരു ആരാധനാവ്യവസ്ഥയുടെ ആവശ്യമുണ്ട്. പ്രസ്തുത ആരാധന അവനിൽ നിലീനമായ പ്രകൃതിക്കനുയോജ്യവും അവന്റെ കർത്തവ്യനിർവ്വഹണങ്ങൾക്കനുസൃതവുമായിരിക്കണം. സൃഷ്ടിജാലങ്ങളിൽ അവന് നല്കപ്പെട്ട ഉന്നതവും ഉൽകൃഷ്ടവുമായ സ്ഥാനമാനങ്ങളോടും, 'ഖിലാഫത്തെ'ന്ന മഹത്തായ ഉത്തരവാദിത്തത്തോടും യോജിക്കുന്നതുമായിരിക്കണം. ഈ ആരാധനയുടെ കാര്യത്തിൽ രണ്ട് വശങ്ങൾ ചിന്തിക്കേണ്ടതുണ്ട്. ഒന്ന്, പ്രസ്തുത ആരാധന അവന്റെ പ്രകൃതിയുടെ തേട്ടമാണ്. അസ്തിത്വത്തിന്റെ നാരായവേരാണ്. ആത്മാവിന്റെ ശബ്ദമാണ്. മാന്യതയുടെയും മഹത്വത്തിന്റെയും പ്രകടനമാണ്. മനുഷ്യനെ മനുഷ്യനാക്കുന്ന പ്രധാന ഘടകമാണ്. ഹൃദയത്തിന്റെയും ആത്മാവിന്റെയും ആഹാരമാണ്. അതേ സമയം നിർബന്ധമായ രണ്ടാമത്തെ വശം ഈ ആരാധന അവന്റെ ആകാരസൗഷ്ഠവത്തിന്നനുയോജ്യമായിരിക്കണം എന്നതാണ്. അതിനാൽ പ്രസ്തുത ആരാധന ചരാചരങ്ങളിൽ അതിപ്രധാനവും, ലോലവും, ഒററപ്പെട്ടതുമായ അവന്റെ വ്യക്തിപ്രഭാവത്തോട് താദാത്മ്യം പ്രാപിക്കുന്നതുകൂടിയാകണം. അതെ, അവയവങ്ങളെ ആവരണംചെയ്യു, അനുയോജ്യമായ ഉടയാടകൾപോലെ. അത് അധികം ഇടുങ്ങിയതല്ല; അധികം അയഞ്ഞതുമല്ല. കൂടുതലുമില്ല...കുറവുമില്ല.

---

ونحن نسبح بحمدك ونقدس لك

www.abulhasanalinadwi.org

## വ്യക്തിത്വത്തിന്റെ വസ്ത്രം

നമസ്കാരം യഥാർത്ഥത്തിൽ മനോഹരമായ ഒരു വസ്ത്രമാണ്. അത് അവന്റെ ശരീരത്തെ അഖിലം അലങ്കരിക്കുകയും പ്രശോഭിതമാക്കുകയും ചെയ്യുന്നു. ഒരു കാര്യത്തിലും ഏററക്കുറച്ചിലുകൾ കാണാൻ സാധ്യമല്ലാത്ത വസ്ത്രം.

"എന്ത്......! (എല്ലാം) സൃഷ്ടിച്ചവൻ അറിയുകയില്ലെന്നോ? അവൻ അതിസൂക്ഷ്മമായി നോക്കിക്കാണുന്നവനും സൂക്ഷ്മവസ്തുക്കൾ അറിയുന്നവനുമാകുന്നു."

"നിശ്ചയം ഒരു കണക്കുപ്രകാരം എല്ലാ വസ്തുക്കളെയും നാം സൃഷ്ടിച്ചു."

## നമസ്കാരത്തിന്റെ ലഘൂകരണ രഹസ്യം; അതിന്റെ മനഃശാസ്ത്രപരമായ ഫലങ്ങൾ

മനുഷ്യനെ ഔന്നത്യത്തിന്റെ ഉച്ചിയിലേക്ക് ക്രമപ്രവൃദ്ധമായി ഉയർത്തുവാൻ അല്ലാഹുവിന്റെ യുക്തി ഒരു മാർഗ്ഗം തെരഞ്ഞെടുത്തു. അമാനുഷികതയുടെ മികച്ച ഉദാഹരണമാണത്. മിഅ്റാജി (ആകാശാരോഹണത്തി)ൽ അമ്പതു സമയത്തെ നമസ്കാരമാണ് ആജ്ഞാപിക്കപ്പെട്ടത്. അചിരേണ അത് അഞ്ചാകുന്നതുവരെ ലഘൂകരിച്ചു.[1] എന്തിനാണ് ഇങ്ങനെ ചെയ്തത്- അത് ദൈവത്തിന്റെ യുക്തിയാണ്. തന്നിൽ ആദ്യമായി ബാദ്ധ്യതയേല്പിക്കപ്പെട്ടത് അമ്പത് സമയത്തെ നമസ്കാരങ്ങളാണെന്ന് മനുഷ്യൻ എന്നും ബോധവാനായിരിക്കണം. തന്റെ സമയവും ശക്തിയും മനസ്സും മസ്തിഷ്കവും ദൈവാരാധനയിൽ മാത്രം ഏൽപ്പിക്കുവാൻ താൻ ബാദ്ധ്യസ്ഥനാണ്. അല്ലാഹു അതിന് തന്നെ അർഹനാക്കുകയും ചെ

---

الا يعلم من خلق وهو اللطيف الخبير (الملك ١٤)

انا كل شيء خلقناه بقدر (القمر ٤٩)

1 ഇസ്റാഅ് മിഅ്റാജിനെക്കുറിച്ചുള്ള ഇമാം ബുഖാരിയുടെ ദീർഘമായ ഹദീസ് നോക്കുക

www.abulhasanalinadwi.org

ശ്ശിരിക്കുന്നു എന്ന ബോധം ശരിയായ രൂപത്തിൽ ഉൾക്കൊണ്ട മനുഷ്യന് അഞ്ചു സമയങ്ങളിലെ നമസ്കാരം ഒരിക്കലും അധികമായി തോന്നുകയില്ല. മറിച്ച് ഇങ്ങനെ തോന്നാൻ സാദ്ധ്യതയുമുണ്ട്. താൻ ഇതിനേക്കാൾ കൂടുതൽ ചെയ്യാൻ അർഹനും ബാദ്ധ്യസ്ഥനുമായിരുന്നു. എന്നാൽ അല്ലാഹു കണ്ടറിഞ്ഞ് ആശ്വാസമരുളി. അങ്ങനെ അവൻ അനുഗ്രഹം ചെയ്യില്ലായിരുന്നെങ്കിൽ പ്രസ്തുത അമ്പതും താൻ നിർവ്വഹിക്കേണ്ടിവരുമായിരുന്നല്ലോ......? പക്ഷെ അപാരവും അപരിമേയവുമായ അനുഗ്രഹങ്ങളുടെ ദാതാവ് തന്നോട് കരുണയും ഔദാര്യവും പ്രഖ്യാപിച്ചു. അഞ്ചു നമസ്കാരങ്ങളെ അമ്പതുകൾക്ക് സമമാക്കി ഉയർത്തി. മാത്രമല്ല ദൈവത്തിൻെറ ആദ്യകല്പന ഇന്നും മനുഷ്യൻെറ ഉന്നതമായ മനക്കരുത്തിനും ഉദാത്തമായ പ്രകൃതിക്കും വേണ്ടത്ര തെളിവുമാണ്.

## ഖുർആനിൽ ഇതിന്ന് മറ്റൊരു മാതൃക

ഈ ചിന്തയെ പരിശുദ്ധ ഖുർആനും സത്യപ്പെടുത്തുന്നു. ആദ്യമായി മുസ്ലിംകളോട് അല്ലാഹു ആജ്ഞാപിച്ചു: സത്യവിശ്വാസികൾ തങ്ങളുടെ ശത്രുക്കളുടെ സംഖ്യ പത്തിരട്ടിയാണെങ്കിൽപോലും അവരെ നേരിടുക. പടക്കളത്തിൽ പതറാതെ അടരാടുക. എന്നാൽ, പിന്നീട് ഈ നിയമം ലഘൂകരിക്കപ്പെട്ടു. തങ്ങളുടെ രണ്ടിരട്ടി വരുന്ന സൈന്യത്തോട് സമരംചെയ്താൽ മതി എന്ന് കല്പിക്കപ്പെട്ടു. അല്ലാഹു നിർദ്ദേശിക്കുന്നത് കാണുക:

“ഓ നബീ, സത്യവിശ്വാസികളെ യുദ്ധത്തിന്ന് പ്രേരിപ്പിക്കുക! ക്ഷമാശീലരായ ഇരുപത് വ്യക്തികൾ നിങ്ങളിലുണ്ടെങ്കിൽ, അവർക്ക് ഇരുനൂറ് സത്യനിഷേധികളെ ജയിച്ചടക്കാം. അപ്രകാരംതന്നെ നിങ്ങളിൽ നൂറ് പേരുണ്ടെങ്കിൽ, സത്യനിഷേധികളായ ആയിരം പേരെ ജയിച്ചടക്കാം. കാരണം, അവർ കാര്യബോധമില്ലാത്ത ഒരു ജനതയാണ്. എന്നാൽ ഇപ്പോൾ അല്ലാഹു നിങ്ങൾക്ക് അവൻെറ കൽപന

يـاايها النبى حرض المؤمنين على القتال ان يكن منـــكم عشـــرون

www.abulhasanalinadwi.org

ലഘൂകരിച്ചിരിക്കുന്നു. നിങ്ങളിൽ ബലക്ഷയമുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ ഇന്നും നിങ്ങൾക്ക് ക്ഷമാശീലരായ നൂറു പേരുണ്ടെങ്കിൽ ഇരുന്നൂറു പേരെയും, ആയിരമുണ്ടെങ്കിൽ രണ്ടായിരത്തെയും അല്ലാഹുവിന്റെ അനുമതിയോടെ ജയിച്ചേക്കാം. അല്ലാഹു സഹനശീലരോടൊപ്പമാകുന്നു.''

ഈ ലഘൂകരണം മുസ്ലിംകൾക്ക് ആശ്വാസം നല്കുന്നു. എന്നാൽ, ആദ്യകല്പന ഇന്നും അവരുടെ അന്തഃകരണങ്ങളിൽ ആവേശവും അർപ്പണബോധവും സൃഷ്ടിക്കുന്നുണ്ട്. അപകടങ്ങളെ നേരിടുവാനും ആത്മാവിനെ അചഞ്ചലതയോടെ കയ്യിലെടുത്തു പന്താടുവാനും ധൈര്യപ്പെടുന്നു. പത്തിരട്ടിയോട് നേരിടണമെന്ന ഈ സൂക്തത്തിന്റെ നിയമം ഇന്ന് പ്രാബല്യത്തിലില്ല. എങ്കിലും അതെന്നെന്നും പാരായണംചെയ്യാനാജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെയും യുക്തി മറ്റൊന്നല്ല. പ്രസ്തുത സൂക്തം പാരായണം ചെയ്യലിലൂടെ മുസ്ലിംകൾക്ക് നവോന്മേഷവും എന്തിനേയും നേരിടുവാനുള്ള ധീരതയും ഉണ്ടായിത്തീരുന്നു. ഒരു യഥാർത്ഥ വിശ്വാസിയുടെയും, ധീരമുജാഹിന്റെയും ലക്ഷണവും ഗുണവുമാണിത്.

## ആത്മീയഭക്ഷണം. ഔഷധം, അതിന്റെ മാത്രകൾ, സമയങ്ങൾ

ഈ അഞ്ച് നമസ്കാരങ്ങൾ അതിന്റേതായ സമയങ്ങളിൽതന്നെ നിർവ്വഹിക്കൽ അനിവാര്യമാണ്. അല്ലാഹുവാണ് അത് നിർണ്ണയിച്ചത്.

“നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയ

---

صابرون يغلبوا مأتين وان يكن منكم مأة يغلبوا الفا من الذين كفروا بأنهم لا يفقهون. الآن خفف الله عنكم وعلم ان فيكم ضعفا فان يكن منكم مأة صابرة يغلبوا مأتين وان يكن منكم الف يغلبوا الفين باذن الله والله مع الصابرين (الانفال ٦٥،٦٦)

www.abulhasanalinadwi.org

നിർണ്ണയമുള്ള ബാദ്ധ്യതയാകുന്നു.''

വിശുദ്ധഖുർആനിൽ ഇതു് നിർവ്വഹിക്കേണ്ട സമയങ്ങളും സൂചിപ്പിച്ചിട്ടുണ്ട്.

ചില ഖുർആൻ വ്യാഖ്യാതാക്കൾ 'ദുലൂക്ക്' എന്നതിൽ ളുഹ്ർ, അസർ, മഗ്‌രിബ് എന്നീ മൂന്നു നമസ്കാരങ്ങളെ കുറിച്ച് സൂചന കണ്ടെത്തി. 'ഗസഖുല്ലൈല്' കൊണ്ട് ഇശാ നമസ്കാരവും 'ഖുർആനൽ ഫജ്റ്' കൊണ്ട് സുബ്ഹ് നമസ്കാരവും മനസ്സിലാക്കി. അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വിയുടെ 'സീറത്തുന്നബി' അഞ്ചാം വാല്യത്തിൽ ഇതിനെപ്പററി വിശദചർച്ച നടത്തിയിട്ടുണ്ട്. 'ദുലൂക്ക്' എന്ന പദപ്രയോഗം ഖുർആനിൽ വന്നത് കൂടുതൽ മനസ്സിലാക്കാൻ 'ലിസാനുൽ അറബ്' സഹായകമാണ്. വിശുദ്ധഖുർആനിൽ മറെറാരു സ്ഥലത്ത് അല്ലാഹു പറയുന്നു:

''സൂര്യോദയത്തിന് മുമ്പും അതിന്റെ അസ്തമനത്തിനു മുമ്പും നിന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ നീ പ്രകീർത്തനം ചെയ്യുക. രാത്രിസമയങ്ങളിലും പകലിന്റെ അററങ്ങളിലും അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്തുകൊള്ളുക. നിനക്ക് സംതൃപ്തി കൈവരിക്കാൻ ഇതാവശ്യമാണ്.'' ഇതിൽ നിന്നും നമസ്കാരസമയങ്ങൾ നിർണ്ണിതമാണെന്ന് മനസ്സിലാക്കി.

---

ان الصلاة كانت على المؤمنين كتابا موقوتا (النساء ١٠٣)

اقم الصلاة لدلوك الشمس الى غسق الليل وقرآن الفجر ان قرآن الفجر كان مشهودا (بنواسرائيل ٧٨)

''സൂര്യൻ മദ്ധ്യാഹ്നവേളയിൽ ആകാശമദ്ധ്യത്തിൽനിന്ന് തെററുന്നതു മുതൽ രാത്രി ഇരുട്ടാകുന്നതുവരെ നമസ്കാരം മുറപ്രകാരം നിലനിർത്തുക. പ്രഭാതവേളയിലെ ഖുർആൻപാരായണവും മുറപ്രകാരം അനുഷ്ഠിച്ചുവരണം. പ്രഭാതവേളയിലെ ഖുർആൻപാരായണം ദൈവസാന്നിദ്ധ്യം ലഭിക്കുന്ന ഒന്നാണ്.''

وسبح بحمد ربك قبل طلوع الشمس وقبل غروبها ومن اناء الليل فسبح واطراف النهار لعلك ترضى (طه : ١٣)

www.abulhasanalinadwi.org

ഇതുപോലെ അഞ്ചു നേരത്തെ നമസ്കാരങ്ങളുടെ റക്അത്തുകളും സുനിർണ്ണിതങ്ങളാണ്. അതിലും കൃത്യത പാലിക്കുവാൻ കർശനമായി കല്പിച്ചിരിക്കുന്നു. പ്രവാചകപുംഗവനും അവിടത്തെ അനുയായികളും ജീവിതം മുഴുവനും ഏതു രംഗത്തും ഈ നമസ്കാരത്തിൽ ഭംഗമോ കോട്ടമോ വരുത്തിയിട്ടില്ല. അടർക്കളത്തിൽ ശത്രുക്കളുമായി ഏററുമുട്ടിയപ്പോഴും പോലും അത് മുടങ്ങാതെ നിർവ്വഹിച്ചു. അതിന്റെ കണിശതയുടെ കാര്യത്തിൽ യാതൊരു മാററത്തിരുത്തലും നടത്തിയിട്ടില്ല. ഈ പഞ്ചസ്തംഭങ്ങളിൽ ഒന്നായ അഞ്ചു സമയങ്ങളിലെ നമസ്കാരത്തിന്റെ സ്ഥിരസ്വഭാവം നിസ്തുലമാണ്. ഒരു സമുദായത്തിലും, മതാനുയായികളിലും ഇന്നെന്നല്ല, ചരിത്രത്തിന്റെ ഏത് ദശയിൽ തെരഞ്ഞാലും ഇതുപോലെ തലമുറകളിലൂടെ ഏകകണ്ഠമായി കൈമാറിപോന്ന ഒരു ആരാധനാമുറ കണ്ടെത്താൻ കഴിയുകയില്ല. 'ഉമ്മത്തെ ഇസ്‌ലാമിയ' അത് തലമുറ തലമുറയായി കൈമാറി അന്നും ഇന്നും രൂപഭാവവ്യത്യാസമില്ലാതെ സൂക്ഷിച്ചുപോരുന്നു. ഭീകരവും ബീഭത്സവുമായ സന്ദർഭങ്ങൾ അവർ പിന്നിട്ടിട്ടുണ്ട്. നീണ്ട പ്രതിസന്ധിഘട്ടങ്ങളെ അവർ തരണം ചെയ്തിട്ടുണ്ട്. തീവ്രവും തീക്ഷ്ണവുമായ പരീക്ഷണ പരിതഃസ്ഥിതികളികളിലൂടെ കടന്നുപോന്നിട്ടുണ്ട്. എന്നിട്ടും സംഭവബഹുലമായ ഈ ചരിത്രത്തിന്റെ യാതൊരു പ്രതിസന്ധിഘട്ടത്തിലോ പ്രതികൂലനിമിഷത്തിലോ പ്രസ്തുത നമസ്കാരത്തെ ഒരു ദിവസംപോലും അവർ മാററിവെച്ചതായി കാണാൻ സാധ്യമല്ല.

യഥാർത്ഥത്തിൽ, ഈ അഞ്ചു നേരത്തെ നമസ്കാരം അതിന്റെ 'വഖ്ത്തു'കളും 'റക്അത്തു'കളും ഉൾപ്പെടെ ഒരു മനുഷ്യന്റെ ആത്മാവിന് ദൈവം നിശ്ചയിച്ച ആഹാരമാണ്. സ്രഷ്ടാവും, രാജാധിരാജനും, യുക്തിജ്ഞനും, അഗാധജ്ഞാനിയുമായ അല്ലാഹു അവന്റെ ദാസന്മാരുടെ ആത്മീയമായ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നിർണ്ണയിച്ചിരിക്കുന്ന കുത്തിവെപ്പുകളാണ്. അപാരമായ യുക്തിയുടെയും ജ്ഞാനത്തിന്റെയും ഉടമയായ അല്ലാഹു കേവലം ശരീരത്തിന്റെ വൈദ്യൻ മാത്രമല്ല; മറിച്ച് അതിന്റെ സ്രഷ്ടാവും നിർമ്മാതാവും കൂടിയാണ്. അതിനാൽ അവന്റെ ആജ്ഞക

www.abulhasanalinadwi.org

ളെയും യുക്തിയെയും നിർവ്വിശങ്കം നിരങ്കുശമായി അംഗീകരിക്കുക, ചോദ്യംചെയ്യാതെ അനുസരിക്കുക, നാം കണ്ടു അതിന്റെ നൈരന്തര്യത്തിനുവേണ്ടി നിലകൊള്ളുക. നമസ്ക്കാരം അതിന്ന് നിർണ്ണയിക്കപ്പെട്ട എണ്ണവണ്ണത്തോടെ നിർവ്വഹിക്കുക, അല്ലാഹു അതിന് നിർണ്ണയിച്ച സമയങ്ങളിൽനിന്ന് തെററിക്കാതെ കൃത്യത പാലിക്കുക. നമസ്കാരം നിർണ്ണയിക്കപ്പെട്ട സമയങ്ങളിൽ അന്തർലീനമായ രഹസ്യങ്ങളും, പ്രസ്തുത സമയങ്ങളിൽ വർഷിച്ചുകൊണ്ടിരിക്കുന്ന കരുണയും, ദിവ്യവെളിപാടും പ്രകാശവും ആത്മീയപുരോഗതിയും എന്തെല്ലാമാണ്, എത്രകണ്ടുണ്ട് . ...? ഇവ സംബന്ധിച്ചുള്ള പൂർണ്ണമായ അറിവ് അല്ലാഹുവിനും അവന്റെ പ്രവാചകനും മാത്രമാണ്.

നമസ്ക്കാരങ്ങൾക്കുവേണ്ടി പ്രസ്തുത സമയങ്ങൾതന്നെ നിർണ്ണയിക്കപ്പെട്ടതിൽ വേറെയും ഉദ്ദേശ്യമുണ്ട്. ഇതേ സമയങ്ങളിലായിരുന്നു ബഹുദൈവാരാധകന്മാർ അവരുടെ ആരാധ്യവസ്തുക്കളായ സൂര്യ-ചന്ദ്ര-നക്ഷത്രാദികൾക്കും, വിഗ്രഹങ്ങൾക്കും ആരാധനകൾ അർപ്പിച്ചിരുന്നത്. അതിനാൽ അല്ലാഹു കല്പിച്ചു: ഈ സൃഷ്ടികളുടെയെല്ലാം സ്രഷ്ടാവിന് പ്രസ്തുത സമയങ്ങളിൽ നിങ്ങൾ ആരാധന അർപ്പിക്കുക.[1]

മനുഷ്യർ തങ്ങളുടെ ചികിത്സാർത്ഥം ഏതെങ്കിലും ഡോക്ടറെ സമീപിച്ചാൽ അദ്ദേഹം കൊടുക്കുന്ന മരുന്നിന്റെ മാത്രകളിലും നിർണ്ണയിക്കുന്ന സമയങ്ങളിലും അവർക്ക് സംശയമോ സങ്കോചമോ ഇല്ല. അതിൽ കൃത്യനിഷ്ഠ പാലിക്കാൻ അവർ സദാ സന്നദ്ധരുമാണ്. അവിടെ യുക്തി - രഹസ്യ ചിന്ത ഉടലെടുക്കുന്നില്ല. സത്യത്തിൽ ആ വൈദ്യന്മാരും ഈ രോഗികളെപോലെ മനുഷ്യർ മാത്രമാണ്. പരിമിതമായ അറിവുകൾ മാത്രമേ അവർക്കുള്ളു. എങ്കിൽപിന്നെ അപരിമിതജ്ഞാനിയും അപാരയുക്തിജ്ഞനുമായ അല്ലാഹുവിനെ

---

1 ഹസ്രത്ത് ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി തന്റെ ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ എന്ന ഗ്രന്ഥത്തിൽ 'അസ്‌റാറുൽ ഔഖാത്ത്' എന്ന അദ്ധ്യായത്തിൽ ഇത് കൂടുതൽ ചർച്ച ചെയ്തിട്ടുണ്ട്.

www.abulhasanalinadwi.org

കുറിച്ച് നമ്മുടെ ധാരണ എന്തായിരിക്കണം? അവനാണല്ലോ ഇത് പറഞ്ഞത്.

''എല്ലാ വസ്തുക്കൾക്കും അതാതിനനുയോജ്യമായ ആകൃതിയും, പ്രകൃതിയും നല്കുകയും, പിന്നീട് (ജീവിതമാർഗ്ഗം) ചൂണ്ടിക്കാട്ടുകയും ചെയ്യുവൻ.''

''എന്ത്! എല്ലാം സൃഷ്ടിച്ചവൻ അറിയുകയില്ലെന്നോ? അവൻ സൂക്ഷ്മമായി നോക്കിക്കാണുന്നവനും സൂക്ഷ്മാവസ്ഥകൾ അറിയുന്നവനുമാകുന്നു.''

## നമസ്കാരങ്ങളുടെ ആവർത്തനരഹസ്യം

നമസ്കാരങ്ങൾ പലപ്പോഴായി ആവർത്തിക്കാനും അല്പാല്പ സമയങ്ങൾ പിന്നിടുമ്പോൾ അത് വീണ്ടും വീണ്ടും നിർവ്വഹിക്കുവാനും കല്പിക്കപ്പെട്ടതിൽ മനുഷ്യബുദ്ധിക്കജ്ഞാതമായ പല യുക്തിരഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. ആത്മാവിന്റെ വളർച്ചക്കുള്ള പോഷണവും, വിശപ്പിനുള്ള ശമനവും അതിൽ അടക്കംചെയ്തിരിക്കുന്നു. ദൈവേതരവസ്തുക്കളെപ്പററിയുള്ള അശ്രദ്ധയും, ഹൃദയത്തെയും ആത്മാവിനെയും കീഴ്പ്പെടുത്താൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഭൗതികവസ്തുക്കളെ പരാജയപ്പെടുത്തുന്ന പൂർണ്ണവ്യവസ്ഥയും അതിൽ നമുക്ക് കണ്ടെത്താം. നമസ്കാരങ്ങളുടെ ആവർത്തനരഹസ്യം വിശദീകരിക്കുന്ന സ്ഥലത്ത് ശൈഖുൽ ഇസ്ലാം ശാഹ് വലിയ്യുല്ലാഹി ദ്ദഹ്‌ലവി ഇപ്രകാരം കുറിക്കുന്നു:

''ഇടക്കിടക്ക് എല്ലാ സമയത്തും സമൂഹത്തിന്റെ ജീവിതവ്യവസ്ഥയും രാഷ്ട്രീയാവസ്ഥയും സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കണം. നമസ്കരിക്കാൻവേണ്ടി പ്രതീക്ഷിച്ചിരിക്കലും അതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങളുമെല്ലാം നമസ്കാരത്തിന്റെതന്നെ ഒരു നിറവും പ്രകാശധാരയുമാണ്. അതിന്റെ

---

الذى اعطى كل شيىء خلقه ثم هدى (طه - ٥٠)

الا يعلم من خلق وهو اللطيف الخبير (الملك : ١٤)

www.abulhasanalinadwi.org

നിയമപരിധിയിൽ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു വരുമ്പോൾ ഒരു മനുഷ്യന്റെ അധിക സമയങ്ങളും അവന്റെ നമസ്കാരപരിധിയിൽ ഉൾപ്പെടുന്നു. 'തഹജ്ജുദ്'' നമസ്കരിക്കാനുള്ള ഉദ്ദേശത്തോടെ ആരെങ്കിലും ഉറങ്ങുകയാണെങ്കിൽ ഏററവും ചുരുങ്ങിയത് അവൻ മൃഗീയമായ 'കുംഭകർണ്ണസേവ'യിൽ നിന്നെങ്കിലും രക്ഷപ്പെടുമെന്നത് നമ്മുടെ അനുഭവമാണല്ലോ. അപ്പോൾ നമസ്കാരത്തിന്റെയോ മററു വല്ല പ്രണാമത്തിന്റെയോ ചിന്ത ആർക്കെങ്കിലും ഉണ്ടെങ്കിൽ അവർ തങ്ങളുടെ ജീവിതത്തിൽ മൃഗീയതയിൽനിന്നും രക്ഷപ്പെടുന്നു. '' മൻ തആർറ മിനല്ലൈലി'' എന്ന പ്രവാചകവചനത്തിന്റെ പൊരുളും ഇതാണ് [1] അല്ലാഹു പറയുന്നു:

'' അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് വ്യാപാരമോ, ക്രയവിക്രയമോ, അവരെ അശ്രദ്ധരാക്കുകയില്ല.'' എന്ന സൂക്തത്തിന്റെ വിവക്ഷയും അതുതന്നെ.

## ഇസ്ലാമിൽ നമസ്കാരത്തിന്റെ പ്രാധാന്യം

ദൈവീകനിയമങ്ങൾ എന്തുതന്നെയായാലും അതിന്റെ യുക്തിരഹസ്യങ്ങൾ കണ്ടുപിടിക്കാൻ നമുക്ക് ബാധ്യതയില്ല.

---

رجال لا تلهيهم تجارة ولا بيع عن ذكر الله (سورة النور: ٣٧)

1 ഇമാം ബുഖാരി, തിർമുദി, അബൂദാവൂദ് തുടങ്ങിയ മുഹദ്ദിസുകൾ ഉദ്ധരിച്ച ഒരു ഹദീസിലേക്ക് സൂചന.

من تعارّ من الليل فقال: لا اله الا الله وحده لا شريك له، له الملك
وله الحمد وهو على كل شيىء قدير، الحمد لله وسبحان الله والله اكبر
ولاحول ولاقوة الا بالله. ثم قال اللهم اغفرلى اودعا استجيب له،
فان توضأ قبلت صلاته (بخارى، كتاب التهجد)

(ആരുടെയെങ്കിലും നാവിൽ സദാ പ്രാർത്ഥനയും, പ്രകീർത്തനവും നിലനില്ക്കുകയോ, മനസ്സിൽ നമസ്കാരത്തെക്കുറിച്ചുള്ള ചിന്ത നിലനില്ക്കുകയോ ചെയ്താൽ ഏതു ഉറക്കത്തിൽനിന്നും ഉണരാൻ കഴിയുമെന്ന് താല്പര്യം.)

www.abulhasanalinadwi.org

അതിൻെറ മുന്നിൽ പൂർണ്ണമായും തല കുനിക്കുക. അതിനാൽ നാം അചഞ്ചലരായി വിശ്വസിക്കുക. പടച്ചവൻ പടപ്പുകളിൽ നിർബ്ബന്ധമാക്കിയിരിക്കുന്ന പരമപ്രധാനമായ ഒരു പ്രാർത്ഥനയാണ് നമസ്കാരം, ദീനിൻെറ ഒരു പ്രധാന സ്തംഭമാണത്. മുസ്ലിമും അമുസ്ലിമും തമ്മിലുള്ള വ്യത്യാസത്തിൻെറ നാഴികക്കല്ലുമാണ്.

---

അല്ലാഹു പറയുന്നു:

واقيموا الصلاة ولا تكونوا من المشركين (الروم: ٣١)

"നമസ്കാരം കൃത്യമായി നിലനിർത്തുക. നിങ്ങൾ മുശ്‌രിക്കുകളിൽ അകപ്പെടരുത്."

فان تابوا واقاموا الصلاة وآتو الزكاة فخلوا سبيلهم (التوبة: ٥)

"ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം നിർവ്വഹിക്കുകയും, സക്കാത്ത് കൊടുക്കുകയും ചെയ്താൽ നിങ്ങൾ അവരെ അവരുടെ പാട്ടിന് വിട്ടേക്കുക."

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുകയാണ്:

فان تابوا واقاموا الصلاة وآتو الزكاة فاخوانكم فى الدين

(التوبة: ١١)

"അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്കാരം നിലനിർത്തുകയും നിർബ്ബന്ധ ദാനം കൊടുക്കുകയും ചെയ്താൽ ദീനിലെ നിങ്ങളുടെ സഹോദരന്മാരാണ്."

ജാബിർ (റ)വിൽനിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം:

بين العبد وبين الكفر ترك الصلاة

"ഒരു മനുഷ്യൻെറയും സത്യനിഷേധത്തിൻെറയും മദ്ധ്യേ നമസ്കാരം ഒഴിവാക്കുക എന്ന വിടവ് മാത്രമെയുള്ളു." മറ്റൊരു റിപ്പോർട്ടിൽ بين الرجل والشرك "ഒരു മനുഷ്യൻെറയും ശിർക്കിൻെറയും ഇടയിൽ" എന്നാണ്. ഇമാം തിർമുദിയുടെ റിപ്പോർട്ടിൽ "ഒരു മനുഷ്യൻെറയും സത്യവിശ്വാസത്തിൻെറയും ഇടയിൽ നമസ്കാരം ഒഴിക്കുക എന്നതാണ് അതിർവരമ്പ്" എന്നാകുന്നു. നബി (സ) പറഞ്ഞതായി ഹ: ബുറൈദ (റ) ഉദ്ധരിക്കുന്നു. "നാമും അവരും തമ്മിലുള്ള കരാർ നമസ്കാരമാകുന്നു."

www.abulhasanalinadwi.org

ഏതദ്വിഷയകമായി ധാരാളം ഖുർആൻവചനങ്ങളും നബി സൂക്തങ്ങളും കാണാൻ കഴിയും. അതിൻെറയെല്ലാം രത്നച്ചുരുക്കം നമസ്കാരമാണ് വിജയത്തിൻെറ നിദാനവും സത്യവിശ്വാസത്തിൻെറ കാവൽഭടനും എന്നത്രെ. 'തഖ്വ'യുടെയും 'ഹിദായത്തി'ൻെറയും അടിസ്ഥാനപരവും ആധികാരികവുമായ നിബന്ധനയായി അല്ലാഹു അതിനെ എണ്ണിയിരിക്കുന്നു. ഖുർആൻ പറയുന്നു:

''അലിഫ്–ലാം–മീം. ഇത് മഹത്തായ ഗ്രന്ഥമാണ്. ഇതിൽ സംശയത്തിന്നവകാശമില്ല. സൂക്ഷ്മതയുള്ളവർക്ക് ഇത് ഒരു മാർഗ്ഗദർശനമാകുന്നു. അദൃശ്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നാം നൽകിയതിൽ നിന്ന് ചിലവഴിക്കുകയും ചെയ്യുന്നവർ.''

''പരിശുദ്ധത നേടുകയും തൻെറ രക്ഷിതാവിൻെറ നാമം സ്മരിക്കുകയും ചെയ്യുന്നവൻ, നിശ്ചയമായും ജീവിത വിജയം പ്രാപിച്ചിരിക്കുന്നു.'' ദുസ്വഭാവികളെയും ദുർമാർഗ്ഗികളെയും എണ്ണിപ്പറഞ്ഞ ഖുർആൻ നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നവർ അക്കൂട്ടത്തിലുണ്ടാവുകയില്ലെന്ന് സാക്ഷിനില്ക്കുന്നു.

''എന്നാൽ നിത്യേന നമസ്കാരം നിലനിർത്തിപോരുന്നവർ ഇതിലുൾപ്പെടുകയില്ല.''

വിജയികളായ സത്യവിശ്വാസികളെ സംബന്ധിച്ച് പരിചയപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു:

''തങ്ങളുടെ നമസ്കാരങ്ങളെ സൂക്ഷ്മതയോടെ നിലനിറുത്തി

---

الـٓم ذلك الـكتاب لا ريب فيه هدى للمتقين. الذين يؤمنون بالغيب ويقيمون الصلاة ومما رزقناهم ينفقون (البقرة: ١، ٢، ٣)

قد افلح من تزكى وذكراسم ربه فصلى (الاعلى: ١٤، ١٥)

الا المصلين الذين هم على صلاتهم دائمون (المعارج: ٢٢، ٢٣)

www.abulhasanalinadwi.org

പോരുന്നവരും '' നരകവാസികളെപ്പററി പറഞ്ഞുതരുന്നത് കാണുക; അവരോട് ഇപ്രകാരം ചോദിക്കപ്പെടും:

'' എന്തുകൊണ്ട് നിങ്ങൾ നരകത്തിൽ പ്രവേശിക്കാൻ ഇടവന്നു. കുററവാളികൾ പറയും, ഞങ്ങൾ നമസ്കരിക്കാറുണ്ടായിരുന്നില്ല. ''

മുനാഫിഖു (കപടവിശ്വാസി)കളെ പരിചയപ്പെടുത്തിത്തരുന്നത് ദനാക്കുക:

'' കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുന്നു.'' യഥാർത്ഥത്തിൽ അല്ലാഹു അവരെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ അലസന്മാരായിട്ടാണ് നില്ക്കുക. ( അവർ നമസ്കരിക്കുകയാണെന്ന് ) ജനങ്ങളെ കാണിക്കും. അല്പം മാത്രമെ അവർ അല്ലാഹുവിനെ സ്തുതിക്കുകയുള്ളു. ''

അതിനാൽ നമസ്കാരം നിരുപാധികമായി അടിമക്കും ഉടമക്കും, ധനികർക്കും, ദരിദ്രർക്കും, ആതുരന്നും, ആരോഗ്യവാന്നും, സ്വദേശിക്കും, പരദേശിക്കും അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. പ്രായപൂർത്തി വന്ന വിവേകമുള്ള എല്ലാവർക്കും ഏതവസ്ഥയിലും അതൊരു നിർബന്ധകടമയാണ്. വ്രതമോ, ഹജ്ജോ, സകാത്തോ, ഒന്നുംതന്നെ ഇതുപോലെ കർക്കശമാക്കിയതായി കാണുന്നില്ല. അവയെല്ലാംതന്നെ പല നിബന്ധനകളും വ്യവസ്ഥകളും മുഖേന ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ പരിമിതമായ ക്ലിപ്തസമയങ്ങളിൽ മാത്രമെ അവ നിർബന്ധമുള്ളു. എന്നാൽ നമസ്കാരത്തിന്റെ സ്ഥി

والذين هم على صلاتهم يحافظون (المؤمنون : ٩)

ما سلككم فى سقر قالوا لم نك من المصلين (المدثر : ٤٢، ٤٣)

ان المنافقين يخادعون الله وهو خادعهم واذا قاموا الى الصلاة قاموا
كسالى يراؤن الناس ولا يذكرون الله الا قليلا (النساء : ١٤٢)

www.abulhasanalinadwi.org

തി അതല്ല. ഘോരമായ സംഘട്ടനങ്ങളുടെ മദ്ധ്യത്തിൽ; തീക്ഷ്ണമായ പരീക്ഷണങ്ങളുടെ മുഹൂർത്തത്തിൽ; ഭയാനകമായ പോർക്കളത്തിൽപോലും നമസ്കാരം നിർബന്ധമാണ്. യുദ്ധരംഗത്ത് നമസ്കാരം നിർവ്വഹിക്കുന്ന രീതി അല്ലാഹു പഠിപ്പിക്കുന്നത് നോക്കുക:

"യുദ്ധവേളയിൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുമ്പോൾ സത്യനിഷേധികൾ നിങ്ങളെ അപകടപ്പെടുത്തുമെന്ന് ഭയപ്പെടുന്ന പക്ഷം നമസ്കാരം ചുരുക്കി നിർവ്വഹിക്കുന്നതിൽ നിങ്ങൾക്ക് കുററമില്ല. സത്യനിഷേധികൾ നിങ്ങളുടെ പ്രത്യക്ഷ ശത്രുക്കളാകുന്നു. ഓ നബിയേ! താങ്കൾ അനുയായികൾക്കിടയിൽ ഉണ്ടാവുകയും അങ്ങനെ അവർക്കുവേണ്ടി നമസ്കാരം നടത്തുകയുംചെയ്താൽ അവരിൽ ഒരു വിഭാഗം താങ്കളുടെ കൂടെനിന്നു നമസ്കരിക്കണം. കൂടെ അവരുടെ ആയുധങ്ങൾ കയ്യിൽ

---

واذا ضربتم فى الارض فليس عليكم جناح ان تقصروا من الصلاة ان خفتم ان يفتنكم الذين كفروا ان الكافرين كانوا لكم عدوا مبينا . واذا كنت فيهم فاقمت لهم الصلاة فلتقم طائفة منهم معك وليأخذوا اسلحتهم فاذا سجدوا فليكونوا من ورائكم ولتأت طائفة أخرى لم يصلوا فليصلوا معك وليأخذوا حذرهم واسلحتهم ود الذين كفروا لو تغفلون عن اسلحتكم وامتعتكم فيميلون عليكم ميلة واحدة ولا جناح عليكم ان كان بكم اذى من مطر او كنتم مرضى ان تضعوا اسلحتكم وخذوا حذركم ان الله اعد للكافرين عذابا مهينا . فاذا قضيتم الصلاة فاذكروا الله قياما وقعودا وعلى جنوبكم فاذا اطمأننتم فاقيموا الصلاة ان الصلاة كانت على المؤمنين كتابا موقوتا

(النساء : ١٠١ - ١٠٣)

www.abulhasanalinadwi.org

ർവ്വഹിക്കുകയും വേണം. അങ്ങനെ അവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ പിന്നിലേക്ക് മാറിനില്ക്കുകയും, നമസ്കാരത്തിൽ പങ്കെടുത്തിട്ടില്ലാത്ത മറ്റൊരു വിഭാഗം വന്നുനിന്ന് താങ്കളുടെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ. അവരും ആയുധങ്ങൾ കയ്യിൽവെച്ച് ജാഗ്രതയായിരിക്കട്ടെ. (എപ്പോഴും നിങ്ങൾ ഗ്രഹിക്കണം) നിങ്ങളുടെ യുദ്ധസാമഗ്രികളും സാമാനങ്ങളും വിട്ട് നിങ്ങൾ അശ്രദ്ധരായിപ്പോവുകയും പൊടുന്നനെ ഒരാക്രമണം നിങ്ങളുടെനേരെ നടത്തുകയും ചെയ്യണമെന്ന് സത്യനിഷേധികൾ ആഗ്രഹിക്കുന്നു. ഇനി മഴമൂലമോ രോഗംമൂലമോ നിങ്ങൾക്ക് വല്ല വിഷമവുമുണ്ടെങ്കിൽ നിങ്ങളുടെ ആയുധങ്ങൾ താഴെ വെക്കുന്നതിൽ കുറ്റമൊന്നുമില്ല, പക്ഷെ, ആ സമയത്ത് നിങ്ങൾ ശരിക്ക് ബോധവാന്മാരായിരിക്കണം. സത്യനിഷേധികൾക്ക് നിന്ദ്യമായ ശിക്ഷയാണ് അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്. ഇങ്ങനെ നിങ്ങൾ നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുക. പിന്നീട് സമാധാനാവസ്ഥ പ്രാപിച്ചു കഴിഞ്ഞാൽ മുറപ്രകാരം നമസ്കാരം നിർവ്വഹിക്കുകയുംചെയ്യുക. നിശ്ചയം നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയമുള്ള ബാദ്ധ്യതയാകുന്നു.''

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

'' എല്ലാ നമസ്കാരങ്ങളും 'വുസ്ത്വാ'നമസ്കാരവും കൃത്യനിഷ്ഠയോടെ നിലനിറുത്തിപ്പോരിക. അല്ലാഹുവിന്റെ മുന്നിൽ അങ്ങേഅറ്റത്തെ ഭയഭക്തിയോടെ നില്ക്കുകയുംചെയ്യുക. ഇനി നിങ്ങൾ (യുദ്ധം നിമിത്തം) ഭയപ്പെടുന്നുവെങ്കിൽ നടന്നുകൊണ്ടോ വാഹനത്തിലിരുന്നുകൊണ്ടോ നമസ്കരിക്കുക. പിന്നീട് നിങ്ങൾ സമാധാനാവസ്ഥയിൽ എത്തിയാൽ അല്ലാ

---

حافظوا على الصلوات والصلاة الوسطى وقوموا لله قانتين فان خفتم فرجالا او ركبانا فاذا امنتم فاذكروا الله كما علمكم مالم تكونوا تعلمون

(سورة البقرة: ٢٣٨، ٢٣٩)

www.abulhasanalinadwi.org

ഹുവിനെ സ്മരിക്കുക. നിങ്ങൾക്കറിവില്ലാതിരുന്നത് നിങ്ങൾക്കവൻ പഠിപ്പിച്ചതന്ന രൂപത്തിലായിരിക്കണം. ''

## നമസ്കാര നൈരന്തര്യത്തിന്റെ ആവശ്യകത; അതൊഴിവാക്കുന്നതിന്റെ അപകടം

ഒരാൾ പ്രവാചകനോ ദൂതനോ ആയി എന്നാൽപ്പോലും നമസ്കാരത്തിൽനിന്നൊഴിവല്ല. അത് നിർവ്വഹിച്ചേ തീരൂ. എന്നിട്ടല്ലേ ദൈവീകമാർഗ്ഗത്തിൽ സമരം ചെയ്യുന്ന മുജാഹിദോ 'വലിയ്യോ' 'ആരിഫോ' ആയി എന്ന കാരണത്താൽ അത് നിർവ്വഹിക്കാതിരിക്കുന്ന പ്രശ്നം? അല്ലാഹുവിന്റെ ശാസന നോക്കുക:

''യഖീൻ[1] നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുക. ''

'യഖീൻ'കൊണ്ടുള്ള ഉദ്ദേശം ദിവ്യദർശനവും, ലക്ഷ്യം സഫലമായെന്ന 'ഉറപ്പ്'മാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വിവിധങ്ങളായ ത്യാഗങ്ങളും സേവനങ്ങളും ചെയ്തു തീർത്തു എന്ന കൃതാർത്ഥതയാണ്, അതിനാൽ തനിക്ക് നമസ്കാരം നിർബ്ബന്ധമില്ല, ഇങ്ങനെ ആരെങ്കിലും മനസ്സിലാക്കിയാൽ അവൻ അവനുവേണ്ടി വിനാശത്തിന്റെ കുഴി തോണ്ടുകയാണ്. അതുമുഖേന ഭയങ്കരമായ അപകടത്തെ മാടിവിളിക്കുകയും ചെയ്യുന്നു.

## ഏതു സേവനവും നമസ്കാരത്തിന് പകരം നിൽക്കാത്തതിന്റെ ഉപമ

ചിലപ്പോൾ ചിലരുടെ ജീവിതം വൈവിധ്യമാർന്ന

---

(الحجر : ٩٩) واعبد ربك حتى يأتيك اليقين

1 മുസ്ലിംലോകത്തിലെ മുഴുവൻ പണ്ഡിതന്മാരുടെയും ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം യഖീൻകൊണ്ടുള്ള വിവക്ഷ മരണമാണ്. ബുദ്ധിയും വിവേകവുമെത്തിയ ആരിൽനിന്നും 'ഫർളുകൾ' ഒഴിവാകുകയില്ല. ഇത് വിശ്വാസശാസ്ത്രത്തിൽ പ്രസിദ്ധമായ കാര്യമാണ്.

www.abulhasanalinadwi.org

ധീരസേവനങ്ങളും ത്യാഗങ്ങളും സൽക്കർമ്മങ്ങളും കൃത്യാന്തരബാഹുല്യവും വലയംചെയ്യുതായിരിക്കാം. എന്നാൽ ഇത്തരം പ്രശ്നങ്ങളെ അവലംബിച്ച് നമസ്കാരം ഉപേക്ഷിക്കുന്നവൻെറ ഉപമ ഒരു കപ്പിത്താൻെറതാണ്. അവൻ തൻെറ അറിവിൻെറയും നൈപുണ്യത്തിൻെറയും അടിസ്ഥാനത്തിൽ പാരാവാരത്തിൻെറ മദ്ധ്യത്തിലൂടെ സഞ്ചരിക്കുന്ന കപ്പലിൻെറ അടിപ്പലകയോ ആണിയോ എടുത്തുകളഞ്ഞു. അവൻെറ വാദം ഇതായിരുന്നു: ''ഒരു പലകയോ ആണിയോ ഇത്രയും വലിയ കപ്പലിൽനിന്നും എടുത്തുമാററിയാൽ എന്തു സംഭവിക്കാനാണ് ? ഇതില്ലാതെയും കാര്യം നടക്കും!'' എങ്കിൽ അവൻെറയും ആ കപ്പലിൽ യാത്രചെയ്യുന്നവരുടെയും സ്ഥിതി എന്തായിരിക്കും?[1]

## നമസ്കാരത്തിൽ കൃത്യനിഷ്ഠയും സൂക്ഷ്മതയും അതുപേക്ഷിക്കുന്നവൻെറ ദയനീയ പരിണതിയും

ഈമാനിൻെറ സുരക്ഷിതത്വം, ദീനിൻെറ സംരക്ഷണം, അല്ലാഹുവിനോടുള്ള സുദൃഢമായ ബന്ധം, ഇസ്ലാമിൻെറ വലയത്തിൽ സ്ഥാനം, മുസ്ലിംജമാഅത്തിൽ അംഗീകാരം എല്ലാം തന്നെ നമസ്കാരം നിലനിറുത്തുന്നതിലാണ്. എന്തുകൊണ്ട്? അതിൻെറ രഹസ്യവും യാഥാർത്ഥ്യവും അല്ലാഹുവിനുമാത്രം അറിയുന്നതാണ്. ഈ കാര്യം വിശദീകരിച്ചുകൊണ്ട് മഹാനുഭാവനായ ഒരു പണ്ഡിതൻ പറഞ്ഞ വരികൾ ഇവിടെ ഉദ്ധരിക്കട്ടെ.

'' ഗിരിശിഖരത്തിൽ ഒരു മനുഷ്യൻ തൻെറ താമസാർത്ഥം ഒരു വീട് നിർമ്മിച്ചു. അവിടെ നാനാതരത്തിലുള്ള അനുഗ്രഹങ്ങൾ കുമിഞ്ഞുകൂടി. സുഖത്തിലും ക്ഷേമത്തിലും വസിക്കുന്ന ആ മനുഷ്യൻ ഒരു നാൾ തൻെറ നിതാന്തപരിശ്രമംമൂലം പടുത്തുയർത്തിയ വസതിയും കുന്നുകൂടിയ സമ്പത്തും ഇട്ടെറിഞ്ഞ് ഈ ലോകത്തോട് യാത്ര പറയുന്ന ദിവസം വന്നു. അപ്പോൾ തൻെറ പുത്രനെ വിളിച്ച് 'വസിയ്യത്ത്'' ചെയ്തു.

---

1 ശൈഖ് ശറഫുദ്ദീൻ യഹ്യാ മുനീരി ബീഹാരിയുടെ ഒരു കൃതിയിൽ നിന്നെടുത്തതാണ് ഈ ഉദാഹരണം.

www.abulhasanalinadwi.org

ഈ വീട്ടിൽ ഇനി എന്തെങ്കിലും പരിഷ്കരണങ്ങളോ പരിവ ർത്തനങ്ങളോ വേണമെങ്കിൽ ചെയ്യാം. പക്ഷേ ഒരു സുഗന്ധ ചെടിയുടെ അംശം ഒരു ഭാഗത്ത് ഉപേക്ഷിച്ചാണ് ഞാൻ പോകുന്നത്. ഒരു പക്ഷെ അത് ഉണങ്ങിയേക്കാം. എന്നാലും ഒരു കാരണവശാലും ഒരു സാഹചര്യത്തിലും പ്രസ്തുത ചെടി ത്തണ്ട് അവിടെനിന്നും എടുത്തുമാററരുത്. എന്നാൽ കാലച ക്രം കറങ്ങി. വസന്തകാലം വന്നു. മലകളിലും മൈതാനങ്ങ ളിലും പച്ചപ്പട്ട് വിരിച്ചു. സസ്യലതാതികളും വൃക്ഷങ്ങളും തളിർക്കുകയും പുഷ്പിക്കുകയുംചെയ്തു. വീട്ടിൽ പ്രതിഷ്ഠി ച്ചിരുന്ന പഴയ വാടിയ ചെടിയേക്കാറം സുഗന്ധംപരത്തുന്ന വയായിരുന്നു അവ. ചില പുഷ്പങ്ങറം അയൽവീടുകളിലേക്കു കൂടി സുഗന്ധം പരത്തുന്നവയായിരുന്നു. അവയുടെ സാന്നി ദ്ധ്യത്തിൽ ആ പഴയ പുൽചെടിക്ക് തീരെ പ്രസക്തി ഇല്ലാ തായി. അപ്പോറം മകൻ വിചാരിച്ചു, ഈ പുൽചെടിയിൽ നിന്നും അടിച്ചുവീശുന്ന സുഗന്ധംമുഖേന പരിസരത്തെ പരി മളമുള്ളതാക്കണമെന്നായിരുന്നു പിതാവിന്റെ ഉദ്ദേശ്യം. അതി നാൽ ഇന്നീപുൽചെടി എന്തു കാര്യം നിർവ്വഹിക്കുന്നു? താമസം വിനാ മകൻ കൽപിച്ചു. '' ഈ പുൽചെടിയെടുത്ത് പുറ ത്ത് കളയുക. '' അങ്ങിനെ ആ വീട് പ്രസ്തുത പുൽചെടി യിൽനിന്നും ഒഴിവായ നിമിഷം വന്നു. സമീപത്തുണ്ടായിരു ന്ന ഒരു ഗഹ്വരത്തിൽനിന്ന് ചാടിവീണ ഒരു കാളസർപ്പ ത്തിന്റെ സ്പർശനമേററ് ആ മകൻ അന്ത്യശ്വാസം വലിച്ചു.

അതിന്റെ കാരണം ഇതായിരുന്നു. പ്രസ്തുത പുൽചെടി മുഖേന രണ്ടു പ്രയോജനങ്ങളുണ്ടായിരുന്നു. ഒന്നു സുഗന്ധവും, മററൊന്നു ഔഷധവീര്യവും. അതെവിടെ പ്രതിഷ്ഠിച്ചാലും സ മീപത്തുകൂടി യാതൊരു ഇഴജന്തുക്കറംക്കും കടന്നുപോകാൻ സാധ്യമല്ലാത്ത പ്രത്യേകതയുണ്ടായിരുന്നു. ഇതൊരു സിദ്ധൗഷ ധമാണെന്നുള്ള അറിവ് ആക്കുമില്ലായിരുന്നു. തന്റെ കഴിവിൽ പെടാത്തതെന്തെങ്കിലും ദൈവത്തിന്റെ കഴിവുകളുടെ ഖജനാ വിൽപോലും ഉണ്ടാകുന്നതിനെപ്പററി അവന്ന് ധാർഷ്ട്യമനഃ സ്ഥിതിയായിരുന്നു. '' നിങ്ങറംക്ക് വിജ്ഞാനത്തിൽനിന്ന് അല്പമല്ലാതെ നല്കപ്പെട്ടിട്ടില്ല. '' എന്ന വചനത്തിന്റെ ആശ യംപോലുമറിയില്ലായിരുന്നു, അവൻ തന്റെ ബുദ്ധിശക്തി

www.abulhasanalinadwi.org

യിൽ അഹന്തയുള്ളവനായിരുന്നു. സ്വയം ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തത് അംഗീകരിക്കാത്തവനായിരുന്നു.'' 1

നമസ്കാരം ഉപേക്ഷിക്കുന്നവന്റെയും ഉപമ ഇതുതന്നെയാണ്. താൻ നമസ്കാരം നിർവ്വഹിച്ചില്ലെങ്കിലും പൂർണ്ണനും കൊള്ളാവുന്നവനുമാണ്. നമസ്കാരംകൊണ്ടുദ്ദേശിക്കപ്പെടുന്ന കാര്യം ഇവിടെ സഫലീകരിച്ചിരിക്കുന്നു. അല്ലെങ്കിൽ താൻ ഇസ്ലാമിനും മുസ്ലിംകൾക്കും നിരന്തരമായി സേവനം അർപ്പിച്ചുകൊണ്ടിരിക്കുന്നു. പല തരത്തിലുള്ള വേറെ ധാരാളം ആരാധനകളിലും ഭക്തിപുരസ്സരമായ ചുററുപാടിലും കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. ജിഹാദിലും ജീവാർപ്പണത്തിലും മുഴുകിയിരിക്കുകയാണ്. സംഘടനാപ്രവർത്തനത്തിലും പ്രബോധന മാർഗ്ഗത്തിലും തന്റെ സമയം പൂർണ്ണമായി കഴിച്ചുകൂട്ടുന്നു. അപ്പോൾപിന്നെ അതിനെല്ലാംവേണ്ടി ഒരു നമസ്കാരം ഒഴിച്ചാൽ അതിലെന്തിരിക്കുന്നു ഇത്ര കററം? ഇപ്പോൾ നമസ്കാരത്തിനേക്കാൾ പുണ്യമുള്ള ഒരു കാര്യത്തിലാണല്ലോ ഞാൻ. ഇങ്ങനെ ലാഘവബുദ്ധ്യാ നമസ്കാരത്തെപ്പററി ധരിച്ചാൽ അവൻ തന്റെ നാശത്തിന്റെ കുഴി തോണ്ടുകയാണ് ചെയ്യുന്നത്. അവന്റെ സകല സേവനങ്ങളും സൽക്കർമ്മങ്ങളും നിഷ്ഫലമാകുമെന്നു മാത്രമല്ലാ നാശഹേതുകം കൂടിയായിരിക്കും. അതിന്റെ ഉദാഹരണം കൂട്ടംവിട്ടു ചെന്നപ്പോൾ ചെന്നായയുടെ ഇരയായിത്തീർന്ന ആട്ടിൻകുട്ടിയുടെതാണ്.

## നമസ്കാരം മുഅ്മിനിന്റെ ജീവജലം

നമസ്കാരം യഥാർത്ഥത്തിൽ മനുഷ്യപ്രകൃതി തേടുന്ന സമാധാനവും മാനവത ആവശ്യപ്പെടുന്ന സമ്പൂർണ്ണതയുമാണ്. അതെ; അവന്റെ സൃഷ്ടിപ്പിൽ നിലീനമായിരിക്കുന്ന ദൗർബല്യം, അന്യാശ്രുതയ്വം, വിധേയത്വമനസ്ഥിതി, പ്രാർത്ഥന, സർവ്വശക്തനായ ദൈവത്തിന്റെ മടിത്തട്ടിൽ അഭയംതേടൽ, അവന്റെ ഉമ്മറപ്പടിയിൽ നമിക്കാനുള്ള വികാരം തുടങ്ങിയ അവസ്ഥകൾക്ക് പൂർണ്ണമായ ശാന്തിയും സമാധാനവും നമസ്കാരം മുഖേന സംജാതമാകുന്നു. അവൻ ഉമ്മറപ്പടിയിൽ ശിര'

---

1 മിക്തുബാത്തെ സഹ്സ്വജി.

www.abulhasanalinadwi.org

സ്വപ്പീക്കുകയും, മടിത്തട്ടിൽ അഭയം കണ്ടെത്തുകയും ചെയ്യുന്ന ദൈവമാകട്ടെ, അജയ്യനും അപ്രതിഹതനുമാണ്. അനുഗ്രഹ ദാതാവും അഗാധജ്ഞാനിയുമാണ്. അപാരമായ കാരുണ്യത്തിന്റെയും അപരിമേയമായ കൃപയുടെയും ഉടമസ്ഥനാണ്. അത്യുദാരനും അതിസംരക്ഷകനുമാണ്. എല്ലാം കാണുന്നവനും കേൾക്കുന്നവനും കരുണാവാരിധിയുമാണ്. സത്യത്തിൽ, ഈ നമസ്കാരം മനുഷ്യപ്രകൃതിയിൽ നിലീനമായ ദൈവത്തോടുള്ള നിർമ്മലസ്നേഹത്തിന്റേയും നിഷ്കളങ്കപ്രേമത്തിന്റേയും പ്രകടനമാകുന്നു, വിനയം, വണക്കം, താഴ്മ, അടിമത്വം തുടങ്ങിയ വികാരങ്ങളുടെ ശമനമാണ്. മനുഷ്യനിലെ മാനുഷികതയുടെ ഏററവും വലിയ രത്നക്കല്ലാണ്. മുഅ്മിനിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ ഉപമ വെള്ളവുമായി ബന്ധിച്ചിരിക്കുന്ന മത്സ്യജീവിതമാണ്. ആ മത്സ്യത്തിന്റെ അവസ്ഥ നോക്കൂ! അതിനെ നിർബ്ബന്ധപൂർവ്വം വെള്ളത്തിൽ നിന്നും പുറത്തെടുത്തുവെന്നിരിക്കട്ടെ. അപ്പോഴും അത് വെള്ളത്തിലേക്ക് മടങ്ങിച്ചെല്ലാത്തതിൽ അസ്വസ്ഥത പ്രകടിപ്പിക്കുകയും, സന്ദർഭംകിട്ടിയാൽ ജലത്തിലേക്ക് എടുത്തുചാടുകയും ചെയ്യും. പ്രസ്തുത യാഥാർത്ഥ്യത്തിലേക്കാണ് പ്രവാചകൻ സൂചന നല്കുന്നത്:

''എനിക്കെന്റെ കണ്ണിന് കുളിർമ്മ ലഭിക്കുന്നത് നമസ്കാരത്തിലാണ്.'' ഹസ്രത്ത് ബിലാൽ (റ)നോട് നബി (സ) പറഞ്ഞതിന്റെ അർത്ഥവും ഇതുതന്നെ.

'' ഓ, ബിലാൽ ! നീ നമസ്കരിക്കാൻ ഒരുങ്ങൂ ! അത് മുഖേന നമുക്കാശ്വാസം നൽകൂ !!! ''

## സത്യവിശ്വാസിയുടെ അഭയഗേഹം

അനാഥനും, ആലംബഹീനനുമായ ഒരു പിഞ്ചുപൈതലിന് ലഭിക്കുന്ന സ്നേഹനിധിയായ തന്റെ മാതാവിന്റെ

---

جعلت قرة عيني في الصلاة (نسائي)

يا بلال اقم الصلاة ارحنا بها (ابوداود)

www.abulhasanalinadwi.org

മടിത്തട്ടിനേക്കാരം സുരക്ഷിത സങ്കേതമാണ്‌ സത്യവിശ്വാസികരംക്ക്‌ നമസ്കാരം. തലചായ്ക്കാനും, ആശ്വാസംകണ്ടെത്താനും ആ വത്സലമാതാവിന്റെ മടിത്തട്ടവൻ ഉപയോഗപ്പെടുത്തുന്നു. അവിടെ സ്വസ്ഥതയും സാന്ത്വനവും സദാ ലഭ്യമാണ്‌. ഭീതിയോ ഭയമോ അനുഭവപ്പെടുകയില്ല. ആരെങ്കിലും അവനെ ബുദ്ധിമുട്ടിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യുന്നില്ല. ഏതു നിമിഷത്തിലും ആ മടിത്തട്ടവനുവേണ്ടി തുറന്നുവെക്കപ്പെട്ടിരിക്കുകയാണ്‌. വിശപ്പോ ദാഹമോ പിടിപെട്ടു; അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള ദുഃഖമോ ദുരിതമോ അനുഭവപ്പെട്ടു; എന്നാൽ അവൻ ഓടിവന്ന്‌ തന്റെ കരുണാനിധിയായ ഉമ്മയോട്‌ വിവരം പറയുന്നു. അവരുടെ മടിത്തട്ടിൽ കയറിയിരുന്ന്‌ സർവ്വത്ര സുരക്ഷിതത്വം കണ്ടെത്തുന്നു. ഇതുപോലെ സത്യവിശ്വാസി തന്റെ അഭയഗേഹമായി നമസ്കാരത്തെ കാണുന്നു. അവന്റെയും അവന്റെ നാഥന്റെയും ഇടയിൽ നീണ്ടുകിടക്കുന്ന ബലിഷ്ഠമായ കയറുമാകുന്നു അത്‌, ഏതു സമയത്തും തന്റെ ആവശ്യമനുസരിച്ച്‌ അതിൽപിടിച്ച്‌ രക്ഷ പ്രാപിക്കാം. ഇത്‌ അവന്റെ ആത്മാവിന്റെ ഭക്ഷണവും, വേദനയുടെ ആശ്വാസവും, വ്രണത്തിന്റെ മരുന്നും, രോഗത്തിന്റെ ശമനവുമാണ്‌. അവന്റെ ഏറ്റവും വലിയ ആയുധവും അവലംബവും ഇതുതന്നെ. അല്ലാഹു പറയുന്നു:

''അല്ലയോ സത്യവിശ്വാസികളേ ! സഹനവും നമസ്കാരവും മുഖേന നിങ്ങരം സഹായം തേടുക. നിശ്ചയം അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു. ''

നബി (സ) യെ എപ്പോഴെങ്കിലും ഒരു പ്രത്യേക പ്രശ്നം അലട്ടാൻ തുടങ്ങിയാൽ ഉടനെ അവിടുന്ന്‌ നമസ്കാരത്തിനൊരുങ്ങുന്നു. ഹുദൈഫ (റ) റിപ്പോർട്ട്‌ ചെയ്യുന്നു: ''നബി (സ)ക്ക്‌ ഏതെങ്കിലും വിഷമം എപ്പോരം നേരിട്ടാലും ഉടനെ അവി

---

يـا ايها الذين آمنوا استعينوا بالصبر والصلاة ان الله مع الصابرين

(البقرة : ١٥٣)

www.abulhasanalinadwi.org

ടുന്ന് നമസ്കരിക്കാൻ നില്ക്കുന്നു.'' (അബൂദാവൂദ്) ഹ: അബുദ്ദർദാഅ് (റ) റിപ്പോർട്ട് ചെയ്യുന്നതിപ്രകാരമാണ്. ''എപ്പോഴെങ്കിലും രാത്രിവേളകളിൽ ശക്തമായ കാററ് അടിച്ചുവീശിയാൽ ഉടൻതന്നെ അവിടുന്ന് പള്ളിയിലേക്ക് പോവുകയും കാററ് അവസാനിക്കുന്നതുവരെ അവിടെ നമസ്കാരത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യും. അതുപോലെ സൂര്യ-ചന്ദ്രഗ്രഹണവേളകളിലും അതവസാനിക്കുന്നതുവരെ നമസ്കാരത്തിൽ കഴിഞ്ഞുകൂടും.'' *

നസ്റിൽനിന്ന് അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു: ''ഹസ്രത്ത് അനസ് (റ) വിൻെറ കാലത്ത് ഒരു പ്രാവശ്യം ശക്തമായ ഒരു കൂരിരുട്ട് പരന്നു. അപ്പോഠം ഞാനദ്ദേഹത്തോട് ചോദിച്ചു: ''അല്ലയോ ഹംസയുടെ പിതാവേ! (അനസ്) നബി (സ) യുടെ കാലത്ത് എപ്പോഴെങ്കിലും ഇങ്ങിനെ സംഭവിച്ചിട്ടുണ്ടോ?'' അദ്ദേഹം പ്രതിവചിച്ചു. തൗബഃ തൗബഃ എപ്പോഴെങ്കിലും ശക്തമായ കൊടുങ്കാററ് വന്നാൽപോലും ഞങ്ങഠം ഓടി പള്ളിയിൽ അഭയംപ്രാപിച്ചിരുന്നു, എവിടേയും 'ഖിയാമത്ത്' സംഭവിക്കാമല്ലോ എന്ന ഭയത്തോടെ.''

സഹാബാ കിറാമിൻെറ നമസ്കാരത്തിലുള്ള ശ്രദ്ധാന്തിയും നമസ്കാരസമയത്ത് അഖിലവസ്തുക്കളിലുമുള്ള അശ്രദ്ധയും അക്കാലത്തുള്ള മുശ്‌രിക്കുകഠംകൂടി സമ്മതിച്ച യാഥാർത്ഥ്യമാണ്. മുസ്‌ലിമിൽ ഹസ്രത്ത് ജാബിർ (റ) ഉദ്ധരിച്ചതായി കാണാം. അദ്ദേഹം പറയുന്നു: ''നബി (സ) യുടെ ജീവിതകാലത്ത് ജുഹൈനഃഗോത്രക്കാരോട് യുദ്ധംചെയ്യാൻ ഞങ്ങഠം പുറപ്പെട്ടു. അവർ അതിശക്തിയായി പോരാടി. (ഹദീസിൻെറ അവസാനവാക്കുകഠം ഇപ്രകാരമാണ്.) മുശ്‌രിക്കുകഠം പറയാറുണ്ടായിരുന്നു: ''അവർക്ക് സ്വസന്താനങ്ങളെക്കാഠം പ്രിയങ്കരമായ നമസ്കാരത്തിൻെറ സമയം ആസന്നമായിരിക്കുന്നു.'' 1

---

* رواه الطبراني في الكبير وفيه زياد بن حجر

1 മുസ്ലിംകളുടെ ശ്രദ്ധ മുഴവനും നമസ്കാരത്തിൽ കേന്ദ്രീകൃതമായതിനാൽ യുദ്ധം നമുക്കനുകൂലമായിരിക്കുമെന്ന് സാരം.

www.abulhasanalinadwi.org

## നമസ്കാരത്തിൽ ശരീരവും ബുദ്ധിയും പ്രതിനിധാനം ചെയ്യുന്നു

ആത്മാവും ചൈതന്യവുമില്ലാത്ത ഏതാനും ചലന – നിശ്ചലനങ്ങളുടെ പേരല്ല നമസ്കാരമെന്നത്. ബുദ്ധിക്കും ചിന്തക്കും പ്രവേശനമില്ലാത്ത ഒരു പട്ടാളചിട്ടയുമല്ല നമസ്കാരം. മറിച്ച് ശരീരവും, ബുദ്ധിയും, ഹൃദയവും ഒരേ സമയം പങ്കുചേരുന്ന മഹത്തായ ഒരു കർമ്മമാണത്. ഈ മൂന്നു വസ്തുക്കളെയും യുക്തിപരവും നീതിപൂർവ്വകവുമായ രൂപത്തിൽ പ്രതിനിധാനം ചെയ്യുന്ന വ്യവസ്ഥയുണ്ടതിൽ. ഖിയാമും റുകൂഉം സുജൂദുമെല്ലാം ശരീരത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. പാരായണവും പ്രകീർത്തനവുമെല്ലാം ജിഹ്വയുടെയും. ചിന്തയും ആലോചനയും ബുദ്ധി കൈകാര്യംചെയ്യുമ്പോൾ, ഭക്തിയും വണക്കവും ഹൃദയം ഏറ്റെടുക്കുന്നു. വിശുദ്ധഖുർആനിൽ ഇതിന്റെയെല്ലാം പ്രതിപാദനങ്ങളുണ്ട്. ആദ്യമായി ശരീരം പങ്കുചേരുന്ന പ്രവർത്തനത്തെപ്പറ്റി പറഞ്ഞ ഒന്നുരണ്ട് സൂക്തങ്ങൾ കാണാം:

'' അല്ലാഹുവിന്റെ മുമ്പിൽ ഭക്തിപുരസ്സരം അടങ്ങിനില്ലുക.''

'' അല്ലയോ സത്യവിശ്വാസികളേ! നിങ്ങൾ റുകൂഉം സുജൂദും ചെയ്യുക. നിങ്ങൾ നിങ്ങളുടെ നാഥനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം.''

നമസ്കാരത്തിൽ ബുദ്ധിയുടെ പ്രവർത്തനങ്ങളിലേക്ക് സൂചന നല്കുന്ന സൂക്തം കാണുക:

'' ഓ, സത്യവിശ്വാസികളേ! സ്വബോധം നഷ്ടപ്പെട്ട നില

---

وقوموا لله قانتين (البقرة: ٢٣٨)

يا ايها الذين آمنوا اركعوا واسجدوا واعبدوا ربكم وافعلوا الخير لعلكم تفلحون (الحج: ٧٧)

يا ايها الذين آمنوا لا تقربوا الصلاة وأنتم سكارى حتى تعلموا ما تقولون (النساء: ٤٣)

www.abulhasanalinadwi.org

യിൽ നമസ്കരിക്കാൻ നിൽക്കരുത്; നിങ്ങൾ പറയുന്നത് നിങ്ങൾക്ക് മനസ്സിലാകുന്നതുവരെ.'' ഹൃദയത്തിന്റെ പ്രവർത്തനങ്ങളിലേക്ക് സൂചന നല്കുന്ന സൂക്തങ്ങൾ താഴെ കൊടുക്കുന്നു.

'' നമസ്കാരത്തിൽ ഭക്തിയുള്ള എല്ലാ സത്യവിശ്വാസികളും മോക്ഷം പ്രാപിച്ചിരിക്കുന്നു.''

'' ഭയഭക്തിയോടും ആഗ്രഹാഭിലാഷത്തോടുംകൂടി തങ്ങളുടെ നാഥനെ വിളിച്ചു പ്രാർത്ഥിക്കുവാനായി (പാതിരാവുകളിൽ) കിടപ്പറകളിൽനിന്ന് അവരുടെ പാർശ്വഭാഗങ്ങൾ അകന്നുപോകുന്നു. നാം അവർക്ക് നല്കിയതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു.''

## ഒന്നിൽമാത്രം ഒതുക്കിനിർത്തൽ
## അജ്ഞതയും ദുർമാർഗവും

ശരീരം, ബുദ്ധി, ഹൃദയം എന്നീ മൂന്നു വസ്തുക്കളുടെ കലവറയാണ് മനുഷ്യൻ. അതിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാകർമ്മം അതിന്റെ പൂർണ്ണരൂപത്തിൽതന്നെ വന്നു. മനുഷ്യപ്രകൃതിയുടെ പ്രധാന വശങ്ങളും അടിസ്ഥാനസ്വഭാവങ്ങളും അതിൽ പ്രാതിനിധ്യം ഏറ്റെടുത്തിരിക്കുന്നു. പിൽക്കാലക്കാരായ ജൂതന്മാരിൽ നിലവിലുണ്ടായിരുന്നതുപോലെ അത് കേവലം ശാരീരികമായ ഒരു വ്യായാമമാക്കിയ ആരാധകർ മാർഗ്ഗഭ്രംശം സംഭവിച്ചവരാണ്. അതുപോലെതന്നെ നമസ്കാരത്തെ ബുദ്ധിയുടെ പ്രവർത്തനങ്ങളായ ചിന്ത, ആലോചന മുതലായവയിൽമാത്രം ചുരുക്കിനിർത്തിയ ചില സൂഫികളും തത്വചിന്തകന്മാരും സത്യം

---

قد افلح المؤمنون الذين هم فى صلاتهم خاشعون
(المؤمنون : ١ - ٣)

تتجافى جنوبهم عن المضاجع يدعون ربهم خوفا وطمعا ومما
رزقناهم ينفقون (السجدة : ١٦)

www.abulhasanalinadwi.org

കണ്ടെത്താതെ പോയി. ചില ക്രിസ്ത്യൻപാതിരിമാരും മുസ്ലിം നാമധാരികളായ സൂഫികളും ഇങ്ങനെപോലും പറഞ്ഞു. ഭക്തി, താഴ്മ, കീഴ്വണക്കം, പ്രാർത്ഥന, കരച്ചിൽ, പ്രേമപ്രഹർഷം തുടങ്ങിയവയിൽമാത്രം ഒതുങ്ങിയതാണ് നമസ്കാരം. അവക്കും തെററു പററിയിരിക്കുന്നു. മറിച്ച് ശരീരം, ബുദ്ധി, ഹൃദയം എന്നീ മൂന്നു ഭാഗങ്ങളെയും അത് പ്രതിനിധാനംചെയ്യുന്നു എന്നതാണ് ശരി.

## യുക്ത്യാധിഷ്ഠിതവും അമാനുഷികവുമായ നമസ്കാര രൂപം

മനുഷ്യൻെറ വിനയ-വണക്ക വികാരങ്ങളുടെ ഉദ്ദേശപൂരണാർത്ഥം നമസ്കാരത്തെ അതർഹിക്കുന്ന രൂപത്തിൽ പൂർത്തിയാക്കിയത് ദൈവികയുക്തിയും അവൻെറ ശരീഅത്തുമാണ്. അന്യാദൃശമായ നിഷ്കളങ്കത, വിനയവണക്കങ്ങളുടെ ആത്യന്തികരൂപം. കേണപേക്ഷ, വിളിച്ചുപ്രാർത്ഥന, അല്ലാഹുവുമായുള്ള സുദൃഢബന്ധത്തിൻെറ ഉദ്ദീപനം, അവനല്ലാത്ത സകല ശക്തികളോടുമുള്ള ബന്ധവിച്ഛേദം, അവൻെറ ആധിപത്യം, അധീശാധികാരം, വിധികർത്തൃത്വം തുടങ്ങിയ കാര്യങ്ങളിൽ വിശ്വാസമില്ലാത്ത ധിക്കാരികൾക്കെതിരിലുള്ള വിപ്ലവപ്രഖ്യാപനം എന്നതെല്ലാം അതിലടങ്ങിയിട്ടുണ്ട്. അതുപോലെ സ്വന്തം നാക്കുകൊണ്ടോ സാഹചര്യഭാഷകൊണ്ടോ തങ്ങളെ വണങ്ങുകയും തങ്ങൾക്ക് പൂജചെയ്യുകയും വേണമെന്നാജ്ഞാപിക്കുന്ന സേഛാധിപതികൾക്കെതിരിലും, തങ്ങളാണ് കല്പിക്കുകയും വിരോധിക്കുകയും ചെയ്യുന്നത് തങ്ങളിൽതന്നെയാണ് പ്രതീക്ഷകൾ അർപ്പിക്കേണ്ടത് എന്നെല്ലാം പ്രവർത്തനരീതിയിലൂടെ ധ്വനിപ്പിക്കുന്ന വ്യാമോഹികൾക്കെതിരിലും സമരകാഹളം മുഴക്കുന്നു. ജീവിതത്തെ വലയംചെയ്തിരിക്കുന്ന നാനാതരം പ്രകോപനങ്ങളേയും പ്രലോഭനങ്ങളേയും അവഗണിച്ചു മുന്നോട്ടു നീങ്ങാൻ നമസ്കാരം മനുഷ്യനെ കെൽപ്പുററവനാക്കുന്നു എന്ന നിലക്കും അതവനിൽ ഒരു ആത്മീയശക്തിയും, നൂതനജ്ഞാനം, ഹൃദയവെളിച്ചവും സൃഷ്ടിക്കുന്നുണ്ട്. ഏതു പ്രതിസന്ധിഘട്ടത്തെയും പതറാത്ത പാദത്തോടെ തരണംചെയ്യുവാനുള്ള മനക്കരുത്തും, ദുർബ്ബലവികാരങ്ങളെയും ദുർമോഹങ്ങളെയും കീഴ്പ്പെടുത്തി ജീവിതപാതയിലൂടെ

www.abulhasanalinadwi.org

മുന്നോട്ട് കുതിക്കാനുള്ള മനോദാർഢ്യവും ആ നമസ്കാരം പ്രദാനം ചെയ്യുന്നു.

## നമസ്കാരത്തിൽ ഖിബ്‌ലയെ അഭിമുഖീകരിക്കൽ

അല്ലാഹുവിനുവേണ്ടി മാത്രം സ്ഥാപിതമായ ആദരണീയവും പുരാതനവുമായ കഅ്ബയുടെനേരെ നമസ്കാരത്തിൽ അഭിമുഖീകരിക്കണമെന്നത് ഇസ്‌ലാമിൻെറ അദ്ധ്യാപനങ്ങളിൽ പെട്ടതാണ്, ഭൂമുഖത്തുള്ള അഖില ആരാധനാലയങ്ങളും പർണ്ണശാലകളും ബദ്ധമൗനങ്ങളായ ബിംബങ്ങളെക്കൊണ്ടും കള്ളദൈവങ്ങളെകൊണ്ടും അക്കാലത്തുപോലും കുത്തിനിറക്കപ്പെടുകയും, അവക്ക് പൂജാവഴിപാടുകൾ ചെയ്യുകയും ചെയ്തിരുന്നു. വ്യക്തമായിതന്നെ കല്ലുകളും, വാനഗോളങ്ങളും, രാവനാദൈവങ്ങളും ആരാധിക്കപ്പെട്ടു. പുരാതന ഈജിപ്തുകാരിലും, ഇന്ത്യൻ വംശജരിലും, ഗ്രീക്ക്ജനതയിലുമൊക്കെ ഇത്തരം ദേവീദേവന്മാരാൽ ആരാധനാലയങ്ങൾ നിറയ്ക്കപ്പെട്ടു. പ്രേമത്തിന് ഒരു ദേവി, യുദ്ധവിജയത്തിന് മറ്റൊരു ദേവി, സൗന്ദര്യസംവദ്ധനത്തിന് വേറൊരു ദേവി, തുടങ്ങി ജീവിതത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും ഓരോ ദേവിയും ദേവനുമായിരുന്ന അവസ്ഥ. ഈ സാഹചര്യത്തിൽ അല്ലാഹുവിനെ മാത്രം വിളിച്ചുപ്രാർത്ഥിക്കുന്ന ഒരു മന്ദിരം കഅ്ബതന്നെയായിരുന്നു. അല്ലാഹുവിൻെറ ഏകത്വത്തിൻെറ അനശ്വരവും ആഗോളവ്യാപകവുമായ ചിഹ്നമായി കഅ്ബ അറിയപ്പെട്ടു.

'' ലോകക്ക് സന്മാർഗ്ഗവും, അനുഗ്രഹവും എന്ന രൂപത്തിൽ ബക്കഃയിൽ നിലകൊള്ളുന്ന ഗേഹമാണ് ജനങ്ങൾക്കുവേണ്ടി ആദ്യമായി സ്ഥാപിക്കപ്പെട്ട വീട് ''

അതിൻെറ അടിത്തറ പടുത്തുയർത്തിയത് ഈ സമുദായത്തിൻെറ ആദ്യകാലസ്ഥാപകനും, ആദർശപിതാവും, തൗഹീദിൻെറ ഇമാമും, പ്രവാചകപ്രവരന്മാരുടെ വന്ദ്യപിതാവുമായ

---

ان اول بيت وضع للناس للذى ببكة مباركا وهدى للعالمين

(آل عمران : ٩٦)

www.abulhasanalinadwi.org

ഹസ്രത്ത് ഇബ്രാഹീമും (അ) അദ്ദേഹത്തിൻെറ ഓമനപുത്രൻ ഇസ്മാഈലും (അ) കൂടിയാണ്.

"ഇബ്രാഹീമും ഇസ്മാഈലുംകൂടി പരിശുദ്ധ മന്ദിരത്തിൻെറ അസ്തിവാരം പടുത്തുയർത്തിയ സന്ദർഭം സ്മരണീയമാണ്. 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് (ഈ സേവനം) സ്വീകരിക്കേണമേ! നീ മാത്രമാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും. ഞങ്ങളുടെ രക്ഷിതാവേ! നീ ഞങ്ങളെ നിനക്ക് സ്വയം സമർപ്പിക്കുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽനിന്ന് നിനക്ക് കീഴ്പ്പെട്ട് ജീവിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കുകയും, ഞങ്ങളുടെ ആരാധനാക്രമങ്ങൾ നീ ഞങ്ങൾക്ക് കാണിച്ചുതരികയും, തെററുകൾ പൊറുത്തുതരികയും ചെയ്യേണമേ! നീ വളരെ പൊറുക്കുന്നവനും പരമകാരുണികനും തന്നെയാണല്ലോ.''

ആ മന്ദിരത്തിൻെറ അടിസ്ഥാനോദ്ദേശ്യംതന്നെ അല്ലാഹുവിനെ ആരാധിക്കലും അവനെ അനുസരിക്കലും, താഗൂത്തിനെ എതിർക്കലും അതിനെ ഉന്മൂലനാശം വരുത്തലുമായിരുന്നു. അതിൻെറ അസ്തിത്വം ഭൂമുഖത്തെ സർവ്വ ദൈവങ്ങൾക്കുമെതിരിലുള്ള യുദ്ധകാഹളമാണ്. അല്ലാഹു പറയുന്നു:

''ഇബ്രാഹീം പ്രാർത്ഥിച്ച സന്ദർഭം സ്മരണീയമാണ്. രക്ഷിതാവേ! ഈ രാജ്യത്തെ സമാധാനമുള്ള ഒരു രാജ്യമാക്കേണമേ!

---

واذ يرفع ابراهيم القواعد من البيت واسماعيل ربنا تقبل منا انك انت السميع العليم. ربنا واجعلنا مسلمين لك ومن ذريتنا امة مسلمة لك وارنا مناسكنا وتب علينا انك انت التواب الرحيم.
(البقرة: ١٢٧، ١٢٨)

واذ قال ابراهيم رب اجعل هذا البلد آمنا واجنبني وبني ان نعبد الاصنام. رب انهن اضللن كثيرا من الناس فمن تبعني فانه مني ومن عصاني فانك غفور رحيم (ابراهيم: ٣٥، ٣٦)

www.abulhasanalinadwi.org

എന്നെയും എൻെറ സന്താനങ്ങളെയും ബിംബാരാധനയിൽ നിന്നും അകററിനിർത്തുകയും ചെയ്യേണമേ! രക്ഷിതാവേ! ആ ബിംബങ്ങൾ എത്രയോ മനുഷ്യരെ ദുർമാർഗ്ഗത്തിൽ അകപ്പെടുത്തി. അതിനാൽ ആരെങ്കിലും എന്നെ പിന്തുടർന്നാൽ അവൻ എന്നിൽപ്പെട്ടവനത്രെ! വല്ലവനും എൻെറ നിർദ്ദേശം ലംഘിക്കുന്ന പക്ഷം നീ വളരെയേറെ മാപ്പ് നൽകുന്നവനും അങ്ങേയററം ദയ കാണിക്കുന്നവനുമാണല്ലോ.''

അതിനാൽ ഏററവും മഹത്വപൂർണ്ണവും ഉൽകൃഷ്ടവുമായ ആരാധനയിൽ പ്രസ്തുത മന്ദിരത്തിലേക്ക് തിരിയലും അതിനെ ഖിബ്‌ലയാക്കി അംഗീകരിക്കലും യഥാർത്ഥത്തിൽ തൗഹീദിൻെറ ചിഹ്നത്തെ പരസ്യപ്പെടുത്തലും, ഹ: ഇബ്രാഹീംനബി (അ) യുടെ വിശ്വാസ സംഹിതയെയും സന്ദേശത്തേയും ഉയർത്തിപ്പിടിക്കലുമാണ്. അത്യുൽകൃഷ്ടമായ ഒരാരാധനയിൽ അങ്ങോട്ട് തിരിഞ്ഞുനിൽക്കാൻ കൽപിച്ചത് മുഖേന അല്ലാഹു ആ മഹാനുഭാവനെ ആദരിച്ചു. എല്ലാവരും അദ്ദേഹത്തിൻെറ അനുയായികളാകണമെന്നുൽഘോഷിക്കുകയും ചെയ്തു.

''നിങ്ങളുടെ പിതാവ് ഇബ്രാഹീമിൻെറ മാർഗ്ഗത്തെ പിന്തുടർന്നുകൊള്ളുക. അല്ലാഹുവാണ് നിങ്ങൾക്ക് മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തത്.''

ശൈഖുൽഇസ്‌ലാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി ഈ വിഷയത്തിലേക്ക് വെളിച്ചം നല്കിയത് കാണുക: ''കഅ്ബ അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപെട്ടതാണ്. അതുകൊണ്ടുതന്നെ അതിനെ ആദരിക്കൽ അനിവാര്യമായിത്തീർന്നു. ഒരു വസ്തുവിനോടുള്ള സ്നേഹാദരവുകളുടെ പരമമായ അവസ്ഥയാകട്ടെ മനുഷ്യർ അവരുടെ ആഹ്ലാദസമയങ്ങളിലും, ഉല്ലാസരംഗങ്ങളിലും അതിനെ അഭിമുഖീകരിക്കുക എന്നതാണ്. അങ്ങനെ ഒരു പ്രത്യേക ഭാഗത്തേക്ക് അഭിമുഖമായി നില്ക്കൽ അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപെട്ടതായി അവൻ പ്രഖ്യാപിച്ചു. അതിൻെറ ഉദ്ദേശം നമസ്കരിക്കുന്നവരുടെ അന്തരംഗ

---

ملة ابيكم ابراهيم هو سماكم المسلمين (الحج : ٧٨)

www.abulhasanalinadwi.org

ത്തിൽ വിനയം, വണക്കം, താഴ്മ, പശ്ചാതാപം മുതലായ സൽഗുണങ്ങൾ സൃഷ്ടിക്കലാണ്. താൻ ഉടമയുടെ മുമ്പിൽ വിനയാന്വിതനായി നിൽക്കുന്ന അടിമയാണെന്ന ബോധം അതുമൂലമുണ്ടാകുന്നു. നമസ്കാരത്തിൽ കഅ്ബയെ അഭിമുഖീകരിക്കൽ അതിന്റെ ഒരു നിബന്ധനയായി നിശ്ചയിക്കപ്പെടാൻ കാരണം ഇതെല്ലാമാണ്. ''
(ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ 1:36)

ലോകജനതയെല്ലാം ഒരേ കഅ്ബയെ അഭിമുഖീകരിക്കുകയെന്ന ഈ യുക്ത്യാധിഷ്ഠിതനിയമം അവരിൽ അന്യാദൃശമായ ആത്മീയൈക്യം പ്രദാനംചെയ്യു. അതിന് സമാനമായ സമുദായൈക്യവും, ഹൃദയബന്ധവും, ആത്മീയയോജിപ്പും, മററവിടെയും കാൺക സാധ്യമല്ല. തന്റെ മുഴുവൻ ശ്രദ്ധയും ഒരേ ലക്ഷ്യത്തെ കേന്ദ്രീകരിക്കുക എന്നത് നമസ്കാരത്തിന്റെ പ്രധാന ഘടകമാണ്. ശാഹ് വലിയ്യുല്ലാഹിദ്ദഹ്ലവി വീണ്ടും എഴുതുന്നത് കാണുക:

'' നമസ്കാരത്തിൽ അല്ലാഹുവിനോടുള്ള സാമീപ്യത്തെ കാംക്ഷിച്ചുകൊണ്ട് അവനോട്മാത്രം ബന്ധപ്പെട്ട ഒന്നിന്റെ നേരെ അഭിമുഖീകരിക്കുക എന്നത് ഹൃദയൈക്യത്തിനും, മനസ്സാന്നിധ്യത്തിനും, വിചാരരാഞ്ഞേജനത്തിനും, വണക്കബോധത്തിനും വളരെയധികം പ്രയോജനപ്രദമാണ്. രാജാവിന്റെ മുന്നിൽ നിൽക്കുന്ന ഒരു പ്രജയുടെ ഉപമയാണ് അതിൽ കാണാൻ കഴിയുന്നത്.'' (ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ 2:2) അദ്ദേഹം മറെറാരു സ്ഥലത്ത് പറയുന്നു: '' ഒരു വസ്തുവിന്റെ നേരെയുള്ള ഹൃദയാഭിമുഖ്യം നഗ്നനേത്രങ്ങൾക്ക് വിഷയമായ ഒന്നല്ലാത്തതിനാൽ (അത് സംഭവിച്ചിട്ടുണ്ട് എന്നതിന്റെ തെളിവായി) കഅ്ബഃയിലേക്കുള്ള ദേഹാഭിമുഖ്യം അംഗീകരിക്കപ്പെട്ടു. ഇതും അംഗശുദ്ധി, നഗ്നത മറയ്ക്കൽ, മാലിന്യവർജ്ജനം എന്നിവപോലെ നിർബ്ബന്ധമായ ഒന്നാണ്. ആദരിക്കലും ബഹുമാനിക്കലുമെല്ലാം അദൃശ്യകാര്യവും ഹൃദയജോലിയുമാണല്ലോ; അതിനാൽ നമസ്കാരത്തിലെ ബാഹ്യമായ അടക്കഒതുക്കങ്ങൾ രാജകീയ മര്യാദകളിലും ചട്ടങ്ങളിലും ഉൾപ്പെടുത്താം. രാജാക്കന്മാരുടെ ദർബാറിൽ നാം പ്രത്യേകം ശ്രദ്ധിക്കുകയും പരിഗണിക്കുകയും ചെയ്യുന്നില്ലേ; അതു

www.abulhasanalinadwi.org

പോലെ ഇതിനേയും കണക്കാക്കാം.''
(ഹുജ്ജത്തുല്ലാഹിൽ ബാലിഗ: 1:173)

## ആശയഗാംഭീര്യം നിറഞ്ഞ തക്ബീറും അതിന്റെ അലയൊലിയും

അല്ലാഹു അക്ബർ എന്ന നിശ്ചിതവചനംകൊണ്ട് നമസ്കാരം തുടങ്ങണമെന്നാണ് വിധി. അത് അന്നുതൊട്ട് ഇന്നുവരെ തലമുറകളിലൂടെ യാതൊരു മാററവുമില്ലാതെ തുടർന്നു പോരുന്നു. ഏതു നാട്ടിലെയും എക്കാലത്തെയും ജനതക്ക് ഗ്രഹിക്കാവുന്ന, സരളവും ശക്തവുമായ, വ്യക്തവും വ്യാപകവുമായ ഒരു വചനമാണത്. പ്രാർത്ഥിക്കുന്നവരും നമസ്കരിക്കുന്നവരും പ്രസ്തുത വാക്യം അർത്ഥമറിഞ്ഞ് അതർഹിക്കുന്ന ഗൗരവത്തോടെ പറഞ്ഞാൽ സമസ്ത ധിക്കാരികളും അതിന്റെമുമ്പിൽ തകർന്നുവീഴും. അനർഹദൈവങ്ങൾ മുഴുവനും നാമാവശേഷമാവും, കുലദൈവങ്ങളും കല്പദൈവങ്ങളും ഭൂമുഖത്തുനിന്ന് നിഷ്കാസിതമാകും. യഥാർത്ഥത്തിൽ ആരാധിക്കപ്പെടുന്ന ബിംബങ്ങളുടെയും, ആരാധ്യപുരുഷന്മാരുടെയും, വിശുദ്ധവസ്തുക്കളുടെയും, പൂജിക്കപ്പെടുന്ന ശക്തികളുടെയും, അന്ധമായി അനുസരിക്കപ്പെടുന്ന ഭരണകർത്താക്കളുടെയും ഇടയിലായി മഹത്വവും മാഹാത്മ്യവും ഔന്നത്യവും ആരാധനയുമെല്ലാം ജനങ്ങൾ വീതിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അല്ലാഹു തന്റെ وربك فكبر (നിന്റെ നാഥനെ മഹത്വപ്പെടുത്തുക) എന്ന കല്പനയിലൂടെ അർത്ഥസംപുഷ്ടവും അമാനുഷികവുമായ 'അല്ലാഹു അക്ബർ' എന്ന വചനം പ്രവാചകന് നൽകിയത്. അതോടെ പ്രസ്തുത വചനം ഉപരിസൂചിതങ്ങളായ അഖില അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, അവകാശവാദങ്ങളും, ദുർനടപ്പുകളും, ഊഹാപോഹങ്ങളും ഉന്മൂലനംചെയ്യാൻ തുടങ്ങി. നമസ്കരിക്കുന്ന ഒരാൾ ആ തക്ബീർ മുഴക്കുന്നു; അതോടെ അഹന്തയുടെ അടിവേരുകളറുക്കുന്ന വിപ്ലവകാഹളമാണ് മുഴങ്ങുന്നത്. ചെറുതും വലുതുമായ സകല പ്രശ്നങ്ങളും സാത്മീകരിക്കാതെ അത് വിട്ടുകളയുന്നില്ല. നാശത്തിന്റെ എല്ലാ കോട്ടകളും അത് കൊട്ടിയടക്കുന്നു. അതിക്രമങ്ങൾ പൊട്ടിപ്പുറപ്പെടുന്ന അഖില താവളങ്ങളിലും അത് അധിനിവേശം നടത്തുന്നു. യഥാർത്ഥ മുസ്ലിമും, മുജാഹിദുമായ ഒരാൾ പറയുന്ന ആ

www.abulhasanalinadwi.org

തക്ബീർ അത്യധികം അവര്ണ്ണനീയവും അര്ത്ഥവത്തുമാണ്.

## ഈ വചനത്തിൻെറ പ്രാധാന്യവും ചരിത്രത്തിൽ അതിൻെറ നിസ്തുലമാതൃകകളും

നമസ്കരിക്കുന്ന ഒരുവൻ തൻെറ നമസ്കാരം തുടങ്ങുന്ന വചനമായ തക്ബീറിൽ അചഞ്ചലമായി വിശ്വസിച്ചു. അല്ലാഹുവിൻെറ ഔന്നത്യത്തിനും പ്രതാപത്തിനും സാക്ഷിയാവുകയും ചെയ്തു. സത്യസന്ധമായ മനസ്സോടെ അല്ലാഹു അക്ബർ എന്നു തുറന്നുപറഞ്ഞു. ആ വാക്യത്തിൽ അടങ്ങിയിരിക്കുന്ന വാചകം അവൻെറ ഉള്ളിൽ തിളച്ചുപൊങ്ങുകയും സിരകളിലൂടെ നിലയ്ക്കാതെ പ്രവഹിക്കുകയും ചെയ്തു. എന്നാൽ അവൻെറ കണ്ണിൽ ഈ ഭൂമുഖത്തുള്ള അഹങ്കാരികളും ധിക്കാരികളുമായ അഖില രാജാക്കന്മാരും ഭരണാധിപന്മാരും നേതാക്കളും ജേതാക്കളും നിസ്സാരരായിത്തീരും. അവരെപററി യാതൊരു ഭീതിയും അവൻെറ മനസ്സിൽ അവശേഷിക്കാതാവും. നിസ്സാരജീവികളോ, കടലാസ്പുലികളോ, വിനോദചിത്രങ്ങളോ കണ്ടാലുണ്ടാവുന്ന ഒരു പ്രതീതിമാത്രമായിരിക്കും ഇവരെ കാണുമ്പോൾ ആ നമസ്കാരക്കാരനുണ്ടാവുക. ചെറിയ കുട്ടികൾ മാടങ്ങൾകെട്ടി വീട്ടുണ്ടാക്കുകയും മാതാപിതാക്കളായി അഭിനയിച്ച് ചിരട്ടയിൽ മണ്ണുകൊണ്ട് ഊണുണ്ടാക്കിക്കളിക്കുകയും ചെയ്യുന്നത് ഏതെങ്കിലും രക്ഷിതാവ് കാണുമ്പോൾ എന്തൊരു സമീപനമാണോ അദ്ദേഹം കൈക്കൊള്ളുന്നത്, അതേ സമീപനംമാത്രമായിരിക്കും ഇവിടത്തെ ആഡംബരപ്രിയരും അഹങ്കാരികളുമായ ഭരണാധിപന്മാരോട് അവർ കൈക്കൊള്ളുന്നത്. ചില കോമാളിക്രീഡകൾ കണ്ടാൽ വലിയ വലിയ മഹാശയന്മാരിലുണ്ടാവുന്ന അവസ്ഥ എന്തോ അതുതന്നെ ഇവിടെയും സംഭവിക്കുന്നു.

ഇതിന്ന് ഏററവും ഉത്തമമായ മാതൃക സഹാബികൾതന്നെയാണ്. അഹങ്കാരപ്രകടനങ്ങളെയും, അലങ്കാരാഡംബരപ്രമത്തതകളെയും അവർ നിന്ദ്യമായ രൂപത്തിൽ നോക്കിക്കാണുകയും അവഹേളിക്കുകയുംചെയ്ത ധാരാളം സംഭവങ്ങൾ അവരുടെ ജീവിതകഥകളിൽനിന്ന് ചരിത്രകാരന്മാർ ഉദ്ധരിക്കുന്നുണ്ട്. ചരിത്രകാരനായ ഇബ്നുകസീർ രിബ്ഇയ്യുബ്നു ആമിറിൻെറ സംഭവകഥ പറയുന്നത് കാണുക:

www.abulhasanalinadwi.org

'' ഖാദിസിയ്യാ യുദ്ധം നടക്കുന്നു; മുസ്ലിംകളെ പ്രതിനിധീകരിച്ച് പേർഷ്യൻ സൈന്യനായകനായ റുസ്തമിനോട് സംസാരിക്കാൻ സഅദ് (റ) അയച്ചിരുന്നത് രിബ്ഇയ്യി(റ)നെ ആയിരുന്നു. അങ്ങനെ രിബ്ഇയ്യ് റുസ്തമിന്റെ കൊട്ടാരത്തിലെത്തി. അവിടെ രിബ്ഇയ്യ് കണ്ട കാഴ്ച ഇതായിരുന്നു. റുസ്തം ഇരിക്കുന്ന പല്ലക്ക് സ്വർണ്ണത്താൽ നിർമ്മിതമാണ്; അതിലെ വിരിപ്പ് വിലപിടിച്ച പട്ടുകളും. അമൂല്യ രത്നങ്ങളും മുത്തുകളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്; അസാധാരണങ്ങളായ അലങ്കാരസാധനങ്ങൾ പടുത്തുയർത്തിയിരിക്കുന്നു.; അപൂർവ്വലബ്ധമായ ഒരു കിരീടമാണ് റുസ്തം ധരിച്ചിരിക്കുന്നത്; എന്തുകൊണ്ടും ആഡംബരപ്രമത്തതയുടെ പ്രോജ്ജ്വലപ്രതീകമെന്ന് പറയാം; സ്വർണ്ണക്കട്ടിലിൽ റുസ്തം ഇരിക്കുന്നു; എന്നാൽ അവിടെ സന്നിഹിതനായ രിബ്ഇയ്യ് ധരിച്ചിരുന്ന വസ്ത്രമാകട്ടെ കട്ടിയുള്ള, പരുപരുത്ത ഒരു സാധാരണമുണ്ട്!

ഉയരം കുറഞ്ഞ ഒരു കുതിരയുടെ പുറത്തു കയറി രിബ്ഇയ്യ് നേരെ റുസ്തമിന്റെ മുന്നിൽ ചെന്നിറങ്ങി; നിലത്ത് വിരിച്ചിരുന്ന വിരിപ്പുകൾ ചവിട്ടിവലിച്ചുകൊണ്ടാണ് കുതിരകൾ നീങ്ങുന്നത്; സമീപത്തെത്തിയപ്പോൾ താഴെയിറങ്ങി; അവിടെയുണ്ടായിരുന്ന ഒരു വലിയ തലയിണയോട് മൃഗത്തെ ബന്ധിച്ചു; അനന്തരം ആയുധങ്ങളും അങ്കിയും ധരിച്ചു; തലയിൽ പടത്തൊപ്പി എടുത്തുവെച്ച് മുന്നോട്ട് നീങ്ങിയ രിബ്ഇയ്യിനെ അവിടെ തടിച്ചുകൂടിയിരുന്ന പരിവാരങ്ങൾ തടഞ്ഞുകൊണ്ട് പറഞ്ഞു: ''ആയുധങ്ങൾ നീ ഇവിടെ വെക്കുക.'' അദ്ദേഹം മറുപടി കൊടുത്തു: ഞാൻ എന്റെ ഇഷ്ടപ്രകാരം വന്നതല്ല; നിങ്ങൾ ക്ഷണിച്ചിട്ടാണ് വന്നത്. അതിനാൽ എന്റെ പാട്ടിന് വിട്ടാൽ അത് നന്ന്; ഇല്ലെങ്കിൽ ഞാൻ മടങ്ങിപ്പോകുന്നു. അപ്പോൾ റുസ്തം പറഞ്ഞു: അദ്ദേഹത്തിന് കടക്കാൻ അനുവാദംകൊടുക്കൂ. അതനുസരിച്ച് രിബ്ഇയ്യ് തന്റെ കുന്തംകൊണ്ട് തലയിണയിൽ കുത്തിക്കൊണ്ട് മുന്നോട്ടു വന്നു. ആ കുത്തുകൊണ്ട് തലയിണയുടെ കുറെ ഭാഗം കീറിപ്പോവുകയും ചെയ്തു.''

(അൽബിദായ വന്നിഹായ – വാ: 7, പേ: 4)

www.abulhasanalinadwi.org

ഇസ്ലാമിൻെറ സംഭവബഹുലമായ ചരിത്രത്തിൻെറ നീണ്ട താളുകളിൽ സംഭ്രമജനകമായ ഇത്തരം ധാരാളം കഥകൾ ഉല്ലേഖിതമായിട്ടുണ്ട്. അതിനെല്ലാം ഹേതുകാരണം ശക്തമായ ഈ വിശ്വാസമായിരുന്നു. ഈ വിശ്വാസം അതിൻെറ അനുയായികൾക്കിടയിൽ അസാധാരണവും അമാനുഷികവുമായ ശക്തിയും ധൈര്യവും പ്രദാനംചെയ്തു. അങ്ങിനെ അവർ ദുർബലരായ സാധാരണക്കാരെപോലും അഭിസംബോധന ചെയ്യാൻ ധൈര്യംവരാത്ത വാക്കുകളിൽ രാജാക്കന്മാരോടും ഭരണാധിപന്മാരോടും ധീരമായി സംസാരിച്ചു. മഹാരാജാക്കന്മാരുടെ മനോവീര്യവും സേനാവ്യൂഹവും ഈ വിശ്വാസിയുടെ മുമ്പിൽ തകർന്നുവീണു. സാഹസപൂർണ്ണമായ ധീരതയുടെയും അത്യഗാധമായ വിശ്വാസത്തിൻെറയും മറെറാരു കഥകൂടി ഇവിടെ കൊടുക്കാം. ശൈഖുൽ ഇസ്ലാം ഇസ്സുദ്ദീനുബ്നു അബ്ദിസ്സലാമിൻെറ അനുചരന്മാരിൽപെട്ട അൽബാജിയാണ് ഈ സംഭവം റിപ്പോർട്ട് ചെയ്യുന്നത്.

''ഒരു പെരുന്നാൾ സുദിനമാണ്. അന്നത്തെ രാജാവ് സാലിഹ് നജ്മുദ്ദീൻ അയ്യൂബി (മരണം 647) യുടെ കൊട്ടാരത്തിൽ നമ്മുടെ ഗുരുനാഥൻ ഇസ്സുദ്ദീനിബ്നു അബ്ദിസ്സലാം കടന്നുചെന്നു. അദ്ദേഹം നോക്കിയപ്പോൾ ദർബാർ ആരംഭിച്ചിരുന്നു. പോലീസും പട്ടാളവും അവിടെ നിരന്നിട്ടുണ്ട്. രാജാവ് തൻെറ സർവ്വാധികാരത്തിൻെറ പ്രതീകമായ സിംഹാസനത്തിൽ എല്ലാവിധ ഗർവ്വിലുംതന്നെ. മന്ത്രിമാരെല്ലാം രാജാവിൻെറ സന്നിധിയിൽ വിനയാധിക്യത്താൽ മണ്ണിനോട് മുഖം ചേർത്തിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ ''അയ്യൂബ്!''—ശൈഖ് ഉറക്കെ വിളിച്ചു. എന്നിട്ട് പറഞ്ഞു: നിനക്ക് അല്ലാഹുവിൻെറ മുമ്പിൽ എന്തു ന്യായമുണ്ട്? ! ഈജിപ്തിൻെറ പരമാധികാരം ഞാൻ നിൻെറ കയ്യിൽ ഏല്പിച്ചു അപ്പോൾ നീ അതിനെ കള്ളഷാപ്പുകളുടെ സങ്കേതമാക്കിയില്ലേ എന്ന് അല്ലാഹു നിന്നോട് ചോദിച്ചാൽ എന്തായിരിക്കും നിൻെറ മറുപടി ? ''അങ്ങനെ സംഭവിച്ചിട്ടുണ്ടോ ?'' —രാജാവ് പ്രതികരിച്ചു. ശൈഖ് തുടർന്നു: ''ഉണ്ട്. പല സ്ഥലത്തും കള്ളും അതിനോട് ബന്ധപ്പെട്ട പലതും വില്കപ്പെടുന്നു; അതേസമയം നീയാകട്ടെ സുഖജീവിതത്തിൽ ആറാടുന്നു.'' മൗനാവലംബികളായ സൈന്യനിരയുടെമുമ്പിൽ

www.abulhasanalinadwi.org

തളംകെട്ടിനിന്ന നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടുള്ള ശൈഖിന്റെ ദിഗന്തങ്ങടം വിറകൊള്ളിച്ച സിംഹഗർജ്ജനംകേട്ട രാജാവ് കററബോധത്തോടെ പറഞ്ഞു: ''അത് ഞാൻ ചെയ്തതൊററല്ല. വളരെക്കാലമായി എന്റെ പിതാവിന്റെ കാലം മുതല്ലേ നടമാടിവരുന്ന ഒന്നാണ്.'' ഈ മറുപടി ശൈഖുൽ ഇസ്ലാം ഇസ്സുദ്ദീനെ ഒന്നുകൂടി ചൊടിപ്പിച്ചു. താങ്കളുടെ ഈ മറുപടി انا وجدنا ابائنا على امة (ഞങ്ങടം ഞങ്ങളുടെ പിതാക്കളെ ഈ മാർഗ്ഗത്തിൽ കണ്ടെത്തി) എന്നു പറഞ്ഞ വിഡ്ഢികളുടേതാണല്ലോ? അങ്ങനെ വിനാവിളംബം പ്രസ്തുത കട അടച്ചുപൂട്ടുവാൻ രാജാവ് കൽപിച്ചു. തദനന്തരം ഈ വാർത്ത നാടാകെ പ്രചരിച്ചു; അപ്പോടം നടന്ന കാര്യങ്ങളുടെ യാഥാർത്ഥ്യത്തെക്കുറിച്ച് ഞാൻ ശൈഖിനോടാരാഞ്ഞു. അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു; '' സഹോദരാ! രാജാവ് സിംഹാസനത്തിൽ അഹന്തയോടെ ഇരിക്കുന്ന കാഴ്ചയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. അതോടെ എനിക്ക് തോന്നിയത്; 'രാജാവ് സ്വയം അഹന്ത കാട്ടുകയും അതുമുഖേന അദ്ദേഹം തന്നോട്തന്നെ അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നത് ഇല്ലാതാക്കണമെങ്കിൽ എന്റെ ഭത്സനം രൂക്ഷമാകണം' എന്നായിരുന്നു. അപ്പോടം നിങ്ങടംക്ക് ഭയം അനുഭവപ്പെട്ടില്ലേ? ഞാൻ ശൈഖിനോട് ചോദിച്ചു. ''ഇല്ല കുഞ്ഞുമോനേ, ആ സമയത്ത് എനിക്കുണ്ടായിരുന്നത് അല്ലാഹുവിനെക്കുറിച്ചുള്ള പേടിയായിരുന്നു. അതോടെ രാജാവും പട്ടാളവുമെല്ലാം എനിക്ക് നിസ്സാരമായി അനുഭവപ്പെട്ടു.''

(തബഖാത്തു ശാഫിഇയ്യത്തിൽ കബ്റാ വാ: 5, പേ: 82)

വിശ്വാസദാർഢ്യത്തിന്റെയും, പ്രബോധനപ്രവർത്തനങ്ങളുടേയും വികാരതരളിതമായ എത്രയോ സംഭവകഥകടംക്ക് ഇനിയും ചരിത്രത്തിന്റെ താളുകടം സാക്ഷിയാണ്. ഇന്ത്യൻ ചരിത്രകാരനായ ശൈഖ് മുഹമ്മദുബ്നു മുബാറക്കൽ കർമാനി പറയുന്ന മറെറാരു സംഭവം ശ്രദ്ധിക്കു. ഹിജ്റ 757ൽ നിര്യാതനായ പ്രസിദ്ധ ഇന്ത്യൻ പണ്ഡിതനായിരുന്ന ഖുത്തുബുദ്ദീൻ മുനവ്വറിനോട് തന്റെ ഭരണ തലസ്ഥാനമായ ഡൽഹിയിൽ ഹാജരാകുവാൻ സുൽത്താൻ മുഹമ്മദ് തുഗ്ലക്ക് കൽപന പുറപ്പെടുവിച്ചു. തുഗ്ലക്കിന്റെ ബഹുമാനാർത്ഥം അദ്ദേഹം ഏതു

www.abulhasanalinadwi.org

തോ സമയത്ത് ഹാജറായില്ല എന്ന കുറ്റത്തിന് ശിക്ഷിക്ക കയും ശാസിക്കകയുമായിരുന്നു കല്പനയുടെ ഉദ്ദേശ്യം. അങ്ങി നെ രാജകല്പനയനുസരിച്ച് അദ്ദേഹം കൊട്ടാരത്തിലെത്തി. ദർബാറിൽ പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച ആരെയും ഞെട്ടി ക്കുന്നതായിരുന്നു. മന്ത്രിമാർ, ഗവർണ്ണർ, ഉയർന്ന ഉദ്യോഗസ്ഥ ന്മാർ, കൊട്ടാരപരിവാരങ്ങൾ തുടങ്ങി എല്ലാവരും ഭക്തി യോടും വിനയത്തോടുംകൂടി ആയുധധാരികളായി നിൽക്കുക യാണ്. ഖുത്തുബുദ്ദീനൽ മുനവ്വറിന്റെകൂടെ തന്റെ പുത്രൻ നൂറുദ്ദീനുമുണ്ട്. കുട്ടിയായ നൂറുദ്ദീനിൽ ഈ അസാധാരണകാഴ്ച ഭീതി ജനിപ്പിച്ചു. അപ്പോഴതാണ് പിതാവ് ഖുത്തുബുദ്ദീൻ അലറുന്ന സിംഹത്തെപോലെ പറയുന്നു: ''മകനേ! അഖില അന്തസ്സും അല്ലാഹുവിന്നാണ്.'' ഇതു സംബന്ധമായി മറെറാര വസരത്തിൽ നൂറുദ്ദീൻ വിശദീകരിച്ചു; പിതാവിന്റെ ഈ ധീരമായ ഗർജ്ജനംമുഖേന എന്തോ ഒരു ശക്തി എന്നിൽ പ്രത്യ ക്ഷപ്പെട്ടതായി എനിക്ക് തോന്നി. എന്റെ ഹൃദയത്തിൽ കുടി കൊണ്ടിരുന്ന ഭയവും പാടേ നശിച്ചുപോയി. അവിടെ കണ്ട രാജാവും പരിവാരങ്ങളുമെല്ലാം കേവലം ആട്ടിൻപറ്റങ്ങളാ യിട്ടാണെനിക്കനുഭവപ്പെട്ടത്. ''
(സിയറുൽഔലിയാ പേ : 353)

## നമസ്കാരത്തിലെ
## പ്രാരംഭ പ്രാർത്ഥനകളും ദിക്റുകളും

ഇനി അടുത്തതായി നബി (സ) തന്റെ നമസ്കാരത്തി ന്റെ തുടക്കത്തിൽ നിർവ്വഹിച്ചിരുന്ന പ്രാർത്ഥനകളും ദിക് റുകളും എന്തായിരുന്നു എന്ന് നോക്കാം. അതെല്ലാംതന്നെ

اخلاص، توحيد، تقديس، تمجيد، إنابة، استغاثة

അല്ലാഹുവിനുള്ള അകളങ്കത, അവന്റെ ഏകത്വം, അവനെ കീർത്തിപ്പെടുത്തൽ, അവന്റെ ശ്രേഷ്ഠതയെ വാഴ്ത്തൽ, അവ നിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ, അവനോടുള്ള സഹായം തേടൽ തുടങ്ങിയവയാണെന്നു കാണാം. അതിന്നു തെളിവാ യി നബി (സ) യിൽനിന്നു വന്ന ഹദീസുകൾ ധാരാളമാണ്.

'' അല്ലാഹുവേ, നിന്നെ ഞാൻ സ്തുതിക്കുകയും നിന്റെ പ

www.abulhasanalinadwi.org

രിശുദ്ധിയെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു; നിൻെറ നാമം അനുഗ്രഹീതമായിരിക്കുന്നു; നിൻെറ കാര്യം ഉന്നതവുമാണ്; നീയല്ലാതെ മറെറാരു ആരാധ്യനേയില്ല. ''

മറെറാന്ന് കാണുക:

'' അല്ലാഹുവേ, ഉദയാസ്തമനങ്ങൾക്കിടയിൽ നീ വിദൂരത സൃഷ്ടിച്ചതുപോലെ എൻെറയും എൻെറ പാപങ്ങൾക്കുമിടയിൽ നീ വിദൂരത സൃഷ്ടിക്കേണമേ! അല്ലാഹുവേ, ശുഭ്ര വസ്ത്രം മാലിന്യങ്ങളിൽനിന്ന് ശുദ്ധീകരിക്കപ്പെടുന്നതുപോലെ പാപങ്ങളിൽനിന്ന് എന്നെ നീ ശുദ്ധിയാക്കേണമേ! അല്ലാഹുവേ! വെള്ളം, മഞ്ഞ്, ആലിപ്പഴം തുടങ്ങിയവ മുഖേന എൻെറ പാപങ്ങളെ നീ കഴുകി ശുദ്ധിയാക്കേണമേ. ''

വേറൊരു ഹദീസിൽ 'ഇഫ്തിത്താഹി'ൻെറ പ്രാർത്ഥന ഇപ്രകാരമാണ്:

'' അല്ലാഹുവാകുന്നു ഏററവും ഉന്നതൻ, സ്തോത്രങ്ങൾ ധാരാളമായി അല്ലാഹുവിന്നാകുന്നു, പ്രഭാത പ്രദോഷങ്ങളിലെല്ലാം അല്ലാഹുവിൻെറ വിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ! ശപിക്കപ്പെട്ട പിശാചിൻെറ ദുർബോധനത്തിൽനിന്നും, ഊത്തിൽനിന്നും, വിഷംവമിക്കലിൽനിന്നും ഞാൻ നിന്നോട് ശരണം തേടുന്നു. ''

---

سبحانك اللهم وبحمدك وتبارك اسمك وتعالى جدك ولااله غيرك

اللهم باعدبيني وبين خطاياى كما باعدت بين المشرق والمغرب اللهم نقني من خطاياى كما ينقى الثوب الأبيض من الدنس اللهم اغسل خطاياى بالماء والثلج والبرد

الله اكبر كبيرا والحمد لله كثيرا سبحان الله بكرة واصيلا اللهم اني اعوذبك من الشيطان الرجيم من همزه ونفخه ونفثه

www.abulhasanalinadwi.org

അചിരേണ പിശാചിൽനിന്നും രക്ഷതേടുക; അത് പല നിലക്കും പ്രാധാന്യം അർഹിക്കുന്നു; അവൻ നിർവ്വഹിക്കാൻ പോകുന്ന നമസ്കാരത്തിൻെറ സുരക്ഷിതത്വം, പിശാചിനെ അതിൽനിന്നും പൂർണ്ണമായി അവകാശരഹിതനാക്കൽ, ആ നമസ്കാരത്തിൽ പാരായണംചെയ്യാൻ പോകുന്ന വിശുദ്ധഖുർ ആനിൻെറ ബഹുമാനം, സർവ്വോപരി '' നീ ഖുർആൻ പാരായണംചെയ്യാൽ ശപിക്കപ്പെട്ട പിശാചിൽനിന്നും അല്ലാഹുവിനോട് ശരണംതേടുക '' എന്ന അല്ലാഹുവിൻെറ ശാസനയെ അനുവർത്ഥമാക്കൽ ഇങ്ങനെ പലതും അതുകൊണ്ടുദ്ദേശിക്കപ്പെടുന്നു.

## ഫാത്തിഹഃ സൂറത്തിൻെറ സൗന്ദര്യവും സമൂലതയും; ജീവിത വ്യവഹാരങ്ങളിൽ അതിൻെറ പ്രതിഫലനങ്ങളും

അടുത്തതായി നമുക്ക് സൂറത്തുൽ ഫാത്തിഹയെക്കുറിച്ച് ചിന്തിക്കാം. ദൈവത്തിങ്കൽനിന്നവതീർണ്ണമായ അമാനുഷികതകളിൽ നിസ്തുലമായ ഏക മുത്താണത്. സുവ്യക്തമെന്ന് വിശേഷിപ്പിക്കപ്പെട്ട വിശുദ്ധഖുർആനിലെ അദ്ധ്യായങ്ങളിൽ ഒന്നുമാണത്. ഭൂമുഖത്തുള്ള സകല ബുദ്ധിജീവികളും, മുഴുവൻ സമുദായങ്ങളിലെയും സാഹിത്യകാരന്മാരും, മതശാസ്ത്രജ്ഞന്മാരും, സമുദായപരിഷ്കർത്താക്കളും, ആത്മീയനേതാക്കളും ഒന്നായി സമ്മേളിച്ച് വിവിധ നിലവാരങ്ങളിൽ കഴിയുന്ന വ്യത്യസ്ത ആവശ്യങ്ങളുള്ള, വ്യത്യസ്ത ചിന്താഗതികളുള്ള ജനതതികൾക്കെല്ലാം തങ്ങളുടെ നാഥൻെറ മുമ്പിൽ പറയാൻ പററുന്ന ഒരു വാചകം രചിക്കട്ടെ. അത് അവരുടെ നമസ്കാരത്തിലുള്ള പ്രാർത്ഥനക്ക് പററിയതാകണം. അന്തഃകരണത്തിൻെറ അലയൊലിയും, ഹൃദയത്തിൻെറ ഭാഷ്യവും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതും ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതുമായിരിക്കണം. എന്നാൽ പ്രസ്തുത ഫാത്തിഹ സൂറത്തിനേക്കാളോ അല്ലെങ്കിൽ അത്രതന്നെയോ ഉചിതമായ ഒന്നു കൊണ്ടുവരുവാൻ അവർക്കെല്ലാംകൂടി കഴിയുകയില്ല.

---

وإذا قرأت القرآن فاستعذ بالله من الشيطان الرجيم

www.abulhasanalinadwi.org

'' പറയുക: മനുഷ്യരാശിയും ജിന്നുവർഗ്ഗവും ഖുർആനിന്ന് തുല്യമായി മറ്റൊന്നു കൊണ്ടുവരാൻ ഒന്നായി ശ്രമംനടത്തി യാലും തത്തുല്യമായത് അവതരിപ്പിക്കാൻ അവക്ക് സാദ്ധ്യ മല്ല. അവർ പരസ്പരം സഹായിച്ചിരുന്നാലും ശരി.''

ഫാത്തിഹഃസൂറത്തിനെ സംബന്ധിച്ച് ഖുർആനിൽ മറ്റൊ രു സ്ഥലത്ത് അല്ലാഹു പറയുന്നു:

'' ആവർത്തിച്ച് പാരായണംചെയ്യപ്പെടുന്ന ഏഴു സൂക്തങ്ങളും മഹത്തായ ഖുർആനും നിശ്ചയം, നാം നിനക്ക് നല്കി. ''

'അൽഹംദ്' മുതൽക്കാണ് ഈ അദ്ധ്യായത്തിന്റെ തുട ക്കം. പ്രകീർത്തനത്തിന്റെയും നന്ദിപ്രകടനത്തിന്റെയുംകൂടി സംജ്ഞയാണിതിനുള്ളത്. ഇതര ഭാഷകളിലൊന്നുംതന്നെ അതിന്റെ തനി വിവർത്തനം സുസാദ്ധ്യമല്ലാത്ത വിധം സാ ഹിത്യസംപുഷ്ടവും അമാനുഷികവുമാണത്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളെക്കുറിച്ച് അറിവുള്ള, അതിന്ന് നന്ദിയുള്ള ഒരു ദാസൻ ഇത്രയും ശ്രേഷ്ഠമായ സാന്നിദ്ധ്യത്തിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ അത് ആരംഭിക്കാൻ പ റ്റിയ വാക്ക് തികച്ചും 'ഹംദ്' (സ്തോത്രം) തന്നെയാണ്.

പിന്നെ നമസ്കരിക്കുന്ന ഒരു വ്യക്തി താൻ പുകഴ്ത്തുക യും സ്തുതിക്കുകയും ചെയ്യു നാഥനെക്കുറിച്ച് മനസ്സിലാക്കുന്ന ത് ഇങ്ങിനെയാണ്: അവൻ ഏതെങ്കിലും ഒരു ഗോത്രത്തി ന്റെയോ, കുടുംബത്തിന്റെയോ, രാജ്യത്തിന്റെയോ, സമൂ ഹത്തിന്റെയോ മാത്രം നാഥനല്ല; മറിച്ച്, സർവ്വലോകങ്ങ ളുടെയും (റബ്ബുൽആലമീൻ) നാഥനാണ്.

നൂതനവും വിപ്ലവകരവുമായ ഈ വിശ്വാസം, മനുഷ്യ ത്വത്തോട് അതിക്രമം പ്രവർത്തിച്ച, വ്യാജനിർമ്മിതമായ എല്ലാ വിഭാഗീയതകളെയും അതിജയിക്കുന്നു. ഇതുപോലെ ഒരു

---

قل لئن اجتمعت الانس والجن على ان يأتوا بمثل هذا القــرآن
لايأتون بمثله ولو كان بعضهم لبعض ظهيرا (بنو اسرائيل ٨٨)

ولقد آتيناك سبعا من المثانى والقرآن العظيم (الحجر : ٨٧)

www.abulhasanalinadwi.org

മുസൽമാൻ രണ്ടു വിധത്തിലുള്ള അദ്വിതീയതകൾ അംഗീകരിക്കുന്നു. ശാന്തിയെയും സമാധാനത്തെയും താങ്ങിനിർത്തിയിരിക്കുന്ന രണ്ടു സ്തംഭങ്ങളാണത്. എന്നും എവിടെയും ഇസ്ലാം മനീഷയെ പടുത്തുയർത്തിയതും ആ രണ്ടു സ്തംഭങ്ങളിൽതന്നെയായിരുന്നു. അതിൽ ഒന്ന് ദൈവത്തിന്റെ ഏകത്വം; അതെ, എല്ലാവരുടെയും നാഥൻ ഒരുവനാണെന്ന വിശ്വാസം. രണ്ട് പിതൃത്വത്തിലുള്ള ഏകത്വം; എല്ലാ മനുഷ്യരുടെയും പിതാവ് ഒന്നുതന്നെയാണെന്ന വിശ്വാസം. അപ്പോൾ മനുഷ്യരെല്ലാം വിവിധ നാട്ടുകാരും, വ്യത്യസ്ത വർണ്ണക്കാരുമാണെന്നതൊഴിച്ചാൽ അദ്വിതീയമായ രണ്ടു ഏകത്വങ്ങളിൽ അവർ ബന്ധിതരാണ്. അതുകൊണ്ട് ഓരോരുത്തരും മററുള്ളവരോട് രണ്ടു രൂപത്തിൽ പാരസ്പര്യം നിലനിർത്തുന്നു. എല്ലാവരുടെയും റബ്ബ് (നാഥൻ) അല്ലാഹു മാത്രമാണെന്ന യഥാർത്ഥവും ആത്മീയവുമായ ബന്ധം ഒന്ന്. രണ്ടാമത്തേത് സർവ്വരും ഒരേ പിതാവിന്റെ സന്തതിപരമ്പരയാണെന്ന ശാരീരിക ബന്ധം. ഖുർആൻ പറയുന്നത് കാണുക:

'' ഓ ജനങ്ങളേ! ഒരേ 'നഫ്സി'ൽനിന്ന് നിങ്ങളെ സൃഷ്ടിച്ച നാഥനെ നിങ്ങൾ സൂക്ഷിക്കുക. ആ 'നഫ്സി'ൽനിന്ന് അതിന്റെ ഇണയേയും അവൻ സൃഷ്ടിച്ചു. എന്നിട്ട് ആ രണ്ടു പേരിൽനിന്നും ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിച്ചു. ഏതൊരു അല്ലാഹുവിനെ മുൻനിർത്തിയാണോ നിങ്ങൾ പരസ്പരം ചോദിക്കുന്നത്, അവനെയും കുടുംബബന്ധങ്ങളെയും നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം അല്ലാഹു നിങ്ങളെ സൂക്ഷ്മമായി വീക്ഷിക്കുന്നവനാണ്. ''

വീണ്ടും വിശുദ്ധഖുർആൻ പറയുന്നു:

'' ഓ ജനങ്ങളേ! ഒരു സ്ത്രീയിൽനിന്നും പുരുഷനിൽനിന്നും നിങ്ങളെ (മുഴുവനും) സൃഷ്ടിച്ചത് നമ്മളാണ്. (അനന്തരം)

---

يا ايها الناس اتقوا ربكم الذى خلقكم من نفس واحدة وخلق منها
زوجها وبث منهما رجالا كثيرا ونساء واتقوا الله الذى تسائلون به
والارحام ان الله كان عليكم رقيبا (النساء : ١)

www.abulhasanalinadwi.org

നിങ്ങൾക്ക് പരസ്പരം തിരിച്ചറിയുവാൻവേണ്ടി വിവിധ ഗോത്രങ്ങളും സമൂഹങ്ങളുമാക്കി നിങ്ങളെ നാം തിരിച്ചു. നിങ്ങളിൽ ഏററവും വലിയ ഭക്തൻ ആരാണോ, അവനാണ് അല്ലാഹുവിന്റെ അടുക്കൽ ഏററവും മാന്യതയുള്ളവൻ. നിശ്ചയം അല്ലാഹു സർവ്വജ്ഞനും അഗാധ ജ്ഞാനിയുമാകുന്നു.

ഇതിന്റെ വ്യാഖ്യാനവും വിശദീകരണവുമെന്ന രൂപത്തിൽ പ്രവാചകൻ പഠിപ്പിച്ചു:

'' അജ്ഞാനകാലത്തെ വർഗ്ഗീയ–പക്ഷപാതിത്വവും, പിതാമഹന്മാരുടെ പേരുപറഞ്ഞുകൊണ്ടുള്ള ദുരഭിമാനവും അല്ലാഹു നിങ്ങളിൽനിന്ന് നീക്കംചെയ്തിരിക്കുന്നു. (അതിനാൽ ഇന്ന് രണ്ടേ രണ്ടുതരം ജനങ്ങൾ മാത്രം.) ഒന്നുകിൽ ഭക്തനായ സത്യവിശ്വാസി; അല്ലെങ്കിൽ ദൗർഭാഗ്യവാനായ തെമ്മാടി. ജനങ്ങളെല്ലാം ആദമിന്റെ സന്താനങ്ങളാണ്. ആദമാകട്ടെ മണ്ണിൽനിന്ന് (നേരിട്ട്) സൃഷ്ടിക്കപ്പെട്ടവനും. അറബിക്ക് അനറബിയെക്കാൾ തക്‌വകൊണ്ടല്ലാതെ ശ്രേഷ്ഠതയില്ല.''

ഭംഗ്യന്തരേണ, നമസ്കരിക്കുന്നവൻ തന്റെ സ്മൃതിമണ്ഡലത്തിൽ അനുഗ്രഹദാതാവിന്റെ മഹത്തായ ഒരു ഗുണവിശേഷത്തെ സജീവമാക്കുന്നു. മുമ്പുതന്നെ അവൻ അത് വിശ്വസിക്കുകയും, അറിയുകയും ചെയ്യുന്നതാണ്. അതെ, അല്ലാഹുവിന്റെ 'അനുഗ്രഹം' എന്ന ഗുണം. ഏതു നിലക്കും ഈ സന്ദർഭം അതിനു പററിയതുതന്നെയാണ്. ഒരു മുസ്ലിം ആരാധനയിൽ. വണക്കത്തിൽ, പ്രാർത്ഥനയിൽ, കേണപേക്ഷയിൽ,

---

يا ايها الناس انا خلقناكم من ذكر وأنثى وجعلناكم شعوبا
وقبائل لتعارفوا ان اكرمكم عند الله اتقاكم انّ الله عليم خبير
(الحجرات : ١٣)

ان الله قد اذهب عنكم عصبية الجاهلية وفخرها بالآباء انما هو
مؤمن تقي او فاجر شقي. الناس بنوآدم وآدم من تراب. لا فضل
لعربي على اعجمي الا بالتقوى. (رواه الترمذي وغيره)

www.abulhasanalinadwi.org

പശ്ചാത്താപത്തിൽ, തേട്ടത്തിലെല്ലാം നിമഗ്നനാകുന്ന നിമിഷങ്ങളാണല്ലോ അത്, അവിടെ പ്രതീക്ഷയും പ്രത്യാശയുമല്ലാതെ, അവിശ്വാസവും നൈരാശ്യവുമില്ല. ക്രമേണ അവൻ പരലോകത്തെക്കുറിച്ചും, അവിടത്തെ രക്ഷാശിക്ഷകളെക്കുറിച്ചും ഓർക്കുന്നു; ആ ദിവസത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ? രാജാധിരാജനായ അല്ലാഹുവിന്റെ അധീശാധികാരങ്ങൾ പൂർണ്ണമായി പ്രകടമാകുന്ന നാൾ! അവന്റെ അന്നത്തെ ഭരണം കണ്ട് രാജാക്കന്മാരും, ചക്രവർത്തിമാരുമെല്ലാം ശ്വാസം അടക്കിപ്പിടിച്ച് നോക്കിനില്ക്കുന്ന രംഗം !!

"ഇന്നത്തെ അധികാരം ആർക്കാണ്?! എല്ലാററിനേയും അടക്കിഭരിക്കുന്ന ഏക സ്വേച്ഛാധിപതിയായ അല്ലാഹുവിനു മാത്രം." എന്ന് ഖുർആൻ വിശേഷിപ്പിച്ചത് പ്രസ്തുത ദിവസത്തെ സംബന്ധിച്ചും ആ ദിവസത്തിന്റെ ഗാംഭീര്യത്തെക്കുറിച്ചുമാണ്. അങ്ങനെ പരലോകവിശ്വാസം അവൻ വീണ്ടും പുതുക്കുന്നു. ഭക്തിപാരവശ്യത്തിന്റെ ഉറവിടം ആ വിശ്വാസമാണ്. ആത്മാവിന്റെയും ഹൃദയത്തിന്റെയും സുരക്ഷിതത്വം നിലനില്ക്കുന്നതും അതുകൊണ്ടുതന്നെ. പല തരത്തിലുള്ള പ്രലോഭനങ്ങളാൽ വലയംചെയ്യപ്പെട്ട ഈ ജീവിതത്തിൽ കഴിഞ്ഞുകൂടുന്ന ഒരു മനുഷ്യന് ഇത്തരത്തിലുള്ള ഒരു വിശ്വാസം ആവശ്യമാണെന്നതിന് ഏറെ തെളിവുകൾ എന്തിന്?

അനന്തരം ഖുർആനിന്റെയും, നമസ്കാരത്തിന്റെയും ഔദ്യോഗിക ലോകഭാഷയായ അറബിയിൽ ഏററവും ഭംഗിയും ശക്തിയുമുള്ള ശൈലിയിൽ അവൻ പറയുന്നു: "നിന്നെ മാത്രമെ ഞങ്ങൾ ആരാധിക്കുകയുള്ളൂ, നിന്നോടു മാത്രമെ ഞാൻ സഹായം തേടുകയുള്ളൂ." നോക്കൂ! ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏററവും പ്രധാനമായ രണ്ടു ഘടകങ്ങളാണ് ആരാധനയും സഹായാർത്ഥനയും. രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധം നിലനിൽക്കുന്നത് ഇത് രണ്ടുകൊണ്ടുമാണ്. ശക്തനും അശക്തനും, ധനികനും ദരിദ്രനും, ആരാധ്യനും ആരാധ

---

لمن الملك اليوم لله الواحد القهار (المؤمن ١٦)

www.abulhasanalinadwi.org

കന്നമെല്ലാം തമ്മതമ്മിൽ നിലനിൽക്കുന്ന നിഖിലബന്ധങ്ങളും ഇതിൻെറ അടിസ്ഥാനത്തിൽതന്നെയാണ്. അതിനാൽ ആരാധനയും സഹായാർത്ഥനയും അല്ലാഹുവിനോട് മാത്രമായി വന്നാൽ ജീവിതത്തിലെ കൈച്ചങ്ങലകളെല്ലാം പൊട്ടിത്തകന്നു. സകലമാനസൃഷ്ടിബന്ധങ്ങളും മുറിഞ്ഞു. മനസ്സിലെ ബിംബങ്ങളും പ്രതിമകളും തകർക്കപ്പെട്ടു. ശിർക്ക് നാമാവശേഷമായി. മർദ്ദനങ്ങളും പീഡനങ്ങളും അപ്രത്യക്ഷമായി. ദീൻ പൂർണ്ണമായും അല്ലാഹുവിന്നുമാത്രം നിലവിൽവന്നു. ഒരു മുസ്ലിമിൻെറ പ്രഖ്യാപനങ്ങളിൽ ഏററവും മഹത്തും ഉന്നതവുമായ പ്രഖ്യാപനം! അല്ലാഹുവിനോട് ചെയ്യുന്ന വാഗ്ദാനങ്ങളിൽ വെച്ച് സർവ്വപ്രധാനം! അതിനാൽ താൻ പറയുന്ന വാചകങ്ങൾ ഒന്നുകൂടി ഉറക്കെ ചിന്തിക്കുക. എന്നിട്ട് എന്താണ് അതിൽ അടങ്ങിയിരിക്കുന്ന ഗൗരവപൂർവ്വമായ ആശയമെന്നു മനസ്സിലാക്കുക. നമസ്കാരേതരസമയങ്ങളിൽ ജീവിതായോധനസൗകര്യത്തിനായി ഒരു മനുഷ്യൻ രണ്ടു കാര്യങ്ങളിൽമാത്രം അഭയം കണ്ടെത്തുന്നു. ഒന്നുകിൽ കീഴ്‌വണക്കമോ വിനയമോ, അല്ലെങ്കിൽ സഹായാർത്ഥനയോ യാചനയോ. ഈ രണ്ടു കാര്യങ്ങൾക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലാ എന്ന അവൻെറ ഉറച്ച പ്രഖ്യാപനം യഥാർത്ഥത്തിൽ അത് രണ്ടിൻെറയും അവകാശവാദം മുഴക്കുന്ന വേറെ ചിലർക്കെതിരിലുള്ള ഒരു ധിക്കാരവും ധീരമായ മറുപടിയുമാണ്.

പിന്നീട് അവൻ 'ഹിദായത്തിനു' (നേർമാർഗ്ഗം) വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ഒരു മനുഷ്യനെസംബന്ധിച്ചേടത്തോളം അവൻെറ ആവശ്യങ്ങളിൽ പരമപ്രധാനമായ ഒന്നാണ് പ്രസ്തുത 'ഹിദായത്ത്.' ഈ ലോകത്ത് ലക്ഷക്കണക്കിന് പ്രവാചകന്മാർ ഭൂജാതരായത് ആ 'ഹിദായത്ത്' ജനതക്കു പറഞ്ഞുകൊടുക്കാൻവേണ്ടിയായിരുന്നു. അതിന്നുവേണ്ടി മാത്രമായിരുന്നു ദൈവീകഗ്രന്ഥങ്ങൾ മുഴുവൻ അവതീർണ്ണമായതും. സ്വച്ഛന്ദത തളംകെട്ടിനിൽക്കുന്ന സ്വർഗ്ഗപ്പൂങ്കാവനം സൃഷ്ടിക്കപ്പെട്ടതും 'ഹിദായത്ത്' ലഭിച്ചവർക്കുതന്നെ. അത് നഷ്ടപ്പെട്ടവന്ന് യാതൊരു വിലയും നിലയുമില്ലാത്തതുപോലെതന്നെ, അത് കൈവന്നവന്ന് യാതൊരു കുറവോ പോരായ്മയോ ഇല്ല. ഇത്തരത്തിലുള്ള 'ഹിദായത്തി'നെ

www.abulhasanalinadwi.org

സ്നേഹിക്കാനും സാത്മീകരിക്കാനുമുള്ള വാസന മനുഷ്യപ്രകൃതിയിൽ എന്നും നിലീനമാണ്. ഇവിടെ നടക്കുന്ന നിഗ്രഹ–നിരാഹാരങ്ങളും, അനുഗ്രഹ–ആശീർവാദങ്ങളും, സാഹസസമരങ്ങളുമെല്ലാംതന്നെ ഈ 'ഹിദായത്തിൻെറ' സാഫല്യാർത്ഥമാണ്. പക്ഷെ എന്തുതന്നെയായാലും അത് അതിൻെറതായ ആളുകളിലും അനുയായികളിലും മാത്രമെ കുടികൊള്ളുകയുള്ളു. അവരാണ് അംബിയാക്കൾ, സിദ്ദീഖീങ്ങൾ, ശുഹദാക്കൾ, സാലിഹീങ്ങൾ എന്നെല്ലാം പറയപ്പെടുന്നവർ, വിശുദ്ധഖുർആനും മുമ്പു കഴിഞ്ഞുപോയ മുഴവൻ ദൈവീകഗ്രന്ഥങ്ങളും മനുഷ്യമനീഷയോട് പ്രഖ്യാപിച്ച ഒരേഒരു കാര്യം അവരെ പിന്തുടരുകയും അനുകരിക്കുകയും ചെയ്യുക, അവരുടെ പാർട്ടിയിൽ അംഗമാവുകയും അവരിലേക്ക് തങ്ങളെ ചേർത്തുപറയുകയും ചെയ്യുക എന്നതായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

'' അല്ലാഹു 'ഹിദായത്ത്' നൽകിയവർ അവരാണ്. അതിനാൽ അവരുടെ 'ഹുദായെ' നീ അനുഗമിക്കുക. ''

ആ സന്മാർഗ്ഗദർശകരുടെ പാദമുദ്രകൾ പിൻപററാൻ കല്പിച്ചതോടെ കൃതഘ്നരും, സ്വാർത്ഥപൂജകരും, ആത്മഹത്യാപരമായ പ്രവർത്തനത്തിൽ മുഴുകിയവരുമായ എല്ലാ ദുർമാർഗ്ഗികളിൽനിന്നും അകന്നുനില്ക്കുവാനും രക്ഷതേടുവാനും അല്ലാഹു കൽപിച്ചു. അവർ അല്ലാഹുവിന്നെതിരിൽ മാത്സര്യം കാണിച്ചവരും, ധിക്കാരം പ്രവർത്തിച്ചവരും, അതുമൂലം ശാപകോപങ്ങൾക്ക് വിധേയരായവരും, ദുർമ്മാർഗ്ഗികളുമാണ്.

''മാർഗ്ഗഭ്രംശം സംഭവിക്കാത്ത, കോപത്തിന്ന് വിധേയരാകാത്ത, നിൻെറ അനുഗ്രഹത്തിന് പാത്രീഭൂതരായ ആളുകളുടെ മാർഗ്ഗ—മായ നേരായ മാർഗ്ഗ—ത്തിലൂടെ നീ ഞങ്ങളെ നയിക്കേണമേ! ''

---

اولئك الذين هدى الله فبهداهم اقتده (الانعام : ٦٥)

اهدنا الصراط المستقيم. صراط الذين انعمت عليهم غير المغضوب عليهم ولاالضالين

www.abulhasanalinadwi.org

ഈ ആശയങ്ങളെ ഊട്ടിഉറപ്പിക്കുവാനും, നല്ല രൂപത്തിൽ ഹൃദയാന്തരാളത്തിൽ നട്ടുവളർത്താനും അതിന്നു ഭക്ഷണവും വെള്ളവും നൽകി പോഷിപ്പിക്കുവാനുംവേണ്ടിയാണ് ഫാത്തിഹക്കുശേഷം

'' ഖുർആനിൽനിന്ന് സൗകര്യമുള്ളത് നിങ്ങൾ ഓതുക '' എന്ന ആജ്ഞ അല്ലാഹു നല്കിയത്. കാരണം നമസ്കാരമെന്നത് ആരാധനയും അദ്ധ്യയനവുമാണ്.

## മൗലികവും ക്രമാനുഗതവുമായ ആരാധന

നമസ്കാരത്തിൽ പ്രവേശിച്ച ഒരു വ്യക്തി ഒററയടിക്ക് സുജൂദിലേക്ക് പോകുന്നില്ല; സാവധാനം, ക്രമാനുഗതമായി അവനത് നിർവ്വഹിക്കുന്നു. ഖിയാം (നിറുത്തം) മുഖേനയാണ് നമസ്കാരം തുടങ്ങുന്നത്; റുകൂഅ് (കുമ്പിടൽ) നിർവ്വഹിക്കണം. അതിന്നുശേഷം വീണ്ടും നിൽക്കാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ആ നിറുത്തത്തിൻെറ ശേഷമാണ് അവർ സുജൂദിലേക്ക് പോകുന്നത്. ഇങ്ങനെ അല്ലാഹു കൽപിച്ചതിൽനിന്ന് ഒരു കാര്യം മനസ്സിലാകുന്നു: വിനയത്തിൻേറയും വണക്കത്തിൻേറയും ആത്യന്തികരൂപം, താഴ്മയുടെ തനതായ അവസ്ഥ, അന്തകരണത്തിൽനിന്ന് നിർഗ്ഗളിക്കുന്ന ഭക്തിയുടെയും ഭയവിഹ്വലതയുടെയും മൂർത്തരൂപം തുടങ്ങി മുഴുവൻ കാര്യങ്ങളും അക്ഷരാർത്ഥത്തിൽ പ്രകടമാക്കുന്ന ബാഹ്യരൂപമാണത്. 'റുകൂഅ്', 'സുജൂദ്' എന്നിവക്കിടയിലുള്ള ഖിയാമിൻെറ (നിറുത്തം) യുക്തിയെക്കുറിച്ച് സംസാരിക്കവെ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി ഇപ്രകാരം പറയുന്നു: ''അതുമുഖേന തൻെറ മുഖകമലം മണ്ണിൽവെച്ചുകൊണ്ടുള്ള നമിക്കലിൻേറയും, ശിരസ്സ് കുനിച്ചുകൊണ്ടുള്ള നമിക്കലിൻേറയും ഇടയിൽ വ്യക്തമായ ഒരു വ്യത്യാസം പ്രകടമായി.'' പ്രവർത്തനത്തിലെ ഈ ക്രമീകരണവും ക്രമപ്രവൃദ്ധതയും പ്രകീർത്തനത്തിലും കാണപ്പെടുന്നു. سبحان ربّي العظيم (മഹാനായ, എൻെറ നാഥൻെറ പരിശുദ്ധതയെ ഞാൻ വാഴ്ത്തുന്നു) എന്ന് റുകൂഇൽ പറയുന്നു. എന്നാൽ താഴ്മയും, വണക്കവും, അടിമത്തവും അപ്പ

---

فاقرؤا ما تيسر من القرآن

www.abulhasanalinadwi.org

ണവുമെല്ലാം ആത്യന്തികഭാവത്തിൽ പ്രകടമാക്കുന്ന രൂപമാണല്ലോ സുജൂദിൻേറത്? താൻ ചവിട്ടിമെതിച്ചു നടക്കുന്ന അതിനിസ്സാരമായ മണ്ണിൽ തൻെറ അതിപ്രധാനമായ അവയവങ്ങളും, ഓജസ്സും തേജസ്സും പ്രകടമാകുന്ന നെററിയും, മുഖവും വയ്ക്കുന്നു. സാധാരണ ഗതിയിൽ നിന്ദ്യതയ്ക്കും നിസ്സാരതയ്ക്കും 'സുജൂദി'നെയാണ് എല്ലാവരും ഉപമിക്കാറ്; അപ്പോൾ ആ അവസ്ഥക്ക് തികച്ചും അനുയോജ്യമായ പ്രകീർത്തനമാണ് അല്ലാഹു അവിടെ കല്പിച്ചതും. سبحان ربى الاعلى

''എൻെറ അത്യുന്നതനായ നാഥൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.'' ദൈവീകമാഹാത്മ്യവും, ഔന്നത്യവും വിളിച്ചറിയിക്കുന്ന അന്തിമ വചനമാണത്. നമസ്കരിക്കുന്നവൻെറ അപ്പോഴുള്ള ആകാരാവസ്ഥക്ക് തികച്ചും യോജിക്കുകയും ഒന്നിനോടൊന്നു ഒത്തുവരികയും ചെയ്യുന്നുവെന്നതാണ് ഈ വചനത്തിൻെറ മഹത്വം. രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കാൻ കല്പിക്കപ്പെട്ടതിലും ഒരു ഉദ്ദേശ്യം കണ്ടെത്താം: പുതിയ അഭിനിവേശവും, നവചൈതന്യവും ഉണ്ടാകമെന്നതിനു പുറമെ അശ്രദ്ധയുടെ വല്ല അംശവും അന്തഃകരണത്തിൽ അറിയാതെ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും വിട്ടുമാറും. അതുമൂലം രണ്ടാംസുജൂദിൽ പുതുശക്തിയും അനുഭവപ്പെടുന്നു.

## ഭക്തിപാരവശ്യം ബഹിർഗമിക്കുന്ന സുജൂദ്

സാഷ്ടാംഗപ്രണാമത്തിൽ (സുജൂദ്) വീണുകഴിഞ്ഞാൽ മററെല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. സമൂഹം, ചുററുപാട്, ആചാരങ്ങൾ, നാട്ടുനടപ്പുകൾ എന്നിവയാൽ അടിച്ചേൽപിക്കപ്പെട്ട ബന്ധനങ്ങളായിരുന്നു അവ. അത്തരം ബന്ധങ്ങൾ അവഗണിച്ച് അവൻ തൻെറ സുന്ദരവദനം മണ്ണിൽവെച്ചുകൊണ്ട് കരയുന്നു. അവൻ തൻെറ കടിഞ്ഞാൺ ഹൃദയത്തെ ഏല്പിക്കുന്നു. ആത്മാവിനെ അതിൻെറ പാട്ടിൽവിടുന്നു; ഭക്തിപാരവശ്യത്തിനോ, ബാഷ്പകണബഹിർഗമനത്തിനോ അവിടെ പരിധികളില്ല. ഹൃദയം തിളച്ചുപൊന്തുന്നു. കൺതടങ്ങളിൽനിന്ന് അശ്രുകണങ്ങൾ ധാരയായി പ്രവഹിക്കുന്നു. പാപപങ്കിലമായ ജീവിതം നയിച്ചതിലുള്ള ഹൃദയവ്യഥയും, വിവരണാതീതമായ വണക്കവും ആ സമയത്ത് പ്രകടമാക

www.abulhasanalinadwi.org

ന്നു. നബി (സ)യുടെ സന്തതസഹചാരികൾ ഇപ്രകാരം പറഞ്ഞു: ''പ്രവാചകൻ നമസ്കരിക്കുമ്പോൾ തിളച്ചുമറിയുന്ന പാത്രംപോലെയായിരുന്നു അവിടത്തെ ഹൃദയം.'' ഈ സംഭവം അബൂദാവൂദ്, തിർമുദിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നബി (സ)യുടെ സൂര്യഗ്രഹണനമസ്കാരം റിപ്പോർട്ട് ചെയ്യുന്ന അംറുബ്നുൽആസ് (റ) പറയുന്നു: പിന്നെ നബി (സ) അവിടത്തെ സുജൂദിന്റെ അന്ത്യത്തിൽ അല്പം ദീർഘമായി ശ്വാസം അയച്ചുകൊണ്ട് 'വയ്യാ' 'വയ്യാ' എന്ന് രണ്ടു പ്രാവശ്യം പറഞ്ഞു. അനന്തരം നബി (സ) പറഞ്ഞു: '' നാഥാ! ഞാനവരിലുള്ളപ്പോൾ നീയവരെ ശിക്ഷിക്കുകയില്ലായെന്ന് നീ വാഗ്ദാനം തന്നതല്ലേ ? അവർ പാപമോചനം അർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ നീ അവരെ ശിക്ഷിക്കുകയില്ലായെന്നും എന്നോട് വാഗ്ദാനം ചെയ്തതാണല്ലോ.'' (അബൂദാവൂദ്, നസാഈ)

നമസ്കരിക്കുന്ന ഒരാളുടെ ചലന നിശ്ചലതകളിൽ അല്ലാഹുവിനോട് ഏററവും അടുപ്പിക്കുന്നതും, അല്ലാഹുവിന്ന് ഏററവും സന്തോഷം ഉളവാക്കുന്നതും 'സുജൂദാ'ണ്. സഹീഹായ ഒരു ഹദീസിൽ ഇപ്രകാരം കാണാം: ''ഒരു അടിമ തന്റെ നാഥനുമായി ഏററവും അടുക്കുന്ന രംഗം അവൻ സുജൂദിലായിരിക്കുമ്പോഴാണ്; അതിനാൽ നിങ്ങൾ (അതിൽ) പ്രാർത്ഥന അധികരിപ്പിക്കുക.''

സംഗതി ഇങ്ങനെയായതുകൊണ്ടാണ് ഒരു നമസ്കാരക്കാരൻ സുജൂദിനെ ഒരു സുവർണ്ണാവസരമായി കാണുന്നത്; അവൻ തന്റെ കരം കയ്യിലെടുത്ത് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു; ഹൃദയത്തിന്റെ ലോലമായ തന്ത്രികളെ പൊട്ടിക്കുന്ന വിധത്തിൽ സാഹചര്യത്തിന്റെ ഭാഷയിലൂടെയോ സ്വന്തം ജിഹ്വയിലൂടെയോ അവൻ പറയുന്ന വാക്കുകൾ ഇതാണ്:

'' അല്ലാഹുവേ ! എന്റെ സംസാരം നീ കേൾക്കുന്നു; ഞാനെ

---

اقرب ما يكون العبد من ربه وهو ساجد فأكثروا الدعاء

اللهم انك تسمع كلامى وترى مكانى وتعلم سرى وعلانيتى لا يخفى

www.abulhasanalinadwi.org

വിടെയാണെന്നു നീ കാണുന്നു; എൻെറ സർവ്വ രഹസ്യങ്ങളും പരസ്യങ്ങളും നീ അറിയുന്നു; എൻെറ പ്രശ്നങ്ങളിൽ നീ അറിയാത്തതൊന്നുമില്ല; ഞാൻ പരമ ദരിദ്രനാണ്; അഭയമാഗ്രഹിക്കുന്നവനും സഹായമർത്ഥിക്കുന്നവനുമാണ്; പാപങ്ങൾ ഏറ്റുസമ്മതിക്കുന്നവനും നിന്നിൽ ഭയവും ഭക്തിയുമുള്ളവനുമാണ്. നാഥാ! ഒരു പരമസാധുവിൻെറ യാചനയാണ് ഞാൻ നിന്നോട് യാചിക്കുന്നത്; എൻെറ കേണപേക്ഷ പാപിയുടെയും ദോഷിയുടെയും കേണപേക്ഷയാണ്; അന്ധനും ഭയവിഹ്വലനുമായ ഒരുവൻ ഉള്ളുരുകി നിന്നോട് പ്രാർത്ഥിക്കുന്നപോലെയാണ് ഞാനും പ്രാർത്ഥിക്കുന്നത്; നിനക്കുവേണ്ടി തലകുനിച്ച്, ബാഷ്പകണങ്ങളൊഴുക്കി, ശരീരം മുഴുവൻ കീഴ്പ്പെടുത്തി, മുഖം മണ്ണിലമർത്തി കരയുന്നവനായിട്ടാണ് ഞാൻ ചോദിക്കുന്നത്; നാഥാ! നിന്നോടുള്ള എൻെറ പ്രാർത്ഥനയിൽ നീ എന്നെ നിരാശനാക്കരുതേ; ചോദിക്കപ്പെടാൻ തരപ്പെട്ടവരിലും ദാതാക്കളിലും ഉത്തമനും ഉന്നതനുമായ അല്ലാഹുവേ! എനിക്ക് കൃപ ചെയ്യേണമേ; എന്നോട് കരുണ കാട്ടേണമേ.''

ഹനഫീ കർമ്മശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഐഛരിക (സുന്നത്ത്) നമസ്കാരങ്ങളിൽ മാത്രമേ ഇത്തരത്തിലുള്ള പ്രാർത്ഥന നിർവ്വഹിക്കാൻ പാടുള്ളൂ. നിർബ്ബന്ധനമസ്കാരങ്ങളിൽ سبحان ربى الاعلى എന്നു മാത്രമേ പ്രാർത്ഥിക്കാവൂ. എന്നാൽ ശാഫികളും ഹദീസ്പണ്ഡിതന്മാരും ഈ അഭിപ്രായത്തിനെതിരാണ്. ഈ സുജൂദിൻെറ ശക്തിയും, മഹത്വവും ഘനഗംഭീരങ്ങളാണ്. ഭീമാകാരങ്ങളായ ഗിരിനിരകൾ അതിൻെറ മുമ്പിൽ ചഞ്ചലമായിട്ടുണ്ട്. അഹങ്കാരികളും, ധിക്കാ

---

عليك شيىء من أمرى وانا البائس الفقير المستغيث المستجير والوجل المشفق المقر المعترف بذنبى- اسألك مسألة المسكين والمبتهل اليك ابتهال المذنب الذليل وادعوك دعاء الخائف الضرير ودعاء من خضعت لك رقبته وفاضت لك عبرته وذل لك جسمه ورغم لك انفه

www.abulhasanalinadwi.org

രികളുമായ ഏകാധിപതികരം അതുകണ്ട് അന്ധാളിച്ചിട്ടുണ്ട്. ഈ സമുദായത്തിൻെറ ധീരോദാത്തമായ സമരങ്ങളിലും തീഷ്ണ പരീക്ഷണങ്ങളിലും ഭക്തിപൂർണ്ണമായ ഈ സുജൂദ് മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. ഇസ്ലാമിൻെറ സംഭവബഹുലമായ ചരിത്രത്തിൽ അത്തരം കഥകരം നീണ്ടുകിടക്കുന്നു. എത്രയോ തവണ അത് സമുദായത്തിൻെറ ഭാഗധേയവും, ചരിത്രത്തിൻെറ ഗതിയും നിയന്ത്രിച്ചു. പരാജയത്തിൻെറ പാതാളത്തിൽ നിപതിക്കുന്ന ഘട്ടത്തിലും വിജയത്തിൻെറ വെന്നിക്കൊടി പാറിച്ചു. അങ്ങനെ 'ഉമ്മത്തി'ന് ആത്മപ്രഹർഷവും മാനസികോല്ലർഷവും പ്രദാനംചെയ്തു.

## നബി (സ) ക്കുവേണ്ടിയുള്ള പ്രാർത്ഥനയും അതിൻെറ രഹസ്യവും

ഇങ്ങനെ നമസ്കരിക്കുന്നവൻ 'ഖിയാമും', 'റുകൂഉം', 'സുജൂദും', മററു ഘടകങ്ങളും ആവർത്തിച്ചാവർത്തിച്ച്, നമസ്കാരത്തിലെ അവസാനത്തെ ഇരുത്തംവരെ കഴിച്ചുകൂട്ടുന്നു; അതെല്ലാം കഴിഞ്ഞശേഷം പ്രസ്തുത ഇരുത്തത്തിൽ 'തശഹ്ഹുദ്' നിർവ്വഹിക്കുന്നു; അനന്തരം നബി (സ)ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടവൻ പറയുന്നു:

'' ഓ പ്രവാചകരേ, അങ്ങയിൽ അല്ലാഹുവിൻെറ രക്ഷയും, കരുണയും, അനുഗ്രഹങ്ങളും വർഷിക്കട്ടെ. '' തുടന്ന് കരുണാകടാക്ഷങ്ങളും അനുഗ്രഹാശിസ്സുകളും പ്രവാചകനിലും അവിടുത്തെ സന്തതസഹചാരികളിലും ശാശ്വതമായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു:

'' അല്ലാഹുവേ! ഇബ്രാഹീംനബി (അ)ക്കും, അവിടുത്തെ കുടുംബത്തിനും നീ ഗുണം ചെയ്തതുപോലെ മുഹമ്മദ്നബി (സ)

---

السلام عليك ايها النبي ورحمة الله وبركاته

اللهم صل على محمد وعلى آل محمد كما صليت على ابراهيم وعلى آل ابراهيم انك حميد مجيد

www.abulhasanalinadwi.org

ക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ശ്രേഷ്ഠനുമാകുന്നു.''

എല്ലാ കാലത്തും സൃഷ്ടികൾക്ക് സ്രഷ്ടാവിൽനിന്ന് സന്മാർഗ്ഗം എത്തിച്ചുകൊടുക്കാൻ മദ്ധ്യവർത്തികളായി വർത്തിച്ചത് പ്രവാചകന്മാരാണ്. ദൈവത്തെക്കുറിച്ചും, അവന്റെ ഗുണവിശേഷങ്ങളെക്കുറിച്ചും ശരിയായ അറിവ് മാനവതയ്ക്കു കൈവന്നതും അവരിലൂടെ മാത്രമാണ്. അങ്ങനെ അവർമുഖേന മാനവസമൂഹം സത്യവിശ്വാസം, സല്കർമ്മം, സദാചാരം തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി. ഈ കാരണത്താൽ സ്വർഗ്ഗാവകാശികൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമ്പോൾ

'' നമുക്ക് ഇതിലേക്ക് മാർഗ്ഗദർശനം നല്കിയ അല്ലാഹുവിന്ന് സർവ്വ സ്തോത്രവും; അല്ലാഹു ഇതിലേക്ക് നമ്മെ വഴികാട്ടിയില്ലായിരുന്നെങ്കിൽ നാമൊരിക്കലും സ്വയം സത്യപാത കണ്ടെത്തുമായിരുന്നില്ല '' എന്ന് പറഞ്ഞ് അല്ലാഹുവിനെ വാഴ്ത്തുന്നതോടൊപ്പം വാചകം നിർത്താതെ ഇത്രയുംകൂടി പറയുന്നു:

'' തീർച്ചയായും നമ്മുടെ നാഥന്റെ ദൂതന്മാർ സത്യവുമായി വന്നിരുന്നു. ''

അവർ ഈ പറഞ്ഞതിന്റെ പൊരുൾ മറ്റൊന്നുമല്ല, തങ്ങൾക്ക് സന്മാർഗ്ഗം പ്രാപിക്കുവാനുള്ള ഹേതുവും കാര്യകാരണബന്ധവും ഈ പ്രവാചകന്മാരായിരുന്നു; ഇഹലോകത്തിലെ അജ്ഞതാന്ധകാരത്തിൽനിന്നും, ക്ലേശഭൂയിഷ്ഠമായ പരലോക ശിക്ഷയിൽനിന്നും മോചനം ലഭിച്ചത് അവരുടെമാത്രം കരങ്ങളിലൂടെയാണ്. ഈ ജനതതിയെ മുഴുവൻ ശിക്ഷണശീലനവും, പരിഷ്കരണ–സംസ്കരണവും ശീലിപ്പിക്കാൻ അവർ അനുഭവിച്ച തീഷ്ണപരീക്ഷണങ്ങളും കയ്പേറിയ ജീവിതവും

---

الحمد لله الذى هدانا لهذا وما كنا لنهتدى لولا ان هدانا الله
(الاعراف)

لقد جاءت رسل ربنا بالحق (الاعراف: ٤٣)

www.abulhasanalinadwi.org

അവർണ്ണനീയമാണ്. അപ്പ്ണമനോഭാവത്തോടെ അവർ മുന്നേറിയപ്പോൾ കിരാതമായ മർദ്ദനങ്ങളും കഠിനമായ യാതനകളും സഹിക്കേണ്ടിവന്നു. അതിന്റെ ഫലമായി മാനവർ പാപപങ്കിലതയിൽനിന്ന് പാപമോചനത്തിലേക്കും, ബഹുദൈവാരാധനയിൽനിന്ന് ഏകദൈവാരാധനയിലേക്കും കടന്നുവന്നു. ദുരാചാരങ്ങളിൽനിന്ന് സദാചാരങ്ങളിലേക്ക് നീങ്ങി. അങ്ങനെ ആ ഭക്തജനങ്ങളുടെ ഹൃദയാന്തരാളങ്ങളിൽനിന്ന് അചിന്ത്യമായി നിർഗ്ഗളിക്കുന്ന, നിഷ്കളങ്കമായ അഭിനന്ദനങ്ങൾക്കും, കൃതജ്ഞതകൾക്കും ഈ പ്രവാചകന്മാർ തികച്ചും അർഹരും അവകാശികളുമാണെന്നു വന്നു. അപ്പോൾ ഈ സമയത്ത് തങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നമസ്കാരവും യഥാർത്ഥത്തിൽ ആ ദൂതന്മാർ സഹിച്ച അനവധി ത്യാഗോജ്ജ്വലപ്രവർത്തനങ്ങളുടെ ഫലമാണ്. അതിനാൽ ശുദ്ധരിൽ ശുദ്ധരും, നല്ലവരിൽ നല്ലവരുമായ ആ മാതൃകാമനുഷ്യന്മാരുടെ കൂടി രക്ഷക്കുവേണ്ടി ഈ നമസ്കാരത്തിൽ പ്രാർത്ഥിക്കാം; അത അവരുടെ അവകാശമാണ്.

തബ്ലീഗ്, (പ്രബോധനം) സ്വലാത്ത്, (പ്രാർത്ഥന) ജിഹാദ് (ത്യാഗം) എന്നീ മാർഗ്ഗങ്ങളിലൂടെ നബി (സ) ക്ക് കൈവന്ന സ്ഥാനവും പദവിയും മററാക്കും ലഭിച്ചിട്ടില്ല. മുഹമ്മദ്മുസ്തഫാ (സ) തൗഹീദിന്റെ ദീപശിഖയുമായി പ്രബോധനമാർഗ്ഗത്തിലിറങ്ങിയപ്പോൾ ഭൂമുഖത്ത് അല്ലാഹുവിൽ പങ്കുചേർക്കാതെ 'ഇബാദത്ത്' ചെയ്യുന്ന വ്യക്തികൾ അംഗുലീപരിമിതരായിരുന്നു. അറേബ്യൻ അർദ്ധദ്വീപിൽ പ്രവാചകനായി അദ്ദേഹം നിയോഗിക്കപ്പെട്ട സ്ഥലത്ത് അവനെമാത്രം ആരാധിക്കുന്ന ആരുംതന്നെയില്ലായിരുന്നു. അല്ലാഹുവിന്റെ മുമ്പിൽമാത്രം തലകുനിക്കുകയും, മണ്ണിൽ മുഖമമർത്തുകയും ചെയ്യുന്ന വ്യക്തികളില്ലാത്ത ഒരു വരണ്ട മരുപ്രദേശം! ജനങ്ങൾ ശിർക്കിൽ എത്ര അധഃപതിച്ചു എന്നത് അളക്കുവാൻ താഴെ പറയുന്ന ഒരൊററ സംഭവം മതി. ഈ ഭൂമിയിൽ ദൈവാരാധനക്കായി സ്ഥാപിതമായ ആദ്യത്തെ ആദരണീയമന്ദിരമാണ് പരിശുദ്ധ കഅ്ബഃ. തൗഹീദിന്റെ (ഏകദൈവവിശ്വാസം) ഏററവും വലിയ തേജോഗോളവും, പ്രകാശസ്രോതസ്സുമായിരുന്ന വിശുദ്ധകഅ്ബയിൽ മുന്നൂററുപത് വിഗ്രഹങ്ങളുണ്ടായിരുന്നു. ജാഹിലിയ്യാകാലക്കാരുടെ നമസ്കാരാ

www.abulhasanalinadwi.org

രാധനകളിൽ പ്രധാന ഘടകം ഹർഷാരവങ്ങളും ചൂളംവിളിയുമായിരുന്നു.

'' വിശുദ്ധ ഗേഹത്തിന് സമീപം അവർ നിർവ്വഹിച്ചിരുന്ന നമസ്കാരം കയ്യടികളും ചൂളംവിളിയുമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ''

ഇങ്ങനെയുള്ള ചുറ്റുപാടിലാണ് നബി (സ) തൗഹീദിന്റെ ദീപനാളവുമായി ഉദയംചെയ്തത്. എന്നാൽ അവിടുന്ന് ഈ ലോകത്തോട് വിടപറയുമ്പോഴെന്തായിരുന്നു അവസ്ഥ ? ദിവ്യസന്ദേശത്തിന്റെ മാർഗ്ഗത്തിൽ നിതാന്തപരിശ്രമഫലമായി നയനാനന്ദകരമായ കാഴ്ച കണ്ടുകൊണ്ടാണ് നബി (സ) ഇഹലോകവാസം വെടിഞ്ഞത്. അറേബ്യൻ ഉപദ്വീപിൽ മുഴുവനും ഇസ്ലാമാകുന്ന വടവൃക്ഷം പടർന്നുപന്തലിച്ചു നില്ക്കുന്നതും, ഫലങ്ങളും കായ്കനികളും നൽകുന്നതും പ്രവാചകൻ കണ്ടു. ഇസ്ലാമിലേക്ക് തിരമാലകൾപോലെ ജനങ്ങൾ കൂട്ടംകൂട്ടമായി ഇരമ്പിക്കയറുന്ന കാഴ്ച ! അല്ലാഹു പറയുന്നു:

'' ജനങ്ങൾ അല്ലാഹുവിന്റെ ദീനിൽ കൂട്ടംകൂട്ടമായി പ്രവേശിച്ചുകൊണ്ടിരിക്കുന്നതായി നീ കാണുകയും ചെയ്തു.'' അറേബ്യയുടെ മുക്കിലും മൂലയിലും പള്ളികളുയർന്നുവന്നു. അതിന്റെ വൈജയന്തികൾ പാറിക്കളിച്ചു. ഗ്രാമ–ഗ്രാമാന്തരങ്ങളിലും, നഗര–നഗരാന്തരങ്ങളിലും ബാങ്കിന്റെ അലയൊലികൾ പ്രകമ്പനം സൃഷ്ടിച്ചു. നമസ്കാരത്തിനുവേണ്ടി പള്ളികളിലേക്കുള്ള ജനങ്ങളുടെ പ്രവാഹവും തിക്കും തിരക്കും അവിടുന്ന് നേരിട്ട് ദർശിച്ചു. നമസ്കാരത്തിന് നേതൃത്വംകൊടുക്കാൻ പറ്റാത്ത വിധത്തിൽ അവിടുന്ന് രോഗശയ്യയിലായി; അപ്പോഴും പള്ളിയിൽ നമസ്കാരത്തിനുവേണ്ടിയുള്ള ഉത്സാഹവും ഉണർവും ആഹ്ലാദവും അലതല്ലുകയാണ്. എന്നാൽ ഇന്ന് ലോകത്തിന്റെ നാനാഭാഗത്തുമുള്ള കോടിക്കണക്കിന് മുസ്ലിംകൾ നിർവ്വഹിക്കുന്ന ഈ നമസ്കാരം അവരുടെ കരങ്ങളിൽ ഇതേ

---

وما كان صلاتهم عند البيت الامكاء وتصدية (الانفال : ٣٥)

ورأيت الناس يدخلون فى دين الله افواجا (النصر: ٢)

www.abulhasanalinadwi.org

ശ്രുപത്തിൽ എത്തിക്കുവാൻ തിരുമേനി (സ) ത്യാഗത്തിൻെറ തീച്ചൂളയിൽ വെന്തുരുകേണ്ടി വന്നു. അവിടത്തെ കഠിനമായ ത്യാഗത്തിൻേറയും പരീക്ഷണത്തിൻേറയും ഫലവും ഉപഹാരവും മാത്രമാണ് ഈ നമസ്കാരം. അല്ലാമാ ഇഖ്ബാൽ അത് സുന്ദരമായ ശൈലിയിൽ വർണ്ണിക്കുകയുണ്ടായി.

ബഹാർ അബ് ദുനിയാമേം ആയീ ഹുയീ ഹൈ
യെഃ സബ് പൗദേ ഉഹ്നീ കീ ലഗായീ ഹുയീ ഹൈ.

''ഇന്നിവിടെ നാം കാണും പുഷ്പങ്ങളെല്ലാം
നട്ടവളർത്തീതാ തിരുദൂതർ തന്നെ;
അതുമൂലം വന്നു വസന്തമിവിടെ–
ഭുവനർക്കു നൽകുവാൻ സുമന്ദഹാസം.''

ഇതിന്നുംപുറമെ നമസ്കരിക്കുന്ന ഒരു വ്യക്തി നബി(സ) ക്കുവേണ്ടി പ്രാർത്ഥിക്കുന്നത് മുഖേന അവൻ പാപമായ ശിർക്കിൽനിന്ന് മോചനം നേടണമെന്ന ഒരു ഉദ്ദേശ്യംകൂടി അതിൽ കാണാം. തൻെറ പ്രവാചകന് ''കാരുണ്യവും അനുഗ്രഹവും വർഷിക്കേണമേ നാഥാ!'' എന്ന് ഒരാറം പ്രാർത്ഥിക്കുന്നുവെന്നിരിക്കട്ടെ; എന്നാൽ എത്ര ഉയർന്ന വ്യക്തിയായാലും ശക്തിയായാലും ശരി, അല്ലാഹുവിൻെറ അനുഗ്രഹവും കടാക്ഷവും കൂടാതെ കഴിയുകയില്ലാ എന്ന വിശ്വാസം അവനിൽ ശ്രുഢമൂലമാകുന്നു; അവൻ പ്രവാചകനോടല്ല പ്രാർത്ഥിക്കുന്നത്; ഇവിടെ അവൻ ഇസ്ലാമിൻെറ കാതലായ ഒരു വശം മനസ്സിലാക്കുന്നു: നബി (സ) അല്ലാഹുവിൻെറ റസൂലാണ്; ലോകാനുഗ്രഹിയായി അയക്കപ്പെട്ട പ്രവാചകനാണ്; സർവ്വ ജനതയുടെയും നേതാവാണ്; പക്ഷെ ആ പ്രവാചകനുപോലും അല്ലാഹുവിൻെറ അനുഗ്രഹവും, കൃപയും, ഔദാര്യവും, ഉപഹാരവും, ബഹുമാനവും, പാപമോചനവുമെല്ലാം കിട്ടണം; അല്ലാഹുമാത്രം നല്കുന്ന പ്രസ്തുത കാര്യങ്ങറം മറ്റൊരാറക്കും നൽകാൻ കഴിയുകയില്ല; അതിനാൽ എല്ലാ മുസ്ലിംകളോടും അവിടത്തേക്കുവേണ്ടി പ്രാർത്ഥിക്കാൻ അല്ലാഹു കൽപിച്ചു; ഖുർആൻെറ വരികറം നോക്കുക:

''നിശ്ചയം, അല്ലാഹുവും അവൻെറ മലക്കുകളും പ്രവാചകന് കരുണ വർഷിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങളും

www.abulhasanalinadwi.org

അവിടത്തേക്കുവേണ്ടി പ്രാർത്ഥിക്കുക; നല്ല രീതിയിൽ സലാം പറയുകയും ചെയ്യുക.'' അതിനുംപുറമെ നബി (സ) പറയുന്നു: ''ഈ എനിക്കും സ്വലാത്തും, സലാമും ലഭിക്കുവാൻവേണ്ടി നിങ്ങൾ സദാ പ്രാർത്ഥിക്കുക.'' ഇക്കാര്യം 'മുതവാതിറി'ന്റെ പരിധിയോളം ഉയർന്ന ധാരാളം ഹദീസുകളിൽ നമുക്ക് കാണാം: [നബി (സ) ക്ക് സലാത്തും സലാമും ചൊല്ലുന്നതിന്റെ തത്വവും യുക്തിയും അല്ലാമാ ഇബ്നുഖയ്യിം തന്റെ

جلاء الابهام فى الصلاة والسـلام على خير الانام

എന്ന ഗ്രന്ഥത്തിൽ സുദീർഘമായി ചർച്ച ചെയ്തിട്ടുണ്ട്.] ചുരുക്കിപറഞ്ഞാൽ, സൃഷ്ടികളിൽ പരമോൽകൃഷ്ടനായ പ്രവാചകനുപോലും അല്ലാഹുവിന്റെ ഔദാര്യത്തിനുവേണ്ടി അവനോടുതന്നെ കേണപേക്ഷിക്കണമെന്ന് തന്റെ സമുദായത്തോട് കല്പിച്ചിരിക്കുന്നു; എന്നു വരുമ്പോൾ മററുള്ളവരുടെ സ്ഥിതി പറയാനെന്തിരിക്കുന്നു ?

## നമസ്കാരം മുസൽമാന് സ്വാശ്രയബോധവും സ്വസമുദായത്തിൽ സ്ഥാനവും നൽകുന്നു

സ്തോത്രവും പ്രകീർത്തനവും മുഖേന അല്ലാഹുവിനോടുള്ള കടമയും, അവനോടുതന്നെയുള്ള പ്രാർത്ഥനയും കൃപാകടാക്ഷവും മുഖേന പ്രവാചകനോടുള്ള ബാദ്ധ്യതയും നിറവേററിയ ഒരു നമസ്കാരക്കാരന് 'സലാമി (രക്ഷ) ൽനിന്ന് സ്വന്തമായി ലഭിക്കേണ്ട അവകാശംകൂടി അവശേഷിക്കുന്നു. പ്രസ്തുത 'സലാം' (രക്ഷ) അവനെ സംബന്ധിച്ചേടത്തോളം അത്യാവശ്യവും അത്യാർത്തിയുമുള്ള ഒന്നാണ്. അത് ഇസ്ലാമിന്റെ ചിഹ്നവും മുസ്ലിംകളുടെ അഭിവാദനവചനവുമാകുന്നു; അതിനാൽ നമസ്കരിക്കുന്നവൻ തുടർന്നുകൊണ്ട് പറയുന്നതിതാണ്:

'' അല്ലാഹുവിന്റെ രക്ഷ നമുക്കും അവന്റെ മററു നല്ലവരായ ദാസന്മാർക്കുമുണ്ടായിരിക്കട്ടെ.''

---

ان الله وملائكته يصلون على النبى يا ايها الذين آمنوا صلوا عليه وسلموا تسليما (الاحزاب : ٥٦)

السـلام علينا وعلى عباد الله الصالحين

www.abulhasanalinadwi.org

ഈ വചനംമൂലം അവന് തന്റെ സമൂഹത്തിലുള്ള സ്ഥാനവും അവനംഗംകൊള്ളുന്ന പാർട്ടിയും വ്യക്തമായി. എക്കാലത്തും, എവിടെയും അവൻ അല്ലാഹുവിന്റെ സജ്ജനങ്ങളുടെയും, സദാചാരനിഷ്ഠരുടെയും, സൽസ്വഭാവികളുടെയുംകൂടെയാണ്. സാഹോദര്യത്തിലും, സമാധാനത്തിലും, സത്യമതത്തിലും താനും തന്റെ സമുദായവും തുല്യമാണ്; എല്ലാം അവരോടൊത്ത് സമമായി പങ്കിട്ടെടുക്കുന്നു; ഈ സമഭാവനയും, സമത്വചിന്താഗതിയും, സമ്പൂർണ്ണ സമാധാനകാംക്ഷയും മുഖേന അവനിൽ പ്രതീക്ഷയും പ്രത്യാശയും വളർന്നുവരുന്നു; സ്വാശ്രയബോധവും ആത്മോൽക്കർഷവും ഉദയം ചെയ്യുന്നു; നിരാശ എന്തെന്നവനറിയാതെ വരുന്നു. ആധുനികമനഃശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനപ്രകാരമുള്ള അപകർഷതാബോധവും അധമമനഃസ്ഥിതിയും അപ്രത്യക്ഷമാകും. കാരണമെന്തെന്നല്ലേ ? അവൻ സമൂഹത്തിലെ ഉത്തമരും ഉൽകൃഷ്ടരുമായ സജ്ജനങ്ങളോട് ഒത്തുചേരുകയും സമ്മേളിക്കുകയും ചെയ്യുന്നു. അങ്ങിനെ അവനിൽ ഉൽകൃഷ്ടചിന്തകൾ ഉദിക്കുന്നു:

'' അല്ലാഹുവിന്റെ പാർട്ടി അവരാണ്; അറിയുക, അല്ലാഹുവിന്റെ പാർട്ടി ആരാണോ അവർതന്നെയാണ് വിജയികൾ.'' അചിരേണ അവൻ സ്വശരീരത്തിന്റെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു; നരകശിക്ഷയിൽനിന്നും, ഖബറിലെ ഭയാനകതയിൽനിന്നും രക്ഷതേടുന്നു; ജീവിതത്തിലേയും മരണത്തിലേയും പരീക്ഷണങ്ങളിൽനിന്നും, മസീഹുദ്ദജ്ജാലിന്റെ ഫിത്നയിൽനിന്നും അഭയംതേടുന്നു. ഇത്തരം കാര്യങ്ങളിൽ അല്ലാഹുവിനോട് അഭയം തേടൽ ഏതൊരു മുസൽമാന്റെയും കടമയാണ്. നബി (സ) പറഞ്ഞതായി ഹദീസുകളിൽ കാണാം:

''നൂഹ്നബി (അ)ക്കുശേഷം വന്ന യാതൊരു പ്രവാചകനും തന്റെ ജനതയോട് ദജ്ജാലിനെക്കുറിച്ച് മുന്നറിയിപ്പ് ന

---

اولئك حزب الله الا ان حزب الله هم الغالبون (المجادلة : ٢٢)

انه لم يكن نبيّ بعد نوح الا قد انذر الدجال قومه وانى انذركموه

www.abulhasanalinadwi.org

ല്ലാതിരുന്നിട്ടില്ല; അതിനാൽ ഞാനും നിങ്ങളോടവനെക്കുറി. ച്ച് താക്കീത് നല്കുന്നു.''

[ദജ്ജാലിനെകുറിച്ചും അവന്റെ 'ഫിത്നഃ'യെകുറിച്ചും تأملات في القرآن എന്ന എന്റെ സൂറത്തുൽ കഹ്ഫിന്റെ വ്യാഖ്യാനത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.]

## നമസ്കാരത്തിന്റെ ശുഭാന്ത്യം

ഒരു നമസ്കാരം പ്രതിഫലാർഹമാകണമെങ്കിൽ എന്തെന്ത് നിബന്ധനകളുണ്ടോ അതെല്ലാം പൂർത്തിയാക്കി; കടമകളും ബാദ്ധ്യതകളും പരിപൂർണ്ണമായി നിർവ്വഹിച്ചു; അനന്തരം അതിന്റെ അവസാനത്തിൽ നമസ്കരിക്കുന്നവൻ, അതിൽ, താനറിയാതെ വന്നുപോയ തെറ്റുകൾകൂടി സമ്മതിച്ചു പറയുകയാണെന്ന് തോന്നിപ്പോകുന്നു. യഥാർത്ഥത്തിൽ നമസ്കാരത്തിന്റെ അവസാനത്തിൽ ചെയ്യുവാൻ കല്പിക്കപ്പെട്ട പ്രാർത്ഥനകൾ അതാണ് സൂചിപ്പിക്കുന്നത്. 'ഞങ്ങൾ നിന്നെ ആരാധിക്കേണ്ട മുറപ്രകാരം ആരാധിച്ചിട്ടില്ല' എന്നാണ് പ്രസ്തുത പ്രാർത്ഥനയുടെ സാഹചര്യഭാഷ. ഈ സമുദായത്തിലെ ഏറ്റവും ഉത്തമനായ അബൂബക്കർസിദ്ദീഖ് (റ) ന് പ്രവാചകൻ പഠിപ്പിച്ചുകൊടുത്തതാണ് പ്രസ്തുത പ്രാർത്ഥന:

'' അല്ലാഹുവേ! ഞാനെന്റെ ആത്മാവിനോട് അത്യധികം അക്രമം ചെയ്തിരിക്കുന്നു; പാപങ്ങൾ പൊറുത്തുതരുന്നവൻ നീ മാത്രമാണ്; അതിനാൽ നിന്റേതായ പാപമോചനം എനിക്ക് നല്കേണമേ; നിശ്ചയം നീ പരമകാരുണികനും, പരിധിയില്ലാതെ പാപങ്ങൾ പൊറുക്കുന്നവനുമാണ്. ''

ഇങ്ങനെ അതിമഹത്തായ ഈ ആരാധനയുടെ പര്യവ

---

رواه الترمذی وابوداود عن ابی عبیدة الجراح

اللهم انی ظلمت نفسی ظلما کثیرا ولا یغفر الذنوب الا انت فاغفرلی مغفرة من عندك انك انت الغفور الرحیم (صحیح البخاری)

www.abulhasanalinadwi.org

സാനം അതിൽ വന്നുപോയ തെററുകളും കുററങ്ങളും ഏററുപറഞ്ഞുകൊണ്ടാണ്. ഏതു് പ്രവൎത്തനങ്ങളുടെയും പരിസമാപ്തി ഈ രൂപത്തിലായിരിക്കലാണ് ഏററവും ഉചിതമായ ഭാഷയും ഉത്തമമായ മാൎഗ്ഗവും.

നോക്കുക, അവൻ നമസ്കാരത്തിൽനിന്ന് പുറത്തു കടക്കുമ്പോൾ ഏതോ ബന്ധനങ്ങൾ ഭേദിച്ച് പുറത്തു വരുന്ന പ്രതീതിയല്ല; ആരുടേയോ അക്രമങ്ങളിലും ചങ്ങലകളിലുമായിരുന്നു; സ്വാതന്ത്ര്യമുണ്ടായിരുന്നില്ല; ഇപ്പോൾ അതെല്ലാം പൊട്ടിച്ചെറിഞ്ഞ് സ്വച്ഛന്ദമായി സ്വാതന്ത്ര്യത്തിൻെറ വായു ശ്വസിക്കാൻ കഴിഞ്ഞു എന്ന ഒരു തോന്നലല്ലാ അവന്. മറിച്ച് സുന്ദരവും, സ്വച്ഛവും, ശാന്തവും, ശുഭോദൎക്കവുമായ ശൈലിയിൽ നമസ്കാരത്തിൽനിന്ന് പിരിയുന്നു. ഇരുപാൎശ്വങ്ങളിലേക്കും മുഖം തിരിച്ചുകൊണ്ട് തൻെറകൂടെ 'ജമാഅത്തി'ൽ പങ്കെടുത്തവൎക്കും, മുഴുവൻ മുസ്ലിംകൾക്കും, മലക്കുകൾക്കും, അവിടെ സന്നിഹിതരായവൎക്കെല്ലാം 'സലാം' പറയുന്നു:

"അല്ലാഹുവിൻെറ രക്ഷയും, കാരുണ്യവും, അനുഗ്രഹവും നിങ്ങളിൽ വൎഷിക്കട്ടെ." അവൻ വേറെ ഏതോ ഒരു ലോകത്തായിരുന്നു; ഇവിടെ ഈ ലോകവുമായി യാതൊരു ബന്ധവുമില്ലായിരുന്നു; ഇപ്പോൾ ഇതാ പൂൎവ്വ സ്ഥിതിയിലും, പൂൎവ്വ സ്ഥലത്തും മടങ്ങിവന്നിരിക്കയാണ്; ദീൎഘകാല വിരഹത്തിനുശേഷം കണ്ടുമുട്ടുന്ന പ്രതീതിയോടെ സമീപത്തുള്ളവൎക്കും സഹവാസികൾക്കും അവൻ 'സലാം' പറയുന്നു; ഒരു സുദീൎഘ യാത്ര കഴിഞ്ഞുവന്ന ആചാരമര്യാദയാണ് അവിടെ കാണാൻ കഴിയുന്നത്.

## ശിൎക്കിൽനിന്നും ജാഹിലിയ്യത്തിൽനിന്നും മുക്തി

ആത്മാൎത്ഥതയോടും, ഭയഭക്തിയോടുംകൂടി നിൎവ്വഹിക്കപ്പെടുന്ന നമസ്കാരം അല്ലാഹുവല്ലാത്തവൎക്കുള്ള അടിമത്തത്തിൽനിന്ന് അവന് മോചനം കൊടുക്കുന്നു. ഇപ്പറഞ്ഞത് അന്ത

---

السلام عليكم ورحمة الله وبركاته

www.abulhasanalinadwi.org

സ്സുത്തയും, ബാഹ്യരൂപങ്ങളും, സമയവും, ചിട്ടകളുമെല്ലാം പരിഗണിച്ച നമസ്കാരത്തെക്കുറിച്ചാണ്. കാരണം, ഈ രണ്ടു അടിമത്തങ്ങളിലും വ്യക്തമായ വ്യത്യാസങ്ങൾ കാണാം. ബഹുദൈവസങ്കൽപം, ബിംബാരാധന, അന്ധവിശ്വാസം തുടങ്ങിയവയാണ് അല്ലാഹു അല്ലാത്തവർക്കുള്ള ഇബാദത്തി (ആരാധന)ന്റെ ബാഹ്യലക്ഷണം; അധികാരികൾ, രാജാക്കന്മാർ, ധനാഢ്യർ തുടങ്ങിയവരോടുള്ള ഭയ-വിധേയത്വമാണ് അല്ലാഹു അല്ലാത്തവർക്കുള്ള ഉബൂദിയത്തിന്റെ (അടിമത്തം) ബാഹ്യലക്ഷണം; അവരിൽനിന്ന് ഉപകാരമോ ഉപദ്രവമോ പ്രതീക്ഷിക്കുകയും, അക്രമത്തിലും അനീതിയിലും അടിച്ചമർത്തലിലും അവർക്ക് കൂട്ടുനിൽക്കുകയും ചെയ്യും; ഏതു മാർഗ്ഗത്തിലൂടെയും ഇവർ അവരോട് ഒട്ടിനിൽക്കുകയും അവർക്ക് 'റാൻ മൂളുകയും ചെയ്യും; വിശ്വാസവും മനഃസാക്ഷിയും അവരുടെ പ്രീതിക്ക് ബലിയർപ്പിക്കും; അപ്പോൾ ഒരു യഥാർത്ഥ നമസ്കാരക്കാരനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്നും, അവനല്ലാത്തവർക്കുമുള്ള ഇബാദത്തും', (ആരാധന), 'ഉബൂദിയത്തും' (അടിമത്തം), ഒരുമിച്ചുകൂട്ടുക പ്രയാസകരമാണ്; ആദ്യകാലരാജാക്കന്മാരുടെ കാലത്തും ആധുനിക ജനാധിപത്യയുഗത്തിലും ഇതിന്ന് വേണ്ടത്ര ഉദാഹരണങ്ങൾ നമുക്ക് കണ്ടെത്താം.

ദൈവേതരർക്കുള്ള ആരാധനയും, 'അടിമത്ത'വും നമസ്കാരത്തിലെ പ്രാർത്ഥനകളോടും പ്രതിജ്ഞകളോടും തികഞ്ഞ വിയോജിപ്പ് പ്രകടിപ്പിക്കുന്നു; ആദ്യമായി അതിൽ പറയുന്ന വചനം الله أكبر "അല്ലാഹുവാണ് ഏറ്റവും വലിയവൻ" എന്നതാണല്ലോ. മറ്റാരും തന്റെ ജീവിതത്തിൽ അല്ലാഹുവിനേക്കാൾ വലിയവരായിട്ടില്ലെന്ന് ആ വചനം അറിയിക്കുന്നു. അതിനുശേഷം "സർവ്വ സ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു." الحمد لله رب العالمين എന്നാണ് പറയുന്നത്; അല്ലാഹുവല്ലാത്തവരോടുള്ള 'അടിമത്തം' കടകവിരുദ്ധമായി വരുന്നു. എന്തെന്നാൽ അതോടെ അല്ലാഹുവിനെ കൂടാതെ അവന്ന് റബ്ബ് ഇല്ലെന്നും, സ്തുതികൾ അഖിലവും അല്ലാഹുവിന്നു മാത്രമാണെന്നും വന്നുകഴിഞ്ഞു. അല്ലാഹുവല്ലാത്തവരോടുള്ള ആരാധനയും

www.abulhasanalinadwi.org

അർത്ഥനയും നമസ്കരിക്കുന്നവൻെറ വാക്കായ ''നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട്മാത്രം ഞങ്ങൾ സഹായം തേടുന്നു'' എന്നതിനും എതിരാണ്; കാരണം ആ വചനത്തോടെ അല്ലാഹുവല്ലാത്തവർക്ക് 'ഇബാദത്തി'ല്ലെന്നും, സഹായാർത്ഥന അവനോട് മാത്രമാണെന്നും വന്നു. ഇനി അവൻെറ പ്രവൃത്തികൾ നോക്കു! അല്ലാഹുവിൻെറ മുമ്പിൽ പ്രണമിക്കുകയും സാഷ്ടാംഗം ചെയ്യുകയുമാണ്. അതിൻെറ അർത്ഥം ശാരീരികവും, മാനസികവും, ബാഹ്യവും, ആന്തരീകവുമായ എല്ലാ 'റുകൂഉം', (നമിക്കൽ) 'സുജൂദും' (സാഷ്ടാംഗം) അല്ലാഹുവല്ലാത്ത മററാർക്കുമില്ല എന്നതാണ്. അങ്ങനെ വരുമ്പോൾ ഇതേ രൂപത്തിൽ നമസ്കാരം നിർവ്വഹിക്കുന്നവൻ എല്ലാ രാജാക്കന്മാരുടെയും, അധികാരഗർവ്വിഷ്ഠരുടെയും, സ്വേച്ഛാധിപതികളുടെയും മുമ്പിൽ സത്യം തുറന്ന് പ്രഖ്യാപിക്കാൻ ധൈര്യമുള്ളവനായിരിക്കും. അക്രമത്തിൽനിന്നും പാപങ്ങളിൽനിന്നും ബഹുദൂരം അകന്നവനായിരിക്കും.

---

ایاك نعبد وایاك نستعین

അടുത്ത കാലത്തുപോലും നടന്ന ഒരു അസാധാരണ സംഭവകഥ ഇതിനു തെളിവായി ഞാനുദ്ധരിക്കാം:

ഹ: സയ്യിദ് അഹമ്മദ് ശഹീദിൻെറ സന്തതസഹചാരികളിൽപെട്ട ഒരു വൃദ്ധനായ മനുഷ്യൻെറ കഥയാണിത്; ''ഒരവസരത്തിൽ ആ മനുഷ്യന്നൊരു രോഗം പിടിപെട്ടു; വളരെക്കാലം പഴക്കം ചെന്ന രോഗത്താൽ പരിക്ഷീണനും പരവശനുമായിരുന്നു അദ്ദേഹം; അങ്ങനെ ഒരു ഡോക്ടറെ കാണാൻ തീരുമാനിച്ചു; ഡോക്ടർ നാഴികകൾക്കപ്പുറം താമസിക്കുന്ന ഒരു മുസ്ലിമാണ്; വളരെ ക്ലേശിച്ചും കഷ്ടപ്പെട്ടും ഡോക്ടറുടെ അരികിലെത്തി; ശക്തമായ ചൂടിൽ നടന്നെത്തിയ അദ്ദേഹം ഡോക്ടറെ കാണാൻ മണിക്കൂറുകൾ കാത്തിരുന്നു; കഠിനമായ വേദന കടിച്ചിറക്കുമ്പോഴാണ് ഡോക്ടർ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്; അനന്തരം ഡോക്ടർ ബംഗ്ലാവിലേക്ക് മുഖം തിരിച്ച് ഒരു പ്രത്യേക രൂപത്തിലുള്ള ''ഗൗസിയ നമസ്കാരം'' നിർവ്വഹിക്കുന്നതാണ് വൃദ്ധൻ കണ്ടത്; ഡോക്ടറുടെ ഈ പ്രവൃത്തി കണ്ട ഉടൻ ആ രോഗിയായ മനുഷ്യൻ തൻെറ സഹായിയോട് പറഞ്ഞു: ''നടക്കു! നമുക്ക് പോകാം.'' അര നിമിഷംപോലും അദ്ദേഹം പിന്നെ അവിടെ നിന്നില്ല.

വഴിമദ്ധ്യേ അദ്ദേഹത്തിൻെറ സഹായി ചോദിച്ചു. ''താങ്കൾ ദിവസങ്ങളോളമായി രോഗമായിട്ട്; വളരെ ക്ലേശംസഹിച്ച് ദൂരെനിന്നും

www.abulhasanalinadwi.org

## സ്വഭാവ-ചര്യകളിൽ സ്വാധീനം ചെലുത്തുന്ന നമസ്കാരം

ദുർവിചാരം, ദുസ്സ്വഭാവം, നിർല്ലജ്ജത, നൈമിഷിക സുഖഭോഗം, തരംതാഴ്ന്ന ശരീരേച്ഛ തുടങ്ങിയ മ്ലേച്ഛതരങ്ങളായ വികാര വിചാരങ്ങളെയും, പ്രവൎത്തനങ്ങളെയും ദൂരീകരിക്കുന്നതിൽ കലിമത്തുത്തൗഹീദിനുശേഷം ഏററവും കൂടുതൽ സ്വാധീനം ചെലുത്തുന്നത് നമസ്കാരമാണ്. അല്ലാഹു പറയുന്നത് കാണുക:

''ഗ്രന്ഥത്തിൽനിന്ന് നിനക്ക് ദിവ്യസന്ദേശമായി നല്കപ്പെട്ടത് നീ ഓതിക്കൊടുക്കുകയും, നമസ്കാരം നിലനിർത്തുകയും ചെയ്യുക; നിശ്ചയം നമസ്കാരം ദുഷ്കർമ്മത്തെയും, നിഷിദ്ധപ്രവൎത്തനത്തെയും തടയും. അല്ലാഹുവിനെ സ്മരിക്കൽ അതിമഹത്താണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് അറിയുന്നു.''

---

വന്നു; കുറെ അധികസമയം ഡോക്ടറെ കാത്തിരിക്കുകയും ചെയ്തു; എന്നിട്ട് അദ്ദേഹം വന്നപ്പോൾ നിങ്ങൾ ഇറങ്ങിപ്പുറപ്പെട്ടു; എന്താണ് ഇങ്ങനെ സംഭവിക്കാൻ കാരണം? ആ വൃദ്ധന്റെ മറുപടി ഇപ്രകാരമായിരുന്നു: ''അല്ലാഹു നിനക്ക് സന്മാർഗ്ഗം പ്രദാനംചെയ്യട്ടെ— അപ്പോൾ ആ മനുഷ്യൻ അല്ലാഹുവിൽ പങ്കുചേർക്കുന്നതും, വൻപാപമായ ശിർക്ക് ചെയ്യുന്നതും നീ കണ്ടില്ലേ?'' സേവകൻ വീണ്ടും ചോദിച്ചു: ''അതിന് നമുക്കയാളുടെ മരുന്നല്ലേ ആവശ്യം? അയാളുടെ ആദർശവും വിശ്വാസവും എന്തുമായിക്കൊള്ളട്ടെ; അതുമായി നമുക്കെന്തു ബന്ധം?'' അദ്ദേഹം പറഞ്ഞു: 'ഇത്രയും വലിയ തെററിനെ ഞാനൊളിച്ചുവെക്കുകയും, അതിനെതിരിൽ വെറുപ്പ് പ്രകടിപ്പിക്കാതെ മൗനംദീക്ഷിക്കുകയും, എന്നിട്ട് അവനോട് എന്റെ രോഗചികിത്സക്കുവേണ്ടി അർത്ഥിക്കുകയും ചെയ്താൽ രാത്രിയിൽ അല്ലാഹുവിന്റെ മുമ്പിൽ നിന്നുകൊണ്ട് نخلع ونترك من يفجرك ''നിനക്കെതിര് പ്രവർത്തിക്കുന്നത് ആരാണോ അവരെ ഞങ്ങൾ വർജ്ജിക്കുന്നു'' എന്ന് ഞാൻ എങ്ങനെ പറയും? അതുകൊണ്ട് ഞാൻ വെറുപ്പോടെ ഇറങ്ങിത്തിരിച്ചു.''

اتل ما اوحي اليك من الكتاب واقم الصلاة ان الصلاة تنهى عن الفحشاء والمنكر ولذكر الله اكبر والله يعلم ما تصنعون

(العنكبوت : ٤٥)

www.abulhasanalinadwi.org

എന്തുകൊണ്ടിത് സംഭവിക്കുന്നു എന്നല്ലേ? മറ്റൊന്നുമല്ല; മനുഷ്യന്റെ ഗതിവിഗതികളെ നമസ്കാരം നിയന്ത്രിക്കുന്നു; അവന്ന് പുതുമയൂറുന്ന ആസ്വാദ്യതയും, അന്വേഷണതൃഷ്ണയും, ധിഷണാപാടവവും അത് പ്രദാനംചെയ്യുന്നു; നിന്ദ്യവും നികൃഷ്ടവുമായ പ്രവർത്തനവലയത്തിൽനിന്ന് പുറത്തു കൊണ്ടുവരുന്നു; ഉൽകൃഷ്ടവും ഉദാത്തവുമായ മേഖലകളിലേക്ക് കൈപിടിച്ചുയർത്തുന്നു. അവന്റെ ഹൃദയാന്തരാളത്തിൽ ഈമാനികാനുഭൂതികൾ ജ്വലിപ്പിക്കുന്നു; ദുഷ്കൃത്യത്തോടും, സത്യനിഷേധത്തോടും വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുന്നു. പക്ഷെ ഇപ്പറഞ്ഞതെല്ലാം മേല്പറഞ്ഞ ഗുണവിശേഷങ്ങളൊത്ത യഥാർത്ഥ നമസ്കാരമാണെങ്കിൽമാത്രം ഉണ്ടായിത്തീരുന്ന മാറ്റങ്ങളാണ്. ജീവിതവ്യവഹാരങ്ങളിൽ അതിന്റെ ശക്തമായ അലയൊലിയും. ചൂടും, ശുഷ്കാന്തിയും സന്നിവേശിക്കണം. അതുകൊണ്ടാണ് ശുഐബ്നബി (അ) തന്റെ ജനതയോട് തൗഹീദും, തഖ്‌വയും, ജീവിതശുദ്ധിയും സ്വാംശീകരിക്കുകയും, അക്രമവും അവകാശലംഘനവും അളവ്-തൂക്ക വഞ്ചനയും നിരാകരിക്കുകയും ചെയ്യുക എന്ന് ഉപദേശിച്ചപ്പോൾ, ഈ പുതിയ പ്രബോധനത്തിന്റെ സ്രോതസ്സ് എവിടെയാണെന്നവർ ചികഞ്ഞന്വേഷിച്ചത്. ഈ ധവള വിപ്ലവത്തിന്റെ വിത്ത് ഏത്? ഈ പരിവർത്തനപടഹധ്വനിയുടെ പടവാളേത്? ഈ മാറ്റത്തിന്റേയും വ്യത്യാസത്തിന്റേയും ചേതോവികാരമെന്ത് എന്നെല്ലാം അവർ ചിന്തിക്കാൻ തുടങ്ങി. ശുഐബാകട്ടെ അവരുടെ ഇടയിൽതന്നെ ജനിച്ചവനും, ആ ചുറ്റുപാടിന്റെ സന്തതിയും, ആ നാട്ടിന്റെ പുത്രനുമാണ്. എന്നിട്ടെന്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു മാറ്റം സംജാതമായി? ഇത് പിടികിട്ടാത്ത ഒരു പ്രഹേളികയായി ഗണിക്കാൻ അവർ ഒരുക്കമില്ലായിരുന്നു. അങ്ങിനെ അവിടെയതാ അദ്ദേഹത്തിന്റെയും അവരുടെയും ഇടയിൽ വ്യക്തമായ ഒരേയൊരു വ്യത്യാസം; അത് അദ്ദേഹത്തിന്റെ ജീവിതത്തിൽ മാത്രമേ കാണുന്നുള്ളൂ; അവരുടെ ജീവിതത്തിൽ തീരെ കാണുന്നില്ല; എന്തായിരുന്നു ആ വ്യത്യാസം? നമസ്കാരം. പ്രസ്തുത നമസ്കാരത്തിന്റെ നിഷ്ഠയും നിർവ്വഹണരീതിയും അവരെ അത്ഭുതപരതന്ത്രരാക്കി.

www.abulhasanalinadwi.org

"അവർ പറഞ്ഞു: ഹേ, ശുഐബ്! ഞങ്ങളുടെ പിതാക്കൾ ആരാധിക്കുന്നതിനേയും, ഞങ്ങളുടെ മുതലുകളിൽ ഞങ്ങൾ ഉദ്ദേശിക്കുന്നത് ചെയ്യുന്നതിനേയും, ഞങ്ങൾ കൈവെടിയണമെന്ന് നിന്നോട് കൽപിക്കുന്നത് നിന്റെ നമസ്കാരമാണോ? നീ ശാന്തശീലനും വിവേകിയും തന്നെ; തീർച്ച!"

## അതുല്യമായ ഒരുക്കവും അനുയോജ്യമായ അന്തരീക്ഷ സജ്ജീകരണവും

നമസ്കാര നിർവ്വഹണത്തിനുവേണ്ടി ഇതര മതങ്ങളിലെവിടെയും കണ്ടെത്താൻ കഴിയാത്ത ചില അതുല്യ ഒരുക്കങ്ങളും സജ്ജീകരണങ്ങളുമാണ് നാം കാണുന്നത്. അതിനു നല്കിയിരിക്കുന്ന അന്തസ്സും, യശസ്സും, തേജസ്സും, മഹത്വവും, മനസ്സാന്നിദ്ധ്യവും, സഹകരണവും, സാമൂഹ്യതയും, ഗാംഭീര്യവും, ഗൗരവവുമെല്ലാംതന്നെ അനിതരസാധാരണവും അത്ഭുതാവഹവുമാണ്.

ഇപ്പറഞ്ഞതിന്റെ ഒരു ഏകദേശരൂപം താഴെ വിവരിക്കാൻ പോകുന്ന യുക്തിജന്യമായ നിയമനിർദ്ദേശങ്ങളിൽനിന്നു നമുക്ക് മനസ്സിലാക്കാം.

## ബാങ്ക് നമസ്കാരത്തിന്റെ അറിയിപ്പും ഇസ്ലാമിലേക്കുള്ള ക്ഷണവും

അതിൽ ഒന്ന് ബാങ്കാണ്. ദിവസത്തിൽ അഞ്ചു പ്രാവശ്യം പള്ളിയിൽനിന്ന് നമസ്കരിക്കുന്നതിനുവേണ്ടിയുള്ള വിളിക്കാണ് 'അദാൻ' (ബാങ്ക്) എന്ന് പറയുന്നത്. നമസ്കാരസമയമായിരിക്കുന്നു; അതിനാൽ അത് നിർവ്വഹിക്കാൻ വേഗം വരൂ എന്ന അറിയിപ്പ് മാത്രമല്ല ബാങ്ക്; പ്രത്യുത, ഇസ്ലാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, തൗഹീദിന്റെ ചിഹ്നങ്ങളും, ദീനിന്റെ ആത്മാവും പൂർണ്ണമായ രൂപത്തിൽ ബാ

---

قالوا يا شعيب اصلوتك تأمرك ان نترك ما يعبد اباؤنا او ان نفعل فى اموالنا ما نشاء انك لأنت الحليم الرشيد (هود: ٨٧)

www.abulhasanalinadwi.org

ങ്കിൽ ഉൾക്കൊണ്ടിരിക്കുന്നു. അതോടൊപ്പം ബാങ്കിന്റെ മറ്റൊരു സവിശേഷത അത് വളരെ ചുരുങ്ങിയതാണ്. എന്നാൽ വളരെ സ്പഷ്ടവും സാഹിത്യസംപുഷ്ടവുമാകുന്നു എന്നതാണ്; അതിൽ രാഗവും താളവും ഒരുപോലെ മേളിച്ചിട്ടുണ്ട്; ഇസ്ലാമിലേക്കുള്ള ക്ഷണത്തിന്റെ വ്യക്തമായ രൂപവുംകൂടിയാണത്; അനേകം അമുസ്ലിംകളുടെ ഹൃദയം ഇസ്ലാമിനുവേണ്ടി ആ 'ബാങ്ക്' തുറന്നുകൊടുത്തിട്ടുണ്ട്; ഇതര മതാനുയായികളുടെ മാർഗ്ഗത്തിൽനിന്നും അത് തികച്ചും വ്യത്യസ്തമാണ്.

---

ബാങ്ക് വിളിയും അതിന്റെ മറ്റു നിയമങ്ങളും ഏത് രൂപത്തിൽ ക്രമീകരിക്കപ്പെട്ടു? മറ്റു മതാനുയായികളുടെ മാർഗ്ഗങ്ങളിൽനിന്നും വിട്ടുനിന്നുകൊണ്ട് അല്ലാഹു നബി (സ) ക്ക് പഠിപ്പിച്ചുകൊടുത്ത ഈ മാർഗ്ഗം എങ്ങിനെ തിരഞ്ഞെടുത്തു? ഈ പ്രശ്നത്തിൽ ധാരാളം സഹീഹായ ഹദീസുകൾ കാണാം. അബൂദാവൂദ് അബൂഉമൈറുബ്നു അനസിൽനിന്നും ഉദ്ധരിക്കുന്നു: അദ്ദേഹം അൻസാറുകളിൽപെട്ട തന്റെ പിതൃകുടുംബങ്ങളിൽനിന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. അവർ പറയുന്നു; "നമസ്കാരത്തിനുവേണ്ടി ജനങ്ങളെ മുഴുവനും ഒരുമിച്ചുകൂട്ടാൻ എന്തുണ്ട് മാർഗ്ഗം?" എന്ന് നബി (സ) ചിന്തിക്കാൻ തുടങ്ങി. ചില സഹാബികൾ നിർദ്ദേശിച്ചു. നമസ്കാരത്തിന്റെ സമയം സമാഗതമായാൽ ഒരു പതാക ഉയർത്താം. അത് കാണുന്നവർ പരസ്പരം വിളിച്ചുപറയുകയും അങ്ങനെ എല്ലാവരും ഹാജരാവുകയും ചെയ്യും. പക്ഷെ അത് പ്രവാചകൻ ഇഷ്ടപ്പെട്ടില്ല. മറ്റു ചിലരുടെ അഭിപ്രായം ശംഖുനാദം മുഴക്കുക എന്നതായിരുന്നു. അത് യഹൂദികളുടെ സ്വഭാവമാണെന്ന കാരണത്താൽ നബി (സ) തിരസ്കരിച്ചു. പിന്നീട് ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെയുള്ള മണിയടി ചിലർ പ്രവാചകനോട് നിർദ്ദേശിച്ചു. അതും അവിടുന്ന് തിരസ്കരിച്ചുകളഞ്ഞു. ഇങ്ങനെ പലതരത്തിൽ ചിന്തകളിൽ മുഴുകിയിരിക്കവെയാണ് അബ്ദുല്ലാഹിബ്നു സൈദ് അൽഅൻസാരി എന്ന സഹാബി അവിടെനിന്നും പിരിഞ്ഞുപോയത്. അദ്ദേഹം പിറ്റെ ദിവസം നബി (സ)യുടെ സന്നിധിയിൽ വന്നുകൊണ്ട് പറഞ്ഞു. പ്രവാചകരേ! ഞാൻ അർദ്ധബോധാവസ്ഥയിൽ ഉറക്കത്തിൽ കിടക്കുകയാണ്; അപ്പോൾ ഒരു വ്യക്തി വന്ന് എന്നെ ബാങ്കിന്റെ പദങ്ങൾ പഠിപ്പിച്ചു; ഹ: ഉമർ (റ) ഉം ഇതേ സ്വപ്നം ദർശിച്ചിരുന്നു; പക്ഷെ ഇരുപത് ദിവസങ്ങൾക്ക് ശേഷമാണ് അദ്ദേഹം നബി (സ) യോട് പറഞ്ഞത്; ഇതുവരെ എന്തുകൊണ്ടിത് പറഞ്ഞില്ല? എന്നു അവിടുത്തെ ചോദ്യത്തിനുത്തരമായി ഉമർ (റ) പറഞ്ഞു: എനിക്കുമുമ്പ് തന്നെ അബ്ദുല്ലാഹിബ്നുസൈദ് സ്വപ്നം ദർശിച്ചുകഴിഞ്ഞിരുന്നു; അതിനാൽ എനിക്ക് പറയാൻ മടി തോന്നി; ഉടനെ നബി (സ) ഹ: ബിലാലിനെ വിളി

www.abulhasanalinadwi.org

സർവ്വവിധ ബാഹ്യോപകരണങ്ങളിൽനിന്നും രൂപഭാവങ്ങളിൽനിന്നും പൂർണ്ണമായും പരിശുദ്ധവും സുരക്ഷിതവുമായ ഏക അറിയിപ്പാണ് ഈ ബാങ്ക്. അതിൽ ദീനിന്റെ അന്തഃസ്സത്തയും രത്നച്ചുരുക്കവും ഉൾക്കൊണ്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അപാരതയുടെയും, അജയ്യതയുടെയും അറിയിപ്പ്കൂടിയാണ്, അതെ, അവൻ വലിയവരിൽ ഏറ്റവും വലിയവനാണ്. അതിന്റെശേഷം അതിൽ രണ്ട് 'ശഹാദത്തുകലിമഃ' (സാക്ഷ്യവചനങ്ങൾ) കൾ കാണാം; 'തൗഹീദി'ന്റെയും 'രിസാലത്തി'ന്റെയും രണ്ടു സാക്ഷ്യവചനങ്ങൾ. ''അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'' ''മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു'' ഇതത്രെ ആ സാക്ഷ്യവചനങ്ങൾ അനന്തരം എല്ലാ ജനങ്ങളോടും നമസ്കാരത്തിലേക്ക് വരുവീൻ എന്ന അറിയിപ്പാണ്. ആ നമസ്കാരം മാത്രമാണ് വിജയത്തിന് നിദാനം. ഇരുലോകവിജയം അടങ്ങിയിരിക്കുന്നത് നമസ്കാരത്തിലാണ്. എന്നവൻ ഉറക്കെ വിളിച്ചുപറയുന്നു. ഇത്തരം കാര്യങ്ങളെല്ലാം സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതാകയാൽ ബാങ്കിനെസംബന്ധിച്ച് നമുക്കിങ്ങനെ പറയാം: ഒരേ സമയത്ത് ഹൃദയത്തേയും ബുദ്ധിയേയും അഭിമുഖീകരിക്കുന്ന സമഗ്രവും അർത്ഥസമ്പുഷ്ടവുമായ ഒരറിയിപ്പ്; അത് മുസ്ലിമിനേയും അമുസ്ലിമിനേയും സൽപന്ഥാവിലേക്ക് ക്ഷണിക്കുന്നു; ബോധരഹിതർക്ക് ഉണർവും, മടിയന്മാർക്ക് ഉത്തേജനവും പ്രദാനം ചെയ്യുന്നു.

ചിന്തകനായ ശാഹ്‌വലിയ്യുല്ലാഹി ദ്ദഹ്‌ലവി (റ) ഇതിലേക്ക് വിരൽചൂണ്ടുന്നത് കാണുക: ''ബാങ്ക് കേവലം ഉണ

---

ച്ചുകൊണ്ട് പറഞ്ഞു: ''അബ്ദുല്ലാഹിബ്നു സൈദിന് സ്വപ്നദർശനം ഉണ്ടായതുപോലെ ബാങ്ക് വിളിക്കുക '' അതനുസരിച്ച് അദ്ദേഹം ബാങ്ക് വിളിക്കുകയും ചെയ്തു.

اشــهد ان لا الــه الا الله

واشــهد ان محمــدا رســول الله

www.abulhasanalinadwi.org

ത്തലും അറിയിപ്പും മാത്രമാകാതിരിക്കണമെന്നത് ദൈവ ത്തിൻെറ യുക്തിയാണ്; മറിച്ച് അതെല്ലാമായിരിക്കുന്നതോടുകൂടിതന്നെ ദീനിൻെറ ചിഹ്നവും അതിലേക്കുള്ള ക്ഷണവുമായിരിക്കണം; അതുകൊണ്ടുതന്നെ വിളിക്കുത്തരം സമൂഹത്തിൽനിന്നുണ്ടായാൽ അവരെല്ലാം ദൈവികമതത്തിന് കീഴ്പെട്ടവർ എന്നു മനസ്സിലാക്കാം; ഇതുകൊണ്ടെല്ലാമാണ് ബാങ്കിനെ ദൈവസ്മരണയാലും, സാക്ഷ്യവചനങ്ങളാലും, നമസ്കാരത്തിലേക്കുള്ള ക്ഷണത്താലും, പരിശുദ്ധമായ ഒരു സമ്മിശ്ര ധ്വനിയാക്കിയത്.''
(ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാ: 1 പേ: 152)

## ശുദ്ധി, അതിൻെറ പ്രാധാന്യം, ഫലങ്ങൾ

നമസ്കരിക്കണമെങ്കിൽ ശുദ്ധിയും, 'വുദുവും' വേണമെന്ന് അല്ലാഹു കല്പിക്കുന്നു:

'' വിശ്വസിച്ചവരേ! നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ കൈകളും കഴുകുവിൻ; തല തടവുകയും ചെയ്യുക; കാലുകൾ രണ്ടും ഞെരിയാണിവരെയും കഴുകുക; നിങ്ങൾ 'ജനാബത്തു'കാരാണെങ്കിൽ കുളിച്ചു ശുദ്ധിയാകണം; നിങ്ങൾ രോഗികളായാൽ, അല്ലെങ്കിൽ യാത്രയിലായാൽ, അല്ലെങ്കിൽ നിങ്ങളിൽ ഒരാൾ വിസർജ്ജനസ്ഥലത്തുനിന്ന് വന്നാൽ, അല്ലെങ്കിൽ നിങ്ങൾ സ്ത്രീകള

---

يا ايها الذين آمنوا اذا قمتم الى الصلاة فاغسلوا وجوهكم وايديكم الى المرافق وامسحوا برؤسكم وارجلكم الى الكعبين وان كنتم جنبا فاطهروا وان كنتم مرضى او على سفر او جاء احد منكم من الغائط او لامستم النساء فلم تجدوا ماء فتيمموا صعيدا طيبا فامسحوا بوجوهكم وايديكم منه ما يريد الله ليجعل عليكم من حرج ولكن يريد ليطهركم وليتم نعمته عليكم لعلكم تشكرون (المائدة : ٦)

www.abulhasanalinadwi.org

മായി സംസ്കൃതത്തിലേപ്പെട്ടിട്ട് (കുളിക്കവോൻ) വെള്ളംകിട്ടാതിരുന്നാൽ ഭൂമിയിൽ വൃത്തിയുള്ള സ്ഥലത്തെ നിങ്ങാം കരുതുക; അങ്ങനെ അതിൽനിന്ന് മുഖവും കൈകളും തടവുക. നിങ്ങാംക്ക് യാതൊരു ബുദ്ധിമുട്ടും അല്ലാഹു ഉദ്ദേശിക്കുന്നില്ല; പ്രത്യുത നിങ്ങളെ ശുദ്ധീകരിക്കാനും, അവന്റെ അനുഗ്രഹത്തെ നിങ്ങാംക്ക് പൂർത്തിയാക്കിത്തരാനും അവൻ ഉദ്ദേശിക്കുന്നു: നിങ്ങാം കൃതജ്ഞതയുള്ളവരായെങ്കിൽ !''

ശുദ്ധിക്കം, 'വുസു'വിന്നും നൽകപ്പെട്ട ഈ പ്രാധാന്യം വിശ്വാസത്തിന്റെയും* പ്രതിഫലേച്ഛയുടെയുംകൂടെ പ്രവത്തിച്ചാൽ അത് മനുഷ്യനിൽ ഒരു പ്രത്യേക തരത്തിലുള്ള ഉണർവും, ഉന്മേഷവും, ചിന്താശീലവും സൂക്ഷ്മതയും സൃഷ്ടിക്കുന്നു. നമസ്കാരത്തെ ഹാർദ്ദമായി സ്വീകരിക്കാനും അതുമുഖേനയുണ്ടാകുന്ന ആത്മപ്രഹർഷവും മനഃശാന്തിയും ഉാംക്കൊള്ളാനുമുള്ള തയ്യാറെടുപ്പും സന്നദ്ധതയും സംജാതമാവുകയും ചെയ്യുന്നു.

നബി (സ) ശുദ്ധിയുടെയും വുസുവിന്റെയും ഫലങ്ങളും നേട്ടങ്ങളും പൂർണ്ണമാകേണ്ടതിലേക്കും, അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയെന്ന നമസ്കാരത്തിന്നുവേണ്ടിയുള്ള ഒരുക്കത്തിലേക്കും ദന്തശുദ്ധി വരുത്താൻകൂടി കല്പിച്ചിരിക്കുന്നു. വളരെ ശക്തമാ

---

*അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലും പ്രവാചകൻ പറഞ്ഞുതന്ന പ്രതിഫലങ്ങളിലും പൂർണ്ണവിശ്വാസം ഉണ്ടായിരിക്കുക എന്നതാണ്. ''ഈമാനം ഇഹ്തിസാബും'' (വിശ്വാസവും പ്രതിഫലേച്ഛയും) ഉണ്ടായിരിക്കുക എന്നതിന്റെ വിവക്ഷ. ഇങ്ങനെ പ്രത്യാശയോടും അഭിലാഷബോധത്തോടും കൂടിയുള്ള കർമ്മനിർവ്വഹണം പ്രവർത്തനങ്ങളുടെ സ്വീകാര്യതയിലും രൂപത്തിലും വമ്പിച്ച മാററങ്ങാം സൃഷ്ടിക്കും. നബി (സ) യിൽനിന്ന് ഹ: അബൂഹുറയ്റ (റ) ഉദ്ധരിക്കുന്നു: ''ഒരു മുസ്ലിമായ ദാസൻ 'വുസു' ചെയ്യുമ്പോാം തന്റെ കണ്ണുകാംകൊണ്ടും മററും പ്രവത്തിച്ച സർവ്വ പാപങ്ങളും മുഖത്തുനിന്ന് അവസാന തുള്ളി വെള്ളത്തോടുകൂടെ അടർന്നുവീഴുന്നു; അനന്തരം രണ്ടു കൈകാം കഴുകുന്നതോടുകൂടി ആ കരങ്ങാംകൊണ്ട് പ്രവത്തിച്ച അഖിലപാപങ്ങളും അവസാന തുള്ളി ജലത്തോടുകൂടി ശുദ്ധീകരിക്കപ്പെടുന്നു; സഹീഹ് മുസ്ലിമിലും മുവത്വയിലും ഇതുംകൂടി വന്നിട്ടുണ്ട്; അവൻ തന്റെ കാലുകാം കഴുകുന്നതോടുകൂടി നടന്നുപോയി പ്രവർത്തിച്ച പാപങ്ങളും പൊറുക്കപ്പെടുന്നു.''

www.abulhasanalinadwi.org

യ ശൈലിയിലാണ് അവിടുന്ന് ഈ പ്രശ്നത്തിൽ ആജ്ഞാപിക്കുന്നത്: ''എല്ലാ നമസ്കാരവേളയിലും ദന്തശുദ്ധിവരുത്താൻ ഞാൻ കല്പിക്കുമായിരുന്നു; പക്ഷെ അതെൻെറ സമുദായത്തെ ബുദ്ധിമുട്ടിക്കലാകുമോ എന്ന ഭയത്താൽ അങ്ങനെ ചെയ്യുന്നില്ല.'' (ബുഖാരി, മുസ്ലിം)

## പള്ളിയുടെ പവിത്രതയും മുസ്ലിം സമൂഹത്തിൽ അതിനുള്ള മുഖ്യസ്ഥാനവും

ക്രമേണ നമസ്കാര നിർവ്വഹണത്തിനുവേണ്ടി പള്ളികൾ നിർമ്മിക്കപ്പെട്ടു. പ്രശാന്തി, പരിശുദ്ധി, ലാളിത്യം, അനാർഭാടത, ആത്മചൈതന്യം, ഭക്തിപാരവശ്യം, ഏകദൈവസിദ്ധാന്തം തുടങ്ങിയ കാര്യങ്ങളുടെ പ്രതീകനിലയങ്ങൾ എന്ന നിലക്ക് സവിശേഷ പ്രാധാന്യമർഹിക്കുന്ന 'മസ്ജിദ്' കൾ ഇതര മതാനുയായികളുടെ ആരാധനാകേന്ദ്രങ്ങളിൽനിന്നു വേറിട്ടു നില്ക്കുന്നു.

''ചില വീടുകളിൽ; ആ വീടുകളെ പടുത്തുയർത്താനും അവയിൽവെച്ച് അല്ലാഹുവിൻെറ നാമം സ്മരിക്കപ്പെടാനും അല്ലാഹു അനുവദിച്ചിരിക്കുന്നു; കച്ചവടമോ വില്പനയോ നിമിത്തം അല്ലാഹുവിൻെറ സ്മരണയിൽനിന്നും നമസ്കാരം നിലനിർത്തുന്നതിൽനിന്നും സക്കാത്ത് കൊടുക്കുന്നതിൽനിന്നും അശ്രദ്ധരാകാത്തവരും, ഹൃദയങ്ങളും നയനങ്ങളും താളം തെററുന്ന ദിവസത്തെ ഭയപ്പെടുന്നവരുമായ ചില ആളുകൾ രാവിലെയും വൈകുന്നേരവും ആ വീടുകളിൽവെച്ച് അല്ലാഹുവിന് പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു.''

---

في بيوت اذن الله ان ترفع ويذكر فيها اسمه يسبح
له فيها بالغدو والآصال رجال لا تلهيهم تجارة ولا بيع
عن ذكر الله واقام الصلاة وإيتاء الزكاة يخافون يوما
تتقلب فيه القلوب والأبصار (النور: ٣٦، ٣٧)

www.abulhasanalinadwi.org

'' പള്ളികൾ അല്ലാഹുവിൻെറതാകുന്നു. അതിനാൽ (അതിൽ വെച്ച്) അല്ലാഹുവിനോടല്ലാതെ മററാരോടും നിങ്ങൾ പ്രാർത്ഥിക്കരുത്. ''

'' എല്ലാ പള്ളികളുടെ അടുക്കലും നിങ്ങളുടെ മുഖങ്ങളെ (അല്ലാഹുവിങ്കലേക്ക്) നേരെ നിർത്തുകയും, അവനോട് (മാത്രമായി) ആത്മാർത്ഥ ഭക്തിപ്രകടനത്തോടെ അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക. ''

'' അല്ലയോ ആദമിൻെറ സന്തതികളേ! എല്ലാ പള്ളികളുടെ അടുക്കലും നിങ്ങൾ നിങ്ങളുടെ അലങ്കാരങ്ങൾ സ്വീകരിക്കുവിൻ! ''

പള്ളികൾ മുസ്ലിംകളുടെ സാമൂഹ്യ—സാംസ്കാരിക—വൈജ്ഞാനിക കേന്ദ്രങ്ങളായിരുന്നു; ഇനിയും അങ്ങിനെതന്നെയായിരിക്കണം; അവിടെവെച്ചായിരുന്നു അവരുടെ മതപരവും സാമൂഹികവുമായ അഖില പ്രശ്നങ്ങളും ചർച്ച് ചെയ്യപ്പെടുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തിരുന്നത്. നബി (സ) യുടെ ജീവിതകാലത്ത് പരിഹാരങ്ങൾ തേടുന്നതും നിർദ്ദേശങ്ങൾ ആരായുന്നതും പള്ളിയിൽനിന്നായിരുന്നു. എന്ത് പ്രശ്നങ്ങൾ ഉണ്ടായാലും ഉടനെ അവിടുന്ന് «الصلاة جامعة» ''എല്ലാവരും നമസ്കരിക്കാൻ വരൂ'' എന്ന ആജ്ഞ പുറപ്പെടുവിക്കുമായിരുന്നു. ഇങ്ങനെ പള്ളികൾ ജീവിതത്തിൻെറ അച്ചുതണ്ടായി വർത്തിച്ചു; വിജ്ഞാനത്തിൻെറയും സന്മാർഗ്ഗത്തിൻെറയും ഉറവുകൾ അവിടെനിന്നും നിലയ്ക്കാതെ പ്രവഹിച്ചുകൊണ്ടിരുന്നു; പരിഷ്കാരത്തിൻെറയും സംസ്കാരത്തിൻെറയും

---

وان المساجد لله فلا تدعوا مع الله احدا (الجن : ١٨)

وأقيموا وجوهكم عند كل مسجد وادعوه مخلصين له الدين (الاعراف : ٢٩)

يا بني آدم خذوا زينتكم عند كل مسجد (الاعراف : ٣١)

www.abulhasanalinadwi.org

പ്രഭാകേന്ദ്രങ്ങളായി പള്ളികൾ പരിലസിച്ചു; യുദ്ധ – പ്രതിരോധങ്ങളുടെ തിരമാലകൾ അവിടെ ഇരമ്പികയറി; ബിംബാരാധകർക്കും ക്രൈസ്തവർക്കുമെല്ലാംതന്നെ മുസ്ലിംകളോട് അസൂയ ജനിക്കുംവിധം പള്ളികൾ പ്രശോഭിച്ചു; ചില സന്ദർഭങ്ങളിൽ ഖേദത്തിൻെറയും ദുഃഖത്തിൻെറയും നോട്ടം; മററു ചിലപ്പോൾ ഭയത്തിൻെറയും ആശങ്കയുടേയും നോട്ടം; പള്ളി കാണുമ്പോൾ അവർക്കുണ്ടായിരുന്ന മനോവികാരങ്ങൾ ഇങ്ങനെയായിരുന്നു; അതിനാൽ പള്ളികളും മുസ്ലിംകളുടെ ആരാധനാഗേഹങ്ങളുമെല്ലാംതന്നെ അവരുടെ ജീവിതത്തിൽ അതിൻെറ ആദ്യകാല അവസ്ഥയിലേക്ക് മടങ്ങൽ അനിവാര്യമാണ്.

## ഭക്തിനിർഭരമായ അന്തരീക്ഷത്തിനനിവാര്യമായ ചില അദബുകളും നിർദേശങ്ങളും

ആത്മീയചൈതന്യം തളംകെട്ടി നില്ക്കുന്ന, ഈമാനികാവേശം കവിഞ്ഞൊഴുകുന്ന, ഭക്തിനിർഭരമായ അന്തരീക്ഷസൃഷ്ടിക്ക് പ്രവാചകൻെറ ചില നിർദ്ദേശങ്ങളും ഉപദേശങ്ങളും കാണാവുന്നതാണ്; ഭക്തി, വിനയം, പ്രശാന്തി, പ്രൗഢി തുടങ്ങിയവ നിലനില്ക്കണമെങ്കിൽ ആ നിർദ്ദേശങ്ങൾ കൂടിയേ തീരൂ; നബി (സ) യിൽനിന്ന് ഹ: അനസ് (റ) ഉദ്ധരിക്കുന്നു: ''നമസ്കരിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ നാഥനുമായി അഭിമുഖസംഭാഷണം നടത്തുകയാണ്; അതിനാൽ മുന്നിലേക്കോ വലതുഭാഗത്തേക്കോ തുപ്പരുത്; മറിച്ച് (ആവശ്യംനേരിട്ടാൽ) ഇടത് പാദത്തിൻെറ അടിയിൽ തുപ്പികൊള്ളുക.'' (ബുഖാരി, മുസ്ലിം)

ഇതുപോലെ, നമസ്കരിക്കുന്നവരെല്ലാം തങ്ങളുടെ പ്രവർത്തനങ്ങളിൽ ഇമാമിനെ അനുകരിക്കൽ അനിവാര്യമാണ്; എങ്കിൽമാത്രമേ അനൈക്യത്തിൽനിന്നും അച്ചടക്കരാഹിത്യത്തിൽനിന്ന് അനിഷ്ടങ്ങളിൽനിന്നും സുരക്ഷിതനാവുകയുള്ളു, ഇമാമിൻെറ പ്രവർത്തനങ്ങളെ മുൻകടക്കാൻ അവന് സ്വാതന്ത്ര്യമില്ല; ഇമാമിൻെറ പ്രവർത്തനങ്ങളിൽനിന്ന് പിന്നിലാകാനും സ്വാതന്ത്ര്യമില്ല; അതുപോലെ ഏതെങ്കിലും ഒരു രൂപമോ, അവസ്ഥയോ സ്ഥിരമായി തിരഞ്ഞെടുക്കാനും അനുവാദമില്ല; ആ അവസ്ഥയിൽ അവൻ എത്രതന്നെ സുഖം

www.abulhasanalinadwi.org

അനുഭവിച്ചാലും ശരി ആവശ്യത്തിലേറെ സമയം അതിൽ കഴിച്ചുകൂട്ടലും തെററുതന്നെ; ഇതൊന്നും അനുവദനീയമല്ല എന്നു പറയുന്നതിന്റെ കാരണം ഒന്നു മാത്രമാണ്: നമസ്കാരത്തിന്റെ ആത്മാവ് അനുസരണവും, അച്ചടക്കവും, റസൂലി(സ)നെ അനുകരിക്കലുമാണ്; അല്ലാതെ സ്വാഭിലാഷാനുസൃതം പ്രവർത്തിക്കലോ, സ്വന്തം ഇച്ഛയെ അനുകരിക്കലോ അല്ല. നബി (സ) പറഞ്ഞു:

''ഞാൻ നമസ്കരിക്കുന്നത് നിങ്ങൾ എങ്ങിനെയാണോ കണ്ടത് അതുപോലെ നിങ്ങളും നമസ്കരിക്കുവിൻ.''

ചുരുക്കിപറഞ്ഞാൽ സർവ്വ ചലന–നിശ്ചലനങ്ങളിലും 'ഇമാമി'നെ പിന്തുടരാൻ 'മഅ്മൂമ്' ബാദ്ധ്യസ്ഥനാണ്. അതാണ് പ്രവാചകൻ പറഞ്ഞതിന്റെ പൊരുൾ :

'' ഇമാമ് പിന്തുടരപ്പെടേണ്ടതിന് മാത്രമാണ് നിശ്ചയിക്കപ്പെട്ടത്. ''

അല്ലാഹുവിന്റെ അജയ്യത അതിശക്തമായ രൂപത്തിൽ പ്രകടമാകുന്ന സ്ഥലമാണ്, പള്ളി; അവിടെ അടിമയും, ഉടമയും, തൊഴിലാളിയും, മുതലാളിയും, രാജാവും, പ്രജയും എല്ലാംതന്നെ സമവീക്ഷണത്തിൽ കാണപ്പെടുന്നു; ഒരാൾക്കും മറെറാരാളെക്കാൾ യാതൊരു പ്രാധാന്യമോ പ്രത്യേകതയോ ഇല്ല. അതിന് തുല്യമായി മറെറാരു സ്ഥലം ഭൂമുഖത്ത് 'മിനാ'യാണ്. അതിനെസംബന്ധിച്ചാണ് നബി (സ) പറയുന്നത്:

'' ആദ്യമാദ്യം വന്നവർക്ക് തമ്പടിക്കുവാനുള്ള സ്ഥലമാണ് മിനാ. ''

ചില ഭരണാധികാരികളും നാട്ടുമൂപ്പന്മാരും തങ്ങളുടെ

---

صلّوا كما رأيتموني اصلّي (بخاری)

انما جعل الامام ليؤتم به

منى مناخ لمن سبق

www.abulhasanalinadwi.org

ഔന്നത്യത്തിനും പ്രത്യേകതക്കുംവേണ്ടി സഹാബാക്കളുടെ കാലഘട്ടത്തിനുശേഷം ചെയ്യപ്പെട്ടിയ പുത്തൻപ്രവർത്തനങ്ങൾ ഇസ്ലാമിന് പൂർണ്ണമായും അപരിചിതമാണ്; പള്ളികളിൽ ഏതെങ്കിലും കാരണത്താൽ പ്രത്യേകതയോ, ഔന്നത്യമോ ഉണ്ടെങ്കിൽ, അത് ഖുർആനിക വിജ്ഞാനത്തിന്റെയും, കർമ്മശാസ്ത്രപാണ്ഡിത്യത്തിന്റെയും, തഖ്‌വയുടെയും അടിസ്ഥാനത്തിൽ മാത്രമാണ്. റസൂലുല്ലാഹി (സ) പറഞ്ഞു:

'' ബുദ്ധിയും വിവേകവുമുള്ളവർ എന്നോട് ചേർന്നുനില്ക്കുക. പിന്നെ അതിനോടടുത്തവർ. ''

## സംഘടിത നമസ്കാരവും അതിന്റെ പ്രാധാന്യവും

'ഫർസ്' (നിർബന്ധ) നമസ്കാരം സംഘടിതമായി നിർവ്വഹിക്കണമെന്നാണ് നിയമം.

'' നമിക്കുന്നവരോടൊപ്പം നിങ്ങളും നമിക്കുക '' എന്നാണ് ഇസ്ലാമിന്റെ ഇതുസംബന്ധിച്ച വിധി. നമസ്കരിച്ചാൽപോരാ, അത് സംഘടിതമായിട്ടായിരിക്കലും നമസ്കാരത്തിന്റെ ഒരു ഘടകംതന്നെയാണ് എന്ന് തോന്നുമാറ് നബി(സ)യും സന്തതസഹചാരികളും സദാ നമസ്കരിച്ചു; അതിനു കാരണം ഇത്തരത്തിലുള്ള അല്ലാഹുവിന്റെ കൽപനകളാണ്. അവിടുന്ന് തന്റെ മരണശയ്യയിൽ പോലും ജമാഅത്തായിട്ടേ നമസ്കരിച്ചിട്ടുള്ളൂ. ഹ: ആയിശ (റ) യിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീസ് കാണാം:

'' നബി (സ)ക്ക് രോഗം മൂർച്ഛിച്ചപ്പോൾ നമസ്കാരത്തിന്റെ സമയം ആഗതമായി. അപ്പോൾ 'എല്ലാവരും നമസ്കരിച്ചോ'

---

ليليني منكم أولوا الأحلام والنهى ثم الذين يلونهم
(صحيح مسلم تسوية الصفوف)

واركعوا مع الراكعين (البقرة: ٤٣)

www.abulhasanalinadwi.org

എന്ന് അവിടുന്ന് ചോദിച്ചു; ഇല്ല, എല്ലാവരും അങ്ങയെ പ്രതീക്ഷിച്ചു നിൽക്കുകയാണെന്ന് ഞങ്ങൾ പറഞ്ഞു; പാത്രത്തിൽ കുറച്ച് വെള്ളം എടുക്കുവാൻ അവിടുന്ന് കൽപിച്ചു. അങ്ങനെ ഞങ്ങൾ പാത്രത്തിൽ വെള്ളം കൊണ്ടുവന്നുവെക്കുകയും അവിടുന്ന് അതിൽനിന്ന് വുസൂ എടുക്കുകയും ചെയ്തു; അനന്തരം നബി (സ) എഴുന്നേല്ക്കാൻ ഉദ്ദേശിച്ചപ്പോൾ ബോധക്ഷയം വന്നു; കുറെ കഴിഞ്ഞ് വീണ്ടും ഉണർന്നുകൊണ്ട് ചോദിച്ചു: എല്ലാവരും നമസ്കരിച്ചോ? ഇല്ല, അവരെല്ലാം അങ്ങയെ പ്രതീക്ഷിച്ചു നില്ക്കുകയാണ്. അപ്പോൾ അവിടുന്ന് പറഞ്ഞു: പാത്രത്തിൽ വെള്ളമെടുക്കൂ! ഞങ്ങൾ വെള്ളമെടുത്തപ്പോൾ അവിടുന്ന് വുസൂ ചെയ്തു; അനന്തരം എഴുന്നേൽക്കാൻ ഭാവിച്ചപ്പോൾ ബോധംകെട്ടു വീണു; അൽപസമയത്തിനുശേഷം ബോധം വന്നപ്പോൾ അവിടുന്ന് ആരാഞ്ഞു: ജനങ്ങളെല്ലാം നമസ്കരിച്ചോ? ഇല്ല, അവരെല്ലാം അങ്ങയെ പ്രതീക്ഷിച്ചു നില്ക്കുകയാണ്; ഉടനെ അവിടുന്ന് പറഞ്ഞു: പാത്രത്തിൽ വെള്ളമെടുക്കൂ! അങ്ങനെ നബി (സ) വുസൂ എടുക്കുകയും എഴുന്നേല്ക്കാൻ ശ്രമിക്കുകയും ചെയ്തു; പക്ഷെ പിന്നെയും ബോധംനശിച്ചു വീണു. അതിൽനിന്നും ഉണർന്നപ്പോൾ ജനങ്ങൾ നമസ്കരിച്ചോ എന്ന അതേ ചോദ്യംതന്നെ ആവർത്തിച്ചു. ഇല്ല, അവരെല്ലാം അങ്ങയെ പ്രതീക്ഷിച്ചുകൊണ്ട്

---

ثقل النبى (ص) فقال أصلى الناس؟ فقلنا لا هم ينتظرونك يا رسول الله قال ضعوا لى ماء فى المخضب ففعلنا فاغتسل ثم ذهب لينوء فاغمى عليه ثم افاق فقال: أصلى الناس؟ قلنا لا هم ينتظرونك قال ضعوا لى ماءا فى المخضب ففعلنا فاغتسل ثم ذهب لينوء فاغمى عليه ثم افاق فقال اصلى الناس؟ فقلنا لا هم ينتظرونك قال ضعوا لى ماءا فى المخضب فاغتسل ثم ذهب لينوء فاغمى عليه ثم افاق فقال اصلى الناس؟ فقلنا لا هم ينتظرونك والناس عكوف فى المسجد ينتظرونه

www.abulhasanalinadwi.org

നില്ലുകയാണ്‌ എന്ന അതേ ഉത്തരം ജനങ്ങളും ആവർത്തിച്ചു. ജനങ്ങൾ ഇശാ നമസ്കാരത്തിന്‌ അദ്ദേഹത്തെ പ്രതീക്ഷിച്ചുംകൊണ്ട്‌ പള്ളിയിൽ ജനമിരിക്കുകയാണ്‌; അപ്പോൾ അവിടുന്ന്‌ അബൂബക്കർ (റ) വിന്റെ അടുത്തേക്ക്‌ ആളെ വിടുകയും നമസ്കാരത്തിന്‌ നേതൃത്വം നല്ലാൻ കല്പിക്കുകയും ചെയ്തു.''

നബി (സ) യുടെ സഹാബികൾ ജമാഅത്ത്‌നമസ്കാരത്തിന്‌ നൽകിയിരുന്ന പ്രാധാന്യം മേൽവിവരിച്ച ഹദീസിൽനിന്നും സുവ്യക്തമാണ്‌. ഹ: അബ്ദുല്ലാഹിബ്നുമസ്ഊദ്‌ (റ) പറയുന്നു:

(അന്ന്‌) രണ്ടാളുകൾകൂടി താങ്ങിപ്പിടിച്ചു ജമാഅത്തിന്റെ അണിയിൽ ആളുകളെ എത്തിച്ചിരുന്നു. (അവർ രോഗികളാണെങ്കിൽ) അദ്ദേഹത്തിൽനിന്നുതന്നെ മറെറാരു റിപ്പോർട്ടിൽ കാണാം:

'' ജമാഅത്തിൽ പങ്കെടുക്കാത്ത രണ്ടു വിഭാഗത്തെ മാത്രമെ കാണാൻ കഴിയുകയുള്ളു; കാപട്യം പരക്കെ അറിയപ്പെട്ട കപടന്മാരും രോഗികളുമാണവർ. ''

ജമാഅത്ത്‌ നമസ്കാരം ഉപേക്ഷിക്കുന്നവരെക്കുറിച്ച്‌ വലിയ വെറുപ്പാണ്‌ നബി (സ) കാണിച്ചത്‌. സഹീഹായ ധാരാളം ഹദീസുകൾ തദ്‌വിഷയകമായി നമുക്ക്‌ കാണാം. ഹ: അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്ന ഒരു ഹദീസ്‌ ഇവിടെ

---

لصلاة العشاء الآخرة (قالت) فارسل صلى الله عليه وسلم الى ابى بكر ان يصلى بالناس الى آخره (متفق عليه)

لقد كان الرجل يؤتى به يهادى بين الرجلين حتى يقام فى الصف (مسلم، ابو داود)

رأيتنا ما تخلف عن الصلاة الا منافق قد علم نفاقه او مريض (مسلم)

www.abulhasanalinadwi.org

കൊടുക്കാം: ചില ആളുകളെ നബി (സ) നമസ്കരിക്കാൻ കാണാതായി; അപ്പോൾ അവിടുന്ന് പറഞ്ഞു: ഞാൻ ഇങ്ങനെ ആലോചിച്ചുപോവുകയാണ്: ''ഒരാളോട് എല്ലാവർക്കും ഇമാമത്ത്നിന്ന് നമസ്കരിക്കാൻ പറയാം; എന്നിട്ട് അതിൽ പങ്കെടുക്കാതെ വീടുകളിൽ കഴിഞ്ഞുകൂടുന്നവരെ കണ്ടുപിടിക്കുകയും വിറക് ശേഖരിച്ച് അവരെ അതിലിട്ട് കരിക്കുവാൻ ആജ്ഞ കൊടുക്കുകയും ചെയ്യേണ്ടകിലോ എന്ന്. '' (മുസ്ലിം)

## ജമാഅത്തിൻെറ യുക്തിയും മര്യാദകളും

നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുന്നതിൽ മനുഷ്യബുദ്ധിക്കജ്ഞാതമായ പല യുക്തികളും നന്മകളും അല്ലാഹു ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ വളരെ അധികം സാമൂഹികവും സ്വഭാവപരവുമായ ഗുണങ്ങളും നന്മകളും അന്തർഭവിച്ചതായി കാണാം. ഐക്യബോധം, സാമൂഹ്യചിന്ത, പരസ്പരസഹായം, പരിചയബന്ധം മുതലായവ ചിലതു മാത്രമാണ്. ഇസ്ലാമികപണ്ഡിതന്മാരും, ചിന്തകന്മാരും, എഴുത്തുകാരും ഈ വിഷയത്തിൽ ധാരാളം എഴുതിയിട്ടുണ്ട്; ആവർത്തിച്ചാവർത്തിച്ച് അതിൻെറ വ്യാഖ്യാന–വിശദീകരണങ്ങൾ കുറിച്ചിരുന്നു. ഉപരിസൂചിതകാര്യങ്ങൾക്ക് പുറമെയും അതിൽ എത്രയോ യുക്തിയും നന്മകളും കാണാൻ കഴിയുന്നു. ആധുനികരായ പല എഴുത്തുകാർക്കും ചിന്തകർക്കും അതിനെ സംബന്ധിച്ച് ഇനിയും വിവരിക്കാൻ കഴിഞ്ഞിട്ടില്ല.

[ശാഹ്വലിയ്യുല്ലാഹിദ്ദഹ്ലവിയുടെ ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ രണ്ടാംവാല്യം 19 മുതൽ 21 വരെയുള്ള പേജുകൾ ഈ വിഷയത്തിൽ നിങ്ങൾ അത്യാവശ്യമായി വായിച്ചിരിക്കേണ്ടതാണ്. അതിൽ അദ്ദേഹം ജമാഅത്ത്നമസ്കാരത്തിൻെറ യുക്തിയെകുറിച്ച് അഗാധമായ ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്.]

ഒന്ന് ഇവിടെ ഉദ്ധരിക്കാം: എപ്പോഴെങ്കിലും ധാരാളം മുസ്ലിംകൾ ഒത്തുചേർന്നുകൊണ്ട് പ്രത്യാശയുടെ കൈകുമ്പിളുകൾ നീട്ടി, അങ്ങനെ ഭയവും ഭക്തിയും അവരുടെ ഉള്ളിൽ തട്ടി, പ്രണാമനിമഗ്നരായി പ്രാർത്ഥിച്ചു നമസ്കരിച്ചു, എങ്കിൽ

www.abulhasanalinadwi.org

ആ സംഘടിതപ്രാർത്ഥനയുടെ ഫലമായി അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ വർഷിക്കുകയും കാരുണ്യങ്ങൾ പ്രവഹിക്കുകയും ചെയ്യും; അവരെയെല്ലാം അല്ലാഹു തൻെറ സഹായത്തിൻെറ തണലിൽ പാർപ്പിക്കുന്നതാണ്. മഴ തേടിയുള്ള നമസ്കാര (صلاة الاستسقاء) ത്തിൻെറയും, ജുമുഅഃ ജമാഅത്തിൻെറയും, ഹജ്ജിൻെറയുമെല്ലാം സമ്മേളനങ്ങളിൽ അടങ്ങിയിരിക്കുന്ന യുക്തിരഹസ്യങ്ങളും ഇതുതന്നെയാണ്.

സംഘടിതമായി നിർവ്വഹിക്കുന്നുവെന്ന കാരണംകൊണ്ട് ഇബാദത്തുകളിലും, അത് കൃത്യമായി നിർവ്വഹിക്കുന്നതിലുമുള്ള പ്രതിബന്ധങ്ങൾ നീങ്ങികിട്ടുന്നു. ഇതാണ് മറെറാരു രഹസ്യം. അതിൻെറ പരിപൂർണ്ണത, പുരോഗതി മുതലായതിൽ മാത്സര്യബുദ്ധിയും ഔത്സുക്യവും ഉടലെടുക്കുന്നു. ഏകാന്തത മുഖേനയോ അറിവില്ലായ്മ മുഖേനയോ വല്ല കുറവും ഈ ഇബാദത്തുകളിൽ വന്നിട്ടുണ്ടെങ്കിൽ ജമാഅത്ത് മുഖേന അത് പരിഹരിക്കപ്പെടും. അത്തരം തെററുകൾ മനസ്സിലാക്കാൻ പല സാഹചര്യങ്ങളും ലഭ്യമാകും. നമസ്കാരത്തിൻെറ നിയമങ്ങളും ചര്യകളും പഠിക്കാനും പഠിപ്പിക്കാനും അവസരങ്ങൾ അവനറിയാതെതന്നെ വന്നുചേരും. പണ്ഡിതരും, കർമ്മശാസ്ത്രജ്ഞരും, നിഷ്കളങ്കദാസരും അവിടെ സന്നിഹിതരായിട്ടുണ്ടാവും. അവരിൽനിന്ന് കണ്ടും കേട്ടും പഠിക്കാനും പകർത്താനും അനുകരിക്കാനും ധാരാളം സന്ദർഭങ്ങൾ സംജാതമാകും.

ഇതുപോലെ ജമാഅത്ത്നമസ്കാരം മുഖേന ലഭ്യമാകുന്ന മറെറാരു പ്രയോജനമുണ്ട്; ചില സന്ദർഭങ്ങളിൽ ചില നല്ലവരായ ജനങ്ങളുടെ നിഷ്കളങ്കമായ പ്രാർത്ഥന കാരണമായി ജമാഅത്തിൽ പങ്കെടുത്ത എല്ലാവരും അല്ലാഹുവിൻെറ അനുഗ്രഹത്തിന് പാത്രീഭൂതരാകുന്നു എന്നതാണത്. ഏതെങ്കിലും ഒരു വ്യക്തിയുടെ സത്യസന്ധതയും ആത്മാർത്ഥതയും മററു ധാരാളം മൃതഹൃദയങ്ങൾക്ക് ജീവനും, ദുഃഖിതർക്കാശ്വാസവും, അധീരർക്ക് ധൈര്യവും പ്രദാനംചെയ്യും; ഒരാളുടെ പ്രാർത്ഥനയുടെ ഫലമായി എല്ലാവരുടെയും ആരാധനകൾ സ്വീകരിക്കപ്പെട്ടേക്കാം. ഈ ആശയം ബുദ്ധിയുടെ വിധിക്കോ ശാഇൻെറ ആശയങ്ങൾക്കോ എതിരല്ല. അത്തരം ശുദ്ധരും നല്ല

www.abulhasanalinadwi.org

വരുമായ വ്യക്തികളെകുറിച്ചാണ്
'' അവർ തങ്ങളുടെ കൂട്ടുകാരെ നഷ്ടത്തിലാക്കാത്തവരാണ് ''
എന്ന് ഹദീസിൽ വന്നത്.

നമസ്കാരത്തിന്റെ 'സഫ്ഫ്'കാം (വരി) കൃത്യമാക്കുന്നതിൽ പ്രവാചകൻ വളരെ ശ്രദ്ധാലുവായിരുന്നു; നിരന്നും പരന്നും ഒററയും തററയുമായി വിട്ട്വിട്ട് നിൽക്കുന്നതിനെ അവിടുന്ന് വെറുക്കുകയും വിരോധിക്കുകയും ചെയ്തിട്ടുണ്ട്. ജമാഅത്ത്കൊണ്ട് വിവക്ഷിക്കപ്പെടുന്ന പ്രധാനോദ്ദേശ്യമായ «البنيان المرصوص» ''പരസ്പരബന്ധിതമായ ബലിഷ്ഠസൗധം'' എന്ന ആശയം സാക്ഷാല്ക്കരിക്കാൻ ഇത് കൂടിയേ തീരൂ. അതിലുപരി നമസ്കാരവും ജമാഅത്തും യഥാർത്ഥത്തിൽ ജീവിതത്തിന്റെ മുഴുമണ്ഡലങ്ങളിലേക്കുമുള്ള ശിക്ഷണമാണ്; നമസ്കാരം കൃത്യമായി നിർവ്വഹിക്കാൻ പഠിക്കാത്തവർ ഇഹപരജീവിതത്തോട് ബന്ധപ്പെട്ട ഒരു കാര്യവും ഭംഗിയായി നിർവ്വഹിക്കുകയില്ല; അനസ്ബ്നുമാലിക്ക് (റ) നബി(സ)യിൽനിന്ന് ഉദ്ധരിക്കുന്നു:

'' ഓരോരുത്തരും തങ്ങളുടെ സ്വഫ്ഫുകാം നേരെ ചൊവ്വേയാക്കുക; കാരണം സ്വഫ്ഫുകളുടെ ക്രമീകരണം നമസ്കാരം ശരിയായി നിർവ്വഹിക്കുന്നതിൽ പെട്ടതുതന്നെ.''

നുഅ്മാനുബ്നുബശീർ (റ) എന്ന സഹാബി നബി(സ)യിൽനിന്നുദ്ധരിക്കുന്നു:

'' നബി (സ) ഞങ്ങളുടെ സ്വഫ്ഫുകളെ അമ്പുപോലെ നേരെയാക്കിയിരുന്നു; ഒരു ദിവസം തക്ബീർ ചൊല്ലാൻ ഒരുങ്ങുന്നതിന്റെ അൽപസമയംമുമ്പ് സ്വഫ്ഫിൽനിന്ന് ഒരു വ്യക്തി മുന്നോട്ട് നീങ്ങിനില്ക്കുന്നത് കണ്ടു; അപ്പോാം അവി

---

قوم لا يشقى بهم جليسهم

سوّوا صفوفكم فان تسوية الصفوف من اقامة الصلاة

(بخارى، مسلم)

www.abulhasanalinadwi.org

ട്ടന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദാസന്മാരേ! നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കുക. ഇല്ലെങ്കിൽ നിങ്ങളുടെ മദ്ധ്യത്തിൽ അല്ലാഹു വിടവുകൾ സൃഷ്ടിക്കും.''

## ജുമുഅയും അതിന്റെ പ്രതിഫലങ്ങളും സവിശേഷതകളും

വെള്ളിയാഴ്ചദിവസം ഇസ്ലാം ഒരു നമസ്കാരം നിർബന്ധമാക്കിയിട്ടുണ്ട്; ആ നമസ്കാരത്തിന് ചില മര്യാദകളും, പ്രേരകങ്ങളും, പ്രത്യേകതകളുമെല്ലാം നിബന്ധനരൂപത്തിൽ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത നിർബന്ധനിബന്ധനകൾ കാരണമായിട്ടാണ് ആ നമസ്കാരത്തിന് മഹത്വവും മാഹാത്മ്യവും കൂടുകയും, ഫലങ്ങളും പ്രാധാന്യങ്ങളും അധികരിക്കുകയും ചെയ്യുന്നത്. കൂടാതെ അല്ലാഹുവിനുള്ള ആരാധനകളിലും, അവനിലേക്ക് സാമീപ്യം പ്രാപിക്കുന്നതിലും ആ നിബന്ധനകൾ സഹായിക്കുന്നു; മാത്രമല്ല മുസ്ലിംകളുടെ ഐക്യനിര ശക്തിപ്പെടുത്തി അവർ പുണ്യത്തിലും ഭക്തിയിലും പരസ്പരം സഹായിക്കാൻ പര്യാപ്തമായ ഒരു നൂതനവികാരം സൃഷ്ടിക്കുന്നതിലും ആ നിബന്ധനകൾക്ക് വളരെയധികം ശക്തിയുണ്ട്. അല്ലാഹു പറയുന്നു:

'' അല്ലയോ സത്യവിശ്വാസികളേ, വെള്ളിയാഴ്ചയിലെ നമസ്കാരത്തിനുവേണ്ടി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരി

---

كان رسول الله صلى عليه سلم يسوى صفوفنا حتى كانما يسوى به القداح حتى رأى انا قد غفلنا عنه ثم خرج يوما فقام حتى كاد ان يكبر فرأى رجلا باديا صدره من الصف فقال عباد الله لتسون صفو فكم اوليخالفن الله بين وجوهكم (مسلم)

يا ايها الذين آمنوا اذا نودى للصلاة من يوم الجمعة

www.abulhasanalinadwi.org

ക്കുവാൻ നിങ്ങൾ വേഗം പോകുവിൻ; കച്ചവടം നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുവിൻ; നിങ്ങൾ അറിയുന്നവരാണെങ്കിൽ അതാണ് നിങ്ങൾക്കുത്തമം.'' നബി (സ) പറയുന്നു:

'' അലസതയോടെ മൂന്നു ജുമുഅഃ ഒരാൾ ഒഴിവാക്കിയാൽ അവന്റെ ഹൃദയത്തിൽ അല്ലാഹു സീലുവെക്കുന്നതാണ്.''

മറെറാരു ഹദീസിൽ അവിടുന്ന് പറയുന്നു:

'' ജുമുഅഃനമസ്കാരങ്ങൾ ഉപേക്ഷിക്കുന്നതിൽനിന്ന് ജനങ്ങൾ പിന്തിരിയണം; ഇല്ലെങ്കിൽ അല്ലാഹു അവരുടെ ഹൃദയത്തിൽ സീലടിക്കുന്നതാണ്; പിന്നീട് അവർ അശ്രദ്ധരായി അധഃപതിച്ചുപോകും.''

മറെറാരു സന്ദർഭത്തിൽ നബി (സ) പറഞ്ഞു:

'' ജനങ്ങൾക്ക് ഇമാമത്ത്നിന്ന് ഒരാളോട് നമസ്കരിക്കാൻ കല്പിക്കുകയും, എന്നിട്ട് ജുമുഅഃയിൽ പങ്കെടുക്കാതെ വീട്ടിൽ പിന്തിനില്ക്കുന്നവരുടെ വീടുകൾ ചുട്ടുകരിക്കുകയും ചെയ്താലോ എന്ന് ഞാൻ വിചാരിച്ചു.''

വെള്ളിയാഴ്ച ജുമുഅഃയിൽ പങ്കെടുക്കുന്നവർ കുളിച്ച് ദന്തശുദ്ധി വരുത്തി സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ച് സർവ്വവിധ പരിശുദ്ധിയും അലങ്കാരവും കൈകൊള്ളണമെന്ന് നിർദ്ദേശമുണ്ട്. അതിൽ നമസ്കാരത്തിനുമുമ്പായി ഖുത്ബ

---

فاسعوا الى ذكرالله وذروا البيع ذلكم خير لكم ان كنتم تعلمون (الجمعة : ٩)

من ترك ثلاث جمع تهاونا بها طبع الله على قلبه (اصحاب السنن)

لينتهين أقوام عن ودعهم الجمعات او ليختمن الله على قلوبهم ثم ليكونن من الغافلين (رواه مسلم والنسائى)

لقد هممت ان آمر رجلا يصلى بالناس ثم احرق على رجال يتخلفون عن الجمعة بيوتهم (رواه مسلم)

www.abulhasanalinadwi.org

യുംകൂടി കല്പിക്കപ്പെട്ടു. നബി (സ) ജുമുഅഃ ദിവസം നിർവ്വഹിച്ചിരുന്ന ഖുത്വ്ബഃ ആരെങ്കിലും എഴുതിവെച്ചത് വായിക്കുകയോ അർത്ഥമറിയാതെ അന്ധമായി പാരായണംചെയ്യുകയോ അല്ലായിരുന്നു. ജീവിതത്തോട് ബന്ധമില്ലാത്ത, നിർജ്ജീവമായ ഒന്നല്ലായിരുന്നു അത്. യാതൊരു ആജ്ഞാശക്തിയോ സന്ദേശമോ ഇല്ലാത്ത ഒരു താളാത്മകമായ പാരായണവുമല്ലായിരുന്നു. മറിച്ച് ജീവിതത്തോടും, മററു ആനുകാലിക സംഭവവികാസങ്ങളോടും, തികച്ചും ബന്ധംപുലർത്തുന്ന, നിത്യചൈതന്യം തുളുമ്പിനിൽക്കുന്ന ഖുത്വ്ബഃയായിരുന്നു അത്. ഹ: ജാബിർ (റ) ഉദ്ധരിക്കുന്നു:

'' (ജുമുഅഃദിവസം) നബി (സ) പ്രസംഗിക്കാൻ നിന്നാൽ അവിടുത്തെ രണ്ടു നയനങ്ങൾ ഗൗരവത്താൽ ചുവപ്പ്നിറം പൂണ്ട് ശബ്ദം ക്രമാതീതമായി ഉയർന്നുവരുമായിരുന്നു. അത് കേട്ടാൽ രാവിലെയോ വൈകുന്നേരമോ ആക്രമണത്തിനൊരുങ്ങിനില്ക്കുന്ന ഒരു സൈന്യവ്യൂഹത്തെക്കുറിച്ച് (ശ്രോതാക്കളോട്) മുന്നറിയിപ്പ് നല്കുന്നവൻെറ അവസ്ഥയായിരുന്നു.''

അല്ലാമാ ഇബ്നുൽഖയ്യിം (റ) തൻെറ വിഖ്യാതഗ്രന്ഥമായ 'സാദുൽമആദി'ൽ ഇപ്രകാരമെഴുതുന്നു:

'' നബി (സ) തൻെറ ഖുത്വ്ബഃയിൽ ഇസ്ലാമികശരീഅത്തിലെ ഓരോ നിയമങ്ങളും സിദ്ധാന്തങ്ങളും അവിടുത്തെ സന്തതസഹചാരികൾക്ക് പഠിപ്പിച്ചുകൊടുത്തിരുന്നു; പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ എന്തെങ്കിലും കല്പിക്കുകയോ വിരോധിക്കുകയോ ചെയ്യേണ്ട പ്രശ്നമുണ്ടായാൽ അതും നിർവ്വഹിച്ചിരുന്നു.'' (സാദുൽമആദ് വാ: 1 പേജ്: 115)

---

كان النبى صلى الله عليه وسلم اذا خطب احمرت عيناه وعلا صـوته
كأنـه منذر جيش يقول صبحكم ومسـاكم (رواه مسلم والنسائى)

وكان يعلم اصحابـه فى خطبتـه قواعد الاسلام وشرائعه وكان يـأمرهم
وينهاهم فى خطبته اذا عرض له امر او نهى (زاد المعاد ج. ا ص ١١٥)

www.abulhasanalinadwi.org

അല്ലാമാ ഇബ്നൽഖയ്യിം (റ) തൻെറ കാലഘട്ടത്തിലെ ഖത്വീബുമാരെ നിരൂപണം ചെയ്തുകൊണ്ടിങ്ങനെ എഴുതുന്നു:

" കാലം ഏറെച്ചെന്നു; പ്രവാചകത്വത്തിൻെറ ശുഭ്രപ്രകാശം ജനഹൃദയങ്ങളിൽനിന്ന് അന്തർദ്ധാനം ചെയ്തു; ഇസ്ലാമികശരീഅത്തിലെ നിയമങ്ങളും ആജ്ഞകളും കേവലം ചില ആചാരങ്ങളായി രൂപം പ്രാപിച്ചു; ആ നിയമങ്ങളും ആജ്ഞകളും മുഖേന (അല്ലാഹുവും അവൻെറ പ്രവാചകനും ചില കാര്യങ്ങൾ ഉദ്ദേശിച്ചിരുന്നു. പ്രസ്തുത) ഉദ്ദേശ്യങ്ങൾ സഫലീകൃതമാകാതെ, അതിന് അല്പംപോലും പരിഗണനനല്കപ്പെടാതെ നിർവ്വഹിക്കപ്പെടുന്ന ഒരു ആചാരമായി അത് പരിണമിച്ചു; വെറും പുറംചട്ട മാത്രം നോക്കുകയും ഉൾക്കാമ്പ് പരിഗണിക്കപ്പെടാതെ പോവുകയും ചെയ്തു. ഇത്തരം സ്വയം നിർമ്മിതമായ ഒരു ആചാരത്തെ പ്രവാചകൻെറ സുന്നത്തായി അവർ കണക്കെഴുതി. ഒരു കാലത്തും ഒരു രൂപത്തിലും വിസ്മരിക്കാൻ നിർവ്വാഹമില്ലാതിരുന്ന ഖുത്വ്ബഃയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പാടെ വിസ്മരിക്കപ്പെട്ടു. അത്തരക്കാർ തങ്ങളുടെ ഖുത്വ്ബഃ പ്രാസത്തിൻെറയും പദക്കസർത്തുകളുടെയും ഒരു സമാഹാരമാക്കി മാററുകയും ചെയ്തു. അങ്ങനെ കാലക്രമത്തിൽ അതിൻെറ ഫലം കുറഞ്ഞു എന്നു മാത്രമല്ല, യഥാർത്ഥോദ്ദേശ്യം പൂർണ്ണമായും നശിച്ചുപോയ ഒരാചാരമായി തരംതാഴുകയുംചെയ്തു " (സാദുൽമആദ് വാ: 1 പേ: 115)

എന്നാൽ ഉദ്ദേശ്യലക്ഷ്യങ്ങൾ പരിഗണിക്കപ്പെട്ട ഇന്ന

---

ثم طال العهد. وخفى نور النبوة. وصارت الشرائع والأوامر رسوما تقام فى غير مراعاة حقائقها ومقاصدها فاعطوها صورها وزينوها بما زينوها به فجعلوا الرسوم والاوضاع سننا لا ينبغى الا خلال بها واخلوا بالمقاصد التى لا ينبغى الا خلال بها فرصعوا الخطب بالتسجيع والفقر وعلم البديع فنقص بل عدم حظ القلوب منها وفات المقصود بها (زادالمعاد ج. اص ١١٥)

www.abulhasanalinadwi.org

ത്തെ ചില ഖുത്വ്ബഃകളെപോലെ മണിക്കൂറുകൾ നീണ്ടുനി ല്ക്കുന്ന, ജനങ്ങൾക്ക് മടുപ്പും വിഷമവും സൃഷ്ടിക്കുന്ന തരത്തി ലുള്ളതുമായിരുന്നില്ല അവിടത്തെ പ്രസംഗം. ഇന്നത്തെ ചി ല പ്രസംഗകർ തങ്ങളുടെ നിർബന്ധഖുത്വ്ബഃയെ പ്രസംഗ പ്രാവീണ്യം പ്രകടിപ്പിക്കാനും മററുള്ളവരോട് മത്സരം നട ത്താനുമുള്ള ഒരു വേദിയായി കാണുന്നു. അത്തരക്കാർ തങ്ങളു ടെ പ്രസംഗം നാട്ടിൽ നടക്കുന്ന അനഭിലഷണീയമായ ചില പ്രാദേശികകാര്യങ്ങൾ (അഭിപ്രായവ്യത്യാസങ്ങൾ, മദ്ഹബീ ചിന്താഗതികളുടെ നൂലാമാലകൾ, ഖണ്ഡന മണ്ഡനങ്ങൾ തുട ങ്ങിയവ) കൈകാര്യം ചെയ്യുവാനുള്ള ഒരു അവസരമായി കാണുന്നുണ്ട്. തങ്ങളുടെ അഭിപ്രായങ്ങളോട് യോജിക്കാത്ത വരെയെല്ലാം ആ പ്രസംഗത്തിലൂടെ നിശിതമായി വിമർശി ക്കുന്നു. ഇങ്ങനെ ജുമുഅഃ നിർവ്വഹിക്കുമ്പോൾ തുറന്ന മനസ്സോ ടെ ശാന്തമായി വന്നിരുന്ന് ഖുത്വ്ബഃ ഗ്രഹിക്കുന്ന ശ്രോതാ ക്കളിൽ വെറുപ്പ് സംജാതമാവുന്നു. ജുമുഅഃഖുത്വ്ബഃയുടെ മഹത്വവും മാഹാത്മ്യവും ജനഹൃദയങ്ങളിൽനിന്ന് നീങ്ങി പ്പോവുന്നു. ഈ പ്രസംഗത്തിന് മററു പ്രസംഗങ്ങൾക്കില്ലാത്ത സവിശേഷതയും അതാണല്ലോ? പ്രവാചകപ്രവരൻെറ പ്രസം ഗം തികച്ചും വിജ്ഞാനപ്രദവും, ഹൃദയസ്പൃക്കും വേണ്ടുന്ന കാര്യങ്ങൾ മുഴുവനും ഉൾക്കൊണ്ടതും വേണ്ടാത്തതിൽനിന്ന് പൂർണ്ണമായും മുക്തവുമായിരുന്നു. അവിടത്തെ സാധാരണ സം സാരംതന്നെ അത്തരത്തിലായിരുന്നല്ലൊ. അതിൽ അനാവ ശ്യവാക്കുകളോ, ആവശ്യമായതോട്ടക്കുടെതന്നെ വിട്ടുപോയ കാര്യങ്ങളോ ഉണ്ടായിരുന്നില്ല. ജാബിറുബ്നു സമുറത്ത് (൧) പറയുന്നു:

'' നബി (സ)യുടെ നമസ്കാരവും ഖുത്വ്ബഃയും വളരെ ദീർഘ മായതോ, എന്നാൽ വേഗം അവസാനിക്കുന്നതോ ആയിരു ന്നില്ല; ഒരു മദ്ധ്യമനില പുലർത്തിയിരുന്നു. വിശുദ്ധഖുർആ നിലെ ചില ആയത്തുകൾ അവിടുന്ന് ഓതും; അനന്തരം ജന

---

كانت صلاة النبي صلى الله عليه وسلم قصدا وخطبته قصدا يقرأ بآيات من القرآن ويذكر الناس (رواه مسلم واصحاب السنن)

www.abulhasanalinadwi.org

ങ്ങളെ അതിൻെറ അടിസ്ഥാനത്തിൽ ഉപദേശിക്കം. '' (സഹീഹ് മുസ്ലിം, അസ്വ്ഹാബുസ്സനന്) മററൊരു റിപ്പോർട്ടിൽ ഇപ്രകാരം വന്നിരിക്കുന്നു:

'' വെള്ളിയാഴ്ച ദിവസത്തെ ഉപദേശം നബി (സ) ദീർഘിപ്പിച്ചിരുന്നില്ല; ആ ഉപദേശം ചുരുങ്ങിയ ഏതാനും ചില വചനങ്ങളായിരുന്നു.'' (മുസ്‌ലിം, അസ്വ്ഹാബുസ്സനന്)

ഖുത്വ്ബഃ പൂർണ്ണമായി അടക്കത്തോടും ശാന്തതയോടുംകൂടി ശ്രവിക്കൽ നിർബന്ധമാണ്, എങ്കിൽ മാത്രമെ അതുകൊണ്ടുദ്ദേശിക്കപ്പെടുന്ന ഫലങ്ങൾ സാക്ഷാല്കരിക്കപ്പെടുകയുള്ളൂ. ആത്മീയതയും ശാന്തതയും തളംകെട്ടിനിൽക്കുന്ന ഒരന്തരീഷം സംജാതമാവുകയുള്ളൂ. ഇതൊരു ഇബാദത്താണ്. പ്രസംഗത്തിൻെറ വശം മാത്രമല്ല അവിടെ പരിഗണിക്കപ്പെടുന്നത്; ഖുത്വ്ബഃ നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രോതാക്കളുടെ സംസാരം വളരെ ശക്തമായ ഭാഷയിൽ പ്രവാചകൻ വിരോധിച്ചിരിക്കുന്നു. അടുത്തിരിക്കുന്ന ഒരാൾ എന്തെങ്കിലും വർത്തമാനം പറഞ്ഞാൽ അതിനെ എതിർക്കുന്നതുപോലും നബി (സ) കർശനമായി തടഞ്ഞിട്ടുണ്ട്. അങ്ങനെ തടയുവാൻ കാരണം പ്രസ്തുത ആത്മീയാന്തരീക്ഷം നഷ്ടപ്പെടുമോ എന്ന സന്ദേഹംകൊണ്ടാണ്. ഓരോരുത്തരും പരസ്പരം സംസാരിക്കുകയും അവസാനം അതൊരു കോലാഹലത്തിലെത്തിച്ചേരുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുവിൻെറ റസൂൽ പഠിപ്പിച്ചു:

'' ജുമുഅഃ ദിവസം ആരെങ്കിലും തൻെറ സമീപസ്ഥനോട് മിണ്ടാതിരിക്കൂ എന്ന് പറഞ്ഞാൽപോലും അനാവശ്യവാക്കാണവൻ പറഞ്ഞത്.'' (അബൂദാവൂദ്)

---

كان النبي صلى الله عليه وسلم لا يطيل الموعظة يوم الجمعة انما هن كلمات يسيرات (رواه مسلم واصحاب السنن)

من قال يوم الجمعة: لصاحبه انصت فقد لغا

(رواه ابوداود عن علي ابن ابي طالب مرفوعا)

www.abulhasanalinadwi.org

ജുമുഅഃയുടെയും അതുകൊണ്ടുദ്ദേശിക്കപ്പെടുന്ന ഫലങ്ങളുടെയും താല്പര്യം അത് ഒരു നഗരത്തിൽ ഒരു പള്ളിയിലായിരിക്കണമെന്നതാണ്. ഇല്ലെങ്കിൽ കഴിയുന്നത്ര ചുരുങ്ങിയ പള്ളികളിലായിരിക്കുക. (നഗരം വലിയതും ജനങ്ങൾ മുഴുവനും ഒരു പള്ളിയിൽ ഉൾക്കൊള്ളാത്തതുമാണെങ്കിൽ ഇപ്പറഞ്ഞത് ബാധകമല്ല.) അങ്ങനെ നാട്ടിലെ എല്ലാ മുസ്ലിംകളും ആഴ്ചയിൽ ഒരു ദിവസം ഒരു സ്ഥലത്ത് സമ്മേളിക്കുക; അതുകൊണ്ട് അവർ തങ്ങളുടെ ഐക്യവും സാഹോദര്യവും പുതുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇത് ജുമുഅഃയുടെ നേട്ടത്തിൻെറ ഒരു വശം; മറുവശത്ത് ഇങ്ങനെ എല്ലാ ആഴ്ചയിലും ഒരു സ്ഥലത്ത് സമ്മേളിക്കുന്നത് മുഖേന അവരുടെ വിശ്വാസങ്ങളും കർമ്മങ്ങളും വികലമാകാതെ എന്നെന്നും സുരക്ഷിതമായിരിക്കും. പക്ഷെ മുസ്ലിംകൾ ഇന്ന് ജുമുഅഃയുടെ കാര്യത്തിൽ വളരെ അശ്രദ്ധരും അലസരുമായിരിക്കുന്നു; അതിൻെറ ഫലമായി സമൂഹ പരിവർത്തനത്തിൽ ജുമുഅഃ ചെലുത്തുന്ന സ്വാധീനം കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിൻെറ ഗൗരവവും മഹത്വവും വിസ്മരിക്കപ്പെടുകയും ചെയ്യുന്നു

## ജുമുഅഃ ആഴ്ചയുടെ ബാലൻസ് ?

ജീവിതവ്യവഹാരങ്ങളിൽ വ്യാപൃതനായ മനുഷ്യൻ, കുടുംബപരമായ കാര്യങ്ങളിൽ ഉത്തരവാദപ്പെട്ട വ്യക്തി—അവൻെറ മനോവീര്യം കർമ്മനൈരന്തര്യത്താൽ തളർന്നുപോകുന്നു;

---

അല്ലാമാ ബഹ്റുൽഉലൂം ഫറങ്കീ മഹല്ലി തൻെറ 'റസാഇലുൽ അർകാൻ' എന്ന കൃതിയിൽ എഴുതുന്നു: ജുമുഅഃ മുസ്'ലിംകൾ മുഴുവനും ഒരു സ്ഥലത്ത് സമ്മേളിക്കാനുള്ള മാർഗ്ഗങ്ങളിൽ ഒന്നാണ്; അതുകൊണ്ടാണ് ഇമാം അബൂയൂസുഫ് ഒരു നഗരത്തിൽ പല ജുമുഅഃ പാടില്ലാ എന്ന് പറഞ്ഞത്. ഇമാം അബൂഹനീഫഃ, ശാഫിഈ (റ) തുടങ്ങിയവരുടെയും അഭിപ്രായങ്ങൾ ഇതുതന്നെയാണ്. പക്ഷെ അബൂഹനീഫഃ (റ) യുടെ അഭിപ്രായമായി അദ്ദേഹത്തിൻെറ മറെറാരു ശിഷ്യനായ ഇമാം മുഹമ്മദ് പറയുന്നത് ഒരു പട്ടണത്തിൽ എത്ര ജുമുഅഃയും നിരുപാധികമായി അനുവദിച്ചിരിക്കുന്നുവെന്നാണ്; ഒരു മുഫ്തി 'ഫത്വ' കൊടുക്കേണ്ട അഭിപ്രായവും ഇതുതന്നെയാണ്.

www.abulhasanalinadwi.org

ആയതിനാൽ അവൻെറ മനോവീര്യത്തിന് ശക്തി പകർന്നു കൊടുക്കാൻ പററുന്ന ഒരു ദിവസം വളരെ അനിവാര്യമാണ്. അന്നവൻ ആരാധനയിൽ മുഴുകുകയും ദൈവസാമീപ്യം കരസ്ഥമാക്കുകയും ചെയ്യും; ഓരോ വാരത്തിലും കർമ്മബാഹുല്യത്താൽ ഹൃദയത്തിനേററ കറകളും കേടുപാടുകളും തുടച്ചുമാററി ശുദ്ധമാക്കിവെക്കാൻ അതവരെ സഹായിക്കും. ആഗതമാകുന്ന വാരത്തിലേക്ക് വേണ്ടുന്ന വെളിച്ചവും വായുവും ശേഖരിച്ച് അവൻ മുന്നോട്ട് പോകും. തുടർന്നുള്ള ഓരോ നാളുകരം സമ്പൂർണ്ണദിനങ്ങളായിത്തീരാൻ ആ ഒരു ദിവസം അവനെ സഹായിക്കും; ഇത്തരത്തിലുള്ള ഒരു ദിവസമാണ് ആഴ്ചതോറും ആവർത്തിക്കപ്പെടുന്ന വെള്ളിയാഴ്ച. റമസാനിൽ ഈ സ്ഥാനത്തുള്ളത് ലൈലത്തുൽഖദ്റാണ്. മററു പന്ത്രണ്ട് മാസങ്ങളിൽ ഈ ദിവസത്തിൻെറ സ്ഥാനം വെള്ളിയാഴ്ചക്കാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലും —പ്രത്യേകിച്ച് ഗ്രാമങ്ങളിൽ— മററു പല മുസ്ലിംരാജ്യങ്ങളിലുമുള്ള കർഷകരുടെയും മററു തൊഴിലാളികളുടെയും ഇസ്‌ലാമുമായുള്ള ഏകബന്ധം ഒരു വെള്ളിയാഴ്ച ദിനമാണ്. അന്ന് കുളിച്ചൊരുങ്ങി നമസ്കാരത്തിനുവേണ്ടി പുറപ്പെടുന്നു. ഖുത്വ്ബഃയിലൂടെ ദീനിൻെറ ചിഹ്നങ്ങളും നിയമങ്ങളും മനസ്സിലാക്കുന്നു. അങ്ങനെ ഇസ്‌ലാമിനെക്കുറിച്ച് അഭിമാനിക്കുകയും അന്തഃകരണങ്ങളിൽ ആശയും ആവേശവും വേണ്ടത്ര നിറക്കുകയും ചെയ്യുന്നു. ആനുകാലികമായി അവരെ നേരിടുന്ന വെല്ലുവിളികളിൽനിന്ന് രക്ഷ പ്രാപിക്കുന്നു. മതപരിത്യാഗത്തിൽനിന്നും ജാഹിലിയ്യാസംസ്കാരത്തിൽനിന്നും മുക്തി നേടുന്നു. ഏകദൈവാരാധനയിൽനിന്ന് വ്യതിചലിക്കുകയും വിഗ്രഹാരാധനയിൽ നിപതിക്കുകയും ചെയ്യുന്ന പ്രവണതകളും ചുററുപാടുകളും അവനെ സ്വാധീനിക്കുകയില്ല. ഓരോ ആഴ്ചയിലും ആവർത്തിച്ചുവരുന്ന ഈ ജുമുഅയും അതിനോടനുബന്ധിച്ച പ്രസംഗവും ഇല്ലായിരുന്നെങ്കിൽ മുസ്‌ലിംസമൂഹത്തിലെ ധാരാളം വ്യക്തികരം അനിസ്‌ലാമിക സംസ്കാരത്തിൽ ഇഴുകിച്ചേരുമായിരുന്നു. അവർ ജീവിക്കുന്ന ചുററുപാടിൻെറ കനത്ത സമ്മർദ്ദത്തിന് വശംവദരാവുകയും ജാഹിലിയ്യത്ത് അവരെ വെട്ടിവിഴുങ്ങുകയും ചെയ്യുമായിരുന്നു. തങ്ങരം പ്രത്യേകമായ ഒരാദർശത്തിൻെറ

www.abulhasanalinadwi.org

വാഹകരാണെന്ന ബോധംപോലും നശിച്ചുപോകുമായിരുന്നു. ഇത്തരം നന്മകൾ കണക്കിലെടുത്തുകൊണ്ടാണ് പിൻഗാമികളായ പല ഹനഫീ പണ്ഡിതന്മാരും ജുമുഅ:നമസ്കാരത്തിന്റെ പ്രശ്നത്തിൽ കർമ്മശാസ്ത്രപരമായ ചില കടുംപിടുത്തത്തിന് വഴങ്ങാതെ വിശാലമന: സ്ഥിതികൈക്കൊണ്ടത്.

മഹാനായ ഇബ്നുൽഖയ്യിം (റ) ഈ ബിന്ദുവിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക: ''ആരാധനാകർമ്മങ്ങൾക്ക് വേണ്ടി ഒഴിഞ്ഞിരിക്കുകയും അതിന് പ്രത്യേകം പ്രാധാന്യം നല്കുകയും ചെയ്യൽ സുന്നത്തായ ദിനമാണ് വെള്ളിയാഴ്ച. ഐച്ഛികവും നിർബന്ധവുമായ ആരാധനകൾ ഉൾക്കൊണ്ടിരിക്കുന്നതിനാൽ ഇതരദിവസങ്ങളെ അപേക്ഷിച്ച് പ്രസ്തുത ദിവസത്തിന് പുണ്യം കൂടുതലുണ്ട്. ആരാധനാകാര്യങ്ങളിൽ കൂടുതൽ നിമഗ്നരാകാൻ എല്ലാ സമുദായക്കാർക്കും അല്ലാഹു ഒരു പ്രത്യേക ദിവസം നിശ്ചയിച്ചിട്ടുണ്ട്. ഐഹികമായ ജോലിത്തിരക്കുകളിൽനിന്ന് അന്നവർ വിട്ടു നില്ക്കുന്നു. ചുരുക്കത്തിൽ വെള്ളിയാഴ്ച ആരാധനക്കുവേണ്ടി നീക്കിവെച്ച ദിനമാണ്. മാസങ്ങളുടെ കൂട്ടത്തിൽ റംസാനിന്റെ പദവിയാണ് ദിവസങ്ങളുടെ കൂട്ടത്തിൽ ജുമുഅ:ദിവസത്തിന്. അന്ന് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന ഒരു സമയമുണ്ട്. റമസാനിലെ ലൈലത്തുൽഖദ്ർ പോലെയാണ് വെള്ളിയാഴ്ചദിനത്തിൽ പ്രസ്തുത സമയം. അതിനാൽ ആരുടെ ജുമുഅ: ആത്മസംതൃപ്തിയോടെ കടന്നുപോകുന്നുവോ ആഴ്ചയിലെ അവന്റെ മററു ദിനങ്ങളും അതുപോലെ ആത്മസംതൃപ്തിയോടെ കടന്നുപോകും; ആരുടെ റംസാൻ മനസംതൃപ്തിയോടെ പിന്നിടുന്നുവോ ആ വർഷത്തിലെ അവന്റെ മററു മാസങ്ങളും തഥൈവ. ജീവിതത്തിലൊരിക്കൽ നിർബന്ധമായ ഹജ്ജ്കർമ്മം ആരെങ്കിലും സ്വീകാര്യയോഗ്യമായ രൂപത്തിൽ കഴിച്ചിട്ടുണ്ടെങ്കിൽ അവന്റെ ജീവിതകാലം മുഴുവനും രക്ഷ പ്രാപിച്ചു. ഈ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം 'യൗമുൽ ജുമുഅ:' അവന്റെ വരാൻ പോകുന്ന വാരത്തിന്റെ ബാലൻസ്ദിനമാണ്; റംസാനാകട്ടെ ആഗതമാകുന്ന വർഷത്തിന്റെയും. ഹജ്ജ് അവന്റെ ജീവിതത്തിന്റെ മുഴുവനുംു

www.abulhasanalinadwi.org

ടിയുള്ള ഒരു നിർണ്ണായക കർമ്മമാണ്. എല്ലാം അല്ലാഹുവിന്റെ സഹായം. '' (സാദുൽമആദ് വാ: 1, പേ: 106)

## രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ

### ഇസ്ലാമികമായ അതിന്റെ പ്രത്യേകതകൾ:

ഭൂമുഖത്ത് പല പാർട്ടികളും മതങ്ങളും സമുദായങ്ങളും വർഗ്ഗങ്ങളുമുണ്ട്. അവർക്കെല്ലാം ആഘോഷസുദിനങ്ങളുമുണ്ട്. പ്രസ്തുത സുദിനങ്ങളെ സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും ഉല്ലർഷത്തിന്റെയും ഉല്ലാസത്തിന്റെയും ദിനങ്ങളായി അവർ കാണുന്നു. എന്നാൽ ആഭാസവും അഴിഞ്ഞാട്ടവും ദുർവ്യയവും ദുർവൃത്തിയും അമിതാഹ്ലാദവും ആഡംബരവുമെല്ലാം ഇന്ന് അതിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു എന്ന് പറഞ്ഞാൽ തെററില്ല. ഒരു ആരാധന എന്ന അർത്ഥത്തിലാണ് അത് കൊണ്ടാടുന്നതെങ്കിൽ തികച്ചും അതിന്റെ ആശയത്തിന് കടകവിരുദ്ധമായ വികാരവും വിഭാവനയും അതിന് നൽകപ്പെട്ടുകഴിഞ്ഞു. അതുകൊണ്ടുദ്ദേശിക്കപ്പെട്ട ഗൗരവവും ഗാംഭീര്യവും ഭയവും ഭക്തിയും ഇന്ന് തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു. ഒരു വിഭാഗക്കാരും ഇതിൽനിന്നൊഴിവല്ലെന്ന് പറഞ്ഞാൽ അതിൽ അസാംഗത്യമൊന്നുമില്ല.

എന്നാൽ ഇതിനെല്ലാം എതിരായി യാഥാർത്ഥ്യത്തിന്റെ അംഗീകാരവും മനുഷ്യപ്രകൃതിയുടെ തേട്ടവും എന്ന അടിസ്ഥാനത്തിൽ ലോകനിയന്താവ് രണ്ട് ആഘോഷസുദിനങ്ങൾ കനിഞ്ഞരുളി. ഈദുൽഫിത്വ്റും ഈദുൽഅസ്വ്ഹായുമാണ് ആ രണ്ട് ആഹ്ലാദസുദിനങ്ങൾ. അതിന്നവൻ ആത്മീയതയുടെയും മതപരിവേഷത്തിന്റെയും ഛായംകൊടുത്തിരിക്കുന്നു. അന്ന് നമസ്കാരം നിർവ്വഹിക്കണമെന്ന് കല്പിച്ചു. കൂടുതലായി തക്ബീറുകൾ ഉൾക്കൊള്ളിച്ച ഒരു നമസ്കാരമാണത്. അതിന്റശേഷം ജനങ്ങൾക്ക് സദുപദേശം നൽകിക്കൊണ്ടുള്ള ഖുത്വ്ബഃ നടത്തുവാനും ആജ്ഞാപിച്ചു. നമസ്കാരത്തിന് മുമ്പും പിമ്പും വഴിമദ്ധ്യേ അധികമായ തക്ബീറുകൾ മുഖേന അന്തരീക്ഷം മാറെറാലികൊള്ളണമെന്ന് നിർദ്ദേശിച്ചു. ഈദുൽഫിത്വ്റിന്റെ നമസ്കാ

www.abulhasanalinadwi.org

രത്തിന്മുമ്പ് 'ഫിത്വ്ർ സക്കാത്തും' ഈദുൽഅസ്ഹായു ടെ നമസ്കാരത്തിന്ശേഷം 'ഉസ്ഹിയ്യത്തും' നിർവ്വഹിക്കേ ണ്ടതാണെന്നും അല്ലാഹു കല്പിച്ചു. ഇതെല്ലാം ഇസ്ലാം പ്രസ്തു ത ദിനങ്ങൾക്ക് നൽകിയ മതപരിവേഷവും മഹത്വവു മാണ്.

ഏതെങ്കിലും വിശാലമായ മൈതാനത്ത് ആബാലവൃ ദ്ധം മുസ്ലിംകൾ സമ്മേളിക്കാൻ സൗകര്യപ്രദമായ രൂപത്തിൽ പെരുന്നാൾ നമസ്കാരം സംഘടിപ്പിക്കണമെന്നാണ് നിയമം. കാരണം കൊല്ലത്തിൽ ഈ രണ്ടു നമസ്കാരത്തിലും മുഴു വൻ മുസ്ലിംകളും ഒരുമിച്ച് ഒരു സ്ഥലത്തുതന്നെ കൂട ണം. ഓരോ ആഴ്ചയിലും ജുമുഅഃയിൽ അവർ സമ്മേളി ക്കുന്നതും ഇതിന് തുല്യമാണ്. പക്ഷെ ഖേദകരമെന്ന് പറയട്ടെ ഇതിലും മുസ്ലിംകൾ അലംഭാവ മനഃസ്ഥിതി കൈക്കൊണ്ടു. പെരുന്നാൾ നമസ്കാരങ്ങൾക്ക്വേണ്ടി ഈദ് ഗാഹ് സംഘടിപ്പിക്കുന്നതിൽ അവർ വീഴ്ച വരുത്തി. അത് ചെറുതും വലുതുമായ പള്ളികളിൽ നടത്തപ്പെട്ടു. തദ്ഫ ലമായി ആ നമസ്കാരം മുഖേന് ഉദ്ദേശിക്കപ്പെട്ട ഫലങ്ങൾ ഈ സമുദായത്തിന് നഷ്ടപ്പെട്ടു. സമൂഹപരിവർത്തനത്തിൽ അതിന് വഹിക്കാനുണ്ടായിരുന്ന പങ്ക് എന്തെന്നുപോലും സമുദായം ഗ്രഹിക്കാതായി. ജുമുഅഃയുടെയും അതിനോ ടനുബന്ധിച്ച് നടക്കുന്ന ഖുത്വ്ബഃയുടെയും ഉദ്ദേശ്യങ്ങ ളും ഫലങ്ങളും വിനഷ്ടമായതുപോലെതന്നെ. അല്ലാമാ ഇബ്നുൽഖയ്യിം (റ) പറയുന്നു:

'' മദീനഃത്വയ്യിബഃയുടെ കിഴക്കുഭാഗത്തുള്ള കവാടത്തോ ട് തൊട്ടുകിടന്നിരുന്ന ഈദ്ഗാഹിലായിരുന്നു നബി സ) രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ നടത്തിയിരുന്നത്. അവി ടെതന്നെയാണ് ഹാജിമാരുടെ ചുമടുകളും ഭാണ്ഡങ്ങളും ഇറക്കിവെക്കുന്നതും. കനത്ത മഴ കാരണം ഈദ്ഗാഹിൽ നമസ്കരിക്കാൻ വയ്യാതെ വന്നപ്പോൾ ഒരു പ്രാവശ്യം മാത്രമാ ണ് അവിടുന്ന് പെരുന്നാൾ നമസ്കാരം പള്ളിയിൽവെ ച്ച് നിർവ്വഹിച്ചത്. ഇത്തന്നെയും അബൂദാവൂദിലും ഇബ്നു മാജയിലും വന്ന ഹദീസുകൾ സഹീഹാണെങ്കിൽ മാത്ര മാണ്. ഏതായാലും പെരുന്നാൾനമസ്കാരങ്ങൾ ഈദ്

www.abulhasanalinadwi.org

ഗാഹിൽ സംഘടിപ്പിക്കൽതന്നെയായിരുന്നു അവിടുത്തെ തിരുചര്യ. (സാദുൽമആദ് വാ: 1, പേ: 119)

ശൈഖുൽഇസലാം ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി (റ) രണ്ട് പെരുന്നാൾനമസ്കാരത്തിൻെറയും, അതിന്ന് ഇസ്ലാം നൽകിയ പ്രാധാന്യത്തിൻെറയും യുക്തി വിലയിരുത്തുന്നത് കാണുക:

"എല്ലാ സമുദായത്തിനും ഒരു തരത്തിലല്ലെങ്കിൽ മററൊരു തരത്തിലുള്ള സമ്മേളനവും പ്രകടനവുമുണ്ട്; തങ്ങളുടെ ശക്തിയും അംഗബലവും അത്മുഖേന അവർ പ്രകടിപ്പിക്കുന്നു. ഇങ്ങനെ ശക്തിപ്രകടനവും സമ്മേളനവുമില്ലാത്ത ഒരു ജനവിഭാഗവും മനുഷ്യരാശിയിലില്ല. അതുകൊണ്ടുതന്നെ പെരുന്നാൾസുദിനത്തിൽ മുസ്‌ലിംസമുദായത്തിലെ ആബാലവൃദ്ധം ജനങ്ങൾ ഈദ്ഗാഹിലേക്ക് പുറപ്പെടൽ സുന്നത്തായി കല്പിക്കപ്പെട്ടു. സ്ത്രീകളോ കുട്ടികളോ ആരുംതന്നെ അതിൽനിന്നൊഴിവല്ല. ഋതുമതികളും കന്യകകളും അന്ന് ഈദ്ഗാഹിൽ ഹാജറായേ തീരൂ. പക്ഷെ ഋതുമതികളായ സ്ത്രീകൾ നമസ്കാരത്തിൽ പങ്കെടുക്കേണ്ടതില്ല. മററുള്ള പ്രാർത്ഥനാകർമ്മങ്ങളിൽ അവർ പങ്ക്ചേരട്ടെ. നബി (സ) ഈദ്ഗാഹിലേക്ക് പോയതും അതിൽനിന്ന് മടങ്ങിയതും രണ്ട് വഴിയിലൂടെയായിരുന്നു. കാരണമുണ്ട്: ആ രണ്ടു വഴിവക്കിലുള്ളവർ മുസ്‌ലിംകളുടെ യശസ്സും അന്തസ്സും കാണണം." (ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാ: 2 പേജ് 23.)

## ബിദ്അത്തുകളിൽ നിന്നും കൈകടത്തലുകളിൽ നിന്നും ദീനിനെ സംരക്ഷിക്കുന്ന ജുമുഅഃ ജമാഅത്ത്

ഈ ദീനിൻെറ സുരക്ഷിതത്വത്തിലും, ഇസ്‌ലാമികശരീഅത്തിൻെറ നിലനില്പിലും, പ്രവാചകപ്രവരനും അവിടുത്തെ സന്തതസഹചാരികളും പഠിപ്പിച്ച തനതായ രൂപത്തിൽതന്നെ അത് അവശേഷിക്കുന്നതിലും ജുമുഅഃ ജമാഅത്തിന് ഉജ്ജ്വലമായ പങ്കുണ്ട്; പട്ടണങ്ങളിലും ഗ്രാമത്തിൻെറ പ്രാന്തപ്രദേശങ്ങളിലുമുള്ള മുസ്‌ലിംകൾ ജുമുഅഃ

www.abulhasanalinadwi.org

ജമാഅത്തിന് നൽകുന്ന പ്രാധാന്യവും സൂക്ഷ്മതയും യഥാർത്ഥത്തിൽ തിരുത്തൽവാദികളുടെയും ബിദ്അത്ത് പ്രചാരകരുടെയും കരങ്ങളിൽനിന്ന് ഇസ്‌ലാമിനെ സംരക്ഷിക്കാൻ സഹായിക്കുന്നു. മുസ്‌ലിംകൾ ജുമുഅ:ജമാഅത്തിനെ കൈവിടുക —അല്ലാഹു രക്ഷിക്കട്ടെ— യും, ഓരോരുത്തരും താന്താങ്ങളുടെ വീടുകളിൽ വെച്ചത് നിർവ്വഹിക്കയും ചെയ്തിരുന്നുവെങ്കിൽ ഈ നമസ്കാരങ്ങളൊന്നും വികലത പ്രാപിക്കാതെ അതിൻെറ തനിമയിൽ അവശേഷിക്കില്ലായിരുന്നു. യഥാർത്ഥ രൂപം നഷ്ടപ്പെടുകയും ആരാധനയിലുള്ള ഏകതാനത നാമാവശേഷമാവുകയും ചെയ്യുമായിരുന്നു, എന്ന് മാത്രമല്ല, മുസ്‌ലിംകൾ നാഗരികമായ അവരുടെ പല പ്രശ്നങ്ങളിലും അനൈക്യം പ്രകടമാക്കിയതു പോലെ ഈ നമസ്കാരത്തിൻെറ കാര്യത്തിലും ഛിന്നഭിന്നമാവുകയും 'ആറു നാട്ടിൽ നൂറു കോലം' എന്ന രൂപം തെരഞ്ഞെടുക്കുകയും ചെയ്യുമായിരുന്നു. ഓരോ കക്ഷികൾക്കും വിഭാഗങ്ങൾക്കും പ്രത്യേക തരത്തിലുള്ള ജുമുഅ: ജമാഅത്തുകൾ നിലവിൽ വരും. അങ്ങനെ നമസ്കാരത്തിൻെറ അന്ത:സത്തയും ആദ്യകാലരൂപവും ഇന്നത്തെ ജനങ്ങൾക്കജ്ഞാതമാകുമായിരുന്നു. ഇന്ത്യയിലെ പല മതാനുയായികളിലും, ജൂത-ക്രൈസ്തവരിലും നിലവിലുള്ളതുപോലെ വൈയക്തികവും പ്രാദേശികവുമായ രൂപഭാവങ്ങൾ ഇസ്‌ലാമിൻെറ നമസ്കാരത്തിലും കടന്നുകൂടുമായിരുന്നു. ഒററവാക്കിൽ പറഞ്ഞാൽ ആരാധനാകർമ്മങ്ങളിൽ മുസ്‌ലിംകൾക്ക് ഏകതാനതയും ഐക്യവും നിലനിർത്തുന്നതിലും, ദീനിനെ വളച്ചൊടിച്ച് വികലമാക്കുന്നതിൽനിന്ന് തടയുന്നതിലും ദിന-വാരങ്ങളിൽ ആവർത്തിക്കപ്പെടുന്ന ഈ സംഘടിതനമസ്കാരങ്ങൾക്ക് അതിമഹത്തായ പങ്കുണ്ട്.
(ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ ഹുജ്ജത്തുല്ലാഹിൽ ബാലിഗ:യോട് കടപ്പാട്)

ഇങ്ങനെ നമ്മുടെ യുക്തികൊണ്ടും ബുദ്ധികൊണ്ടും ചിന്തിച്ചാൽ കിട്ടുന്ന അനേക ഗുണങ്ങളും രഹസ്യങ്ങളും നമസ്കാരം സംഘടിതമായി നിർവ്വഹിക്കുന്നതിലുമുണ്ട്. അതിനും പുറമെ അല്പബുദ്ധികളായ നമ്മുടെ ചിന്തകൾക്ക്

www.abulhasanalinadwi.org

പിടികിട്ടാത്ത അവയിലെ എണ്ണമററ രഹസ്യങ്ങൾ അഗാധ ജ്ഞനായ അല്ലാഹുമാത്രം അറിയുന്നു. ഇതുകൊണ്ടെല്ലാമാണ് ജമാഅത്ത്നമസ്കാരം ഒററക്ക് നമസ്കരിക്കുന്നതിനേക്കാൾ അനേകമടങ്ങ് പ്രതിഫലം കൂടുതൽ അർഹിക്കുന്നത്. അബൂഹുറയ്റ (റ) നബി (സ) യിൽനിന്നദ്ധരിക്കുന്നു:

''ഒരു മനുഷ്യൻ തന്റെ വീട്ടിലോ അങ്ങാടിയിലോ നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തഞ്ചിരട്ടി പ്രതിഫലം കൂടുതൽ ജമാഅത്തായി നമസ്കരിക്കുന്നതിന് ലഭിക്കുന്നു. എങ്ങനെയെന്നാൽ, അവൻ അംഗശുദ്ധി വരുത്തും; വളരെ ഭംഗിയായിതന്നെ അത് നിർവ്വഹിച്ചശേഷം പള്ളിയിലേക്ക് പുറപ്പെടും; നമസ്കരിക്കാൻവേണ്ടി മാത്രമാണവൻ അങ്ങോട്ട് പുറപ്പെടുന്നത്; അപ്പോൾ അവന്റെ ഓരോ കാൽവെപ്പുകൾക്കുമനുസരിച്ച് ഓരോ പദവികൾ ഉയർത്തപ്പെടുകയും ഓരോ പാപങ്ങൾ പൊറുക്കപ്പെടുകയുംചെയ്യുന്നു.'' അങ്ങനെ നമസ്കാരം തുടങ്ങിയാൽ അവൻ തന്റെ നമസ്കാരസ്ഥാനത്തുനിന്ന് വിരമിക്കുന്നതുവരെ മലക്കുകൾ അവനുവേണ്ടി രക്ഷക്കും കാരുണ്യത്തിനും പ്രാർത്ഥിക്കുന്നു. അവർ പറയും: ''അല്ലാഹുവേ! ഇവനിൽ നീ രക്ഷയും കരുണയും വർഷിക്കേണമേ.'' 'നമസ്കാരത്തിന്വേണ്ടി പ്രതീക്ഷിച്ചിരിക്കുന്ന സമയമത്രയും നിങ്ങൾ നമസ്കാരത്തിൽ തന്നെയാണെ'ന്ന് തിരുമേനി പറഞ്ഞു.

---

قال: صلاة الرجل فى جماعة تضعف على صلاته فى بيته وسوقه خمسة وعشرين ضعفا، وذلك انه اذا توضأ فأحسن الوضوء ثم خرج الى المسجد لا يخرجه الا الصلاة ثم يخطو خطوة الا رفعت له بها درجة وحطت عنه خطيئة فاذا صلى لم تزل الملائكة تصلى عليه مادام فى مصلاه: اللهم صلّ عليه، اللهم ارحمه ولا يزال فى الصلاة ماانتظر الصلاة. (الستة الا النسائى واللفظ للبخارى)

www.abulhasanalinadwi.org

നബി (സ) യിൽനിന്ന് ഇബ്നുഉമർ (റ) നിവേദനം ചെയ്യുന്നു:

" ഒററക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തിയേഴ് പദവി കൂടുതൽ പ്രതിഫലാർഹമാണ് ജമാഅത്തായി നമസ്കരിക്കൽ. "

## ഇതര മതങ്ങളിലെ നമസ്കാരം

ഇസ്ലാമിലെ നമസ്കാരത്തെക്കുറിച്ചുള്ള വിവരണം ഏകദേശം ഒരു പരിധിവരെ എത്തിയിരിക്കുന്നു. അതോടൊപ്പം ഇസ്ലാമിന് മുമ്പുണ്ടായിരുന്നതും ഇന്നും നിലനിൽക്കുന്നതുമായ ഇതരമതങ്ങളിലെ നമസ്കാരത്തെകുറിച്ചും ഒരു വിശദമായ പഠനം ആവശ്യമാണെന്ന് തോന്നുന്നു. പ്രസ്തുത മതങ്ങളിലും അവയുടെ അനുയായികളിലും നമസ്കാരത്തെകുറിച്ചുള്ള യഥാർത്ഥ വീക്ഷണവും വിലയിരുത്തലും എങ്ങനെ ? അതിൻെറ ആകൃതി, രൂപം, അദബുകൾ, നിയമങ്ങൾ തുടങ്ങിയവ എന്തെല്ലാമെന്ന് നേരിട്ട് മനസ്സിലാക്കാം. പക്ഷെ, മതനിയമങ്ങൾക്കുവെലംബമായി കേവലം ഊഹാപോഹങ്ങളും കേട്ടുകേൾവികളും പല തരത്തിലുള്ള അഭിപ്രായാഭ്യൂഹങ്ങളും മതിയെന്ന് തീരുമാനിച്ച ഒരു മതത്തിൽ, അതിലെ ആരാധനയുടെ യഥാർത്ഥ രൂപമെന്തെന്ന് മനസ്സിലാക്കുക വളരെ ദുഷ്കരമാണ്. വ്യക്തമായ ഒരു വേദഗ്രന്ഥത്തിലൂടെയല്ലാതെ, വ്യക്തികളുടെ അഭിപ്രായങ്ങൾമുഖേന, ഒരു വിഷയത്തെപററി ഖണ്ഡിതമായ നിഗമനത്തിൽ എത്തിച്ചേരാനോ, അന്തിമമായ തീർപ്പ് കൽപിക്കാനോ സാദ്ധ്യമല്ല. അതുകൊണ്ട് ഇസ്ലാമിലെ നമസ്കാരത്തെക്കുറിച്ച് വിശദവും വ്യക്തവും സൂക്ഷ്മവും സത്യസന്ധവുമായ ഒരു ചിത്രം വരച്ചുകാണിക്കാൻ കഴിഞ്ഞതുപോലെ, ഇതര മതങ്ങളിലെ നമസ്കാരത്തെകുറിച്ച് വരച്ചുകാണിക്കാൻ സാധിക്കുകയില്ല. എങ്കിലും കഴിവിൻെറ പരിധിയിൽനിന്നുകൊണ്ട് ആ നമസ്കാരത്തെകുറിച്ച് ഒരു തീർപ്പും താരതമ്യപഠനവും അനിവാര്യമാണ് അപ്പോൾ മാത്രമേ ഇസ്ലാമിക നിയമങ്ങളുടെ വിലയും നിലയും നമുക്ക് ഗ്രഹിക്കാൻ കഴിയുകയുള്ളൂ. നൂററാണ്ടുകളിലൂടെ ഇസ്ലാം ഇവിടെ പ്രചരിച്ചു; പല നാടുകളിലുമുള്ള ദേശ–ഭാഷാ–വർണ്ണ–വർഗ്ഗ

www.abulhasanalinadwi.org

ക്കാർ അതിനെ ആശ്ലേഷിച്ചു; തലമുറകൾ പലതും കടന്നു പോയി; എന്നിട്ടും മാററത്തിരുത്തലുകൾക്ക് വിധേയമാകാതെ ഇസ്ലാമിൻെറ നിയമങ്ങൾ സുരക്ഷിതമായി ഇവിടെ നിലനിൽക്കുകയും അതിൻെറ സൗന്ദര്യം ജനസമുദായങ്ങൾ ആസ്വദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു നമസ്കാരംസംബന്ധിച്ച ഒരു താരതമ്യപഠനത്തിലൂടെ നമുക്കിത് മനസ്സിലാക്കാം.

## നമസ്കാരം ജൂതരിൽ

യഹൂദികളിൽ നമസ്കാരം എന്ന്, എങ്ങനെ നിർബന്ധമാക്കി? അതിൻെറ ആകൃതിയും പ്രകൃതിയും ഏത് വിധത്തിലായിരുന്നു? അത് നിർവ്വഹിക്കാനുള്ള നിയമങ്ങളും നിബന്ധനകളും എന്തെല്ലാമായിരുന്നു? ഇത്തരം കാര്യങ്ങളെ കുറിച്ച് നമുക്കറിയാൻ ആഗ്രഹമുണ്ടെങ്കിലും യഹൂദചരിത്രവും അതിലെ മതസാഹിത്യങ്ങളും മുഴുവൻ പരതിയാലും വ്യക്തമായ ഒരു ധാരണയിലെത്താൻ നമുക്ക് സാധിക്കുകയില്ല. കാലചക്രത്തിൻെറ കറക്കത്തിൽ കാലുഷ്യംകലന്ന ചിന്താധാരകളും വൃത്താന്തചിത്രങ്ങളും അതിൽ സ്വാധീനം ചെലുത്തി. സംഭവബഹുലമായ അതിൻെറ നീണ്ട ഗതകാലചരിത്രത്തിൽ, കാലാകാലങ്ങളിൽ നമസ്കാരത്തിന് ഭേദഗതിയും പരിഷ്കരണവും വരുത്തി. അങ്ങനെ പരിണാമ-പരിവർത്തനങ്ങൾക്ക് ദൈവശാസിതമായ നമസ്കാരത്തെ അവർ വിധേയമാക്കി. അതിനാൽ പൂർണ്ണമായും ഇസ്ലാമിലെ നമസ്കാരത്തിൻെറ ഒരു എതിർരൂപമാണ് നമുക്കവിടെ കാണാൻ കഴിയുന്നത്. അതുകൊണ്ട് ഇന്നത്തെ ഏതെങ്കിലും പണ്ഡിതനോ, ചരിത്രകാരനോ, നിരൂപകനോ യഹൂദികളുടെ പ്രവാചകന്മാർ പഠിപ്പിച്ച, കർമ്മശാസ്ത്രജ്ഞന്മാർ വിശദീകരിച്ച, പുരോഹിതന്മാർ നടപ്പിൽ വരുത്തിയ, ആദ്യകാലനമസ്കാരത്തിൻെറ ചിത്രം എന്തായിരുന്നുവെന്നറിയാൻ ആഗ്രഹിച്ചാൽ ഒരിക്കലും സഫലമാകാത്ത ഒരു കാര്യമാണത്. അമേരിക്കയിലെ ജൂത മത പണ്ഡിതനായ പ്രൊഫസർ Samuel S. Cohon (Hebrew Union College. Cincinnati, Ohio) തൻെറ ഗഹനമായ പഠനത്തിലൂടെ സമ്പാദിച്ച വസ്തുതകൾ ഉദ്ധരിക്കട്ടെ.

www.abulhasanalinadwi.org

അദ്ദേഹം പറയുന്നു:

തൗറാത്തിൽ നമസ്കാരത്തെ സംബന്ധിച്ച് സുവ്യക്തമായ ശാസനകൾ കാണാൻ കഴിയുന്നില്ല എന്നത് ശരിതന്നെ. അതിന്ന് കാരണമുണ്ട്; യഹൂദികളുടെ ആദ്യകാലാരാധനകൾ കേവലം ബലികർമ്മങ്ങളിലും ഖുർബാനകളിലും പരിമിതമായിരുന്നു. [പക്ഷെ. വായനക്കാർ ശ്രദ്ധിക്കുക: മുൻകാലഗ്രന്ഥങ്ങളെ സാക്ഷ്യപ്പെടുത്തുന്ന ഖുർആൻ ഇസ്രാഈല്യരിൽ നമസ്കാരം ഉണ്ടായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. സമുദായത്തിലെ സജ്ജനങ്ങളും പ്രവാചകന്മാരും അത് കൃത്യനിഷ്ഠയോടും പ്രാധാന്യത്തോടുംകൂടി നിർവ്വഹിച്ചു. ഖുർആനിൽ പ്രവാചകന്മാരായ ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെ സ്മരിച്ച ശേഷം അല്ലാഹു പറയുന്നു:

'' നാം അവരെ നമ്മുടെ കല്പനയനുസരിച്ച് ജനങ്ങൾക്ക് സന്മാർഗ്ഗം കാണിച്ചുകൊടുക്കുന്ന നായകന്മാരാക്കുകയും ചെയ്തു. പുണ്യകർമ്മങ്ങൾ ചെയ്യാനും നമസ്കാരം നിലനിർത്തുവാനും സക്കാത്ത് കൊടുക്കുവാനും അവർക്ക് നാം സന്ദേശവും നല്കി. അവർ നമുക്ക്മാത്രം ആരാധന ചെയ്യുന്നവരാകുകയും ചെയ്തു. '' മറ്റൊരിടത്ത് ഈസാനബി (അ) യെ കുറിച്ച് ഖുർആൻ പറയുന്നു:

'' ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗ്രഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവനോടെ ഇരിക്കുന്ന കാലമത്രയും നമസ്കരിക്കാനും സക്കാത്ത് കൊടുക്കാനും എന്നോടവൻ ബലമായി കൽപിക്കുകയും ചെയ്തിരിക്കുന്നു.''

---

وجعلناهم ائمة يهدون بأمرنا واوحينا اليهم فعل الخيرات ، اقام الصلاة وايتاء الزكوة وكانوا لنا عابدين (الأنبياء: ٧٣)

وجعلنى مباركا اينما كنت واوصانى بالصلاة والزكاة مادمت حيا (مريم: ٣١)

www.abulhasanalinadwi.org

ഈസാനബി (അ)യുടെ മാതാവ് മർയമിനോടുള്ള ആജ്ഞ യായി ഖുർആൻ പറയുന്നു :

'' ഓ മർയം! നീ നിൻെറ രക്ഷിതാവിനോട് വണക്കം കാട്ടുകയും, സാഷ്ടാംഗം ചെയ്യുകയും, നമിക്കുന്നവരോടൊപ്പം നമിക്കുകയും ചെയ്യുക. ''

എന്നാൽ ഒരു കാര്യം ഖുർആൻ വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്. യഹൂദികൾ തങ്ങളുടെ ആദ്യകാലംമുതൽതന്നെ നമസ്കാരത്തിൽ അശ്രദ്ധയും അലസതയും പ്രകടിപ്പിച്ചുപോന്നു എന്നതാണത്. അല്ലാഹു പറയുന്നു :

'' ആദമിൻെറ മക്കളിൽനിന്നും, നൂഹിൻെറകൂടെ (കപ്പലിൽ) നാം കയററിയവരിൽനിന്നും, ഇബ്രാഹീം, ഇസ്രാഈൽ എന്നിവരുടെ മക്കളിൽനിന്നും അല്ലാഹു അനുഗ്രഹം നൽകിയ പ്രവാചകന്മാരാണവരെല്ലാം; മഹാ കാരുണികനായ അല്ലാഹുവിൻെറ വചനങ്ങൾ അവർക്ക് ഓതിക്കൊടുത്താൽ അവർ നമിക്കുന്നവരായും, കേഴുന്നവരായും വീഴുന്നതാണ്. അവരുടെശേഷം ഒരു കൂട്ടം പിൻഗാമികൾ വന്നു; അവർ നമസ്കാരം പാഴാക്കുകയും ശരീരേച്ഛകളെ പിൻപററുകയുംചെയ്തു. തൽഫലമായി അവർ നാശം കണ്ടെത്തും.'' ] എങ്കിലും പ്രാർത്ഥനയും നമസ്കാരവും ദൈവസാമീപ്യം കരസ്ഥമാക്കാൻ അവർ ഒരു മാർഗ്ഗമായി സ്വീകരിക്കാറുണ്ടായിരുന്നു. പല

---

يا مريم اقنتي لربك واسجدي واركعي مع الراكعين
(آل عمران: ٤٣)

اولئك الذين انعم الله عليهم من النبيين من ذرية آدم وممن حملنا مع نوح ومن ذرية ابراهيم واسرائيل وممن هدينا واجتبينا اذا تتلى عليهم ايات الرحمن خروا سجدا وبكيا فخلف من بعدهم خلف أضاعوا الصلاة واتبعوا الشهوات فسوف يلقون غيا
(مريم: ٥٧-٥٩)

www.abulhasanalinadwi.org

യഹൂദപ്രവാചകന്മാരും ഖുർബാനയുടെ ആചാരപരമായ ആധിക്യത്തെ അധിക്ഷേപിച്ചുകൊണ്ട് പശ്ചാത്താപത്തിലും പ്രാർത്ഥനയിലും മുഴുകുമായിരുന്നു. അവരിലെ 'അറ്മിയ' «ارميا» എന്ന പ്രവാചകൻ പല സന്ദർഭങ്ങളിലും ക്ലേശഭൂയിഷ്ഠമായ ജീവിതവ്യവഹാരങ്ങളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും ഓടി രക്ഷപ്പെട്ടുകൊണ്ട് അധികസമയം പശ്ചാത്താപത്തിലും, പാപമോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിലും ആത്യന്തികമായ വണക്കത്തിലും ഭയംപ്രാപിക്കുക പതിവായിരുന്നു. അദ്ദേഹം ബാബിലോണിലേക്ക് നാട് കടത്തിയ യഹൂദികളെ ഉപദേശിച്ചിരുന്നത്, 'നിങ്ങൾ പ്രാർത്ഥനയിലൂടെയും, ആരാധനയിലൂടെയും, എല്ലാ സമയത്തും നിങ്ങളുടെ ആത്മാവുകൾക്ക് ദൈവസാമീപ്യത്തിനും, സാന്നിദ്ധ്യത്തിനും സൗകര്യം ചെയ്യുക'' എന്നായിരുന്നു. 'സബൂറ്'' വേദപണ്ഡിതന്മാരും ഈ അവസ്ഥയിൽ തുടർന്നുപോന്നു. അവരുടെ മതാവേശവും ഭക്തിയുമാണ് യഹൂദികളുടെ ഏകാന്തനമസ്കാരത്തിന് ജന്മം നല്കിയത്. അങ്ങനെ അതിനെ അവർ ഒരു പ്രത്യേക രൂപത്തിൽ വാർത്തെടുക്കുകയും ചെയ്തു.''

യഹൂദ പണ്ഡിതന്മാർ തൗറാത്തിൽ നമസ്കാരത്തെ പുരസ്കരിച്ച് പറഞ്ഞതെവിടെയെന്ന് ഗവേഷണം നടത്തി; അങ്ങനെ പഴയ നിയമത്തിലെ ആവർത്തനപുസ്തകത്തിൽനിന്ന് അവർ തെളിവ് കണ്ടെത്തി; അതിൽ പറയുന്നു: 'ആകയാൽ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാ വഴികളിലും നടക്കയും അവനെ സ്നേഹിക്കയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സേവിക്ക.'' (10:12)

യഹൂദികളുടെ നമസ്കാരത്തിലേക്ക് വെളിച്ചം വീശുന്നതും 'പ്രാർത്ഥന, ആരാധന' എന്നീ അർത്ഥങ്ങൾക്ക് ഹിബ്രു ഭാഷയിൽ പ്രയോഗിക്കുന്നതുമായ പദങ്ങളിൽ ഏററവും പ്രസിദ്ധമായത് (Tephillah) എന്നതാണ്. ഗോൾഡ്സ്ഹർ ആ പദത്തിന്റെ തർജ്ജമ കൊടുക്കുന്നത് 'ദൈവത്തെ വിധികർത്താവായി ഗണിച്ചുകൊണ്ട് അവന്റെ സാന്നിദ്ധ്യത്തിൽ ആത്യന്തികമായ വിനയത്തോടും കേണപേക്ഷയോടും കൂടി തല കുനിക്കുക' എന്നാണ്.

www.abulhasanalinadwi.org

യഹൂദ ആരാധനാലയങ്ങൾ ഉടലെടുത്ത കാലഘട്ടത്തിൽ, ഭക്തജനങ്ങളും മതാധിഷ്ഠിതജീവിതം നയിച്ചവരും, തങ്ങളുടെ ചിഹ്നമായി അനുഷ്ഠിച്ചുപോന്ന മൂന്നു നേരത്തെ (പ്രഭാതം, മദ്ധ്യാഹ്നം, പ്രദോഷം) നമസ്കാരത്തിന്, പുരോഹിതന്മാരുടെ കാലഘട്ടം വന്നപ്പോൾ ഒററക്കും സംഘടിതവുമായ വ്യവസ്ഥ നിലവിൽ വന്നു, ഈ മൂന്ന് നമസ്കാരസമയങ്ങളും, അതിൻെറ ചട്ടങ്ങളും, ശനിയാഴ്ചദിവസത്തെ ആചാരങ്ങളും, മാസപ്പിറവി നമസ്കാരവും, പശ്ചാത്താപനാളിലെ പ്രത്യേക നമസ്കാരവുമെല്ലാം 'ഹൈക്കലി'ൻെറ കാലത്ത് ഖുർബാനകൾക്കും മൃഗബലികൾക്കും സമമായി ഗണിക്കപ്പെട്ടിരുന്നു. യഹൂദികളുടെ ആചാരമനുസരിച്ച് ആരാധനസമയത്ത് സ്ത്രീകൾക്ക് പുരുഷന്മാരിൽനിന്നും വേറിട്ട് പ്രത്യേക സൗകര്യം ചെയ്യണമായിരുന്നു. തല മറക്കുകയും കുനിയുകയും, ചില പ്രത്യേക നമസ്കാരങ്ങളിൽ നില്ക്കുകയും നിർബന്ധമായിരുന്നു.

യെഹെസ്കേൽ പുസ്തകം പാരായണംചെയ്യുന്ന സമയത്ത് നമസ്കരിക്കുന്നവർ മൂന്ന് ചുവട് പിന്നിലേക്ക് മാററിച്ചവിട്ടണം; പ്രഭാതനമസ്കാരം അനുഷ്ഠിക്കുന്നവൻ ഒരു പ്രത്യേക തരത്തിലുള്ള പുതപ്പ് ധരിക്കൽ നിർബന്ധമായിരുന്നു; (تفلين) എന്ന് പേരായ ഒരു തരം 'രക്ഷാബന്ധനം' വലത് കൈയിലും തലയിലും കെട്ടുകയും വേണം; പതിമൂന്ന് വയസ്സ് പ്രായം കഴിഞ്ഞ എല്ലാവർക്കും അത് നിർബന്ധമായിരുന്നു; പ്രായശ്ചിത്തനാളിൽ 'വെളുത്ത' 'തൈലവാൻ' (മയ്യിത്ത്പുടവയായി യഹൂദർ ഉപയോഗിക്കുന്ന ഒരു വസ്ത്രം) അവർ ഉപയോഗിച്ചിരുന്നു; ദൈവത്തിൻെറ സാന്നിദ്ധ്യത്തിൽ എല്ലാവരും സമമാണെന്നു പറഞ്ഞ് 'ഇമാമ്' മുന്തുകയോ 'മഅ്മൂമ്' പിന്തുകയോ ചെയ്തിരുന്നില്ല. പിന്നീട് വന്ന യഹൂദമതത്തിലെ ഉല്പതിഷ്ണുവിഭാഗം ആരാധനാകർമ്മങ്ങളിൽ സംഗീതോപകരണങ്ങൾക്ക് അമിതമായ പ്രാധാന്യം നൽകി; എല്ലാ നമസ്കാരങ്ങൾക്കും പ്രത്യേകം പ്രത്യേകം ഈണങ്ങളും രാഗങ്ങളും നിർണ്ണയിച്ചു. ഹൃദയാന്തരാളങ്ങളിലേക്ക് ആരാധനാകർമ്മങ്ങൾ ആഴ്ന്നിറങ്ങാനും കൂടുതൽ പ്രതികരണം ചെലുത്താനുമായിട്ടാണത് നടപ്പാക്കിയത്; പരിഷ്കരണവാ

www.abulhasanalinadwi.org

ദികളായ പുത്തൻതലമുറ ഉടലെടുത്തതോടെ ആരാധനക്ക് ആസ്വാദനവും അലങ്കാരവുമാണ് മുഖ്യപ്രധാനമെന്ന് സ്ഥാപിക്കുകയും ഭക്തിയിലധിഷ്ഠിതമായ ശാരീരികചലനങ്ങൾക്കും അംഗവിക്ഷേപങ്ങൾക്കും വലിയ പ്രാധാന്യമില്ലെന്ന് വരുത്തിത്തീർക്കുകയും ചെയ്തു. പുത്തൻതലമുറയുടെ പരിഷ്കരണം അവിടെയും നിന്നില്ല; വെവ്വേറെയായിരുന്ന സ്ത്രീ–പുരുഷ നമസ്കാരനിരകൾ കൂട്ടികലർത്തി; പുതപ്പ് ഉപയോഗിക്കേണ്ട ആവശ്യമില്ലെന്നു വന്നു; തല മൂടിപ്പുതച്ചിരുന്നതും വേണ്ടെന്നു വെച്ചു.

അങ്ങനെ നമസ്കാരംതന്നെ ശനിയാഴ്ചയും ചില വിശുദ്ധദിവസങ്ങളിലുമാക്കി ചുരുക്കി; എന്നു മാത്രമല്ല, പ്രഭാതനമസ്കാരത്തിൽ ഉപയോഗിച്ചിരുന്ന രക്ഷാബന്ധനവും പോയി മറഞ്ഞു; തല കുനിക്കലും അടക്കവും ഒതുക്കവും നിത്യവുമെല്ലാം അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമായിതീർന്നു; യഹൂദികൾ തങ്ങളുടെ നമസ്കാരത്തിൽ സംഗീതോപകരണങ്ങളും, ഗാനാലാപനവും കൂട്ടിച്ചേർത്തതോടെ, നമസ്കാരത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായി അപ്രത്യക്ഷമായി. ദേഹവും ദേഹിയും ഒരേ അവസരത്തിൽ ആരാധനയിൽ മുഴുകുക എന്ന അതിമഹത്തായ ഉദ്ദേശ്യം വിസ്മരിക്കപ്പെടുകയും, അതിൻെറ ആത്മാവ് നശിക്കുകയും, ഭക്തിപാരവശ്യം നീങ്ങിപ്പോവുകയും ചെയ്തു. യഹൂദ ദേവാലയങ്ങളുടെയും, അവരുടെ ആരാധനാസമ്പ്രദായങ്ങളുടെയും ആജന്മശത്രുക്കളായ സംഗീതവിദഗ്ധൻമാർ ജന്മംനല്കിയ ഗാനങ്ങൾ പ്രാർത്ഥനകളിൽ ആലപിക്കാൻ അവർ നിർബന്ധിതരായി; അങ്ങനെ തലമുറകളായി കൈമാറിപോന്ന ജീവരക്തവും, പ്രാണവായുവുമായ ആരാധനാകർമ്മങ്ങൾ, അവരുടെതന്നെ സമ്മതത്തോടെ, വർണ്ണനാതീതമായ രൂപത്തിൽ ശത്രുക്കൾ വികലവും വിരൂപവുമാക്കിത്തീർത്തു (Judaism, A way of Life Pages 298 - 316 to 318 and 358 - 360)

''യഹൂദരുടെ നമസ്കാരം'' എന്ന അദ്ധ്യായത്തിൽ Jewish Encyclopaedia യും മേലുറഞ്ഞ കാര്യങ്ങൾ മുഴുവനും സത്യമാണെന്ന് സമ്മതിക്കുന്നു. ചില പ്രശ്നങ്ങളിൽ കൂടുതൽ വെളിച്ചം നൽകുന്നുമുണ്ട്. അത്തരം ഭാഗങ്ങൾ ഇവിടെ പകർത്താം.

www.abulhasanalinadwi.org

'' ഓ ഇസ്രായീൽ! നീ നിന്റെ ദൈവത്തെ കണ്ടുമുട്ടാൻ വേണ്ടി പ്രത്യേകം ഒരുങ്ങുക; അത് നിർബന്ധമാണ്. '' എന്ന കല്പനയുടെ അടിസ്ഥാനത്തിൽ യഹൂദികൾ നമസ്കാരത്തിന് മുമ്പായി പ്രത്യേകം ഒരുങ്ങാറുണ്ടായിരുന്നു. ചില സന്ദർഭങ്ങളിൽ മുൻഗാമികളായ സജ്ജനങ്ങൾ അതിനുവേണ്ടി പൂർണ്ണമായ ഒരു മണിക്കൂർതന്നെ നീക്കിവെക്കാറുണ്ടായിരുന്നു. യിസ്രായേൽ എന്ന പ്രവാചകന്റെ കല്പനപ്രകാരം നമസ്കാരത്തിന് മുമ്പ് വളരെ പ്രാധാന്യത്തോടെയുള്ള സ്നാനം ഒഴിച്ചുകൂടാൻ പററാത്ത ഒന്നായിരുന്നു. അതുപോലെ നമസ്കാരസമയത്ത് അനുയോജ്യമായ വസ്ത്രധാരണവും അനിവാര്യമായിരുന്നു. നമസ്കാരത്തിലെ പ്രാർത്ഥനയുടെ സമയത്ത് നിൽക്കലും, 'വിശുദ്ധഭൂമി'യുടെ നേരെ മുഖംതിരിക്കലും നിർബന്ധമായിരുന്നതിനാലാണ് അതിന് عميداء എന്ന നാമകരണംതന്നെ ഉണ്ടായത്.

നമസ്കാരത്തിനുവേണ്ടി ഉയർന്ന സ്ഥലങ്ങളെയല്ല, ഏതെങ്കിലും താഴ്ന്ന പ്രദേശങ്ങളെയാണ് തിരഞ്ഞെടുക്കേണ്ടത്. മാലാഖമാരെപ്പോലെ കാൽപാദങ്ങൾ ചേർത്തും നേരെയും വെക്കണം; നമസ്കരിക്കുന്നവൻ രണ്ടു കരങ്ങൾ 'പരിശുദ്ധനായ വിധികർത്താവിന്റെ' നേരെ നീട്ടി ഉയർത്തിപ്പിടിക്കുകയും, തന്റെ ദൃഷ്ടി താഴോട്ടാക്കുകയും, രാജാധിരാജനുമായി ഹൃദയബന്ധം സ്ഥാപിക്കുകയും ചെയ്യണം; സ്തുതികീർത്തനങ്ങളുടെ ഇടയിൽ നമിക്കുകയും, അല്ലാഹുവിന്റെ നാമധേയത്തിൽ ഉയരുകയും ചെയ്യണം. (عميداء) യുടെ ശേഷം മൂന്നു ചവിട്ടടി പിന്നിലേക്ക് മാറിനില്ക്കുകയും ഇടത്തേക്കും വലത്തേക്കും ചായുകയുംവേണം. പൗരാണികകാലത്തെ രാജാക്കന്മാരുടെ സന്നിധാനത്തിൽ നടന്നിരുന്ന യാത്രാനുമതി ചോദിക്കുന്നതിനോട് അതിന് സാധർമ്മ്യമുണ്ട്.

സംഘടിതനമസ്കാരത്തിൽ ഏററവും ചുരുങ്ങിയത് പ്രായപൂർത്തിയായ പത്തു പേരെങ്കിലും പങ്കെടുക്കണം. പൊതുസ്ഥലങ്ങളിൽവെച്ച് അത് നിർവ്വഹിക്കുക എന്നത് അത്യധികം അഭിനന്ദനീയമായ കാര്യമായിരുന്നു. നമസ്കാരം പ്രായംചെന്ന സ്ത്രീപുരുഷന്മാർക്ക് നിർബന്ധവും കന്യകകൾക്ക് നിഷിദ്ധവുമായിരുന്നു.

www.abulhasanalinadwi.org

നമസ്കാരത്തിലെ പ്രാർത്ഥനകളും സ്തുതികീർത്തനങ്ങളും എൺപത് നബിമാരുടെ കാലഘട്ടങ്ങളിലായി, നൂററിരുപത് മതപുരോഹിതന്മാർ രചിച്ചതായി ഗണിക്കപ്പെടുന്നു. പ്രാരംഭദശയിൽ പ്രാർത്ഥനകൾ ജനങ്ങളെ പഠിപ്പിച്ചിരുന്നത് വാമൊഴിയായിട്ടാണോ വരമൊഴിയായിട്ടാണോ എന്ന കാര്യം അജ്ഞാതമാണ്; എന്നാൽ ദീർഘകാലത്തോളം അത് വാമൊഴിയായി മാത്രം ആവർത്തിച്ചുകൊണ്ടിരുന്നതായി കാണാം; ഒരു പക്ഷെ Geonic ന്റെ കാലഘട്ടംവരെ ഈ നില തുടർന്നിരിക്കാം; ഗവേഷകനായ Johannah കർട്ടിനോളുടെ അഭിപ്രായപ്രകാരം ദിവസത്തിൽ ഒരു നമസ്കാരം മാത്രം നിർവ്വഹിച്ചാൽ ധാരാളം മതി. മററു യഹൂദപണ്ഡിതന്മാർ പകൽവേളയിൽതന്നെ മൂന്നു നമസ്കാരങ്ങളും, വ്രതകാലങ്ങളിൽ അത് നാലെണ്ണവും ആണെന്ന് സ്ഥാപിക്കുന്നു. സാമുവൽപാതിരിയുടെ അഭിപ്രായത്തിൽ പകൽ നിർവ്വഹിക്കേണ്ട മൂന്നു നമസ്കാരങ്ങൾ പകലിന്റെ മൂന്നു സമയങ്ങളോട് ബന്ധപ്പെട്ടതാണ്; സൂര്യോദയം, മധ്യാഹ്നം, സൂര്യാസ്തമയം ഇതാണ് ആ മൂന്നു സമയങ്ങൾ.''

(Jewish Encyclopaedia)

## നമസ്കാരം
## റോമൻ കത്തോലിക്കരിൽ

ക്രിസ്ത്യാനികളുടെ നമസ്കാരം ആദ്യമായി രൂപംകൊണ്ടത് ക്രിസ്താബ്ദം നാലാം നൂററാണ്ടിൽ 'നീഖാ' സമ്മേളനത്തിൽ (നികയ്യാ കൗൺസിലിൽ) വെച്ചാണ്.[1]

---

[1] Encyclopaedia of Religion and Ethics ൽ ''നമസ്കാരം ക്രിസ്ത്യാനികളിൽ'' എന്ന അദ്ധ്യായത്തിൽ അതിന്റെ കർത്താവ് പ്രാമുഖ്യം നൽകുന്ന അഭിപ്രായം യേശു യഹൂദികളോടൊപ്പം നമസ്കാരത്തിൽ പങ്കു ചേർന്നിരുന്നുവെന്നാണ്. ആരാധനക്ക് അവരുടെ പള്ളികളിൽപോലും യേശു ഹാജരായിരുന്നു. മുൻഗാമികളായ ക്രിസ്തീയ പുരോഹിതന്മാർ അഖിലവും ആചരിച്ചിരുന്നതും അതേ മാതൃകതന്നെയായിരുന്നു. തുടർന്ന് ഈ ആദ്യതലമുറ അനുഷ്ഠിച്ച രൂപത്തിൽതന്നെ ക്രിസ്ത്യാനികളുടെ ആരാധനാസമ്പ്രദായം തുടർന്നു നിലനില്ക്കുകയും ചെയ്തു തദനന്തരം യഹൂദികളുമായുള്ള ബന്ധം ക്രൈസ്തവ ചർച്ചുകളല്ല വിച്ഛേദിച്ചത്; മറിച്ച്, യഹൂദികളാണ് ക്രൈസ്തവചർച്ചുകളോടുള്ള ബന്ധം മുറിച്ചുകളഞ്ഞത്.

www.abulhasanalinadwi.org

എന്നാൽ അന്നുമുതൽ ഇന്നുവരെ വത്തിക്കാൻകൗൺസിൽ അതിൽ പല പരിഷ്ക്കരണങ്ങളും നടത്തിക്കൊണ്ടുപോരുന്നു. ഇങ്ങനെ നമസ്കാരത്തിന്റെ രൂപഭാവങ്ങളിൽ മാററം വരുത്താനുള്ള അധികാരം ചർച്ചുകളുടെ സംയുക്ത പരമാധികാരസഭക്കാണ്.

കത്തോലിക്കാ ചർച്ചുകളിൽ നടത്തപ്പെടുന്ന നമസ്കാരത്തിന്റെ രൂപം വത്തിക്കാൻ കൗൺസിലിന്റെ ഏററവും വലിയ ഔദ്യോഗികബുള്ളററിനിൽ പറഞ്ഞ പ്രകാരം താഴെ കൊടുക്കാം:

St.paul Publications : "the sacrifice of the Mas]

'' പാതിരിയച്ചൻ പള്ളിയിൽ പ്രവേശിക്കുമ്പോൾ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം സന്നിഹിതരെല്ലാം എഴുന്നേററുനില്ക്കും; തുടന്ന് ( നമസ്കാരത്തിന് കരുതിക്കൊണ്ട് ) 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരുടെ തിരുനാമത്തിൽ ചർച്ചിലെ ബലിപീഠത്തിൽ ഞാൻ നമസ്കരിക്കുന്നു' എന്ന് പറയും; അതോടെ പാതിരിയും സന്നിഹിതരും ദൈവത്തെ പുകഴ്ത്തിക്കൊണ്ട് സ്തുതികീർത്തനങ്ങൾ ആലപിക്കാൻ തുടങ്ങും ''

അനന്തരം പാതിരി തന്റെ തെററുകളും കുററങ്ങളും ഏററുപറഞ്ഞുകൊണ്ട് ഇങ്ങനെ പ്രഖ്യാപിക്കും: 'സർവ്വ ശക്തനായ ദൈവത്തേയും, വിശുദ്ധ കന്യകാ മറിയത്തേയും, പരിശുദ്ധമാലാഖ മീക്കായിലിനെയും, സ്നാപകയോഹന്നാനെയും, വിശുദ്ധദൂതന്മാരായ പത്രോസിനേയും, പൗലോസിനേയും, എല്ലാ പരിപാവനരായ ക്രിസ്തീയ പുരോഹിതരേയും, പരിശുദ്ധാത്മാക്കളേയും, ഇവിടെ കൂടിയിരിക്കുന്ന നിങ്ങളേയും മുൻനിറുത്തിക്കൊണ്ട് ഞാനിതാ ഏററുപറയുന്നു: എണ്ണി ക്ലിപ്തമാക്കാൻ പററാത്തത്ര മനസാ–വാചാ–കർമ്മണാ തെററുകൾ ഞാൻ ചെയ്തുകൂട്ടി; ഞാൻതന്നെയാകുന്നു അത് പ്രവർത്തിച്ചതും അതിന്റെ ഉത്തരവാദിയും. അതിനാൽ വിശുദ്ധ കന്യകാ മറിയത്തിനോടും, പരിശുദ്ധ മാലാഖ മീക്കായിലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ദൈവത്തിന്റെ വിശുദ്ധരായ പത്രോസിനോടും, പൗലോസിനോടും, ശുദ്ധാത്മാക്കളോടും,

www.abulhasanalinadwi.org

സഹോദരരേ, നിങ്ങളോടും ഞാൻ പൊറുത്തുതരുവാൻ ആവശ്യപ്പെടുന്നു; രാജാധിരാജനായ ദൈവത്തോട് നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുക.''

അതിനുശേഷം സന്നിഹിതസംഘം പാതിരിക്കുവേണ്ടി പ്രാർത്ഥിക്കുകയും അദ്ദേഹം 'ആമേൻ' പറയുകയും ചെയ്യും. അതു കഴിഞ്ഞാൽ പാതിരി മുമ്പ് പറഞ്ഞ അതേ വാചകവും പ്രാർത്ഥനയും സന്നിഹിതസംഘം തങ്ങൾക്കുവേണ്ടി സ്വയം ഏറ്റുപറയുകയും പാതിരിയോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യും; അങ്ങനെ പാതിരി അവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ സന്നിഹിതസംഘം ഒന്നായി 'ആമേൻ' പറയുകയും ചെയ്യുന്നു; തുടർന്ന് എല്ലാവരും എല്ലാവർക്കുംവേണ്ടി പാപമോചനത്തിനും സമാധാനത്തിനും, ശാന്തിക്കും, അനുഗ്രഹത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു.

അനന്തരം പാതിരി ബലിപീഠത്തിൽ കയറുകയും ലത്തീൻ ഭാഷയിലുള്ള ഒരു പ്രാർത്ഥന വായിക്കുകയുംചെയ്യും. പ്രസ്തുത പ്രാർത്ഥനയിൽ സകല പാപങ്ങൾ പൊറുക്കുവാനും തെറ്റുകൾ മാപ്പാക്കുവാനും ദൈവത്തോട് അപേക്ഷിക്കും. അദ്ദേഹം മിശിഹായെയും, ക്രിസ്തീയ പുരോഹിതരേയും പ്രാർത്ഥന നടത്തപ്പെടുന്ന ചർച്ചിൽ അന്ത്യകൂദാശ (ഒപ്പുശുശ്രൂഷ) നടത്തപ്പെട്ടിട്ടുള്ള വിശുദ്ധാത്മക്കളെയുമെല്ലാം മദ്ധ്യവർത്തികളാക്കികൊണ്ടും പ്രാർത്ഥിക്കുന്നതാണ്. പിന്നീട് പാതിരി ഇപ്രകാരം പറയും: ''ഓ ദൈവമേ! ഞങ്ങളോട് കരുണ ചെയ്യേണമേ! അതോടെ സന്നിഹിതസംഘവും ഓ! മിശിഹാ ഞങ്ങളോട് കരുണ ചെയ്യേണമേ!'' എന്നു പറയുന്നു. ഇത് രണ്ട് പ്രാവശ്യം ആവർത്തിക്കും. അങ്ങനെ പാതിരി മടങ്ങുകയും കരുണക്കുവേണ്ടി വീണ്ടും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെ സന്നിഹിതസംഘവും മടങ്ങി കരുണക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയുംചെയ്യുന്നു.

ചർച്ചിൽ ആരാധനാവേളയിൽ പാരായണംചെയ്യപ്പെടുന്ന 'Gloria' സ്തുതികീർത്തനങ്ങളുടെ പദങ്ങളിൽമാത്രം പരിമിതമാണ്. അതിൽ പിതാവിന്റെയും ഏകപുത്രന്റെയും നാമങ്ങൾ പല പ്രാവശ്യം ആവർത്തിക്കപ്പെടും. മിശിഹായെ

www.abulhasanalinadwi.org

ദൈവത്തിന്റെ ആട്ടിൻകുട്ടിയായി വർണ്ണിക്കും. അത് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും പടപ്പുകളുടെ പാപങ്ങാം പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. ആ സ്തുതികീർത്തനത്തിൽ മിശിഹായോട് കരുണാകടാക്ഷത്തിനുവേണ്ടി പല പ്രാവശ്യം ആവർത്തിച്ചാവശ്യപ്പെടുന്നു. കൂടാതെ സർവ്വ വസ്തുക്കളുടെയും രാജാവും, വിധികർത്താവും, പരമോന്നതനുമെല്ലാമായി മിശിഹായെ വിശേഷിപ്പിക്കുകയും ചെയ്യും.

തദനന്തരം വിശുദ്ധഗ്രന്ഥത്തിൽനിന്ന് വികാരിഅച്ചൻ തെരഞ്ഞെടുക്കുന്ന ഒരു ഭാഗംകൂടി പാരായണംചെയ്യും. അപ്പോാം ബഹുമാനാത്ഥം എല്ലാവരും എഴുന്നേററുനില്ക്കുന്നു.

കത്തോലിക്കാപള്ളികളിൽ ഞായറാഴ്ച നടത്തപ്പെടുന്ന നമസ്കാരത്തിനുമുമ്പായി വികാരിയച്ചൻ ആനുകാലിക വിഷയത്തെക്കുറിച്ച് ഒരു പ്രസംഗംകൂടി നടത്തുന്നതാണ്. അങ്ങനെ സാന്ദർഭികവിഷയങ്ങാം ജനങ്ങളെ പഠിപ്പിക്കുകയും, വിശ്വാസത്തിന്റെ വചനം അവരിൽ പുതുക്കുകയും ചെയ്യുന്നു. ആ വചനത്തിൽ മിശിഹായുടെ വർണ്ണനയാണ് പ്രധാനമായും. ''അവൻ ദൈവത്തിന്റെ ഏകപുത്രനും, അവന്റെ അംശവുമാണ്; എല്ലാ കാലങ്ങളെയും അതിജയിക്കുന്നവനാണ്; യജമാനന്മാരുടെ യജമാനനാണ്; പ്രകാശത്തിന്റെ പ്രകാശമാണ്; യഥാർത്ഥ ആരാധ്യനാണ്; ആസ്തിക്യത്തിൽ തന്റെ പിതാവിനോട് പങ്കു ചേരുന്നു; ആ മിശിഹാ കാരണമായി സർവ്വ ചരാചരങ്ങളും ജന്മംകൊണ്ടു; പാപികളായ നമ്മുടെ മോക്ഷത്തിന്നുവേണ്ടി അദ്ദേഹം ആ കാശത്തുനിന്നിറങ്ങി. (ഈ സമയത്ത് സന്നിഹിതർ മുഴുവനും മുട്ടുകുത്തി വീഴും) വിശുദ്ധാത്മാവിലൂടെ മനുഷ്യരൂപത്തിൽ അവനിരിക്കുകയും ചെയ്തു.'' പുരുക്കത്തിൽ ഈ പ്രസംഗത്തിലൂടെ ജനഹൃദയങ്ങളിൽ പുതുക്കപ്പെടുന്ന വചനത്തിൽ, മിശിഹായുടെ ദൈവീകഗുണങ്ങളും കുരിശിലൂടെയുള്ള മുക്തി വിശ്വാസവും ഊട്ടിഉറപ്പിക്കും. വിശുദ്ധചർച്ചിന്റെ ആഗോള ഏകത്വം പരാമശിക്കപ്പെടുന്നതോടൊപ്പം സന്മാർഗ്ഗത്തിന്റെയും മാമോദീസയുടെയും, പുനരുത്ഥാനനാളിന്റെയും കേന്ദ്രമാക്കി അതിനെ വാഴ്ത്തുകയും ചെയ്യും.

www.abulhasanalinadwi.org

നമസ്കാരശേഷം 'തിരുവത്താഴ'ത്തിന് ഏർപ്പാട് ചെയ്യുന്നു. പൗരാണികകാലത്ത് ഇതിൻെറ ശരിയായ രൂപം, ചർച്ചിലേക്ക് പോകുന്ന എല്ലാവരും പത്തിരിയും മുന്തിരി മദ്യവും കൂടെ കൊണ്ടുപോവുകയും ബലിപീഠത്തിൽ അർപ്പിക്കുകയും ചെയ്യുകയായിരുന്നു; അനന്തരം പാതിരി മദ്യത്തിൽനിന്നല്പം പത്തിരിയിൽ പുരട്ടി എല്ലാവർക്കും കൊടുക്കും. തങ്ങളീ കഴിക്കുന്ന പത്തിരിയും മദ്യവും മിശിഹായുടെ ജഡത്തിൽ രക്തവും മാംസവുമായി പരിണമിക്കുന്നു. അങ്ങനെ മിശിഹായുടെ രക്തവും മാംസവും തങ്ങളുടെ ശരീരത്തിൽ ഉണ്ടായിത്തീരുന്നുവെന്നായിരുന്നു അവരുടെ വിശ്വാസം. നമസ്കാരശേഷം സംഘടിപ്പിക്കുന്ന പ്രസ്തുത 'തിരുവത്താഴം' മിശിഹാ തൻെറ ജീവിതത്തിൻെറ അവസാനമായി കഴിച്ച 'തിരുവത്താഴ'ത്തിൻെറ സ്മരണയാണ്. എന്നാൽ ഇന്ന് പത്തിരിക്കും മദ്യത്തിനും പകരമായി ചർച്ചിൽ ഹാജറാകുന്നവർ പാതിരിയുടെ വശം പണം ഏല്പിക്കുന്നു. എങ്കിലും അതോടുകൂടിതന്നെ വികാരിയച്ചന്മാരും പാതിരിമാരും സ്വന്തമായി പ്രസ്തുത ആചാരത്തെ നിലനിർത്തിപ്പോരുകയും, അവിടെ ഹാജറാകുന്നവർക്ക് പത്തിരി വീതിച്ചുകൊടുക്കുകയും ചെയ്തുപോരുന്നുണ്ട്.

അവസാനം വളരെ ചുരുങ്ങിയ രൂപത്തിൽ ഒരു പ്രാർത്ഥന നടത്തുകയും, അതോടെ നമസ്കാരം അവസാനിച്ച് ഭക്തസംഘം പിരിയുകയും ചെയ്യുന്നു.''

## നമസ്കാരം
## പ്രൊട്ടസ്റ്റൻറ് വിഭാഗത്തിൽ

കുററം ഏററുസമ്മതിക്കൽ, പശ്ചാത്താപം, പാപമോചനത്തിനുള്ള അർത്ഥന, വിശ്വാസം പുതുക്കൽ, അടിസ്ഥാനപരമായ വിശ്വാസങ്ങളെ ദൃഢീകരിക്കൽ, സ്തുതികീർത്തനം, പ്രാർത്ഥന, ബൈബിൾ പാരായണം തുടങ്ങിയ കാര്യങ്ങളിൽ ക്രൈസ്തവസമൂഹത്തിലെ 'Methodist' 'Anglican' എന്നീ പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങളുടെ നമസ്കാരത്തിന് കത്തോലിക്കാവിഭാഗക്കാരുടെ നമസ്കാരത്തോട് സാധർമ്മ്യമുണ്ട്. എങ്കിലും അതിൻെറ ശൈലിയും വാചകവും തങ്ങളുടെ പ്രത്യേകമായ ചർച്ചിൻെറ വ്യവസ്ഥയനുസരിച്ചായിരി

www.abulhasanalinadwi.org

ക്കം. കൂടാതെ പല കാര്യങ്ങളിലും കത്തോലിക്കാനമസ്കാര ത്തോട് പ്രൊട്ടസ്റ്റൻറ്നമസ്കാരം വിയോജിപ്പ് പ്രകടിപ്പി ക്കുന്നതായി കാണാം.

അതിൽ പ്രധാനമായ ചിലത് ഇവിടെ വിവരിക്കാം: അവർ ലാററിൻഭാഷ ഉപയോഗിക്കുന്നില്ല. പ്രാർത്ഥനയുടെ സകല പദങ്ങളും, ഗാനത്തിൻെറയും പദ്യത്തിൻെറയും രൂപ ത്തിലാക്കുന്നു. ഓരോ പ്രാർത്ഥനയും വെവ്വേറെ നിർണ്ണയിക്ക പ്പെട്ട പ്രത്യേക രാഗത്തിലും ഈണത്തിലുമാണ് നിർവ്വ ഹിക്കപ്പെടുന്നത്. (മാതൃകക്ക് **The Methodist Hymnal. The Methodist Publishing House U.S.A.** വായിച്ചു നോക്കുക.) ദൈവത്തിൻെറ നാമം ഉച്ചരിക്കപ്പെടുമ്പോൾ എല്ലാവരും ശാ ന്തമായി നില്ക്കുകയും മൗനമവലംബിക്കുകയുംചെയ്യും. അതു പോലെ ആ പ്രാർത്ഥനയിലെങ്ങും മിശിഹായുടെ ദൈവിക ത്വത്തെ വ്യക്തമായി സൂചിപ്പിക്കുന്നതോ, മിശിഹയെ ദൈ വത്തോട് തുല്യപ്പെടുത്തുന്നതോ ആയ വാക്കുകളില്ല. ചില പ്രാർത്ഥനകൾ ഉരുവിടുമ്പോൾ ചിന്തിക്കുകയും, നിശ്ശബ്ദ ത കൈക്കൊള്ളുകയും ചെയ്യുന്നതായും കാണാം. അത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന ഒരു സംഘടിതപ്രാർത്ഥനയുടെ മാതൃക ഇവിടെ കൊടുക്കാം:

'' അല്ലയോ വാനലോകപിതാവേ! നീ നിൻെറ സ്നേഹം കൊണ്ട് ഞങ്ങളെ സൃഷ്ടിച്ചു; നിൻെറ സ്നേഹംകൊണ്ട് ഞങ്ങളെ നിലനിർത്തുകയും ചെയ്തു; നിന്നോടുള്ള സ്നേഹം ഒന്നുമാത്രമാണ് ഞങ്ങളെ പരിപൂർണ്ണരാക്കുന്നത്. നിശ്ചയം ഞങ്ങൾക്ക് ഞങ്ങളുടെ ഹൃദയംകൊണ്ടും, ആത്മാവുകൊണ്ടും, നിന്നെ സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന ബലഹീനതയെ എല്ലാ നിലക്കും ഏററുപറയുകയും സമ്മതിക്കുകയുംചെയ്യു ന്നു. അതുപോലെ മിശിഹാ ഞങ്ങളെ സ്നേഹിച്ചതുപോ ലെ ഞങ്ങൾക്ക് പരസ്പരം സ്നേഹിക്കാനും കഴിഞ്ഞിട്ടില്ല. ഞങ്ങളുടെ ആത്മാക്കൾ സദാ സജീവമാണ്; എങ്കിലും ഞ ങ്ങളുടെ സ്വാർത്ഥതയും അഹന്തയും നിന്നിൽനിന്ന് ഞങ്ങ ളെ അകററിയിരിക്കുന്നു; അങ്ങനെ ഞങ്ങൾ ഞങ്ങളുടെ ആത്മാ ക്കൾക്ക് നിൻെറ വിശുദ്ധി നഷ്ടപ്പെടുത്തി; നിൻെറ സഹാ യത്തെകുറിച്ചും ശക്തിയെകുറിച്ചും ബോധമില്ലാതാക്കി; അ

www.abulhasanalinadwi.org

തിനാൽ കഴിഞ്ഞതെല്ലാം ഞങ്ങൾക്ക് പൊറുത്തുതരേണമേ; ഇപ്പോഴത്തെ ഞങ്ങളുടെ അവസ്ഥയെ നീ നന്നാക്കിത്തരേണമേ !! ഭാവിയിൽ നീ നിൻെറ ആത്മാവ്കൊണ്ട് ഞങ്ങളെ നയിക്കേണമേ!!! അതുമുഖേന നിൻെറ സൃഷ്ടിപ്പിൻെറ മാഹാത്മ്യവും ഞങ്ങളുടെ ആത്മാവുകൾക്ക് മിശിഹായിലൂടെ പ്രഫുല്ലമാക്കേണമേ!!!!.... അതെ, ഞങ്ങളുടെ യജമാനനും രാജാവുമായ മിശിഹായിലൂടെതന്നെ. ''

എന്നാൽ Anglican ചർച്ചിലെ നമസ്കാരത്തിനുമുമ്പായി അതിൻെറ അറിയിപ്പെന്ന രൂപേണ മണികൾ മുഴക്കപ്പെടുന്നു; ബൈബിളിലെ ഒരു ഭാഗം പാരായണം ചെയ്യപ്പെടുന്നതോടൊപ്പം 'വിശ്വാസത്തിൻെറ വചനം' ഒരു ഗാനരൂപത്തിൽ ഉച്ചരിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ചില പ്രത്യേക സന്ദർഭങ്ങളിൽ 'തിരുവത്താഴ'ത്തിനും ഏർപ്പാടുകൾ ചെയ്യുന്നു. അതുമുഖേന പ്രസ്തുത ചർച്ചിനെ പിൻപററുന്നവർ വിശ്വസിക്കുന്നത് 'ഞങ്ങൾ ഞങ്ങളുടെ ശരീരങ്ങളെയും ആത്മാക്കളെയും പരിശുദ്ധമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു' എന്നാണ്.*

## നമസ്കാരം ഹിന്ദുമതത്തിൽ

ഹിന്ദുമതത്തിലെ 'നമസ്കാര' — ശരിയായ ഭാഷയിൽ പറഞ്ഞാൽ പൂജ— മാണ് ഏററവും കൂടുതൽ വൈജാത്യത്തിൻേറയും വൈരുദ്ധ്യത്തിൻേറയും പര്യായമായിത്തീർന്നത്. തന്ത്ര–കർമ്മങ്ങളുടെ വിധികളിൽ, അനുഷ്ഠാനകർമ്മങ്ങളിൽ, രൂപങ്ങളിൽ, ശൈലികളിൽ, എല്ലാംതന്നെ വൈജാത്യങ്ങൾ നിറഞ്ഞതായി നമുക്ക് കാണാം. ഒരു സംസ്ഥാനത്തിലെതന്നെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത പൂജാസമ്പ്രദായങ്ങൾ! അതും, ഓരോ കാലത്തിനും ഭാഷക്കും അനുസരിച്ച് മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു!! ഓരോ അവാന്തരവിഭാഗങ്ങൾക്കും വേറെ വേറെ പൂജാസമ്പ്രദായങ്ങൾ!!! ഇങ്ങനെ നോക്കുമ്പോൾ

---

* ഇത്സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് The Book of Common Prayer, The Church of India, Pakistan, Burma and Ceylon 1963 വായിക്കുക.

www.abulhasanalinadwi.org

കഴികളും, കണ്ടുകളും, കററിക്കാടുകളും, വടവൃക്ഷങ്ങളും സസ്യലതാദികളും നിറഞ്ഞ ഒരു വനാന്തരത്തിലൂടെ നടന്നു നീങ്ങുന്ന പ്രതീതിയായിരിക്കും ഹിന്ദുമതത്തിലെ 'നമസ്കാര'ത്തെകുറിച്ച് പഠനം നടത്തുന്ന ആർക്കും ഉണ്ടായിത്തീരുക. ഇത് യഥാർത്ഥത്തിൽ ഹിന്ദുമതത്തിലെ വിശ്വാസങ്ങളും, സിദ്ധാന്തങ്ങളും, ആഗമങ്ങളും, ആചാരങ്ങളും, യാഗങ്ങളും, വൈദികവൃത്തികളും തുടങ്ങിയ എല്ലാ അനുഷ്ഠാനങ്ങളുടെയും സ്ഥിതിവിശേഷങ്ങളാണ്. അതുകൊണ്ടാണ് ഹിന്ദുമതാചാര്യന്മാർക്കോ, തന്ത്രികുടുംബങ്ങൾക്കോ, ശാസ്ത്രികൾക്കോ ഒന്നും തന്നെ ഹിന്ദുമതത്തിന് വ്യക്തവും യുക്തവുമായ ഒരു നിർവ്വചനം നൽകാൻ കഴിയാത്തത്.

ഹിന്ദുമതത്തിൽ നിർബന്ധമായ ആരാധനാകർമ്മങ്ങളിൽ ധാരാളം പരസ്പരവൈരുദ്ധ്യങ്ങളും വിരോധാഭാസങ്ങളും കാണാം. അതിന്റെ ശൈലികളും രീതികളും വ്യത്യസ്തങ്ങളാണ്. നിയമങ്ങളും നിബന്ധനകളും അവ്യക്തങ്ങളും അസ്പഷ്ടങ്ങളുമാണ്. ആകൃതിയും ആകാരവും അചിന്ത്യമാംവണ്ണം അനിർണ്ണിതങ്ങളാകുന്നു. ആരാധനയുടെ രൂപങ്ങളിലാവട്ടെ അടിസ്ഥാനവിശ്വാസങ്ങളിലാകട്ടെ ഒന്നിലും ഒരു ഏകതാനതയോ, ഐകരൂപ്യമോ കണ്ടെത്താൻ കഴിയുകയില്ല. ആറു നാട്ടിൽ നൂറു കോലവും, ആറു തലമുറയിൽ അറുനൂറ് ആചാരവും ആരാധനാസമ്പ്രദായവുമാണ് അവിടെ നാം കാണുന്നത്. അതിനാൽ ഹിന്ദുമതത്തിലെ ആരാധനാസമ്പ്രദായങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന ഒരു ഏകഗ്രന്ഥം കണ്ടെത്തുക എന്നത് ഏതൊരു ഗവേഷകനും സാധ്യമാകാത്ത കാര്യമാണ്. ഹൈന്ദവ മതതത്വശാസ്ത്രത്തിൽ പ്രാവീണ്യംനേടിയ ആരുംതന്നെ അതിന്റെ പൂർണ്ണമായ ഒരു ചിത്രം വരച്ചു കാണിച്ചിട്ടുമില്ല. ഇന്ത്യൻ വംശജരുടെയും, ഹൈന്ദവസമൂഹത്തിന്റെയുമെല്ലാം ആരാധനയുടെ ചിത്രങ്ങളും, ആചാരാനുഷ്ഠാനങ്ങളും, ഒരു പരിധിവരെ ഭംഗിയായി ചിത്രീകരിച്ചത് ശ്രീ. T. P M. Madhavan തന്റെ **Out Lines of Hinduism** എന്ന പുസ്തകത്തിലാണ്. മദ്രാസ് യൂനിവേഴ്സിററിയിലെ തത്വശാസ്ത്രവിഭാഗത്തിന്റെ മേധാവിയാണദ്ദേഹം.*

*ഈ പുസ്തകത്തിന് അവതാരിക എഴുതിയ മുൻരാഷ്ട്രപതി ഡോ: രാധാകൃഷ്ണൻ അതിനെ വളരെയധികം പുകഴ്ത്തിയിട്ടുണ്ട്.

www.abulhasanalinadwi.org

അദ്ദേഹം ഹിന്ദുമതത്തിലെ ആരാധനാസമ്പ്രദായങ്ങളുടെയും, പ്രണവപ്രണാമങ്ങളുടെയുമൊക്കെ വ്യവസ്ഥകളും ക്രമങ്ങളും വിശദീകരിച്ചുകൊണ്ടെഴുതുന്നു:

''അമ്പലങ്ങളിലും വീടുകളിലും ആരാധിക്കപ്പെടുന്ന വിഷ്ണു, ശിവൻ, പാർവ്വതി എന്നീ ദൈവങ്ങളുടെ പ്രതീകങ്ങളാണ് പൊതുജനങ്ങളിൽ കൂടുതൽ പ്രചാരവും സ്വീകാര്യവും നേടിയത്. പക്ഷെ ഉത്തരഭാരതത്തിൽ കൃഷ്ണന്റേയും, ദക്ഷിണഭാരതത്തിൽ കാർത്തികേയന്റേയും എണ്ണമററ വിഗ്രഹങ്ങളും അഭ്യസ്തവിദ്യരുടെ ഇടയിൽ ആരാധിക്കപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഹിന്ദുക്കളിലെ എല്ലാ വിഭാഗക്കാരും മേല്പറഞ്ഞ സകല വിഗ്രഹങ്ങളെയും പൂജിക്കുകയും ദൈവങ്ങളായി സങ്കൽപിക്കുകയും ചെയ്യുന്നവരാണ്.

പൂജകനായ ഒരു ഹിന്ദു തന്റെ മൂർത്തിയെ സ്വവസതിയിൽ ആദരണീയനായ ഒരു അതിഥിയെപോലെ ഉപചരിക്കുന്നു: അമ്പലങ്ങളിൽ പോകുമ്പോൾ 'രാജാധിരാജന്' കാണിക്കയായും, നിവേദ്യമായും പുഷ്പങ്ങളും, പഴങ്ങളും, അവിലും, മലരുമെല്ലാം കൊണ്ടുപോകും. അതുമുഖേന സ്നേഹമൂർത്തിയായ തന്റെ ദൈവത്തോട് അനുരാഗവും ആദരവും പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഹിന്ദുക്കളുടെ ആരാധനകളെല്ലാം പൂർണ്ണമായും അതിഥികളെയും, രാജാക്കന്മാരെയും ആദരിക്കുകയും ഉപചരിക്കുകയും ചെയ്യുന്നതുപോലെതന്നെ എന്നു പറയാം.

അവൻ തന്റെ ദൈവത്തിന് ആദ്യമായി സ്വാഗതമരുളുന്നു; എന്നിട്ട് ഇരിക്കാനുള്ള സ്ഥലം സൗകര്യം ചെയ്തുകൊടുക്കുകയും, ദൈവത്തിന്റെ രണ്ടു കാലുകൾ കഴുകികൊടുക്കുകയും ചെയ്യും. രാജാവിനോടുള്ള ബഹുമാനാർത്ഥം ചന്ദനവും മലരും മുമ്പിൽ കാഴ്ചവെയ്ക്കുന്നു; അനന്തരം തന്റെ മൂർത്തിയുടെ കണ്ഠത്തിൽ ഹാരമണിയിക്കുകയും നെററിയിൽ ചന്ദനക്കുറി തൊടുകയും ചെയ്യും. സുഗന്ധവാഹിനികളായ കസുമങ്ങളും കന്തിരിക്കവും മററും ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുകയും പുകക്കുകയും ചെയ്യുന്നു. വിളക്കുകൾ കത്തിക്കുകയും, അത് കൈയ്യിലേന്തി പ്രതിഷ്ഠയെ വലംവെക്കുകയും ചെയ്യുന്നു;

www.abulhasanalinadwi.org

ക്ഷണം മുമ്പിൽവെച്ചശേഷം മുറക്കാൻ കൊണ്ടുപോയി കൊടുക്കുന്നു. തുടന്ന് കുറെ കർപ്പൂരം കത്തിക്കുന്നു. ഇത്തരത്തിലുള്ള നൈവേദ്യങ്ങളെല്ലാം അർപ്പിക്കുന്നതിനു പുറമെ, കാണിക്കയായി 'സ്വർണ്ണപുഷ്പം' എന്ന നാമധേയത്തിൽ കുറെ സ്വർണ്ണവും വിഗ്രഹത്തിന്റെ സാന്നിദ്ധ്യത്തിൽ സമർപ്പിക്കാറുണ്ട്. അവസാനം തന്റെ ദേവീദേവന്മാരോട് വിട പറഞ്ഞു പിരിയുന്നു.

ഹൈന്ദവക്ക് അമ്പലങ്ങളിലെയും കാവുകളിലെയും വിഗ്രഹങ്ങളോടുള്ള പെരുമാററവും സാമീപ്യവുമെല്ലാം രാജാക്കന്മാരോടുള്ള പെരുമാററവും സമീപനവുംതന്നെയാണെന്ന് പറഞ്ഞുവല്ലോ. മന്ത്രവാദിയായ ശാന്തിക്കാരൻ ഉറങ്ങുന്ന ദൈവത്തെ ഗാനാലാപങ്ങൾകൊണ്ടും, സംഗീതോപകരണങ്ങൾ കൊണ്ടുമാണ് ഉണർത്തുന്നത്. മുറപ്രകാരം കുളിപ്പിക്കുകയും രാജകീയമായ വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്യും. അങ്ങനെ ആഭരണങ്ങൾ അണിയിക്കുന്നു; പൂമാലകൾ ചാർത്തുന്നു. വർണ്ണപ്പൊലിമയുള്ള വിളക്കുകൾ ചുററുപാടും പ്രകാശിപ്പിക്കുന്നു. ആഹാരനീഹാരാദികൾക്കെല്ലാമുള്ള സമയങ്ങൾപോലും വളരെ കൃത്യവും കൃളിപ്തവുമാണ്. എല്ലാ ദിവസവും രാജാവ് സിംഹാസനസ്ഥനാവുകയും, തന്റെ പ്രജകളായ അടിമകൾക്കിടയിലേക്കെഴുന്നള്ളുകയും ചെയ്യുന്നു. അവരുടെ ആവലാതികളും വേവലാതികളും കേൾക്കുന്നു. തന്റെ കരുണാകടാക്ഷത്തിന്റെയും സ്നേഹവായ്പിന്റെയും തണലിൽ അവരെ ആശീർവ്വദിക്കുന്നു. ഉത്സവദിവസങ്ങളിൽ പരിവാരങ്ങളോടുകൂടി പ്രകടനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുംചെയ്യും. ഈ അർത്ഥമറിയാത്ത നാടകം ഇന്ത്യയിലെ ഏകദേശം എല്ലാ അമ്പലങ്ങളിലും നടക്കുന്നു. ഘോരമായ തമസ്സിന്റെ തടവറയിലേക്ക് നയിക്കുന്ന പരുപരുത്ത കാട്ടുപാതയിൽനിന്ന് ഒരിക്കലും മോചനമില്ലാത്ത ഒരു വിഭാഗം ജനങ്ങളെ ആവേശംകൊള്ളിക്കലാണ് അതിന്റെ ഉദ്ദേശ്യം.''

(Out lines of Hinduism - Pages 48 to 50)

**Louis Renon** എന്ന യൂറോപ്യൻ എഴുത്തുകാരൻ തന്റെ **Hinduism** എന്ന പുസ്തകത്തിൽ ഹൈന്ദവ ആരാധനാകർമ്മങ്ങളെ വിവരിച്ചതുകൂടി ഇവിടെ പകർത്താം. മേൽവിവ

www.abulhasanalinadwi.org

രണത്തേക്കാഠം അല്പംകൂടി വ്യക്തത അതു് നല്കുന്നു. അദ്ദേഹം പറയുന്നതു് കാണുക:

"മതപരമായ പ്രവൎത്തനങ്ങളുടെയെല്ലാം അടിസ്ഥാന വശവും, പ്രകടരൂപവും ആരാധനയാണല്ലോ. ഹൈന്ദവരിൽ ഈ ആരാധനയുടെ ആകൃതി, ആദരണീയനായ ഒരു അതിഥിയെ സല്ക്കരിക്കുന്നതുപോലെ ആരാധ്യനോടു് പെരുമാറലാണു്. പൂജാരി ആരാധ്യവസ്തുവായ വിഗ്രഹത്തെ കുളിപ്പിച്ചു് വസ്ത്രങ്ങഠം ധരിപ്പിക്കുന്നു; എന്നിട്ടു് അലങ്കരിച്ചു് സുഗന്ധദ്രവ്യങ്ങഠം പുരട്ടിയശേഷം ആഹാരസാധനങ്ങഠം മൂർത്തിയുടെ മുമ്പിൽ സമൎപ്പിക്കുന്നു; പുഷ്പങ്ങഠം ചുററും വാരി വിതറുന്നു. കത്തിക്കൊണ്ടിരിക്കുന്ന ഒരു പന്തമോ, വിളക്കോ കയ്യിലേന്തി മന്ത്രങ്ങഠം ജപിച്ചുകൊണ്ടും. കമ്പിവാദ്യങ്ങഠം മുഴക്കികൊണ്ടും അതിനെ പ്രദക്ഷിണം ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ വർണ്ണോജ്ജ്വലമായ പ്രകടനത്തിൽ ദൈവത്തെയും വഹിച്ചുകൊണ്ടു് ആരാധകർ പുറപ്പെടുന്നതായി കാണാം. ഇത്തരത്തിലുളള പ്രകടനവേളയിലാണു് പൗരാണിക കഥാകഥനങ്ങളും നാടൻകൂത്തുകളുമെല്ലാം കാണാൻ കഴിയുന്നതു്. ഈ പൊതുജനം അമ്പലങ്ങളിൽചെന്നു് പിരിയുകയും ചെയ്യുന്നു. ഇങ്ങനെ നടക്കുന്ന ആചാരങ്ങളിൽ നിർബന്ധമായും എല്ലാവരും യാതൊരു വീഴ്ചയും വരുത്താതെ പങ്കെടുക്കേണ്ടതാണു്. പൊതുജനങ്ങളിൽ സിംഹഭാഗവും ഇതേ വിഗ്രഹങ്ങളെതന്നെയാണു് ദൈവമായി കരുതുന്നതു് അതുകൊണ്ടാണു് 'മൂർത്തിപൂജ' എന്ന പദപ്രയോഗംതന്നെയുണ്ടായതു്. എന്നാൽ മററു ചിലരുടെ വിശ്വാസമനുസരിച്ചു് ഈ വിഗ്രഹങ്ങളെല്ലാം ചില പ്രത്യേക ശക്തികളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങഠം മാത്രമാണു്. യഥാർത്ഥത്തിൽ വിഗ്രഹാരാധന പ്രസ്തുത ശക്തികഠംക്കു് രൂപംനല്കി നിർവ്വഹിക്കുന്ന ഒരു ആരാധന മാത്രമാണെന്നു് ഈ കൂട്ടർ വിശ്വസിക്കുന്നു. ഈ പൂജകളെല്ലാം നടത്തുന്നതു് ഒരു ശരിയായ മതവിശ്വാസിയാണെങ്കിൽ, അതിനുമുമ്പായി ചില പ്രത്യേക തരത്തിലുളള ഒരുക്കങ്ങഠംതന്നെ നടത്തുന്നു. ആദ്യമായി കുളിച്ചു് ശുദ്ധമാവുകയും, ഉപവാസത്തിലൂടെ തന്റെ ഭക്ഷണപാനീയങ്ങഠം ചുരുക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി പൂജകൻ വ്യായാമങ്ങഠം, ദേഹശുദ്ധി ആദിയായ കർമ്മങ്ങഠംകൊണ്ടു് മന്ത്ര

www.abulhasanalinadwi.org

മയനായി ശ്വാസം അടക്കിപ്പിടിച്ച് ചില പ്രത്യേക ശാരീരികതപസ്സുകാം അനുഷ്ഠിക്കുകയും ചെയ്യും. ആ ഇരുത്തത്തിൽ പൂജാരി മനോമുകുരത്തിൽ തന്റെ ആരാധ്യനെ ധ്യാനിക്കുന്നു.

മൂർത്തിയുടെതായ എല്ലാവിധ രൂപ-ശക്തി-അവസ്ഥാവിശേഷങ്ങളാൽ സിദ്ധനായ പൂജാരി, തന്റെ പൂജയിലൂടെ മൂർത്തിയെ ആജ്ഞിക്കുകയും, അത് തന്നിലേക്ക് ആവാഹിക്കുകയും ചെയ്യതായി ധരിക്കുന്നു. അങ്ങനെ നിശ്ശബ്ദതയിൽ വിലയംപ്രാപിക്കുകയും, അടങ്ങിയ ശബ്ദത്തിൽ ചില മന്ത്രങ്ങാം ഉരുവിടുകയും ചെയ്യുന്നു ചിലപ്പോാം പ്രസ്തുത മന്ത്രങ്ങാം ഒരു പദത്തിൽ മാത്രം പരിമിതമാണെങ്കിൽ മററു ചിലപ്പോാം നൂറുകണക്കിന് പദങ്ങാം ഉാക്കൊണ്ടതായിരിക്കും. ദീർഘ വാചകങ്ങളോ, ആവർത്തിതപദങ്ങളോ ആണ് മന്ത്രവചനങ്ങളെങ്കിൽ, അക്ഷരശുദ്ധിയും ശബ്ദമാധുരിയും ഒരു പ്രശ്നമാകാറില്ല. അത്തരം സന്ദർഭങ്ങളിൽ അത് അർത്ഥശൂന്യമായ ചില പദജഢങ്ങളായി പരിണമിക്കുന്നു. ചിലപ്പോാം കേവലം 'രാമ, രാമ, രാമ, രാമ' എന്നതിൽമാത്രം ചുരുക്കുകയും ചെയ്യും. അപ്പോാം ഈ ആരാധന മുഖേന ചിന്തയെ ഒരേ ഒരു 'ബിന്ദു'വിൽ മാത്രം കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. ഇതിൽ മനുഷ്യന് ശാന്തി ലഭിക്കുകയും, നേച്ചകാം പരിഹൃതമാവുകയും, പാപങ്ങാം പൊറുക്കപ്പെടുകയും ചെയ്യുന്നതായി അവൻ വിശ്വസിക്കുന്നു.

മററു വ്യക്തിഗതമായ ആരാധനയിൽപെട്ടതാണ് വിശുദ്ധ ഗ്രന്ഥങ്ങാം പാരായണംചെയ്യുക എന്നത്. ചില പ്രത്യേക തരത്തിലുള്ള യോഗാസനങ്ങാംക്ക് ഇതിനേക്കാാം മുൻഗണനയും പ്രാധാന്യവും കൽപിക്കപ്പെടുന്നു. യോഗവിദ്യകളുടെ ഗ്രന്ഥങ്ങളിൽ ഇതിന്റെ വിശദവിവരങ്ങാം കൂടുതലായി കാണാം. ഇത്തരം യോഗാസനങ്ങളിലൂടെ ഏതോ തരത്തിലുള്ള ഒരു സ്ഥാനം നഷ്ടപ്പെടുകയും അന്യോന്യം ആവാഹിക്കുകയും ചെയ്യുന്നു. ആത്മാവ് അനന്തതയിൽ മുഴുകുകയും അനശ്വരതയിൽ വിലയംപ്രാപിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരവസ്ഥയിൽ ജനങ്ങളെല്ലാം എത്തിച്ചേരുന്നതിനെയാണ് യഥാർത്ഥ മോക്ഷമെന്നു പറയുന്നത്. ഒരു വ്യക്തി

www.abulhasanalinadwi.org

ക്ക് നിർബന്ധമായ ആരാധന ദിവസത്തിൽ മൂന്ന് (പ്രഭാത–മദ്ധ്യാഹ്ന–സായാഹ്ന) വേളകളിൽ വീട്ടിൽവെച്ച് നിർവ്വഹിക്കാവുന്നതാണ്. എന്നാൽ ഇതുകൂടാതെയും ധാരാളം ആളുകൾ തങ്ങളുടെ ആരാധ്യവസ്തുക്കൾക്കും, ആചാര്യന്മാർക്കും, ഗുരുക്കന്മാർക്കും, ദേവീദേവന്മാർക്കും, പൂർവ്വ പിതാക്കൾക്കും, പരദേവതകൾക്കുംവേണ്ടി അഞ്ജലീബദ്ധരായി പ്രാർത്ഥിച്ച് നേർച്ചാവഴിപാടുകൾ കഴിക്കുന്നതായി കാണാം. ''

**(Louis Renon - Hinduism: Page 14, 15, 16)**

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിവസിക്കുന്ന ഹിന്ദുമതത്തിലെ വ്യത്യസ്ത വിഭാഗങ്ങളുടെ ആരാധനാകർമ്മങ്ങളെപററി സൂക്ഷ്മപഠനം നടത്തിയാൽ ഏവർക്കും വ്യക്തമാവുന്ന ഒരു കാര്യമുണ്ട്; ഇവരുടെ എല്ലാവരുടെയും ആരാധനകളും ആചാരങ്ങളും രണ്ടു ഘടകങ്ങളിൽ സമന്വയിക്കുകയും സമ്മേളിക്കുകയും ചെയ്യുന്നു എന്നതാണത്. ഇന്ത്യയുടെ ഏത് ഭാഗത്ത് താമസിക്കുന്ന ഏതു വിഭാഗം ഹിന്ദു ആയാലും ശരി.

അതിൽ ഒന്ന് അമിതമായ ഗാനാലാപനവും, നാദസ്വരോപകരണ പ്രയോഗവുമാണ്. അമ്പലങ്ങളിലും ക്ഷേത്രങ്ങളിലും നടക്കുന്ന ഏതുതരം ആരാധനയായാലും സംഗീതം, വീണ, ചൂളംവിളി, ഹർഷാരവം, ഗാനാലാപനം തുടങ്ങിയ കാര്യങ്ങളിൽനിന്ന് മുക്തമായത് വളരെ കുറച്ച് മാത്രമേയുള്ളൂ. സംഗീതവും ഗാനവും ഹൈന്ദവമതത്തിന്റെ അവിഭാജ്യഘടകവും, അടിസ്ഥാനമൂലകവുമാണ്. അമ്പലങ്ങളിലെ ശാന്തിക്കാരും, പൂജാരികളും, തന്ത്രികളുമെല്ലാം പൂജക്ക് വരുന്ന ഭക്തജനങ്ങളുടെ ഹൃദയതന്തുക്കളിൽ അന്തർലീനമായ വികാരപാരവശ്യങ്ങൾ ഇളക്കിവിടാൻ ഉപരിസൂചിത വസ്തുക്കളുടെ സഹായമാണ് തേടുന്നത്. മനുഷ്യ കൈകടത്തലുകൾക്ക് വിധേയവും സൃഷ്ടിനിർമ്മിതവും 'ശക്തി'ലധിഷ്ഠിതവുമായ ഏതു മതത്തിന്റെയും സ്ഥിതി ഇതുതന്നെയാണ്. അജ്ഞാനകാലത്തെ അറബികളുടെ നമസ്കാരത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

'' കഅ്ബയുടെ അടുക്കൽ അവരുടെ നമസ്കാരം ചൂളംവിളിയും കൈകൊട്ടും മാത്രമായിരുന്നു. ''

---

وما كان صلاتهم عند البيت الا مكاء وتصدية (الانفال : ٣٥)

www.abulhasanalinadwi.org

ചിലരുടെ വാദമനുസരിച്ച് ഇത്തരത്തിലുള്ള ഇമ്പമാന്ന ഗാനങ്ങളും, മന്ദ്രമധുരമായ സംഗീതവും, ഹൃദ്യമായ ഹസ്തതാഡനവുമെല്ലാം ഹൃദയാലുതയും, വികാരവായ്പും സൃഷ്ടിക്കും. എങ്കിലും പ്രശ്നത്തിന് മുഖ്യമായ മറെറാരു വശമുണ്ട്. അല്ലാഹുവിനുവേണ്ടി ഉള്ളറിഞ്ഞു നിർവ്വഹിക്കേണ്ട ആരാധനകളുടെ കാതലായ വശം അടക്കവും, ഒതുക്കവും, ഭക്തിയുമാണ്. ഇതിൻെറ അഭാവത്തിൽ പ്രസ്തുത ആരാധനകളുടെ തനിമ നഷ്ടപ്പെട്ടുപോകുന്നു.

എത്രയോ ദേശ–ഭാഷാ–വർഗ്ഗ–വർണ്ണ വൈജാത്യങ്ങൾ നിലനില്ക്കെത്തന്നെ ഹൈന്ദവരെയെല്ലാം ഒന്നായി കൂട്ടിഇണക്കുന്ന രണ്ടാമത്തെ ഏകകം വിഗ്രഹപൂജയും ബിംബാരാധനയുമാണ്. ഹൈന്ദവ തത്വശാസ്ത്രം അതിൻെറ ന്യായീകരണത്തിനുവേണ്ടി കാവൽനില്ക്കുകയും ചെയ്യുന്നു. ക്രിസ്താബ്ദം ആറാംനൂററാണ്ടിൽ ഹൈന്ദവ മതപരിഷ്കരണത്തിൻെറ കൊടുങ്കാററായി വർത്തിച്ച, (ബുദ്ധമതത്തെ ഇന്ത്യയിൽനിന്ന് കെട്ട് കെട്ടിക്കുകയും പ്രാക്തന ഹൈന്ദവ മതാചാരങ്ങൾക്കും സിദ്ധാന്തങ്ങൾക്കും പുനർജന്മം നൽകി നടപ്പിൽ വരുത്തുകയുംചെയ്ത) ജ്ഞാനപ്രഥിതനായ ശങ്കരാചാര്യർപോലും ബിംബാരാധനക്കും വിഗ്രഹപൂജക്കും ന്യായീകരണങ്ങൾ കണ്ടെത്തി എന്നറിയുമ്പോൾ അത്ഭുതം തോന്നാതിരിക്കില്ല. എന്നാൽ അദ്ദേഹം നടത്തിയ പരിഷ്കരണപ്രവർത്തനങ്ങളെ, ഹൈന്ദവ മതതത്വമണ്ഡലത്തിൽ അനിവാര്യമായും നടക്കേണ്ടിയിരുന്ന, ഒരു മഹത്തായ വിപ്ളവസംരംഭമായിട്ടാണ് കാണുന്നത്. ബോംബെ യൂണിവേഴ്സിററിയിലെ ഹിന്ദുമതപഠനവകുപ്പിൻെറ തലവനും, പ്രശസ്ത ഹൈന്ദവ മതപണ്ഡിതനുമായ

---

അല്ലാമാ അലൂസി (റ) തൻെറ പ്രശസ്ത ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ 'റൂഹുൽമആനി'യിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: ''ജാഹിലിയ്യാ കാലഘട്ടത്തിൽ അറബികൾ കഅ്ബഃ പ്രദക്ഷിണംചെയ്തിരുന്നത് സ്ത്രീകളും പുരുഷന്മാരും കൈകോർത്തുപിടിച്ചുകൊണ്ടായിരുന്നു. അവർ ചൂളംവിളിക്കുകയും, 'കരവ'ഇടുകയും, ഹർഷാരവം മുഴക്കുകയുംചെയ്തിരുന്നു. പ്രഗൽഭരായ സഹാബികളിൽനിന്നും, താബിഈങ്ങളിൽനിന്നും ഈ സംഭവം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. 'തഫ്സീർ ഇബ്നുകസീർ' വാള്യം 2, പേജ് 307ൽ ഇത്സംബന്ധമായി കൂടുതൽ വിവരം കാണാം.

www.abulhasanalinadwi.org

പ്രൊഫസർ V. S. Ghate എഴുതുന്നത് കാണുക:

''ശങ്കരാചാര്യർ വിഗ്രഹാരാധനയെ എതിർത്തില്ല. മറിച്ച്, അദ്ദേഹം ബിംബങ്ങളെ ഒരു ചിഹ്നവും അവതാരവുമെല്ലാമായിട്ടാണ് കരുതിയിരുന്നത്. പൂജാകർമ്മങ്ങളിലുള്ള അനുഷ്ഠാനപരതയെ (Ritualism) യും, കർമ്മഫല പരിണാമസിദ്ധാന്തത്തെയും അദ്ദേഹം ആക്ഷേപിച്ചിരുന്നു. എങ്കിലും പൊതുജനങ്ങളിൽ സ്വാധീനംനേടി പ്രചാരത്തിൽ വന്നിരുന്ന ദേവീ-ദേവന്മാർക്ക് ശങ്കരാചാര്യർ കാവൽ ഭടനായി നിന്നു. അദ്ദേഹം പറയുന്നു: ''മനുഷ്യന്റെ പരിവർത്തനഘട്ടങ്ങളിൽനിന്നുള്ള ഒരു പ്രത്യേക ഘട്ടത്തിൽ വിഗ്രഹങ്ങളെ ആരാധിക്കുക എന്നത് പ്രകൃതിയുടെ ഒരു തേട്ടമാണ്. അങ്ങനെ മതത്തിന്റെ വിശ്വാസപരവും വികാരപരവുമായ സത്ത് മൂപ്പെത്തി, പൂർണ്ണതപ്രാപിച്ച് ശക്തിയാർജ്ജിക്കുമ്പോൾ മനുഷ്യൻ വിഗ്രഹാരാധനയിൽനിന്ന് സ്വയം മുക്തനാകും. അപ്പോൾ അവന്ന് ദൈവത്തെ സ്മരിക്കാൻ ഇത്തരത്തിലുള്ള ചിഹ്നങ്ങളോ പ്രതീകങ്ങളോ ആവശ്യമില്ലാതാകുന്നു.''

(''Encyclopaedia of Religion and Ethics'' 4th Edition 1958-Vol XI, Article Sankarachariya)

ഈ വിഗ്രഹപൂജ, ഇന്ത്യയിലെ ബിംബാരാധകരായ തത്വചിന്തകന്മാരും മതാചാര്യന്മാരും, എന്തുതന്നെ ന്യായീകരണവും വ്യാഖ്യാനവും നൽകിയാലും, യഥാർത്ഥ ദൈവത്തെക്കുറിച്ചുള്ള സ്മരണ ജനഹൃദയങ്ങളിൽനിന്നെടുത്തുകളയുകയും, ഏകദൈവസിദ്ധാന്തം പാടെ വിസ്മരിപ്പിക്കുകയും ചെയ്തിരിക്കുന്നു. വിഗ്രഹാരാധകർ ഈ ബിംബങ്ങളെത്തന്നെ ആരാധിക്കുകയും അണപ്പല്ലുകൊണ്ടതിനെ കടിച്ചുപിടിക്കുകയും ചെയ്യുന്നു. അതിന്നുവേണ്ടി അവർ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതായി നമുക്ക് കാണാം. അനുഗ്രഹിക്കാനും നിഗ്രഹിക്കാനും കഴിവുള്ള ശക്തിയായി പ്രസ്തുത ബിംബങ്ങളെയാണവർ കാണുന്നത്. ഉപകാരോപദ്രവങ്ങൾക്ക്വേണ്ടി സത്യദൈവത്തിലേക്ക് മടങ്ങുകയോ, അവനെ ആശ്രയിക്കുകയോ ചെയ്യുന്ന യാതൊരു സ്വഭാവവുമില്ല. അവർ യഥാർത്ഥ സത്യദൈവമായി വിശേഷിപ്പിക്കുന്ന

www.abulhasanalinadwi.org

ദൈവത്തെ സ്മരിക്കുകപോലും ചെയ്യാറില്ല. എന്നാൽ ''വിഗ്രഹപൂജയിലൂടെ കടന്ന്, യഥാർത്ഥ ദൈവത്തിലെത്തിച്ചേരുകയും, ആരാധനയുടെ കാതലായ വശം കണ്ടെത്തുകയും, പ്രാർത്ഥനയും ഭക്തിയും അവനോട് മാത്രമായിത്തീരുകയും ചെയ്യു''മെന്ന ഹിന്ദുമത തത്വചിന്തകന്മാരുടെ കണക്കെടുത്താൽ ഇന്നെവിടെ? അത്തരത്തിലുള്ള ആളുകളെ നമുക്കെവിടെ കണ്ടെത്താം? കേവലം ഭാവനാലോകത്തു മാത്രം. ഒരു പക്ഷെ ഇത്രയും വിശാലമായ ഒരു വലിയ രാജ്യത്ത് മുഴുവനും പടന്നു വ്യാപിച്ചുകിടക്കുന്ന ഒരു വലിയ സമുദായത്തിലെ ആളുകളെ പരിശോധിച്ചാൽ, അംഗുലീപരിമിതരായ ഏതാനും വ്യക്തികളെ കണ്ടെത്തിയേക്കാം. അതുകൊണ്ടെല്ലാമാണ് ഹസ്രത്ത് ഇബ്രാഹീം (അ) ന്റെ നാവിലൂടെ പുറത്തുവന്ന പ്രാർത്ഥനാവചനം ഖുർആൻ വലിയ പ്രാധാന്യത്തോടെ ഉദ്ധരിച്ചത്. യഥാർത്ഥത്തിൽ എക്കാലത്തുമുള്ള ബഹുദൈവാരാധനയുടെയും, വിഗ്രഹപൂജയുടെയും പൂർണ്ണമായ ദൃഷ്യവശം അതിൽ നമുക്ക് കാണാൻ കഴിയുന്നു:

'' എന്റെ നാഥാ! നിശ്ചയം അവ (വിഗ്രഹങ്ങൾ) വളരെയധികം ജനങ്ങളെ വഴിപിഴപ്പിച്ചു കളഞ്ഞു. ''*

ഈ വിഗ്രഹങ്ങൾ അവരുടെ മനസ്സിനേയും വപുസ്സിനേയും ആവരണം ചെയ്തുകഴിഞ്ഞു. ഒരിക്കലും ഒഴിഞ്ഞുപോകാത്ത രൂപത്തിൽ അവരുടെ ദേഹ-ദേഹികളിൽ അധിനിവേശം നടത്തിയിരിക്കുന്നു. ഇനി ആ ബിംബങ്ങളെ കുടിയിറ

---

رب إنهن اضللن كثيرا من الناس

* മൗലാനാ സയ്യിദ് മുനാസിർ അഹ്സൻ ഗൈലാനി ഇതിന്റെ ഉദ്ദേശ്യം വിശദീകരിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യം ഇവിടെ കൊടുക്കാം: ''അതെ, വിഗ്രഹങ്ങളും ബിംബങ്ങളും കോടിക്കണക്കിന് സൃഷ്ടിജാലങ്ങളെ തങ്ങളിലേക്ക് വശീകരിക്കുകയും ആകൃഷ്ടരാക്കുകയുംചെയ്തു. അങ്ങനെ വശീകരിക്കപ്പെട്ടവർക്ക് നൂററാണ്ടുകൾതന്നെ പിന്നിട്ടാലും യഥാർത്ഥ ദൈവത്തെയും ആരാധ്യനേയും കണ്ടെത്താനോ, അവനോട് നേരിട്ട് ബന്ധപ്പെടുവാനോ, പ്രാർത്ഥിക്കാനോ പററുന്ന സൗഭാഗ്യം ഉണ്ടാവുകയില്ല. വിമോചന ചെയ്യാൻപോലും സാദ്ധ്യമല്ലാത്ത രൂപത്തിൽ അവർ ആ വിഗ്രഹങ്ങളിൽ ആകൃഷ്ടരായിരിക്കുന്നു.

www.abulhasanalinadwi.org

ക്കക എന്നത് അതിദുഷ്കരമായ ഒന്നാണ്. യഥാർത്ഥ ആരാധ്യനെപററിയുള്ള ഒരു വിചാരംപോലും ഇന്ന് അവരുടെ മനോമുകുരങ്ങളിൽ കാണാനില്ല. അതിൻെറ ഫലമായി ഏകദൈവത്തെമാത്രം ആരാധിച്ച് ശാന്തിയും സന്തുഷ്ടിയും കരസ്ഥമാക്കുക എന്നത് അവരെ സംബന്ധിച്ചിടത്തോളം സാക്ഷാല്ക്കരിക്കപ്പെടാത്ത ഒരു സ്വപ്നമായി നാം കാണുന്നു.

## സുന്നത്തുകളും, റവാത്തിബും, വിത്ർറ് നമസ്കാരവും

ഇസ്ലാമിലെ നമസ്കാരത്തെക്കുറിച്ച് വീണ്ടും നമുക്ക് ചർച്ച് ചെയ്യാം. നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പും അതിനുശേഷവും നിർണ്ണിതമായ ചില സുന്നത്തുകൾ പ്രവാചകൻ കല്പിച്ചിട്ടുണ്ട്. നാട്ടിലായിരിക്കുമ്പോൾ അവിടുന്ന് അത് കൃത്യമായും പതിവായും നിർവ്വഹിച്ചിരുന്നു. പ്രസ്തുത സുന്നത്ത് നമസ്കാരങ്ങളുടെ ഉപമ ഭദ്രമായ കോട്ടകൾക്ക് ചുററും കുഴിക്കപ്പെടുന്ന കിടങ്ങുകളാണ്. അല്ലെങ്കിൽ ശത്രുക്കളുടെ ആക്രമണം ഭയപ്പെടുന്ന ഒരു പട്ടണത്തിന് ചുററും പടുത്തുയർത്തുന്ന വൻമതിലുകൾ. ശത്രുക്കൾക്ക് ചാടിക്കടക്കുവാനോ മുറിച്ചു കടക്കുവാനോ സാധിക്കാത്ത കിടങ്ങുകളും മതിലുകളും! അതിനാൽ പ്രസ്തുത സുന്നത്ത്നമസ്കാരങ്ങൾ കൃത്യനിഷ്ഠയോടെ ഒരാൾ അനുഷ്ഠിച്ചാൽ ഫർസുകൾ യാതൊരു കേടുപാടും കൂടാതെ സുരക്ഷിതമായിരിക്കും. ഫർസുകൾ നിർവ്വഹിക്കുന്നതിൽ നിർബന്ധബുദ്ധിയും വാശിയുമുണ്ടായിരിക്കും. അതിനുംപുറമെ ഫർള്നമസ്കാരങ്ങളിൽ വന്ന വീഴ്ചകളും പോരായ്മകളും പരിഹരിക്കപ്പെടും. ഇമാം നസാഇയും, തിർമുദിയും, അബൂഹുറയ്റയിൽനിന്നുദ്ധരിക്കുന്നു: നബി (സ) പറഞ്ഞു: ''അന്ത്യനാളിൽ അടിമയുടെ പ്രവർത്തനങ്ങളുടെ കണക്ക നോക്കുമ്പോൾ ആദ്യമായി അവൻെറ നമസ്കാരമായിരിക്കും പരിശോധിക്കുക. അങ്ങനെ അത് പൂർണ്ണമായും കേടററതാണെങ്കിൽ അവൻ വിജയിക്കുകയും രക്ഷ പ്രാപിക്കുകയും ചെയ്യും. മറിച്ച്, നമസ്കാരം നിർവ്വഹിച്ചിട്ടില്ല; ഉണ്ടെങ്കിൽ തന്നെ 'ഫാസിദു'മായിരിക്കുന്നു. എങ്കിൽ, അവൻ പരാജയപ്പെടുകയും നഷ്ടത്തിലാവുകയും ചെയ്യും. ഇനി അവൻെറ 'ഫർസ്'നമസ്കാരങ്ങളിൽ ഏതെങ്കിലും ഒന്നിനാണ് കോട്ടം സംഭ

www.abulhasanalinadwi.org

വിച്ചിരിക്കുന്നതെങ്കിൽ അല്ലാഹു പറയും: ''എന്റെ ദാസൻ ഏതെങ്കിലും ഐച്ഛികനമസ്കാരങ്ങൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് നോക്കൂ.'' അങ്ങനെ ഉണ്ടെങ്കിൽ 'ഫർസി'ൽ വന്ന കുറവുകൾ ആ സുന്നത്തുകൾ മുഖേന പരിഹരിക്കപ്പെടും. മററുള്ള പ്രവർത്തനങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടുന്നതാണ്.''

ഹസ്രത്ത് ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു: ''ഞാൻ നബി (സ)യുടെകൂടെ 'സുഹ്റി'ന് മുമ്പും പിമ്പും ഈരണ്ട് റക്അത്തുകൾ നമസ്കരിച്ചു. 'മഗ്രിബി'ന്നും 'ഇശാ'ഇന്നും ശേഷം രണ്ട് റക്അത്തുകൾ വീതം അവിടത്തെ വസതിയിൽ വെച്ച്' നിർവ്വഹിച്ചു. ഇബ്നുഉമർ (റ) പറയുന്നു: ഹഫ്സഃ (റ) എന്നോട് പറഞ്ഞു: ''നബി (സ) 'ഫജ്റി'ന്റെ രണ്ട് ലഘുവായ റക്അത്തുകൾ നമസ്കരിക്കാറുണ്ടായിരുന്നു.'' (ബുഖാരി, മുസ്ലിം)

മറെറാരു റിപ്പോർട്ടിൽ കാണുന്നു: ''ഒരു മനുഷ്യൻ രാപ്പകലുകളിൽ പന്ത്രണ്ട് 'റക്അത്ത്' നമസ്കരിച്ചാൽ അവന് സ്വർഗ്ഗത്തിൽ ഒരു മണിമന്ദിരം നിർമ്മിക്കപ്പെടുന്നതാണ്. 'സുഹ്റി ന് മുമ്പ് നാലും ശേഷം രണ്ടും, മഗ്രിബ്—ഇശാ നമസ്കാരങ്ങൾക്ക ശേഷം ഈരണ്ടും, സുബ്ഹ്നമസ്കാരത്തിന് മുമ്പ് രണ്ടുമാണ് പ്രസ്തുത പന്ത്രണ്ട് റക്അത്തുകൾ.'' (തിർമുദി)

ആയിശ (റ) പറഞ്ഞതായി ഇമാം മുസ്ലിം ഉദ്ധരിക്കുന്നു: ''അവിടുന്ന് 'സുഹ്റി'ന്നുമുമ്പ് എന്റെ വീട്ടിൽവെച്ച് നാലു റക്അത്ത് നമസ്കരിക്കും; അനന്തരം പള്ളിയിലേക്ക് പുറപ്പെടും; ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കും; തദനന്തരം വീട്ടിൽ പ്രവേശിച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യും. അതിനുശേഷം ഇശാ രണ്ട് റക്അത്തും നമസ്കരിക്കും...... പിന്നീട് സുബ്ഹിന്മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കും.'' (മുസ്ലിം, അബൂദാവൂദ്)

അല്ലാഹുവിന്റെ റസൂൽ 'ഇശാ'ഇന്റെ ഉടനെയോ, അല്ലെങ്കിൽ ഉറക്കത്തിൽനിന്നുണർന്ന ശേഷമോ 'വിത്റ്' നമസ്കരിച്ചിരുന്നു. യാത്രയിലോ യാത്ര അല്ലാത്തപ്പോഴോ അവിടു

www.abulhasanalinadwi.org

ന്ന് അത് ഉപേക്ഷിച്ചിട്ടില്ല. തിരുമേനി പറഞ്ഞതായി സ്ഥിരപ്പെട്ടിരിക്കുന്നു: ''വിത്റ് നിർബന്ധമാണ്; ആരെങ്കിലും വിത്റ് നമസ്കരിച്ചില്ലെങ്കിൽ അവൻ നമ്മളിൽ പെട്ടവനല്ല.'' (അബൂദാവൂദ്) മറ്റൊരു ഹദീസിൽ അവിടുന്നു പറഞ്ഞു: ''നിശ്ചയം അല്ലാഹു നിങ്ങൾക്ക് ഒരു നമസ്കാരം ദാനമായി നല്കിയിരിക്കുന്നു. അത് നിങ്ങളെ സംബന്ധിച്ചിടത്തോളം ചുവന്ന ഒട്ടകങ്ങളെക്കാൾ ഉത്തമമാകുന്നു. ആ നമസ്കാരത്തിനു (വിത്റ്) ള്ള സമയം ഇശാ നമസ്കാരത്തിന്റെ ശേഷവും സുബ്ഹ് നമസ്കാരത്തിന്റെ മുമ്പുമാണ് അവൻ നിശ്ചയിച്ചിരിക്കുന്നത്.'' (തിർമുദി, അബൂദാവൂദ്)

ഈ സുന്നത്തുകളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന സുന്നത്ത് സുബ്ഹിന്റെ മുമ്പുള്ള രണ്ട് റക്അത്തുകളാണ്. ഹസ്രത്ത് ആയിശഃ (റ) പറയുന്നു: ''സുബ്ഹിന്റെ മുമ്പുള്ള രണ്ട് റക്അത്തുകൾ നമസ്കരിക്കാൻ അവിടുന്ന് കൃത്യനിഷ്ഠ കാണിച്ചതുപോലെ മറ്റൊരു സുന്നത്തുകൾക്കും അവിടുന്ന് അത്ര ബദ്ധശ്രദ്ധനായിട്ടില്ല.'' (സിഹാഹുസ്സിത്തഃ മാലിക്ക് ഒഴികെ)

അബൂഹുറയ്റയിൽനിന്ന് ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു: നബി (സ) പറഞ്ഞു: ''ആ രണ്ട് റക്അത്തുകൾ നിങ്ങൾ ഉപേക്ഷിക്കരുത്, കുതിരപ്പട നിങ്ങളെ ആട്ടിയോടിച്ചാലും.'' (അബൂദാവൂദ്)*

തുടർന്ന് മറ്റൊരു സ്ഥലത്ത് അദ്ദേഹം രേഖപ്പെടുത്തുന്നു: ''എന്നാൽ നബി (സ) യുടെ അനുയായികളിൽ യാത്രയിൽ ഫർസ്നമസ്കാരങ്ങൾക്ക മുമ്പും പിമ്പും റവാത്തിബുകൾ നിർവ്വഹിച്ചവരുമുണ്ട്. സഹാബികളായ ഉമർ, അലി, ഇബ്നുമസ്ഊദ്, ജാബിർ. അനസ്, ഇബ്നുഅബ്ബാസ്,

---

* അല്ലാമാ ഇബ്നുൽഖയ്യിം (റ) പറയുന്നു; ''നബി (സ) തന്റെ യാത്രയിൽ എല്ലാ സുന്നത്ത്നമസ്കാരത്തേക്കാളും പ്രാധാന്യം കല്പിച്ച്, ഒരു കാരണവശാലും മുടങ്ങാതെ നിർവ്വഹിച്ച രണ്ട് നമസ്കാരങ്ങളാണ് വിത്റും സുബ്ഹിന്റെ സുന്നത്തും. ഇത് രണ്ടുമല്ലാത്ത റവാത്തിബ്സുന്നത്തുകളൊന്നും അവിടുന്ന് യാത്രയിൽ നിർവ്വഹിച്ചിരുന്നില്ല.'' (സാദുൽമആദ് വാ: 1, പേ: 81)

www.abulhasanalinadwi.org

അബൂദർറ് (റ) തുടങ്ങിയവരിൽനിന്ന് ഇത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഹസ്രത്ത് അബ്ദുല്ലാഹിബ്നുഉമർ (റ) രാത്രിയിലെ 'വിത്റ'ല്ലാതെ ഫർസ്നമസ്കാരങ്ങളോട് ബന്ധപ്പെട്ട റവാത്തിബുകളൊന്നും യാത്രയിൽ നിർവ്വഹിച്ചിട്ടില്ല. നബി (സ) യുടെ ചര്യയിൽനിന്ന് വ്യക്തമാകുന്നതും ഇതാണ്. അവിടുന്ന് 'കസ്വ്റാ'യി നിർവ്വഹിക്കപ്പെടുന്ന നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പും പിമ്പും സുന്നത്തുകൾ നമസ്കരിച്ചില്ല. എന്നാൽ പ്രവാചകൻ അത് തടഞ്ഞിരുന്നില്ല. അത് സാധാരണ എപ്പോഴും അനുവദനീയമായ ഒരു സുന്നത്ത് എന്ന നിലയിൽ പരിഗണിക്കപ്പെട്ട എന്നല്ലാതെ അവ ഒരു വ്യക്തി നാട്ടിൽ താമസിക്കുമ്പോൾ അവന്റെ ഫർസ് നമസ്കാരത്തോട് ബന്ധപ്പെടുത്തി നിർവ്വഹിക്കുന്ന റവാത്തിബുകളല്ല. (സാദുൽമആദ് വാ: 1, പേ: 129)

## വിവിധ ആഗ്രഹങ്ങൾ സഫലീകരിക്കാൻ വിവിധ നമസ്കാരങ്ങൾ

മററു ആരാധനാകർമ്മങ്ങൾക്കൊന്നുമില്ലാത്ത ഒരു സവിശേഷത നമസ്കാരത്തിനുണ്ട്. അതായത് ഒരു മുസൽമാൻ നിർബന്ധ നമസ്കാരങ്ങളെ കൃത്യമായി നിർവ്വഹിക്കൽ കൊണ്ടുമാത്രം പൂർണ്ണ സ്വതന്ത്രനാകുന്നില്ല. അതുപോലെ നമസ്കാരത്തിന് നമസ്കാരംതന്നെയല്ലാതെ മറെറാരു പ്രായശ്ചിത്തമോ, ബദൽകർമ്മമോ സ്വീകാര്യവുമല്ല. നമസ്കാരം ഏതൊരു സത്യവിശ്വാസിയുടേയും വാളും പരിചയുമാകുന്നു. അതെ, ആവശ്യങ്ങൾ പരിഹരിക്കാൻ നമസ്കാരം; ആപത്തുകൾ തടുക്കുവാനും നമസ്കാരംതന്നെ. ഏതു രൂപത്തിലുള്ള താഴുകൾ തുറക്കുവാനും, ദുഃഖങ്ങൾ ദൂരീകരിക്കുവാനും, കഷ്ടതകൾ കുഴിച്ചുമൂടാനും, പീഢനങ്ങൾ പിഴുതെറിയാനും സത്യവിശ്വാസിക്ക് നമസ്കാരമാണ് ആയുധമായി നിശ്ചയിച്ചത്. മഴകിട്ടാതെ വരൾച്ച ബാധിക്കുമ്പോൾ നമസ്കാരം (صلاة الاستسقاء) ; ഗ്രഹണം ബാധിക്കുമ്പോൾ നമസ്കാരം (صلاة الخسوفين); പ്രശ്നസങ്കീർണ്ണതയിൽ ഉഴലുമ്പോൾ നന്മനിർണ്ണയത്തിന് നമസ്കാരം (صلاة الاستخارة); മറെറല്ലാ ആവശ്യങ്ങൾ നേരിടുന്നവോ അപ്പോഴും

www.abulhasanalinadwi.org

പരിഹാരം നമസ്കാരംതന്നെ. മരണത്തെ പുണരുവാൻ ഒരുങ്ങുമ്പോഴും നമസ്കാരംവേണം. ഇമാം ബുഖാരി തന്റെ സഹീഹിൽ باب كرامة الاولياء وفضائلهم എന്ന അദ്ധ്യായത്തിൽ അബൂഹുറയ്റയിൽനിന്നുദ്ധരിക്കുന്നു: '' ഖുബൈബ് (റ)വിനെ ശത്രുക്കൾ നിഷ്ഠൂരമായി കൊലചെയ്യാൻ ഹറമിന്റെ വെളിയിൽ കൊണ്ടുപോയി. അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: എന്നെ രണ്ടു റക്അത്ത് നമസ്കരിക്കാൻ അനുവദിക്കു! അങ്ങനെ ശത്രുക്കൾ അദ്ദേഹത്തെ നമസ്കരിക്കാൻ അനുവദിച്ചു. അനന്തരം ശത്രുക്കളുടെ നേരെ തിരിഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: ''മരിക്കുന്നതിലുള്ള വേദന നിമിത്തം, അല്പംകൂടി സമയം ലഭിക്കട്ടെ എന്നു വിചാരിച്ച് ചെയ്യുന്നതാണിതെന്ന് നിങ്ങൾ പറയുമായിരുന്നില്ലെങ്കിൽ ഞാൻ ഇനിയും കൂടുതൽ റക്അത്തുകൾ നമസ്കരിക്കുമായിരുന്നു.'' അങ്ങനെ ഖുബൈബ് (റ) വാണ് പ്രസ്തുത നമസ്കാരം ആദ്യമായി ചെയ്തുകാണിച്ചത്.

## ഈ നമസ്കാരത്തിൽ മുൻഗാമികളുടെ മാതൃകയും വീക്ഷണവും

ഏതൊരു മുസ്ലിമും മുസ്ലിമാകണമെങ്കിൽ നമസ്കാരം അവന്റെ പ്രാണവായുവും ജീവരക്തവുമാകണം. അതുമായി അവൻ സദാ സല്ലീനമായിരിക്കുക. തന്റെ സാന്ത്വനവും, സല്ലാപവും, രക്ഷയും, ആലംബവുമെല്ലാം നമസ്കാരം മാത്രമാണെന്നു വിശ്വസിക്കുക. അവനെന്തുതന്നെ പ്രശ്നമോ, മനോവ്യഥയോ, അല്ലലോ, അലട്ടലോ ബാധിച്ചാലും ഉടനെ ആ 'ഉദാരമതി'യുടെ കവാടത്തിങ്കൽ മുട്ടുകുത്തിവീഴണം. ലക്ഷ്യം സഫലമാകുന്നതുവരെ അവിടെതന്നെ വിടാതെ കഴിഞ്ഞുകൂടുക. മാതൃകയുടെ മകുടോദാഹരണങ്ങളായ സഹാബാകിറാമും, സജ്ജനങ്ങളായ താബിഇൗങ്ങളും, സലഫുസ്സാലിഹീങ്ങളും അങ്ങനെയായിരുന്നു. ഒരു പട്ടാളക്കാരൻ യുദ്ധത്തിൽ തന്റെ ഖഡ്ഗത്തെ സഹായിയായി കണ്ടെത്തുന്നതുപോലെ, അതുമല്ലെങ്കിൽ ഉമ്മയുടെ വാത്സല്യം പിടിച്ചുപറ്റാൻ ഒരു പിഞ്ചുപൈതൽ കരച്ചിലിനെ അവലംബമായി കാണുന്നതുപോലെയായിരുന്നു അവർക്കെല്ലാം നമസ്കാരം. അല്ല, ഇതിനെക്കാളെല്ലാം ഉറപ്പും ആത്മവിശ്വാസവും ആ

www.abulhasanalinadwi.org

നമസ്കാരം മുഖേനയുള്ള ആഗ്രഹസഫലീകരണത്തിന് അവക്കുണ്ടായിരുന്നു. ചുരുക്കത്തിൽ നമസ്കാരം അവരും, അവർ നമസ്കാരവും എന്ന രൂപത്തിൽ ഇഴുകിച്ചേരുകയും, ഊട്ടപ്പെടുകയും, ഒട്ടി ഒന്നാവുകയും ചെയ്തു.

എക്കാലത്തുമുണ്ടായിരുന്ന ഇസ്ലാമിൻെറ നായകന്മാരും, കാവൽഭടന്മാരും, നേതാക്കളും ഇപ്പറഞ്ഞതിൽനിന്നൊഴിവായിരുന്നില്ല. മഹാനായ ശൈഖുൽഇസ്ലാം അല്ലാമാ ഇബ്നുതൈമിയ്യഃ (റ) യുടെ കഥകാം ചരിത്രകാരന്മാർ നമുക്ക് പറഞ്ഞുതരുന്നു. അദ്ദേഹത്തിന് ഏതെങ്കിലും പ്രശ്നത്തിൽ സംശയമുദിച്ചാൽ അഥവാ ആശയം അസ്പഷ്ടമായാൽ ഏതെങ്കിലും പള്ളിയിൽ പ്രവേശിക്കും; പിന്നീട് നമസ്കാരത്തിനുവേണ്ടി നില്ക്കും. സുജൂദിൽ മുഖം മണ്ണിലമർത്തി ദീർഘമായി അദ്ദേഹം പറയും: يا معلم ابراهيم علمني ''അല്ലയോ ഇബ്രാഹീമിനെ പഠിപ്പിച്ച നാഥാ! എനിക്ക് നീ പഠിപ്പിച്ചുതരൂ !!'' വളരെ വിനയത്തോടും ഭക്തിയോടും കേണപേക്ഷയോടും കൂടി അങ്ങനെ ദീർഘനേരം കഴിച്ചുകൂട്ടും. ഭക്തിപാരവശ്യത്തിലും വണക്കത്തിലും അദ്ദേഹം അതുല്യനായിരുന്നു. ഈ ഭക്തിയും വണക്കവും, തൻെറ പിതാവിൽനിന്നും, പ്രപിതാവിൽനിന്നും പൈതൃകമായി എടുക്കാൻ കഴിഞ്ഞതിൽ അദ്ദേഹം അഭിമാനംകൊള്ളുന്നു. അതെ, പിതാവിന്നും പ്രപിതാവിന്നും ഒത്ത പുത്രൻ! അദ്ദേഹം തൻെറ പ്രാർത്ഥനയിലും അഭിമുഖസംഭാഷണത്തിലും പതിവായി ചൊല്ലാറുണ്ടായിരുന്ന ഒരു പദ്യശകലമാണ് താഴെ കൊടുക്കുന്നത്:

انا المكدى انا المكدى        وهكذا كان ابى وجدى

ഞാൻ (പടച്ചവൻെറ കാരുണ്യത്തിന്) കെഞ്ചുന്നവനാണ്; ഞാൻ (അതിന്) കെഞ്ചുന്നവൻതന്നെയാണ്; എൻെറ പിതാവും പിതാമഹനും ഇങ്ങനെയായിരുന്നു.

## ഖിയാമുല്ലൈൽ

★ ശ്രേഷ്ഠതയും ഫലങ്ങളും!

★★ മുൻഗാമികളുടെ മാതൃക!!

★★★ മതപ്രബോധകർ അതിന്ന് കൊടുക്കേണ്ട പ്രാധാന്യം !!!

www.abulhasanalinadwi.org

ആത്മീയമായ ഭക്ഷണത്തിനും ഹൃദയം ചാർജ്ജ്ചെയ്യുവാനും ഏറ്റവും യുക്തമായ മാർഗ്ഗം രാത്രിയിൽ ഉറക്കമുണർന്നുള്ള നമസ്കാരമാണ്. പ്രസ്തുത നമസ്കാരം നിലനിർത്തുവാൻ അല്ലാഹു അടിക്കടി ഖുർആനിൽ ഉണർത്തുന്നുണ്ട്. അത് കൃത്യമായി നിർവ്വഹിക്കുന്ന ആളുകളെ അല്ലാഹു ധാരാളമായി പുകഴ്ത്തുന്നു. ഖുർആനിൽ അതിന്ന് നല്കുന്ന പ്രേരണയും പ്രോത്സാഹനവും കണ്ടാൽ 'ഫർസു'കളുടെ പട്ടികയിൽപെട്ട നമസ്കാരമാണോ എന്ന് തോന്നിപ്പോകും. പ്രവാചകന്റെ പ്രവർത്തനവും അതിന് പിൻബലം നല്കുന്നു. അവിടുന്ന് നാട്ടിലും മറുനാട്ടിലും യാത്രയിലും ഒന്നും അതൊഴിവാക്കിയിരുന്നില്ല. *

ഖിയാമുല്ലൈൽ പ്രവാചകന്ന് 'ഫർസാ'യിരുന്നു എന്ന് അഭിപ്രായപ്പെടുന്ന ധാരാളം പണ്ഡിതന്മാരുണ്ട്. ‡

ഇത് സംബന്ധിച്ചുള്ള അല്ലാഹുവിന്റെ വാക്ക് നമുക്ക് കാണാം:

'' ഹേ, പുതച്ചുകിടക്കുന്ന മനുഷ്യാ ! രാത്രി ഉറക്കമുണർന്ന് നമസ്കരിക്കുക, അല്പസമയമൊഴിച്ച്. അതായത് രാവിന്റെ പകുതി സമയം. അല്ലെങ്കിൽ അതിൽ അൽപം കുറച്ചുകൊള്ളുക;

---

* അല്ലാമാ ഇബ്നൽഖയ്യിം (റ) പറയുന്നു: ''നബി (സ) യാത്രയിലായിരിക്കുമ്പോഴും ഖിയാമുല്ലൈൽ ഉപേക്ഷിക്കാറുണ്ടായിരുന്നില്ല ഉറക്കം ശക്തമാവുകയോ, മറ്റെന്തെങ്കിലും വേദന പിടിപെടുകയോ ചെയ്താൽ പന്ത്രണ്ട് 'റക്അത്ത്' നമസ്കരിച്ചുകൊണ്ട് അത് പകലെപ്പോഴെങ്കിലും നിർവ്വഹിക്കുമായിരുന്നു:'' (സാദുൽമആദ് വാ: 1, പേ: 84)

‡ പണ്ഡിതനും ഗവേഷകനുമായ ബഹ്റുൽഉലൂം തന്റെ 'റസാഇലി'ൽ എഴുതുന്നു: ''നബി (സ) ക്ക് രാത്രിനമസ്കാരം നിർബന്ധമായിരുന്നോ ഐഛികമായിരുന്നോ എന്ന പ്രശ്നത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. ഒരു വിഭാഗം അത് നിർബന്ധമായിരുന്നു എന്ന് തറപ്പിച്ചുപറയുന്നു. ഹനഫി 'മദ്ഹബി'ൽപെട്ട ഉസൂലീപണ്ഡിതന്മാർ ആ ഗണത്തിൽ ഉൾപ്പെടും. ഇമാം ഖസ്തല്ലാനി പറയുന്നു: ശാഫിഇയുടെ അധിക ശിഷ്യന്മാരും നിർബന്ധമായിരുന്നു എന്ന അഭിപ്രായക്കാരാണ്. അത് ഐഛികമാണെന്നുള്ള അഭിപ്രായമാണ് മറ്റുള്ളവർക്കുള്ളത്.'' (റസാഇലുൽ അർകാൻ പേ; 134)

www.abulhasanalinadwi.org

അല്ലെങ്കിൽ അതിൽ ഏററുക. ഖുർആൻ വളരെ സാവധാനം ഓതുകയും ചെയ്യുക. നാം നിനക്ക് ഭാരമുള്ള ഒരു വചനം ഇറക്കിതരുന്നതാകുന്നു. രാത്രി ഉറക്കമുണർന്ന് നമസ്കരിക്കൽ അതികഠിനമായ സമ്മർദ്ദം ചെലുത്തുന്നതും, വാക്ക് വളരെ ഋജുമാനമാക്കുന്നതുമാണ്. നിശ്ചയം, നിനക്ക് പകൽ നീണ്ട ജോലിത്തിരക്കുണ്ട്; നിന്റെ നാഥന്റെ നാമം സ്മരിക്കുകയും അവന്റെ അടുക്കലേക്ക് മറിഞ്ഞുവീഴുകയും ചെയ്യുക. അവൻ ഉദയാസ്തമനസ്ഥാനങ്ങളുടെ നാഥനാണ്. അവനല്ലാതെ മറെറാരാരാധ്യനുമില്ല. അതുകൊണ്ട് നീ അവനെ ഭരമേല്പിക്കപ്പെട്ടവനാക്കുക! തുടർന്ന് ഖുർആൻ അതേ അദ്ധ്യായത്തിൽ തന്നെ പറയുന്നു: ''രാത്രി ഉറക്കമുണർന്ന് കുറച്ച് സമയം ഖുർആൻ ഓതി നമസ്കരിക്കുക. നിനക്ക് കൂടുതലായിട്ടുള്ളതാണത്. സ്തുതിക്കപ്പെട്ട സ്ഥാനത്ത് നിന്റെ നാഥൻ നിന്നെ അവരോധിച്ചേക്കും വരാം.''

അതുകൊണ്ടാണ് നബി (സ) പ്രസ്തുത നമസ്കാരം നിർവ്വഹിക്കുന്ന കാര്യത്തിൽ വളരെ കണിശതയും കൃത്യനിഷ്ഠയും പാലിച്ചത്. അവർണ്ണ്യമായ അഭിവാഞ്ഛയോടുകൂടിയായിരുന്നു പ്രവാചകൻ അത് നമസ്കരിച്ചിരുന്നത്. അവിടുത്തെ തൃപ്പാദങ്ങൾക്ക് നീരുവീണത് ഈ നമസ്കാരം നിർവ്വഹിച്ചപ്പോഴായിരുന്നു. പാതിരാവുകളെ പട്ടാപകലാക്കി മാററിയതിന്റെ ഫലമായിരുന്നു ആ നീര്. പ്രസ്തുത സംഭവം മുഗീറത്തുബ്നു ശുഅ്ബഃ (റ) ഉദ്ധരിക്കുന്നു. ''ഇരുപാദങ്ങളും നീരുകെട്ടി വീക്കുന്നതുവരെ നബി (സ) നിന്നുനമസ്കരിച്ചു. അപ്പോൾ ചോദിക്കപ്പെട്ടു: അങ്ങയുടെ കഴിഞ്ഞതും വരാനിരി

---

يـا ايها المزمل قم الليل الا قليلا؛ نصفه او انقص منه قليلا ، اوزد عليه ورتل القرآن ترتيلا ، انا سنلقى عليك قولا ثقيلا ، ان ناشئة الليل هى اشد وطأ واقوم قيلا ، ان لك فى النهار سبحا طويلا ، فاذكر اسم ربك وتبتل اليه تبتيلا ، رب المشرق والمغرب لااله الا هو فاتخذه وكيلا

www.abulhasanalinadwi.org

ക്കന്നതുമായ പാപങ്ങരം അഖിലവും പൊറുക്കപ്പെട്ടുവല്ലോ? അതിനുത്തരമായി തിരുമേനി പറഞ്ഞു: ഞാൻ ഒരു നന്ദിയുള്ള ദാസൻ ആകണ്ടേ?'' (ബുഖാരി, മുസ്ലിം, തിർമുദി, നസാഇ) ഇമാം തിർമുദി ആയിശഃ (റ) ൽനിന്നുദ്ധരിക്കുന്ന ഒരു ഹദീസിൽ കാണുന്നു ''വിശുദ്ധ ഖുർആനിലെ ഒരായത്തുകൊണ്ട്മാത്രം അദ്ദേഹം കഴിച്ചുകൂട്ടി.''

സഹാബഃ കിറാമിൻെറ ജീവചരിത്രവും ഹദീസ്ഗ്രന്ഥങ്ങളും ചരിത്രപുസ്തകങ്ങളും മറിച്ചുനോക്കുന്ന ആക്കും കാണാൻ കഴിയുന്ന ഒരു സത്യമാണ് ഖിയാമുല്ലൈൽ. അത് പൊതുവെ അവരുടെ ഒരു ചിഹ്നവുമായിരുന്നു. റോമാചക്രവർത്തിയായ ഹിർക്കലിൻെറയും മററു സൈന്യനായകന്മാരുടെയും മുമ്പിൽ അറിയപ്പെട്ടതുതന്നെ. ''അവർ രാത്രിയിൽ ആരാധനാനിമഗ്നരും പകലിൽ അശ്വാരൂഢരു''മാണെന്നായിരുന്നു. 'താബിഉ'കളുടെ നേതാവും സഹാബാക്കളുടെ ജീവചരിത്രം ശരിക്ക് അറിയുന്ന ആളുമായ ഹസനുൽബസ്വരി പറയുന്നത് നോക്കു:

''സത്യവിശ്വാസികളായ ആ സഹാബികരംക്ക് അല്ലാഹുവിങ്കൽനിന്നുള്ള ഈ 'ദഅ്വത്ത്'' വന്നെത്തേണ്ട താമസം, അവർ അതിനെ സത്യമായി അംഗീകരിച്ചു. പ്രസ്തുത വിശ്വാസം അവരുടെ അന്തരാളങ്ങളിൽ ആഴ്ന്നിറങ്ങി. അവരുടെ അകത്തളങ്ങരം മാത്രമല്ല ഭയപ്പെട്ടത്. ദേഹവും, ബുദ്ധിയും, നയനങ്ങളുമെല്ലാം ഭയവിഹ്വലതയാൽ വിറകൊണ്ടു. അല്ലാഹുവിൽ സത്യം; അവരെ കണ്ടാൽ, എല്ലാ കാര്യങ്ങളും നേരിട്ട് കണ്ണുകൊണ്ട് കണ്ട് വിശ്വസിച്ച ഒരു ജനതയാണോ അവരെന്നു തോന്നിപോകും. അവർ താർക്കികരോ തോന്ന്യവാസികളോ ആയിരുന്നില്ല. അല്ലാഹുവിൻെറ സന്ദേശം കേട്ടപാടെ വിശ്വാസം അർപ്പിച്ച പരമ പരിശുദ്ധർ. അപ്പോരം അവൻ ഖുർആനിൽ അവരെ ഇങ്ങനെ വിശേഷിപ്പിച്ചു:
''പരമ കാരുണികൻെറ ദാസന്മാർ ഭൂമുഖത്തുകൂടി ഗർവ്വ്കൂടാ

---

انهـــم بالليل رهبان وبالنهار فرسان

وعباد الرحمن الذين يمشون على الارض هونا (الفرقان: ٦٣)

www.abulhasanalinadwi.org

തെ നടക്കുന്നവരാണ്." അനന്തരം അവരുടെ രാത്രിയിലെ അവസ്ഥ അല്ലാഹു വർണ്ണിച്ചതരുന്നു:

''തങ്ങളുടെ നാഥന്നുവേണ്ടി നിശകളിൽ 'സുജൂദി'ലും 'ഖിയാമി'ലുമായി കഴിച്ചുകൂട്ടുന്നവരാണവർ.'' അല്ലാഹുവിനെ ഭയന്നുകൊണ്ട് കാലുകൾ നാട്ടിനിർത്തിയവരും, മുഖകമലങ്ങൾ മണ്ണിലമർത്തിയവരും, കവിൾത്തടങ്ങളിലൂടെ ബാഷ്പകണങ്ങൾ കുത്തിയൊഴുക്കിയവരുമാണവർ.

ഹസനൽബസ്വരി തുടർന്ന് മുസ്ലിംസമൂഹത്തോട് ചോദിക്കുന്നു: എന്തിനുവേണ്ടിയായിരുന്നു രാത്രിയിൽ അവർ നിദ്രാവിഹീനരായത്! എന്തിന്നുവേണ്ടിയായിരുന്നു അവർ പകൽ മുഴുവനും പടച്ചവനെ പേടിച്ച് കഴിഞ്ഞത്? '' (ഹി: 294–ൽ അന്തരിച്ച മുഹമ്മദ്ബ്നു നസ്വ്റുൽമർവസിയുടെ 'കിതാബു ഖിയാമുല്ലൈലിൽനിന്ന്')

എക്കാലത്തും ഏതു വിഭാഗത്തിലുമുള്ള പണ്ഡിതപടുക്കളുടെയും, പരിഷ്കർത്താക്കളുടെയും, മുറബ്ബികളുടെയും, മുഹാജിറുകളുടെയും, ശിഷ്യജനങ്ങളുടെയും ചിഹ്നമായിരുന്നു രാത്രിനമസ്കാരം. അസാധാരണമായ സഹനവും, അന്യാദൃശമായ ശക്തിയും ആവശ്യമുള്ള എല്ലാ ജോലികൾക്കും പററുന്ന ഇന്ധനം അവർ എവിടെനിന്ന് കരസ്ഥമാക്കി? പകലന്തിയോളം പടക്കളത്തിൽ പാദമിടറാതെ പൊരുതുവാനുള്ള പിടിപ്പും പിടിമാനവും അവക്ക് എവിടെനിന്നു കിട്ടി?! ദൈവസാമീപ്യം കരസ്ഥമാക്കിയ പണ്ഡിതശിരോമണികളുടെയും പ്രബോധകരുടെയും പരിഷ്കർത്താക്കളുടെയും ശിക്ഷണശീലനത്തിലും, പരിഷ്കരണസംരംഭങ്ങളിലും, ധർമ്മസമരത്തിലും, തീഷ്ണപരീക്ഷണത്തെ നേരിടുന്നതിലുമെല്ലാം അപ്രതിഹതമായ ധൈര്യവും, സ്ഥൈര്യവും ശക്തിമാഹാത്മ്യവും എവിടെനിന്ന് ലഭിച്ചു?! ഈ ചോദ്യത്തിന് ഒരേ ഒരുത്തരം മാത്രമെ നല്കാൻ കഴിയൂ: പാതിരാവിൻെറ നിതാന്ത നിശ്ശബ്ദതയിൽ, ഏകാന്തതയുടെ അനുഗ്രഹീത സാഹചര്യ

---

والذين يبيتون لربهم سجدا وقياما (الفرقان : ٦٤)

www.abulhasanalinadwi.org

ത്തിൽ പടച്ചവൻെറ മുന്നിൽനിന്ന് സംഭരിച്ചു. അതെ, സകല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്ന, ഏതു് പ്രശ്നങ്ങൾക്കും പരിഹാരം നല്കുന്ന, 'സഹർ' വേളയിലുള്ള പ്രാർത്ഥനയിൽ നിന്ന് കരസ്ഥമാക്കി.

പാതിരാവേളയിൽ അവരും പടച്ചവനുമായുള്ള ബന്ധം നേരിട്ടുകണ്ട ഒരാൾക്ക് മാത്രമെ ഇത് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. രാത്രിനമസ്കാരത്തിനും, ദിക്റ് തസ്ബീഹിന്നും, അവർണ്ണ്യപ്രാധാന്യം നല്കിയ വിശ്വമഹാപണ്ഡിതരെപോലും യാഥാർത്ഥ്യം ഗ്രഹിക്കാത്ത പലരും 'സാഹിരി' (علماء الظاهر) കളെന്ന് മുദ്രകുത്തുകയും ഉണങ്ങിവരണ്ട ജീവിതത്തിൻെറ ഉടമകളെന്ന് തെററിദ്ധരിക്കുകയും ചെയ്തെങ്കിൽ പിന്നെ ആരാധനയുടെ ആധിക്യത്തിലും വൈരാഗജീവിതത്തിൻെറ പാരമ്യത്തിലും ജീവിതം നയിച്ച ശൈഖ് അബ്ദുൽ ഖാദിർ ജീലാനി, ശൈഖ് ശിഹാബുദ്ദീൻ സുഹ്റവർദി, ശൈഖ് അഹ്മദ്ബ്നു ഇർഫാനുശ്ശഹീദ് തുടങ്ങിയ മഹാത്മാക്കളെകുറിച്ച് എന്ത് വിചാരിക്കണം? അല്ലാമാ ഇബ്നുൽ ഖയ്യിം (റ) തൻെറ ഗുരുവര്യനും ആദർശ നായകനുമായ ശൈഖുൽഇസ്ലാം ഇബ്നു തൈമിയ്യഃയെകുറിച്ച് എഴുതുന്നത് കാണുക:

'' ഒരു ദിവസം പ്രഭാതത്തിൽ ശൈഖ് സുബ്ഹ് നമസ്കരിച്ച ശേഷം ദിക്റിനുവേണ്ടി ഇരുന്നു. ആ ഇരുത്തം നട്ടുച്ചയോടടുത്തു. പിന്നീട് എൻെറനേരെ തിരിഞ്ഞുകൊണ്ട് പറഞ്ഞു: ഇത് എൻെറ പ്രഭാതഭക്ഷണമാണ്; ഇനിയും ഇത് കഴിച്ചില്ലെങ്കിൽ ഞാനാകെ തളർന്ന് വീണുപോവും. ഇതോ ഇതുപോലുള്ള എന്തോ ഒന്ന് അദ്ദേഹം പറഞ്ഞു. ''

(مجموعة الوابل الصيب ص: ٧١٩)

ശൈഖുൽഇസ്ലാമിൻെറ ശിഷ്യൻ ഇബ്നുൽ ഖയ്യിമുൽ ജൗസിയ്യയുടെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമായിരുന്നില്ല. ചരിത്രപണ്ഡിതനായ ഇബ്നുകസീറിൻെറ വാക്കുകൾ നമുക്കതിന് സാക്ഷിനില്കുന്നു.

അല്ലാമാ ഇബ്നുഖയ്യിമിനെക്കാൾ ആരാധനയിൽ ആ

www.abulhasanalinadwi.org

ധികൃമുള്ള മറെറാരു വ്യക്തിയെ ഈ കാലഘട്ടത്തിൽ എനിക്കറിയില്ല. അദ്ദേഹത്തിന്റെ നമസ്കാരത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു:- ദീർഘമായ നമസ്കാരത്തിൽ 'റുകൂഉം' 'സുജൂദും' കൂടുതൽ സമയം എടുക്കുന്നതായി കാണാം. ഇത് കാരണമായി ചില സന്ദർഭങ്ങളിൽ പല സ്നേഹിതന്മാരും അദ്ദേഹത്തെ ആക്ഷേപിക്കാറുണ്ടായിരുന്നു. എന്നിട്ടും അദ്ദേഹം ഇത് അവസാനിപ്പിക്കുകയോ അതിൽനിന്ന് വിരമിക്കുകയോ ചെയ്തിരുന്നില്ല. (البداية والنهاية ١٤ ص ١٣٥)

അല്ലാമാ ഇബ്നുറജബുൽ ഹൻബലി അദ്ദേഹത്തെകുറിച്ച് പറയുന്നത് കാണുക: ''ഇബാദത്തു'കളിലും, 'തഹജ്ജുദി'ലും, ദീർഘമായി നമസ്കരിക്കുന്നതിലും ആ മഹാൻ അതുല്യനായിരുന്നു. ദൈവസ്മരണയും, സ്നേഹവും, പശ്ചാതാപമനഃസ്ഥിതിയും, പടച്ചവനെ പേടിയുമെല്ലാം അതിന്റെ പരമകാഷ്ഠ പ്രാപിച്ചിരിക്കുന്നു. ദൈവാടിമത്തത്തിന്റെ ഉമ്മറപ്പടിയിൽ വീണുകിടക്കുന്നതിനുള്ള അദ്ദേഹത്തിന്റെ താല്പര്യം ഒന്ന് വേറെതന്നെയായിരുന്നു. ചുരുക്കത്തിൽ ഇത്തരം സല്കർമ്മങ്ങളിൽ അദ്ദേഹത്തോട് സാധർമ്മ്യമുള്ള ഒരു സമകാലീനനെയും ഞാൻ കണ്ടിട്ടില്ല.'' (التاج الكلل ص ٤١٧)

ഇതിനെക്കാളെല്ലാം അത്ഭുതജനകമാണ് നിരൂപണശാസ്ത്രജ്ഞരുടെ അനിഷേധ്യനേതാവായ അല്ലാമാ ഹാഫിസ് അബ്ദുറഹ്മാനുബ്നു ജൗസിയുടെത്. അദ്ദേഹമാകട്ടെ ആരാധനയിലും ഭക്തിപ്രകടനത്തിലും അതിരുകവിയുന്നവരെ അടച്ചാക്ഷേപിക്കുന്ന മഹാനുമാണ്. അങ്ങനെയുള്ള ഇബ്നുൽ ജൗസിയെകുറിച്ച് സ്വപുത്രൻ അബുൽമുസഫർ പറയുന്നു: എല്ലാ ആഴ്ചയിലും അദ്ദേഹം ഖുർആൻ ഒരു പ്രാവശ്യം പൂർത്തിയായി പാരായണം ചെയ്യുമായിരുന്നു.'' ഇബ്നുന്നജ്ജാർ അദ്ദേഹത്തെകുറിച്ച് പറയുന്നു: ''ഇബ്നുജൗസി പ്രാർത്ഥനയിലും, അന്തര്യാഗത്തിലും അവാച്യമായ അനുഭൂതിയും മധുരിമയും കണ്ടെത്തിയ ഒരു പണ്ഡിതനായിരുന്നു.'' ഇബ്നുൽകാസിയുടെ വിശദീകരണവും ഇതുതന്നെയാണ്. ''അദ്ദേഹം രാത്രിയിൽ ദീർഘനേരം നമസ്കരിച്ചിരുന്നു; അല്ലാഹുവിനെ സ്മരിക്കുന്ന വിഷയത്തിൽ യാതൊ

www.abulhasanalinadwi.org

രു മടുപ്പും ആലസ്യവും ബാധിച്ചിരുന്നില്ല.''

(التاج المكلل للعلامة الأمير صديق حسن خان)

മുസ്ലിംനേതാക്കളും, നവോത്ഥാനനായകന്മാരും, പരിഷ്കർത്താക്കളും, മുറബ്ബികളും, മുഅല്ലിംകളും, അനശ്വരമായ കൃതികളിലൂടെ തങ്ങളുടെ ദേഹവും ദേഹിയും മുസ്ലിംസമുദായത്തിന് അർപ്പിച്ച മഹാശയന്മാരായ ഗ്രന്ഥകാരന്മാരും എല്ലാംതന്നെ അല്ലാഹുവിനെ ആരാധിക്കുന്നവരും പാതിരാവേളയിൽ പടച്ചവന് ഉറക്കമൊഴിച്ചുകൊണ്ട് നമസ്കരിക്കുന്നവരുമായിരുന്നു. അല്ലാഹുവുമായി അങ്ങനെ അവർ ആത്മീയ ബന്ധം സ്ഥാപിച്ചു. മുൻഗാമികൾ മുഴുവൻ ഇങ്ങനെയായിരുന്നു. പിൻഗാമികൾ ആകേണ്ടതും ഇങ്ങനെതന്നെ. ഗൗരവബുദ്ധ്യാ നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. അതായത്, അശ്രദ്ധ, മരണം, പാരുഷ്യം, യാഥാസ്ഥിതികത തുടങ്ങിയ അവസ്ഥ എവിടെ നിലനില്ക്കുന്നുവോ അവിടെ അതിന്റെ വിപരീതഗുണങ്ങളായ ശ്രദ്ധ, ജീവിതം, മാർദ്ദവം, പുരോഗമനം എന്നിവ ഇന്നേവരെയുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. ഇത് അല്ലാഹുവിന്റെ പ്രകൃതിനിയമമാണ്. പ്രകൃതിനിയമത്തിൽ വല്ല മാററവുമുണ്ടോ ?

'' മുമ്പ് കഴിഞ്ഞുപോയവരിൽ അല്ലാഹുവിന്റെ നടപടിക്രമമാണത്; അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാററവും നീ കാണുകയില്ല.''[1] ഹൃദയശുദ്ധിയും, ആത്മസംസ്കരണവും, പരമപവിത്രമായ ലോകബന്ധവും, അലൗകികാനുഭൂതിയും, ദിവ്യവെളിപാടുമെല്ലാംതന്നെ ത്രുപഘടനയം അന്തരാത്മാവും ഒത്തിണങ്ങിയ ഫർള്നമസ്കാരങ്ങളിലും, അധികമായ സുന്നത്ത്നമസ്കാരങ്ങളിലും ഉള്ളതുപോലെ മററൊരു ആരാധനാകർമ്മവും നമുക്ക് കാണാൻ സാധ്യമല്ല. അതുകൊണ്ടാണ് അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറഞ്ഞത്:

---

[1] سنة الله فى الذين خلوا من قبل ولن تجد لسنة الله تبديلا

(الاحزاب : ٦٢)

www.abulhasanalinadwi.org

'' ഇതാ ഈ വസ്തു നോക്കൂ! (ചന്ദ്രനെ ചൂണ്ടിക്കൊണ്ട്) അതിനെ കാണുന്നതിൽ നിങ്ങളുടെ കണ്ണുകൾക്ക് യാതൊരു തടസ്സവുമില്ലല്ലോ. എന്നാൽ ഇങ്ങനെ നിങ്ങളുടെ നാഥനെ കാണും. യാതൊരു സംശയവുമില്ല. അതിന് നിങ്ങൾ ചെയ്യേണ്ടത്, സാധിക്കുമെങ്കിൽ സൂര്യോദയത്തിനു മുമ്പും സൂര്യാസ്തമനത്തിന് മുമ്പുമുള്ള രണ്ടു നമസ്കാരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. തുടർന്ന് നബി(സ) പറഞ്ഞു: സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമനത്തിന് മുമ്പും നീ നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തനംചെയ്യുക. ''

അബൂഹുറയ്റ (റ) യിൽനിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് കാണുക:

'' നബി (സ) ഒരു ദിവസം സുബ്ഹ്നമസ്കാരസമയത്ത് ബിലാലിനോട് ചോദിച്ചു: ഹേ ബിലാൽ! നിന്റെ രണ്ട് ചെരിപ്പുകളുടെ കൂട്ടിഉരസൽ ഞാൻ സ്വർഗ്ഗത്തിൽ കേട്ടു. ഇങ്ങനെ നീ സ്വർഗ്ഗാവകാശികളിൽ പെടാൻ നിന്റെ ദൃഷ്ടിയിൽ, ഇസ്ലാമിൽ വന്നതിനുശേഷം ചെയ്ത ഏററവും പ്രതീക്ഷാർഹമായ കർമ്മമെന്താണ്? അദ്ദേഹം പറഞ്ഞു: എനിക്ക് പിടിച്ചുനില്ക്കാൻ പററുമെന്ന് ഏററവും പ്രതീക്ഷയുള്ള യാതൊ

---

اما انكم سترون ربكم كما ترون هذا لا تضامون فى رؤيته فان استطعتم ان لا تغلبوا على صلاة قبل طلوع الشمس وقبل غروبها فافعلوا فسبح بحمد ربك قبل طلوع الشمس وقبل غروبها (بخارى مسلم)

ان النبى صلى الله عليه وسلم قال: لبلال عند صلاة الفجر يا بلال حدثنى بأرجى عمل عملته فى الاسلام؟ فانى سمعت دق نعليك بين يدى فى الجنة قال: ما عملت عملا ارجى عندى أنى لم اطهر طهورا فى ساعة من ليل اونهار الاصليت بذلك الطهور مما كتب لى ان اصلى (بخارى ج ا باب فضل الطهور)

www.abulhasanalinadwi.org

രു കർമ്മവും ഞാൻ ചെയ്തിട്ടില്ല. എന്നാൽ ഞാൻ രാത്രിയിലാകട്ടെ പകലാകട്ടെ, 'വുസു' എടുത്തുകഴിഞ്ഞാൽ അല്ലാഹുവിന്റെ സഹായത്താൽ ഏതെങ്കിലും ഒരു നമസ്കാരം നിർവ്വഹിക്കാതിരുന്നിട്ടില്ല. ''

അല്ലാഹുവിന്റെ പ്രേമവും പ്രീതിയും പിടിച്ചുപററുവാനും, അവന്റെ അനുഗ്രഹവും കാരുണ്യവും നിരന്തരവർഷിതമാക്കാനും പററിയ മാർഗ്ഗം ഐഛികനമസ്കാരങ്ങൾ അധികരിപ്പിക്കുകയാണ്. അതുകൊണ്ടാണ് സ്വർഗ്ഗത്തിൽ നബി (സ) യോട്കൂടെ സന്തതസഹവാസത്തിനാവശ്യപ്പെട്ട ഒരാളോട് ''ഐഛികനമസ്കാരങ്ങൾ ധാരാളമായി നിർവ്വഹിക്കുക, സുജൂദ് അധികമായി ചെയ്യുക'' എന്ന് അവിടുന്ന് നിർദ്ദേശിക്കാൻ കാരണം. ഈ സംഭവം ഇമാം മുസ്ലിം തന്റെ സഹീഹിൽ ഉദ്ധരിച്ചത് ഇവിടെ കൊടുക്കാം:

'' അഹ്ലുസ്സുഫത്തിൽപെട്ട, നബി (സ) യുടെ ഭൃത്യനായി കഴിഞ്ഞുകൂടിയിരുന്ന അബൂഫിറാസ് റബീഅത്തുബ്നു അസ്ലമി പറയുന്നു: ഞാൻ രാത്രിയിൽ നബി(സ) യുടെകൂടെയായിരുന്നു കഴിഞ്ഞിരുന്നത്: അങ്ങനെ അവിടുത്തേക്ക് 'വുസു' എടുക്കാൻ വെള്ളമോ മററു വല്ല ആവശ്യമോ ഉണ്ടെങ്കിൽ ഞാനെത്തിച്ചുകൊടുക്കും; ഒരു നാൾ തിരുമേനി എന്നോട് പറഞ്ഞു: ഹേ! അബൂഫിറാസ് (നീ എന്തെങ്കിലും കൂലിയായി) ആവശ്യപ്പെടണം! ഞാൻ പറഞ്ഞു: എനിക്കങ്ങയോടുകൂടെ സ്വർഗ്ഗത്തിൽ കഴിയണം! അപ്പോൾ അവിടുന്ന് പറ

---

عن ابى فراس ربيعة بن كعب الأسلمى خادم رسول الله صلى الله
عليه وسلم ومن اهل الصفة رضى الله تعالى عنهم قال: كنت ابيت مع
رسول الله صلى الله عليه وعلى آله وسلم فآتيه بوضوءه وحاجته.
فقال: اسألنى! فقلت: اسألك مرافقتك فى الجنة فقال اوغير
ذلك. فقلت: هو ذاك فقال «فأعنى على نفسك بكثرة السجود
(رواه مسلم)

ഞ്ഞു: അതല്ലാതെ മറെറന്തെങ്കിലുമുണ്ടോ ചോദിക്കാൻ? ഞാൻ പറഞ്ഞു: എനിക്കതുതന്നെ മതി! ഇത്കേട്ട് നബി (സ) പ്രതിവചിച്ചു: 'നിനക്കുവേണ്ടി നീ അധികം സുജൂദിലൂടെ എന്നെ സഹായിക്കുക.''

അല്ലാഹുവിൻെറ ആജ്ഞകളെ ധിക്കരിക്കൽ, അധമവികാരങ്ങളെ അനുധാവനം ചെയ്യൽ, അക്രമം, അരാജകത്വം, കൊല, കൊള്ള ഇങ്ങനെ എണ്ണമററ നിന്ദ്യവും ഹീനവുമായ പാപങ്ങളുണ്ട്. ഈ ദുർഗുണങ്ങൾ മനുഷ്യരിൽ ഉടലെടുക്കുന്ന പ്രഭവകേന്ദ്രമാണ് മൃഗീയത. അതിനാൽ അധികമായ നമസ്കാരം ഈ മൃഗീയതയിൽനിന്ന് അവനെ തടുക്കുന്നു. മാത്രമല്ല, പ്രസ്തുത മൃഗീയതയുടെ സ്ഥാനത്ത് ദൈവഭയവും ശിഷ്ടഗുണങ്ങളും അത് സ്ഥാപിക്കുന്നു. അധികമായ ദൈവസ്മരണ ഏതൊരു മനുഷ്യനിലും അല്ലാഹുവിൻെറ കഴിവിനെകുറിച്ചും തൻെറ കഴിവുകേടിനെകുറിച്ചുമുള്ള ബോധം സജീവമാക്കും. തെററുകൾ പ്രവർത്തിക്കുന്ന സാഹചര്യങ്ങളിൽനിന്ന് അല്ലാഹു അവനെ രക്ഷിക്കുന്നു. അവൻെറ അടക്കവും അനക്കവും നടത്തവും ഇരുത്തവും എല്ലാംതന്നെ അല്ലാഹു ഇഷ്ടപ്പെട്ട മാർഗ്ഗത്തിലാകുന്നു. ഈ യാഥാർത്ഥ്യം അല്ലാഹുവിൻെറ റസൂൽ നമുക്ക് പഠിപ്പിച്ചുതരുന്നത് കാണുക:*

'' എൻെറ ദാസൻ എന്നോട് അടുക്കുവാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളിൽ ഞാൻ ഏററവും ഇഷ്ടപ്പെടുന്നത് നിർബന്ധകർമ്മങ്ങളാണ്. ഐഛികമായ ആരാധനാകർമ്മങ്ങൾകൊണ്ട് എന്നോട് അവൻ അടുത്തുകൊണ്ടേയിരിക്കും. അങ്ങനെ ഞാനവനെ സ്നേഹിക്കും. അതോടെ അവൻ കേൾക്കാൻ ഉപയോഗിക്കുന്ന കാത് ഞാനായിത്തീരും. അവൻ നോക്കാൻ ഉപ

---

* ما تقرب الى عبدى بشيء احب الى مما افترضت عليه، وما يزال عبدى يتقرب الى بالنوافل حتى أجيبه فاذا اجبته كنت سمعه الذى يسمع به وبصره الذى يبصر به ويده التى يبطش بها ورجله التى يمشى بها وان سألنى لأعطينه ولان استعاذنى لأعيذنه (رواه البخارى)

www.abulhasanalinadwi.org

യോഗിക്കുന്ന നേത്രം ഞാനാകും. അവൻ പ്രവർത്തിക്കുന്ന കരം ഞാനായിത്തീരും. എന്നോടവൻ ചോദിച്ചാൽ ഞാൻ അവന്ന് കൊടുക്കും. എന്നോടവൻ അഭയംതേടിയാൽ ഞാന വന് അഭയം നല്കും.'' അങ്ങനെ അല്ലാഹുവിന് ഇഷ്ടമി ല്ലാത്ത വാക്കുകളോ പ്രവൃത്തികളോ ഒന്നുംതന്നെ അവൻെറ ഒരു അവയവങ്ങളിൽനിന്നുണ്ടാവുകയില്ല.

## മഹത്വത്തിൻെറ വലുപ്പചെറുപ്പം നിർണ്ണയിക്കുന്ന യഥാർത്ഥ മാനദണ്ഡം

നമസ്കരിക്കുന്നവരും, നമസ്കാരവും വ്യത്യസ്ത തട്ടു കളിലും പദവികളിലുമാണ്. ഒരേ അളവിലും വണ്ണവലി പ്പത്തിലുമുള്ള, വികാസപരിണാമങ്ങൾക്ക് വിധേയമല്ലാത്ത, ഒരു അച്ചുപോലെയോ മുശപോലെയോ അല്ല നമസ്കാരവും, നമസ്കരിക്കുന്നവരും. അതായത് എല്ലാ നമസ്കാരക്കാ രും സമന്മാരല്ല പോലെതന്നെ എല്ലാ നമസ്കാരവും സമ മല്ല. ന്യൂനാന്യൂനതകളുടെയും പൂർണ്ണതാപൂർണ്ണതകളുടെയും മദ്ധ്യേ സദാ മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസ മാണത്. ചില നമസ്കാരങ്ങൾ പൂർണ്ണതയുടെ പാരമ്യത പ്രാപിച്ചെങ്കിൽ, മററു ചിലത് അപൂർണ്ണതയുടെ പര്യായ മായിരിക്കും. ചില ആളുകൾ തങ്ങളുടെ നമസ്കാരത്തിലൂ ടെ പരമ പരിശുദ്ധരായിതീരുന്നുവെങ്കിൽ മററു ചിലർ അതേ നമസ്കാരത്തിലൂടെ പരമദോഷികളുമായിത്തീരുന്നു. അതെ, അശ്രദ്ധയോടും അജ്ഞതയോടുംകൂടി നിർവ്വഹിക്കുന്ന നമ സ്കാരം ഭക്തിയോടും പാണ്ഡിത്യത്തോടുംകൂടി നിർവ്വഹി ക്കുന്നതിന് സമമാകുന്നില്ല; നമസ്കാരം പല തുക്കത്തിലാ ണ്; അത് നിർവ്വഹിക്കുന്നവർ പല തരക്കാരുമാണ്. നല്ല വരിൽ നല്ലവരായ സജ്ജനങ്ങളുടെയും, ദൃഢവിശ്വാസിക ളുടെയും നമസ്കാരം എവിടെ?! സാധാരണക്കാരുടെ നമ സ്കാരം എവിടെ?! ഇന്നലെ നിർവ്വഹിച്ച നമസ്കാരവും ഇന്ന് നിർവ്വഹിക്കുന്ന നമസ്കാരവും ഒരേ പ്രതിഫലത്തി നർഹമോ തുല്യമോ ആണോ?! കഴിഞ്ഞ മാസങ്ങളിലൂടെയും വർഷങ്ങളിലൂടെയും നിർവ്വഹിച്ചുപോന്ന നമസ്കാരങ്ങളുടെ യും സ്ഥിതി ഇതുതന്നെയല്ലേ?

www.abulhasanalinadwi.org

അതുകൊണ്ട് രണ്ടുതരം നമസ്കാരക്കാരെ അല്ലാഹു വരച്ചുകാണിക്കുന്നു. അതിൽ ഒരാളെ പ്രശംസിക്കുകയും മറ്റൊരാളെ അഭിശംസിക്കുകയും ചെയ്യുന്നു:

"എന്നാൽ തങ്ങളുടെ നമസ്കാരത്തിൽനിന്ന് അശ്രദ്ധരാവുകയും, ജനപ്രശംസ മോഹിക്കുകയും, പരോപകാരം തടയുകയും ചെയ്യുന്ന മുഴുവൻ നമസ്കാരക്കാർക്കും വമ്പിച്ച നാശം."

"തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തിയുള്ള സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു."

ഇങ്ങനെ രണ്ടുതരം നമസ്കാരങ്ങളെകുറിച്ചും നമുക്ക് പഠിപ്പിച്ചുതരുന്നു. ഒന്ന് ഭക്തിപുരസ്സരവും സ്വീകാര്യയോഗ്യവുമാണെങ്കിൽ, മറ്റൊന്ന് ഭക്തിരഹിതവും അസ്വീകാര്യവുമാണ്. ആദ്യവിഭാഗത്തെകുറിച്ച് നമുക്ക് പഠിപ്പിച്ചുതരുവാൻ ഒരിക്കൽ തിരുമേനി 'വുസു' ചെയ്തശേഷം ഇങ്ങനെ പറഞ്ഞു:

"ഞാൻ അംഗസ്നാനം നടത്തിയ ഇതേ രൂപത്തിൽ ആരെങ്കിലും 'വുസു' ചെയ്തു: പിന്നീട് രണ്ടു റക്അത്ത് നമസ്കരിച്ചു. അതിൽ അവന്റെ അകത്തളം എല്ലാ ഭൗതിക വിചാരത്തിൽനിന്നും ഒഴിവായിരുന്നു. എങ്കിൽ അവന്റെ പൂർവ്വ പാപങ്ങൾ മുഴുവനും പൊറുക്കപ്പെടുന്നതാണ്."

ഉഖ്ബത്തുബ്നു ആമിർ (റ) - നബി (സ) യിൽനിന്നുദ്ധരിക്കുന്നു:

---

فويل للمصلين الذين هم عن صلاتهم ساهون الذين هم يراؤن ويمنعون الماعون (الماعون)

قد افلح المؤمنون الذين هم فى صلاتهم خاشعون (المؤمنون ١-٢)

من توضأ وضوئى هذا ثم صلى ركعتين لا يحدث نفسه فيهما بشيى غفرله ما تقدم من ذنبه (بخارى، مسلم)

www.abulhasanalinadwi.org

'' ഏതൊരു മുസ്ലിമും അംഗശുദ്ധി വളരെ വൃത്തിയായി നിർവ്വഹിക്കുകയും, അനന്തരം എഴുന്നേററ്നിന്ന് തൻെറ ദേഹവും ദേഹിയും പരിപൂർണ്ണമായും നമസ്കാരചിന്തയിൽ ആയിക്കൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന്ന് സ്വർഗ്ഗം അനിവാര്യമാണ്. '' രണ്ടാമത് പറഞ്ഞ അസ്വീകാര്യമായ നമസ്കാരത്തിൻെറ രൂപം അമ്മാറുബ്നുയാസിറിൻെറ വാക്കിൽനിന്ന് നമുക്ക് മനസ്സിലാക്കാം: അദ്ദേഹം പറയുന്നു: നബി (സ) പ്രഖ്യാപിക്കുന്നതായി ഞാൻ കേട്ടു.

'' ഒരു മനുഷ്യൻ തൻെറ നമസ്കാരത്തിൽനിന്ന് പിരിയുന്നു. പ്രസ്തുത നമസ്കാരത്തിൻെറ പത്തിലൊന്ന് പ്രതിഫലത്തിന്മാത്രം അർഹരായികൊണ്ട്. ചില സന്ദർഭങ്ങളിൽ ഒമ്പതിലൊന്നോ, എട്ടിലൊന്നോ, ഏഴിലൊന്നോ, ആറിലൊന്നോ, അഞ്ചിലൊന്നോ, നാലിലൊന്നോ, മൂന്നിലൊന്നോ, പകുതിയോ മറേറാ ആയിരിക്കും പ്രതിഫലം.'' വീണ്ടും നബി(സ) പറയുന്നു:

'' ജനങ്ങളിൽ മഹാദുഷ്ടനായ കള്ളൻ തൻെറ നമസ്കാരത്തിൽ കളവ് നടത്തുന്നവനാണ്. അവർ ചോദിച്ചു: 'അല്ലാഹുവിൻെറ ദൂതരെ! ഒരു മനുഷ്യൻ തൻെറ നമസ്കാരത്തിൽ കളവ് നടത്തുന്നതെങ്ങിനെ?' അവിടുന്ന് പറഞ്ഞു: അവൻ ആ നമസ്കാരത്തിൽ 'സുജൂദും' 'റുകൂഉം' പൂർണ്ണമായി നിർവ്വഹിക്കാതിരിക്കുന്നു. ''

---

ما من مسلم يتوضأ فيحسن وضوئه ثم يقوم فيصلى ركعتين مقبلا عليهما بقلبه ووجهه الا وجبت له الجنة (مسلم)

ان الرجل لينصرف وما كتب له الا عشر صلاته، تسعها ثمنها سبعها سدسها خمسها ربعها ثلثها نصفها (ابو داود والنسائى)

اسوأ الناس سرقة الذى يسرق صلاته قالوا يارسول الله وكيف يسرق صلاته؟ قال: لا يتم ركوعها ولا سجودها (رواه الترمذى واحمد)

www.abulhasanalinadwi.org

നബി (സ) പറഞ്ഞതായി ഹ: അനസ് (റ) ഉദ്ധരിക്കുന്നു:

''അതാണ് കപടവിശ്വാസിയുടെ നമസ്കാരം. അതായത് സൂര്യനെ നിരീക്ഷിച്ചുകൊണ്ട് നമസ്കരിക്കാതെ ഇരിക്കും. എന്നിട്ട് അത് മഞ്ഞനിറത്തോടെ പിശാചിന്റെ രണ്ട് കൊമ്പുകൾക്കിടയിൽ ആകുമ്പോൾ എഴുന്നേററ് കോഴി കൊത്തിപ്പെറുക്കുന്നപോലെ നാല് റക്അത്ത് വേഗത്തിൽ നമസ്കരിക്കും. അതിൽ അവൻ അല്ലാഹുവിനെകുറിച്ച് അല്പമല്ലാതെ സ്മരിക്കുകയില്ല.''

എല്ലാ ജനങ്ങളുടെയും നമസ്കാരം ഒരേ രൂപത്തിൽ സ്വീകാര യോഗ്യമോ പ്രതിഫലാർഹമോ അല്ല. അത് വ്യത്യസ്ത പദവികളിലാണ്. ഒരാളുടെയും നമസ്കാരം മറെറാരാളുടേതിന്നും സമമാകുന്നില്ല. നബി (സ) യുടെ നമസ്കാരമായിരുന്നു ഏററവും ശ്രേഷ്ഠവും സമ്പൂർണ്ണവും. അത്രയും അല്ലാഹുവിന്റെ അടുക്കൽ 'മീസാനി'ൽ ഘനംതൂങ്ങുന്നതും പ്രതിഫലാർഹവുമായ വേറൊരാളുടെയും നമസ്കാരമില്ല. മഹാനായ അബൂബക്കർ (റ) ന്റെ നമസ്കാരം പ്രവാചകന്റെ നമസ്കാരത്തോട് ഏററവും അടുത്തതും സാധർമ്മ്യമുള്ളതുമായിരുന്നു. അതുകൊണ്ട്തന്നെയാണ് താൻ ശയ്യാവലംബിയായപ്പോൾ അദ്ദേഹത്തെ ജനങ്ങൾക്ക് ഇമാമായി നിശ്ചയിച്ചത്. ഉമർ (റ) വിനെ ഇമാമായി നിറുത്തുവാൻ അവിടുത്തെ പ്രിയപത്നി ആയിശ (റ) ആവശ്യപ്പെടുകപോലും ചെയ്തിരുന്നു. എന്നിട്ടും അവിടുന്ന് പറഞ്ഞു: അബൂബക്കറി (റ) നോട് ജനങ്ങൾക്ക് ഇമാമായി നില്ക്കുവാൻ കല്പിക്കുക! (ബുഖാരീ). അങ്ങനെ സംഭവിക്കുകയും ചെയ്തു.

മാലോകരുടെ മഹത്വവും മാഹാത്മ്യവും ശരിയായ രൂപത്തിൽ അളക്കപ്പെടുന്നത് നമസ്കാരം മുഖേനയാകുന്നു. അതിന്റെ ശേഷമേ ആരുടെയും വിജ്ഞാനമോ ധിഷണാവ്യാപാ

---

ذلك صلاة المنافق يجلس يرقب الشمس حتى اذا اصفرت وكانت بين قرني الشيطان قام فنقر اربعا لا يذكر الله فيها الا قليلا

(رواه مسلم)

www.abulhasanalinadwi.org

രമോ മഹത്വത്തിന്റെ മാനദണ്ഡമായി പരിഗണിക്കപ്പെടുകയുള്ളു. നമസ്കാരത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു മനുഷ്യന്റെ മതവും ധാർമ്മികമൂല്യങ്ങളും അളക്കപ്പെടുന്നത്. മുസ്ലിംസമൂഹത്തിൽ സ്ഥാനമാനം കല്പിക്കപ്പെടുന്നതും നമസ്കാരംകൊണ്ടുതന്നെ. സംഭവബഹുലമായ ഇസ്ലാമിന്റെ ഗതകാലചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ പരശ്ശതം പരിശുദ്ധാത്മാക്കൾ കഴിഞ്ഞുപോയതായി കാണാം. അവരെല്ലാം തങ്ങളുടെ സമകാലികരിൽനിന്ന് ഉയർന്നുനിന്നതും ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയതും ഈ നമസ്കാരം ഒന്നുകൊണ്ട് മാത്രമാണ്.

## പ്രവാചകന്റെ കാലശേഷം നമസ്കാരത്തിന്റെയും ഖുർആന്റെയും പ്രാധാന്യവും ശ്രേഷ്ഠയും, പ്രവാചകത്വ പരിസമാപ്തിയും

മാനവലോകത്ത് ഉദിച്ചുയർന്ന ഒരു ജ്യോതിർഗോളമായിരുന്നു പ്രവാചകത്വം. അതിൽനിന്നും പ്രവഹിച്ച തേജഃപുഞ്ജങ്ങൾ വഴി മാനവികതക്കാവശ്യമായ ചൂടും വെളിച്ചവും കിട്ടി. ഉണർവും ഊർജ്ജവും കൈവന്നു. വളരെ ചുരുങ്ങിയ സമയംകൊണ്ട് മർത്ത്യകുലത്തെ അവരുടെ സ്രഷ്ടാവുമായി ബന്ധപ്പെടുത്തി. അജ്ഞത, അലസത, അശ്രദ്ധ തുടങ്ങിയ ദുർഗ്ഗുണങ്ങളുടെയും അസാന്മാർഗ്ഗികപ്രവണതകളുടെയും ചളിക്കുണ്ടിൽനിന്ന്. വിജ്ഞാനം, വിവേകം തുടങ്ങിയ സദ്ഗുണങ്ങളുടെ ദന്തഗോപുരത്തിലേക്കുയർത്തി. ഉന്നതമായ മനക്കരുത്തും ദിവ്യദീപ്തിയും, സന്മാർഗ്ഗകാന്തിയും മനുഷ്യമനീഷ്യയിൽ നട്ടുവളർത്തി. അങ്ങനെ അവന്ന് ദിവ്യസാമീപ്യത്തിലൂടെ സമ്പൂർണ്ണസൗഭാഗ്യം കരസ്ഥമാക്കാൻ പ്രവാചകത്വം സഹായിച്ചു. മാനുഷ്യകത്തെ പരമമായ മോക്ഷത്തിലേക്കുയർത്തുന്ന ഈ പ്രവാചകത്വശൃംഖല ദൈവം നിരന്തരമായി നിലനിർത്തി. അവസാനം അല്പകാലവിടവിന്ശേഷം അന്തിമപ്രവാചകനായ മുഹമ്മദ്നബി (സ) യെ അല്ലാഹു നിയോഗിച്ചു. അഖില പ്രവാചകന്മാരെക്കാളും ശക്തമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മുഹമ്മദ്നബി (സ). അവിടുത്തെ പ്രബോധനം സമ്പൂർണ്ണതയുടെ സമുച്ചയമായിരുന്നു. അവിടുത്തെ സഹവാസം മാസ്മരികശക്തിയുള്ള രാസപദാർത്ഥമാ

www.abulhasanalinadwi.org

യിരുന്നു. തന്റെ ശക്തനായ ശത്രുവിനെ അദ്ദേഹം ഉത്തമനായ മിത്രമാക്കി. അല്ലാഹുവിനോടുള്ള അകൽച്ചയേയും അപരിചിതത്വത്തെയും അതിന്റെ വിപരീതഗുണങ്ങളാക്കി മാററിയെടുത്തു. അതെ, അകൽച്ചയെ അടുപ്പമാക്കി. പിണക്കത്തെ ഇണക്കമാക്കി. അവിടത്തെ സഹവാസത്തിൽ ജനങ്ങൾ ആലങ്കാരികമായ ഒരു ആകർഷണമായിരുന്നു കണ്ടിരുന്നത്. നിമിഷങ്ങൾകൊണ്ട് ആളുകൾ ഏതോ ഒരു അവ്യക്തമായ അനുഭൂതിക്ക് വിധേയരായി, അവിശ്വാസത്തിന്റെയും അസത്യത്തിന്റെയും പുകമറക്കുള്ളിൽനിന്ന് വിശ്വാസത്തിന്റെയും സത്യത്തിന്റെയും വെളിച്ചത്തിലേക്ക് കടന്നുവരുന്നതായി കാണാം. അങ്ങനെ പ്രവാചകന്റെ സാന്നിദ്ധ്യം ജനങ്ങൾക്ക് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനുള്ള ഏററവും ശക്തമായ പ്രേരകവും പ്രചോദനവുമായി വർത്തിച്ചു.

പക്ഷെ ആ പരിശുദ്ധ ജീവിതത്തിന്നും അല്ലാഹു ഒരു കാലവും പരിധിയും നിർണ്ണയിച്ചിരിക്കുന്നു.

''മുഹമ്മദ് ഒരു ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പും (അനേകം) ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്.'' നബി (സ) യിലൂടെ അല്ലാഹു അവന്റെ ദീനിനെ സമ്പൂർണ്ണമാക്കുകയും, അനുഗ്രഹത്തെ പൂർത്തിയാക്കുകയും ചെയ്തു. അത് അല്ലാഹു തന്നെ അറിയിച്ചു:

''ഇന്ന് നിങ്ങളുടെ മതത്തെ ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിതരികയും, എന്റെ അനുഗ്രഹത്തെ നിങ്ങളിൽ ഞാൻ പരിപൂർണ്ണമാക്കുകയും, നിങ്ങൾക്ക് ഇസ്‌ലാമിനെ മതമായി ഞാൻ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.''

---

وما محمد الا رسول قد خلت من قبله الرسل (آل عمران: ١٤٤)

اليوم اكملت لكم دينكم واتممت عليكم نعمتي ورضيت لكم الاسلام دينا (المائدة: ٣)

www.abulhasanalinadwi.org

അങ്ങനെ മുഹമ്മദ്നബി (സ) യോടുകൂടി പ്രവാചകത്വത്തിന് പരിസമാപ്തി കുറിക്കപ്പെട്ടു. അല്ലാഹു മാനവവംശത്തോട് പ്രഖ്യാപിച്ചു:

‘‘ മുഹമ്മദ് നിങ്ങളിൽപെട്ട ഒരു പുരുഷന്റെയും പിതാവല്ല. പക്ഷെ, അല്ലാഹുവിന്റെ ഒരു ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. ’’

ഈ പ്രഖ്യാപനത്തോടെ ഇനി പുതിയ 'വഹ്‌യും' 'രിസാലത്തും' നിലച്ചു. അതിലൂടെയുള്ള വാനലോകബന്ധങ്ങൾ അവസാനിക്കുകയും ചെയ്തു. എന്നാൽ അന്തിമപ്രവാചകന്റെ തിരോധാനം സൃഷ്ടിച്ച വിടവ് പൂരിപ്പിക്കപ്പെടുകയും, സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധം ശക്തിയോടെ നിരന്തരം നിലനിർത്തപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് അല്ലാഹു തീരുമാനിച്ചു. അങ്ങനെ അനുനിമിഷം സൃഷ്ടികളുടെ ഹൃദയത്തിൽ ആത്മീയശക്തിയും അചഞ്ചലവിശ്വാസവും ദൃഢമൂലമാക്കുന്നു. ഈമാനും ഹിക്മത്തും' വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവുമായുള്ള സാമീപ്യവും അന്തഃകരണബന്ധവും അതിന്റെ മൂർദ്ധന്യതയിൽ എത്തിക്കുന്ന ഒരു പ്രേരകശക്തി ആവശ്യമാണെന്ന് അല്ലാഹു കണ്ടു.

ഇവിടെ ഈ വിടവ് നികത്താനും പ്രവാചകന്റെ ഖിലാഫത്ത് നിർവ്വഹിക്കാനും രണ്ട് വസ്തുക്കളെ അല്ലാഹു നമുക്ക് നല്കി. അതിൽ ഒന്ന് അനശ്വരഗ്രന്ഥമായ വിശുദ്ധഖുർആൻതന്നെ. നിത്യശക്തിയും ചൈതന്യവും മുററിനില്ക്കുന്ന അമാനുഷികതയുടെ ഉറവിടമാണത്. രണ്ടാമത്തേത് നമസ്കാരവും. അതും ഖുർആൻപോലെതന്നെ ശക്തിയും ചൈതന്യവും നിത്യവും നിരന്തരവുമായി വർഷിക്കുന്നതാണ്. അല്ലാഹുവുമായി ബന്ധം ശക്തിപ്പെടുത്തുന്നതിലും സാമീപ്യം കരസ്ഥമാക്കുന്നതിലും ദീനിന്റെ മററൊരു നിയമങ്ങൾക്കുമില്ലാത്ത ഒരു കഴിവ് നമസ്കാരത്തിന് മാത്രമുണ്ട്.

---

ما كان محمد ابا احد من رجالكم ولكن رسول الله وخاتم النبيين
(الاحزاب: ٤)

www.abulhasanalinadwi.org

ല്ലാഹുവിനോട് ഒരു മനുഷ്യൻ അടുക്കുന്നതിൽ പ്രഥമവും പ്രധാനവുമായ പങ്കുവഹിക്കുന്നത് നമസ്കാരംതന്നെയാണ്. അതിനാൽ എവിടെയും എക്കാലത്തുമുണ്ടായിരുന്ന ഈ സമുദായത്തിലെ 'മുജാഹിദുകൾക്കും മുഖ്ലിസ്വീ'ങ്ങൾക്കും ബുദ്ധിരാക്ഷസന്മാരായ തത്വചിന്തകന്മാർക്ക് ഭാവിക്കാൻപോലും കഴിയാത്ത തരത്തിലുള്ള വിജ്ഞാനഗോപുരത്തിലും, വിശ്വാസദാർഢ്യതയിലും, ആത്മീയമോക്ഷത്തിലും, ദൈവികസാമീപ്യത്തിലും എത്തിച്ചേരാൻ കഴിഞ്ഞത് ഖുർആനും നമസ്കാരവും എന്ന രണ്ടേ രണ്ട് മാദ്ധ്യമങ്ങൾകൊണ്ട് മാത്രമായിരുന്നു. ഇത്തരത്തിലുള്ള സജ്ജനങ്ങളുടെ കണക്ക് ക്ലിപ്തമാക്കാൻപോലും സാദ്ധ്യമല്ല. പ്രസ്തുത കാര്യങ്ങളിൽ അവർ എത്തിച്ചേർന്ന സ്ഥാനപദവികളെക്കുറിച്ച് ബുദ്ധിരാക്ഷസന്മാരായ തത്വചിന്തകന്മാർക്ക് ഊഹിക്കാൻപോലും കഴിഞ്ഞിട്ടില്ല. ഇങ്ങനെ സന്മാർഗ്ഗികളായവരുടെ അംഗസംഖ്യ ദൈവത്തിനുമാത്രമേ അറിയുകയുള്ളൂ. ഒരു പുതിയ പ്രവാചകനിൽനിന്ന് പ്രതീക്ഷിക്കുന്ന ഉണർവ്വും, ഉത്തേജനവും, നവചൈതന്യവും, നവ്യമായ ആവേശവും, അനുഗുണമായ ആത്മീയതയും തലമുറ തലമുറകളായി ഈ സമുദായത്തിൽ ഖുർആനും നമസ്കാരവും വർഷിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അല്ലാഹുവുമായി ഈ സമുദായം നിരന്തരമായി സമ്പർക്കം പുലർത്തുകയും ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ജീവിതത്തിന്റെ ഏതെങ്കിലും മണ്ഡലത്തിലോ ചരിത്രത്തിന്റെ ഏതെങ്കിലും ദശയിലോ അതിൽ അവർ അലംഭാവം വരുത്തിയിട്ടില്ല. ഖുർആനിൽനിന്നും നമസ്കാരത്തിൽനിന്നും ആവാഹിച്ച ആത്മീയശക്തിയുമായി അവർ സമകാലിക ലോകത്തേക്കിറങ്ങിച്ചെല്ലുന്നു. എന്നിട്ട് സമൂഹത്തിന് മാർഗ്ഗദർശനവും ശരിയായ നേതൃത്വവും സംഭാവന ചെയ്യുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്:

"അല്ലാഹുവിന്റെ വഴിയിൽ സമരംചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു. മതത്തിൽ നിങ്ങളുടെമേൽ യാതൊരു ഞെരുക്കവും അവൻ ഉണ്ടാക്കിയിട്ടില്ല. നിങ്ങളുടെ പിതാവ് ഇബ്രാഹീമിന്റെ മതമാണത്. ഇതിന്ന് മുമ്പും ഇതിലും നിങ്ങൾക്കവൻ മുസ്ലിംകൾ എന്ന് പേരിട്ടിരിക്കുന്നു. ദൂതൻ നിങ്ങൾ

www.abulhasanalinadwi.org

ക്ക് സാക്ഷിയും, നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളും ആകാൻ വേണ്ടി. അതുകൊണ്ട് നിങ്ങൾ നമസ്കാരം നിലനിർത്തുകയും, സകാത്ത് കൊടുക്കുകയും, അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ യജമാനനാണ്. അവൻ എത്ര നല്ല യജമാനൻ! അവൻ എത്ര നല്ല സഹായി!''

## പ്രവാചകനിൽനിന്ന് ജീവനോടെയും ജഢത്തോടെയും ലഭിച്ച അനശ്വരമായ അനന്തരസ്വത്ത്

നമസ്കാരം പ്രവാചകത്വത്തിന്റെ പൈതൃകസ്വത്താണ്. അനശ്വരവും അജയ്യവുമായി അവശേഷിക്കുന്ന അനന്തരസ്വത്തെന്ന് നമുക്കതിനെ വിശേഷിപ്പിക്കാം. ആന്തരികവും ബാഹ്യവുമായ അതിന്റെ എല്ലാ സത്തയും ഘടകങ്ങളും പരിരക്ഷിച്ചുകൊണ്ടുതന്നെ തലമുറകൾ കൈമാറി. യുഗാന്തരങ്ങളിലൂടെ അതിവിടെ അവശേഷിക്കും. അതിനെ സംരക്ഷിക്കുന്നതിൽ ഈ സമുദായം ഇന്നുവരെ യാതൊരു ന്യൂനതയും വരുത്തിയിട്ടില്ല. മുസ്‌ലിംകളുടെ ഗതകാലചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ഈ സത്യം വ്യക്തമാകും. നമസ്കാരമെന്ന ഈ അമൂല്യാരാധന അവികലമായ രൂപത്തിൽ നമുക്ക് പൈതൃകമായി ലഭിച്ചതിൽ ത്യാഗീവര്യന്മാരായ 'മുഹദ്ദിസു'കൾക്കും കർമ്മശാസ്ത്ര പണ്ഡിതന്മാർക്കും മഹത്തായ പങ്കുണ്ട്. അതിന്റെ 'ഫർസ്' കളും 'വാജിബു'കളും 'മൻദൂബു'കളും 'സുന്നത്തു'കളും കടുകിട വ്യത്യാസമില്ലാതെ സംരക്ഷിക്കുന്നതിനുവേണ്ടി ആ മഹാനുഭാവന്മാർ അന്യാദൃശവും, ആത്മാർത്ഥവും അവി

---

وجاهدوا فى الله حق جهاده هو اجتباكم وما جعل عليكم فى الدين من حرج ملة ابيكم ابراهيم هو سماكم المسلمين من قبل وفى هذا ليكون الرسول شهيدا عليكم وتكونوا شهداء على الناس فأقيموا الصلاة وآتوا الزكاة واعتصموا بالله هو مولاكم فنعم المولى ونعم النصير (الحج : ٧٨)

www.abulhasanalinadwi.org

രാമവുമായ അദ്ധ്യാനം കാഴ്ചവെച്ചു. ചെറുതും വലുതും അനുവദനീയവും അനനുവദനീയവുമായ കാര്യങ്ങൾ ചച്ച്ചെയ്ത് സമൂഹത്തെ പഠിപ്പിക്കുന്നതിൽ അവർ പ്രകടിപ്പിച്ച അപ്പ്ണബുദ്ധിയും ത്യാഗമനസ്ഥിതിയും അസൂയാവഹമായിരുന്നു. നമസ്കാരവുമായി ബന്ധപ്പെട്ട ചെറിയ കാര്യങ്ങൾപോലും അവർ ഗഹനമായ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമാക്കി. ഇത്രയും നിർബന്ധമായ രൂപത്തിൽ നമസ്കാരത്തെ സംരക്ഷിച്ച ആ പുണ്യാത്മാക്കൾക്ക് ദൈവം മഹത്തായ പ്രതിഫലം നല്കട്ടെ.

നാം അതിന്റെ ആകൃതിയും ആകാരവും സംരക്ഷിക്കുകയും അടുത്ത തലമുറക്ക് കൈമാറുകയുംചെയ്യുന്നതുപോലെ തന്നെ, അതിന്റെ ആത്മാവും അന്തസ്സത്തയും കാത്തുസൂക്ഷിക്കുകയും കൈമാറുകയും ചെയ്യണം. നമസ്കാരത്തിന്റെ ജീവനിൽ ജീവനായ ഭക്തിയും, വണക്കവും, വിനയവും എല്ലാംതന്നെ അടുത്ത തലമുറയ്ക്ക് ഏല്പിച്ചുകൊടുക്കൽ നമ്മുടെ കടമയാണ്. കാരണം നബി (സ) യുടെ നമസ്കാരം ഒരേ സമയം ആകൃതിയും, ആകാരവും, ആത്മാവും, അന്തസ്സത്തയും, വിനയവും, ഭക്തിയും എല്ലാം സമ്മിശ്രമായി സമ്മേളിച്ച ഒന്നായിരുന്നു. 'ഇഹ്സാൻ' എന്താണെന്ന് നബി (സ) യോട് ആരാഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു:

'' അല്ലാഹുവിനെ നീ കാണുന്നില്ലെങ്കിലും, കാണുന്നതുപോലെ നീ ആരാധിക്കുക. കാരണം, അവൻ നിന്നെ കാണുന്നുണ്ട്.'' 'ഇഹ്സാനി'ന്റെ ഏറ്റവും വ്യക്തവും പരിപൂർണ്ണവുമായ ഉദാഹരണം—പ്രവാചകപ്രഭുവിന്റെ നമസ്കാരംതന്നെയാണ്. മുതവ്രിഫ് (റ) തന്റെ പിതാവിൽനിന്നുദ്ധരിക്കുന്ന ഒരു ഹദീസ് കാണുക:

'' കരഞ്ഞുകൊണ്ടുള്ള നമസ്കാരം കാരണമായി നബി(സ) യുടെ ഹൃത്തടത്തിൽനിന്ന്, ആസ്കല്ല് കറങ്ങുമ്പോൾ പുറപ്പെടുന്ന ശബ്ദംപോലെ ഒരു തേങ്ങൽ പുറപ്പെടുന്നതായി ഞാൻ

---

ان تعبد الله كانك تراه فان لم تكن تراه فانه يراك (متفق عليه)

www.abulhasanalinadwi.org

കേട്ടിട്ടുണ്ട്. ''

പിന്നീട് വന്ന ഖുലഫാഉറാശിദുകളുടെയും, സഹാബാകിറാമിൻെറയും, താബിഉകളുടെയും, മററു സജ്ജനങ്ങളുടെയും, ഭക്തജനങ്ങളുടെയും എല്ലാം നമസ്കാരങ്ങൾ നബി (സ)യുടെ നമസ്കാരത്തിൻെറ ഒരു പ്രതിബിംബമായിരുന്നു. അവരുടെയെല്ലാം നമസ്കാരത്തിൻെറ ഭംഗിയും, ഭക്തിയും, ദൈർഘ്യവും, ദൈന്യനാദവും ചരിത്രപുസ്തകങ്ങളിലും ജീവിതകഥകളിലും വേണ്ടത്ര കാണാൻ കഴിയും. ഹിജ്റയുടെ ഹദീസിൽ ആയിശ (റ)ൽനിന്നുദ്ധരിക്കുന്ന ഒരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം:

''വളരെ കരയുന്ന മനുഷ്യനായിരുന്നു അബൂബക്കർ (റ). അദ്ദേഹം എപ്പോഴും ഖുർആൻ പാരായണം ചെയ്യാലും ഇരുനയനങ്ങളിൽനിന്നും തടഞ്ഞുനിർത്താൻ സാധ്യമല്ലാത്ത ബാഷ്പകണങ്ങൾ അടർന്നുവീഴുമായിരുന്നു. '' നബി (സ) മരണശയ്യയിൽ കിടക്കുമ്പോൾ തൻെറ പ്രതിനിധിയായി നമസ്കാരത്തിൽ ജനങ്ങൾക്ക് ഇമാമായിനില്ക്കാൻ അബൂബക്കർ (റ)വിൽ കണ്ടെത്തിയ യോഗ്യതയും ഇതുതന്നെയായിരുന്നു. അവിടുന്ന് പറഞ്ഞു:

''ജനങ്ങൾക്ക് ഇമാമായി നിസ്കരിക്കാൻ നിങ്ങൾ അബൂബക്കറിനോട് കല്പിക്കുക. നിശ്ചയം അബൂബക്കർ ലോലമനസ്കനായ ഒരു മനുഷ്യനാണ്.'' മറെറാരു റിപ്പോർട്ടിൽ തുടർന്നു കാണുന്നത് ''അദ്ദേഹം ഖുർആൻ ഓതിയാൽ കൺതടങ്ങളിൽനിന്ന് പ്രവഹിക്കുന്ന കണ്ണുനീർകണങ്ങൾ അദ്ദേഹത്തെ കീഴടക്കും'' എന്നാണ്.

---

رأيت رسول الله صلى الله عليه وسلم يصلي وفي صدره أزيز كأزيز الرحى من البكاء (ابو داود)

وكان ابوبكر رجلا بكاء لا يملك عينيه اذا قرأ القرآن (بخارى)

مروا ابابكر فليصل بالناس ان ابابكر رجل رقيق

www.abulhasanalinadwi.org

മഹാനായ ഹസനുൽ ബസ്വരി (റ) പറയുന്നു: ''ഹസ്രത്ത് ഉമർ (റ) പരലോകശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്ന ഒരു സൂക്തംകൊണ്ട് മാത്രം ചിലപ്പോൾ രാത്രിനമസ്കാരം കഴിച്ചുകൂട്ടുമായിരുന്നു. അങ്ങനെ അദ്ദേഹം ഒരിക്കൽ ശക്തമായി കരയുകയും അത്കാരണം രോഗിയായി മററുള്ളവർ രോഗസന്ദർശനാർത്ഥം അങ്ങോട്ട് പ്രവഹിച്ചുകൊണ്ടിരുന്നു.'' അബ്ദുല്ലാഹിബ്നുഉമർ (റ) ഒരു ദിവസം 'സുബ്ഹ്' നമസ്കാരത്തിൽ അനിയന്ത്രിതമായി കരയാൻ തുടങ്ങി. അദ്ദേഹമായിരുന്നു നമസ്കാരത്തിൽ ഞങ്ങളുടെ ഇമാമ്. മൂന്ന സ്വഫ്ഫുകൾക്ക് പിന്നിൽനിന്ന എനിക്ക്പോലും കരച്ചിലിൻെറ തേങ്ങൽ കേൾക്കാൻ കഴിഞ്ഞു. അൽകമത്തുബ്നുവകാസ് (റ) പറയുന്നു: ഹസ്രത്ത് ഉമർ (റ) ഇശാ നമസ്കരിക്കുകയായിരുന്നു. നമസ്കാരത്തിൽ സൂറത്ത് യൂസുഫായിരുന്നു ഓതിയിരുന്നത്. ഞാൻ അവസാനത്തെ സഫ്ഫിലാണ്. അങ്ങനെ യൂസുഫ് (അ) ൻെറ നാമം പാരായണമദ്ധ്യേ വന്നപ്പോൾ അദ്ദേഹം ശക്തിയായി കരയുവാൻ തുടങ്ങി.'' അബ്ദുല്ലാഹിബ്നുശദ്ദാദ് (റ) ഉദ്ധരിക്കുന്നു: ''അവസാനത്തെ സഫ്ഫിൽനിന്ന് നമസ്കരിച്ച എനിക്ക് ഉമർ(റ)വിൻെറ തേങ്ങികരച്ചിൽ കേൾക്കാമായിരുന്നു. അപ്പോൾ അദ്ദേഹം പാരായണം ചെയ്തിരുന്നത് അല്ലാഹുവിൻെറ ഈ വചനമായിരുന്നു:

''നിശ്ചയം എൻെറ ദുരിതത്തെക്കുറിച്ചും ദുഃഖത്തെക്കുറിച്ചും അല്ലാഹുവിനോട്മാത്രം ഞാൻ ആവലാതിപ്പെടുന്നു.''[1]
(ബുഖാരി)

## സംഘടനകൾ, നവോത്ഥാന നായകൻമാർ ശ്രദ്ധിക്കുക

ഈ അമൂല്യമായ അനന്തരസ്വത്ത് കൈമോശം വരാതെ കാത്തുസൂക്ഷിക്കുക. അനുദിനം അണപൊട്ടി ഒഴുകുന്ന ആചാരങ്ങളുടെ മദ്ധ്യത്തിലും, ഹൃദയങ്ങളെ പിടിച്ചുകുലുക്കുന്ന ഭൗതികലഹരിയുടെ കൊടുങ്കാററിലും ഈ ദീപനാളത്തിൻെറ

---

[1] انما أشكو بثى وحزنى الى الله

www.abulhasanalinadwi.org

ദീപ്തി കെടാതെ സൂക്ഷിക്കുക ഇന്നത്തെ മുസ്ലിംസമുദായത്തി ന്റെ ഏറ്റവും വലിയ കടമ ഇത് മാത്രമാണ്. പ്രത്യേകി ച്ചും അതിലെ പണ്ഡിതന്മാരുടെയും പരിഷ്കർത്താക്കളുടെയും. കാരണം, എന്നും ഹരിതമായി നിലനില്ക്കേണ്ട നമസ്കാരത്തി ന്റെ വീര്യവും ശക്തിയും നശിച്ചുപോവുക എന്നത് അപരി ഹാര്യമായ നഷ്ടമാണ്.

പ്രസ്തുത 'തഖ്വയും' 'ഖുശൂഉം' നഷ്ടപ്പെടുന്നത്മൂലം സമുദായത്തിൽ സൃഷ്ടിക്കപ്പെടുന്ന വിടവുകൾ നികത്താനോ, വീര്യവും വിലയും തിരിച്ചുകൊണ്ടുവരാനോ ഏതൊരു കർമ്മ ശാസ്ത്രപട്ടുകളുടെയും മുടിനാരിഴ ചർച്ചകൾക്കോ, വാഗ്മിക ളുടെ വാഗ്വിലാസങ്ങൾക്കോ, തൂലികക്കാരന്റെ തൂലിക ശക്തിക്കോ സാധ്യമല്ല. ലോകത്തുള്ള ഒരു വസ്തുവും അതി ന്റെ പകരമോ പരിഹാരമോ അല്ലതന്നെ. ഇവിടെ ഇസ്ലാമി ന്റെ ഉത്ഥാനത്തിന്വേണ്ടി അദ്ധ്വാനിക്കുന്ന സംഘടനകള ണ്ട്. വിജ്ഞാനവികസനത്തിന്വേണ്ടി സംഘടിപ്പിക്കുന്ന ചർച്ചാക്ലാസുകളുമുണ്ട്. എന്നാൽ ഈ ഉത്ഥാനപ്രവർത്തനങ്ങളുടെ യും, ചർച്ചകളുടെയുമെല്ലാം വിജയം ഒന്നിൽമാത്രം പരിമി തമാണ്. 'ഈമാനിന്റേയും അല്ലാഹുവിനോടുള്ള കഠിനമായ പ്രേമത്തിന്റേയും തീക്കനൽ!' പരിഷ്കർത്താക്കളും നവോത്ഥാ ന നായകന്മാരും തങ്ങളുടെ നിസ്തന്ദ്രമായ ധർമ്മസമരത്തിലൂടെ ശിക്ഷണത്തിലൂടെ, പ്രബോധനത്തിലൂടെ ആ തീക്കനൽ മുസ്ലിം ഹൃദയങ്ങളിൽ ആളികത്തുക. അങ്ങനെ ഹൃദയങ്ങളുടെ അക ത്തളങ്ങൾക്കുള്ളിൽ അല്ലാഹുവിനോടുള്ള ഭക്തിപാരവശ്യവും ഭയവിഹ്വലതയും കുത്തിനിറക്കുന്ന നമസ്കാരത്തിന്റെ ശീതളച്ഛായയും മന്ദമാരുതനും വീണ്ടും സമൂഹമദ്ധ്യത്തിലേക്ക് മടക്കികൊണ്ടുവരുവാൻ കഠിനയത്നം നടത്തു; ആ മന്ദമാരു തൻ അന്തരാളത്തിൽ കുളിർക്കാററ് വിതറിയപ്പോൾ മാത്ര മാണ് ആദ്യകാലമുസ്ലിംകൾ ഉത്തമനൂററാണ്ടുകാർ എന്ന ബ ഹുമതിക്കർഹരായത്. അവർ തങ്ങളുടെ വൈരിനിരകൾക്ക് മുമ്പിൽ വരിവരിയായി നിൽക്കാൻ പഠിക്കുന്നതിന് മുമ്പ് രാജാധിരാജന്റെ മുന്നിൽ നിർവ്വഹിക്കുന്ന നമസ്കാരത്തിൽ നിരയായി നില്ക്കാൻ പഠിച്ചു. അതിനാൽ ഇമാമു ദാരിൽ ഹി ജ്റഃ മാലിക്ബ്നു അനസ് പറഞ്ഞ വാക്കുകൾ നമ്മുടെ മനസ്സിൽ സദാ മുദ്രിതമായിരിക്കട്ടെ:

www.abulhasanalinadwi.org

" ഈ സമുദായത്തിന്റെ ആദ്യദശ ഏതൊന്നുകൊണ്ടാണോ പരിപുഷ്കലമായി ഭവിച്ചത്, ആ ഒന്നുകൊണ്ട് മാത്രമേ അവസാനദശയും പരിപുഷ്കലമാവുകയുള്ളൂ. "

അതാണ് അല്ലാഹു പറഞ്ഞത്:

" തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി പ്രകടിപ്പിച്ച സത്യവിശ്വാസികൾ തീർച്ചയായും വിജയിച്ചു. "

—oo—

---

لن يصلح آخر هذه الامة الا ما اصلح اولها

قد افلح المؤمنون الذين هم فى صلاتهم خاشعون (المؤمنون)

www.abulhasanalinadwi.org

# സക്കാത്ത്

فان تابوا واقاموا الصلاة واتوا الزكاة فاخوانكم فى الدين

## ഉടമയും അടിമയും തമ്മിലുള്ള ബന്ധവും ആബന്ധത്തിൻെറ താൽപര്യവും

രക്ഷിതാവും അവൻെറ അടിമയും തമ്മിലുള്ള അസാധാരണവും അന്യാദൃശവുമായ ബന്ധത്തെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം സൂചിപ്പിച്ചു. ഉപമകരം പറയാനോ മാതൃകകരം വ്യക്തമാക്കാനോ സാധ്യമല്ലാത്ത ഒരു ബന്ധമാണത്. നമ്മുടെ ഇടയിൽ പല തരത്തിലുള്ള ബന്ധങ്ങരം നിലനില്ക്കുന്നുണ്ട്. എന്നാൽ ദൈവവും ദാസനും തമ്മിലുള്ള ആ ബന്ധത്തിൻെറ ആഴവും പരപ്പും വിശാലതയും അതുല്യമാണ്. ഏറിവന്നാൽ നമുക്കതിനെസംബന്ധിച്ച് പറയാവുന്നതിതാണ്: സ്രഷ്ടാവും സൃഷ്ടിയും, രക്ഷിതാവും രക്ഷിതനും, അന്നദാതാവും ഗുണഭോക്താവും. ഉടമയും അടിമയും, രാജാവും പ്രജയുമെല്ലാം തമ്മിൽ നിലനില്ക്കുന്ന ബന്ധംപോലുള്ള ഒരു ബന്ധം. കരുണാനിധിയായ നാഥനും, ഔദാര്യവാനായ നേതാവും ഒരു വശത്ത്. ദരിദ്രനായ മനുഷ്യൻ, നിസ്സാരനായ ദാസൻ അതിൻെറ മറുവശത്ത്. ഈ അവസ്ഥയിൽ സംജാതമാകുന്ന സ്ഥിതിവിശേഷവും ബന്ധവും എന്താണോ അതാണ് മനുഷ്യനും അവൻെറ നാഥനും തമ്മിലുള്ളത്. കാരുണ്യത്തിൻെറ മൂർത്തിമൽഭാവമായ ഈ രക്ഷിതാവിൻെറ സമ്പൂർണ്ണമായ ഗുണവിശേഷങ്ങളും, സുശക്തമായ പ്രവർത്തനങ്ങളും, വാത്സല്യപൂർണ്ണമായ പോററിവളർത്തലും, വികാരതരളിതമായ സ്നേഹവായ്പും, അററമില്ലാത്ത കൃപാകടാക്ഷവുമെല്ലാം മനുഷ്യനോട് ഒരേഒരു കാര്യമാണ് ആവശ്യപ്പെടുന്നത്: അവൻ തൻെറ ദേഹം, ദേഹി തുടങ്ങിയ അമൂല്യവസ്തുക്കരംപോലും ആ രക്ഷിതാവിൻെറ മാർഗ്ഗത്തിൽ നിഷ്കളങ്കമായി അർപ്പിക്കുക. എങ്കിൽപിന്നെ ധനത്തിൻെറയും മററു

www.abulhasanalinadwi.org

അധീനവസ്തുക്കളുടെയും കാര്യം എന്തായിരിക്കണമെന്ന് പറയേണ്ടതുണ്ടോ ?

## മനുഷ്യന് പ്രത്യേകത നൽകികൊണ്ടുള്ള രക്ഷാകർതൃത്വത്തിന്റെ പ്രകടന രംഗങ്ങൾ

ചരാചരങ്ങളെ അഖിലവും ആപാദചൂഡം ആവരണം ചെയ്തിരിക്കുന്ന രക്ഷാകർതൃത്വവും മാർഗ്ഗദർശനവും കരുണാകടാക്ഷവും അതിൽ മനുഷ്യന്മാത്രം നൽകിയിരിക്കുന്ന സമുന്നതമായ പരിഗണനയും പദവിയും നാം ചിന്തിച്ച് മനസ്സിലാക്കുക; ആരാണിത് അവന് കൊടുത്തത് ? മനുഷ്യന് അനുയോജ്യമായ അസ്തിത്വത്തിന്റെ ഉടയാടകൾ നൽകിയ, ഉർവ്വിയുടെ വിരിമാറിൽ നിക്ഷിപ്തമായ നിധികളും നിക്ഷേപങ്ങളും കണ്ടെത്താനുള്ള കഴിവുകൾ കനിഞ്ഞരുളിയ, അതിലെ ഫലങ്ങളും ഫലഭൂയിഷ്ഠപ്രദേശങ്ങളും ഉപയോഗപ്പെടുത്താനുള്ള സാമർത്ഥ്യങ്ങൾ സംഭാവനചെയ്ത സർവ്വശക്തനായ അല്ലാഹുതന്നെ. അവന്റെ അന്തരാളത്തിൽ ഭൗതികവസ്തുക്കളോടുള്ള അനുരാഗവും, അന്വേഷണതൃഷ്ണയും, ആത്മപരിത്യാഗിയായികൊണ്ട് അതിനെ കീഴടക്കാനുള്ള 'അഭിവാഞ്ഛ'യും അല്ലാഹു മാത്രമാണ് സൃഷ്ടിച്ചത്. അനുപമമായ ഊർജ്ജവും, ക്രമമായും കൃത്യമായും കൈകാര്യം ചെയ്യാനുള്ള കഴിവും മനുഷ്യന് അവൻ അപാരമായി പ്രദാനംചെയ്തു.

അല്ലാഹു നൽകിയ രക്ഷാകർതൃത്വത്തിന്റെയും മാർഗ്ഗദർശനത്തിന്റെയും മഹത്തായ ഈ ഗുണം പ്രപഞ്ചത്തിലെ സകലജാതി_വർഗ്ഗങ്ങളിലും മിന്നിത്തിളങ്ങുന്നതായി കാണാം. അതെ,

" സകല വസ്തുക്കൾക്കും അതാതിന്റെ പ്രകൃതി കൊടുക്കുകയും പിന്നീട് മാർഗ്ഗദർശനം നല്കുകയുംചെയ്തവൻ ' —എന്നു പറഞ്ഞുവല്ലോ. എന്നാൽ ഇതിൽ ഏററവും വലിയ ഓഹരി ലഭ്യമായത് അല്ലാഹു ഈ ഭൂമിയിൻ ഖലീഫഃയാക്കിയ മനു

---

٥٠ : طه — الذى اعطى كل شيىء خلقه ثم هدى

ഷ്യനാണ്. മററു സൃഷ്ടികളെക്കാളെല്ലാം അധികമായി അല്ലാഹുവിന്റെ 'റുബൂബിയ്യത്തി'ന്നും 'ഹിദായത്തി'ന്നും (രക്ഷാകർതൃത്വം, മാർഗദർശനം) അർഹനായത് മനുഷ്യനാണെന്ന കാര്യം അല്ലാഹു ഓർമ്മപ്പെടുത്തുന്നത് കാണുക:

''നിശ്ചയം മനുഷ്യരെ നാം ബഹുമാനിക്കുകയും, കരയിലും കടലിലും അവരെ നാം (വാഹനത്തിലായി) വഹിക്കുകയും, വിശുദ്ധവസ്തുക്കളിൽനിന്ന് അവർക്ക് ഭക്ഷണം കൊടുക്കുകയും, നാം സൃഷ്ടിച്ചതിൽ മിക്കവരെക്കാളും കൂടുതലായ ശ്രേഷ്ഠത അവക്ക് നാം നല്കുകയും ചെയ്തിരിക്കുന്നു.''

അതെ, അല്ലാഹു മാനവക്കുവേണ്ടി ആകാശഭൂമികളിൽ അനുകൂലമായ അന്തരീക്ഷവും സാഹചര്യവും സൃഷ്ടിച്ചു. എന്നിട്ട് അതിൽ ആകീർണ്ണമായ ഖനിജവസ്തുക്കളും ഖജനാവുകളും നിധികളും നിക്ഷേപങ്ങളും കണ്ടുപിടിക്കാനുള്ള ആഗ്രഹം, അഭിരുചി, കഴിവ്, സന്നാഹം എന്നിവ അവന്ന് ദാനമായി നൽകി.

''നിങ്ങൾക്ക് ഭൂമിയെ വിധേയമാക്കിതന്നവനാണവൻ. അതുകൊണ്ട് അതിന്റെ ഏതു ഭാഗത്തും നിങ്ങൾക്ക് സഞ്ചരിക്കാം. അവന്റെ ഉപജീവനത്തിൽനിന്ന് നിങ്ങൾക്ക് ഭക്ഷിക്കുകയും ചെയ്യാം.''

ഗ്രാമവാസികളുടെയും നഗരവാസികളുടെയുമെല്ലാം നിലനില്പിന്റെ അടിസ്ഥാനഘടകവും പ്രകൃതിയുടെ പ്രധാന ദാനവുമായ വെള്ളം. അഗ്നി, വിത്ത് എന്നിവയെ അവൻ മനുഷ്യന് കീഴ്പെടുത്തികൊടുത്തു. ഭക്ഷ്യവസ്തുക്കളുടെ ഉത്ഭവസങ്കേതങ്ങളെയും, ശക്തിപ്രവാഹങ്ങളുടെ ഉറവിടങ്ങ

---

ولقد كرمنا بني آدم وحملناهم في البر والبحر ورزقناهم من الطيبات وفضلناهم على كثير ممن خلقنا تفضيلا الاسراء: ٨٠

هو الذي جعل لكم الارض ذلولا فامشوا في مناكبها وكلوا من رزقه الملك: ١٥

www.abulhasanalinadwi.org

ളെയും അവനു് കാട്ടിക്കൊടുത്തു. അതോടുകൂടെയുള്ളതെല്ലാം എല്ലാവരുടെതുമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു.

'' എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നവയെപ്പററി നിങ്ങൾ എനിക്കു് പറഞ്ഞുതരൂ. നിങ്ങളാണോ അതു് മുളപ്പിക്കുന്നതു്. അതല്ല നാമാണോ മുളപ്പിക്കുന്നവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ (വളച്ച് പൂർത്തിയാകുന്നതിനു് മുമ്പു്) അതിനെ ചവറാക്കികളയുമായിരുന്നു. അങ്ങനെ 'നാം കടത്തിൽ മുങ്ങിപോയവരായല്ലോ, അല്ല നാം ഭാഗ്യഹീനരായിപോയല്ലോ' എന്നു പറഞ്ഞു് ഖേദം പ്രകടിപ്പിക്കുന്നവരായിത്തീരുന്നു നിങ്ങൾ! (ഇനിയും നിങ്ങൾ 'എനിക്കു് പറഞ്ഞുതരൂ) നിങ്ങൾ കുടിക്കുന്ന ജലമുണ്ടല്ലോ, ആ ജലം മേഘത്തിൽനിന്നും ഇറക്കിയതു് നിങ്ങളാണോ, അഥവാ നമ്മളാണോ ഇറക്കുന്നവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതു് കയ്പുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. അതിനാൽ നിങ്ങൾ നന്ദി കാണിക്കാത്തതെന്തു്? ഇനിയും എനിക്കു് പറഞ്ഞുതരൂ. നിങ്ങൾ ഉരച്ചുണ്ടാക്കുന്ന അഗ്നിയില്ലേ? നിങ്ങളാണോ അതിന്റെ മരം സൃഷ്ടിച്ചതു്, അഥവാ നമ്മളാണോ സൃഷ്ടിക്കുന്നവൻ? നാം അതിനെ ഒരുൽബോധനവും വനവാസികൾക്കൊരു ഉപകരണവുമാക്കി. ''

## മനുഷ്യപ്രകൃതിയുടെ പ്രത്യേകത; ജീവിതത്തിലും നാഗരികതയിലും അതിന്റെ സ്വാധീനം

ഇതര ജീവജാലങ്ങളിൽനിന്നും അചേതനവസ്തുക്കളിൽ

---

افرأيتم ما تحرثون ، أأنتم تزرعونه ام نحن الزارعون ۝ لو نشاء لجعلناه حطاما فظلتم تفكهون ۝ انا لمغرمون بل نحن محرومون ۝ أفرأيتم الماء الذى تشربون أأنتم انزلتموه من المزن أم نحن المنزلون ۝ لو نشاء جعلناه اجاجا فلولا تشكرون ۝ أفريتم النار التى تورون ۝ أأنتم انشأتم شجرتها ام نحن المنشؤن نحن جعلناها تذكرة ومتاعا للمقوين ۝
الواقعة : ٦٣-٧٣

www.abulhasanalinadwi.org

നിന്നും വ്യത്യസ്തമായ ഒരു പ്രകൃതി അല്ലാഹു മനുഷ്യന് നല്കിയിട്ടുണ്ട്. സൗന്ദര്യാസ്വാദനം, ശുചിത്വബോധം, വൈവിധ്യരസം, ആഹാരപാനീയങ്ങളിൽ സൂക്ഷ്മചിന്ത, കൃഷിയിൽ അത്യുല്ലാദനം, മനുഷ്യജീവിതത്തിന്ന് ഉണർവ്വും ഉന്മേഷവും നൽകി അതിൻെറ പുരോഗതിയുടെ നിദാനമായി വർത്തിക്കുന്ന വംശവദ്ധനവിൽ അഭിമാനബോധം തുടങ്ങിയ വികാരം –ഇതാണ് പ്രത്യേകമായ ആ പ്രകൃതി. യഥാർത്ഥത്തിൽ ഈ ഒരു വികാരമാണ് മനുഷ്യജീവിതത്തിൻെറ സകല പുരോഗതിയുടെയും പരിഷ്കാരത്തിൻെറയും അടിസ്ഥാനശിലയും ആണിക്കല്ലുമായി വർത്തിക്കുന്നത്. അതുകൊണ്ടാണ് പ്രസ്തുത വികാരത്തിൻെറ കടിഞ്ഞാൺ അല്ലാഹു അയച്ചിട്ടിരിക്കുന്നത്.

'' അവരെയും ഇവരെയുമെല്ലാം നാം സഹായിക്കും. നിൻെറ നാഥൻെറ ദാനമത്രെ അത്. നിൻെറ നാഥൻെറ ദാനം (ആക്കും) തടയപ്പെട്ടതല്ല. അവരിൽ ചിലർക്ക് ചിലരേക്കാൾ നാം ശ്രേഷ്ഠത നല്കിയതെങ്ങനെ എന്ന് നോക്കുക! സത്യമായും പരലോകം അതിമഹത്തായ പദവികളുള്ളതും അധികമായ ശ്രേഷ്ഠതയുള്ളതുമാണ്. ''

പരസ്പരം സഹായിക്കുക, അവകാശങ്ങൾ വകവെച്ചുകൊടുക്കുക, രാജ്യത്ത് സമാധാനവും ശാന്തിയും കാത്തുസൂക്ഷിക്കുക, മാന്യമായി ആഹരിക്കുക, എല്ലാവർക്കും ഉപകാരപ്രദമായ വസ്തുക്കൾ നിർമ്മിക്കുക, ആ മാർഗ്ഗത്തിൽ ഏതെല്ലാം ദിക്കിലേക്കും ദേശങ്ങളിലേക്കും യാത്ര ചെയ്യേണ്ടി വന്നാലും അത് ചെയ്യുക, ഏത് അപകടരംഗങ്ങളിലും ആത്മത്യാഗത്തോടെ മുന്നേറുക തുടങ്ങിയ വികാരങ്ങളെയും അല്ലാഹു അവൻെറ ഹൃദയത്തിൽ ഇട്ടുകൊടുത്തിരിക്കുന്നു. മാനവരാശിയിലെ ഒരു തലമുറയോ, ചരിത്രത്തിലെ ഏതെങ്കിലും ഒരു ഘട്ടമോ ഈ വികാരത്തിൽ

---

كلا نمد هؤلاء وهؤلاء من عطآء ربك وما كان عطآء ربك محظورا، انظر كيف فضلنا بعضهم على بعض وللآخرة اكبر درجات واكبر تفضيلا

الاسراء: ٢٠-٢١

www.abulhasanalinadwi.org

നിന്നും കഴിവിൽനിന്നും ഒഴിവാക്കപ്പെടുകയോ തടയപ്പെടുകയോ ചെയ്തിട്ടില്ല.

"ഖുറൈശികളുടെ (ഇടയിൽ) രഞ്ജിപ്പ് സൃഷ്ടിച്ചതിനുവേണ്ടി, ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രയുമായി അവരെ കൂട്ടിയിണക്കിയതിനുവേണ്ടി, അവർക്ക് ഉപജീവനം നൽകി വിശപ്പിൽനിന്ന് അവരെ രക്ഷിക്കുകയും ഭയത്തിൽ നിന്ന് അവക്ക് സുരക്ഷിതത്വം നല്കുകയും ചെയ്ത ഈ ഗേഹത്തിന്റെ ഉടമയെ അവർ ആരാധിക്കട്ടെ."

## ഒരു വസ്തുവിലും മനുഷ്യന് യഥാർത്ഥമായ ഉടമാവകാശമില്ല

അപ്പോൾ മനുഷ്യന്റെ ദൗർബല്യവും ദാരിദ്ര്യവും അജ്ഞതയും അശക്തിയുമെല്ലാം ആത്യന്തികമായ രൂപത്തിൽ ഇവിടെ പ്രകടമാണ്. അതോടൊപ്പംതന്നെ അവന്ന് നിരന്തരമായി ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ രക്ഷാകർതൃത്വവും സംരക്ഷണവും സൂര്യപ്രകാശംപോലെ സുവ്യക്തമാകുന്നു. അതിനാൽ മനുഷ്യാവസ്ഥയുടെ ഈ സർവ്വാംഗീകൃത സത്യവും പ്രകൃതിയാഥാർത്ഥ്യവും മുന്നിൽവെച്ച് ചിന്തിക്കുമ്പോൾ ശുദ്ധമായ ബുദ്ധിയും, ന്യായശാസ്ത്രവും അവികലമായ അഭിരുചിയും അവനോട് ഇപ്രകാരം സംസാരിക്കുന്നു: മനുഷ്യാ! നിനക്കിവിടെയുള്ള അധികാരവും അവകാശവും ഉടമസ്ഥതയുമെല്ലാം, കേവലം പിതാവിന്റെ കൈതണ്ടയിലും മാതാവിന്റെ മടിത്തട്ടിലും കാരുണ്യവും വാത്സല്യവുംപററി കഴിഞ്ഞുകൂടുന്ന ഒരു ചോരക്കുഞ്ഞിന്റേതുപോലെയാണ്. അല്ല, അതിനേക്കാൾ എത്രയോ മടങ്ങ് നിസ്സാരവും നിരുപമവുമായ ഉടമാവകാശവും അധികാരവുമാണിവിടെയുള്ളത്. ഇതുതന്നെ ഒരുദാഹരണത്തിന് പറഞ്ഞുവെന്നുമാത്രം. കാരണം എത്രയോ വലുതാണീ പ്രപഞ്ചം! പരമോന്നതനും സർവ്വശക്തനുമായ രക്ഷിതാവിന്റെ 'അനന്തമജ്ഞാതമവർണ്ണനീയ'മായ ഈ ബ്ര

---

لايلاف قريش ايلافهم رحلة الشتاء والصيف فليعبدوا رب هذا البيت الذى اطعمهم من جوع وآمنهم من خوف، سورة قريش

www.abulhasanalinadwi.org

ഹമാണ്ഡകടാഹത്തിൽനിന്ന് ലഭിക്കുന്ന സുഖസൗകര്യങ്ങളെയും സജ്ജീകരണങ്ങളെയും ആ പിഞ്ചുപൈതലിന് അതിന്റെ ബാപ്പയുടെ വലിയ വീട്ടിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളോട് ഉപമിക്കുവാൻ പററുമോ ? ഇല്ലതന്നെ. എന്തുകൊണ്ട്?

'' ആകാശങ്ങളിലും ഭൂമിയിലും ഏററവും ഉന്നതമായ ഉപമയാണ് അവനുള്ളത്. അവൻ പ്രതാപശാലിയും അഗാധമായ യുക്തിജ്ഞനുമാണ് '' അതിനാൽ ഏതെങ്കിലും ഒരു വസ്തുവിനെ മനുഷ്യൻ അവന്റെ അജ്ഞത നിമിത്തം അതിന്റെ ഉടമാവകാശവും അധീനത്വവും തന്നിലേക്ക് ചേർത്തു പറയുന്നെങ്കിൽ അത് തിരുത്തുകയും ആ വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥനും സ്രഷ്ടാവുമാരാണോ അവനിലേക്ക് മാത്രം ചേർത്തുപറയുകയും ചെയ്യുക. അതെ, പ്രസ്തുത വസ്തുക്കളെ അവൻ സൃഷ്ടിച്ച്, കാത്തുരക്ഷിച്ച്, മനുഷ്യന്റെ നിർമ്മിതവും നിശ്ചിതവുമായ ചില ലക്ഷ്യങ്ങൾക്കും സന്ദർഭങ്ങൾക്കും മാർഗ്ഗങ്ങൾക്കുംവേണ്ടിമാത്രം സൗകര്യപ്പെടുത്തിയിരിക്കുന്നു.

## ഇസ്ലാമിക സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന വീക്ഷണം; എല്ലാ വസ്തുവിന്റെയും ഉടമാവകാശം ദൈവത്തിന്ന്

(സകല മതങ്ങളെയും സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകളെയും നയിക്കുന്ന) ഈ യാഥാർത്ഥ്യത്തെ മുന്നിൽവെച്ചുകൊണ്ട് വിശുദ്ധഖുർആൻ മനുഷ്യന്റെ അഖില അവസ്ഥളെയും ക്രയവിക്രയങ്ങളെയും അല്ലാഹുവിന്റെ നിയന്ത്രണപരിധിയിൽ കൊണ്ടുവന്നു. അതെല്ലാം മനുഷ്യന്ന് കേവലം 'അമാനത്തും ഖിലാഫത്തും' (അവന്റെ കല്പനാനുസൃതമായി വിശ്വസ്തതയോടെ കൈകാര്യം ചെയ്യേണ്ട സ്വത്ത്) എന്ന രൂപത്തിലാണ് ഏല്പിക്കുകയും അവനിലേക്ക് ചേർത്തുപറയുകയും ചെയ്തിരിക്കുന്നത് അതിനാൽ മുസ്ലിംകളോടുള്ള ഖുർആന്റെ ശൈലി ചില സന്ദർഭങ്ങളിൽ ഇങ്ങനെയാണ്:

---

وله المثل الاعلى في السموات والارض وهو العزيز الحكيم
الروم: ٢٧

www.abulhasanalinadwi.org

''അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ള അവൻെറ ധനത്തിൽനിന്ന് അവർക്ക് നിങ്ങൾ കൊടുക്കുവിൻ.'' മററു ചിലപ്പോൾ ഖുർആൻ ഇങ്ങനെ പറയുന്നു:

''അവൻ ഏതൊന്നിൽ നിങ്ങളെ പ്രതിനിധികളാക്കിയിരിക്കുന്നുവോ അതിൽനിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുക.'' സകല വസ്തുക്കളുടെയും അക്ഷരാർത്ഥത്തിലുള്ള യഥാർത്ഥ ഉടമയും അനന്തരാവകാശിയും അല്ലാഹുവാണെന്ന് മേൽസൂക്തങ്ങളിൽനിന്ന് വ്യക്തമാകുന്നു. അതിനാൽ എത്രതന്നെ മനുഷ്യൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവ് ചെയ്താലും അതിൽ അഭിമാനം നടിക്കാനോ ഔദാര്യസ്വരം മുഴക്കാനോ അവന്ന് അവകാശമില്ല. അല്ലാഹു പറയുന്നത് കാണുക:

''ആകാശങ്ങളുടെയും ഭൂമിയുടെയും അവകാശം അല്ലാഹുവിനുള്ളതായിരിക്കെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ ചിലവഴിക്കാത്തതെന്ത്?''

അപ്പോൾ ഈ വാചകങ്ങളുടെയെല്ലാം തേട്ടവും താല്പര്യവും ഒരേഒരു കാര്യമാണ്. മനുഷ്യന് അവൻെറ അധീനതയിലും ഉടമസ്ഥതയിലുമുള്ള വസ്തുക്കളിലൊന്നും സ്വന്തമായ യാതൊരു അവകാശവുമില്ല. അല്പമായാലും അധികമായാലും അവൻെറ ഇഷ്ടാനുസരണം കൈകാര്യംചെയ്യാൻ അവന്ന് അനുവാദവുമില്ല. ഒന്നുകൂടി വ്യക്തമായിപറഞ്ഞാൽ അവൻ അവൻേറത് എന്നു പറയുന്ന യാതൊരു ധനത്തിലും അല്പംപോലും അവന് അധികാരമില്ലാത്തതോടൊപ്പംതന്നെ നൂറു ശതമാനം അസ്വാതന്ത്ര്യനുമാണ്.

---

وآتوهم من مال الله الذى آتاكم النور: ٣٣

وانفقوا مما جعلكم مستخلفين فيه الحديد: ٧

وما لكم ان لا تنفقوا فى سبيل الله ولله ميراث السموات والارض الحديد: ١٠

www.abulhasanalinadwi.org

## എന്നാൽ മനുഷ്യനിലേക്ക് ധനത്തിന്റെ ഉടമാവകാശം ചേർത്തതിന്റെ രഹസ്യങ്ങളും അതിന്റെ നേട്ടങ്ങളും

എങ്കിലും അല്ലാഹുവിന്റെ അപാരമായ കാരുണ്യവും യുക്തിയും നിമിത്തം സമ്പത്തിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള ഒരു നയം അവന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ഭൂമുഖത്തുള്ള അഖില ധനങ്ങളും സാധനങ്ങളും മനുഷ്യന്റെ കഠിനമായ അദ്ധ്വാനഫലങ്ങളുമൊന്നും അല്ലാഹുവിലേക്ക് മാത്രം ചേർത്തുപറയുകയോ മനുഷ്യനെ അതിൽനിന്ന് പൂർണ്ണമായി ഒഴിവാക്കുകയോ ചെയ്യുന്നുമില്ല. അങ്ങനെ ചെയ്തുവെന്നിരിക്കട്ടെ, എങ്കിൽപോലും അതിൽ ചോദ്യത്തിനോ അത്ഭുതത്തിനോ അവകാശവുമില്ല. പക്ഷേ, അത്മുഖേന ഇവിടെ സംഭവിക്കാൻ പോകുന്നതെന്ത്? മനുഷ്യൻ അവന്റെ എല്ലാമെല്ലാമായ ആത്മവിശ്വാസം, നിശ്ചയദാർഢ്യം, സ്വാശ്രയബോധം, മാത്സര്യബുദ്ധി, അന്വേഷണതൃഷ്ണ തുടങ്ങിയ സകല ഗുണങ്ങളും നഷ്ടപ്പെട്ടവനും, ജീവിതത്തിലെ സുഖസന്തോഷങ്ങൾ തടയപ്പെട്ടവനുമായിത്തീരുന്നു. തന്റെ അത്യദ്ധ്വാനത്തിന്റെയും കഠിനപ്രയത്നത്തിന്റെയും മഹത്തായ ഫലങ്ങൾ കാണുമ്പോൾ ഉണ്ടാകുന്ന ഒരു വികാരമാണല്ലോ ഏതൊരു മനുഷ്യന്റെയും ഇവിടത്തെ സന്തോഷം. മാതാപിതാക്കളുടെ വീടും കുടിയും മറ്റു സമ്പത്തുക്കളും അവരുടെ മക്കളിലേക്ക് ചേർത്തുപറയുമ്പോൾ ആ പിഞ്ചുകുട്ടികൾ പുളകംകൊള്ളുന്നു. ഒരു വസ്തുവിനെകുറിച്ച് അത് തന്റേതാണെന്ന് കേൾക്കുമ്പോൾ ആനന്ദമുണ്ടാവുക എന്നത് മനുഷ്യസഹജമാണ്. ഏതൊരു മനുഷ്യനും ഈ ആനന്ദനിർവൃതിയിൽ ഭഗ്നാശനായാൽ അവന്റെ സകല പ്രവർത്തനങ്ങളിലും ആത്മാർത്ഥത, ഗുണകാംക്ഷ, വികസനചിന്ത, പുരോഗമനതാൽപര്യം, സാധനങ്ങളും സമ്പത്തുകളും കേടുവരാതെ സംരക്ഷിക്കണമെന്ന വിചാരം, സർവ്വോപരി ധനത്തോടുള്ള മോഹം എല്ലാംതന്നെ നശിച്ചുപോകുന്നു. മനുഷ്യജീവിതത്തിന്റെ ഏറ്റവും ബലിഷ്ഠമായ ചാലകശക്തികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കാര്യക്ഷമത, പ്രവർത്തനൗത്സുക്യം, കിടമത്സരബോധം, ശൂരപരാക്രമത്വം തുടങ്ങിയ ഗുണങ്ങൾ കെട്ടടങ്ങുന്നു. മനുഷ്യനെ

www.abulhasanalinadwi.org

അവൻെറ പുരോഗതിയുടെ പട്ടമെത്തയിലേക്ക് കൈപിടിച്ചാനയിക്കുന്ന ഈ വികാരവും വീര്യവും നശിച്ചുപോയാൽ പിന്നെ, അവൻ മനസ്സാക്ഷിയും, ഹൃദയവും, സന്താപ സന്തോഷവുമെല്ലാം നിലച്ചുപോയ ഒരു മൃതപ്രായനായിത്തീരുന്നു. മറെറാരു ഭാഷയിൽ പറഞ്ഞാൽ ഇക്കാണുന്ന വലിയ ലോകം ഒരു വലിയ ഫാക്ടറി; അതിൽ മനുഷ്യരെല്ലാം ചലിക്കുന്ന ചില യന്ത്രങ്ങൾ മാത്രം എന്ന സ്ഥിതിയാകും.

അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ ധനത്തിൻെറ ഉടമാവകാശം അതിൻെറ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിലേക്ക് ചേർത്ത്പറയാതെ മനുഷ്യനിലേക്ക് ചേർത്ത് ആവർത്തിച്ചാവർത്തിച്ച് പല സ്ഥലങ്ങളിലായി പ്രഖ്യാപിച്ചത്:

"നിങ്ങളുടെ മുതലുകൾ നിങ്ങൾ അന്യോന്യം അന്യായമായി തിന്നുകയോ, അറിഞ്ഞുകൊണ്ട് ജനങ്ങളുടെ മുതലുകളിൽ ഒരു ഭാഗം കുററകരമായി നിങ്ങൾക്ക് ഭുജിക്കാൻവേണ്ടി അതം ഭരണാധിപന്മാരുടെ അടുത്തേക്ക് വലിച്ചിഴക്കുകയോ ചെയ്യരുത്."

"അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചിലവാക്കുകയും, പിന്നെ അവർ കൊടുത്തതിനെ എടുത്തുപറഞ്ഞുകൊണ്ട് ശകാരവും ഉപദ്രവവും തൊട്ടുത്തുവിടാതിരിക്കുകയുംചെയ്യുന്നതാരാണോ അവർക്ക് അവരുടെ രക്ഷിതാവിൻെറ പക്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടുകയോ ദുഃഖിക്കുകയോ ചെയ്യേണ്ടിവരില്ല."

---

ولا تأكلوا اموالكم بينكم بالباطل وتدلوا بها الى الحكام لتاكلوا فريقا
من اموال الناس بالاثم وانتم تعلمون　　البقرة : ١٨٨

الذين ينفقون اموالهم فى سبيل الله ثم لا يتبعون ما انفقوا منا ولا
اذى لهم اجرهم عند ربهم ولا خوف عليهم ولا هم يحزنون
البقرة : ٢٦٢

www.abulhasanalinadwi.org

'' അല്ലയോ സത്യവിശ്വാസികളേ! നിങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും, ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചുതരുന്നവയിൽനിന്നും നിങ്ങൾ ചിലവ്ചെയ്യുക.''

'' നിങ്ങൾക്ക് നിലനിൽപിന്നായി അല്ലാഹു ഉണ്ടാക്കിതന്ന നിങ്ങളുടെ മുതലുകൾ, വിവേചനശക്തിയില്ലാത്ത വിഡ്ഢികൾക്ക് നിങ്ങൾ ഏൽപിച്ചുകൊടുക്കരുത്.''

'' നിങ്ങൾ വിശ്വസിക്കുകയും ഭക്തിയവലംബിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങളുടെ പ്രതിഫലങ്ങൾ നിങ്ങൾക്കവൻ നൽകും, നിങ്ങളുടെ മുതലുകൾ അവൻ ചോദിക്കുകയില്ല.''

ഇങ്ങനെ ധാരാളം സൂക്തങ്ങളിൽ ധനത്തെ മനുഷ്യനിലേക്ക് ചേർത്തുപറഞ്ഞതായി വിശുദ്ധഖുർആനിൽ നമുക്ക് കാണാം. എന്നു മാത്രമല്ല അവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവ് ചെയ്യുന്നതിനേയും സാധുക്കളായ അവൻെറ ദാസന്മാരെ സഹായിക്കുന്നതിനേയും അല്ലാഹു വിശേഷിപ്പിക്കുന്നതുതന്നെ ഒരു കടമായിട്ടാണ്. കടമാകുമ്പോൾ അത് മടക്കികൊടുക്കാൻ അല്ലാഹു ബാദ്ധ്യസ്ഥനാണ് എന്ന അർത്ഥത്തിൽ ഖുർആൻ പറയുന്നു:

''നല്ല രൂപത്തിൽ അല്ലാഹുവിന് കടം കൊടുക്കുന്നവൻ ആരുണ്ട്? ഉണ്ടെങ്കിൽ അവന്ന് അതിനെ അനവധി മടങ്ങായിട്ട് മടക്കികൊടുക്കും.'' മറെറാരു സ്ഥലത്ത് പറയുന്നു:

---

يا ايها الذين آمنوا انفقوا من طيبات ما كسبتم ومما اخرجنا لكم من الارض البقرة: ٢٦٧

ولا تؤتوا السفهاء اموالكم التى جعل الله لكم قياما النساء: ٥

وان تؤمنوا وتتقوا يؤتكم اجوركم ولا يسألكم اموالكم محمد: ٣٦

من ذا الذى يقرض الله قرضا حسنا فيضاعفه له اضعافا كثيرة البقرة: ٢٤٥

www.abulhasanalinadwi.org

'' അല്ലാഹുവിന്ന് നിങ്ങൾ നല്ല രൂപത്തിൽ കടംകൊടുത്താൽ അവൻ നിങ്ങൾക്കതിനെ ഇരട്ടിപ്പിച്ച് (മടക്കി) തരുന്നതാണ്. ''

'' നിങ്ങൾ നമസ്കാരം കൃത്യമായി നിലനിർത്തുക, സക്കാത്ത് കൊടുക്കുകയും, അല്ലാഹുവിന്ന് നല്ല രൂപത്തിൽ കടംകൊടുക്കുകയും ചെയ്യുക. ''

## 'ഖിലാഫത്ത്—അമാനത്ത്' ചിന്ത ഖുർആൻ എങ്ങനെ സ്ഥാപിച്ചു ?

എല്ലാ വസ്തുക്കളും അല്ലാഹുവിൻെറ നിരുപാധികമായ ആധിപത്യത്തിൻ കീഴിലാണ്. ഈ ഭൂമുഖത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളുടെയും യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുതന്നെ. മനുഷ്യപുത്രൻ സ്വകരങ്ങൾകൊണ്ട് സമ്പാദിച്ചുകൂട്ടിയ സ്വത്തുക്കളും ഇപ്പറഞ്ഞതിൻെറ പുറത്തല്ല ഈ യാഥാർത്ഥ്യമാണ് വിശുദ്ധഖുർആൻ മുസ്ലിംകളിൽ ഒന്നാമതായി നട്ടുവളർത്തിയത്. ആദ്യകാലമുസ്ലിംകളുടെ ചിന്തയിലും ജീവിതത്തിലും ഈ യാഥാർത്ഥ്യബോധം സ്വാധീനം ചെലുത്തി. അതുകൊണ്ട് മാത്രമാണ് അവർ തങ്ങളെ തങ്ങളുടെ ധനത്തിൽ വിശ്വസ്തരായ പ്രതിനിധികളായി കണ്ടത്. സ്വന്തം അഭീഷ്ടത്തിന്നനുസരിച്ച് അവർ തങ്ങളുടെ ധനങ്ങളെ കൈകാര്യം ചെയ്തില്ല. അത് ആവശ്യമായ രംഗങ്ങളിൽ ചെലവുചെയ്യുന്ന സമയത്ത് ലോകമാന്യതയോ, അഹംഭാവമോ, അഹന്തയോ അവരെ സ്പർശിക്കുകപോലും ചെയ്യാതിരുന്നതിൻെറ രഹസ്യവും അതുതന്നെയാണ്,

വിവിധ മാർഗ്ഗങ്ങളിലൂടെ, വ്യത്യസ്ത ശൈലിയിലൂടെ, ഖിലാഫത്ത്, അമാനത്ത് എന്നിവയെകുറിച്ചുള്ള ബോധം ഒരേ

---

ان تقرضوا الله قرضا حسنا يضاعفه لكم — سورة التغابن: ١٧

وأقيموا الصلاة وآتوا الزكاة واقرضوا الله قرضا حسنا — سورة المزمل: ٢٠

www.abulhasanalinadwi.org

സമയത്ത് അവരുടെ ചിന്തയിലും ചിത്തത്തിലും വിശുദ്ധ ഖുർആൻ ഊട്ടിയുറപ്പിച്ചു. അവർ ചോരനീരാക്കി കഠിനമായ ത്യാഗത്തിലൂടെയും അന്യാദൃശമായ പരിചയസമ്പത്തിലൂടെയും കരസ്ഥമാക്കിയതാണ് തങ്ങളുടെ സമ്പത്തെങ്കിലും 'ഇന്ന്' മുതൽ ഞാൻ മുസ്‌ലിമായിരിക്കുന്നു. എന്ന് പ്രഖ്യാപിക്കുന്ന തോടുകൂടി പ്രസ്തുത സമ്പത്തുകൾ മുഴുവനും അല്ലാഹുവിൻെറതായിത്തീരുന്നു ഒരു വ്യക്തി സാക്ഷ്യവാക്യം ( كلمة الشهادة ) പ്രഖ്യാപിക്കുന്നതോടുകൂടി നിലവിൽവരുന്ന യാഥാർത്ഥ്യമാണിത്. അവൻ തൻെറ എല്ലാം അല്ലാഹുവിനർപ്പിച്ചിരിക്കുന്നുവെന്നാണ് മുസ്ലിമാകുന്നതിൻെറ വിവക്ഷ. അപ്പോൾ അല്ലാഹുവിന് അവൻ ഏൽപിച്ചുകൊടുത്ത സൂക്ഷിപ്പ്സ്വത്ത് എപ്പോൾ വേണമെങ്കിലും തിരിച്ചാവശ്യപ്പെടാം. അല്ലാഹു മുസൽമാനിൽനിന്ന് വിലക്കുവാങ്ങിയ ചരക്ക് അവനുദ്ദേശിക്കുന്ന സമയത്ത് ആവശ്യപ്പെട്ടം:

'' നിശ്ചയം അല്ലാഹു സത്യവിശ്വാസികളിൽനിന്ന് അവരുടെ ആത്മാക്കളെയും ധനങ്ങളെയും അവക്ക് സ്വർഗ്ഗം കൊടുത്തുകൊണ്ട് വിലക്ക് വാങ്ങിയിരിക്കുന്നു. ''

ധനത്തോടുള്ള പ്രേമം അവനെ കീഴടക്കരുതെന്ന് ഖുർആൻ അവനോട് താക്കീത് ചെയ്തു. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിനേക്കാളും മനുഷ്യൻ തൻെറ അഭിലാഷങ്ങൾക്കും ആശകൾക്കും പ്രാധാന്യം കൊടുക്കരുതെന്നും പഠിപ്പിച്ചു. തങ്ങളുടെ ധനത്തിൽ തങ്ങൾക്ക് യഥേഷ്ടം കൈകാര്യം ചെയ്യാനും, പിശുക്ക് കാണിക്കാനും അധികാരമുണ്ടെന്ന് വിശ്വസിക്കുന്നവർക്കെല്ലാം ശക്തമായ ഭാഷയിലാണ് ഖുർആൻ മുന്നറിയിപ്പ് കൊടുക്കുന്നത്.

'' പറയുക! നിങ്ങളുടെ മാതാപിതാക്കൾ, പുത്രന്മാർ, സഹോദരങ്ങൾ, ഇണകൾ, കുടുംബങ്ങൾ എന്നിവരും, നിങ്ങൾ സമ്പാദിച്ച മുതലുകൾ, ചിലവാകാതെ മുടങ്ങിപ്പോകുമെന്ന്

---

ان الله اشترى من المؤمنين أنفسهم واموالهم بان لهم الجنة

سورة التوبة : ١١١

www.abulhasanalinadwi.org

നിങ്ങൾ ഭയപ്പെടുന്ന കച്ചവടച്ചരക്കുകൾ, നിങ്ങൾക്ക് പ്രിയങ്കരമായ ഭവനങ്ങൾ, എന്നിവയും അല്ലാഹുവിനെക്കാളും അവന്റെ പ്രവാചകനെക്കാളും അവന്റെ മാർഗ്ഗത്തിൽ സമരംചെയ്യുന്നതിനെക്കാളും നിങ്ങൾക്കധികം ഇഷ്ടപ്പെട്ടവയായിട്ടുണ്ടെങ്കിൽ അല്ലാഹു അവന്റെ കല്പനയുമായി വരുന്നതുവരെ നിങ്ങൾ കാത്തിരുന്നുകൊള്ളുക. താന്തോന്നികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല. ''

ഏതൊരു ദീനിന്റെ തണലിലാണോ മുസൽമാൻ ഇവിടെ സുരക്ഷിതനായിരിക്കുന്നത് പ്രസ്തുത ദീനിന്റെ മാർഗ്ഗത്തിൽ തന്റെ ധനവും ദേഹവുമെല്ലാം ഉന്നത മനക്കരുത്തോടെയും ഔദാര്യ മനസ്ഥിതിയോടെയും വ്യയം ചെയ്യേണ്ടതുണ്ട്. അതിന് സന്നദ്ധരാകാത്ത എല്ലാവർക്കും വിശുദ്ധഖുർആൻ ശക്തമായ മുന്നറിയിപ്പ് നൽകുന്നു. ''ആത്മഹത്യാ''പരമായ ഒരു നയമാണവർ കൈക്കൊള്ളുന്നത് എന്ന് പറയാം. ഖുർആൻ ഉണർത്തുന്നത് കാണുക:

'' അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവ്ചെയ്യുക. നിങ്ങൾ നിങ്ങളെത്തന്നെ നാശത്തിൽ വീഴ്ത്തരുത്. നിങ്ങൾ സുകൃതം പ്രവർത്തിക്കുക. നിശ്ചയം സുകൃതികളെ അല്ലാഹു സ്നേഹിക്കുന്നു. ''

## ഖിലാഫത്തും അമാനത്തും ആദ്യകാലക്കാരിൽ

മാതൃകാ മന്നന്മാരായ സഹാബാ കിറാമിന്റെ മക്കളും മുത

---

قل ان كان آبائكم وابنائكم واخوانكم وازواجكم وعشيرتكم واموال اقترفتموها وتجارة تخشون كسادها ومساكن ترضونها احب اليكم من الله ورسوله وجهاد فى سبيله فتربصوا حتى يأتى الله بأمره والله لا يهدى القوم الفاسقين — سورة التوبة: ٢٤

وانفقوا فى سبيل الله ولاتلقوا بايديكم الى التهلكة واحسنوا ان الله يحب المحسنين — البقرة: ١٩٥

www.abulhasanalinadwi.org

ലും ദേഹവും ധനവും കച്ചവടവും കൃഷിയും, എന്നുവേണ്ട തങ്ങ ളുടെ അധീനതയിലുള്ള എല്ലാ വസ്തുക്കളും പ്രവാചകൻെറ നിർദ്ദേശത്തിനും ഇസ്ലാമിൻെറ നന്മക്കും വിട്ടുകൊടുത്തു. മക്കയിൽനിന്ന് പലായനം ചെയ്യുന്നതിന്മുമ്പ് സകല സ ഹാബികളും ചെയ്തതങ്ങനെയാണ്. മഹാത്മാരായ അബൂ ബക്കർസിദ്ദീഖ്, ഉസ്മാൻബ്നുഅഫ്ഫാൻ, അബ്ദുറഹ്മാനി ബ്നഔഫ്, സുഹൈബ്റൂമി, അബൂസലമ (റ) തുടങ്ങിയ വരും മററു മഹാത്മാരായ മുഹാജിറുകളും മക്കാജീവിതത്തിൽ ഇതിൻെറ ഉത്തമമായ മാതൃകകളായിരുന്നു. പരിശുദ്ധഖുർആൻ എന്താണോ അവരോട് ആവശ്യപ്പെട്ടത് അതവർ പൂർണ്ണമായി നടപ്പാക്കി. മദീനാ മുനവ്വറയിൽ അൻസാറുകളായ സഹാബി കൾ കാഴ്ചവെച്ചതും ഇതേ മഹത്തായ മാതൃകതന്നെയായിരുന്നു.

ബദ്ർയുദ്ധത്തിന് മുമ്പായി നബി (സ) യോട് സഅ ദുബ്നുമുആദ് (റ) നടത്തിയ സംഭാഷണത്തിൽനിന്ന് ഇതി ൻെറ സമ്പൂർണ്ണമായ ചിത്രം നമുക്ക് മനസ്സിലാക്കാം.

മക്കയിൽനിന്ന് ഖുറൈശികൾ ആക്രമണത്തിന് പുറ പ്പെട്ടിരിക്കുന്നു എന്ന വാർത്ത നബി (സ) ക്ക് ലഭിച്ചു. ഉടനെ അവിടുന്ന് സഹാബികളുമായി കൂടിയാലോചന നടത്തുകയും അഭിപ്രായമാരായുകയും ചെയ്തു. മുഹാജിറുകൾ വളരെ നല്ല രൂപത്തിൽ മറുപടി കൊടുത്തു. രണ്ടാമതും നബി (സ) മുഹാ ജിറുകളോട് അഭിപ്രായം ആരാഞ്ഞു. അപ്പോഴും അവരെല്ലാം അത്യുത്തമമായ രൂപത്തിൽ മറുപടി കൊടുക്കുകയുണ്ടായി. വീണ്ടും അവിടുന്ന് മുഹാജിറുകളോട്തന്നെ ഈ പ്രശ്നത്തിന് കൂടിയാലോചന നടത്തുന്നത് അൻസാറുകൾ കണ്ടു. മുഹാ ജിറുകളോടാണ് നബി (സ) സംഭാഷണം നടത്തുന്നതെങ്കിലും തങ്ങളുടെ അഭിപ്രായമാണ് അവിടുത്തേക്ക് അറിയേണ്ടതെ ന്ന് അപ്പോൾ അൻസാറുകൾ മനസ്സിലാക്കി. ഉടനെ അവ രിൽനിന്ന് സഅദ്ബ്നു മുആദ് (റ) മുന്നോട്ട് വന്നുകൊണ്ട് പറഞ്ഞു: അങ്ങയുടെ സംഭാഷണത്തിൻെറ സൂചന ഞങ്ങ ളുടെ നേരെയായിരിക്കാം? സത്യം അതായിരുന്ന് തങ്ങളുടെ വീട്ടിലും നാട്ടിലും താമസിക്കുമ്പോൾ അന്യരുടെ ആക്രമണ മുണ്ടായാൽ അൻസാറുകൾ സംരക്ഷണവും സഹായവും നല്കു മെന്നായിരുന്നു ഏററിരുന്നത്. എന്നാൽ ഇപ്പോൾ നാട്ടിൻെറ

www.abulhasanalinadwi.org

യും വീട്ടിന്റെയും പുറത്ത്പോയിട്ടാണ് നബി (സ) ശത്രുക്കളെ നേരിടാൻ പോകുന്നത്. ഈ സാഹചര്യത്തിൽ അവരിൽനിന്ന് വല്ലതും പ്രതീക്ഷിക്കാമോ എന്നതായിരുന്നു അവിടത്തെ ചിന്ത. അത് മനസ്സിലാക്കാൻവേണ്ടിയാണ് നബി (സ) പൊതുവായി എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ കൂടിയാലോചന നടത്തിയത്. അപ്പോൾ സഅദ്ബ്നുമുആദ് (റ) മുന്നോട്ട് വന്നുകൊണ്ട് പറഞ്ഞു: ഒരു പക്ഷേ,അവിടുന്ന് ഇങ്ങനെ ധരിച്ചേക്കാം: ''അൻസാറുകൾ അങ്ങേക്ക് അഭയവും സഹായവും വാഗ്ദാനം ചെയ്തിരിക്കുന്നത് കേവലം അവരുടെ ഗേഹങ്ങളിൽവെച്ച് മാത്രമാണ്. എന്നാൽ ഞാൻ അൻസാറുകളെ പ്രതിനിധീകരിച്ചുകൊണ്ട് പറയുന്നു: അങ്ങ് എങ്ങോട്ട് പോകാനുദ്ദേശിക്കുന്നുവോ അങ്ങോട്ട് പോവുക; ആരോട് ബന്ധം സ്ഥാപിക്കാനുദ്ദേശിക്കുന്നുവോ സ്ഥാപിച്ചുകൊള്ളുക; ആരോട് ബന്ധം വിച്ഛേദിക്കാനുദ്ദേശിക്കുന്നുവോ വിച്ഛേദിച്ചുകൊള്ളുക; ഞങ്ങളുടെ ധനത്തിൽനിന്ന് എത്രമാത്രം എടുക്കാൻ വിചാരിക്കുന്നുവോ എടുത്തുകൊള്ളുക; അങ്ങയുടെ തൃക്കരങ്ങൾ ഞങ്ങളുടെ സ്വത്തിൽനിന്ന് എടുത്ത ഓഹരി അങ്ങ് ഒഴിച്ചിട്ടതിനേക്കാൾ ഞങ്ങൾക്ക് പുണ്യവും പ്രിയങ്കരവുമാണ്; അങ്ങ് എന്ത് ആജ്ഞാപിക്കുന്നുവോ അത് ഞങ്ങൾ നിരുപാധികമായി അനുസരിക്കും; അല്ലാഹുവിനെ തന്നെയാണ് സത്യം, അവിടുന്ന് 'ബറുക്ക്ഗമദാൻ'വരെ പോകാൻ തീരുമാനിച്ചുകഴിഞ്ഞാൽ ഞങ്ങളും അങ്ങയെ പിൻപററും. അല്ലാഹുവിനെതന്നെയാണ് സത്യം, അവിടുന്ന് ഈ സമുദ്രത്തിലൂടെ ഊളിയിടുകയാണെങ്കിൽ ഞങ്ങളും അങ്ങയുടെകൂടെത്തന്നെയുണ്ടായിരിക്കും. മടിച്ചുനില്ക്കുകയില്ല.'' *

## അല്ലാഹുവിന്റെ മാർഗത്തിൽ വ്യയം ചെയ്യാനുള്ള പ്രേരണ; അതിൽ മുസ്ലിംകളുടെ സാഹസികതയും ശുഷ്കാന്തിയും

ധനം അല്ലാഹുവിന്റേതാണ്. അത് തങ്ങളുടെ കരങ്ങളിൽ കേവലം അമാനത്ത് മാത്രമാണ്. ഈ വിശ്വാസം അവരുടെ മനസ്സിനെ മഥിക്കുകയും ഹൃദയത്തെ കീഴടക്കുകയും

* സാദുൽമആദ് വാ: 1, പേ: 136

www.abulhasanalinadwi.org

ചെയ്യപ്പോഴാണ്‌ 'ജീവിതത്തിലെ അത്യാവശ്യങ്ങളും, ദീനി ന്റെ അടിസ്ഥാനപരമായ കടമകളും നിർവ്വഹിച്ചതിന്‌ ശേഷം അവശേഷിക്കുന്നതെല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വ്യയം ചെയ്യുക' എന്ന്‌ അല്ലാഹു അവരോട്‌ ആവശ്യപ്പെട്ടത്‌.

'' എത്ര ചെലവ്‌ ചെയ്യണമെന്ന്‌ അവർ നിന്നോട്‌ ചോദി ക്കുന്നു. പറയുക: അത്യാവശ്യം കഴിച്ച്‌ ബാക്കിയുള്ളത്‌.''

അല്ലാഹുവിന്റെ ഈ ആവശ്യത്തെ തുറന്ന മനസ്സോടെ, അതുല്യമായ ആത്മാർത്ഥതയോടെ, പ്രവഹിക്കുന്ന ഔദാര്യ ത്തോടെ അവർ സ്വാഗതം ചെയ്തു. 'ധനം അല്ലാഹുവിന്റേതാ ണ്‌. അവരെല്ലാം അതിന്റെ സൂക്ഷിപ്പുകാരും, ഖജാഞ്ചികളും കൈകാര്യകർത്താക്കളും മാത്രമാണ്‌' എന്ന വിശ്വാസം അവ രിൽ അടിയുറച്ചത്‌ കാരണമായിട്ടായിരുന്നു അവർക്കതിന്‌ കഴിഞ്ഞത്‌. എന്ത്‌ ത്യാഗം സഹിക്കാനും അവർ സന്നദ്ധ രായി. സ്വന്തം ആവശ്യങ്ങൾ മാററിവെച്ച്‌ അതിസാഹസി കമായ കഷ്ടപ്പാടുകൾപോലും സഹിച്ച്‌ അവർ മററുള്ളവ ർക്കുവേണ്ടി ചെലവ്‌ചെയ്തു. ഹ: അബൂത്വൽഹത്തുൽ അൻസാ രി ആതിഥേയത്വംവഹിച്ച സംഭവം ചരിത്രത്തിന്റെ താളു കൾക്ക്‌ ചേതോഹരമായി നിലകൊള്ളുന്നു. മാനവനാഗരിക തയുടെ മുഴുവൻ ചരിത്രം പരതിയാലും ഔദാര്യത്തിന്റെ യും പരകാര്യതല്പരതയുടെയും ഇത്തരത്തിലുള്ള പ്രതീകങ്ങ ളെ കണ്ടെത്താൻ വളരെ പ്രയാസമാണ്‌. അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: ഒരു മനുഷ്യൻ നബി (സ) യുടെ സാന്നിദ്ധ്യ ത്തിൽ വന്നുകൊണ്ട്‌ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! എ നിക്ക്‌ ശക്തമായ വിശപ്പും ദാഹവുമുണ്ട്‌. ഉടനെ അവിടുന്ന്‌ സ്വന്തം ഭാര്യമാരുടെ അടുക്കലേക്ക്‌ ആളെ അയച്ചു. അവി ടെയെങ്ങും ഒന്നുമില്ലായിരുന്നു. തുടർന്ന്‌, ഇദ്ദേഹത്തെ ഇന്ന്‌ രാത്രി സല്കരിക്കാൻ ആരുണ്ട്‌? എന്ന്‌ നബി (സ) ചോദി ച്ചു. ഇത്‌കേട്ട്‌ അൻസാരിയായ അബൂതൽഹ എഴുന്നേററു നിന്നുകൊണ്ട്‌ പറഞ്ഞു: ''ഞാൻ ഒരുക്കമാണ്‌ പ്രവാചകരേ.'' അങ്ങനെ അദ്ദേഹം വീട്ടിലെത്തി. ഭാര്യയോട്‌ പറഞ്ഞു: ഇ

---

ويسئلونك ماذا ينفقون قل العفو — البقرة: ٢١٩

ത് തിരുദൂതർ അയച്ച അതിഥിയാണ്; ഇവിടെ എന്തെങ്കിലും ഉണ്ടെങ്കിൽ അദ്ദേഹത്തിന് കൊടുക്കുക. "നമ്മുടെ പിഞ്ചുമക്കളുടെ ആഹാരം മാത്രമാണിവിടെയുള്ളത്" എന്നായിരുന്നു ഭാര്യയുടെ മറുപടി. അപ്പോൾ അദ്ദേഹം നിർദ്ദേശിച്ചു: ഏതെങ്കിലും മാർഗ്ഗേണ നമ്മുടെ പിഞ്ചുമക്കളെ നീ ഉറക്കുക; എന്നിട്ട് ഞങ്ങൾ ആഹാരംകഴിക്കുമ്പോൾ നീ വന്നുകൊണ്ട് വിളക്കണെക്കുകയും ചെയ്യുക; അങ്ങനെ നമുക്കെല്ലാം ഇന്ന് പട്ടിണിയായി കഴിച്ചുകൂട്ടാം. അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. പ്രഭാതമായി അബൂത്വൽഹ (റ) നബി(സ)യുടെ സന്നിധിയിൽ എത്തി. അപ്പോൾ അവിടുന്ന് പറഞ്ഞു: "ഒരു പുരുഷൻെറയും സ്ത്രീയുടെയും പ്രവർത്തനത്തിൽ അല്ലാഹു അത്ഭുതപ്പെട്ടിരിക്കുന്നു. അവൻ അതുകണ്ട് ചിരിച്ചുപോയി." അപ്പോഴാണ് വിശുദ്ധഖുർആനിലെ ഈ വാചകം അവതരിച്ചത്:

"തങ്ങൾക്ക് പ്രത്യേകമായ ആവശ്യമുണ്ടായിട്ടുകൂടി അവർ തങ്ങളെക്കാൾ (മററുള്ളവക്ക്) പ്രാധാന്യം കല്പിക്കുന്നു."

## ദാനധർമ്മങ്ങളുടെ അർത്ഥത്തിൽ 'സക്കാത്ത്'

'മക്കി'യായ അദ്ധ്യായങ്ങളിൽ സക്കാത്തിനെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ കാണാം. ദാനധർമ്മങ്ങളാണ് പ്രസ്തുത കല്പനകൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു. നമസ്കാരത്തിൽ താഴ്മ കാണിക്കുന്നവരാണവർ. അനാവശ്യകാര്യത്തിൽനിന്ന് വിട്ടുനിൽക്കുന്നവരുമാണ്. സക്കാത്ത് കൊടുത്തുവീട്ടുന്നവരും."

മറെറാരു സ്ഥലത്ത് അല്ലാഹു പറയുന്നു:

---

ويؤثرون على انفسهم ولو كان بهم خصاصة — الحشر: ٩

قد افلح المؤمنون ٥ الذين هم فى صلاتهم خاشعون والذين هم عن اللغو معرضون ٥ والذين هم للزكاة فاعلون ٥ — المؤمنون: ١-٤

www.abulhasanalinadwi.org

'' സക്കാത്ത് കൊടുക്കാത്തവരും പരലോകനിഷേധികളുമായിട്ടുള്ള മുശ്‌രിക്കുകൾക്ക് നാശം. ''

അക്കാലത്ത് ചില രാജാക്കന്മാരുടെ മുമ്പിൽവെച്ച് ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും മഹത്വങ്ങളെക്കുറിച്ചും പ്രതിപാദിക്കപ്പെട്ട കൂട്ടത്തിലും സക്കാത്തിനെക്കുറിച്ച് പരാമർശമുണ്ട്. ജഅ്ഫറുബ്‌നു അബീത്വാലിബ് നജ്ജാശിയുടെ കൊട്ടാരത്തിൽവെച്ച് പറഞ്ഞ വാക്കുകൾ അതിൽപ്പെട്ടതാണ്

'' അല്ലാഹുവിൽ യാതൊരു വസ്തുവിനെയും പങ്കു ചേർക്കാതെ അവനെമാത്രം ആരാധിക്കണമെന്ന് മുഹമ്മദ് ഞങ്ങളോട് കൽപിക്കുന്നു. അതിനുപുറമെ നമസ്കരിക്കാനും, സക്കാത്ത് കൊടുക്കാനും, വ്രതമനുഷ്ഠിക്കാനും അദ്ദേഹം ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു. ''

## സാർവജനീനവും സാർവ്വകാലികവുമായ സക്കാത്തിന്റെ സമുൽകൃഷ്ട വ്യവസ്ഥ

വിശ്വാസം, സ്വഭാവശുദ്ധി, അനുസരണം, കീഴ്‌വണക്കം, ഔദാര്യം, നിസ്വാർത്ഥത, സാമൂഹികവും വ്യക്തിപരവുമായ ഗർവ്വില്ലായ്മ തുടങ്ങിയ ഗുണങ്ങളിൽ മുസ്ലിംസമുദായം വേരുറച്ചു. ഇസ്ലാം അതിന്റെ അനുയായികളെകൊണ്ട് ശക്തി പ്രാപിക്കുകയും അംഗസംഖ്യ വിപുലമാവുകയും ചെയ്തു. അതോടെ സമൂഹത്തിലെ വ്യത്യസ്ത തട്ടുകളിൽ കഴിഞ്ഞുകൂടിയിരുന്നവരെല്ലാം ഇസ്ലാമിലേക്ക് കടന്നുവന്നു. ധനികനും ദരിദ്രനും സാധാരണക്കാരനും അവിടെയുണ്ടായി. ഉദാരനും അത്യുദാരനും ഒരു വശത്ത്; ലുബ്ധനും അതിലുബ്ധനും മറുവശത്ത്. ഈ സാഹചര്യത്തിൽ സമൂ

---

وويل للمشركين الذين لا يؤتون الزكاة وهم بالآخرة هم كافرون ○
سورة حم السجدة : ٧

وامرنا ان نعبد الله وحده لا نشرك به شيأ وامرنا بالصلاة والزكاة والصيام . سيرة ابن هشام

www.abulhasanalinadwi.org

ഹത്തിന് ചില നിയമങ്ങളും പ്രവർത്തനചട്ടങ്ങളും അനിവാര്യമായി വന്നു. അത് എവിടെയും എക്കാലത്തുമുള്ള മുസ്ലിംകൾക്ക് ശിരസാ വഹിക്കാൻപററുന്ന ശാശ്വതമായ ഒരു ശരീഅത്തായിരിക്കണം. ആദ്യകാലക്കാർക്കും അവസാന കാലക്കാർക്കും യോജിച്ച ശരീഅത്ത്. നാഗരികതയുടെ പ്രാരംഭത്തിലും പാരമ്യത്തിലും അത് ഫലപ്രദമായിരിക്കേണ്ടതുണ്ട്. ശക്തമായ 'ഈമാനി'കാവേശത്താൽ എത്രവലിയ ത്യാഗംവരിക്കാനും സാഹസികത സൃഷ്ടിക്കാനും സന്നദ്ധതയുള്ളവർക്ക് മാത്രമല്ല അത്. മറിച്ച് ഇസ്ലാമികച്ചുററുപാടുകളിൽനിന്ന് അകന്നു താമസിക്കുന്നതിനാലും തലമുറകൾ പിന്നിട്ട കാരണത്താലും ക്ഷയോന്മുഖമായ 'ഈമാനു'ള്ളവർക്കും പ്രസ്തുത ശരീഅത്ത് വഹിക്കാൻ കഴിയണം. ഇങ്ങനെയാണ് അല്ലാഹുവിൻെറ കരുണയും യുക്തിയും തീരുമാനിച്ചത്. തദടിസ്ഥാനത്തിൽ സക്കാത്തിന് ഒരു വ്യവസ്ഥയും ക്രമവും നൽകി. പ്രസ്തുത വ്യവസ്ഥ കാലാതിവർത്തിത്വ സ്വഭാവമുള്ളതോടുകൂടെത്തന്നെ അതിൽ കല്പിക്കുന്ന തുക വ്യക്തവും സുനിർണ്ണിതവുമായ ഒന്നായിരിക്കുകയും വേണം. അതിൻെറ സംഖ്യയും എണ്ണവും കൃത്യമായിതന്നെ കണക്കാക്കി. അധികമോ എന്നാൽ കുറഞ്ഞതോ അല്ലാത്ത രൂപത്തിൽ മദ്ധ്യമമാക്കി. വലിയ വലിയ അത്യുദാരന്മാരായ സമ്പന്നന്മാർക്കും ഇടത്തരം പണക്കാർക്കും, അതിൻെറയും താഴെക്കിടയിലുള്ള മുതലാളിമാർക്കും എല്ലാംതന്നെ യോജിച്ച രൂപത്തിലാണ് അല്ലാഹു കല്പിച്ച സക്കാത്ത്വ്യവസ്ഥ എന്ന് നമുക്ക് മനസ്സിലാക്കാം.

മറെറാരു വസ്തുത ആ സക്കാത്ത്വ്യവസ്ഥ ആരുടെയും ബുദ്ധിക്കോ, വ്യക്തിഗതമായ ധീരോദാത്തതക്കോ അല്ലാഹു വിട്ടുകൊടുത്തില്ലാ എന്നതാണ്. അതെ, ഏററകുറച്ചിലുകളിലും ബലാബലങ്ങളിലും മാറി മറിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യൻെറ വൈകാരിക സമീപനങ്ങൾക്ക് അതവൻ വിട്ടുകൊടുത്തില്ലെന്ന് സാരം. നിയമനിർമ്മാണ ശിൽപികളുണ്ട്, ഭരണകർത്താക്കളുണ്ട്, പണ്ഡിതന്മാരുണ്ട്. അവരുടെയും യുക്തിചിന്തക്ക് ഏൽപിച്ചുകൊടുത്തില്ല. കാരണം അവരുടെയൊന്നും നിയമങ്ങൾ സാർവ്വകാലികമോ, സാർവ്വലൗകികമോ അല്ലതന്നെ. സ്വേച്ഛകളിൽനിന്നും സ്വാർത്ഥതകളിൽനിന്നും അവ മുക്തമാകുമെന്ന് കരുതാനും നിർവ്വാഹമില്ല. ഇതെ

www.abulhasanalinadwi.org

ല്ലാം മുമ്പിൽവെച്ചുകൊണ്ട് സക്കാത്ത് എത്ര? എങ്ങനെ? അതിൻെറ തുകയും കണക്കും എന്ത്? തുടങ്ങിയ കാര്യങ്ങൾ നിർണ്ണയിക്കാനുള്ള ബാദ്ധ്യത അല്ലാഹ് അവൻെറതന്നെ നിയമനിർദ്ദേശങ്ങൾക്ക് വിധേയമാക്കി. *

സക്കാത്തിൻെറ വ്യവസ്ഥയും തുകയും സമയവുമെല്ലാം നിർണ്ണയിച്ചതിലുള്ള യുക്തി വിവരിച്ചുകൊണ്ട് ശൈഖുൽ ഇസ്ലാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്ലവി വിശദീകരിക്കുന്നത് കാണുക:

"അനന്തരം സക്കാത്ത് എത്ര എന്ന് നിർണ്ണയിക്കൽ അനിവാര്യമായിത്തീർന്നു. കാരണം, അതിൻെറ തുകയും തോതും നിർണ്ണയിക്കാതിരുന്നെങ്കിൽ ചില തകരാറുകൾ സംഭവിക്കുമായിരുന്നു. ഒരു വിഭാഗത്തിന് അമിതമായി കൊടുക്കണമെന്നും പരിധിയില്ലാതെ ചെലവ്ചെയ്യണമെന്നും പരാതിയുണ്ട്. മററൊരു വിഭാഗം ചെലവ്ചെയ്യുന്നതിൽ വളരെ

---

* ഹിജ്റഃയുടെ ശേഷമാണ് സക്കാത്ത് നിർബ്ബന്ധമാക്കിയതെന്ന അഭിപ്രായമാണ് നമുക്കുള്ളത്. അതും ഹി: അഞ്ചാം വർഷത്തിനുമുമ്പാണെന്നതാണ് ഏററവും ശരിയായ അഭിപ്രായം. കാരണം സിമാമുബ്നു ഥഅ്ലബത്തിൻെറയും, വഫ്ദ്അബ്ദിൽഖൈസിൻെറയും, ഹിർഖലും അബൂസുഫ്യാനും തമ്മിലുള്ള സംഭാഷണത്തിൻെറയും ഹദീസുകളിൽ സക്കാത്ത് ഇസ്ലാമിൻെറ ഒരു സ്തംഭവും ഫർസുമാണെന്ന സൂചന വന്നിട്ടുണ്ട്. ഇതിൽ വഫ്ദ് അബ്ദിൽഖൈസിൻെറ വരവ് അഞ്ചാം വർഷവും, ഹിർഖൽഅബൂസുഫ്യാൻ സംഭാഷണം ഏഴാംവർഷത്തിൻെറ ആരംഭത്തിലുമാണ്. ഖൈസ്ബ്നുസഅ്ദിൽനിന്ന് അഹ്മദ് ഇബ്നുഖുസൈമഃ, നസാഈ, ഇബ്നുമാജഃ, ഹാക്കിം എന്നീ മുഹദ്ദിസുകൾ ഉദ്ധരിച്ച ഹദീസുകളാണ് അതിനുള്ള തെളിവ്. "സക്കാത്ത് നിർബന്ധമാക്കുന്നതിന് മുമ്പ് നബി (സ) ഞങ്ങളോട് ഫിത്ർസക്കാത്ത് കൊടുക്കാൻ കല്പിച്ചിരുന്നു. പിന്നീടാണ് സക്കാത്ത് നിർബന്ധമാക്കപ്പെട്ടത്. അപ്പോൾ ഫിത്ർസക്കാത്തിനെകുറിച്ച് തടഞ്ഞതുമില്ല. കല്പിച്ചുമില്ല. ഞങ്ങളാകട്ടെ അത് കൊടുത്തുകൊണ്ടേയിരുന്നു." ഇതാണ് അദ്ദേഹം ഉദ്ധരിച്ച ഹദീസ്. ഈ ഹദീസിൻെറ നിവേദകപരമ്പര കുററമററതുമാണ്. എന്നാൽ ഫിത്വ്ർസക്കാത്ത് റമസാൻ വ്രതത്തോടനുബന്ധിച്ചാണ് കല്പിക്കപ്പെട്ടത്. അത് ഹി: രണ്ടാംവർഷവുമായിരുന്നു. വ്രതം ഫർസാണെന്നറിയിക്കുന്ന ആയത്ത് മദീനയിൽ അവതരിച്ചതാണെന്നതിൽ രണ്ടു പക്ഷമില്ല.

www.abulhasanalinadwi.org

അലസരും ലുബ്ധരുമാണ്. അവർ കഴിയുന്നത്ര കുറഞ്ഞുകിട്ടാൻ ആഗ്രഹിക്കുന്നു. ഇത് രണ്ടും ബുദ്ധിമുട്ട്തന്നെ. അതിനാൽ സക്കാത്ത് ലുബ്ധിനെ പരിഗണിക്കാത്ത രൂപത്തിലുള്ളതും നിസ്സാരതുകയല്ലാത്തതും ആകണമല്ലോ. അതുപോലെ അവക്ക് കൊടുത്തുവീട്ടാൻ പ്രയാസകരമായ ഒരു ഭാരിച്ച തുകയാകാനും പാടില്ല. കൂടാതെ സക്കാത്ത്മുതലുകൾ ശേഖരിക്കുവാൻ ഒരു കാലവും ആവശ്യമായിവന്നു. പ്രസ്തുത കാലം വളരെ കുറഞ്ഞതാകുമ്പോൾ അതിനനുസരിച്ച് സക്കാത്ത് ദാതാക്കൾക്ക് കൊടുത്തുവീട്ടൽ പ്രയാസകരമായിത്തീരും. എന്നാൽ വളരെ ദൈർഘ്യമുള്ളതാകുമ്പോൾ ആവശ്യക്കാരന്റെ ബുദ്ധിമുട്ട് പരിഗണിക്കാതെയും വരുന്നു. ദീർഘമായ കാത്തിരുപ്പിന്ശേഷമേ അവനെന്തെങ്കിലും ലഭിക്കുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ അവിടെ ഒന്നുമാത്രമേ കരണീയമായി കാണുകയുള്ളൂ. പ്രജകളോട് നീതിയോട്കൂടി വർത്തിച്ചിരുന്ന രാജാക്കന്മാരുടെ നികുതിപോലെ സക്കാത്ത്ശേഖരണവും അല്ലാഹു നടപ്പിലാക്കി. കാരണം, അറബികൾക്കും അനറബികൾക്കും നികുതിയടക്കുക എന്നത് അപരിചിതമോ ബുദ്ധിമുട്ടുള്ളതോ അല്ലായിരുന്നു. പ്രത്യേകിച്ചും മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഒഞ്ഞൊരുമക്കും രമ്യതക്കും എന്തു ക്ലേശവും സഹിക്കുന്ന പ്രകൃതമാണ് അവക്കുള്ളത്. അതിനാൽ സമൂഹത്തിന്റെ താല്പര്യത്തിനും ഉപകാരത്തിനും എന്തു ത്യാഗവും സഹിക്കാൻ അവർ സന്നദ്ധരാണ്. *

## എന്തെല്ലാം വസ്തുക്കളിൽ സക്കാത്ത് നിർബന്ധം? അതിന്റെ തോത് നിർണ്ണയിച്ചതിലുള്ള യുക്തിയെന്ത്?

ഏതെല്ലാം വസ്തുക്കളിൽ സക്കാത്ത് നിർബന്ധമാണെന്നു നബി (സ) വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ അവയുടെ വ്യത്യസ്തമായ സക്കാത്തിന്റെ തോതുകളും അവിടുന്ന് വിവരിച്ചുതന്നിരിക്കുന്നു. കൂടാതെ അത് നിർബന്ധമായിത്തീരുന്ന സമയവും പഠിപ്പിച്ചുതന്നിട്ടുണ്ട്. തദടിസ്ഥാനത്തിൽ സ

* ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാ: 2, പേ: 3

www.abulhasanalinadwi.org

ക്കാത്തിൻെറ ധനത്തെ നാലു ഇനങ്ങളായി വേർതിരിച്ചു. അധിക കാലങ്ങളിലും ജനതയിൽ കാണാൻ കഴിയുന്ന ധനങ്ങളുടെ ഇനങ്ങൾ പ്രസ്തുത നാല് വിഭാഗങ്ങളാണ്. ഭക്ഷ്യോല്പന്നങ്ങളും കാർഷികവിളകളുമാണ് ഒന്നാമത്തേത്. ആട്, മാട്, ഒട്ടകം മുതലായ നാൽക്കാലിമൃഗങ്ങൾ രണ്ടാമത്തേതും. മൂന്ന്, മാനവികതയുടെ സാമ്പത്തികഭദ്രതയുടെ അടിസ്ഥാനഘടകം എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്വർണ്ണം, വെള്ളി എന്നിവയാണ്. അവശേഷിക്കുന്ന നാലാമത്തേത് കച്ചവടത്തിലുള്ള നാനാവിധ സമ്പത്തുക്കളുമാണ്.

സാദുൽമആദിൽ അല്ലാമാ ഇബ്നുൽഖയ്യിം വിവരിക്കുന്നത് കാണുക: *

''സക്കാത്ത് വർഷത്തിൽ ഒരിക്കൽ കൊടുത്തുവീട്ടണമെന്നാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. ഭക്ഷ്യവിഭവങ്ങളുടെയും കാർഷികോല്പന്നങ്ങളുടെയുമെല്ലാം വർഷം പൂർത്തിയായതായി പരിഗണിക്കുന്നത് അവ മൂപ്പെത്തുകയും വിളവെടുക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. ഈ പ്രശ്നത്തിൽ ഏററവും നീതിയുക്തമായ തീരുമാനമാണിത്. കാരണം, ഓരോ ആഴ്ചയിലോ മാസത്തിലോ അത് കൊടുത്തുവീട്ടണമെന്ന് ശാസിക്കപ്പെട്ടിരുന്നെങ്കിൽ ധനത്തിൻെറ ഉടമസ്ഥക്ക് ബുദ്ധിമുട്ടായിത്തീരുമായിരുന്നു. എന്നാൽ ഒരു മനുഷ്യൻെറ ജീവിതത്തിൽ ഒരു പ്രാവശ്യമെന്ന് തീരുമാനിക്കപ്പെട്ടിരുന്നെങ്കിൽ അതിൻെറ അവകാശികളായ അഗതികളെയായിരിക്കും പ്രതികൂലമായി ബാധിക്കുന്നത്. അപ്പോൾ ഇരുവിഭാഗത്തിനും നീതി എന്ന രൂപത്തിൽ കൊല്ലത്തിൽ ഒരു പ്രാവശ്യമെന്നായി നിശ്ചയിച്ചു. അതിനുംപുറമെ ഇസ്ലാമിൽ സക്കാത്ത് എല്ലാ വസ്തുവിലും ഒരേ രൂപത്തിലുംതോതിലുമല്ല നിർബന്ധമാക്കപ്പെട്ടത്. മറിച്ച് സമ്പത്ത് കരസ്ഥമാക്കാൻ വിനിയോഗിക്കപ്പെട്ട അദ്ധ്വാനത്തിൻെറ തോതനുസരിച്ച് സക്കാത്തിൻെറ തോതിലും ഏററക്കുറച്ചിലുകൾ വരുത്തി. അതിനാൽ യാതൊരു അദ്ധ്വാനവുമില്ലാതെ ഒരാൾക്ക് യാദൃച്ഛികമായി ഒരു നിധി കിട്ടിയാൽ അതിൻെറ അഞ്ചിലൊന്ന് ഉടനെ കൊടുത്തു

---

* സാദുൽമആദ് വാ: 1, പേ: 145 നോട് കടപ്പാട്.

www.abulhasanalinadwi.org

വീട്ടണം. അവിടെ വർഷം തികയുക എന്ന നിബന്ധനയില്ല. എപ്പോഴാണോ ലഭ്യമാകുന്നത് അപ്പോഠംതന്നെ അഞ്ചിലൊന്ന് കൊടുത്തുകൊള്ളുക. എന്നാൽ സകാത്തിൻെറ സ്വത്ത് കരസ്ഥമാക്കാൻ കുറെയെല്ലാം അദ്ധ്വാനം വേണ്ടിവന്നെങ്കിൽ അപ്പോഠം പ്രസ്തുത ധനത്തിൻെറ പത്തിലൊന്ന് കൊടുത്താൽ മതിയാകുന്നതാണ്. അത് കൃഷിയുടെ വിത്തും വിതയുമെല്ലാം മനുഷ്യൻ നിർവ്വഹിക്കുകയും ജലസേചനം അവന്ന് അദ്ധ്വാനമില്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിലാണ്. എന്നാൽ കാർഷികവിളകഠം നനക്കുന്നതിൽ കൃഷകന് അദ്ധ്വാനവും ചിലവുംവന്നെങ്കിൽ പത്തിലൊന്നിൻെറ പകുതി($\frac{1}{20}$) നിർബന്ധമാക്കിയിരിക്കുന്നു. ഇനി കാഷ്ികോല്പന്നങ്ങളുടെ വളച്ച്യിൽ ഉടമസ്ഥൻെറ നിരന്തരമായ മേൽനോട്ടം, അതായത് ഇടക്കിടക്ക് ഭൂമി ഉഴുതുമറിക്കൽ, അതിന്നുവേണ്ടി കാത്തിരിക്കൽ തുടങ്ങിയ അദ്ധ്വാനം കൂടിവന്നാൽ അത്തരം സാഹചര്യത്തിൽ മേൽപ്പറഞ്ഞതിൻെറയും പകുതി ($\frac{1}{40}$) സകാത്ത് കൊടുത്താൽ മതിയെന്ന് കൽപിച്ചു. കാരണമുണ്ട്. ഇതേ രൂപത്തിൽ കൃഷിചെയ്യുക എന്നത് മുമ്പ് പറഞ്ഞതിനെക്കാളെല്ലാം ശ്രമകരവും ത്യാഗപൂർണ്ണവുമാണ്. കാർഷികവിളയിലൂടെ കരഗതമാക്കുന്ന നേട്ടം കച്ചവടത്തിലൂടെ ലഭ്യമാകുന്നതിനെക്കാഠം വ്യക്തവും അധികവുമാണ്. അപ്പോഠം അതിൽ നിർബന്ധമായ ബാദ്ധ്യത കച്ചവടത്തിൻേറതിനേക്കാഠം കൂടുതലായും വന്നു. അതുപോലെ മഴകൊണ്ടും നദി മുഖേനയും ജലസേചനംനടക്കുന്ന കൃഷിയിൽ കോരിനനക്കുന്നതിനെക്കാഠം ലാഭമുണ്ടാകുന്നു. ഇതിനെക്കാളെല്ലാം ലാഭമുള്ളതും ഒരദ്ധ്വാനവുമില്ലാത്തതുമാണ് നിധിയായി ലഭിക്കുന്നത്. അതിനാൽ ഓരോന്നിലും അതാതിൻെറ അദ്ധ്വാനത്തിനനുസരിച്ച് സകാത്ത് നിർബന്ധമാക്കി. എന്നാൽ വെള്ളിക്ക് ഇരുനൂറ് ദിർഹമിലും സ്വർണ്ണത്തിന് ഇരുപത് മിസ്ഖാലിലുമാണ് സകാത്ത് നിർബന്ധം.*

---

* നബി (സ) യുടെ കാലത്ത് ഒരു മിസ്ഖാൽ ഒരു ദീനാറിന് സമമായിരുന്നു. ഒരു ദീനാർ പത്തു ദിർഹമിൻെറ സ്ഥാനത്തും. ഈ അടിസ്ഥാനത്തിൽ ഇരുപത് മിസ്ഖാലോ ദീനാറോ ഇരുനൂറ് ദിർഹമിന് സമമായി ഗണിക്കപ്പെടാവുന്നതാണ്. അധിക ഇന്ത്യൻപണ്ഡിത

www.abulhasanalinadwi.org

പിന്നീട് ആടിന്റെ കണക്ക് നാൽപതും, പശുവിന്റേത് മുപ്പതും, ഒട്ടകത്തിന്റേത് അഞ്ചുമാണ്. ഇതിനെക്കാൾ കുറഞ്ഞ എണ്ണങ്ങളിൽ സക്കാത്തില്ല."*

## സക്കാത്തിന്റെ ശരിയായ വിനിമയവും യോജിച്ച സമയങ്ങളും

ഹസ്രത്ത് ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി സക്കാത്തിന്റെ അനുയോജ്യമായ സ്ഥലകാലങ്ങളുടെ യുക്തിയെകുറിച്ചും നന്മയെകുറിച്ചും വളരെ ഭംഗിയായി വിവരിക്കുന്നത് കാണുക:

''ജനങ്ങൾക്ക് യാതൊരു ക്ലേശവും കൂടാത്ത നിലയിൽ നല്ലവരായ ഭരണാധികാരികൾ സക്കാത്ത് നടപ്പാക്കുന്നത് നാല് വിഭാഗങ്ങളിലാണ്, ബുദ്ധിക്ക് ആ നാല് കാര്യങ്ങൾ

---

ന്മാരുടെയും സൂക്ഷ്മമായ പഠനപ്രകാരം ഇരുന്നൂറ് ദിർഹം അമ്പത്തിരണ്ടര ഉറപ്പികയ്ക്കും വെള്ളിക്ക് തുല്യമാണ്. പഴവർഗ്ഗങ്ങളിലും, ഭക്ഷ്യവസ്തുക്കളിലും അഞ്ച് വസ്ഖ് (وسق) ഉണ്ടായാൽ സക്കാത്ത് കൊടുക്കേണ്ടതാണ് (ഒരു ഒട്ടകം വഹിക്കുന്ന അഞ്ച് ഭാണ്ഡങ്ങൾ). ഒരു വസ്ഖ് അറുപത് സ്വാഉം, ഒരു സ്വാഅ് എട്ട് റാത്തലുമാണ്, മാലിക്, ശാഫീ, അഹ്മദ് എന്നീ ഇമാമുകളുടെയും മററധിക പണ്ഡിതന്മാരുടെയും അഭിപ്രായമാണിത്. അഞ്ച് വസ്ഖിൽ താഴെയുള്ള ധനത്തിൽ സക്കാത്തില്ലെന്നാണ്, അവരുടെ പക്ഷം. എന്നാൽ ഇബ്നുഅബ്ബാസ്(റ) സൈദുബ്നു അലി, ഇമാം അബൂഹനീഫ തുടങ്ങിയവരുടെ വീക്ഷണത്തിൽ എത്ര കുറഞ്ഞതിലും കൂടിയതിലും സക്കാത്ത് നിർബന്ധമാണ്. ഇത്ര ഉണ്ടായാലേ സക്കാത്ത് ഉള്ളൂ എന്ന പരിഗണനയേ ഇല്ല. ഈ അഭിപ്രായവ്യത്യാസം ഒരു നിദാന ശാസ്ത്രപരമായ ചർച്ചയുടെ ഫലമാണ്. അതിന്റെ വിശദവിവരം മദ്ഹബീഗ്രന്ഥങ്ങളിലും കർമ്മശാസ്ത്രപരമായ നിദാനഗ്രന്ഥങ്ങളിലും കണ്ടെത്താവുന്നതാണ്. ഇമാം അബൂബക്കർ ജസ്സ്വാസ് (മരണം ഹി: 380),ന്റെ 'അഹ്കാമുൽ ഖുർആൻ' ഖാസീ അബൂബക്കറുബ്നുൽ അറബി (മരണം 542ൽ) യുടെ 'അഹ്കാമുൽ ഖുർആൻ' മററു നാലു മദ്ഹബുകളിലെ കൃതികൾ ഖുർആൻവ്യാഖ്യാനങ്ങൾ എല്ലാം ഈ വിഷയത്തിൽ കൂടുതൽ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് വെളിച്ചം നൽകുന്നു.

* അവലംബം: സാദുൽമആദ് പേജ് 246

www.abulhasanalinadwi.org

അനുയോജ്യവുമാണ്. ഒന്നാമതായി വളരുന്ന ഉൽപന്നങ്ങളിൽനിന്നും ഈടാക്കുന്നതാണ്. കാരണമുണ്ട്; അതിൻെറ സംരക്ഷണമാണ് ഏററവും കൂടുതൽ ബാദ്ധ്യതയായിട്ടുള്ളത്. കൂടാതെ രാജ്യത്തിനകത്തും പുറത്തും അത് ചിലവാക്കാതെ നിവൃത്തിയില്ലല്ലോ.

കന്നുകാലി, കൃഷി, കച്ചവടം എന്നിവയാണ് വളരുന്ന ഉൽപ്പന്നങ്ങൾ. രണ്ടാമതായി വലിയ വലിയ ഖജനാവുകളുടെയും മൂലധനത്തിൻെറയും ഉടമകളിൽനിന്ന് ശേഖരിക്കുന്ന സക്കാത്ത്. അതിനുള്ള കാരണം കള്ളന്മാരിൽനിന്നും കൊള്ളക്കാരിൽനിന്നുമുള്ള തൻെറ ധനത്തിൻെറ സംരക്ഷണം വളരെ ആവശ്യമാണല്ലോ. അവരുടെ വരുമാനത്തെ അപേക്ഷിച്ച് ഈ പുതിയ ചെലവ് ഒരു ബുദ്ധിമുട്ടുള്ളതോ കുറവ് വരുത്തുന്നതോ അല്ലതാനും. മൂന്നാമതായി യാതൊരു അദ്ധ്വാനവും പരിശ്രമവുമില്ലാതെ കൈവരുന്ന സ്വത്തുക്കളിൽനിന്നുമാണ്. പൗരാണികകാലത്തെ നിക്ഷേപങ്ങളോ നിധികളോ ഇതിനു ഉദാഹരണങ്ങളായി പറയാം. ഇതിനെസംബന്ധിച്ച് പറയുകയാണെങ്കിൽ അൽപംപോലും അദ്ധ്വാനമില്ലാതെ കരഗതമായത് എന്നതാണ് ശരി. അതുകൊണ്ട്തന്നെ ഇതിൽനിന്നും ചെലവ്ചെയ്യുക എന്നത് വളരെ എളുപ്പമുള്ളതും ഒരു നഷ്ടവുമില്ലാത്തതുമാണ്. നാലാമതായി അവശേഷിക്കുന്നത് പൊതു വ്യാപാരികളാണ്. അവർ പലരിൽനിന്നും അൽപാല്പമായി ശേഖരിച്ചാൽ അതവർക്കൊരു ഭാരമല്ല; ഒരുമിച്ചുകൂടുമ്പോൾ ഒരു ഉപകാരത്തിൽപെടുകയും ചെയ്യുന്നു.

(ഇറക്കുമതി, കയററുമതി വസ്തുക്കൾ ഉൾപ്പടെയുള്ള) കച്ചവടവും കാർഷികവിഭവങ്ങളുമെല്ലാം സക്കാത്തിൻെറ പ്രധാനപ്പെട്ട വിഭാഗങ്ങളാണ്. ശാശ്വതമായ ഒരു വരുമാനമായി നില്ക്കുന്നത് അത് മാത്രമാണ്. അതിനാൽ അതിനുവേണ്ടി ഒരു വർഷംതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ ഒരു വർഷത്തിനിടയിൽ പലവുരു വിളവുകൾ എടുക്കുകയും ഉൽപാദനത്തിൽ അഭിവൃദ്ധിയുണ്ടാവുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട്തന്നെ സക്കാത്തിൻെറ തോത് കണക്ക്കൂട്ടാൻ എല്ലാ നിലക്കും ഒരു വർഷം പൂർണ്ണമായും മതി.

www.abulhasanalinadwi.org

അതിന്നും പുറമെ ചിന്തിക്കുമ്പോൾ വളരെ ഉചിതമെന്ന് തോന്നുന്ന മറ്റൊരു കാര്യമുണ്ട്. അതായത് സക്കാത്ത് നിർബ്ബന്ധമായ വസ്തുവിൽനിന്നുതന്നെ അതിന്റെ ഓഹരിയും സ്വീകരിക്കാൻ കൽപിച്ചുവെന്നതാണത്. അതെ ഒട്ടകത്തിന് ഒട്ടകം, പശുവിന്ന് പശു, ആടിന് ആട് എന്നിങ്ങനെയാവുക എല്ലാ വിഭാഗത്തിന്നും നന്മയും ഗുണവുമാകുന്നു.'' *

## സക്കാത്തിന്റെ അവകാശികളും അതിന്റെ സാമൂഹ്യഘടനയും

സക്കാത്തിന്റെ അവകാശികൾ ആരെല്ലാമാണെന്ന് അല്ലാഹു 'ബറാഅത്ത്' അദ്ധ്യായത്തിൽ വിവരിക്കുന്നു:

''നിശ്ചയം (നിർബന്ധമായ) ധർമ്മങ്ങൾ ദരിദ്രന്മാർക്കും, അഗതികൾക്കും, അതിന്നുവേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും, മനസ്സ് ഇണക്കപ്പെട്ടവർക്കും, അടിമകളെ മോചിപ്പിക്കുന്നതിലും, കടബാദ്ധ്യതയുള്ളവർക്കും, അല്ലാഹുവിന്റെ മാർഗ്ഗത്തിലും, വഴിയാത്രക്കാരന്നും മാത്രമാകുന്നു. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതാണിത്. അല്ലാഹു അഗാധജ്ഞാനിയും യുക്തിജ്ഞനുമാകുന്നു.''

ബറാഅത്ത് സൂറത്ത് മക്കാ വിജയത്തിനുശേഷമാണ് അവതരിച്ചത്. അപ്പോഴേക്കും ഇസ്ലാമിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ നിലവിൽ വന്നുകഴിഞ്ഞിരുന്നു. ജനങ്ങൾ ഇസ്ലാമിലേക്ക് നിലയ്ക്കാതെ പ്രവഹിക്കുന്ന രംഗം. അതിനുശേഷമാണ് സക്കാത്തിന്റെ സംഘടിതവ്യവസ്ഥ നടപ്പാക്കിയത്.

---

* ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാ: 2, പേ: 30

انما الصدقات للفقراء والمساكين والعاملين عليها والمؤلفة قلوبهم وفى الرقاب والغارمين وفى سبيل الله وابن السبيل فريضة من الله والله عليم حكيم

التوبة: ٦٠

www.abulhasanalinadwi.org

നബി (സ) അവിടത്തെ ഗവർണ്ണർമാരെയും, സക്കാത്ത് ശേഖരിക്കുന്ന ഉദ്യോഗസ്ഥന്മാരെയും വിവിധ നാടുകളിലേക്ക് അയച്ചിരുന്നു. അവർക്കെല്ലാം സക്കാത്ത് ശേഖരിക്കേണ്ട നിയമങ്ങളും മര്യാദകളും പറഞ്ഞുകൊടുക്കുകയും ചെയ്തു. അവിടുന്ന് കൊടുത്തിരുന്ന ഉപദേശനിർദ്ദേശങ്ങൾ കരുണാർദ്രവും, യുക്തിപൂർണ്ണവുമായിരുന്നു. സാമൂഹ്യനേട്ടത്തോടൊപ്പം വ്യക്തികളുടെ നന്മയും അതിൽ പരിഗണിക്കപ്പെട്ടു. ഹി: പത്താം വർഷം യമനിലേക്ക് ഗവർണ്ണറായി മുആദ്ബ്നുജബൽ (റ) വിനെ അവിടുന്നയച്ചു. അദ്ദേഹം പുറപ്പെടുന്ന സന്ദർഭത്തിൽ നബി (സ) കൊടുത്ത നിർദ്ദേശങ്ങൾ സക്കാത്തിന്റെ നിയമങ്ങളെ സംബന്ധിച്ചേടത്തോളം അടിസ്ഥാനപരങ്ങളാണ്. അതൊരു സക്കാർതലത്തിലുള്ള കൽപനയുമാണ്. അവിടുന്ന് പറഞ്ഞു:

"നീ ഇപ്പോൾ പോകുന്നത് ഗ്രന്ഥം നൽകപ്പെട്ട ഒരു

---

* ആയത്തിൽ പ്രഖ്യാപിക്കപ്പെട്ട ഈ വ്യക്തികൾ സകാത്തിന്റെ കല്പനയിൽ നിത്യാവകാശികളാണ്. പക്ഷേ, المؤلفة قلوبهم അഥവാ "മനസ്സ് ഇണക്കപ്പെട്ടവരുടെ" കാര്യത്തിൽ ചില കർമ്മശാസ്ത്ര പണ്ഡിതന്മാർക്കും ഇമാമീങ്ങൾക്കുമുള്ള അഭിപ്രായം 'ഇസ്ലാമിന്റെ പ്രചാരവും അതിജയിക്കലും ഇന്ന നടന്നുകഴിഞ്ഞതിനാൽ ഇന്ന് ആ വിഭാഗത്തിന്ന് കൊടുത്തുകൊള്ളണമെന്നില്ല' എന്നാണ്. തങ്ങളുടെ അഭിപ്രായത്തിന് തെളിവായി മഹാനായ അബൂബക്കർ [റ] വിന്റെ പ്രവർത്തനത്തെ അവർ ഉദ്ധരിക്കുന്നു. അദ്ദേഹം 'മനസ്സിണക്കപ്പെട്ടവർ'ക്ക് അത് കൊടുത്തിരുന്നില്ല. എന്നാൽ മററൊരു വിഭാഗം കർമ്മശാസ്ത്രപണ്ഡിതന്മാർ അതിപ്പോഴും കൊടുത്തുകൊണ്ടിരിക്കണമെന്ന പക്ഷക്കാരാണ്. ഈ വിഷയത്തിൽ ഖാസീ അബൂബക്കറിബ്നുൽ അറബിയുടെ അഭിപ്രായമാണ് എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ടത്. അദ്ദേഹം പറയുന്നു: "എന്റെ അഭിപ്രായത്തിൽ ഇസ്ലാം ശക്തിപ്രാപിച്ചാൽ അങ്ങനെ ഒരു വിഭാഗംതന്നെ ഉണ്ടാവുകയില്ല. എന്നാൽ ഇനി അതിന്റെ ആവശ്യം നേരിടുകയാണെങ്കിൽ എങ്ങനെയാണോ നബി [സ] കൊടുത്തുകൊണ്ടിരുന്നത് അതുപ്രകാരം നിർവ്വഹിക്കുക. സഹീഹായ ഹദീസിൽ വന്നിരിക്കുന്നു:

«بدأ الاسلام غريبا وسيعود كما بدأ»

"ഇസ്ലാം അപരിചിതമായ രൂപത്തിൽ ആവിർഭവിച്ചു; ആ ആവിർഭാവകാലത്തെ അവസ്ഥയിലേക്ക് മടങ്ങുകയും ചെയ്യും."

അഹ്കാമുൽ ഖുർആൻ പേജ് 385.

www.abulhasanalinadwi.org

വിഭാഗം ആളുകളുടെ അടുക്കലേക്കാണ്. അതിനാൽ അവരെ നീ ആദ്യമായി അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിൻെറ പ്രവാചകനാണെന്നുമുള്ള തത്വത്തിലേക്ക് ക്ഷണിക്കുക. അതവർ അംഗീകരിച്ചുകഴിഞ്ഞാൽ, നീ പറയുക: ധനികരിൽനിന്ന് ശേഖരിച്ച് ദരിദ്രക്ക് വിതരണം ചെയ്യേണ്ട ഒരു 'സ്വദഖഃ' അല്ലാഹു നിങ്ങളിൽ നിർബന്ധമാക്കിയിരിക്കുന്നു. ഇതും അവർ അംഗീകരിച്ചാൽ നീ ഒരു കാര്യം സൂക്ഷിക്കണം: അവരുടെ ധനങ്ങളിൽ ഏററവും ഉത്തമമായതിൽ കൈവെക്കാൻ പോകരുത്. മർദ്ദിതൻെറ പ്രാർത്ഥന സൂക്ഷിച്ചുകൊള്ളണം. കാരണം, അല്ലാഹുവിൻെറയും അവൻെറയും മദ്ധ്യേ യാതൊരു മറയുമില്ല. *

## സക്കാത്ത്കൊണ്ടുള്ള അടിസ്ഥാനപരമായ നേട്ടങ്ങളും നൻമകളും

ആധുനിക തത്വചിന്തകളിലും സാമ്പത്തിക ശാസ്ത്രങ്ങളിലും അത്യധികമായി ആകൃഷ്ടരായ പല നവീനഎഴുത്തുകാരും ഇസ്ലാം നിർബന്ധമാക്കിയ സക്കാത്തിൻെറ സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങളെയും ഗുണങ്ങളെയും മാത്രം കാണുന്നവരാണ്. അവർ തങ്ങളുടെ തൂലികയുടെ സകല ശക്തിയും അതിനുവേണ്ടിയാണ് ചെലവ് ചെയ്യുന്നത്. സക്കാത്ത് കേവലം ഒരു മിതമായ 'ടാക്സ്' മാത്രമാണ് അവരുടെ വീക്ഷണത്തിൽ. ഇത്തരം എഴുത്തുകാരുടെ സൃഷ്ടികൾ വായിക്കുന്ന ഒരാളിൽ സക്കാത്തിനെക്കുറിച്ച് ഉണ്ടായിത്തീരുന്ന ബോധം എന്തെന്നില്ല? മിതമായ ഭാഷയിൽ പറഞ്ഞാൽ ഏററവും ചുരുങ്ങിയത് അവൻ ഇങ്ങനെ മനസ്സിലാക്കും: ലോകത്ത് പല സാമ്പത്തികസിദ്ധാന്തങ്ങളും വിവിധ തരത്തിലുള്ള വരുമാനമാർഗ്ഗങ്ങളും കണ്ടുപിടിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ അതിനെക്കാളെല്ലാം എത്രയും ഉത്തമവും ഉദാത്തവുമാണ് ഇസ്ലാമിൻെറ ഈ വരുമാനപദ്ധതി. യുക്തിപൂർണ്ണവും നീതിനിഷ്ഠവുമായ ഇത്തരത്തിലുള്ള ഒരു സാമ്പത്തികപദ്ധതി മാനവകുലം ഇന്നുവരെ ദർശിച്ചി

---

* സിഹാഹുസ്സിത്തഃ ഇബ്നുഅബ്ബാസ് (റ) ൽനിന്ന് ഉദ്ധരിച്ചത്.

www.abulhasanalinadwi.org

ട്ടില്ല. അത് കൊണ്ടുവന്നതിൽ ഇസ്ലാം അതുല്യമായിരിക്കുന്നു. ഒരു വായനക്കാരൻ ഇപ്രകാരം മനസ്സിലാക്കുന്നതോട് കൂടെതന്നെ അവൻ മറ്റൊന്നുകൂടി മനസ്സിലാക്കാൻ നിർബന്ധിതനാകുന്നു: 'സോഷ്യലിസ'ത്തിന്റെ ഏററവും ശക്തമായ തൂണും അടിത്തറയുമാണ് ഇസ്ലാമിലെ 'സക്കാത്ത്'; ഇസ്‌ലാം അതിന്റെ സുവർണ്ണനാളുകളിൽ ജനങ്ങളെ ക്ഷണിച്ചിരുന്നത് ഇതുപോലുള്ള ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കായിരുന്നു. അതുകൊണ്ടാണ് അതിന്റെ ആദ്യകാലങ്ങൾ പുരോഗതിയുടെയും അഭിവൃദ്ധിയുടെയും ഉത്തമ നൂററാണ്ടുകളായിതീർന്നത്. എന്നാൽ വാസ്തവത്തിൽ ഇത്തരത്തിലുള്ള തുലികാനായകർ സക്കാത്തിന്റെ യഥാർത്ഥ അന്തസ്സത്ത ഒഴിവാക്കുകയും ചില ശാഖകൾക്കും പാർശ്വങ്ങൾക്കും പ്രാധാന്യംകൊടുക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത അന്തസ്സത്തയാകട്ടെ ഇസ്ലാമിന്റെ അഖിലനിയമങ്ങളിലും വ്യാപിച്ചതും ഇഴുകിച്ചേർന്നതുമാണ്. പ്രസ്തുത അന്തസ്സത്ത എന്ത്?. അല്ലാഹുവിനുള്ള ആരാധനയും അവനിലേക്കുള്ള സാമീപ്യവുമാണത്. അതുപോലെ സക്കാത്തിന്റെ ഒന്നാമത്തേതും അടിസ്ഥാനപരവുമായ യുക്തി ഇതാണ്: ലുബ്ധത, സ്വാർത്ഥത, ആർത്തി, പണക്കൊതി, സാധുമർദ്ദനം, കഠിനമനസ്കത തുടങ്ങിയ ദുർഗ്ഗുണങ്ങളിൽനിന്ന് മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുക; പാവപ്പെട്ടവനോട് കരുണാർദ്രമായി പെരുമാറുമ്പോൾ അവന്റെ ഹൃദയാന്തരാളത്തിൽനിന്ന് നിർഗ്ഗളിക്കുന്ന ആത്മാർത്ഥമായ പ്രാർത്ഥനകൊണ്ടും, അല്ലാഹുവിന്റെ സംതൃപ്തി മുഖേന വർഷിക്കുന്ന അനുഗ്രഹങ്ങൾകൊണ്ടും ധനത്തെ സംസ്കരിക്കുക. സക്കാത്ത്കൊണ്ടുണ്ടാകുന്ന ഈ അടിസ്ഥാനനേട്ടവും യഥാർത്ഥ ഗുണവും അല്ലാഹു പറഞ്ഞതാണ്. ഇതിൽതന്നെയാണവൻ ഊന്നകൊടുത്തിരിക്കുന്നതും. നബി (സ) യോട് പറയുന്നത് കാണുക:

''അവരെ സംസ്കരിക്കുകയും ശുദ്ധിയാക്കുകയും ചെയ്യുന്ന 'സ്വദഖഃ' (ദാനം) അവരുടെ മുതലുകളിൽനിന്ന് നീ പിടിച്ചെടുക്കുക.''

---

خذ من أموالهم صدقة تطهرهم وتزكيهم بها    التوبة : ١٠٣

www.abulhasanalinadwi.org

സക്കാത്തും പലിശയും ഒരു താരതമ്യപഠനം എന്ന രൂപത്തിൽ അല്ലാഹു പറയുന്നു:

''ജനങ്ങളുടെ മുതലുകളിൽ വദ്ധനവുണ്ടാകാൻവേണ്ടി നിങ്ങൾ കൂട്ടതലായി വല്ലതും കൊടുത്തെങ്കിൽ അല്ലാഹുവിൻെറ അടുക്കൽ അത് വദ്ധിക്കുകയില്ല. അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ ധമ്മമായി വല്ലതും കൊടുക്കുന്ന പക്ഷം അവർതന്നെയാണ് ഇരട്ടികളായി വർദ്ധിപ്പിക്കുന്നവർ.''

നബി (സ) പറഞ്ഞതായി ഇബ്നുഅബ്ബാസിൽനിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്നു: അല്ലാഹു സക്കാത്ത് നിർബന്ധമാക്കിയത് നിങ്ങളുടെ ശേഷിച്ച ധനത്തെ ശുദ്ധീകരിക്കാൻവേണ്ടി മാത്രമാണ്.

അടിസ്ഥാനപരമായ ഈ നന്മക്ക്ശേഷമാണ് സമൂഹത്തിൻെറയും സംഘടനയുടെയും നന്മകൾ പരിഗണിക്കപ്പെടുന്നത്. അതായത്, ദരിദ്രവിഭാഗത്തിൻെറ പ്രാഥമികപ്രശ്നങ്ങളെങ്കിലും പരിഹരിക്കുക; സമൂഹത്തിൻെറ മൊത്തമായ അടിയന്തരാവശ്യങ്ങൾ പൂർത്തീകരിക്കുക; ഓരോ മെമ്പർമാരുടെയും സ്വന്തമായ നിലനിൽപും ജീവിതമാർഗ്ഗവും ഉറപ്പ്വരുക; അതുവഴി സൃഷ്ടികളുടെയും സ്രഷ്ടാവിൻെറതന്നെയും കടമകളും കടപ്പാടുകളും നിർവ്വഹിക്കുക. ജീവിതത്തിൻെറ യഥാർത്ഥ ലക്ഷ്യം കണ്ടെത്തുക തുടങ്ങി ഒട്ടനേകം കാര്യങ്ങൾ.

മുൻകഴിഞ്ഞ മഹാപണ്ഡിതരിൽനിന്ന് ഖുർആനും സുന്നത്തും ഇസ്ലാമിൻെറ മററു വിജ്ഞാനശാഖകളും ആഴത്തിൽ ഗ്രഹിക്കുകയും, നേർക്കുനേരെ മനസ്സിലാക്കുകയും, പ്രവാചകത്വപാഠശാലകളിൽനിന്നു മാത്രം ബിരുദമെടുത്ത് പുറത്തുവരികയും, മററു വിജ്ഞാനങ്ങളെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുകയും ചെയ്യവരെല്ലാം സക്കാത്തിൻെറ ഈ വിവിധങ്ങളായ തത്വങ്ങൾക്ക് ക്രമങ്ങൾ വെച്ചിരുന്നു. ഖുർആനും സു

---

وما آتيتم من ربا ليربو في أموال الناس فلا يربو عند الله وما آتيتم من زكوة تريدون وجه الله فاولئك هم المضعفون. الروم: ٣٩

www.abulhasanalinadwi.org

ന്നത്തും ഓരോ ഗുണത്തിന്നും നന്മക്കും നിർണ്ണയിച്ച സ്ഥാനങ്ങളെ അവർ തെററിച്ചിരുന്നില്ല. പ്രസ്തുത സ്ഥാനങ്ങളെ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കിയ സഹാബാകിറാം തങ്ങളുടെ അടുത്ത തലമുറക്കത് പഠിപ്പിച്ചു. അങ്ങനെ പ്രവാചകനിൽനിന്ന് നേരിട്ട് കരസ്ഥമാക്കിയ പൈതൃകസ്വഭാവം നഷ്ടപ്പെടാതെ തലമുറകാംതലമുറകളായി കൈമാറി. അത്തരത്തിലുള്ള ചില പണ്ഡിതന്മാരുടെ വാക്കുകാം ഇവിടെ വായിക്കാം. സക്കാത്തിൻെറ അടിസ്ഥാനപരമായ ഗുണങ്ങളെയും നന്മകളെയും വിശകലനം ചെയ്തുകൊണ്ടും അതിൻെറ യുക്തിയെ വിശദീകരിച്ചുകൊണ്ടും ശൈഖുൽഇസ്ലാം അഹ്മദ്ബ്ന അബ്ദിറഹീമിദ്ദഹ്ലവി എഴുതുന്നു;

''സക്കാത്തിൽ മമ്പ്രധാനമായ രണ്ടു നന്മകളാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. അതിൽ ഒന്ന് സക്കാത്ത് കൊടുക്കുന്ന വ്യക്തിയുടെ മാനസിക സംസ്കരണമാണ്. മനുഷ്യമനസ്സിൽ അടിഞ്ഞുകൂടിയ ചില ദുർഗ്ഗുണങ്ങളാണ് സ്വാർത്ഥം. ആർത്തി, പിശുക്ക് എന്നിവ. ഇതെല്ലാം പാരത്രികജീവിതത്തിൽ മനുഷ്യന് നാശഹേതുകങ്ങളും സകലരും വെറുക്കുന്ന നീചസ്വഭാവങ്ങളുമാണ്. ലുബ്ധനായ ഒരാാം മരിക്കുമ്പോാം അവൻെറ ചിന്തയും ചിത്തവുമെല്ലാം ധനവുമായി ബന്ധിതമായിരിക്കും. അതിനാൽആ ബന്ധം വേർപിരിക്കപ്പെടുമ്പോളുണ്ടാകുന്ന വേദന വിവരണാതീതമാണ്. എന്നാൽ സക്കാത്ത് കൃത്യമായി കൊടുത്തു വീട്ടിക്കൊണ്ടിരിക്കുകയും ലുബ്ധത കൈവെടിയുകയും ചെയ്യുന്നവർക്കൊന്നും ഈ അനുഭവമുണ്ടാവുകയില്ല.

അല്ലാഹുവിനോടുള്ള പശ്ചാതാപമനസ്ഥിതിക്ക്ശേഷം പരലോകത്ത് സമുന്നതഗുണമായി പരിഗണിക്കപ്പെടുന്ന മററു ഗുണങ്ങളാണ് ഔദാര്യം, വിനയം, പ്രാർത്ഥന, കീഴ്വണക്കം തുടങ്ങിയ കാര്യങ്ങാം. പശ്ചാതാപമനസ്ഥിതി ദൈവസാമീപ്യം പ്രദാനം ചെയ്യുമ്പോാം, ഔദാര്യമനസ്ഥിതി നിന്ദ്യവും നീചവുമായ ഭൗതികബന്ധങ്ങളെ തകൎക്കുന്നു. ഇതിന്ന് കാരണമുണ്ട്, ഔദാര്യസ്വഭാവം മുഗീയതക്കെതിരും മാലാഖമാരുടെ ഗുണവിശേഷങ്ങളിൽ പെട്ടതുമാണ്. കുററവാളിക്ക് മാപ്പ്കൊടുക്കുക, വിപൽസന്ധികളിൽ വേദന കടിച്ചമർത്തി

www.abulhasanalinadwi.org

പരലോകപ്രതിഫലം കാംക്ഷിച്ചുകൊണ്ട് ക്ഷമ കൈകൊള്ളുക, ആവശ്യരംഗങ്ങളിൽ കഴിവനുസരിച്ച് തന്റെ ധനം ചെലവ്ചെയ്യുക തുടങ്ങിയ സൽഗുണങ്ങൾ ഒരാളിൽ ഉണ്ടായിത്തീരണമെങ്കിൽ അവനിലുള്ള മാലാഖയുടെ ഗുണങ്ങൾ മൃഗീയഗുണങ്ങളെ അതിജീവിക്കുകതന്നെവേണം. ഇത് നബി (സ) വളരെ പ്രാധാന്യപൂർവ്വം കൽപിച്ച കാര്യങ്ങളാണ്. ഇപ്പറഞ്ഞതിൽ ധനം ചെലവുചെയ്യുക എന്നതാണ് ഏററവും പ്രാധാന്യമർഹിക്കുന്നത്. ധാരാളം സ്ഥലങ്ങളിൽ സത്യവിശ്വാസം (ഈമാൻ) നമസ്കാരം എന്നീ കാര്യങ്ങളോട് ചേർത്തുകൊണ്ടാണ് ധനവ്യയത്തെ ഖുർആൻ പറഞ്ഞത്. നരകവാസികളെസംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക:

''അവർ മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരിൽ പെട്ടിരുന്നില്ല. ഞങ്ങൾ സാധുക്കൾക്ക് ആഹാരം കൊടുത്തിരുന്നുമില്ല. തോന്ന്യാസികളോടൊപ്പം ഞങ്ങളും തോന്ന്യാസം ചെയ്തിരുന്നു.''

സക്കാത്തിൽ മർമ്മപ്രധാനമായി പരിഗണിക്കപ്പെടുന്ന രണ്ടാമത്തെ നന്മ രാജ്യസംബന്ധമാണ്. നാട്ടിൽ പണക്കാർ മാത്രമല്ല, പട്ടിണിപ്പാവങ്ങളുമുണ്ട്. പല തരത്തിലുള്ള കഷ്ടതകൾ കടിച്ചിറക്കുന്നവരും ബുദ്ധിമുട്ടുകൾ തരണംചെയ്യുന്നവരും ഏതു നാട്ടിലുമുണ്ടാകും. അവരോട് മററുള്ളവർ ഹൃദയാലുതയോടെ പെരുമാറിയില്ലെങ്കിൽ സ്ഥിതി വളരെ മോശമാവുകയും അവർ വിശന്നു മരിക്കാനിടവരികയും ചെയ്യും. എന്ന് മാത്രമല്ല ഭദ്രമായ ഭരണവും പുരോഗമനപ്രവർത്തനങ്ങളും നടത്തണമെങ്കിൽ പണമാവശ്യമാണ്. ഭരണസാരഥികൾക്ക് തങ്ങളുടെ കൃത്യാന്തരബാഹുല്യം നിമിത്തം സ്വന്തമായ ജീവിതവും ഉത്തരവാദിത്വവും നിർവ്വഹിക്കാൻ കഴിയാതെ വരുന്നു. അപ്പോൾ അവർക്കും ജീവിക്കാൻപററുന്ന ശമ്പളം ഇതിൽനിന്നുതന്നെ കൊടുക്കുകയല്ലാതെ മററു

---

قالوا لم نك من المصلين ، ولم نك نطعم المسكين ، وكنا نخوض مع الخائضين

المدثر: ٤٣-٤٥

www.abulhasanalinadwi.org

പിരിവുകളോ വരുമാനമാർഗ്ഗങ്ങളോ പ്രായോഗികമല്ല. അതിനാൽ ഇത്തരം നന്മകളെ മുൻനിർത്തി പ്രജകളിൽനിന്ന് ഒരു നിശ്ചിതസംഖ്യ വസൂലാക്കുക എന്നത് തികച്ചും നീതിപരവും .നിയമസാധുതയുള്ളതുമാണ്.

ഇവിടെ പറയപ്പെട്ട രണ്ടു നന്മകളും അന്യോന്യം ബന്ധമുള്ളതും പരസ്പരപൂരകങ്ങളുമായതിനാൽ ഇസ്ലാമികശരീഅത്ത് അതിൽ ഒന്നിനെ മറേറതിൽ പ്രവേശിപ്പിച്ചുകൊണ്ട് രണ്ടും രണ്ടായി കാണാതെ ഒന്നായിത്തന്നെ കാണുകയാണ് ചെയ്തത്.'' *

സക്കാത്ത് മററു ഇബാദത്തുകളെപ്പോലെതന്നെ അല്ലാഹുവിന്നപ്പിക്കപ്പെടുന്ന ഒരു ഇബാദത്ത് മാത്രമാണ്. ഇത് അല്ലാമഃ ബഹ്റുൽഉലൂം ഫറങ്കീ മഹല്ലിയുടെ വാക്കുകളിൽ വായിക്കുക:

''സക്കാത്ത് കൊടുക്കുമ്പോഠം 'നിയ്യത്ത്'' (സക്കാത്താണ് കൊടുക്കുന്നതെന്ന ബോധം) അനിവാര്യമാണ്. കാരണം അത് മഹത്തായൊരു ഇബാദത്താകുന്നു. നമസ്കാരംപോലെ ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നാണത്. അത് മുഖേന ഒരാഠം അല്ലാഹുവിൻെറ പ്രതിഫലമല്ലാതെ മറെറാന്നും പ്രതീക്ഷിക്കുന്നില്ല. അതിനാൽ 'നിയ്യത്ത്'' ഒരു കാരണവശാലും ഒഴിവാക്കരുത്. ഇനി ഒരാഠം 'നിയ്യത്ത്''കൂടാതെ അത് കൊടുത്തുപോയാൽ നമസ്കാരംപോലെ ഫലശൂന്യവും 'ബാതിലു'മാവുകയില്ല. മറിച്ച് 'നിയ്യത്തി'ല്ലാതെ നിർവ്വഹിക്കപ്പെടുന്ന സക്കാത്ത് ദാനമായി ഗണിക്കപ്പെടും. അതിനാൽ അവന്ന് ദാനത്തിൻെറ പ്രതിഫലം ലഭിക്കുന്നു. എന്തുകൊണ്ട്? ആര് പുണ്യകർമ്മം ചെയ്താലും അല്ലാഹു നിഷ്ഫലമാക്കുകയില്ല.'' ::

## സക്കാത്തിൻെറ പ്രകടമായ പ്രത്യേകതകൾ

സാധാരണയായി ഭരണകൂടങ്ങഠം തങ്ങളുടെ പ്രജകളിൽ

---

* ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാഃ 2, പേ: 29, 30

:: റസാഇലുൽ അർക്കാൻ പേ: 163

www.abulhasanalinadwi.org

നിർബന്ധമാക്കുന്ന കരം, നികുതി പോലുള്ള മനുഷ്യനിർമ്മിത ടാക്സുകളിൽനിന്നും വളരെ വ്യതിരിക്തമായ പ്രത്യേകതകൾ ഉൾക്കൊണ്ടതാണ് സക്കാത്ത്. പ്രസ്തുത പ്രത്യേകതകളാണ് അതിന്ന് സ്വന്തമായ ഒരു ഛായയും സ്വഭാവവും പ്രദാനം ചെയ്യുന്നത്. മതപരമായ പരിശുദ്ധിയും പവിത്രതയും നല്കപ്പെട്ട സക്കാത്തിന് മാത്രമെ മനുഷ്യന്റെ ജീവിതത്തിലും സ്വഭാവചര്യകളിലും സ്വാധീനം ചെലുത്താനും പ്രതികരണങ്ങൾ സൃഷ്ടിക്കാനും കഴിയുകയുള്ളു. അടിമയുടെയും അവന്റെ നാഥന്റെയും ഇടയിൽ സക്കാത്ത് സ്ഥാപിക്കുന്ന സുദൃഢമായ ബന്ധം ഭൂമുഖത്ത് മനുഷ്യനിർമ്മിത നിയമമായ ഏതൊരു ടാക്സിലും (അത് പ്രജകൾക്കെത്രതന്നെ സഹായകവും ലളിതവും നീതിപൂർവ്വകവുമായാൽതന്നെയും) കണ്ടെത്തുക സാദ്ധ്യമല്ല.

## സുവിശേഷവും താക്കീതും

സക്കാത്തിനെ മനുഷ്യനിർമ്മിത നികുതികളിൽനിന്നും വേറിട്ട്നിർത്തുന്ന വ്യക്തമായ ഗുണങ്ങളും സവിശേഷതകളും ഉണ്ടെന്ന് ഞാൻ പറഞ്ഞു. അതിൽ അടിസ്ഥാനപരമായത് 'ഈമാനും ഇഹ്തിസാബു'മാണ് (ഇതിന്റെ ചുരുക്കവിവരണം നമസ്കാരത്തിന്റെ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്) ഇത് നിയമവാഴ്ചയിലൂടെയും, ഔദ്യോഗികമായ സർക്കാർകല്പനയിലൂടെയും നടപ്പാക്കുന്ന നികുതികളിൽ കണ്ടെത്താൻ കഴിയാത്ത ഒന്നാണ്. സക്കാത്ത് സംതൃപ്തിയോടെ സ്വമേധയാ കൊടുക്കാൻ സന്നദ്ധനാകുന്നത് 'ഈമാനും ഇഹ്തിസാബും' ഉള്ളതുകൊണ്ടാണ്. അതിന്റെ പ്രേരകംതന്നെയും അതാണ്. എന്നാൽ ഗവണ്മെൻറുകൾ നടപ്പാക്കുന്ന നികുതികൾ കൊടുത്തുവീട്ടുന്നതിൽ ജനങ്ങൾക്ക് മടുപ്പും വെറുപ്പുമാണ്. ഭാരവും കോപവും മറുകണ്ടം ചാടലും അവിടെ സർവ്വസാധാരണമാണ്. അത് സക്കാത്തിനെപോലെ അല്ലാഹുവിൽനിന്നുള്ള കല്പനയാണെന്ന് അവന്ന് വിശ്വാസമില്ല. തന്നെപ്പോലുള്ള അല്ലെങ്കിൽ തന്നെക്കാൾ മോശപ്പെട്ട ഒരുവന്റെ നിയമനിർമ്മാണത്തിന് വിധേയനായിട്ടാണ് അത് കൊടുക്കുന്നത്. മാത്രമോ? അധിക സന്ദർഭങ്ങളിലും താൻ അടക്കുന്ന ഈ നികുതി ഭരണവർഗ്ഗത്തിന്റെ അഭീഷ്ടസംരക്ഷണത്തിനും, അഭി

www.abulhasanalinadwi.org

ലാഷപൂർത്തീകരണത്തിനും, അധികാരക്കസേരകളുടെ ഉറപ്പിനുംവേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. അല്ലെങ്കിൽ സമൂഹത്തിലെ എണ്ണപ്പെട്ട ഏതാനും ചില വ്യക്തികളുടെ സുഖഭോഗങ്ങൾക്കും പാർട്ടിപ്രവർത്തനത്തിനുംവേണ്ടി നീക്കിവെക്കുന്നു. അതിനാൽ സക്കാത്ത് കൊടുക്കാനുള്ള പ്രേരകം വിശ്വാസവും പ്രതിഫലേച്ഛ (ഈമാൻ, ഇഹ്തിസാബ്)യുമായിരിക്കുമ്പോൾ ടാക്സുകൾ കൊടുക്കാനുള്ള പ്രേരകം ഭീഷണിയും ഔദ്യോഗിക ഉത്തരവുകളും മാത്രമാണ്. ആദ്യത്തേതിൽ സംതൃപ്തിയും സന്തോഷവും ആണെങ്കിൽ രണ്ടാമത്തേതിൽ അസംതൃപ്തിയും കോപവുമാണ് കണ്ടെത്തുവാൻ കഴിയുന്നത്. അതിനാൽ സക്കാത്ത് ഇതരനിയമങ്ങളിലെ കരം, നികുതിപോലുള്ളതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

പരമോന്നതനും യുക്തിജ്ഞനുമായ അല്ലാഹുവിന്റെ യുക്തി ഒന്നുമാത്രമാണ് ഖുർആനിലും സുന്നത്തിലും സക്കാത്തിന്റെ ആജ്ഞകളെയും പ്രതിപാദനങ്ങളെയുമെല്ലാം ഇഹലോകത്തും പരലോകത്തും ലഭിക്കാൻപോകുന്ന പ്രതിഫലങ്ങളോടും പുണ്യങ്ങളോടും കൂട്ടിബന്ധിപ്പിച്ചിരിക്കുന്നത്. അത് കൃത്യമായി നിർവ്വഹിക്കുന്നവർക്ക് അല്ലാഹു ഒരുക്കിവെച്ചിരിക്കുന്ന കൂലിയും ധനത്തിലുള്ള വളർച്ചയും ഐശ്വര്യവും, അത് കൊടുക്കാത്തവർക്കുള്ള ശിക്ഷയും നഷ്ടവും വിവിധ രൂപത്തിൽ അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം വ്യയംചെയ്യുന്നവരുടെ സ്ഥിതി ഒരു ധാന്യമണിയുടെ സ്ഥിതിപോലെയാണ്. അത് ഏഴ് കതിരുകൾ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറ്

---

مثل الذين ينفقون اموالهم فى سبيل الله كمثل حبة انبتت سبع سنابل فى كل سنبلة مائة حبة والله يضاعف لمن يشاء والله واسع عليم ۝ الذين ينفقون اموالهم فى سبيل الله ثم لا يتبعون ما انفقوا منا ولا اذى لهم أجرهم عند ربهم ولا خوف عليهم ولاهم يحزنون ۝
سورة البقرة: ٢٩١، ٢٩٢

www.abulhasanalinadwi.org

ധാന്യമണികളുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അനേകം ഇരട്ടി വർദ്ധിപ്പിച്ചുകൊടുക്കും. അല്ലാഹു വിശാലനും സർവ്വജ്ഞനുമാകുന്നു. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധനം ചിലവഴിക്കുകയും പിന്നെ ആ ചിലവഴിച്ചതിൻെറ അടിസ്ഥാനത്തിൽ ചെയ്ത ഉപകാരം എടുത്തുപറഞ്ഞ് ശല്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നതാരോ അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവരുടെതായ പ്രതിഫലമുണ്ട്, അവർ ഒന്നും ഭയപ്പെടേണ്ടതില്ല. അവർ വ്യസനിക്കുകയുമില്ല.''

''രാപ്പകലുകളിൽ രഹസ്യമായും പരസ്യമായും ധനം ചെലവഴിക്കുന്നതാരോ, അവർക്ക് അവരുടെതായ പ്രതിഫലം തങ്ങളുടെ രക്ഷിതാവിൻെറ അടുക്കലുണ്ട്. അവർക്ക് ഭയപ്പെടേണ്ടതായി ഒന്നുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.''

''നിശ്ചയം, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്നതാരോ അവർക്ക് തങ്ങളുടെതായ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.''

''നല്ല രീതിയിൽ അല്ലാഹുവിന്ന് കടംകൊടുക്കുന്നതാരാണ്? എന്നാൽ അല്ലാഹു അവന്നുവേണ്ടി അത് ഇരട്ടിപ്പിച്ചുകൊടുക്കും. അവന്ന് മഹത്തായ പ്രതിഫലമുണ്ട്.''

---

الذين ينفقون اموالهم بالليل والنهار سرّا وعلانية فلهم اجرهم عند ربهم ولا خوف عليهم ولاهم يحزنون ه البقرة: ٢٧٤

ان الذين آمنوا وعملوا الصالحات واقاموا الصلاة وآتوا الزكاة لهم اجرهم عند ربهم ولاخوف عليهم ولاهم يحزنون ه

من ذا الذى يقرض الله قرضا حسنا فيضاعفه له وله اجر كريم ه
سورة الحديد: ١١

www.abulhasanalinadwi.org

''ധർമ്മം കൊടുക്കുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും നല്ല നില
യിൽ അല്ലാഹുവിന് കടംകൊടുക്കുന്ന ആളുകൾക്കും അത്
ഇരട്ടിയാക്കപ്പെടും, അവർക്ക് മാന്യമായ പ്രതിഫലമുണ്ട്.''

''അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് നിങ്ങൾ കൊടുക്കുന്ന
ആ സകാത്തുണ്ടല്ലോ, ആ സകാത്ത് നൽകുന്നവർതന്നെയാ
ണ് ഇരട്ടികളാ(യി സമ്പാദി)ക്കുന്നവർ.''

മനുഷ്യപ്രകൃതിയുടെ തേട്ടവും ആവശ്യവുമായ ഇത്തരം
സന്തോഷവാർത്തകളും പ്രതിഫലവാഗ്ദാനങ്ങളും പറയുന്ന
തോട്കൂടിത്തന്നെ, ദരിദ്രർക്കും ആവശ്യക്കാർക്കും ചെലവ്ചെ
യ്യാതെ ധനം കെട്ടിപ്പൂട്ടിവെക്കുന്നതിനെകുറിച്ചും അല്ലാഹുവി
ന്റെ അവകാശം വകവെച്ചുകൊടുക്കാത്തതിനെകുറിച്ചും ശക്ത
മായ താക്കീതുംചെയ്യുന്നുണ്ട്. കേവലം ധനത്തോടുള്ള ആർത്തി
യും സ്വാർത്ഥവും മുഖേന, മാനസിക സംതൃപ്തിക്ക്വേണ്ടി
ധനം ഒരുക്കൂട്ടുന്നവർക്ക് അടിക്കടി ഖുർആൻ താക്കീത്കൊടു
ക്കുകയും ശിക്ഷകളെക്കുറിച്ച് മുന്നറിയിപ്പ് നല്കുകയുംചെ
യ്യുന്നതായി കാണാം. അല്ലാഹു പറയുന്നു:

''സ്വർണ്ണവും വെള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചി
ലവഴിക്കാതെ സൂക്ഷിച്ചുവെക്കുന്നതാരോ അവർക്ക് വേദനാ
ജനകമായ ശിക്ഷയെകുറിച്ച് മുന്നറിയിപ്പ് നൽകുക! (ആ

---

ان المصدقين والمصدقات واقرضوا الله قرضا حسنا يضاعف لهم
ولهم اجر كريم سورة الحديد : ١٨

وما آتيتم من زكاة تريدون وجه الله فاولئك هم المضعفون. الروم:٣٩

والذين يكنزون الذهب والفضة ولا ينفقونها فى سبيل الله فبشرهم
بعذاب اليم يوم يحمى عليها فى نار جهنم فتكوى بها جباههم وجنوبهم
وظهورهم هذا ماكنزتم لانفسكم فذوقوا ماكنتم تكنزون۰
التوبة : ٣٤، ٣٥

www.abulhasanalinadwi.org

സൂക്ഷിച്ചുവെച്ച ധനം) നരകത്തിലിട്ട് ചുട്ടുപഴുപ്പിക്കുകയും 'നിങ്ങൾക്ക്‌വേണ്ടി നിങ്ങൾ സൂക്ഷിച്ചുവെച്ചത് ഇതാ; നിങ്ങൾ സൂക്ഷിച്ചുവെച്ചിരുന്നത് നിങ്ങൾ അനുഭവിച്ചുകൊള്ളുക' (എന്ന് പറഞ്ഞുകൊണ്ട്) അവരുടെ നെററിത്തടങ്ങളിലും പാർശ്വഭാഗങ്ങളിലും മുതുകുകളിലും ചൂട്‌വെക്കുകയും ചെയ്യുന്ന ദിവസം!''

ഇതിന്നപുറമെ സക്കാത്ത്‌ദായകരെകുറിച്ച് പ്രവാചകർ (സ)യും പല വിധേനയുള്ള സന്തോഷവാർത്തകളും വാഗ്ദാനങ്ങളും പറഞ്ഞുതന്നിട്ടുണ്ട്. അത്മുഖേനയുണ്ടാകുന്ന ഐഹികവും പാരത്രികവും സാമ്പത്തികവും ശാരീരികവുമായ നേട്ടങ്ങളെ നമുക്ക് മനസ്സിലാക്കുവാൻവേണ്ടി വ്യത്യസ്ത ശൈലിയിൽ അവിടുന്ന് വിശദീകരിച്ചുതരുന്നു.

അബൂഹുറയ്‌റഃ (റ) പ്രവാചകനിൽനിന്ന് ഉദ്ധരിക്കുന്നു: അവിടുന്ന് പറഞ്ഞു: ''ആരെങ്കിലും തന്റെ സംശുദ്ധമായ സമ്പത്തിൽനിന്ന് (സംശുദ്ധമായത് മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ.) എന്തെങ്കിലും ധർമ്മം ചെയ്താൽ അതിനെ അല്ലാഹു തന്റെ 'വലങ്കയ്യ്'കൊണ്ട് സ്വീകരിക്കുന്നതാണ്. അതൊരു കാരക്കയാണെങ്കിൽ കരുണാവാരിധിയായ നാഥന്റെ കൈകളിൽ വളർന്നുവളർന്ന് പർവ്വതസമാനമായിത്തീരും. നിങ്ങളിൽ ഓരോരുത്തരും തങ്ങളുടെ പശു, ആട് തുടങ്ങിയതിന്റെ കുട്ടികളെ വളർത്തി വലുതാക്കുന്നതുപോലെ അല്ലാഹു പ്രസ്തുത ധർമ്മത്തെയും വലുതാക്കുന്നു.'' * അബൂഹുറയ്‌റഃ (റ) തന്നെ അല്ലാഹുവിന്റെ തിരുദൂതർ (സ) പറഞ്ഞതായി ഉദ്ധരിക്കുന്നു: ഒരിക്കൽ ഒരു മനുഷ്യൻ വിജനമായ മരുഭൂമിയിലൂടെ നടന്നുപോകുകയായിരുന്നു. അപ്പോഴതാ മേഘപടലങ്ങളിൽനിന്ന് അവ്യക്തമായ ഒരു അശരീരി. നീ ഇന്ന വ്യക്തിയുടെ തോട്ടം പോയി നനക്കുക! ഉടൻതന്നെ മേഘക്കൂട്ടം തൊട്ടടുത്തുള്ള ഒരു പ്രദേശത്തേക്ക് പ്രവഹിക്കുകയും മഴയായി വർഷിക്കുകയുംചെയ്തു. അങ്ങനെ സമീപത്തുണ്ടായിരുന്ന ഒരു തടാകത്തിൽ ആ

* സിഹാഹുസ്സിത്തയിൽ അബൂദാവൂദൊഴികെയുള്ളവർ റിപ്പോർട്ട് ചെയ്തത്.

www.abulhasanalinadwi.org

വെള്ളം മുഴുവനും കെട്ടിനില്ക്കുകയും അല്പാല്പമായി പുറത്തേക്കുള്ള ചാലിലൂടെ ഒഴുകുകയും ചെയ്യുന്നത് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെട്ടു. ഉടനെ ആ വെള്ളം ഒഴുകുന്നതെങ്ങോട്ടെന്ന് അറിയാൻ ആ മനുഷ്യന് ആകാംക്ഷയുണ്ടായി. വെള്ളച്ചാലിലൂടെ നടന്നുനോക്കി. വളരെ ദൂരെയല്ലാത്ത സ്ഥലത്ത് ഒരു കർഷകൻ തൻെറ കൈക്കോട്ട്കൊണ്ട് ആ വെള്ളം തിരിച്ചുവിട്ട് കൃഷി നനക്കുന്നത് അദ്ദേഹം കണ്ടു. അപ്പോഠം കർഷകനോടദ്ദേഹം ചോദിച്ചു: നിങ്ങളുടെ പേരെന്ത്? അദ്ദേഹം തൻെറ പേര് വ്യക്തമാക്കിയപ്പോഴാണ് മേഘത്തിൽനിന്ന് അശരീരി കേട്ട മനുഷ്യന് യഥാർത്ഥത്തിൽ അത്ഭുതം തോന്നിയത്. കാരണം താൻ കേട്ട അതേ നാമംതന്നെയാണ് ഈ മനുഷ്യൻേറതും. എന്തിനാണ് തൻെറ പേര് ചോദിച്ചത് എന്നറിയാനുള്ള തിടുക്കമായിരുന്നു അദ്ദേഹത്തിന്ന്. 'താങ്കളുടെ തോട്ടത്തിൽപോയി മഴയായി വർഷിക്കുവാൻ മേഘത്തോട് ആജ്ഞ പുറപ്പെടുവിക്കുന്ന ഒരു അശരീരി എനിക്ക് കേഠക്കുവാൻ കഴിഞ്ഞു' എന്നദ്ദേഹം മറുപടിയും കൊടുത്തു. തുടർന്ന് ഈ അത്ഭുതസംഭവം എങ്ങനെ നടന്നു എന്നറിയാൻവേണ്ടി അദ്ദേഹം ആ കർഷകനോട് ചോദിച്ചു: ''നിങ്ങഠം ഈ കൃഷിമുഖേനയുള്ള ഉല്പാദനംകൊണ്ടെന്തു ചെയ്യുന്നു?'' പറഞ്ഞുതരാം: ''അത് ഞാൻ മൂന്നായി വിഭജിക്കും. ഒരു ഭാഗം ധർമ്മം ചെയ്യും; ഒരു ഭാഗം സ്വന്തം ആവശ്യത്തിനും കുടുംബത്തിനും ചെലവഴിക്കും; മറെറാരു ഭാഗം വീണ്ടും കൃഷി നടത്താൻ വിത്തായും ഉപയോഗിക്കും.'' *

നബി (സ) പറഞ്ഞതായി അബൂഹുറയ്റഃ (റ) തന്നെ വീണ്ടും ഉദ്ധരിക്കുന്നു: ധർമ്മം കാരണമായി ആരുടെയും ധനം ചുരുങ്ങിയിട്ടില്ല. മാപ്പ്കൊടുത്തത് കാരണമായി ആരുടെയും അഭിമാനം അല്ലാഹു വർദ്ധിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ. വിനയം കാട്ടിയത് കാരണത്താൽ ഒരു ദാസനെയും അല്ലാഹു ഉയർത്താതെയും ഇരുന്നിട്ടില്ല.'' ** മറെറാരവസരത്തിൽ അവിടുന്ന് പറഞ്ഞതായി അബൂഹുറയ്റഃ (റ) റിപ്പോർട്ട് ചെയ്യുന്നു: ''മനുഷ്യരുടെ ഒരു പ്രഭാതവും താഴെ പറയുംപ്രകാരമല്ലാതെ

---

* മുസ്ലിം. ** മുസ്ലിം, തിർമദി, മുവത്ത്വാ

www.abulhasanalinadwi.org

പൊട്ടിവിടരാറില്ല. അതായത് രണ്ടു മലക്കുകൾ അവരിൽ ഇറങ്ങും. ഒരാൾ പറയും: ''അല്ലാഹുവേ! ചെലവ് ചെയ്യുന്നവന് അതിന് പകരമായി നീ കൊടുക്കേണമേ!'' മറ്റെയാൾ പറയും: ''അല്ലാഹുവേ! ലുബ്ധന്റെ ധനത്തെ നശിപ്പിക്കേണമേ!'' * ഉമ്മുൽമുഅ്മിനീൻ ആയിശഃ (റ) പറയുന്നു: ''ഒരിക്കൽ അവർ ഒരാടിനെ അറുത്തു. നബി (സ) പിന്നീട് ചോദിച്ചു: എന്താ ആടിനെ അറുത്തിട്ട് ഒന്നും അവശേഷിച്ചില്ലേ? ആയിശഃ (റ) പറഞ്ഞു: ''ഇല്ല നബിയേ, (എല്ലാം ധർമ്മമായി കൊടുത്തു.) അവശേഷിച്ചത് പിരടിയുടെ ഭാഗമാണ്.'' അപ്പോൾ അവിടുന്ന് പ്രതികരിച്ചു; ''പിരടിയുടെ ഒരു ഭാഗമല്ലാത്തത് മുഴുവനും അവശേഷിച്ചു.'' ::

ഇതുപോലെ സക്കാത്ത് കൊടുത്ത് അല്ലാഹുവിന്റെയും ദരിദ്രജനങ്ങളുടെയും അവകാശം വീട്ടാത്ത ആളുകൾക്ക് പരലോകത്ത് ലഭിക്കുവാൻ പോകുന്ന കഠിനശിക്ഷയും, ഇഹലോകത്തുണ്ടായിത്തീരുന്ന ഭീഷണമായ അവസ്ഥയും, ദാരുണമായ അന്ത്യവും നബി (സ) മുൻകൂട്ടി അറിയിച്ചിരിക്കുന്നു. സക്കാത്ത് കൊടുക്കാത്ത ആളുകളെ അവിടുന്ന് താക്കീത് ചെയ്യുന്നത് അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: '' ഒരാൾക്ക് അല്ലാഹു ധനം കൊടുത്തു; പക്ഷേ, അതിന്റെ സക്കാത്ത് അവൻ വീട്ടിയില്ല: എന്നാൽ അന്ത്യനാളിൽ പ്രസ്തുത ധനത്തെ കരിമൂർഖനായി രൂപപ്പെടുത്തുകയും അവന്റെ കഴുത്തിൽ കണ്ഠാഭരണമായി അണിയിക്കുകയും ചെയ്യുന്നതാണ്. ആ സർപ്പത്തിന് രണ്ട് തലയുമുണ്ടായിരിക്കും. അങ്ങനെ അവന്റെ രണ്ട് കവിളിലും മാറിമാറി കൊത്തികൊണ്ട് പറയും: 'ഞാനാകുന്നു നിന്റെ ധനം, ഞാനാകുന്നു നിന്റെ ധനം, ഞാനാകുന്നു നീ സൂക്ഷിച്ചുവെച്ചിരിക്കുന്ന നിധി.' ഇത് പറഞ്ഞശേഷം അവിടുന്ന് ولا يحسبن الذين يبخلون ـ الآية എന്ന അല്ലാഹുവിന്റെ വചനം ഓതികേൾപ്പിക്കുകയും ചെയ്തു. **

നബി (സ പറഞ്ഞതായി അബൂഹുറയ്റഃ (റ) മറ്റൊരു ഹദീസിൽ വ്യക്തമാക്കുന്നു; ''സമരാർജ്ജിതസ്വത്ത് കൊ

---

* ബുഖാരി, മുസ്ലിം :: തിർമുദി **ബുഖാരി, മുസ്ലിം

www.abulhasanalinadwi.org

ള്ളയുടെതാവുക, സൂക്ഷിക്കാനേൽപിക്കപ്പെട്ട സാധനങ്ങൾ യുദ്ധാർജ്ജിതസ്വത്താവുക, സക്കാത്തായി കൊടുക്കപ്പെടേണ്ട സ്വത്ത് പ്രായശ്ചിത്തമായി മാറുക, മതപ്രബോധനലക്ഷ്യത്തിനല്ലാതെ വിദ്യ അഭ്യസിക്കുക, ഭർത്താവ് തൻെറ ഭാര്യയുടെ റാൻമൂളിയാവുക, ഭത്താവിൻെറ ശാസനകളെ ധിക്കരിക്കുക, ചങ്ങാതിയെ അടുപ്പിച്ചുകൊണ്ട് സ്വന്തം ബാപ്പയെ പ്രശ്നങ്ങളിൽനിന്ന് അകററുക, പള്ളികളിൽനിന്ന് ശബ്ദകോലാഹലം ഉയരുക, സമൂഹത്തിൻെറ ഭരണം അവരിൽ ഏററവും ദുഷിച്ചവർ ഏറെറടുക്കുക, ജനതയുടെ നായകൻ അവരിൽ ഏററവും നിന്ദ്യനാവുക, ഒരാളെ ആദരിക്കൽ അയാളുടെ ഉപദ്രവത്തിൽനിന്നുള്ള മോചനത്തിനുവേണ്ടിയാവുക, പുല്ലാംകുഴലൂതി .നൃത്തംവെക്കുന്ന അഭിസാരികകൾ രംഗത്ത് വരിക, മദ്യം വ്യാപകവും സർവ്വാംഗീകൃതവുമാവുക, ഈ സമുദായത്തിലെ ആദ്യകാലക്കാരിൽ അവസാനകാലക്കാർ കുററങ്ങൾ കണ്ടെത്തി അവരെ ശപിക്കുക .......:.... മുതലായ സ്ഥിതിവിശേഷങ്ങൾ ഇവിടെ സംജാതമായാൽ നിങ്ങൾ ചുവന്ന കൊടുങ്കാററ്, ഭൂകമ്പം, ഗ്രഹണാന്ധകാരം, കോലം മാറൽ, ആപത്തുകളുടെ കന്മഴ തുടങ്ങിയ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ഉടൻ പ്രതീക്ഷിച്ചുകൊള്ളുക. അവ ജപമാലയുടെ നൂലററ് മണികൾ ഉതിർന്നുവീഴുന്നതുപോലെ ഒന്നിനുപുറകെ മറെറാന്നായി വർഷിക്കാൻ തുടങ്ങും.'' *

സക്കാത്തിൻെറ മഹിമയും, ഖുർആനും ഹദീസും അത് സംബന്ധമായി നല്കുന്ന ശിക്ഷകളെകുറിച്ചു താക്കീതുകളും രക്ഷകളെകുറിച്ചു വാഗ്ദാനങ്ങളും മുഖേന എന്തു ഫലം ഉണ്ടായി എന്നല്ലേ? മുസ്ലിംകൾ സ്വയംതന്നെ അവരുടെ ആത്മാക്കളുടെ കാവൽക്കാരായി. ഒരു വശത്ത് അവർ ബൈത്തുൽമാലിൻെറ സംഖ്യകൾ ശേഖരിക്കുന്ന വളണ്ടിയർമാരാണെങ്കിൽ മറുവശത്ത് പട്ടിണിപാവങ്ങളുടെ കണ്ണീരൊപ്പുന്ന നിഷ്കളങ്കപ്രവർത്തകന്മാരായി. അവർ അവരുടെ കൃഷി, സമ്പത്ത്, സന്താനം തുടങ്ങിയ എല്ലാ കാര്യങ്ങളുടെയും സംരക്ഷകരും, ഗുണകാംക്ഷികളുമായി മാറി. സക്കാത്തിൻെറ ശരിയായ വിനിമയങ്ങ

---

* തിർമുദി

www.abulhasanalinadwi.org

ളെ സംബന്ധിച്ചും അവകാശികളെകറിച്ചും സൂക്ഷ്മമായ ഗവേഷണങ്ങൾ നടത്തികൊണ്ടിരുന്നു. തങ്ങളിൽ നിർബന്ധമായ ആ ധർമ്മം അതിൻെറ യഥാർത്ഥ അവകാശികളിൽ എത്രയും വേഗം എത്തുന്നതുവരെ അവർക്ക് ഊണിലും ഉറക്കത്തിലും രുചിയും സ്വസ്ഥതയുമുണ്ടായിരുന്നില്ല. സക്കാത്തിനെകുറിച്ചുള്ള രക്ഷയുടെ വാഗ്ദാനവും ശിക്ഷയുടെ താക്കീതും സഹാബാകിറാമിൻെറയും താബിഈങ്ങളുടെയും ഹൃദയങ്ങളിൽ എത്ര കണ്ട് സ്വാധീനം ചെലുത്തിയിരുന്നു എന്നതിന്ന് അവരുടെ ജീവിതകഥകൾ സാക്ഷിയാണ്. നമസ്കാരം അതിൻെറ കൃത്യസമയത്ത് നിർവ്വഹിക്കാതിരുന്നാലുണ്ടാകുന്ന അതേ അസ്വസ്ഥതയും അങ്കലാപ്പും തന്നെയായിരുന്നു സക്കാത്ത് അതിൻെറ സമയത്ത് കൃത്യമായി നിർവ്വഹിക്കാതിരുന്നാലും. അവരുടെ ഹൃദയത്തിന്ന് ശാന്തിയും സമാധാനവും കൈവരുന്നത് സക്കാത്ത് കൊടുത്തുവീട്ടുമ്പോൾ മാത്രമായിരുന്നു.

ഖുർആനും, ഹദീസും പറഞ്ഞുതരുന്ന സക്കാത്തിൻെറ ഈ മഹിമകളും, ദീനീവികാരങ്ങൾ സൃഷ്ടിക്കുന്നതിൽ അതിനുള്ള പ്രാധാന്യവും എത്രയുണ്ടെന്ന് ഇസ്ലാമികപണ്ഡിതന്മാർ ശരിക്കും മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അവർ തങ്ങളുടെ പ്രബന്ധങ്ങളിലും പ്രസംഗങ്ങളിലും രക്ഷാശിക്ഷകൾകൊണ്ടുള്ള വാഗ്ദാനങ്ങൾക്കും താക്കീതുകൾക്കും മുൻഗണനയും പ്രഥമപ്രാധാന്യവും നൽകിയത്, സമൂഹത്തിൽ അതുകൊണ്ട് ശക്തമായ സ്വാധീനവും പ്രതിഫലനവും സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഇങ്ങനെ സക്കാത്ത് കൊടുക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചില്ലായിരുന്നെങ്കിൽ അത് ശേഖരിക്കുന്നതിലും കൃത്യമായി വിതരണം ചെയ്യുന്നതിലും ഇസ്ലാമികഗവണ്മെൻറുകൾ വീഴ്ച വരുത്തിയതോടെ മുസ്ലിംകൾ നിർബ്ബന്ധദാനമായ സക്കാത്ത് കൈവെടിയുമായിരുന്നു. എന്നാൽ ഇന്നും എന്നും അത് കൊടുത്തുവീട്ടികൊണ്ടിരിക്കുന്ന സത്യവിശ്വാസികളുടെ ഏകപ്രേരകം അല്ലാഹുവിൻെറ രക്ഷയെപ്പററിയുള്ള വാഗ്ദാനവും ശിക്ഷയെപററിയുള്ള താക്കീതും മാത്രമാണ്.

ഇസ്ലാമികശരീഅത്തിൽ ഇപ്പറഞ്ഞ ശ്രേഷ്ഠതകൾക്കെല്ലാമുള്ള സ്ഥാനവും പ്രാധാന്യവും വ്യക്തമാക്കികൊണ്ട് ശാഹ് വലിയ്യുല്ലാഹി ദ്ദഹ്‌ലവി എഴുതുന്നത് കാണുക;

www.abulhasanalinadwi.org

''പിന്നീട് ചെലവ്ചെയ്യുന്നതിൻെറ മഹത്വങ്ങളും പ്രതിഫലവാഗ്ദാനങ്ങളും വിശദീകരിക്കൽ ആവശ്യമായിവന്നു; കാരണം, സക്കാത്തിൻെറ ജീവനായ ഔദാര്യമനസ്ഥിതിയും പ്രതിഫലപ്രതീക്ഷയും ഉണ്ടാകണമെങ്കിൽ അത് കൂടിയേ തീരൂ. ആത്മസംസ്കരണത്തിൻെറ ഒരു പ്രധാന ഭാഗം അതിലൂടെ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. ലുബ്ധതയുടെ ദുഷ്യവശങ്ങൾ അടിക്കടി ഉണർത്തിക്കൊണ്ടിരിക്കുന്നതും ഇതിന്നുവേണ്ടിയാണ്. ലുബ്ധതയിൽനിന്നാണ് സക്കാത്തിനോടുള്ള വൈമനസ്യം ഉടലെടുക്കുന്നത്,

''അല്ലാഹുവേ! ചെലവ്ചെയ്യുന്നവന് നീ വർദ്ധനവും പിശുക്ക് കാട്ടുന്നവന്ന് നീ നാശവും കൊടുക്കേണമേ!''

ലുബ്ധതയെ നിങ്ങൾ സൂക്ഷിക്കുക; കാരണം ലുബ്ധത നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചുകളഞ്ഞു എന്നും നബിവചനങ്ങളിൽ പിശുക്കിൻെറ ഭവിഷ്യത്ത് വെളിവാക്കി.

ان الصدقة لتطفئ غضب الرب

''നിശ്ചയം, ധർമ്മം അല്ലാഹുവിൻെറ കോപാഗ്നിയെ കെടുത്തിക്കളയും'' എന്നും ان الصدقة لتطفئ الخطيئة അഗ്നിജ്വാലകളെ വെള്ളം നശിപ്പിക്കുന്നതുപോലെ ''ധർമ്മം പാപങ്ങളെ നശിപ്പി''ക്കുമെന്നും നബി (സ) പറഞ്ഞു. ''അല്ലാഹു തൻെറ അടിയന്മാരുടെ ധർമ്മത്തെ വലംകൈയ്യിൽവെച്ച് വളർത്തികൊണ്ടുവരുന്നതാണ്.'' ഇത്തരം എത്രയോ വാക്യങ്ങൾ നമുക്ക് കാണാം.'' *

## ധനികരിൽനിന്ന് ശേഖരിച്ച് ദരിദ്രരിൽ വിതരണം നടത്തും

രാജകീയ-ഏകാധിപത്യ-ജനാധിപത്യ വ്യത്യാസമെന്യേ ഏതു ഭരണത്തിലായാലും അവിടെയെല്ലാം നടപ്പാക്കുന്ന ടാക്സു

---

اللهم اعط منفقا خلفا واللهم اعط ممسكا تلفا

* ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ വാ: 2, പേ: 31, 32

www.abulhasanalinadwi.org

കളുടെയും സക്കാത്തിൻെറയും മദ്ധ്യേ പ്രകടമാകുന്ന രണ്ടാമത്തെ വ്യത്യാസം, അത് രണ്ടിൻെറയും ഫലങ്ങളും പ്രതിഫലനങ്ങളും തികച്ചും ആദ്യന്തം വിരുദ്ധങ്ങളായി കാണുന്നുവെന്നാണ്. അടിസ്ഥാനപരങ്ങളായ പ്രസ്തുത വ്യത്യാസങ്ങൾ പ്രവാചകൻെറ അമാനുഷികവും അനന്യവുമായ വാചകത്തിൽ നിന്ന് മനസ്സിലാക്കാം. അവിടുന്ന് പറഞ്ഞു:

''ആ സക്കാത്ത് ധനികരിൽനിന്ന് ശേഖരിക്കുകയും ദരിദ്ര വിഭാഗങ്ങളിൽ വിതരണം നടത്തുകയും ചെയ്യും.''

സക്കാത്തിനെക്കുറിച്ചുള്ള ഈ മതവിധി അതിൻെറ ആദ്യകാലം മുതൽ നിലവിലുള്ളതാണ്. അന്ത്യനാൾവരെ അത് നിലനിർത്തുകയും ചെയ്യണം. അതെ, സക്കാത്ത് നിർബ്ബന്ധമാകാനുള്ള പരിധിയിലെത്തിയ പണക്കാരിൽനിന്നത് പിരിച്ചെടുത്ത് അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ച യഥാർത്ഥ അവകാശികളായ പാവപ്പെട്ടവർക്ക് വീതിച്ചുകൊടുക്കുക തന്നെ വേണം. ശേഖരിക്കുന്നതിലാകട്ടെ, വിതരണംചെയ്യുന്നതിലാകട്ടെ യാതൊരു നിയമനിർമ്മാതാക്കളുടെയോ മഹദ് വ്യക്തികളുടെയോ മാററത്തിരുത്തലുകൾക്കോ ഭേദഗതികൾക്കോ സ്ഥാനമില്ല. അവിടെ അല്ലാഹുവിൻെറ കല്പനപോലെ മാത്രം നടപ്പാക്കുക. അവർ പറയുന്നു:

ഈ സൂക്തത്തിൽ പ്രതിപാദിക്കപ്പെട്ട എട്ട് വിഭാഗമാളുകൾ ഏതൊരു നാട്ടിലെയും അശരണരും അഗതികളുമാണെന്ന് ഇസ്ലാമികശരീഅത്ത് വ്യക്തമാക്കിത്തരുന്നു. നബി(സ)യുടെ വചനങ്ങൾ സാക്ഷ്യമാണ്. ഇസ്ലാമികഭരണക്കൂടം അതിൻെറ അക്ഷരാർത്ഥത്തിൽ നടപ്പിലില്ലാതിരുന്ന കാലത്തുപോലും ദരിദ്രവിഭാഗത്തിന് തീരെ ലഭിക്കാതെ പൂർണ്ണമായി അത് തടയപ്പെട്ടിരുന്നില്ല. അല്ലാഹുവിൻെറ ഈ കല്പന നിശ്ശേഷം കൈവെടിയുകയോ വിസ്മരിക്കപ്പെടുകയോ

---

تؤخذ من اغنيائهم وترد على فقرائهم

انما الصدقات للفقراء الآية — سورة التوبة : ٦٠

www.abulhasanalinadwi.org

ചെയ്തിരുന്നില്ല. * അതിനാൽ ഇസ്ലാമിന്റെ നിയമം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ, ചരിത്രനിരൂപകന്മാരുടെയും പാശ്ചാത്യചിന്തകരുടെയും പല തരത്തിലുള്ള ആക്ഷേപത്തിനും വിമർശനത്തിനും വിധേയരായ മുസ്ലിം ഭരണകൂടങ്ങൾപോലും സക്കാത്തിന്റെ ഓഹരി അതിന്റെ അവകാശികളായ ദരിദ്രവിഭാഗത്തിന് പൂർണ്ണമായി നിഷേധിച്ചിരുന്നുവെന്നാരോപിച്ചിട്ടില്ല.

നേരെമറിച്ച് എല്ലാ ആധുനികഗവണ്മെന്റുകളും അവരുടെ പ്രജകളിൽ നടപ്പാക്കുന്ന ടാക്സുകളുടെ അവസ്ഥ സക്കാത്തിന്റെ നേരെ എതിരാണ്. ഈ ടാക്സുകളെല്ലാം (ചെറുതായാലും വലുതായാലും, നീതിപരമായാലും അനീതിപരമായാലും) തന്നെ അധികവും സാധാരണക്കാരിൽ നിന്നും പട്ടിണിപ്പാവങ്ങളിൽനിന്നും ഈടാക്കുന്നതാണ്. അത് തിരിച്ചുവിടുന്നതാകട്ടെ മുതലാളിമാരിലേക്കും സമ്പന്നവർഗ്ഗങ്ങളിലേക്കുമാണല്ലോ. നാട്ടിലെ പാവപ്പെട്ട കർഷകർ, കച്ചവടക്കാർ, ഫാക്ടറിതൊഴിലാളികൾ തുടങ്ങിയവരുടെ വിയർപ്പിൽനിന്ന് ശേഖരിക്കുന്ന ടാക്സ് വളരെ ഔദാര്യത്തോടെ നിഷ്കരുണവും നിർലജ്ജവുമായി ചെലവാക്കുന്നത് രാഷ്ട്രത്തിന്റെ പ്രസിഡണ്ടിന്, അതിഥികളുടെ (ആയിരത്തൊന്നു രാവുകൾ പോലുള്ള ഭാവനാസൃഷ്ടികളായ കഥകൾ ഓർമ്മ വരുന്ന) രാജകീയസ്വീകരണത്തിന്, ആറുകൾപോലെ മദ്യചഷകങ്ങൾ പ്രവഹിക്കുന്ന വിദേശഅംബാസഡർമാർക്കുവേണ്ടി ഒരുക്കുന്ന സല്ക്കാരത്തിന്, പൊതുജനങ്ങളുടെ രക്തം ഊററിക്കുടിക്കുകയും ധനം അപഹരിച്ചെടുക്കുകയും ചെയ്യുന്ന ഭരണകൂടത്തിന്റെ പ്രചരണപ്രവർത്തനത്തിന്, സൈനികശക്തികളെക്കാളും ആയുധബലത്തെക്കാളും പ്രയോജനപ്രദമായി ഗണിക്കപ്പെടുന്ന വിദേശ പത്രപ്രവർത്തകർ, വാർത്താഏജൻസികൾ, റേഡിയോപ്രക്ഷേപകർ തുടങ്ങിയവരെ വശീകരി

* അബ്ബാസിയ്യാ ഖലീഫമാരിൽ ഹാറൂൻ റശീദിന്റെ നിർദ്ദേശപ്രകാരം സക്കാത്ത്, സദഖഃ, നികുതി എന്നിവയെക്കുറിച്ച് ഇമാം അബൂയൂസുഫ് രചിച്ച 'കിതാബുൽ ഖറാജ്' എന്ന പുസ്തകം ഇത് വ്യക്തമാക്കുന്നു.

www.abulhasanalinadwi.org

ക്കുന്നതിന്. ശത്രുക്കളെ സദാ അസഭ്യം പറയുക, നിരപരാധികളിൽ ആരോപണങ്ങൾ ചുമത്തുക, സത്യവിരുദ്ധമായ വാർത്തകൾ പ്രചരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നുവെന്നതാണിവരുടെ സേവനം. ഈ ടാക്സിന്റെ സിംഹഭാഗവും ചെലവ് ചെയ്യേണ്ടത് മേൽ വിവരിക്കപ്പെട്ട കാര്യങ്ങൾക്കാണെന്നാണ് ഇന്നത്തെ മതം. ജനാധിപത്യ-കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾ മുഴുവനും ഇന്ന് സാധാരണക്കാരുടെ രക്തം വലിച്ചൂറ്റുകയും അനന്തരം രാഷ്ട്രീയഅഴിമതി, പത്രക്കാരുടെ നുണപ്രചരണം, ഭരണത്തിന്റെ വ്യാപകമായ പ്രോപഗണ്ട തുടങ്ങിയ പ്രശ്നങ്ങളുടെ പാരാവാരത്തിൽ കലക്കുകയും ചെയ്യുന്നു. അതിനാൽ ഇന്നത്തെ ഭരണകൂടങ്ങൾ ചുമത്തുന്ന ടാക്സിനെപ്പററി പറയാൻപററുന്ന വാക്ക്: ''ദരിദ്രരിൽനിന്ന് ശേഖരിച്ച് ധനികരിൽ വിതരണം നടത്തപ്പെടുന്നത്'' എന്നാണ്. അതുകൊണ്ടാണ് ഇസ്ലാം പണക്കാരിൽ നിർബന്ധമാക്കിയ സക്കാത്ത് സമൂഹത്തിന് അനുഗ്രഹവും കരുണയുമാണെന്ന് പറയുന്നത്. അത് മനുഷ്യകുലത്തിന് ലഭിച്ച അപാരവും അതുല്യവുമായ 'നുബുവ്വത്ത്'മുഖേന കൈവന്ന അനുഗ്രഹമാണ്. ഇനി (ടാക്കെന്ന് വിശേഷിപ്പിക്കപ്പെടൽ നിർബന്ധമാണെങ്കിൽ) അത് ഒരു ടാക്സുമാണ്. പക്ഷേ, നികുതിദായകർക്ക് കൊടുത്തുവീട്ടാൻ ഭാരം കുറഞ്ഞതും, അവകാശികൾക്ക് അതുല്യമായ രൂപത്തിൽ അനുഗ്രഹമായി വർത്തിക്കുന്നതുമായ ടാക്സ്, അതെ, ധനികരിൽനിന്ന് ശേഖരിച്ച് ദരിദ്രരിൽ വിതരണം നടത്തുന്ന നിർബ്ബന്ധകർമ്മം.''

## ഭക്തി, വിനയം, ആത്മാർത്ഥത എന്നീ ഗുണങ്ങളുടെ സ്പിരിററ്

സക്കാത്തിന്റെ മൂന്നാമത്തെ ഗുണവും സ്വന്തമായ പ്രത്യേകതയും അതിൽ നിസ്വാർത്ഥത, വിനയം, കൃതാർത്ഥത എന്നിവയുടെ ആത്മാവ് സദാ കുടികൊള്ളുന്നു എന്നതാണ്. അതിന്റെ അദബുകൾ, ഉന്നതസ്വഭാവങ്ങൾ, ദീനീവികാരം മുതലായ കാര്യങ്ങളാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. വിശുദ്ധഖുർആനിൽ അടിക്കടി ആവർത്തിച്ചുപറയുകയും, സക്കാത്ത് ദാതാക്കളെ ഈ ഗുണങ്ങൾ ഉൾക്കൊള്ളാൻ ധാരാളമായി പ്രേ

www.abulhasanalinadwi.org

രിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദാനധർമ്മങ്ങൾ ചെയ്യുന്ന, നന്മയും പുണ്യവും പ്രവർത്തിക്കുന്ന ശിഷ്ടജനങ്ങളോട് പരിശുദ്ധ ഖുർആനിന് ശക്തമായ ഭാഷയിൽ ഒരേഒരുപദേശമുണ്ട്. എന്തെന്നോ? അവർ മററുള്ളവക്ക് ചെയ്തുകൊടുക്കുന്ന ഉപകാരങ്ങളെയും നേട്ടങ്ങളെയും എടുത്തുപറഞ്ഞ് ശകാരിക്കുകയും ഉപദ്രവിക്കുകയും ചെയ്തുകൊണ്ട് അതിന്റെ മൂല്യവും ഫലവും നഷ്ടപ്പെടുത്തരുതെന്ന്തന്നെ. വിശുദ്ധഖുർആൻ പറയുന്നത് കാണുക:

“അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചിലവാക്കുകയും പിന്നെ ആ ചിലവാക്കിയത് എടുത്തുപറഞ്ഞ് ശകാരിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവരുടെ പ്രതിഫലമുണ്ട്. അവർ ഒന്നും ഭയപ്പെടേണ്ടതില്ല. ദുഃഖിക്കേണ്ടിവരികയുമില്ല. ഉപദ്രവം പിന്തുടരുന്ന ധർമ്മത്തേക്കാൾ ഉത്തമം നല്ല വാക്കും മാപ്പ് കൊടുക്കലുമാകുന്നു. അല്ലാഹു ഐശ്വര്യവാനും ക്ഷമാശീലനുമാണ്. അല്ലയോ സത്യവിശ്വാസികളെ! ചെയ്ത ഉപകാരം എടുത്തുപറയലും ശല്യപ്പെടുത്തലുംമൂലം നിങ്ങളുടെ ധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. (ഇത്) അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി ധനം ചെലവ് ചെയ്യുന്നവനെപോലെയാണ്. അവന്റെ ഉപമ ഉറച്ച മിനുസമായ പാറപോലെയാകുന്നു. അതിന്നു

---

الذين ينفقون اموالهم فى سبيل الله ثم لا يتبعون ما انفقوا منا ولا اذى لهم اجرهم عند ربهم ولا خوف عليهم ولاهم يحزنون ٥ قول معروف ومغفرة خير من صدقة يتبعها اذى والله غنى حليم ٥ ياايها الذين آمنوا لا تبطلوا صدقاتكم بالمن الاذى كالذى ينفق ماله رئاء الناس ولا يؤمن بالله واليوم الآخر فمثله كمثل صفوان عليه تراب فاصابه وابل فتركه صلدا لا يقدرون على شيئ مما كسبوا والله لا يهدى القوم الكافرين ٥ البقرة: ٢٦٢ - ٢٦٥

www.abulhasanalinadwi.org

മീതെ മണ്ണുണ്ടായിരുന്നു — അതിനൊരു പേമാരി ബാധിച്ചു. (ആ പേമാരി) അതിനെ കട്ടത്തു മിനുത്തതാക്കിതീർത്തു. അവർ സമ്പാദിച്ചതിൽനിന്ന് യാതൊന്നും അനുഭവിക്കാൻ അവക്ക് കഴിയുകയില്ല. നിഷേധികളായ ജനങ്ങളെ അല്ലാഹു സന്മാർഗ്ഗത്തിലാക്കുകയില്ല.''

സക്കാത്ത് കൊടുത്തുവീട്ടുന്ന സമയത്ത് ഈ വികാരവും വിശ്വാസവും പുലർത്തുകയും വിനയത്തിൻേറയും നിസ്വാർത്ഥതയുടെയും ഈ മഹത്തായ സത്ത ഉൾക്കൊള്ളുകയുംചെയ്യുന്ന എല്ലാ സുകൃതികളെയും അല്ലാഹു പുകഴ്ത്തുന്നത് കാണുക:

''തങ്ങളുടെ നാഥൻെറ അടുക്കലേക്ക് മടങ്ങുന്നവരാണെന്ന (ബോധത്താൽ) ഹൃദയം പേടിച്ചുകൊണ്ട് തങ്ങൾ ധർമ്മംചെയ്യുന്നതൊക്കെയും ധർമ്മം ചെയ്യുന്നവരാണവർ.''

മററൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

''നിശ്ചയം അല്ലാഹുവും, അവൻെറ റസൂലും, ഭയഭക്തിയോടു കൂടി നമസ്കാരം നിർവ്വഹിക്കുകയും സക്കാത്ത് കൊടുക്കുകയുംചെയ്യുന്ന സത്യവിശ്വാസികളും മാത്രമാണ് നിങ്ങളുടെ ബന്ധുക്കൾ.'' *

വേറെ ചില സന്ദർഭങ്ങളിൽ ഇത്തരം ദാനധർമ്മങ്ങൾ

---

والذين يؤتون ما آتوا وقلوبهم وجلة أنهم الى ربهم راجعون ۝
سورة المؤمنون : ٦٠

انما وليكم الله ورسوله والذين آمنوا الذين يقيمون الصلاة ويؤتون الزكاة وهم راكعون ۝
سورة المائدة: ٥٥

* അല്ലാമാ അബുൽഹയ്യാനൽ അന്തിലോഷി തൻെറ 'ബഹ്റുൽ മഹീതി'ൽ വ്യക്തമാക്കുന്നു: ഇവിടെ 'റുകൂഅ്'കൊണ്ടുള്ള വിവക്ഷ ഭക്തിയും വിനയവുമാകുന്നു; നമസ്കാരത്തിൽ നിർവ്വഹിക്കുന്ന പ്രത്യേക തരത്തിലുള്ള എല്ലാവർക്കും സുപരിചിതമായ ആ അവസ്ഥയല്ല. വാ: 3, പേ: 514.

www.abulhasanalinadwi.org

ചെയ്യുന്ന ആളുകളെ ആത്മാർത്ഥതയുടെ മൂർത്തിമൽഭാവങ്ങളായും, ഭൗതികമായ യാതൊരു സ്വാർത്ഥങ്ങളും തൊട്ടുതീണ്ടാത്തവരുമായിട്ടാണ് അല്ലാഹു പരിചയപ്പെടുത്തുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

''അഗതി, അനാഥ, ബന്ധനസ്ഥൻ എന്നിവർക്ക് അവർ (സുകൃതികൾ) ആഹാരം കൊടുക്കുകയും ചെയ്യും. അതിനോടവർക്ക് ആഗ്രഹമുണ്ടായിട്ടുപോലും! അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കാഹാരം തരുന്നത്. നിങ്ങളിൽനിന്ന് വല്ല പ്രത്യുപകാരമോ കൃതജ്ഞതയോ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് കഠിനമായ രൂപത്തിൽ മുഖംചുളിക്കുന്നതും അതിദുസ്സഹവുമായ ഒരു ദിവസത്തെ ഭയപ്പെടുന്നു.''

അതുപോലെ ജനങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവന്റെ ദാസന്മാർക്ക് കൊടുക്കുന്ന മുതലുകളും വസ്തുക്കളുമെല്ലാം ഉള്ളതിൽ ഉത്തമവും പരിശുദ്ധവുമായിരിക്കണമെന്നും അവൻ ആജ്ഞാപിക്കുന്നു. ധർമ്മമായി കൊടുക്കപ്പെടുന്ന ഏതൊരു വസ്തുവും അത് ലഭിച്ച വ്യക്തിക്ക് അഭിമാനിക്കാൻ പററിയതും വിലപിടിപ്പുള്ളതുമായിരിക്കൽ അനിവാര്യമാണ്. ഖുർആൻ പറയുന്നു:

''സത്യവിശ്വാസികളെ! നിങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ സംശുദ്ധമായ വസ്തുക്കളിൽനിന്നും, ഭൂമിയിൽനിന്ന് നാം നിങ്ങൾ

---

ويطعمون الطعام على حبه مسكينا ويتيما واسيرا ٥ انما نطعمكم لوجه الله لا نريد منكم جزاء ولا شكورا ٥ انا نخاف من ربنا يوما عبوسا قمطريرا ٥ سورة الدهر : ٨-١٠

يا ايها الذين امنوا انفقوا من طيبات ما كسبتم ومما اخرجنا لكم من الارض ولا تيمموا الخبيث منه تنفقون ولستم بآخذيه الا ان تغمضوا فيه واعلموا ان الله غني حميد سورة البقرة : ٢٦٧

www.abulhasanalinadwi.org

ക്കായി ഉല്പാദിപ്പിച്ചതന്നതിൽനിന്നും നിങ്ങാം ചെലവഴിക്കു ക. (ധർമ്മമായി) ചെലവ് ചെയ്യാൻ മോശമായതിനെ നിങ്ങാം കരുതിവെക്കരുത്. അതിനെ നിങ്ങാംതന്നെയും കണ്ണു ചിമ്മികൊണ്ടല്ലാതെ വാങ്ങുകയില്ലല്ലോ? (എന്നിരിക്കെ അത് വാങ്ങുന്നതിൽനിന്നും) നിശ്ചയമായും അല്ലാഹു ഐശ്വര്യ വാനും സ്തുത്യർഹനുമാണെന്ന് നിങ്ങാം അറിയുക.''

ഒരിക്കൽ ആയിശഃ (റ) കേടുവന്ന മാംസം ധർമ്മംചെയ്യാൻ ഒരുങ്ങിയപ്പോാം നബി (സ) അവരോട് ചോദിച്ചു. '' സ്വന്തം ഭക്ഷിക്കാത്ത സാധനമാണോ നീ മററുള്ളവക്ക് ദാനംചെയ്യുന്നത്.'' *

എന്നാൽ ഇന്നത്തെ ഭരണകൂടങ്ങാം നടപ്പാക്കുന്ന ടാക്സിന്റെ സ്ഥിതിയെന്ത്? അതിന്റെ ദാതാക്കളിൽ ആരാധനാ പരമായ സത്തയോ, താഴ്മയോ, ആത്മാർത്ഥത നഷ്ടപ്പെട്ട് ലോകമാന്യത കടന്നുകൂടുമോ എന്ന ഭയമോ, സംശുദ്ധമല്ലാത്തത് കൊടുത്തുകൂടെന്ന ചിന്തയോ നമുക്ക് കാണാൻ കഴിയുന്നില്ല. (അവരിൽ ചുമത്തുന്ന നികുതി എത്ര നിസ്സാരവും നീതിപരവുമായിരുന്നാൽപോലും). നേരെമറിച്ച് അത്രം വെറുപ്പോടും കോപത്തോടുംകൂടിയാണ് അവർ കൊടുക്കുന്നത്. പലപ്പോഴും നിയമത്തെ മറുകണ്ടംചാടാനും വഞ്ചന കാണിക്കാനും അവർ ശ്രമിക്കുന്നു. അങ്ങനെ ഉള്ളതിൽ ഏററവും മോശമായത് കൊടുത്ത് നിയമത്തിൽനിന്ന് അവർ രക്ഷപ്പെടുന്നു. ആത്മീയപരിശുദ്ധിയും, മതപരമായ വിശ്വാസവും അവലംബിക്കാത്ത മനുഷ്യനിർമ്മിത നിയമങ്ങളുടെയെല്ലാം സ്വഭാവം ഇതുതന്നെയാണ്.

## സക്കാത്തും പലിശയും തമ്മിലുള്ള വ്യത്യാസം

സക്കാത്തും പലിശയും പരസ്പരവിരുദ്ധങ്ങളായ രണ്ടു സമാന്തരരേഖകളിലൂടെ സഞ്ചരിക്കുന്നു. ആദ്യന്തം വിഭിന്നമായ ആശയങ്ങളും സ്വഭാവങ്ങളും ഉാംക്കൊണ്ടതാണ് അവ രണ്ടും. ഓരോന്നിന്റെയും പ്രേരകങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും മറേറതിൽനിന്നും വേറിട്ട് നില്ക്കുന്നു. വ്യക്തിയിലും

* അഹ്മദ്

www.abulhasanalinadwi.org

സമൂഹത്തിലും പ്രത്യേകമായും, മാനുഷ്യകത്തിൽ പൊതുവായും അവ രണ്ടും വരുത്തിത്തീർക്കുന്ന മാററങ്ങളും സ്വാധീനങ്ങളും തികച്ചും വ്യത്യസ്തങ്ങളാണ്.

സക്കാത്തിന്റെ ജീവൻ അല്ലാഹുവെപ്പററിയുള്ള ഭയം, അനുസരണം, തൃപ്തിസമ്പാദനം, പാവങ്ങളോടുള്ള ആർദ്രത, അനുകമ്പ, അലിവ്, ആത്മാർത്ഥത, നിസ്വാർത്ഥത തുടങ്ങിയ വികാരങ്ങളാണ്. എന്നാൽ പലിശയുടെ ജീവനാകട്ടെ ദൈവധിക്കാരം, ഹൃദയകാഠിന്യം, സമ്പത്തിനോടുള്ള അത്യാർത്തി, ലുബ്ധത, അദ്ധ്വാനിക്കാതെ ധനം വർദ്ധിപ്പിക്കാനുള്ള അമിവാഞ്ഛ (ഒരു പലിശക്കാരന്റെ ധനം സ്വയം ധനത്തെ ഉല്പാദിപ്പിക്കുന്നു. അതിൽ യാതൊരു അദ്ധ്വാനവും പരിശ്രമവും ആവശ്യമാകുന്നില്ല.) അപരന്റെ ദാരിദ്ര്യത്തിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും മുതലെടുക്കാനുള്ള മനസ്ഥിതി തുടങ്ങിയവയുമാണ്.

അതെ, വിശ്വാസവർദ്ധനവ്, വിശാലമനസ്ഥിതി, ആത്മീയപരിശുദ്ധി, ഔദാര്യം, ദാനശീലം തുടങ്ങിയ മഹത്തായ ഗുണങ്ങളും സൽഫലങ്ങളും സക്കാത്ത് പ്രദാനംചെയ്യുന്നു. എന്നാൽ പലിശയുടെ ഫലങ്ങളും ഗുണങ്ങളുമാകട്ടെ, ഹൃദയകാഠിന്യം, കടിലത, സങ്കുചിതത്വം, ദുസ്വഭാവം, ആത്മീയശോഷണം, മററുള്ളവരുടെ വേദനയിൽനിന്നും വേവലാതിയിൽനിന്നും മുതലെടുപ്പ് നടത്തി കൊഴുത്തു തടിക്കണമെന്ന വിചാരം, സമൂഹത്തിലെ കഷ്ടപ്പെടുന്നവരുടെയും ക്ലേശങ്ങൾ സഹിക്കുന്നവരുടെയും വിയർപ്പും കണ്ണീരും ഊററിക്കുടിക്കാനുള്ള വാസന തുടങ്ങിയ ദുർവികാരങ്ങളാണ്.

ഇനിയും നോക്കുക! സക്കാത്ത്കൊണ്ടുള്ള ഫലം സമൂഹത്തിൽ സമത്വത്തിനും ഔദാര്യത്തിനും പ്രോത്സാഹനവും പ്രചാരവും സിദ്ധിക്കലാണ്. ഓരോ അംഗത്തിനും സ്വാശ്രയത്വം പ്രദാനംചെയ്യലാണ്. അത് സമ്പത്തിൽ ഐശ്വര്യവും ഹൃദയങ്ങളിൽ ഐക്യവും പരസ്പരസ്നേഹവും വിശ്വാസവും ഉണ്ടാക്കുന്നു, എന്നാൽ പലിശയുടെ ഫലമാകട്ടെ സമൂഹത്തിന്റെ പൊതുവായ സ്വത്തും അതിലെ അംഗങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ വരായ്കയും ഏതെങ്കിലും ഒരു സ്ഥ

www.abulhasanalinadwi.org

ലത്തോ, വ്യക്തിയിലോ, സംഘത്തിലോ മാത്രം ഒതുക്കലും പരിമിതപ്പെടുത്തലുമാണ്. അപ്പോ ഈ സമൂഹത്തിലെ ഒരു പലിശക്കാരൻ ഈ രാജ്യത്തെ മുഴവൻ നീർചാലുകളും ചെന്നുപതിക്കുന്ന ഒരു ചെറിയ ജലാശയമാണ്. അല്ലെങ്കിൽ 'ആയിരത്തൊന്നു രാത്രികളി'ൽ പറഞ്ഞ സിന്ദുബാദിൻെറ കഥയിലെ കാന്തശക്തിയുള്ള പർവ്വതമാണ്. അതിലേക്ക് ഏതോ ഒരു ജലപ്രളയത്തിൽ കപ്പലണഞ്ഞു. അതോടെ കപ്പിത്താൻ വാവിട്ടു കരയാൻ തുടങ്ങി. കരയുന്നതിൻെറ കാരണമന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു: ഈ സമുദ്രത്തിലെ കാന്തപർവ്വതത്തെക്കൊണ്ടാണ് ഇപ്പോൾ നാം പരീക്ഷിക്കപ്പെട്ടിരിക്കുന്നത്. കപ്പലിൽ തറച്ചിരിക്കുന്ന സകല ഇരുമ്പിൻെറ ആണികളും ഈ പർവ്വതം വലിച്ചെടുക്കും. അങ്ങനെ തകന്ന് ഛിന്നഭിന്നമായി സമുദ്രത്തിൽ ഒഴുകിനടക്കുന്ന പലകക്കഷ്ണങ്ങൾ മാത്രമേ ഇനി കപ്പലിൻെറ സ്ഥാനത്ത് നാം കാണുകയുള്ളു. ഇതുപോലെ സമൂഹത്തിലെ പലിശ വാങ്ങുന്ന വ്യക്തികളും സ്ഥാപനങ്ങളും സംഘങ്ങളുമെല്ലാം ആ സമൂഹത്തിലെ കാന്തപർവ്വതങ്ങളാണ്. ജീവിതമാകുന്ന കപ്പലിലെ പലകകളെ പരസ്പരം ബന്ധിപ്പിക്കുകയും ഘടിപ്പിക്കുകയും ചെയ്തിരിക്കുന്ന അഖിലആണികളെയും ആ പർവ്വതങ്ങൾ ആകർഷിക്കും. അതോടെ അതിൻെറ ഓരോ ഭാഗങ്ങളും മററു ഭാഗങ്ങളോട് വിടപറയും. ക്രമേണ സമൂഹശരീരത്തിൻെറ രക്തം കട്ടയായി ചൂട് നിലച്ചുപോകും. ഒരിക്കലും മോചനം പ്രതീക്ഷിക്കാൻ പററാത്ത രൂപത്തിൽ സ്വഭാവദൂഷ്യവും സാമ്പത്തിക അരാജകത്വവും അതിനെ ആവരണംചെയ്യും. തുടൎന്ന് ആ സമൂഹം ജീവിക്കുകയാണെങ്കിൽ തളർവാതം പിടിച്ച് ക്ഷയോന്മുഖമായിട്ടായിരിക്കും കഴിഞ്ഞുകൂടുന്നത്. അഥവാ മരിക്കുകയാണെങ്കിൽ എല്ലാം നശിച്ച് നാമാവശേഷമായ ശാശ്വതദുഃഖത്തിൻെറ നീർകയത്തിൽ മുങ്ങിയുമായിരിക്കും.

പലിശയുടെ ഫലം പരസ്പരവിദ്വേഷമാണ്. സമൂഹത്തിൽ നിലനില്ക്കുന്ന പരസ്പരവിശ്വാസം നഷ്ടപ്പെടലാണ്. തെററിദ്ധാരണയും ശത്രുതയും കോപവും വർദ്ധിക്കലാണ്. പലിശദാതാക്കളുടെയും ഉപഭോക്താക്കളുടെയും ഇടയിൽ സംജാതമാകുന്ന ശത്രുത മുഖേന അവർ രണ്ടു ചേരികളായി

www.abulhasanalinadwi.org

തിരിയുന്നു. ഒന്ന് സമ്പന്നരുടെതും മറ്റൊന്ന് സാധുക്കളുടെ തും. ആദ്യവിഭാഗം മനുഷ്യരെപോലെ ജീവിക്കുമ്പോൾ രണ്ടാമത്തെ വിഭാഗമാകട്ടെ തികച്ചും ജന്തുക്കളും വളർത്തുമൃഗങ്ങളുമായി കഴിഞ്ഞുകൂടുന്നു. ഇതുകൊണ്ടെല്ലാമാണ് വിശുദ്ധഖുർആൻ പലിശയെ അതിരൂക്ഷമായി ആക്ഷേപിച്ചത്. സക്കാത്തിനെകുറിച്ച് പുകഴ്ത്താനുപയോഗിച്ച അതേ ശൈലിയും ഭാഷയും പലിശയെകുറിച്ച് ഇകഴ്ത്താനും അല്ലാഹു ഉപയോഗിച്ചു. ചില സന്ദർഭങ്ങളിൽ കൂടുതൽ രൂക്ഷമായ ഭാഷയും ഉപയോഗിച്ചിട്ടുണ്ട്. വികലമായ വിശ്വാസങ്ങളും, വൃത്തികെട്ട ആചാരങ്ങളും, നീചമായ സ്വഭാവങ്ങളും അധിക്ഷേപിക്കാൻവേണ്ടി വിശുദ്ധഖുർആൻ ഏത് ശൈലിയാണോ സ്വീകരിച്ചത് അതേ ശൈലിതന്നെയാണ് പലിശയെ അധിക്ഷേപിക്കുവാനും സ്വീകരിച്ചിരിക്കുന്നത്. ഹൃദയങ്ങൾ വിറക്കുകയും രോമങ്ങൾ എഴുന്നുനില്ക്കുകയുംചെയ്യുന്ന ശൈലി!

''വിശ്വസിച്ചവരെ! നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയായി ബാക്കിയുള്ളത് ഉപേക്ഷിക്കുകയുംചെയ്യുവിൻ. അങ്ങനെ ചെയ്യാത്തപക്ഷം അല്ലാഹുവും അവന്റെ റസൂലും (നിങ്ങളോട്) യുദ്ധംപ്രഖ്യാപിച്ചതായി അറിഞ്ഞുകൊള്ളുക. നിങ്ങൾ ഖേദിച്ച് മടങ്ങുന്ന പക്ഷം നിങ്ങളുടെ മൂലധനങ്ങൾ നിങ്ങൾക്കുള്ളതാകുന്നു. നിങ്ങൾ ദ്രോഹിക്കുവാനോ ദ്രോഹിക്കപ്പെടാനോ പാടുള്ളതല്ല.''

സത്യവിശ്വാസികളുടെ ഹൃദയത്തിൽ വെറുപ്പും അറപ്പും തോന്നുന്ന രൂപത്തിലാണ് അല്ലാഹു പലിശ തിന്നുന്നവനെ ചിത്രീകരിച്ചിരിക്കുന്നത്.

''പലിശ തിന്നുന്നവർ ഭ്രാന്തുനിമിത്തം പിശാച് ബാധിച്ചവൻ

---

يا ايها الذين امنوا اتقوا الله وذروا ما بقى من الربا ان كنتم مؤمنين ۝ فان لم تفعلوا فأذنوا بحرب من الله ورسوله وان تبتم فلكم رؤس اموالكم لا تظلمون ولا تظلمون ۝ سورة البقرة : ٢٧٨، ٢٧٩

www.abulhasanalinadwi.org

എഴുന്നേല്ക്കുന്നത് പോലെയല്ലാതെ എഴുന്നേല്ക്കുന്നതല്ല. കാരണം കച്ചവടം പലിശയെപ്പോലെതന്നെയാണെന്നവൻ പറഞ്ഞുകളഞ്ഞു. അല്ലാഹു കച്ചവടം അനുവദിക്കുകയും പലിശ വിരോധിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ തൻെറ രക്ഷിതാവിങ്കൽനിന്ന് സദുപദേശം കിട്ടിയതിനുശേഷം വല്ലവരും പിൻമാറുന്നു എങ്കിൽ കഴിഞ്ഞുപോയത് അവനുപയോഗിക്കാം. അവൻെറ കാര്യം അല്ലാഹുവിങ്കൽ ഏൽപിക്കപ്പെട്ടതാകുന്നു. എന്നാൽ വീണ്ടും (പലിശ) വാങ്ങുന്നവർ നരകക്കാരാകുന്നു. അവർ അതിൽ സ്ഥിരവാസികളാണ്.''

ഒന്നിലേറെ സ്ഥലങ്ങളിൽ വിശുദ്ധഖുർആൻ ദാനധർമ്മങ്ങളെയും പലിശയെയും താരതമ്യപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. അത് രണ്ടിൻെറ ഫലങ്ങളും പ്രയോജനങ്ങളും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതിന്വേണ്ടി ഖുർആൻ സ്വീകരിച്ച വാക്യങ്ങൾ മുഴുവൻ വിശദീകരിക്കണമെങ്കിൽ ഒരു വലിയ ഗ്രന്ഥംതന്നെ വേണ്ടിവരും. വിശുദ്ധഖുർആൻ ഏതാനും വാക്യങ്ങളിലായി പറഞ്ഞ കാര്യങ്ങൾതന്നെ ശരിക്കും മനസ്സിലാക്കാൻ ഇന്ന് സാമ്പത്തികശാസ്ത്രത്തിൻെറ ചരിത്രവും, പലിശഭോജക രാഷ്ട്രങ്ങളുടെയും ജനതതികളുടെയും സാമ്പത്തികവും മാനസികവുമായ അവസ്ഥയും ഒരു പഠനത്തിന് വിധേയമാക്കൽ ആവശ്യമാണ്. അല്ലാഹു പറയുന്നു:

''പലിശയെ അല്ലാഹു നശിപ്പിച്ചുകളയുന്നു. ദാനധർമ്മങ്ങളെ

---

الذين يأكلون الربا لا يقومون الا كما يقوم الذى يتخبطه الشيطان من المس ذلك بأنهم قالوا انما البيع مثل الربا واحل الله البيع وحرم الربا فمن جاءه موعظة من ربه فانتهى فله ما سلف وامره الى الله ومن عاد فأولئك اصحاب النار هم فيها خالدون ○

سورة البقرة: ٢٧٥

يمحق الله الربا ويربى الصدقات والله لا يحب كل كفار اثيم ○

سورة البقرة: ٢٧٦

www.abulhasanalinadwi.org

അവൻ വളർത്തികൊണ്ടുവരികയും ചെയ്യുന്നു. വളരെ കൃതഘ്നനും മഹാപാപിയുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. മററൊരു സ്ഥലത്ത് അല്ലാഹു തറപ്പിച്ചു പറയുന്നു:

''ജനസമ്പത്തിൽ വർദ്ധനവുണ്ടാവാൻ നിങ്ങൾ പലിശകൊടുത്താൽ അത് അല്ലാഹുവിൻെറ അടുക്കൽ വർദ്ധിക്കുകയില്ല. (എന്നാൽ) അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ സക്കാത്ത് കൊടുക്കുന്ന പക്ഷം അത്തരക്കാർതന്നെയാണ് ഇരട്ടികളായി വർദ്ധിപ്പിക്കുന്നവർ.''

വിശുദ്ധഖുർആനിൻെറ ഈ നിർദ്ദേശമനുസരിച്ചായിരുന്നു നബി (സ)യുടെ പ്രവർത്തനവും. സക്കാത്തിനെയും മററു ദാനധർമ്മങ്ങളെയും അവിടുന്ന് പുകഴ്ത്തിപ്പറഞ്ഞു. അതുകൊണ്ട് മുസൽമാൻെറ ധനത്തിലുണ്ടാകുന്ന നേട്ടങ്ങളെയും ഐശ്വര്യങ്ങളെയും അവിടുന്ന് വിശദമായിതന്നെ വ്യക്തമാക്കി. (സദഖഃ മുഖേന അതിൻെറ ദാതാവിൻെറ സ്വത്തിലുണ്ടാകുന്ന സമ്പൽസമൃദ്ധിയും, അല്ലാഹുവിൻെറ സഹായവുമെല്ലാം വിശദമായി വിവരിക്കുന്ന നബിവചനങ്ങൾ മുമ്പ് വന്നിട്ടുണ്ട്.) അതോടുകൂടെതന്നെ സക്കാത്ത് കൊടുക്കാത്തവർക്ക് വരാൻപോകുന്ന ഐഹിക ബുദ്ധിമുട്ടുകളെയും കനത്ത നഷ്ടങ്ങളെയും നബി (സ) നമുക്ക് പഠിപ്പിച്ചിരിക്കുന്നു. അവിടുന്ന് പറഞ്ഞതായി ഹസ്രത്ത് ബുറൈദ് (റ) ഉദ്ധരിക്കുന്നു: ''ആര് സക്കാത്ത് കൊടുക്കാതിരുന്നുവോ അവരെ അല്ലാഹു വരൾച്ച, ക്ഷാമം തുടങ്ങിയ കാലികവിപത്തുകൾ കൊണ്ട് പരീക്ഷിക്കുന്നതാണ്.'' * ഇതുപോലെ, പലിശയുടെ പേരിൽ ലഭിക്കുന്ന കഠിനമായ പരലോകശിക്ഷക്ക് പുറമെ ഇഹലോകത്തു വെച്ച് കിട്ടുന്ന ഭീകരമായ ഒരു ശിക്ഷയെക്കുറിച്ചും അല്ലാഹുവിൻെറ റസൂൽ താക്കീത് നല്കി

---

وما آتيتم من ربا ليربو فى اموال الناس فلا يربو عند الله وما آتيتم من زكوة تريدون وجه الله فاولئك هم المضعفون   سورة الروم : ٣٩

* اوسط طبرانى

www.abulhasanalinadwi.org

യിട്ടുണ്ട്. ''ഒരു ജനത പലിശഭോജകരായി മാറിയാൽ അല്ലാഹു അവരിൽ വരൾച്ചയുണ്ടാക്കും; കൈക്കൂലി പ്രചരിപ്പിക്കുന്നവരായാൽ അവർ ഭയവിഹ്വലതയിൽ ബന്ധിതരായിരിക്കും.'' * പലിശ വാങ്ങുന്നവനെയും കൊടുക്കുന്നവനെയും അതിന്നുവേണ്ടി എഴുത്തുകുത്തുകൾ നടത്തുന്നവനെയും സക്കാത്ത് കൊടുക്കാത്തവനെയും അല്ലാഹു ശപിച്ചിരിക്കുന്നു.'' ** എന്നും അവിടുന്ന് പറയുകയുണ്ടായി. നബി (സ)യിൽനിന്ന് അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: ''എനിക്ക് ആകാശാരോഹണമുണ്ടായ രാത്രിയിൽ ഒരു സംഘമാളുകളെ കാണാൻ കഴിഞ്ഞു; അവരുടെ ഉദരങ്ങൾ വീർത്ത് വീടുകളെപ്പോലെ വലുതാണ്. പുറമെനിന്നുതന്നെ വീക്ഷിക്കാൻ പററുന്ന ഭീകരസർപ്പങ്ങൾ അതിലുണ്ട്. അപ്പോൾ ഞാൻ ജിബ്‌രീലിനോട് ചോദിച്ചു: ഇവർ ആരാണ്? ജിബ്‌രീൽ പ്രതികരിച്ചു: പലിശ തിന്നുന്നവരാണിവർ.'' ** അവിടുന്ന് ഇങ്ങിനെയും പറയുകയുണ്ടായി: ''ഒരു ജനതയെ നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചാൽ അവരിൽ പലിശയെ അവൻ വ്യാപിപ്പിക്കുന്നു.''***

മേൽപ്രസ്താവിക്കപ്പെട്ട നബിവചനങ്ങളുടെ സത്യാവസ്ഥ പൂർണ്ണമായും നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നത് ഇസ്ലാമിക ചരിത്രത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മാത്രമാണ്. അവിടെ മുസ്ലിംകളുടെ രണ്ടു ജീവിതവശങ്ങൾ കണ്ടെത്താൻ കഴിയുന്നു. അല്ലാഹുവിൻെറ ആജ്ഞകൾ ശിരസാ വഹിച്ച് ഇസ്ലാമികശരീഅത്ത് ജീവിതത്തിൽ പകർത്തി കഴിഞ്ഞുകൂടിയപ്പോഴുണ്ടായ സൗഭാഗ്യവും സമ്പൽസമൃദ്ധിയും ശാന്തിയും സമാധാനവുമെല്ലാം ഒത്തുകൂടിയ ഒരു വശം; അതിൽ വീഴ്ചവന്നപ്പോഴുണ്ടായിത്തീർന്ന അസമാധാനവും അസ്വാസ്ഥ്യവും നാശവും ക്ലേശവുമെല്ലാം സന്ധിച്ച മറുവശവും. മുസ്‌ലിംകളുടെ സാമൂഹ്യജീവിതത്തിലേക്ക് കടന്നാൽ പ്രവാചകവചനങ്ങളുടെ പൂർണ്ണമായ പുലർച്ച നമുക്ക് കണ്ടെത്താൻ കഴിയുന്നു. അല്ലാഹുവിൻെറ വചനങ്ങൾ അർത്ഥമാക്കുന്നതും അതേ പുലർച്ചതന്നെയാണ്.

---

* نسائي والمستدرك ** نسائي ومستدرك ** أحمد وابن ماجه
*** كنز العمال ج ٢ ص ٢١٣

www.abulhasanalinadwi.org

''ആണായാലും പെണ്ണായാലും യഥാർത്ഥ വിശ്വാസിയായി കൊണ്ട് ആരെങ്കിലും നന്മ പ്രവർത്തിക്കുന്ന പക്ഷം അവക്ക് സുഖജീവിതം നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന സുകൃതങ്ങൾക്കുള്ള പ്രതിഫലം നാം അവക്ക് കൊടുക്കുന്നതുമാണ്.''

ഇത്തന്നെ അല്ലാഹു വേറൊരു സ്ഥലത്ത് ആവർത്തിച്ചു പറയുന്നു:

''എന്റെ ഉൽബോധനത്തെവിട്ട് ആർ പിന്തിരിഞ്ഞുവോ തീർച്ചയായും അവന്ന് ഇടുങ്ങിയ ജീവിതമുണ്ട്; അന്ത്യനാളിൽ അവനെ അന്ധനായി നാം എഴുന്നേല്പിക്കുകയും ചെയ്യും.''

## സക്കാത്ത്വ്യവസ്ഥയിൽ ഇസ്ലാം വരുത്തിയ പരിഷ്ക്കരണങ്ങൾ

നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായ കർമ്മങ്ങളെപോലെ തന്നെ സക്കാത്തിലും ഇസ്ലാം പരിഷ്ക്കരണങ്ങൾ വരുത്തുകയുണ്ടായി. വ്യഷ്ടിഗതവും സമഷ്ടിഗതവുമായ സകല നന്മകളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് സക്കാത്തിന്റെ വ്യവസ്ഥിതിയും നിയമങ്ങളും നിലവിൽ വന്നത്. ഗതകാലസമുദായക്കാരുടെ മതനിയമങ്ങൾക്ക് ബാധിച്ച യാതൊരുവിധ മാററത്തിരുത്തലോ, കൈകടത്തലോ അതിനെ ബാധിച്ചിട്ടുമില്ല. അങ്ങനെ സുഭദ്രവും അവികലവുമായി അത് ഇന്നും നിലകൊള്ളുന്നു.

## പൗരാണികമതങ്ങളിലെ സക്കാത്തിന്റെ രൂപം

ഖുർആനും, സുന്നത്തും, കർമ്മശാസ്ത്രഗ്രന്ഥങ്ങളും സവി

---

من عمل صالحا من ذكر او انثى وهو مؤمن فلنحيينه حيوة طيبة ولنجزينهم اجرهم باحسن ما كانوا يعملون          سورة النحل: ٩٧

ومن اعرض عن ذكرى فان له معيشة ضنكا ونحشره يوم القيامة اعمى          سورة طه: ١٢٤

www.abulhasanalinadwi.org

സ്പരമായി പ്രതിപാദിച്ച സമഗ്രവും സമ്പൂർണ്ണവുമായ ഇസ്ലാമിന്റെ നിയമങ്ങളും വ്യവസ്ഥകളും പഠിച്ചും പര്യവേക്ഷണം നടത്തിയും ശീലിച്ച ഒരു ഗവേഷകൻ തൽമൂദ്, പുതിയ നിയമം, പഴയ നിയമം, പുരാണങ്ങൾ തുടങ്ങിയ പൗരാണിക മതഗ്രന്ഥങ്ങളിൽ സക്കാത്തിനെകുറിച്ച് വ്യക്തമായ വല്ല നിയമങ്ങളുമുണ്ടോയെന്ന് പഠിക്കാൻ ഉദ്ദേശിക്കുമ്പോൾ പരിഭ്രാന്തനായി പരാജയം സമ്മതിക്കുന്നത് കാണാം. അവിടെ അവൻ നിരാശനായി കൈമലർത്തുന്നു. ആ മതങ്ങളിലെല്ലാംതന്നെ സക്കാത്തിന്റെയും ദാനധർമ്മങ്ങളുടെയും ഏതാനും ഖുഷ്ചിച്ചതും ചിട്ടയില്ലാത്തതുമായ ചില ഉൽബോധനങ്ങളാണ് കാണാൻ കഴിയുക. അവസ്തു സ്വഭാവപരമോ ആത്മസംസ്കരണപരമോ ആയ ചില പൊതുനിർദ്ദേശങ്ങൾ എന്ന് പറയലായിരിക്കും കൂടുതൽ ശരി. അതിനാൽ കർമ്മശാസ്ത്രപരമായ ഒരു നിയമാവലിയെന്ന് ആരും അതിനെ വിശേഷിപ്പിക്കുകയില്ല.

ഉദാഹരണമായി സക്കാത്ത് ആർക്കെല്ലാം എന്തിലെല്ലാം നിർബന്ധമാണ്? സ്വത്ത് എത്രയായാൽ എത്ര കൊടുക്കണം? അതിന്റെ അവകാശികൾ ആരെല്ലാമാണ് തുടങ്ങിയ ചില ചോദ്യങ്ങൾ നമുക്കെടുക്കാം. ഇസ്ലാമിന്റെ വിശ്വാസപ്രമാണങ്ങൾ വ്യക്തമായ ഉത്തരം നല്കിയ ഇത്തരം ചോദ്യങ്ങൾക്ക് പോലും തൃപ്തികരമായ ഒരു മറുപടി പ്രസ്തുത മതഗ്രന്ഥങ്ങളിൽ കണ്ടെത്താൻ കഴിയുകയില്ല. സർവ്വ വിജ്ഞാനകോശങ്ങളുടെ കോളങ്ങളിൽപോലും അതിലെ സക്കാത്തിനെകുറിച്ചോ ദാനധർമ്മങ്ങളെകുറിച്ചോ പ്രത്യേകമായൊരു പ്രബന്ധം എഴുതിചേർക്കാൻ അതിന്റെ നിർമ്മാതാക്കൾക്ക് കഴിഞ്ഞിട്ടില്ല. അതും ഇക്കാലത്ത്! ഏത് വിഷയത്തെക്കുറിച്ചും സൂക്ഷ്മവും സമഗ്രവുമായ 'ഫീച്ചറു'കൾക്ക് ജന്മംകൊടുക്കാൻ കഴിവുള്ള എഴുത്തുകാരും അവലംബഗ്രന്ഥങ്ങളും ഉള്ള ഈ യുഗത്തിൽ! എന്നാൽ ദാനധർമ്മങ്ങളുടെയും സക്കാത്തിന്റെയുമെല്ലാം ഖണ്ഡിതവും സൂക്ഷ്മവുമായ നിഗമനങ്ങൾക്കും നിയമങ്ങൾക്കുമായി മാത്രം ഭീമാകാരമായ ഗ്രന്ഥശാലക്ക് ജന്മം കൊടുക്കാൻ ഇസ്ലാമിന്ന് കഴിഞ്ഞിട്ടുണ്ട്

അഖിലമതങ്ങളിൽനിന്നും വേറിട്ടുനില്ക്കുന്ന കർമ്മശാസ്ത്ര

www.abulhasanalinadwi.org

പരമായ ഇസലാമിന്റെ ഈ സവിശേഷത പ്രാചീനമോ അർവ്വാചീനമോ ആയ ഒരു മതത്തിലും കണ്ടെത്തുക സാധ്യമല്ല. അതിനാൽ ഗവേഷണകുതുകിയായ ഒരു മുസ്ലിം താരതമ്യപഠനത്തിനൊരുങ്ങുമ്പോൾ ആരാധനാകാര്യങ്ങളിലും ക്രയവിക്രയങ്ങളിലും ഇസ്ലാം കൈക്കൊണ്ടിരിക്കുന്ന അദ്ധ്യായക്രമങ്ങൾ ഇതരമതങ്ങളിൽ കാണുകയില്ലെന്ന് വ്യക്തമാണല്ലോ. അതുകൊണ്ടുതന്നെ ആ താരതമ്യപഠനം പ്രയാസകരമാണെന്ന് പറഞ്ഞറിയിക്കേണ്ടതുമില്ല. എങ്കിലും ഇന്നത്തെ പ്രധാനപ്പെട്ട മൂന്ന് (ഹിന്ദു-യഹൂദ-ക്രൈസ്തവ) മതങ്ങളുടെ ദാനധർമ്മങ്ങളോടുള്ള വീക്ഷണമെന്താണെന്നും അതിന്റെ നിയമങ്ങൾ എന്തെല്ലാമാണെന്നും നമുക്ക് പരിശോധിക്കാം.

## ദാനധർമ്മങ്ങൾ ഹിന്ദു മതത്തിൽ

ഹിന്ദുമതത്തിലെ ദാനധർമ്മങ്ങളെകുറിച്ച് മനസ്സിലാക്കാൻ A. S. Geden, എൻസൈക്ലോപീഡിയാ ഓഫ് റിലീജ്യൻ ആന്റ് എത്തിക്സിൽ കൊടുത്ത പ്രബന്ധം ഇവിടെ സംഗ്രഹിക്കാം. തദ്വിഷയകമായി ഏകദേശം തൃപ്തികരമായ ഒരു പഠനമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. അതിൽ ഹിന്ദുമതത്തിന്റെ ദാനധർമ്മങ്ങളെക്കുറിച്ചുള്ള വീക്ഷണവും, അതിന്റെ വിവിധ വശങ്ങളും, പ്രാവർത്തികരീതികളും വിശദീകരിച്ചിട്ടുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ ആ ധർമ്മചിന്ത പിന്നിട്ട സരണികളും അദ്ദേഹം ഒരു വിഹഗവീക്ഷണത്തിന് വിധേയമാക്കിയിരിക്കുന്നു. തന്റേതായ യാതൊരു നിരൂപണത്തിനും വിലയിരുത്തലിനും അഭിപ്രായപ്രകടനത്തിനും താരതമ്യപഠനത്തിനും ലേഖനകർത്താവ് മുതിർന്നിട്ടില്ലാ എന്നത് പ്രത്യേകം പ്രസ്താവ്യവുമാണ്. അദ്ദേഹം എഴുതുന്നു:

''ദാനധർമ്മങ്ങൾ ഹിന്ദുക്കളെ സംബന്ധിച്ചേടത്തോളം മതപരമായ ഒരു നിർബ്ബന്ധ കടമയാണ്. സൈദ്ധാന്തികമായും കർമ്മപരമായും അത് പാശ്ചാത്യൻ ചിന്താധാരയോട് വിയോജിക്കുന്നു. സമഭാവന, സാധുസംരക്ഷണം, ഹൃദയാലുത തുടങ്ങിയ ചിന്താഗതി ഹൈന്ദവമതത്തിൽ ദൃശ്യമല്ല. എങ്കിലും ഇന്ത്യൻജനതയിൽ കാണുന്നത്ര നിലക്കാത്ത ഔദാര്യം മറ്റേതൊരു രാജ്യത്തും കണ്ടെത്തുക പ്രയാസമാണ്. രാജ്യത്തി

www.abulhasanalinadwi.org

ന്റെ നാനാഭാഗങ്ങളിലും അലഞ്ഞുനടക്കുന്ന സാധുജനങ്ങളുടെയും, ദർവേശ്മാരുടെയും സംഖ്യാബാഹുല്യം അതാണ് സൂചിപ്പിക്കുന്നത്. ഭിക്ഷാടനം ജീവിതസന്ധാരണത്തിനുതകുന്ന ഒരു രാജ്യത്ത്മാത്രമെ ഇങ്ങനെ സംഭവിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ താത്വികമായും പ്രാവർത്തികമായും അതംഗീകരിച്ച ധർമ്മിഷ്ഠർ അവിടെ ധാരാളമായി ഉണ്ടാകണമല്ലോ. ഹിന്ദുക്കളുടെ വിശ്വാസപ്രമാണമായ മനുസ്മൃതി ഇപ്രകാരം പറയുന്നു: ഔദാര്യങ്ങളും ദാനധർമ്മങ്ങളും അണപൊട്ടി ഒഴുകേണ്ട കാലഘട്ടമാണിത്. അതിൽനിന്ന് ആരും വിട്ടുനില്ക്കാൻ പാടില്ല. പക്ഷെ അവർ ദാനധർമ്മ-ദക്ഷിണാദികളുടെയെല്ലാം അവകാശികൾ ബ്രാഹ്മണരും മഹർഷികളിലെ ചില പ്രത്യേകക്കാരും മാത്രമാണെന്ന് ധരിച്ചുവശായിട്ടുണ്ട്. പ്രസ്തുത ദാനത്തിന്റെ പ്രതിഫലം അതിന്റെ തോതനുസരിച്ച് കൂടുതലും കുറച്ചും ദാതാക്കൾക്ക് ലഭിക്കുമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു.

കൂടാതെ പുനർജന്മസാഫല്യ*ത്തിൽ വിശ്വാസമർപ്പിച്ച് ദാനധർമ്മങ്ങൾ ചെയ്യുന്ന മറെറാരു വിഭാഗത്തെയും ഇന്ത്യയിൽ കണ്ടെത്താൻ കഴിയുന്നു. ഹിന്ദുമത ശാസ്ത്രാദ്ധ്യാപനങ്ങളും പ്രമാണങ്ങളും ഒന്നുംതന്നെ സത്യത്തിൽ നിസ്വാർത്ഥമായ ധർമ്മാനുഷ്ഠാനത്തിന് യാതൊരു സ്ഥാനവും കല്പിക്കുന്നില്ല. എങ്കിലും ഹിന്ദുക്കളിൽ അധികപേരും ഈ പ്രശ്നത്തിൽ തങ്ങളുടെ മതശാസനകളേക്കാൾ ഉയർന്നു പ്രവർത്തിക്കുന്നവരായിട്ടാണ് കാണുന്നത്. ദാനധർമ്മങ്ങളുടെ കാര്യത്തിൽ പാശ്ചാത്യൻ ചിന്താധാരയോട് സാധർമ്മ്യത പുലർത്തുന്നത് ദുരിതബാധിതർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച സേവനസന്നദ്ധരായ ഏതാനും ചില സന്യാസിമാർ മാത്രമാണ്. അവർക്ക് ഇത് കൈവന്നത് ബുദ്ധമതാദ്ധ്യാപനങ്ങളുടെ ശക്തമായ സ്വാധീനം ഒന്നുകൊണ്ട് മാത്രമാണെന്നത് നിസ്തർക്കമാണ്. ഉത്സവ-

---

* ഹിന്ദുശാസ്ത്രപ്രകാരം മനുഷ്യൻ മുൻജന്മഫലത്തിന്റെ അടിസ്ഥാനത്തിൽ ഒരു ശരീരമുപേക്ഷിച്ച് മറെറാരു ശരീരത്തിൽ പ്രവേശിക്കുന്നതിനാണ് പുനർജന്മമെന്ന് പറയുന്നത്. കർമ്മഫലങ്ങളുടെ അടിസ്ഥാനത്തിൽ പല തരത്തിലുള്ള ജീവജാലങ്ങളായി പരിണമിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്.

www.abulhasanalinadwi.org

തീർത്ഥാടനവേളകളിൽ ക്ഷേത്രത്തിലെ വലിയ പൂജാരി, സന്ദർശകർക്ക് സദ്യകൾ നല്കി ആതിഥേയത്വം വഹിക്കാറുണ്ട്. അതിന് എത്രതന്നെ ചെലവ് വന്നാലും പ്രശ്നമാക്കാറില്ല. ഇതെല്ലാം അടിസ്ഥാനപരമായി തികച്ചും ഇന്ത്യൻമോഡലിൽതന്നെയായിരിക്കും. പാശ്ചാത്യമോ ക്രൈസ്തവമോ ഒരിക്കലുമല്ല. ഏതായാലും പ്രസ്തുത സമയത്ത് പൂജാരികൾ എന്തെങ്കിലും ഒന്ന് ധർമ്മംചെയ്യണമെന്നത് നിർബ്ബന്ധമാണ്. അതിനവർക്ക് ഒന്നും ലഭിക്കാത്തപക്ഷം തങ്ങളുടെ സ്വന്തമായ ഗ്രന്ഥങ്ങളെങ്കിലും ദാനമായി കൊടുക്കണം. പക്ഷെ, ഇത് നിയമമാണ്. പ്രവൃത്തിപഥത്തിൽ പൂജാരികളും സാധുജനങ്ങളും അധിക സന്ദർഭങ്ങളിലും കൊടുക്കുന്നവരല്ല; വാങ്ങുന്നവരാണ്. എങ്കിലും ഒരു കാര്യം സുസമ്മതമാണ്. വ്യക്തികളും കുടുംബങ്ങളും വ്യത്യസ്ത സന്ദർഭങ്ങളിൽ നടത്തുന്ന പല ആചാരങ്ങൾ മുഖേന പൊതുജനങ്ങളുടെയും ബ്രാഹ്മണരുടെയും ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നുണ്ട്. വ്യക്തിയുടെ സംരക്ഷണഭാരം സമൂഹത്തിന്റെ ബാദ്ധ്യതയാകുമ്പോൾ ഇത് പ്രത്യേകിച്ചും.

സത്യപ്രമാണങ്ങളുടെയും വേദശാസ്ത്രങ്ങളുടെയും സുവർണ്ണകാലഘട്ടങ്ങളിൽ ദാന–ദക്ഷിണകൾക്ക് കവിമനസ്സുകളിൽ ഒരു ഉന്നതസ്ഥാനമുണ്ടായിരുന്നു. ദാതാക്കൾക്കും ഉദാരമതികൾക്കും ലഭ്യമാകുന്ന പ്രതിഫലങ്ങളെകുറിച്ചും സ്ഥാനമാനങ്ങളെകുറിച്ചും അവർ പുകഴ്ത്തിപ്പാടി. വേദസാഹിത്യങ്ങൾ മൊത്തത്തിലും, ധർമ്മശാസ്ത്രങ്ങളും പുരാണങ്ങളും പ്രത്യേകിച്ചും കുടുംബാദികൾക്ക് ലഭിക്കേണ്ട അവകാശങ്ങളെ വിവരിച്ച കൂട്ടത്തിൽ ദാനധർമ്മങ്ങൾക്ക് ഉന്നതസ്ഥാനം നല്കിയിരുന്നു. പ്രസ്തുത വേദഗ്രന്ഥങ്ങളെല്ലാംതന്നെ ദാനധർമ്മങ്ങളുടെ അവകാശികളെ നിർണ്ണയിക്കുന്നതിൽ യോജിപ്പിലല്ലെങ്കിലും അതിനെസംബന്ധിച്ച് അവ ആഴത്തിൽ ചർച്ചചെയ്തിട്ടുണ്ട് എന്നത് ഒരു സത്യമാണ്. വേദഗ്രന്ഥമായ മനുസ്മൃതി ദാനധർമ്മങ്ങളുടെ ചക്രവാളത്തിൽ വരച്ചുകാണിച്ച നിർദ്ദേശങ്ങളും അടിസ്ഥാനനിയമങ്ങളുമെല്ലാം ഹൈന്ദവആചാരങ്ങൾക്കൊരു മുതൽക്കൂട്ടാണ്. അത് അവരിൽ വ്യക്തമായ സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്.

www.abulhasanalinadwi.org

യൂറോപ്യൻആചാരങ്ങൾ ഹിന്ദുക്കളിൽ സ്വാധീനംനേടിയിട്ടും മതപരമായ പുണ്യം കരസ്ഥമാക്കാൻ ദാനധർമ്മങ്ങൾക്ക്വേണ്ടി പ്രത്യേകമായ ധർമ്മസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഉദാരതയുടെ താത്വികവശങ്ങൾ വിശദീകരിക്കാൻ Skundpurana ഒരു പൂർണ്ണഅദ്ധ്യായംതന്നെ നീക്കിവെച്ചു. ഈ വിഷയത്തിലേക്ക് Hemadriയാകട്ടെ തന്റെ പുസ്തകത്തിന്റെ അവസാനഭാഗവും ഉപയോഗപ്പെടുത്തി.

അങ്ങനെ ഹൈന്ദവസന്യാസിമാരിൽ അധികമാളുകളും ഇന്ത്യയിൽ പൊതുജനങ്ങളിൽനിന്ന് ലഭ്യമാകുന്ന ദാനധർമ്മങ്ങൾകൊണ്ട് സുഖമായി കഴിഞ്ഞുകൂടുന്നു. എന്നാൽ ഇത്തരമാളുകൾക്ക് പാശ്ചാത്യരാജ്യങ്ങളിൽ ജീവിതം കഴിക്കുക എന്നത് വളരെ പ്രയാസകരമാണ്. കഠിനമായ അദ്ധ്വാനവും തീക്ഷ്ണമായ ത്യാഗവും സഹിച്ചെങ്കിൽ മാത്രമെ അവർക്കവിടെ ജീവിക്കാനൊക്കൂ. ഇന്ത്യയിലാകട്ടെ സ്ഥിതി നേരെ മറിച്ചുമാണ്. ഒട്ടുംതന്നെ അവക്കദ്ധ്വാനിക്കേണ്ട ആവശ്യമില്ല; അതിനവർക്ക് കഴിവുമില്ല. യാചന അതിന്റെ എല്ലാ അർത്ഥത്തിലും പ്രാചീനകാലം മുതൽ ഇന്ത്യയിൽ നിലനില്ക്കുന്നു. തലമുറകളായി ഊരുചുററുന്ന ഈ വിഭാഗം നിത്യജീവിതത്തിൽ അഹോവൃത്തിക്ക് കഴിവില്ലാത്ത സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏതവസ്ഥയിലും ഒരു ഭാരം തന്നെയാണ്.

ബുദ്ധമതക്കാർക്കുപോലും ദാനധർമ്മങ്ങളെകുറിച്ചുള്ള ധാരണ പൈതൃകമായി ലഭിച്ചത് ബ്രാഹ്മണരിൽനിന്നാണ്. മതപ്രവർത്തനത്തിന്വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ ധർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ചുള്ള പ്രാചീനനിയമങ്ങൾ പരിഷ്കരിക്കുകയും അടിസ്ഥാനനിയമങ്ങളിൽ വിശാലത വരുത്തുകയും ചെയ്തു. ശാക്യമുനി (ശ്രീബുദ്ധൻ) യുടെ കഴിഞ്ഞ ഏതോ ഒരു ജന്മത്തിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത് Damasur എന്നാണ്. അതിനാൽ ഉദാരതയും ഉ. ശീലവുമെല്ലാം ബുദ്ധമതത്തിന്റെ സ്വഭാവചര്യകളിലും സാമൂഹ്യനിയമങ്ങളിലും ഒരു പുത്തൻ ആചാരമല്ല. ബ്രാഹ്മണക്കുള്ള ദാനധർമ്മങ്ങളുടെ അമിതാവകാശത്തെ ജൈനമതക്കാർ അനുവദിച്ചുകൊടുക്കുന്നില്ല. എങ്കിലും

സന്യാസിമാരായി കഴിയുന്നവരുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ അവർ സമൂഹത്തോട് ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ (ബുദ്ധ_ജൈന) മതങ്ങളിൽ ഒന്നുംതന്നെ ധർമ്മചിന്തയിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുകയുണ്ടായിട്ടില്ല. അവരെല്ലാംതന്നെ തലമുറകളിലൂടെ ദാനങ്ങളെയും ധർമ്മങ്ങളെയുംകുറിച്ച്, മതത്തിൻെറ പ്രാഥമികാദ്ധ്യാപനങ്ങൾ പഠിപ്പിക്കുന്നവർക്ക് മാത്രമുള്ള ഒരാനുകൂല്യമാണെന്നാണ് അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തത്.

മേൽപ്രസ്താവിച്ച ദാനങ്ങളുടെ അവസ്ഥ മൊത്തത്തിൽ രണ്ടു രൂപത്തിലായിരുന്നു: 'വീടുകളിലെയും കെട്ടിടങ്ങളി'ലെയും സ്ഥാവര_ജംഗമസ്വത്തുക്കൾ സ്ഥിരമായി ദാനംചെയ്യുക. അല്ലെങ്കിൽ ഗ്രാമാന്തരങ്ങളിലെ വരുമാനങ്ങൾ ധർമ്മത്തിൻെറ മാർഗ്ഗത്തിൽ നീക്കിവെക്കുക. അതുമല്ലെങ്കിൽ മൊത്തം വരുമാനത്തിൻെറ പത്തിലൊന്ന് ദാനംചെയ്യുക. ഇതായിരുന്നു ആ രൂപം. രണ്ടാമത്തേത് സാമൂഹ്യആചാരങ്ങളിലും പെരുന്നാൾ സുദിനങ്ങളിലും മററും ബ്രാഹ്മണർക്ക് ലഭ്യമാകുന്ന പാരിതോഷികങ്ങളും കൈമടക്കുകളുമാണ്. ഊരുചുററുന്ന യാചകർക്ക് നാട്ടിൻപുറങ്ങളിൽ പാർക്കുന്ന സാമാന്യജനങ്ങളുടെ അന്ധവിശ്വാസത്തിൻെറ ഫലമായി ലഭിക്കുന്ന വീട്ടുപകരണങ്ങളും മററു സാധനങ്ങളുമെല്ലാം ഈ രണ്ടാമത്തെ വകുപ്പിൽപെടും. ഒന്നുംകൊടുക്കാതെ മടക്കിഅയച്ചാൽ എന്തൊക്കെയോ ഭവിഷ്യത്തുകൾ തങ്ങളെ വലയംചെയ്യുമെന്ന വിശ്വാസമാണ് പ്രസ്തുത യാചകരെ നിരാശരായി മടക്കിഅയക്കുന്നതിൽനിന്നും അവരെ തടയുന്നത്......''

'മഹാദാൻ' എന്ന നാമത്തിൽ ഏററവും ഉദാത്തമായി പരിഗണിക്കപ്പെടുന്ന ധർമ്മങ്ങളുടെ പട്ടിക പത്തു മുതൽ പതിനാറുവരെയുണ്ട്. അതിൽ ഏററവും പ്രാധാന്യം അർഹിക്കുന്നത് സ്വർണ്ണം ധർമ്മമായി കൊടുക്കലാണ്. അതിന്നുശേഷം വീട്ടുസാധനങ്ങൾ, ഗ്രാമവരുമാനം എന്നിവ ധർമ്മം ചെയ്യലാകുന്നു. കൂടുതൽ വിലമതിക്കുന്നത് സ്വർണ്ണമായതിനാൽ കൂടുതൽ പ്രതിഫലാർഹമായതും അതുതന്നെയാണ്. ദാതാവ് തൻെറ തൂക്കത്തിനനുസരിച്ച് സ്വർണ്ണംഎടുത്ത് ബ്രാഹ്മണർക്ക് വീതിച്ചുകൊടുക്കുന്ന **Tuladan** അല്ലെങ്കിൽ **Tulapursa** പുണ്യ

www.abulhasanalinadwi.org

ത്തിൽ പരമപ്രാധാന്യമർഹിക്കുന്നു. ക്രി: പന്ത്രണ്ടാംനൂററാണ്ടിൽ ഇന്ത്യയിലെ 'ഖന്യജ്'' രാജാവ് മേൽപ്രസ്താവിക്കപ്പെട്ട തുലാഭാരം നൂറു പ്രാവശ്യം ചെയ്യുകയുണ്ടായി എന്ന് പറയപ്പെടുന്നു. കൂടാതെ പതിനാലാം നൂററാണ്ടിൽ ബീഹാറിലെ ഒരു പ്രാചീന ഭരണകേന്ദ്രമായിരുന്ന Mitahala യിലെ മന്ത്രിയും ഇത് നിർവ്വഹിക്കുകയുണ്ടായി. Siladitya (ഹർഷൻ) ചക്രവർത്തിയുടെ അപാരമായ ദാനധർമ്മത്തെ സുപ്രസിദ്ധ ചൈനീസ് സഞ്ചാരി ഹ്വാങ്ങ്സാങ്ങ് (Hiventsang) വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ അഞ്ചു വർഷം കൂടുമ്പോഴും അദ്ദേഹം തൻെറ അധീനത്തിലുള്ള സകല വസ്തുക്കളും ദാനംചെയ്യുമായിരുന്നു. ചില സന്ദർഭങ്ങളിലെല്ലാം വിലപിടിപ്പുള്ള സ്വർണ്ണം ഒരു വിഷമമായി വരുമ്പോൾ പകരം വെള്ളിയായിരുന്നു ഉപയോഗിച്ചിരുന്നത്. യജ്ഞോപവീത ആചാരസംബന്ധമായും സ്വർണ്ണനിർമ്മിതമായ പശുവോ പങ്കജമോ ദാനംചെയ്യാറുണ്ട്. പരിപാടിയുടെ അവസാനം അത് ബ്രാഹ്മണക്ക് വിഭജിച്ചു കൊടുക്കുകയോ ക്ഷേത്രത്തിലേക്ക് ദാനംചെയ്യുകയോ ആണ് പതിവ്. അത്തരം സന്ദർഭങ്ങളിൽ നേതാക്കളും ധനാഢ്യരുമായ ആതിഥേയർ സ്വർണ്ണത്തിൻെറയും വെള്ളിയുടെയും പാത്രങ്ങൾ അതിഥികൾക്ക് പാരിതോഷികമായി നൽകാറുണ്ടായിരുന്നു. ബ്രാഹ്മണക്ക് ഭൂമി വിതരണംചെയ്യുന്ന സ്വഭാവവും പ്രാചീനകാലത്ത് ഭാരതത്തിൽ നിലവിലുണ്ടായിരുന്നു. അശോകചക്രവർത്തിയുടെ കാലഘട്ടം ഇതിൻെറ സുവർണ്ണനാളുകളായി ചരിത്രം ഉദ്ഘോഷിക്കുന്നു. തൻെറയും തൻെറ കുടുംബത്തിൻെറയും ദയനീയമായ പര്യവസാനത്തിലേക്ക് നയിക്കുമായിരുന്ന അദ്ദേഹത്തിൻെറ അപാരമായ ഔദാര്യത്തിന് അവസാനകാലങ്ങളിൽ സ്വയം ചില പരിധികൾ നിർണ്ണയിച്ചതായി കാണാം.

ബ്രാഹ്മണക്ക് നല്കുന്ന ഇത്തരം ധർമ്മങ്ങളും ആനുകൂല്യങ്ങളുമെല്ലാം ഇന്നും ഹിന്ദുക്കളുടെ ഇടയിൽ അപരിചിതമോ അസാധാരണമോ അല്ല. അവക്ക് ഭക്ഷണംകൊടുക്കുക എന്നത് അതിമഹത്തായ ഒരു പുണ്യകർമ്മമാണ്. അതെത്ര കൂടുതൽ ആളുകൾക്ക് കൊടുക്കുന്നുവോ അത്രയും സൽക്കർമ്മമായി ഗണിക്കപ്പെടുന്നു. ബ്രാഹ്മണരെ വിളിച്ച് ആഹാരം കൊടുക്കുന്ന സ്വഭാവം ജന്മദിനം, സല്കാരം തുടങ്ങിയ കുടുംബപരമായ ആ

www.abulhasanalinadwi.org

ഘോഷദിവസങ്ങളിൽ സർവ്വസാധാരണമാണ്. വലിയവലി യ ആഘോഷപരിപാടികളിൽ ഈ ഔദാര്യം അതിവിപുലവും വിശാലവുമായി കാണാം. അന്ന് വിദൂരനാട്ടകളിൽനിന്ന് സന്യാസിമാരും സഞ്ചാരികളുമെല്ലാം അതിൽ പങ്കുകൊള്ളുന്നു. പ്രസ്തുത അതിഥിസല്ക്കാര സുദിനങ്ങൾ ദിവസങ്ങളോളം നീണ്ടു നിൽക്കുകയും ചെയ്യും. ഒന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന **Usavadata** യെ അനുസ്മരിക്കുകയും അയവിറക്കുകയും ചെയ്തുകൊണ്ടാണ് ആ നാളുകൾ അവർ കഴിച്ചുകൂട്ടുന്നത്. അദ്ദേഹം എല്ലാ വർഷവും ഒരു ലക്ഷത്തോളം വരുന്ന ബ്രാഹ്മണക്ക് വേണ്ടുന്ന സുഖസൗകര്യങ്ങൾ ചെയ്തുകൊടുത്തു. അതിന് ഒരു ലക്ഷം പശുവും, നൂറു ഗ്രാമവും മററു ഉല്ലാസകേന്ദ്രങ്ങളും ധർമ്മംചെയ്തുപോന്നു. ഇങ്ങനെ ബ്രാഹ്മണക്ക് ആഹാരംകൊടുത്ത് അവരെ ആഹ്ലാദിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തിയ മഹാന്മാരായ പല രാജാക്കന്മാരും പ്രാചീനകാലത്ത് ജീവിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. മദ്ധ്യനൂററാണ്ടുകളിൽ യൂറോപ്പിൻേറതുപോലെ ഇന്ത്യയിലും ധാരാളം സന്യാസിമാർ സ്ഥിരം ദാനസ്വത്തുക്കളും ദേവതസമ്പത്തുക്കളും ഉപയോഗിച്ച് കഴിഞ്ഞുകൂടിയതായി കാണാം. ചില സന്ദർഭങ്ങളിൽ രാഷ്ട്രവരുമാനത്തിൻേറ അപ്രധാനമല്ലാത്ത ഒരു ഘടകം ഈ സന്യാസിമാരുടെ കരങ്ങളിൽ അമർന്നിരുന്നു.

സന്യാസിമാക്കും, ഏതെങ്കിലും ചിന്താപ്രസ്ഥാനത്തിൻേറ സുസമ്മതനേതാക്കളായി അറിയപ്പെടുന്ന മുനിമാർക്കും നിർണ്ണയിക്കപ്പെട്ടിരുന്ന നിയമാനുസൃതദാനങ്ങളുടെയും വരുമാനങ്ങളുടെയും തോത് ദക്ഷിണേന്ത്യയെ അപേക്ഷിച്ച് ഉത്തരേന്ത്യയിൽ വളരെ കുറവാണ്. ഇതിന് കാരണമുണ്ട്. ഉത്തരേന്ത്യയിൽ ജനമദ്ധ്യേ മതനേതാക്കളുടെ സ്വാധീനം വളരെ കുറവാണ്. ദക്ഷിണേന്ത്യക്കാർക്കിടയിൽ പ്രത്യേകമായി സംഖ്യകൾ നിർണ്ണയിച്ച് ഈടാക്കുന്ന പതിവുണ്ടായിരുന്നു. അത് പിരിച്ചെടുക്കാൻ സാദ്ധ്യമായ സമസ്ത മാദ്ധ്യമങ്ങളും അവർ സ്വീകരിക്കുകയും ചെയ്തിരുന്നു. ഓരോ മതനേതാവും അവനവൻേറ പ്രദേശങ്ങളിലെ പട്ടണങ്ങളിൽ ചുററിനടക്കുകയും നിർണ്ണിതദാനങ്ങൾ ചോദിച്ചുവാങ്ങുകയും ചെയ്യും. മതസ്ഥാപനങ്ങളുടെ സ്ഥായിയായ വരുമാനം ദക്ഷിണേന്ത്യയിൽ

www.abulhasanalinadwi.org

സ്ഥിരമായി ദാനം ചെയ്യപ്പെട്ട ധനങ്ങളിൽനിന്നാണ് ലഭിക്കുന്നത്. ഇത് ഉത്തരേന്ത്യയിൽ വളരെ കുറച്ച്മാത്രമെ കാണാൻ കഴിയുകയുള്ളു. ഈ സ്വത്തുക്കളിൽനിന്നുള്ള വരുമാനത്തിന്റെ സിംഹഭാഗവും പ്രസ്തുത സ്ഥാപനങ്ങളിലെ സന്യാസിമാരുടെയും പൂജാരികളുടെയും ആവശ്യത്തിന്‌വേണ്ടി മാത്രം നീക്കിവെക്കുന്നു. ഉത്സവവേളകളിലും ഉത്സവനാടൻധർമ്മ നാളുകളിലും ഉണ്ടാക്കുന്ന ദാനധർമ്മാദികളിൽ പങ്ക്ചേരുന്നവർക്കുള്ള അതേ വിചാരവും ഉദ്ദേശശുദ്ധിയുമാണ് ധനം സ്ഥിരദാനംചെയ്യുന്ന ഇക്കൂട്ടർക്കുമുള്ളത്.

ഇതിനെല്ലാം പുറമെ ദാനധർമ്മങ്ങൾക്ക് മറ്റൊരു നിദാനമുണ്ടായിരുന്നു. അതായത് അതിന്റെ ആധിക്യം ഒരിക്കലും സ്വന്തം ആശ്രിതരെയും അടുത്ത ബന്ധുക്കളെയും പട്ടിണിയിലാക്കാൻ പാടില്ല. പശുക്കളെയാണ് ദാനംചെയ്യുന്നതെങ്കിൽ ഒരിക്കലും ആയിരത്തിലേറെ ആയിക്കൂടാ. ധർമ്മത്തെ ബാധിക്കുന്ന വേറെയും ചില നിയമങ്ങളുണ്ട്: ഒരു ബ്രാഹ്മണൻ തിരസ്കരിച്ച ധർമ്മം മററാരും സ്വീകരിക്കാൻ പാടില്ല. അതുപോലെ ആരുടെയെങ്കിലും ദാനം സ്വീകരിച്ച അതേദിവസം അത് മറ്റൊരാൾക്കും ദാനംചെയ്യാനും പാടില്ല. ഭിക്ഷയും മററും വാങ്ങുവാൻ അർഹരായവർ ആരെല്ലാം എന്നതിനെകുറിച്ച് വിശദമായ വിവരങ്ങൾ നൽകുന്ന ഗ്രന്ഥങ്ങൾതന്നെ വേണ്ടത്ര കാണാം. അക്കൂട്ടത്തിൽ ദാനധർമ്മങ്ങൾ കൊടുക്കാൻ പാടില്ലെന്ന് മാത്രമല്ല, കൊടുത്താൽ കൊടുത്തവൻ കുററക്കാരനാകുന്ന വ്യക്തികളുമുണ്ട്. നിയമം ഇങ്ങനെ ശാസിക്കുന്നു: ''ഏതൊരു ഹിന്ദുവും അവന്റെ കുടുംബജീവിതത്തിലെ നിശ്ചിതായകമായ കാലം കഴിയുകയും ഒരു പിൻഗാമി ജനിക്കുകയും ചെയ്താൽ തന്റെ സമ്പത്ത് അഖിലവും ബ്രാഹ്മണക്ക് ദാനംചെയ്ത് 'വാനപ്രസ്ഥ'ത്തിനുവേണ്ടി പുറപ്പെടേണ്ടതാണ്. അതിന്ശേഷം തുടർന്നുള്ള ജീവിതം സന്യാസിയായി വീടുവീടാന്തരം കയറിയിറങ്ങി യാചിച്ച് ജീവിതം കഴിക്കുക; പിന്നീടവൻ ഒന്നും സമ്പാദിച്ചുകൂട്ടാൻ പാടുള്ളതല്ല. ഒരു ജപമാല, വടി, മൺകൂജ, പിച്ചപാത്രം ഇത്രയും സാധനങ്ങൾ മാത്രമാണ് സ്വന്തമായി അവരുടെ കൈവശമുണ്ടായിരിക്കേണ്ടത്.'' എല്ലാ സുഖഭോഗങ്ങ

www.abulhasanalinadwi.org

ളം അനഭവിച്ച് കഴിഞ്ഞുകൂടുന്ന അഭ്യസ്തവിദ്യരായ ആളുകരാംകൂടി ഇങ്ങനെ സന്യാസജീവിതം സ്വീകരിക്കുന്നത് ഈ ആധുനിക കാലഘട്ടത്തിൽപോലും വിരളമല്ല. അങ്ങനെ അവർ മതശാസന എന്ന രൂപത്തിൽ നിത്യദരിദ്രരായി കഴിഞ്ഞുകൂടുന്നു.

പൗരാണിക കാലം മുതൽ ഹിന്ദുക്കളിൽ നിലനിന്നുവരുന്ന ഒരു ധർമ്മരൂപംകൂടി ഇവിടെ ഉണർത്താം: മൃഗസംരക്ഷണശാലകരാക്കം ആസ്പത്രികരാക്കുംവേണ്ടി ദാനംചെയ്യലാണത്. ബനാറസിലും മററു ചില സ്ഥാപനങ്ങളിലും രോഗികളും മുടന്തികളുമായ പശുക്കളെ സംരക്ഷിക്കുന്ന അഭയകേന്ദ്രങ്ങളുമുണ്ട്. അവയ്ക്കുവിടെ തീററയും വെള്ളവുമെല്ലാം പല വ്യക്തികളും സംഭാവന ചെയ്യുന്നു. ഇന്ത്യയിൽ ധാരാളം വിശ്വാസികരാം തങ്ങളുടെ സ്വത്തിൻെറ നല്ലൊരു ഭാഗം ഇതിനുവേണ്ടി സംഭാവനയായി നീക്കിവെക്കുന്നു.'' *

മേൽകൊടുത്ത ഉദ്ധരണി വായനക്കാരന് ഒരു കാര്യം മനസ്സിലാക്കിതരുന്നു. ചരിത്രത്തിൻെറ സുദീർഘമായ ദശാസന്ധികളിൽ, പ്രവിശാലമായ ഇന്ത്യാരാജ്യത്ത് നിവസിച്ചിരുന്ന ജനങ്ങളിൽ ബ്രാഹ്മണർക്ക് മാത്രമാണ് ദാനധർമ്മങ്ങളുടെ പ്രധാനമായ പങ്കു ലഭിച്ചിരുന്നത്. പിന്നീട് അത് ലഭിച്ച മറെറാരു കൂട്ടർ വൈരാഗജീവിതം നയിച്ച സന്യാസികളമാണ്. ഹൈന്ദവസമൂഹത്തിൽ—അറിവും അംഗീകാരവും കൂടാതെ—ദാനധർമ്മങ്ങളെ മാത്രം ആശ്രയിച്ച് കഴിഞ്ഞുകൂടുന്ന ഒരു വിഭാഗം വളർന്നുവന്നത് ഇങ്ങനെയാണ്. അദ്ധ്വാനിക്കാതെ അന്യരുടെ ഔദാര്യത്തെമാത്രം ആശ്രയിച്ചവർ കഴിയുന്നു. അപ്പോരാം അത് മുഖേനയുള്ള ചൂഷണം, അന്ധമായ അപ്പുണം. മടി തുടങ്ങിയ ദുർഗ്ഗുണങ്ങരാം സമൂഹത്തിൽ വളർന്നുവരുന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ വിഷമമില്ലല്ലോ.

യാചിച്ച് ജീവിക്കൽ ഹിന്ദുമതത്തിൽ ഒരു പുണ്യംമാത്രമല്ല, ചിലപ്പോരാം അത് ആത്മസംസ്കരണത്തിന് ഒഴിച്ചു

---

* Encyclopaedia of Religion and ethics Vol. III Charity (Alms giving) (Hindu)

www.abulhasanalinadwi.org

കൂടാൻ പററാത്ത മതപരമായൊരു കടമ (അധഃപതനകാലഘട്ടമെന്ന് മനസ്സിലാക്കിയാലും തെററില്ല) കൂടിയാണ് എന്ന് വിശ്വസിച്ചിരുന്നു. അങ്ങനെയാണ് ഇന്ത്യയിലെ ചില മതക്കാർ വീടുവീടാന്തരം കയറി കൈകാട്ടി ജീവിക്കൽ ആരാധനയും, ആത്മസംസ്കരണത്തിന് അത്യുത്തമവുമെന്ന് മനസ്സിലാക്കിയത്. ഒരു പ്രത്യേക വിഭാഗത്തിന്റെ ജീവിതമാർഗ്ഗമാണത്. ബുദ്ധമതക്കാർ തിങ്ങിതാമസിക്കുന്ന സ്ഥലത്താണ് ഇത്തരം യോഗികളെയും ഭിക്ഷാടകരേയും കൂടുതലായി കണ്ടെത്തുക. ബർമ്മപോലുള്ള നാടുകളിൽ വിദേശികളായ സഞ്ചാരികളെ ഇത്തരം യോഗികൾ കൂടുതലായി ആകർഷിക്കാറുണ്ട്, [ക്രി: 1960-ൽ ഗ്രന്ഥകർത്താവ് ബർമ്മ സന്ദർശിക്കുകയുണ്ടായി. അപ്പോൾ റങ്കൂൺ, മാൻഡേ തുടങ്ങിയ ചരിത്രപ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചു. അന്നാണ് ഈ വിഭാഗത്തിന്റെ ജീവിതം നേരിട്ട് കാണാൻ കഴിഞ്ഞത്.] അനുദിനം വദ്ധിച്ചുവരുന്ന ഇവരുടെ അംഗസംഖ്യയും അദ്ധ്വാനരാഹിത്യവും സ്വഭാവരീതിയും രാഷ്ട്രത്തിന് ഒരു ഭാരമായി വരുന്നു; നിത്യജീവിതത്തിൽ പ്രശ്നങ്ങളും സൃഷ്ടിച്ചുവിടുന്നു.

അതുപോലെ ഒരു കാര്യംകൂടി നമുക്ക് ഗ്രഹിക്കാൻകഴിയുന്നു. ഇതരമതങ്ങളിൽ കണ്ടെത്താൻ കഴിയുന്ന ഉന്നതമായ അടുക്കും ചിട്ടയും മതാദ്ധ്യാപനങ്ങളുടെ കാര്യത്തിൽ ഈ മതത്തിൽ കാണാൻ കഴിയുകയില്ല. അതിൽ ആരാധനാനുഷ്ഠാനങ്ങൾക്ക് സ്ഥലകാലങ്ങൾക്കനുസരിച്ച് വ്യത്യാസമുണ്ട്. ഇന്ത്യയിലെ ഒരു ഭാഗത്തുള്ളവരുടെ മതപരമായ ജീവിതവും മറെറാരു ഭാഗത്തുള്ളവരുടെ മതപരമായ ജീവിതവും തമ്മിൽ വലിയ അന്തരമുണ്ട്. പ്രസ്തുത അന്തരത്തിന്റെ അടിസ്ഥാനത്തിൽതന്നെ ഓരോന്നും മറേറതിനോട് പൂർണ്ണമായും വേറിട്ട്നില്ക്കുന്നു. അതുകൊണ്ട്തന്നെ അതിനെസംബന്ധിച്ച് ഒരേ ഒരു മതമാണെന്ന് പറയുവാൻ വിഷമമുണ്ട്.

## ദാനധർമ്മങ്ങൾ ജൂതമതത്തിൽ

സയ്യിദ് സുലൈമാൻ നദ്‌വി (സീറത്തുന്നബി അഞ്ചാം

www.abulhasanalinadwi.org

വാല്യം) ''സക്കാത്ത് പൂർവ്വമതങ്ങളിൽ'' എന്ന ശീർഷകത്തിൽ എഴുതുന്നു:

''എല്ലാ ദൈവീകമതങ്ങളും നിർബന്ധമായി കല്പിച്ച ആരാധനാകർമ്മങ്ങളിൽപെട്ടതാണ് സക്കാത്ത്. പക്ഷെ, കാലാന്തരത്തിൽ അനുയായികൾക്കിടയിൽ അത് വിസ്മരിക്കപ്പെടുകയും സത്യപ്രമാണങ്ങളുടെ പട്ടികയിൽ 'സക്കാത്ത്' എന്ന നാമം അവ്യക്തമാക്കുകയും ചെയ്തു. ഖുർആൻ വ്യക്തമായി പറയുന്നു: നമസ്കാരം എപ്രകാരം പ്രസ്തുത മതങ്ങളിൽ നിർബ്ബന്ധവും അവിഭാജ്യഘടകവുമായിരുന്നോ അപ്രകാരംതന്നെയായിരുന്നു സക്കാത്തും. ഖുർആനിന്നുപുറമെ ഇതര വേദഗ്രന്ഥങ്ങളും ഇത് സമ്മതിച്ച് പറയുന്നുണ്ട്. ബനൂഇസ്രാഈല്യരോട് അല്ലാഹു ചെയ്തിരുന്ന കരാറിൽ നമസ്കാരവും സക്കാത്തുമുണ്ടായിരുന്നു. അല്ലാഹു പറയുന്നത് കാണുക:

''നിങ്ങൾ നമസ്കാരം കൃത്യമായി നിർവ്വഹിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുക.''

''നിങ്ങൾ നമസ്കാരം നിർവ്വഹിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുകയാണെങ്കിൽ.........''

''വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെസംബന്ധിച്ച് നീ പറഞ്ഞുകൊടുക്കുക. നിശ്ചയം, അദ്ദേഹം കരാറ് പാലിക്കുന്നവനായിരുന്നു. അദ്ദേഹം പ്രവാചകനും ദൂതനുമായിരുന്നു. നമസ്കാരം നിർവ്വഹിക്കാനും സക്കാത്ത് കൊടുക്കാനും അദ്ദേഹം തൻെറ കുടുംബത്തോട് കല്പിച്ചിരുന്നു. അദ്ദേഹം തൻെറ

---

واقيموا الصلاة وآتوا الزكاة   البقرة: ٨٣

لئن اقمتم الصلاة وآتيتم الزكاة

واذكر فى الكتاب اسماعيل انه كان صادق الوعد وكان رسولا نبيا
وكان يأمر أهله بالصلوة والزكاة وكان عند ربه مرضيا، مريم: ٥٤، ٥٥

www.abulhasanalinadwi.org

നാഥൻെറ അടുക്കൽ പ്രീതി ലഭിച്ചവനുമായിരുന്നു.''

പ്രവാചകനായ ഈസാ (അ) പറഞ്ഞതായി ഖുർആൻ പഠിപ്പിക്കുന്നു:

''ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം നമസ്കരിക്കാനും സക്കാത്ത് കൊടുക്കാനും എന്നോടവൻ വസിയ്യത്ത്ചെയ്തിരിക്കുന്നു.''

ഇനി ഇത്സംബന്ധിച്ച് തൗറാത്ത് എന്ത് പറയുന്നു എന്ന് നോക്കാം. ധാന്യങ്ങളുടെയും, ആടുമാടുകളുടെയും പത്തിലൊന്ന് സക്കാത്ത് കൊടുക്കൽ ബനൂഇസ്രാഈല്യർക്കും നിർബ്ബന്ധമായിരുന്നു.

''നിലത്തിലെ വിത്തിലും വൃക്ഷത്തിൻെറ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവക്കുള്ളതാകുന്നു. അത് യഹോവക്ക് വിശുദ്ധം. ആരെങ്കിലും തൻെറ ദശാംശത്തിൽ ഏതാനും വീണ്ടെടുക്കുന്നു എങ്കിൽ അതിനോട് അഞ്ചിലൊന്നുകൂടെ ചേർത്തുകൊടുക്കണം. മാടാകട്ടെ ആടാകട്ടെ കോലിൻകീഴെ കടന്നുപോകുന്ന എല്ലാററിലും പത്തിലൊന്ന് യഹോവക്ക് വിശുദ്ധമായിരിക്കണം. അത് നല്ലതോ തീയതോ എന്ന് ശോധന ചെയ്യരുത്; വെച്ച്മാറുകയും അരുത്; വെച്ചുമാറുന്നു എങ്കിൽ അതും വെച്ചുമാറിയതും വിശുദ്ധമായിരിക്കണം. അവയെ വീണ്ടെടുത്തുകൂടാ.'' *

ഇരുപതും അതിലധികവും വയസ്സ് പൂർത്തിയായ ധനികനും ദരിദ്രനും ഒരു മിസ്ഖാലിൻെറ പകുതി കൊടുക്കണം എന്നായിരുന്നു നിയമം.

''എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഏവനും വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അര ശേക്കൽ കൊടുക്കേണം. ശേക്കെൽ എന്നത് ഇരുപത് ഗേരാ. ആ അര ശേക്കെൽ യഹോവക്ക് വഴിപാട് ആയിരിക്കേണം. എണ്ണപ്പെടുന്നവ

---

واوصاني بالصلاة والزكاة ما دمت حيا      مريم : ٣١

* ലേവ്യപുസ്തകം: 27; 30 - 33

www.abulhasanalinadwi.org

രുടെ കൂട്ടത്തിൽ ഇരുപത് വയസ്സും അതിന് മീതെയുമുള്ള വനെല്ലാം യഹോവെക്ക് വഴിപാട് കൊടുക്കണം. നിങ്ങളുടെ ജീവനുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ നിങ്ങൾ യഹോവെക്ക് വഴിപാട് കൊടുക്കുമ്പോൾ ധനവാൻ അര ശേക്കെലിൽ അധികം കൊടുക്കരുത്. ദരിദ്രൻ കുറച്ച്കൊടുക്കുകയും അരുത്. ഈ പ്രായശ്ചിത്തദ്രവ്യം നീ യിസ്രായേൽ മക്കളോട് വാങ്ങി സമാഗമനക്കൂടാരത്തിൻെറ ശുശ്രൂഷെക്കായി കൊടുക്കേണം. നിങ്ങൾ ജീവനുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിന്ന് അത് യഹോവയുടെ മുമ്പാകെ യിസ്രായേൽമക്കൾക്കു വേണ്ടി ഒരു ജ്ഞാപകമായിരിക്കേണം.'' *

വിളവുകൾ കൊയ്തെടുക്കുന്ന സമയത്ത് കൃഷിസ്ഥലങ്ങളിൽ അതിൻെറ കുറെ ഭാഗം ഒഴിച്ചിടലും അവരുടെ പതിവായിരുന്നു. ഫലവൃക്ഷങ്ങളാണെങ്കിൽ പറിക്കാതെ വൃക്ഷത്തിൽ തന്നെ അതിൻെറ അവകാശികൾക്കായി വിട്ടേക്കുക. എല്ലാം മൂന്ന് വർഷങ്ങൾ പിന്നിടുമ്പോഴാണ് ഇത്തരത്തിലുള്ള നിർബ്ബന്ധ ദാനമുണ്ടായിരുന്നത്. ബൈത്തുൽമുഖദ്ദസിലെ ഖജനാവിൽ ഈ ധനം ശേഖരിക്കുകയും അതിൻെറ അറുപതിലൊന്ന് മതപ്രവർത്തകർക്ക് വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. പത്തിലൊന്ന് ഹസ്രത്ത് ഹാറൂൻ (അ) മിൻെറ സന്താനപരമ്പരയിൽ (ലേവ്യർ) മാത്രം വീതിക്കപ്പെട്ടു. എല്ലാ മുമ്മൂന്ന് വർഷങ്ങൾ പിന്നിടുമ്പോഴും അതിൻെറ പത്തിലൊന്നു ബൈത്തുൽമുഖദ്ദസിലെ ഹാജിമാരെ വിരുന്നൂട്ടാൻ ഉപയോഗപ്പെടുത്തി. യാത്രക്കാർ, കൂടാതെ അഗതികൾ, അനാഥകൾ, വിധവകൾ തുടങ്ങിയവരെ സംരക്ഷിക്കാനും അത് ചിലവഴിച്ചിരുന്നു. (Charity Encyclopaedia Britanica Edition II)

വ്യക്തിയിൽനിന്ന് അർദ്ധ 'മിസ്ഖാൽ' വെച്ച് ശേഖരിച്ച ദാനം സംഘടിതതാമസത്തിന് തമ്പ് നിർമ്മിക്കാ (അല്ലെങ്കിൽ ബൈത്തുൽമുഖദ്ദസിലേക്കോ) നും, ബലിയുടെ മാംസപാചകത്തിനുള്ള പാത്രങ്ങൾ, ആധുനികസാമഗ്രികൾ എന്നിവ വാങ്ങാനും ഉപയോഗപ്പെടുത്തി. **

---

* പുറപ്പാട്: 30: 13 – 16

** പുറപ്പാട് 30 : 16 38; 26—സീറത്തുന്നബി വാ: 5, പേ: 148, 149.

www.abulhasanalinadwi.org

ധർമ്മാനുഷ്ഠാനങ്ങളുടെ കാര്യത്തിൽ ദീർഘകാലം പ്രവാചകരുടെ തണലിൽ തഴച്ചുവളരുകയും അവരുടെ അദ്ധ്യാപനങ്ങളിൽ ഊന്നിനില്ക്കുകയുംചെയ്ത ജൂതമതമാണ് ഹിന്ദുമതത്തേക്കാൾ ഇസ്ലാമിനോട് കൂടുതൽ അടുത്ത് നിൽക്കുന്നത്. കാരണമുണ്ട്; യാചനയിലൂടെ അന്യാശ്രയജീവിതത്തിന് ഹിന്ദുമതശാസ്ത്രം പ്രോത്സാഹിപ്പിക്കുന്ന (വിശദവിവരം മുമ്പ് പറഞ്ഞുവല്ലോ) തുപോലെ ജൂതപ്രമാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല. അതൊരു സദാചാരമായോ സല്കർമ്മമായോ ജൂതമതം എവിടെയും വിശേഷിപ്പിക്കുന്നുമില്ല. എന്നു മാത്രമല്ല, ആ മതം സാധാരണക്കാരായ ദരിദ്രജനങ്ങളിൽ സ്വാശ്രയബോധവും അദ്ധ്വാനശീലവും വളർത്തുന്നു. Bansira യുടെ ഉദ്ധരണി കാണുക: ''ഒരു ദരിദ്രൻ മുളകൊണ്ട് നിർമ്മിച്ച തൻെറ സ്വന്തം കൂരയിൽ കഴിഞ്ഞുകൂടൽ അന്യരുടെ ആഢംബരപൂർണ്ണമായ കൊട്ടാരങ്ങളിൽ കഴിയുന്നതിനേക്കാൾ എത്രയോ ഉത്തമമാണ്. യാചിക്കലും, ഊരുചുററലും വളരെ നീചവും ഹീനവുമായ കാര്യമാണ്. (Sira/22-24-29) ഇതിന്നുംപുറമെ ജൂതമതം 'സദഖഃ' ചെയ്യുന്നവക്ക് ലഭ്യമാകുന്ന ഐഹികവും പാരത്രികവുമായ പ്രതിഫലങ്ങൾ വിവരിച്ചതും ഇസ്ലാമിൻെറ അദ്ധ്യാപനങ്ങളോട് കൂടുതൽ യോജിക്കുന്നു. ജൂതമതത്തിലെ ദാനധർമ്മങ്ങളുടെ വ്യത്യസ്ത വിഭാഗങ്ങളും വകുപ്പുകളും. ഇതരക്ക് ഉപകാരപ്രദമായ അഖിലത്തെയും ഉൾകൊള്ളാനുള്ള പ്രവണതകളുമെല്ലാം തികച്ചും ഇസ്ലാമിൻെറതായ കാഴ്ചപ്പാട് തന്നെയാണ്. ഖുർആനിൻെറയും ഹദീസിൻെറയും മാർഗ്ഗനിർദ്ദേശങ്ങളോട് അവക്ക് സാദൃശ്യമുണ്ട്. മനുഷ്യവികാരങ്ങളെയും ലോലമായ ബോധസ്ഫുലിംഗങ്ങളെയും അത്യുൽകൃഷ്ടമായ രൂപത്തിൽ ആവഹിക്കാൻ അതിന് കഴിയുന്നു. Aboth 1_5_ൽ നമുക്ക് ഇപ്രകാരം വായിക്കാം: ''സക്കാത്തും സദഖഃയും മനുഷ്യസമൂഹത്തിൻെറ നിർബന്ധമായ സ്തംഭങ്ങളിൽ ഒന്നാണ്.'' അതിൽതന്നെ വീണ്ടും പറയുന്നു: ''സദഖഃ ധനികർക്ക് മാത്രം അവകാശപ്പെടുന്നതല്ല. ദരിദ്രൻെറയും അവകാശമാണ്.''

ഓരോ ജൂതനും തൻെറ വരുമാനത്തിൻെറ പത്തിലൊന്ന് ധർമ്മം ചെയ്യണമെന്ന് പ്രമാണങ്ങൾ ശാസിക്കുന്നു. അത് ഏററിയാൽ അഞ്ചിലൊന്നിൽ കവിയാനും പാടില്ല. അ

www.abulhasanalinadwi.org

ധികമായ ദാനധർമ്മം ചിലപ്പോാം അതിൻെറ വക്താക്കളെ സ്വയം ധർമ്മങ്ങാം സ്വീകരിക്കാൻ നിർബന്ധിതരാക്കും. (Kethuboth - 50 A) ആവശ്യമെന്ന് കണ്ടാൽ ദാനധർമ്മങ്ങളുടെ കാര്യത്തിൽ ഗവണ്മെൻറിന് കൈകടത്താനും അധികാരമുണ്ട്. Kethuboth-19 B യിൽ പറയുന്നു: ''ദാനധർമ്മങ്ങാം വിസമ്മതിക്കുന്ന ലുബ്ധന്മാരെയും, തൻെറ കഴിവിൻെറ തോതനുസരിച്ച് ധർമ്മാനുഷ്ഠാനം ചെയ്യാത്ത ധനികരെയും ഭരണാധികാരികാം കൈകാര്യംചെയ്യേണ്ടതാണ്. വേണ്ടിവന്നാൽ അവർ പ്രവൃത്തിയിൽ കൊണ്ടുവരുന്നതുവരെ തക്കതായ ശിക്ഷയും കൊടുക്കണം.'' ഇസ്ലാം അനുശാസിക്കുന്നതുപോലെതന്നെ ദാനധർമ്മങ്ങാംക്ക് കൂടുതൽ അർഹരാകുന്നത് ദായകരുടെ അടുത്ത ബന്ധുക്കളും കുടുംബാദികളുമാണെന്നാണ് ജൂതമതവും സിദ്ധാന്തിക്കുന്നത്. നബി (സ) പറഞ്ഞു: ابدأ بمن تعول ''ധർമ്മാനുഷ്ഠാനം നീ നിൻെറ ആശ്രിതരിൽനിന്ന് തുടങ്ങുക.'' (ബുഖാരി) ഇതുതന്നെയാണ് **Baba Mezia**യിലും കാണുന്നത്. ''ദാതാക്കാം തങ്ങളുടെ ധർമ്മത്തെ പ്രഥമമായി ഉപയോഗപ്പെടുത്തേണ്ടത് സ്വന്തം കുടുംബാംഗങ്ങളുടെ പ്രശ്നപരിഹാരത്തിനാണ്. അതിൻെറ ക്രമം ആദ്യമായി മാതാപിതാക്കാം, പിന്നെ സഹോദരീസഹോദരന്മാർ, സ്വന്തം നാട്ടിലെ അഗതികാം, ആലംബഹീനർ, അതിന്ശേഷം അയൽനാട്ടിലെ സാധുജനങ്ങാം.''

ദാനധർമ്മങ്ങളുടെ കാര്യത്തിൽ യഹൂദികളെയും അല്ലാത്തവരെയും വേർതിരിക്കാതെ ഒന്നായി കാണേണ്ടതാണ്. (Giltin – 61 A) ബന്ധനസ്ഥരെ മോചിപ്പിക്കാനുള്ള ധർമ്മം മറ്റുള്ള ഏതിനേക്കാളും ഉത്തമമാണ്, (Baba Bthra 88). ദാനധർമ്മങ്ങാം കൊടുക്കുമ്പോാം അത് വാങ്ങുന്ന വ്യക്തിയുടെ അഭിമാനവും പരിഗണിക്കപ്പെടേണ്ടതാണ്. (Shabbuth 63 A) അസംതൃപ്തിയോടെ മറ്റുള്ളവക്ക് ധർമ്മം ചെയ്താൽ അത് പ്രതിഫലാർഹമാകുന്നതല്ല.* (Baba Bathra-98)

---

* വിശുദ്ധഖുർആൻ പറയുന്നു:

يا ايها الذين آمنوا لا تبطلوا صدقاتكم بالمن والاذى۔ البقرة: ٢٦٤

''സത്യവിശ്വാസികളേ, ചെയ്ത ഗുണം എടുത്തുപറഞ്ഞും ഉപദ്രവമേൽപിച്ചും നിങ്ങാം നിങ്ങളുടെ ദാനധർമ്മങ്ങളെ ഫലശൂന്യമാക്കരുത്.''

www.abulhasanalinadwi.org

എൻസൈക്ലോപീഡിയാ ഓഫ് റിലീജൻ ആൻഡ് എതിക്സ് (Vol. III by Morris Joseph)ൽ പറയുന്നു: ''തൽമൂദ് നിയമങ്ങൾ പ്രാവർത്തികമായി നിലവിലുണ്ടായിരുന്ന കാലത്ത് ദരിദ്രവിഭാഗങ്ങളെ സംരക്ഷിക്കാൻ പ്രത്യേക വ്യവസ്ഥകളുണ്ടായിരുന്നു. അതായത് ദിവസവും സാധുക്കൾക്ക് അന്നദാനവും ആഴ്ചയിലൊരിക്കൽ പണം വീതിക്കുകയും ചെയ്തിരുന്നു. വിശ്വസ്തരായ രണ്ടോ മൂന്നോ വ്യക്തികൾ സമൂഹത്തിൽനിന്ന് പിരിച്ചെടുത്ത് അർഹരായവർക്ക് വിഭജിച്ചുകൊടുത്തു. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള ചുമതല വേറെ മൂന്ന് വ്യക്തികൾക്കുമായിരുന്നു. (Baba Bathra 8 A). ദരിദ്രരുടെയും അഗതികളുടെയും വികാരത്തെ മാനിച്ചുകൊണ്ടായിരിക്കണം അവർ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത്. (Kethuboth - 6B) ദീർഘകാലം ഈ വിഭജനരീതി നീണ്ടുനിന്നിരുന്നു. (Miamlocut - 9-3)

മദ്ധ്യനൂററാണ്ടുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ വളരെ കൃത്യനിഷ്ഠയോടെ ജൂതന്മാർ തങ്ങളിൽ നിർബന്ധമായ പത്തിലൊന്ന് കൊടുത്തിരുന്നതായി കാണാം. അന്ന് ജൂതസമുദായത്തിൽ യാചന വളരെ കുറവായിരുന്നു. പക്ഷെ, പതിനേഴാം നൂററാണ്ടോടുകൂടി സ്വഭാവം പാടെ മാറി. യാചന അതിന്റെ മൂർത്തഭാവത്തിൽ രംഗപ്രവേശം ചെയ്തു. പിച്ചപ്പാത്രവുമായി ഇരന്നുനടക്കുന്ന (Sehnorrer)വർ സമൂഹത്തിലെവിടെയും നിർബ്ബാധം വിഹരിച്ചു. ആ കാഴ്ച വളരെ യധികം അറപ്പും വെറുപ്പും ഉളവാക്കുന്നതായിരുന്നു. ഇതിന്റെ തനതായ രൂപം കാണണമെങ്കിൽ Zangwill ന്റെ King of Sinowet (യാചകരുടെ രാജാവ്) എന്ന പുസ്തകം നോക്കിയാൽ മതി. പക്ഷെ, ആധുനികയുഗത്തിലെ സാംസ്കാരികപുരോഗതിയിൽ ഇഴുകിച്ചേർന്ന രാഷ്ട്രങ്ങൾ മുഖേന ഇന്നതിൽ മാററംവന്നിരിക്കുന്നു. യാചനയിലൂടെ ജീവിതം കഴിക്കുക എന്ന സ്വഭാവത്തിന്ന് കാലക്രമത്തിൽ അന്ത്യം കുറിച്ചു.

ഉപരിസൂചിതങ്ങളായ കാര്യങ്ങൾ ഇസ്ലാമികാദ്ധ്യാപനങ്ങളോടുള്ള ഭാഗികമായ സാധർമ്മ്യങ്ങളാണ്. എന്നാൽ ഇതിനുപുറമെ ജൂതധർമ്മാനുഷ്ഠാനങ്ങളും, ഇസ്ലാം ശാസിക്കുന്ന 'സക്കാത്ത് – സദഖഃ'കളും തമ്മിലുള്ള മറെറാരു

www.abulhasanalinadwi.org

വലിയ വ്യത്യാസം ഇതാണ്: ജൂതരിൽ ദാനധർമ്മങ്ങൾ സ്വീകരിക്കാനും അത് ശേഖരിച്ച് വിതരണം നടത്താനും ഒരു പ്രത്യേക വർഗ്ഗമാണെങ്കിൽ ഇസ്ലാമിൽ അതില്ല. പ്രസ്തുത അവകാശം ജൂതർ പൈതൃകമായി ഏറ്റെടുക്കുകയും പ്രത്യേക കുടുംബക്കാരിലൂടെ കൈമാറുകയും ചെയ്യുന്നു. ജൂതപണ്ഡിതനും എഴുത്തുകാരനുമായ G. F. Mooreന്റെ Judaism എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

''ജൂതരുടെ അടിസ്ഥാനപരമായ വിശ്വാസപ്രമാണങ്ങളനുസരിച്ച് (മതകാര്യങ്ങൾക്കുവേണ്ടി ശേഖരിക്കുന്ന നികുതി എന്ന) ധർമ്മത്തിന്റെ നിയമം ഇപ്രകാരമാണ്: കാർഷികോല്പന്നങ്ങളുടെ മൊത്തം വരുമാനത്തിന്റെ പത്തിലൊന്ന് 'ലേവ്യ' കുടുംബങ്ങൾക്ക് കൊടുക്കുക. അവർ തങ്ങൾക്ക് ലഭിച്ചതിന്റെ പത്തിലൊന്ന് മതനേതാക്കൾക്കും കൊടുക്കുക.''

ഇങ്ങനെ സ്ഥിരാവകാശികൾ നിലനിന്നത് കാരണമായി എന്ത് സംഭവിച്ചു എന്നല്ലേ? അന്യരുടെ അവകാശം അനർഹമായി ഭുജിക്കലും, ധനത്തോടുള്ള അമിതമായ ആർത്തിയും അവരിൽ കൊടികുത്തിവാണു. M. F. Moore തുടർന്നെഴുതുന്നു:

''എ.ഡി. 66_ലുണ്ടായ ജൂതകലാപത്തിന് മുമ്പ് ശക്തരായ ജൂതപുരോഹിതർ വലിയ കൊള്ളസംഘങ്ങളെ അയച്ച് സാധുക്കളിൽനിന്ന് പത്തിലൊന്ന് നിർബ്ബന്ധപൂർവ്വം പിടിച്ചെടുത്തു. അത് തങ്ങളുടെ ന്യായമായ അവകാശമാണെന്നു മനസ്സിലാക്കിയിരുന്ന പാവപ്പെട്ട ചെറിയ ചെറിയ മതപണ്ഡിതന്മാർ മർദ്ദിക്കപ്പെടുകയും ചെയ്തു.'' എന്നാൽ മതത്തിൽ നിർബ്ബന്ധമായ ഈ കർമ്മം നിർവ്വഹിക്കുന്നതിൽ യഹൂദർക്കുണ്ടായിരുന്ന തയ്യാറെടുപ്പും ഉത്തരവാദിത്വബോധവും എത്രയുണ്ടായിരുന്നു? ചരിത്രത്തിന്റെ വിവിധദശകളിൽ അവക്കത് കൊടുത്തുവീട്ടുന്നതിൽ എത്രത്തോളം താല്പര്യമുണ്ടായിരുന്നു? ഇത്തരം ചോദ്യങ്ങൾക്ക് അദ്ദേഹംതന്നെ മറ്റൊരു സ്ഥലത്ത് വിശദീകരണം നൽകുന്നതായി കാണാം:

അധിക അവസരങ്ങളിലും ഈ പത്തിലൊന്ന് കൊടു

www.abulhasanalinadwi.org

ത്തുവീട്ടേണ്ട കടമ അതിൻെറ ദാതാക്കളുടെ മനസ്സാക്ഷിക്ക് തന്നെ വിട്ടുകൊടുക്കുകയാണുണ്ടായത്. എന്നാൽ നികുതി ദാതാക്കളുടെ ഇഷ്ടത്തിന്നും, മനസ്സാക്ഷിക്കും അത് വിട്ടു കൊടുത്തപ്പോഴൊന്നും തൃപ്തികരമായ പ്രതികരണമല്ലാ ഉണ്ടായതെന്ന് അനുഭവം പറയുന്നു. ഇറാൻഭരണത്തിന് കീഴിലുണ്ടായിരുന്ന ഒരു ചെറിയ ഭൂപ്രദേശമായ Judhaയിൽപോലും അത് പരാജയപ്പെടുകയാണുണ്ടായത്. അങ്ങനെ സ്വമേധയാ മതനികുതി കൊടുക്കുക എന്ന ആശയം പരാജയമാണെന്ന് കണ്ടപ്പോാം കർഷകരിൽനിന്ന് ധനശേഖരണത്തിന്നായി 'ലേവ്യ'രുടെകൂടെ ഒരു മതനേതാവിനേയും നിയോഗിക്കാൻ തീരുമാനിച്ചു. (Neh - 10-33 FF) ഈ സംവിധാനവും വിജയിച്ചില്ല. എന്തുകൊണ്ടെന്നാൽ (Neh-13-10ൽ) ഇപ്രകാരം കാണാം: പത്തിലൊന്ന് പിരിഞ്ഞുകിട്ടാത്തത് കാരണത്താൽ 'ലേവ്യ' ജനതക്ക് തങ്ങളുടെ ആരാധനാമന്ദിരം കൈവെടിഞ്ഞു അകന്ന ദേശത്ത്പോയി സ്വന്തം അഹോവൃത്തിക്ക് സ്വയംതന്നെ അദ്ധ്വാനിക്കേണ്ടതായി വന്നു.'' (Mal–3–8F) വീണ്ടും അദ്ദേഹം തുടർന്നെഴുതുന്നു:

"പ്രസ്തുത നികുതി അടച്ചുതീർക്കുന്നതിൽ കർഷകർ വളരെ ഉദാസീനരും തീരെ ഗൗനിക്കാത്തവരുമായി. മതവിശ്വാസികളായ ആളുകാംപോലും നിയമങ്ങാം സ്വീകരിക്കുന്നതിന് പകരം തങ്ങളുടെ പൂർവ്വികരുടെ പ്രവർത്തനങ്ങാംക്ക് പ്രാധാന്യംകൊടുത്തു. മതസ്ഥാപനങ്ങളിൽനിന്ന് പുറത്ത്വന്ന ഫത്വകളെക്കാളും, മൂലപ്രമാണങ്ങളെക്കാളും അവരുടെ അടുക്കൽ സ്വീകാര യോഗ്യമായിത്തീരുന്നത് പൂർവ്വീകരിൽനിന്നുള്ള കേട്ടുകേൾവിയായിരുന്നു.'' അവസാനം ഇതിൻെറ പരിണതിയെകുറിച്ചദ്ദേഹം പറയുന്നു:

''സമൂഹത്തിൽ പടർന്നുപിടിച്ച ഈ ലക്ഷ്യമില്ലായ്മയും ബോധരാഹിത്യവും മതനേതാക്കളെ വളരെയധികം ചിന്താകുലരാക്കി. ദീനിൻെറ നിയമങ്ങാംക്കനുസരിച്ച് അവരെ നയിക്കാൻ ആ നേതാക്കാം വളരെ ശ്രമിച്ചു. പക്ഷെ അവരുടെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണ് ചെയ്തത്. കേവലം, ഏതാനും വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല ഈ ലക്ഷ്യമില്ലായ്മ സംഭവിച്ചത്. സമൂഹത്തിൽ ആകമാനം അത് പ

www.abulhasanalinadwi.org

ടർന്നുപിടിച്ചു. സൃഷ്ടികളുടെ ധനത്തിലുള്ള സ്രഷ്ടാവിന്റെ ഓഹരി അപഹരിക്കൽ ഒരു സാമൂഹ്യ ദ്രോഹമായിരുന്നു. അതിന്റെ ഫലം അവർ മുഴുവനും അനുഭവിക്കുകയുംചെയ്തു. ദൈവത്തിങ്കൽനിന്ന് നഷ്ടപ്പെട്ട അനുഗ്രഹവും കരുണയും വീണ്ടും ആർജ്ജിക്കുവാൻ പിന്നീടവർക്ക് സമൂഹത്തെ അടിമുടി പരിഷ്കരണത്തിന് വിധേയമാക്കേണ്ടിവന്നു.'' *

(മതനികുതിയായ) ഈ പത്തിലൊന്നിൽ വീഴ്ചവരുത്തിയ കാരണത്താലാണ് ജൂതന്മാർ നാടുകടത്തപ്പെട്ടത്. വിശദവിവരം:

''മതനേതാക്കളായ പരിഷ്കർത്താക്കൾ അവരുടെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് ജനങ്ങളെ ഉപദേശിച്ചുനോക്കി. അവർ തങ്ങളുടെ സമുദായത്തോട് പറഞ്ഞു: ''നിങ്ങൾ ദൈവത്തിന്റെ മാർഗ്ഗത്തിൽ ചെലവാക്കുന്ന മതനികുതിയായ പത്തിലൊന്നിൽ ചതിയും വഞ്ചനയും കാണിക്കരുത്. അത് കൃത്യമായി കൊടുക്കാതിരിക്കൽ വലിയ തെററാണ്.'' പക്ഷെ, അവർക്ക് തങ്ങളുടെ പരിഷ്കരണപ്രവർത്തനങ്ങളിൽ വിജയംവരിക്കാൻ കഴിഞ്ഞില്ല.'' **

ജൂതപണ്ഡിതന്മാരുടെയും ചരിത്രകാരന്മാരുടെയും വ്യക്തമായ സാക്ഷിപത്രങ്ങളാണ് ഇപ്പോൾ നാം കണ്ടത്. ഇതോടൊപ്പം ചില കാര്യങ്ങൾകൂടി നമ്മൾ മനസ്സിലാക്കുക. ഏതുദേശം എക്കാലത്തും ജീവിതത്തിന്റെ നിഖില മണ്ഡലങ്ങളിലും ജൂതന്മാർ സമ്പന്നവർഗ്ഗമായിരുന്നു. ധനശേഖരണത്തിനുവേണ്ടി ഏതു മാദ്ധ്യമങ്ങളും കൗശലങ്ങളും ഉപയോഗപ്പെടുത്തിയവരാണവർ. പലിശയുടെയും പണമിടപാടുകളുടെയും മററും നേതൃത്വം അവർക്കായിരുന്നു. എക്കാലത്തും വ്യാപാര-വ്യവസായപ്രവർത്തനങ്ങളിൽ പ്രാവീണ്യം പ്രകടിപ്പിച്ചവരുമാണവർ. ഇതെല്ലാം മനസ്സിൽവെച്ചുകൊണ്ട് യഹൂദരുടെ ലുബ്ധത, അമിതമായ ആർത്തി, അന്യന്റെ അവകാശം കൊ

---

* Mal 3, 8, 12 Midrash Tebel horon Islam 51-3

** Judaism Vol. II, G. F. Moore (Prof. History of Religion) Harvard University, U.S.A.

www.abulhasanalinadwi.org

ട്ടുവീട്ടുന്നതിലുള്ള അലസത, കടമകൾ നിർവ്വഹിക്കുന്നതിൽ കാട്ടിക്കൂട്ടിയ ഹീനമായ കതന്ത്രങ്ങൾ എല്ലാം ഖുർആൻ പറഞ്ഞുതരുന്നതുകൂടി നാം വായിക്കുക. നിർബ്ബന്ധിത സാഹചര്യങ്ങളിൽ കടമകളിൽനിന്ന് ഒഴിഞ്ഞുമാറാൻ അവർ പറഞ്ഞ ലജ്ജയില്ലാത്ത വാക്കുകൾ അല്ലാഹു പഠിപ്പിക്കുന്നു:

''അല്ലാഹു ദരിദ്രനും ഞങ്ങൾ ധനികരുമാണെന്ന് പറഞ്ഞവരുടെ വാക്ക് സത്യമായും അല്ലാഹു കേട്ടിരിക്കുന്നു. അവർ പറഞ്ഞതും, യാതൊരു അവകാശവുംകൂടാതെ പ്രവാചകരെ അവർ കൊന്നതും നാം എഴുതിവെക്കും. കരിക്കുന്ന നരകശിക്ഷ നിങ്ങൾ രുചിക്കുവിൻ എന്ന് നാം പറയുകയും ചെയ്യും.'' *

ഔദാര്യത്തിന്നും പരോപകാരത്തിന്നും പ്രാധാന്യം നൽകുക, ദൈവീകമാർഗ്ഗത്തിൽ ലുബ്ധത കാട്ടാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ അവരോടുപദേശിച്ചപ്പോൾ നിർല്ലജ്ജമായി അവർ പറഞ്ഞത് ഖുർആൻ ഉദ്ധരിക്കുന്നു: **

''ജൂതന്മാർ പറഞ്ഞു: അല്ലാഹുവിന്റെ കൈ ബന്ധിതമാണ്. (അല്ലാഹു ഒന്നും ചിലവഴിക്കാത്ത പിശുക്കനാണ്)

---

* لقد سمع الله قول الذين قالوا ان الله فقير ونحن اغنياء سنكتب ما قالوا وقتلهم الانبياء بغير حق ونقول ذوقوا عذاب الحريق ٥
سورة آل عمران: ١٨١

٥ من ذا الذى يقرض الله قرضا حسنا

''ആരാണ് അല്ലാഹുവിന് നല്ല രീതിയിൽ കടം കൊടുക്കുന്നത്.'' എന്ന സൂക്തമവതരിച്ചപ്പോൾ ജൂതന്മാർ പറഞ്ഞതായി ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണാം; ''മുഹമ്മദിന്റെ റബ്ബ് ദരിദ്രനായിരിക്കുന്നു. അതുകൊണ്ടാണിപ്പോൾ ദാനധർമ്മങ്ങൾ ആവശ്യപ്പെടുന്നതും കടം ചോദിക്കുന്നതുമെല്ലാം.'' (ഇബ്നുകസീർ പോലുള്ള തഫ്സീറുകളിൽ നോക്കുക.)

** وقالت اليهود يد الله مغلولة غلت ايديهم ولعنوا بما قالوا بل يداه مبسوطتان ينفق كيف يشاء
سورة المائدة: ٦٤

www.abulhasanalinadwi.org

അവരുടെ കൈ ബന്ധിക്കപ്പെട്ടുപോകട്ടെ. അവർ പറഞ്ഞ വാക്കുനിമിത്തം അവർ ശപിക്കപ്പെടുകയും ചെയ്യട്ടെ. എന്നാൽ അല്ലാഹുവിന്റെ ഇരുകൈകളും നിവർത്തപ്പെട്ടതാണ്. അതെ, അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ അവൻ ചെലവ്ചെയ്യുന്നു.''

ഹിജാസിലെ ജൂതന്മാരായിരുന്നു അവിടത്തെ സ്വത്തിന്റെ സിംഹഭാഗവും കൈയടക്കിവെച്ചിരുന്നവരും പ്രധാന വണിക്കുകളുമെല്ലാം. എന്നിട്ടും അവർ 'സക്കാത്തും' 'സദഖ:' യും കൊടുക്കാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തിരുന്നതെന്നും ഖുർആൻ പറയുന്നു: **

''സ്മരിക്കുക! അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കുവാൻ പാടില്ല. മാതാപിതാക്കൾ, ബന്ധുക്കൾ, അനാഥകൾ, അഗതികൾ എന്നിവക്ക് ഉപകാരംചെയ്യണം. ആളുകളോട് നല്ലത് പറയണം. നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യണം തുടങ്ങിയ കാര്യങ്ങളെസംബന്ധിച്ച് ബനൂഇസ്രാഈൽസമുദായത്തോട് നാം ഉറപ്പ്വാങ്ങി. എന്നിട്ട് നിങ്ങളിൽനിന്ന് കുറച്ച് പേരൊഴിച്ച് മററുള്ളവരെല്ലാം വൈമുഖ്യത്തോടെ പിന്മാറി.''

## ദാനധർമ്മങ്ങൾ ക്രൈസ്തവ മതത്തിൽ

മൂസാ (അ)നെപ്പോലെ ഈസാ (അ) തന്റെ അനുയായികൾക്ക് സ്വതന്ത്രവും സമ്പൂർണ്ണവുമായ ഒരു ശരീഅത്ത് കൊണ്ടു വന്നില്ല. പ്രത്യുത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ചില പരിഷ്കരണങ്ങളും മാററത്തിരുത്തലുകളും മാത്രമുൾക്കൊള്ളുന്നതായിരുന്നു. *

---

** واذ اخذنا ميثاق بنى اسرائيل لا تعبدون الا الله وبالوالدين احسانا وذى القربى واليتامى والمساكين وقولوا للناس حسنا وأقيموا الصلاة وآتوا الزكاة ثم توليتم الا قليلا منكم وانتم معرضون البقرة : ٨٣

* വിശുദ്ധഖുർആനിൽ അല്ലാഹു ഈസാ (അ)ന്റെ വചനമായി എടുത്തുദ്ധരിക്കുന്നു:

ومصدقا لما بين يدى من التوراة ولاحل لكم بعض الذى حرم عليكم

www.abulhasanalinadwi.org

മിശിഹായുടെ അടിസ്ഥാനപരമായ പ്രബോധനം ഒന്ന് മാത്രമായിരുന്നു എന്ന് കാണാം: ജൂതന്മാർ തങ്ങളുടെ മതകർമ്മങ്ങൾ മുഴുവനും ജീവൻ നഷ്ടപ്പെട്ട ജഡങ്ങൾ മാത്രമാക്കി മാററിയിരുന്നു; ആത്മാവ് നഷ്ടപ്പെട്ട കേവലം പുറംതോടുകൾ മാത്രം. അതിനാൽ, ജൂതന്മാരുടെ പ്രവർത്തനങ്ങളിൽ വിനഷ്ടമായ ആത്മാവും ആത്മാർത്ഥതയും ദൈവസ്നേഹവും ഹൃദയാലുത്വയുമെല്ലാം തിരിച്ചുകൊണ്ടുവരിക മാത്രമാണ് മിശിഹാ ചെയ്തത്. പ്രവർത്തനങ്ങൾ അവയുടെ ബാഹ്യരൂപത്തിനനുസരിച്ചല്ല, ആന്തരിക ചൈതന്യത്തിനനുസരിച്ചാണ് സ്വീകാര യോഗ്യമാകുന്നതെന്ന ഉപദേശത്തിനദ്ദേഹം ഊന്നൽ കൊടുത്തു. അതുകൊണ്ട് മതത്തിന്റെ മററു നിർദ്ദേശങ്ങളിലെന്നപോലെ സക്കാത്തിലും സ്വതന്ത്രമായ നിയമാവലിയോ വ്യവസ്ഥാപിതമായ ചട്ടങ്ങളോ മിശിഹാ കൊണ്ടുവന്നിട്ടില്ല. തൗറാത്തും ജൂതശരീഅത്തും തന്നെയാണ് അദ്ദേഹവും സത്യപ്രമാണമായി അംഗീകരിച്ചത്. പക്ഷേ, അതിലെല്ലാം ദൈവഭയം, മാനുഷികകാരുണ്യം, നിസ്വാർത്ഥത തുടങ്ങിയ അമൂല്യമായ ആത്മീയഗുണങ്ങൾ ഉൾക്കൊള്ളിക്കാൻ അദ്ദേഹം കഠിനമായ ത്യാഗങ്ങൾ വരിച്ചു. ഇതുതന്നെയാണ് ക്രിസ്തീയ മതസ്ഥാപനങ്ങളിലും ചർച്ചുകളുടെ സുവിശേഷങ്ങളിലും മററും, ധർമ്മാനുഷ്ഠാനത്തെക്കുറിച്ച് വ്യക്തവും വിശദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ കാണാതിരിക്കുവാനുള്ള കാരണം. ഈ വിഷയകമായി ഏതാനും സ്വഭാവസംസ്കരണനിയമങ്ങളും, ഉപദേശരൂപേണയുള്ള നിർദ്ദേശങ്ങളും മാത്രമാണ് ക്രിസ്തുമതത്തിനവകാശപ്പെടാനുള്ളത്. *

ബൈബിളി (പുതിയ നിയമം)ൽ ദാനധർമ്മങ്ങൾക്ക് എന്ത് സ്ഥാനം കൊടുത്തിട്ടുണ്ട്? അത്സംബന്ധമായി മിശിഹാ

---

* ...وجئتكم بآية من ربكم فاتقوا الله واطيعون (آل عمران: ٥٠)

''എന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായും, നിങ്ങൾക്ക് നിരോധിക്കപ്പെട്ടിട്ടുള്ളതിൽ ചിലതിനെ അനുവദിച്ചുതരാനായും, നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു ദൃഷ്ടാന്തവുമായും ഞാൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. അതിനാൽ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക.''

www.abulhasanalinadwi.org

യുടെ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങളും വ്യക്തിഗതമായ വികാരങ്ങളും എന്തായിരുന്നു ? അദ്ദേഹത്തിനുശേഷം ചർച്ചകളുടെ കാലമായപ്പോഴേക്കും പ്രസ്തുത അദ്ധ്യാപനങ്ങളിൽ ഏതെല്ലാം എത്രയെല്ലാം അവശേഷിച്ചു? ക്രൈസ്തവലോകത്ത് മിശിഹാ നൽകിയ നിർദ്ദേശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും എത്രകണ്ട് സ്ഥാനമുണ്ടായി? ഇത്തരം ചോദ്യങ്ങൾക്ക് ഒരു ക്രിസ്ത്യാനിതന്നെ 'എൻസൈക്ലോപീഡിയാ ഓഫ് റിലീജൻസ് ആൻറ് എതിക്സി'ൽ മറുപടി പറയുന്നു. അദ്ദേഹം തൻെറ വിദഗ്ധമായ തൂലികയിലൂടെ സംക്ഷിപ്തമായി വിശകലനം ചെയ്യുന്നു:

''ദാനധർമ്മം ചെയ്യാതിരിക്കുന്നതിൻെറയും അത് മനുഷ്യരാൽ കാണപ്പെടുവാൻ വേണ്ടിയാകുന്നതിൻെറയും ഗൗരവത്തെ കുറിച്ച് മിശിഹാ തൻെറ ഗിരിപ്രഭാഷണത്തിലും മററു സന്ദർഭങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്. '' നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ സ്തുതിക്കപ്പെടുവാൻ സംഘങ്ങളിലും തെരുവീഥികളിലും കപടഭക്തർ ചെയ്യുന്നതുപോലെ നിൻെറ കാഹളം ഊതരുത്.'' ലോകമാന്യതക്കുവേണ്ടി ദാനധർമ്മം ചെയ്തിരുന്ന ജൂതപുരോഹിതരെകുറിച്ച് മിശിഹാ തൻെറ അനുയായികളോട് താക്കീത് ചെയ്തു. ''നിങ്ങൾ അവർക്ക് തുല്യരാകരുത്. നിങ്ങൾക്കാവശ്യമുള്ളതെന്തെന്ന് ചോദിക്കുന്നതിനു മുമ്പ്തന്നെ നിങ്ങളുടെ പിതാവ് അറിഞ്ഞിരിക്കുന്നു.'' നിസ്വാർത്ഥമായ രൂപത്തിലായിരിക്കണം ധർമ്മം ചെയ്യേണ്ടത്. മിശിഹായുടെ ഓരോ അനുയായിയും, സ്വർഗ്ഗത്തിലുള്ള അവൻെറ പിതാവ് സമ്പൂർണ്ണനായതുപോലെ, സ്തുതിപാഠനത്തിൽനിന്നും ലോകമാന്യതയിൽനിന്നും മുക്തനും പൂർണ്ണനുമായിരിക്കേണ്ടതാണ്. (MT 6-IFF) ധർമ്മാനുഷ്ഠാനത്തെ കുറിച്ച് ഇതുപോലുള്ള ഉപദേശം ലൂക്കോസിൽ കാണാം: ''കൊടുക്കുവീൻ എന്നാൽ നിങ്ങൾക്ക് നല്കപ്പെടും.'' നിന്നോട് ചോദിക്കുന്ന ഏവനും കൊടുക്കുക; നിൻേറത് എടുക്കുന്നവനോട് തിരികെ ചോദിക്കരുത്. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവീൻ. നിങ്ങളൊ, ശത്രുക്കളെ സ്നേഹിക്കുവീൻ; ആർക്കും ഇച്ഛാഭംഗം വരുത്താതിരിക്കുവീൻ; നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും; നിങ്ങൾ, ദുഷ്ടന്മാരോടും പരാജാ

www.abulhasanalinadwi.org

തികളോടും ദയാലുവായ അത്യുന്നതന്റെ മക്കളായിത്തീരുകയും ചെയ്യും. ആകയാൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നത്പോലെ നിങ്ങളും കരുണയുള്ളവരാകവിൻ.'' (Luke – 6: 30, 35)

മിശിഹാ പ്രചരിപ്പിച്ച അദ്ധ്യാപനങ്ങൾ അദ്ദേഹം തന്റെ ജീവിതത്തിൽ പകർത്തുകയും ചെയ്തു. (അല്ല, പ്രചരിപ്പിച്ചതിൽ കൂടുതൽ പ്രവർത്തിച്ചു കാണിച്ചു.) അദ്ദേഹം തന്റെ ജീവിതത്തിന്റെ സിംഹഭാഗവും മാനുഷാകരുടെ ദുഃഖങ്ങൾ അകററാൻവേണ്ടി കഴിച്ചുകൂട്ടി. ജനസേവനത്തിലും സഹജീവിസഹായത്തിലുമായി ചെലവഴിച്ചു. പിശാച്ബാധ ഏററവരെ അദ്ദേഹം രക്ഷിച്ചു. കാരണം ദൈവം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. (AC 10–38)

പക്ഷെ മിശിഹാ തന്റെ മാനുഷികമായ ദൗർബല്യങ്ങളെ ജയിച്ചടക്കാൻ കഴിവില്ലാത്ത ആളായിരുന്നു എന്ന് നാം മനസ്സിലാക്കരുത്. ഏതുപോലെ? അദ്ദേഹം പറഞ്ഞു: ഒരു മനുഷ്യൻ ആദ്യമായി 'ദൈവത്തിന്റെ അധികാര'വും സത്യപന്ഥാവും തേടുക. മററു സ്തുത്യർഹമായ ഗുണങ്ങൾ ക്രമേണ അവനിൽ സ്വയം ജന്മംകൊള്ളുന്നതാണ്. ഓരോരുത്തരും മററുള്ളവരെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്യുമ്പോൾ അവരുടെ ദേഹത്തേക്കാൾ ദേഹിക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മിശിഹാ ഉപദേശിക്കുന്നു. അദ്ദേഹം സ്വയം മററുള്ളവരെ ചികിത്സിക്കുകയും സഹായിക്കുകയും ചെയ്തപ്പോളെല്ലാം നശ്വരമായ ജഡത്തിനേക്കാൾ ശാശ്വതമായ ജീവനാണ് പ്രാധാന്യം കൊടുത്തത്. മറെറാരു കാര്യംകൂടി ഇവിടെ ഓർമ്മിക്കൽ അനിവാര്യമാണ്. മിശിഹാ ഇതരക്ക്വേണ്ടി സഹായസഹകരണങ്ങൾ ചെയ്തപ്പോഴെല്ലാം അതിന്റെ അടിസ്ഥാനശിലക്കായി പരിഗണിച്ചത് ഒരു മർത്ത്യന്റെയും അവന്റെ നാഥന്റെയും മദ്ധ്യേയുള്ള ബന്ധത്തെയായിരുന്നു. ഈ ബന്ധമാണ് മനുഷ്യരെ ഏകോദരസഹോദരങ്ങളാക്കുന്നത്. അവരെല്ലാം ഒരു നാഥന്റെ അടിമകളാണെന്ന ബോധത്തോടെ പരസ്പരം സഹായികളും സേവകരുമായി കഴിഞ്ഞുകൂടുന്നതും.

വി. പൗലോസ് ശ്ലീഹാ പറഞ്ഞു: '' സഹോദരന്മാരേ

www.abulhasanalinadwi.org

ഒരു മനുഷ്യൻ വല്ല തെററിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പീൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പീൻ. (Gal. 6-2) എന്നാൽ ഇതേ രൂപത്തിൽ ഉയർന്ന ലക്ഷ്യത്തോടെ ഔദാര്യങ്ങളും ദാനധർമ്മങ്ങളും ചെയ്താൽ അതിൽ ലോകമാന്യതക്ക് പ്രവേശിക്കാൻ യാതൊരു പഴുതുമില്ലതന്നെ.

അടുത്തതായി നമുക്ക് ചിന്തിക്കാനുള്ളത് മിശിഹാ പഠിപ്പിച്ചതും പ്രവർത്തിപഥത്തിലൂടെ കാണിച്ചുകൊടുത്തതുമായ കാര്യങ്ങൾ അദ്ദേഹത്തിന്റെ അനുയായികളുടെ ജീവിതത്തിൽ എത്രകണ്ട് സ്വാധീനിച്ചിരുന്നു എന്നതാണ്. മിശിഹായുടെ ആദ്യകാലശിഷ്യന്മാർ അതിനെ അനുധാവനംചെയ്തതിന്റെ രൂപം ചില സംഭവങ്ങളിലൂടെ നമുക്ക് കാണാം. പെന്തക്കോസ്ത് (Penta Cost) നാളിൽ ജനങ്ങൾ അവരുടെ സ്വന്തമായ അഭിപ്രായപ്രകാരം ഒരു സമത്വാധിഷ്ഠിത മാതൃക പ്രകടിപ്പിച്ചു. സമൂഹത്തിലെ സമ്പന്നരിൽ അധികപേരും തങ്ങളുടെ മുഴുവൻ സ്വത്തുക്കളും അതിനുവേണ്ടി ചെലവ് ചെയ്തു. (AC - 2: 44, 45) വീണ്ടും പറയുന്നു: ''എല്ലാ മനുഷ്യരിലും ഭയം ഉളവായി. ശ്ലീഹന്മാർമൂലം 'ഓറെശ്ലത്തു' വളരെ അടയാളങ്ങളും ധീരകൃത്യങ്ങളും സംഭവിച്ചു. വിശ്വസിച്ചിരുന്നവരെല്ലാം ഒരുമിച്ചുകൂടി. അവർക്കുണ്ടായിരുന്നതെല്ലാം പൊതുവിലുള്ളവയായിരുന്നു. സമ്പാദ്യമുണ്ടായിരുന്നവർ അത് വിററ് ഓരോരുത്തനും ആവശ്യമായിരുന്നതുപോലെ ഭാഗിച്ചുകൊടുത്തു. ആരുംതന്നെ അവരുടെ മുഴുവൻ ധനവും വിലക്ക് വിററിരുന്നില്ല. തങ്ങളുടെ ആവശ്യത്തിലേറെ സ്വത്തുണ്ടായിരുന്നവർ അതുകൊണ്ടുതന്നെ തൃപ്തിപ്പെട്ടു. ആവശ്യത്തിലേറെ സ്വത്തുണ്ടായിരുന്നവർ തങ്ങളുടെ ആവശ്യംകഴിച്ച് ബാക്കിയുള്ളത് മററുള്ളവർക്ക് മിതമായ വിലക്ക് വില്ക്കുകയും വെറുതെ കൊടുക്കുകയും ചെയ്തിരുന്നു.'' (AC - 4: 34, 35) എന്നാൽ ഇത്തരത്തിലുള്ള ഭീമമായ ദാനധർമ്മങ്ങൾക്ക് ദീർഘകാലം നീണ്ടുനിൽക്കുന്ന സ്വഭാവമില്ലെന്നതാണ് സത്യം.

www.abulhasanalinadwi.org

Anania യും Saphira യുമെല്ലാം അതിനുദാഹരണങ്ങളാണ്. അതുമുഖേന ധർമ്മാനുഷ്ഠാനങ്ങൾ അധികസന്ദർഭങ്ങളിലും തനിമ നഷ്ടപ്പെട്ടതും കപടവുമായിരുന്നു. തദ്ഫലമായി (2Th 3-10 FF) ൽ വി. പൗലോസ് ഉൽകണ്ഠ രേഖപ്പെടുത്തുന്നത് നമുക്ക് കാണാം. അലസരും മടിയന്മാരുമായ ആളുകളെ സഹായിക്കുന്നതിൻെറ ഫലമായി യറൂശലമിലെ ചർച്ചുകളിലേതുപോലെ മററു ചർച്ചുകളിലും ഇത്തരം ദുരാചാരങ്ങൾ വ്യാപകമായിത്തീർന്നു.

ധർമ്മാനുഷ്ഠാനത്തിലുള്ള സാഹസികമായ വീറും ഉന്മേഷവും ആദ്യകാലത്തേതുപോലെ പില്ക്കാലത്ത് അവശേഷിച്ചില്ല. എങ്കിലും ദാനധർമ്മങ്ങൾ പാടെ നിലച്ചുപോയില്ല. എല്ലാ ക്രൈസ്തവചർച്ചുകളുടെയും മുഖമുദ്രയായി അത് നിലനിന്നുപോന്നു. വി. പൗലോസിനോട് ഐക്യത്തിൻെറ കരാർ പുതുക്കി വിശ്വാസികളായിത്തീർന്നപ്പോൾ ക്രൈസ്തവരെല്ലാം ധർമ്മാനുഷ്ഠാനത്തിൻെറ കാര്യത്തിലും ഒരു നവീനമാർഗ്ഗം കണ്ടെത്തി. ദരിദ്രരായ സാധുജനങ്ങളെ (അവർ അക്രൈസ്തവരായാൽപോലും) സഹായിക്കാൻ ചില പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചു. അത് തൻെറ സ്വയം പ്രയത്നത്തിലൂടെ മാത്രമായാൽപോലും എന്നെന്നും അവശേഷിക്കണമെന്ന് വി. പൗലോസ് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. (Gal. 2-10) ഇതും യഹൂദരുടെയും അല്ലാത്തവരുടെയും ദേവാലയങ്ങളെ ഏകോപിപ്പിക്കുക എന്ന ലക്ഷ്യവും മുൻനിർത്തിക്കൊണ്ട് വി. പൗലോസ് മാസിഡോണിയൻ (Achai) ദേവാലയങ്ങളെ ശാസ്ത്രീയമായി ഏകീകരിക്കുവാൻ ഒരുങ്ങുകയുണ്ടായി. അങ്ങനെയാണ് താൻതന്നെ ദാനധർമ്മങ്ങൾ ശേഖരിച്ച് ജറൂശലമിലെ ദേവാലയനിവാസികളായ മതപ്രവർത്തകർക്കെത്തിച്ചുകൊടുക്കാൻ തയ്യാറായത്. പക്ഷെ, മററു ദേവാലയങ്ങളിലെ മതപ്രവർത്തകരായ പ്രതിനിധികളും ഇതിൽ പങ്കുചേരുകയുണ്ടായി. (2Co, 8,9)

ഈ സാഹചര്യത്തിൽ അദ്ദേഹം നടപ്പിൽ വരുത്തിയതാണ് വാരാന്തവരിസംഖ്യ. അങ്ങനെ വിവിധ ചർച്ചുകളിൽ അത് നിലനിന്നുപോരുന്നു. ധർമ്മാനുഷ്ഠാനപ്രോത്സാഹനത്തിലും പട്ടിണിപാവങ്ങളെ സഹായിക്കുന്ന കാര്യത്തിലും മററു ക്രിസ്ത്യപുരോഹിതന്മാരും വി. പൗലോസിൻെറ ഒട്ടും

www.abulhasanalinadwi.org

പിന്നിലായിട്ടില്ല. സമ്പന്നവർഗ്ഗം സാധാരണക്കാർക്കെതിരിൽ അഴിച്ചുവിടുന്ന അഖില അക്രമങ്ങളെയും അനീതികളെയും അതിരൂക്ഷമായി വിമർശിച്ച വ്യക്തിയാണ് സെൻറ് ജിമ്മീസ്. (Ja-51-6-26) പക്ഷെ അദ്ദേഹം മതപ്രവർത്തനസേവനത്തിന് താഴെ പറയുന്ന ചുരുക്കരൂപം നൽകുകയുണ്ടായി: ''ദൈവത്തിന്റെയും പിതാവിന്റെയും കടാക്ഷത്തിന് വിധേയമാകുന്ന, അടിസ്ഥാനപരമായ ജനസേവനമായി മതം പറയുന്നത് ഒന്ന് മാത്രമാണ്. നിങ്ങൾ അനാഥകളുടെയും വിധവകളുടെയും അടുക്കൽ പോവുക. അവരുടെ ക്ലേശത്തിലും ക്ലിഷ്ടതയിലും പങ്കുചേരുക. അഹന്തയിൽനിന്നും അഹങ്കാരത്തിൽനിന്നും നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പരിശുദ്ധമാക്കുകയും ചെയ്യുക.'' (1–27)

'' ജുതന്മാക്ക് ഒരു കത്ത് '' എന്ന പുസ്തകത്തിൽ അതിന്റെ കർത്താവ് അവസാനഭാഗത്ത് ഒരു ഉപദേശം നല്കുന്നു:

''നന്മ പ്രവർത്തിക്കുവീൻ. ദാനധർമ്മങ്ങളുടെ കാര്യം വിസ്മരിക്കരുത്. ഈ ത്യാഗപൂർണ്ണമായ ബലികളെയാണ് ദൈവം കൂടുതൽ ഇഷ്ടപ്പെടുക.'' സെൻറ് ജോണിനെപോലുള്ളവരും ഈ വിഷയകമായി മഹത്തായ മാതൃകയും അതുല്യമായ സേവനവും കാഴ്ചവെച്ചിട്ടുണ്ട്. ജനസേവനം തികച്ചും ദൈവസ്നേഹത്തിൽനിന്നും ഉത്ഭവിക്കുന്നതായിരിക്കണമെന്നാണ് അദ്ദേഹം പറയുന്നത്: ''ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളും ഒരാൾക്കുണ്ട്; അതേ സമയം തന്റെ സഹോദരൻ പട്ടിണിയിലും പ്രാരാബ്ധത്തിലുമായി നട്ടംതിരിയുന്നതവൻ കാണുന്നു. പക്ഷെ അവനോടവൻ കരുണാർദ്രമായി പെരുമാറുന്നില്ല. എങ്കിൽ ദൈവത്തോടവന് സ്നേഹമുണ്ടെന്ന് എങ്ങനെ മനസ്സിലാക്കാൻ കഴിയും. ''

ഇങ്ങനെ നോക്കുമ്പോൾ സദഖയും, ദരിദ്രവിഭാഗങ്ങളെ സഹായിക്കലുമെല്ലാം ക്രൈസ്തവമതത്തിന്റെ മൗലികസ്തംഭങ്ങളിൽ പെട്ടതാണെന്ന് കാണാൻ കഴിയുന്നു. മിശിഹായുടെയും അദ്ദേഹത്തിന്റെ ആദ്യകാല ശിഷ്യന്മാരുടെയും ജീവിതാദ്ധ്യാപനങ്ങൾ ഇതിന്ന് മഹത്തായ ഉദാഹരണങ്ങളാണ്. ജനങ്ങൾ മിശിഹായിലൂടെ ദൈവത്തോട് സ്ഥാപിച്ച ബന്ധ

www.abulhasanalinadwi.org

ത്തിൽനിന്നാണ് ഇത് ഉടലെടുക്കുന്നത്. ആ ബന്ധത്തിന്റെ അനന്തരഫലവും പ്രത്യക്ഷലക്ഷ്യവുമാണ് ഇന്നീ കാണുന്ന ദാനധർമ്മങ്ങളും പുണ്യകർമ്മങ്ങളുമെല്ലാം." *

## ഇസ്ലാമിന്റെ പരിഷ്കരണങ്ങൾ

സക്കാത്ത് വ്യവസ്ഥയിലൂടെ അടിസ്ഥാനപരമായ പല പരിഷ്കരണങ്ങളും ഇസ്ലാം കൊണ്ടുവന്നു. അത് സമൂഹത്തിന്റെ സ്വഭാവത്തിൽ വിപ്ലവകരമായ പല മാററങ്ങളും വരുത്തി. ആ പരിഷ്കാരങ്ങളിൽ ചിലത് പ്രത്യേകമായിത്തന്നെ ഇവിടെ പ്രതിപാദിക്കാം.

## മതപരവും വർഗപരവുമായ കുത്തക അവസാനിപ്പിച്ചു

മതപരവും വർഗ്ഗപരവുമായ കുത്തകാവകാശം അവസാനിപ്പിച്ചു എന്നതാണ് ഇസ്ലാം സക്കാത്ത്മുഖേന പ്രഥമമായി നടത്തിയ പരിഷ്കരണം. ഒരു വശത്ത് പ്രസ്തുത കുത്തകചിന്താഗതി അതിന്റെ വക്താക്കളെത്തന്നെ ദുഷിപ്പിക്കുന്നതായിരുന്നു. ജോലിയെടുക്കാതെ അന്യരുടെ ധർമ്മത്തെമാത്രം ആശ്രയിക്കുന്ന സ്ഥിതിഗതി സംജാതമായി, അലസരും മടിയരുമായി അവരുടെ സ്വഭാവം ദുഷിച്ചു. വെറുതെ കിട്ടുന്ന ധനം കൊണ്ട്മാത്രം സുഖജീവിതം കഴിക്കാമെന്ന ഒരു ചിന്താഗതി ഉടലെടുത്തു. ജീവിക്കാൻ മാന്യമായ മാർഗ്ഗത്തിലൂടെ അദ്ധ്വാനിച്ച് സമ്പാദിക്കണമെന്ന ധാരണ തീരെ ഇല്ലാതെ വന്നു. തങ്ങൾ ഇന്ന പ്രവാചകന്റെ സന്തതിപരമ്പരയാണ്, ഇന്നാലിന്ന സവർണ്ണകുടുംബമാണ്, അല്ലെങ്കിൽ ഇന്ന ഗോത്രത്തോട് ബന്ധമുള്ളവരാണ്, അതുമല്ലെങ്കിൽ പൈതൃകമായി ഇന്നാലിന്ന മതകർമ്മം നിർവ്വഹിക്കുന്നവരാണ് – ഒരു പക്ഷെ പ്രസ്തുത ഉത്തരവാദിത്വനിർവ്വഹണവുമായി പുലബന്ധംപോലും അവർക്കുണ്ടായിക്കൊള്ളണമെന്നില്ല – തുടങ്ങിയ കാരണങ്ങളാൽ മാത്രം അവരുടെ അന്നന്നത്തെ അഹോവൃത്തി ഭദ്രമായിരുന്നു. അങ്ങനെ അലസരും ചൂഷകരുമായ ഒരു വർഗ്ഗം വളർന്നു

---

* Encyclopaedia of Religion and Ethics W. A. Spooner.

www.abulhasanalinadwi.org

വന്നു. അവർ മതത്തെ കത്തകാവകാശമായി നിലനിർത്തി യെന്ന് മാത്രമല്ല തങ്ങളുടെ താൽപര്യസംരക്ഷണത്തിനുള്ള ഒരു മാർഗ്ഗമായി കാണുകയുംചെയ്തു. പൗരുഷം, പാതിവ്രത്യം, സ്വാശ്രയബോധം, ആത്മാഭിമാനം തുടങ്ങിയ സൽഗുണങ്ങ ളിൽനിന്ന് അവർ പൂർണ്ണമായും തടയപ്പെട്ടിരുന്നു.

മറെറാരു വശത്ത് ഈ കുത്തകാബോധം സാധുക്കളായ ദരിദ്രജനങ്ങളോടും, ദാനധർമ്മങ്ങളുടെ ശരിയായ അവകാശി കളോടും ക്രൂരമായി വർത്തിക്കുന്നതായിരുന്നു. കാരണം, എല്ലാ ധർമ്മിഷ്ഠരും സ്വാഭാവികമായും തങ്ങളുടെ ദാനധ ർമ്മങ്ങൾ മതപരമായ കാർമ്മികത്വം വഹിക്കുന്നവർക്കോ, ഏ തെങ്കിലും പ്രവാചകപരമ്പരയോടോ സവർണ്ണകുടുംബത്തോ ടോ ബന്ധമുള്ളവർക്കോ കൊടുക്കാൻ ഇഷ്ടപ്പെടുന്നു. ഇന്ത്യ യിൽ ഇന്ന് സർവ്വവ്യാപകമായി കാണാൻ കഴിയുന്ന ഒരു സത്യമാണിത്. ബ്രാഹ്മണരും പൂജാരികളുമെല്ലാം ഇവിടെ ദാനധർമ്മങ്ങൾ കീഴടക്കിവെച്ചിരിക്കുന്നു. വിശുദ്ധ ബ്രാഹ്മ ണരോടോ പൂജാരികളോടോ രക്തബന്ധമില്ലാത്ത സമൂഹത്തി ലെ യാതൊരു ദരിദ്രക്കും ധർമ്മം ലഭിക്കുന്നില്ല. തദ്ഫലമാ യി അധികസന്ദർഭങ്ങളിലും അവർ പട്ടിണിപാവങ്ങളായി കഴിഞ്ഞുകൂടുന്നു. സമ്പന്നരുടെ നിരുത്തരവാദിത്വത്തിനും ബ്രാഹ്മണ – പൂജാരികളുടെ ആഡംബരജീവിതത്തിനുമെല്ലാം ഹൈന്ദവമതം സമാധാനം പറയേണ്ടിവന്നു.

അങ്ങനെ കുത്തകചിന്താഗതിയുടെയും സാമൂഹ്യാസമത്വ ത്തിൻെറയും കവാടം എന്നെന്നേക്കുമായി നബി (സ) കൊ ട്ടിയടച്ചു. അതിന്നാണ് അവിടുന്ന് ആദ്യംതന്നെ സ്വന്തം കുടുംബമായ ബനീഹാശിമിന് സക്കാത്ത് നിഷിദ്ധമാക്കിയ ത്. ഇസ്ലാമികചരിത്രത്തിലും മതപ്രബോധനരംഗത്തും അ അവർ നേടിയ സ്തുത്യർഹമായ സ്ഥാനം പ്രസിദ്ധമാണല്ലോ. വളരെ വ്യക്തമായ ഭാഷയിൽ അവിടുന്ന് പറഞ്ഞു:

ان الصدقة لا تحل لنا "സ്വദഖഃ നമുക്ക് അനുവദനീയമല്ല." (അസ്ഹാബുസ്സുനന്). അവിടുന്ന് സക്കാത്ത്മുതൽ ഒട്ടുംത ന്നെ സ്വന്താവശ്യങ്ങൾക്ക് ഉപയോഗിക്കാതെ സൂക്ഷ്മത കാ ണിച്ചിരുന്നു. അബൂഹുറയ്റഃ (റ) ൽനിന്ന് ഉദ്ധരിക്കപ്പെടു ന്നു: ഏത് ആഹാരം ഹാജരാക്കപ്പെട്ടാലും അവിടുന്ന് അതി

www.abulhasanalinadwi.org

നെസംബന്ധിച്ച് സൂക്ഷ്മാന്വേഷണം നടത്തിയിരുന്നു. എന്നിട്ട് അത് ഹദിയ്യഃ (സമ്മാനം) യാണെന്നറിഞ്ഞാൽ ഭക്ഷിക്കും. സ്വദഖഃ (നിർബന്ധദാനം) യാണെന്നറിഞ്ഞാൽ ഭക്ഷിക്കുകയുമില്ല. ''നിങ്ങൾ ഭക്ഷിച്ചുകൊള്ളുക എന്ന് അനുചരന്മാരോട് പറയുകയും ചെയ്യും.'' (ബു.മു.) കൂടാതെ സ്വന്തം കുടുംബാദികൾ ദാനധർമ്മങ്ങൾ കഴിക്കുന്നതിനെ അവിടുന്ന് സദാ ശക്തിയായി നിരോധിക്കാറുണ്ടായിരുന്നു. അവർ ദാനധർമ്മങ്ങൾ സ്വീകരിക്കുന്ന പതിവുണ്ടാവുകയും ആളുകൾ തങ്ങളുടെ ദാനങ്ങൾ അവരിൽമാത്രം ഒതുക്കിനിർത്തുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാവാതിരിക്കാൻവേണ്ടിയാണ് പ്രവാചകൻ അത് ഇത്രയും കർശനമായി വിരോധിച്ചത്. ഹ: അബൂഹുറയ്റഃ (റ) പറയുകയാണ്: ''ഒരിക്കൽ അവിടുത്തെ പൗത്രൻ ഹസൻ (റ) സക്കാത്തിന്റെ ശേഖരത്തിൽപെട്ട ഒരു കാരക്കയെടുത്ത് വായിലിട്ടു. ഉടനെ നബി (സ) ഹസൻ (റ) വിനോട് അത് കക്കിക്കളയുവാൻ ആജ്ഞാപിക്കുകയും നാം സക്കാത്തിന്റെ മുതൽ തിന്നുകയില്ലായെന്ന കാര്യം നിനക്കറിയില്ലേ? എന്ന് ചോദിക്കുകയും ചെയ്തു.'' (ബു.മു.)

ഈ നിയമം പ്രവാചകന്റെ കാലഘട്ടത്തിലും അതിന് ശേഷവും നിലനിന്നുപോന്നു. ഒരിക്കൽ അവിടുന്ന് പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടുണ്ട്: ''ഈ ദാനങ്ങൾ നിശ്ചയം ജനങ്ങളുടെ മാലിന്യമാണ്. അത് മുഹമ്മദിന്നും മുഹമ്മദിന്റെ കുടുംബത്തിന്നും അനുവദനീയമല്ല.'' (മുസ്ലിം). ഇസ്ലാമിക കർമ്മശാസ്ത്രം അതങ്ങനെതന്നെ കൈകാര്യംചെയ്തു. മുസ്ലിം സമുദായത്തിന്റെ പ്രവർത്തനവും അങ്ങനെയായിരുന്നു. നിർബ്ബന്ധദാനങ്ങളുടെ കവാടങ്ങൾ ദരിദ്രജനങ്ങൾക്കും സാധാരണക്കാരായ മുസ്ലിംകൾക്കുംവേണ്ടി മലർക്കെ തുറന്നിട്ടു. അതിൽനിന്ന് അവരുടെ അവകാശം ധ്വംസിക്കപ്പെടുകയോ അപഹരിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. *

പ്രവാചകനായ മുഹമ്മദ് (സ) തന്റെ അടുത്ത കുടുംബാദികളിലും ബന്ധുജനങ്ങളിലും കൈക്കൊണ്ടിരുന്ന നയം മററ

---

* ജസ്സ്വാസിന്റെയും, ഖാസി ഇബ്നുൽ അറബി മാലിക്കിയുടെയും 'അഹ്ക്കാമുൽ ഖുർആനി'ലെ ചർച്ച വായിക്കുക.

www.abulhasanalinadwi.org

ള്ളവരിൽനിന്നും വ്യത്യസ്തമായിരുന്നു. ആർക്കെങ്കിലും കടങ്ങളും നഷ്ടപരിഹാരങ്ങളും വീട്ടേണ്ടിവരുമ്പോൾ അവരെ സഹായിക്കുന്നതിൽ ബന്ധുജനങ്ങൾക്ക് വലിയ പങ്കും, അതേ സമയം 'ഗനീമത്തു'മുതലുകളും മററു സ്വത്തുക്കളും ഓഹരി വെക്കുമ്പോൾ ഇവക്ക് ചെറിയ പങ്കുമായിരുന്നു. പലിശ ഹറാമാക്കിയപ്പോൾ ആദ്യമായി അത് സ്വന്തം കുടുംബക്കാരിൽ നിന്നാരംഭിച്ചു. ജാഹിലിയ്യാകാലത്തെ അറുകൊലകളുടെ രക്തത്തിന് പ്രതികാരമില്ലാതെ മാപ്പ് പ്രഖ്യാപിച്ചപ്പോൾ സ്വന്തം കുടുംബത്തിൽപെട്ട ഒരു യുവാവിന്റെ രക്തം വിട്ടുകൊടുത്തുകൊണ്ട് ആ നിയമം നടപ്പിൽവരുത്തി. അവിടുത്തെ അവസാനത്തെ വിടവാങ്ങൽ പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞ കാര്യങ്ങൾ നോക്കുക:

''അജ്ഞാനകാലത്തെ അഖിലകാര്യങ്ങളും ഞാനെന്റെ കാൽക്കീഴിൽ കുഴിച്ചുമൂടുന്നു. അജ്ഞാനകാലത്തെ അറുകൊലകളുടെ പ്രതികാരം ഇതാ കുഴിച്ചുമൂടുന്നു. അതിൽ ആദ്യമായി ഞാൻ നമ്മുടെ കുടുംബത്തിൽപെട്ട റബീഅത്തുബ്നുൽഹാരിസിന്റെ മകന്റെ രക്തം പ്രതികാരമില്ലാതെ വിട്ടുകൊടുക്കുന്നു. ബനൂസഅ്ദ് ഖബീലയിൽ മുലകുടിച്ചു വളർന്നുകൊണ്ടിരുന്നപ്പോൾ ഹുദൈല് ഗോത്രക്കാരാണ് അവനെ കൊന്നത്. അജ്ഞാനകാലത്തെ പലിശയും കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു. അതിൽ ആദ്യമായി നമ്മുടെ കുടുംബത്തിൽപെട്ട അബ്ബാസ് ബ്നു അബ്ദിൽമുത്തലിബിന്റെ പലിശയാണ് ഞാൻ ദുർബ്ബലപ്പെടുത്തിയതായി പ്രഖ്യാപിക്കുന്നത്.'' *

---

الا كل شيئ من امر الجاهلية تحت قدمى موضوع ودماء الجاهلية موضوعة وان اول دم اضع من دمائنا دم ابن ربيعة بن الحارث وكان مسترضعا فى بنى سعد فقتله هذيل ، وربا الجاهلية موضوع وان اول ربا اضع من ربانا ربا عباس بن عبد المطلب فانه موضوع كله الى آخر الحديث

* ജാബിറുബ്നു അബ്ദില്ല (റ) യിൽനിന്ന് മുസ്ലിം ഉദ്ധരിച്ചത്.

www.abulhasanalinadwi.org

ഇതുപോലെ സക്കാത്ത്, ജനതയുടെ പട്ടിണിക്കുള്ള പരിഹാരവും ആശ്വാസവുമായി കൽപിക്കപ്പെട്ടപ്പോൾ അവിടത്തെ കുടുംബമായ ബനൂഹാശിമിന് അത് നിഷിദ്ധമായി പ്രഖ്യാപിച്ചു. അവർ അതിൽനിന്ന് ഒരിക്കലും അനുഭവിക്കാനോ അത്മുഖേന ജീവിക്കാനോ പാടില്ലെന്ന് കല്പിച്ചു. ഇത് അഖിലപ്രവാചകന്മാരുടെയും സ്വഭാവമായിരുന്നു. മുഹമ്മദ് (സ) ഇതിൽ ഏറ്റവും സ്തുത്യർഹമായ സ്ഥാനം കരസ്ഥമാക്കുകയുണ്ടായി.

## സക്കാത്ത്നിർവ്വഹണത്തിൽ മദ്ധ്യവർത്തികളില്ല

സക്കാത്ത്ദായകരുടെയും അതിന്റെ അവകാശികളുടെയും ഇടക്കുള്ള അഖിലകണ്ണികളും ഇസ്ലാം വിച്ഛേദിച്ചു. 'മൂസവീശരീഅത്തി'ന്റെ വക്താക്കളിൽ അത് നടപ്പുണ്ടായിരുന്നു. ജൂത–ക്രൈസ്തവ പുരോഹിതൻമാരായിരുന്നു ആ മദ്ധ്യവർത്തികൾ. പ്രസ്തുത പുരോഹിതൻമാർ, ജ്യോത്സ്യൻമാർ, ബൈത്തുൽമുഖദ്ദസിലെ പരിചാരകർ തുടങ്ങിയവർക്കെല്ലാം സമ്മതം വരുന്നതുവരെ സക്കാത്ത് കൊടുത്തില്ലെങ്കിൽ അത് കല്പനാനുസൃതം നിർവ്വഹിച്ചവരാകുകയില്ല എന്നായിരുന്നു നിയമം. ഇതിന്റെ ഫലമായി എന്തുണ്ടായി?! ഈ വിഭാഗക്കാരിൽ ധനത്തോടുള്ള മ്ലേഛമായ അത്യാർത്തി ഉടലെടുത്തു. അധികസന്ദർഭങ്ങളിലും സക്കാത്ത്വിതരണം അലങ്കോലപ്പെട്ടു. അവകാശികൾക്കും ആവശ്യക്കാർക്കും കൊടുക്കാതെ അവർമാത്രം അതിനെ കയ്യടക്കിവെച്ചു. ഈ വസ്തുത ഖുർആൻ വിവരിച്ചുതരുന്നു: *

''സത്യവിശ്വാസികളേ! പണ്ഡിത – പുരോഹിതരിൽനിന്നും മിക്കപേരും ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് തടയുകയും ചെയ്യുന്നു. സ്വർണ്ണവും വെള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴി

---

* يا ايها الذين آمنوا ان كثيرا من الاحبار والرهبان ليأكلون اموال الناس بالباطل ويصدون عن سبيل الله والذين يكنزون الذهب والفضة ولاينفقونها فى سبيل الله فبشرهم بعذاب اليم ه التوبة: ٣٤

www.abulhasanalinadwi.org

ക്കാതെ സൂക്ഷിച്ചുവെക്കുന്നതാരോ അവർക്ക് വേദനാജനകമായ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുക.''

ഈ മതപരമായ കുത്തകാവകാശവും മദ്ധ്യവർത്തിത്വവുമെല്ലാം അവരിൽ സൃഷ്ടിച്ചത് വൃത്തിഹീനമായ ധനമോഹവും അന്യന്റെ സമ്പത്ത് കയ്യടക്കിവെക്കാനുള്ള കുത്സിതശ്രമങ്ങളും മാത്രമായിരുന്നു.

മതപരവും ആരാധനാപരവുമായ അഖില കാര്യങ്ങളിലും പൗരോഹിത്യഇടയാളത്വം ഇസ്ലാം നാമാവശേഷമാക്കി. സകാത്തിലും അത് വേണ്ടെന്ന് പ്രഖ്യാപിച്ചു. ഓരോ മുസ്ലിമിനും തന്റെ നമസ്കാരത്തിൽ മദ്ധ്യവർത്തിയാവശ്യമില്ല. സകാത്തിലും വ്രതത്തിലും ഹജ്ജിലും ആവശ്യമില്ല. അവയെല്ലാം നിർവ്വഹിക്കേണ്ടതെങ്ങനെയെന്ന് ഓരോരുത്തരും അറിഞ്ഞിരിക്കൽ നിർബ്ബന്ധമാണ്. അവയുടെ നിർബ്ബന്ധഘടകങ്ങൾ, നിബന്ധനകൾ, 'നിയ്യത്ത്' തുടങ്ങിയ കാര്യങ്ങൾ പഠിച്ച് ഓരോരുത്തർക്കും അത് സ്വയംതന്നെ നിർവ്വഹിക്കാവുന്നതാണ്. ഓരോന്നിനും നിർണ്ണയിക്കപ്പെട്ട അതിന്റേതായ നിബന്ധനകൾ പൂർത്തീകരിച്ചാൽ പിന്നെ ഒരു പ്രത്യേക വിഭാഗക്കാരെയോ ആചാരവക്താക്കളെയോ ഇടയാളൻമാരായി സ്വീകരിക്കൽ ആവശ്യമില്ലതന്നെ.

## അവകാശികൾക്ക് കൂടുതൽ അധികാരം

ഇതിനെല്ലാം പുറമെ സകാത്തിന്ന് മറെറാരു പ്രത്യേകതകൂടിയുണ്ട്. (നാം മുമ്പ് വിശദീകരിച്ചതുപോലെ) അത് ഇസ്ലാമിന്മുമ്പ് പല തരത്തിലുള്ള ബന്ധനങ്ങളിൽ കുടുങ്ങിയിരുന്നു. സകാത്തിന്റെ അവകാശികൾക്ക് അത് തങ്ങളുടെ അഭീഷ്ടത്തിനനുസരിച്ച് ചെലവഴിക്കാനോ കൈകാര്യം ചെയ്യാനോ അധികാരമില്ലായിരുന്നു. അത് ബൈത്തുൽമുഖദ്ദസിലെ ഹാജിമാർക്ക്മാത്രം നീക്കിവെക്കപ്പെട്ടിരുന്നു. അതും പ്രസ്തുത ഓഹരിയുടെ സിംഹഭാഗവും അവിടത്തെ അതിഥിസല്ക്കാരത്തിനും ഭക്ഷണച്ചെലവിനുമാണ് ഉപയോഗിച്ചിരുന്നത്. പക്ഷെ, ഇസ്ലാമികശരീഅത്ത് സകാത്തിനെ അതിന്റെ അവകാശികൾക്കും സാധുജനങ്ങൾക്കും അഗതികൾക്കും സ്വതന്ത്രമായി വിട്ടുകൊടുത്തു. അവർ ഉദ്ദേശിച്ച

www.abulhasanalinadwi.org

ന്‌പോലെ ആ സ്വത്തിൽ അവർക്കധികാരമുണ്ട്‌. തങ്ങളുടെ ആവശ്യാഭിലാഷങ്ങൾക്കനുസരിച്ച്‌ അതിനെ അവക്ക്‌ ചി ചവഴിക്കാം.

للفقراء والمساكين والعاملين عليها എന്ന ഖുർആൻ വാക്യത്തി ലെ « ل » എന്ന അവ്യയമാണത്‌ സൂചിപ്പിക്കുന്നത്‌. *

മേല്പറഞ്ഞ ഉപകാരപ്രദമായ പരിഷ്കരണങ്ങളും സുന്ദര മായ നിയമസംഹിതകളുമാണ്‌ ഇസ്ലാമിലെ സക്കാത്ത്‌വ്യവ സ്ഥയെ സകല വ്യഷ്ടി-സമഷ്ടിഗതങ്ങളായ നന്മകളെയും ഉൾ ക്കൊള്ളുന്ന സമുത്കൃഷ്ടവും സാർവ്വജനീനവും സമ്പൂർണ്ണവുമാ യ വ്യവസ്ഥയാക്കി മാററിയത്‌. **

## ഇസ്ലാമിൽ സക്കാത്തിന്റെ സ്ഥാനവും മതപരമായ വിധിയും

വിശുദ്ധഖുർആനിൽ എൺപത്തിരണ്ട്‌* സ്ഥലങ്ങളിൽ നമസ്കാരത്തോട്‌ ചേർത്ത്‌ സക്കാത്തിനെ പറഞ്ഞിരിക്കുന്നു.

അതായത്‌, (البقرة : ٧٣) « واقيموا الصلاة وآتوا الزكاة » എന്നിങ്ങനെ ഖുർആനിൽ ധാരാളമായി വന്നിട്ടുണ്ട്‌. അതി നുപുറമെ മുസൽമാന്റെ ഗുണപൗഷ്കല്യങ്ങൾ വിവരിക്കുന്നിടത്ത്‌ يقيمون الصلاة ويؤتون الزكاة (المائدة : ٥٥ (അവർ നമസ്കാരം നിലനിർത്തുകയും സക്കാത്ത്‌ കൊടുക്കുകയും ചെയ്യു) മെന്ന്‌ കാണാം. ഇസ്ലാമിന്റെ പ്രധാന അടിസ്ഥാനസ്തംഭങ്ങളെ എണ്ണിയ കൂട്ടത്തിൽ പ്രവാചകൻ (സ) അതിനെ ഉൾപ്പെടുത്തി,

---

നാല്‌ മദ്‌ഹബിലെയും കർമ്മശാസ്ത്രത്തിലെ നിദാനഗ്രന്ഥങ്ങൾ. ഈ 'ലാമ്‌' ചർച്ചക്ക്‌ വിധേയമാക്കിയിട്ടുണ്ട്‌.

** മൗലാനാ സയ്യിദ്‌ സുലൈമാൻ നദ്‌വി (റ)യുടെ 'സീറത്തുന്നബി' അഞ്ചാംവാള്യത്തിൽനിന്ന്‌ ഈ ആശയം ഞാൻ മനസ്സിലാക്കി.

* പണ്ഡിതശ്രേഷ്ഠനായ അമീർ ഖുത്ത്ബുദ്ദീൻദഹ്‌ലവി (മ: 1289 ഹി:) ന്റെ 'മിശ്‌ക്കാത്തുൽ മസാബീഹി'ന്റെ വ്യാഖ്യാനവിവർത്തനത്തിൽ കാളുന്നതാണ്‌ ഈ എണ്ണം.

www.abulhasanalinadwi.org

അവിടുന്ന് പറഞ്ഞു: ''ഇസ്ലാം പഞ്ചസ്തംഭങ്ങളിൽ പടുത്തുയർത്തപ്പെട്ടു. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി (സ) അവന്റെ അടിമയും ദൂതനുമാണെന്നും സാക്ഷ്യം വഹിക്കുക, കൃത്യമായി നമസ്കാരം നിലനിർത്തുക, സക്കാത്തുകൊടുക്കുക, ഹജ്ജ്ചെയ്യുക, റമസാനിലെ വ്രതമനുഷ്ഠിക്കുക.''* ഒരിക്കൽ പ്രവാചകൻ (സ)യോട് ചോദിച്ചു: എന്താണ് ഇസ്ലാം? അവിടുന്ന് പറഞ്ഞു: ''നീ അല്ലാഹുവിനെ ആരാധിക്കുകയും അവനിൽ മററാരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക; നിർബ്ബന്ധനമസ്കാരം നിലനിർത്തുക; നിർബ്ബന്ധമായ സക്കാത്ത് കൊടുത്തുവീട്ടുക; റംസാനിലെ നോമ്പനുഷ്ഠിക്കുകയും ചെയ്യുക.''**

ضمام بن ثعلبة رضى الله عنه യുടെ ഹദീസിൽ ഇപ്രകാരം കാണാം: അദ്ദേഹം ഒരിക്കൽ നബി(സ)യോട് പറഞ്ഞു: ''ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് അങ്ങയോട് ചോദിക്കുന്നു: ഞങ്ങളിൽപ്പെട്ട സമ്പന്നരിൽനിന്ന് 'സ്വദഖഃ' ശേഖരിച്ച് ഞങ്ങളിലെതന്നെ ദരിദ്രവിഭാഗത്തിന് വിഭജിച്ചുകൊടുക്കണമെന്ന് അങ്ങയോട് കല്പിച്ചത് അല്ലാഹുവാണോ? അവിടുന്ന് പറഞ്ഞു: 'തീർച്ചയായും അതെ.' ***

തദ്വിഷയകമായി എണ്ണമററ ഹദീസുകൾ വന്നിട്ടുണ്ട്. അത് 'മുതവാതിറുക'ളോളം എത്തിയിരിക്കുന്നു. സക്കാത്തും നമസ്കാരവും പരസ്പരബന്ധിതവും പൂരിതവുമാണെന്ന കാര്യത്തിൽ 'ഉമ്മത്തി'ന്റെ 'ഇജ്മാഉ'ണ്ട്. നൂററാണ്ടുകൾ പിന്നിട്ട തലമുറകൾ ഈ അടിസ്ഥാനത്തിൽ കർമ്മജീവിതം കെട്ടിപ്പടുത്തു ജീവിച്ചുപോരുകയും ചെയ്യുന്നു.

ഇസ്ലാമിന്റെയും അതിന്റെ വിധിവിലക്കുകളുടെയും സ്വീകാര യോഗ്യതക്കുള്ള ചിഹ്നമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത് നമസ്കാരം നിലനിർത്തലും സക്കാത്ത് കൊടുത്തു

---

* ഇബ്നുഉമർ (റ)വിൽനിന്ന് മുസ്ലിമും തിർമുദിയും ഉദ്ധരിച്ചത്.

** അബൂഹുറയ്റഃ (റ) യിൽനിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്.

*** അനസ് (റ)വിൽനിന്ന് ബുഖാരി ഉദ്ധരിച്ചത്.

www.abulhasanalinadwi.org

വീട്ടലുമാണ്. അല്ലാഹുവുമായി സന്ധിയിലും, മുസ്ലിംകളുമായി സാഹോദര്യത്തിലും കഴിയുന്ന എന്നതിന് തെളിവാണത്. വിശുദ്ധഖുർആൻ പറയുന്നു: *

''ഇനി അവർ പശ്ചാതപിച്ച് മടങ്ങുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ പാട്ടിന് വിട്ടേക്കുക: നിശ്ചയം അല്ലാഹു പൊറുക്കുന്നവനും കരുണാവാരിധിയുമാകുന്നു.''

മറെറാരു സ്ഥലത്ത് വിശുദ്ധഖുർആൻ പറയുന്നു: **
''എന്നാൽ അവർ പശ്ചാതപിച്ച് മടങ്ങുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുകയാണെങ്കിൽ, അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. അറിയുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ നാം വിവരിച്ചുകൊടുക്കുന്നു.''

അബ്ദുല്ലാഹിബ്നുഉമറിൽനിന്ന് ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: റസൂൽ (സ) പറഞ്ഞു: ''അല്ലാഹുഅല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അവൻെറ ദൂതനാണെന്നും ജനങ്ങൾ സാക്ഷ്യംവഹിക്കുകയും, നമസ്കാരം നിലനിർത്തുകയും, സക്കാത്ത് കൊടുക്കുകയുംചെയ്യുന്നത്‌വരെ അവരോട് സമരംചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ഇത്രയും അവർ ചെയ്താൽ നിയമപരമായ മററു കാരണങ്ങളൊന്നുമില്ലെങ്കിൽ അവരുടെ രക്തവും ധനവും എന്നിൽനിന്നു സുരക്ഷിതമാണ്. (മററു കാര്യങ്ങളെല്ലാം) അല്ലാഹുവും അവരുമായി കണക്കു നോക്കികൊള്ളും.!'' നബി (സ) പറഞ്ഞതായി അബൂഹുറയ്‌റഃ (റ)വിൽനിന്ന് ബുഖാരി, മുസ്ലിം, നസാ

---

* فان تابوا واقاموا الصلاة وآتوا الزكاة فخلوا سبيلهم ان الله غفور رحيم
التوبة : ٥

** فان تابوا واقاموا الصلاة وآتوا الزكاة فاخوانكم فى الدين ونفصل الآيات لقوم يعلمون
التوبة : ١١

www.abulhasanalinadwi.org

തുടങ്ങിയവർ ഉദ്ധരിക്കുന്നു: "അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്ന് സാക്ഷ്യംവഹിക്കുകയും, എന്നിലും ഞാൻ കൊണ്ടു വന്നതിലും വിശ്വസിക്കുകയും ചെയ്യുന്നതുവരെ ജനങ്ങളോട് സമരംചെയ്യാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അതവർ ചെയ്യുകയാണെങ്കിൽ പിന്നെ അവരുടെ രക്തവും ധനങ്ങളും ഞാൻമുഖേന സുരക്ഷിതമായിരിക്കും. അതെ, ഇസ്ലാമിന്റെ എന്തെങ്കിലും ബാദ്ധ്യതയില്ലെങ്കിൽ! (മററു കാര്യങ്ങളിലെല്ലാം) അല്ലാഹുവും അവരുമായി കണക്ക് നോക്കികൊള്ളും."

## സക്കാത്ത് വ്യവസ്ഥാപിതമായിരിക്കൽ നിർബ്ബന്ധമാണ്

നമസ്കാരം സംഘടിതമായി നിർവ്വഹിക്കണമെന്ന് എപ്രകാരം മതം അനുശാസിച്ചിരിക്കുന്നുവോ, അതുപോലെതന്നെയാണ് സക്കാത്തിന്റെയും സ്ഥിതി. ആദ്യമായി അത് മുസ്ലിംകളുടെ ബൈത്തുൽമാലിൽ (പൊതുഖജനാവ്) ഒരുമിച്ചുകൂട്ടുക; അനന്തരം ഉത്തരവാദപ്പെട്ടവരുടെ നേതൃത്വത്തിൽ അർഹരായവർക്ക് വീതിച്ചുകൊടുക്കുക.

## അബൂബക്കർ (റ) വിന്റെ നിലപാട്

പ്രവാചകൻ ഇഹലോകവാസംവെടിഞ്ഞപ്പോഴും സക്കാത്ത്വിതരണത്തിന്റെ അവസ്ഥ സംഘടിതമായിട്ടായിരുന്നു. അനന്തരം ഉത്തമവിശ്വസ്തനും പിൻഗാമിയുമായ അബൂബക്കർ (റ) ഖിലാഫത്ത്സ്ഥാനമേററു. അദ്ദേഹം ദീനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ അഗാധപാണ്ഡിത്യവും അതുല്യപ്രതിപത്തിയുമുള്ള വ്യക്തിയായിരുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹം ബൈത്തുൽമാലിലേക്ക് സക്കാത്ത് നൽകാൻ വിസമ്മതിച്ചവരുമായി സന്ധിയില്ലാസമരം പ്രഖ്യാപിച്ചതും അതിൽ ഉറച്ചുനിന്നതും.

അതൊരു സംഭവകഥയാണ്: അബൂഹുറയ്റഃ (റ) പ്രസ്തുത സംഭവം വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇസ്ലാമിന്റെ രണ്ട് കാവൽഭടന്മാരും നെടുംതൂണുകളുമായ അബൂബക്കർ, ഉമർ (റ) എന്നിവർക്കിടയിൽ ഈ പ്രശ്നത്തിൽ അഭിപ്രായവ്യത്യാസമുണ്ടായി. അബൂബക്കർ സിദ്ദീഖ് (റ) തന്റെ അഭിപ്രായത്തിൽതന്നെ അടിയുറച്ചുനിന്നു. തുടർന്ന് ആത്മാർത്ഥ

www.abulhasanalinadwi.org

തയുടെ പ്രതീകമായ ഉമർ (റ) തന്റെ അഭിപ്രായം കൈവെടിഞ്ഞ് അദ്ദേഹത്തോട് യോജിച്ചു. അബൂബക്കർ (റ)വിന്റെ ബുദ്ധികൂർമ്മതയും ദീർഘദൃഷ്ടിയും ഉമർ (റ) തുറന്നുസമ്മതിക്കുകയും ചെയ്തു. മതനിയമങ്ങളിലുള്ള അദ്ദേഹത്തിന്റെ ദാർഢ്യവും പ്രതിപത്തിയും മുക്തകണ്ഠം പ്രശംസിക്കപ്പെട്ടു. സംഭവം പൂർണ്ണമായിതന്നെ ഇവിടെ ഉദ്ധരിക്കാം. ഇബ്നുമാജഃ ഒഴികെയുള്ള ഹദീസ് പണ്ഡിതസംഘം അവരുടെ 'കുത്തുബുസ്സിഹാഹി'ൽ നിവേദനം ചെയ്തതാണത്.

അബൂഹുറയ്റഃ (റ)വിൽനിന്ന്: ''നബി (സ) കാലയവനികയിൽ മറഞ്ഞു. അതിനെത്തുടർന്ന് അബൂബക്കർ (റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അതോടെ അറബികളിൽ ഒരു വിഭാഗം മതപരിത്യാഗം ചെയ്തു. അപ്പോൾ ഉമർ (റ) അദ്ദേഹത്തോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂൽ അരുളിയതിങ്ങനെയാണ്: 'ലാഇലാഹ ഇല്ലല്ലാഹ്'' എന്ന് ജനങ്ങൾ പറയുന്നത്‌വരെ അവരോട് സമരംചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അതൊരാൾ പറഞ്ഞാൽ അവന്റെ ശരീരവും സമ്പത്തും എന്നിൽനിന്ന് സുരക്ഷിതമാണ്. മതപരമായ എന്തെങ്കിലും ബാദ്ധ്യതയുണ്ടായാൽ ഒഴികെ ...... ...... ബാക്കിയുള്ള കാര്യങ്ങൾ അവനും അല്ലാഹുവുമായി കണക്ക് പറഞ്ഞുകൊള്ളും.'' ഈ സ്ഥിതിക്ക് നിങ്ങൾ എങ്ങനെയാണ് ബൈത്തുൽമാലിലേക്ക് സക്കാത്ത് തരില്ലെന്ന് പറഞ്ഞ 'മുത്തദ്ദു'കളോട് യുദ്ധം ചെയ്യുന്നത്? അബൂബക്കർ (റ) മറുപടി കൊടുത്തു: അല്ലാഹുവാണെ സത്യം, നമസ്കാരത്തിന്റെയും സക്കാത്തിന്റെയും മദ്ധ്യേ വ്യത്യാസം കല്പിക്കുന്നത് ആര് തന്നെയായാലും അവനോട് ഞാൻ യുദ്ധംചെയ്യും. കാരണം, മുതലിന്റെ അവകാശമാണ് സക്കാത്ത്. അതൊരു ആട്ടിൻകുട്ടിയായാൽപോലും. പ്രസ്തുത ആട്ടിൻകുട്ടിയെ അവർ നബി (സ)യുടെ കാലത്ത് സക്കാത്തായി കൊടുക്കുകയും ഇന്നത് വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ അതിനുവേണ്ടി അവരോട് സമരംചെയ്യും * ഇതുസംബന്ധമായി ഉമർ (റ)

---

* ഇമാം മുസ്‌ലിമിന്റെയും തിർമുദിയുടെയും റിപ്പോർട്ടിൽ عناقا എന്നതിന്റെ സ്ഥാനത്ത് عقالا എന്നാണുള്ളത്. തടിസ്ഥാനത്തിൽ 'ഒരു കയറിന്റെ തുണ്ടമാണെങ്കിലും ശരി' എന്നാകും അർത്ഥം.

www.abulhasanalinadwi.org

പറയുന്നു: അബൂബക്കർ (റ) വിൻെറ ഹൃദയം അല്ലാഹുവാണ് ആ യുദ്ധത്തിനുവേണ്ടി തുറന്നുകൊടുത്തത്. അങ്ങനെ അവസാനം എനിക്കും ബോധ്യപ്പെട്ടു, അദ്ദേഹം പറഞ്ഞത് തന്നെയായിരുന്നു സത്യമെന്ന്.''

അബൂബക്കർ (റ) വിൻെറ കാലത്ത് മതമാററം നടത്തുകയും കലാപം സൃഷ്ടിക്കുകയുംചെയ്ത എല്ലാ വിഭാഗത്തെക്കുറിച്ചും, അവർ സക്കാത്ത് കൊടുക്കാതിരിക്കുവാനുണ്ടായ യഥാർത്ഥ കാരണങ്ങളെകുറിച്ചും, അദ്ദേഹം അവരോട് സ്വീകരിച്ച നയത്തെകുറിച്ചുമെല്ലാം അല്ലാമാ ഖത്താബി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. *

അതിൽനിന്ന് അന്നത്തെ പ്രത്യേക സ്ഥിതിഗതികളും സഹാബികളുടെ ഇടയിലുണ്ടായ അഭിപ്രായഭിന്നതയുടെ കാരണങ്ങളും നമുക്ക് മനസ്സിലാക്കാം. അതിനാൽ പ്രസ്തുത ചർച്ചയുടെ രത്നച്ചുരുക്കം ഇവിടെ പകർത്തുന്നു.

''മതപരിവർത്തനം നടത്തിയവർ രണ്ടു വിഭാഗക്കാരായിരുന്നു. ഒരു വിഭാഗം മതത്തിൽനിന്ന് 'മുർത്തദ്ദാ'വുകയും സമുദായത്തിൽനിന്ന് പുറത്തുപോയി 'കുഫ്റി'ൻെറ പാത തെരഞ്ഞെടുക്കുകയും ചെയ്തവരാണ്, ഇവരെകുറിച്ചാണ് അബൂഹുറയ്റഃ (റ) സൂചിപ്പിച്ചത്. ഈ വിഭാഗം രണ്ടു സംഘക്കാരാണ്. ഒരു സംഘം മുസൈലിമത്തുൽകദ്ദാബ്, അസ്‌വദുൽഅൻസി തുടങ്ങിയ വ്യാജപ്രവാചകരെ പിൻപററി. അവർ മുഹമ്മദ് (സ) യുടെ 'നുബുവ്വത്തി'നെ അംഗീകരിക്കുകയും ചെയ്തവരാണ്. അബൂബക്കർ (റ) ഇവരോട് സമരം ചെയ്തു. അങ്ങനെ യമാമഃയിൽവെച്ച് മുസൈലിമയും, സൻആയിൽവെച്ച് അസ്‌വദുൽ അൻസിയും കൊല്ലപ്പെട്ടു. അതോടെ അവരുടെ അനുയായിവൃന്ദം ഛിദ്രമാവുകയും അധികപേരും നശിക്കുകയുമാണുണ്ടായത്. മററൊരു സംഘം മതത്തിൽനിന്ന് പുറത്തുപോയി. ശരീഅത്ത്നിയമങ്ങളെ ലംഘിച്ചു. നമസ്കാരം, സക്കാത്ത്പോലുള്ള മതകർമ്മങ്ങളെ കൈവെടിഞ്ഞു. അവർ ജാഹിലിയ്യഃകാലത്ത് എങ്ങിനെയായിരുന്നോ

---

* അല്ലാമാ ശൗക്കാനിയുടെ نيل الأوطار വാ: 4, പേ: 119-120

www.abulhasanalinadwi.org

അതേ അവസ്ഥയിലേക്ക്തന്നെ മടങ്ങി. ആ സമയത്ത് മൂന്നു പള്ളികളിലല്ലാതെ അല്ലാഹുവിന് സാഷ്ടാംഗം ചെയ്യപ്പെട്ടിരുന്നില്ല. മസ്ജിദ് മക്ക, മസ്ജിദ് മദീന, മസ്ജിദ് അബ്ദുൽഖൈസ് എന്നിവയായിരുന്നു ആ പള്ളികൾ.

രണ്ടാമത്തെ വിഭാഗം സക്കാത്തിൻെറയും നമസ്കാരത്തിൻെറയും മദ്ധ്യേ വ്യത്യാസം കല്പിച്ചവരാണ്. അവർ സക്കാത്ത് നമസ്കാരംപോലെ നിർബന്ധമല്ലെന്ന് വാദിച്ചു. പ്രത്യേകിച്ചും സക്കാത്ത് ഭരണാധിപനിലൂടെ കൊടുത്തുവീട്ടേണ്ടതില്ലെന്ന് ശഠിച്ചു. യഥാർത്ഥത്തിൽ ഇവർ ഭരണകൂടത്തിനെതിരെയുള്ള വിപ്ലവകാരികളായിരുന്നു. പക്ഷെ അന്ന് ആ പേരിൽ അവർ അറിയപ്പെട്ടിരുന്നില്ല. അതിനുള്ള പ്രധാന കാരണം ഈ സക്കാത്തിൻെറ പ്രശ്നത്തിൽ മതപരിത്യാഗികളുടെ കൂടെ പ്രസ്തുത വിപ്ലവകാരികളും അറിയപ്പെട്ടു എന്നതാണ്. ഇപ്പോഴും അവിടെയുള്ള പ്രശ്നം 'രിദ്ദത്താ' (മതപരിത്യാഗം) യിരുന്നു. അതിനാൽ എല്ലാവർക്കും മതംമാറിയവർ (أهل الردة) എന്ന ഒരേ നാമം ഉപയോഗിക്കപ്പെട്ടു. എന്നാൽ വിപ്ലവകാരികളെ പ്രത്യേകമായി കാണുകയും അവരോട് യുദ്ധംപ്രഖ്യാപിക്കുകയും ചെയ്തത് അലി (റ)ൻെറ കാലത്താണ്, കാരണം മുശ്രിക്കുകളിൽനിന്ന് വേറിട്ട്, അവർ സ്വന്തം കാലിൽനിന്നുകൊണ്ട് ഇസ്ലാമിനെ എതിർക്കാൻ തുടങ്ങിയത് അന്നായിരുന്നു.

സക്കാത്ത്നിഷേധകരുടെ കൂട്ടത്തിൽ അത് കൊടുക്കേണ്ടത്തന്നെയാണെന്ന് പറഞ്ഞിരുന്ന ഒരു വിഭാഗംകൂടിയുണ്ടായിരുന്നു. പക്ഷെ, അവരുടെ നേതാക്കൾ അവരെ അതിൽനിന്ന് തടഞ്ഞുവെച്ചു. 'ബന്നുയർബൂഅ്'കാർ ഈ വിഭാഗത്തിൽ പെട്ടവരായിരുന്നു. അവർ സക്കാത്ത് ശേഖരിച്ച് അബൂബക്കർ (റ)വിൻെറ അടുക്കലേക്കയക്കാൻ തീരുമാനിച്ചു. അപ്പോഴും അവരുടെ നേതാവ് മാലിക്ക്ബ്നു നുവൈറഃ (റ) അതിനെ എതിർത്തു. അത് അവരിൽ വീതിച്ചുകൊടുക്കുകയും ചെയ്തു. ഇവരെകുറിച്ചാണ് ഉമർ (റ)വിന്ന് സംശയം ഉദിക്കുകയും അദ്ദേഹം അബൂബക്കർ (റ)വിനോട് എതിരഭിപ്രായം പ്രകടിപ്പിക്കുകയും ഉണ്ടായത്. നബി (സ) യുടെ

امرت ان اقاتل الناس الخ (ജനങ്ങളോട് സമരംചെയ്യാൻ ഞാൻ

www.abulhasanalinadwi.org

കല്പിക്കപ്പെട്ടു......) എന്ന വചനം തെളിവായി ഉദ്ധരിച്ചു
എന്നാൽ ഉമർ (റ) വിന്റെ ഈ നിഗമനം നബിവചനത്ത
ിന്റെ ബാഹ്യാർത്ഥത്തെ അവലംബിച്ചത് മൂലമാണ്, അദ്ദേ
അതിന്റെ നിബന്ധനകളെകുറിച്ച് ചിന്തിച്ചില്ല. അപ്പോ
അബൂബക്കർ (റ) അദ്ദേഹത്തോട് പറഞ്ഞു: 'മുതലിന്റെ
വകാശമാണ് സക്കാത്ത്. അതെ, ധനവും രക്തവും സ
ക്ഷിതമാകണമെങ്കിൽ അതിന്റേതായ ചില നിബന്ധന
ണ്ട്. ആ നിബന്ധനകളോടുകൂടി മാത്രമേ അവരുടെ സ
ക്ഷിതത്വത്തിന് ജാമ്യം നില്ക്കാൻ കഴിയൂ. ധനം സുരക്ഷിത
കണമെങ്കിൽ സക്കാത്ത്കൊടുക്കണം. ഇവിടെ ധനത്തിന്റെ
സുരക്ഷിതത്വം നിരുപാധികമല്ല, സോപാധികമാണെന്ന് സ
ഠം. അതിനുംപുറമെ അദ്ദേഹം സക്കാത്തിനെ നമസ്കാരത്തോ
ട് സാമ്യപ്പെടുത്തുകയും ചെയ്തു, നമസ്കാരം ഉപേക്ഷിക്കുന്ന
നോട് യുദ്ധം ചെയ്യണമെന്നത് ഏകകണ്ഠമായ അഭിപ്രായ
ണ്. അതിനാൽ സക്കാത്ത്നിഷേധകനോടും നിർബ്ബന്ധ
ണ്യം യുദ്ധത്തിലേർപ്പെടേണ്ടതാണ്. അങ്ങനെ അഭിപ്രായ
ന്നതയുണ്ടായ പ്രശ്നത്തിൽ ഐക്യമുണ്ടായി. അബൂബക്കർ
ദ്ദീഖ് (റ) വിന്റെ അഭിപ്രായമാണ് ശരിയെന്ന് ഉമർ (
വിന്ന് ബോദ്ധ്യംവന്നു. അതോടെ അദ്ദേഹം അബൂബക
(റ)വിനെ പിൻപററുകയും യുദ്ധത്തിന് പിന്തുണ പ്രഖ
പിക്കുകയും ചെയ്തു. — فعرفت أنه الحق — ''അത്തന്നെ
യിരുന്നു സത്യമെന്ന് അപ്പോൾ ഞാൻ മനസ്സിലാക്കി'' എ
ദ്ദേഹം പറഞ്ഞതിന്റെ അർത്ഥമതാണ്. അതെ, അബൂബക
(റ) തെളിവിന്റെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്ത
കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. അപ്പോൾ ഉമർ
വിന്റെ സംശയം നീങ്ങി; ഹൃദയം ആശ്വാസംകൊണ്ടു.''

---

* എന്റെ അഭിപ്രായത്തിൽ (ഇമാം ഖത്താബി ഒന്നാം വിഭാഗ
പ്രതിപാദിച്ച) മതം പരിത്യജിച്ച് സക്കാത്ത്-നമസ്കാരങ്ങൾ ഉ
ക്ഷിച്ച് ജാഹിലിയ്യാ ജീവിതത്തിലേക്ക് മടങ്ങിയവരോടും, (അദ്ദേ
രണ്ടാം വിഭാഗത്തിൽ വിവരിച്ച) നമസ്കാരം പോലെയല്ല സക്കാ
ത്ത് രണ്ടും തമ്മിൽ വ്യത്യാസമുണ്ട് എന്ന പറഞ്ഞുകൊണ്ട്
തിനെ നിഷേധിച്ചവരോടും അബൂബക്കർ (റ) യുദ്ധം പ്രഖ്യാപിച്ച
അവർ 'മുർത്തദ്ദു'കളാണെന്ന അടിസ്ഥാനത്തിലാണ്. ദീനിന്റെ

www.abulhasanalinadwi.org

## അബൂബക്കർ (റ) സ്വീകരിച്ച നിലപാടിന്റെ അനന്തരഫലം

തങ്ങൾ സക്കാത്ത് ഭരണാധികാരിയെ ഏല്പിക്കുകയില്ലെന്ന വാദം ഇസ്ലാമിന്റെ അടിത്തറ ഇളക്കുന്നതായിരുന്നു. ഭദ്രമായ ആ കോട്ടയിലേക്ക് അഖില അരാജകത്വവാദികൾക്കും കടന്നുവരാൻ പററുന്ന ഒരു കവാടവുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മഹാനായ അബൂബക്കർ (റ) തന്റെ ശക്തമായ മനക്കരുത്ത്കൊണ്ട് ആ കവാടം കൊട്ടിയടച്ചില്ലായിരുന്നുവെങ്കിൽ അന്ത്യനാൾവരെ ആർക്കും അതിന്ന് കഴിയില്ലായിരുന്നു. മാത്രമല്ല തുടർന്നുകൊണ്ട് മററു പല കവാടങ്ങളും തുറക്കപ്പെടുകയും ചെയ്യും. സക്കാത്തിന്ശേഷം നമസ്കാരത്തിന്റെ നേരെയായിരിക്കും ഒരു വിഭാഗം നീങ്ങുക. അവർ പറയും: എന്താണ് ജുമുഅ:യുടെയും ജമാഅത്തിന്റെയും

---

ർബ്ബന്ധഘടകങ്ങളെ തള്ളിക്കളഞ്ഞവരാണവർ. അതുകൊണ്ടാണദ്ദേഹം പറഞ്ഞത്:

والله لا قاتلن من فرق بين الصلاة والزكاة فان الزكاة حق المال

[അല്ലാഹുവാണെ സത്യം, നമസ്കാരത്തിന്റെയും സക്കാത്തിന്റെയും മദ്ധ്യേ ആരെങ്കിലും വ്യത്യാസം കാണിച്ചാൽ അവനോട് ഞാൻ സമരം ചെയ്യും. കാരണം, സ്വത്തിന്റെ അവകാശമാണ് സക്കാത്ത്.) പക്ഷെ, സക്കാത്ത് ഭരണാധിപനെ ഏൽപിക്കൽ നിർബന്ധമില്ലെന്ന് വാദിക്കുകയും അത് നേതാക്കൾ തടഞ്ഞത് കാരണത്താൽ സ്വയംതന്നെ സ്വന്തം ഗോത്രങ്ങളിൽ വിതരണം ചെയ്യുകയുംചെയ്യുവർ സക്കാത്തിന്റെ നിഷേധകരല്ല. അവരോട് അബൂബക്കർ (റ) യുദ്ധത്തിനിറങ്ങിപുറപ്പെട്ടത് അവർ രാഷ്ട്രത്തിലെ കലാപകാരികൾ എന്ന അടിസ്ഥാനത്തിലാണ്. കലാപകാരികളെ അടിച്ചമർത്തുക എന്നത് വിശുദ്ധഖുർആന്റെ ആജ്ഞയാണ്. മുസ്ലിംകളുടെ ഇടയിൽ അഭിപ്രായഭിന്നതയില്ലാത്ത കാര്യവുമാണ്. അല്ലാഹു പറയുന്നു:

فان بغت احداهما على الاخرى فقاتلوا التى تبغى حتى تفىء الى امر الله

(الحجرات : ٤)

“രണ്ടിൽ ഒരു വിഭാഗം മററൊരു വിഭാഗത്തെ അക്രമിക്കുകയാണെങ്കിൽ നിങ്ങൾ (അക്രമിക്കാത്തവരുമൊന്നിച്ച്) അക്രമികളോട് യുദ്ധം ചെയ്യുക. അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ.”

www.abulhasanalinadwi.org

ആവശ്യം? അത് ഒററക്കോ വീട്ടിൽവെച്ചോ നിർവ്വഹിച്ചാൽ പോരെ? അപ്പോഴം മറെറാരു കൂട്ടർ വ്രതത്തിന്നേരെ നീങ്ങും. അവർ പറയും: വ്രതം റമസാനിൽ തന്നെയാകണമെന്നെന്തിരിക്കുന്നു? അത് എപ്പോഴെങ്കിലുമായി ഒരു മാസം അനുഷ്ഠിക്കണമെന്നല്ലേയുള്ളു? ഹജ്ജും ഒഴിവാക്കുകയില്ല. സുനിർണ്ണിതമായ സമയങ്ങളിൽ പ്രത്യേകമായ രൂപത്തിൽ നിർവ്വഹിക്കപ്പെടുന്ന അതിലും വെട്ടിച്ചുരുക്കലുകളും മാററംമറിച്ചിലുകളും വരുത്തും. ചുരുക്കത്തിൽ ഇസ്ലാമിന്റെ അന്തസ്സും ശിക്ഷാനിയമങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന ഭരണവ്യവസ്ഥയാകെ താറുമാറാകുമായിരുന്നു.

അങ്ങനെ വെള്ളിയില്ലാത്ത വെള്ളിക്കോൽ എന്നപോലെ ഇസ്ലാമികനിയമങ്ങളുമായി ബന്ധമില്ലാത്ത ഒരു 'ഇസ്ലാമിക' ഭരണകൂടമായിത്തീരുകയായിരിക്കും ഫലം. എന്നാൽ സക്കാത്ത്നിഷേധകർക്കെതിരിലുള്ള അബൂബക്കർ (റ) വിന്റെ ശക്തമായ സമീപനം ഭാവിയിൽ ഇസ്ലാമിന് മധുരഫലങ്ങൾ ഉളവാക്കി. നൂററാണ്ടുകേംതന്നെ അത് നിലനിന്നു. പ്രവാചകന്റെ വിയോഗത്തോടെ വൈരവക്ത്രത്തിൽ ആപതിക്കാൻ പോയ മതത്തെ അബൂബക്കർ (റ)വിന്റെ കരുത്തുററ കരങ്ങൾ സുരക്ഷിതമാക്കി. അല്ലാഹുവിന്റെ പ്രത്യേകമായ പരിഗണനയും അനുഗ്രഹവും ഒന്നു മാത്രമായിരുന്നു അത്. പ്രവാചകപുംഗവന്മാർ തങ്ങളുടെ കാലഘട്ടങ്ങളിൽ ദീനിന്റെ നിലനില്പിനുവേണ്ടി കൈകൊണ്ട നടപടികളായിരുന്നു മഹാനായ ആ ഖലീഫഃ കൈകൊണ്ടത്. ഇതോടെ അന്ത്യനാൾവരെ വരുന്ന മുസ്ലിംസമുദായത്തിന്റെ പ്രശംസ അദ്ദേഹം പിടിച്ചുപററി.

## നാണയ സക്കാത്തിൽ ഉസ്മാൻ (റ) വരുത്തിയ മാററം

ഹ: അബൂബക്കർ (റ) ന്റെ ധീരമായ സമരവും ഉറച്ച നിലപാടും കാരണമായി ഈ അവസ്ഥ കുറെക്കാലം തുടർന്നുപോന്നു. എല്ലാവിധ സ്വത്തുക്കളുടെയും സക്കാത്ത് ബൈത്തുൽമാലിൽതന്നെ ശേഖരിക്കപ്പെട്ടു. അങ്ങനെ ഹ: ഉസ്മാൻ (റ)വിന്റെ ഭരണകാലം വന്നു. അദ്ദേഹം (നാണയംപോലുള്ള)

www.abulhasanalinadwi.org

രഹസ്യസമ്പത്തുക്കളുടെ സക്കാത്ത് ഓരോരുത്തരും സ്വന്തമായിത്തന്നെ അതിന്റെ സ്ഥാനത്തും അവകാശികൾക്കും വിതരണം നടത്തികൊള്ളാൻ അനുവാദം കൊടുത്തു. കൃഷി, കാലികൾ, തോട്ടവരുമാനങ്ങൾ പോലുള്ള ബാഹ്യമായ സമ്പത്തുക്കളുടെ സക്കാത്ത് ബൈത്തുൽമാലിൽ അടക്കേണ്ടതാണെന്ന കല്പനമാത്രം അവിടെ നിലനിർത്തി. ഇമാം അബൂബക്കറുൽ ജസ്സ്വാസ് തന്റെ ഖുർആൻവ്യാഖ്യാനത്തിൽ വിശദീകരിക്കുന്നു: *

''സക്കാത്ത് മുഴുവൻ ആദ്യം നബി (സ)യുടെയും, പിന്നീട് അബൂബക്കർ, ഉമർ, ഉസ്മാൻ (റ) എന്നീ ഖലീഫമാരുടെയും സാന്നിദ്ധ്യത്തിൽ ശേഖരിച്ച് അവർമുഖേനയായിരുന്നു വിതരണം നടന്നിരുന്നത്. കാലങ്ങൾക്ക ശേഷം ഹ: ഉസ്മാൻ (റ) ഒരു ദിവസം പ്രസംഗിക്കുകയുണ്ടായി. അതിൽ അദ്ദേഹം വ്യക്തമാക്കി: 'ഇത് നിങ്ങളുടെ സക്കാത്ത് കൊടുത്തുവീട്ടേണ്ട സമയമാണ്. അതിനാൽ ബൈത്തുൽമാലിലേക്ക് കൊടുക്കുന്ന സക്കാത്ത് അവിടെത്തന്നെ ഏല്പിക്കുകയും ശേഷിച്ച ധനത്തിൽനിന്ന് സ്വന്തമായി കൊടുത്തുകൊള്ളുകയും ചെയ്യുക. അങ്ങനെ അദ്ദേഹം സക്കാത്ത്ദാതാക്കൾക്ക് തങ്ങളിൽ കടമയുള്ളത് സ്വയം വീട്ടികൊള്ളാൻ സ്വാതന്ത്ര്യം കൊടുത്തു. അതോടെ ഭരണാധികാരി മുഖേന ശേഖരിച്ചു കൊടുക്കുന്ന സമ്പ്രദായം ഭാഗികമായി നിലച്ചു. നീതിമാനായ ഒരു ഭരണാധികാരിയുടെ സന്ദർഭോചിതമായ ഒരു തീരുമാനമായിന്നു അത്. അതുകൊണ്ട്തന്നെ സമുദായം ഒന്നടങ്കം അതംഗീകരിക്കുകയും ചെയ്തു. «ويعقد عليهم أموالهم» എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ ഭരണാധികാരിയാണല്ലോ സമുദായത്തിൽ നിയമങ്ങൾ നടപ്പിൽ വരുത്തേണ്ടത്. **

---

* احكام القرآن للجصاص - ج ٣ ص ١٥٥

** പണ്ഡിതനായ അലാഉദ്ദീൻ അബൂബക്കറുൽ കസാനി ഹനഫി [മ' 587 ഹി:) എഴുതുന്നു: 'നഗരത്തിലെ നാണയസമ്പത്തുക്കളെപ്പോലെ രഹസ്യസമ്പത്തുകളുടെയെല്ലാം സക്കാത്ത് പ്രവാചകൻ (സ)യും, അബൂ

www.abulhasanalinadwi.org

## മുസ്ലിം ഭരണകൂടങ്ങൾ വരുത്തിയ വീഴ്ച; അതിനവർ അനുഭവിക്കേണ്ടിവന്ന ശിക്ഷ

കാലാകാലങ്ങളിൽ ഇസ്ലാമികഭരണത്തിൽ പല പോരായ്മകളുണ്ടായിരുന്നിട്ടും പ്രത്യക്ഷസ്വത്തുക്കളുടെ സക്കാത്ത് ബൈത്തുൽമാൽ മുഖേനതന്നെ കൃത്യമായി നൽകിപ്പോന്നു. അബ്ബാസിയാഭരണത്തിന്റെ അവസാനഘട്ടം വരെ ഇതിൽ യാതൊരു വീഴ്ചയും വരുത്തിയില്ല. ഇമാം അബൂയൂസുഫിന്റെ 'കിതാബുൽഖറാജ്' പോലെ വിവിധ കാലങ്ങളിൽ വിരചിതമായ ഗ്രന്ഥങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. പിന്നീട് ശരീഅത്ത്‌വിധികൾ പാലിക്കാത്ത ഭരണകർത്താക്കളാണ് ഇസ്ലാമിന്റെ ഈ വിധി നിർത്തലാക്കിയത്. പക്ഷേ അതിന്റെ തിക്തഫലമായി ഇസ്ലാമികരാഷ്ട്രങ്ങൾ കഠിന

---

ബക്കർ, ഉമർ (റ) എന്നിവരും ഏറ്റുവാങ്ങി വിതരണം നടത്തുകയാണ് ചെയ്തത്. ഉസ്മാൻ (റ) തന്നെയും തന്റെ ഭരണത്തിന്റെ ആദ്യദശയിൽ ഏറ്റെടുത്തു വിതരണം നടത്തി. പക്ഷേ, സമ്പത്തിന്റെ ആധിക്യം അനിയന്ത്രിതമായി. അപ്പോൾ വ്യക്തികളുടെ കൈകളിൽ നിക്ഷിപ്തമായ നാണയസമ്പത്തിന്റെ ശരിയായ കണക്കുകൾ ശേഖരിച്ച് സക്കാത്ത് വിതരണം നടത്തുക എന്നത് ഒരു വലിയ പ്രശ്നമായി. അത് സമ്പന്നർക്കും പ്രയാസങ്ങൾ സൃഷ്ടിച്ചു. ഇങ്ങനെവന്നപ്പോൾ പ്രസ്തുത അവകാശം സ്വയംതന്നെ കൊടുത്തുകൊള്ളാൻ അദ്ദേഹം ഉത്തരവിട്ടു. البدائع والصنائع - ج ٢ ص ٣٥

മറ്റൊരു പണ്ഡിതനായ ഇബ്നുൽഹുമാം (മ: 861 ഹി:) എഴുതുന്നു. 'പ്രവാചകനും അവിടത്തെ രണ്ടു ഖലീഫമാരും സക്കാത്തിന്റെ കാര്യത്തിൽ അതേ നിലതന്നെ കൈക്കൊണ്ടു. പിന്നീട് ഉസ്മാൻ [റ] വിന്റെ കാലഘട്ടം വന്നു. ജനങ്ങളിൽ പല തരത്തിലുള്ള മാറ്റങ്ങൾ ദൃശ്യമാകാൻ തുടങ്ങി. അതോടെ നാണ്യസമ്പത്തുക്കൾപോലെയുള്ള രഹസ്യവസ്തുക്കളെക്കുറിച്ച് ചികഞ്ഞന്വേഷിച്ച് സക്കാത്ത് ശേഖരിക്കുക എന്നത് ഒരു വിഷമമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെ സ്വത്തുടമകളോട് തന്നെ അതിന്റെ അവകാശം കൊടുത്തുവീട്ടാൻ കല്പന പുറപ്പെടുവിച്ചു. സഹാബികളെല്ലാവരും തദവസരത്തിൽ അദ്ദേഹത്തോട് യോജിക്കുകയും ചെയ്തു. പക്ഷേ, ഈ തീരുമാനം ഭരണാധികാരികൾക്ക് സക്കാത്ത് പിടിച്ചെടുക്കാവുന്നുള്ള അധികാരത്തെ നിഷേധിക്കലോ കഴിഞ്ഞ നിയമത്തെ ദുർബലപ്പെടുത്തലോ ആയിരുന്നില്ല.

فتح القدير - ج ١ ص ١١٣

www.abulhasanalinadwi.org

മായ യാതനകഠം അനുഭവിക്കേണ്ടി വന്നു. ശരീഅത്ത്നിയമങ്ങളുടെ അനുഗ്രഹങ്ങളിൽനിന്ന് മുസ്ലിംലോകം എന്നെന്നേക്കമായി തടയപ്പെട്ടു. അങ്ങനെ ക്യാപിററലിസം, സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങിയ മരീചികകളുടെ പിന്നാലെ അവർ പാഞ്ഞു. അതിൻെറതായ കയ്പുരസം അവർ ആസ്വദിക്കുകയും ചെയ്തു.

''വലിയ ശിക്ഷയുടെ മുമ്പ്തന്നെ ലഘുവായ ശിക്ഷ അവരെ നാം ആസ്വദിപ്പിക്കുന്നതാണ്. അവർ ഒരു വേള മടങ്ങിയേക്കാം.''

## ദയാവായ്പിൻെറ ഏററവും ചുരുങ്ങിയ തോത് സക്കാത്ത്

ഇസ്ലാം നിർബ്ബന്ധമാക്കിയ സക്കാത്ത്വ്യവസ്ഥ ഹൃദയാലുത, ദയാവായ്പ്, പരസ്പരസഹായം തുടങ്ങിയ സൽഗുണങ്ങളുടെ ഏററവും ചുരുങ്ങിയ അളവാണ്. ഇതിന് പകരമായി അല്ലാഹുവിങ്കൽ മറെറാന്നും പരിഹാരമാവുകയില്ല. ഇസ്ലാമികശരീഅത്ത് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കല്പിക്കുന്ന ഒരു കാര്യമാണിത്. ദീനിൻെറ അടിസ്ഥാനസ്തംഭവും അനിഷേധ്യചിഹ്നവുമായി ഖുർആൻ പ്രഖ്യാപിക്കുന്നു:

''അവർ പശ്ചാത്തപിച്ച്, നമസ്കരിച്ച്, സക്കാത്ത് കൊടുത്ത് കഴിഞ്ഞാൽ ദീനിൽ നിങ്ങളുടെ സഹോദരങ്ങളാണ്.''

സക്കാത്ത് നിഷേധിക്കുന്നവനും, കരുതിക്കൂട്ടി കൊടുക്കാത്തവനും ഇസ്ലാമികവൃത്തത്തിൽനിന്ന് പുറത്ത്പോയി. മുസ്ലിം സമൂഹത്തിൽ പെട്ടവനായി അവനെ പരിഗണിക്കുകയി

---

ولنذيقنهم من العذاب الأدنى دون العذاب الأكبر لعلهم يرجعون
(السجدة : ٢١)

فان تابوا واقاموا الصلاة وآتوا الزكاة فاخوانكم فى الدين
(التوبة : ١١)

www.abulhasanalinadwi.org

ല്ല. നബി (സ)യുടെ വിയോഗാനന്തരം മഹാനായ അബൂബക്കർ (റ) അവനോട് സന്ധിയില്ലാ സമരം പ്രഖ്യാപിച്ചു. അതിനെ അനുകൂലിച്ചുകൊണ്ട് സഹാബികൾ ഒന്നടങ്കം അവനെ 'മുർത്തദ്ദാ'യി അംഗീകരിച്ചു.

## ധനത്തിൽ വേറെയും അവകാശം

പ്രവാചകൻ (സ) ഓരോരുത്തരും ഇതരരോട് കാട്ടേണ്ട കരുണ, ഹൃദയാലുത, സഹായസഹകരണം തുടങ്ങിയ സൽഗുണങ്ങളുടെ പരമമായ തോത് സക്കാത്തിൽമാത്രം പരിമിതമാക്കിയിട്ടില്ല. അവിടുന്ന് തൻെറ അനുചരന്മാരുടെ മുമ്പിൽ കർമ്മാ–വാചാ–മൗനാനുവാദത്തിലൂടെ അതിന് വ്യക്തമായ ഭാഷ്യം നല്കി. വലിയ വലിയ സാഹിത്യസ്രഷ്ടാക്കൾക്ക്കൂടി പ്രകടിപ്പിക്കാൻ കഴിയാത്ത ഒരു ശൈലിയിൽ അവിടുന്ന് പറഞ്ഞു:

''ധനത്തിൽ സാധുക്കളുടെ അവകാശം സക്കാത്തിന് പുറമെയുണ്ട്.''

ഫാത്വിമഃ ബിൻത്തു ഖൈസ് സക്കാത്തിനെകുറിച്ച് പ്രവാചകനോട് ആരാഞ്ഞപ്പോൾ കിട്ടിയ മറുപടിയായിരുന്നു അത്. തുടർന്ന് അവിടുന്ന് അല്ലാഹുവിൻെറ ഈ വചനം ഓതി തി കേൾപ്പിച്ചു.

''നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്നതല്ല പുണ്യം. മറിച്ച്, അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും പ്രവാചകനിലും വിശ്വസിക്കുകയും, അല്ലാഹുവോടുള്ള സ്നേഹംമൂലം ബന്ധുക്കൾ, അനാഥകൾ, അഗതികൾ, വഴിയാത്രക്കാർ, ചോദിച്ച്‌വരുന്ന

---

ان فى المال حقا سوى الزكاة

ليس البر ان تولوا وجوهكم قبل المشرق والمغرب ولكن البر من آمن بالله واليوم الآخر والملائكة والكتاب والنبيين وآتى المال على حبه ذوى القربى واليتامى والمساكين وابن السبيل والسائلين

www.abulhasanalinadwi.org

വർ തുണതേടിയവർക്കും, അടിമമോചനത്തിനും ധനം ചെലവ് ചെയ്യുകയും, നമസ്കാരം നിലനിർത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവരും. കരാർ ചെയ്താൽ അത് പാലിക്കുന്നവരും, ഞെരുക്കത്തിലും കഷ്ടപ്പാടിലും യുദ്ധാവസരത്തിലും ക്ഷമിക്കുന്നവരും ആരോ അവരാണ് പുണ്യവാന്മാർ. സത്യം പാലിച്ചവർ അവർതന്നെയാണ്! ഭക്തജനങ്ങളും അവർ തന്നെ! ''

## ജീവിതത്തെയും ധനത്തെയും കുറിച്ചുള്ള പ്രവാചക വീക്ഷണം

ധനത്തോടുള്ള പ്രവാചകപ്രഭു (സ)യുടെ വിപ്രതിപത്തിയും, സ്വകുടുംബത്തോടുള്ള അവിടുത്തെ പെരുമാററവും ഒരു പൂർണ്ണമായ പ്രവാചകവീക്ഷണത്തെ വിളിച്ചറിയിച്ചില്ലേ?! (പ്രത്യേകിച്ചും ഈ സമുദായത്തിൽ സ്വകുടുംബത്തോട് ഏററവും കൂടുതൽ കരുണയും ഗുണകാംക്ഷയുമുള്ള വ്യക്തിയാണ് പ്രവാചകൻ എന്ന കാര്യം ഇവിടെ സ്മരിക്കേണ്ടതാണ്. നബി (സ)തന്നെ അക്കാര്യം പഠിപ്പിച്ചിട്ടുണ്ട്.

'' സ്വകുടുംബത്തോട് ഉദാത്തമായി പെരുമാറുന്നവനാണ് നിങ്ങളിൽ അത്യുത്തമൻ. കാരണം ഞാൻ നിങ്ങളുടെ കൂട്ടത്തിൽ സ്വകുടുംബത്തോട് ഏററവും നന്നായി വർത്തിക്കുന്നവനാണ്.''

പ്രസ്തുത വീക്ഷണം വിശദീകരിക്കാനോ ചിത്രീകരിക്കാ

---

وفى الرقاب واقام الصلاة وآتى الزكاة والموفون بعهدهم اذا عاهدوا
والصابرين فى البأساء والضراء وحين البأس أولئك الذين صدقوا
وأولئك هم المتقون ۝ البقرة : ١٧٧

خيركم خيركم لاهله وانا خيركم لاهلى *

---

* ആയിശ (റ) യിൽനിന്ന് തിർമുദിയും ദാരിമിയും, ഇബ്നുഅബ്ബാസ് (റ)ൽനിന്ന് ഇബ്നുമാജയും ഈ ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്.

www.abulhasanalinadwi.org

നോ ഭാഷാ–സാഹിത്യഗ്രന്ഥങ്ങളിലെ പദസമ്പത്തുക്കരം അശക്തമാണ്. അജയ്യനായ അല്ലാഹുവിന്റെ പ്രൗഢിയും പ്രഭാവവും മനസ്സിലാക്കിയ ഒരു വ്യക്തിയുടെ വീക്ഷണത്തിനും ഭാഷക്കും മാത്രമേ അതിന് കഴിയുകയുള്ളു.

''സന്താനങ്ങളും സമ്പത്തും ഉപകാരപ്പെടാത്ത ദിവസം; പരിശുദ്ധമായ ഹൃദയത്തോടെ അല്ലാഹുവിനെ സമീപിച്ചവനൊഴികെ'' എന്ന് വിശേഷിപ്പിക്കപ്പെട്ട പരലോകനാളിനെക്കുറിച്ച് സദാ ബോധവാനായിരുന്നു ആ വ്യക്തി. ഒരു മത്സ്യം ജലത്തിൽ എപ്രകാരം അഭയം കണ്ടെത്തിയിരുന്നോ, പകൽ മുഴുവനും പാറിപ്പറന്ന് ക്ഷീണിച്ച ഒരു കുരുവി അതിന്റെ കൂട്ടിലേക്കെങ്ങനെ ചേക്കേറിയിരുന്നോ അതിനേക്കാരം അഭയവും ആശ്രയവുമായി പരലോകത്തെ അവിടുന്ന് കണ്ടിരുന്നു.

''പരലോകജീവിതമല്ലാതെ ഒരു ജീവിതമില്ല'' എന്ന ഈരടി ആ നാവിൽ എപ്പോഴും സജീവമായിരുന്നു. ഐഹികമായ അഖിലസമ്പത്തുക്കളെയും ഒഴുക്ക്‌വെള്ളത്തിൽ പൊന്തിക്കിടക്കുന്ന നുരയും പതയുമായിട്ടായിരുന്നു അദ്ദേഹം കണ്ടത്. അതിന് യാതൊരു വിലയും നിലയും മനസ്സിൽ കല്പിച്ചിരുന്നില്ല. നിഖിലസൃഷ്ടികളും ദൈവത്തിന്റെ ഏകകുടുംബത്തിലെ അംഗങ്ങരം എന്നായിരുന്നു ആ മഹാനരാവന്റെ വീക്ഷണം. താൻ അനാഥകളുടെയും അഗതികളുടെയും സംരക്ഷകനാണ് എന്ന ബോധം സദാ അദ്ദേഹത്തിനുണ്ടായിരുന്നു. അന്യക്ക് ഐശ്വര്യവും, സമൃദ്ധിയും, സന്തോഷവും, സുഭിക്ഷതയും ഭാഗിച്ചുകൊടുത്തപ്പോരം തനിക്കും തന്റെ കുടുംബത്തിനു ആശ്രിതർക്കമെല്ലാം പട്ടിണിയും പാരുഷ്യവും നീക്കിവെച്ചു.

---

يوم لا ينفع مال ولا بنون الا من أتى الله بقلب سليم

(الشعراء: ٨٨، ٨٩)

اللهـــم لا عيش الا عيش الآخرة (بخارى)

www.abulhasanalinadwi.org

''ഞാൻ ഒരു ദിവസം വയറുനിറക്കുകയും ഒരു ദിവസം വിശന്നു കഴിഞ്ഞുകൂടുകയും ചെയ്തുകൊള്ളാം'' എന്നു പറഞ്ഞ മഹാനായ നേതാവാണദ്ദേഹം.

''മുഹമ്മദിന്റെ കുടുംബത്തിന് നീ വിശപ്പടക്കു നാഥാ!'' എന്ന് അവിടുന്ന് പ്രാർത്ഥിക്കുകകൂടി ചെയ്തു. ദൈവത്തിന്റെ സന്ദേശം അദ്ദേഹത്തിന്റെ നയനങ്ങൾക്ക് കുളിർമ്മയും ഹൃദയത്തിന്ന് ശാന്തിയുമായിരുന്നു. തന്റെ പരിശുദ്ധ പത്നിമാരോട് തുറന്ന് പ്രഖ്യാപിക്കുവാൻ ആജ്ഞാപിക്കപ്പെട്ടു:

''ഹേ, നബിയേ! നിങ്ങൾ നിങ്ങളുടെ ഭാര്യമാരോട് പറയുക: ഐഹികജീവിതവും അതിലുള്ള അലങ്കാരവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ വരുവീൻ! ഞാൻ നിങ്ങൾക്ക് ജീവിതവിഭവം നൽകുകയും സുഖകരമായ നിലയിൽ നിങ്ങൾക്ക് ഞാൻ സ്വാതന്ത്ര്യം നൽകിവിടുകയുംചെയ്യാം. അതല്ല, അല്ലാഹുവിനെയും അവന്റെ ദൂതനെയുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിശ്ചയം നിങ്ങളിൽനിന്ന് സുകൃതം ചെയ്യുന്ന പെണ്ണുങ്ങൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു.''

---

اشبع يوما واجوع يوما *

* അബൂഉമാമഃയിൽനിന്ന് ഇമാം തിർമിദി നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു: മക്കയുടെ താഴ്വര സ്വർണ്ണഖനികളാൽ നിറച്ചുതരാമെന്ന് എന്റെ നാഥൻ എന്നോടറിയിച്ചു. ഞാൻ പറഞ്ഞു: നാഥാ! വേണ്ട. ഒരു ദിവസം വയറുനിറക്കുകയും ഒരു ദിവസം വിശന്നുകൂടുകയും ചെയ്യുന്ന അവസ്ഥ മതി എനിക്ക്. ഞാൻ വിശന്നാൽ നിന്നെ സ്മരിക്കുകയും നിന്നോട് താഴ്മ കാട്ടുകയും ചെയ്യും. ഞാൻ വയറ് നിറച്ചാൽ നിന്നെ സ്തുതിക്കുകയും നിനക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്യും.

اللهم ارزق آل محمد قوتا

يايها النبى قل لا زواجك ان كنتن تردن الحيوة الدنيا وزينتها فتعالين امتعكن واسرحكن سراحا جميلاه وان كنتن تردن الله ورسوله والدار الآخرة فان الله اعد للمحسنات منكن اجرا عظيماه
(الاحزاب: ٢٨، ٢٩)

www.abulhasanalinadwi.org

അവിടത്തെ പരിശുദ്ധപത്നിമാർ ദൈവത്തിൻെറ ഈ സന്ദേശം കേട്ടു. ഒരു നിമിഷംപോലും ആലോചിച്ചുനില്ക്കാതെ നബി (സ)യുടെക്കൂടെയുള്ള ജീവിതം തെരഞ്ഞെടുത്തു. സുഖലോലുപതയുടെ പട്ടുമെത്തയിൽ തലചായ്ക്കാൻ പററുന്ന മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും വസതികളിലുള്ള ജീവിതം വേണ്ടെന്നുവെച്ചു.

## പ്രവാചകൻെറയും കുടുംബത്തിൻെറയും ജീവിതം

രണ്ടു ജീവിതങ്ങളിൽ ഇഷ്ടമുള്ളത് നിങ്ങൾക്ക് തെരഞ്ഞെടുക്കാം എന്ന് നബി (സ) പറഞ്ഞപ്പോൾ, ആ പ്രവാചകപത്നിമാർ പ്രാധാന്യത്തോടെയും സംതൃപ്തിയോടെയും സ്വീകരിച്ച ജീവിതം എന്തായിരുന്നു? സത്യസന്ധതയിലും പരിപക്വതയിലും, പ്രവാചകജീവിതത്തോടുള്ള അടുപ്പത്തിലും അന്യാദൃശമായ യോഗ്യതകളുള്ള ഹസ്രത്ത് ആയിശഃ(റ) അത് വിശദീകരിക്കുന്നത് കേൾക്കുക:

''ഗോതമ്പ്റൊട്ടി തിന്നെങ്കിലും മുഹമ്മദ്നബി (സ) യുടെ കുടുംബം ഒരിക്കലും വയറുനിറച്ചിട്ടില്ല. അടുപ്പിൽ തീ പുകയാതെ ഞങ്ങൾ ഒന്നും രണ്ടും മാസങ്ങൾ കഴിച്ചുകൂട്ടിയിട്ടുണ്ട്. അന്നെല്ലാം ഞങ്ങളുടെ ആഹാരം കാരക്കയും പച്ചവെള്ളവും മാത്രമായിരുന്നു. അല്ലാഹുവിൻെറ റസൂൽ(സ) ഇഹലോകവാസം വെടിഞ്ഞ അന്ന് ജീവജാലങ്ങൾക്ക് ഭക്ഷിക്കാൻ പററിയതായി ഞങ്ങളുടെ വീട്ടിലുണ്ടായിരുന്നത് എൻെറ അലമാരിയിൽ സൂക്ഷിച്ചിരുന്ന ഒരു റൊട്ടിക്കഷ്ണം മാത്രമായിരുന്നു.''

ഒരു ദിവസം ഹസ്രത്ത് ഉമർ (റ) നബി (സ)യുടെ അടു

---

ما اشبع آل محمد من خبز البر ولقد كنا نمكث الشهر والشهرين لا يوقد فى بيتنا نار وما كان طعامنا الا التمر والماء ولقد توفى رسول الله صلى الله عليه وسلم وما فى بيتنا شيئ يأكله ذوكبد الاكسرة خبز من شعير على رف لى (رواه البخارى ومسلم وغيرهما)

www.abulhasanalinadwi.org

കൽ പ്രവേശിച്ചു. ഈത്തപ്പനമട്ടൽകൊണ്ട് നെയ്യുണ്ടാക്കിയ പായയിൽ കിടന്ന കാരണത്താൽ തിരുമെയ്യിൽ പാട് വീണിരുന്നു. അദ്ദേഹം വീടിന്റെ നാലുഭാഗവും ഒന്ന് നോക്കി. ഒരു തുകൽസഞ്ചി, അതിൽ അല്പം ഗോതമ്പ്, പഴകിദ്രവിച്ച ഈത്തപ്പനമട്ടൽകൊണ്ട് നിർമ്മിച്ച ഒരു പായ.........ഇത്രയുമാണ് അദ്ദേഹത്തിന് അവിടെ കാണാൻ കഴിഞ്ഞത്. ഇത് കണ്ട ഉമർ (റ) വിന്റെ നയനങ്ങളിൽനിന്ന് ചുടുബാഷ്പം അടർന്നുവീണു. നബി (സ) ചോദിച്ചു: ഉമർ! നിങ്ങളെന്തിന് കരയുന്നു? ഹസ്രത്ത് ഉമർ (റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ! ഞാൻ എങ്ങനെ കരയാതിരിക്കും? അങ്ങയുടെ പരിശുദ്ധദേഹത്ത് അടയാളങ്ങൾ വീഴ്ത്തിയ പായയാണ് ഈ കാണുന്നത്; അവിടുത്തെ ഖജനാവാണ് ആ തൂങ്ങിക്കിടക്കുന്നത്; അതിലുള്ളതെന്താണെന്നും ഞാൻ കണ്ടു. എന്നാൽ കിസ്റയുടെയും കൈസറിന്റെയും സ്ഥിതി എന്താണ്? അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്നു; ഫലങ്ങൾ കായ്ക്കുന്നു. അങ്ങാകട്ടെ അല്ലാഹുവിന്റെ പ്രവാചകനും സൃഷ്ടികളിൽ ഉത്തമനുമല്ലേ?! ഇത്കേട്ട നബി (സ) പ്രതിവചിച്ചു: ''ഖത്താബിന്റെ മകനേ! നീ സംശയാലുവാണോ? അവർക്കിവിടെ ഐഹികജീവിതത്തിലെ അഖില സൗകര്യങ്ങളും നൽകപ്പെട്ടിരിക്കുന്നു.'' *

## മിച്ചധനത്തിൽ ഉൽക്കണ്ഠയും വ്യാകുലതയും

അല്ലാഹുവിന്റെ ദൂതൻ ആവശ്യത്തിലേറെയുള്ള സ്വന്തമായ ധനംപോലും അൽപസമയത്തേക്കെങ്കിലും കൈയിൽ വെക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഇതുപോലെ മുസ്ലിംകളുടെ പൊതുസ്വത്തായ സക്കാത്തും ഒരു നിമിഷംപോലും വീതിച്ചുകൊടുക്കാതെ വെക്കുന്ന സമ്പ്രദായം അവിടുത്തേക്കില്ലായിരുന്നു. അവകാശികളുടെ കരങ്ങളിൽ അത് എത്തുന്നതുവരെ തന്റെ മനസ്സ് തികച്ചും അസ്വസ്ഥമായിരുന്നു. ആയിശഃ (റ) പറയുന്നത് കാണുക: നബി (സ) ആസന്നമരണനായി രോഗശയ്യയിൽ കിടക്കുകയാണ്. അപ്പോൾ എന്റെകയ്യിൽ

* ബുഖാരി, മുസ്നദ് ബ്നുഹമ്പൽ, സുനനു ഇബ്നുമാജഃ തുടങ്ങിയ ഗ്രന്ഥങ്ങളിലെല്ലാം ഈ ഹദീസ് വിവിധ പദങ്ങളിൽ വന്നിട്ടുണ്ട്.

www.abulhasanalinadwi.org

അവിടുന്ന് ഏല്പിച്ച ആറോ ഏഴോ ദീനാറുകളുണ്ടായിരുന്നു. അത് വീതിച്ച് ധർമ്മംകൊടുക്കാൻ എന്നോട് കൽപിച്ചു. പക്ഷെ, ഞാൻ വേദനയുടെ കാഠിന്യത്തിൽ കഴിയുന്ന പ്രവാചകന് ശുശ്രൂഷ ചെയ്യുന്നതിൽ വ്യാപൃതയായിപ്പോയി.. എന്നാൽ കുറെകഴിഞ്ഞപ്പോൾ അവിടുന്ന് വീണ്ടും ചോദിച്ചു: ആറോ ഏഴോ ദീനാർ ഞാൻ പറഞ്ഞതുപോലെ നീ വീതിച്ചു കൊടുത്തോ? അവർ പറഞ്ഞു: അങ്ങയുടെ വേദനയിൽ വ്യാകുലയും വ്യാപൃതയുമായ കാരണത്താൽ ഞാൻ ആ കാര്യം വിട്ടുപോയി. അങ്ങനെ അവിടുന്ന് ആവശ്യപ്പെട്ടതനുസരിച്ച് ആ നാണയങ്ങൾ അവിടുത്തെ തൃക്കരങ്ങളിൽ വെച്ചുകൊടുത്തു. അപ്പോൾ നബി (സ) പറഞ്ഞ വാക്കുകൾ ഇതായിരുന്നു: ''ഈ ധനം കൈയിൽവെച്ചുകൊണ്ടാണ് അല്ലാഹുവിന്റെ മുമ്പിൽ അവന്റെ പ്രവാചകൻ ചെല്ലുന്നതെങ്കിൽ എന്തായിരിക്കും ആ പ്രവാചകനെകുറിച്ച് അവന്റെ ധാരണ? ''

(അഹ്മദ്)

ഇത്തരം ധനത്തെ അതിന്റെ സ്ഥാനത്തും അവകാശികൾക്കും വീതിച്ചുകൊടുക്കുന്നതിൽ പ്രവാചകൻ യാതൊരു വീഴ്ചയും വരുത്തിയില്ല. അത് മറ്റൊരു സമയത്തേക്ക് നീട്ടിവെക്കുകയോ മാററിവെക്കുകയോ ചെയ്തിരുന്നുമില്ല. ഉഖ്ബത്തു ബ്നു ഹാരിസിൽനിന്ന് നിവേദനം ചെയ്യപ്പെടുന്നു:

''ഞാനൊരിക്കൽ മദീനയിൽ നബി (സ) യോട് കൂടെ 'അസ്വർ' നമസ്കരിച്ചു. സലാംവീട്ടേണ്ട താമസം അവിടുന്ന് ചാടിഎഴുന്നേററു. ആളുകളുടെ പിരടികൾ അകററി വളരെ ധൃതിയിൽ തന്റെ ഭാര്യമാരിൽ ഏതോ ഒരാളുടെ വീട്ടിലേക്ക് പോയി. ജനങ്ങൾ ഭയന്ന് അന്തംവിട്ടു. അല്പം കഴിഞ്ഞപ്പോൾ വീട്ടിൽനിന്ന് പുറത്തേക്ക് വന്നു. തന്റെ ധൃതിപിടിച്ച പോക്കിൽ ജനങ്ങൾ വിഭ്രാന്തരാണെന്ന് മനസ്സിലാക്കിയ നബി (സ) പറഞ്ഞു: എന്റെ വീട്ടിൽ അല്പം സ്വർണ്ണമിരിക്കുന്ന കാര്യം എനിക്കോർമ്മ വന്നു; അതെന്റെ കയ്യിലായിക്കൊണ്ട് രാത്രി കഴിച്ചുകൂട്ടുന്നതിനെ ഞാൻ വെറുത്തു.'' (ബുഖാരി)

## മിച്ചധനം ദാനംചെയ്യാൻ പ്രേരണ

പ്രവാചകപ്രവരൻ തന്റെ സന്തതസഹചാരികളായ സ

www.abulhasanalinadwi.org

ഹാബാകിറാമിന്നും സ്വസമുദായത്തിനും ഇത്തരത്തിലുള്ള ഉപദേശനിർദ്ദേശങ്ങൾ പഠിപ്പിച്ചു; ഉൽകൃഷ്ടമായ സ്വഭാവചര്യകൾകൊണ്ട് ശിക്ഷണംകൊടുത്തു. ധനം ധർമ്മംചെയ്യാനുള്ള അവിടത്തെ പ്രേരണകളും പ്രോത്സാഹനങ്ങളും വായിച്ചാൽ നമ്മുടെ ചിന്താഗതിയിൽ ഉൽഭൂതമാകുന്ന വികാരവായ്പുകൾ വർണ്ണനാതീതമാണ്. ആരുടെയും അന്നന്നത്തെ ആവശ്യങ്ങൾ കഴിച്ചുള്ള ധനങ്ങൾ അവൻെറതല്ലെന്ന് തോന്നിപ്പോകുന്നു. ആ തിരുവചനങ്ങൾ വായിക്കുന്ന ഏതൊരാളും തൻെറ ജീവിതത്തെ ഒന്നവലോകനം നടത്തിയാൽ അവിടെ കാണുന്ന സുഖസമൃദ്ധികളും ആനന്ദാസ്വാദനങ്ങളും അക്ഷന്തവ്യമാണെന്ന് മനസ്സിലാകും. അവനെന്തെല്ലാമോ ഒരസ്വസ്ഥത അനുഭവപ്പെടും. അഖിലവസ്തുക്കളും ആവശ്യത്തിലേറെയുള്ളതെന്ന തോന്നലുണ്ടാകും. പട്ടുമെത്തകളും, വിഭവസമൃദ്ധമായ ആഹാരങ്ങളും, ചലിക്കുന്ന കൊട്ടാരങ്ങളും, സമ്പദ്സമൃദ്ധമായ ജീവിതായോധനസൗകര്യങ്ങളുമെല്ലാം അനാവശ്യമാണെന്ന് തോന്നും. എന്നാൽ ആ 'വസ്വിയ്യത്തു'കളെല്ലാം പ്രോത്സാഹനവൃത്തത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നവയാണ്. ശരീഅത്തിൻെറ നിർബ്ബന്ധപൂർവ്വമായ ആജ്ഞകളല്ല. എങ്കിലും പ്രവാചകപുംഗവൻെറ ജീവിതമാതൃക അതായിരുന്നു.

''അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, അല്ലാഹുവിനെയും അന്ത്യനാളിനെയും പ്രതീക്ഷിക്കുകയും ചെയ്യുന്നവർക്ക്, അല്ലാഹുവിൻെറ ദൂതരിൽ ഉത്തമമാതൃകയുണ്ട്.''

നബി (സ) പ്രഖ്യാപിച്ചതായി സ്വഹീഹായ ഒരു ഹദീസിൽ നമുക്ക് കാണാം: ''ഒരു വാഹനം അധികമുള്ളവൻ അത് തീരെ ഇല്ലാത്തവന് കൊടുത്തുകൊള്ളട്ടെ. ആരുടെ കയ്യിലാണോ ഭക്ഷണപ്പൊതി കൂടുതലുള്ളത് അവൻ അത് തീരെ ഭക്ഷണമില്ലാത്തവന് കൊടുത്തുകൊള്ളട്ടെ.'' * ''രണ്ടാംക്ക്

---

لقد كان لكم فى رسول الله اسوة حسنة لمن كان يرجو الله واليوم
الآخر وذكر الله كثيرا (الاحزاب : ٢١)

* അബൂസഈദിൽ ഖുദ്‌രിയിൽനിന്ന് അബൂദാവൂദ് നിവേദനം ചെയ്യുന്നത്.

ഭക്ഷിക്കാനുള്ള ആഹാരത്തിൽ മൂന്നാമതൊരാറാംക്ക് കൂടി പങ്ക് ചേരാം. മൂന്നാളുടെ ഭക്ഷണം നാലാറാംക്ക് മതി.'' * ''തന്റെ അയൽവാസി പട്ടിണിയിലാണെന്നറിഞ്ഞുകൊണ്ട് വയർ നിറയെ ആഹരിച്ച് അന്തിയുറങ്ങുന്നവൻ എന്നിൽ വിശ്വസിച്ചിട്ടില്ല.''** മറ്റൊരു ഹദീസിൽ നമുക്ക് കാണാം: ''ഒരിക്കൽ നബി (സ)യുടെ അരികിൽ ഒരു മനുഷ്യൻ ചെന്നുകൊണ്ട് പറഞ്ഞു: പ്രവാചകരേ! എനിക്ക് ധരിക്കാൻ വസ്ത്രം തരൂ! അപ്പോൾ അവിടുന്ന് ആ മനുഷ്യനോട് ചോദിച്ചു: നിന്റെ അയൽവാസികളിൽ രണ്ട് വസ്ത്രങ്ങളിൽകൂടുതലുള്ള ആരുമില്ലേ? ആ മനുഷ്യൻ പറഞ്ഞു: ഒന്നിലേറെ ആളുണ്ട്. ഉടനെ നബി (സ) പ്രതിവചിച്ചു: സ്വർഗ്ഗത്തിൽ നീയും അവരും ഒരുമിച്ച് കൂടലുണ്ടാവുകയില്ല..''***

## ഇസ്ലാമിക വീക്ഷണത്തിൽ മനുഷ്യന്റെ വിലയും ദുരിത നിവാരണത്തിന്റെ പ്രാധാന്യവും

തിരുദൂതർ (സ) മാനവകുലത്തിന്റെ പദവി മഹനീയമായി പ്രഖ്യാപിച്ചു. അവരിൽ കഷ്ടപ്പാടുകളും കണ്ണീരും കണ്ടറിയുന്ന കാര്യത്തിന് ഊഹിക്കാൻ പോലും സാധ്യമല്ലാത്ത പ്രാധാന്യംകൊടുത്തു. ജീവകാരുണ്യപരമായ പ്രവർത്തനത്തിൽ വീഴ്ചവരുത്തുന്നത് അല്ലാഹുവിനോട്തന്നെ ചെയ്യുന്ന കുറ്റമായി അറിയിച്ചു. ഒരു ഖുദ്സിയായ ഹദീസിൽ ഇപ്രകാരം നമുക്ക് വായിക്കാം: ''അന്ത്യനാളിൽ അല്ലാഹു അടിമയോട് ചോദിക്കും: ഞാൻ രോഗിയായി, അപ്പോൾ നീ എന്തുകൊണ്ടെന്നെ സന്ദർശിച്ചില്ല? അവൻ പറയും: നീ റബ്ബുൽആലമീനല്ലേ? ഞാനെങ്ങനെ നിന്നെ സന്ദർശിക്കും? അപ്പോൾ അല്ലാഹു അവനോട് പറയും: ''എന്റെ ഇന്ന ദാസൻ രോഗിയായത് നീ അറിഞ്ഞില്ലേ? അപ്പോൾ അവനെ രോഗശയ്യയിൽപോയി നീ സന്ദർശിച്ചോ? അവനെ നീ സന്ദർശിച്ചിരുന്നുവെങ്കിൽ എന്നെ അവന്റെ സമീപത്ത് നിനക്ക് കാണാമായിരുന്നു.'' ഓ മനുഷ്യപുത്രാ! ഞാൻ നിന്നോട് ആഹാരം

---

* തിർമുദി ** ത്വബ്റാനി 'ഔസത്തി'ൽ ഉദ്ധരിച്ചത്

*** ത്വബ്റാനി 'ഔസത്തി'ൽ ഉദ്ധരിച്ചത്

www.abulhasanalinadwi.org

ആവശ്യപ്പെട്ടു. അപ്പോൾ നീ എന്നെ ആഹരിപ്പിച്ചില്ല? അവൻ പറയും: നീ റബ്ബുൽആലമീനല്ലേ? ഞാനെങ്ങനെ നിന്നെ ഭക്ഷിപ്പിക്കും? അല്ലാഹു പറയും: എന്റെ ഇന്ന ദാസൻ നിന്നോട് ആഹാരം ആവശ്യപ്പെട്ടപ്പോൾ നീ അവന്ന് ആഹാരം കൊടുത്തില്ലല്ലോ? അവന്ന് നീ ആഹാരം കൊടുത്തിരുന്നുവെങ്കിൽ ആ ഭക്ഷണം എനിക്കെത്തിച്ചേരുമായിരുന്നു. ഓ മനുഷ്യപുത്രാ! ഞാൻ നിന്നോട് ദാഹജലം ആവശ്യപ്പെട്ടു. പക്ഷെ, നീ എനിക്ക് വെള്ളംതന്നില്ല. അവൻ ചോദിക്കും: 'നാഥാ ഞാൻ നിനക്കെങ്ങനെ വെള്ളം കുടിപ്പിക്കും; നീ റബ്ബുൽആലമീനല്ലേ?' അല്ലാഹുവിന്റെ മറുപടി: എന്റെ ഇന്ന ദാസൻ നിന്നോട് ദാഹാർത്തനായി വെള്ളം ആവശ്യപ്പെട്ടിരുന്നില്ലേ? അപ്പോൾ നീ അവന്ന് വെള്ളം കൊടുത്തില്ലല്ലോ? അങ്ങനെ അവന്ന് നീ വെള്ളം കുടിപ്പിച്ചിരുന്നുവെങ്കിൽ അത് എന്റെ അടുക്കൽ നീ കാണുമായിരുന്നു.'' (മുസ്ലിം) സത്യം, സാഹോദര്യം, സമഭാവന, നീതിനിഷ്ഠ, ദുരിതദൂരീകരണം തുടങ്ങിയ മഹത്ഗുണങ്ങളെ പ്രേരിപ്പിക്കാൻവേണ്ടി അവിടുന്ന് പറഞ്ഞ പരമമായ വാക്ക്:

'' നിങ്ങളിൽ ഒരാളും തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്വേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ സത്യവിശ്വാസിയാവുകയില്ല.'' (ബുഖാരി)

## സഹാബികളുടെ ജീവിതത്തിൽ പ്രവാചകമാതൃകയുടെ പ്രതിച്ഛായ

പ്രവാചകപ്രവരന്റെ മാതൃകാജീവിതം അവിടുത്തെ അനുചരന്മാരുടെ ജീവിതത്തിൽ പ്രതിബിംബിച്ചു! അവരുടെ ബൗദ്ധികവും ആസ്വാദനപരവുമായ മണ്ഡലങ്ങളിൽ അത് പ്രകാശം വിതറി. സഹാബാ കിറാമിന്റെ രക്തധമനികളിൽ അത് നിലക്കാതെ പ്രവഹിക്കാൻ തുടങ്ങി. മജ്ജയിലും മാംസത്തിലും അലിഞ്ഞുചേർന്നു. സ്വഭാവമര്യാദകളിൽ ആഴമേറിയ സ്വാധീനംചെലുത്തി. പ്രവാചകന്റെ ജീവിതത്തോ

---

لا يؤمن احدكم حتى يحب لأخيه ما يحب لنفسه

www.abulhasanalinadwi.org

ട് ഏററവും കൂടുതൽ സാദൃശ്യവും അടുപ്പവും സഹാബികളുടെ ജീവിതത്തിനായിരുന്നു. അവരുടെ ജീവിതത്തിൽനിന്ന് ചരിത്രത്തിന് കാണാൻ കഴിഞ്ഞത് വൈരാഗാത്മകചിന്ത, സൂക്ഷ്മജീവിതം, ഭക്തിപാരവശ്യം, കരുണാർദ്രസ്വഭാവം, ആത്മസംയമനം, അനാർഭാടപ്രതിപത്തി, സഹനശീലം, പരാത്ഥപ്രാധാന്യം, ത്യാഗസന്നദ്ധത തുടങ്ങിയ സൽഗുണങ്ങളുടെ രോമാഞ്ച കഞ്ചുകിതങ്ങളായ കഥകളാണ്. അവ മതങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചരിത്രത്തിൽ ഏററവും കൂടുതൽ ജാജ്ജ്വല്യമാനമായ വെള്ളിനക്ഷത്രങ്ങളുമാണ്. ഭൂമുഖത്ത് ഒരു ജനതക്കും അതിൻെറ സമീപത്തുപോലും എത്തിനോക്കാൻ കഴിഞ്ഞിട്ടില്ല.

## ഖുലഫാഉറാശിദുകൾ, സഹാബാകിറാം, പ്രവാചകപത്നിമാർ എന്നിവരുടെ ജീവിതമാതൃക

മുസ്ലിംലോകത്തിൻെറ അനിഷേധ്യനായ നേതാവും ഒന്നാം ഖലീഫയുമായ അബൂബക്കർ (റ) വിൻെറയും അവടുത്തെ പത്നിയുടെയും ഇടയിൽ നടന്ന കഥ ചരിത്രപ്രസിദ്ധമാണ്. ഒരു കഷ്ണം ഹല്വ തിന്നാനുള്ള ആഗ്രഹത്താൽ ബൈത്തുൽമാൽ അനുവദിച്ച ഭക്ഷണചിലവിൽനിന്ന് പലപ്പോഴായി ഒരു ചെറിയ സംഖ്യ സ്വരൂപിച്ചെടുത്തു. ഈ വിവരം ഖലീഫയുടെ ചെവിയിലെത്തി. ഉടനെ പ്രസ്തുത സംഖ്യ ബൈത്തുൽമാലിലേക്ക് തിരിച്ചടപ്പിച്ചു. മാത്രമല്ല, ഹല്വക്കവേണ്ടി ഓരോ ദിവസവും എത്ര സംഖ്യ മിച്ചംപിടിച്ചോ അത്രയും സംഖ്യ പിന്നെ ബൈത്തുൽമാലിൽനിന്ന് വെട്ടിക്കറക്കുകയുംചെയ്തു. അദ്ദേഹം പറഞ്ഞു: അത്രയും സംഖ്യ ഭക്ഷണചിലവിൽനിന്ന് കുറഞ്ഞാലും കാര്യം നടക്കമെന്ന് അനുഭവത്തിൽനിന്ന് മനസ്സിലായോ? മുസ്ലിംകളുടെ പൊതുസ്വത്ത് ഖലീഫയുടെ ഭാര്യക്കും കുടുംബത്തിനും ആർഭാടപൂർണ്ണമായ ജീവിതം നയിക്കാനോ വിഭവസമൃദ്ധമായ ആഹാരംകഴിക്കാനോ ഉള്ളതല്ല.

ഹസ്രത്ത് ഉമർ (റ) വിൻെറ ലളിതവും വൈരാഗപൂർണ്ണവുമായ ജീവിതം മാനവചരിത്രത്തിൽ എവിടെയും സാധർമ്മ്യമില്ലാത്ത ഒന്നായി പരിലസിക്കുന്നു. അദ്ദേഹം ഖലീഫയും അ

www.abulhasanalinadwi.org

മീറുൽമുഅ്മിനീനുമായിരിക്കെ 'ജാബിയ'യിലേക്ക് ഒരു യാത്രചെയ്യുകയുണ്ടായി. ചരിത്രകാരന്മാരുടെ തൂലികകൾക്ക് അത് വിവരണാതീതമാണ്. "ഒരു ഒട്ടകത്തിന്റെ പുറത്ത് അദ്ദേഹം കയറിയിരുന്നു. അടിയിൽ ചുട്ടുപഴുത്ത മണൽകാട്. മുകളിൽ തീക്കനൽവിതറുന്ന സൂര്യഗോളം. ചൂട്തടുക്കാൻ അദ്ദേഹത്തിന്റെ തലയിൽ തൊപ്പിയോ തലപ്പാവോ ഇല്ല. ഇരുപാദങ്ങളും ജീനിയുടെ മൂലകളിൽ നിരന്തരമായി കൂട്ടിഉരസി, ആഘാതമേല്ക്കുന്നതിൽനിന്ന് തടയാൻ കാലുകളിൽ പാപ്പാസുകളില്ല. ഒട്ടകത്തിന്റെ പുറത്ത് കയറിയാൽ ഇരിക്കാനുള്ള മെത്തയും, താഴെ ഇറങ്ങിയാൽ കിടക്കാനുള്ള വിരിപ്പും ഒരു 'അൻബജാനി കരിമ്പട'മായിരുന്നു. പഞ്ഞി നിറച്ച ഒരു തുകൽസഞ്ചിയാണ് യാത്രാസമയത്ത് ബേഗും, വിശ്രമസമയത്ത് തലയിണയുമായി ഉപയോഗിക്കപ്പെട്ടത്. അദ്ദേഹം ധരിച്ചിരുന്ന കുപ്പായം കട്ടിയുള്ളതും പരുപരുത്തതുമായിരുന്നു. അതിന്റെ ഭാഗങ്ങൾ നുരുമ്പിക്കീറുകയും ചെയ്തിരുന്നു. *

ഹസ്രത്ത് ഇസ്മാനുബ്നുഅഫ്ഫാൻ (റ) ഖുലഫാഉറാശിദുകളുടെ കൂട്ടത്തിൽ ഏററവും വലിയ ധനികനായിരുന്നു. എന്നാൽ ശറ്ഹബീലുബ്നു മുസ്ലിം പറയുന്നു: ഉസ്മാൻ(റ) സന്ദർശകരെയും മററും ആതിഥ്യപൂർണ്ണമായി സൽക്കരിക്കുകയും, സ്വയം റൊട്ടിയും സൈത്തെണ്ണയും മാത്രം ആഹരിക്കുകയും ചെയ്തിരുന്നു. വിരക്തജീവിതം നയിച്ച സഹാബാക്കളിൽ പ്രഥമസ്ഥാനമലങ്കരിച്ച അലി (റ) വിന്റെ സ്ഥിതിഗതികളെ കുറിച്ച് ضرار بن ضمرة വിവരിക്കുന്നത് കാണുക:

അദ്ദേഹം ഐഹികജീവിതത്തോട് അമിതാസക്തി പ്രകടിപ്പിച്ചിരുന്നില്ല. അതിലെ അലങ്കാരങ്ങളോട് ആഭിമുഖ്യമില്ലായിരുന്നു. നിശീഥിനിയുടെ നീലക്കണ്ണുകളിൽ നിർന്നിമേഷനായി കഴിഞ്ഞുകൂടി. ബാഷ്പകണങ്ങൾ ധാരധാരയായി ഒഴുകുകയും ദീർഘമായി ചിന്തിക്കുകയുംചെയ്തിരുന്നു. സ്വന്തം കൈപടങ്ങൾ തിരിച്ചുപിടിച്ചുകൊണ്ട് സ്വശരീരത്തെ ആത്മപരിശോധനക്ക് വിധേയമാക്കുമായിരുന്നു. സാധാരണ ആഹാ

* അൽബിദായഃ വന്നിഹായഃ വാ: 7, പേ: 59, 60

www.abulhasanalinadwi.org

രവും പരുപരുത്ത വസ്ത്രവുമാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ദൈവത്തെക്കൊണ്ട് സത്യംചെയ്ത് ഞാൻ പറയട്ടെ: അദ്ദേഹം നമ്മളെപ്പോലെ കേവലം ഒരു സാധാരണ പൗരൻെറ ജീവിതമാണ് നയിച്ചിരുന്നത്. എന്തെങ്കിലും ഒന്ന് ചോദിച്ചാൽ ഉടനെ വിനയാന്വിതനായി ഉത്തരം നൽകും. നാം അദ്ദേഹത്തെ നേരിൽ കാണാൻചെന്നാൽ സംസാരം ആരംഭിക്കുന്നത് അദ്ദേഹമായിരിക്കും. ആരുതന്നെ ക്ഷണിച്ചാലും അദ്ദേഹം നിരസിച്ചിരുന്നില്ല. *

തിരുമേനി (സ)യുടെ ജീവിതത്തിൻെറ ഈ പ്രതിഫരായ അവരിൽ കണ്ടിരുന്നത് അവിടുത്തെ സംസ്കരണത്തിൻെറയും സഹവാസത്തിൻെറയും തോതനുസരിച്ചായിരുന്നു. പ്രവാചകപത്നിയും സത്യവിശ്വാസികളുടെ മാതാവുമായ ആയിശഃ (റ) യിൽ ഈ പ്രതിഫലനം നമുക്ക് കൂടുതലായി കാണാൻ കഴിയും. ചരിത്രകാരന്മാർ പറയുന്നു: 'അവർ ഒരിക്കൽ ഒരു ലക്ഷം ദിർഹം ദാനം ചെയ്യുകയുണ്ടായി. തദവസരത്തിൽ കീറിപ്പഴകിയ ഒരു ഉടുപ്പ് മാത്രമാണവക്ക് ധരിക്കാനുണ്ടായിരുന്നത്. അന്നവർ വ്രതമനുഷ്ഠിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവരുടെ ഭൃത്യ അവരോട് ചോദിച്ചു: നിങ്ങൾ നോമ്പ് തുറക്കാൻ എന്തെങ്കിലും ഒന്ന് ബാക്കിവെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ആയിശഃ (റ) പ്രതിവചിച്ചു: നീ എന്തുകൊണ്ടിക്കാര്യം ദാനംചെയ്ത സമയത്ത് ഓർമ്മപ്പെടുത്തിയില്ല? അങ്ങനെ വിശന്ന വയറോടെ ഒരുലക്ഷം ദിർഹം ധർമ്മംചെയ്തു. തന്നെ മറന്നുകൊണ്ട് മററുള്ളവരെ ഓർത്തു. **

## ദീനാനുകമ്പയും പരസേവയും പൂർവ്വ മുസ്ലീംകളിൽ

ഈ സൽഗുണസ്വഭാവങ്ങളും ആത്മവീര്യവും ആദ്യകാല മുസ്ലിംകളെ സ്വാധീനിച്ച കാരണത്താൽ ഔദാര്യത്തിലും പര

---

* صفوة الصفوة (لابن الجوزی)

** رواه الحاكم فى المستدرك

www.abulhasanalinadwi.org

സേവയിലും അവരെല്ലാം ഒരേച്ചിൽ വാർത്തപോലെ നില കൊണ്ടു, ത്യാഗബോധം അവരുടെ സൃഷ്ടിപ്പിന്റെ ഒരു ഘടകമായിത്തീർന്നു. ഇബ്നുഉമർ (റ) പറയുന്നു: ''ഞങ്ങൾക്ക് ഒരു സുവർണ്ണദശ പിന്നിട്ടു. അന്ന് ഞങ്ങളിൽ ഓരോരുത്തരുടെയും സ്വന്തമായ ധനത്തിൽ, ഞങ്ങളുടെ മുസ്ലിംസഹോദരങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ അധികാരം ഞങ്ങൾക്കുണ്ടായിരുന്നില്ല.'' *

ഇതിന്റെ ഫലം എന്തായി എന്നല്ലേ? അന്യരുടെ ദൈന്യതയിൽ പങ്കുചേരുന്നതിലും അവരുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യംകൊടുക്കുന്നതിലും അനന്യസാധാരണവും അതിമാനുഷവുമായ സംഭവകഥകളുണ്ടായി. ഇബ്നുഉമർ (റ)തന്നെ നിവേദനംചെയ്യുന്നു: ''പ്രവാചകപുംഗവന്റെ സന്തതസഹചാരികളിൽ ഒരാൾക്ക് ഒരിക്കൽ ഒരാട്ടിൻതല ദാനമായി ലഭിച്ചു. ഉടനെ അദ്ദേഹം വിചാരിച്ചു: തന്റെ ഇന്ന അയൽവാസി തന്നെക്കാൾ കൂടുതൽ ഇത് ആവശ്യമുള്ളവനാണ്. അങ്ങനെ അദ്ദേഹം അത് അയാൾക്കയച്ചുകൊടുത്തു. ആട്ടിൻതല കിട്ടിയ രണ്ടാമൻ വിചാരിച്ചു: തന്റെ അയൽവാസിയാണ് തന്നെക്കാൾ ഇതിന്ന് അത്യാവശ്യക്കാരനെന്ന്! അങ്ങനെ പ്രസ്തുത ആട്ടിൻതല ഏഴു വീടുകൾ കറങ്ങി. അവസാനം ആദ്യംഅയച്ച വ്യക്തിയുടെ അടുക്കൽതന്നെ അത് തിരിച്ചെത്തുകയുമുണ്ടായി.'' **

ത്യാഗത്തിന്റെയും വിരക്തിയുടെയും ശൃംഖലകളിൽ അത്ഭുതജനകവും അത്യാകർഷകവുമായ ഈ സമഭാവനയും സഹാനുഭൂതിയും തുടർന്നുള്ള തലമുറകളിലും നിലനിന്നു. കൂട്ടത്തിൽ താബിഉകളുടെ മാതൃകകൾ സ്വാഭാവികമായും എടുത്തുപറയത്തക്കതാണ്. താബിഉകളുടെ നേതാവ് ഹസനുൽ ബസ്വരി (റ) പറയുകയാണ്: ''പ്രഭാതമായാൽ ഒരാൾ ഇപ്രകാരം വിളിച്ചുപറയുമായിരുന്നു: വീട്ടുകാരെ! നിങ്ങൾ അനാഥകളുടെ കാര്യത്തിൽ ബോധവാന്മാരാകൂ. അയൽവാസി

---

* رواه البخاری فی الادب المفرد

** احیاء علوم الدین للغزالی - ج ٢ ص ١٧٤

www.abulhasanalinadwi.org

കളുടെ കാര്യത്തിൽ ബോധവാന്മാരാകൂ!'' * ഇതായിരുന്നു അന്ന് മുസ്ലിംകളുടെ പൊതുഅവസ്ഥ.

## അലിവും പരാർത്ഥതയും തലമുറകളിലൂടെ

അത്ഭുതജനകവും, അനന്യാദൃശ്യവും, ഹൃദയാവർജ്ജകവുമായ ഈ അമൂല്യപൈതൃകം യാതൊരു തകരാറും സംഭവിക്കാതെ ഇസ്‌ലാമികതലമുറകൾ കൈമാറുകയും സൂക്ഷ്മതയോടെ സംരക്ഷിക്കുകയും ചെയ്തുപോന്നു. എക്കാലത്തും എല്ലാ നാട്ടിലുമുള്ള അഗാധപണ്ഡിതന്മാരും, ദീനിന്റെ ധ്വജവാഹകരും, സാമൂഹ്യപരിഷ്കർത്താക്കളും അതിന്റെ വിധാതാക്കളായിരുന്നു. ഈ മഹനീയ മാതൃകകളുടെ മകുടോദാഹരണങ്ങളും മൂർത്തീമദ്ഭാവങ്ങളുമായി അവർ പരിലസിച്ചു. ബുദ്ധിയെ അന്ധാളിപ്പിക്കുന്ന അമാനുഷവും അതിമാനുഷവുമായ ത്യാഗപുഷ്കലകഥകൾകൊണ്ട് മാനവചരിത്രത്തിന്റെ താളുകൾ അവർ നിറച്ചുകളഞ്ഞു. പല ചരിത്രനിപുണന്മാരും ശേഖരിച്ചിരിക്കുന്ന അത്ഭുതകഥകൾക്ക് ഈ വിഷയവുമായി യാതൊരു ബന്ധവുമില്ലെന്ന് മാത്രമല്ല അതിലെല്ലാം ഇത്തരം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെന്ന് വിചാരിക്കാൻപോലും കഴിയാത്ത വിധത്തിലുള്ളവയാണ്.

എന്നാൽ പ്രസ്തുത പണ്ഡിതരുടെയും പരിഷ്കർത്താക്കളുടെയുമെല്ലാം എക്കാലത്തെയും ജീവിതസിദ്ധാന്തവും മുദ്രാവാക്യവും ഇതായിരുന്നു: പകൽ കൈവരുന്ന പണം രാത്രിവരെ കയ്യിലിരിക്കാൻ അനുവദിച്ചുകൂടാ. സ്വന്തം ആവശ്യങ്ങൾ നീക്കിവെച്ച് അപരന്റെ ആവശ്യങ്ങൾക്ക് പ്രാധാന്യംകൊടുക്കുക. ഏതെങ്കിലും പണക്കാരോ, ഭരണാധികാരികളോ അവർക്ക് എന്തെങ്കിലും സാധനം സമ്മാനമായോ ദാനമായോ അയച്ചുകൊടുത്താൽ, അത് മുഴുവനും അത്തരം സാധനങ്ങൾ ആസ്വ

---

* رواه البخارى فى الادب المفرد

[എന്റെ സ്നേഹിതൻ മർഹൂം മുസ്തഫസ്സിബാഇയുടെ 'ഇശ്തിറാകിയ്യത്തുൽ ഇസ്ലാം' എന്ന പുസ്തകത്തിൽനിന്നാണ് ഈ സംഭവകഥകൾ അധികവും ഞാനുദ്ധരിച്ചത്.]

www.abulhasanalinadwi.org

ദിക്കാൻ സന്ദർഭം ലഭിക്കാത്ത നഗരത്തിലെ സാധുജനങ്ങൾക്ക് അവർ വഖ്ഫ്ചെയ്യുകയും വീതിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ അവരുടെ അഭിപ്രായവും സിദ്ധാന്തവും تؤخذ من اغنيائهم وترد على فقرائهم '' അവരിലെ ധനാഢ്യരിൽനിന്ന് ശേഖരിച്ച് ദരിദ്രരിൽ വിതരണം നടത്തപ്പെടണം'' എന്നതായിരുന്നു. ആ മഹത്തുക്കളുടെ ഭക്ഷണത്തളിക ജനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കുംവേണ്ടി വിശാലവും വിഭവസമൃദ്ധവുമായിരുന്നു; എല്ലാ ജനവിഭാഗങ്ങൾക്കുംവേണ്ടി അവരുടെ ഹൃദയം ഉദാരവും വിശാലവുമായതുപോലെ. ഇത്തരം പരിഷ്കർത്താക്കളിൽ പരമഹംസനായ ശൈഖ് അബ്ദുൽ ഖാദിർ ജീലാനി പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നത് കാണുക: ''എനിക്ക് ആയിരം ദീനാർ ഒരു ദിവസം ലഭിച്ചാലും അന്ന് ദരിദ്രനായി അന്തിയുറങ്ങുന്ന രൂപത്തിൽ എന്റെ കൈപ്പത്തികൾ ഓട്ടയായിരിക്കുന്നു.'' * മറെറാരിക്കൽ അദ്ദേഹം പ്രഖ്യാപിച്ചു: ''ദുനിയാവ് ഒന്നായി എന്റെ കൈകളിൽ വെച്ചുതരികയും അത് മുഴുവനും വിശക്കുന്ന പാവങ്ങൾക്ക് വീതിച്ചുകൊടുക്കുകയും ചെയ്തെങ്കിൽ എന്ന് ഞാനാഗ്രഹിക്കുന്നു.''**

വിശാലമായ ഇസ്ലാമികലോകത്തിന്റെ ഒരു മുക്കും മൂലയും ഇത്തരം വ്യക്തിത്വങ്ങളിൽനിന്ന് ഒരു കാലത്തും ഒഴിവായിട്ടില്ല. ഈ നിഷ്കളങ്കരായ 'റബ്ബാനി'കളുടെയും സംസ്കാരം പഠിപ്പിക്കുന്ന പരിഷ്കർത്താക്കളുടെയുമെല്ലാം ജീവിതത്തിന്റെ നിഖിലനിമിഷങ്ങളും സുഖവിരക്തി, പരസേവ, ആർദ്രത, ഹൃദയാലുത, സമത്വം, സാഹോദര്യം, ഔദാര്യം, ദയാദാക്ഷിണ്യം തുടങ്ങിയ സൽഗുണങ്ങളാൽ സമ്പന്നമാണ്. അപരന്റെ കഷ്ടപ്പാടുകൾ അകററാൻവേണ്ടി സ്വയം കഷ്ടപ്പാടുകൾ സഹിക്കുന്നു. പ്രസ്തുത മാതൃകകളിൽനിന്നു രണ്ട് മാതൃക ഇവിടെ ഉദ്ധരിക്കാം. ഒരു വൃക്ഷത്തിന്റെ ഇലകളിൽ സാദൃശ്യം കണ്ടെത്തുന്നതുപോലെ ഈ വ്യക്തികളിലെല്ലാം നമുക്ക് ഏകതാനത കണ്ടെത്താൻ കഴിയുന്നു. വടവൃക്ഷങ്ങളായി നാം കാണുന്ന ഇവരെല്ലാം യഥാർത്ഥത്തിൽ 'നബുവ്വത്തി'ന്റെ ഇലകളും ഫ

---

* قلائد الجواهر - ص ١٠

** IBID Page 10

www.abulhasanalinadwi.org

ലങ്ങളുമാണ്. വിശുദ്ധഖുർആനിൽ പ്രഖ്യാപിക്കപ്പെട്ട അടിവേരിൽനിന്ന് മുളച്ചുപൊന്തിയ ശിഖരങ്ങൾ.

''അതിന്റെ വേര് ശരിയായി ഉറച്ചതും ശാഖകൾ ആകാശത്ത് പന്തലിച്ചതുമാണ്. അത് അതിന്റെ നാഥന്റെ അനുവാദത്തോടെ നിരന്തരമായി ഫലങ്ങൾ നൽകുന്നു.''

ശൈഖ് നിസാമുദ്ദീൻദഹ്‌ലവി ഹി: എട്ടാംനൂററാണ്ടിലെ ചരിത്രപുരുഷനാണ്. അദ്ദേഹത്തിന്റെ ഭൃത്യൻ പറയുന്നത് കാണുക: സമൃദ്ധമായ അത്താഴമാണ് അദ്ദേഹത്തിന്റെമുമ്പിൽ ഹാജറാക്കിയതെങ്കിൽ അതിൽനിന്ന് വളരെകുറച്ച്മാത്രം എടുക്കുകയും ശേഷമുള്ളത് കുട്ടികൾക്കവേണ്ടി നീക്കിവെക്കുകയും ചെയ്യും. സാധാരണ അത്താഴച്ചോറ് അദ്ദേഹത്തിന് കൊണ്ടുപോയികൊടുക്കാറുള്ള ഖോജ അബ്ദുറഹിമാൻ പറയുന്നു: അധിക സന്ദർഭങ്ങളിലും അത്താഴച്ചോറിൽനിന്ന് ഒന്നും കഴിക്കാറില്ല. അപ്പോൾ ഞാൻ പറയും: വന്ദ്യരെ! നോമ്പ്തുറന്ന സമയത്തും വളരെ കുറച്ച്മാത്രമേ ആഹരിച്ചുള്ളൂ. അതിനാൽ അത്താഴംകൂടി കഴിക്കാതിരുന്നാൽ നിങ്ങൾ വല്ലാതെ ക്ഷീണിച്ചുപോവുമല്ലോ? ഉടനെ അദ്ദേഹം കരഞ്ഞുകൊണ്ട് പറയും: എത്രയോ പട്ടിണിപാവങ്ങൾ! പള്ളികളുടെ മൂലകളിൽ അന്തേവാസികളായി കഴിയുന്ന സാധുക്കൾ!! നടപ്പാതകളിൽ ഒട്ടിയ വയറുമായി ചുരുണ്ടുകിടക്കുന്ന ദരിദ്രവിഭാഗങ്ങൾ!!! ഇവരെല്ലാം തങ്ങളുടെ ജീവന്റെ നിലനില്പിന്ന് ഒരുപിടി ആഹാരംകിട്ടാതെ വിഷമിക്കുമ്പോൾ ഈ രുചികരമായ ആഹാരം ഞാനെങ്ങനെ കഴിക്കും? ! ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ തൊണ്ട ഇടറുകയും നയനങ്ങൾ ബാഷ്പീകൃതമാവുകയും ചെയ്യാറുണ്ടായിരുന്നു.

ഇദ്ദേഹം മരണശയ്യയിൽ കിടന്ന സമയത്ത് തന്റെ സുഹൃൽവൃന്ദത്തെ അടുത്തുവിളിച്ചുകൊണ്ട് പറഞ്ഞു: ഇഖ്ബാൽ (ഭൃത്യന്റെ പേര്) വല്ല അരിയോ പൊടിയോ ഇവിടെ സൂ

---

اصلها ثابت وفرعها فى السماء تؤتى اكلها كل حين باذن ربها

ابراهيم : ٢٤، ٢٥

www.abulhasanalinadwi.org

ക്ഷിച്ചുവെച്ചിട്ടുണ്ടെങ്കിൽ ഞാനതിനുത്തരവാദിയല്ല. വെച്ചവർ മാത്രമാണ് നാഥന്റെ മുമ്പിൽ മറുപടി പറയേണ്ടത്. നിങ്ങളിതിന് സാക്ഷിയാണ്. കേട്ടുനിന്ന ഭൃത്യൻ പറഞ്ഞു: ഞാനൊന്നും മിച്ചംവെച്ചിട്ടില്ല. കുറച്ചു ദിവസത്തേക്കുള്ള സാധുജനങ്ങളുടെ ആഹാരത്തിന് അല്പം ധാന്യമൊഴികെ. സയ്യിദ് ഹുസൈൻ കറമാനിയും അതിന് സാക്ഷിനിന്നു. പക്ഷെ, അദ്ദേഹം എല്ലാവരെയും വിളിച്ചുകൂട്ടി തന്റെ സാന്നിദ്ധ്യത്തിൽ അതും വിതരണംനടത്താൻ കല്പനകൊടുത്തു. അങ്ങനെ ആ ധാന്യമിട്ടിരിക്കുന്ന സ്ഥലം അടിച്ചുവൃത്തിയാക്കാനും പറഞ്ഞു. *

രണ്ടാമത്തെ മാതൃക പന്ത്രണ്ടാം നൂററാണ്ടിലെ മറെറാരു യുഗപ്രഭാവനായ ശൈഖ് മുഹമ്മദ് സഊദുൽ അമ്പാലവിയുടെതാണ്. ചരിത്രം പറയുന്നു: ഒരു ദിവസം നവാബ് റോശൻദൗലഃ അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. മുഗൾരാജാക്കന്മാരിൽപെട്ട സുൽത്താൻ ഫർറുഖ്സീറിന്റെ മന്ത്രിമാരിൽ ഒരാളായിരുന്നു റോശൻദൗലഃ. അങ്ങനെ അദ്ദേഹത്തിന്റെ താമസസൗകര്യമില്ലാത്ത വീട് നന്നാക്കാൻ അറുപതിനായിരം സംഭാവനയായി കൊടുത്തു. കുറെകഴിഞ്ഞ് റോശൻദൗലഃ മടങ്ങിപ്പോയപ്പോൾ ആ സംഖ്യ മുഴുവനും നാട്ടിലെ അനാഥകൾ, അഗതികൾ, വിധവകൾ, മററു ബന്ധപ്പെട്ട സാധുക്കൾ എന്നിവക്കായി വിഭജിക്കപ്പെട്ടു. ഒരു പൈസപോലും അദ്ദേഹം തനിക്കായി നീക്കിവെച്ചില്ല. പിന്നീടൊരിക്കൽ റോശൻദൗലഃയുമായി കണ്ടുമുട്ടിയപ്പോൾ ശൈഖിന്റെ മറുപടി ഇതായിരുന്നു: പട്ടിണിപ്പാവങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നത് മുഖേന ലഭ്യമാകുന്ന പ്രതിഫലം സ്വന്തം വീട് നിർമ്മിക്കൽകൊണ്ട് കിട്ടുകയില്ല.''

മറെറാരു സന്ദർഭത്തിൽ സുൽത്താൻ മുഹമ്മദ് ഫർറുഖിന്റെയും റോശൻദൗലഃ, അബ്ദുല്ലാഖാൻ എന്നീ രണ്ടു മന്ത്രിമാരുടെയും ഓരോ കത്തുകളും കൂടെ മൂന്നു ലക്ഷം രൂപയും അദ്ദേഹത്തിന് കിട്ടി. അതും ഉടനെ നാട്ടിലെ ദരിദ്രജനങ്ങൾ

---

* سير الاولياء

www.abulhasanalinadwi.org

ക്കം കല്പപ്പാടനുഭവിക്കുന്നവക്കും വീതിക്കപ്പെട്ടു. *

ഇപ്പോഴം വായനക്കാരിൽ ചിലക്കെങ്കിലും ഒരു സംശയമുദിച്ചേക്കാം. ഇതെല്ലാം ഇഹലോകജീവിതത്തിൽനിന്ന് യഥാർത്ഥത്തിൽ യാത്ര പറയുന്നതിനു മുമ്പുതന്നെ സ്വയം യാത്ര പറഞ്ഞ ഏതാനും മനുഷ്യരുടെ കഥയല്ലേ? അവക്കൊന്നും സത്യത്തിൽ സൃഷ്ടികളോടോ ജീവിതത്തോടോ യാതൊരു ബന്ധവും കടപ്പാടുമില്ലായിരുന്നു. അതിനാൽ ഇപ്പറഞ്ഞതെല്ലാം സംഭവിച്ചേക്കാം. എന്നാൽ സത്യമതല്ല; ത്യാഗജീവിതത്തിലും പരകാര്യതൽപരതയിലുമെല്ലാം പേരെടുത്ത മാതൃകാപുരുഷന്മാർ സമുദായത്തിന്റെ എല്ലാ വിഭാഗത്തിലും നിലനിന്നുപോന്നിട്ടുണ്ട്. പ്രവാചകപുംഗവന്റെ പ്രതിഛായകളായി വർത്തിച്ച പ്രതിപുരുഷന്മാർ മുസ്ലിംകളിൽ ഏത് ചുററുപാടിലും വിഭാഗത്തിലും തലമുറകളായി നിലനിന്നുപോന്നു. അവരെല്ലാം തങ്ങളുടെ പ്രവാചകന്റെ സുന്നത്തും സ്വഭാവചര്യകളും ദേശക്കാരിലും അയൽവാസികളിലും കുട്ടുകുടുംബാദികളിലും ധനത്തിലുമെല്ലാം പ്രയോഗവൽക്കരിച്ചു. എത്രയെത്ര സംഭവങ്ങളാണ് ഇതിന്നുവേണ്ടി ചരിത്രം നമുക്ക് സൃഷ്ടിച്ചുവെച്ചത്? അത്തരക്കാരിൽ രാജാക്കന്മാർ, മന്ത്രിമാർ, പണ്ഡിതന്മാർ, നേതാക്കന്മാർ എല്ലാമുണ്ട്.

ഇസ്‌ലാമിന്റെ പണ്ഡിതന്മാരെ പ്രതിനിധീകരിക്കാൻ ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യഃ (റ) യുടെ നാമം തികച്ചും പര്യാപ്തമാണ്. ശൈഖുൽഇസ്ലാമിനെ ഈ വിഷയത്തിൽ എടുത്തുദ്ധരിക്കുന്നതുകൊണ്ട് ഒരു പ്രത്യേക ഉദ്ദേശ്യംകൂടിയുണ്ട്. അദ്ദേഹത്തെസംബന്ധിച്ച് പഠിച്ചിട്ടില്ലാത്ത പലരും ആ മഹാത്മാവിൽ ശുഷ്കതയും പാരുഷ്യവും ആരോപിച്ചിരിക്കുന്നു. ശൈഖുൽഇസ്ലാമിന്റെ വിജ്ഞാനം അദ്ദേഹത്തിന്റെതന്നെ ബുദ്ധിയിലും ഹൃദയത്തിലും മാത്രം പരിമിതമാണെന്നാണവർ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ശൈഖുൽഇസ്ലാമിന്റെ സമകാലികനായ ഹാഫിസ് ഫസ്ലുല്ലാഹിൽ ഉംരി എഴുതുന്നത് കാണുക:

---

* نظام تعلیم وتربیۃ - ج-۲ مناظر احسن گیلانی

www.abulhasanalinadwi.org

''അദ്ദേഹത്തിന് സ്വർണ്ണമോ വെള്ളിയോ മററു ധനങ്ങളോ ലഭിച്ചാൽ അത് എല്ലാവക്കും വീതിച്ചുകൊടുക്കും. അനന്തരം ഒഴിഞ്ഞ മടിശ്ശീലയുമായി എഴുന്നേററ്പോകും. ഇനി എന്തെങ്കിലും ബാക്കിവെച്ചാൽതന്നെ അത് മററാർക്കെങ്കിലും കൊടുക്കണം എന്ന ഉദ്ദേശത്തോടെ മാത്രമായിരിക്കും. അദ്ദേഹത്തിന്റെ ദാനധമ്മത്തിന്റെയും ഉദാരമനസ്കതയുടെയും ആധിക്യം കാരണത്താൽ പല സന്ദർഭങ്ങളിലും മററൊന്നും കൊടുക്കാനില്ലാതിരുന്നപ്പോൾ താൻ ധരിക്കുന്ന വസ്ത്രങ്ങൾപോലും ചോദിച്ചുവരുന്നവക്ക് ദാനമായി നല്കിയിരുന്നു.'' *

രാജാക്കന്മാരെയും ഭരണാധികാരികളെയും പ്രതിനിധീകരിക്കാൻ സലാഹുദ്ദീൻ അയ്യൂബിയേക്കാൾ അർഹത മററാക്കുണ്ട് ? തന്റെ കാലഘട്ടത്തിലെ ഏററവും വലിയ ശത്രുക്കളെ പോലും അദ്ദേഹം പരാജയത്തിന്റെ പാതാളത്തിൽ ചവിട്ടിത്താഴ്ത്തി. അന്ന് ഇസ്ലാമിന്റെ ഏററവും വലിയ ഗോപുരത്തിൽ മുടിചൂടാമന്നനായി വാണരുളി. അദ്ദേഹത്തിന്റെ അടുത്ത സ്നേഹിതനും സന്തതസഹചാരിയുമായിരുന്ന ഇബ്നുശദ്ദാദ് പറയുന്നു: സുൽത്താൻ സലാഹുദ്ദീൻഅയ്യൂബി ഇഹലോകവാസം വെടിഞ്ഞപ്പോൾ കേവലം നാല്പത്തിഏഴ് ദിർഹമും ഒരു സ്വർണ്ണനാണയവും മാത്രമാണവശേഷിച്ചിരുന്നത്. മററു യാതൊരു സാധനസാമഗ്രികളും അദ്ദേഹത്തിന്റേതായി ഇവിടെ ഉണ്ടായിരുന്നില്ല.

ഏഷ്യാഭൂഖണ്ഡത്തിൽ സിറിയയുടെ ഉത്തരദേശം മുതൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ അതിന്റെ ദക്ഷിണ മരുഭൂമിവരെ അടക്കിഭരിച്ചിരുന്ന ഒരു ഭരണാധികാരി മരിച്ചപ്പോൾ കഫൻ പുടവകൾക്കും ശേഷക്രിയകൾക്കും വേണ്ട കാശ്പോലും അദ്ദേഹത്തിന്റെ ഖജനാവിൽ ഇല്ലായിരുന്നു. ഇബ്നുശദ്ദാദ് തുടർന്നുകൊണ്ടെഴുതുകയാണ്:

കഫൻപുടവകൾക്കും സംസ്കരണചെലവുകൾക്കും ആവശ്യമായ പൈസപോലും അദ്ദേഹത്തിന്റെ അനന്തരസ്വത്തിൽ

---

* الكواكب الدرية

www.abulhasanalinadwi.org

അവശേഷിച്ചിരുന്നില്ല. എല്ലാ വസ്തുക്കളും കടമായിത്തന്നെ ശേഖരിച്ചു. ഖബറിൽ വിരിക്കാൻ ആവശ്യമായ പുല്ലുപോലും! കഫൻപുടവകൾ ആവശ്യമായത് അദ്ദേഹത്തിൻെറ മന്ത്രിയും എഴുത്തുകാരനുമായ ഖാസി ഫാസിൽ ഏതോ അനുവദനീമാർഗ്ഗത്തിലൂടെ കൊണ്ടുവരികയാണ് ചെയ്തത്. *

ഇത് ഏതെങ്കിലും വ്യക്തിയുടെയോ, തലമുറയുടെയോ, ആത്മീയമോ ഭൗതികമോ ആയ ചിന്താപ്രസ്ഥാനത്തിൻെറയോ മാത്രം കഥയല്ല. എക്കാലത്തുമുള്ള പരിഷ്കർത്താക്കളായ പണ്ഡിതന്മാരുടെയും നേതാക്കളുടെയും പ്രകടമായ ചിഹ്നമായിരുന്നു. ''ഓരോ ദിവസത്തേക്കും അന്നത്തെ ആഹാരം'' എന്നതായിരുന്നു അവരുടെ ജീവിതാശയം. നാളെക്ക് വേണ്ടി സൂക്ഷിച്ചുവെക്കുകയോ ദാരിദ്ര്യത്തെ ഭയന്ന് ലുബ്ധതകാട്ടുകയോ ചെയ്തില്ല. ഇതൊരു കഴിഞ്ഞകാലകഥ മാത്രമല്ല. ഇന്നും ഇത്തരത്തിലുള്ള പണ്ഡിതന്മാരും ഗുരുഭൂതരുമുണ്ട്. അവർ അല്ലാഹുവിൻെറ അടിമകൾ ആവശ്യക്കാരായി ഉണ്ടായിരിക്കെ തങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞ യാതൊന്നും സൂക്ഷിച്ചുവെക്കാറില്ല. അവശിഷ്ടദീനാറോ, ദിർഹമോ പെട്ടിയിൽവെച്ച് പൂട്ടി അന്തിയുറങ്ങാൻ ഇഷ്ടപ്പെടാത്തവരാണ്. ഇതൊന്നും പൗരോഹിത്യചിന്താമൂലമോ ഐഹികജീവിതത്തോടുള്ള വൈമുഖ്യംകൊണ്ടോ അല്ലതന്നെ. അല്ലാഹു ഹലാലാക്കിയത് ഹറാമാക്കാനുള്ള ധാർഷ്ട്യമോ സ്വന്തം ശരീരത്ത് നിർമ്മാണത്തിനുള്ള വാഞ്ഛയോ ഉള്ളത്കൊണ്ടുമല്ല. മറിച്ച്, വിചാരണയിലുള്ള ഭയവും ദൈവീകസൃഷ്ടികളോടുള്ള കൃപാകടാക്ഷവും, പ്രവാചകചര്യ പൂർണ്ണമായും അനുധാവനംചെയ്യാനുള്ള അഭിനിവേശവും, നിഖില സൽക്കർമ്മങ്ങളെയും ജീവിതത്തിൽ പകർത്തുവാനുള്ള ഔത്സുക്യവും ഔദാര്യവും പരപുരുഷപ്രശ്ന പരിഹാരത്തോടുള്ള പ്രതിബദ്ധതയുമെല്ലാമായിരുന്നു അതിൻെറ ചേതോവികാരം. അവരുടെ ഈ ജീവിതരീതി അവരുടെ സഹായികളിലും സ്നേഹിതവൃന്ദങ്ങളിലും ആഴമേറിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാത്രമല്ല അവരുടെ പരി

---

* النوادر السلطانية والمحاسن اليوسفية لابن شداد ص-٣٥١

ള്ളരുടെ പാദമുദ്രകളെ അനുഗമിച്ച് ജീവിക്കാനുള്ള ഔത്സുക്യവും ആവേശവും ആ അനുയായിവൃന്ദത്തിൽ എന്നെന്നും അലതല്ലികൊണ്ടിരുന്നു.

## പിൽക്കാല മുസ്ലിം സമൂഹത്തിൻെറ പ്രത്യേകത

കാലാകാലങ്ങളിൽ ത്യാഗികളായ പരിഷ്കർത്താക്കൾ പരിഹരിച്ചുകൊണ്ടിരുന്ന വിവിധ തരത്തിലുള്ള രോഗങ്ങളും ദൗർബ്ബല്യങ്ങളും സമുദായഗാത്രത്തെ കാർന്നുതിന്നിട്ടുപോലും ഇന്നും ഇതരസമുദായങ്ങളെക്കാളെല്ലാം ദാനധർമ്മങ്ങളിലും കരുണാർദ്രമായ പ്രവർത്തനങ്ങളിലും അത്യുന്നതസ്ഥാനം ഈ സമുദായം കരസ്ഥമാക്കിയിരിക്കുന്നു. പരസ്പരസാഹോദര്യം, സഹാനുഭൂതി, സഹിഷ്ണുത തുടങ്ങിയ സമസ്ത സൽഗുണങ്ങളുടെയും വികാരം അവരുടെ മജ്ജയിലും മാംസത്തിലും അലിഞ്ഞുചേർന്നിട്ടുണ്ട്. ഇസ്ലാമികാദ്ധ്യാപനങ്ങളുടെ സവിശേഷത ഒന്നുകൊണ്ട് മാത്രമാണതിന് സാധിച്ചത്. ആമാശയത്തിൻെറയും ജഡത്തിൻെറയും അടിമകളാകുന്നതിൽനിന്ന് അവർ മററു സമുദായങ്ങളെക്കാൾ സ്വതന്ത്രരാണ്. എന്നുമാത്രമല്ല ജഡ–പദാർത്ഥ പൂജക്കെതിരെ വിപ്ലവത്തിൻെറ പതാക അവർ ഉയർത്തിപ്പിടിക്കുന്നു. ഇസ്ലാമികനിയമങ്ങളുടെയും, മതമൂല്യങ്ങളുടെയും വൃത്തത്തിനുള്ളിൽ ഒതുങ്ങിനില്ക്കാൻ ഭഗീരഥയത്നം നടത്തുന്നു. ഇതിൻെറയെല്ലാം ഫലമായിട്ടാണ് ഈ ജീവിതത്തിന്ശേഷം മറെറാരു ജീവിതമില്ല, ഇവിടത്തെ സൗഭാഗ്യത്തെക്കാൾ വലിയതായി മറെറാരു സൗഭാഗ്യമില്ലായെന്ന് പറഞ്ഞ് ഭാവനാജീവിതത്തിൻെറ പിന്നാലെ തലയിട്ടടിച്ച് ഭ്രാന്തമായി ഓടിനടക്കുന്നവരെപ്പോലെ കച്ചവടക്കണ്ണുകളും, വ്യഷ്ടി–സമഷ്ടിഗത സ്വാർത്ഥങ്ങളും, ധനപൂജകളുമുള്ള ആളുകൾ ഈ സമുദായത്തിൽ വളരെ കുറവായത്. *

---

* ഹിജാസിലെ നല്ലവരായ ഭരണാധികാരികളുടെ കാലത്ത് ജീവിച്ചിരുന്ന പ്രായംചെന്ന ചില വിശ്വസ്തരായ ആളുകൾ എന്നോട് പറയുകയുണ്ടായി: "മക്കയിലെ കച്ചവടക്കാർ അന്ന് തങ്ങളുടെ സമീപത്ത് കച്ചവടംചെയ്യുന്ന അയൽവാസികളുമായി വളരെ നല്ല നിലയിൽ വർത്തിക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തിരുന്നു. അവർ പറഞ്ഞ ഒരു സംഭവം: സന്ധ്യാസമയത്ത് സാധനങ്ങൾ വാങ്ങാൻ വരുന്ന ഉപ

www.abulhasanalinadwi.org

ആധുനിക മുസ്ലിംസമൂഹത്തിന്റെ ഇസ്ലാമികനിയമങ്ങളിലുള്ള അറിവും അകൽച്ചയും കണക്കിലെടുത്തുകൊണ്ടുതന്നെ പരിശോധിച്ചാൽ ഇത് മുസ്ലിംകളിൽമാത്രം കണ്ടെത്തുന്ന ഒരു പ്രത്യേകതയാണ്. സാമൂഹ്യനീതിയിലും ഉന്നതമായ മാനുഷികമൂല്യങ്ങളുടെ പരിഗണനയിലും ഭൂമുഖത്തെ മറ്റേതൊരു സമൂഹത്തിനും അവകാശപ്പെടാൻ സാധ്യമല്ലാത്ത ഒരു സ്ഥാനം അവർക്കുണ്ട്. അതിനുള്ള ഏകകാരണം ഇസ്ലാമികജീവിതത്തോടുള്ള ആദരവും സമൂഹാംഗങ്ങളെ ഒന്നായി കാണാനുള്ള ഈമാനികമായ ഐക്യബോധവും അൽപമാ

---

ഭോക്താക്കളോട് കച്ചവടക്കാർ (അവരുടെ അന്നത്തെ കണക്ക്കൂട്ടലുകളനുസരിച്ചുള്ള വരായ്കയായാൽ) പറയും: നിങ്ങൾക്ക് ഈ സാധനം അടുത്ത കടയിൽനിന്ന് ലഭിക്കും; അവിടെ ഇന്ന് കൂടുതൽ ആവശ്യക്കാർ ചെന്നിട്ടില്ല. അതിനാൽ അദ്ദേഹത്തിന് ഇന്നേക്കുള്ള വരുമാനമായി കാണുകയില്ല. അതുകൊണ്ട് ദയവായി നിങ്ങളീ സാധനം ആ കടയിൽനിന്ന് വാങ്ങിയാലും."

ഉസ്താദ് മുഹമ്മദ് അസദ് മറ്റൊരു ഇസ്ലാമികനഗരമായ ഡമസ്കസിന്റെ കഥ വിവരിക്കുന്നത് നോക്കൂ: "ഇവിടെ എത്തിയ എനിക്ക് യഥാർത്ഥത്തിൽ ഈ സാധുക്കളുടെ മനശാന്തിയും സമാധാനവും കണ്ടതോടെ എന്റെ ഹൃദയം വികാരതരളിതമായി. ഈ ശാന്തിയും സമാധാനവും ഇവരുടെ സാമൂഹ്യജീവിതത്തിന്റെയും പരസ്പര വർത്തനത്തിന്റെയും ഫലം മാത്രമാണ്. ഓരോരുത്തരും മറ്റുള്ളവരോട് കാണിക്കുന്ന സഹവർത്തിത്വം എത്ര സുന്ദരമാണ്! ഇവിടത്തെ ശാന്തിയും സമാധാനവും മനസ്സിലാക്കാൻ ചരക്കുകൾ വാങ്ങാൻവരുന്ന ഒരു വ്യക്തിയോടുള്ള വ്യാപാരിയുടെ സമീപനം ഒന്നുമാത്രം മതി. ഈ കച്ചവടക്കാരിൽ അസൂയയുടെയോ ലോഭത്തിന്റെയോ നേരിയ ഒരു ലാഞ്ഛനപോലുമില്ല. ഒരു കച്ചവടക്കാരൻ പെട്ടെന്നെന്തെങ്കിലും ആവശ്യത്തിന് പുറത്ത് പോകേണ്ടിവന്നാൽ എല്ലാ സാധനങ്ങളും ആ തുറന്നിട്ട രൂപത്തിൽതന്നെ തന്റെ സമീപത്തുള്ള കടക്കാരനെ ഏൽപിച്ചു പോകുന്നു. ഈ സന്ദർഭത്തിൽ ആരെങ്കിലും ചരക്ക് വാങ്ങാൻവരികയും കടയിൽ ഉടമസ്ഥനെ കാണാത്ത സ്ഥിതിക്ക് അടുത്ത കടയിൽനിന്ന് വാങ്ങാമെന്ന് വിചാരിക്കുകയും ചെയ്യുവെന്നിരിക്കട്ടെ; എന്നാൽ ഉടനെ അടുത്ത കടക്കാരൻ വന്ന് ഇതേ കടയിൽനിന്നുതന്നെ സാധനം എടുത്തുകൊടുത്ത് പൈസ വാങ്ങി പെട്ടിയിലിടുന്നു. അതേസമയം ഒരിക്കലും അദ്ദേഹം തന്റെ കടയിൽനിന്ന് സാധനം കൊടുക്കുന്നില്ല. യൂറോപ്പിൽ ഒരിക്കലെങ്കിലും ഇത്തരമൊരു അനുഭവമുണ്ടായിട്ടുണ്ടോ! ? "

(الطريق الى مكة ص ١٦٧)

www.abulhasanalinadwi.org

യോ അധികമായോ അവരിലുണ്ട് എന്നതാണ്.

## രണ്ടുമുഖങ്ങൾ

ആധുനിക കാലഘട്ടത്തിൽ പല സാമ്പത്തിക-പുരോഗമനപ്രസ്ഥാനങ്ങളും ഉടലെടുത്തു. മനുഷ്യനിലും മനുഷ്യത്വത്തിലും വിശ്വാസമില്ല എന്ന ബിന്ദുവിൽ അവയെല്ലാം ഏകോപിക്കുന്നു. ഈ പ്രസ്ഥാനങ്ങളുടെയെല്ലാം പ്രബോധകരും സംരക്ഷകരും മനുഷ്യന്റെ പ്രകൃതിപൂർവ്വം, സന്തോഷകരവും, അപരിമിതവും, ആന്തരികവുമായ ആർദ്ര വികാരത്തേക്കാൾ നിർബ്ബന്ധവും പരിമിതവുമായ രൂപത്തിൽ നടപ്പാക്കുന്ന സാമ്പത്തികമായ സമത്വത്തിനാണ് മുൻഗണന കൊടുക്കുന്നത്, 'കേവലം ധനം മാത്രമല്ല മനുഷ്യന്റെ അവശ്യഘടക'മെന്ന മർമ്മപ്രധാനമായ സത്യത്തെ അവർ മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്നു. സാമ്പത്തികമായിമാത്രം സമത്വമുണ്ടായതുകൊണ്ട് മനുഷ്യന്റെ ഹൃദയഭിത്തികളിലെയും വികാരവിചാരങ്ങളിലെയും വിടവുകൾ പൂരിപ്പിക്കാൻ കഴിയുകയില്ല. അത് അവന്റെ എല്ലാ വ്രണിത ഭാഗങ്ങൾക്കുമുള്ള ലേപനവുമല്ല. ജീവിതത്തിന്റെ നിഖിലനിശ്വാസങ്ങളിലും അവന്ന് സാന്ത്വനം കിട്ടുകയെന്നത് ഉല്പാദന-വരുമാന മാർഗ്ഗങ്ങളിൽമാത്രം സമത്വമുണ്ടാകുന്നതിനെക്കാളെല്ലാം എത്രയോ അത്യാവശ്യമായ കാര്യമാണ്. ചില സന്ദർഭങ്ങളിൽ ദുഃഖിതമായ ഏതെങ്കിലും മനസ്സുകൾക്ക് ആശ്വാസംനൽകുന്ന സഹതാപത്തിന്റെ ഒരിററു കണ്ണുനീർ, കൂമ്പാരമായി പൊന്നും പണവും കൊടുക്കുന്നതിനേക്കാൾ ഉപകാരപ്രദമായിരിക്കും. എല്ലാ മനുഷ്യനും തന്റെ സഹോദരന്റെ സഹായത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഓരോരുത്തരും മററുള്ളവരുടെ കഷ്ടപ്പാടുകളും ക്ലേശങ്ങളും പങ്കിട്ടെടുക്കേണ്ടതാണ്. ചിലപ്പോൾ ഇവന്ന് അവന്റെ സാമ്പത്തികസഹായമാണാവശ്യമെങ്കിൽ മററു ചിലപ്പോൾ ശാരീരികവും മാനസികവുമായ പിന്തുണയാണ്. വേറെ ചിലപ്പോൾ ഹൃദ്യമായ പെരുമാററവും. അങ്ങനെ സന്ദർഭാനുസരണം സൗമ്യത, സമഭാവന, സൽസ്വഭാവം, സുസ്മേരത, ഉത്തേജനം, അലിവ്, പ്രോത്സാഹനം ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ഒരുവന്ന് മററവനിൽനിന്ന് അവകാശം ലഭിക്കേണ്ടതുണ്ട്. അതെല്ലാം

www.abulhasanalinadwi.org

തന്നെ സമമായി പങ്കിടൽ അനിവാര്യവുമാണ്. അതുകൊണ്ടാണ് പ്രവാചകപുംഗവൻ അനുകമ്പയുടെയും ആർദ്രതയുടെയും അഖിലവശങ്ങളിലേക്കും മാർഗ്ഗദർശനം നൽകിയത്. അതിന്റെ അതിസൂക്ഷ്മവും അതിലോലവുമായ വശങ്ങളിലേക്ക്പോലും അവിടുന്ന് വെളിച്ചം വീശി. മാനുഷികമായ ബോധനങ്ങളുടെ ഏററവും സത്യസന്ധവും ഉത്തമവുമായ രൂപങ്ങൾ അവിടുന്ന് ലോകസമക്ഷം അവതരിപ്പിച്ചു. ഗുണകാംക്ഷയുടെയും സൽക്കർമ്മത്തിന്റെയും ദാനധർമ്മങ്ങളുടെയുമെല്ലാം വിവിധ വകപ്പുകൾ പരാമർശിച്ചുകൊണ്ട് പ്രവാചകൻ പറയുന്നു:

''രണ്ടാളുടെ ഇടയിൽ നീതി നടപ്പാക്കൽ ധർമ്മമാണ്. ഒരാളെ സഹായിച്ചു വാഹനത്തിൽ കയററിയിരുത്തലും അയാളുടെ ചരക്ക് അതിന്മേൽ ഏററിക്കൊടുക്കലും ധർമ്മമാണ്. നല്ല വാക്ക് പറയലും ധർമ്മമാണ്. നമസ്കാരത്തിന് വേണ്ടി നടക്കുന്ന ഓരോ കാലടികളും ധർമ്മമാണ്. വഴിയിൽനിന്ന് (കല്ല്, കരട്പോലുള്ള) ഉപദ്രവങ്ങൾ എടുത്തുകളയലും ധർമ്മമാണ്.'' (ബു.മു.)

മറെറാരു നബിവചനത്തിൽ വന്നിരിക്കുന്നു: ''ആപത് ബാധിതനായി കഷ്ടപ്പെടുന്നവനെ അവൻ സഹായിക്കട്ടെ. സഹാബികൾ ചോദിച്ചു: അതിന് സൗകര്യം ലഭിച്ചില്ലെങ്കിലോ? ഉത്തരം: അവൻ നന്മ കല്പിക്കട്ടെ; അതിന്നും സാധ്യമായില്ലെങ്കിലോ? അവിടുന്ന് പറഞ്ഞു: അവൻ തിന്മയിൽനിന്ന് അകന്നുനില്ക്കട്ടെ. അതും ധർമ്മമാണ്.'' (ബു.മു.)

മറെറാരു തിരുവചനത്തിൽ നമുക്ക് കാണാം: ''ഒന്നുകിൽ നീ ഏതെങ്കിലും തൊഴിലാളിയെ സഹായിക്കുക; അല്ലെങ്കിൽ കൃത്യമായി ജോലിചെയ്യാൻ അറിഞ്ഞുകൂടാത്ത ഒരു സാ

---

تعدل بين الاثنين صدقة وتعين الرجل فى دابته فتحمل عليها او ترفع له عليها متاعه صدقة . والكلمة الطيبة صدقة وبكل خطوة تمشيها الى الصلاة صدقة، وتميط الأذى عن الطريق صدقة (متفق عليه)

www.abulhasanalinadwi.org

ധൂപിന് അവൻെറ ജോലിയിൽ കൂടികൊടുക്കുക. ഞാൻചോദിച്ചു: 'പ്രവാചകരേ, ഇതിനൊന്നും എനിക്ക് കഴിവില്ലെങ്കിലോ?' അപ്പോഴാം അവിടുന്ന് പറഞ്ഞു: നീ ജനങ്ങളെ ഉപദ്രവിക്കാതിരിക്കുക; അതും നിനക്കുവേണ്ടി ചെയ്യുന്ന ഒരു ധർമ്മമാണ്.'' (ബു.മു.) ഇനിയും മറെറാരു ഹദീസിൽ നമുക്ക് കാണാൻ കഴിയുന്നു: ഒരുവൻ തൻെറ സ്നേഹിതന്മാരെ സുസ്മേരവദനനായി കണ്ടുമുട്ടുന്നത് ധർമ്മമാണ്. നൻമ കല്പിക്കുകയും തിൻമയെ നിരോധിക്കുകയും ചെയ്യുന്നത് ധർമ്മമാണ്. വഴി അറിഞ്ഞുകൂടാത്തവന് വഴി പറഞ്ഞുകൊടുത്ത് നേർവഴിക്കാക്കലും ധർമ്മമാണ്. കാഴ്ചശക്തിയുള്ളവൻ അതില്ലാത്തവന് തൻെറ കാഴ്ചമുഖേന ഉപകാരംചെയ്യലും ധർമ്മമാണ്. ഒരുത്തൻെറ ബക്കററ്കൊണ്ട് സഹോദരൻെറ ബക്കററിൽ വെള്ളം നിറച്ചുകൊടുക്കലും ധർമ്മമാണ്.'' (തിർമുദി)

അപ്പോഴാം ഹൃദയാന്തരാളത്തിൽനിന്ന് പ്രകൃത്യാ പൊട്ടി ഒഴുകി, ജീവിതത്തിൻെറ സിരകളിലേക്കും സമൂഹാംഗങ്ങളിലേക്കും പ്രവഹിക്കുന്ന സംതൃപ്തിദായകമായ സാന്ത്വനം നല്കുന്നതിനുപകരം ഗവണ്മെൻറുകൾ അധികാരമുപയോഗിച്ച് അടിച്ചേല്പിക്കുന്ന 'സോഷ്യലിസ'ത്തിൻെറ അനന്തരഫലം എന്തായി എന്നല്ലേ? '' കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് '' രാജ്യങ്ങളിലെല്ലാം ഒരു സമൂഹം ഉടലെടുത്തിരിക്കുന്നു. അവക്ക് അവരുടെതന്നെ വർഗ്ഗസന്തതികളുടെ കണ്ണീരൊപ്പുന്നതിലുള്ള മാധുര്യം ആസ്വദിക്കാൻ കഴിയുന്നില്ല. മനുഷ്യത്വത്തോട് കരുണ കാട്ടാനോ ദരിദ്ര–ദുർബ്ബലവിഭാഗത്തോട് അനുകമ്പ പ്രകടിപ്പിക്കാനോ സാധിക്കാതെവന്നു. കൂട്ടുകാരോടും സ്നേഹിതവൃന്ദത്തോടും ആത്മാർത്ഥ ഗുണകാംക്ഷയും ഇല്ലാതെ പോയി. ആ സമൂഹത്തിലെ ഓരോ വ്യക്തിയും കച്ചവടകണ്ണുകളോടെ മത്സരിക്കുന്നവരായി. പരസ്പരവിദ്വേഷം പുലർത്തുന്ന ശത്രുക്കളായി; ആർക്കും ആരിലും വിശ്വാസമില്ലാത്തവരായി; ആരും ആർക്കും ഉപകരിക്കാത്തവരായി; രഹസ്യചാരൻമാരായി; അപരൻെറ അപകടത്തിൽ സന്തോഷിക്കുകയും ആഹ്ലാദത്തിൽ ദുഃഖിക്കുകയും ചെയ്യുന്നവരായി. ജീവന്ന് സംരക്ഷണമില്ലാത്തതിനാൽ, കോടതികളിലെത്തുന്ന മർദ്ദിതൻെറ ചുടുബാഷ്പത്തിന് നീതി ലഭിക്കാത്തതിനാൽ രാജ്യം മുഴുവനും ഇന്ന്

www.abulhasanalinadwi.org

കലാപകലുഷിതമായ ഒരു രണഭൂമിയായി മാറിയിരിക്കുന്നു.

ഇതിൻെറയെല്ലാം ഫലമായിട്ട് എന്തുണ്ടായി എന്നല്ലേ? ജനങ്ങളിൽ മാന്യമായ ഉത്തരവാദിത്വബോധവും ബാദ്ധ്യതാനിർവ്വഹണവും നഷ്ടപ്പെട്ടു. അഖില ഉത്തരവാദിത്വങ്ങളിൽ നിന്നും കടപ്പാടുകളിൽനിന്നും പൂർണ്ണസ്വതന്ത്രരായി, അലക്ഷ്യമായ മൃഗത്തെപ്പോലെ അലഞ്ഞുനടക്കുകയാണ്. അവൾക്ക് തിന്നണം, യഥേഷ്ടം മേഞ്ഞുനടക്കണം, കാണുന്ന സ്ഥലത്തെല്ലാം തലയിട്ടുനോക്കണം എന്നതിലുപരി യാതൊരു ചിന്തയുമില്ല. എല്ലാവിധ ഉത്തരവാദിത്വങ്ങളും ഭരണകൂടത്തിൻെറയും ഭരണഘടനയുടെയും പിരടിയിലിട്ടുകൊണ്ട് പൊതുജനം ഒഴിഞ്ഞുമാറുന്നു. പ്രജകളോടുള്ള ഭരണകൂടത്തിൻെറ സമീപനംബുദ്ധിയും വിവേകവുമില്ലാത്ത ഒരു പിഞ്ചുകുട്ടിയുടെനേരെയുള്ള രക്ഷിതാക്കളുടെ സമീപനമാണ്. ഭരണകൂടത്തിന് തന്നെ എല്ലാം കൊടുക്കാനും വാങ്ങാനുമുള്ള അവകാശം. വ്യക്തികളുടെ ആവശ്യങ്ങൾ മുഴുവൻ പൂർത്തീകരിക്കുന്നതും ഭരണകൂടമാണ്. അതിനാൽ സ്വാഭാവികമായും കരുണ, ഹൃദയാലുത, ഔദാര്യം, പരകാര്യതല്പരത, പരസ്പര സഹായസഹകരണം എന്നതെല്ലാം അർത്ഥശൂന്യമായ പദങ്ങളായി അവശേഷിച്ചു. എല്ലാവർക്കുമുള്ള അവകാശങ്ങളുടെയും ജീവിതസൗകര്യങ്ങളുടെയും ഉത്തരവാദിത്വം ഗവണ്മെൻറിൽ മാത്രമായപ്പോൾ പ്രജകൾ ഭരണകൂടത്തിൻെറ യന്ത്രസാമഗ്രികളായി മാറി. അതുകൊണ്ട് തന്നെ അവനിൽ മേല്പറഞ്ഞ ഗുണങ്ങളിൽ ഒന്നിൻെറയും ആവശ്യം പ്രകൃത്യാ അവശേഷിക്കാതെ വന്നു.

എന്നാൽ ഇസ്ലാമിൻെറ ആദ്യകാല മാതൃകാസമൂഹത്തിലേക്ക് നോക്കൂ! അവിടെ ഇതിനെല്ലാം വിരുദ്ധമായ പ്രകൃതിദത്തവും, ഹൃദയാന്തരാളത്തിൽനിന്ന് പ്രവഹിക്കുന്നതുമായ കാരുണ്യത്തിൻെറ നിലക്കാത്ത നീരുറവകൾ കാണാം. ആ ഉറവകളിൽനിന്ന് മുളച്ച്പൊന്തി തളിരിട്ട് പന്തലിച്ച ശാന്തി, സമാധാനം, മാനസിക സന്തോഷം, പരസ്പര വിശ്വാസ – സ്നേഹ – സഹായം, ആത്മീയസംതൃപ്തി, സുഖം, സഹാനുഭാവം, അപരൻെറ ജീവിതവൈഷമ്യങ്ങൾ കാണുന്നതിലുള്ള വ്യസനം, തൻെറ ഉത്തരവാദിത്വവും കടമയും താൻതന്നെ നിർവ്വഹിക്കണമെന്ന ബോധം തുടങ്ങി എണ്ണമററ സദ്ഗുണങ്ങളും

www.abulhasanalinadwi.org

സദാചാരങ്ങളും അതിന്റെ മൂർത്തിമത്ഭാവത്തിൽ സമ്പൂർണ്ണ സൗന്ദര്യത്തോടെ സമൂഹത്തിൽ വിളയാടിയിരുന്നു. സമൂഹത്തിലെ ഒരു വിഭാഗവും ഈ ശീതളഛായയിൽനിന്ന് പുറത്ത്പോയിരുന്നില്ല. എന്നാൽ അഭിമാനപൂരിതമായ ഈ മഹദ്ഗുണങ്ങൾ ആ തലമുറയോടുകൂടി നിലച്ചുപോയിട്ടില്ല. ഇനിയും ഏതു കാലത്തും, ഏതു സമുദായവും നിർബ്ബന്ധിതമായി അടിച്ചേല്പിക്കപ്പെടുന്ന കുടുസ്സായ സോഷ്യലിസത്തേക്കാൾ, പ്രകൃതിയുടെ വിളിയും സംതൃപ്തിജന്യവുമായ ഈ ആർദ്രവികാരത്തെ, തങ്ങളുടെ ജീവിതത്തിന്റെ വ്യവസ്ഥയും നിദാനവുമായി കാണുകയാണെങ്കിൽ അവരെല്ലാം പരസ്പര വിശ്വാസ–സ്നേഹ–ഗുണകാംക്ഷയുടെ പ്രതീകമായിതീരുന്നതാണ്. ഓരോ പിൻതലമുറയും മുൻതലമുറയെ ആദരിക്കുകയും അവരുടെ സ്ഥാനമാനങ്ങൾ അംഗീകരിക്കുകയും ചെയ്യും. അവക്ക്വേണ്ടി സദാ പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യും. ഇത്തരക്കാരെകുറിച്ച് അല്ലാഹു പറയുന്നത് കാണുക:

''അവക്ക്ശേഷം വന്നവർ (ഇങ്ങനെ) പ്രാർത്ഥിക്കും: 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും, വിശ്വാസത്തിൽ ഞങ്ങളെ മുൻകടന്ന ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുക്കേണമേ! വിശ്വാസികളോട് യാതൊരു പകയും ഞങ്ങളുടെ ഹൃദയത്തിൽ നീ ഉണ്ടാക്കരുതേ! ഞങ്ങളുടെ നാഥാ! നിശ്ചയം നീ വളരെ ദയയുള്ളവനും കരുണാവാരിധിയുമാണ് ''

ഇത്തരത്തിലുള്ള ഒരു സമൂഹത്തിൽ ഓരോ വ്യക്തിയും തന്റെ സഹോദരന്റെ ദർപ്പണമായി വർത്തിക്കും. തന്നെപ്പോലെ തന്റെ സഹോദരനെയും അവൻ കാണും. ആ സഹോദരനിലുള്ള ആക്ഷേപങ്ങളും, അപഹാസ്യതകളും, കുററങ്ങ

---

والذين جاؤا من بعدهم يقولون ربنا اغفرلنا ولاخواننا الذين سبقونا بالايمان ولاتجعل فى قلوبنا غلا للذين آمنوا ربنا انك رؤوف رحيم الحشر: ١٠

www.abulhasanalinadwi.org

ളും, കറവുകളും അവർ കണ്ടറിഞ്ഞു പരിഹരിക്കും. തങ്ങൾ ക്ക് എന്താണോ ഇഷ്ടപ്പെടുന്നത് അത്മാത്രമേ തങ്ങളുടെ സഹോദരനും അവർ ഇഷ്ടപ്പെടുകയുള്ളൂ.

''നിങ്ങൾ അത് (ആയിശയെ കറിച്ചുള്ള ആരോപണം) കേട്ട പ്പോൾ സത്യവിശ്വാസികളും സത്യവിശ്വാസിനികളും ത ങ്ങളെസംബന്ധിച്ച് നല്ലത് വിചാരിക്കുകയും ഇത് വ്യക്ത മായ അപവാദമാണെന്ന് പറയുകയും ചെയ്യാത്തതെന്ത് ? ''

ഇത്തരത്തിലുള്ള സമൂഹത്തിൽ ഓരോ അംഗവും മാന്യനും, വിശ്വസ്തനും, ഭക്തനും, കാവൽഭടനും, അഭയസ്ഥനുമാ യിരിക്കും. നബി (സ) പറഞ്ഞു: ''ഓരോ മുസ്ലിമും അന്യോ ന്യം സഹോദരരാണ്. അവർ പരസ്പരം വഞ്ചിക്കുകയില്ല; കളവ് പറയുകയില്ല; അവമതിക്കുകയില്ല; നിസ്സഹായനായി കയ്യൊഴിക്കുകയില്ല. ഒരു മുസ്ലിമിൻെറ അഭിമാനവും ധനവും രക്തവും മററൊരു മുസ്ലിമിന് ഹറാമാണ്.'' * ഇതേ സമൂ ഹത്തെപററിയാണ് അവിടുന്ന് പറഞ്ഞത്:

''പരസ്പര സ്നേഹ-കരുണ-കൃപാ തുടങ്ങിയതിൽ സത്യവിശ്വാ സികളുടെ ഉപമാനം ഒരു മനുഷ്യശരീരമാണ്. അതിൻെറ ഏതെങ്കിലും ഒരവയവം വേദനകൊണ്ട് വിഷമിച്ചാൽ മററ വയവങ്ങളും ജ്വരം ബാധിച്ച്, ഉറക്കമൊഴിക്കാൻ മുന്നോട്ട് വരും.'' (ബു.മു.)

നേരെമറിച്ച് എത്രയോ രാജ്യങ്ങളിൽ ഇന്ന് ജീവിതം നരകമായി മാറിയിരിക്കുന്നു.

---

لولا اذ سمعتوه ظن المؤمنون والمؤمنات بأنفسهم خيرا وقالوا
هذا افك مبين (النور : ١٢)

* رواه الترمذى عن ابى هريرة رضى الله عنه

مثل المؤمنين فى توادهم وتراحمهم وتعاطفهم مثل الجسد، اذا اشتكى
منه عضو تداعى له سائر الجسد بالسهر والحمى (متفق عليه)

www.abulhasanalinadwi.org

''ഓരോ സമുദായം കടന്നുവരുമ്പോഴും അതിൻെറ സഹോദ രസമുദായത്തെ അത് ശപിക്കുന്നു.''

ഓരോ 'ഗവേഷകനും' രംഗത്ത് വരുമ്പോൾ തൻെറ മുൻഗാമിയെ വിമർശിക്കുകയും ചതിയും വഞ്ചനയുംകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്യുന്നു. സാരഥികളായി സ്ഥാ നമെടുക്കുന്നവർ എതിരാളിയോട് പ്രതികാരം ചെയ്യാനും അവനെ ക്രൂശിക്കാനും മുതിരുന്നു. അക്രമത്തിൻെറയും പീ ഡനത്തിൻെറയും എല്ലാ മുറകളും പ്രയോഗിക്കുന്നു. അല്ലാ ഹു പറയുന്നത് കാണുക:

''അവർ അധികാരമേററുകഴിഞ്ഞാൽ, ഭൂമിയിൽ കുഴപ്പമുണ്ടാ ക്കാനും കൃഷികളും ജീവജാലങ്ങളും നശിപ്പിക്കാനും പരി ശ്രമിക്കും. അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല.''

ഇനി ഇപ്പോൾ ഈ സുപരിചിതവും സത്യവുമായ പാത യേക്കാൾ അപരിചിതവും ദുഷ്കരവുമായ മറെറാരു പാതക്ക് പ്രാധാന്യം കൊടുക്കുകയാണെങ്കിൽ അത്തരക്കാരെകുറിച്ച് ഉപമിക്കാൻ അല്ലാഹു പറഞ്ഞ ഒരു വാക്കുണ്ട്:

''ഉത്തമമായതിന് പകരം താണത് നിങ്ങൾ ആവശ്യപ്പെടുക യാണോ? (എങ്കിൽ) ഒരു പട്ടണത്തിലേക്ക് നിങ്ങൾ ഇറങ്ങി പ്പോകുവീൻ; നിങ്ങൾ ആവശ്യപ്പെടുന്നത് നിങ്ങൾക്കവിടെ കിട്ടും.''

---

كلما دخلت امة لعنت اختها — الاعراف : ٣٨

واذا تولى سعى فى الارض ليفسد فيها ويهلك الحرث والنسل والله لا يحب الفساد — البقرة : ٢٠٥

أتستبدلون الذى هو ادنى بالذى هو خير اهبطوا مصرا فان لكم ما سألتم — البقرة : ٦١

www.abulhasanalinadwi.org

# സ്വൗമ്

يا ايها الذين آمنوا كتب عليكم الصيام كما كتب على الذين من
قبلكم لعلكم تتقون — البقرة ۱۷۳

## മാലാഖയല്ല; മൃഗവുമല്ല.

മനുഷ്യൻ മൃഗത്തിൻെറയും മാലാഖയുടെയും ഇടക്കുള്ള ജീവിയാണ്. അവനിൽ ഈ രണ്ട് വിരുദ്ധ സൃഷ്ടികളുടെയം പ്രകൃതി അവ്യക്തവും അതിലോലവുമായ രൂപത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാലാഖയുടെയും മൃഗത്തിൻേറയും ഗുണഗണങ്ങളും പ്രത്യേകതകളും കൂടി ചേർന്ന അത്ഭുതകരവും അസാധാരണവുമായ ഒരു സൃഷ്ടിയാണ് മനുഷ്യൻ. ഏതൊരുദ്യോഗം നിർവ്വഹിക്കാനും, ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനും വേണ്ടിയാണോ അവൻ സൃഷ്ടിക്കപ്പെട്ടതും ആജ്ഞാപിക്കപ്പെട്ടതും അതിനാവശ്യമായ ഗുണങ്ങളും കഴിവുകളും അവന് നൽകിയിരിക്കുന്നു. പ്രസ്തുത ഉദ്യോഗ നിർവ്വഹണത്തിനും ലക്ഷ്യ സഫലീകരണത്തിനും മലക്കുകളോ മൃഗങ്ങളോ പര്യാപ്തരല്ല. ഖിലാഫത്ത്, അമാനത്ത്, ഇബാദത്ത് എന്നിവയാണ് ആ ഉദ്യോഗവും ലക്ഷ്യവും. വിശുദ്ധ ഖുർആൻ അത് വിശേഷിപ്പിക്കുന്നതിങ്ങനെയാണ്: *

---

* واذ قال ربك للملئكة إنى جاعل فى الارض خليفة قالوا اتجعل فيها من يفسد فيها ويسفك الدماء ونحن نسبح بحمدك ونقدس لك قال إنى اعلم مالا تعلمون — البقرة ۳۰

www.abulhasanalinadwi.org

''നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം; ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിയമിക്കുവാൻ പോകുന്നു. അവർ ചോദിച്ചു: രക്തം ചിന്തുകയും കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരെ നീ അതിൽ നിയമിക്കുകയാണോ? നിന്റെ പരിശുദ്ധിയെ വാഴ്ത്താനും സ്തോത്രം പ്രകീർത്തനം ചെയ്യാനും ഞങ്ങളുണ്ടല്ലോ. അല്ലാഹു പറഞ്ഞു: നിങ്ങൾ അറിയാത്തത് ഞാൻ അറിയുന്നു.''

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: *

''ആകാശ ഭൂമികളോടും പർവ്വതങ്ങളോടും 'അമാനത്ത്' വഹിക്കുവാൻ നാം ആവശ്യപ്പെട്ടു. അപ്പോൾ അത് വഹിക്കുവാൻ അവ വിസമ്മതിക്കുകയും ഭയപ്പെടുകയും ചെയ്തു. മനുഷ്യൻ അതു വഹിക്കുകയും ചെയ്തു. നിശ്ചയം അവൻ വളരെയധികം അക്രമിയും വിവരംകെട്ടവനുമായി.''

മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു: **

''മനുഷ്യനെയും ജിന്നിനേയും എനിക്ക് മാത്രം ഇബാദത്ത് ചെയ്യുവാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. അവരിൽ നിന്നും ഞാൻ ആഹാരം ഉദ്ദേശിക്കുന്നില്ല. എന്നെ അവർ ഭക്ഷിപ്പിക്കണമെന്നും എനിക്കാഗ്രഹമില്ല.''

**ഖിലാഫത്തിന്റെ തേട്ടങ്ങൾ**

മനുഷ്യന് ലഭിച്ച 'ഖിലാഫത്തെ'ന്ന പദവി, അതിന്റെ ദാതാവിനോടും അതേററെടുത്തവരോടും ശക്തമായ ചില ബന്ധങ്ങൾ തേടുന്നു. ദാതാവിൽ നിന്ന് അവന്റെ ഗുണ വൈശിഷ്ട്യങ്ങളുടെ പ്രതിച്ഛായ 'ഖിലാഫത്ത്'

---

* انا عرضنا الامانة على السموات والارض والجبال فابين ان يحملنها واشفقن منها وحملها الانسان انه كان ظلوماً جهولاً - الاحزاب ٧٢

** وما خلقت الجنّ والانس الا ليعبدون ما اريد منهم من رزق وما اريد ان يطعمون — الذاريات ٥٦، ٥٧

www.abulhasanalinadwi.org

കൈക്കൊണ്ടു. ഔന്നത്യം, പരിശുദ്ധി, അദ്വിതീയത്വം, പരാശ്രയരാഹിത്യം, കരുണ, ഔദാര്യം, ആർദ്രത, പുണ്യം, സഹനം, വിവേകം, ശക്തി, സമാധാനം............ഇങ്ങനെ പോകുന്നു ആ ഗുണവൈശിഷ്ട്യങ്ങൾ. മനുഷ്യന്റെ ഗത കാല സംഭവ പരമ്പരകളിലും, ചരിത്രത്തിന്റെ നിഖില ദശകളിലും 'ഖിലാഫത്ത്' പ്രസ്തുത മഹത് ഗുണങ്ങളുടെ പ്രതിച്ഛായ മുഖേന അന്തസ്സ് കരസ്ഥമാക്കുകയുണ്ടായി.

ആ സദ്ഗുണങ്ങളുടെ വക്താക്കൾക്കും വാഹകർക്കും സ്നേഹാദരവുകളോടെ അത് കീഴൊതുങ്ങിക്കൊടുത്തു. മേൽ പറഞ്ഞ മഹത് ഗുണങ്ങളുൾക്കൊള്ളാൻ കഴിയാത്തവർക്ക് അതേറ്റെടുക്കാനും കഴിഞ്ഞില്ല. അവരുടെ മനഃകരുത്ത് 'ഖിലാഫത്തി'ന്റെ മുമ്പിൽ ക്ഷയിച്ചുപോയി.

എന്നാൽ അതേറ്റെടുത്ത മനുഷ്യരിൽ നിന്നും അവരുടേതായ പ്രത്യേകതകളും ഗുണഗണങ്ങളും 'ഖിലാഫത്ത്' സ്വീകരിച്ചു. അങ്ങനെയാണ് മനുഷ്യന്റെ ദൗർബല്യങ്ങളിലും വേദനകളിലും ആഗ്രഹങ്ങളിലും പങ്കുചേരാനും, അവന്റെ ഭരണം നന്നാക്കിത്തീർക്കാനും, അവനിൽ നിലീനമായ ഓരോന്നിനേയും അതാതിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനും ഭൂമിയിൽ നിക്ഷിപ്തമായ സമ്പത്തും നിധികളും ഉപയോഗപ്പെടുത്താനും 'ഖിലാഫത്ത്' തീരുമാനിച്ചത്. തദ്വാര മനുഷ്യനിൽ ഭോഗ—ഭോജന ചിന്തയും, ക്ഷുത്പിപാസയും, ക്ഷേമ തൽപരതയും, സുഖാന്വേഷണവും, നവ്യതകളോടാഭിമുഖ്യവും, നഗര വല്ക്കരണ വാസനയുമെല്ലാം സൃഷ്ടിക്കപ്പെട്ടു.

## ദേഹവും ദേഹിയും

ഈ അടിസ്ഥാനത്തിൽ ദേഹവും ദേഹിയും കൂടിയതാണ് മനുഷ്യൻ. അതുകൊണ്ട് ദേഹി അതിന്റെ ലക്ഷ്യത്തിലേക്കും മാർഗ്ഗത്തിലേക്കും അവനെ ക്ഷണിക്കുന്നു. അതിന്റെ ഉദ്യോഗവും കേന്ദ്രവും അവനെ ഓർമ്മപ്പെടുത്തുന്നു. അവൻ വന്ന ലോകത്തിന്റെ കവാടം തുറന്നുകൊ

www.abulhasanalinadwi.org

ടുക്കുന്നു. ആ ലോകത്തിന്റെ വിശാലതയും സൗന്ദര്യവും നിർമ്മലതയും പരിശുദ്ധിയും അവനെ പറഞ്ഞ് കേൾപ്പിക്കുന്നു. അവന്റെ അന്തഃകരണത്തിൽ ആ ലോകത്തോടുള്ള അനുരാഗവും അനുഭൂതിയും ഊട്ടിയുറപ്പിക്കുന്നു. തിങ്ങിയതും മാരിച്ചതുമായ ഭൗതികജീവിതത്തിനെതിരെ അവനിൽ വിപ്ളവാഗ്നി ജ്വലിപ്പിക്കുന്നു. ഈ ഇടുങ്ങിയ കൂട്ടിൽനിന്ന് — അത് കാഞ്ചനക്കൂടാണെങ്കിൽപോലും — മോചനം നേടാൻ ആജ്ഞാപിക്കുന്നു. അനന്തവിശാലമായ അന്തരീക്ഷത്തിൽ പറക്കാൻ ശക്തിയായി പ്രേരിപ്പിക്കുന്നു. അത് പറയുന്നു:

"ഹേ മനുഷ്യാ, നീ ജീവിതത്തിലെപ്പോഴെങ്കിലും— ദിവസങ്ങളോ മാസങ്ങളോ കൊല്ലങ്ങളോ— നിന്റെ പരിചിതമായ അഭിരുചികളിൽ നിന്നും, അനിവാര്യമായ ആവശ്യങ്ങളിൽ നിന്നും, ഇണങ്ങിച്ചേർന്ന മാമൂലുകളിൽനിന്നും, ശീലിച്ച ആചാരങ്ങളിൽനിന്നും ഒന്നു വിട്ടുനിൽക്കൂ! നിന്നെ ബന്ധിച്ചിരിക്കുന്ന ചങ്ങലകൾ അറുത്തുമുറിക്കൂ!" ഭക്ഷണപാനീയങ്ങൾ മുമ്പിൽ കൂമ്പാരമായിരിക്കുമ്പോൾ, സുലഭമായി അതുപയോഗിക്കാൻ സാധിക്കുമ്പോൾ, ദേഹി ഉപദേശിക്കുകയാണ്: 'നീ പട്ടിണി കിടക്കണം - നീ ദാഹിക്കണം.' ആ വിശപ്പിലും ദാഹത്തിലും, വിഭവസമൃദ്ധമായ ആഹാരങ്ങളിൽനിന്നു ലഭിക്കാത്ത ഒരു പ്രത്യേകതരത്തിലുള്ള അനുഭൂതി അവനു ലഭിക്കുന്നു. അപ്പോൾ കൈവരുന്ന അല്പസമയത്തെ മനസ്സാന്നിദ്ധ്യം, ഹൃദയശാന്തി, ആത്മശുദ്ധി, ആത്മാശയവിശ്രമം, ആത്മസുയൂജ്യം, ദേഹേച്ഛാമോചനം, ജീവിതചിട്ടകളെന്ന ചട്ടക്കൂടിനോടുള്ള വിട തുടങ്ങിയ കാര്യങ്ങളെല്ലാം ഒരു വലിയ സൗഭാഗ്യവും സാഫല്യവുമായി അവൻ കാണുന്നു. അതിലവൻ തന്റെ സമ്പൂർണ്ണതയും ആത്മശാന്തിയും കണ്ടെത്തുന്നു, അല്ല, ജീവിതത്തിന്റെ കാന്തിയും മാധുര്യവും അതിൽ മാത്രമാണെന്ന് വിചാരിക്കുന്നു. ഒരു പക്ഷി ചേക്കേറുന്നതുപോലെ, ഒരു മത്സ്യം വെള്ളത്തിലേക്ക് എടുത്തുചാടുന്നതുപോലെ, അതിൽ അവൻ അഭയം തേടുന്നു. ഇതെല്ലാം അവനിൽ നിക്ഷിപ്തമായ, അ ലൗകിക ലോകത്തുനിന്ന്

www.abulhasanalinadwi.org

ലക്ഷ്യമായ ആത്മാവിൻെറ പ്രവർത്തനങ്ങളാണ്. എന്നാൽ*

''ആത്മാവിനെ സംബന്ധിച്ച് അവർ നിന്നോടു ചോദിക്കുന്നു; പറയുക: ആത്മാവ് എൻെറ നാഥൻെറ കല്പനയിൽപെട്ടതുമാണ്.''

''അവനിൽ ഞാൻ എന്നിൽനിന്നുള്ള ആത്മാവിനെ ഊതുകയും ചെയ്തു.'' **

മറുവശത്ത് ദേഹമാണ്. അത് അതിൻെറ കേന്ദ്രത്തിലേക്കും ലക്ഷ്യത്തിലേക്കും അവനെ ക്ഷണിക്കുന്നു. ഏതാണാ കേന്ദ്രം? തനിമണ്ണ്. അതാകട്ടെ പരുപരുത്ത് തണുത്തുറച്ച തറ. വേറെയും ഗുണങ്ങൾ അതിനുണ്ട്. ഭാരവും അധമത്വവും അതിൻെറ മുഖമുദ്രകളാണ്. അല്ലാഹു പറയുന്നു: ***

''സത്യമായും പാകപ്പെടുത്തിയ ചെളി ഉണങ്ങി ഉറച്ചുണ്ടായ, മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണുകൊണ്ടു മനുഷ്യനെ നാം സൃഷ്ടിച്ചു.''

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ****

''അപ്പോൾ അവരാണോ അതല്ലാ (മലക്കുകൾ, ആകാശങ്ങൾ, ഭൂമി തുടങ്ങി) നാം സൃഷ്ടിച്ചവരാണോ സൃഷ്ടിയിൽ ഏററവും ശക്തിയുള്ളവരെന്ന് അവരോട് അന്വേഷിക്കുക; നിശ്ചയം നാമവരെ ഒട്ടിപ്പിടിക്കുന്ന കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചു.'' ഇനിയും അല്ലാഹു പറയുന്നതു

---

* ويسئلونك عن الروح قل الروح من امر ربّي - الاسراء ٨٥

** ونفخت فيه من روحي — الحجر ٢٩

*** ولقد خلقنا الانسان من صلصال من حماء مسنون - الحجر ٢٦

**** فاستفتهم اهم اشد خلقاً ام من خلقنا انا خلقناهم من طين لازب — الصافات ١١

www.abulhasanalinadwi.org

കാണുക : * ''ഓടുപോലെ മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണു കൊണ്ട് മനുഷ്യനെ അവൻ സൃഷ്ടിച്ചു.''

ദേഹിയുടെ അധികാരം മർത്ത്യനിൽ ദുർബ്ബലമാകുമ്പോഴും, അല്ലെങ്കിൽ അധികാരത്തിന്റെ കടിഞ്ഞാൺ ദേഹത്തിന്റെ കരങ്ങളിൽ പൂർണ്ണമായി അമർന്നുകഴിയുമ്പോഴും, അവൻ സുഖഭോഗങ്ങളുടെയും ശരീരേച്ഛകളുടെയും അടിമയായിത്തീരുന്നു. അതോടെ അവൻ മൃഗങ്ങളെപോലെ വിഹരിക്കുന്നു. സ്വബോധം നഷ്ടപ്പെട്ട് അലക്ഷ്യമായി അലയുന്നു. 'അവനിലെ മൃഗം' ഉയർത്തെഴുന്നേൽക്കുന്നു. ദേഹാഭിലാഷ സഫലീകരണാർത്ഥം ചുററി നടക്കുന്നവൻ ചുററുപാടുകളെ പൂർണ്ണമായി വിസ്മരിക്കും. അവൻ തന്റെ ധിഷണാ വ്യാപാരം മുഖേന ബുദ്ധിയുടേയും, സദാചാരത്തിന്റെയും നീതിയുടെയും നിയതിയുടെയും ആരോഗ്യത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും അതിർവരമ്പുകളെയെല്ലാം ലംഘിച്ചു മുന്നേറാൻ പററുന്ന സരണികൾ കണ്ടുപിടിക്കും. അവന്റെ മനക്കരുത്തും ബുദ്ധികൂർമ്മതയും എന്നുവേണ്ട സർവ്വകഴിവുകളും ഭക്ഷണപാനീയങ്ങൾ വിഭവസമൃദ്ധമാക്കുന്നതിൽ ഒതുങ്ങും. അമിത ഭോജനത്തിന് സഹായകമായ സാധനങ്ങൾ എന്ത്? വിശപ്പും ദഹനവും നൽകുന്ന മരുന്നുകളെന്തെല്ലാം? ഭക്ഷണത്തോട് ആഭിമുഖ്യം സൃഷ്ടിക്കുന്ന വസ്തുക്കളെന്തെല്ലാം? ഉടനെ ദഹനപ്രക്രിയക്കുപയുക്തമായ ഫലങ്ങളെന്തെല്ലാം? ഇങ്ങനെ പോകുന്നു അവന്റെ ചിന്തകൾ. ചുരുക്കത്തിൽ മർത്ത്യൻ ഇന്ന്–അബ്ദുൽ ബാരി നദ്‌വി പറഞ്ഞത്പോലെ–''ശാസ്ത്രത്തിന്റെ ദന്തഗോപുരത്തിലാണ്; നാഗരികതയുടെ ഉച്ചിയിലാണ്; സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും കൊടുമുടിയിലാണ്; എന്നിട്ടും അവൻ ചക്കാട്ടുന്ന കഴുതയോ, നിലം ഉഴുത് മറിക്കുന്ന കാളയോ ആണ്. അവൻ ഡൈനിംഗ് ഹാളിൽനിന്നും ലാട്രിനിലേക്കും, ലാട്രിനിൽനിന്ന് ഡൈനിംഗ് ഹാളിലേക്കും കറങ്ങി ജീവിതം കഴിക്കുന്നു. ആ കറക്കത്തിന്റെ ചുരുക്കപ്പേരാണിന്ന് ജീ

---

* خلق الانسان من صلصال كالفخار — الرحمن ١٤

www.abulhasanalinadwi.org

വിതം. മക്ഷണത്തളികയുടെയും അഴുക്കുചാലിൻെറയും മദ്ധ്യേയുള്ള ദൂരം. ആ തുടക്കവും ഒടുക്കവുമല്ലാതെ മറെറാന്നും അവനറിയില്ല. അതിൻെറ ഇടയിലുള്ള കറക്കമെല്ലാതെ മറെറാരു മഹത്തായ ജിഹാദും ജോലിയും അവനില്ല. തിന്നണം, കുടിക്കണം, സുഖിക്കണം, ആസ്വദിക്കണം, സമ്പാദിക്കാൻവേണ്ടി തിന്നണം, തിന്നാൻവേണ്ടി സമ്പാദിക്കണം എന്ന വിചാരം മാത്രം.''

ഈ അവസ്ഥയെ ഏററവും ഭംഗിയായി ചിത്രീകരിച്ചത് ഖുർആൻ ആണ്: *

''സത്യനിഷേധികരം ഭുജിക്കുകയും ഭോഗിക്കുകയും ചെയ്യുന്നു; മൃഗങ്ങളെപോലെ; അവയും ഭുജിക്കുന്നു. നരകമാണ് അവർക്കുള്ള സങ്കേതം'' വിശുദ്ധ ഖുർആനല്ലാതെ മറെറാരു ഗ്രന്ഥവും ഇത്രയും ഭംഗിയായി ഈ അവസ്ഥ ചിത്രീകരിച്ചിട്ടില്ല ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രകൃതിയുടെ ഫലമാണത്; ദേഹിയുടെ അധികാരസീമയിൽനിന്നു പുറത്തു പോയതുകൊണ്ടാണ്; പ്രവാചകത്വ നിർദ്ദേശങ്ങളും നിയമങ്ങളും തടയപ്പെട്ടതിനാലാണ്; ശരീരത്തിനും അതിൻെറ ഇച്ഛകൾക്കും പൂർണ്ണമായി കീഴ്പ്പെട്ടതു മൂലമാണ്. അങ്ങനെവന്നപ്പോരം ദേഹം അതിൻെറ ഉത്ഭവ കേന്ദ്രത്തിലേക്ക് മടങ്ങി. ഖുർആൻ പറയുന്നു: **

---

* والذين كفروا يتمتعون ويأكلون كما تأكل الانعام والنار مثوى لهم — محمد ١٢

** واتل عليهم نبأ الذى آتيناه آياتنا فانسلخ منها فاتبعه الشيطان فكان من الغاوين. ولو شئنا لرفعناه بها ولكنه اخلد الى الارض واتبع هويه فمثله كمثل الكلب ان تحمل عليه يلهث او تتركه يلهث ذلك مثل القوم الذين كذبوا بآياتنا فاقصص القصص لعلهم يتفكرون

— الاعراف ١١٥ - ١٧٦

www.abulhasanalinadwi.org

''നാം നമ്മുടെ ലക്ഷ്യങ്ങൾ കൊടുത്തു, എന്നിട്ട് അവയിൽ നിന്ന് ഊരിപ്പോടി, അപ്പോൾ പിശാച് അവനെ തൻെറ അനുയായിയാക്കി, അങ്ങനെ വഴിപിഴച്ചവരിൽപെട്ടവനായിത്തീർന്നവൻെറ വൃത്താന്തം അവർക്ക് ഓതികൊടുക്കുക; നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആ ദൃഷ്ടാന്തങ്ങൾ മുഖേന അവനെ നാം ഉയർത്തുമായിരുന്നു. പക്ഷെ, അവൻ ഇഹലോകത്തേക്ക് (മണ്ണിലേക്ക്) ചായുകയും ഇച്ഛയെ പിൻപററുകയും ചെയ്തു. അപ്പോൾ അവൻെറ മാതൃക നായയുടേത് പോലെയാണ്, അതിനെ നീ എതിർത്താലും നാക്ക്നീട്ടും, അതിനെ വിട്ടയച്ചാലും നാക്ക്നീട്ടും. നമ്മുടെ ദൃഷ്ടാന്തങ്ങൾ കളവാക്കിയവരുടെ ഉപമയാണിത്. അത്കൊണ്ട് അവർ ചിന്തിക്കാൻ വേണ്ടി ഈ കഥ അവർക്ക് പറഞ്ഞ് കൊടുക്കുക''

## മാനവ ചരിത്രത്തിൽ ദേഹ-ദേഹീ വടംവലിയുടെ പ്രതിഫലനം

മാനവതയുടെ മതധാർമ്മിക ചരിത്രം യഥാർത്ഥത്തിൽ ഈ രണ്ട് ചേരികളുടെയും വടം വലിയുടെ കഥയാണ്. ചിലപ്പോൾ ദേഹി വിജയിക്കുന്നു. അധികാരത്തിൻെറ ചെങ്കോൽ അതിൻെറ കരങ്ങളിൽ നിക്ഷിപ്തമാകുന്നു. അതോടെ പൌരോഹിത്യവും സന്യാസജീവിതവും ഉടലെടുക്കുന്നു. ജീവിതം പാരുഷ്യതയുടെയും വൈരാഗ്യത്തിൻെറയും പര്യായമാകുന്നു. ശരീരപീഡനവും, ക്ലേശബാധയും, പട്ടിണി പരിവട്ടവുമാണ് ജീവിതവിജയമെന്ന് ഗണിക്കപ്പെടുന്നു. അങ്ങനെ വനവാസവും ഏകാന്തതയും തിരഞ്ഞെടുത്തു. നിദ്രാവിഹീനതയും സ്വയം താഢനവുമൊക്കെ സൽകർമ്മവും സൗഭാഗ്യവുമായികണ്ടു. മധ്യനൂററാണ്ടുകളിലെ യൂറോപ്യൻ പാതിരിമാരുടെയും മതപുരോഹിതന്മാരുടെയുംസംഭവകഥ ആർക്കും അജ്ഞാതമല്ല. ഇതിനെ സംബന്ധിച്ച് W. E. H Lecky തൻെറ History of European Morals എന്ന കൃതിയിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

www.abulhasanalinadwi.org

ഖുർആൻപറയുന്നു: * ''സന്യാസജീവിതത്തെ അവർ പുതുതായുണ്ടാക്കി. നാം അതവർക്ക് നിയമിച്ചിട്ടില്ല. എന്നാൽ അല്ലാഹുവിൻെറ തൃപ്തിതേടിക്കൊണ്ട് ( അതവർ പുതുതായുണ്ടാക്കി ) എന്നിട്ട് അനുഷ്ഠിക്കേണ്ട മുറപ്രകാരം അവരത് അനുഷ്ഠിച്ചില്ല.''

ഇതിൻെറ ഫലമായി മനുഷ്യ ശരീരവും ധിഷണയും മരവിക്കുകയും ദുർബ്ബലമാവുകയും ചെയ്തു. രക്തബന്ധങ്ങൾ കെട്ടഴിഞ്ഞു. മാനവസമൂഹം ഭീകരമായ വിനാശത്തിന് വിധേയമായി. അവൻെറ ശിരസ്സിൽ ദൈവം അർപ്പിച്ച ഖിലാഫത്തിൻെറ ഉത്തരവാദിത്വം പാടെ വലിച്ചെറിഞ്ഞു. തൻെറ കർത്തവ്യവും പ്രവർത്തനമണ്ഡലവും വലിച്ചെറിഞ്ഞ് മാലാഖമാരെ മാതൃകാ പുരുഷൻമാരായി സ്വീകരിച്ചു. എന്നുമാത്രമല്ല അവരിലേക്ക് അസൂയാജന്യമായ നോട്ടമാണ് നോക്കിയത്. എന്നാൽ മാലഖമാർ സാഷ്ടാംഗം ചെയ്യുകയും അസൂയ പ്രകടിപ്പിക്കുകയും ചെയ്ത മനുഷ്യനാണ് താനെന്ന വാസ്തവം അവൻ വിസ്മരിച്ചു.

ചിലപ്പോാൾ വടം വലിയിൽ ദേഹം വിജയിക്കുന്നു. അപ്പോൾ ശരീരത്തിൻെറ ആഗ്രഹങ്ങളും മൃഗീയ വാസനകളും രണംഏറ്റെടുക്കുന്നു. അതോടെ ബുദ്ധിയുടെയും മതത്തിൻെറയും സൽസ്വഭാവങ്ങളുടെയും അതിർ വരമ്പുകൾ അതിലംഘിച്ചുകൊണ്ട്, ആത്മീയതയുടെ സർവ്വസരണികളും മുറിച്ചു കടന്ന്, സർവ്വതന്ത്ര സ്വതന്ത്രനായി, ഭൗതികത്വത്തിൻെറ പൂജകനും ആമാശയത്തിൻെറ അടിമയുമായി മനുഷ്യൻ അധഃപതിക്കുന്നു. തൻെറ സുഖഭോഗങ്ങളുടെയും, സൗന്ദര്യ സംവർദ്ധ മാർഗ്ഗങ്ങളുടെയും സഫലീകരണം മാത്രമാണവൻെറ മോഹം. അതിന് എന്ത് മാർഗ്ഗവും സ്വീകരിക്കും; എന്ത് ത്യാഗവും സഹിക്കും. അവിടെ അതിർ വരമ്പുകളും വിലക്കുകളും ഇല്ല. അങ്ങനെ ദേഹിയുടെയും മനഃസാക്ഷിയുടെയും ശുദ്ധ നാള

---

* ورهبانية ابتدعوها ما كتبناها عليهم الا ابتغاء رضوان الله فما رعوها حق رعايتها — الحديد ٢٧

www.abulhasanalinadwi.org

ങ്ങൾ കെട്ടടങ്ങുന്നു. ശരീരത്തിന്റെയും ബുദ്ധിയുടെയും കഴിവുകൾക്കനുസരിച്ച് ആമാശയം കൊഴുത്തതും തടിച്ചതുമാകുന്നു. ഒരു കുടുംബത്തിനും ഗോത്രത്തിനും മതിയായ ഭക്ഷണം അവന് തികയാതെ വരുന്നു. തൽഫലമായി അവനിൽ ഒരു ഭാവനാ ആമാശയവും നിർമ്മിത വയറും രൂപമെടുക്കുന്നു. ഒരു തരം അധമവും മൃഗീയവുമായ വിശപ്പ് അവനെ പിടികൂടുന്നു. ഈ വയറ് നിറക്കാനോ വിശപ്പ് മാററാനോ ഭക്ഷണപാനീയങ്ങൾ ഏത് ഭീമാകാരമായ പാത്രത്തിൽ അളന്നു കൊടുത്താലും സാദ്ധ്യമല്ല. ഏത് ഗോഡൌണും, ഖജനാവും, വസ്തുവകകളും, അതിന്റെ മുന്നിൽ തുച്ഛമായിരിക്കും. ആർത്തി ഏറിവരികയും അത്യാഗ്രഹം അണപൊട്ടി ഒഴുകുകയും ചെയ്യുന്നു. അതോടെ ആക്രമങ്ങളും അനാശാസ്യ പ്രവണതകളും ഉടലെടുക്കുന്നു. മനുഷ്യൻ വന്യമൃഗവുമായി രൂപം പ്രാപിക്കുന്നു. അങ്ങനെ സ്വവർഗ്ഗത്തെ തന്നെ വേട്ടയാടുകയും ഭുജിക്കുകയും ചെയ്യുന്നു. സ്വന്തം കുടുംബത്തിലെ അംഗങ്ങളെ കടിച്ചു കീറി ഭുജിക്കുന്ന മൃഗമായി മനുഷ്യൻ അധഃപതിക്കുന്നു. മതപരവും വിശുദ്ധവുമായ ചില യുദ്ധങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. അവയൊഴിച്ചുള്ള സമസ്ത സംഘട്ടനങ്ങളും സമരങ്ങളും, കുഴപ്പങ്ങളും, യുദ്ധങ്ങളും വിജയങ്ങളുമെല്ലാം ഈ വ്യക്തിയുടെ, അല്ലെങ്കിൽ സമൂഹത്തിന്റെ നിറയാത്ത ഒരു ചാൺ വയറിന് വേണ്ടിയും, ശമിക്കാത്ത വിശപ്പിന് വേണ്ടിയുമായിരുന്നു. അധികാര വടംവലിയുടെയും നേതൃത്വ മോഹത്തിന്റെയും പേരിലായിരുന്നു. ചുരുക്കത്തിൽ മിക്ക കലഹങ്ങളുടെയും കഥ കനകത്തിന്റെ കഥയായിരുന്നു.

## ആമാശയത്തിലെ അജീർണ്ണതയും
### അതിന്റെ അനന്തരഫലങ്ങളും

മനുഷ്യനിലെ ഈ മൃഗീയമായ ആസക്തി വിജയിച്ചു, ജീവിതത്തിന്റെ കടിഞ്ഞാൺ അത് ഏറെറടുത്തു, പഞ്ചേന്ദ്രിയങ്ങളെയും ബോധമണ്ഡലങ്ങളെയും അത് കീഴ്പെടുത്തി, അങ്ങനെ മാനവ സമൂഹത്തിന്റെ അഖില പ്രശ്ന

www.abulhasanalinadwi.org

ങ്ങളും 'ആമാശയ'മാകുന്ന അച്ചുതണ്ടിനെ വലയം ചെയ്യാനും തുടങ്ങി എന്നിരിക്കട്ടെ; എന്നാൽ ഇവിടെ സംഭവിക്കാൻ പോകുന്ന ദുരന്തം അതിഭീകരമായിരിക്കും. മനുഷ്യന്റെയും അവന്റെ അഭിലാഷ സഫലീകരണത്തിന്റെയും ഇടയിൽ യാതൊരു വിലങ്ങുകളും പ്രതിബന്ധങ്ങളും ഇല്ലാതാകുന്നു. തന്റെ ആഗ്രഹങ്ങൾ എന്തു തന്നെയായാലും സാക്ഷാൽകരിക്കപ്പെടണം. തന്റെ ഉത്ഭവത്തെക്കുറിച്ചോ പരിണതിയെക്കുറിച്ചോ ഓർമ്മിപ്പിക്കുന്ന എന്തിനെയും അവൻ വെറുക്കുന്നു. രക്ഷാശിക്ഷകളും, പ്രതിഫലകാംക്ഷയും, കണക്ക് നോട്ടവുമെല്ലാം ഉണ്ടെന്ന ഉദ്ബോധനം അവന് ദുസ്സഹമാണ്. സുദീർഘമായ ജീവിതത്തിൽ പോലും ഒഴിഞ്ഞ സമയമോ, വിശ്രമമുള്ള ഹൃദയമോ, ഉണർന്ന മസ്തിഷ്കമോ, ചൈതന്യമുള്ള മനസ്സോ കണ്ടെത്താൻ കഴിയാതെ വരുന്നു. അതോടെ ഇബാദത്തുകളും, ദൈവസ്മരണയും അതിനോട് ബന്ധപ്പെട്ട മററ് കാര്യങ്ങളും താങ്ങാനാവാത്ത ഒരു ഭാരമായി അനുഭവപ്പെടുന്നു. അത്തരം കാര്യങ്ങളിൽ അഭിരുചിയും വാസനയും നഷ്ടപ്പെടുന്നു. അല്ലാഹു പറയുന്നു: *

''തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുകയും, അവന്റെ സാന്നിദ്ധ്യത്തിലേക്കു മടങ്ങുകയും ചെയ്യുമെന്ന ബോധമുള്ള ഭക്തജനങ്ങൾക്കല്ലാത്തവർക്ക് ആ നമസ്കാരം വലിയ ഭാരമായിരിക്കും.''

''അത്തരം ആളുകൾ നമസ്കരിക്കാൻ നിന്നാൽ അലസന്മാരായിരിക്കും; കേവലം ജനങ്ങൾ കാണുക എന്ന ഉദ്ദേശ്യം മാത്രം; അല്ലാഹുവിനെ അവർ അൽപമല്ലാതെ സ്മരിക്കയില്ല.'' **

---

٭ وانها لكبيرة الا على الخاشعين الذين يظنون انهم ملاقو ربهم وانهم اليه راجعون — البقرة ٤٥-٤٦

٭٭ واذا قاموا الى الصلوة قاموا كسالى يراؤن الناس ولا يذكرون الله الا قليلا — النساء ١٤٢

www.abulhasanalinadwi.org

## ജീവിതസാഫല്യത്തിനും സ്വഭാവരൂപീകരണത്തിനുമാണ് വ്രതം.

വ്യത്യസ്ത കാലങ്ങളിൽ, വിവിധ നാടുകളിൽ ദൈവനിയുക്തരായ പ്രവാചകൻമാർ വന്നു. മർദ്ദിക്കപ്പെട്ട മനുഷ്യത്വം അങ്ങനെ രക്ഷ പ്രാപിച്ചു. ഭൗതികതയുടെ അതിപ്രസരം കടന്നാക്രമണം നടത്തിയ മാനവികതയെ അവർ കൈ പിടിച്ചു കരക്കു കയററി. 'ആമാശയ'ത്തിൻെറ കരാള ഹസ്തങ്ങളിൽനിന്ന് രക്ഷിച്ചു. ശരീരേച്ഛയുടെ ദുർഭഗ വലയത്തിൽനിന്നു മനുഷ്യൻെറ ചിന്തയെ, മേധിയെ, ധിഷണയെ, ഹൃദയത്തെ എല്ലാം അവർ മോചിപ്പിച്ചു. ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളെയും സംശുദ്ധമാക്കി. മനുഷ്യനെ ഏതു ലക്ഷ്യത്തിനാണോ സൃഷ്ടിച്ചത് ആ ലക്ഷ്യം പൂർത്തീകരിക്കാൻ അവനിൽ നവചൈതന്യവും നിത്യയൗവ്വനവും നിലനിർത്തി. അതെ, അവനെ സൃഷ്ടിച്ചത് അല്ലാഹുവിനു മാത്രം ''ഇബാദത്ത്'' ചെയ്യുവാനും അവൻ എത്തിച്ചേരേണ്ടത് പൂർണ്ണ ''വിലായത്തി''ലും ആണ്. ഭൂമിയിലേക്കവൻ നിയോഗിതനായത് ''ഖിലാഫത്തി''നുവേണ്ടിയും.

ഈ ജോലി മാലാഖമാരുടെ ആദ്ധ്യാത്മികത ചെയ്തു തീർക്കേണ്ടതല്ല; മൃഗങ്ങളുടെ ഭൗതികതയ്ക്കും അതിനു സാദ്ധ്യമല്ല. അതിനാൽ അല്ലാഹു വ്രതം നിർബ്ബന്ധമാക്കി. ആമാശയസംബന്ധമായ ഉപദ്രവങ്ങളിൽനിന്ന് അതു മനുഷ്യനെ രക്ഷിക്കും. ശരീരത്തിന് വിനഷ്ടമായ ഉണർവ്വും ഉന്മേഷവും, ചൈതന്യവും അതു മടക്കിക്കൊടുക്കും. കളിയിൽനിന്നു കാര്യത്തിലേക്കും അശക്തിയിൽനിന്നു ശക്തിയിലേക്കും അതു നയിക്കും. ജീവിതത്തിൽ മിതശീലവും മൂല്യശേഷിയും സംരക്ഷിക്കും. അജീർണ്ണതയുടെ അസ്വസ്ഥതയും, ശരീരേച്ഛയുടെ അപഥ സഞ്ചാരവും ഹനിച്ചുകളയും. അങ്ങനെ ദൈവദത്തമായ ഗുണങ്ങൾ മനുഷ്യനിൽ വളരുന്നു. അവൻ സൗഭാഗ്യസമ്പന്നനും സദാചാര മൂർത്തിയുമായി പരിലസിക്കുന്നു. മാലാഖമാരോടും ആത്മീയലോകത്തോടും ബന്ധം സ്ഥാപിക്കുന്നു. ഹൃദയ

www.abulhasanalinadwi.org

വും ആത്മാവും മലർവാടികളിൽ സോല്ലാസം തത്തിപ്പറക്കുന്നു. ആകാശഭൂമികളുടെ അധികാരഗോപുരങ്ങളിൽ അവൻ പാറിപ്പറക്കുന്നു. വിഭവസമൃദ്ധമായ ആഹാരപാനീയങ്ങളിൽനിന്നും, അമിതഭോജനത്തിൽനിന്നും ലഭിക്കാത്ത ഒരു അനുഭൂതി അവനു കൈവരുന്നു. ആ അനുഭൂതി അവ്യാഖ്യേയവും അവർണ്ണനീയവുമാണ്. വ്രതത്തിന് മാത്രമേ അതു സംഭാവന ചെയ്യാൻ കഴിയൂ! അത് അനശ്വരമാണ്.

## വ്രതത്തിന്റെ ഉദ്ദേശ്യവും ജീവിതവ്യവഹാരങ്ങളിൽ അതിന്റെ പ്രതിഫലനവും

മഹാനായ ഇമാം ഗസ്സാലി ചൂണ്ടിക്കാണിക്കുന്നു: ''ദൈവത്തിന്റെ സ്വഭാവഗുണങ്ങളിൽ ചിലതു നേരിട്ടു മനസ്സിലാക്കുക എന്നതാണ് വ്രതംകൊണ്ടുള്ള ഒരുദ്ദേശ്യം. അതിൽപെട്ടതാണ് പരാശ്രയരാഹിത്യം. ദേഹേച്ഛകളെ പരമാവധി കൈവെടിയുന്നതിൽ മാലാഖമാരെ അനുകരിക്കുക; അവർ പൂർണ്ണമായും ദേഹേച്ഛകളിൽനിന്ന് മുക്തരാണ്. മനുഷ്യനാകട്ടെ മൃഗങ്ങളുടെ പദവിയിൽനിന്നും ഉയർന്നവരുമാണ്. തന്റെ ബുദ്ധിയാകുന്ന പ്രകാശദീപം മുഖേന ദേഹേച്ഛയെ ഉടയ്ക്കുവാൻ അവനു കഴിയുന്നു. പക്ഷേ, അവൻ മലക്കുകളുടെ പദവിയിലേക്ക് ഉയർന്നിട്ടുമില്ല. കാരണം ദേഹേച്ഛകൾ അവനെ അടിമയാക്കിയിരിക്കുന്നു. അവയുടെ തീക്ഷ്ണമായ പരീക്ഷണത്തിന് വിധേയനാണ്. ദേഹേച്ഛകളോട് അലിഞ്ഞു ചേരുംതോറും അധഃകൃതരിൽ അധഃകൃതനായി അധഃപതിക്കുന്നു. എന്നാൽ മൃഗീയസ്വഭാവങ്ങൾക്കടിമപ്പെട്ട മനുഷ്യൻ തന്റെ ദേഹേച്ഛകളെ അടിച്ചമർത്തുകയാണെങ്കിൽ ഉന്നതരിൽ ഉന്നതനായി ഉയരുന്നു. അത് മാലാഖമാരുടെ പദവിയോളം ഉയരുവാനും സാദ്ധ്യതയുണ്ട്.'' [ഇഹ്യാ ഉലൂമിദ്ദീൻ വാ: 1, പേ: 212]. ഇത് കൂടുതൽ വിശദീകരിച്ച് അല്ലാമാ ഇബ്നുൽ ഖയ്യിം(റ) എഴുതുന്നതിന്നനെയാണ്:

www.abulhasanalinadwi.org

''ശീലങ്ങളിൽനിന്നും ദേഹേച്ഛകളിൽനിന്നും ശരീരത്തെ തടയുകയാണ് വ്രതംകൊണ്ടുള്ള ഉദ്ദേശ്യം. അവനിൽ നിലീനമായ വൈകാരികശക്തിയെ വേണ്ടവിധം നിയന്ത്രിക്കുക, എങ്കിൽമാത്രമേ ശാശ്വത സൗഭാഗ്യവും വിജയവും കരസ്ഥമാക്കാനും അനന്തമായ ജീവിതം അത്യുൽകൃഷ്ടമാക്കാനും കഴിയൂ. അതിനു ശരീരത്തെ ശുദ്ധീകരിക്കൽ അനിവാര്യമാണ്. പട്ടിണിയും പൈദാഹവും മുഖേന അതിന്റെ മൂർച്ചയെ പാകപ്പെടുത്തുകയും വികാരത്തെ കടിഞ്ഞാണിടുകയും ചെയ്യാം. ദാരിദ്ര്യത്തിന്റെ ഉഗ്രതാണ്ഡവമേററ് പിടയുന്ന പട്ടിണിപ്പാവങ്ങളെ ആ വ്രതം ഓർമ്മപ്പെടുത്തും. ആഹാരപാനീയങ്ങളുടെ സഞ്ചാരപാതയെ തടുക്കുകവഴി പിശാചിന്റെ സഞ്ചാരപാതയെയും തടുക്കുവാൻ കഴിയും. ഇഹപരവിജയത്തിന് കോട്ടം സൃഷ്ടിക്കുന്ന സകല വസ്തുക്കളിലേക്കുമുള്ള ശരീരാവയവങ്ങളുടെ ആകർഷണത്തെ വ്രതം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നോമ്പ് ഭക്തന്മാരുടെ കടിഞ്ഞാണും, ധർമ്മഭടന്മാരുടെ പരിചയും, സജ്ജനങ്ങളുടെ പൂങ്കാവനവുമാണ്.'' [സാദുൽമആദ് വാ: 1, പേ: 152]

അദ്ദേഹം വീണ്ടും കൂടുതൽ വെളിച്ചം നല്കുന്നു: ''ബാഹ്യാവയവങ്ങളെയും ആന്തരികശക്തികളെയും പാപത്തിൽനിന്നു രക്ഷിക്കുന്നതിൽ വ്രതം മഹത്തായ പങ്കു വഹിക്കുന്നു. മോശമായ ചേഷ്ടകളും മോഹങ്ങളും വ്യക്തിയിൽ മേളിക്കുമ്പോൾ ഉണ്ടാകുന്ന ദുർഗുണങ്ങളെയും അധമവിചാരങ്ങളെയും അതു ദൂരീകരിക്കുന്നു. ആരോഗ്യത്തിന് ഹാനി വരുത്തുന്ന സകല വസ്തുക്കളെയും അതു പുറം തള്ളുന്നു. ദേഹ-ദേഹികളിൽനിന്നും വിഷയാസക്തി തട്ടിയെടുത്ത സദാചാരബോധത്തെ മടക്കിവാങ്ങുന്നു. 'തഖ്വ'ക്ക് ഇത്രയും പ്രയോജനപ്രദമായ മറെറാരു വഴിയുമില്ല. അല്ലാഹു കല്പിക്കുന്നു: ''സത്യവിശ്വാസികളെ, നിങ്ങളുടെ മുൻഗാമികളിൽ വ്രതം നിർബ്ബന്ധമാക്കിയതുപോലെ നിങ്ങളിലും വ്രതം നിർബ്ബന്ധമാക്കിയിരിക്കുന്നു, നിങ്ങൾ 'തഖ്വ'യുള്ളവരാകാൻ'' [2:183]. നബി(സ) പറയുന്നു:

* ''വ്രതം പരിചയാകുന്നു.'' അതുകൊണ്ടാണ് വൈവാഹിക ജീവിതത്തിനാഗ്രഹമുണ്ടെങ്കിലും അതിനു കഴിവില്ലാത്ത വ്യക്തി വ്രതമനുഷ്ഠിക്കട്ടെയെന്നു നിർദ്ദേശമുണ്ടായത്. അപ്പോൾ വ്രതം ഒരു പ്രത്യൗഷധമാണ്. നോമ്പിന്റെ ഗുണങ്ങളും ഫലങ്ങളും ശുദ്ധപ്രകൃതിയുടെയും ബുദ്ധിയുടെയും അംഗീകൃതസത്യങ്ങളാണ്. അതുകൊണ്ടുതന്നെയാണ് അല്ലാഹു അവന്റെ ദാസന്മാർക്ക് നോമ്പിനെ അനുഗ്രഹവും, ആവേശവും, പരിചയുമായി നിർണ്ണയിച്ചത്.'' [സാദുൽമആദ്, വാ: 1, പേ: 152]

അല്ലാമാ ഇബ്നുൽ ഖയ്യിം തുടരുന്നു: ''ഹൃദയത്തിന്റെ നന്മയും അല്ലാഹുവിലേക്കുള്ള അതിന്റെ പാതയുമെല്ലാം ആത്മശുദ്ധീകരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കൽകൊണ്ടു ലഭ്യമാകുന്നു. അക്ഷരാർത്ഥത്തിൽ അല്ലാഹുവിലേക്ക് മടങ്ങുന്നതിലാണ് ആരുടെയും വിജയം കുടികൊള്ളുന്നത്. വ്രതം ആന്തരികമായി മനുഷ്യനെ സംശുദ്ധനാക്കുന്നു. അമിതഭോജനം, അമിതഭാഷണം, അമിതസമ്പർക്കം, അമിതനിദ്ര തുടങ്ങിയവ ഹൃദയസാന്നിദ്ധ്യത്തിനും ആത്മീയശുദ്ധിക്കും എതിരാണ്. മാത്രമല്ല, അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് തെററി അലക്ഷ്യമായി വട്ടം കറങ്ങാനും അതു കാരണമാകുന്നു. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് അല്ലാഹു അവന്റെ അപാരമായ അനുഗ്രഹത്താൽ വ്രതം നിർബ്ബന്ധമാക്കിയത്. ഭക്ഷണപാനീയങ്ങളിൽ അമിതവും അനാവശ്യവുമായതിനെ അതു തടുക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് പോകാൻ വിഘാതം സൃഷ്ടിക്കുന്ന എല്ലാ ദേഹേച്ഛകളിൽനിന്നും അതു ഹൃദയത്തെ രക്ഷിക്കുന്നു. ഇഹപര നന്മയല്ലാതെ യാതൊരു തിന്മയും ഇല്ലാത്ത രൂപത്തിലാണ് അല്ലാഹു അതു കനിഞ്ഞരുളിയത്.'' [സാദുൽമആദ് വാ: 1, പേ: 168]

---

* الصوم جنّة

www.abulhasanalinadwi.org

# വ്രതം പൗരാണികമതങ്ങളിൽ

എല്ലാ മതങ്ങളിലും വേദങ്ങളിലും വ്രതം നിയമമായിരുന്നു. പുരാതന മതങ്ങളിൽപെട്ട ഒന്നാണല്ലോ ഹിന്ദുമതം. മദ്രാസ് യൂണിവേഴ്സിററിയിലെ ഫിലോസഫി വകുപ്പ് തലവനായ പ്രൊ: ററി. എം. പി. മഹാദേവൻ ഹിന്ദുമതത്തിൽ ആചരിക്കപ്പെടുന്ന വ്രതത്തെക്കുറിച്ച് എഴുതുന്നു:

''ഉത്സവങ്ങളിലും വാർഷികാഘോഷങ്ങളിലും ചില ദിവസങ്ങൾ വ്രതത്തിനായുമുണ്ട്. ആത്മശുദ്ധിയും ഹൃദയ പരിപോഷണവുമാണതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. പ്രാർത്ഥനക്കും ആരാധനക്കുമായി ദൈവ സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും ചില പ്രത്യേക ദിവസങ്ങളുണ്ട്. അന്ന് അധികപേരും നോമ്പനുഷ്ഠിക്കുന്നു. ആഹാരപാനിയങ്ങൾ വെടിയുകയും നിശാവേളകളിൽ നിദ്രാവിഹീനരായി പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുന്നു. ദൈവചിന്തയിലും വിശുദ്ധ ഗ്രന്ഥപാരായണത്തിലും വ്യാപൃതരാകുന്നു. ഹിന്ദുക്കളിൽ അധികമാളുകളും ''വൈകുണ്ഠ ഏകാദശി'' കൊണ്ടാടുന്നു. വിഷ്ണുവുമായി ബന്ധപ്പെട്ടതാണെങ്കിലും വിഷ്ണുവിനെ ആരാധിക്കുന്നവർ മാത്രമല്ല, മററു പലരും അന്ന് വ്രതമനുഷ്ഠിക്കുന്നു. ഭക്തന്മാർ പകൽ വ്രതമനുഷ്ഠിക്കുകയും രാത്രി ഉറക്കമൊഴിക്കുകയും ചെയ്യുന്നു.

സ്ത്രീകൾ മാത്രം വ്രമനുഷ്ഠിക്കുന്ന ചില ദിവസങ്ങളുണ്ട്. അന്ന് അവർ ഐശ്വര്യത്തിന്റെ ദേവതയെ വിളിച്ച് പ്രാർത്ഥിക്കുന്നു. ഈ ദിവസങ്ങളുടെ പ്രത്യേകത പരിഗണിച്ച് അതിന് ''ബരത'' അല്ലെങ്കിൽ കാരർ എന്ന് പറയുന്നു. ആത്മസംസ്കരണം മാത്രമാണിതുകൊണ്ടവർ ഉദ്ദേശിക്കുന്നത്. ആത്മാവിനുള്ള ഭക്ഷണമായി ഇതിനെ അവർ കാണുന്നു'' [ out lines of Hinduism. Chapter 4, Section 6 ]

www.abulhasanalinadwi.org

എല്ലാ ഹിന്ദിമാസങ്ങളുടെയും പതിനൊന്നും പന്ത്രണ്ടും തീയതികളിൽ ബ്രാഹ്മണർ നോമ്പനുഷ്ഠിക്കുന്നുണ്ട്. ഇതനുസരിച്ച് കൃത്യമായി നോമ്പനുഷ്ഠിക്കുന്ന ഒരു ബ്രാഹ്മണൻ വർഷത്തിൽ 24 ദിവസം അതിനു നീക്കിവെക്കുന്നു. കർക്കശമായ വ്രതാനുഷ്ഠാനമാണ് ജൈനമതവിശ്വാസികളുടേത്. തുടർച്ചയായി നാല്പത് ദിവസമാണ് അവർ വ്രതമനുഷ്ഠിക്കുന്നത്. സയ്യിദ് സുലൈമാൻനദ്‌വി സീറത്തുന്നബിയുടെ അഞ്ചാം വാല്യത്തിൽ എൻസൈക്ലോപീഡിയാ ബ്രിട്ടാണിക്കയിൽനിന്നും ഉദ്ധരിച്ച ഭാഗംകൂടി ശ്രദ്ധിക്കുക:

''പൗരാണിക ഈജിപ്റ്റുകാർ ഉത്സവദിനങ്ങളോടനുബന്ധിച്ച് വ്രതമനുഷ്ഠിച്ചിരുന്നതായി കാണാൻ കഴിയുന്നു. ഗ്രീക്ക്മാസങ്ങളിൽ ഒന്നായ ''തിസ്മൂഫീരിയ'' യുടെ മൂന്നാമത്തെ ദിവസം സ്ത്രീകൾക്ക് മാത്രമുള്ള വ്രതദിനങ്ങളായിരുന്നു. പാഴ്സികൾ സാധാരണയായി വ്രതം അനുഷ്ഠിക്കാറില്ലെങ്കിലും അവരുടെ വേദഗ്രന്ഥങ്ങളിൽ വ്രതാനുഷ്ഠാനം നിർദ്ദേശിച്ചിട്ടുണ്ട്. മതനേതാക്കൾക്ക് പഞ്ചവത്സരവ്രതം നിർബന്ധമായിരുന്നുവെന്ന് അവരുടെ വിശുദ്ധഗ്രന്ഥത്തിൽ വന്ന ഒരു സൂക്തം തെളിയിക്കുന്നു'' [സീറത്തുന്നബി, പേ : 212 വാ : 5]

## ജൂതന്മാരുടെ വ്രതാനുഷ്ഠാനം

ബാബിലോണിയൻ സംഭവത്തിന് ശേഷം യഹൂദികളിൽ വ്രതം ദുഃഖസൂചകമായിട്ടാണ് ആചരിച്ചുപോന്നത്. എന്തെങ്കിലും വിഷമസന്ധികളോ ക്ലേശങ്ങളോ ഉണ്ടായാൽ അവർ വ്രതമനുഷ്ഠിച്ചിരുന്നു. വെളിപാടിന് ഒരുങ്ങുന്ന ജോൽസ്യനും, ആഭിചാരകനും വ്രതാനുഷ്ഠാനം നിർബ്ബന്ധമാണ്. ദൈവകോപം ഭയപ്പെടുന്ന സന്ദർഭങ്ങളിലും യഹൂദികൾ വ്രതം നിർബന്ധമാക്കിയിരുന്നു. രാജ്യം തീക്ഷ്ണ പരീക്ഷണത്തിലൂടെ നീങ്ങുമ്പോൾ, സാംക്രമിക രോഗങ്ങളും ബുദ്ധിമുട്ടുകളും ബാധിക്കുമ്പോൾ, വരൾച്ചയും ദാരിദ്ര്യവും പിടികൂടുമ്പോൾ, രാജാവ് എന്തെങ്കിലും

www.abulhasanalinadwi.org

ലും പ്രധാന കാര്യത്തിന്ന് ഇറങ്ങിത്തിരിക്കുമ്പോഴും എല്ലാം തന്നെ അവർ വ്രതം അനുഷ്ഠിച്ചുപോന്നു.

മോശെ മതത്തിൽ പ്രായശ്ചിത്താർത്ഥമുള്ള വ്രതം കൂടാതെ മററു ധാരാളം വ്രതങ്ങൾ ഉണ്ട്. അത്തരം വ്രതങ്ങൾ യഹൂദ കലണ്ടർ നിറയെ കാണാം. ബാബിലോണിയൻ സംഭവത്തിന്റെ നാളുകളിലെ ജയിൽവാസത്തിന്റെയും പീഡനത്തിന്റെയും സ്മരണയ്ക്കായി ചില പ്രത്യേക ദിനങ്ങളിൽ അവർ ദുഃഖമാചരിക്കുകയും വ്രതം അനുഷ്ഠിക്കുകയും ചെയ്യുന്നു. മെയ്, ജൂൺ, ജൂലായ്, തിബെത്ത് (Tebet) എന്നീ മാസങ്ങളാണ് അതിനു നീക്കിവെച്ചിട്ടുള്ളത്. ചില "തിൽമൂദ്" പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ ഈ നോമ്പ് ഇസ്രായേലിതര ഗവൺമെൻറുകൾക്കുകീഴിൽ കഴിഞ്ഞുകൂടുമ്പോൾ നിർബ്ബന്ധവും, സ്വന്തം ഭരണത്തിൽ ഐച്ഛികവുമാണ്.

ഇതിനു പുറമെ വേറെയും ചില വ്രതങ്ങൾകൂടിയുണ്ട്. അത് അവരുടെ വിവിധ ചരിത്ര സംഭവങ്ങളിലേക്കു സൂചന നല്കുന്നതാണ്. നിർബ്ബന്ധിതമല്ലാത്തതിനാൽ അവയ്ക്കു പ്രചാരം കുറവാണ്. ഏതാണ്ട് ഇരുപത്തിഅഞ്ചോളം വരും അവ.

ചില വ്രതങ്ങൾ പ്രാദേശികവും വിഭാഗീയവുമാണ്. ദീർഘകാലമായി വിവിധ രാജ്യങ്ങളിൽ പാർക്കുന്ന യഹൂദരിൽ സ്ഥലകാല വ്യത്യാസത്തിനനുസരിച്ച് ആ വ്രതങ്ങളിലും മാററമുണ്ട്. അതും വിവിധ ഭരണകൂടങ്ങളിൽ നിന്ന് അവർക്ക് സഹിക്കേണ്ടിവന്ന യാതനകളേയും വേദനകളെയും അനുസ്മരിപ്പിച്ചുകൊണ്ടുള്ളതാണ്. ജൂതരിൽ ചിലർ തങ്ങൾക്ക് നേരിട്ട പീഡനങ്ങളേയും മർദ്ദനങ്ങളേയും സ്മരിക്കാൻ മററുള്ളവരെ ഒഴിച്ചുനിർത്തി നോമ്പനുഷ്ഠിക്കാറുണ്ട്. അത്തരം വ്രതങ്ങളിൽ വ്യക്തിഗതമായ സന്തോഷങ്ങളും സന്താപങ്ങളും പരിഗണിക്കുന്നതായി കാണാം. വർഷാരംഭത്തിലെ ആദ്യ ദിവസത്തെ വ്രതം മിക്ക വിഭാഗങ്ങളും അനുഷ്ഠിക്കുന്നു. പുരോഹിതന്മാരുടെ വകയായി നിർബ്ബന്ധമാക്കിയവയും ഉണ്ട്. സമുദായം

www.abulhasanalinadwi.org

ഘോരമായ പരീക്ഷണങ്ങളെ നേരിടുകയോ, മഴ ലഭിക്കാതെ കഷ്ടപ്പെടുകയോ, ദാരിദ്ര്യം പടർന്നു പിടിക്കുകയോ, മതവികാരത്തെ ചോദ്യം ചെയ്യുന്ന നിയമങ്ങൾ ഭരണകൂടം കൊണ്ടുവരികയോ ചെയ്യുന്ന സന്ദർഭത്തിലാണ് പുരോഹിതന്മാർ ഇത്തരം വ്രതത്തിനുള്ള കല്പനകൾ പുറപ്പെടുവിക്കുന്നത്.

ചിലർ തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും അവസ്ഥകൾക്കനുസരിച്ച് നിർവ്വഹിച്ചിരുന്ന വ്രതവും അതിൽപെടും. ഇത്തരം വ്രതങ്ങൾ വ്യക്തിപരമായ പ്രശ്നങ്ങളെയോ, പ്രായശ്ചിത്തത്തെയോ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അല്ലെങ്കിൽ ദൈവത്തിന്റെ കരുണാ കടാക്ഷത്തെയോ, അപകട മോചനത്തെയോ ലക്ഷ്യംവെച്ച് കൊണ്ടുള്ളത്. പക്ഷേ, ഈ വ്രതം ആരോഗ്യത്തിനോ ഓർമ്മശക്തിക്കോ വല്ല കോട്ടവും വരുമെന്ന് കണ്ടാൽ പണ്ഡിതരും അദ്ധ്യാപകരും അതനുഷ്ഠിക്കരുതെന്ന് ശാസിക്കപ്പെടുന്നു. ജൂതസമൂഹത്തിൽ മറ്റൊരു വിഭാഗം ദുസ്വപ്നങ്ങൾ ദർശിച്ചാൽ വ്രതമനുഷ്ഠിച്ചിരുന്നു. പെരുന്നാൾ സുദിനങ്ങളിൽ വ്രതമനുഷ്ഠിക്കുന്നത് ന്യായ പ്രമാണങ്ങൾ തടയുന്നുണ്ട്. പക്ഷേ, 'തൽമൂദ്' അതനുവദിച്ചുകൊടുക്കുന്നു. എന്നാൽ ഇതൊരു നിബന്ധനയോടുകൂടിയാണ് അനുവദിച്ചിരിക്കുന്നത്; അതായത് മററ് ദിനങ്ങളിൽ ഇതിന്റെ പ്രായശ്ചിത്തമായി വീണ്ടും നോമ്പുതന്നെ അനുഷ്ഠിക്കണം.

യഹൂദികൾ തങ്ങളുടെ വ്രതം പ്രഭാതം മുതൽ ആരംഭിക്കുകയും അസ്തമയ സന്ധ്യയുടെ ആദ്യ നക്ഷത്രം ഉദിക്കുന്നതോടെ അവസാനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ പ്രായശ്ചിത്തത്തിന്ന് നിർദ്ദേശിക്കപ്പെട്ട വ്രതവും 1

---

1 [ഏഴാം മാസമായ 'തിശ്‌രി' (Thishri)യിലെ വ്രതമാണത്. യഹൂദവിജ്ഞാനകോശം, അൽയഹൂദിയത്തു ഫിൽ ഇസ്‌ലാം, Judaism in Islam by Abraham I - Katish - Newyork 1954 പോലുള്ള കൃതികൾ നോക്കുക]

www.abulhasanalinadwi.org

ജൂൺ ഒമ്പതാം നാളിലെ വ്രതവും, 2 ഇതിൽ നിന്നൊഴിവാണ്. അതു രണ്ടും പ്രദോഷം മുതൽ അടുത്ത പ്രദോഷം വരെ നീണ്ടുനിൽക്കും. മററുള്ള സാധാരണ വ്രതങ്ങൾക്ക് പ്രത്യേക നിയമങ്ങൾ ഇല്ല. വ്രതത്തിന്റെ നാളുകളിൽ ദാന ധർമ്മങ്ങളും ദരിദ്ര ജനങ്ങൾക്കാഹാരം നൽകലും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. രാത്രി ഭക്ഷണത്തിന് ദരിദ്രരെ ക്ഷണിക്കുന്നത് പതിവും നിർബ്ബന്ധവും ആണ്. ഇത് ശക്തമായ ഒരു നിർദ്ദേശവും കൂടിയാണ്.

'ആഗസ്ത്' ഒന്ന് മുതൽ ഒമ്പത് വരെയും, 'ജൂലൈ' പതിനേഴ് മുതൽ ആഗസ്ത് പത്തുവരെയുമുള്ള ചില ദിനങ്ങൾ ഭാഗികവ്രതത്തിന് നിർണ്ണയിക്കപ്പെട്ടവയാണ്. അന്ന് മാംസവും മദ്യവും ഉപയോഗിക്കുവാൻ പാടില്ല എന്നതൊഴിച്ചാൽ മററൊന്നും വിരോധിക്കപ്പെട്ടിട്ടില്ല.''

[Jewish Encyclopaedia വാ : 5]

## വ്രതം ക്രൈസ്തവരിൽ

ക്രൈസ്തവരുടെ നോമ്പിനെപ്പററി അല്പം വിശദമായ ചർച്ച അനിവാര്യമാണ്, കാരണം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ചൂഴ്ന്ന് നിൽക്കുന്ന കർമ്മശാസ്ത്രത്തിന്റെ കാര്യത്തിൽ ക്രൈസ്തുമതം മററ് മതങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. മാത്രമല്ല ക്രൈസ്തവമതത്തിലെ ഓരോ നിയമവും കാലാനുകാലങ്ങളിൽ പരിണാമത്തിന് വിധേയമായിട്ടുണ്ട്. രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക മാററങ്ങൾക്കനുസരിച്ച് അത് കർമ്മശാസ്ത്രത്തിലും വ്യക്തമായ മാററങ്ങൾ വരുത്തി. അതുകൊണ്ട് ക്രൈസ്തവ കർമ്മശാസ്ത്രത്തെ ദൈവദത്തം എന്ന് വിശേഷിപ്പിക്കാൻ വിഷമമുണ്ട്. ചരിത്രത്തിന്റെ വിവിധ ദശാസന്ധികളിൽ അതിലുണ്ടായ മാററത്തിരുത്തലുകൾ മനസ്സിലാകാൻ ഒരു ലഘു വിവരണം ഉപകരിക്കും:

''യേശു പ്രവാചകത്വം ലബ്ധിക്കുംമുമ്പ് നാല്പത് ദിവസം നോമ്പനുഷ്ഠിച്ചു. ആ നോമ്പ് മോസസിന്റെ

---

2 [ഹൈക്കൽ ചക്രവർത്തിയുടെ അഗ്നിശിക്ഷയുടെ സ്മരണാർത്ഥമുള്ളത് ]

www.abulhasanalinadwi.org

കൽപനകളിൽപ്പെട്ട പ്രായശ്ചിത്ത വ്രതമായിരുന്നു എന്ന താണ് കൂടുതൽ ശരി. ഒരു നിഷ്കളങ്ക യഹൂദിയെ പോലെയായിരുന്നു അദ്ദേഹവും നോമ്പനുഷ്ഠിച്ചത്. യേശു സ്വന്തമായി ഒരു വ്രതശാസന പുറപ്പെടുവിച്ചിട്ടില്ല. കാരണം പഴയ നിയമങ്ങളുടെ പുനരുദ്ധാരകൻ മാത്രമായിരുന്നു യേശു. അതിന്റെ അടിസ്ഥാനാശയങ്ങളും മൗലിക സിദ്ധാന്തങ്ങളും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയുമാണ് അദ്ദേഹം ചെയ്തത്. ഇതുമാത്രമാണ് കനീസകൾക്ക് അദ്ദേഹം സംഭാവന നൽകിയതും. അതുകൊണ്ട് തന്നെയാണ് വ്രതത്തിന്റെ നിയമങ്ങൾ യേശു നിർദ്ദേശിച്ചതാണെന്ന് ആരും പറയാതിരുന്നത്. എന്നാൽ ക്രൈസ്തവ മതഗ്രന്ഥങ്ങളിൽ ''പോൾസി''ന്റെ വ്രതത്തെക്കുറിച്ചും, ആദ്യകാലത്ത് യഹൂദികളായിരുന്ന ചില കൃസ്ത്യാനികളുടെ പ്രായശ്ചിത്ത വ്രതത്തെക്കുറിച്ചും പരാമർശങ്ങൾ കാണാം. ഫാദർ ലൂക്ക് പ്രസ്തുത വ്രതത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. പക്ഷേ, ഇതര നിയമങ്ങളെ സാംശീകരിക്കുന്ന കൃസ്ത്യാനികൾ ഈ വ്രതത്തിന് കാര്യമായ പ്രാധാന്യം കൽപിക്കുന്നില്ല.

''പോൾസ്'' മരിച്ച് ഒന്നര നൂററാണ്ട് കഴിഞ്ഞതോടുകൂടി വ്രതത്തിന് നിയമ സംരക്ഷണം കൊടുക്കാൻ ക്രൈസ്തവ ലോകം അതിയായി ആഗ്രഹിച്ചു. അങ്ങനെ വ്യക്തികളുടെ അഭീഷ്ടത്തിനനുസരിച്ച് അനുവദിച്ച് കൊടുത്തു. അതോടെ ശാരീരികവും വൈകാരികവുമായ ശക്തി ക്ഷയത്തിന് ധാരാളം പാതിരിമാരും കനീസാ സംരക്ഷകരും നോമ്പ് നോററു. കാരണം അന്ന് ജനങ്ങൾക്കിടയിൽ ഇങ്ങനെ ഒരു ധാരണയുണ്ടായിരുന്നു: ശരീരത്തോട് പ്രതികരിക്കാതെ വിട്ടുനില്ക്കുന്ന വ്രതം ഒരു വ്രതമല്ല; ഒരു ദിവസം, രണ്ടു ദിവസം, തുടർച്ചയായി നാല്പതു മണിക്കൂർ ഇങ്ങനെ വിവിധതരം വ്രതത്തെക്കുറിച്ച് ഐർനീസ് പുരോഹിതന്റെ വാക്കുകളിൽ നിന്ന് മനസ്സിലാക്കാം. ഇതു കുറെക്കാലം തുടർന്നുപോന്നു. ശേഷം ''കുരിശ് സംഭവത്തിന്റെ സ്മരണ'' മുൻനിർത്തിയുള്ള വ്രതം പൊതുജനപ്രീതി പിടിച്ചുപററി. എല്ലാ വാരത്തിലും ബുധൻ, വെള്ളി എന്നീ ദിവസങ്ങളിൽ വ്രതമനുഷ്ഠിക്കുവാൻ തുട

www.abulhasanalinadwi.org

ങ്ങിയത് എ. ഡി. രണ്ടാം നൂററാണ്ടിലാണ്. മാമോദീസ നടത്താൻ ഉദ്ദേശിക്കുന്നവർ ഒന്നോ രണ്ടോ ദിവസം വ്രതമനുഷ്ഠിച്ചിരുന്നു. മാമോദീസ ചെയ്യുന്നവരും അത് നടത്തിക്കൊടുക്കുന്നവരും ഈ വ്രതത്തിൽ പങ്ക് ചേരാറുണ്ടായിരുന്നു. [കൂടുതൽ വിവരത്തിന് Encyclopedia of Religions and Ethics നോക്കുക]

ക്രൈസ്തവരിലെ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ നോമ്പിന്റെ നിയമങ്ങളെ സംബന്ധിച്ചും രീതിയെ സംബന്ധിച്ചും ശാഖാപരമായ അഭിപ്രായഭിന്നതകളുമുണ്ട്. എ. ഡി. രണ്ടും അഞ്ചും നൂററാണ്ടുകൾക്ക് മദ്ധ്യത്തിലാണ് വ്രതത്തിന് കാര്യമായ അടുക്കും ചിട്ടയും വ്യവസ്ഥയുമെല്ലാം കൈവന്നത്. അന്ന് കനീസകൾ വ്രതത്തെ സംബന്ധിച്ചു പല നിയമങ്ങളും നിർദേശങ്ങളും പുറപ്പെടുവിച്ചു. എ. ഡി. നാലാം നൂററാണ്ടിൽ വ്രതം കഠിനവും പരുഷവുമായി. ആശ്വാസ-ലോല-വിശാലാവസ്ഥകൾ അതിൽനിന്ന് ഉന്മൂലനം ചെയ്യപ്പെട്ടു. ഈസ്ററിനു തൊട്ടു മുമ്പുള്ള രണ്ടു ദിവസത്തെ വ്രതം ഈ കാലഘട്ടത്തിലാണ് നിർബ്ബന്ധമാക്കിയത്. അത് പാതിരാത്രിയിലാണ് അവസാനിച്ചിരുന്നതും. രണ്ട് ദിവസങ്ങളിലെ നോമ്പ് അന്നുതന്നെ അനുഷ്ഠിക്കാൻ കഴിയാത്ത രോഗികൾക്ക് 'ശനി'യാഴ്ച ദിവസം നോററുവീട്ടുവാൻ അനുവാദം നൽകപ്പെട്ടിരുന്നു. എ. ഡി. മൂന്നാം നൂററാണ്ടിലാണ് വ്രതദിനങ്ങളുടെ എണ്ണം കൃത്യമായി തീരുമാനിച്ചത്. വ്രതം അവസാനിപ്പിക്കേണ്ട സമയത്തെ സംബന്ധിച്ച് ഭിന്നവിഭാഗങ്ങൾക്ക് അഭിപ്രായൈക്യമില്ല. പ്രഭാതത്തിൽ കോഴി കൂകുന്നതോടെ നോമ്പ് മുറിച്ചിരുന്നു; മററു ചിലർ അതിനു ശേഷമുള്ള കൂരിരുട്ട് നന്നായി വ്യാപിക്കുന്ന സമയത്തും.

എ. ഡി. നാലാം നൂററാണ്ടുവരെ നാൽപതു ദിവസത്തെ വ്രതത്തിനു യാതൊരു തെളിവും കണ്ടെത്തുക സാദ്ധ്യമല്ല. ക്രൈസ്തവർ താമസിക്കുന്ന വ്യത്യസ്ത നാടുകളിലെ ആചാരാനുഷ്ഠാനങ്ങൾക്കനുസരിച്ച് വ്രതാനുഷ്ഠാനത്തിലും വ്യത്യാസം കാണാം. ''ലാനാൻ'' നിവാസികളുടെ

www.abulhasanalinadwi.org

ഗ്രതത്തിൽനിന്നും വ്യത്യസ്തമായ രീതിയാണു റോമാക്കാരുടേയും അലക്സാൺഡ്രിയക്കാരുടേയും വ്രതത്തിനുള്ളത്. ചിലർ മാംസഭക്ഷണം വെടിയുന്നു, ചിലർ മൽസ്യമാംസവും പക്ഷിമാംസവും ത്യജിക്കുന്നു, മററു ചിലർ മുട്ടയും പഴവർഗ്ഗങ്ങളും ഉപേക്ഷിക്കുന്നു, വേറെ ചിലർ ഉണക്കറൊട്ടി മാത്രം കഴിക്കുന്നു, എല്ലാ ഭക്ഷണ പാനീയങ്ങളും വെടിഞ്ഞ് വ്രതമനുഷ്ഠിക്കുന്നവരും ഉണ്ട്. ക്രിസ്താബ്ദത്തോടും ക്രിസ്തുവിൻെറ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളോടും ബന്ധപ്പെടുത്തി, അവയുടെ സ്മരണ നിലനിർത്താൻ കാലാന്തരത്തിൽ വേറെയും കുറെ വ്രതങ്ങൾ ഉടലെടുത്തു. അതിൽ പെട്ടതാണ് ദിവസത്തിൽ മൂന്നോ നാലോ മണിക്കൂർ ആഹാര പാനീയങ്ങൾ ഉപേക്ഷിക്കൽ. കാലചക്രം കറങ്ങുന്നതിനനുസരിച്ച് വ്രതത്തിലും മാററങ്ങൾ വന്നുകൊണ്ടിരുന്നു. അതിനുപുറമെ ഓരോ നാട്ടിലേയും ചർച്ചുകൾ പ്രാദേശികാടിസ്ഥാനത്തിൽ രൂപം കൊടുത്ത വ്രതം വേറെയുമുണ്ട്.

ക്രിസ്തുമതത്തിലുണ്ടായ പരിഷ്കരണ സംരംഭങ്ങൾക്ക് ശേഷം ഇംഗ്ലണ്ടിലെ ചർച്ചുകളും കനീസകളും വ്രതത്തിൻെറ നാളുകൾക്ക് ഒരു ഏകതാനതയും ഐക്യവും നിർദ്ദേശിച്ചു. പക്ഷേ, അതിൻെറ മര്യാദകളും, ചട്ടങ്ങളും, ആദാബുകളുമെല്ലാം വ്രതാനുഷ്ഠാക്കളുടെ അഭീഷ്ടത്തിനു വിട്ടുകൊടുത്തു. എന്നാൽ എഡ്വാർഡ് ആറാമനും, ജിമ്മീസ് ഒന്നാമനും, എലിസമ്പത്തും ഭരിച്ച കാലങ്ങളിൽ ഇംഗ്ലണ്ടിലെ പാർലമെൻറിൽ ഒരു നിയമം പാസ്സാക്കി: 'വ്രതത്തിൻെറ നാളുകളിൽ മാംസം ഭുജിക്കാതിരിക്കുക, പകരം മൽസ്യം ഭുജിക്കുക, കാരണം മത്സ്യ ബന്ധനവും അതിനു വേണ്ടിയുള്ള സമുദ്ര സഞ്ചാരവും മനോധൈര്യത്തിനും കച്ചവടലാഭത്തിനും അത്യുത്തമമാണ്.'' [Encyclopedia of Religions and Ethics—ൽ ക്രിസ്തീയരുടെ വ്രതം Fasting Christian നോക്കുക]

ഇതുകൊണ്ടെല്ലാമാണ് ഇസ്ലാമിൽ വ്രതം നിർബന്ധമാക്കുകയും മുസ്ലിംകളോട് അതനുഷ്ഠിക്കാൻ കല്പി

www.abulhasanalinadwi.org

ക്കുകയും ചെയ്ത സന്ദർഭത്തിൽ അല്ലാഹു പറഞ്ഞത്: *

''സത്യവിശ്വാസികളെ, നിങ്ങളുടെ മുൻഗാമികൾക്കു വ്രതം നിർബ്ബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും വ്രതം നിർബ്ബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ ഭക്തജനങ്ങളാകാൻ.''

## വ്രതത്തിന്റെ എണ്ണവണ്ണ നിർണ്ണയം

ചില പ്രാക്തന മതങ്ങളിലും ശരിഅത്തുകളിലും വ്രതനാളുകൾ എത്രയെന്നോ, എങ്ങനെയെന്നോ കണ്ടെത്തുക സാധ്യമല്ല. അത്തരം മതങ്ങളുടെ അനുയായികളെല്ലാം വ്രതം എങ്ങനെ വേണമെന്ന് സ്വന്തമായി തീരുമാനിക്കുകയായിരുന്നു പതിവ്. അവരുദ്ദേശിക്കുന്ന ദിവസങ്ങളിൽ അവർക്കു നോമ്പനുഷ്ഠിക്കാമായിരുന്നു. ഉദ്ദേശിക്കുന്ന ഭക്ഷണപാനീയങ്ങൾ വ്രതത്തിന്റെ പേരിൽ തള്ളുകയും കൊള്ളുകയും ചെയ്യാമായിരുന്നു. അതുകൊണ്ടാണ് അവരുടെ ചരിത്രം പരിശോധിക്കുമ്പോൾ ചിലരുടെ വ്രതം ക്ഷേണം പാടെ ഉപേക്ഷിച്ചും, മററു ചിലരുടെത് ഭാഗികമായി ഉപേക്ഷിച്ചും, വേറെ ചിലരുടേത് ഭക്ഷണത്തിൽ കുറവ് വരുത്തിയും വിവിധ രൂപത്തിൽ കാണാൻ സാധിക്കുന്നത്. ഇതിന് ഏററവും മികച്ച ഉദാഹരണമാണ് ഇന്ത്യയിലെ പല മതാനുയായികളും അനുഷ്ഠിച്ചുവരുന്ന വ്രതം. ഈ പ്രശ്നത്തിൽ വ്യക്തമായ ഒരു മാനദണ്ഡമോ മാർഗ്ഗദർശനമോ സ്വീകരിക്കാത്തതിന്റെ ഫലം എന്തായിയെന്നല്ലേ?! ഒരു വിഭാഗം വ്രതത്തിന്റെ പേരിൽ മാംസം നിഷിദ്ധമാക്കിയപ്പോൾ മറെറാരു വിഭാഗം തീയിൽ പാകം ചെയ്തത് മാത്രം പാടില്ലെന്നു പറഞ്ഞു. വേറെ ചിലരാകട്ടെ ഉപ്പു ചേർത്തതും മററും നിഷിദ്ധമെന്നു കണ്ടു. [ഗാന്ധിജിയും അദ്ദേഹത്തിന്റെ ഭക്തന്മാരും ഈ വകുപ്പിൽ പെടുന്നു. അവരുടെ ''ബറത്ത്'' അത്തരം ഒന്നാണ്.] ഈ പ്ര

---

* يا ايها الذين امنوا كتب عليكم الصيام كما كتب على الذين من قبلكم لعلكم تتقون — البقرة ١٨٣

www.abulhasanalinadwi.org

വണതകളാണ് യഥാർത്ഥത്തിൽ വ്രതത്തിന്റെ ആത്മീയ തക്ക് പോറലേൽപ്പിച്ചത്. അതുമുഖേന മനുഷ്യന് കൈ വരേണ്ടിയിരുന്ന ശക്തിയും പ്രതിഫലന ശേഷിയും ദുർബ്ബലമായിപ്പോയി. എന്തുകൊണ്ടങ്ങനെ സംഭവിച്ചു? പ്രധാന കാരണം മററൊന്നുമല്ല, വ്രത സംബന്ധമായ പൂർണ്ണാധികാരവും സ്വാതന്ത്ര്യവും അതിന്റെ അനുഷ്ഠാവിന് വിട്ടുകൊടുത്തു. വ്രതം എത്ര? എന്ന്? എന്തിലെല്ലാം? എങ്ങനെ? എത്ര സമയം? ഇതെല്ലാം നിർണ്ണയിക്കാനുള്ള 'ഫുൾ പവർ' നോമ്പുകാരന്റെ കൈയിലാണ്. കാര്യം ഇങ്ങനെ വന്നപ്പോൾ സ്വാഭാവികമായും അതിൽ മടിയും, അശ്രദ്ധയും നിത്യ സംഭവമായി. ആളുകൾ അതിന്റെ അതിരുകൾ അതിലംഘിക്കാൻ തുടങ്ങി. നോമ്പിന്റെ പവിത്രതയും പരിശുദ്ധിയും നഷ്ടപ്പെടുകയും അതിനെ ചോദ്യം ചെയ്യുകയും ചെയ്തു. ആർക്കും ആരോടും കല്പിക്കാൻ പററാത്ത ഒരവസ്ഥ സംജാതമായി. നോമ്പില്ലാത്തവനോട് ഇങ്ങനെ ചോദിച്ചു എന്നുകരുതുക: ''ഇത് നോമ്പിന്റെ ദിവസമാണല്ലോ? നീ എന്തുകൊണ്ട് നോമ്പനുഷ്ഠിക്കുന്നില്ല'' അപ്പോൾ ''എന്റെ നോമ്പ് അവസാനിച്ചു'' എന്ന് അപരന് മറുപടി പറയാം. അതുപോലെ നോമ്പ് തുറക്കുന്ന സമയം 'നീ എന്തുകൊണ്ട് നോമ്പ് തുറക്കുന്നില്ല' എന്ന് ഒരാളോട് ചോദിച്ചു വെന്നിരിക്കട്ടെ 'എന്റെ നോമ്പ് ഇപ്പോൾ തുടങ്ങിയതേയുള്ളു' എന്ന് അവനും മറുപടി പറയാം. ഇതിന്റെയെല്ലാം പരിണതഫലം എന്താണ്? പ്രാക്തന മതങ്ങളിലെല്ലാം വ്രതത്തെക്കുറിച്ചുള്ള മതിപ്പും ബഹുമാനവും ആത്മീയതയും നഷ്ടപ്പെട്ടു. അതുകൊണ്ടുദ്ദേശിക്കപ്പെട്ട ഫലങ്ങളും നേട്ടങ്ങളും ഇല്ലാതായി. വ്രതത്തിന്റെ യഥാർത്ഥ ലക്ഷ്യവും ഉദ്ദേശ്യവും എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. വ്രതത്തിന്റെ ദിവസങ്ങളും സമയവും നിർണ്ണയിച്ചതിലും, അതിന്റെ നിയമങ്ങളോരോന്നും വ്യക്തമായി വിശദീകരിച്ചതിലുമുള്ള യുക്തിയും രഹസ്യവും ഇതെല്ലാമാണ്. പണ്ഡിതവര്യനായ ശാഹ് വലിയുല്ലാ ഹിദഹ്ലവി തന്റെ 'ഹുജ്ജ അതുല്ലാഹിൽ ബാലിഗ'യിൽ ഇതിനെക്കുറിച്ച് എഴുതി:

www.abulhasanalinadwi.org

''വ്രത നിയന്ത്രണ കാര്യത്തിൽ അല്ലാഹു സൃഷ്ടികൾക്ക് അധികാരം വിട്ടുകൊടുത്തിരുന്നുവെങ്കിൽ വ്യാഖ്യാനങ്ങളുടെയും ഉരരിച്ചാടലുകളുടെയും കവാടം മലർക്കെ തുറക്കപ്പെടുമായിരുന്നു. നന്മ കല്പിക്കലും തിന്മ തടയലും അതോടെ നിലക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ഇസ്ലാമിന്റെ പരമപ്രധാനമായ, അല്ലാഹുവിനുള്ള ഈ അനുസരണം പുകമറക്കു പിന്നിലകപ്പെടുകയും ചെയ്യുമായിരുന്നു.'' നോമ്പിന്റെ കാലവും എണ്ണവും കൃത്യമായി നിർണ്ണയിച്ചു കണക്കാക്കിയതിന്റെ തത്വം അദ്ദേഹം വിവരിക്കുന്നു:

''അതെപ്പോഴം? എത്ര? എന്നുകൂടി നിർണ്ണയിക്കൽ അനിവാര്യമായിരുന്നു. കാരണം, അതുമുഖേന അമിത വ്രതം തടയപ്പെട്ടു. പ്രയോജനരഹിതവും, അനാവശ്യവുമായ വ്രതങ്ങളിൽനിന്ന് ജനങ്ങൾ രക്ഷ പ്രാപിച്ചു. മതത്തിൽ അതിരുകവിയൽ ഇല്ലാതായി. ഈ അതിരുകവിയൽമൂലമാണല്ലോ ചിലർ ആരോഗ്യം നഷ്ടപ്പെട്ടു ദുർബ്ബലരായി അധഃപതിക്കുന്നതും ഉണർവ്വും ഉന്മേഷവും ഇല്ലാതെ മൃതപ്രായരായിത്തീരുന്നതും. ഹൃദുക്കത്തിൽ മനുഷ്യന്റെ ദേഹിയിൽ അന്തർലീനമായ ക്ഷുദ്രകീടങ്ങളെ പൂർണ്ണമായും നശിപ്പിക്കുന്ന ഒരു മരുന്നായി വ്രതത്തെ അല്ലാഹു നിശ്ചയിച്ചു. അതുകൊണ്ട്തന്നെ അതിന്റെ എല്ലാ അംശത്തിനും കൃത്യമായ അളവും കണക്കും ആവശ്യമായിവന്നു.''

## ഭക്ഷണം കുറയ്ക്കൽ; നിയന്ത്രിക്കൽ; പാടെ വർജ്ജിക്കൽ

ജനസമുദായങ്ങൾക്കിടയിൽ പൊതുവെ അറിയപ്പെടുന്ന രണ്ടുതരം വ്രതങ്ങളുണ്ട്. ഒന്ന്, നിശ്ചിത സമയത്തേക്ക് ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കൽ. രണ്ട്, ഭക്ഷണം കുറക്കുകയോ, ചില ഭക്ഷ്യ വസ്തുക്കൾ മാത്രം വെടിയുകയോ, പരിചയിച്ച ഏതാനും ആഗ്രഹങ്ങളെയും ചര്യകളെയും കൈയൊഴിക്കുകയോ ചെയ്യൽ. ഇതിൽ ഒരു താരതമ്യ പഠനത്തിലൂടെ പരിചയത്തിന്റെയും, ഗവേഷണന്

www.abulhasanalinadwi.org

രീക്ഷണത്തിൻെറയും, മനഃശാസ്ത്ര സിദ്ധാന്തത്തിൻെറയും അടിസ്ഥാനത്തിൽ ഒന്നാമത്തേതിന് പ്രാമുഖ്യം നൽകിക്കൊണ്ട് ശാഹ്‌വലിയുല്ലാ എഴുതുന്നു:

''ഭക്ഷണ പാനീയങ്ങൾ കുറയ്ക്കുന്നത് രണ്ട് രൂപത്തിലാണ്: ഒന്ന് കഴിക്കുന്ന ആഹാരത്തിൻെറ അളവ് കുറയ്ക്കുക. രണ്ട്, ഭോജനത്തിൻെറ ഇടവേളകൾ നീട്ടുക. ഇതിൽ രണ്ടാമത്തേതാണ് ശരീഅത്തിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത്. പട്ടിണിയുടെയും ദാഹത്തിൻെറയും പൂർണ്ണമായ രുചി ആസ്വദിക്കാനും, മനുഷ്യനിലെ മൃഗീയാസക്തിക്ക് ശമനം കണ്ടെത്താനും അതാണുത്തമം. നേരെ മറിച്ച്, ആദ്യം പറഞ്ഞ രൂപമാണെങ്കിൽ, ഭക്ഷണം തുടരെ തുടരെ ചെന്നുകൊണ്ടിരിക്കുന്നതിനാൽ, വ്രതത്തിന് മുമ്പ് നോമ്പുകാരനിൽ ഉണ്ടായിരുന്ന അതേ സ്ഥിതി തന്നെ വ്രതത്തിനു ശേഷവും കാണാൻ കഴിയും. മാത്രമല്ല, അതിൽ പൊതുവെ സർവ്വ സ്വീകാര്യമായി അംഗീകരിക്കാൻ പററുന്ന ഒരു നിയമം കൊണ്ടുവരിക സാദ്ധ്യവുമല്ല. കാരണം, മനുഷ്യരെല്ലാം വ്യത്യസ്ത രൂപത്തിൽ ആഹാരം കഴിക്കുന്നവരാണ്. ചിലർ ഒരു കിലോ ഭക്ഷിക്കുന്നുവെങ്കിൽ മററ് ചിലർ രണ്ട് കിലോ ഭക്ഷിക്കുന്നു. അപ്പോൾ ഏതെങ്കിലും ഒരു തരത്തിലുള്ള അളവ് ഒരാൾക്ക് കൂടുതൽ സുഖവും സന്തോഷവും പ്രദാനം ചെയ്യുമ്പോൾ മററ് ചിലർക്ക് കൂടുതൽ ബുദ്ധിമുട്ടും ക്ലേശവും സൃഷ്ടിക്കും.''

പക്ഷേ, ഈ ഭോജന സമയത്തിൻെറ ഇടവേള ഒരു പരിധിയിലേറെ നീട്ടുന്നതും ശരിയല്ല. അതിൽ ഒരു മിതത്വവും മദ്ധ്യ നിലവാരവും അനിവാര്യമാണ്. ശാഹ് വലിയുല്ലാഹി ദഹ്‌ലവിയുടെ അഭിപ്രായത്തിൽ,

''വ്രതത്തിന് നിർണ്ണയിക്കപ്പെടുന്ന സമയം മനുഷ്യനെ നശിപ്പിക്കുന്നതോ ബുദ്ധിമുട്ടിക്കുന്നതോ ആകാൻ പാടില്ല; ഉദാഹരണമായി ഇടമുറിയാതെ മൂന്നു ദിവസം വ്രതമനുഷ്ഠിക്കണമെന്ന് കല്പിക്കുന്നതു പോലെ! അത് ശറഇൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കെതിരും അധികമാളുകൾക്കും വഹിക്കാൻ കഴിയാത്തതുമാണ്.''

[ഹുജ്ജത്തുല്ലാഹിൽ ബാലിഗ : വാ : 2, പേ :31—37]

www.abulhasanalinadwi.org

## വ്രതം തുടരെത്തുടരെ അല്ലെങ്കിൽ ഇടവിട്ടിടവിട്ട്

പൗരാണിക മതങ്ങളിലെല്ലാമുണ്ടായിരുന്ന വ്രതം അധികവും ഇടവിട്ട് പല കാലങ്ങളിലായിരുന്നു. ഒരു കൊല്ലത്തിൽ വിവിധ സന്ദർഭങ്ങളിലായി അത് വിഭജിക്കപ്പെട്ടിരുന്നു. രണ്ടു വ്രതത്തിന്റെ ഇടയിലുള്ള നാളുകൾ ചിലപ്പോൾ ആ വ്രതം മുഖേന ഉദ്ദേശിക്കപ്പെട്ട നേട്ടങ്ങളും പ്രതിഫലങ്ങളും നഷ്ടപ്പെടുന്നത്ര നീണ്ടുപോകാറുണ്ടായിരുന്നു. അങ്ങനെ ജനങ്ങളുടെ അഭിരുചിയും താല്പര്യവും നശിച്ച്, വ്രതം മുഖേന യാതൊരു പരിവർത്തനവും ഇല്ലാതായിരുന്നു. കാരണം ഇടമുറിയാതെ തുടരെത്തുടരെയായിരിക്കണം വ്രതം; എങ്കിൽ മാത്രമേ അതു മുഖേന ഉണ്ടാകേണ്ട നന്മയും നേട്ടവും ഉണ്ടാവുകയുള്ളൂ. ശാഹ്‌വലിയുല്ലയുടെ വാക്കുകൾ ശ്രദ്ധിക്കുക:

''ഭക്ഷണ പാനീയങ്ങളിൽ നിന്നു വിട്ടുനിൽക്കാനുള്ള സൗകര്യം പല പ്രാവശ്യം ഉണ്ടാവുക; എന്നിട്ട് അപ്പോഴെല്ലാം അതിൽ നിന്ന് അകന്നു നില്ക്കുകയും ചെയ്യുക; അപ്പോൾ മാത്രമേ പൂർണ്ണാർത്ഥത്തിലുള്ള അനുസരണമാവുകയുള്ളൂ. അല്ലാതെ ഒരൊററ വിശപ്പ്കൊണ്ട് മാത്രം –അതെത്ര തന്നെ നീണ്ടതും ശക്തവുമാണെങ്കിലും– യാതൊരു പ്രയോജനവുമില്ല.''

[ഹുജ്ജത്തുല്ലാഹിൽ ബാലിഗ : വാ : 2, പേ : 37]

ഒരു വ്രതത്തിനു വേണ്ട ഗുണങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇസ്ലാം അനുശാസിക്കുന്ന വ്രതത്തിന് മാത്രമേ അത് കാണാൻ കഴിയുകയുള്ളൂ. ആത്മീയശുദ്ധി, സ്വഭാവ സംസ്കരണം, ശാരീരിക നന്മ, സാമൂഹിക ചിന്ത തുടങ്ങി വ്രതത്തിനാവശ്യമായ അഖില നന്മകളും ഇസ്ലാം നിർദ്ദേശിക്കുന്ന വ്രതത്തിൽ അടങ്ങിയിട്ടുണ്ട്. അതാണ് 'റമസാൻ'.

ഈ 'റമസാനി'നു മുമ്പ് 'ആശുറാഅ്' വ്രതം അനുഷ്ഠിക്കാനും ഇസ്ലാം കൽപിക്കുന്നു. ജൂതരും, ഹിജാസി

www.abulhasanalinadwi.org

ലെ അധിക അറബികളും 'ആശുറാഅ്' അനുഷ്ഠിച്ചിരുന്നു. അത് അല്പം വിശദീകരിക്കേണ്ടതുണ്ട്.

## 'ആശുറാഅ്' വ്രതം

ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം: ...... നബി (സ) മദീനയിൽ വന്നപ്പോൾ യഹൂദികൾ ആശുറാ വ്രതമനുഷ്ഠിക്കുന്നവരായി കണ്ടു; ഇതെന്താണെന്ന് നബി (സ) ചോദിച്ചു; അവർ പറഞ്ഞു: 'ബനൂ ഇസ്രായീല്യരെ അവരുടെ ശത്രുക്കളിൽ നിന്ന് അല്ലാഹു രക്ഷിച്ച ദിനമാണിത്; അതിന്റെ സ്മരണാർത്ഥം ദൈവത്തിനോടു നന്ദി സൂചകമായി മൂസാ (അ) നോമ്പനുഷ്ഠിച്ചു,' അപ്പോൾ നബി (സ) പറഞ്ഞു: 'നിങ്ങളേക്കാൾ കൂടുതൽ മൂസായോട് കടപ്പാടുള്ളവൻ ഞാനാണ്' അനന്തരം അവിടുന്ന് സ്വയം വ്രതമനുഷ്ഠിക്കുകയും മററുള്ളവരോട് വ്രതമനുഷ്ഠിക്കാൻ കല്പിക്കുകയും ചെയ്തു. [ബുഖാരി—കിത്താബുസ്സൗമ്]

മുസ്ലിമിന്റെ റിപ്പോർട്ട് ഇപ്രകാരമാണ്: 'ഇതൊരു മഹത്തായ ദിവസമാണ്; ഈ ദിവസം അല്ലാഹു മൂസാ (അ) മിനും അദ്ദേഹത്തിന്റെ അനുയായികൾക്കും വിജയം നൽകി; ഫിർഔനിനെയും അവന്റെ ജനതയെയും മുക്കിക്കൊന്നു. ആ സന്തോഷത്തിൽ അന്ന് മൂസാ (അ) വ്രതമനുഷ്ഠിച്ചു. ബുഖാരിയിൽ ഹിജ്റയുടെ അധ്യായത്തിൽ "അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം നമുക്കും വ്രതമനുഷ്ഠിക്കാം" എന്നു കൂടി കാണാം. ഇമാം മുസ്ലിം ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്നത് കാണുക: "നബി (സ) മദീനയിൽ വന്നു; അപ്പോൾ യഹൂദികൾ ആശുറാ വ്രതമനുഷ്ഠിക്കുന്നതായി അവിടുന്ന് കണ്ടു. അതിനെ സംബന്ധിച്ച് അദ്ദേഹം ചോദിച്ചു. മറുപടി ഇതായിരുന്നു: "അല്ലാഹു മൂസാനബിക്കും, ബനൂ ഇസ്രായീല്യർക്കും ഫിർഔനിനെതിരിൽ വിജയം നൽകിയ ദിവസമാണിത്; അതിന്റെ ബഹുമാനാർത്ഥം ഞങ്ങൾ വ്രതമനുഷ്ഠിക്കുന്നു." ഉടനെ പ്രവാചകൻ (സ) പറഞ്ഞു: 'മൂസയോട് നിങ്ങളേ

www.abulhasanalinadwi.org

ക്കാരം കൂടുതൽ ബന്ധപ്പെട്ടത് ഞങ്ങളാണ്.' അനന്തരം അ ന്ന് വ്രതമനുഷ്ഠിക്കാൻ അവിടുന്ന് ഉത്തരവിടുകയും ചെ യ്തു. [മുസ്ലിം, കിത്താബുസ്സൗമ്]

തബ്റാനി മുഅ്ജമിൽ ഉദ്ധരിച്ച ഹദീസു കൂടി ഇ വിടെ ചേർക്കാം: ''നബി (സ) മദീനയിൽ വന്നപ്പോൾ ആ ശുറാ നാളിൽ യഹൂദികൾ വ്രതമനുഷ്ഠിക്കുന്നതു കണ്ടു. ഇതെന്ത് സംഗതിയെന്ന് ഉടനെ നബി(സ) അവരോട് തിര ക്കി. അവരെല്ലാം പറഞ്ഞു: 'ഇത് ആശുറാ' ദിവസമാണ്. ഇന്നാണ് മൂസാ (അ) ഫിർഔനിൽ നിന്ന് മോചനം നേടി യത്.' ഉടനെ നബി (സ) പ്രതിവചിച്ചു: 'മൂസയെ പിൻ പററാൻ കൂടുതൽ അവകാശപ്പെട്ടവർ ഞങ്ങളാണ്.'

ഹിജ്റ 440-ൽ നിര്യാതനായ പ്രശസ്ത ഗണിത ശാ സ്ത്രജ്ഞനും ചിന്തകനുമായിരുന്ന അബുറൈഹാനുൽ ബൈറൂനി ഇത് അംഗീകരിക്കുന്നില്ല. അറബീ - യഹൂദി കലണ്ടറുകൾ ഒത്തുനോക്കിയ ശേഷം പ്രസ്തുത ഹദീസുക ളുടെ വിശ്വാസനീയതയിൽ അദ്ദേഹം സംശയം രേഖപ്പെടു ത്തിയിരിക്കുന്നു. ''അൽ ആസാറുൽ ബാഖിയഃ അനിൽ ഖു റൂനിൽ ഖാലിയഃ'' എന്ന കൃതിയിൽ അദ്ദേഹം രേഖപ്പെടു ത്തിയത് ഇപ്രകാരമാണ്:

''ആശുറാ എന്നത് കാലാന്തരത്തിൽ അറബീകരിക്കപ്പെട്ട ഒരു അബ്റാനി പദമാണെന്ന് പറയപ്പെടുന്നു. [ഇബ്നു മൻസൂർ ലിസാനുൽ അറബിൽ പറയുന്നു: 'ആശുറാ എ ന്നും അശൂറാ എന്നും' പറയാം. മുഹറം മാസത്തിലെ പ ത്താം നാളാണത്. ഒമ്പതാണെന്നും അഭിപ്രായമുണ്ട്.] അ തുകൊണ്ടുദ്ദേശിക്കുന്നത് യഹൂദമാസമായ ''തിശ്രി'' യിലെ പത്താമത്തെ ദിവസമാണ്. അന്നനുഷ്ഠിക്കപ്പെടുന്ന വ്രതത്തിനാണ് കിബ്ബൂർ (Yom kippur) എന്ന് പറയുന്ന ത്. ഇത് അറബിമാസ കണക്കനുസരിച്ച് അതിൻെറ ആ ദ്യമാസത്തിലെ പത്താം ദിവസമായി വരും. ഈ വ്രതം ഹിജ്റഃ ഒന്നാം വർഷമാണ് ഇസ്ലാം നിർബ്ബന്ധമാക്കിയ ത്. തുടർന്ന് വന്ന റമസാനിൽ ആ കല്പന ദുർബ്ബലപ്പെ ടുത്തുകയും ചെയ്തു. ഒരു റിപ്പോർട്ട് ഇങ്ങനെയുണ്ട്:

www.abulhasanalinadwi.org

''നബി (സ) മദീനയിൽ ചെന്നു; അപ്പോൾ യഹൂദികൾ ആശൂറാ വ്രതമനുഷ്ഠിക്കുന്നത് അദ്ദേഹം കണ്ടു. ഇതെന്തു വ്രതമാണെന്ന് പ്രവാചകൻ അവരോട് ആരാഞ്ഞു. 'മൂസാ (അ) മിനെയും അനുയായികളെയും രക്ഷിക്കുകയും, ഫിർഔനിനെയും അനുയായികളെയും അല്ലാഹു മുക്കി നശിപ്പിക്കുകയും ചെയ്ത ദിവസമാണത്' എന്ന് അവർ പറഞ്ഞു. ഇതു കേട്ടപ്പോൾ നബി (സ) പറഞ്ഞു; ''നിങ്ങളേക്കാൾ മൂസയോട് ഏററവും കടപ്പെട്ടത് ഞങ്ങളാണ്.'' അങ്ങനെ പ്രവാചകർ വ്രതമനുഷ്ഠിക്കുകയും അനുചരന്മാരോട് വ്രതമനുഷ്ഠിക്കാൻ കൽപിക്കുകയും ചെയ്തു. പിന്നീട് റമസാനിലെ വ്രതം നിർബ്ബന്ധമാക്കപ്പെട്ടപ്പോൾ ആശൂറാവ്രതം അനുഷ്ഠിക്കാൻ കല്പിച്ചില്ല, അനുഷ്ഠിക്കേണ്ടതില്ല എന്നും പറഞ്ഞില്ല.

ഈ ഹദീസ് സ്വീകാര്യമല്ല. സൂക്ഷ്മ ഗവേഷണം നടത്തി നമുക്കിതു മനസ്സിലാക്കാം. ഒന്നാം ഹിജ്റാബ്ദത്തിന്റെ ആദ്യമാസം മുഹർറമിലെ പ്രഥമ ദിവസമായ വെള്ളിയാഴ്ച വരുന്നത് അലക്സാണ്ടറിയൻ വർഷം 933 ജൂലൈ പതിമൂന്നാം തിയ്യതിയാണ്. അന്ന് ജൂതവർഷക്കണക്കനുസരിച്ച് അതിലെ ആദ്യ ദിവസം ഏപ്രിൽ പന്ത്രണ്ട് ഞായറാഴ്ചയാണ്. അറബിമാസം സഫർ ഇരുപത്തൊമ്പതാം തീയതി ഇതിനോട് ഒത്തുവരുന്നു. ഈ കണക്കനുസരിച്ച് പ്രസ്തുത ആശൂറാ വ്രതം റബീഉൽ അവ്വൽ ഒമ്പതിന് ചൊവ്വാഴ്ചയാകേണ്ടതാണ്. നബി (സ) യുടെ ഹിജ്റയും റബീഉൽ അവ്വലിന്റെ ആദ്യപകുതിയിലായിരുന്നു എന്ന കാര്യം ചരിത്ര സത്യമാണല്ലോ. അതിനാൽ നബി (സ) യുടെ മദീനാ പലായനവും മുഹറം പത്തും ഒത്തുവന്നു എന്നു പറയുന്നത് വാസ്തവ വിരുദ്ധമാണ്.'' തുടർന്ന് അദ്ദേഹം പറയുന്നു:

''മാത്രമല്ല, അല്ലാഹു ഫിർഔനിനെയും അനുയായികളെയും മുക്കി നശിപ്പിച്ചത് പ്രസ്തുത ദിവസമാണെന്നത് തൗറാത്തിന് എതിരുമാണ്. തൗറാത്തിന്റെ വിവരണമനുസരിച്ച് അത് ഏപ്രിൽ ഇരുപത്തൊന്നാം തിയ്യതിയാ

www.abulhasanalinadwi.org

ണ്; അയ്യാമുൽ ഫുതൈറിന്റെ ഏഴാം ദിവസം. നബി(സ) മദീനയിൽ വന്നശേഷം, യഹൂദികളുടെ ഈസ്ററിന്റെ ആദ്യ ദിവസം അലക്സാണ്ടറിയൻ വർഷം 933 മാർച്ച് ഇരുപത്തി രണ്ടാം തിയ്യതി ചൊവ്വാഴ്ചയായിരുന്നു. അതിനോടു യോജിക്കുന്ന അറബ് മാസത്തീയതി റമസാൻ പതിനേഴാണ്. അതിനാൽ മേൽ ഹദീസിന് യാതൊരടിസ്ഥാനവുമില്ല.'' [അൽ ആസാറുൽ ബാഖിയഃ അനിൽ ഖുറൂനിൽ ഖാലിയഃ പേജ്.: 331]

പണ്ഡിതനും, ചിന്തകനും, ഗണിതശാസ്ത്ര വിശാരദനുമായ ബൈറൂനി തന്റെ ഈ നിരൂപണം പല സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ താണ്.

ഒന്നാമത്തെ സങ്കൽപം ഇബ്നു അബ്ബാസും മററും ഉദ്ധരിച്ച ഈ ഹദീസിൽ ഉണ്ടായ സംവാദം നബി(സ) മദീനയിൽ ആഗതമായ ആദ്യദിവസമായിരുന്നു എന്നതാണ്. അതിനദ്ദേഹം തെളിവായി അവലംബിച്ചത് ''ലമ്മാ ഖദിമന്നബിയ്യു ......... അൽമദീന,'' അല്ലെങ്കിൽ ''ലമ്മാദഖലൽ മദീന'' (''നബി(സ) മദീനയിൽ പ്രവേശിച്ചപ്പോൾ'', ''മദീനയിൽ ആഗതനായപ്പോൾ'') എന്ന പദപ്രയോഗമാണ്. നബി(സ) മദീനയിൽ പ്രവേശിച്ചത് റബീഉൽ അവ്വൽ ആദ്യപകുതിയിലായിരുന്നു. ഈ വാക്യം തെററിദ്ധരിച്ചത്, ഹദീസ് ശാസ്ത്രവുമായി കൂടുതൽ ബന്ധമോ, സഹാബികളുടെ സംസാരശൈലിയിൽ അവഗാഹമോ ഇല്ലാത്തതുകൊണ്ടാണ്. ഹദീസുകൾ മൊത്തത്തിൽ പരിശോധിക്കുമ്പോൾ ഇത്തരം ശൈലികൾ ധാരാളം കാണാൻ കഴിയും. ഉദാഹരണത്തിന് അനസ്ബ്നു മാലിക്(റ) വിൽ നിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്ന ഒരു വാക്യം ഇവിടെ കൊടുക്കാം: 'ഖദിമന്നബിയ്യു......... അൽ മദീന......' എന്നു തുടങ്ങുന്ന ഹദീസിന്റെ വിവർത്തനം ഇങ്ങനെയാണ്: ''നബി(സ) മദീനയിൽ ആഗതനായി. അന്ന് അവർക്കു കളിക്കാനും ഉല്ലസിക്കാനും രണ്ടുദിവസമുണ്ടായിരുന്നു. അപ്പോൾ നബിതിരുമേനി ചോദിച്ചു: 'ഈ രണ്ട് ദവസങ്ങൾക്കെന്താണ് പ്രത്യേകത ? അവർപറഞ്ഞു: ജാഹിലിയ്യാകാല

www.abulhasanalinadwi.org

ത്ത് ആ ദിവസങ്ങളിൽ ഞങ്ങൾ പല കളികളും സംഘടിപ്പി ക്കാറുണ്ടായിരുന്നു. ഇത് കേട്ട പ്രവാചകൻ പറഞ്ഞു: എന്നാൽ അതിനേക്കാൾ ഉത്തമമായ രണ്ടുദിവസങ്ങൾ അല്ലാഹു നിങ്ങൾക്കുപകരം നൽകിയിരിക്കുന്നു. ഈദുൽഅസ്ഹാ, ഈദുൽഫിത്തർ എന്നീ രണ്ടു പെരുന്നാൾ സുദിനങ്ങളാണത്.'' മേൽ ഹദീസിൽനിന്ന് 'നബി(സ)യുടെ മദീനാ ആഗമനവും, അവരുടെ കളികളുമുണ്ടായത് ഒരേ ദിവസമായിരുന്നു' എന്നു മനസ്സിലാക്കാൻ സാധിക്കുമോ? ഇത്തരത്തിലുള്ള പ്രയോഗങ്ങൾ വേറെയും കാണാം. അതിൽപെട്ട ഒന്നാണ് ഈ ത്തഷനയുടെ പരാഗണത്തെ സംബന്ധിച്ച് വന്നഹദീസും.

അല്ലാമാ ഇബ്നുഹജർ അസ്ഖലാനി ഈ വിഷയത്തിലേക്ക് വെളിച്ചം നൽകുന്നത് കാണുക:

''മേൽ ഹദീസിൽ സംശയം ജനിക്കാനുള്ള കാരണം, നബി(സ) മദീനയിൽ പ്രവേശിച്ചപ്പോൾ യഹൂദികൾ നോമ്പനുഷ്ഠിക്കുന്നത് കണ്ടു; നബി(സ) മദീനയിൽ വന്നതാകട്ടെ റബീഉൽ അവ്വലിലുമാണ് എന്നതാണ്. (വ്രതം മുഹറം പത്തിന്. നബി(സ)യുടെ ആഗമനം റബീഉൽ അവ്വലിൽ. അപ്പോൾ രണ്ട് മാസം മുമ്പ് കഴിഞ്ഞ സംഭവം നബിഎങ്ങനെ കണ്ടു? ) അതിനുള്ള മറുപടി നാം മനസിലാക്കേണ്ടതാണ്. മഹാനായ ബൈറൂനി മനസ്സിലാക്കിയത് പോലെയല്ല ഹദീസിന്റെ ആശയം. നബി(സ)ക്ക് പ്രസ്തുത നോമ്പ് സംബന്ധിച്ച് ആദ്യമായി അറിവ് ലഭിച്ചത് മദീനയിൽ പ്രവേശിച്ച ശേഷമാണെന്ന്മാത്രം. അതായത് നബി (സ) മദീനയിൽ പ്രവേശിച്ചു. അടുത്ത ആശുറാ വരെ അവിടെ കഴിഞ്ഞു. അപ്പോൾ യഹൂദികൾ അന്ന് വ്രതമനുഷ്ഠിക്കുന്നത് അവിടുന്ന് കണ്ടു'' [ഫത്ഹുൽ ബാരി, വാ; 4, പേ: 214-216] ഹദീസിന്റെ ശരിയായ വിവക്ഷ ഇതായിരിക്കെ ബൈറൂനിയുടെ ഗണിത ഗവേഷണവും ഹദീസും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല.

അദ്ദേഹത്തിന്റെ മറ്റൊരു നിഗമനം ഹദീസിൽ പ്രതിപാദിച്ച ആശുറാ വ്രതം, യഹൂദ മാസമായ 'തിശ്‌രി'യി

www.abulhasanalinadwi.org

ലെ പത്താം ദിവസമാണ് എന്നാണല്ലോ. അതായത് അവർ എല്ലാ ദിവസത്തേക്കാളും, വ്രതത്തേക്കാളും പ്രാധാന്യം കൊടുത്തിരുന്ന 'പ്രസിദ്ധമായ പ്രായശ്ചിത്ത വ്രതം' എന്ന പേരിൽ അറിയപ്പെട്ട ''കിപ്പൂർദിവസം''. ഇംഗ്ലീഷിൽ അത് Day of Atonement എന്നറിയപ്പെടുന്നു. എന്നാൽ ഈ നിഗമനം ഹദീസിന്റെ പദങ്ങൾക്കെതിരാണ്. തൗറാത്തും അതിനെ അംഗീകരിക്കുന്നില്ല. ഇത് ഏതോ ഒരു മഹാപാതകത്തിന്റെയും ചരിത്രപരമായ സാമൂഹിക വ്യതിയാനത്തിന്റെയും പ്രായശ്ചിത്തമാണ്.*

ലേവ്യപുസ്തകത്തിൽ പ്രായശ്ചിത്ത ദിനത്തെക്കുറിച്ച് (ഏഴാം മാസമായ 'തിശ്‌രി'യുടെ പത്താം ദിവസത്തെ വ്രതം) ഇങ്ങനെ കാണാം:-

''ഇതു നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം; ഏഴാം മാസം പത്താം തിയ്യതി നിങ്ങൾ ആത്മതപനം ചെയ്യേണം; സ്വദേശിയും നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും യാതൊരു വേലയും ചെയ്യരുത്. ആ ദിവസ

*ഒരു പക്ഷേ മൂസാനബിയുടെ അസാന്നിദ്ധ്യത്തിൽ പശുക്കുട്ടിയെ ആരാധിച്ചതായിരിക്കാം. ഖുർആനിൽ അതിനെപ്പറ്റി പറയുന്നത് കാണുക: ''മൂസയോട് നാം മുപ്പത് ദിവസം കരാർ ചെയ്തു; പിന്നെ പത്തുകൊണ്ടതിനെ നാം പൂർത്തിയാക്കി. അങ്ങനെ നാൽപത് രാത്രികളായി തന്റെ നാഥനുമായുള്ള ''മീഖാത്ത്'' അദ്ദേഹം പൂർത്തീകരിച്ചു.'' പശുക്കുട്ടിയെ ആരാധിച്ചതിന് അല്ലാഹു അവരെ ശിക്ഷിച്ചത്, അവരിൽ നിന്ന് തന്നെയുള്ള നിരപരാധികളെകൊണ്ട് അപരാധികളെ വധിപ്പിച്ചുകൊണ്ടാണ്, വിശുദ്ധഖുർആൻ പറയുന്നു: ''മൂസ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം സ്മരിക്കുക. ഹേ, സമുദായമേ! പശുക്കുട്ടിയെ ദൈവമായി സ്വീകരിക്കൽ മുഖേന നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക.'' പ്രസ്തുത സംഭവം മുഖേന തലമുറതലമുറകളിലൂടെ അവരിൽ വ്രതം നിർബന്ധമാക്കി. 'Judaism in Islam' എന്ന പുസ്തകത്തിൽ ''മൂസാ നാല്പത് ദിവസം പർവ്വത ശിഖരത്തിൽ കഴിച്ചുകൂട്ടി, പ്രായശ്ചിത്തനാളിൽ ഇറങ്ങിവന്നു'' എന്നു കാണാം. അങ്ങനെ അത് ദുഃഖത്തിന്റെയും വേദനയുടെയും ശാരീരിക പീഢനത്തിന്റെയും നാളുകളായിത്തീർന്നു. ('ദാഇറാ മആരിഫ്' യുടെ അറബി പതിപ്പിൽനിന്ന്)

www.abulhasanalinadwi.org

ത്തിൽ അല്ലോ യഹോവയുടെ സന്നിധിയിൽ നിങ്ങളെ ശുദ്ധീകരിക്കേണ്ടതിന്നു നിങ്ങാംക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കയും നിങ്ങളുടെ സകല പാപങ്ങളും നീക്കി നിങ്ങളെ ശുദ്ധീകരിക്കയും ചെയ്യുന്നതു. അതു നിങ്ങാംക്കു വിശുദ്ധ സ്വസ്ഥതയുള്ള ശബ്ബത്ത് ആയിരിക്കേണം. നിങ്ങാം ആത്മതപനം ചെയ്യേണം; അതു നിങ്ങാംക്കു എന്നേക്കുമുള്ള ചട്ടമാകുന്നു.'' [ ലേവ്യ പുസ്തകം, അ: 16 സൂ: 29, 30, 31 സത്യവേദ പുസ്തകം [ബ്രിട്ടീഷ് ആൻറ് ഫോറിൻ ബൈബിാം സൊസൈററി, ലാഹോർ]

മറെറാരു സ്ഥലത്ത് വന്നിരിക്കുന്നു:

''യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തു; ഏഴാം മാസം പത്താം തിയ്യതി പാപ പരിഹാര ദിവസമാകുന്നു. അന്നു നിങ്ങാംക്ക് വിശുദ്ധ സഭായോഗം ഉണ്ടാകേണം നിങ്ങാം ആത്മതപനം ചെയ്കയും യഹോവെക്കു ദഹന യാഗം അർപ്പിക്കയും വേണം. അന്നു നിങ്ങാം യാതൊരു വേലയും ചെയ്യരുതു; അതു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങാംക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിന്നുള്ള പാപ പരിഹാര ദിവസം.'' [ ലേവ്യ പുസ്തകം, 23: 26, 27, 28]

ഇനിയും നമുക്ക് സംഖ്യാപുസ്തകത്തിൽ വായിക്കാം: ''ഏഴാംമാസം പത്താം തിയ്യതി വിശുദ്ധ സഭായോഗം കൂടേണം; അന്നു നിങ്ങാം ആത്മതപനം ചെയ്യേണം; വേലയൊന്നും ചെയ്യരുത്.'' [സംഖ്യാപുസ്തകം, 29:7]

നേരെ മറിച്ച് (മുസ്ലിംകാം വ്രതമനുഷ്ടിക്കുന്ന മുഹററം പത്തിന്) യഹൂദികാംക്ക് പെരുന്നാളും ആഹ്ളാദത്തിമർപ്പുമായിരുന്നെന്ന് ഹദീസുകാം വ്യക്തമാക്കുന്നു. അബൂമൂസൽ അശ്അരിയിൽനിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു: 'ആശൂറാ ദിവസം യഹൂദികാം പെരുന്നാളാണെന്ന് മനസ്സിലാക്കുകയും ആഹ്ളാദത്തോടെ ആഘോഷിക്കുകയും ചെയ്തിരുന്നു; അപ്പോാം നബി (സ) ഞങ്ങളോട് അന്ന് നോമ്പനുഷ്ടിക്കാൻ പറഞ്ഞു.'

www.abulhasanalinadwi.org

ഇമാം മുസ്‌ലിം ഖൈസ്ബ്നു മുസ്‌ലിമിൽ നിന്നു ദ്ധരിക്കുന്ന മറ്റൊരു ഹദീസ് ഇപ്രകാരമാണ്: ''ഖൈബറിലുള്ള യഹൂദികൾ ആശൂറാ വ്രതം അനുഷ്ഠിക്കുകയും ഒരു പെരുന്നാളായി ആഘോഷിക്കുകയും ചെയ്തിരുന്നു. അന്ന് അവരുടെ സ്ത്രീകൾ ആഭരണങ്ങളും, പുത്തൻ പുടവകളും അണിഞ്ഞ് ആഹ്ളാദം പ്രകടിപ്പിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: 'നിങ്ങൾ അന്ന് വ്രതമനുഷ്ഠിച്ച് കൊള്ളുക.''

ഉമറുബ്നുൽ ഖത്താബിൽനിന്ന് കുറൈബ്ബ്നു സഅദ് ഉദ്ധരിക്കുന്നു: ''അന്ത്യനാളിൽ രണ്ടു ദിവസത്തെ വ്രതത്തെക്കുറിച്ചു മാത്രമേ നിങ്ങളോടു ചോദിക്കുകയുള്ളു. റമസാൻ വ്രതവും, അലങ്കാര ദിവസ (ആശുറാഅ്) ത്തെ വ്രതവും.'' [ഇബ്നു മസ്ഉദ വൈഹി, കൻസുൽ ഉമ്മാൽ വാ: 4, പേ: 34 ]

ഇതെല്ലാം മുമ്പിൽ വെച്ചു ചിന്തിക്കുമ്പോൾ പ്രസ്തുത വ്രതം ആത്മതപന നാളിലായിരുന്നുവെന്ന് പറയാൻ പററില്ല. കാരണം അത് ദു:ഖത്തിൻെറയും വ്യസനത്തിൻെറയും നാളുകളാണ്; നിന്ദ്യതയുടെയും ശിക്ഷയുടെയും ദിവസങ്ങളാണ്. ഹദീസിൽ പ്രതിപാദിച്ച ആശൂറാഅ് ദിനമാകട്ടെ സന്തോഷത്തിൻെറയും ആഹ്ളാദത്തിൻെറയും ദിനമാണ്; അഴകിൻെറയും അലങ്കാരത്തിൻെറയും ദിനം.

ബൈറൂനിക്ക് പുറമെ പല പാശ്ചാത്യ-പൗരസ്ത്യ പണ്ഡിതരും ഈ അബദ്ധത്തിൽ കുടുങ്ങിയിട്ടുണ്ട്. ആധുനികരായ ചില ഹദീസ് പണ്ഡിതൻമാരും ഇതു ശരിവെച്ചിരിക്കുന്നു. Judaism in Islam എന്ന പുസ്തകത്തിൽ പാപ പരിഹാര ദിവസത്തെക്കുറിച്ചെഴുതുന്ന് ഇങ്ങനെയാണ്:

''പ്രാരംഭ ഘട്ടത്തിൽ അത് മുസ്‌ലിംകളുടെയും ഒരു വ്രത ദിവസമായി മുഹമ്മദ് അംഗീകരിച്ചു'' [Judaism in Islam by Abraham I. Katish Newyork 1954]

www.abulhasanalinadwi.org

'ബനൂ ഇസ്രായീല്യരെ തങ്ങളുടെ ശത്രുക്കളിൽനിന്ന് അല്ലാഹു രക്ഷിച്ച ഒരു ദിവസമത്രെ ഇത്'' എന്ന അവരുടെ തന്നെ വാക്ക് ഈ വിഷയത്തിൽ മാനദണ്ഡമായെടുക്കാം. കാരണം ആ വിശേഷണം ഫിർഔനിൽ നിന്നും അവന്റെ കിങ്കരൻമാരിൽനിന്നും ബനീ ഇസ്റാഈല്യരെ അല്ലാഹു രക്ഷിച്ച ദിവസത്തിനുമാത്രം യോജിച്ചതാണ്. പ്രസ്തുത ദിവസത്തിന് ''ആബീബ്'' എന്ന നാമം ബൈബിൾ പഴയ നിയമത്തിൽ പല സ്ഥലത്തും വന്നിരിക്കുന്നു. പിൽക്കാലത്ത് ''നൈസാൻ'' എന്ന പേരിലറിയപ്പെട്ടതും അതു തന്നെയാണ്. ''Abib'' നെ സംബന്ധിച്ച് ബുസ്താനി വിജ്ഞാന കോശത്തിൽ ഇപ്രകാരം എഴുതുന്നു:

''ഇതൊരു ഹിബ്രു പദമാണ്. അതിന്റെ അർത്ഥം ''ഹരിതം''എന്നാണ്. അത് ഹിബ്രുമാസങ്ങളുടെ ആദ്യത്തെ മാസത്തിന്റെ പേരാണ്. മൂസാ (അ) ന്റെ വകയാണ് പ്രസ്തുത നാമകരണം. ഏകദേശം 'നൈസാൻ'' (ഏപ്രിൽ) മാസത്തോട് അത് ഒത്തു വരുന്നു. ഇസ്രായീല്യരെ ബാബിലോണിയായിലേക്കു നാടു കടത്തിയപ്പോൾ അവർ ഈ മാസത്തിന്റെ പേർ നൈസാൻ എന്നാക്കി. പുഷ്പങ്ങളുടെ മാസം എന്നാണതിന്റെ അർത്ഥം. അതിന്റെ മദ്ധ്യത്തിൽതന്നെയാണ് അവരുടെ പെസഹ യാഗവും [പുറപ്പാട് 12:18]

ഇത് തന്നെ ബൈറൂനിയും ഏററുപറഞ്ഞു. അദ്ദേഹത്തിന്റെ വാക്യം ഇങ്ങനെയാണ്: ''അന്നേ ദിവസം ഫിർഔനിനെ അല്ലാഹു മുക്കി നശിപ്പിച്ചു എന്ന അവരുടെ വിശ്വാസം തെററാത്തിന്നെതിരാണ്. കാരണം പെസഹ യാഗത്തിന്റെ ഏഴാം നാളിൽ 'നൈസാൻ' ഇരുപത്തിഒന്നിനായിരുന്നു ആ മുക്കിനശിപ്പിക്കൽ നടന്നത്. പുറപ്പാട് 12:18ൽ പറയുന്നത് 'ഒന്നാം മാസം പതിനാലാം തിയ്യതി വൈകുന്നേരം മുതൽ ആ മാസം ഇരുപത്തൊന്നാം തിയ്യതി വൈകുന്നേരം വരെ നിങ്ങൾ പുളിപ്പില്ലാത്ത അപ്പം തിന്നേണം' എന്നാണ്.

ഇത്തരം വ്യക്തമായ തെളിവുകളും, യഹൂദ 'ശരീഅത്തും, അവരുടെ ചരിത്രവും ആചാരങ്ങളുമെല്ലാം പഠിച്ച

www.abulhasanalinadwi.org

ശേഷം നമുക്കെത്തിച്ചേരാൻ കഴിയുന്ന നിഗമനം ഇതാണ്: ഇബ്നു അബ്ബാസിൽനിന്നുംമററും ഉദ്ധരിക്കപ്പെട്ട ഹദീസുകളിൽ വന്നതും, റമസാൻ വ്രതം നിർബ്ബന്ധമാക്കുന്നതിന് മുമ്പ് ഇസ്ലാം അനുഷ്ടിക്കാൻ ആജ്ഞാപിച്ചതുമായ ആശുറാ വ്രതം പുരാതന 'ആബീബ്' (നൈസാൻ) മാസത്തിൻെറ മദ്ധ്യത്തിൽ ഉള്ള ദിവസമാണ്. അന്ന് യഹൂദികൾക്ക് ആഘോഷ ദിവസമായിരുന്നു. ബാബിലോണിൽനിന്ന് നാടു കടത്തപ്പെട്ട ശേഷം ജൂതർ അതിൻെറ പേരിൽ മാററം വരുത്തി.* ബനൂ ഇസ്റാഈല്യർ ഈജിപ്തിൽനിന്നു പുറപ്പെട്ടതും, ഫിർഔനും അനുയായികളും മുങ്ങിമരിച്ചതും ഇതേ ദിവസം തന്നെയാണ്.

അസിഹാഹ് 34-ൽ ഇപ്രകാരം കാണാം: "അപ്പോൾ മോശെ ജനത്തോടു പറഞ്ഞതു: നിങ്ങൾ അടിമ വീടായ മിസ്രയീമിൽ നിന്നു പുറപ്പെട്ടുപോന്ന ഈ ദിവസത്തെ ഓർത്തു കൊൾവിൻ; യഹോവ ബലമുള്ള കൈകൊണ്ടു നിങ്ങളെ അവിടെനിന്നു പുറപ്പെടുവിച്ചു; അതുകൊണ്ടു പുളിപ്പുള്ള അപ്പം തിന്നരുത്. ആബീബ് മാസം ഈ തിയ്യതി നിങ്ങൾ പുറപ്പെട്ടുപോന്നു." അപ്പോൾ ഏതു നിലക്കും ഹിജ്റഃ രണ്ടാം വർഷം മുഹർറം പത്തിനാണ് അവർ വ്രതമനുഷ്ഠിക്കുന്നതായി നബി കണ്ടത്. അതേ വർഷം റമസാൻ വ്രതത്തോടുകൂടി വ്രതം നിർബ്ബന്ധമാണെന്ന നിയമം ഒഴിവാക്കുകയും ചെയ്തു.

യഹൂദ കലണ്ടറിനോടും സൂര്യമാസങ്ങളോടും, അറബി കലണ്ടറും ചന്ദ്രമാസവും യോജിപ്പിക്കുന്നതിൽ മറെറാരു വശംകൂടി ചിന്തിക്കേണ്ടതുണ്ട്; അതായത് 'നസീഇ' ൻെറ പ്രശ്നം. (എന്തെങ്കിലും ആവശ്യമോ ആഗ്രഹമോ പരിഗ

---

*[ഇവിടെ ചിലർക്ക് സംശയമുണ്ടായേക്കാം: വ്രതവും പെരുന്നാളും ഒരേ ദിവസം എങ്ങിനെ ഒരുമിച്ചു കൂടും? യഹൂദരുടെയും കൃസ്ത്യാനികളുടെയും പെരുന്നാൾ — വ്രതങ്ങളെ ഇസ്ലാമിലേതിനോട് സമമായി കാണുന്നതിൽ നിന്നുണ്ടാകുന്ന സംശയമാണത്. Jewish Encyclopedia — യിൽ ഏഴാം മാസത്തിലെ ആദ്യനാളുകൾ "വ്രതത്തിൻെറയും പെരുന്നാളിൻെറയും ദിനങ്ങളായിരുന്നു"വെന്ന് വ്യക്തമാക്കിയിട്ടുണ്ട്.]

www.abulhasanalinadwi.org

ണിച്ച് ഏതെങ്കിലും ഒരു മാസത്തെ രണ്ടോ മൂന്നോ മാസത്തിന് ശേഷമുള്ള മററൊരു തിയ്യതിയിലേക്ക് മാററി വെക്കുക.) ഇസ്ലാമിന് മുമ്പും അതിന് ശേഷവും അറബികളിൽ സർവ്വസാധാരണമായിരുന്നുഇത്. പിന്നീട് വിശുദ്ധഖുർആൻ അത് നിരോധിച്ചു.

انما النسيء زيادة فى الكفر يضل به الذين كفروا - البقرة - ٣٧

''മാസങ്ങളെ അതിൽനിന്ന് തെററിക്കൽ സത്യനിഷേധത്തിൻെറ ആധിക്ക്യമാകുന്നു; അതുമുഖേന സത്യനിഷേധികൾ ദുർമാർഗത്തിലാകുന്നു.'' ഹജ്ജത്തുൽ വദാഇൽ നബി(സ) പറഞ്ഞു: ''ആകാശഭൂമികളെ അല്ലാഹു സൃഷ്ടിച്ച അവസരത്തിൽ കാലം എങ്ങനെയായിരുന്നോ അതേ രൂപത്തിൽ തന്നെ അതു കറങ്ങികൊണ്ടേയിരുന്നു.'' അല്ലാഹുവിൻെറ ബോധനം മുഖേനയാണ് പ്രവാചകൻ ഇത് പ്രഖ്യാപിച്ചത്. അറബികലണ്ടർ മുഖേന ഏതെങ്കിലുമൊന്നിൽ അവലംബിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അത് പല മാററങ്ങൾക്കും വിധേയമായിരുന്നു. കേവലം കണക്കിൻെറ അടിസ്ഥാനത്തിൽ കൃത്യമായ ഗതകാല ബന്ധം സ്ഥാപിക്കാൻ സാദ്ധ്യമല്ലാത്ത രൂപത്തിൽ കാലം കഴിഞ്ഞുപോയിരുന്നു. അതിനാൽ അന്നും ഇന്നും അവലംബകമാക്കാൻ പററാത്ത, വികലമായ കലണ്ടറുകളുടെ അടിസ്ഥാനത്തിൽ, സഹീഹും മുതവാതിറുമായ ഹദീസുകൾ തള്ളാൻ തുടങ്ങിയാൽ അത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും.

അല്ലെങ്കിൽ ഇങ്ങനെയുമാകാം: മദീനയിലുള്ള യഹൂദികൾ ആശൂറാ വ്രതത്തിൻെറ പ്രശ്നത്തിൽ മററു യഹൂദികളിൽ നിന്ന് ഭിന്നമായ ഒരു നയം സ്വീകരിച്ചിരിക്കാം; എന്നിട്ട് മററുള്ള വ്രതത്തെ അപേക്ഷിച്ച് അതിന് കൂടുതൽ പ്രാധാന്യവും കൊടുത്തിരിക്കാം; അന്ന് ചരിത്ര പ്രസിദ്ധമായ പല സംഭവങ്ങളും നടന്നിട്ടുണ്ടെന്ന് മനസ്സിലാക്കിയ മററു അറബികൾ ഈ പ്രശ്നത്തിന് കൊടുത്ത പ്രാധാന്യം യഹൂദികളും കൊടുക്കുകയും അങ്ങനെ അവരും വ്രതമനുഷ്ഠിക്കുകയും ചെയ്തിരിക്കാം. ആമിർ(റ) നിന്ന് ഉദ്

www.abulhasanalinadwi.org

ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: "ആശൂറാ ദിവസം ഖുറൈശികൾ വ്രതമനുഷ്ഠിച്ചിരുന്നു. നബി(സ) യും അതേ ദിവസം വ്രതമനുഷ്ഠിച്ചിരുന്നു." [മുസ്ലിം] ജൂതൻമാർ പല നാട്ടിലും പല വിധത്തിലാണ് വ്രതം അനുഷ്ഠിച്ചിരുന്നത്. ചിലർ വ്രതമനുഷ്ഠിക്കുന്ന ദിവസം മററുചിലർ വ്രതമനുഷ്ഠിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് Jewish Encyclopedia യിൽ വന്നത് നാം മുമ്പ് ഉദ്ധരിച്ചു കഴിഞ്ഞു. അവിടെ പ്രതിപാദിച്ച അല്പം വിവരണം കൂടി ഇവിടെചേർക്കാം: "രാഷ്ട്രങ്ങളുടെയും പ്രദേശങ്ങളുടെയും വ്യത്യാസങ്ങൾക്കനുസരിച്ച് അവർ അനുഷ്ഠിച്ചിരുന്ന പ്രാദേശികവും സാമുദായികവുമായ ചില വ്രതങ്ങളുണ്ടായിരുന്നു. പുരാതനകാലം മുതൽ തന്നെ ജൂതൻമാർ എവിടെയെല്ലാം കഴിഞ്ഞിരുന്നോ അവിടെയെല്ലാം ആചാരാനുഷ്ഠാനങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടായിരുന്നു. ചിലർ വ്രതമനുഷ്ഠിക്കുമ്പോൾ മററു ചിലർ അതിൽ നിന്നൊഴിഞ്ഞുനിന്നു. ചരിത്രസംഭവങ്ങളെ ആധാരമാക്കിയുള്ള ധാരാളം വ്രതങ്ങൾ വേറെയുമുണ്ടായിരുന്നു." അപ്പോൾ ഒരുപക്ഷേ, മുഹറം പത്തിലെ വ്രതം അറേബ്യൻ നിവാസികളായ ജൂതൻമാരുടെ മാത്രം പ്രത്യേകതകളിൽ പെട്ടതായിരിക്കാനും സാദ്ധ്യതയുണ്ട്. അതുകൊണ്ടായിരിക്കാം ജൂതരുടെ പ്രാമാണിക ഗ്രന്ഥങ്ങൾ അതിനെ സംബന്ധിച്ച് മൌനം ദീക്ഷിക്കുന്നത്. മിക്ക ചരിത്രകാരൻമാരുടെയും അഭിപ്രായം അത് യഹൂദ മതക്കാർ ദേശ—ഭാഷ വ്യത്യാസമെന്യേ അനുഷ്ഠിക്കുന്ന അവരുടെ സുപ്രസിദ്ധമായ പാപ പരിഹാര നാളിലെ വ്രതമാണെന്നാണ്. ആശൂറാവ്രതം പാപപരിഹാര നാളിലെ വ്രതമാണെന്ന അഭിപ്രായക്കാരാണ്, അത് സംബന്ധിച്ച് വന്ന ഹദീസുകൾ ദുർബ്ബലമാക്കിത്തള്ളാൻ ധൃതികാണിച്ചത്. വിവിധ നാടുകളിലും വ്യത്യസ്ത കാലഘട്ടങ്ങളിലുമുണ്ടായിരുന്ന ജൂതരുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയിൽ നിന്നുൽഭവിച്ച വിധികല്പിക്കലൊന്നിത്. തലമുറകളായി അറേബ്യയിലും ഹിജാസിലും ജീവിച്ചുപോന്ന യഹൂദികൾക്ക് മത പ്രസിദ്ധീകരണങ്ങളുടെ ദൌർലഭ്യം അനുഭവപ്പെട്ടതും അതിന് കാരണമായിട്ടുണ്ട്. ഇത് ജൂതരുടെ

www.abulhasanalinadwi.org

മാത്രം പ്രത്യേകതയല്ല; ലോകത്തുള്ള എല്ലാ മതാനുയായികളുടെയും സമുദായങ്ങളുടെയും ആചാരം, അനുഷ്ഠാനം, സ്വഭാവം, സംസ്കാരം, ഭാഷ, നാഗരികത, വിശ്വാസസംഹിത തുടങ്ങിയവയെ ഇങ്ങനെ ചുററുപാടുകൾ സ്വാധീനിച്ചിട്ടുണ്ട്.

## വ്രതം – വിധിസൂക്തങ്ങൾ

പരമോൽകൃഷ്ടമായ മോക്ഷത്തിന് വേണ്ടി, ശാസ്ത്രജ്ഞൻമാർക്കും ബുദ്ധിരാക്ഷസൻമാർക്കും കണ്ടുപിടിക്കാൻ കഴിയാത്ത ഐഹികവും പാരത്രികവുമായ ലക്ഷ്യപൂർത്തീകരണത്തിന് വേണ്ടി, അജീർണ്ണതയും ആഡംബര ജീവിതവും അതിക്രമവും മുഖേന രോഗാതുരമായ ദേഹിയുടെ മോചനത്തിന് വേണ്ടി, ക്ഷമ, സഹനം, മിതത്വം മുതലായ മഹത് ഗുണങ്ങളിലൂടെ മാത്രം കീഴ്പെടുത്താൻ കഴിയുന്ന —ഖിലാഫത്ത്— എന്ന പ്രത്യേകമായ ദൗത്യ നിർവഹണത്തിന് വേണ്ടി അല്ലാഹു മുസ്ലിംകൾക്ക് റംസാൻ വ്രതം നിർബന്ധമാക്കി.

എന്നാൽ നബി തിരുമേനിയും അവിടുത്തെ സന്തത സഹചാരികളും മദീനയിലേക്ക് ഹിജ്റഃ പോയശേഷമാണ് അല്ലാഹു വ്രതം നിർബന്ധമാക്കിയത്. പരീക്ഷണത്തിന്റെയും പട്ടിണിയുടെയും ആദ്യ നാളുകൾ കഴിഞ്ഞ്, മദീനയിലെത്തി ആശ്വാസത്തിന്റെ നെടുവീർപ്പുകൾ വിട്ടു, ജീവിതം ശാന്തമായി ഒഴുകാൻ തുടങ്ങി. ഈ സന്ദർഭത്തിൽ വ്രതം നിർബ്ബന്ധമാക്കിയതിനാൽ സാഹചര്യത്തിന്റെ ചുററുപാടിന് വഴങ്ങി സാമ്പത്തിക ക്ലേശങ്ങളാൽ വീർപ്പുമുട്ടിയപ്പോൾ കൽപിക്കപ്പെട്ട ഒന്നാണത് എന്ന് ആർക്കും പറയാൻ കഴിയുകയില്ല. ഹിജ്റക്ക് മുമ്പ് മക്കയിൽ മുസ്ലിംകളുടെ ജീവിതം ക്ലേശപൂർണ്ണമായിരുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ അത് ഏതാനും ദരിദ്രർക്കും ക്ലേശ ബാധിതർക്കുമുള്ളതാണ്, അഗതികൾക്കും പട്ടിണിപ്പാവങ്ങൾക്കുമുള്ളതാണ്, ധനികരും ജീവിത സൗകര്യമുള്ളവരും നോമ്പനുഷ്ഠിക്കേണ്ടതില്ല; എന്നിങ്ങനെയുള്ള ന്യായങ്ങൾ പലർക്കും പറയാമായിരുന്നു. മദീനയിൽ അൻസാറുകൾ വളരെ സുഖത്തിലായിരുന്നു; അവർക്ക് കൃഷിയും തോട്ട

www.abulhasanalinadwi.org

വരുമാനങ്ങളുമുണ്ടായിരുന്നു; മുഹാജിറുകളും അവിടെ എത്തിയശേഷം ജീവിക്കാൻ കച്ചവടം തുടങ്ങിയ മാർഗ്ഗങ്ങൾ കണ്ടെത്തി.]

അതുപോലെ വിശ്വാസവും ആദർശവും അവരിൽ രൂഢമൂലമായി; നമസ്കാരത്തിൽ കൃത്യനിഷ്ഠയുളളവരായി; അത് അവരുടെ ഹൃദയാന്തരാളത്തിൽ അലയൊലികൾ സൃഷ്ടിച്ചു; മതവിധികൾക്കും ആജ്ഞകൾക്കും സമൂഹ മദ്ധ്യത്തിൽ സ്വീകാര്യത ലഭിച്ചു; അതിനുവേണ്ടി അവർ എല്ലാ രൂപത്തിലും ഒരുങ്ങിക്കഴിഞ്ഞു; ഒരു കരാർ പാലനത്തിന്റെ ബോധം അവരിൽ ഉദയം ചെയ്തു. അല്ലാമാ ഇബ്നുൽ ഖയ്യിം ഇത് വിവരിച്ചു തരുന്നത് കാണുക:

''സാധാരണയായി മനുഷ്യശരീരങ്ങൾക്ക് ഇണങ്ങിച്ചേർന്ന അഭീഷ്ടങ്ങളെയും ആഗ്രഹങ്ങളെയും അവസാനിപ്പിക്കുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്. അതുകൊണ്ടാണ് വ്രതമനുഷ്ഠിക്കണമെന്ന, അല്ലാഹുവിന്റെ ആജ്ഞ ഹിജ്റയുടെ ശേഷം പ്രവാചക പ്രബോധനത്തിന്റെ മദ്ധ്യാഹ്നത്തിലേക്ക് നീട്ടിയത്. ജനഹൃദയങ്ങളിൽ തൗഹീദും നമസ്കാരവും അതർഹിക്കുന്ന സ്ഥാനം പിടിച്ചുപററി; ഖുർആനിന്റെ ഉൽബോധനങ്ങളോട് അവർ പൂർണ്ണമായും ഇണങ്ങിച്ചേർന്നു; ക്രമേണ വ്രതവും നിർബന്ധമാക്കി. ഹിജ്റ: രണ്ടാം വർഷം വ്രതമനുഷ്ഠിക്കണമെന്ന കൽപന വന്നു. പൂർണ്ണമായ ഒമ്പത് റമസാൻ വ്രതങ്ങൾ അനുഷ്ഠിച്ചു കൊണ്ടാണ് പ്രവാചക പുംഗവൻ അന്ത്യശ്വാസം വലിച്ചത്.'' [സാദുൽ മആദ് വാ: 1, പേ : 152] ഇതുപോലെ ഏതു നിലയ്ക്കും ജനങ്ങൾ നോമ്പനുഷ്ഠിക്കാൻ പാകമായി എന്ന അവസ്ഥ വന്നപ്പോൾ അല്ലാഹു കൽപിച്ചു;

''വിശ്വസിച്ചവരെ! നിങ്ങളുടെ മുൻഗാമികൾക്ക് നോമ്പ് നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ ഭക്തൻമാരായേക്കാം. ഏതാനും ദിവസങ്ങളിലാണ് നോമ്പനുഷ്ഠിക്കേണ്ടത്. നിങ്ങളിൽ ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മററു ദിവസങ്ങളിൽ എണ്ണം പൂർത്തിയാ

www.abulhasanalinadwi.org

ക്കേണ്ടതാണ്. നോമ്പിന് വളരെ പ്രയാസപ്പെട്ടാൽ മാത്രം കഴിയുന്നവർക്ക്—**

ഒരു അഗതിയുടെ ഭക്ഷണം പ്രായശ്ചിത്തം കൊടുക്കൽ നിർബന്ധമാണ്. ആരെങ്കിലും സ്വമനസ്സാലെ നന്മ ചെയ്യുന്നുവെങ്കിൽ അത് അവന് നല്ലതുതന്നെ. നിങ്ങാം അറിയുന്നവരാണെങ്കിൽ നോമ്പ് നോൽക്കുന്നത് തന്നെയാണ് നിങ്ങൾക്കുത്തമം. ജനങ്ങൾക്ക് മാർഗ്ഗ ദർശനമായും, സത്യാസത്യങ്ങൾ വിവേചിക്കുന്ന തെളിവുകളായും ഖുർആൻ അവതരിപ്പിക്കപ്പെട്ട റമസാൻ മാസം. അതുകൊണ്ട് ആ മാസത്തിൽ നിങ്ങളാരെങ്കിലും ഹാജറുണ്ടായാൽ അവൻ അന്ന് നോമ്പ് നോൽക്കേണ്ടതാകുന്നു. ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം മററു ദിവസങ്ങളിൽ (അത്രയും) എണ്ണങ്ങൾ പൂർത്തിയാക്കണം. അല്ലാഹു നിങ്ങൾക്ക് എളുപ്പം ഉദ്ദേശിക്കുന്നു, നിങ്ങളെ പ്രയാസപ്പെടുത്താൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ (വ്രത ദിന) എണ്ണം പൂർത്തിയാക്കുന്നതിന് വേണ്ടിയും, അല്ലാഹു നിങ്ങൾക്ക് സൻമാർഗ്ഗം നൽകിയത് മുഖേന അവനെ നിങ്ങൾ മഹത്വപ്പെടുത്താൻവേണ്ടിയും, നിങ്ങൾ കൃതജ്ഞരാകുവാൻ വേണ്ടിയുമാണ് (ഇങ്ങനെ വിധിച്ചത്);' *

---

* يا ايها الذين آمنوا كتب عليكم الصيام كما كتب على الذين من قبلكم لعلكم تتقون. اياما معدودات فمن كان منكم مريضا او على سفر فعدة من ايام اخر وعلى الذين يطيقونه فدية طعام مسكين فمن تطوع خيرا فهو خير له وان تصوموا خير لكم ان كنتم تعلمون. شهر رمضان الذى انزل فيه القرآن هدى للناس وبينات من الهدى والفرقان فمن شهد منكم الشهر فليصمه ومن كان مريضا او على سفر فعدة من ايام اخر يريد الله بكم اليسر ولا يريد بكم العسر ولتكملوا العدة ولتكبروا الله على ما هديكم ولعلكم تشكرون (البقرة ١٨٣-١٨٦)

** ഒരു കാര്യത്തിന് കഴിയുക, സാധിക്കുക എന്നതിന് അറബി z

www.abulhasanalinadwi.org

'വ്രതം നിങ്ങളിൽ നിർബന്ധമാക്കിയിരിക്കുന്നു' എന്ന ഖുർആനിന്റെ ഈ വിളംബരം സാധാരണ രാഷ്ട്രീയ-സാമൂഹ്യ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രജകൾക്ക്

---

z ഭാഷയിൽ പല പദങ്ങളുമുണ്ട്. ജോലി ചെയ്തുതീർക്കാനുള്ള ബുദ്ധിമുട്ടിന്റെ കണക്കനുസരിച്ച് പദപ്രയോഗത്തിൽ മാററങ്ങളുണ്ടാകും. അതിന്റെ ആദ്യപടി ''ഇസ്തിത്വാഅത്ത്'' എന്ന പദവും അവസാനപടി ''ഇത്വാകത്''' എന്ന പദവുമാണ്. നിർവ്വഹിക്കുന്ന കാര്യം അതിക്ലേശകരവും ബുദ്ധിമുട്ടുള്ളതുമാണെങ്കിൽ മാത്രമേ രണ്ടാമത് പറഞ്ഞ പദം ആശ്രയിക്കാറുള്ളൂ. ഒരുപിടി ചോറു തിന്നുക, ഒരു പേനയെടുത്തെഴുതുക തുടങ്ങിയ ചെറിയ കാര്യങ്ങൾ എനിക്കു കഴിയുമെന്ന് പറയാൻ പ്രസ്തുത പദം ഉപയോഗിക്കാറില്ല. നേരെ മറിച്ച് ഭാരമുള്ള ഒരു കരിങ്കല്ല് ഉയർത്താനോ, തുടർച്ചയായി കുറെ ദിവസം നോമ്പനുഷ്ഠിക്കാനോ, രാത്രി മുഴുവനും ഉറക്കമിളച്ച് നിന്നു നമസ്കരിക്കാനോ ''കഴിയും'' എന്നതിന് 'ഇത്വാകത്ത്'' എന്ന ധാതുവിൽ നിന്നുള്ള ക്രിയയെയാണ് ഉപയോഗിക്കേണ്ടത്. അറബി ഭാഷാ വിശാരദന്മാർ ഇത് വിശദമായി ചർച്ചചെയ്തിട്ടുണ്ട്. അല്ലാമാ ഇബ്നു മൻസൂർ 'ലിസാനുൽ അറബിൽ' പറയുന്നു: ''അത്ത്വാഖു അത്ത്വാഖത്ത്''' എന്നീ പദങ്ങൾ ഉപയോഗിക്കുന്നത് ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്തു തീർക്കാൻ ത്യാഗത്തിന്റെ അവസാന ശ്വാസം കൂടി വേണ്ടി വരുമ്പോളാണ്. അല്ലാമാ റാഗിബ് 'മുഫ്റദാത്തു ഗരീബിൽ ഖുർആൻ' എന്ന ഡിക്ഷണറിയിൽ എഴുതുന്നു: ''ഒരു മനുഷ്യൻ തന്റെ കഴിവിന്റെ പരമാവധി ശ്രമങ്ങൾ ചെയ്ത് വളരെ ക്ലേശത്തോടു കൂടി നിർവ്വഹിക്കുമ്പോൾ മാത്രമേ ''ത്വാകത്ത്'''എന്ന പദം ഉപയോഗിക്കുകയുള്ളൂ ............... അപ്പോൾ ഖുർആനിൽ പറഞ്ഞ 'അല്ലദീന യുത്വീകൂനഹു' എന്നതിന്റെ അർത്ഥം 'ക്ലേശത്തോടും ബുദ്ധിമുട്ടോടും കൂടി നിർവ്വഹിക്കുന്നവർ' എന്നാണ്. വാർദ്ധക്യം ബാധിച്ച പുരുഷനും സ്ത്രീയുമാണത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അവർ വ്രതമനുഷ്ഠിക്കണമെങ്കിൽ വളരെ ക്ലിഷ്ടതകൾ സഹിക്കേണ്ടതുണ്ടല്ലോ.''

ഇമാം ബുഖാരിയും, അബൂദാവൂദും മററു ഹദീസ് പണ്ഡിതന്മാരും ഇബ്നു അബ്ബാസ് (റ)വിന്റെ വ്യാഖ്യാനമായി ഉദ്ധരിക്കുന്നതും ഇതുതന്നെയാണ്. അദ്ദേഹം പറഞ്ഞു: വയോവൃദ്ധന്റെയും വൃദ്ധയുടെയും പ്രശ്നത്തിലാണ് പ്രസ്തുത സൂക്തം അവതരിച്ചത്. അവർ രണ്ടുപേരും വ്രതമനുഷ്ഠിക്കുന്നതിനു പകരം ഓരോ അഗതികൾക്ക് എല്ലാ ദിവസവും ഭക്ഷണം കൊടുക്കണം. അവർ പിന്നീടു വ്രതം നോററു വീട്ടേണ്ടതുമില്ല. ഇമാം ദാറഖുത്നി ഇബ്നു അബ്ബാസിൽ നിന്നുദ്ധരിക്കുന്നതിൽ അല്പം വ്യത്യാ +

www.abulhasanalinadwi.org

വേണ്ടി മരണകൂടങ്ങൾ പുറപ്പെടുവിക്കുന്ന രൂപത്തിലുള്ള ചേതനാരഹിതമായ പരുക്കൻ കൽപനയല്ല ഈ ദിവ്യ സൂക്'തങ്ങൾ മനുഷ്യന്റെ വിശ്വാസം, ആദർശം, ബുദ്'ധി, ഹൃദയം, മനസ്'സ്, വപുസ്'സ്, വികാരം തുടങ്ങി എല്ലാവസ്'തുക്കളോടും ഒരേ അവസരത്തിൽ പ്രതികരിക്കു

---

+ സം കൂടി കാണാം. ക്ലേശിച്ച് നോമ്പനുഷ്'ഠിക്കാൻ കഴിയുന്നവർ നോമ്പൊന്നിന് പകരമായി ഒരു അഗതിക്ക് ഭക്'ഷണം കൊടുക്കുക; ഒന്നിലേറെ ആളുകൾക്ക് ഭക്'ഷണം കൊടുത്താൽ അതു കൂടുതൽ നന്ന് എന്നാണ് ''ആരെങ്കിലും നന്'മ സ്വമേധയാ ചെയ്'താൻ അതവന് നന്ന്'' എന്ന വാക്യം സൂചിപ്പിക്കുന്നത്. അല്ലാതെ, ഈ സൂക്'തത്തിന്റെ നിയമം ദുർബലപ്പെട്ടുവെന്ന വാദം ശരിയല്ല. വളരെ ക്ലേശത്തോടെ വ്രതം അനുഷ്'ഠിക്കാൻ കഴിയുന്ന വയോവൃദ്'ധൻ പകരമായി 'ഫിദ്'യ'; (അഗതിക്ക് ഭക്'ഷണം) കൊടുത്താൽ മതി. ഇമാം തഹാവി ഇബ്'നു അബ്'ബാസിൽ നിന്നുദ്'ധരിക്കുന്ന ഹദീസിൽ പറയുന്നു: ഗർഭിണി, വയോവൃദ്'ധർ, രോഗികൾ, തുടങ്ങിയവരെല്ലാം ശ്രമിച്ചാൽ വ്രതമനുഷ്'ഠിക്കാൻ കഴിയും; പക്'ഷേ, ഇവരെയെല്ലാം 'ഫിദ്'യ' മുഖേന പ്രസ്'തുത സൂക്'തം വ്രതത്തിന്റെ നിർബന്'ധവരുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഹ:അലി, അബൂഹുറൈറഃ തുടങ്ങിയ പ്രമുഖരായ സഹാബികളിൽ നിന്നും ഇതേ അഭിപ്രായം ഉദ്'ധരിക്കപ്പെട്ടിട്ടുണ്ട്. മററ് പ്രമുഖരായ ചില സഹാബികളിൽ നിന്ന് മുജാഹിദ് ഉദ്'ധരിക്കുന്നു: 'അനസ് (റ) വാർദ്'ധക്യ ദശ പ്രാപിച്ചപ്പോൾ അപ്രകാരമായിരുന്നു ചെയ്'തിരുന്നത്.' സഈദ്'ബ്'നു ജുബൈർ ഇബ്'നു അബ്'ബാസിൽ നിന്നൊരു സംഭവം കൂടി ഉദ്'ധരിക്കുന്നു: അദ്'ദേഹത്തിന്റെ കീഴിൽ മുല കൊടുക്കുന്ന ഒരു സ്'ത്രീയുണ്ടായിരുന്നു; വളരെ ക്'ളേശം സഹിച്ച് വ്രതമനുഷ്'ഠിക്കാൻ അവർ ഒരുങ്ങി; അപ്പോൾ ഇബ്'നുഅബ്'ബാസ് അവരോട് പറഞ്ഞു: നീ നോമ്പനുഷ്'ഠിക്കേണ്ടതില്ല: ഖുർആൻ പറഞ്ഞ ''വളരെ ക്ലേശിച്ചു വ്രതമനുഷ്'ഠിക്കാൻ കഴിയുന്നവരു''ടെ ഗണത്തിൽപെട്ടവളാണ് നീ.

അപ്പോൾ ''നിങ്ങളിൽ വ്രതം നിർബന്'ധമാക്കപ്പെട്ടിരിക്കുന്നു'' എന്ന അല്ലാഹുവിന്റെ കൽപനക്ക് വിധേയരായവർ മൂന്ന് തരക്കാരാണ്. ഒന്ന്: ആരോഗ്യവാനായ, നാട്ടിലെ സ്'ഥിര താമസക്കാരൻ; അവൻ നോമ്പ് അനുഷ്'ഠിക്കൽ നിർബന്'ധമാണ്. രണ്ട്: രോഗിയും യാത്രക്കാരനും; അവർക്ക് നോമ്പ് മറൊരിക്കൽ പിടിച്ചു വീട്ടിയാൽ മതി. മൂന്ന്: മററൊരിക്കൽ പിടിച്ചു വീട്ടാൻ സാധിക്കുമെന്ന പ്രതീക്'ഷയ്ക്ക് വകയില്ലാത്ത രോഗം; വാർദ്'ധക്യം, വാർദ്'ധക്യ സഹജമായ രോഗം മുതലായവ അതിൽപെട്ടതാണ്. അവർ ഓരോ വ്രത V

www.abulhasanalinadwi.org

ന്നു. അവയ്ക്കോരോന്നിന്നും അതാതിന്റേതായ ആഹാരവും പ്രദാനം ചെയ്യുന്നു. കേവലം ഒരു നിയമം ജനങ്ങളിൽ നടപ്പാക്കുക എന്ന രീതിയിലല്ല ഖുർആൻ സംസാരിക്കുന്നത്. മറിച്ച്, അതിനെ ഹൃദ്യമായി സ്വാഗതം ചെയ്യാനുള്ള ഒരന്ത

---

V തിനും പ്രായശ്ചിത്തമായി അഗതിക്ക് ഭക്ഷണം കൊടുത്താൽ മതി. ഗർഭിണിയും, മുലകൊടുക്കുന്ന സ്ത്രീയും വ്രതം മറ്റൊരിക്കൽ പിടിച്ചു വീട്ടിയാൽ മതി. ഇതേ രൂപത്തിൽ ആയത്തിന്റെ നിയമം പ്രാബല്യത്തിൽ തന്നെയുണ്ട്. അത് 'മൻസൂഖാ' (നിയമം പ്രാബല്യത്തിലില്ലാത്തത്) ണെന്ന അഭിപ്രായം ശരിയല്ല. ആശയ ഗ്രാഹ്യതക്കായി കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ ചെയ്യേണ്ടതില്ല. അത് വഴി അവ്യക്തത സൃഷ്ടിച്ച് ബുദ്ധിമുട്ടിക്കേണ്ട കാര്യവുമില്ല. പ്രശസ്തരും പണ്ഡിതരുമായ പല സഹാബികളും ഈ അഭിപ്രായക്കാരാണെന്ന് വരുമ്പോൾ ഖുർആനിന് പുത്തനായ ഒരു വ്യാഖ്യാനത്തിന്റെ പ്രശ്നവും ഉത്ഭവിക്കുന്നില്ല.

എന്നാൽ ചില പ്രമുഖരായ സഹാബികളും, അധിക മുൻഗാമികളും ഈ ആയത്ത് 'മൻസൂഖ്' (നിയമം പ്രാബല്യത്തിലില്ലാത്തത്) ആണെന്ന് പറഞ്ഞിട്ടുണ്ട്; ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും ഹദീസു ഗ്രന്ഥങ്ങളിലും പ്രസ്തുത അഭിപ്രായമാണ് പ്രസിദ്ധമായിട്ടുള്ളത്. ഇതെങ്ങനെ പ്രചാരത്തിൽ വന്നു എന്നല്ലേ? പിൻഗാമികളായ കേവല നിദാന ശാസ്ത്ര പണ്ഡിതന്മാരുടെ സാങ്കേതിക പ്രയോഗങ്ങളോട് സഹാബികളുടെ പ്രയോഗങ്ങളെയും സംസാര ശൈലികളെയും സാദൃശ്യപ്പെടുത്തിയതിൽ നിന്നുൽഭവിക്കുകയും അങ്ങനെ പ്രചുര പ്രചാരം നേടുകയും ചെയ്തതാണ്. സഹാബികളുടെ പദ പ്രയോഗങ്ങളെ സാങ്കേതികാർത്ഥങ്ങളിൽ മനസ്സിലാക്കി. എന്നാൽ സഹാബികളും മുൻഗാമികളുമാകട്ടെ പ്രസ്തുത പദപ്രയോഗങ്ങളെ അതിന്റെ വിശാലമായ അർത്ഥത്തിലാണ് പ്രയോഗിച്ചിരുന്നത്. ചില സന്ദർഭങ്ങളിൽ 'നസ്ഖി'നെ അതിന്റെ നാനാർത്ഥങ്ങളിൽ ഏതെങ്കിലും ഒന്നിനെ ഉദ്ദേശിച്ചു കൊണ്ടവർ പ്രയോഗിച്ചു. വളരെ അകന്ന ബന്ധത്തിന്റെയും ആശയത്തിന്റെയും അടിസ്ഥാനത്തിൽ പോലും 'നസ്ഖ്' എന്ന പദം അവർ ഉപയോഗിച്ചിരുന്നു. ശൈഖുൽ ഇസ്ലാം ശാഹ് വലിയുല്ലാഹി ദ്ദെഹ്ലവി ചൂണ്ടിക്കാണിച്ചത് ശ്രദ്ധിക്കുക: "ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ മനസ്സിലാക്കാൻ വിഷമമുള്ള ഒരദ്ധ്യായമാണ് 'നാസിഖ്' 'മൻസൂഖ്' എന്നിവ. ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ പ്രകടമായ ഒരു രംഗമാണിത്. അതിന്റെ പ്രധാന കാരണം മുൻഗാമികളുടെയും പിൻഗാമികളുടെയും 'സാങ്കതിക പ്രയോഗ'ങ്ങളിലുള്ള അഭിപ്രായ വ്യത്യാസമാണ്. X

www.abulhasanalinadwi.org

രീക്ഷവും കൂടി ആ സൂക്ത്തം ഒരുക്കുന്നു. ഇത് ഖുർആനിൻെറ നിയമ നിർമ്മാണത്തിലും പ്രബോധന നിദാനത്തിലുമുള്ള മനഃശാസ്ത്രപരവും താത്വികവുമായ അമാനുഷികതയാണ്.

''ഈ ഖുർആൻ സ്തുത്യർഹനും യുക്തിജ്ഞനുമായ ദൈവത്തിൽ നിന്ന് അവതരിച്ചതാകുന്നു.'' *

ചിന്തിച്ചു നോക്കൂ! ഈ നിയമം നടപ്പാക്കാൻ അല്ലാഹു അഭിസംബോധന ചെയ്തത്. 'ഹേ! സത്യവിശ്വാസി

---

X അല്ലാമ സഹാബികളുടെയും അവരുടെ തൊട്ടു പിൻഗാമികളുടെയും അടുക്കൽ 'നസ്ഖ്'' ഭാഷാപരമായ അർത്ഥത്തിലായിരുന്നു; നിദാന ശാസ്ത്രജ്ഞൻമാരുടെ ഭാഷയിലുള്ള സാങ്കേതിക പ്രയോഗമായിരുന്നില്ല സഹാബികളും താബിഈങ്ങളും പ്രയോഗിച്ചിരുന്ന 'നസ്ഖ്'' ഏതെല്ലാം അർത്ഥത്തിലായിരുന്നുവെന്ന് ഇവിടെ കൊടുക്കാം; ഒരു സൂക്ത്തത്തിൽ അടങ്ങിയ കാര്യങ്ങളിൽ ചിലതിനെ മറ്റൊരു സൂക്ത്തം മുഖേന ദുർബ്ബലപ്പെടുത്തുന്നതിന് അവർ 'നസ്ഖ്'' എന്ന് പറഞ്ഞിരുന്നു. അത് പല രൂപത്തിലാണ്; പ്രസ്തുത സൂക്ത്തത്തിൽ പ്രതിപാദിക്കപ്പെട്ട കർമ്മ കാലാവധിയുടെ അന്ത്യം കുറിക്കുക, സൂക്ത്തം കേൾക്കുമ്പോൾ മനോമുകുരത്തിലേക്ക് ഓടിയെത്തുന്ന ആശയത്തിൽ നിന്ന് ഓടിയെത്താത്തതിലേക്ക് വാചകത്തെ തിരിക്കുക, പല ഉപാധികളിൽ ഒന്ന് സാന്ദർഭികമാണെന്ന് വിശദീകരിക്കുക, വ്യാപകാർത്ഥ പദത്തെ പരിമിതപ്പെടുത്തുക, ഖണ്ഡിത നിയമത്തിൻെറയും അതിനോട് പ്രത്യക്ഷത്തിൽ സാമ്യപ്പെടുത്തിയതിൻെറയും മദ്ധ്യേ വേർതിരിക്കുക. അജ്ഞാന കാലത്തെയോ മുൻകടന്ന ശരീഅത്തിലേയോ ഒരു ആചാരത്തെ തുടച്ചുമാററുക തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം തന്നെ അവർ 'നസ്ഖ്'' എന്ന പദമായിരുന്നു ഉപയോഗിച്ചിരുന്നത്. അങ്ങനെ 'നസ്ഖി'ൻെറ വൃത്തം വിശാലമായി. ബുദ്ധിക്ക് അതിൻെറ ചക്രവാളങ്ങളിൽ വട്ടമിട്ട് പറക്കാൻ കഴിഞ്ഞു. ഭിന്നാഭിപ്രായങ്ങൾ ധാരാളമായി രൂപംകൊണ്ടു.''
(അൽ ഫൗസുൽ കബീർഫീഉസൂലി ത്തഫ്സീർ. പേ : 18)

ആധുനിക പണ്ഡിതരായ അൻവർ ശാഹ് കാശ്മീരി, ശംസുൽ ഹഖ് ദിയാനവി, സയ്യിദ് സുലൈമാൻ നദ്‌വി തുടങ്ങിയ മഹാന്മാരും ഈ അഭിപ്രായത്തിന് മുൻതൂക്കം കൊടുത്തിരിക്കുന്നു. അല്ലാമാ മുഹമ്മദ് അബ്ദുവിൻെറയും അഭിപ്രായം ഇത്തന്നെയാണ്. 'തഫ്സീറുൽ മനാറി'ൽ സയ്യിദ് റശീദുരിസാ ഉദ്ധരിച്ചിട്ടുണ്ട്.

( فصلت ٤٢ ) ٭ تنزيل من حكيم حميد

www.abulhasanalinadwi.org

കളേ' എന്നു വിളിച്ചുകൊണ്ടാണ്. എത്ര ക്ലേശകരമായ കാര്യമാണെങ്കിലും ശിരസാ വഹിക്കാൻ അവർ സന്നദ്ധരാണെന്ന ഒരു തോന്നൽ മുമ്പേ തന്നെ അവൻ അവരിൽ ഒരുക്കിയപോലെയാണ് ആ വിളി. അത്തരത്തിലുള്ള ഒരു അവസ്ഥ ദൈവം അവർക്ക് നൽകിയത് പോലെ, അതാണ് ഈമാൻ. ഈമാൻ ഒരാളിലുണ്ടായാൽ ഏത് ക്ലേശവും വഹിക്കാൻ ഒരുക്കമായിരിക്കും. കാരണം അത് ഈമാനിന്റെ തേട്ടമാണ്. ആരാധ്യനും രക്ഷിതാവും കൽപ്പിക്കാനും വിരോധിക്കാനുമുള്ള അധികാരിയും അനുസരിക്കപ്പെടേണ്ടവനും അല്ലാഹുവാണെന്ന് ഒരാൾ വിശ്വസിച്ചു; എന്നിട്ട് തന്റെ ദേഹവും ദേഹിയും അവന് കീഴ്പ്പെടുത്തുകയും, ആത്യന്തികമായ ഭക്തി അവനിൽ അർപ്പിക്കുകയും, ഹൃദയാന്തരാളത്തിൽ നിന്ന് ഉദിച്ചുയരുന്ന സ്നേഹ പ്രകടനം അവനോട് മാത്രമാക്കുകയും ചെയ്തു; അല്ലാഹുവിന്റെ കൽപന എന്തുതന്നെയായാലും അനുസരിക്കാൻ അവൻ സന്നദ്ധനാകും.

'' സത്യവിശ്വാസികളിൽ എന്തെങ്കിലും വിധിയുടെ പ്രശ്നമുണ്ടായി, അത് പരിഹരിക്കാൻ വേണ്ടി അവരെ അല്ലാഹുവിലേക്കും റസൂലിലേക്കും ക്ഷണിക്കപ്പെട്ടുവെന്നിരിക്കട്ടെ, എന്നാൽ അവരുടെ മറുപടി രൂപത്തിലുള്ള വാക്ക് 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു' എന്നു മാത്രമേ ആകാൻ പാടുള്ളൂ.'' *

''അല്ലാഹുവും അവന്റെ റസൂലും ഏതെങ്കിലും ഒരു കാര്യത്തിൽ എന്തെങ്കിലുമൊന്നു വിധിച്ചാൽ ഒരു സത്യവിശ്വാസിക്കും സത്യവിശ്വാസിനിക്കും അതിൽപിന്നെ സ്വതന്ത്രമായ അഭിപ്രായം പാടില്ല.'' വീണ്ടും ഖുർആൻ പറയുന്നു:

---

* انما كان قول المؤمنين اذا دعوا الى الله ورسوله ليحكم بينهم ان يقولوا سمعنا واطعنا — النور : ٥١

** وما كان لمؤمن ولا مؤمنة اذا قضى الله ورسوله امرا ان يكون لهم الخيرة من امرهم — احزاب : ٣٦

www.abulhasanalinadwi.org

''വിശ്വസിച്ചവരെ, അല്ലാഹുവിന്നും ദൂതനും - അദ്ദേഹം നിങ്ങൾക്കു ചൈതന്യം നൽകുന്ന വിഷയത്തിലേക്ക് വിളിച്ചാൽ - നിങ്ങൾ ഉത്തരം ചെയ്യുവിൻ.''

അനന്തരം വ്രതം നിർബന്ധമാക്കിയ വിവരം അറിയിക്കുന്നതോടൊപ്പം ആശ്വാസ രൂപത്തിൽ അല്ലാഹു മറ്റൊരു കാര്യം കൂടി പറയുന്നു: മതങ്ങളുടെ ചരിത്രത്തിൽ അതൊരു പുതിയ ഏർപ്പാടല്ല; ലോകത്ത് വ്രതസംബന്ധമായി വന്ന ആദ്യകൽപനയുമല്ല ഇത്. അവരുടെ മുമ്പുണ്ടായിരുന്ന ഗ്രന്ഥക്കാർക്ക് വ്രതം നിർബ്ബന്ധമാക്കിയിരുന്നു. എല്ലാ വേദത്തിന്റെയും മതത്തിന്റെയും വക്താക്കൾ വ്രതമനുഷ്ഠിക്കാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട്. ഇതൊരു മനഃശാസ്ത്രപരമായ വശമാണ്; തങ്ങളെപ്പോലെ മുമ്പുള്ളവരും ഇത്തരം നിയമങ്ങളുടെ ചട്ടക്കൂട്ടിൽ ജീവിച്ചവരാണ്. ശരീഅത്തിന്റെ നിയമങ്ങൾ ഹൃദയങ്ങളിലേക്ക് കടന്നു ചെല്ലുന്ന സന്ദർഭത്തിലുണ്ടാകുന്ന ഏററുമുട്ടലിനെ അല്ലാഹു ലഘൂകരിക്കുന്നു. അതു വഹിക്കുക എന്നത് ഒരു ഭാരമല്ല എന്ന തോന്നൽ അവരുടെ മനസ്സിലുണ്ടാക്കുന്നു. ഏതു മനുഷ്യനായാലും തന്നിലർപ്പിക്കപ്പെട്ട കാര്യം പുത്തനല്ല, മുമ്പും ഉണ്ടായിരുന്നതാണ്, മററുള്ള പല സമുദായങ്ങളും പാർട്ടികളും ഇതു നിർവ്വഹിച്ചിട്ടുണ്ടു എന്ന ബോധമുണ്ടായാൽ എത്ര ഭാരിച്ച കാര്യവും നിസ്സാരമായി തോന്നുകയും അതിന് ധീരത പ്രകടിപ്പിക്കുകയും ചെയ്യും.

അല്ലാഹു അറിയിക്കുന്നു: ഇത് കേവലം അലക്ഷ്യവും അനാവശ്യവുമായ ഒരു പരീക്ഷണമോ ബുദ്ധിമുട്ടിക്കലോ അല്ല; മറിച്ച്, ഇതൊരു പരിശീലനവും ശിക്ഷണ-ശീലനവുമാണ്; സംസ്കരണവും പരിഷ്കരണവും ആണ് ഇതിന്റെ ഉദ്ദേശ്യങ്ങൾ; ഇത് ആദ്ധ്യാത്മിക വിദ്യാലയമാണ്; അതിൽനിന്ന് മനുഷ്യൻ പൂർണ്ണ പരീക്ഷണത്തിന് ശേഷം വിജയ ശ്രീലാളിതനായി പുറത്തു വരുന്നു;

---

٥ يا ايها الذين امنوا استجيبوا الله وللرسول اذا دعاكم لما يحييكم — انفال : ٢٤

www.abulhasanalinadwi.org

എല്ലാവിധ ശരീരേച്ഛകളുടേയും കടിഞ്ഞാൺ തന്റെ കരങ്ങളിൽ ഭദ്രമാണ്; ഇച്ഛയും ആർത്തിയും തന്നിൽ മരണം നടത്തുന്നതിൽ പരാജയപ്പെടുന്നു; മാത്രമല്ല അവൻ സ്വന്തം ഇച്ഛയെയും ആർത്തിയെയും അടക്കിഭരിക്കുന്നു. അല്ലാഹുവിന്റെ ആജ്ഞകൾ മുഖേന അനുവദനീയവും ശുദ്ധവുമായ കാര്യങ്ങൾ പരിത്യജിക്കാൻ ഒരുവന്ന് കഴിഞ്ഞുവെന്നിരിക്കട്ടെ, എന്നാൽ അനുവദനീയവും അശുദ്ധവുമായ കാര്യം ജീവിതത്തിൽ പരിത്യജിക്കാൻ എന്ത് വിഷമം?! ഒരു മനുഷ്യൻ ഹൃദ്യവും പരിശുദ്ധവുമായ ആഹാര പദാർത്ഥങ്ങൾ അല്ലാഹുവിന്റെ ആജ്ഞക്ക് വേണ്ടി മാത്രം കയ്യൊഴിക്കുന്നുവെങ്കിൽ ഹറാമും വൃത്തികെട്ടതുമായ ഭക്ഷണങ്ങളിലേക്ക് അവന് എങ്ങിനെ ദൃഷ്ടി തിരിക്കാൻ സാധിക്കും?!

''നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം''* എന്ന സൂക്തത്തിന്റെ വിവക്ഷ ഇതാണ്:

''എണ്ണപ്പെട്ട ഏതാനും ദിവസങ്ങൾ'' എന്ന വചനത്തിലൂടെ അല്ലാഹു ചില കാര്യങ്ങൾ നമ്മളെ ധരിപ്പിക്കുന്നു. നീണ്ട ഒരു മാസമില്ലേ? എന്ന തോന്നൽ നിങ്ങൾക്കുണ്ടാകേണ്ടതില്ല. കാരണം അത് എണ്ണാവുന്ന ഏതാനും ദിവസങ്ങളേയുള്ളൂ. ഇന്ന്, നാളെ എന്ന രൂപത്തിൽ നോക്കിയിരിക്കവെ പെട്ടെന്ന് കഴിഞ്ഞുപോകും. അനുവദനീയമായ രൂപത്തിൽ യഥേഷ്ടം ഭുജിച്ച്, ഭോഗിച്ച്, കളിച്ചുല്ലസിച്ച് കഴിയുന്ന പൂർണ്ണമായ ഒരുകൊല്ലത്തെ അപേക്ഷിച്ച് ഈ ഒരു മാസത്തെ പകൽ മാത്രമുള്ള വ്രതം എത്രയോ നിസ്സാരമാണ്?! എന്തിന് വിഷമിക്കുന്നു?! രോഗികളേയും യാത്രക്കാരേയും മററു അശക്തരെയും നാം നോമ്പനുഷ്ഠിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ടല്ലോ?!

തുടർന്ന് അല്ലാഹു വ്രതം നിർബന്ധമാക്കിയ ഈ മാസത്തിന്റെ സവിശേഷതകളിലേക്ക് ശ്രദ്ധ തിരിക്കുന്നു. മാസത്തിന്റെ സവിശേഷതയായി അല്ലാഹു പറയുന്നത്;

---

٥ لعلكم تتقون    ٥٥ اياما معدودات

www.abulhasanalinadwi.org

'അത് ഖുർആൻ അവതരിപ്പിച്ച' മാസമാണെന്നാണ്. മാനവരാശിക്ക് നൂതനമായ ജീവിതം പ്രദാനം ചെയ്ത ഖുർആൻ, മാനവതയുടെ നഷ്ടപ്പെട്ട പ്രതാപവും പ്രശസ്തിയും വീണ്ടെടുത്ത ഖുർആൻ; അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് ജനസഞ്ചയത്തെ നയിച്ച ഖുർആൻ. ഒരു മനുഷ്യനെ സംബന്ധിച്ചേടത്തോളം ഇതിനേക്കാൾ മഹത്തായ നേട്ടം വേറെന്താണ്. ഒന്നുമില്ല. അതിനാൽ ഈ അനുഗൃഹീത മാസം മുഴുവനും നമസ്കാരവും നോമ്പുമായി കഴിഞ്ഞുകൂടുകയും അങ്ങനെ ഒരു നവീന ജീവിതത്തിന് അടിത്തറപാകുകയും ചെയ്യുക. ഒരു നവ്യമായ ഈമാനും നൂതന ശക്തിയും മനുഷ്യന് കൈവരുന്നു.

മനുഷ്യായുസ്സു മുഴുവനും, ജീവിതത്തിന്റെ നിഖില മണ്ഡലങ്ങളിലും നാനാവിധമായ ഐശ്വര്യങ്ങളും അനുഗ്രഹങ്ങളും പ്രദാനം ചെയ്യുന്നു; എല്ലാവിധ ക്ലേശങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും അകന്ന ഈ വ്രതം ലോകത്തിന് ഇസ്ലാം സംഭാവന ചെയ്ത അതുല്യമായ ആത്മീയ ഭക്ഷണമാണ്.

''നിങ്ങൾക്ക് ആശ്വാസത്തെയാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. ക്ലേശത്തെ ഒരിക്കലും അവൻ നിങ്ങൾക്കു ഉദ്ദേശിക്കുന്നില്ല. നിങ്ങൾ എണ്ണം പൂർത്തിയാക്കുകയും, നിങ്ങൾക്ക് അല്ലാഹു മാർഗ്ഗദർശനം നൽകിയതിന്റെ അടിസ്ഥാനത്തിൽ അവനെ മഹത്വപ്പെടുത്തുകയും ചെയ്യുക. (എങ്കിൽ) നിങ്ങൾ കൃതജ്ഞതയുള്ളവരായേക്കാം.'' *

## ഇസ്ലാം അനുശാസിക്കുന്ന വ്രതത്തിന്റെ പ്രത്യേകതയും ശ്രേഷ്ഠതയും

ഇസ്ലാം വരച്ചുകാണിച്ച വ്രതത്തിന്റെ ചിത്രം ഏതു നിലക്കും സമ്പൂർണ്ണമാണ്. ഒരു വ്രതം വ്രതമാകണമെങ്കിൽ എന്തെന്തു നിയമങ്ങളും ലക്ഷ്യങ്ങളും ഫലങ്ങളും ആ

* يريد الله بكم اليسر ولا يريد بكم العسر ولتكملوا العدة ولتكبروا الله على ما هديكم ولعلكم تشكرون. — البقرة : ١٨٥

www.abulhasanalinadwi.org

വശ്യമാണോ അതെല്ലാം അതിൽ അടങ്ങിയിരിക്കുന്നു. പ്രതാപശാലിയും, അഗാധജ്ഞാനിയും, യുക്തിജ്ഞനും, സൂക്ഷ്മദൃക്കുമായ ദൈവത്തിന്റെ യുക്തിയും അതിൽ പ്രശോഭിതമായി കാണാം.

''(എന്ത്, എല്ലാം) സൃഷ്ടിച്ചവൻ അറിയുകയില്ലെന്നോ? അവൻ അതിസൂക്ഷ്മജ്ഞാനിയും വാത്സല്യ നിധിയുമാകുന്നു.''*

അങ്ങനെ എല്ലാം അറിയുന്ന അല്ലാഹു പൂർണ്ണമായ ഒരു മാസം വിശുദ്ധ ഖുർആൻ അവതരിപ്പിച്ച റമസാൻ-വ്രതത്തിന് വേണ്ടി പ്രത്യേകമാക്കി. ആ മാസത്തിന്റെ പകലുകളിൽ ആഹാരപാനീയങ്ങൾ അനനുവദനീയവും, രാത്രികളിൽ അനുവദനീയവുമാകുന്നു, അന്ന് അറബികളിൽ നിലവിലിരുന്ന വ്രതത്തിന്റെ സമ്പ്രദായം ഇപ്രകാരമായിരുന്നു. എക്കാലത്തേക്കുമുള്ള മാനവികതയുടെ മതമായ ഇസ്ലാമിക ശരീഅത്തും അതിന് അംഗീകാരം നൽകി. ശൈഖുൽഇസ്ലാം ശാഹ്‌വലിയുല്ലാഹിദ്ദഹ്‌ലവി എഴുതുന്നു:

''ഉണ്മ പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെയാകുന്നു വ്രതത്തിന്റെ ഒരു പകൽ കണക്കാക്കുന്നത്. കാരണം അറബികൾ അങ്ങനെയായിരുന്നു നോമ്പനുഷ്ഠിച്ചു പോന്നത്. അവർ 'ആശൂറാ (മുഹറം പത്തിന്റെ) വ്രതം' അനുഷ്ഠിച്ചത് ഇതേ രൂപത്തിലായിരുന്നു. മാസത്തിന്റെ ആരംഭവും അവസാനവും ചന്ദ്ര ദർശനത്തെ ആശ്രയിച്ചിരുന്നു. കാരണം അവർ മാസം കണക്കാക്കിയത് ചന്ദ്രനെ അടിസ്ഥാനമാക്കിയായിരുന്നു. [ഹുജ്ജത്തുല്ലാഹിൽ ബാലിഗ; വ : 2 പേ: 37]

## എന്ത്കൊണ്ട് റമസാനിൽ നിർബന്ധമാക്കി?

അല്ലാഹു റമസാനിൽ വ്രതം നിർബ്ബന്ധമാക്കി.

---

* الا يعلم من خلق وهو اللطيف الخبير — الملك : ١٤

അവ അനിവാര്യമായ പരസ്പരഘടകങ്ങളാക്കി; ഓരോന്നും പരസ്പര പൂരകങ്ങളും ബന്ധിതങ്ങളുമാക്കി. വ്രതം എന്നാൽ റമസാൻ; റമസാൻ എന്നാൽ വ്രതം, ഇതേ രൂപത്തിലാണ് അല്ലാഹു ബന്ധപ്പെടുത്തിയത്. ഇത് രണ്ട് സൗഭാഗ്യങ്ങളുടെ സംയോഗമാണ്. രണ്ട് അനുഗ്രഹങ്ങളുടെയും ഐശ്വര്യങ്ങളുടെയും സംയോജനമാണ്. ദൈവത്തിന്റെ അപാര യുക്തിയാണ് ഇതിന്റെ പിന്നിൽ. എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? പറയാം: ഖുർആൻ അവതരിപ്പിച്ച മാസം റമസാൻ; അതിൽ കൂരിരുട്ടിൽ മാർഗ്ഗഭ്രംശം സംഭവിച്ച മാനവ ജനതക്ക് ''ഉണ്മ പ്രഭാതോദയം'' ഉണ്ടായി. അപ്പോൾ ദിവസവും ഉണ്മ പ്രഭാതോദയം വ്രതത്തോട് ബന്ധപ്പെടുത്തിയപോലെ, ഖുർആനാകുന്ന പ്രഭാതോദയം ഉണ്ടായ പ്രസ്തുത മാസത്തെയും വ്രതത്തോട് അല്ലാഹു ബന്ധപ്പെടുത്തി. വേറെയും പതിനൊന്ന് മാസങ്ങളുണ്ട്. അതിലൊന്നും ''പ്രഭാതോദയം'' ഉണ്ടായില്ല. ധാരാളം സഹായ സൗഭാഗ്യങ്ങളും, ഐശ്വര്യാനുഗ്രഹങ്ങളും റമസാനിൽ വർഷിക്കുന്നു. ശുദ്ധ പ്രകൃതിയുള്ള മനുഷ്യഹൃദയങ്ങളുടെയും അല്ലാഹുവിന്റെയും ഇടയിൽ അവ്യക്തമായ ആത്മീയ ബന്ധവും ആ മാസത്തിൽ സ്ഥാപിക്കപ്പെടുന്നു. അതുകൊണ്ടല്ലോമാണ് അന്ന് പകൽ വ്രതമനുഷ്ഠിക്കാനും രാത്രി നിന്ന് നമസ്കരിക്കാനും അല്ലാഹു കല്പിച്ചത്.

വ്രതത്തിന്റെയും ഖുർആനിന്റെയും മദ്ധ്യേ ആഴമേറിയ ഒരു പ്രത്യേകബന്ധമുണ്ട്. അതുകൊണ്ടാണ് നബി (സ) റമസാനിൽ ധാരാളമായി ഖുർആൻ പാരായണം നടത്തിയത്. ഇബ്നുഅബ്ബാസ് (റ) പറയുന്നു: ''നബി(സ) ജനങ്ങളിൽ എല്ലാവരേക്കാളും വലിയ ഔദാര്യവാനായിരുന്നു. അവിടുന്ന് ഏററവും കൂടുതൽ ഉദാരത പ്രകടിപ്പിക്കുന്നത് റമസാനിൽ ജിബ്രീലുമായി കണ്ടുമുട്ടുമ്പോളാണ്. റമസാനിന്റെ എല്ലാ നിശകളിലും ജിബ്രീൽ നബി(സ)യെയും ഖുർആൻ അവിടുത്തേക്ക് ആവർത്തന പഠനം നടത്തുകയും കണ്ടുമുട്ടുകയും ചെയ്തിരുന്നു. ജിബ്രീലുമായി കണ്ടുമുട്ടുമ്പോൾ അവിടുന്ന് മന്ദമാരുതനേക്കാൾ (വ്യാപകമായ രൂപത്തിൽ) വലിയ ധർമ്മിഷ്ഠനായിരുന്നു.'' [ബു:മു:]

www.abulhasanalinadwi.org

മഹാനായ ശൈഖ് അഹ്മദ്ബ്നു അബ്ദുൽ അഹദ് സർഹിന്ദി (മുജദ്ദിദ് അൽഫെസാനി) പറയുന്നു:

''ഈ മാസത്തിന് വിശുദ്ധ ഖുർആനുമായി അഭേദ്യ ബന്ധമുണ്ട്. ഈ ബന്ധത്തിൻെറ അടിസ്ഥാനത്തിലാണ് വിശുദ്ധഖുർആൻ പ്രസ്തുത മാസത്തിൽ അവതരിക്കപ്പെട്ടത്. എല്ലാവിധ നന്മകളും ഐശ്വര്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന മാസമാണിത്. ഒരു വർഷം മുഴുവനും ലഭ്യമാകുന്ന ആകെ അനുഗ്രഹങ്ങൾ ഈ മാസത്തെ അനുഗ്രഹങ്ങളെ അപേക്ഷിച്ച് സമുദ്രത്തിലെ ഒരുതുള്ളി മാത്രമാണ്. ഇതിൽ ലഭ്യമാകുന്ന മനഃസംതൃപ്തിയും ആഭ്യന്തര ഐക്യവും ഒരു വർഷത്തേക്ക് മതിയായതാണ്. ഇതിൽ സൃഷ്ടിക്കുന്ന ആന്തരിക വിഷമവും അനൈക്യവും വർഷം മുഴുവനും തുടർന്നുകൊണ്ടേയിരിക്കും. ഈ റമസാൻ മാസം ആരെ സംബന്ധിച്ച് സംതൃപ്തമായിട്ടുണ്ടോ അവർ മഹാഭാഗ്യവാന്മാരും അനുഗൃഹീതരുമാണ്. ഇതിൽ ആരെങ്കിലും നന്മകൾ സമ്പാദിക്കാതെ ദുർഭാഗ്യവാനായി കഴിഞ്ഞുകൂടുകയും, അങ്ങനെ അവനെ സംബന്ധിച്ച് ഈ മാസം അസംതൃപ്തി രേഖപ്പെടുത്തുകയും ചെയ്താൽ അവനാണ് അക്ഷരാർത്ഥത്തിൽ പരാജയം വിലക്ക് വാങ്ങിയവനും ദുർഭാഗ്യവാനും.'' [മക്തൂബാത്തെ ഇമാം റബ്ബാനി. വാ: 1 പേ: 8]

മറെറാരു കൃതിയിൽ അദ്ദേഹം എഴുതുന്നു:

''ഈ മാസത്തിൽ സൽകർമ്മങ്ങൾ ചെയ്യാനുള്ള സൗഭാഗ്യം ആർക്കെങ്കിലും ലഭിച്ചാൽ വർഷം മുഴുവനും അത് തുടർന്ന് നിൽക്കും. നേരെമറിച്ച് ഈ മാസത്തിൽ ഹൃദയശൂന്യതയോടെ, ചിന്താരാഹിത്യത്തോടെ അപരാധജീവിതത്തിലൂടെ കഴിഞ്ഞുപോയാൽ വരാൻപോകുന്ന കൊല്ലവും അതേ അവസ്ഥതന്നെയായിരിക്കും.''

നബി(സ) പറഞ്ഞതായി ഹ: അബൂഹുറൈറഃ(റ) ഉദ്ധരിക്കുന്നു: 'റമസാൻ മാസം സമാഗതമായാൽ സ്വർഗ്ഗത്തിൻെറ കവാടങ്ങൾ തുറക്കപ്പെടും; നരകത്തിൻെറ കവാടങ്ങൾ

www.abulhasanalinadwi.org

കൊട്ടിയടക്കപ്പെടും, പിശാചുക്കഠം ചങ്ങലകളിൽ ബന്ധി ക്കപ്പെടുകയും ചെയ്യും.'

## ആരാധനയുടെ ലോകമഹോൽസവം; സൽകർമ്മങ്ങളുടെ സമ്മേളനം.

റമസാൻ ആരാധന ദൈവസ്മരണ, ഖുർആൻ പാരായണം, സൂക്ഷ്മത, ഭക്തി, വിരക്തി, വിനയം തുടങ്ങിയ എല്ലാ മഹത് കർമ്മങ്ങളുടെയും ഒരു ലോകമഹാസമ്മേളനവും മഹോത്സവവുമാണ്. ആ മഹോത്സവത്തിൽ പാശ്ചാത്യരും പൗരസ്ത്യരുമായ സകല മുസ്ലിംകളും പങ്ക് ചേരുന്നു. പാമരനും പണ്ഡിതനും, ധനികനും ദരിദ്രനും, ധീരനും ഭീരുവും അതിൽ സന്ധിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു. നാടായ നാടുകളിൽ; ഗ്രാമങ്ങളിൽ; നഗരങ്ങളിൽ എല്ലാം റമസാനിന്റെ ആഹ്ളാദപ്രകടനമാണ് കാണാൻ കഴിയുന്നത്. കുടിലുകളിൽ എപ്രകാരം റമസാൻ കയറിച്ചെല്ലുന്നുവോ അതേ രൂപത്തിൽ കൊട്ടാരത്തിലും കയറിച്ചെല്ലുന്നു. ആരും സ്വന്തമായ അഭിപ്രായത്തിന്റെ പേരിൽ ഭിന്നിക്കുന്നില്ല. റമസാനിന്റെ ദിവസങ്ങഠം തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ആർക്കും അനൈക്യമോ ഭിന്നതയോ ഇല്ല. പരസ്പരം വഴക്കില്ല വക്കാണമില്ല. ഇസ്ലാമിക ലോകത്തിന്റെ ഏത് മുക്കിലോ മൂലയിലോ പോയി നോക്കുന്ന ആർക്കും റമസാനിന്റെ സൗന്ദര്യവും ഗാംഭീര്യവും ആസ്വദിക്കാൻ കഴിയും. ആഗോള മുസ്ലിംകളിൽ മുഴുവനും ശാന്തിയും സമാധാനവും തളം കെട്ടി നില്ക്കുന്നതായി കാണാം. സത്യവിശ്വാസത്തിന്റെ തേജോഗോളം അവരിൽ പ്രകാശത്തിന്റെ പാലൊളി വാരി വിതറുന്നു. വ്രതാനുഷ്ഠാനത്തിൽ അല്പം അലംഭാവമോ അലസതയോ ഉള്ളവർപോലും സമൂഹത്തോടുള്ള ബാദ്ധ്യതയായി വ്രതമനുഷ്ഠിക്കാൻ നിർബ്ബന്ധിതരാകുന്നു. ആരെങ്കിലും വ്രതമനുഷ്ഠിക്കാത്തവരുണ്ടെങ്കിൽതന്നെ ലജ്ജയോടെ രഹസ്യമായി മാത്രമേ എന്തെങ്കിലും ആഹരിക്കുകയുള്ളൂ. പക്ഷെ വിരലിലെണ്ണാവുന്ന ചില മുസ്ലിം നാമധാരികളായ ധിക്കാരികളും നാസ്തികരും ഈ നിയമം അനുസ

www.abulhasanalinadwi.org

രിക്കാറില്ല. അല്ലാഹു അനുവാദം നല്കിയ രോഗികളും യാത്രക്കാരും ഇതിൽനിന്നൊഴിവാണ്. അപ്പോൾ ഇസ്ലാം നിർബ്ബന്ധമാക്കിയ ഈ വ്രതം ഒരു ആഗോള സമൂഹവ്രതമാണ്. അതിന് അതിന്റേതായ ഒരു പ്രത്യേകാന്തരീക്ഷമുണ്ട്. അന്ന് ആർക്കും നോമ്പനുഷ്ഠിക്കൽ എളുപ്പമാണ്. ഹൃദയങ്ങൾ അതിൽ ലോലമായിത്തീരുന്നു. അല്ലാഹുവിനുള്ള ആരാധനയിലും, അനുസരണത്തിലും, ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളിലും ജനങ്ങൾ മുഴുകിയിരിക്കും.

## ലോകവ്യാപകമായ അന്തരീക്ഷം

''റമസാൻ സമാഗതമായാൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടും'' എന്ന നബിവചനത്തിന്റെ വ്യാഖ്യാനത്തിൽ ശാഹ്വലിയുല്ലാഹി ദ്ദഹ്ലവി തന്റെ ചിന്തോദ്ദീപകമായ ശൈലിയിൽ വിശദീകരിക്കുന്നു:

''വ്രതം സാമൂഹ്യാചാരത്തിന്റെ രൂപത്തിലാണ് നിർബ്ബന്ധമാക്കിയിരിക്കുന്നത്. ഏതെങ്കിലും ഒരു സമൂഹം ഒന്നടങ്കം അതിൽ കൃത്യനിഷ്ഠ പാലിച്ചാൽ അവർക്കുവേണ്ടി സകല പൈശാചിക ശക്തികളെയും ബന്ധിക്കുന്നതാണ്. സ്വർഗ്ഗകവാടങ്ങൾ അവർക്കായി മലർക്കെ തുറക്കുകയും, നരകകവാടങ്ങൾ കൊട്ടിയടക്കുകയും ചെയ്യുന്നതാണ്.''
[ഹുജജത്തുല്ലാഹിൽ ബാലിഗ: വാ: 1, പേ: 59]

മറ്റൊരു സ്ഥലത്ത് അദ്ദേഹം എഴുതുന്നു:

''മുസ്ലിംകളിലുള്ള വിവിധ പാർട്ടികളെല്ലാം ഒരേ കാര്യത്തിന്വേണ്ടി ഏകോപിക്കുന്നതും ഏകതാനത കൈക്കൊള്ളുന്നതും ആ കാര്യത്തിനുവേണ്ടി പരസ്പരം സഹായിക്കുന്നതും പ്രേരിപ്പിക്കുന്നതും സഹകരിക്കുന്നതും നോമ്പിന്റെ പ്രത്യേകതയാണ്.''

''അവരുടെ ഈ സമ്മേളനം സാധാരണക്കാരിലും അല്ലാത്തവരിലുമെല്ലാം അനുഗ്രഹങ്ങൾ വർഷിക്കുന്നതിന് കാരണമാകുന്നു. അതായത് അവരിലെ സജ്ജനങ്ങളിലും സച്ച

www.abulhasanalinadwi.org

രീതരിലും സദാ വർഷിക്കുന്ന കാരുണ്യം മുഖേനയും, അവരുടെ പ്രാർത്ഥന മുഖേനയും സമൂഹം ഒന്നടങ്കം അനുഗ്രഹത്തിന് പാത്രീഭൂതമാകുന്നു.''

# വ്രതത്തിന്റെ ഗുണവൈശിഷ്ട്യങ്ങളും ശക്തി സ്വാധീനവും

ഒരു വശത്ത് ശരീരേച്ഛയും മറുവശത്ത് ബുദ്ധിയും അണിനിരന്നു നിരന്തരമായി നടത്തുന്ന സമരത്തിന്റെ പേരാണ് ജീവിതം. ഈ സമരത്തിൽ നിരന്തരവിജയം കൊയ്തെടുക്കുന്നത് ശരീരേച്ഛകളാണെന്ന ചിലരുടെ ധാരണ ശരിയല്ല. ഈ ധാരണ യഥാർത്ഥത്തിൽ മനുഷ്യപ്രകൃതിയെ തെററിദ്ധരിക്കലും, സത്യത്തെ നിഷേധിക്കലുമാണ്.

ഇഹലോക ജീവിതത്തിന്റെ ചക്രം അതിവേഗത്തിൽ തിരിക്കുന്നതും അതിന് ചൈതന്യവും ഉണർവ്വും പ്രദാനം ചെയ്യുന്നതും ഒരേ ഒരു ശക്തിയാണ്. എന്താണാ ശക്തി? ലാഭം കിട്ടും ഇല്ലെങ്കിൽ ആദായമുണ്ടാകും എന്ന ജനങ്ങളുടെ വിശ്വാസം. ശൈത്യകാലത്ത് പ്രഭാതോദയത്തിന് മുമ്പായി കർഷകരെ പാടത്തെത്തിക്കുന്നത് ആ വിശ്വാസമാണ്. അതെ, മരം കോച്ചുന്ന തണുപ്പത്ത് പൂങ്കോഴിയുടെ കണ്ഠനാദം കേൾക്കുന്നതിന്നു മുമ്പായി മൂടിപ്പുതച്ച കരിമ്പടം വലിച്ചെറിഞ്ഞു വയലുകളിലെത്താൻ ആ വിശ്വാസം അവരെ പ്രേരിപ്പിക്കുന്നു. തീ തുപ്പുന്ന സൂര്യഗോളം ആകാശത്ത്, അഗ്നിജ്വാലകളുള്ള തീക്കാററ് ഉർവ്വിയിൽ, ഈ സമയത്ത് ഭൂമി ഉഴുത് വിത്തിറക്കുവാനും വിളവെടുക്കാനും എത്രകണ്ട് വിയർപ്പ് ചിന്തണമെന്നും ശരീരം കരിക്കണമെന്നും പറയാതെതന്നെ അറിയാം. ഇതിനും പ്രസ്തുത കർഷകന് ആവേശം പകർന്നുകൊടുക്കുന്നത് മേൽപറഞ്ഞ വിശ്വാസംതന്നെ. പിഞ്ചോമനകളെയും ഭാര്യയെയും മററു ബന്ധുക്കളെയും വിട്ടു തന്റെ വ്യാപാരകേന്ദ്രത്തിലേക്ക് പോകാനും അവിടെ അനവരതം അദ്ധ്വാനിക്കാനും ഒരു കച്ചവടക്കാരന് ഉണർവ്വും ആവേശവും നൽകുന്നതും അതേ വിശ്വാസമാണ്. ബന്ധുമിത്രാദികളെയും പുത്രകളത്രാ

www.abulhasanalinadwi.org

ദികളെയും ഉപേക്ഷിച്ച് രണാങ്കണത്തിൽ പോയി വീരമൃത്യു വരിക്കാൻ പോരാളിയെ പ്രേരിപ്പിക്കുന്നതും ഇതുതന്നെയാണ്; പ്രസ്തുത മരണത്തെ പുൽകുന്നതിനേക്കാൾ വലുതായി ആ പടയാളി തന്റെ ആത്മാവിനെ കാണുന്നില്ല. അതിന് സമമായി യാതൊരു സന്തോഷമോ, സമ്പത്തോ, ഐശ്വര്യമോ കാണാൻ കഴിയുന്നില്ല. ഇതെല്ലാം മനുഷ്യൻ ചെയ്യുന്നത് ലാഭവും ആദായവും കിട്ടുമെന്ന വിശ്വാസം കൊണ്ട് മാത്രമാണ്. അപ്പോൾ ആ വിശ്വാസമാണ് ജീവിതത്തിന്റെ അച്ചുതണ്ട്.

എന്നാൽ ഇതിനേക്കാൾ ജനഹൃദയങ്ങളിൽ സ്വാധീനം നേടിയ മറ്റൊരു വിശ്വാസമുണ്ട്. ഇപ്പോൾ നാം ഉദാഹരിച്ചതിനേക്കാൾ അഗാധവും ആഴത്തിൽ വേരൂന്നിയതുമാണ് ആ വിശ്വാസം. അത് ലക്ഷക്കണക്കിന് അമ്പിയാക്കളും മുർസലുകളും അറിയിച്ചുതന്ന ലാഭത്തെക്കുറിച്ചുള്ള വിശ്വാസമാണ്. ആ ലാഭം ഉറപ്പാണെന്ന കാര്യത്തിൽ ദൈവത്തിന്റെ ബോധനവും (വഹ്‌യ്) ഗ്രന്ഥങ്ങളും ഇവിടെ അവതരിച്ചിട്ടുണ്ട്. അതിനെ നമുക്ക് ദൈവത്തിന്റെ പ്രീതിയെന്നും, ഇരുലോകത്തും ലഭ്യമാകുന്ന കർമ്മഫലമെന്നും വിളിക്കാം.

കുറച്ച് ദിവസങ്ങൾ ആഹാര സാധനങ്ങൾ വെടിയുന്നത് ആരോഗ്യത്തിന് വളരെ ഉത്തമമാണ്. ഓരോ വർഷവും പല പ്രാവശ്യം വ്രതമനുഷ്ഠിക്കുന്നത് ആർക്കും ഗുണകരമാണ്. അമിതാഹാരവും അജീർണ്ണവും മൂലമുള്ള ഉപദ്രവങ്ങൾ അത് വഴി ഇല്ലാതാവും. ശാരീരികവും മാനസികവുമായ രോഗങ്ങൾക്ക് ഈ നോമ്പ് വളരെ വിലപ്പെട്ടതാണ്. ഇതെല്ലാം സർവ്വാംഗീകൃതവും അനുഭവ സത്യങ്ങളുമാണ്. വൈദ്യ ശാസ്ത്രപരമായും സാമ്പത്തികമായും ധാരാളം ഗുണങ്ങളും നേട്ടങ്ങളും വ്രതം മൂലമുണ്ട്.

ഒരാൾ ഇങ്ങനെ ചോദിച്ചു എന്നിരിക്കട്ടെ: വ്രതം ശരീരത്തിന് ഉത്തമമാണെന്ന് വൈദ്യശാസ്ത്രം പറഞ്ഞിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം എത്ര ആളുകൾ വ്രതമനുഷ്ഠിച്ചു? മിത വ്യയത്തെയും ആരോഗ്യ സംരക്ഷ

www.abulhasanalinadwi.org

ണത്തെയും ലക്ഷ്യം വെച്ചുകൊണ്ട് ഈ വർഷം ആകെ അനുഷ്ഠിക്കപ്പെട്ട വ്രതത്തിന്റെ എണ്ണമെത്ര? സാമ്പത്തിക നേട്ടം ലക്ഷ്യംവെച്ച് എത്ര ആളുകൾ വ്രതമനുഷ്ഠിച്ചു? ഉത്തരം നിരാശാജനകമായിരിക്കും. ഇല്ലെങ്കിൽ വളരെ കുറഞ്ഞ ആളുകൾ ശൈത്യകാലത്ത് കൂടി വ്രതമനുഷ്ഠിക്കുന്നവരുണ്ടാകുമോ എന്ന കാര്യം സംശയമാണ്. അന്ന് വ്രതമനുഷ്ഠിക്കൽ അത്ര പ്രയാസകരമായ കാര്യമല്ലല്ലോ? മാത്രമല്ല ആരോഗ്യത്തെയും സാമ്പത്തിക നേട്ടത്തേയും ഉന്നം വെച്ചുകൊണ്ടുള്ള വ്രതം മതപരമായ വ്രതത്തേക്കാൾ എത്രയോ എളുപ്പവും ആശ്വാസകരവുമായിരിക്കും. എന്നിട്ടും അതിനാളുകൾ തയ്യാറാവുന്നില്ല.

ഇനി നമുക്ക് മറ്റൊരു തരം വ്രതക്കാരുടെ എണ്ണം നോക്കാം. അവർ വ്രതമനുഷ്ഠിക്കുന്നത് മതപരമായ ഒരു ബാദ്ധ്യതയാണെന്ന വിശ്വാസത്തോടെയാണ്. അതിനവർ അല്ലാഹുവിന്റെ തൃപ്തിയും പ്രീതിയും കാംക്ഷിക്കുന്നു. അല്ലാഹു പരലോകത്ത് മഹത്തായ പ്രതിഫലം നല്കുമെന്ന് അവർ അചഞ്ചലമായി വിശ്വസിക്കുന്നു. എന്നാൽ ഈ വിശ്വാസത്തിന് പ്രേരണ നൽകുന്ന ഒന്നും ഇന്നത്തെ ചുറ്റുപാടിലില്ല. എവിടെയും ഭൗതികത്വം അതിന്റെ കരാളഹസ്തം ജനതയുടെ നേരെ നീട്ടിയിരിക്കുന്നു. ഈ സാഹചര്യത്തിലും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നോമ്പനുഷ്ഠിക്കുന്നവരുടെ എണ്ണം മില്ല്യൻ കണക്കിന് ഇന്ന് ഭൂമുഖത്തുണ്ട്. ഏത് ഉഷ്ണ രാജ്യത്തും, ഉഷ്ണകാലത്തും പകൽ മുഴുവനും വ്രതമനുഷ്ഠിക്കുന്ന, രാത്രി കാലങ്ങളിൽ നിന്ന് നമസ്കരിക്കുന്ന മില്യൻകണക്കിന് ജനങ്ങളെ നമുക്ക് കാണാം. ഈ കഠിനമായ ചൂട് അവർക്ക് തടസ്സമാകുന്നില്ല. എന്താണിതിനു കാരണം? മറ്റൊന്നുമല്ല; (അമ്പിയാക്കന്മാരറിയിച്ച) മതപരമായ നേട്ടങ്ങളിലും ലാഭങ്ങളിലുമുള്ള വിശ്വാസം, ഡോക്ടർമാർ പറഞ്ഞുതന്ന ആരോഗ്യപരമായ നേട്ടങ്ങളിലുള്ള വിശ്വാസത്തേക്കാളും, ധനതത്വശാസ്ത്രജ്ഞന്മാർ പറഞ്ഞുതന്ന സാമ്പത്തിക ലാഭങ്ങളിലുള്ള വിശ്വാസത്തേക്കാളും വിശ്വാസികളിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നു. എന്ത് കൊണ്ടിങ്ങനെ സംഭ

www.abulhasanalinadwi.org

വിച്ചുവെന്നല്ലേ? അമ്പിയാക്കളുടെ സുവിശേഷങ്ങളിലും വാഗ്ദാനങ്ങളിലും അവർ കേട്ടത് ഇങ്ങനെയാണ്: നോമ്പിന്റെ പേരിൽ എത്ര ക്ലേശം സഹിക്കുന്നുവോ അതെല്ലാം അതിന്റെ പ്രതിഫലത്തിന്റെ മുമ്പിൽ ഒന്നുമല്ല. ഈ നൈമിഷിക വിശപ്പും ദാഹവും ആ ശാശ്വത സുഖത്തിന്റെ മുന്നിൽ എത്രയോ നിസ്സാരം! നബി (സ) പറഞ്ഞതായി അബൂഹുറൈറ ഉദ്ധരിക്കുന്നു: *

''മനുഷ്യന്റെ എല്ലാ സൽകർമ്മങ്ങളു (ടെയും പ്രതിഫലം) ഒന്നിന് പത്ത് മുതൽ എഴുന്നൂറ്വരെ ഇരട്ടിക്കപ്പെടും; വ്രതമൊഴികെ. അല്ലാഹു പറഞ്ഞു: അത് എനിക്കുള്ളതാണ്. അതിന് പ്രതിഫലം കൊടുക്കുന്നത് ഞാനാണ്. (കാരണം) എനിക്ക്വേണ്ടിയാണ് (ആ നോമ്പുകാരൻ) അവന്റെ ഭക്ഷണവും വികാരവും വെടിഞ്ഞത്. ഒരു നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്: ഒന്ന് നോമ്പ് തുറക്കുമ്പോൾ; മറ്റൊന്ന് അവൻ തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോൾ. (പട്ടിണി കിടന്നത് കാരണമായി) നോമ്പുകാരന്റെ വായിൽനിന്ന് പുറപ്പെടുന്ന വാസന (അവന് ദുർഗന്ധമായി തോന്നുന്നുണ്ടെങ്കിലും) അല്ലാഹുവിന്റെ അടുക്കൽ അത് കസ്തൂരിയേക്കാൾ സംശുദ്ധമാകുന്നു.'' [സിഹാഹു സ്സിത്ത:].

നബി(സ)യിൽ നിന്ന് സഹ്ലുബ്നുസഅദ് എന്ന സഹാബി പറയുന്നതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: *

---

* كل عمل ابن آدم يضاعف، الحسنة عشرا مثالها الى سبع مأة ضعف : قال الله تعالى: الا الصوم. فانه لى وأنا أجزى به، يدع شهوته وطعامه من اجلى، للصائم فرحتان فرحة عند فطوره وفرحة عند لقاء ربه، ولخلوف فم الصائم اطيب عندالله من ريح المسك رواه الستة)

** فى الجنة باب يدعى الريان، يدعى له الصائمون، فمن كان من الصائمين دخله، ومن دخله لم يظمأ ابدا.

www.abulhasanalinadwi.org

''സ്വർഗ്ഗത്തിൽ 'റയ്യാൻ' എന്ന നാമധേയത്തിൽ ഒരു കവാടമുണ്ട്; വ്രതമനുഷ്ഠിച്ചവർ ഇതിലേ പ്രവേശിച്ചുകൊള്ളൂ എന്ന് അവിടെ വിളിച്ചുപറയപ്പെടും. അപ്പോൾ വ്രതമനുഷ്ഠിച്ചവർമാത്രം അതിലെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അങ്ങനെ ആരെങ്കിലും സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ പിന്നീടൊരിക്കലും അവൻ ദാഹിക്കുകയില്ല.'' അബൂഹുറൈറ(റ) ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ്കൂടി ഇവിടെ കൊടുക്കാം: *

''ആരെങ്കിലും റമസാൻ മാസത്തിൽ വിശ്വാസത്തോടും പ്രതിഫലേച്ഛയോടുംകൂടി വ്രതമനുഷ്ഠിച്ചാൽ അവന്റെ ജീവിതത്തിൽ മുൻകഴിഞ്ഞ എല്ലാ പാപങ്ങളും പൊറുക്കപ്പെടും.''

## സത്തയും ആത്മാവും പരിഗണിക്കപ്പെട്ടു;

### ക്രിയാത്മക–നിഷേധാത്മക സമുച്ചയം.

റമസാനിന്റെ സാമൂഹ്യഘടനയും, സമൂഹത്തിൽ അതിന് ലഭിച്ച സ്വീകാര്യതയും വ്യാപ്തിയും ചില സന്ദേഹങ്ങൾക്ക് വകനൽകുന്നു. ആചാരാനുകരണങ്ങളോടുള്ള അന്ധമായ ഭ്രമം മുഖേന അത് അനുഷ്ഠിക്കപ്പെടുകയും കാലക്രമത്തിൽ അത്തരത്തിലുള്ള ഒരു മാമൂലായി അധഃപതിക്കുകയും ചെയ്യുമോ എന്നാണ് ആ സന്ദേഹം. അങ്ങനെ വരുമ്പോൾ സമൂഹത്തിന്റെയും ചുറ്റുപാടിന്റെയും സഹസഞ്ചാരികളാകാനും, മറ്റുള്ളവരുടെ ആക്ഷേപ ശരങ്ങളിൽ നിന്ന് മോചനംനേടാനും, മുസ്ലിം സമൂഹത്തിൽ അംഗത്വം ലഭിക്കാനും വേണ്ടി ആളുകൾ വ്രതമനുഷ്ഠിക്കുന്ന ഒരു സ്വഭാവം നിലവിൽ വരും. വിശ്വാസമോ പ്രതിഫലകാംക്ഷയോ ആ വ്രതത്തെ അനുഗമിക്കുകയില്ല. അതിന്റെ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച ചിന്തപോലും ഇല്ലാതാകും. അല്ലെങ്കിൽ ചിലർ ഭൗതികമായ ത

---

* من صام رمضان ايمانا واحتسابا غفر له ما تقدّم من ذنبه
( بخاری )

www.abulhasanalinadwi.org

ങ്ങളുടെ ലക്ഷ്യ സഫലീകരണത്തിനും, സാമ്പത്തികവും ആരോഗ്യകരവുമായ നേട്ടത്തിനും വേണ്ടി വ്രതമനുഷ്ഠി ക്കാൻ തുടങ്ങും. ഇത്തരത്തിലുള്ള പലആശങ്കകളും മുന്നിൽ കണ്ടുകൊണ്ടാണ് ദിവ്യസന്ദേശത്തിന്റെയും അമാനുഷി കത്തിന്റെയും അടിസ്ഥാനത്തിൽ പ്രവാചകപ്രവരൻ ചി ല നിബന്ധനകൾ വെച്ചത്. വ്രതം സ്വീകാരയോഗ്യവും പ്രതിഫലാർഹവുമാകണമെങ്കിൽ പ്രസ്തുത നിബന്ധന കൾ പാലിച്ചേ തീരൂ. അതിൽ ഒന്ന് 'ഈമാനും' (വിശ്വാ സം) രണ്ടാമത്തേത് 'ഇഹ്തിസാബും' (പ്രതിഫലേച്ഛ) ആണ്. നബി(സ) പറഞ്ഞു: ''വിശ്വാസത്തോടും പ്രതിഫ ലേച്ഛയോടും കൂടി ആരെങ്കിലും വ്രത മനുഷ്ഠിച്ചാൽ അവന്റെ ജീവിതത്തിൽ മുമ്പുണ്ടായ എല്ലാ പാപങ്ങളും പൊറുക്കപ്പെടും.''

മനുഷ്യരുടെ മനഃശാസ്ത്രവും ദുർബല വശങ്ങളും ശ രിയായ രൂപത്തിൽ ഗ്രഹിക്കാത്തവർ ഒരു പക്ഷേ ഈ നി ബന്ധനയുടെ ആവശ്യകത എന്തായിരിക്കുമെന്ന് ചോദി ച്ചേക്കാം. മുസ്ലികൾ മാത്രമനുഷ്ഠിക്കുന്ന വ്രതമാണ് റമ സാൻ നോമ്പ്. ദൈവപ്രീതിയും, പ്രതിഫലകാംക്ഷയും മാത്രം പ്രചോദിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അ നുഷ്ഠിക്കപ്പെടുന്ന വ്രതവുമാണ്. അതിനാൽ ഈമാൻ ഇ ഹ്തിസാബ് (വിശ്വാസവും പ്രതിഫലകാംക്ഷയും)എന്നി ങ്ങനെ ചില നിബന്ധനകൾ വ്രതത്തോട് ബന്ധിപ്പിച്ച ത് തികച്ചും അനാവശ്യവും അധികപ്പററുമാണ്. എന്നാൽ മനുഷ്യരുടെ മനഃശാസ്ത്രപരവും സ്വഭാവപരവും സാമൂ ഹ്യപരവുമായ അന്തർഗതത്തെക്കുറിച്ച് വ്യക്തവും അഗാധ വുമായ അറിവുള്ള ആരും ഇത് പറയുകയില്ല. അത്ഭുത കരമായ ഈ അറിവിന്റെ മുമ്പിൽ നമ്രശിരസ്ക്കനായി അന്തംവിട്ട് നിന്ന്പോകും. ''അവിടുന്ന് (പ്രവാചകൻ) സ്വാഭീഷ്ടം ഒന്നും പറയുകയില്ല അദ്ദേഹത്തിന് ലഭിക്കു ന്ന ദിവ്യസന്ദേശം മാത്രമായിരിക്കും അത്.'' [നജ്മ്-3,4]

'ഈമാനും' 'ഇഹ്തിസാബും' എന്താണെന്ന് ഹദീ സിൽ തന്നെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ''മനു

www.abulhasanalinadwi.org

ഷ്യൻ തൻെറ കർമ്മങ്ങൾക്ക് അല്ലാഹുവിൻെറ പ്രതിഫലം കാംക്ഷിക്കുക; ആ കർമ്മത്തിന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന പാപമോചനവും പ്രീതിയും സത്യമാണെന്ന് ഉറച്ചു വിശ്വസിക്കുക '' നബി(സ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസി (റ) ഉദ്ധരിക്കുന്നു: '' നാൽപ്പത് കാര്യങ്ങൾ; അതിൽ ഏററവും ഉയർന്നത് ഒരു ആടിനെ ദാനം ചെയ്യലാണ്. ആ നാൽപതിൽ ഒന്നെങ്കിലും പ്രതിഫല പ്രതീക്ഷയോടും വാഗ്ദാനവിശ്വാസത്തോടും കൂടി നിർവ്വഹിച്ചാൽ അത് കാരണമായി അവനെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും.''

[ ബുഖാരി ]

അനന്തരം ഇസ്ലാമിക ശരീഅത്ത് മററു കാര്യങ്ങളിലെന്ന പോലെ, വ്രതത്തിലും അതിൻെറ ജഢത്തിന് പ്രാധാന്യം നൽകിയിട്ടില്ല. മറിച്ച് അതിൻെറ ജീവനും സത്തക്കുമാണ് വില കൽപിച്ചിരിക്കുന്നത്. വ്രതത്തിൻെറ പുറംചട്ടകളായ ആഹാര പാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ മാത്രം യാതൊരു സ്ഥാനവുമില്ല. സത്തയും, സാരവും, ഒഴിവാക്കിക്കൊണ്ടുള്ള പുറംചട്ട ദൈവത്തിനാവശ്യമില്ല. വ്രതത്തിൻെറ ഉദ്ദേശ്യ – ലക്ഷ്യങ്ങൾ നശിപ്പിക്കുന്ന എല്ലാകാര്യങ്ങളെയും ഇസ്ലാം നിഷിദ്ധമാക്കി. അതിൻെറ ആത്മീയവും സ്വഭാവപരവുമായ പ്രയോജനങ്ങളെ പാഴാക്കുന്ന സകല കാര്യങ്ങളെയും വളരെ ഗൗരവബുദ്ധ്യാ ഇസ്ലാം കൈകാര്യം ചെയ്തു. അങ്ങനെ ശുദ്ധവിചാരം, സത്യ ഭാഷണം, സദ്മര്യാദ, സർവോപരി തഖ്വ തുടങ്ങിയ ശ്രേഷ്ട ഗുണങ്ങളെക്കൊണ്ട് അല്ലാഹു വ്രതത്തിന് കനത്ത വേലികെട്ടി. നബി(സ) പറഞ്ഞതിൻെറ അർത്ഥം അതാണ്:

''നിങ്ങളുടെ വ്രതനാളുകൾ സമാഗതമായാൽ സഭ്യേതര സംസാരങ്ങളോ, ശണ്ഠകളോ, കലഹങ്ങളോ പാടില്ല. ഇനി ആരെങ്കിലും ഒരു നോമ്പുകാരനെ ചീത്തപറയുകയോ അക്രമിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാകുന്നു' എന്ന് അവൻ പറയുകയല്ലാതെ മറുശകാരത്തിനും

www.abulhasanalinadwi.org

ശണ്ഠക്കും ഒരുങ്ങാൻ പാടില്ല. ''ആര് (വ്രതത്തോടൊപ്പം) അസത്യഭാഷണവും അനാശാസ്യ പ്രവർത്തനങ്ങളും കൈ വെടിയുന്നില്ലയോ, അവൻ തന്റെ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിനു താത്പര്യമില്ല'' *
[ബു:]

എന്ന് കൂടി പ്രവാചകൻ പഠിപ്പിച്ചു. പരിശുദ്ധിയും ഭക്തിയുമാകുന്ന ആത്മാവില്ലാത്ത വ്രതം സത്തയും ഉൾക്കാമ്പും നഷ്ടപ്പെട്ട പുറം തോടും ജീവൻ നഷ്ടപ്പെട്ട ജഡവുമാണെന്ന് കൂടി അവിടുന്ന് പറയുന്നു: **

''എത്രയോ നോമ്പുകാർ! അവർക്ക് തങ്ങളുടെ നോമ്പു മുഖേന ലഭിക്കുന്നത് പൈദാഹം മാത്രം! എത്രയോ നമസ്ക്കാരക്കാർ !! അവർക്ക് തങ്ങളുടെ നമസ്കാരം മുഖേന ലഭിക്കുന്നത് വെറും നിദ്രാനഷ്ടവും.''
ഇനിയും നബിതിരുമേനി പറയുന്നു: ***

''(അസത്യം, അസഭ്യം തുടങ്ങിയ കാര്യങ്ങൾ മുഖേന) വ്രതം തകർക്കപ്പെടാതിരുന്നാൽ അതൊരു രക്ഷാ കവചമായിരിക്കും.''

അധികമാളുകളും മനസ്സിലാക്കിയത്പോലെ ഇസ്ലാമിലെ വ്രതം ഏതാനും പ്രവർത്തനങ്ങളെ നിഷേധിക്കൽ മാത്രമല്ല - ഭക്ഷണ പാനീയങ്ങൾ അരുത്, ഏഷണി - പരദൂഷണം അരുത്, അസത്യാ - സഭ്യഭാഷണം അരുത്, ദുർവിചാര വികാരമരുത്, സംഘട്ടന - സംഘർഷമരുത്. ഇങ്ങനെ ഏതാനും നിഷേധങ്ങളുടെ സമാഹാരം മാത്രമല്ല,

---

* اذا كان صوم يوم احدكم فلا يرفث ولا يصخب، وان سابه أحد او قاتله، فليقل انى صائم (بخارى مسلم)

** كم من صائم ليس له من صيامه الا الظمأ وكم من قائم ليس له من قيامه الا السهر (رواه الدارمى فى سننه)

*** الصوم جنة مالم يخرقها (رواه النسائى)

www.abulhasanalinadwi.org

കരണീയമായ ചിലകാര്യങ്ങളുടെ സമാഹാരം കൂടിയാണ്. അതെ, കുറെ കാര്യങ്ങൾ തിരസ്കരിക്കുകയും മററു കുറെ കാര്യങ്ങൾ സ്വീകരിക്കുകയും ചെയ്യുക. അപ്പോൾ റമസാൻ സമാഗതമാകുന്നതോടെ ആരാധന, ഖുർആൻ പാരായണം, സ്തുതി കീർത്തനം-പ്രകീർത്തനം, കാരുണ്യാത്മക പ്രവർത്തനം, സമത്വവീക്ഷണം ഇങ്ങനെ ധാരാളം കാര്യങ്ങൾ ജീവിതത്തിലേക്ക് പകർത്തുക. നബി (സ) പറഞ്ഞതായി ഇമാം ബൈഹഖി ഉദ്ധരിക്കുന്നു: *

'' ആ (റമസാനിൽ)ആരെങ്കിലും ഒരു സൽകർമ്മം നിർവ്വഹിച്ചാൽ റമസാനല്ലാത്ത മാസത്തിൽ ഒരു നിർബ്ബന്ധ കർമ്മം (ഫർസ്) നിർവ്വഹിച്ചതിനു തുല്യമാണ്. അതിൽ ഒരു നിർബ്ബന്ധകർമ്മം നിർവ്വഹിച്ചാൽ മററു മാസങ്ങളിൽ എഴുപതു നിർബ്ബന്ധ കർമ്മം അനുഷ്ഠിച്ചതിനു തുല്യമാണ്. അത് സഹനത്തിൻെറ മാസമാണ്. സഹനത്തിൻെറ പ്രതിഫലം സ്വർഗ്ഗം മാത്രമാകുന്നു. അത് സമത്വത്തിൻെറയും മാസമാണ്......''

നബി(സ) പറഞ്ഞതായി സൈദ്ബ്നു ഖാലിദുൽ ജുഹൈനി ഉദ്ധരിക്കുന്നു: *

''ഒരു നോമ്പുകാരനെ ആരെങ്കിലും നോമ്പ് തുറപ്പിച്ചാൽ ആ നോമ്പുകാരൻെറ പ്രതിഫലത്തിൽ യാതൊരു കോട്ടവും തട്ടാതെ അവന് ലഭിക്കുന്ന അതേ പ്രതിഫലം നോമ്പ് തുറപ്പിച്ചവനും ഉണ്ടായിരിക്കും.''

അതുപോലെ റമസാനിൽ കൈക്കൊള്ളേണ്ട മററൊരു

---

٥ من تقرّب فيه بخصلة من الخير، كان كمن ادّى فريضة فيما سواه ومن ادّى فريضة فيه كان كمن ادّى سبعين فريضة فيما سواه، وهو شهر الصبر، والصبر ثوابه الجنة، وشهر المواساة ( حديث طويل )

٥٥ من فطر صائما كان له مثل أجره غير انه لا ينقص من اجر الصائم شيئ ( رواه الترمذي )

www.abulhasanalinadwi.org

ആരാധനാ കർമ്മമാണ് തറാവീഹ്. ഈ സുരക്ഷിത സമുദായത്തിന് അല്ലാഹു നൽകിയ അനുഗ്രഹമാണത്. നബി (സ) അത് പൂർണ്ണമായ രൂപത്തിൽ നിലനിർത്തി കാട്ടിത്തന്നു. സമൂഹത്തിന് ഒന്നടങ്കം ബുദ്ധിമുട്ടു സൃഷ്ടിക്കുന്ന രൂപത്തിൽ അത് നിർബ്ബന്ധ കർമ്മമാക്കപ്പെടുമോ എന്ന് ഭയന്നതിനാൽ, മൂന്നു ദിവസം നമസ്കരിച്ചശേഷം അവിടുന്ന് സംഘമായി നമസ്ക്കരിക്കൽ നിർത്തിവെച്ചു. ആയിശഃ (റ) വിൽ നിന്ന് ഉറുവഃ (റ) നിവേദനം ചെയ്യുന്നു: ''നബി (സ) ഒരു ദിവസം രാത്രി നമസ്കാരത്തിന് പുറപ്പെട്ടു. പള്ളിയിലെത്തി നമസ്കരിച്ചു. അപ്പോൾ വേറെ കുറെ ആളുകളും നബി തിരുമേനിയോടൊപ്പം അതു നിർവഹിച്ചു. രാവിലെ ആളുകൾക്കിടയിൽ ഇതൊരു സംസാരവിഷയമായി. അന്ന് രാത്രി കഴിഞ്ഞ ദിവസത്തേക്കാൾ കൂടുതൽ ആളുകൾ സമ്മേളിക്കുകയും പ്രവാചകരോടൊപ്പം നമസ്ക്കരിക്കുകയും ചെയ്തു. പിറേറ ദിവസവും രാത്രി നമസ്ക്കാരത്തെക്കുറിച്ചുള്ള ചർച്ചകൾ പരന്നു. മൂന്നാം ദിവസം പള്ളിയിൽ ജനങ്ങൾ ആദ്യത്തെ രണ്ട് ദിവസത്തേക്കാൾ കൂടുതലായി. അന്നും നബി (സ) പള്ളിയിൽ പോയി നമസ്ക്കരിച്ചു. അങ്ങനെ നാലാം ദിവസം രാത്രി നമസ്ക്കാരത്തിൽ പങ്കെടുക്കാൻ വന്ന ആളുകളെ ഉൾക്കൊള്ളാൻ പള്ളി പോരാതെന്നായി. ഇതറിഞ്ഞ നബി (സ) സുബ്ഹി നമസ്ക്കരിക്കാൻ സമയമായപ്പോൾ മാത്രമാണ് പള്ളിയിലേക്കു പുറപ്പെട്ടത്. സുബ്ഹി നമസ്ക്കാരശേഷം സഹാബികളെ അഭിമുഖീകരിച്ചുകൊണ്ടു തിരുമേനി പറഞ്ഞു : 'നിങ്ങളെല്ലാം രാത്രി നമസ്ക്കാരത്തിനു പള്ളിയിൽ തടിച്ചുകൂടിയിരിക്കുന്നു എന്ന വിവരം എനിക്കറിയാമായിരുന്നു. ഞാൻ നമസ്ക്കരിക്കാൻ വരാതിരുന്നത്, ഈ നമസ്ക്കാരം നിർബ്ബന്ധമാക്കപ്പെടുകയും പിന്നീട് നിങ്ങൾ അതു നിലനിർത്താൻ അശക്തരാവുകയും ചെയ്തെങ്കിലോ എന്ന ഭയം കൊണ്ടാണ്. ഈ അവസ്ഥയിൽ കഴിഞ്ഞുകൂടുമ്പോൾ പ്രവാചകൻ ഇഹലോകവാസം വെടിയുകയും ചെയ്തു.''

[ബുഖാരി]

പിന്നീടു നബി(സ)യുടെ സഹാബികളായിരുന്നു അതു സംഘമായി ഏറെറടുത്തു നിർവ്വഹിച്ചത്. ഈ സമൂ

www.abulhasanalinadwi.org

ദായം തങ്ങളുടെ അണപ്പല്ല്കൊണ്ട് ഒന്നടങ്കം അന്ന് മുതൽ ഇന്ന് വരെ ഏതു നാട്ടിലും ഏതു കാലത്തും അതിനെ മുറുകെ പിടിച്ചു. അങ്ങനെ തറാവീഹ് നമസ്ക്കാരം സജ്ജനങ്ങളുടെയും സുന്നത്തിന്റെ വക്താക്കളുടെയും ചിഹ്നമായിത്തീർന്നു. വിശുദ്ധ ഖുർആൻ മനഃപാഠമായി സൂക്ഷിക്കാൻ ഈ നമസ്കാരം നമ്മെ പ്രേരിപ്പിക്കുന്നു.

സാധാരണക്കാർക്കും പൊതുജനങ്ങൾക്കും തറാവീഹ് നമസ്കാരം കൃത്യമായും ഭംഗിയായും നിർവ്വഹിക്കാനുള്ള സൗഭാഗ്യംകൂടി ഇതുമുഖേന സിദ്ധിച്ചു.

---

*ഇന്ത്യ, പാക്കിസ്ഥാൻ പോലുള്ള രാഷ്ട്രങ്ങളിൽ ഈ നമസ്ക്കാരത്തിനും, അതിൽ ഖുർആൻ മുഴുവനായി പാരായണം ചെയ്തു തീർക്കുന്നതിനും മറ്റെവിടേയും കാണാത്ത പ്രത്യേകമായ താൽപര്യം കാണാം. സമുദായത്തിന്റെ എല്ലാ തട്ടിലുള്ളവരും അതിൽ ആഗ്രഹപൂർവ്വം പങ്കെടുക്കുന്നു. വളരെ കുറച്ചാളുകൾ മാത്രം സംഘടിക്കുന്ന ഒരു ചെറിയ പള്ളിയാണെങ്കിൽ പോലും തറാവീഹിനുള്ള സൗകര്യം ഏർപ്പെടുത്തുകയും, ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും ഖുർആൻ ആദ്യന്ത്യം നമസ്ക്കാരത്തിൽ പാരായണം ചെയ്തു തീർക്കുകയും ചെയ്യുന്നു. (ഉത്തരേന്ത്യയേയും മുസ്ലിം ലോകത്തിന്റെ മററ് ഭാഗങ്ങളേയും അപേക്ഷിച്ച് താറാവീഹിൽ കൂടുതൽ ഖുർആൻ ഓതുന്നതിലും അത് ആദ്യന്തം പൂർത്തിയാക്കുന്നതിലും കേരളം വളരെ പിന്നിലാണ്. ഇവിടെ ഏതാനും പള്ളികളിലൊഴിച്ച് ബാക്കിയുള്ളതിലെല്ലാം ഖുർആനിലെ ചെറിയ സൂറത്തുകൾ ഓതുകയോ, അതെ സൂറത്തുകൾതന്നെ വീണ്ടും ആവർത്തിക്കുകയോ ചെയ്യുന്നു. ഖിയാമുല്ലൈൽ മുഖേന ഉദ്ദേശിക്കപ്പെട്ട ഖുർആൻ പാരായണത്തിന്റെ ലക്ഷ്യം ഇതുവഴി സാക്ഷാത്കരിക്കപ്പെടുന്നില്ല. എന്നാൽ മുസ്ലിംകൾ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിലെ പള്ളികളിൽ തറാവീഹ് നമസ്കാരത്തിൽ ഖുർആൻ പലതവണ പാരായണം ചെയ്തു തീർക്കുന്നുണ്ട്. ഈ സുന്നത്തിനെ മുറുകെ പിടിക്കുന്നതിനാൽ ഖുർആൻ മനഃപാഠമാക്കുന്നതിൽ ജനങ്ങൾക്കു വാസനയും മത്സരബുദ്ധിയും ഉണ്ടായി. എണ്ണമററ 'ഹാഫിസു'കൾ ഈ സമുദായത്തിന്റെ അന്തസ്സു നിലനിർത്തി. ഖുർആനിന്റെ അമാനുഷികത ഒന്നുകൂടി തെളിയിച്ചു. സാർവ്വഭൗമരും അജയ്യരുമായ 'ഹാഫിസു'കളെ വാർത്തുവിടുന്നതിൽ മുസ്ലിംകൾ ബദ്ധശ്രദ്ധരായി. അതിനുവേണ്ടി നൂറുകണക്കിന് സ്ഥാപനങ്ങൾ പടുത്തുയർത്തി. അങ്ങനെ വിശുദ്ധ ഖുർആൻ ഹൃദയങ്ങളിൽ സൂക്ഷിച്ച് ഹൃദയങ്ങളിലേക്ക് കൈമാറുന്നതിൽ താറാവീഹ് മഹത്തായ പങ്ക് വഹിച്ചു

www.abulhasanalinadwi.org

ഇതെല്ലാം മുന്നിൽവെച്ചു പരിശോധിക്കുമ്പോൾ ആരാധനാ മഹോത്സവം കൊണ്ടാടാനുള്ള മാസമാണ് റമസാൻ. ഖുർആൻ പാരായണമേളയാണ് അതിന്റെ ചേതന. അതു ഭക്തന്മാരുടെയും സജ്ജനങ്ങളുടെയും വസന്തഋതുവാണ്. പുണ്യവാന്മാരുടെയും പരിശുദ്ധാത്മാക്കളുടെയും പെരുന്നാളാണ്. ആരാധനാ കർമ്മങ്ങളിലും അല്ലാഹുവിന്റെ ആജ്ഞകൾ ജീവിതത്തിൽ പകർത്തുന്നതിലും അമിതവാസനയും മത്സരവും റമസാനിന്റെ മുഖമുദ്രയാണ്. *

പാപകർമ്മത്തോടു വിമുഖത, പശ്ചാത്താപ മനഃസ്ഥിതി, ഹൃദയനൈർമ്മല്യം, വിനയം, അനാശാസ്യ പ്രവണതകളിൽ ജീവിതം കഴിച്ചുകൂട്ടിയതിലുള്ള ഖേദം, നിരന്തര ജാഗ്രത, സൽകർമ്മാനുഷ്ഠാന തൽപരത തുടങ്ങി എല്ലാ സദ്ഗുണങ്ങളും ഈ മാസത്തിന്റെ പ്രത്യേകതയാണ്. ഭൂമുഖ

---

* റമസാനിലുള്ള ഈ ഉത്സവ പ്രതീതി വിവിധ നൂററാണ്ടുകളിൽ തലമുറകൾ കൈമാറിവന്ന ഒരു സ്വത്താണ്. ആരാധനകളുടെ ആധിക്യം, നാനാതരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഖുർആൻ പഠിക്കൽ-പഠിപ്പിക്കൽ-പാരായണം, അതിന്റെ മധുരിമ ആസ്വദിക്കാനുള്ള മത്സരം ഇതെല്ലാം ഒരു സത്യവിശ്വാസിയോടോ ആത്മീയ ശക്തിയുടെ അത്ഭുതകരമായ പ്രവർത്തനങ്ങളിൽ വിശ്വാസമുള്ളവരോടോ പറഞ്ഞാൽ വിശ്വസിക്കും. ദീനിന്റെ കാവൽ ഭടന്മാരും, ദൈവഭക്തരായ പണ്ഡിതന്മാരും, അതിന്റെ പ്രബോധക-പ്രവർത്തകന്മാരും, എല്ലാ നല്ല മനുഷ്യരും ഈ മാസത്തിൽ ഇപ്രകാരം പ്രവർത്തിക്കുന്നത് എവിടെയും കാണാം. അല്പമായ ഭക്ഷണം കഴിച്ചുകൊണ്ട് രാത്രി മുഴുവനും ഉറക്കമിളച്ചു നിന്നു നമസ്ക്കരിക്കുകയും, പകൽ വ്രതമനുഷ്ഠിക്കുകയും, വിശുദ്ധ ഖുർആൻ മുഴുവനും ഓരോറ ദിവസംകൊണ്ടു പാരായണം ചെയ്തുതീർക്കുകയും ചെയ്യുന്ന എത്രയെത്ര ഭക്തജനങ്ങൾ! ഈ പരിശുദ്ധമാസത്തിലെ ഓരോ നിമിഷവും, നിശ്വാസവും സൗഭാഗ്യങ്ങളുടെ ഭണ്ഡാഗാരമാക്കി മാററുന്ന മഹാനുഭാവന്മാരാണ് അവർ. റമസാനിലെ ഓരോ വിനാഴികയും അല്ലാഹുവോടു കൂടുതൽ അടുക്കുവാനും, 'മീസാനിൽ' കനം തൂങ്ങുവാനും ഉള്ള സുവർണ്ണാവസരമായും അവർ കാണുന്നു. അത്തരത്തിലുള്ള ആളുകളെ കാണുമ്പോൾ മാത്രമാണ് റമസാനിന്റെ മഹത്വവും ജീവിതത്തിന്റെ വിലയും നാം മനസ്സിലാക്കുന്നത്; സലഫുസ്സാലിഹീ (മുൻഗാമികളായ സജ്ജന)ങ്ങളെക്കുറിച്ച് ചരിത്രത്തിന്റെ താളുകളിൽ സ്ഥലം പിടിച്ചിരിക്കുന്ന മഹിത കഥകളിൽ നമുക്കു വിശ്വാസം വരുന്നത്.

www.abulhasanalinadwi.org

ത്തു ധാരാളം സമുദായങ്ങളുണ്ട്; പാർട്ടികളുണ്ട്; അവരെല്ലാം കൂടിയാൽ പോലും മേൽകാര്യങ്ങളിൽ ഈ സമുദായത്തിലെ പത്ത് വ്യക്തികൾക്ക് തുല്യമോ തുക്കമോ ആവുകയില്ല. ''അല്ലാഹുവിൻെറ അനുഗ്രഹമാണത്. ആ അനുഗ്രഹം അവനുദ്ദേശിക്കുന്നവർക്കവൻ നല്കും. അല്ലാഹു മഹത്തായ അനുഗ്രഹത്തിൻെറ ഉടമയാകുന്നു.'' [വി. ഖു.]

# വ്രതത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നു;

## ആചാരഭ്രമം ആരാധനകളെ പിഴുതെറിയുന്നു:

പക്ഷേ, അധിക സന്ദർഭങ്ങളിലും മുസ്ലിംകൾ അവരോട് തന്നെ അക്രമം പ്രവർത്തിക്കാറുണ്ട്. വ്രതത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളെ അവർ ഞെക്കിക്കൊല്ലുന്നുവെന്നത് അത്തരം ഒരാക്രമണത്തിൽ പെട്ടതാണ്. ഇതിന് പല മാർഗ്ഗങ്ങളുണ്ട്. ചിലപ്പോൾ സ്വന്തമായി കണ്ടുപിടിക്കുന്ന പുത്തനാചാരങ്ങൾമൂലം; മററു ചിലപ്പോൾ ഭക്ഷണത്തിലും നോമ്പ് തുറക്കലിലുമുള്ള അജ്ഞതയും അമിതവ്യയവും മുഖേന. അമിതഭോജനം നോമ്പുകൊണ്ടുദ്ദേശിക്കപ്പെടുന്ന മിക്ക നേട്ടങ്ങളും നശിപ്പിച്ചുകളയും. അതുമൂലമുണ്ടാകുന്ന സംസ്കരണശക്തിയും ശിക്ഷണശീലനവും ശുഷ്കിച്ചുപോകും. വിശ്വമഹാ പണ്ഡിതനായിരുന്ന ഇമാം ഗസ്സാലി ഇക്കാര്യം ഇങ്ങനെ വിവരിക്കുന്നു:

''അഞ്ചാമത്തെ മര്യാദ: നോമ്പ് തുറക്കുന്ന സന്ദർഭത്തിൽ അനുവദനീയമായ ഭക്ഷണമായാൽ പോലും അധികം കഴിക്കാൻ പാടില്ല. ആഹാരം ഒരിക്കലുംതന്നെ വയറ് നിറയെ കഴിക്കരുത്. കാരണം ഹലാലായ ഭക്ഷണം മുഖേന നിറക്കുന്ന വയറാണ് ഈ ലോകത്ത് അല്ലാഹുവിന് തീരെ ഇഷ്ടമില്ലാത്ത നിറഞ്ഞ പാത്രം. വ്രതം കാരണമായി കഴിക്കാൻ സാധിക്കാതിരുന്ന ആഹാരം കൂടി നോമ്പ് തുറക്കുന്ന സമയത്ത് ഭക്ഷിക്കുകയാണെങ്കിൽ ആ വ്രതം മുഖേന അല്ലാഹുവിൻെറ ശത്രുവിനെ എങ്ങനെ ജയിച്ചടക്കും ?

www.abulhasanalinadwi.org

ദുർവികാരങ്ങളെ എങ്ങിനെ പരാജയപ്പെടുത്തും? പകൽ മുഴുവനും കഴിക്കാതിരുന്ന ആഹാരം രാത്രി കഴിച്ചാൽ പിന്നെ ആ വ്രതംകൊണ്ടെന്തു നേട്ടം. ഈ അവസ്ഥ ഇന്നു മുസ്ലിംകളെ വളരെ മോശമായ സ്ഥിതിയിലെത്തിച്ചിരിക്കുന്നു. അത് ചിലരിൽനിന്നു പറിച്ചുകളയാൻ സാദ്ധ്യമല്ലാത്ത രൂപത്തിൽ വ്യാപകമായ തോതിൽ വേരൂന്നുകയും ചെയ്തിട്ടുണ്ട്. റമസാനിലെ ആഹാരത്തിനുവേണ്ടി വളരെ മുമ്പു തന്നെ ഒരുക്കങ്ങളും ചട്ടവട്ടങ്ങളും തുടങ്ങുന്നു. മററു കാലങ്ങളിൽ തിന്നാത്ത തരത്തിലുള്ളതും അമിത വിലയുള്ളതുമായ ഭക്ഷണം കഴിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു. അവരുടെ പ്രവർത്തനങ്ങൾ കണ്ടാൽ തിന്നാനുള്ള ഒരു മാസമാണ് റമസാൻ എന്നു തോന്നിപ്പോകും. വയറിന് ആശ്വാസവും ശരീരേച്ഛകളുടെ നിയന്ത്രണവും ആണ് നോമ്പിന്റെ ലക്ഷ്യം. മനുഷ്യനിൽ ഭക്തിയുടെ അന്തരീക്ഷം ഉടലെടുക്കണം. എന്നാൽ പ്രഭാതം മുതൽ പ്രദോഷം വരെ മാത്രം പട്ടിണി കിടക്കുകയും, വികാരങ്ങളും വിചാരങ്ങളും നിയന്ത്രിക്കുകയും ചെയ്തശേഷം രാത്രി മുഴുവൻ യാതൊരു നിയന്ത്രണമോ പരിധിയോ പാലിക്കുന്നില്ലെങ്കിൽ വ്രതം മൂലം വിപരീതഫലങ്ങളാണുണ്ടാവുക. ആമാശയത്തിന് സുഖവും വിശ്രമവും ലഭിക്കുന്നതിന് പകരം അസുഖവും അദ്ധ്വാന ഭാരവും ഏറിവരുന്നു. ദുർവികാരങ്ങളും വിചാരങ്ങളും കൂടിക്കൂടി വരുന്നു. പല നൂതനാഗ്രഹങ്ങളും അഭിനിവേശങ്ങളും ഉടലെടുക്കുന്നു. തിന്മയിലേക്ക് മനുഷ്യനെ നയിക്കാൻ പിശാചിന് കഴിയുന്ന കവാടങ്ങളും മാർഗ്ഗങ്ങളും കൊട്ടിയടക്കുക, ശക്തികൾ ക്ഷയിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഭക്ഷണം കുറക്കലും നിയന്ത്രിക്കലുംമൂലം ഉദ്ദേശിക്കപ്പെടുന്നത്. അപ്പോൾ ഒരു നോമ്പുകാരൻ ചെയ്യേണ്ടത് സാധാരണ നോമ്പില്ലാത്ത ദിനങ്ങളിൽ എത്ര ഭക്ഷണം കഴിക്കുമോ അത്രതന്നെ നോമ്പുള്ള ദിവസവും കഴിക്കുക. മറിച്ച്, പകൽ മുഴുവനും വിട്ടുകളഞ്ഞ ആഹാരത്തിന്റെ അരിമണിപോലും കണക്കുകൂട്ടി രാത്രി കഴിക്കുകയാണെങ്കിൽ ആ വ്രതംകൊണ്ട് യാതൊരു ഫലവുമില്ല.

''എന്നു മാത്രമല്ല നോമ്പുകാരൻ പകൽ അമിതമായി

www.abulhasanalinadwi.org

ഉറങ്ങാനും പാടില്ല. അങ്ങനെ വരുമ്പോൾ അവനു വിശപ്പും ദാഹവും അനുഭവിക്കാൻ കഴിയാതെവരുന്നു. ശക്തിക്ഷയത്തിന്റെ രുചി ആസ്വദിക്കാൻ സാധിക്കുന്നില്ല, ഹൃദയശുദ്ധിയും കൈവരില്ല. രാത്രി നമസ്കാരത്തിനും മററ് ആരാധനാകർമ്മങ്ങൾക്കും അലസത തോന്നാതിരിക്കാൻ ആമാശയത്തിന് അയവ് കൊടുക്കുക. പിശാചിന് അവന്റെ ഹൃദയത്തിൽ കടക്കാൻ അവസരം നല്കാതിരിക്കുക. പൈശാചിക സ്പർശത്തിൽനിന്ന് രക്ഷപ്പെട്ട ഹൃദയമുണ്ടെങ്കിൽ പരലോകബോധവും ചിന്തയും നിലനിർത്താൻ കഴിയും.'' [ഇഹ്‌യാ ഉലൂമിദ്ദീൻ, പേ: 211]

## മതനിയമങ്ങളെ വികലമാക്കരുത്

അധികമാളുകളും ധരിച്ച് [illegible] [illegible]ന്റെ ഉദ്ദേശ്യവും ലക്ഷ്യവും [illegible]യും ആഗ്രഹങ്ങളെയും പൂർണ്ണമായി [illegible] [illegible]ക്കി ഭരിക്കലാണെന്നാണ്. അവർ കരുതുന്നു: [illegible] എത്ര കണ്ട് ബുദ്ധിമുട്ടിക്കുന്നുവോ, തിന്നാതെ, കുടിക്കാതെ, സുഖിക്കാതെ എത്ര കാലം കഴിച്ചു കൂട്ടുന്നുവോ, കഷ്ടതയും ക്ലേശവും എത്ര ശക്തിയിൽ ശിരസാ വഹിക്കുന്നുവോ അതനുസരിച്ച് അവൻ അല്ലാഹുവോടടുക്കുകയും പ്രിയങ്കരനാവുകയും ചെയ്യുന്നു; ആഡംബരങ്ങളിൽ നിന്നകന്ന്, സുഖലോലുപതയിൽ നിന്ന് വിട്ട്, ഭക്തി പാരവശ്യത്തിൽ വിലയം പ്രാപിക്കുക; അതാണ് വ്രതം. ജനങ്ങളുടെ ചിന്ത ഇതായിരിക്കെ റമസാൻ വ്രതത്തെപ്പററി അല്ലാഹു കർശനമായ ചില നിയമങ്ങൾ നൽകാതിരുന്നാൽ പല അതിരു കവിയലുകളും മതത്തിൽ കടന്ന് കൂടാൻ സാധ്യതയുണ്ട്. ദീൻ, സമൂഹത്തിൽനിന്ന് ഒളിച്ചോടിയ സന്യാസികളുടെ കൈയിലെ കളിപ്പാവയാകും. അവസാനം അതിന്റെ സുന്ദര രൂപം വികലമാകും. ഇതിന് ലോകചരിത്രത്തിൽ ജീവിച്ചിരിക്കുന്ന എത്രയോ ഉദാഹരണങ്ങളുണ്ട്. വ്രതത്തെകുറിച്ച ഇത്തരത്തിലുള്ള തെററായ ധാരണ മുൻഗാമികളായ പല സമുദായക്കാരെയും മാർഗ്ഗ ഭ്രംശത്തിലാക്കി. അതിരു കവിഞ്ഞ ആരാധനകൾ അവർ കണ്ടുപിടിച്ച് നട

www.abulhasanalinadwi.org

പ്പിലാക്കി. ഏററവും കൂടുതൽ ഈ രംഗത്ത് കൈകടത്തലുകളും കള്ള നിയമങ്ങളുമുണ്ടായത് വ്രതത്തിലാണ്. ആഹാര സാധനങ്ങളിൽ നിന്ന് വിട്ടുനില്ക്കുന്ന സമയത്തിന്റെ ദൈർഘ്യം അവരുടെ വകയായി കുറെ വർദ്ധിപ്പിച്ചു. നോമ്പ് തുറക്കുന്ന സമയം കുറെ പിന്തിച്ചു. പ്രഭാതത്തിനു മുമ്പായി കഴിക്കുന്ന ഭക്ഷണം വളരെ മുന്തിച്ചു. ചിലർ അത് കഴിക്കുന്നതു തന്നെ തെററായി കണ്ടു. മത വിശ്വാസത്തിന്റെ ദുർബ്ബലതയായി അതിനെ വ്യാഖ്യാനിച്ചു. നോമ്പനുഷ്ഠിക്കുന്നതിൽ വേണ്ടത്ര താല്പര്യമില്ലാത്തതു കൊണ്ടാണെന്ന് ചിത്രീകരിച്ചു. വേറെ ചിലർ തുടർച്ചയായി ആഹാരം കഴിക്കാതെ ദിവസങ്ങൾ തന്നെ വ്രതമനുഷ്ഠിച്ചു. മറെറാരു വിഭാഗം പകലും രാത്രിയും കൂട്ടിച്ചേർത്തു. ഇങ്ങനെ ദീനിന്റെ നിയമങ്ങൾ അവരുടെ അഭീഷ്ടത്തിനനുസരിച്ച് നടപ്പിലാക്കുകയും മാററത്തിരുത്തലുകൾക്ക് വിധേയമാക്കുകയും ചെയ്തു. മുസ്ലിംകളിൽപെട്ട ചില അതിർ ലംഘന വാദികൾ അനുകരിച്ചത് ഇവരെയാണ്. ഖുർആനിന്റെയും സുന്നത്തിന്റെയും നിയമങ്ങൾ പരിപൂർണ്ണമല്ലെന്ന രൂപത്തിൽ സ്വന്തമായ ആരാധനാകർമ്മങ്ങൾ പടച്ചുണ്ടാക്കിയ ബിദ്അത്തിന്റെ വക്താക്കളും മാതൃകയായി സ്വീകരിച്ചത് ഇവരെയാണ്. ഇവരെല്ലാം മതത്തിൽ കൈ കടത്തുകയും അതിന്റെ യഥാർത്ഥ രൂപത്തെ വികലമാക്കുകയും ചെയ്തവരാണ്. ഇങ്ങനെ മതത്തിൽ സ്വന്തം നിയമങ്ങൾ സൃഷ്ടിച്ചതു മുഖേന അവർ അവരോടു തന്നെ അതിക്രമം പ്രവർത്തിച്ചു. പൗരോഹിത്യത്തിന്റെയും സകല കുഴപ്പങ്ങളുടെയും കവാടം ഇതിലൂടെയാണ് തുറക്കപ്പെടുന്നത്.

''അല്ലാഹു നിങ്ങൾക്ക് ആശ്വാസം ഉദ്ദേശിക്കുന്നു; അവൻ നിങ്ങൾക്ക് പ്രയാസം ഉദ്ദേശിക്കുന്നില്ല.'' *

''മതത്തിൽ നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും

---

* يريد الله بكم اليسر ولا يريد بكم العسر (البقرة ١٨٥)

www.abulhasanalinadwi.org

അവൻ ഉണ്ടാക്കിയിട്ടില്ല.'' തുടങ്ങിയ ഖുർആൻ സൂക്തങ്ങളോടും, *

''മതം (ഒരു നിയമ സംഹിതയായി അനുഷ്ഠിക്കാൻ) വളരെ എളുപ്പമാണ്. ഈ മതത്തിൽ ആരെങ്കിലും (തന്റെ ശക്തി പ്രകടിപ്പിക്കാൻ) കൂടുതൽ ത്യാഗത്തോടെ ആജ്ഞാപിതമല്ലാത്ത കർമ്മങ്ങൾ അനുഷ്ഠിക്കാൻ തുടങ്ങിയാൽ അവൻ പരാജയപ്പെടുക തന്നെ ചെയ്യും'' എന്ന പ്രവാചക സൂക്തത്തോടും നടത്തുന്ന ഒരു വെല്ലുവിളിയാണിത്.

ഇത്തരം കാര്യങ്ങളെല്ലാം മുന്നിൽ കണ്ടുകൊണ്ട് മേലിൽ അതാവർത്തിക്കാതിരിക്കാൻ ഇസ്ലാമിക ശരീഅത്ത്, ബിദ്അത്തുകൾ വിരോധിക്കുക വഴി മതത്തിൽ അതിരുകവിയലുകളുടെ എല്ലാ കവാടങ്ങളും കൊട്ടിയടച്ചു. പ്രഭാതത്തിന് തൊട്ടുമുമ്പായി കഴിക്കുന്ന ഭക്ഷണത്തിന്റെ കാര്യത്തിൽ വേണ്ടത്ര പ്രോത്സാഹനം നൽകി. നബി(സ) അത് സുന്നത്താണെന്ന് പ്രഖ്യാപിച്ചു. അവിടുന്നു പറഞ്ഞതായി അനസ്ബ്നു മാലിക് (റ) ഉദ്ധരിക്കുന്നു: ''നിങ്ങൾ പ്രഭാതവേളക്ക് മുമ്പുള്ള ഭക്ഷണം കഴിക്കൂ! കാരണം അതിൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്.'' [ബുഖാരി, തിർമുദി, നസാഇൗ] അംറുബ്നുൽ ആസി ഉദ്ധരിക്കുന്ന ഒരു ഹദീസ് ഇപ്രകാരമാണ്: '' നമ്മുടെയും ഗ്രന്ഥക്കാരുടെയും വ്രതത്തെ വേർതിരിക്കുന്നത് പ്രഭാതത്തിന് മുമ്പുള്ള ഭക്ഷണമാണ്.'' [മുസ്ലിം] നോമ്പു തുറക്കുന്ന സമയമായിട്ടു പിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ റസൂൽ വളരെ ഗൗരവമായ രീതിയിൽ താക്കീത് നൽകി. അത് വിനാശത്തിന്റെയും പ്രതിഫലനഷ്ടത്തിന്റെയും കവാടം തുറക്കലായി തിരുമേനി വിശേഷിപ്പിച്ചു. ഗ്രന്ഥക്കാരിൽനിന്ന് അതിർ ലംഘനവാദികളുടെ ചിഹ്ന

---

٥٥ وما جعل عليكم في الدين من حرج ( الحج ٨٧ )

٥٥٥ ان الدين يسر ولن يشاد هذا الدين احد الا غلبه فسددوا وقاربوا ( رواه البخاري )

www.abulhasanalinadwi.org

മായി അതിനെ പറഞ്ഞു തന്നു. സഹ്ലുബ്നു സഅദ് നബി(സ)യിൽ നിന്ന് ഉദ്ധരിക്കുന്നു; ''ജനങ്ങൾ നോമ്പു തുറക്കാൻ വേണ്ടി ധൃതികാട്ടും തോറും അവർ നൻമയിൽ ത ന്നെയായിരിക്കും.'' [ബുഖാരി, മുസ്ലിം,മുവത്ത, തിർമുദി] നബി (സ) യിൽ നിന്ന് അബൂഹുറൈറ: (റ) ഉദ്ധരിക്കു ന്നു: ''നോമ്പ് തുറക്കാൻ വേഗം കൂട്ടുന്നതിലാണ് മതത്തി ൻെറ വിജയം; കാരണം യഹൂദികളും ക്രിസ്ത്യാനികളും നോമ്പ് തുറക്കുന്നതിനെ പിന്തിക്കുന്നു.'' [അബൂദാവൂദ്] ഇത് പോലെ പുലർച്ചക്കു മുമ്പ് കഴിക്കുന്ന ഭക്ഷണം പ്ര വാചകൻ പിന്തിച്ചിരുന്നു. സൈദ്ബ്നു സാബിത്തിൽ നിന്നു നിവേദനം: ''ഞങ്ങൾ നബി(സ)യുടെ കൂടെ പുലർ ച്ചക്കുമുമ്പുള്ള ഭക്ഷണം കഴിച്ചു; അനന്തരം സുബ്ഹ് നമസ്ക്കാരത്തിനായി നിന്നു. അപ്പോൾ അദ്ദേഹത്തോട് (മററുള്ളവർ) ചോദിച്ചു: അത് രണ്ടിൻെറയും മദ്ധ്യേ എത്ര സൂക്തങ്ങൾ പാരായണം ചെയ്യാവുന്ന സമയമുണ്ടായിരു ന്നു? അദ്ദേഹം പ്രതിവചിച്ചു: അമ്പത് സൂക്തങ്ങൾ പാ രായണം ചെയ്യുന്നത്ര.'' [ബു : മു] ഇബ്നു ഉമർ(റ) പറ യുന്നു: നബി(സ) മിന് ബിലാൽ, ഇബ്നു ഉമ്മുമക്തൂർ ബാങ്ക് കൊടുത്താൽ നിങ്ങൾ അതിൽ നിന്നും വിരമിച്ച് കൊള്ളുക'. തുടർന്നു ഇബ്നു ഉമർ(റ) പറഞ്ഞു: ആ രണ്ട് ബാങ്കുകളുടെയും മദ്ധ്യേ, ഒരാൾ ബാങ്ക് കൊടുത്ത് മുക ളിൽ നിന്നിറങ്ങുകയും മറെറയാൾ കയറുകയും ചെയ്യുന്നത്ര കുറഞ്ഞ സമയമേ ഉണ്ടായിരുന്നുള്ളൂ.'' [ബു: മു:]

ശൈഖുൽ ഇസ്ലാം അഹമദ്ബ്നു അബ്ദുറഹിമുദ്ദഹ് ലവി ഈ വിഷയത്തിൽ പഠനാർഹമായ ഒരു വിശദീകരണം നൽകിയിട്ടുണ്ട്. ഇസ്ലാമിക ശരീഅത്തിൻെറ മഹത്വവും അനിതരണ സാധാരണത്വവും വ്യക്തമാക്കിക്കൊണ്ടദ്ദേഹം എഴുതുന്നു:

''മതനിയമങ്ങളിലെ അതിർ കവിയൽ തടയുക എന്ന ത് വ്രതത്തിൻെറ ഏററവും മഹത്തായ ഉദ്ദേശ്യങ്ങളിൽ പെട്ട ഒന്നാണ്, അതിർ ലംഘനവാദികൾ പടച്ചുവിടുന്ന പുത്തൻ ബിദ്അത്തുകൾ ഈ മതത്തിൽ ഉണ്ടാകാൻ പാടില്ല.

www.abulhasanalinadwi.org

ആരാധനാപരമായ അതിർ കവിയൽ യഹൂദികളിലും ക്രൈസ്തവാനികളിലും സർവ്വസാധാരണമായിരുന്നു; ഇവരിൽ പെടാത്ത മററ് അറബികളിലുമുണ്ടായിരുന്നു. വ്രതത്തിന്റെ ഉദ്ദേശ്യം ശരീരപീഡനമാണെന്ന് മനസ്സിലാക്കിയ അവർ അനുദിനം പുത്തൻ ബിദ്അത്തുകൾ പടച്ചു വിട്ടു. കൂടുതൽ കൂടുതൽ വിഷമകരങ്ങളായ നിയമങ്ങൾ കണ്ടുപിടിച്ചു നടപ്പിലാക്കി, മതം മനുഷ്യന് നടപ്പിൽ വരുത്താൻ പററാത്തവിധം ദുഷ്കരമാക്കി. അങ്ങനെ അല്ലാഹുവിന്റെ ദീൻ വികലവും വിരൂപവുമാക്കി.

രണ്ടുതരത്തിലായിരുന്നു ആ കൈ കടത്തലുകൾ. ചിലപ്പോൾ എണ്ണത്തിൽ, മററ് ചിലപ്പോൾ രൂപത്തിൽ. ''റമസാനിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പു പരിശീലനാർത്ഥവും ചെറിയ പെരുന്നാൾ ദിവസവും സംശയാസ്പദ ദിവസവും വ്രതം പാടില്ല എന്ന, നബി (സ)യുടെ കൽപ്പന ഒന്നാം വിഭാഗത്തിൽപ്പെടും. സാധാരണ (സുന്നത്തായ) ദിവസങ്ങളിൽ നോമ്പനുഷ്ഠിച്ചു വരുന്ന ചില ആളുകളുണ്ട്; അവർക്ക് തങ്ങളുടെ റമസാൻ വ്രതം പ്രസ്തുത ദിവസങ്ങളോട് യോജിച്ചു വന്നേക്കാം; എന്നാൽമാത്രം റമസാനിന്റെ തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ വ്രതം അനുവദിച്ചിരിക്കുന്നു. മതനിയമങ്ങളായി അല്ലാഹുവും റസൂലും കൽപിച്ചത് പോരായെന്ന് കരുതുന്ന അതിർ ലംഘനവാദികൾ ഇതെല്ലാം ഒരു സൽകർമ്മമായി കാണുന്നു. അവരുടെ പിൻഗാമികൾ അവരെ അനുകരിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് മതം വികലത പ്രാപിക്കുന്നത്. ഈ അതിരു കവിയൽ അധികവും ഉടലെടുക്കുന്നത് അമിത സൂക്ഷ്മതയിൽനിന്നും പിശാചിന്റെ ദുർമന്ത്രണത്തിൽനിന്നുമാണ്. സംശയാസ്പദ നാളി (യൗമുശ്ശക്ക്) ലെ വ്രതം ഈ വകുപ്പിൽപ്പെട്ടതാണ്.

അടുത്തതായി രൂപത്തിലുള്ള അതിരു കവിയൽ എന്തന്നല്ലേ. ഇടമുറിയാതെ വ്രതമനുഷ്ഠിക്കുക, അത്താഴം വളരെ നേരത്തെ കഴിക്കുക, നോമ്പു തുറക്കുന്ന സമയമായാലും പിന്തിക്കുക തുടങ്ങിയതാണത്. ഇതെല്ലാം 'ജാഹിലി

www.abulhasanalinadwi.org

യ്യത്തി' ന്റെ സൃഷ്ടികളാണ്.'' [ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ ; 2, പേ : 39]

ചുരുക്കിപ്പറഞ്ഞാൽ വ്രതം മുഴുവനും ദൈവീക കൽപ്പനയെ മുടിനാരിഴ തെററാതെ നിരുപാധികമായി അനുസരിക്കലും കീഴ്പ്പെടലുമാണ്. ഭക്ഷണത്തോട് എത്ര ആഗ്രഹമുളളവനും, ഉൺമപ്രഭാതം പൊട്ടിവിടർന്നാൽ പ്രദോഷത്തിൽ പടിഞ്ഞാറെ ചക്രവാളത്തിൽ സൂര്യൻ മറയുന്നതുവരെ യാതൊന്നും കഴിക്കാൻ പാടില്ല. ഭക്ഷണ പാനീയങ്ങളോടുള്ള ഏതാഗ്രഹവും അടക്കിനിർത്തണം. അതുപോലെ പശ്ചിമ ചക്രവാളത്തിൽ സൂര്യൻ മറഞ്ഞു കഴിഞ്ഞാൽ വിരക്തിക്കും ഭക്തിക്കും അവിടെ സ്ഥാനമില്ല; ആഹാരം കഴിച്ചേ തീരൂ. ഇവിടെയെല്ലാം വിധി കർതൃത്വത്തിനുള്ള പൂർണ്ണാധികാരം അല്ലാഹുവിനാണ്; സമ്പ്രദായങ്ങൾക്കോ, ദേഹേച്ഛകൾക്കോ, സ്വന്തം ശരീരത്തിനോ അല്ല. അല്ലാഹുവിനോട് ധിക്കാരവും മതവിധികളോടു ഗുസ്തിയും പാടില്ല. ഒരു നോമ്പുകാരൻ എത്രകണ്ട് തന്റെ ഇച്ഛയെ കൈവെടിഞ്ഞ് അല്ലാഹുവിന്റെ ഇച്ഛക്കും വിധിക്കും കീഴൊതുങ്ങുന്നുവോ അത്രയും അവൻ ആരാധനയിൽ സന്മാർഗ്ഗിയും, അല്ലാഹുവിന്റെ അവകാശത്തെ അംഗീകരിച്ചവനുമാകുന്നു. 'ഞാൻ-ഞാൻ' എന്ന ഭാവത്തിൽ നിന്നകന്നവനായി ഗണിക്കപ്പെടുകയും ചെയ്യുന്നു. പരിഷ്കർത്താവും പണ്ഡിതനുമായ അഹ്മദ്ബ്നു അബ്ദുൽ അഹദ് സർഹിന്ദിയുടെ വാക്കുകൾ ഈ കാര്യം ഒന്നുകൂടി വ്യക്തമാക്കുന്നു: ''അത്താഴം പിന്തിക്കുകയും നോമ്പ് തുറക്കൽ ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന കൽപ്പന ഒരു കാര്യം വ്യക്തമാക്കുന്നു: അവൻ അടിമയാണ്, ആശ്രയിക്കേണ്ടവനാണ്, കല്പന എന്തായാലും അനുസരിക്കാൻമാത്രം ബാദ്ധ്യസ്ഥനാണ്, ദുർബ്ബലനാണ്.'' (മജ്മൂഉറസാഇൽ, നാൽപ്പത്തിയഞ്ച്)

## ഇഅ്തികാഫ് (ഭജനമിരിക്കൽ)

റമസാനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അക്ഷരാർത്ഥത്തിൽ പൂർത്തീകരിക്കാൻ അല്ലാഹു നിശ്ചയിച്ചതാണ്

www.abulhasanalinadwi.org

ഇഅ്തികാഫ്. ഒരു നോമ്പുകാരനു നഷ്ടപ്പെട്ടുപോയ ഹൃദയസാന്നിദ്ധ്യം, മനഃശാന്തി, മനോവീര്യം. ദേഹവും ദേഹിയും അല്ലാഹുവിന് നീക്കിവെക്കൽ, അവന്റെ ഉമ്മറപ്പടിയിൽ വീണു കിടക്കൽ, അവന്റെ അനുഗ്രഹാശിസ്സുകളുടെ മടിത്തട്ടിൽ അഭയം കാണൽ തുടങ്ങിയ കാര്യങ്ങളെല്ലാം ഈ ഭജനമിരിക്കൽ മുഖേന വീണ്ടെടുക്കാൻ കഴിയുന്നു. അല്ലാമഃ ഇബ്നുൽ ഖയ്യിം (റ) പറയുന്നു:

''അല്ലാഹുവുമായുള്ള ആത്മബന്ധം സുദൃഢമാക്കുക, മനസ്സ് അവനിൽമാത്രം കേന്ദ്രീകരിക്കുക, സൃഷ്ടികളുമായുള്ള ബന്ധങ്ങൾ വിട്ട് സ്രഷ്ടാവുമായി ബന്ധപ്പെടുക, ഒരു മനുഷ്യന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന സകല വികാര-വിചാര - സന്താപ- സന്തോഷങ്ങളുടെ സ്ഥാനത്ത് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ ഉണ്ടാവുക തുടങ്ങിയവയാണ് ഇഅ്തികാഫിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ; അതിന്റെ മജ്ജയും ജീവനും. മനുഷ്യരുമായുള്ള നേരംപോക്കിന് പകരം അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക; ഖബറിലുള്ള ഏകാന്തതയുടെ അവസരത്തിൽ ഈ ഏകാന്തത ഒരു മുതൽക്കൂട്ടായിരിക്കും. ഇത് ഒരു നേരമ്പോക്കും അതേസമയം അവന്റെ പാഥേയവുംകൂടിയാണ്. റമസാനിന്റെ സുവർണ്ണ അവസാന ദശദിനങ്ങളിൽ സുന്നത്തായ ഇഅ്തികാഫിന്റെ പരമോദ്ദേശ്യങ്ങളിൽ ചിലതാണിത്.'' [സാദുൽ മആദ് പേ: 178]

ഹ്സ്രത്ത് ശാഹ്‌വലിയുല്ല എഴുതുന്നു:

''ഹൃദയശുദ്ധിയും ഹൃദയസാന്നിദ്ധ്യവും, മാലാഖമാരോടുള്ള സാധർമ്മ്യവും, 'നിർണ്ണായകരാത്രിയി'ൽ പങ്കുചേരലുമെല്ലാം 'ഇഅ്തികാഫ്' മുഖേന ലഭ്യമാകുന്നു. റമസാനിന്റെ അവസാനത്തെ പത്താണ് നബി(സ) അതിന് തിരഞ്ഞെടുത്തത്. അവിടുത്തെ സുകൃതികളായ അനുയായികൾ അത് സുന്നത്താണെന്ന് മനസ്സിലാക്കുകയും ചെയ്തു.''

നബി(സ) സ്ഥിരമായി എല്ലാ വർഷവും അതനുഷ്ഠിച്ചുപോന്നു. മുസ്‌ലിം ലോകം തലമുറ തലമുറയായി അ

www.abulhasanalinadwi.org

തു കാത്തുസൂക്ഷിച്ചു. അങ്ങനെ 'ഇഅ്തികാഫ്' സ്ഥിരപ്പെട്ട സുന്നത്തും റമസാനിന്റെ ആത്മീയ ചിഹ്നവുമായി രൂപം പ്രാപിച്ചു. ആയിശഃ(റ)വിൽനിന്നും ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: ''നബി(സ) ഇഹലോകവാസം വെടിയുന്നതുവരെ റമസാന്റെ അവസാന ദശദിനങ്ങളിൽ പള്ളിയിൽ ഭജനമിരിക്കാറുണ്ടായിരുന്നു. നബി(സ)യുടെ കാലശേഷം അവിടുത്തെ പത്നിമാരും ഭജനമിരുന്നിരുന്നു.'' അബൂഹുറൈറ പറയുന്നു: എല്ലാ റമസാനിലും അവസാനത്തെ പത്തുദിവസം നബി(സ) ഭജനമിരുന്നു. അവിടുന്ന് ഇഹലോകവാസം വെടിഞ്ഞ വർഷമാകട്ടെ ഇരുപതു ദിവസവും അതു നിർവ്വഹിച്ചു.''

[ബുഖാരി]

## ലൈലത്തുൽ ഖദ്ർ [നിർണ്ണായക രാത്രി]

ലൈലത്തുൽ ഖദ്റിന്റെ മഹത്വവും സ്ഥാനവും ഖുർആനിലും ഹദീസിലും ധാരാളം വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: *

''നിശ്ചയം, നാമത് (ഖുർആൻ) ലൈലത്തുൽ ഖദ്റിൽ അവതരിപ്പിച്ചു. ലൈലത്തുൽ ഖദ്ർ എന്താണെന്നു നിനക്കറിയുമോ? ലൈലത്തുൽ ഖദ്ർ ആയിരം മാസങ്ങളേക്കാറം ഉത്തമമാകുന്നു. അന്നു മലക്കുകളും ജിബ്രീലും തങ്ങളുടെ നാഥന്റെ അനുവാദത്തോടെ എല്ലാ കൽപനകളുമായി ഇറങ്ങിക്കൊണ്ടിരിക്കും. പ്രഭാതപ്പുലരിവരെ അന്ന് രക്ഷയുണ്ടായിരിക്കും.''

പ്രവാചക പുംഗവന്റെ ഒരു വാക്യം: ''ആരെങ്കിലും ലൈലത്തുൽ ഖദ്റിൽ വിശ്വാസത്തോടും പ്രതിഫലമോഹ

---

* انا انزلناه في ليلة القدر وما ادريك ما ليلة القدر ليلة القدر خير من الف شهر تنزل الملائكة والروح فيها باذن ربهم من كل امر سلام هي حتى مطلع الفجر (القدر)

www.abulhasanalinadwi.org

ത്തോടും കൂടി ആരാധനയിൽ നിമഗ്നനായാൽ അവൻെറ ജീവിതത്തിൽ മുമ്പു ചെയ്ത പാപങ്ങാം അഖിലവും പൊറുക്കപ്പെടും.'' [ബു:മു:]

റമസാനിൻെറ അവസാനത്തെ പത്തിൽ അറിയപ്പെടാത്ത ഒരു രാത്രിയിൽ അല്ലാഹു അത് നിശ്ചയിച്ചിരിക്കുന്നു. ഇങ്ങനെ അവ്യക്തമാക്കിയതിനു പിന്നിൽ അല്ലാഹുവിൻെറ അപാരമായ യുക്തി പ്രവർത്തിക്കുന്നു. അതെന്താണെന്നറിയാനുള്ള അഭിവാഞ്ഛയും അന്വേഷണ തൃഷ്ണയും സത്യവിശ്വാസികളിൽ ഇതുകാരണമായി കൂടുതലുണ്ടാകും. റമസാനിൻെറ അവസാന നിശകാം നമസ്ക്കാരം, പ്രാർത്ഥന, ബാഷ്പാർദ്ര വിലാപം, മററ് ആരാധനാകർമ്മങ്ങാം, ദാനധർമ്മങ്ങാം എന്നിവയാൽ ധന്യമായിത്തീരുന്നു. ആ മാസത്തിൻെറ മഹത്വത്തിന് അവസാന നിമിഷങ്ങളിൽ ഒന്നുകൂടി മാററു കൂട്ടുവാനും ഇതുകാരണമാകുന്നു. ലൈലത്തുൽ ഖദ്റിൻെറ ദിനം വ്യക്തമാക്കപ്പെട്ടിരുന്നെങ്കിൽ ഇതൊരിക്കലും സാദ്ധ്യമാകുമായിരുന്നില്ല. ഹസ്രത്ത് ആയിശഃ(റ) നബി(സ)യുടെ പ്രവർത്തനം റിപ്പോർട്ട് ചെയ്യുന്നതിങ്ങനെയാണ്: ''റമസാൻെറ അവസാനത്തെ പത്തായാൽ നബി (സ) രാത്രി മുഴുവനും നിതാന്ത ജാഗ്രതയോടെ കഴിച്ചുകൂട്ടുകയും, വീട്ടുകാരെ വിളിച്ചുണർത്തുകയും, അരയ്ക്ക് മുണ്ടു കെട്ടി (ആരാധനയ്ക്കായി) ഒരുങ്ങുകയും ചെയ്തിരുന്നു '' (ബു: മു:)

അധിക ഹദീസുകളും ലൈലത്തുൽ ഖദ്ർ, റമസാനിൻെറ അവസാനപ്പത്തിലെ ഒററയിട്ട രാത്രികളിലാണെന്ന കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. അതും അതിലെ അവസാനത്തെ ഏഴു ദിവസങ്ങളിലാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നു ഉമർ(റ)വിൽനിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: ''റമസാനിലെ അവസാനത്തെ ഏഴു നാളുകളിൽ നബി (സ) യുടെ സഖാക്കാം സ്വപ്നത്തിൽ ലൈലത്തുൽ ഖദ്ർ ദർശിക്കുകയുണ്ടായി. അപ്പോാം നബി (സ) പറഞ്ഞു: നിങ്ങളുടെ സ്വപ്നത്തിൻെറ വ്യാഖ്യാനം സൂചിപ്പിക്കുന്നത് ലൈലത്തുൽ ഖദ്ർ അവസാനത്തെ ഏഴ് രാത്രികളിലായിരിക്കും എന്നാണ്. അതിനാൽ നിങ്ങ

www.abulhasanalinadwi.org

ളിൽ ആരെങ്കിലും അതു കരസ്ഥമാക്കാനുദ്ദേശിക്കുന്നെങ്കിൽ അവസാനത്തെ ഏഴു ദിവസങ്ങളിൽ അന്വേഷിച്ചുകൊള്ളുക.'' ഹസ്രത്ത് ആയിശഃ(റ)യിൽനിന്ന് മറ്റൊരു ഹദീസിൽ വന്നതു കാണുക: ''റസൂൽ(സ) റമസാന്റെ അവസാനപ്പത്തിൽ പള്ളിയിൽ ഭജനമിരിക്കുകയും, ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിച്ചുകൊള്ളുക എന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു.'' (ബു: മു:). ആയിശഃ(റ) വിൽനിന്നു റിപ്പോർട്ടു ചെയ്യുന്ന വേറൊരു ഹദീസിൽ ഇങ്ങനെ കാണാം: നബിതിരുമേനി പറഞ്ഞു: ''റമസാന്റെ അവസാന ദശദിനങ്ങളിലെ ഒറ്റയായ രാവുകളിൽ നിങ്ങളതിനെ പ്രതീക്ഷിച്ചുകൊള്ളുക.'' (ബുഖാരി)

ലൈലത്തുൽ ഖദ്റിനെ കുറിച്ച് ശൈഖുൽ ഇസ്ലാം ശാഹ്വലിയുല്ലാഹിദ്ദഹ്ലവി ''ഹുജ്ജത്തുല്ലാഹിൽ ബാലിഗ''യിൽ വ്യക്തമാക്കുന്നത് ഇവിടെ പകർത്താം:

''ലൈലത്തുൽ ഖദ്റിനെ നമുക്ക് രണ്ടായി വിഭജിക്കാം. ഒന്ന്: സകല കാര്യങ്ങളും ആകാശത്തുവെച്ച് തീരുമാനിക്കപ്പെടുന്ന രാത്രി. അന്നാണ് ഖുർആൻ മുഴുവനായി വാനലോകത്തവതരിപ്പിച്ചത്. അനന്തരം അൽപ്പാൽപ്പമായി ഭൂമുഖത്തേക്കവതരിക്കാൻ തുടങ്ങി. ഈ രാത്രി വർഷത്തിൽ ഒന്നുമാത്രം. അത് റമസാനിൽ തന്നെയായിക്കൊള്ളണമെന്നുമില്ല; എന്നാൽ, അധികപക്ഷവും റമസാനിൽതന്നെയാണെന്നാണ്. ഖുർആൻ ആദ്യമായി അവതരിച്ച സമയത്ത് ആ രാത്രി റമസാനിൽതന്നെയായിരുന്നു.

രണ്ട്; അന്ന് ആത്മീയാന്തരീക്ഷം തളംകെട്ടി നിൽക്കും, വാനലോകത്ത് നിന്ന് മാലാഖമാർ നിരന്തരം ഇറങ്ങിക്കൊണ്ടിരിക്കും. സത്യവിശ്വാസികൾ ആരാധനയിൽ മുഴുകുകയും, അവരുടെ പ്രകാശത്തിന്റെ പാലൊളി പാരിൽ പരക്കുകയും ചെയ്യും. മലക്കുകൾ അവരെ സമീപിക്കുകയും പിശാച് അവരെ കൈയൊഴിയുകയും ചെയ്യും. അന്ന് അവരുടെ പ്രാർത്ഥനകളും ആരാധനകളും സ്വീകാരയോഗ്യമായിരിക്കും. ആ രാത്രി റമസാനിലെ അവസാന പത്തിലെ ഒറ്റയിട്ട രാത്രികളിൽ ഏതെങ്കിലും ഒന്നു മാത്രമാണ്.

www.abulhasanalinadwi.org

അത് ആ ദിവസങ്ങളിൽ മുന്തുകയോ പിന്തുകയോ ചെയ്യേക്കാം. പക്ഷേ, ഒരിക്കലും പുറത്തു പോവുകയില്ല. ഇപ്പോൾ നാം രണ്ടു തരം രാത്രികളെക്കുറിച്ചു പറഞ്ഞു. അതിൽ ലൈലത്തുൽ ഖദറു കൊണ്ടുദ്ദേശിക്കുന്നത് ഒന്നാമത്തേതാണെന്ന് പറഞ്ഞവർ അത് വർഷത്തിൽ മുഴുവനുമാണെന്നഭിപ്രായപ്പെട്ടു. രണ്ടാമത്തേതാണ് ഉദ്ദേശം എന്നു പറഞ്ഞവർ റമസാനിന്റെ അവസാന പത്തിലാണെന്നും വ്യക്തമാക്കി. നബി (സ) പഠിപ്പിച്ചു: '(ലൈലത്തിൽ ഖദറിനെക്കുറിച്ചുള്ള) നിങ്ങളുടെ സ്വപ്നത്തെ ഞാൻ കാണുന്നതിങ്ങനെയാണ്: അതു റമസാനിലെ അവസാനത്തെ ഏഴ് ദിവസങ്ങളിലാകും. അതിനാൽ ആരെങ്കിലും അത് പ്രതീക്ഷിക്കുന്നെങ്കിൽ അവസാനത്തെ ഏഴ് ദിവസങ്ങളിൽ കാത്തുകൊള്ളുക.'' മറ്റൊരവസരത്തിൽ അവിടുന്ന് പറഞ്ഞു: ''ആ രാത്രി എനിക്കു ദൃശ്യമായി. മണ്ണിലും ജലത്തിലും സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ എന്നെത്തന്നെ അന്ന് കണ്ടു; അത് ഇരുപത്തൊന്നാം രാത്രിയായിരുന്നു.'' ഈ പ്രശ്നത്തിൽ സഹാബികൾക്കുള്ള അഭിപ്രായ വ്യത്യാസം കേവലം അനുഭൂതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ്.'' [ഹുജ്ജത്തുല്ലാഹിൽ ബാലിഗ : വാ : 2 പേ :41]

ഇസ്ലാം മാനവ രാശിയോട് നിർവ്വഹിക്കാൻ ആവശ്യപ്പെട്ട മററു ആരാധനാ കർമ്മങ്ങൾ സംസ്കരണ—പരിഷ്കരണത്തിന്റെ പങ്കു വഹിച്ചതു പോലെ വ്രതവും അതിന്റേതായ പങ്കു വഹിച്ചു. നോമ്പിന്റെ വിവക്ഷയിൽ, ആശയത്തിൽ, ചിട്ടകളിൽ, നിയമങ്ങളിൽ, രൂപത്തിൽ, നിർവ്വഹണ ശൈലിയിൽ എല്ലാം തന്നെ ഇസ്ലാം പരിഷ്കരണവും പരിവർത്തനവും വരുത്തി. അങ്ങനെ വ്രതം അനുഷ്ഠിക്കൽ എളുപ്പമായി. ആഹ്ളാദകരവും ആയി. അത് മനുഷ്യ പ്രകൃതിയ്ക്ക് ഏററവും അനുയോജ്യമാണ്. സാമൂഹികവും ആത്മീയവുമായ ധാരാളം ഉദ്ദേശ്യ ലക്ഷ്യങ്ങൾ അത് പൂർത്തീകരിക്കുന്നു. ചുരുക്കത്തിൽ സമൂഹത്തെ മുഴുവനും അത് ഉടച്ചു വാർക്കുന്നു.

ഇസ്ലാം കൊണ്ടു വന്ന പ്രഥമ പരിഷ്കരണം അതിന്റെ ആശയവും വിവക്ഷയും തിരുത്തിക്കുറിച്ചു എന്ന

www.abulhasanalinadwi.org

താണ്. ഇസ്ലാമിനു മുമ്പ് വ്രതത്തിന്റെ വിവക്ഷ പൂർണ്ണമായും മാററി മറിക്കപ്പെട്ടിരുന്നു. ജൂത മതത്തിൽ അത് ദുഃഖത്തിന്റെയും വിലാപത്തിന്റെയും സൂചനയായിരുന്നു. ചരിത്രത്തിന്റെ വിവിധ ദശാ സന്ധികളിൽ സംഭവിച്ച സന്താപങ്ങളുടെ സ്മരണയുമായിരുന്നു. അത്തരത്തിലുള്ള വ്രതം വഴി സമൂഹത്തിന് നൈരാശ്യം, മോഹഭംഗം, ദുഃഖം, പരാജയ ബോധം എന്നിവ മാത്രമേ ലഭ്യമാകൂ എന്ന് ഇസ്ലാം പഠിപ്പിച്ചു. മാത്രമല്ല, വ്രതത്തെക്കുറിച്ചുള്ള ചിന്താഗതിയും വീക്ഷണവും ഇസ്ലാം തിരുത്തിക്കുറിച്ചു. പ്രതീക്ഷയും പ്രത്യാശയും ആസ്വാദനവും അഭിനിവേശവും മുററി നിൽക്കുന്ന പ്രകാശമാനമായ ഒരു ആശയവും വീക്ഷണവും അതു പകരം നൽകി. ആരോഗ്യവും ആനന്ദവും സ്ഥൈര്യവും സന്തോഷവും സംഭാവന ചെയ്യുന്ന, ശാന്തിയും സമാധാനവും നൽകുന്ന, ദൈവത്തിന്റെ പ്രീതിയും പ്രതിഫലവും പ്രദാനം ചെയ്യുന്ന, സുന്ദര - സുമോഹന സുവിശേഷങ്ങൾ വാഗ്ദാനം ചെയ്യുന്ന മഹത്തായ ഒരു ആരാധനാ കർമ്മമായി വ്രതം മാറി. അതിനു പുറമെ നോമ്പനുഷ്ഠിക്കുന്നവന് ആവേശവും ആശ്വാസവും പകരുന്ന ധാരാളം ആയത്തുകളും ഹദീസുകളും ഉണ്ട്. ഒരു ഖുദ്സിയായ ഹദീസിൽ പറയുന്നു: ''വ്രതം അതെനിക്കുള്ളതാണ്; അതിന് പ്രതിഫലം ഞാൻ കൊടുക്കുന്നു.'' അതേ ഹദീസിന്റെ അവസാനത്തിൽ, ''ഒരു നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്: ഒന്ന് അവൻ നോമ്പു തുറക്കുമ്പോൾ മറെറാന്ന് അവൻ തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോൾ.'' എന്നും പറയുന്നു. നോമ്പുകാരന് അല്ലാഹു അവന്റെയടുക്കൽ അതി മഹത്തായ സ്ഥാനവും പദവിയും നൽകുന്നു: ''ഒരു നോമ്പുകാരന്റെ വക്ത്രത്തിൽ നിന്നു വരുന്ന വാസന അല്ലാഹുവിങ്കൽ കസ്തൂരിയേക്കാൾ പരിമളമുള്ളതാകുന്നു.'' [സിഹാഹുസ്സിത്തഃ] ജൂതർ വ്രതത്തിനു നൽകുന്ന ദുഃഖ - ദുരിതങ്ങളുടെയും തെററിദ്ധാരണകളുടെയും അന്തരീക്ഷത്തേക്കാൾ എത്രയോ പരിശുദ്ധമായ അന്തരീക്ഷമാണ് ഇസ്ലാം അതിന് നൽകുന്നത്. വ്രതം യഹൂദകർക്ക് ശരീര പീഡനത്തിനും ആത്മ നിന്ദയ്ക്കുമുള്ളതാണെന്ന് നാം മുമ്പു പറഞ്ഞല്ലോ. അവരുടെ

www.abulhasanalinadwi.org

വേദ ഗ്രന്ഥങ്ങളിൽ ഇതു സൂര്യപ്രകാശം പോലെ സുവ്യക്തമാണ്.

''ഇത് നിങ്ങൾക്ക് എന്നേക്കുമുള്ള ചട്ടം ആയിരിക്കണം; ഏഴാം മാസം പത്താം തിയ്യതി നിങ്ങൾ ആത്മതപനം ചെയ്യേണ ; സ്വദേശിയും നിങ്ങളുടെയിടയിൽ പാർക്കുന്ന പരദേശിയും യാതൊരു വേലയും ചെയ്യരുത്. ആ ദിവസത്തിൽ അല്ലാ യഹോവയുടെ സന്നിധിയിൽ നിങ്ങളെ ശുദ്ധീകരിക്കേണ്ടതിന് നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം കഴിക്കയും നിങ്ങളുടെ സകല പാപങ്ങളും നീക്കി നിങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നതു അതു നിങ്ങൾക്കു വിശുദ്ധ സ്വസ്ഥതയുള്ള ശബ്ബത്ത് ആയിരിക്കേണം. നിങ്ങൾ ആത്മതപനം ചെയ്യുന്ന ; അത് നിങ്ങൾക്ക് എന്നേക്കുമുള്ള ചട്ടമാകുന്നു.'' [ലേവ്യ പുസ്തകം: 16 : 29, 30, 31] പഴയ നിയമത്തിൽ തന്നെ മറെറാരു സ്ഥലത്ത് പറയുന്നു:

''യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തു: ഏഴാം മാസം പത്താം തിയ്യതി പാപ പരിഹാര ദിവസം ആകുന്നു. അന്നു നിങ്ങൾക്കു വിശുദ്ധ സഭായോഗം ഉണ്ടാകേണം; നിങ്ങൾ ആത്മതപനം ചെയ്യുകയും യഹോവെക്ക് ദഹനയാഗം അർപ്പിക്കയും വേണം അന്നു നിങ്ങൾ യാതൊരു വേലയും ചെയ്യരുതു; അതു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങൾക്ക്വേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിനുള്ള പാപ പരിഹാര ദിവസം.'' [ലേവ്യ പുസ്തകം 23 : 26, 27, 28] സംഖ്യാ പുസ്തകത്തിൽ ഇങ്ങനെ കാണാം. ''ഏഴാം മാസം പത്താം തിയതി വിശുദ്ധ സഭായോഗം കൂടേണം; അന്ന് നിങ്ങൾ ആത്മതപനം ചെയ്യേണം; വേലയൊന്നും ചെയ്യരുത്.'' [സംഖ്യാ പുസ്തകം 29 : 7]

ഇസ്ലാം വ്രതത്തെ ശരീരത്തിന്റെ പീഢനമായിട്ടല്ല കണ്ടത്; ദൈവത്തിന്റെ ശിക്ഷയായിട്ടുമല്ല. ഖുർആനും ഹദീസും മുഴുവൻ തെരഞ്ഞാലും അത്തരം സൂചന നൽകുന്ന ഒരു പദം പോലും കണ്ടെത്തുക സാദ്ധ്യമല്ല. അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും സാമീപ്യവും കരസ്ഥ

www.abulhasanalinadwi.org

മാക്കാൻ മാത്രം ആണ് അതു നിഷ്കർഷിക്കുന്നത്. മററാരു ഉദ്ദേശ്യം വ്രതം മുഖേന ഇസ്ലാമിനില്ല. അതിൻെറ നിയമങ്ങളും ചട്ടങ്ങളും എല്ലാം അന്തിമ വിശകലനത്തിൽ മനുഷ്യനു ഗുണമായി ഭവിക്കുന്നു. അവനു ശാരീരികമോ മാനസികമോ ആയ യാതൊരു ഉപദ്രവവും അതു സൃഷ്ടിക്കുന്നില്ല വഹിക്കാൻ പററാത്ത യാതൊന്നും അതു വഹിപ്പിക്കുന്നില്ല. മറിച്ച് പ്രഭാത സമയത്തിന് മുമ്പു ആഹാരിക്കൽ 'സുന്നത്താ'യി കൽപ്പിച്ചു. അതും വളരെ പിന്തിച്ചു കഴിക്കൽ പ്രബല സുന്നത്താണെന്നും പ്രഭാതപ്പുലരിയുടെ മുമ്പുവരെ ആഹരിച്ചു കൊള്ളാനും ഇസ്ലാം നിർദ്ദേശിച്ചു. അതുപോലെ തന്നെ നോമ്പു തുറക്കുന്നതിൽ ധൃതി കാണിക്കാനും കൽപ്പിച്ചു. രാത്രിയും പകലും ആവശ്യം പോലെ വിശ്രമിക്കുവാനും ഉറങ്ങുവാനും അനുവാദം കൊടുത്തു. കച്ചവടത്തിലും ക്രയവിക്രയത്തിലും പ്രയോജന പ്രദമായ ഏതു ജോലിയിലും ഇടപെടൽ ജൂതമതത്തിലേതു പോലെ ഒരു കുററകരമല്ലെന്നു പ്രഖ്യാപിച്ചു. ജൂത മതത്തിൽ വ്രതത്തിൻെറ സമയത്ത് സകല ജോലികളും നിഷിദ്ധമാണ്. പൂർണ്ണമായി ഏകാന്തത, ആരാധന, അത്രമാത്രം.

വ്രതം പല പ്രാക്തന മതങ്ങളിലും (ഇന്നും ജീവിച്ചിരിക്കുന്ന ഉദാഹരണങ്ങൾ അതിനുണ്ട്) സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങൾക്കു മാത്രം ബാധകമായിരുന്നു. ഹിന്ദു മതത്തിൽ വ്രതത്തിൻെറ ഉത്തരവാദിത്വം ഏറിയ കൂറും ബ്രാഹ്മണരിൽ നിക്ഷിപ്തമാണ്. മജൂസികളിൽ മത പ്രവർത്തകർക്കും, പാർസികളിൽ പിണ്ഡതൻമാർക്കും, ഗ്രീക്കുകാരിൽ വനിതകൾക്കും മാത്രം വ്രതം അനുഷ്ഠിച്ചാൽ മതി. എന്നാൽ ഇസ്ലാം എല്ലാവിധ ബന്ധനങ്ങളിൽ നിന്നും വ്രതത്തെ മോചിപ്പിച്ചു. സമൂഹത്തിലെ സകല വിഭാഗത്തിനും അതു ബാധകമാക്കി. ആരെയും അതിൽ നിന്നൊഴിവാക്കിയില്ല ഇസ്ലാം പ്രഖ്യാപിച്ചു. *

''നിങ്ങളിൽ ആര് ആ മാസത്തിൽ ഹാജറുണ്ടോ അവൻ

---

* فمن شهد منكم الشهر فليصمه ( البقرة ١٨٥ )

www.abulhasanalinadwi.org

വ്രതമനുഷ്ഠിച്ചു കൊള്ളട്ടെ.''

പൗരാണിക മതങ്ങളിൽ വ്രതം ചില പ്രത്യേകക്കാരുടെ കുത്തകയാക്കിയതോടു കൂടെത്തന്നെ അതിനു സാദ്ധ്യമല്ലാത്ത ആരെയും ഒഴിവാക്കിയിരുന്നുമില്ല ഇസ്ലാമാകട്ടെ വ്രതം അനുഷ്ഠിക്കാൻ കഴിയാത്ത എല്ലാവർക്കും ആനുകൂല്യം നൽകി ഒഴിവാക്കി. അവരെ പ്രത്യേകം പരിഗണിച്ചു. ആശ്വാസ രൂപത്തിൽ അല്ലാഹു പറഞ്ഞു: *

''നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മററു ദിവസങ്ങളിൽ നിന്ന് എണ്ണം പൂർത്തിയാക്കേണ്ടതാണ്.'' വീണ്ടും അല്ലാഹു പറയുന്നു: *

''എന്നാൽ (ക്ലേശത്തോടെ) അതിനു കഴിയുന്നവർക്കു ഒരു അഗതിയുടെ ഭക്ഷണം പ്രായശ്ചിത്തമായി കൊടുക്കാം.''

ചില മതങ്ങളിൽ വ്രതം വളരെ അതിരു കവിഞ്ഞു പോയി. നാൽപ്പതു ദിവസംവരെ ആഹാര സാധനങ്ങൾ എല്ലാം വിരോധിച്ചു. മററു ചില മതങ്ങളിൽ സ്വാതന്ത്ര്യവും വിശാലതയും കുറെ ഏററി; പാലും പഴവും യഥേഷ്ടം ഭുജിക്കാം; മാംസം മാത്രം ഭക്ഷിക്കാതിരുന്നാൽ മതി. പക്ഷേ, ഇസ്ലാം ഇതിൻെറയെല്ലാം മദ്ധ്യ നിലപാടം കൈക്കൊണ്ടു. യുക്ത്യാധിഷ്ഠിതമായ അതിൻെറ നിയമങ്ങളിലൊന്നും അമിതമായ തീവ്രതയോ അതിരു കവിയലോ ഇല്ല. അതു പോലെ അമിതമായ സ്വാതന്ത്ര്യമോ തോന്നിയപോലെ വിശാലതയോ ഇല്ല രണ്ടിൻെറയും മദ്ധ്യേ ജഡത്തിന്നും ജീവനും ഉപദ്രവമേല്പിക്കാത്ത ഒരു വ്രതം. എന്നാൽ വ്രതാനുഷ്ഠാവിൻെറ കൈയിൽ കടിഞ്ഞാൺ പൂർണ്ണമായി ഏൽപ്പിച്ചു കൊടുത്തിട്ടുമില്ല.

നോമ്പു തുറക്കുമ്പോൾ തിന്നാൻ സാധിക്കുന്ന ഭക്ഷ

---

oo فمن كان منكم مريضا او على سفر فعدة من ايام اخر (البقرة. ١٨٢)

ooo وعلى الذين يطيقونه فدية طعام مسكين ( البقرة - ١٨٤ )

www.abulhasanalinadwi.org

ണം കൊണ്ട് മതിയാക്കൽ ജൂതർക്ക് നിർബ്ബന്ധമായിരുന്നു. പിന്നീട് ആഹരിക്കലും വിശ്രമിക്കലും അനുവദനീയമായിരുന്നില്ല. എല്ലാ ആഹാര പാനീയങ്ങളും, അനുവദനീയ പ്രവർത്തനങ്ങളും അവർക്ക് രാത്രിയിൽ പോലും വിരോധിക്കപ്പെട്ടിരുന്നു. ഇസ്ലാം ഇത്തരം ബന്ധനങ്ങളെ മുഴുവനും വലിച്ചെറിഞ്ഞു: *

''(പ്രഭാതമാകുന്ന) വെള്ളനൂൽ കറുത്ത നൂലിൽനിന്ന് നിങ്ങൾക്ക് വേർതിരിഞ്ഞ് പ്രത്യക്ഷമാകുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക.'' സമൂഹത്തിന്റെ ബുദ്ധിമുട്ടിനെ പരിഗണിച്ച വ്രതമാണ് ഇസ്ലാമിന്റേതെന്ന് വേറെയും ചില കാര്യങ്ങൾ തെളിയിക്കുന്നു. അബദ്ധത്തിലോ മറന്നോ വല്ലതെറ്റും വന്നുപോയാൽ വ്രതത്തിന് ഒരു കോട്ടവും സംഭവിക്കുന്നില്ല. നബി (സ) പറഞ്ഞതായി അബൂഹുറൈറഃ നിവേദനം ചെയ്യുന്നു: '' ആരെങ്കിലും മറന്നു തിന്നുകയോ കുടിക്കുകയോ ചെയ്താൽ വ്രതം ഇല്ലാതാകുന്നില്ല. കാരണം അത് അവന് അല്ലാഹു കൊടുത്ത ആഹാരമാകുന്നു.'' [തിർമുദി] ബുഖാരിയും മുസ്ലിമും റിപ്പോർട്ടു ചെയ്യുന്ന മറ്റൊരു ഹദീസിൽ പറയുന്നു: '' ഒരു നോമ്പുകാരൻ മറന്നു തിന്നുകയും കുടിക്കുകയും ചെയ്തു, എന്നാൽ അവൻ ആ വ്രതം പൂർത്തിയാക്കിക്കൊള്ളട്ടെ; കാരണം അല്ലാഹുവാണ് അവനെ ആഹരിപ്പിച്ചതും കുടിപ്പിച്ചതും''. അതുപോലെ ഛർദ്ദി, മൂക്കിൽനിന്നു രക്തമൊഴുകൽ, സ്വപ്നസ്ഖലനം പോലുള്ള മനുഷ്യ സഹജമായ തകരാറുകൾ മുഖേനയും നോമ്പു മുറിയുന്നതല്ല.

കൂടാതെ പുരാതന വ്രതങ്ങളെല്ലാം സൂര്യമാസക്കണക്കനുസരിച്ചായിരുന്നു. അപ്പോൾ വ്രതമനുഷ്ഠിക്കാൻ ഗോളശാസ്ത്രത്തെയും കണക്കിനെയും കലണ്ടറിനേയുമെല്ലാം അവലംബിക്കേണ്ടിവന്നു. മാത്രമല്ല വ്രതം എക്കാലത്തും

---

* وكلوا واشربوا حتى يتبين لكم الخيط الأبيض من الخيط الاسود من الفجر. ( البقرة - ١٨١ )

www.abulhasanalinadwi.org

ഒരു ഋതുവിൽ മാത്രം നിലനിന്നു. ഉഷ്ണത്തിലാണെങ്കിൽ എന്നും ഉഷ്ണത്തിൽതന്നെ; ശൈത്യമാണെങ്കിൽ എന്നും ശൈത്യവും. മാറിമാറി വരുന്ന ഋതുക്കളിൽ വ്രതമനുഷ്ഠിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇസ്‌ലാം നിർദ്ദേശിക്കുന്ന വ്രതം ചാന്ദ്രിക മാസത്തിനനുസരിച്ചാണ്. മാസപ്പിറവി കാണുമ്പോൾ നോമ്പു തുടങ്ങുകയും പിന്നീടു കാണുമ്പോൾ അവസാനിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക: *

''മാസപ്പിറവികളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കും! പറയുക! അത് മനുഷ്യർക്കും ഹജ്ജിനുമുള്ള കാലസൂചകങ്ങളാണ്'' നബി(സ) ഇതിന് വിശദീകരണം നൽകി: ''അതു കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കൂ; അതു കണ്ടാൽ നിങ്ങൾ നോമ്പവസാനിപ്പിക്കൂ. മേഘപടലത്താൽ ബാലചന്ദ്രൻ കാണുന്നില്ലെങ്കിൽ മുപ്പതു വ്രതം പൂർത്തിയാക്കിക്കൊള്ളുക.'' മറ്റൊരു ഹദീസിൽ നബി (സ) പഠിപ്പിച്ചു: ''ബാലചന്ദ്രനെ കാണുന്നതുവരെ നിങ്ങൾ നോമ്പനുഷ്ഠിക്കരുത്; ബാലചന്ദ്രനെ കാണുന്നതുവരെ നിങ്ങൾ നോമ്പവസാനിപ്പിക്കുകയുമരുത്. അന്തരീക്ഷം സ്വച്ഛമല്ലെങ്കിൽ നിങ്ങൾ കണക്കാക്കിക്കൊള്ളുക.'' (സിഹാഹുസ്സിത്ത:)

ഇങ്ങനെ നോമ്പ് തുടങ്ങാനും അവസാനിപ്പിക്കാനുമുള്ള സമയപരിധി ബാലചന്ദ്രനെ കാണലാക്കിയതു മുഖേന ഇസ്‌ലാം എല്ലാ ജനങ്ങൾക്കും ഒരു മഹത്തായ സൗകര്യം പ്രദാനം ചെയ്തു. പർവ്വതസാനുക്കളുടെ ഉച്ചിയിൽ, വനാന്തരങ്ങളുടെ മദ്ധ്യത്തിൽ, ഗ്രാമ—നഗരാന്തരങ്ങളിലെല്ലാം താമസിക്കുന്നവർക്ക് വ്രതമനുഷ്ഠിക്കാൻ കഴിയുന്നു. അഭ്യസ്തവിദ്യനും അല്ലാത്തവനും ബുദ്ധിമുട്ടില്ല. ഗണിതശാസ്ത്രം പഠിച്ചവനും പഠിക്കാത്തവനും മാസം അറിയുന്ന പ്രശ്നത്തിൽ പ്രയാസം നേരിടുന്നില്ല. അപ്പോൾ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർക്കും നോമ്പ് തുടങ്ങാനും നോ

---

* يسئلونك عن الاهلة قل هى مواقيت للناس والحج ( البقرة - ١٨٩ )

www.abulhasanalinadwi.org

ນ്വവസാനിപ്പിക്കാനും എളുപ്പമാണ്. കാലാവസ്ഥയുടെ മാററവും പരിണാമവും വ്രതത്തിലും മാററം വരുത്തുന്നു. കൊടുംചൂടിലും കടുത്ത ശൈത്യത്തിലും വ്രതത്തിന്റെ രുചി അനുഭവിക്കുവാൻ കഴിയും. ഉഷ്ണകാലത്തും ശൈത്യകാലത്തും വ്രതം മാറിമാറി വരുന്നു. ഓരോ കാലത്തും മനുഷ്യൻ സ്വന്തമാക്കിയ ശീലങ്ങളെ വ്രതത്തിന്റെ പേരിൽ നിയന്ത്രിക്കാൻ നിർബ്ബന്ധിതനാകുന്നു. അങ്ങനെ എല്ലാ കാലത്തും നോമ്പനുഷ്ഠിച്ച പ്രതിഫലം അവനു കരഗതമാവുകയും ചെയ്യുന്നു.

ഈമാൻ ഹൃദയത്തിൽ കുടികൊള്ളുന്നുണ്ട്, ഇസ്ലാമിനോട് അന്ധമായ എതിർപ്പു ജന്മസിദ്ധവുമല്ല. പൗരാണിക മതങ്ങളിലെ വ്രതത്തിന്റെ നിയമങ്ങളും ചിട്ടകളും അനുഷ്ഠാന രൂപങ്ങളും അതിന്റെ തത്വശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങളും ഒരുവൻ ഗ്രഹിക്കുകയും ചെയ്തു, പിന്നീട് ഇസ്ലാം നിർദ്ദേശിക്കുന്ന വ്രതത്തിന്റെ നാനാവശങ്ങളെക്കുറിച്ചും സമഗ്രമായി പഠിച്ചു, ഈ രണ്ട് വ്രതങ്ങളുടെയും ഇടയിൽ ഒരു താരതമ്യപഠനം നടത്തി, എന്നാൽ അവനറിയാതെതന്നെ അല്ലാഹുവിന് സ്തുതിയും നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞുപോകും: *

''ഞങ്ങളെ ഇതിലേക്കുള്ള മാർഗ്ഗം കാണിച്ച അല്ലാഹുവിന് സകല സ്തോത്രവും! അല്ലാഹു ഞങ്ങളെ ഇതിലേക്ക് വഴികാണിച്ചില്ലായിരുന്നെങ്കിൽ, ഞങ്ങൾ (ഒരിക്കലും ഇതിലേക്ക്) നയിക്കപ്പെടുമായിരുന്നില്ല. നിശ്ചയം, ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതന്മാർ സത്യവുംകൊണ്ട് വന്നു.''

---

* الحمدلله الذى هدينا لهذا وما كنا لنهتدى لولا ان هدينا الله لقد جائت رسل ربنا بالحق (الاعراف - ٤٣)

www.abulhasanalinadwi.org

# ഹജ്ജ്

وَاذن في الناس بالحج يأتوك رجالا وعلى كل ضامر يأتين من كل فج عميق

— الحج - ٢٧

''ഹജ്ജിന് വരാൻ ജനങ്ങളോട് നീ വിളിച്ചു പറയുക. അവർക്ക് ഉപകാരപ്രദമായ പലതിലും സന്നിഹിതരാകാനും, അറിയപ്പെട്ട ഏതാനും ദിവസങ്ങളിൽ അല്ലാഹു അവർക്ക് കൊടുത്ത കന്നുകാലികളിൽ അവന്റെ നാമം ഉച്ചരിക്കുവാനു (മാണത്). കാൽനടയായും വിദൂരദേശങ്ങളിൽനിന്ന് വരുന്ന മെലിഞ്ഞ ഒട്ടകത്തിന് പുറത്തു കയറിയും അവർ നിന്റെയടുക്കൽവരും. അപ്പോൾ ആ (ബലിമൃഗങ്ങളിൽ) നിന്നു നിങ്ങൾ തിന്നുകയും ദരിദ്രനായ ബുദ്ധിമുട്ടുകാരനെ തീറ്റുകയും ചെയ്യുക. പിന്നെ അവർ അവരുടെ അഴുക്ക് മാറ്റുകയും, നേർച്ചകൾ വീട്ടുകയും, പുരാതന ഗേഹത്തെ പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ ''*

---

* و اذ بوأنا لابراهيم مكان البيت ان لا تشرك بى شيئا و طهر بيتى للطائفين و القائمين و الركع السجود ، و اذن فى الناس بالحج يأتوك رجالا وعلى كل ضامر يأتين من كل فج عميق ليشهدوا منافع لهم و يذكروا اسم الله فى ايام معلومات على ما رزقهم من بهيمة الانعام فكلوا منها و اطعموا البائس الفقير ثم ليقضوا تفثهم و ليوفوا نذورهم وليطوفوا بالبيت العتيق

الحج ٢٦ - ٢٩

www.abulhasanalinadwi.org

## ഇസ്‌ലാം - മദ്ധ്യവർത്തികളില്ലാത്ത മതം.

ശുദ്ധമായ 'തൗഹീദി'ന്റെ മതമാണ് ഇസ്‌ലാം. ദൈവത്തിന്റെയും അവന്റെ ദാസന്റെയും ഇടയിൽ മദ്ധ്യവർത്തികളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല.* മനുഷ്യന് അവന്റെ ചിത്തവും ചിന്തയും പൂർണ്ണമായും ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച് ദൈവത്തിലേക്ക് തിരിയാൻ പ്രതിമകളോ ഫോട്ടോകളോ മറ്റെന്തെങ്കിലും പ്രകട വസ്തുകളോ ഇസ്‌ലാമിലില്ല. അതെ, ദൈവത്തോട് പ്രാർത്ഥിക്കാൻ അവിടെ മദ്ധ്യവർത്തികളെ ആവശ്യമില്ല. വിഗ്രഹങ്ങളില്ല, പ്രതിമകളില്ല, ഫോട്ടോകളില്ല, പുരോഹിതന്മാരില്ല, ജോത്സ്യന്മാരില്ല. അല്ലാഹുവിന്റെ വ്യക്തമായ പ്രഖ്യാപനം കാണുക : **

''എന്റെ അടിമകൾ എന്നെ സംബന്ധിച്ച് നിന്നോട് ചോദിക്കുമ്പോൾ, ഞാൻ സമീപസ്ഥനാണ്; പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ ഞാൻ സ്വീകരിക്കും (എന്ന് പറയുക). അതിനാൽ അവൻ എന്റെ കല്പന സ്വീകരിക്കുകയും, എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; എന്നാൽ അവർ സന്മാർഗ്ഗം പ്രാപിച്ചവരാകും.''

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു; ***

---

* സ്രഷ്ടാവിൽ നിന്ന് സൃഷ്ടികൾക്കുള്ള സന്ദേശം എത്തിക്കുന്ന വിഷയത്തിലും, സ്രഷ്ടാവിന്റെ ഗുണപൗഷ്കല്യങ്ങൾ അവരെ പഠിപ്പിച്ച് സന്മാർഗ്ഗം കാട്ടികൊടുക്കുന്ന കാര്യത്തിലും മദ്ധ്യവർത്തികളുണ്ട്; അവർക്ക് ദൂതന്മാർ എന്നാണ് പറയുന്നത്.

** و اذا سألك عبادى عنى فانى قريب أجيب دعوة الداع اذا دعان فليستجيبوا لى وليؤمنوا بى لعلهم يرشدون البقرة : ١٨٦

*** فاعبد الله مخلصا له الدين الا لله الدين الخالص والذين اتخذوا من دونه اولياء ما نعبدهم الا ليقربونا الى الله زلفى الزمر ٢ ، ٣

www.abulhasanalinadwi.org

''അതുകൊണ്ട് വണക്കം അല്ലാഹുവിന് മാത്രം അർപ്പിച്ച്", അവനെ മാത്രം ആരാധിക്കുക. ശ്രദ്ധിക്കുക, നിഷ്കളങ്കമായ വണക്കം അല്ലാഹുവിനോടു മാത്രമുള്ളതാകുന്നു. അവന് പുറമെ ആരാധ്യന്മാരെ സ്വീകരിച്ചവർ (പറയുന്നു :) അല്ലാഹുവിലേക്ക് ഞങ്ങളെ അടുപ്പിക്കാൻ മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്.''

പാവനമായ ഭാവന, ഉയന്ന ചിന്ത, ശുദ്ധമായ വിചാരം, പ്രവർത്തനത്തിൽ ആത്മാർത്ഥത, പരാശ്രയരാഹിത്യം തുടങ്ങിയ കാര്യങ്ങളിൽ ഇസ്‌ലാം നിസ്തുലത തേടുന്നു. ഇതിലൊന്നും തന്നെ ഇസ്‌ലാം പറഞ്ഞതിനേക്കാൾ ഉപരിയായോ അധികമായോ മനുഷ്യന് ഊഹിക്കാൻപോലും സാദ്ധ്യമല്ല. ചിന്തയിലും വിശ്വാസത്തിലും ഇസ്‌ലാം പുലർത്തുന്ന സമുന്നത നിലവാരത്തിലേക്ക് എത്തിനോക്കാൻപോലും ഭൂമുഖത്തെ ഒരു മത — ദാർശനിക - തത്വചിന്തകൾ കഴിഞ്ഞിട്ടില്ല. മനുഷ്യരാശി മുഴുവൻ ശ്രമിച്ചിട്ടും ഇന്നുവരെ അതിന് സമാനമായതോ അതിൻെറ സമീപത്തെത്തുന്നതോ ആയ ഒരെണ്ണം പകരം വെക്കാൻ കഴിഞ്ഞിട്ടില്ല. വിശുദ്ധഖുർആൻ അല്ലാഹുവിനെ വിശേഷിപ്പിച്ചതിനേക്കാൾ വലിയൊരു വിശേഷണം അസാദ്ധ്യമാണ് :

''അവന് തുല്യമായി ഒന്നുമില്ല. അവൻ അഗാധമായ കേൾവിയുള്ളവനും സൂക്ഷ്മമായ കാഴ്ചയുള്ളവനുമാണ്.''*

## അഭിനിവേശമടക്കാൻ ഒരു 'പ്രകടവസ്തു'

എങ്കിലും മനുഷ്യ പ്രകൃതി എന്നും മനുഷ്യപ്രകൃതിതന്നെയാണ് ; അതുകൊണ്ട് അവൻ തൻെറ നഗ്നമായ നയനങ്ങൾ കൊണ്ട് നേരിട്ടു കാണാൻ പററുന്ന ഒന്നിനെ പണ്ടുമുതൽക്കെ തെരഞ്ഞുകൊണ്ടിരുന്നു ; ഇപ്പോഴും തെരഞ്ഞുകൊണ്ടിരിക്കുന്നു. ആ 'ഒന്നിൻെറ' അടുത്തുചെന്ന് ആഹ്ലാദപൂർവ്വം തൻെറ അഭിനിവേശം അടക്കാനും, ആഗ്രഹങ്ങൾ ഒതുക്കാനും, ആദരവുകൾ

---

* ليس كمثله شيئ و هو السميع البصير — الشورى ١١

www.abulhasanalinadwi.org

അർപ്പിക്കാനും, സ്നേഹവാൽസല്യങ്ങൾ പ്രകടിപ്പിക്കാനും കഴിയണം. ഇതായിരുന്നു അവൻെറ ഉദ്ദേശ്യം.

## അല്ലാഹുവിൻെറ ചിഹ്നങ്ങളുടെ യുക്തി

ഈ ഉദ്ദേശ്യത്തെ അല്ലാഹു പരിഗണിച്ചിട്ടുണ്ട്. തടടി സ്ഥാനത്തിൽ ഗോചരവും പ്രകടവുമായ ചില വസ്തുക്കളെ അല്ലാഹു തെരഞ്ഞെടുത്തു പ്രാധാന്യം നല്കി. അവയെ അവൻ തന്നിലേക്ക് ചേർത്തുപറഞ്ഞു. അവൻെറ അപാരമായ അനുഗ്രഹവും കരുണയും അതിൽ നിത്യവർഷിതമാക്കി. ആ വസ്തുക്കളെ കാണുമ്പോഴേക്കും അല്ലാഹുവിനെ സ്മരിക്കുന്ന വിധത്തിൽ ചില പ്രത്യേകമായ പരിഗണനകൾകൊണ്ടവയെ പൊതിഞ്ഞു. അല്ലാഹുവിൻെറ ശിക്ഷാനാളുകൾ, ഏകത്വം, മതം എന്നിവയ്ക്കുപുറമെ, പല സംഭവകഥകളും പ്രവാചക പ്രഭുക്കളുടെ തീക്ഷ്ണപരീക്ഷണങ്ങളുമെല്ലാം പ്രസ്തുത വസ്തുക്കളോട് അവൻ അഭേദ്യമായി ബന്ധപ്പെടുത്തി. അങ്ങനെ "അല്ലാഹുവിൻെറ ചിഹ്നങ്ങൾ" എന്ന് അതിനു് അവൻ നാമകരണം ചെയ്തു. അവയോടുള്ള വന്ദനം അല്ലാഹുവിനുള്ള വന്ദനമാക്കി. അവയോടുള്ള നിന്ദ അവൻെറ നേരെയുള്ള നിന്ദയുമാക്കി. തങ്ങളുടെ ഹൃദയാന്തരാളത്തിൽ പ്രകൃത്യാ ഒളിഞ്ഞുകിടക്കുന്ന സ്നേഹവായ്പുകളും സമ്പർക്കവികാരങ്ങളും, വാത്സല്യപ്രകടനങ്ങളും അതിനോട് വീട്ടികൊള്ളുവാൻ മനുഷ്യർക്ക് അവൻ അനുവാദം കൊടുത്തു. എന്നല്ല, അതിനു കല്പിക്കുകയും ക്ഷണിക്കുകയും ചെയ്തു. രക്ഷിതാവു പറഞ്ഞു : *

"അല്ലാഹുവിൻെറ (മത) ചിഹ്നങ്ങളെ ആരെങ്കിലും വന്ദിച്ചാൽ നിശ്ചയം അതു് ഹൃദയത്തിൻെറ ഭക്തിയിൽപ്പെട്ടതാകുന്നു."

മറെറാരു സ്ഥലത്തു് പറഞ്ഞു: **

"അതു് (എന്തിനെന്നാൽ) അല്ലാഹു ആദരിച്ചവയെ ആരെങ്കി

---

* ذلك ومن يعظم شعائر الله فانها من تقوى القلوب — الحج ٣٢

** ذلك و من يعظم حرمات الله فهو خير له عند ربه — الحج ٣٠

ലും വന്ദിച്ചാൽ അവൻെറ നാഥൻെറയടുക്കൽ അത് അവനു ന ല്ലതാണ്.''

# മനുഷ്യ പ്രകൃതിയിൽ സ്നേഹത്തിൻെറ മൂലകം

മനുഷ്യൻ കേവലം ബുദ്ധി മാത്രമല്ല, ഏതെങ്കിലും നിയമ ത്തിൻെറയോ ശക്തിയുടെയോ മുന്നിൽ അലക്ഷ്യമായി കറങ്ങി കൊണ്ടിരിക്കുന്ന അചേതന വസ്തുവുമല്ല. നിയതമൊ അല്ലാത്ത തോ ആയ ഒരു രേഖയിലൂടെ സ്വയം ചരിക്കുന്നതോ നിയന്ത്രി ക്കപ്പെടുന്നതോ ആയ യന്ത്രവുമല്ല. പിന്നെ എന്താണു മനുഷ്യൻ? ബുദ്ധി, ഹൃദയം, വിശ്വാസം, വികാരം, വിനയം, വണക്കം, സ്നേഹം, വാത്സല്യം, തുടങ്ങിയ എല്ലാ ഗുണങ്ങളുടെയും സമുച്ച യമാണ് അവൻ. അവൻെറ മഹത്വം, ബഹുമതി, ശക്തി, പ്ര താപം, ബൗദ്ധിക വ്യാപാരം, പ്രാമുഖ്യം, പരാർത്ഥത, അർപ്പ ണബോധം എന്നിവയിലെല്ലാം അടങ്ങിയിരിക്കുന്ന രഹസ്യ വും അതുതന്നെയാണ്. പ്രസ്തുത സമ്പത്തിലൂടെയാണ് അവനു് അതിദുഷ്കരമായ കാര്യങ്ങൾ കരസ്ഥമായതും, ബുദ്ധിയെ ഭ്രമി പ്പിക്കുന്ന അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതും, സർവ്വോ പരി ആകാശഭൂമികൾപോലും വഹിക്കാൻ വിസമ്മതിച്ച ''അ മാനത്തു'' വഹിക്കാൻ യോഗ്യനായിത്തീർന്നതും. അതിൻെറ സഹായം ഒന്നുകൊണ്ടുമാത്രമാണ് മലക്കിനോ, ഇതരജീവജാല ങ്ങൾക്കോ, സസ്യലതാദികൾക്കോ, ചേതനാചേതനവസ്തു ക്കൾക്കോ പ്രാപിക്കാൻ കഴിയാത്ത ഉന്നതമായ ഒരു സ്ഥാനം അവനു മാത്രം പ്രാപിക്കാൻ കഴിഞ്ഞതും.

മനുഷ്യനു് അവൻെറ നാഥനോടുള്ളബന്ധം കേവലം നിയ മകമോ ബൗദ്ധികമോഅല്ല; അതെല്ലാം കടമകൾ വീട്ടുന്നതില്ലു കല്പനക്കു് കീഴ്പ്പെടുന്നതിലും ടാക്സ്കൊടുക്കുന്നതിലും മാ ത്രം പരിചിതമാണല്ലോ. എന്നാൽ ഇതാകട്ടെ അതിലെല്ലാം ഉപരിയായി സ്നേഹത്തിൻെറയും വികാരത്തിൻെറയും അടി സ്ഥാനത്തിലുള്ളതാണ്. ഇതിൽ മനോവേദന, അസ്വസ്ഥത, അർപ്പണബോധം, സ്നേഹവായ്പ, പ്രേമപ്രഷ്ഷലത, ആസ്വാദ

www.abulhasanalinadwi.org

നം എന്നെല്ലാം പറയാൻ പററുന്ന മൂലകങ്ങാം അടങ്ങേണ്ടതുണ്ട്. ഒരു ദാസൻെറ ഏതു പ്രവർത്തനവും ഈ മൂലകങ്ങളിൽനിന്നു തീരെ മുക്തമാകാൻ പാടില്ല.

ദീൻ അതിനെ എല്ലാ നിലക്കം പ്രോത്സാഹിപ്പിക്കകയും ശക്തിപ്പെടുത്തുകയും വളർത്തിക്കൊണ്ടു വരികയും ചെയ്യുന്നു. അതിനു അല്ലാഹു വിവിധ ശൈലികാം സ്വീകരിച്ചു: *

''വിശ്വസിച്ചവരാകട്ടെ അല്ലാഹുവിനെ അതിയായി സ്നേഹിക്കന്നവരാകുന്നു''.

മററൊരിടത്തു് ഖുർആൻ പറഞ്ഞു : **

''പറയുക നിങ്ങളുടെ മാതാപിതാക്കാം, പുത്രന്മാർ, സഹോദരങ്ങാം ഇണകാം, കുട്ടുകടുംബങ്ങാം എന്നിവരും, നിങ്ങാം സമ്പാദിച്ച മുതലുകാം, നഷ്ടം സംഭവിക്കമെന്നു് നിങ്ങാം ഭയപ്പെടുന്ന കച്ചവടച്ചരക്കുകാം, നിങ്ങളുടെ പ്രിയങ്കരമായ ഭവനങ്ങാം എന്നിവയെ അല്ലാഹുവിനെക്കാളും അവൻെറ പ്രവാചകനെക്കാളും അവൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനേക്കാളും നിങ്ങാം അധികം ഇഷ്ടപ്പെടുകയാണെങ്കിൽ, അല്ലാഹു അവൻെറ കൽപന അയക്കുന്നതു് കാത്തിരുന്നുകൊള്ളുക. താന്തോന്നികളായ ആളുകളെ അല്ലാഹു നേർ മാർഗ്ഗത്തിലാക്കുന്നതല്ല.''

അല്ലാഹു അവൻെറ ഉത്തമദാസരായ ദൂതന്മാരെയും പ്രവാചകന്മാരെയും സ്മരിക്കമ്പോാം അവർക്ക് അവനോടുണ്ടായിരുന്നസ്നേഹത്തേയും അകളങ്കതയെയും എടുത്തു പറയുന്നതുകാണാം. ആ മാർഗ്ഗത്തിൽ അവർ വരിച്ച ത്യാഗവും ആത്മാർത്ഥതയും അല്ലാഹു നമുക്ക് വിവരിച്ച തരുന്നു. അവർക്കെല്ലാമുണ്ടായിരുന്ന അതുല്യമായ സ്നേഹപ്രകടനത്തെയും അദമ്യമായ അനുരാഗത്തെയും പ്രത്യേകമായ ശ്രദ്ധ പിടിച്ചു പററുന്ന രൂപത്തി

*وَالذين امنوا اشد حبا لله — البقرة ١٦٥

**قل ان كان ابائكم و ابنائكم و اخوانكم و ازواجكم و عشيرتكم و أموال اقترفتموها و تجارة تخشون كسادها و مساكن ترضونها احب اليكم من الله و رسوله و جهاد فى سبيله فتربصوا حتى يأتى الله بأمره والله لا يهدى القوم الفاسقين: — التوبة ٢٤

www.abulhasanalinadwi.org

ലാണ്‍ അല്ലാഹു നമ്മളോടുണർത്തുന്നത്‍. പ്രവാചകനായ സക്കരിയ്യാ നബി(അ)നെ കുറിച്ചുള്ള പരാമർശം നോക്കുക.*

''കുട്ടിയായിരിക്കെതന്നെ അദ്ദേഹത്തിനു നാം വിധിക്കാനുള്ള അധികാരം നൽകി. നമ്മുടെ പക്കൽനിന്നുള്ള സ്നേഹവും പരിശുദ്ധിയും പ്രദാനം ചെയ്തു. അദ്ദേഹം ഭക്തനുമായിരുന്നു.''

അല്ലാഹുവിനോടുള്ള അവർണ്ണനീയമായ 'അനുരാഗത്തി'ന്റെ പൂർണ്ണചിത്രമാണ്‍ ഖലീലുല്ലാഹീ ഇബ്രാഹീം (അ)ന്റെ ജീവിതകഥ. അതിൽ അവൻ പ്രത്യേകമായി എടുത്തുപറഞ്ഞത്‍, അദ്ദേഹം തന്റെ കരളിന്റെ കഷണമായ ഓമനപുത്രന്റെ കണ്ഠനാളത്തിൽ കത്തി വെച്ചു എന്നതാണ്‍. അല്ലാഹുവിനോടുള്ള അതിരററ 'അനുരാഗത്തി'ന്റെ ശക്തി ഒന്നുമാത്രമാണ് നതിദ്ദേഹത്തെ പ്രേരിപ്പിച്ചത്‍. തന്റെ സ്നേഹത്തിന്റെ നിഷ്‍കളങ്കതയും നിസ്വാർത്ഥതയും അല്ലാഹു സമ്മതിക്കുന്നതുവരെ പ്രിയപുത്രന്റെ കണ്ഠനാളത്തിൽനിന്ന്‍ കത്തി അദ്ദേഹം ഉയർത്തിയില്ല : **

''ഇബ്രാഹീം, നീ സ്വപ്നം സാക്ഷാത്‍കരിച്ചിരിക്കുന്നു. നിശ്ചയം നാം നിഷ്‍കളങ്കന്മാർക്ക്‍ ഇവ്വിധം പ്രതിഫലം കൊടുക്കുന്നതാണ്‍. നിശ്ചയം ഇതുതന്നെയാണ്‍ വ്യക്തമായ പരീക്ഷണം.''

അങ്ങനെ അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അതുല്ല്യസ്ഥാനം അദ്ദേഹം പിടിച്ചുപററി. അതോടെ ത്യാഗിവര്യരുടെ നേതാവായ ഇബ്‍റാഹീം(അ)നെ പുകഴ്‍ത്തിക്കൊണ്ടല്ലാഹു പറഞ്ഞു *

''തീർച്ചയായും ഇബ്രാഹീം ശാന്തശീലനും കൃപാലുവും (അല്ലാഹുവിലേക്ക്‍സദാ തിരിയുന്നവനും ആയിരുന്നു.''

---

* وآتيناه الحكم صبيا و حنانا من لدنا و زكوة وكان تقيا: مريم ١٣،١٢

** يا ابراهيم قد صدقت الرؤيا انا كذلك نجزى المحسنين ان هذا لهو البلاء المبين الصافات ١٠٦-١٠٣

* ان ابراهيم لحليم اواه منيب هود ٧٥

www.abulhasanalinadwi.org

## 'ഗുണനാമങ്ങൾ' സ്നേഹത്തിൻെറ ജനയിതാവ്.

വിശുദ്ധ ഖുർആനിൽ അല്ലാഹുവിൻെറ ഗുണവിശേഷണങ്ങളുടെയും, പ്രവർത്തനങ്ങളുടെയും, അനുഗ്രഹങ്ങളുടെയുമെല്ലാം വിവരണത്തിൻെറ ആധിക്യവും ആവർത്തനവും നാം ധാരാളമായി കാണുന്നു. എന്താണതിൻെറ രഹസ്യം? അതെ, ആ ഗുണവിശേഷണങ്ങളാണ് സ്നേഹത്തിൻെറയും അഭിനിവേശത്തിൻെറയും ഉറവിടം. അതുകൊണ്ടുതന്നെയാണ് ഖുർആൻ അവയെ വിശദമായി പഠിപ്പിച്ചതന്നതും. 'വചനശാസ്ത്ര' പണ്ഡിതരും, ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയെപോലെയുള്ളപ്രാമാണികന്മാരും അതിന് ''ചുരുക്കനിഷേധവും വിശദസ്ഥിരീകരണവും'' എന്ന പ്രയോഗംതന്നെ നല്കി. (അല്ലാഹുവിൻെറ അനന്യനമായ ഗുണനാമങ്ങളുടെ വിവരണവും അതിനുവേണ്ടി നിരത്തുന്ന തെളിവുകളുമാകുന്നു സ്ഥിരീകരണംകൊണ്ടുദ്ദേശിക്കുന്നത്.*) ഈ സ്ഥിരീകരണം മുഖേനയാണു മനുഷ്യൻെറ അനുരാഗം. വാത്സല്യം, അഭിനിവേശം തുടങ്ങിയ വികാരങ്ങൾക്ക് ഭക്ഷണം ലഭിക്കുന്നതു്. നിഷേധം ബുദ്ധിയെ നയിക്കുന്നുവെങ്കിൽ സ്ഥിരീകരണം ഹൃദയത്തെ നയിക്കുന്നു. ഖുർആനിലും ഹദീസിലും ധാരാളമായി വന്ന, അല്ലാഹുവിൻെറ ഉന്നതവും ഉദാത്തവുമായ ഈ ഗുണനാമങ്ങളില്ലായിരുന്നെങ്കിൽ, അല്ലാഹുവിനെ ആരാധിക്കുന്ന സ്നേഹിക്കുന്ന സ്തുതികീർത്തനം ചെയ്യുന്ന ജ്ഞാനികളായ സജ്ജനങ്ങൾ അവയെ സദാ ഉരുവിടുകയും ചെയ്യില്ലായിരുന്നെങ്കിൽ, ഈ മതം സങ്കോച വികാസങ്ങളില്ലാത്ത ഒരു ഉണങ്ങിയ മരക്കഷ്ണമാകുമായിരുന്നു. മാത്രമല്ല, ഇസ്ലാം അനുയായികളുടെ ഹൃദയം കവർന്നെടുക്കുകയില്ലായിരുന്നു. അവരിൽ വികാര വായ്പിലധിഷ്ഠിതമായ വീരശൂരപരാക്രമവും സൃഷ്ടിക്കയില്ലായില്ലായിരുന്നു. ഹൃദയത്തിൽ ലോലതയും, നമസ്കാരത്തിൽ ഭക്തിപാരവശ്യവും, നയനങ്ങളിൽ ബാഷ്പകണങ്ങളും, പ്രാർത്ഥനയിൽ കേണപേക്ഷ

---

* ദൈവം അങ്ങനെയല്ല, ഇങ്ങനെയല്ല എന്നെല്ലാം പറയുമ്പോൾ ليس كمثله شيء എന്ന് മാത്രം പറഞ്ഞു ചുരുക്കുന്നു. എന്നാൽ ദൈവം ഇങ്ങനെയാണ്, ദൈവം അങ്ങനെയാണ് എന്നെല്ലാം പറഞ്ഞ് സ്ഥിരീകരിക്കുമ്പോൾ വിശദമായും ആവർത്തിച്ചും പറയും. ഉദാഹരണത്തിന് സൂറഃ ഹശ്റിലെ അവസാന 'റുകൂഅ്' നോക്കുക.

www.abulhasanalinadwi.org

യും, ധർമ്മസമരത്തിൽ അർപ്പണബുദ്ധിയും നാം കാണുമായിരുന്നില്ല. ദൈവത്തിന്റെയും അവന്റെ ദാസന്റെയും ഇടയിലുള്ള ബന്ധം കേവലം പരിമിതവും നിർജീവവുമായിത്തീരുമായിരുന്നു. ജീവിതം മുഴുവനും ഉണങ്ങിവരണ്ട, ജീവജാലങ്ങളില്ലാത്ത, ജലകണികകളില്ലാത്ത ഒരു ഊഷരഭൂമി. ഒരു രംഗത്തും വികാര–സ്നേഹ–വാത്സല്യാദികളുടെ നീരുറവ കണ്ടെത്താൻ കഴിയുമായിരുന്നില്ല. ഇങ്ങനെ വന്നാൽ ജനിമൃതികൾ തമ്മിലും, മനുഷ്യനും അചേതനവസ്തുക്കൾ തമ്മിലും എന്തു വ്യത്യാസം?!!

## കവിഞ്ഞൊഴുകാത്ത ചഷകമെന്തിന് ?

മുസ്‌ലിമിന്നു് അവന്റെ ഹൃദയാസക്തിയേയും ആത്മദാഹത്തെയും ശമിപ്പിക്കാൻ ഹൃദയസാഗരവും നയനതടാകങ്ങളും കവിഞ്ഞുവരേണ്ടിവന്നു. നിറഞ്ഞു നിൽക്കുന്നു, പക്ഷേ, കവിഞ്ഞു വീഴുന്നില്ല, അത്തരത്തിലുള്ള ഒരു ചഷകത്തിനെന്തുവില? മുസൽമാനെ സംബന്ധിച്ചേടത്തോളം ഇതും ആവശ്യമായിരുന്നു: ഈ ചഷകം കവിഞ്ഞുവീണ് കത്തിഒഴുകി അങ്ങ് ദൂരെ അഗ്നിയിൽ വെന്തുരുകി നിൽക്കുന്ന ഹൃദയത്തെ കുടിപ്പിക്കുകയും തണുപ്പിക്കുകയും ചെയ്യണം. നിറഞ്ഞു കവിഞ്ഞുവീഴും, പക്ഷേ, കവിഞ്ഞു വീണാൽ അതു് കത്തി ഒലിക്കില്ല, എന്നു വന്നാൽ ആ ചഷകം ചഷകമാണോ ?!!

## ഹജ്ജ് ; ബഹിർഗ്ഗമിക്കുന്ന സ്നേഹത്തിന്റെ ശമനം

ഇമാം ഗസ്സാലി ഹജ്ജിൽ അന്തർലീനമായ ബിന്ദു ശരിക്കു ഗ്രഹിച്ചിരുന്നു. ആശയും അനുരാഗവും ശുദ്ധപ്രകൃതിയുള്ള മനുഷ്യനിൽ ഉണ്ടായേ തീരൂ. അവൻ അതിന്റെ ശമനത്തിനു് വേണ്ടി സദാചിന്താമൂകനും അന്വേഷണ കുതുകിയുമായിരിക്കും. അല്ലാഹുവിന്റെ ആദരണീയമായ ഗേഹവും അവിടെയുള്ള അനേകം ചിഹ്നങ്ങളും ഹജ്ജ് കർമ്മം നിർവഹിക്കപ്പെടുന്ന മററു പുണ്യസ്ഥലങ്ങളുമെല്ലാം ആ 'പ്രേമ'ശമനത്തിനുള്ള കേന്ദ്രങ്ങളാ

www.abulhasanalinadwi.org

ണ്. അവിടെനിന്നും അവന്ന് സമ്പൂർണ്ണമായ് സാന്ത്വനവും സമാധാനവും ലഭ്യമാകുന്നു. അല്ലാഹു പറയുന്നു *

'ഇബ്റാഹീമിനെ കഅ്ബയുടെ സ്ഥാനത്തു നാം കുടിയിരുത്തിയ സന്ദർഭം (സ്മരിക്കുക). യാതൊന്നും എന്നിൽ പങ്ക് ചേർക്കരുതെന്നും, കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നവർക്കും ഖിയാം, റുകൂഹ് സുജൂദ് എന്നിവ നടത്തി നമസ്കരിക്കുന്നവർക്കും എന്റെ ഭവനത്തെ വൃത്തിയാക്കണമെന്നും (അദ്ദേഹത്തോട് നാം കല്പിച്ചു). ഹജ്ജിനു് വരാൻ ജനങ്ങളോട് നീ വിളിച്ചു പറയുക. അവർക്ക് ഉപകാരപ്രദമായ പലതിലും സന്നിഹിതരാകാനും, അറിയപ്പെട്ട ഏതാനും ദിവസങ്ങളിൽ അല്ലാഹു അവക്കു നൽകിയ കന്നുകാലികളിൽ അവന്റെ നാമം ഉച്ചരിക്കുവാനുംവേണ്ടി കാൽനടയായും വിദൂരദേശങ്ങളിൽനിന്നു് വരുന്നമെലിഞ്ഞ ഒട്ടകത്തിനു് പുറത്തുകയറിയും അവർ നിന്റെയടുക്കൽവരും. അപ്പോൾ ആ ബലിമൃഗങ്ങളിൽനിന്നു് നിങ്ങൾ തിന്നുകയും ദരിദ്രനായ സാധുവിനെ തീററുകയും ചെയ്യുക. പിന്നെ അവർ അവരുടെ അഴുക്ക് മാററുകയും, നേർച്ചകൾ വീട്ടുകയും, പുരാതന ഗേഹത്തെ പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ.''

ഇമാംഗസ്സാലി എഴുതുന്നു :

''അല്ലാഹുവിനെ കാണാൻ മനുഷ്യന്നു് അതിയായ ആശയും ആഗ്രഹവുമുണ്ട്. അതിനുള്ള മാർഗ്ഗത്തെക്കുറിച്ചു് അവൻ ചിന്തിക്കുക സ്വാഭാവികമാണ്. ഓരോ 'കമിതാവും' തന്റെ പ്രേമഭാജനത്തോട് ബന്ധപ്പെട്ട വസ്തുവിനേയും സ്നേഹിക്കുന്നു. കഅ്ബ യാകട്ടെ അല്ലാഹുവിലേക്ക് ചേക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ ഏതൊരു മുസ്ലിമിനും അതിനോട് സ്നേഹവും ബഹുമാനവുമുണ്ടാവുക സ്വാഭാവികം മാത്രമാണ്. കൂടാതെ അതിനെ സ്നേഹിക്കൽ മുഖേന വാഗ്ദാനം ചെയ്യപ്പെട്ട സുന്ദര സുമോഹനമായ പ്രതിഫലങ്ങൾ വേറെയുമുണ്ട്.''
(ഇഹ്യാഉഉലൂമിദ്ദീൻ, വാ 1, പേ : 24)

---

واذ بوأنا لابراهيم مكان البيت ان لا تشرك بي شيئا وطهر بيتي للطائفين والقائمين والركع السجود، واذن في الناس بالحج يأتوك رجالا وعلى كل ضامر يأتين من كل فج عميق ليشهدوا منافع لهم ويذكروا اسم الله في ايام معلومات على ما رزقهم من بهيمة الانعام فكلوا منها واطعموا البائس الفقير ثم ليقضوا تفثهم وليوفوا نذورهم وليطوفوا بالبيت العتيق — الحج : ٢٦-٢٩

www.abulhasanalinadwi.org

ഹജ്ജിന്റെ അടിസ്ഥാനപരമായ യുക്തി വിശദീകരിച്ചുകൊണ്ട് പണ്ഡിതവര്യനായ ശാഹ്വലിയുല്ലാഹിദ്ദഹ്‌ലവിയും ഇതംഗീകരിക്കുന്നു. അദ്ദേഹം പറയുന്നു: ''ചില സന്ദർഭങ്ങളിൽ മനുഷ്യന് തന്റെ നാഥനോട് അതിരററ ആസക്തിയും അദമ്യമായ സ്നേഹവും ഉടലെടുക്കും. തന്റെ ആശയും ആഗ്രഹവും പൂർത്തീകരിക്കാൻ എന്തു മാർഗ്ഗമെന്നവൻ ചിന്തിക്കും. ചുററുപാടും ഒന്നു കണ്ണോടിച്ചു നോക്കും. അവസാനം ഹജ്ജ് അതിനു പററിയ ഒരവലംബമായി കാണും.'' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ: 1, പേ : 59)

അവനെസംബന്ധിച്ചേടത്തോളം ഈ സ്നേഹവും ആശയുമെല്ലാം ദിവസത്തിൽ പല പ്രാവശ്യം നിർവഹിക്കപ്പെടുന്ന നമസ്കാരത്തിൽ പ്രകടിപ്പിക്കുകയും ഒതുക്കുകയും ചെയ്യാം. അങ്ങനെ തന്റെ ഹൃദയത്തിനു ശാന്തിയും, ദാഹത്തിനു ശമനവും, ആഗ്രഹത്തിനു സാഫല്യവും കണ്ടെത്താം. ഭക്തിപാരവശ്യത്താൽ കവിഞ്ഞൊഴുകുന്ന ഈ കണ്ണുനീർകണങ്ങൾ ഒരു പരിധിവരെ ആ സ്നേഹത്തിനു ശാന്തി നൽകുന്നുമുണ്ട്. എങ്കിലും ചില വേളകളിൽ ഹൃദയത്തിൽ തിളച്ചു പൊന്തുന്ന ശക്തമായ 'അനുരാഗഭ്രമ'ത്തെ ശമിപ്പിക്കാൻ അതിനു കഴിയാതെ പോകുന്നു.

## കടുസ്സായ കൂട്ടിൽനിന്നു വിശാല വിഹായസ്സിലേക്ക്

അന്നപാനീയങ്ങളിൽനിന്നു ആമാശയം ഒഴിവായതു നിമിത്തവും, പഥ്യവും സൂക്ഷ്മതയും സ്വീകരിക്കൽ കാരണവുമായി റമസാൻമുഖേനയും അവന്റെ ആത്മാവിനു ഭക്ഷണവും ഹൃദയത്തിനു പരിശുദ്ധിയും ലഭിക്കുന്നുണ്ട്. അങ്ങനെ അന്നു അവൻ തന്റെ ദേഹിയുടെ ദാഹത്തിനു ശമനവും ഹൃദയ വ്യഥയ്ക്കു ആശ്വാസവും, ശരീരേച്ഛകൾക്കു കടിഞ്ഞാണും, ശീലങ്ങൾക്കു നിയന്ത്രണവും കരസ്ഥമാക്കിയിരുന്നു. പക്ഷേ, അതും എത്താനും എണ്ണപ്പെട്ട മണിക്കൂറുകൾ മാത്രമാണല്ലോ. ആ മണിക്കൂറുകളിൽ തന്നെ വ്രതത്തിന്റെ ശക്തിയേയും സ്വാധീനതയേയും ലഘൂകരിച്ച് ദുർബ്ബലമാക്കുന്ന സുഖഭോഗങ്ങളും, വിഭവസമൃദ്ധമായ ആഹാരനിഹാരാദികളും, അക്രമാസക്തിയിൽ ആപാ

www.abulhasanalinadwi.org

ദേപൂഢം ഇഴകിച്ചേർന്ന അധർമ്മകാരികളും അവനെ വലയം ചെയ്തിരിക്കയായിരുന്നു; ഒരു ചെറിയ ഉപദ്വീപിനെ ആർത്തിരമ്പുന്ന തിരമാലകളുള്ള പാരാവാരം വലയം ചെയ്യുന്നതുപോലെ.

ഇതിൻെറയെല്ലാമടിസ്ഥാനത്തിൽ മുസൽമാനു് ഒരു കുതിച്ചുചാട്ടം ആവശ്യമായിവന്നു. പുരാതനവും, ജീർണ്ണിച്ചതും, കൃത്രിമവും, കാലപഴക്കത്താൽ ഇടിഞ്ഞുപൊളിഞ്ഞതും, കിളിക്കൂടിനേക്കാൾ കുടുസ്സായതും, കാരാഗൃഹത്തേക്കാൾ കാഠിന്യമേറിയതുമായ ഒരു ലോകത്തിൽനിന്നുള്ള കുതിച്ചുചാട്ടം. എങ്ങോട്ട്? പുതുമയുടെ പുഷ്കലതയുൾക്കൊണ്ട, സ്വാതന്ത്ര്യവും സ്വച്ഛസുന്ദരവുമായ, സ്നേഹവും സമത്വവുമുള്ള, ആഗ്രഹാഭിലാഷങ്ങൾക്ക് പരിഹാരം നൽകുന്ന, വർണ്ണ—വർഗ്ഗ—വേഷ—ദേശാദികൾക്ക് വില കല്പിക്കാത്ത, അനന്തവിശാലവും സർവ്വതന്ത്ര സ്വാതന്ത്ര്യവുമായ, നിഖില കുലദൈവങ്ങളെയും കുട്ടിദൈവങ്ങളെയും വലിച്ചെറിഞ്ഞ, വികാരതാരള്യവും പ്രേമസാഫല്യവും കളിയാടുന്ന മറെറാരു ലോകത്തേക്ക്. ഒരു ദൈവം ഒരു ജാതി ഒരു മതം ഒരു ലക്ഷ്യം ഒരു വിശ്വാസം മാത്രമായിരിക്കണം അവിടെ. ഭൂഖണ്ഡങ്ങൾ താണ്ടി എത്തിയ ലക്ഷോപലക്ഷം സഹോദരങ്ങളുടെ കണ്ഠനാളങ്ങളിൽനിന്നു് ഉയരുന്ന ഒരേയൊരു ശബ്ദം; ഒരേയൊരു മുദ്രാവാക്യം. അതു് താനും വിളിക്കട്ടെ:* ''അല്ലാഹുവെ, ഞാനിതാ വന്നിരിക്കുന്നു; ഞാനിതാ വന്നിരിക്കുന്നു; നിനക്കു് യാതൊരു പങ്കുകാരുമില്ല. ഞാനിതാ വന്നിരിക്കുന്നു നാഥാ! സകല സ്തുതികളും അനുഗ്രഹങ്ങളും നിൻേറതുമാത്രമാണു്. എല്ലാ അധികാരവും ആധിപത്യവും നിനക്കാണു്. നിനക്കു് പങ്കുകാരില്ല.

അപ്പോൾ ഒരു മുസൽമാൻ—അവൻെറ ജീവിതത്തിലെ ദിനേനയുള്ള അഞ്ചു സമയ നമസ്കാരങ്ങൾ, വർഷത്തിലൊരിക്കലുള്ള റമസാൻ വ്രതം, കണക്കും കാലവും പൂർത്തിയായാൽ നിർവ്വഹിക്കേണ്ട നിർബ്ബന്ധദാനം എന്നിവയ്ക്കുശേഷം—ഒരു സമ്മേളനത്തിനു് സാക്ഷ്യം വഹിക്കാൻ നിർബന്ധിതനായിത്തീരുന്നു. സ്നേഹസാഫല്യത്തിൻെറ കൊയ്ത്തുകാലം. ദൈവാനുരാഗമു

---

* لبيك اللهم لبيك لبيك لا شريك لك لبيك ان الحمد والنعمة لك و الملك لاشريك لك

www.abulhasanalinadwi.org

ള്ള ഭക്തജനങ്ങളുടെ സംഗമസമയം, നിസ്വാർത്ഥ വിശ്വാസികളുടെ വസന്തകാലം എന്നെല്ലാം നമുക്ക് ആ ഉത്സവവേളയെ വിശേഷിപ്പിക്കാം.

## ബൗദ്ധിക - ഭൗതിക വാദികൾക്കെതിരെ ഒരു വിപ്ളവ കാഹളം

ചില സന്ദർഭങ്ങളിൽ ഒരു മുസൽമാനു തന്റെ ശാന്തഗംഭീരവും, ഗർവ്വു നിറഞ്ഞതും, ശക്തവുമായ ബുദ്ധിക്കെതിരെ വിപ്ലവം നടത്തൽ ആവശ്യമാണ്. അതൊരു തെററോ കുററമോ അല്ല. വിപ്ലവവും സമരവുമില്ലാത്ത ജീവിതം രസം പകരുന്നതോ പരിവർത്തനോന്മുഖമോ അല്ലെന്ന് ആർക്കുമറിയാം. അതിനാൽ അവൻ തലമുറകളായി ശീലിച്ച ആചാരങ്ങൾ, സമ്പ്രദായങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, നിർമ്മിത നിയമങ്ങൾ, വ്യാജസംസ്കാരങ്ങൾ, കപട പ്രവർത്തനങ്ങൾ, ഔദ്യോഗികമായ കാഴ്ചപ്പാടുകൾ, സ്വാർത്ഥികളായ സമുദായങ്ങൾ, അടിച്ചേൽപ്പിച്ച നിയമാവലികൾ എന്നിവക്കെല്ലാമെതിരിൽ വിപ്ലവത്തിനൊരുങ്ങണം. നിഖില ബന്ധനങ്ങളും ചങ്ങലകളും ഭേദിച്ചു പുറത്തു വരണം. ദീർഘകാലം ഏകാധിപതിയായി വാണരുളിയ ബുദ്ധിയെ പരാജയപ്പെടുത്തുക, അനന്തരം നിയന്ത്രണത്തിന്റെ കടിഞ്ഞാൺ ബുദ്ധിയിൽനിന്ന് ഏററുവാങ്ങി ഹൃദയത്തിനും വികാരത്തിനും വിട്ടുകൊടുക്കുക. അങ്ങനെ അവ രണ്ടും ഉദ്ദേശിച്ച രൂപത്തിൽ വേണ്ടത്ര ഭരിക്കട്ടെ. ആ ഭരണത്തിന്റെ തണലിൽ അവൻ അലക്ഷ്യവാദികളെപ്പോലെ വിഹരിക്കട്ടെ. പ്രേമജ്വരം പിടിപെട്ട കാമുകരെപ്പോലെ അവനും ജീവിച്ചുകൊള്ളട്ടെ. ഇന്ന് വരെ അവനെ അവന്റെ സമുദായവും, സമ്പ്രദായവും, സംസ്കാരവുമെല്ലാം അടിമയാക്കിയിരുന്നു. എന്നാൽ ശരീരേച്ഛകളും ആചാരാനുഷ്ഠാനങ്ങളും ആധിപത്യം ചെലുത്തുകയും ബന്ധനത്തിലാക്കി വെക്കുകയും ചെയ്ത ഒരുവനിൽ എങ്ങനെ "തൗഹീദ്" പ്രകടമാകും? എന്നും ബുദ്ധിയെമാത്രം അവലംബിക്കുന്നവൻ എങ്ങനെ അനുസരണശാലിയായി പരിഗണിക്കപ്പെടും? എന്തു കാര്യത്തിന്റേയും നേട്ടങ്ങൾ കണ്ടറിഞ്ഞ് സൂക്ഷ്മബുദ്ധികൊണ്ട് തുലനം ചെയ്തശേഷം തള്ളുകയോ കൊള്ളുകയോ ചെയ്യുന്നവൻ മുസ്ലിമാകുന്നതെങ്ങനെ? നോക്കൂ! ഇവിടെയിതാ

www.abulhasanalinadwi.org

ഹജ്ജ്, അതു് അതിന്റേതായ പ്രത്യേക നിയമങ്ങളും നിബന്ധനകളും പൂർത്തീകരിക്കൽകൊണ്ടുമാത്രം ഒരു ഹജ്ജായി തീരുന്നു. അതിന്റെ രൂപവും ആകൃതിയും ബുദ്ധിക്കും യുക്തിക്കും ഭൗതികവീക്ഷണത്തിനും തികച്ചും വിരുദ്ധമാണു്. ആചരിച്ച് ശീലിച്ച ആരാധനാസമ്പ്രദായങ്ങൾക്ക് എതിരാണു്. അതു് എല്ലാവിധ ചിട്ടകൾക്കും ക്രമങ്ങൾക്കും പുറത്തു പോയിരിക്കുന്നു. ഈ ഹജ്ജുകൊണ്ടുള്ള ഉദ്ദേശ്യം ഒന്നുമാത്രം: മനുഷ്യൻ കുറച്ചുസമയം അവനെ അടക്കിഭരിക്കുന്ന ബുദ്ധിയെ മാററിനിർത്തുക. എന്നിട്ടു് അദൃശ്യമായ ചില കാര്യങ്ങളിൽ അന്ധമായി വിശ്വസിക്കുക, നിയമത്തെ കേവലം നിയമമെന്ന നിബന്ധനയോടെ നിരുപാധികം അനുസരിക്കാനുള്ള വാസന സൃഷ്ടിക്കുക. എന്തു കാര്യത്തിലും യുക്തിയും, രഹസ്യവും, തത്വവും, തർക്കവും തേടുകയും തെളിവു് ആവശ്യപ്പെടുകയും ചെയ്യുന്ന ബുദ്ധിയെ തല്ക്കാലം സ്വീകരിക്കാതിരിക്കുക.

അതാണു് ഹജ്ജിന്റെ അന്തസ്സത്തയും യാഥാർത്ഥ്യവും. അദൃശ്യവിശ്വാസവും നിരുപാധികമായ അനുസരണവും വിശദീകരിച്ച ഇമാം ഗസ്സാലി അതിന്റെ അന്തരാത്മാവിലേക്കിറങ്ങിച്ചെന്നു. ഇസ്ലാമിന്റെ അതിമഹത്തായ ഈ അഞ്ചാമത്തെ സ്തംഭം ഉൾക്കൊള്ളുന്ന യുക്തിയും രഹസ്യവും പുറത്തുകൊണ്ടുവന്നു. ആധുനികരോ, പൗരാണികരോ ആയ അധികപണ്ഡിതർക്കും അതിനു് കഴിഞ്ഞിട്ടില്ല. അദ്ദേഹം പറയുന്നു :

''ആദരണീയമായ ആ ഗേഹത്തിന്റെ അവസ്ഥ ഒരു രാജാധിരാജന്റെ ആസ്ഥാനമണ്ഡപംപോലെയോ രാജകൊട്ടാരംപോലെയോ ആണു്. വിദൂരദേശങ്ങളിൽനിന്നു് ബുദ്ധിമുട്ടുകൾ തരണം ചെയ്തു് വ്യത്യസ്ത കാര്യസാദ്ധ്യതകൾക്കായി ആളുകൾ അവിടെ എത്തിച്ചേരുന്നു. അവർ വികാര വിജ്ഞംഭിതരും വിരഹവേദനയുള്ളവരുമാണു്. അങ്ങനെ ആ ദർബാർ നായകന്റെ മുന്നിൽ നമ്രശിരസ്കരായി താഴ്മയോടെ കടന്നു ചെല്ലുന്നു. പ്രസ്തുതഗേഹത്തിന്റെ സംരക്ഷണത്തിനും നിലനിൽപ്പിനും അവർ തങ്ങളുടെ ജീവിതം ബലിയർപ്പിച്ചിരിക്കുന്നുവെന്നു് ഏററു പറയുന്നു. അതിന്റെ അന്തസ്സും പരിശുദ്ധിയും ലോകത്തു മറെറാരു വീടും നാടും ഉൾക്കൊണ്ടിട്ടില്ലെന്നു് സർവ്വാത്മനാ സമ്മതിക്കുന്നു. ഇതുകൊണ്ടു് അല്ലാഹുവിനോടുള്ള അവരുടെ അനുസരണവും അടിമത്വവും ആത്യന്തികമായിത്തീരുന്നു. വിനയവും വണക്കവും വിവരണാതീതമായിഭവിക്കുന്നു.

www.abulhasanalinadwi.org

ഇതേ ലക്ഷ്യം മുൻനിർത്തിയാണ് അവിടെ ചില കർമ്മങ്ങൾ ചെയ്യാൻ ശാസിക്കപ്പെട്ടത്. പ്രസ്തുത കർമ്മങ്ങളാവട്ടെ ഒരിക്കലും മനസ്സിന് ഇണങ്ങിയതോ ബുദ്ധിക്ക് യോജിച്ചതോ അല്ല. ജംറ! എറിയുക, സഫാ – മർവായുടെ ഇടയിൽ വേഗത്തിലോടുക തുടങ്ങിയ കാര്യങ്ങൾ അതിനുദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള കർമ്മങ്ങൾ തീർച്ചയായും പൂർണ്ണമായ അടിമത്വത്തെയും വിധേയത്വത്തേയുംവിളിച്ചറിയിക്കുന്നു. നമസ്കാരത്തിന്റെയും സക്കാത്തിന്റെയും എന്തിനെന്നു ചോദിച്ചാൽ അത് എന്തെന്നും എന്തിനെന്നും നമുക്കറിയാം. അതു ബുദ്ധിക്കു വിധേയമാണ്. അതു കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാനും ദുർബല വിഭാഗത്തെ സഹായിക്കാനുമാണെന്ന് മനസ്സിലാക്കാം. വ്രതമാകട്ടെ അതു മനുഷ്യന്റെ ദുർമേദസ്സുകളെയും ദുർവിചാരങ്ങളെയും നിയന്ത്രിക്കും. ഭൗതിക ബന്ധനങ്ങളിൽനിന്നു മുക്തമായി ആരാധനയിൽ മുഴുകാൻ പ്രേരിപ്പിക്കുകയും ചെയ്യും. നമസ്കാരത്തിന്റേയും കാര്യമെല്ലാം യുക്തി നമുക്ക് കണ്ടെത്താൻ കഴിയുന്നു. അതിലുള്ള ശിരസ്സ് നമിക്കലും സാഷ്ടാംഗവുമെല്ലാം പ്രതാപശാലിയായ അല്ലാഹുവിനോടുള്ള പൂർണ്ണ വിനയത്തിന്റെ ലക്ഷണമായി മനസ്സിലാക്കാം. അഹന്തയും അഹങ്കാരവും അവന്റെ മുമ്പിൽ പാടില്ലെന്നു അതു പഠിപ്പിക്കുന്നു. എന്നാൽ ഹജ്ജിൽ നിർവഹിക്കുന്ന ഏറും, ഓട്ടവും അതുപോലുള്ള മററു പലതും എന്തിനുവേണ്ടി ? ബുദ്ധികൊണ്ടു വിശകലനം ചെയ്താൽ അർത്ഥമില്ല; മനസ്സിനും പ്രകൃതിക്കും ഇണങ്ങിയതുമല്ല. അനുസരിക്കാതിരിക്കാൻ നിർവാഹമില്ലാത്ത ചില കല്പനകൾ; എന്തിന് ? എന്ത്കൊണ്ട് ? എന്ന ചോദ്യത്തിനു പ്രസക്തിയില്ലാത്ത രൂപത്തിൽ ശിരസാവഹിക്കൽ നിർബന്ധമായ ചില നിയമങ്ങൾ! ഇത്രമാത്രം! ഇതല്ലാതെ അവിടെ മററൊരു പ്രേരകവുമില്ല. തൽക്കാലം ബുദ്ധിമാറിനിൽക്കട്ടെ. മനസ്സും മനുഷ്യപ്രകൃതിയും കുറച്ചു സമയത്തേക്ക് വിട്ടുനിൽക്കുകയും ചെയ്യട്ടെ. കാരണം ഒരു കാര്യം മനസ്സിനിണങ്ങിയതും പ്രകൃതിക്ക് യോജിച്ചതുമാണെങ്കിൽ ആ യോജിപ്പുതന്നെ അതു പ്രവർത്തിക്കാൻ പ്രേരകവും പ്രോൽസാഹനവുമായിത്തീരും. പക്ഷെ, അതിലൊന്നും പൂർണ്ണമായ അനുസരണവും അടിമത്തവും ഉണ്ടാവുകയില്ല എന്നതൊരു സത്യമാണ്. അതുകൊണ്ടാണ് ഹജ്ജ് വേളയിൽ നബി (സ) പ്രത്യേക രൂപത്തിൽ പ്രാർത്ഥനയുടെ ഈ പദം പറഞ്ഞത് !*

---

* لبيك لحجة حقا تعبدا و رقا.

www.abulhasanalinadwi.org

“നിശ്ചയം, ആരാധനകളും അടിയായ്മകളും മാത്രമായി “ഞാനിതാ ഹജ്ജിന് വന്നിരിക്കുന്നു നാഥാ!” ഈ വാക്യം അവിടുന്ന് നമസ്കാരത്തിലോ മററെവിടെയോ പറഞ്ഞിട്ടില്ല.

അല്ലാഹുവിൻെറ ഉദ്ദേശ്യവും യുക്തിയുമായി നമുക്ക് തോന്നുന്നതിതാണ്: സൃഷ്ടികളുടെ വിജയത്തിൻെറ മാനദണ്ഡം അവരുടെതന്നെ പ്രവർത്തനങ്ങളും ആരാധനകളുമായിരിക്കണം. മാത്രമല്ല, ആ പ്രവർത്തനങ്ങളും ആരാധനകളുമൊക്കെ എത്രകണ്ട് അനുസരണം, ആത്മാർത്ഥത, അടിമത്തം, താഴ്മ, വണക്കം എന്നിവയുടെ മേൽ പടുത്തുയർത്തപ്പെട്ടതാണെന്നും നോക്കേണ്ടതുണ്ട്. യാഥാർത്ഥ്യം ഇതായിരിക്കെ ആത്മീയ സംസ്കരണത്തിന് ഏററവും പററിയത് അർത്ഥം പിടി കിട്ടാത്തതും, സമ്പൂർണ്ണമായ അടിമത്തത്തെ വിളിച്ചറിയിക്കുന്നതുമായ പ്രവർത്തനമായിരിക്കണമെന്ന് വന്നു. മനുഷ്യപ്രകൃതിയുടെ തേട്ടങ്ങളെയും, ശ്രേഷ്ഠസ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്ന കാര്യങ്ങൾ അത്രതന്നെ അടിമത്തം വ്യക്തമാക്കുന്നില്ല. അപ്പോൾ പ്രശ്നത്തിൻെറ ഈ വശം ശരിക്കും ഗ്രഹിച്ചു കഴിഞ്ഞാൽ ഹജ്ജ് വേളയിൽ നിർവഹിക്കപ്പെടുന്ന ആരാധനാകർമ്മങ്ങളുടെ യുക്തി നമുക്ക് പിടി കിട്ടുന്നതാണ്. യഥാർത്ഥത്തിൽ ഹജ്ജിൻെറ ഓരോ കർമ്മങ്ങൾ കാണുമ്പോഴും നമുക്ക് അത്ഭുതം ജനിക്കുന്നത് അടിസ്ഥാനപരമായ ഈ തത്വത്തെ മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെട്ടതുകൊണ്ടു മാത്രമാണു്”.
(ഇഹ്‌യാ ഉലൂമിദ്ദീൻ, വാ: 1, പേ: 240)

ഒരു കല്പന, കല്പനയെന്നയടിസ്ഥാനത്തിൽ മാത്രം അനുസരിക്കുക എന്നതാണ് കല്ലെറിയുന്നതിൽ അടങ്ങിയിരിക്കുന്ന രഹസ്യം.

“ഒരു കല്പന അനുസരിക്കൽ മാത്രമാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. സമ്പൂർണ്ണമായ അടിമത്തവും ആത്യന്തികമായ വണക്കവും പ്രകടിപ്പിക്കാൻ വേണ്ടിയാണിത്. മനസ്സിനും ബുദ്ധിക്കും ഇതിൽ യാതൊരു സ്ഥാനവുമില്ല. വേണമെങ്കിൽ മററൊന്നുകൂടി കരുതാവുന്നതാണു്: അന്നൊരു കാലം മഹാനായ ഇബ്റാഹീം (അ) അല്ലാഹുവിൻെറ കല്പന നടപ്പാക്കാൻ ഇറങ്ങിത്തിരിച്ചപ്പോൾ ഏതോ ഒരു സമയത്തു് എവിടെയോവെച്ച് പിശാച് അതിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഉടനെ കല്ലെടുത്തു് അവനെ എറിഞ്ഞോടിക്കാൻ അ

www.abulhasanalinadwi.org

ല്ലാഹു അദ്ദേഹത്തോട് കല്പിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തനത്തോട് സമാനതയുള്ള ഒരു പ്രവർത്തനം കൂടിയാണിത്. എന്നാൽ പിശാച് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അതുകൊണ്ട് അദ്ദേഹം എറിഞ്ഞതു് ശരിതന്നെ. പക്ഷെ, ഞാനെന്തിനെറിയുന്നു? എന്റെ മുമ്പിൽ അവൻ പ്രത്യക്ഷപ്പെട്ടില്ലല്ലോ എന്ന് നിനക്ക തോന്നുന്നുവെങ്കിൽ ആ തോന്നലും പിശാചിന്റേതാണെന്ന് മനസ്സിലാക്കുക. കാരണം പിശാചിനെ പരാജയപ്പെടുത്തി നിന്ദ്യനാക്കണമെന്ന നിന്റെ വിചാരത്തെപരാജയപ്പെടുത്താൻ അവൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ബുദ്ധിയെ പുറംതള്ളി അല്ലാഹുവിനെ പൂർണ്ണമായി അനുസരിക്കാതെ നീ വിജയിക്കുകയില്ല.

അതിനാൽ പ്രത്യക്ഷത്തിൽ നീ ജംറത്തുൽ അഖബയിൽ ചരൽക്കല്ലുകൾ എറിയുന്നു; സത്യത്തിൽ ആ ഏറു് നിന്റെ ആജന്മശത്രുവായ പിശാചിനാണുകൊള്ളുന്നത്. അവനെ നിനക്ക് സംഹരിക്കണമെങ്കിൽ ഒരേ ഒരു മാർഗ്ഗമേയുള്ളൂ: 'അല്ലാഹുവിന്റെ കല്പന, അതെന്തുതന്നെയായാലും അവൻ കല്പിച്ചു എന്ന അടിസ്ഥാനത്തിൽ പൂർണ്ണമായി അനുസരിക്കുക. മനസ്സിനിണങ്ങുന്നതാണോ ബുദ്ധിക്ക് യോജിക്കുന്നതാണോ എന്നൊന്നും നീ അവിടെ ചിന്തിക്കാൻതന്നെ പാടില്ല'.

ബലിയെ സംബന്ധിച്ച് അദ്ദേഹം പറയുന്നതു് കാണുക:-

''അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗ്ഗമാണ് ഈ കല്പന അനുസരിക്കൽ മുഖേന എനിക്ക് ലഭിക്കുന്നതു് എന്നു നീ മനസ്സിലാക്കണം. അതിന്റെ ഓരോ അവയവത്തിന്റെയും സ്ഥാനത്ത് നിന്റെ ഓരോ അവയവം നരകത്തിൽനിന്നു് അല്ലാഹു മോചിപ്പിക്കുമെന്നാണ് പ്രവാചകന്റെ വാഗ്ദാനം. അതുകൊണ്ട് നീ അറുക്കുന്ന ബലിമൃഗം എത്ര വലിയതും, അതിന്റെ അവയവങ്ങൾ എത്ര കണ്ട് പരിപൂർണ്ണവുമായിരിക്കുന്നോ അത്ര കണ്ട് നരകത്തിൽനിന്നുള്ള മോചനവും ഉറപ്പായി. (ഇഹ്‌യാഉലൂമദ്ദീൻ, വാ:1, പേ:243)

## ഹാജി കല്പനകളുടെയും നിയമങ്ങളുടെയും ദാസനാണ്

ഹജ്ജിന്റെ നിയമങ്ങളും കർമ്മങ്ങളും ബലികളുമെല്ലാം മുന്നിൽവെച്ച് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതിതാ

www.abulhasanalinadwi.org

ണ്: നിരുപാധികമായ അനുസരണത്തിൻേറയും വണക്കത്തിൻേറയും ആകെത്തുകയാണത്. ഒരു കല്പനയുടെ മുന്നിൽ ചോദ്യം ചെയ്യാതെ തലകുനിക്കുന്നതിൻെറ ചുരുക്കപ്പേരു് ഒരു ഹാജിയെ നോക്കൂ ! ചിലപ്പോഠം മക്കയിൽ കാണാം. മററു ചിലപ്പോഠം മിനയിൽ, വേറെ ചിലപ്പോഠം അറഫയിലും മുസ്ദലിഫയിലും, ഒരിക്കൽ താമസം, ഒരിക്കൽ പലായനം, മറെറാരിക്കൽ തമ്പടിക്കലും അതു് പറിച്ചുകൊണ്ടു മാറി താമസിക്കലും. ചുരുക്കത്തിൽ അവൻ ചില ശാസനകളുടെ അടിമയും ബന്ധനസ്ഥനമാണ്. സ്വന്തമായ ചിന്തയോ അഭിപ്രായമോ അവനില്ല. സ്വതന്ത്രമായ തീരുമാനത്തിനു് അവനവകാശമില്ല. 'മിനയിൽ' ആശ്വാസത്തോടെ കാലു കുത്താൻ താമസമില്ല. ഉടനെ അറഫയിലേക്കു് പോകാൻ കല്പന. മുസ്ദലിഫയിൽ നിൽക്കാൻ പാടില്ല, ഉടനെ അറഫയിൽ എത്തി പകൽ മുഴുവൻ പ്രാത്ഥനയിലും ആരാധനയിലും മുഴുകണം. അങ്ങനെ രാത്രിയിൽ അവിടെതന്നെ തങ്ങി അല്പം ആശ്വാസമെടുക്കാൻ അവൻെറ മനസ്സു മന്ത്രിക്കുന്നു; പക്ഷെ, അതിനനുവാദമില്ല. വേഗം മുസ്ദലിഫഃയിലേക്ക് നീങ്ങാൻ കല്പന വരുന്നു. അങ്ങനെ അവിടെ നമസ്കാരത്തിൽ കൃത്യനിഷ്ഠ കാട്ടി കഴിഞ്ഞുകൂടുക. എന്നാൽ അറഫയിൽ മഗ്രിബ് നമസ്കാരം പാടില്ലെന്നു് കല്പിക്കപ്പെടുന്നു. കാരണം അവൻ ഒരു ആചാരത്തിൻെറയും അടിമയല്ല; അതു് നമസ്കാരമായാൽപോലും. അവൻ അല്ലാഹുവിൻെറ മാത്രം അടിമയാണ്. അതു്കൊണ്ടു് മഗ്രിബ് മുസ്ദലിഫഃയിൽ പോയി ഇശാഇനോടൊപ്പം 'ജംആ' ക്കി നമസ്കരിച്ചുകൊള്ളട്ടെ. ഇനിയും മുസ്ദലിഫയിൽ തങ്ങലും ദീർഘമായി താമസിക്കലും അവന്നു് ഹൃദ്യമായി തോന്നുന്നു. പക്ഷെ, അതിനനുവാദമില്ല. ഉടൻതന്നെ 'മിന'യിലേക്ക് പുറപ്പെടാൻ ആജ്ഞാപിക്കപ്പെടുന്നു.

അതെ, മഹാനനായ ഇബ്രാഹീം നബി (അ)ൻെറയും മററു പ്രവാചകശ്രേഷ്ഠന്മാരുടെയും ജീവിതം ഇതുപോലെയായിരുന്നു, അവരെ പിൻതുടന്ന എല്ലാ്കാമുകരുടെയും, അന്വേഷണകുതുകികളുടെയും, ഹൃദയാലുക്കളുടെയും ജീവിതവും ഇതുതന്നെ. ചിലപ്പോഠം യാത്ര; ചിലപ്പോഠം താമസം; ചിലപ്പോഠം ഭാണ്ഡവും പാഥേയവുമൊരുക്കൽ; മററു ചിലപ്പോഠം അതെല്ലാം കഴിക്കൽ; അവർ ഒന്നിൻെറയും അടിമകളായിരുന്നില്ല. ആഗ്രഹത്തിൻെറയോ, ആചാരത്തിൻെറയോ, ആസ്വാദനത്തിൻെറയോ ഒന്നുംതന്നെ.

www.abulhasanalinadwi.org

## ദൈവാനുഗ്രഹം കരസ്ഥമാക്കുന്നതിൽ കാലദേശങ്ങളുടെ പങ്കു്

അനുഗ്രഹവർഷത്തിനു് അല്ലാഹു കണ്ട അനുയോജ്യമായ സ്ഥലം ഒന്നു മാത്രമായിരുന്നു. അവിടെ സകല നിഷ്കാമ കർമ്മികളുടെയും നായകൻ, ഹൃദയചോരരുടെ കാരണവർ, അല്ലാഹുവിൻെറ ഏററവും പ്രിയങ്കരനായ ഇബ്രാഹീം എന്നീ നാമങ്ങൾകൊണ്ടു് വിഖ്യാതനായ ഒരു വ്യക്തി തൻെറ നിർമ്മാണത്തിൻേറയും നിസ്വാർത്ഥതയുടെയും അർപ്പണബോധത്തിൻേറയും ആത്മാർത്ഥതയുടെയും അനുസരണശീലത്തിൻേറയുമെല്ലാം അചഞ്ചലവും അനുപമവുമായ പാദമുദ്രകൾ ലോകസമക്ഷം അവതരിപ്പിച്ചു. ഗതകാല ചരിത്രത്തിൻെറ ഏടുകളിൽ ത്യാഗോജ്ജ്വല ജീവിതത്തിൻെറ മുഴുവൻ താളുകൾ പരതിയാലും നിഷ്കളങ്കതയുടെയും നിസ്വാർത്ഥതയുടെയും നിസ്തുല്യ കഥകൾ അതിനു് സമാനമായി മററെവിടെയും കാണുകയില്ല. അവ മുഴുവനും ആശ്ചര്യജനകവും ഹൃദയഭേദകവുമാണു്. കാലാന്തരത്തിൽ ഇവിടെ ഭൂജാതരായ അഖിലപ്രവാചകന്മാരും, ഏകദൈവാരാധകരും, സദാചാരനിഷ്ഠരും, സൽകർമ്മചാരികളും, അതുല്യമായ അനുരാഗത്താൽ ആത്മാർത്ഥതയുടെ നിത്യപ്രതീകങ്ങളായ ശിഷ്ടജനങ്ങളുമെല്ലാം അദ്ദേഹത്തെ നേതാവാക്കി. ആ തൃപ്പാദങ്ങളെ അനുഗമിച്ചു. മഹത്തായ ആ ജീവിതത്തിൽനിന്നു് ത്യാഗത്തിൻേറയും സത്യത്തിൻേറയും തീനാളങ്ങൾ ഓരോരുത്തരും കൈമാറി. അദ്ദേഹത്തിൻെറ മാത്രമല്ല, അവിടുത്തെ പ്രിയപത്നിയുടെയും സന്തതിപരമ്പരകളുടെയും കഥകൾ അയവിറക്കി, ആ മഹാനുഭാവൻ അല്ലാഹുവിൻെറ മന്ദിരത്തെ എങ്ങനെ പ്രദക്ഷിണം ചെയ്തോ; സഫാമർവായുടെ മദ്ധ്യത്തിൽ എങ്ങനെ നടന്നോ, അറഫയിൽ എങ്ങനെ താമസിച്ചോ, മുസ്ദലിഫയിൽ എങ്ങനെ രാപാർത്തോ, 'ജംറ'കളിൽ എങ്ങനെ എറിഞ്ഞോ, മിനയിൽ എങ്ങനെ ബലി നടത്തിയോ അതുപോലെ അദ്ദേഹത്തിൻെറ കാലശേഷമുള്ള അനുയായികളും ചെയ്യുന്നു.

ഹജ്ജിനു് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട സ്ഥലകാലങ്ങൾ പരിശോധിക്കാം: അവിടെ തലമുറയായി ആർത്തിയോടെ ആവർത്തിക്കപ്പെടുന്ന മധുരിമയൂറുന്ന കഥകളുടെ നീണ്ട അദ്ധ്യായങ്ങളുണ്ടു്; എക്കാലത്തുമുള്ള ഹാജിമാർ കടുകിട മാററമില്ലാതെ നടത്തുന്ന ആരാധനാകർമ്മങ്ങളുണ്ടു്; തങ്ങൾക്കു് വേണ്ട ഊർജ്ജ

www.abulhasanalinadwi.org

വും ഊഷ്മാവും കരസ്ഥമാക്കാൻ പററുന്ന അവാച്യമായ അനു രാഗത്തിൻെറയും അചഞ്ചല വിശ്വാസത്തിൻെറയും സ്മാരക സൗധങ്ങളുണ്ട്; സമുദായത്തിലെ വ്യത്യസ്ത തരക്കാരും വിഭാഗ ങ്ങളും അവിടെ ഒത്തുചേരുന്നു; ഭൂമുഖത്ത് എന്നും എവിടെയും കണ്ടെത്താൻ കഴിയാത്ത തരത്തിലുള്ള, മതപരവും ആത്മീയവു മായ സൗഹാർദവും ഐക്യവും കൂടിക്കാഴ്ചയും നമുക്കവിടെ കാ ണാം; പ്രാത്ഥന, സ്തുതികീർത്തനം, തൽബിയത്ത് തുടങ്ങിയ വയുടെ അലയൊലികൾ നിറഞ്ഞ അന്തരീക്ഷം; ഇത്തരം സജീ വമായ ചുററുപാടിൽ മനുഷ്യഹൃദയത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കുന്ന മാസ്മരശക്തിയും അവാച്യവുമായ അനുഭൂതിയും അടങ്ങിയിരിക്കുന്നു; അത് നിർജീവ ഹൃദയങ്ങൾക്ക് ജീവൻ നല്കുന്നു; തകർന്ന മനസ്സിൻെറ ലോലമായ തന്ത്രികൾക്ക് കരു ത്ത് പ്രദാനം ചെയ്യുന്നു. അകത്തളങ്ങളിൽ കെട്ടടങ്ങിയ സ്നേഹ ത്തിൻെറ നാളങ്ങൾക്ക് തീ കൊളുത്തുന്നു. അപ്രശസ്തിയുടെ ചളിക്കുണ്ടിൽകിടന്ന് ഊർദ്ധ്വശ്വാസം വലിച്ചിരുന്ന ആത്മാ ക്കളെ പ്രശസ്തിയുടെയും പ്രതാപത്തിൻെറയും കൊടുമുടികളിലേ ക്കാനയിക്കുന്നു. സർവ്വോപരി അല്ലാഹുവിൻെറ അപാരവും അപരിമേയവുമായ അനുഗ്രഹത്തിൻെറ പേമാരിയിൽ എല്ലാ വരും മനംകുളിർക്കെ ആറാടിക്കുന്നു.

മുസ്ലിംകളുടെ സമ്മേളനത്തിലും, മാനസിക ഐക്യ ത്തിലും, പ്രാത്ഥനകളിലും, നിർമ്മലചേതസ്സുകളുടെ ഒത്തുചേര ലിലും അവ്യക്തമായ ചില ശക്തികൾ ഉൾക്കൊണ്ടിട്ടുണ്ട്. അ ല്ലാഹുവിൻെറ കൃപാകടാക്ഷങ്ങളുടെ നിമിത്തങ്ങളായി അവ വർത്തിക്കുന്നു. കടുത്ത കൽമിത്തികളുള്ള ചിത്തങ്ങളെപോലും അത് ചഞ്ചലമാക്കും. അന്തരാളങ്ങളിൽ അടിഞ്ഞുകൂടിയ ആശ യേയും ആവേശത്തേയും അത് ഉത്തേജിപ്പിക്കും. ഇത്തരം കാര്യ ങ്ങളിലേക്ക് യുഗപ്രഭാവന്മാരായ പല പണ്ഡിതരും വിരൽ ചൂണ്ടിയിട്ടുണ്ട്.

ഇമാംഗസ്സാലി എഴുതുന്നു:

"ഒരു വിഭാഗത്തിൻെറ മനോവികാരങ്ങൾ ഒരേ ഒരു ബി ന്ദുവിൽ കേന്ദ്രീകരിച്ചു. അല്ലാഹുവിനോടുള്ള വണക്കത്തിലും താഴ്മയിലും മാത്രം അവരുടെ ചിത്തം വ്യാപൃതമായി, എല്ലാ കൈകളും അവൻെറ നേരെ നീണ്ടു, പിരടികളും നയനങ്ങളും അവനെ മാത്രം ലക്ഷ്യമാക്കി, അങ്ങനെ അല്ലാഹുവിൻെറ കരു ണയ്ക്കു വേണ്ടി എല്ലാ ഹൃദയങ്ങളും ഒന്നായി; എങ്കിൽ അവർ

www.abulhasanalinadwi.org

നിരാശരായി മടങ്ങേണ്ടിവരുമെന്നോ അവരുടെ പ്രവർത്തനങ്ങളും പ്രാർത്ഥനകളും നിഷ്ഫലമായിത്തീരുമെന്നോ നീ ഒരിക്കലും വിചാരിക്കരുത്."

(ഇഹ്യാ ഉലൂമിദ്ദീൻ, വാ: 1, പേ: 243)

ശൈഖുൽ ഇസ്ലാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്ലവി ഒരിക്കൽ ഹജ്ജിനെ വിശദീകരിച്ചു കൊണ്ടെഴുതി :

"അല്ലാഹുവിൻെറ അനുഗ്രഹത്തിനു് പാത്രീഭൂതരായ പ്രവാചകന്മാർ, സത്യവാന്മാർ, സദ്ചരിതർ, രക്തസാക്ഷികൾ തുടങ്ങിയ ശിഷ്ടജനങ്ങളുടെ ജീവിതകഥകൾ അയവിറക്കിക്കൊണ്ടു് ഒരു സ്ഥലത്തും കാലത്തും ഒരു വമ്പിച്ച സജ്ജനസമൂഹം തടിച്ചുകൂടലാണ് ഹജ്ജുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. വ്യക്തമായ ദൈവീക ദൃഷ്ടാന്തങ്ങളുടെ കേന്ദ്രമാണതു്. പ്രതിഫലകാംക്ഷികളും, വിനയാന്വിതരും, അല്ലാഹുവിൻെറ ചിഹ്നങ്ങളെ വാഴ്ത്തുന്നവരും, പാപ പങ്കിലതയിൽനിന്നു് മോചനം തേടുന്നവരുമായി ദീനിൻെറ നായകന്മാർ അങ്ങോട്ടു് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ കുറെ മനസ്സുകളും വപുസ്സുകളും ഏകവിചാരത്തോടും വികാരത്തോടും കൂടി ഒരേ സ്ഥലത്തും കാലത്തും സമ്മേളിച്ചാൽ അവിടെ അല്ലാഹുവിൻെറ കരുണയും പാപമോചനവുമുണ്ടാകുമെന്നതിൽ തർക്കമില്ല. നബി (സ) പറഞ്ഞതിൻെറ പൊരുളതാണ്: അറഫാ ദിനത്തിലേതു പോലെ പിശാച് നിന്ദ്യനും, നിസ്സാരനും, കോപിഷ്ടനും, വഷളനുമാകുന്ന മറ്റൊരു ദിനവുമില്ല." (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ: 1, പേ: 59)

തുടർന്നു് വീണ്ടും അദ്ദേഹം എഴുതുന്നു :

"അല്ലാഹുവിൻെറ ആജ്ഞപ്രകാരം സജ്ജനങ്ങൾ ആദരിക്കുകയും, പടുത്തുയർത്തുകയും, അവനെ സ്മരിച്ചുകൊണ്ടു് നിവസിക്കുകയും ചെയ്ത മന്ദിരങ്ങളിൽ താമസിക്കലും ഹൃദയശുദ്ധിയുണ്ടാകും. ഈ സുകൃതികൾക്ക് അല്ലാഹുവിൻെറ പരിശുദ്ധരായ മാലാഖമാർ പ്രാർത്ഥിക്കും. പ്രസ്തുതസങ്കേതങ്ങളിൽ അവർ ഇറങ്ങിക്കൊണ്ടിരിക്കുമ്പോൾ ആ ഭക്തജനങ്ങളുടെയും വർണ്ണങ്ങളിൽ മാററം സംഭവിക്കും." (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ : 1, പേ : 59)

www.abulhasanalinadwi.org

## ഹജ്ജ് നേതാവിനോടുള്ള ബന്ധം പുതുക്കൽ

ഹജ്ജിൻെറ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ പലതാണ്. അതിൽ അതിപ്രധാനമായ ഒന്ന് ഈ സമുദായത്തിൻെറ നേതാവും സ്ഥാപകനുമായ ഖലീലുല്ലാഹി ഇബ്രാഹീം (അ) നോടുള്ള ബന്ധം പുതുക്കലാണ്. അദ്ദേഹത്തിൽനിന്നു യുഗാന്തരങ്ങളിലൂടെ കൈവന്ന പൈതൃകസ്വത്ത് കേടുവരാതെ സൂക്ഷിക്കുക; നമ്മുടെയും അദ്ദേഹത്തിൻെറയും ജീവിതത്തെ ഒരു താരതമ്യ പഠനത്തിനു് വിധേയമാക്കുക; അങ്ങനെ ലോക മുസ്‌ലിംകളുടെ ജീവിതത്തിൽ കടന്നുകൂടിയ കോട്ടങ്ങളും വ്യതിയാനങ്ങളും ഏതെല്ലാമെന്ന് മനസ്സിലാക്കുക; അതിനെ ശരിപ്പെടുത്തി യഥാർത്ഥ ഉറവിടത്തിലേക്ക് മടക്കികൊണ്ടുവരിക. കാരണം ഹജ്ജ് ലോക മുസ്‌ലിംകളുടെ ജീവിതത്തെയും സ്ഥിതിഗതികളെയും വിലയിരുത്തുന്ന ഒരു പ്രത്യേക രൂപത്തിലുള്ള വാർഷിക സമ്മേളനംകൂടിയാണ്. രാജ്യങ്ങൾ അകപ്പെട്ടിരിക്കുന്ന ചുറ്റുപാടുകളുടെയും സമുദായങ്ങളുടെയും സമ്മർദ്ദങ്ങളുടെയും സ്വാധീന വലയത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമെന്തെന്ന് അതിൽ അവർ ചിന്തിക്കുകയും ആരായുകയും ചെയ്യുന്നു. ചുരുക്കത്തിൽ മുസ്‌ലിംകൾ അവരുടെ ജീവിതത്തിൽ വന്നുപോയ പാളിച്ചകൾ മനസ്സിലാക്കുകയും അങ്ങനെ തങ്ങളുടെ ആദർശ പിതാവിൻെറ പാതയിലേക്ക് മടങ്ങുകയും ചെയ്യുന്നു. അവിടെനിന്ന് ആത്മചൈതന്യം ഉൾകൊണ്ടു് ജീവിതരംഗത്തേക്ക് കടന്നുവരുന്നു. ഇമാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി ഈ വസ്തുത ഇങ്ങനെ വിശദീകരിക്കുന്നു :

''ഹജ്ജിൻെറ പ്രധാന ലക്ഷ്യം ഈ സത്യമതത്തിൻെറ സ്ഥാപകരും, പ്രണേതാക്കളുമായ ഹസ്രത്ത് ഇബ്റാഹീം, ഇസ്മാഈൽ (അ) എന്നീ പ്രവാചകന്മാർ വരച്ചുകാണിച്ച പാദമുദ്രകൾ സംരക്ഷിക്കുക എന്നതാണ്. ആ മഹാരഥന്മാരുടെ പ്രസ്ഥാനമായ 'മില്ലത്തെ ഹനീഫി'യുടെ ഉയർച്ചക്കും പുരോഗതിക്കും വേണ്ടിയാണ് മുഹമ്മദ് നബി(സ) തന്നെ ഭൂജാതനായതു്. അല്ലാഹു പറയുന്നു :*

''നിങ്ങളുടെ പിതാവ് ഇബ്റാഹീമിൻെറ മില്ലത്താണിതു.'' അതുകൊണ്ടു് ഈ 'മില്ലത്തി'ൻെറ നേതാവായ ഇബ്റാഹീം

---

*ملة ابيكم ابراهيم.

www.abulhasanalinadwi.org

(അ) എന്തെന്തു വസ്തുക്കൾ നമുക്ക് പാരമ്പര്യസ്വത്തായി നൽകിയിട്ടുണ്ടോ അതു മുഴുവനും നാം കാത്തു സൂക്ഷിക്കുകയും മുറുകെ പിടിക്കുകയും വേണം. ''പ്രകൃതി ശീലങ്ങൾ.''* ഹജ്ജ് കർമ്മങ്ങൾ മുതലായവ അതിനുദാഹരണങ്ങളാണ്. നബി(സ) പറഞ്ഞു:**

''നിങ്ങൾ നിങ്ങളുടെ (ഹജ്ജിൻെറ) സ്മാരക കേന്ദ്രങ്ങളിൽ ആശ്വാസപൂർവ്വം തങ്ങണം. കാരണം നിങ്ങളാണ് നിങ്ങളുടെ പിതാവിൻെറ അനന്തരാവകാശികൾ.'' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ : വാ : 2, പേ : 42)

## ഇബ്റാഹീം (അ)ൻെറ ജീവിതകഥയുടെ പുനരാവർത്തനവും അഭിനയവും

ഹജ്ജിൻെറ അഖില പ്രവർത്തനങ്ങളിലും ആരാധനാ കർമ്മങ്ങളിലും പ്രകടമായി കാണുന്ന വികാരവും ആത്മാവും ഒന്നു മാത്രമാണ്; തീവ്രമായ സ്നേഹം, നിയന്ത്രണമില്ലാത്ത അനുരാഗം എന്നൊക്കെ അതിനെ വിശേഷിപ്പിക്കാം, ആ സ്നേഹത്തിൽ ബുദ്ധിയും ദേഹവും അവയുടെ കടിഞ്ഞാൺ ഹൃദയത്തിനും വികാരത്തിനും ഏല്പിച്ചു കൊടുക്കുന്നു. എല്ലാ കർമ്മിതാക്കളും, തങ്ങളുടെ നേതാവും ഇഷ്ടഭാജനവുമായ ഖലീലുല്ലാഹി ഇബ്റാഹീം നബിയെ അനുകരിക്കുന്നു. ആ ജീവിതത്തിലെ പാദമുദ്രകൾ ഒന്നൊഴിയാതെ നാം അഭിനയിക്കുന്നു. ചിലപ്പോൾ ആദരണീയഗേഹത്തെ അവാച്യമായ അനുരാഗം കവിഞ്ഞൊഴുകുന്ന മനസ്സോടെ പ്രദക്ഷിണം ചെയ്യുന്നു, ചിലപ്പോൾ ഹജറുൽ അസ്വദിനെ സ്നേഹനിർഭരമായി ചുംബിക്കുന്നു, ചിലപ്പോൾ വാത്സല്യനിധിയായ ഒരു മാതാവിനെ അനുകരിച്ചുകൊണ്ട് സ്വഫാ മർവായുടെ മദ്ധ്യേ ഓടുന്നു. പണ്ടൊരു നാളിൽ ആ മാതാവ് ഓടിയ അതെ തീവ്രതയും തീക്ഷ്ണതയും യാ

---

* നബി [സ] പറഞ്ഞ പത്തു കാര്യങ്ങളാണ് ഉദ്ദേശ്യം: മീശ വെട്ടൽ, താടി വളർത്തൽ, ദന്തശുദ്ധീകരണം, നാസാരന്ധ്ര ശുദ്ധീകരണം, അഗ്രചർമ്മ ഛേദനം, നഖം മുറിക്കൽ, അംഗശുദ്ധി, ജഘന – കക്ഷക്ഷൗരം, മലമൂത്ര വിസർജനാനന്തര ശുദ്ധി, വായ കൊപ്പിളിക്കൽ.— അബൂദാവൂദ് തിർമുദി നസാഈ, ഇബ്നുമാജ: അഹ്മദ് ആയിശ:യിൽ നിന്നുദ്ധരിച്ചത്.

** قفوا على مشاعركم على ارث من ارث ابيكم.

www.abulhasanalinadwi.org

തൊരു ഭാവവ്യത്യാസമില്ലാതെയാണ് എല്ലാവരും പകർത്തുന്നത്. അനന്തരം 'യൗമുത്തർവിയ'.യിൽ മിനായിലേക്ക് തിരിക്കുന്നു. തുടർന്ന് അറഫ:യിലേക്ക് നീങ്ങുകയും അവിടെയുള്ള ഗിരിനിരകളിൽനിന്നുകൊണ്ട് തുറന്ന ഹൃദയത്തോടെ, പൊട്ടിക്കരഞ്ഞു പടച്ചവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അന്നു രാത്രി 'മുസ്ദലിഫ'യിൽ കഴിച്ചുകൂട്ടി പിറേറ ദിവസം വീണ്ടും മിനായിലേക്ക് മടങ്ങിവരുന്നു. ഇതെല്ലാം ഇബ്റാഹീം (അ) ൻെറ ജീവിതത്തെ അഭിനയിക്കലും നബി(സ)യെ അനുസരിക്കലുമാണ്.

ഹജ്ജ് അതിൻെറ സ്ഥാപകനോടുള്ള സ്നേഹത്തിൻെറ സൂചനയും അനുകരണവുമാണെന്ന് കൂടുതൽ മനസ്സിലാകുന്ന മറെറാരു രംഗമാണ് 'ജംറ' കളിലുള്ള ഏറുകൾ. അതു് ഇബ്റാഹീം (അ) യിൽനിന്ന് മാത്രം ഉണ്ടായതാണ്. അനുരാഗഭ്രമത്താൽ അന്ധരായ കമിതാക്കളുടെ അനുകരണം സ്വാഭാവികമായും ഒരു പകർച്ച വ്യാധിയാണ്. അതു് അഭിനയിക്കുന്നവരിലും അതേ വികാരം പ്രകടമാകുന്നതുകാണാം. ഒരു ഇലക്ട്രിക് പവർ ഹൗസിനോട് നമുക്കതിനെ ഉപമിക്കാം. ആ പവർ ഹൗസിൽനിന്നു പ്രവഹിക്കുന്ന വൈദ്യുതിയാണ് പട്ടണങ്ങളെ മുഴുവനും ആലക്തിക ദീപങ്ങളുടെ ധവളിമയിൽ മുക്കുന്നതു്. അല്ലാഹുവിൻെറ അനുഗ്രഹവും കരുണയും ലഭ്യമാകുന്നതിനുള്ള ഉത്തമ മാദ്ധ്യമവും മാർഗ്ഗവുമാണിതു്. അതിനാൽ അല്ലാഹുവിനോടുള്ള സ്നേഹത്തിൻെറ മധുരിമ ആസ്വദിച്ച എല്ലാവർക്കും ഈ കാഴ്ച അവാച്യമായ അനുഭൂതി പകരുന്നു. ഇതിനേക്കാൾ ഹൃദ്യമായ ഒരു കാഴ്ച മറെറവിടെയും കാണാൻ കഴിയുകയില്ല. ആയിരക്കണക്കിനു സംവൽസരങ്ങൾക്ക മുമ്പു നടന്ന സംഭവങ്ങൾ അഭിനയിക്കാൻ അനുസരണശീലരായ കമിതാക്കൾ ഒത്തു കൂടിയ ദൃശ്യം. സഹസ്രാബ്ദങ്ങൾ കഴിഞ്ഞുപോയെങ്കിലും അല്ലാഹു അതിനെ അനശ്വരമാക്കി. കഴിവുള്ള എല്ലാ ഭുവന നിവാസികളും അതിനെ അക്ഷരംപ്രതി ആവർത്തിക്കാനും അഭിനയിക്കാനും അവൻ കല്പിച്ചു. ഖലീലുല്ലാഹി ഇബ്റാഹീം (അ) ൻെറ കാഴ്ചപ്പാടുകളെ അനുകരിക്കലിലൂടെ പിശാചിനെ നിന്ദിച്ച്, 'ഈമാനി'നെ ശക്തിപ്പെടുത്താനുള്ള ഒരു വാസന എല്ലാവരിലും സൃഷ്ടിക്കാൻവേണ്ടിയാണ് അല്ലാഹു തലമുറകളിലൂടെ ആ പ്രവർത്തനങ്ങളെ അനശ്വരമാക്കിയത്.

www.abulhasanalinadwi.org

## ഇബ്രാഹീം (അ) ൻെറ കഥ;
## നിർഭയരാജ്യത്തോടുള്ള അതിൻെറ ബന്ധം

ഹസ്രത്ത് ഇബ്റാഹീം (അ) ഒരു പുരാതന പുരോഹിത കുടുംബത്തിലാണ് ജനിച്ചുവളർന്നത്. ബിംബങ്ങൾ കൊത്തിയുണ്ടാക്കുകയും അത് നടന്നു കച്ചവടം നടത്തുകയുമാണവരുടെ ജോലി. ആ നാട്ടിലെ ഏററവും പഴക്കം ചെന്നതും വലിയതുമായ ക്ഷേത്രത്തിൻെറ സംരക്ഷകരാണവർ, തങ്ങളുടെ തൊഴിലിനോടും വിശ്വാസത്തോടും ആ ക്ഷേത്രത്തിനു ബന്ധമുണ്ട്. വിശ്വാസത്തിനനുസരിച്ച തൊഴിലും, മതവികാരത്തോട് ബന്ധപ്പെടുന്ന സാമ്പത്തിക വരുമാനവും ഏകോപിപ്പിക്കുന്ന രംഗങ്ങൾ വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പല കുടുക്കുകൾ നിറഞ്ഞതുമാണത്. തൊഴിലൊന്നും വിശ്വാസം വേറൊന്നുമായ അവസ്ഥയേക്കാൾ കൂടുതൽ വിഷമങ്ങൾ ഇവിടെ സംജാതമാകുന്നു. ഘോരമായ തമസ്സു മൂടിക്കെട്ടിയ ഈ അന്തരീക്ഷത്തിൽ വിശ്വാസവും പ്രേമവും ഇളക്കിവിടാൻ മാർഗ്ഗങ്ങളില്ല. ബിംബാരാധനയിലും വിഗ്രഹപൂജയിലും മുഴുകിയിരിക്കുന്നവർക്ക് അന്ധവിശ്വാസത്താൽ മലീമസമായ ചുററുപാടിനോട് പടപൊരുതൽ എളുപ്പമല്ല. പക്ഷേ, പ്രവാചകത്വത്തിന് ഒരുക്കപ്പെട്ട നവലോകസൃഷ്ടിക്ക് വെമ്പുന്ന ഒരു ശുദ്ധ ഹൃദയം അവിടെയുണ്ടായിരുന്നു* "നിശ്ചയം ഇബ്രാഹിമിന് അദ്ദേഹത്തിൻെറ വിവേകത്തെ മുമ്പ്തന്നെ നാം കൊടുത്തിരുന്നു, നാം അദ്ദേഹത്തെപ്പററി ശരിക്കും അറിയുന്നവരും ആയിരുന്നു." അങ്ങനെ അദ്ദേഹം വിപ്ളവത്തിന് നാന്ദി കുറിച്ചു. അതി സാഹസികമായ വിപ്ളവങ്ങൾക്ക് പോലും കടന്നുചെല്ലാനോ എത്തി നോക്കാൻപോലുമോ കഴിയാത്ത ഒരു താവളത്തിൽനിന്നായിരുന്നു അതിൻെറ തുടക്കം.

---

* ولقد اتينا ابراهيم رشده من قبل وكنا به عالمين: الانبياء ٥١

www.abulhasanalinadwi.org

അദ്ദേഹം ജനിക്കുകയും പിച്ചവെച്ചു നടക്കുകയും, വളരുകയും ചെയ്ത താവളംതന്നെ ആ വിപ്ലവത്തിന് കേന്ദ്രമായി മാറി. അവിടെനിന്നാണ് വിശുദ്ധ ഖുർആൻ അമാനുഷികവും അത്ഭുതകരവുമായ ശൈലിയിൽ വികാര വിജൃംഭിതമായ ആ സംഭവകഥകൾ വ്യക്തമായി വിവരിക്കാൻ തുടങ്ങുന്നത്. ഇബ്റാഹീം എന്ന ചെറുപ്പക്കാരൻ പൂജാവിഗ്രഹങ്ങൾ തല്ലിതകർത്തു; പുരോഹിതൻമാർ അതു കണ്ടു വിസ്മയഭരിതരും വിക്ഷോഭിതരുമായി; ധിക്കാരിയായ ആ യുവാവിനോട് പ്രതികാരം ചോദിക്കാൻ തീരുമാനമെടുത്തു. കത്തിജ്ജ്വലിക്കുന്ന അഗ്നികുണ്ഡത്തിലേക്ക് അദ്ദേഹത്തെ വലിച്ചെറിഞ്ഞു. പക്ഷേ, അദ്ദേഹത്തിന് തീനാളങ്ങൾ ശീതളമായ ചന്ദ്രികയായിതോന്നി. തുടർന്ന് സ്വേച്ഛാധിപതിയായ രാജാവിനോട് വാഗ്വാദം നടത്തി. ഇങ്ങനെയുള്ള മുഴുവൻ കാര്യങ്ങളും ഖുർആൻ നമുക്കു പറഞ്ഞുതരുന്നു. (അൽഅൻമ്പിയാഅ് 51 മുതൽ 70 വരെ)

ഈ വിപ്ലവത്തിൻെറ പര്യവസാനം എന്തായിരുന്നു? വീട്, നാട്, സമുദായം, ഭരണകൂടം എല്ലാം അദ്ദേഹത്തിൻെറ ശത്രുക്കളായി. എങ്ങോട്ട് തിരിഞ്ഞ് നോക്കിയാലും അവിടെയെല്ലാം കോപാന്ധമായ കണ്ണുകൾ മാത്രം. കഠിനമായ മർദ്ദനം! പക്ഷേ, അദ്ദേഹം അതൊന്നും പരിഗണിച്ചില്ല. അതെല്ലാം തനിക്ക് കിട്ടേണ്ടതും പ്രാരംഭം മുതൽ പ്രതീക്ഷിച്ചതുമാണെന്ന ഭാവമാണ് പ്രകടിപ്പിച്ചത്. അവസാനം ജന്മനാടിനോട് വിടപറയുവാൻ ഇബ്റാഹിം (അ) നിർബന്ധിതനായി. സംതൃപ്തനും ശാന്തചിത്തനുമായാണ് അദ്ദേഹം വീടും നാടും ഉപേക്ഷിക്കുന്നത്. കാരണം വിപ്ലവത്തിൻെറ മൂലധനമായ ''ഈമാനി''ന് യാതൊരു കോട്ടവും കുറവും സംഭവിക്കാതെയാണ് രക്ഷപ്പെടുന്നത്. അങ്ങനെ അല്ലാഹുവിൻെറ വിശാലമായ ഭൂമിയെ വീടും നാടുമായി തെരഞ്ഞെടുത്തു. ഏകാന്തപഥികനായി അദ്ദേഹം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നാടുകൾ ഒന്നിന് ശേഷം മറ്റൊന്നായി ചുറ്റിക്കറങ്ങി. എവിടെ ചെന്നാലും ഒന്നു മാത്രമെ കാണാനുള്ളൂ: ജനങ്ങൾ വിഗ്രഹാരാധനയിൽ മുഴുകി മൂഢവിശ്വാസത്തിൻേറയും ശരീരേച്ഛകളുടെയും അടിമകളായി കഴി

www.abulhasanalinadwi.org

ഞ്ഞു കൂടുന്നു. അന്ത്യമില്ലാത്ത കൂരിരുട്ട്! മോചനമില്ലാത്ത കാളരാത്രികൾ!! കരിക്കട്ട പോലെ കറുത്ത, കരിങ്കൽ പോലെ കട്ടിയായ മനുഷ്യഹൃദയങ്ങൾ!!! യാത്രക്കിടയിൽ ഈജിപ്തിലെത്തി. അവിടെ തീക്ഷ്ണ പരീക്ഷണം കാത്തിരിക്കുന്നുണ്ടായിരുന്നു. അക്രമിയായ രാജാവ് തൻെറ സഹധർമ്മിണിയെ മോഹിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി, അവിടെ നിന്നും അവർ രക്ഷപ്പെട്ടു സിറിയാ ദേശത്തെത്തി. പ്രബോധനത്തിന് പററിയ വളക്കൂറുള്ള മണ്ണാണ് അതെന്ന് മനസ്സിലാക്കിയ ഇബ്രാഹീം (അ) സ്ഥിരതാമസത്തിനൊരുങ്ങി. ബിംബാരാധന വർജ്ജിക്കാനും ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു.

സിറിയ ഫലഭൂയിഷ്ഠവും പ്രകൃതിരമണീയവുമായ നാടായിരുന്നു. ജീവിതായോധന മാർഗ്ഗങ്ങളും ആഹാര നീഹാരാദികളിൽ സുഭിക്ഷതയുമുണ്ടായിരുന്നു. അവിടത്തെ സ്ഥിരവാസം എന്തുകൊണ്ടും അദ്ദേഹത്തിന് സുഖകരമായി തോന്നി. പക്ഷെ, ഹൃദ്യമായ ആ ജീവിതം മററൊരു നാട്ടിലേക്കു മാറിതാമസിക്കാൻ അല്ലാഹു കൽപിച്ചു. അതു സിറിയയുമായി ഒരുതരത്തിലും സാമ്യമില്ലാത്തതായിരുന്നു. അവിടെ കൃഷിയില്ല, ദാഹശമനത്തിന് കുടിനീരുപോലും ദുർല്ലഭമാണ്. പക്ഷേ, ഇബ്രാഹീം (അ) ഒരുകാര്യത്തിലും അവകാശം സ്ഥാപിക്കാനോ സ്വന്തം തീരുമാനം നടപ്പാക്കാനോ ഒരുങ്ങിയില്ല. ഏതെങ്കിലും രാജ്യത്തോടോ നാട്ടുകാരോടോ പ്രത്യേകമായ ബന്ധം അദ്ദേഹം സ്ഥാപിച്ചില്ല. താൻ ഏതെങ്കിലും നാടിൻെറ അടിമയല്ല, ദൈവീകാജ്ഞയുടെ അടിമയും അതനുസരിച്ച് നടക്കേണ്ടവനുമാണ് എന്നദ്ദേഹം കരുതി. ഭൂമി മുഴുവനും തൻെറ സ്വദേശവും, മനുഷ്യർ മുഴുവനും തൻെറ കുടുംബക്കാരുമാണ്. അങ്ങനെ പ്രിയപത്നി 'ഹാജറ'യെയും പിഞ്ചുപുത്രനെയും കൂട്ടികൊണ്ട് അല്ലാഹുവിൻെറ കൽപനയനുസരിച്ചു സിറിയയോടു വിട പറഞ്ഞു.

www.abulhasanalinadwi.org

നാലുവശവും പർവ്വതങ്ങൾ തല ഉയർത്തി നിൽക്കുന്ന ഒരു താഴ്വര. അവിടത്തെ അന്തരീക്ഷവും കാലാവസ്ഥയും ശരീരപ്രകൃതിക്കു യോജിച്ചതല്ല. കഠിനമായ ചൂടിൽ കുടിക്കാൻ വെള്ളം പോലുമില്ല. ആപൽഘട്ടങ്ങളിൽ ആശ്വാസം തേടാൻ ജനവാസമില്ല. മനസ്സിന് ശാന്തിയും സമാധാനവും പകരാത്ത വിജനമായ ചുററുപാട്. അപ്പോഴാണ് അല്ലാഹുവിൻെറ കൽപനവരുന്നത്: ഇത്തരത്തിലുള്ള ഒരു താഴ്വരയിൽ തൻെറ അബലയായ ഭാര്യയേയും, മുലകുടിക്കുന്ന പിഞ്ചോമനയേയും അല്ലാഹുവിൽമാത്രം ഭാരമേൽപ്പിച്ചുകൊണ്ട്, അവൻെറ ആജ്ഞയനുസരിച്ച് വിദൂരദേശങ്ങളിൽപോയി സത്യത്തിൻെറ സന്ദേശം എത്തിക്കുക. പ്രസ്തുത കൽപന അനുസരിക്കുന്നതിനു ചില ഉപാധികളും കൂടിയുണ്ടായിരുന്നു: പൂർണ്ണമായ സംതൃപ്തിയുണ്ടായിരിക്കുക, വേദനയും വ്യാകുലതയും പാടില്ല, ഭയമോ അങ്കലാപ്പോ അരുത്, മടിയും ക്ഷീണവും ബാധിക്കാതെ സൂക്ഷിക്കണം, മനോദൗർബല്യമോ ദൈവ വാഗ്ദാനത്തിൽ സംശയമോ ഉണ്ടാകരുത്. മറിച്ച്, മനുഷ്യൻെറ ശീലങ്ങളോടു സമരം, പ്രകൃതിയോടു വിയോജിപ്പ്, കാര്യകാരണങ്ങളോട് പൊരുത്തക്കേട്, അദൃശ്യതയിൽ വിശ്വാസം, പാദങ്ങൾ പതറുകയും ധാരണകൾ ഇടറുകയും ചെയ്യുമ്പോൾ അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസം തുടങ്ങിയ ഗുണങ്ങൾ വേണം.

കല്പന എന്തു തന്നെയായാലും അനുസരിക്കാൻ ബാദ്ധ്യസ്ഥനായി അദ്ദേഹം ഇറങ്ങിത്തിരിച്ചു. അതോടെ സ്വാഭാവികമായും സംഭവിക്കേണ്ടത് സംഭവിച്ചു. പിപാസയാൽ പിടയുന്ന പിഞ്ചു പൈതൽ. ഉമ്മക്കും സഹിക്കവയ്യാത്ത ദാഹമുണ്ട്: കഠിനമായ ദാഹത്താൽ കാലിട്ടടിക്കുകയും നാവ് നീട്ടുകയും ചെയ്യുന്ന തൻെറ കരളായ, ചോദിക്കാനും പറയാനും പ്രായമെത്താത്ത ഒരു ചോരക്കുഞ്ഞിൻെറ കരച്ചിൽ കേട്ടപ്പോൾ ആ മാതൃഹൃദയം പിടഞ്ഞു. പക്ഷേ തൻെറ കുഞ്ഞിനു കൊടുക്കാൻ ആ മണൽക്കാട്ടിൽ വെള്ളമെവിടെ? അഴുക്ക് നിറഞ്ഞ ചെറിയ ചെറിയ കുഴികൾ അവിടവിടെയുണ്ടായിരുന്നു. അതിലും ഒ[illegible]ില്ല. എന്ത് ചെയ്യും? താനും ഓമന മകനും

ത്തിൽ പിടഞ്ഞു മരിക്കുന്ന അപകടരംഗം മുന്നിൽ കണ്ട വാത്സല്യനിധിയായ മാതാവ് ഓടാൻ തുടങ്ങി. വെള്ളമുള്ള കുഴിയോ, സാർത്ഥവാഹസംഘമോ കണ്ടെത്തുക. അതിനുവേണ്ടി അവർ അബോധാവസ്ഥയിൽ രണ്ടു പർവ്വതങ്ങളുടെ ഇടയിലൂടെ കിതച്ചു കൊണ്ട് ഓടി. ഓരോ പർവ്വതത്തിന്റെയും ശിഖരത്തിൽ കയറുമ്പോൾ ദാഹിച്ചു പിടയുന്ന തന്റെ കുട്ടിയുടെ സ്ഥിതി അറിയാൻ ആകാംക്ഷയുണ്ടാകുന്നു. അതു മരിച്ചുപോയോ! അതോ ജീവിച്ചിരിപ്പുണ്ടോ?! ഉടനെ കുട്ടിയുടെ അടുത്തേക്ക് തിരിക്കുന്നു. ഹാ! കുട്ടിക്കു ജീവനുണ്ട്. വീണ്ടും വെള്ളത്തിനായി അതെ പർവ്വതമുകളിലേക്കു തന്നെ ഓടുന്നു. ഏതെങ്കിലും നിലക്ക് വെള്ളമുള്ള വ്യക്തിയെയോ, സ്ഥലമോ കണ്ടു മുട്ടിയാൽ രക്ഷപ്പെട്ടു. ഒരു ഭാഗത്ത് പ്രകൃതി മാർഗ്ഗത്തിന്റെ പ്രേരണയും മറുഭാഗത്ത് 'ഈമാനി'ന്റെ സാന്ത്വനവുമാണ്. അതിന്റെ മദ്ധ്യത്തിൽ അവർ അസ്വസ്ഥയാണ്. പക്ഷേ, ഒരു പ്രവാചകന്റെ ഭാര്യയും മറ്റൊരു പ്രവാചകന്റെ ഉമ്മയുമായ അവർക്കറിയാം: 'പ്രകൃതി മാർഗ്ഗത്തിലൂടെ വെള്ളം തെരയൽ 'ഈമാനി'നും 'തവക്കലി'നും വിരുദ്ധമല്ല. നിരാശയില്ലാത്ത പരക്കം പാച്ചിലാണ്; അതെ സമയം അല്ലാഹുവിൽ അചഞ്ചലമായി വിശ്വസിക്കുകയും ചെയ്യുന്നു. ആ വിശ്വാസം അദ്ധ്വാനിക്കാതെയുള്ള അന്ധമായ 'തവക്കലേ'ല്ല ഇത് പോലുള്ളൊരു രംഗം ലോകം അന്നുവരെ ദർശിക്കാത്തതാണ്. അല്ലാഹുവിന്റെ അനുഗ്രഹം അവിടെ അത്ഭുതകരമായ രൂപത്തിൽ പ്രകടമായി. അമാനുഷികമായ മാർഗ്ഗത്തിലൂടെയായിരുന്നു ആ നീരുറവ അന്നവിടെ പൊട്ടി ഒഴുകിയത്. ഒരിക്കലും വറ്റുകയോ, കുറവു വരികയോ ചെയ്യാത്ത, അന്ത്യനാൾ വരെയുള്ള ഉറവിടമാണ് 'സംസം' എന്ന പേരിൽ ഇന്നും നിലനിൽക്കുന്നത്. നില്ക്കാതെ പ്രവഹിക്കുന്ന ആ വെള്ളം ഭുവനനിവാസികൾക്ക് മുഴുവനും മതിയായതാണ്. എല്ലാ സ്ഥലത്തേക്കും കാലത്തേക്കും മതിയായ വെള്ളമായിത്തീർന്നു അത് മാനവരാശിക്ക് മുഴുവനും അതിൽ ശാന്തിയും ശമനവുമുണ്ട്. അല്ലാഹു അതിൽ പുണ്യവും അനുഗ്രഹവും നിക്ഷേപിച്ചു.

നിഷ്കളങ്കയും സത്യവിശ്വാസിനിയുമായ ഒരു സ്ത്രീയിൽനിന്ന് യാദൃശ്ചികമായി പുറപ്പെട്ട ആ ചലനത്തെ അല്ലാഹു ബോധപൂർവ്വം നിർവ്വഹിക്കേണ്ട ഒരു ലാലായിത ചലനമായി നിശ്ചയിച്ചു. എക്കാലത്തുമുള്ള ബുദ്ധിരാക്ഷസരും, തത്വചിന്തകരും, രാജാധിരാജൻമാരും, രാഷ്ട്രമീമാംസകരുമെല്ലാം ആ ചലനത്തെ ബോധപൂർവ്വം നിർബന്ധമായി അനുകരിച്ചേ പററൂ. അതെ, അല്ലാഹുവിനെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന എല്ലാ സജ്ജനങ്ങളുടെയും ലക്ഷ്യസ്ഥാനവും, 'പ്രണയ' സങ്കേതവുമായ ഈ രണ്ടു പർവ്വതങ്ങളുടെ മദ്ധ്യത്തിൽ 'സഅയ്' ചെയ്യാതെ അവരുടെ ആരുടെയും ഹജ്ജ് സ്വീകാര്യമാവുകയില്ല. ഈ 'സഅ്യ്' ഒരു സത്യവിശ്വാസിയുടെ ഐഹികജീവിതത്തിൻെറ ഉത്തമമായ അഭിനയമാണ്. അവൻെറ ജീവിതത്തിൻെറ മറെറാരു പതിപ്പ് എന്നും അതിനെ വിശേഷിപ്പിക്കാം. കാരണം ബുദ്ധിയുടെയും വികാരത്തിൻെറയും സമുച്ചയമാണ് മനുഷ്യൻ. അവൻ ജീവിത സുഖങ്ങളും പ്രശ്നങ്ങളും പൂർണ്ണമായി പരിഹരിക്കാൻ അഭയവും അവലംബവുമായി കാണുന്നത് ബുദ്ധിയെയാണ്. എന്നാൽ അഖില പ്രശ്നങ്ങറംക്കും ബുദ്ധിയുടെ സഹായം തേടുന്ന മനുഷ്യൻ ചില സന്ദർഭങ്ങളിൽ പ്രശ്നപരിഹാരത്തിന് തൻെറ വികാരത്തിനുമുമ്പിലും തല കുനിക്കേണ്ടിവരുന്നു, അതു ബുദ്ധിയെക്കാറം ആഴവും ശക്തവുമാണ്. നോക്കൂ കാമിതവസ്തുക്കറം, കമനീയമായ ചുററുപാടുകറം, ആഡംബരപ്രമത്തമായ അന്തരീക്ഷം എല്ലാം വലയം ചെയ്ത ഒരു ലോകത്താണ് മനുഷ്യൻ ജീവിക്കുന്നത്. പക്ഷെ, അവയുടെയെല്ലാം സമീപത്തുകൂടെ സഫാ മർവായുടെ മദ്ധ്യേ ഓടുന്നതുപോലെ അവൻ കടന്നുപോകുന്നു. എവിടെയും തങ്ങാതെ, ഒന്നിലേക്കും തിരിഞ്ഞു നോക്കാതെ, വളരെ ധൃതിയിൽ മുമ്പോട്ടു ഗമിക്കുകയാണ്. അവൻെറ പ്രധാന ചിന്തയും ലക്ഷ്യവും തൻെറ ഗേഹം; തൻെറ ഭാവി; അതുമാത്രം. ജീവിതം നാഥനെ അനുസരിക്കാനും, മുൻഗാമികളെ പിൻപററാനുമുള്ള ഏതാനും എണ്ണപ്പെട്ട മണിക്കൂറുകളാണ്. ആ മണിക്കൂറുകളിലെ അന്വേഷണ തൃഷ്ണയും ജീവിക്കാനുള്ള 'നെട്ടോട്ടവും ഈമാനിനെതിരല്ല. അല്ലാ

www.abulhasanalinadwi.org

ഹുവിലുള്ള അചഞ്ചലവിശ്വാസത്തിനോ, 'തവക്കൽ' മനോഭാവത്തിന്നോ അത് തടസ്സവുമല്ല. ഇതെല്ലാമാണ് പ്രസ്തുത ലാലസത്തോടെയുള്ള ബോധപൂർവ്വ ചലനം അവനെ പഠിപ്പിക്കുന്നത്. എന്നു പറഞ്ഞാൽ ആ ചലനത്തിന്റെ മുഴുവൻ വിലയും, ആന്തരിക സന്ദേശവും രണ്ടേ രണ്ടു പദങ്ങളിൽ നമുക്ക് ചുരുക്കാം; ''പ്രേമം'' ''അനുസരണം''.

ഈ കുട്ടി സമർത്ഥനായ ബാലനായി വളർന്നുവന്നു. പിതാവിന്റെ പ്രതീക്ഷയും പ്രത്യാശയും പിടിച്ചുപററാൻ പ്രായമായി. തന്റെ പിതാവിന്റെകൂടെ ഓടിച്ചാടി നടക്കും. ആ പിതാവും ഒരു പൂർണ്ണ മനുഷ്യനായിരുന്നു. അദ്ദേഹത്തിനും മാനുഷികമായ വികാരവും വിചാരവുമുണ്ട്. തന്റെ കരളിന്റെ കഷണവും കണ്ണിന്റെ കുളിർമ്മയുമാണ് ആ ബാലൻ; ആശയും ആവേശവുമാണ്. ഇവിടെയാണ് പ്രശ്നമുദിക്കുന്നത്. കാരണം അദ്ദേഹത്തിന്റെ ഹൃദയം അവക്രവും ശുദ്ധവുമാണ്. ദൈവസ്നേഹത്തിന്റെ പ്രതീകമാണ്. അതു സാധാരണ എല്ലാ മനുഷ്യരുടെയും ഹൃദയം പോലെയുള്ള ഒന്നല്ല. ''പരമകാരുണികന്റെ കൂട്ടാളി''യുടെ ഹൃദയം. പ്രേമത്തിന് കണ്ണില്ല; അതിന് തുല്യമായി മറെറാന്നുമില്ല. ഇത് സാധാരണ നാം പറയുന്നത് ഒരു മനുഷ്യൻ മറെറാരു മനുഷ്യനെ സ്നേഹിക്കുമ്പോഴാണ്. അപ്പോൾ ദൈവ സ്നേഹത്തിന്റെ അവസ്ഥ എന്തായിരിക്കും. ഒരു വശത്ത് തന്റെ നാഥനായ അല്ലാഹുവിനോടുള്ള അവാച്യമായ അനുരാഗം. മറുവശത്ത് തന്റെ ആവേശമായ പിഞ്ചു ബാലനോടുള്ള സ്നേഹം. ഇവിടെയാണ് കൂടുതൽ അനുരാഗം ആരോട് എന്ന പ്രശ്നമുദിക്കുന്നത്. അതാ ഇബ്രാഹീം (അ) ന് തന്റെ പ്രിയ പുത്രനെ ബലിയറുക്കണമെന്ന് സ്വപ്നദർശനമുണ്ടാകുന്നു. സ്വപ്നം പ്രവാചകൻമാരുടെ ദിവ്യദർശനമാണ്. പല പ്രാവശ്യം അദ്ദേഹത്തിന് സൂചനകൾ ലഭിച്ചു. അവസാനം അത് നിർവ്വഹിക്കപ്പെടേണ്ട കാര്യംതന്നെയാണെന്ന് ബോധ്യം വന്നു. അങ്ങനെ തന്റെ പുത്രനെ അരികിൽ വിളിച്ചു കാര്യം പറഞ്ഞു. കാരണം അല്ലാഹുവിന്റെ ഈ കൽപ്പന നിർവഹിക്കണമെങ്കിൽ പുത്രന്റെകൂടി സ്ഥൈര്യവും ധൈര്യവും, സഹകരണവും ആവ

www.abulhasanalinadwi.org

ശ്യമാണ്. എന്നാൽ ദൈവകൽപ്പന, അതെന്തുതന്നെയായാലും അനുസരിക്കാനുള്ള ത്യാഗമനസ്ഥിതിയും അർപ്പണബുദ്ധിയുമാണ് പിതാവ് പുത്രനിൽ കാണുന്നത്. അങ്ങനെ ആകാതിരിക്കാൻ എന്താണ് ന്യായം? അവൻ ഒരു പ്രവാചകനാണ്, ഒരു പ്രവാചകൻെറ പുത്രനാണ്, ഒരു പ്രവാചകൻെറ പ്രപിതാവുമാണ്.* "അദ്ദേഹം പറഞ്ഞു: 'കുഞ്ഞുമോനേ, ഞാൻ നിന്നെ അറുക്കണമെന്ന് സ്വപ്നം കാണുന്നു, നീ എന്താണഭിപ്രായപ്പെടുന്നത്?' മകൻ പറഞ്ഞു: എൻെറ ബാപ്പാ! നിങ്ങളോട് കൽപ്പിക്കപ്പെടുന്നത് ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ ഞാൻ സഹനശാലികളിൽപ്പെട്ടവനാണെന്ന് നിങ്ങൾക്ക് കാണാം."

മനുഷ്യബുദ്ധി നിഷേധിക്കുന്ന ഏററവും വലിയ രംഗമാണിത്. തൻെറ സ്നേഹനിധിയും സമർത്ഥനുമായ പുത്രൻെറ കൂടെ ഒരു പിതാവ് പുറപ്പെടുന്നു. ആ വാത്സല്യഭാജനത്തെ അറുക്കുക എന്നതാണദ്ദേഹത്തിൻെറ ലക്ഷ്യം. തൻെറ നാഥൻെറയും, പിതാവിൻേറയും കല്പനയെ എങ്ങനെ അനുസരിക്കാതിരിക്കുമെന്ന ചിന്തയോടെ കുട്ടിയും അനുഗമിക്കുന്നു. രണ്ടുപേരും അല്ലാഹുവിനെ മാത്രം അനുസരിച്ചുകൊണ്ടാണ് പോകുന്നത്. അപ്പോഴതാ മനുഷ്യനെ എല്ലാവിധ സൗഭാഗ്യത്തിൽ നിന്നും തടയുന്ന, ദുർമാർഗ്ഗത്തിൻെറ മാത്രം പ്രേരകനായ പിശാച് അവിടെ പ്രത്യക്ഷപ്പെടുന്നു. അല്ലാഹുവിൻെറ കല്പനയെ ധിക്കരിപ്പിക്കാൻ അവൻ സകല അടവുകളും പയററി നോക്കുന്നു. ഓരോരുത്തരെയും മാറിമാറി ഉപദേശിച്ചു, ഫലിച്ചില്ല. മാലാഖമാർ അന്ധാളിക്കുന്ന, മനുഷ്യരും ജിന്നുകളും അത്ഭുതം നിറഞ്ഞ കണ്ണുകളോടെ നോക്കി നില്ക്കുന്ന ഒരു രംഗമാണവിടെ നാം

---

* قال يا بني اني ارى فى المنام انى اذبحك فانظر ماذا ترى قال يا ابت افعل ما تؤمر ستجدنى انشاء الله من الصابرين: الصافات ١٠٣

www.abulhasanalinadwi.org

കാണുന്നത്. സൗന്ദര്യവും ആകർഷകവും മുറ്റി നിൽക്കുന്ന, പ്രതീക്ഷയുടെ പ്രതീകമായ ഒരു നിഷ്കളങ്ക ബാലൻെറ കണ്ഠനാളത്തിൽ അവൻെറ സ്നേഹസമ്പന്നനായ പിതാവ് കത്തിവെക്കുന്നു! അല്ലാഹു ഉദ്ദേശിച്ചതു സംഭവിക്കുകതന്നെ ചെയ്തു. ആ പിതാവിൻെറ ഉദ്ദേശ്യം തൻെറ പുത്രനെ ചിത്രവധം നടത്തലായിരുന്നില്ല. മറിച്ച്, തൻെറ ദൈവ സ്നേഹത്തോട് മത്സരിക്കുന്ന മറ്റൊരു സ്നേഹം ആ ശുദ്ധമനസ്സിൽ കുടികൊണ്ടിരുന്നു. അത് വേരോടെ അറുത്തുകളയണം. ഇസ്മാഈൽ ഇവിടെ ജനിച്ചത് ജീവിക്കുവാനാണ്. സംഭവബഹുലമായ ജീവിത കഥകൾകൊണ്ട് ചരിത്രത്തിൻെറ താളുകൾ നിറക്കാനാണ്. തലമുറകളുടെ പിതാവാകാനും സന്തതി പരമ്പരകൾക്ക് ജൻമം നൽകാനുമാണ്. പ്രവാചക പ്രവരൻമാരുടെ നേതാവും അന്തിമനുമായ ഒരു വ്യക്തി ആ സന്താനപരമ്പരയിലൂടെയാണിവിടെ ജനിക്കേണ്ടത്. അപ്പോൾ പിന്നെ എങ്ങനെ അദ്ദേഹം അറുക്കപ്പെടും?! അല്ലാഹുവിൻെറ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കപ്പെടാതെ എങ്ങനെ അദ്ദേഹം മരിക്കും?! അതിനാൽ അദ്ദേഹത്തിൻെറ സ്ഥാനത്ത് ബലിയറുക്കാൻ സ്വർഗത്തിൽ നിന്നൊരു ആടിനെ അല്ലാഹു പകരമാക്കി. അദ്ദേഹത്തിൻെറ അനുയായികളായ പിൻതലമുറക്കാരിൽ എന്നെന്നും അവരെ ര ഷിക്കുന്ന ഒരാചാരമായി അതിനെ നിലനിർത്തി. ഈ "മഹത്തായ ബലി"യുടെ സ്മരണയെ അയവിറക്കാനും പുതുക്കുവാനും ഹാജിമാർ അറവു ദിനങ്ങളിൽ മൃഗബലി നടത്തുന്നു. അല്ലാഹുവിൻെറ മാർഗത്തിൽ തങ്ങളുടെ ധനം ചെലവു ചെയ്യൽ മുഖേനയുള്ള ബലി* "അങ്ങനെ അവർ രണ്ടാളും അനുസരിക്കുകയും അദ്ദേഹം മകനെ ചെന്നിയുടെ ഭാഗത്തേ

* فَلَمَّا أَسْلَمَا وَتَلَّهُ لِلْجَبِينِ ۝ وَنَادَيْنَاهُ أَنْ يَا إِبْرَاهِيمُ ۝ قَدْ صَدَّقْتَ الرُّؤْيَا إِنَّا كَذَٰلِكَ نَجْزِي الْمُحْسِنِينَ ۝ إِنَّ هَٰذَا لَهُوَ الْبَلَاءُ الْمُبِينُ ۝ وَفَدَيْنَاهُ بِذِبْحٍ عَظِيمٍ ۝ وَتَرَكْنَا عَلَيْهِ فِي الْآخِرِينَ ۝ سَلَامٌ عَلَىٰ إِبْرَاهِيمَ ۝

سورة الصافات : ١٠٣ _ ١٠٩

www.abulhasanalinadwi.org

ക്കെ ചരിച്ചു കിടത്തുകയും ചെയ്തപ്പോൾ! നാം അദ്ദേഹത്തോട് വിളിച്ചുപറഞ്ഞു: ഓ, ഇബ്രാഹീം! നീ സ്വപ്നം വിശ്വസിച്ചിരിക്കുന്നു. നിശ്ചയം നാം നിഷ്കളങ്കൻമാർക്ക് ഇവ്വിധം പ്രതിഫലം നൽകുന്നതാണ്. നിശ്ചയം ഇതു തന്നെയാണ് വ്യക്തമായ പരീക്ഷണം. മഹത്തായ ഒരു ബലിമൃഗത്തെ അദ്ദേഹത്തിന് നാം പ്രായശ്ചിത്തമാക്കി. പിൻഗാമികളിൽ അദ്ദേഹത്തിന്റെ സൽപേരു നാം നിലനിർത്തുകയും ചെയ്തു. ഇബ്രാഹീമിനു സലാം''.

ഹ: ഇബ്രാഹീ (അ) മും പിശാചും തമ്മിൽ ഉണ്ടായ ഏററുമുട്ടലിന്റെ കഥ അല്ലാഹു അനശ്വരമാക്കി. ഏതൊരു സ്ഥലത്തുവെച്ചാണോ പിശാച് അദ്ദേഹത്തിന്റെ പ്രവർത്തനമാർഗ്ഗത്തിൽ വിഘ്നം സൃഷ്ടിക്കാൻ ഒരുങ്ങിപുറപ്പെട്ടത്, അതെ സ്ഥലത്ത് ഏററവും ശ്രേഷ്ഠമായ നാളുകളിൽ ഹാജിമാർ കല്ലെറിഞ്ഞുകൊണ്ട് പ്രസ്തുത സംഭവം ആവർത്തിക്കുവാൻ കൽപ്പിക്കപ്പെട്ടു. പിശാചിനോടുള്ള വെറുപ്പും വിദ്വേഷവും ഹാജിയുടെ മനസ്സിൽ സൃഷ്ടിക്കുക, അവനോടുള്ള ധിക്കാരവും അനുസരണക്കേടും പ്രകടിപ്പിക്കുക എന്നതാണ് ഇവിടെ ഉദ്ദേശ്യം. ഒരു വിശ്വാസി വളരെയധികം വികാരഭരിതനാകുന്ന രംഗമാണിത്. അവന് അവാച്യമായൊരനുഭൂതിയും നവ്യമായൊരാവേശവും കൈവരുന്നു. പക്ഷേ, അവന്റെ വിശ്വാസം യഥാർത്ഥ വിശ്വാസമായിരിക്കണം; ഗ്രാഹ്യശക്തി അവികലവും അവക്രവുമായിരിക്കണം; ആജ്ഞകളെ അനുസരിക്കാനുള്ള അഭിവാഞ്ഛ പരിപൂർണ്ണമായിരിക്കണം. 'താൻ തിൻമയുടെ ശക്തിയുമായി ഒരു പോരാട്ടത്തിലാണ്, അതിനാൽ പിശാചിനോടും അവന്റെ സൈന്യത്തോടും അവിരാമമായി അടരാടണം, അവനെ എവിടെ കണ്ടാലും എറിഞ്ഞോടിക്കുകയും അവഹേളിക്കുകയും ചെയ്യാതെ ഈ രണാങ്കണത്തിൽ വിജയമില്ല' എന്ന വിശ്വാസം അടിയുറച്ചവനിൽ മാത്രമെ ആ അനുഭൂതിയും വികാരവും ഉണ്ടാവുകയുള്ളു.

കാലചക്രം കറങ്ങി. ഇസ്മാഈലിന്റെ ബാല്യദശ പിന്നിട്ടു. ആരോഗ്യവാനായ ഒരു യുവാവായി വളർന്നുകഴിഞ്ഞു. അല്ലാഹു അദ്ദേഹത്തിന് 'നുബുവത്തും' നേതൃ

www.abulhasanalinadwi.org

ത്വവും പ്രദാനം ചെയ്തു. ഹ: ഇബ്റാഹീമിന്റെ പ്രധാന പ്രവർത്തനങ്ങളും ഏകദേശം സുവർണ്ണദശയിലെത്തി. അതിന്ന നാട്ടിലെങ്ങും നല്ല സ്വീകരണവും പ്രചാരവും ലഭിച്ചു. അതോടെ അവർക്ക് അവലംബിക്കാൻ പററുന്ന, വിശ്വാസത്തിന് പോഷണവും ശക്തിയും ലഭ്യമാകുന്ന ഒരു കേന്ദ്രത്തിന്റെ ആവശ്യമുണ്ടായി. അന്ന് ഭൂമുഖത്ത് ധാരാളം രാജധാനികളും വിഗ്രഹമണ്ഡപങ്ങളുമുണ്ട്; പക്ഷേ, അതെല്ലാം രാജാക്കൻമാരുടെ ആർഭാടകേന്ദ്രങ്ങളും പിശാചിന്റെ പൂജാമണ്ഡപങ്ങളുമായിരുന്ന. എന്നാൽ അല്ലാഹുവിന്റെ ഭൂമിയിൽ അവനെ മാത്രം ആരാധിക്കാൻ പററുന്ന ഒരു മന്ദിരം എവിടെയുമില്ലായിരുന്നു. തീർത്ഥാടകരായ ഭക്തജനങ്ങൾക്ക് സന്ദർശിക്കാനും അല്ലാഹുവിനെ മാത്രം ആരാധിക്കാനും പററിയ, നിഖില നിഷിദ്ധങ്ങളിൽനിന്നും മുക്തവും പവിത്രവുമായ ഒരു മന്ദിരം! ഈ ഘട്ടമായപ്പോഴേക്കും ഇബ്റാഹീ (അ) മിന്റെ മതപ്രവർത്തനം ശക്തിപ്രാപിക്കുകയും മുസ്ലിം സമുദായത്തിന് തന്റെ പാവനമായ തൃക്കരങ്ങൾകൊണ്ട് അടിത്തറ പാവുകയും ചെയ്തിരുന്ന. അപ്പോഴാണ് ഹ: ഇബ്റാഹീം (അ) ന് അല്ലാഹുവിന്റെ കൽപ്പന വരുന്നത്. അവനെ മാത്രം ആരാധിക്കപ്പെടുകയും, ജനങ്ങളുടെ നിർഭയഗേഹവും പ്രതിഗമന സങ്കേതവുമായി വർത്തിക്കുകയും ചെയ്യുന്ന ഒരു മന്ദിരം നീ പടുത്തുയർത്തുക, അത് അല്ലാഹുവിന്റെ വീടായിരിക്കും. അങ്ങനെ ബാഹ്യഘടനയിൽ വളരെ സാധാരണവും അനാഡംബരവും, ആന്തരികഘടനയിൽ അത്യുന്നതവും പരമ പവിത്രവുമായ ആ ആദരണീയ മന്ദിരത്തിന്റെ പണി ആരംഭിച്ചു. കല്ലുകൾ വഹിച്ചു കൊണ്ടുവരുന്നതിലും മണ്ണു കുഴച്ച് പടുത്തുയർത്തുന്നതിലും വാപ്പയും മകനും പ്രകടിപ്പിച്ച ആത്മാർത്ഥത അല്ലാഹു പറഞ്ഞുതരുന്നത് കാണുക:* ‘‘ഇബ്റാഹീ

---

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ ﴿١٢٧﴾ رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَ
مِن ذُرِّيَّتِنَا أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا إِنَّكَ أَنتَ التَّوَّابُ الرَّحِيمُ ﴿١٢٨﴾ البقرة : ١٢٧، ١٢٨

www.abulhasanalinadwi.org

മും ഇസ്മാഈലും ആ മന്ദിരത്തിന്റെ അസ്തിവാരം പടുത്തുയർത്തുമ്പോൾ 'ഞങ്ങളുടെ നാഥാ ഞങ്ങളിൽനിന്ന് നീ സ്വീകരിക്കേണമേ, നിശ്ചയം നീതന്നെയാണ് കേൾക്കുന്നവനും അറിയുന്നവനും' (എന്ന് പ്രാർത്ഥിച്ചു). ഞങ്ങളിരുവരെയും നിനക്ക് കീഴടങ്ങിയവരാക്കേണമേ! ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിക്കേണമേ! നിശ്ചയം നീ തന്നെയാണ് വളരെയധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയും.''

ഭൂമുഖത്ത് മറ്റൊരു ഗേഹത്തിനും കണ്ടെത്താൻ കഴിയാത്ത, നിസ്തുലമായ 'ഈമാനിലും ഇഖ്ലാസി' (വിശ്വാസവും നിസ്വാർത്ഥതയും) ലുമാണ് ഈ ഗേഹം പടുത്തുയർത്തിയത്. അപ്പോൾ അല്ലാഹു അതിനെ നല്ല നിലയിൽ സ്വീകരിച്ചു. കാലാതിവർത്തിത്വവും, രാമണീയകത്വവും പ്രദാനം ചെയ്തു. ഗാംഭീര്യത്തിന്റെയും സൗന്ദര്യത്തിന്റെയും പുടവകൾ അതിനെ അണിയിച്ചു. ജനഹൃദയങ്ങളെ അതു വശീകരിച്ചു. അവരുടെ ആശാകേന്ദ്രവും അഭയസങ്കേതവുമായി അതു മാറി. ഹൃദയത്തെ ആകർഷിക്കുകയും വലിച്ചെടുക്കുകയും ചെയ്യുന്ന ഒരു കാന്തശക്തിയായി അല്ലാഹു അതിനെ നിലനിർത്തി. നാഗരികതയുടെ ഒച്ചപ്പാടുകളോ ബഹളങ്ങളോ ഇല്ലാതെ അതു നിലകൊണ്ടു. അവിടെ പ്രകൃതിസൗന്ദര്യമാസ്വദിക്കാനൊന്നുമില്ല. നയനങ്ങൾക്ക് കുളിർമയും ഹൃദയങ്ങൾക്ക് ശാന്തിയും പ്രദാനം ചെയ്യുന്ന കാഴ്ചവസ്തുക്കളില്ല. എന്നിട്ടും ആളുകൾ അങ്ങോട്ടു പ്രവഹിക്കുന്നു. അവർ തങ്ങളുടെ മുഴുവൻ ധനവും കാമിതവസ്തുക്കളും ചെലവുചെയ്തിട്ടെങ്കിലും ആ ദേവാലയം ഒരു നോക്ക് കാണണമെന്നാഗ്രഹിക്കുന്നു, അങ്ങനെ വീടിന്റെ പണി പൂർത്തിയായപ്പോൾ അതാ ഒരശരീരി. അല്ലാഹുവിന്റെ കൽപ്പന:* ''ഹജ്ജിന് വരാൻ ജന

---

* و اذن فى الناس بالحج يأتوك رجالا و على كل ضامر يأتين من كل فج عميق ليشهدو امنافع لهم و يذكروا اسم الله فى ايام معلومات على ما

www.abulhasanalinadwi.org

ങ്ങളോട് നീ വിളിച്ചുപറയുക. അവർക്ക് ഉപകാരപ്രദമായ പലതിലും സന്നിഹിതരാകാനും, അല്ലാഹു അവർക്ക് കൊടുത്ത കന്നുകാലികളുടെ മേൽ അറിയപ്പെട്ട ഏതാനും ദിവസങ്ങളിൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കാനും – നടന്നും വിദൂരദേശങ്ങളിൽ നിന്ന് വരുന്ന ക്ഷീണിച്ചു മെലിഞ്ഞ ഒട്ടകത്തിന് പുറത്ത് കയറിയും–അവർ നിന്റെയടുക്കൽ വരും. അങ്ങനെ അതിൽ നിന്ന് നിങ്ങൾ തിന്നുകയും ബുദ്ധിമുട്ടനുഭവിക്കുന്ന ദരിദ്രനെ തീറ്റുകയും ചെയ്യുക. അനന്തരം അവർ തങ്ങളുടെ അഴുക്ക് നീക്കിക്കളയുകയും, നേർച്ചകൾ വീട്ടുകയും ആ പുരാതന ഗേഹത്തെ പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ''.

ഹ:ഇബ്റാഹീം (അ) ന്റെ കാലഘട്ടത്തിൽ മാനവലോകം കാര്യകാരണബന്ധങ്ങളുടെ അടിമകളായിരുന്നു. ആവശ്യത്തിലേറെ അതിൽ അവർ വിശ്വാസമർപ്പിച്ചു. അതിനെ സ്വയം പര്യാപ്തവും, അന്യാശ്രയരഹിതവുമായ ഒരു സ്വതന്ത്ര ശക്തിയായി കണ്ടു. പ്രകൃതി ശക്തിയെ അവർ അല്ലാഹുവിന് തുല്ല്യമായ മറ്റൊരു ശക്തിയായി അവരോധിക്കുകയും വിശ്വസിക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിനെ കൂടാതെ അവർ ആരാധിച്ചു പോന്ന വിഗ്രഹങ്ങൾക്ക് പുറമെ വേറൊരു ''വിഗ്രഹ''മായിട്ടാണ് അദ്ദേഹം അതിനെ കണ്ടത്. അഖില ബിംബങ്ങളെയും തകർക്കുക; ശുദ്ധമായ തൗഹീദ് സ്വീകരിക്കുക, സമസ്ത പ്രപഞ്ചത്തെയും ചൂഴ്ന്നു നില്ക്കുന്ന അല്ലാഹുവിന്റെ അപാരമായ കഴിവിനെ കുറിച്ചു പ്രബോധനം ചെയ്യുക; നാം കാണുന്ന പ്രകൃതികൾ, കാര്യകാരണബന്ധങ്ങൾക്കെല്ലാമുള്ള ശക്തികൾ അതിന്റെ സ്രഷ്ടാവായ അല്ലാഹു കൊടുത്തതാണ്; അഖില വസ്തുക്കളെയും ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചവനാണവൻ; ഇവിടെ കാര്യങ്ങൾക്കെല്ലാം കാരണങ്ങൾ കൊടുക്കുന്നതും കാരണങ്ങളിൽ

---

-رزقهم من بهيمة الانعام فكلوا منها و اطعموا البائس الفقير . ثم
ليقضوا تفثهم و ليوفوا نذورهم و ليطوفوا بالبيت العتيق الحج:٢٨،٢٩

www.abulhasanalinadwi.org

നിന്ന് കാര്യങ്ങളെ ഒഴിവാക്കുന്നതും അവനാണ്; വസ്തുക്കളെ അതിൻെറ വിപരീത ഗുണങ്ങളിൽ നിന്ന് സൃഷ്ടിക്കുകയും എന്നിട്ട് അവൻ ഉദ്ദേശിച്ച വേറെ ചില ഗുണങ്ങൾക്ക് അവയെ കീഴ്പ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. ഇതായിരുന്നു ഇബ്രാഹീം(അ) ൻെറ പ്രബോധനവും വിശ്വാസവും. എന്നാൽ പ്രകൃതി ശക്തിയിൽ അമിതമായി വിശ്വസിച്ചിരുന്ന ജനത പറഞ്ഞു: * "നിങ്ങൾ വല്ലതും ചെയ്യുന്നവരാണെങ്കിൽ ഇവനെ നിങ്ങൾ കരിക്കുകയും, നിങ്ങളുടെ ദൈവങ്ങളെ നിങ്ങൾ സഹായിക്കുകയും ചെയ്യുവിൻ". പക്ഷേ അഗ്നി അല്ലാഹുവിൻെറ കൽപ്പനകൾക്കധീനമാണെന്നും, കരിക്കുക എന്ന ഗുണം അതിന്ന് വേണ്ടി അത് സ്വയം സൃഷ്ടിച്ചതല്ലെന്നും ഭസ്മീകരണ സ്വഭാവം മാത്രമല്ല അതിനുള്ളത് എന്നും ഇബ്രാഹീം (അ) വിശ്വസിച്ചിരുന്നു. സാധനങ്ങൾ ചുട്ടു നശിപ്പിക്കാനുള്ള അഗ്നിയുടെ കഴിവ് സൂക്ഷിക്കാൻ ഏല്പിക്കപ്പെട്ട ഒരു "അമാനത്ത്" മാത്രമാണ്. ആ കഴിവിൻെറ കടിഞ്ഞാൺ അതിൻെറ ദാതാവായ അല്ലാഹു ഉദ്ദേശിക്കുമ്പോൾ അയച്ചിടുകയും, ചുരുക്കിക്കൊണ്ടു വരികയും, വിപരീത ഗുണങ്ങളിലേക്ക് മാററിമറിക്കുകയും ചെയ്യും. അത്കൊണ്ടാണ് അദ്ദേഹം ദൃഢചിത്തനും ശാന്തമനസ്കനുമായി അഗ്നിയിലേക്ക് പ്രവേശിച്ചത്. വിശ്വസിച്ചത് പോലെ അവിടെ സംഭവിക്കുകയും ചെയ്തു:** "ഓ അഗ്നി, നീ ഇബ്രാഹീമിന് തണുപ്പും രക്ഷയുമാകുവിൻ എന്ന് നാം പറഞ്ഞു. അവർ അദ്ദേഹത്തെ ചതിക്കാൻ ഉദ്ദേശിച്ചു. അപ്പോൾ അവരെ നാം ഏററവും നഷ്ടക്കാരാക്കി."

ഫലസമൃദ്ധമായ തോട്ടങ്ങളും, കുത്തിഒഴുകുന്ന കൊച്ചരുവികളുമുള്ള പ്രദേശത്ത് മാത്രമേ താമസിക്കാൻ പററൂ എന്നാ

---

* حَرِّقُوهُ وَانصُرُوا آلِهَتَكُمْ إِن كُنتُمْ فَاعِلِينَ ﴿٦٨﴾ (الانبياء : ٦٨)

** قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ ﴿٦٩﴾ وَأَرَادُوا بِهِ كَيْدًا فَجَعَلْنَاهُمُ الْأَخْسَرِينَ ﴿٧٠﴾ (الانبياء : ٦٩-٧٠)

www.abulhasanalinadwi.org

യിരുന്നു ആ ജനതയുടെ വിശ്വാസം. അവർ തങ്ങളുടെ മക്കൾക്കും, കുടുംബത്തിനും താമസിക്കാൻവേണ്ടി തെരഞ്ഞെടുത്തത് നദീതീരങ്ങളും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളും, കൈത്തൊഴിലും കച്ചവടവും ചെയ്ത് ജീവിക്കാൻ പററുന്ന ജനവാസകേന്ദ്രങ്ങളുമായിരുന്നു. എന്നാൽ ഇബ്രാഹീം (അ) അവരിൽ കട്ടപിടിച്ച ഈ വിശ്വാസത്തിനെതിരെ വിപ്ലവം നടത്തി. അദ്ദേഹം തൻെറ പത്നിയും പുത്രനുമടങ്ങുന്ന ചെറിയ കുടുംബത്തെ കൊണ്ടുപോയി ജനശൂന്യമായ, വെള്ളംപോലുമില്ലാത്ത, വരണ്ടതാഴ്വരയിൽ താമസിപ്പിച്ചു. അനന്തരം കാര്യകാരണ ബന്ധങ്ങൾക്കതീതമായ മാർഗ്ഗത്തിലൂടെ അവർക്ക് ഭക്ഷണവും പാനീയവും പഴവർഗ്ഗങ്ങളും എത്തിച്ചുകൊടുക്കാനും, ജനഹൃദയങ്ങളെ അങ്ങോട്ടാകർഷിക്കുവാനും അല്ലാഹുവിനോട് പ്രാർത്ഥിച്ചു:' * ''ഞങ്ങളുടെ നാഥാ, എൻെറ മക്കളിൽ ചിലരെ, അവർ നമസ്ക്കാരം നിലനിർത്താൻ, ഒരു കൃഷിയുമില്ലാത്ത താഴ്വരയിൽ നിൻെറ വിശുദ്ധ ഭവനത്തിനടുത്ത് ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ നാഥാ! അതിനാൽ മനുഷ്യരിൽ ചിലരുടെ ഹൃദയങ്ങളെ നീ അവരുടെ നേരെ വശ്യമാക്കണമേ! ഫലവർഗ്ഗങ്ങളിൽനിന്ന് അവർക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ! അവർ നന്ദിയുള്ളവരായേക്കാം.''

ഈ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. അവർക്ക് ആഹാരവും നിർഭയത്വവും അവൻ നൽകി. ആ നാടിനെ എല്ലാവിധ അനുഗ്രഹങ്ങളുടെയും, ഫലവർഗ്ഗങ്ങളുടെയും കേ

---

* رَبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلَاةَ فَاجْعَلْ أَفْئِدَةً مِّنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُم مِّنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ ۝

سورة ابراهيم : ٣٧

www.abulhasanalinadwi.org

ന്ദ്രമായി നിശ്ചയിച്ചു:* "നിർഭയമായ ഒരു പുണ്യഭൂമിയെ അവർക്ക് നാം സൗകര്യപ്പെടുത്തികൊടുത്തില്ലേ? അവരുടെ അഹോവൃത്തിക്ക് നാനാവിധ ഉൽപന്നങ്ങളും നമ്മിൽ നിന്നുള്ള ആഹാരമായി അവിടെ കൊണ്ടുവരപ്പെടുന്നു. പക്ഷേ, അവരിൽ ഭൂരിപക്ഷവും അറിയുന്നില്ല."** "ഉപജീവനംകൊടുത്തുകൊണ്ട് വിശപ്പിൽനിന്ന് അവരെ രക്ഷിക്കുകയും, ഭയത്തിൽനിന്ന് അവർക്ക് സമാധാനം നൽകുകയും ചെയ്ത ഈ വീട്ടുടമയെ അവർ ആരാധിക്കട്ടെ." ദാഹിച്ചുവലഞ്ഞവന് തൊണ്ട നനക്കാൻപോലും വെള്ളമില്ലാത്ത ഒരു മരുപ്പറമ്പിൽ ഇബ്രാഹീം (അ) തന്റെ കുടുംബത്തെ കൊണ്ടുപോയി താമസിപ്പിച്ചു. അപ്പോഴതാ ആ മണൽക്കാട്ടിൽ ഉറവിടം പൊട്ടി ഒഴുകി. അതിന്റെ പ്രവാഹം നിലക്കാത്തതായിരുന്നു. അന്നു മുതൽ ഇന്നുവരെയുള്ള ജനകോടികൾ അതുവേണ്ടുവോളം കുടിച്ചു. വിദൂരദേശക്കാർ തങ്ങളുടെ നാടുകളിലേക്ക് വഹിച്ചുകൊണ്ടുപോയി. വിജനമായ ഒരു മരുപ്രദേശത്ത് അദ്ദേഹം തന്റെ കുടുംബത്തെ ഉപേക്ഷിച്ചു. പക്ഷേ, വളരെയൊന്നും കാലങ്ങൾ പിന്നിട്ടില്ല; അപ്പോഴേക്കും അതൊരു ജനവാസകേന്ദ്രമായി വളർന്നുവന്നു. ഭൂമിയുടെ എല്ലാഭാഗത്തുനിന്നും ജനലക്ഷങ്ങൾ അങ്ങോട്ടു പ്രവഹിക്കാൻ തുടങ്ങി.

ഇങ്ങനെ ഇബ്രാഹീ (അ) മിന്റെ ജീവിതം തന്റെ കാലഘട്ടത്തിലെ അമിതമായ ഭൗതിക കാഴ്ചപ്പാടിനെതിരിലുള്ള ഒരു വെല്ലുവിളിയായിരുന്നു. പ്രകൃതി നിയമ

---

* أَوَلَمْ نُمَكِّن لَّهُمْ حَرَمًا آمِنًا يُجْبَىٰ إِلَيْهِ ثَمَرَاتُ كُلِّ شَيْءٍ رِّزْقًا مِّن لَّدُنَّا وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٥٧﴾ القصص

** فَلْيَعْبُدُوا رَبَّ هَٰذَا الْبَيْتِ ﴿٣﴾ الَّذِي أَطْعَمَهُم مِّن جُوعٍ وَآمَنَهُم مِّنْ خَوْفٍ ﴿٤﴾ القريش

www.abulhasanalinadwi.org

ങ്ങളെ പൂജിക്കുകയും, അതിനെ അല്ലാഹുവിന് പുറമെ 'ആരാധിക്ക'പ്പെടുന്ന ഒരു 'വിഗ്രഹ'മാക്കുകയും ചെയ്ത ജനങ്ങളെ അദ്ദേഹം പരാജയപ്പെടുത്തി. അല്ലാഹുവിൻെറ അജയ്യ ശക്തിയിൽ അദ്ദേഹം അചഞ്ചലമായി വിശ്വസിച്ചു. അവൻെറ തീരുമാനമാണ് മററെല്ലാ തീരുമാനത്തേക്കാരം ഉപരിയായി നിലകൊള്ളുന്നത് എന്ന അദ്ദേഹത്തിൻെറ 'ഈമാൻ' അടിപതറാത്തതായിരുന്നു. അതിനനുസരിച്ച് അല്ലാഹുവും തൻെറ പ്രകൃതിനിയമങ്ങളെ കീഴ്പ്പെടുത്തുകയും മാററിമറിക്കുകയും ചെയ്തു. ഭൗതികചക്ഷുസ്സുകൾക്ക് കണ്ടെത്താൻ കഴിയാത്ത രഹസ്യങ്ങൾ, ആ പ്രകൃതി നിയമങ്ങൾക്ക പകരമായി അവൻ വെളിപ്പെടുത്തി.

## ഹജ്ജ് ഇബ്റാഹീം (അ) ൻെറ പ്രവർത്തനങ്ങളുടെ സ്മാരകസൗധം; അദ്ധ്യാപനങ്ങളുടെ നവീകരണവും

ഹജ്ജും അതിൻെറ അനുഷ്ഠാന കർമ്മങ്ങളും അതിനെപ്പററിയുള്ള സ്മരണകളും, സംഭവ കഥകളും, ഹാജിയുടെ അനാഡംബരമായ വേഷവും, വിവിധ സന്ദർഭങ്ങളിലും സ്ഥലങ്ങളിലും നിർവ്വഹിക്കുന്ന–ഇഹ്റാം, വുഖൂഫ്, ഇഫാസത്ത്, റജ്മ്, സഅ്യ്, തവാഫ്, തുടങ്ങിയ–ആരാധനാ കർമ്മങ്ങളും യഥാർത്ഥത്തിൽ മഹാനായ ഇബ്റാഹീം (അ) നടത്തിയ തൗഹീദ് പ്രചരണത്തെയും, കാര്യകാരണ ബന്ധങ്ങളുടെ നിഷേധത്തെയും, അല്ലാഹുവിലുള്ള 'തവക്കുലി'നെയും അവൻെറ മാർഗ്ഗത്തിലുള്ള അർപ്പണബോധത്തെയും, ശീലങ്ങളോടും ആചാരങ്ങളോടുമുള്ള സമരമനസ്ഥിതിയെയും എല്ലാം തന്നെ തലമുറകളിലൂടെ ലോകത്ത് സ്മരിക്കപ്പെടാനും ജനപദങ്ങൾ അതിൽനിന്ന് ആവേശമുൾക്കൊള്ളാനും വേണ്ടിയുള്ളതാണ്. ഇബ്റാഹീം (അ) ൻെറ അചഞ്ചലമായ 'ഈമാനും' അവാച്യമായ അനുരാഗവും, അദ്വിതീയമായ ആത്മാർത്ഥതയും, അകളങ്കമായ അർപ്പണബോധ

www.abulhasanalinadwi.org

വുമെല്ലാം ഓരോ വ്യക്തിയും പുതുതായി മനസ്സിലാക്കുകയും അതനുസരിച്ച് സ്വന്തം പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉന്നതമായ ഈ ആശയങ്ങളും ആത്മീയ മൂല്യങ്ങളും ഉൾക്കൊണ്ട ഹജ്ജ് കർമ്മം, മനുഷ്യനിർമ്മിതമായ ദേശീയ–സാമുദായിക–വർഗ്ഗീയ വ്യവസ്ഥിതികളെ മുഴുവനും നിഷ്പ്രഭമാക്കിക്കൊണ്ട്, മനുഷ്യനെ മനുഷ്യനായി കാണുന്ന, ഇസ്ലാമിക സാഹോദര്യത്തെ വിളിച്ചറിയിക്കുന്നു. ഏതു കാലത്തും, ദേശത്തുമുള്ള മനുഷ്യനെയും ഹജ്ജ് പഠിപ്പിക്കുന്നത് ഇബ്രാഹിം (അ) ലോകത്ത് കൊണ്ടുവന്ന സന്ദേശത്തിന്റെ ധ്വജവാഹകനാകാനും അദ്ദേഹം സ്വീകരിച്ച ജീവിതരീതി അനുധാവനം ചെയ്യാനുമാണ്: *

''നിങ്ങളുടെ പിതാവ് ഇബ്രാഹിമിന്റെ മതമാണിത്. ഇതിന്മുമ്പും ഇതിലും നിങ്ങൾക്ക് മുസ്ലിംകൾ എന്ന് അല്ലാഹു പേരിട്ടിരിക്കുന്നു. ദൂതൻ നിങ്ങൾക്ക് സാക്ഷിയും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളും ആവാൻവേണ്ടി. അതുകൊണ്ടു നിങ്ങൾ നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവീൻ. അവൻ നിങ്ങളുടെ യജമാനനാണ് അവൻ എത്ര നല്ല യജമാനൻ! അവൻ എത്ര നല്ല സഹായി!''

---

* مِلَّةَ أَبِيكُمْ إِبْرَاهِيمَ هُوَ سَمَّاكُمُ الْمُسْلِمِينَ مِن قَبْلُ وَفِي هَٰذَا لِيَكُونَ الرَّسُولُ شَهِيدًا عَلَيْكُمْ وَتَكُونُوا شُهَدَاءَ عَلَى النَّاسِ فَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَاعْتَصِمُوا بِاللَّهِ هُوَ مَوْلَاكُمْ فَنِعْمَ الْمَوْلَىٰ وَنِعْمَ النَّصِيرُ (الحج)

www.abulhasanalinadwi.org

## ചരിത്രത്തിലെ നവീനാദ്ധ്യായം; മനുഷ്യത്വത്തിൻെറ വിഭജനരീതിയും

ഹ: ഇബ്റാഹീം നബി (അ) യും, അവിടുത്തെ ദിവ്യ പ്രബോധനവും, ധീരമായ ധർമ്മസമരവും മാനവചരിത്ര ത്തിൻെറ ഏടുകളിൽ പ്രകാശനിർഭരമായി നിലകൊള്ളുന്ന ഒരു അദ്ധ്യായമാണ്. ഇബ്റാഹീം (അ) മിൻെറ ജീവിതകഥ ഒരു ചരിത്രത്തെ മററൊരു ചരിത്രത്തിൽനിന്നും വേർതിരി ക്കുന്നു. മന്വന്തരങ്ങളിലൂടെ നിരന്തരമായി നിലനിൽക്കുന്ന രണ്ടുതരം മനുഷ്യരെ അതു വ്യക്തമായി വരച്ചുകാണിക്കു ന്നുണ്ട്. ഒരു യുഗത്തിൻെറ തുടക്കവും മററൊരു യുഗത്തി ൻെറ ഒടുക്കവുമാണ് അത്. 'അനശ്വരവാക്യ'ത്തിൻെറയും ശാശ്വത നേതൃത്വത്തിൻെറയും പ്രണേതാവായി ഇബ്റാഹീം (അ) തെരഞ്ഞെടുക്കപ്പെട്ടു. ലോകത്തുള്ള പ്രവാചകത്വ പദവിയുടെയും, ദിവ്യബോധനത്തിൻെറയും, മതനേതൃത്വ ത്തിൻെറയും കുത്തക അദ്ദേഹത്തിൻെറ സന്തതിപരമ്പരയിൽ എന്നെന്നേക്കുമായി നിക്ഷേപിച്ചു. സത്യാസത്യങ്ങളെ വേർ തിരിക്കാനുള്ള സന്ധിയില്ലാ സമരത്തിൻെറ ചൂമതല അല്ലാ ഹു ആ മഹാനുഭാവൻെറ കുടുംബക്കാരിലും അനുയായിക ളിലും സ്ഥായിയായി നിലനിർത്തി. പ്രപഞ്ചനാഥൻെറ സന്ദേശം മാനവരാശിക്ക് എത്തിച്ചുകൊടുക്കുക, കാററിലും കോളിലും പെട്ട് ആടി ഉലയുലയുന്ന ഈ മനുഷ്യവർഗ്ഗ മെന്ന കപ്പലിനെ കരക്കടുപ്പിച്ചു രക്ഷിക്കുക. അണയാൻ പോകുന്ന സൻമാർഗ്ഗദീപത്തെ സുരക്ഷിതമായി കാത്തു സൂക്ഷിക്കുക തുടങ്ങിയ മഹത്തായ ഉത്തരവാദിത്വമാണവർ ക്ക് നിർവഹിക്കാനുള്ളത്. ചുരുക്കത്തിൽ നരകജീവിത ത്തിൽനിന്നും, നാശോൻമുഖമായ ചുററുപാടുകളിൽ നിന്നും ജനസഞ്ചയത്തെ രക്ഷിക്കുക എന്ന കനത്ത ഉത്തരവാദിത്വനിർ വഹണത്തിനുവേണ്ടി അല്ലാഹു തെരഞ്ഞെടുത്ത വിമോചക നും കാവൽഭടനുമാണ് ഹ: ഇബ്രാഹീം (അ).

## മാനവ ലോകത്തിൻെറ നിലനിൽപ്പ്

ഇബ്രാഹീം (അ) നട്ടുവളർത്തിയ ആദർശവും, വിശ്വാ സ സംഹിതയുമെല്ലാം അനശ്വരവും നവ്യവുമായി നിലനിൽ

www.abulhasanalinadwi.org

ക്കാൻ കൂട്ടുതലൊന്നും വേണ്ട; അദ്ദേഹത്തിന്റെ അനുയായികൾ വാർഷികസമ്മേളനമായി മക്കയിൽ നിർവഹിക്കുന്ന ഹജ്ജും, അതിനോടു ബന്ധപ്പെട്ട കാര്യങ്ങളും മാത്രം മതി. എന്നാൽ പ്രസ്തുത ആദർശത്തിന്റെ നിലനിൽപ് മാത്രമല്ല അതിലുള്ളത്, മറിച്ച് ഈ സമുദായത്തിന്റെയും മാനവ ലോകത്തിന്റെ തന്നെയും നിലനിൽപ്പും രക്ഷയും അല്ലാഹു അതിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്,* "കഅബ: എന്ന പരിശുദ്ധ ദേവാലയം അല്ലാഹു ജനങ്ങളുടെ നിലനിൽപായി നിശ്ചയിച്ചു. പരിശുദ്ധമാസം, ബലിമൃഗങ്ങൾ, വിശേഷിച്ചും അടയാളം കെട്ടിയ ബലിമൃഗങ്ങൾ എന്നിവയെയും (അല്ലാഹു നിലനിൽപാക്കി) ആകാശത്തിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നു, (എന്നല്ല) അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്—എന്ന് നിങ്ങൾ മനസ്സിലാക്കുവാനായിട്ടാണത്."

## സൻമാർഗ്ഗ ദർശനത്തിന് ഒരു ശാശ്വത കേന്ദ്രം

അദ്ദേഹത്തിനുശേഷം കാലം വളരെ കഴിഞ്ഞു. ഇസ്ലാമിന്റെയും അനശ്വരമായ മുഹമ്മദീയ ദൗത്യത്തിന്റെയും നാളുകൾ വന്നു. അതോടെ ആ പരിശുദ്ധ ഗേഹം ആത്മശാന്തിയുടെയും, വികാരശമനത്തിന്റെയും, സത്യപ്രസ്ഥാനത്തിന്റെയും, സൻമാർഗ്ഗ ദർശനത്തിന്റെയുമെല്ലാം ആഗോള കേന്ദ്രമായിത്തീർന്നു. അതിന്റെ ചുററും ഹജ്ജിന്റെ കർമ്മങ്ങൾ നിർവ്വഹിക്കപ്പെടുന്നു; 'അനുരാഗഭ്രമ'ത്തിന് അറുതി വരുത്തുന്നു; കറുത്തിരുണ്ട ഹൃദയത്തിന്റെ അകത്തളങ്ങൾ അതുമൂഖേന പ്രഫുല്ലമാകുന്നു; കറപുരണ്ട് ചാർ

---

*جَعَلَ اللّٰهُ الْكَعْبَةَ الْبَيْتَ الْحَرَامَ قِيٰمًا لِّلنَّاسِ وَالشَّهْرَ الْحَرَامَ وَالْهَدْيَ وَالْقَلَآئِدَ ذٰلِكَ لِتَعْلَمُوْٓا اَنَّ اللّٰهَ يَعْلَمُ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ وَاَنَّ اللّٰهَ بِكُلِّ شَيْءٍ عَلِيْمٌ

المائدة

www.abulhasanalinadwi.org

ജജ് തീർന്ന ഹൃദയ ബാററററികളെ അത് ശുദ്ധിയാക്കി ചാർജജ് ചെയ്യുന്നു; സമുദായം മുഴുവനും തങ്ങളുടെ മതത്തിന്റെ സന്ദേശങ്ങളും വിജ്ഞാനങ്ങളും ആ കേന്ദ്രത്തിൽ നിന്നാണ് കരസ്ഥമാക്കുന്നത്. എല്ലാ വർഷവും ലോക മുസ്ലിംകൾ അതിന്റെ ചുററും സമ്മേളിച്ചുകൊണ്ട് നിർബന്ധമായ സ്നേഹത്തിന്റെയും, വിനയപ്രകടനത്തിന്റെയും, അനുസരണത്തിന്റേയുമെല്ലാം കടമകൾ നിർവഹിക്കുകയും 'നികുതി'കൾ വീട്ടുകയും ചെയ്യുന്നു. അല്ലാഹു നൽകിയ ഈ ബലിഷ്ഠമായ കയറിനോടും ശക്തമായ സ്തംഭത്തോടും ഉള്ള ബന്ധം സുദൃഢമാക്കി മുന്നോട്ടു നീങ്ങുന്നു. സമുദായത്തിലെ ലോകവിജിഗീഷുക്കളും വിജ്ഞാനസാഗരങ്ങളും, ബുദ്ധിരാക്ഷസൻമാരും, രാഷ്ട്രമീമാംസകരും, രാജാധിരാജൻമാരും, ധനികരും, ദരിദ്രരുമെല്ലാം ആ ദേവാലയത്തിനു ചുററും അറിവോടും ബോധത്തോടുംകൂടി പ്രദക്ഷിണം ചെയ്യുന്നു. അദമ്യമായ അനുരാഗത്തോടും വികാരവായ്പയോടുംകൂടിയാണ് അവർ അതു ചെയ്തു തീർക്കുന്നത്. അവർ ഏകകണ്ഠമായി അംഗീകരിക്കുകയും ഏററുപറയുകയും ചെയ്യുന്നത് ഒന്നു മാത്രമാണ്. അല്ലാഹുവേ! ഞങ്ങൾ പലതിലും വ്യത്യസ്ത ചിന്താഗതിക്കാരാണ്; എങ്കിലും ഞങ്ങൾ ഒന്നാണ്. വിവിധ ദേശക്കാരാണ്; എങ്കിലും ഇതാ ഒരു ദേശത്ത് സമ്മേളിച്ചിരിക്കുന്നു. ഞങ്ങളുടെ ഗോത്രങ്ങളും വർണ്ണങ്ങളും ഭാഷകളും വേഷങ്ങളും വ്യത്യസ്തങ്ങളാണ്; എന്നിരുന്നാലും ഞങ്ങളുടെ വിചാരവും വികാരവും ഒന്നാണ്. ഞങ്ങളെല്ലാം സമ്പന്നരാണ്, എങ്കിലും സാധുക്കളാണ്. എന്നാൽ മറെറാരർത്ഥത്തിൽ സമ്പന്നരുമാണ്. ജീവിതസുഖങ്ങൾക്കും അഹോവൃത്തിക്കും വിവിധ നാടുകളിലും വിദൂര ദേശങ്ങളിലും ഞങ്ങൾ കഴിച്ചുകൂട്ടുന്നു. ഇത് പറയുന്ന അവർ പല സംസ്കാരങ്ങളോടും നാഗരികതകളോടും ഇഴുകിചേർന്നിട്ടുണ്ട്. ഇപ്പോഴിതാ അവരെല്ലാം ഒരേ ബിന്ദുവിൽ ഏകോപിച്ചിരിക്കുന്നു. ഒരേ ഒരു ബിന്ദുവിന് ചുററും പ്രദക്ഷിണം ചെയ്യുന്നു. അവരുടെ എല്ലാവരുടെയും ജീവിതം പ്രദക്ഷിണം, ഓട്ടം, ബലി, വിശ്വാസം തുടങ്ങിയ ഏതാനും ആരാധനാ കർമ്മങ്ങളിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. അവരുടെ

www.abulhasanalinadwi.org

എല്ലാവരുടെയും താമസസ്ഥലം മിനാ, അറഫാ, മുതലായ ഹജ്ജിന്റെ പ്രധാന സങ്കേതങ്ങളാണ്. ലക്ഷ്യത്തിലേക്കുള്ള അനുസ്യൂതപ്രവാഹത്തിലാണവർ. തങ്ങളുടെ സ്നേഹഭാജനമായ രാജാധിരാജനെ കണ്ടുമുട്ടുന്നതുവരെ നിരന്തരമായ അദ്ധ്വാനത്തിലും, പുതിയ പുതിയ കൂടികാഴ്ചകളിലും, പരിചയങ്ങൾ സ്ഥാപിക്കുന്നതിലും മാർഗ്ഗങ്ങളും സങ്കേതങ്ങളും കണ്ടുപിടിക്കുന്നതിലും മുഴുകി അവർ മുമ്പോട്ട് ഗമിച്ചുകൊണ്ടേയിരിക്കുന്നു.

## പ്രവാചകന്റെ പട്ടണത്തിലേക്കും പാവനമായ പള്ളിയിലേക്കും

ഹജ്ജും അതിനോടു ബന്ധപ്പെട്ട കർമ്മങ്ങളും കഴിഞ്ഞ ശേഷം ഒരു മുസൽമാനു പ്രവാചക പ്രവരൻ അന്ത്യവിശ്രമം കൊള്ളുന്നതും, ഇസ്ലാമിന്റെ അഭയകേന്ദ്രവുമായ മദീനയിലേക്ക് പോകാൻ ആഗ്രഹമുണ്ടാവുക സ്വാഭാവികമാണ്. (പ്രത്യേകിച്ചും വിദൂര ദേശങ്ങളിൽനിന്ന് ധാരാളം പ്രതിബന്ധങ്ങളും യാതനകളും താണ്ടിക്കടന്ന് വന്നവർക്ക്) ഭൂമുഖത്ത് ഇസ്ലാമിന്റെ ശക്തിദുർഗ്ഗമായി വർത്തിച്ചതും സൻമാർഗ്ഗത്തിന്റെയും വിജ്ഞാനത്തിന്റെയും പ്രഫുല്ല കിരണങ്ങൾ പ്രവഹിച്ചതുമായ പ്രവാചകന്റെ പള്ളിയിലേക്ക് പോകാൻ അവന്റെ മനസ്സ് വെമ്പുകയാണ്. ഇസ്ലാം അതിന്റെ ജൻമനാട്ടിൽനിന്ന് പുറന്തള്ളപ്പെട്ടപ്പോൾ അഭയം കണ്ടെത്തിയതും, ആദ്യകാല ഇസ്ലാമിക ചരിത്രത്തിലെ സുവർണ്ണനാളുകൾ അരങ്ങേറിയതും അവിടെയാണ്. ആ മണ്ണിൽ സഹാബാകിറാമിന്റെ ചെഞ്ചോരയും ബാഷ്പകണങ്ങളും അലിഞ്ഞുചേർന്നിട്ടുണ്ട്. മദീനയിൽ എത്തിയാൽ ആ പള്ളിയിൽ അവൻ നമസ്കരിക്കുന്നു. മററുള്ള ഏതൊരു പള്ളിയിലും നിർവ്വഹിക്കപ്പെടുന്ന ആയിരം 'റക്അത്തി'നേക്കാൾ ഉത്തമമാണ് അതിൽ നമസ്കരിക്കുന്ന ഒരു 'റക്അത്ത്.'*

---

* നബി (സ) പറഞ്ഞതായി അബൂഹുറൈറ: (റ) ഉദ്ധരിക്കുന്നു: "എന്റെ ഈ പള്ളിയിലുള്ള ഒരു നമസ്കാരം മസ്ജിദുൽ ഹറാമല്ലാത്ത ലോകത്ത് മററേതൊരു പള്ളിയിൽ നിർവ്വഹിക്കപ്പെടുന്ന ആയിരം നമസ്കാരത്തേക്കാൾ ഉത്തമമാണ്." (ബു:മു)

www.abulhasanalinadwi.org

അനന്തരം ശുഹദാക്കളും, സിദ്ദീഖുകളും, നല്ലവരിൽ നല്ലവരായ ആദ്യ കാലക്കാരും കഴിച്ചുകൂട്ടിയ ഓരോ സങ്കേതങ്ങളിലും അവൻ സാവധാനം സഞ്ചരിക്കുന്നു. ആ കേന്ദ്രങ്ങളിൽനിന്നെല്ലാം ഇസ്‌ലാമിക മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കാനുള്ള മനസ്ഥിതിയും സത്യം, സഹനം, ധീരത,പൗരുഷം,''അനുരാഗം'',വിശ്വാസം തുടങ്ങിയ അമൂല്യ ഗുണങ്ങൾ കരസ്ഥമാക്കാനുള്ള ആവേശവും ഉൾക്കൊള്ളുന്നു. ഏതൊരു പ്രവാചകന്റെ ജിഹാദും പ്രബോധനവും മൂലമാണോ അവൻ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും, സൃഷ്ടിയെ ആരാധിക്കുന്നതിൽനിന്നു സ്രഷ്ടാവിനെ ആരാധിക്കുന്നതിലേക്കും ഐഹിക ദുരിതങ്ങളിൽനിന്ന് സമൃദ്ധിയിലേക്കും കടന്നുവന്നത്, അതെ പ്രവാചകനുവേണ്ടി അവൻ 'സലാത്ത്' ചൊല്ലുകയും 'സലാം' പറയുകയും ചെയ്യുന്നു. ഏതൊരു മുസ്‌ലിമും തന്റെ ജീവിതത്തിൽ മനുഷ്യത്വത്തിന്റെ വില മനസ്സിലാക്കുകയും 'ഈമാനി'ന്റെ മധുരിമ ആസ്വദിക്കുകയും ചെയ്യുന്ന ആദ്യത്തെ അവസരമായിരിക്കും അത്.

## മത നിയമങ്ങൾ അവികലമായി നിലനിറുത്തുന്നതിൽ ഈ വാർഷിക സമ്മേളനത്തിന്റെ പ്രാധാന്യം

ഇസ്‌ലാമിക സമൂഹത്തിന് അതിന്റേതായ തനിമയുണ്ട്; പരിശുദ്ധിയും പവിത്രതയുമുണ്ട്; അടിത്തറയും മൂല മാതൃകയും ഉറവിടവുമുണ്ട്; അതെല്ലാം വികലമാകാതെ, അവ്യക്തതയും കൈകടത്തലുകളും കടന്നുകൂടാതെ കാത്തു സൂക്ഷിക്കണം. തലമുറ തലമുറകളായി അതിന്റെ അടിത്തറ തെററാതെ, നൈസർഗ്ഗികത കൈവിടാതെ, ഉറവിടത്തിൽനിന്ന് വഴുതിപ്പോകാതെ ഭദ്രമായി കൈമാറണം. എന്നാൽ ഇതിൽനിന്നെല്ലാം വഴിതെററിക്കാൻ (ഗതകാല സമുദായക്കാരെ വേട്ടയാടിയ അതേ) ശത്രുക്കൾ ഇന്നും ഇവിടെ തങ്ങളുടെ ഗൂഢതന്ത്രങ്ങൾക്ക് മൂർച്ചകൂട്ടികൊണ്ടിരിക്കുന്നു. കൂടാതെ മതം പഠിപ്പിച്ചതും വരച്ചു കാണിച്ചതും പോരാ.

www.abulhasanalinadwi.org

സ്വന്തമായി എന്തെങ്കിലും തങ്ങളുടെ വകയും വേണം എന്ന ചിന്താഗതിയുള്ള അതിർലംഘനവാദികളായി ഒരു വിഭാഗം എക്കാലത്തുമുണ്ട്, ഇത്തരം സാഹചര്യങ്ങളിൽ ഇസ്ലാമിന്റെ തനിമ നഷ്ടപ്പെടാതെ ഏകതാനതയിൽ അതിനെ പിടിച്ചു നിർത്തുന്നതിൽ ഹജ്ജിന് അതുല്യമായ ശക്തിയുണ്ട്. പ്രസ്തുത ശക്തി മറെറാരു വസ്തുവിലും നമുക്ക കണ്ടെത്താൻ കഴിയുകയില്ല. ഹജ്ജിന്റെ കർമ്മങ്ങളും 'മനാസിക്കു'കളും മുഖേന അനശ്വരവും അപ്രതിഹതവുമായ ഈ സമുദായം ഇന്നും ഇബ്രാഹീം നബി (അ) ന്റെ അതെ പ്രകൃതിയും,സ്നേഹവും,വിശ്വാസവും, വികാരവുമെല്ലാം യാതൊരു കേടും കൂടാതെ നിലനിർത്തുന്നു. ഒരു തലമുറയിലും അതിന് മാററം വന്നിട്ടില്ല. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഹജ്ജ് നിരന്തരമായി സങ്കോചിക്കുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ശക്തമായൊരു ഹൃദയമാണ്. ഈ സമുദായത്തിന്റെ സകല സിരകളിലേക്കും അതു രക്തം പമ്പു ചെയ്യുന്നു. അതുകൊണ്ടാണ് ഈ സമുദായം ഒന്നായി ഒരു സ്ഥലത്തു കൂടിച്ചേരാനും ആത്മപരിശോധന നടത്താനും ആഗ്രഹിക്കുന്നത്. അപ്പോൾ അതിർലംഘകരും,അജ്ഞാനികളും, സ്വാർത്ഥംഭരികളുമായ ആളുകൾ കടത്തികൂട്ടിയ വൈകല്യങ്ങളും 'ഖുറാഫാത്തു'കളും പണ്ഡിതൻമാരും നേതാക്കളും ചൂണ്ടിക്കാണിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ സത്യത്തിൽനിന്ന് വ്യതിചലിച്ച ആളുകൾക്ക് സത്യവും സംശുദ്ധവുമായ 'ഇബ്രാഹീമി' പാന്ഥാവും 'മുഹമ്മദീയ ശരീഅത്തും' മനസ്സിലാക്കാൻ അവസരം ലഭിക്കുന്നു. ശരിയായ മാനദണ്ഡമനുസരിച്ചു തങ്ങളുടെ മതാചാരങ്ങളെ ക്രമപ്പെടുത്താനും മുറിച്ചെടുക്കാനും അവർക്ക് സന്ദർഭമുണ്ടാകുന്നു. തങ്ങളുടെ സാംസ്കാരികവും ബൗദ്ധികവും മതപരവുമായ ഐക്യം സുദൃഢമായി അവർ നിലനിർത്തുന്നു.

'ഇബ്രാഹീമീമില്ലത്തി'ന്റെയും 'മുഹമ്മദീയ ശരീഅത്തിന്റെയും ബദ്ധവൈരികളായ സാമുദായികത്വവും, പ്രാദേശികത്വവും നാമാവശേഷമാക്കപ്പെടുന്നു. ഗതകാല സമുദായങ്ങളെയും മതങ്ങളെയും നശിപ്പിച്ചത് അവയായിരുന്നുവല്ലോ.

www.abulhasanalinadwi.org

വിവിധ നാടുകളിലും വ്യത്യസ്ത ചുററുപാടുകളിലു മാണ് അജയ്യമായ ഈ സമുദായം കഴിഞ്ഞു കൂടുന്നത്. അ തിനാൽ ദുർഘടങ്ങളായ പല വൈതരണികളും ദശാസന്ധി കളും അതിന് തരണം ചെയ്യേണ്ടതുണ്ട്. ചിലപ്പോൾ ചല നവും സജീവതയുമുണ്ടെങ്കിൽ മററു ചിലപ്പോൾ നിശ്ചല ത്വവും നിർജജീവതയും; ചിലപ്പോൾ കഠിനവും കടുപ്പവു മുള്ള മത്സരമാണെങ്കിൽ വേറെ ചിലപ്പോൾ രാഷ്ട്രീയമോ ഭൗതികമോ ആയ വേലിയേററം; ചിലപ്പോൾ സാംസ്കാരി കമോ നാഗരികമോ ആയ പുരോഗതിയുണ്ടെങ്കിൽ മററു ചി ലപ്പോൾ അതിൻെറ അധോഗതി; ചിലപ്പോൾ സമ്പൽ സമൃ ദ്ധിയുടെയും സുഖസൗകര്യങ്ങളുടെയും ആഢംബരത്തിൻെറ യുമെല്ലാം അനായാസകരമായ അവസ്ഥ; വേറെ ചിലപ്പോൾ ക്ളേശത്തിൻെറയും കഷ്ടപ്പാടിൻെറയുമെല്ലാം ആയാസം; മററു ചിലപ്പോൾ ശക്തരായ ശത്രുക്കളുടെയും സേച്ഛാ ധിപതികളുടെയും കനത്ത പീഢനം. ഇങ്ങനെ വളരെയധി കം പ്രശ്നങ്ങളും പ്രയാസങ്ങളും നിറഞ്ഞതാണ് സംഭവബ ഹുലമായ അതിൻെറ സഞ്ചാരസരണി. അതിനാൽ നിരന്ത രമായി പ്രകാശം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന 'ഈമാനി' ൻെറ ഈ തീപ്പന്തം അതിനാവശ്യമാണ്. സമുദായത്തിലെ ഓരോ അംഗത്തിലും അവയവത്തിലും കെട്ടടങ്ങിക്കിടക്കുന്ന പ്രേമത്തിൻെറയും ദൈവ സ്നേഹത്തിൻെറയും വികാരം അത് ആളിക്കത്തിക്കണം. ഈ അടിസ്ഥാനത്തിൽ എല്ലാ വർഷവും സമുദായ വൃക്ഷത്തിലെ ഓരോ ശാഖയും തളിർ ക്കുകയും പൂക്കുകയും ചെയ്യുന്ന ഒരു വസന്തകാലമാണ് ഹ ജ്ജ്. ആഗോള മുസ്ലിംകൾ ഈ മഹത്തായ ആരാധനയ്ക്ക ശേഷം ചൈതന്യത്തോടെ പുത്തൻ പുടവയണിഞ്ഞു വീണ്ടും ജീവിതക്കളരിയിൽ ഇറങ്ങുന്നു.

ഇസ്ലാമിക ശരീഅത്തിൻെറ യുക്തിരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുകയും ഗഹനമായ ചിന്താശകലങ്ങൾ പ്രദാനം ചെയ്യുകയും ചെയ്ത ശാഹ് വ ലിയ്യുല്ലാഹിദ്ദഹ്ലവി ഈ തത്വത്തിലേക്ക് വിരൽ ചൂണ്ടു ന്നത് കാണുക:

www.abulhasanalinadwi.org

"ഏതൊരു ഭരണകൂടത്തിനും കുറെ കാലത്തിനുശേഷം ഒരു യോഗംകൂടി നിലവിലുള്ള ഭരണത്തെക്കുറിച്ചൊരു വിലയിരുത്തൽ ആവശ്യമാണ്. അധികാരത്തിലുള്ളവരുടെ നീതിയും അനീതിയും തിരിച്ചറിയാൻ ഇതു സഹായിക്കുന്നു. ഉത്തരവാദിത്വമുള്ളവനും ഉത്തരവാദിത്വമില്ലാത്തവനും ആരെന്ന് മനസ്സിലാകും. വഞ്ചകനാരെന്നും ഗുണകാംക്ഷി ആരെന്നും വ്യക്തമാകും. അതോടെ ഭരണകൂടത്തിൻെറ പേരും പ്രസിദ്ധിയും പ്രചരിക്കുന്നു. ആളുകൾ പരസ്പരം ബന്ധപ്പെടുവാനും അറിയാനും സന്ദർഭം ലഭിക്കുന്നു. ഹജ്ജിൻെറ രഹസ്യവും ഏതാണ്ടിതുതന്നെയാണ്. സമൂഹത്തിലെ കപട വിശ്വാസികളെയും അല്ലാത്തവരെയും തിരിച്ചറിയേണ്ടതുണ്ട്. അല്ലാഹുവിൻെറ ദീനിലേക്കുള്ള ജനസഞ്ചയങ്ങളുടെ പ്രവാഹം പ്രകടമാകണം. വിവിധ തരക്കാരുടെ സംഗമം മുഖേന ഓരോരുത്തരും മറ്റുള്ളവരോടു ബന്ധപ്പെടുകയും പരിചയം സമ്പാദിക്കുകയും ചെയ്യണം. പരസ്പര ബന്ധത്തിൽ നിന്ന് പലരുടെയും പ്രതീക്ഷകൾ പൂവണിയുമെന്ന ഒരു പൊതു തത്വമാണ്" (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ: 1, പേ: 59, 60)

"ഹജ്ജ് വേളയിൽ സമുദായത്തിലെ അധിക ആളുകളും ഒരുമിച്ചു കൂടുന്നതിനാൽ അവരിൽ കടന്നുകൂടിയ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നിർമ്മാർജ്ജനം ചെയ്യാൻ എളുപ്പത്തിൽ സാധിക്കുന്നു. സമുദായ നേതാക്കളുടെയും ജേതാക്കളുടെയും ജീവിതവും സ്ഥിതിഗതികളും എങ്ങനെയായിരുന്നുവെന്ന് കണ്ടു മനസ്സിലാക്കാനും അതിനെ അനുധാവനം ചെയ്യാനും ഹജ്ജിനേക്കാൾ എളുപ്പമായ മറ്റൊരു കർമ്മമില്ല." (ഹുജ്ജത്തുല്ലാഹിൽ ബലിഗഃ വാ: 1, പേ: 59, 60)

'ഹജ്ജു മുഖേന ഉദ്ദേശിക്കപ്പെടുന്ന മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. ഏതൊരു ഗവർമെൻറും സമുദായവും ഒരു രൂപത്തിലല്ലങ്കിൽ മറ്റൊരു രൂപത്തിൽ ഉത്സവങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കാറുണ്ട്. അടുത്തുനിന്നും അകലെനിന്നുമുള്ള ആളുകൾ അതിൽ പങ്കെടുക്കുകയും സമുദാ

www.abulhasanalinadwi.org

യത്തിന്റെ പ്രശ്നങ്ങളെകുറിച്ച് പഠിക്കുകയും ചെയ്യുന്നു. അതിന്റെ ആദരണീയമായ കേന്ദ്രങ്ങളും ചിഹ്നങ്ങളും പ്രത്യേകം ബഹുമാനിക്കുക പതിവാണ്. മുസ്ലിംകളെ സംബന്ധിച്ചെടത്തോളം ഹജ്ജ് ഇതുപോലൊരു ആഘോഷമാണ്. അതിൽ അവരുടെ അന്തസ്സും അഭിമാനവും പ്രകടമാകുന്നു. മുസ്ലിം സമൂഹത്തിന്റെ സംഘടിതമായ ശക്തി ഒന്നായി ദർശിക്കപ്പെടുന്നു. അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം അതാണെന്നു മനസ്സിലാക്കാം:* "ആദരണീയമായ കഅ്ബാ ദേവാലയത്തെ ജനങ്ങളുടെ പ്രതിഗമന സങ്കേതവും നിർഭയ കേന്ദ്രവുമായി നാം നിശ്ചയിച്ച (സന്ദർഭവും ഓർക്കുക)"

## സൻമാർഗ്ഗദർശനത്തിനും നായകത്വത്തിനും അനശ്വരമായ ആഗോള കേന്ദ്രം

ചില സന്ദർഭങ്ങളിൽ പ്രക്ഷുബ്ധ പ്രതിസന്ധികളും, പ്രക്ഷീണ സ്ഥിതിവിശേഷങ്ങളും ഈ സമുദായത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. അത്തരം ഘോര തമസ്സിനോടുള്ള സമരത്തിനിടയിൽപോലും മുടങ്ങാതെ നിലനിൽക്കുന്ന ഒരു അലംഘനീയ അനുഗ്രഹം അല്ലാഹു ഹജ്ജിനു പ്രദാനം ചെയ്തിട്ടുണ്ട്: സത്യത്തിന്റെ സന്ദേശവാഹകരും, സ്വീകാര്യരായ സജ്ജനങ്ങളും, നിസ്വാർത്ഥ സേവകരായി ശിക്ഷണം നൽകുന്ന പണ്ഡിതരും, സൻമാർഗ്ഗദർശകരായ പ്രബോധകരും, പടച്ചവനെ ഭയപ്പെടുന്ന പ്രാർത്ഥനാ നിരതരും, വിജ്ഞാനമണ്ഡലങ്ങളിൽ അഗാധമായ പാണ്ഡിത്യം കരസ്ഥമാക്കികൊണ്ട് ഹജ്ജിന്റെ അന്തരീക്ഷത്തിന് അവർണ്ണനീയമായ ഭയഭക്തിയാൽ മകുടം ചാർത്തുന്ന വിജ്ഞാനപടുക്കളുമെല്ലാംതന്നെ അതിൽനിന്ന് ഒരിക്കലും തടയപ്പെട്ടിട്ടില്ല. ഇത് മൂലം ഹജ്ജിന്റെ അന്തരീക്ഷത്തിൽ ആത്മീയ ചൈതന്യവും തേജസ്സും തുടിച്ചുനിൽക്കും. അതോ

---

*وَإِذْ جَعَلْنَا الْبَيْتَ مَثَابَةً لِّلنَّاسِ وَأَمْنًا — البقرة: ١٢٥

www.abulhasanalinadwi.org

ടെ കഠിനഹൃദയങ്ങൾ ലോലമാകും. പാപ പങ്കിലമായ മനസ്സുകൾ പശ്ചാത്താപ വിധേയമാകും. വററി വരണ്ട നയനങ്ങൾ ജലാർദ്രമാകും. അവിശ്വാസത്താൽ കൂരിരുൾ നിറഞ്ഞ ഹൃദയങ്ങൾ പ്രഭാപൂരിതമാകും. അല്ലാഹുവിൻെറ അപാരമായ അനുഗ്രഹങ്ങൾ അവരെ ആശീർവദിക്കും. പ്രഫുല്ലമായ പ്രശാന്തിയാൽ അന്തരീക്ഷം ആമോദാലിംഗനിമഗ്നമാകും. അസാധാരണമായ ഈ കാഴ്ച കണ്ടു പിശാച് വിവശനും ഭഗ്നാശനുമാകും. നബി (സ) പറഞ്ഞു: ''അല്ലാഹു അനുഗ്രഹങ്ങൾ വർഷിക്കുന്നു; വലിയ വലിയ പാപങ്ങൾ പോലും അവൻ പൊറുത്തുകൊടുക്കുന്നു; അതിനാൽ അറഫാദിനത്തെപോലെ പിശാച് നിന്ദ്യനും, നിസ്സാരനും, കോപിഷ്ടനും വഷളനുമാകുന്ന മറെറാരു ദിനമില്ല.'' (മാലിക്കിൽനിന്ന് 'മുറുസലാ'യി ഉദ്ധരിച്ചത്)

ഈ സന്ദർഭത്തിൽ ഹജ്ജിൻെറ അന്തരീക്ഷം ഏതോ തരത്തിലുള്ള ഒരു വൈദ്യുത പ്രവാഹത്തിനു വിധേയമാകുന്നു. വിവിധ നാടുകളിൽ നിന്നും വിദൂര ദേശങ്ങളിൽ നിന്നും വന്ന മുസ്ലിംകൾ തങ്ങളുടെ ഒഴിഞ്ഞ ഹൃദയത്തിൻെറ അകത്തളങ്ങളിൽ, ശേഷിച്ച ജീവിതത്തിലേക്കാവശ്യമായ 'ഈമാനി'കാവേശം, ധീരത, അറിവ്, 'അനുരാഗം' എന്നിവ നിറയ്ക്കുന്നു. ജീവിതക്കളരിയിൽ അഭിമുഖീകരിക്കാൻ പോകുന്ന ഭീഷണ പ്രകോപനങ്ങളെയും പ്രലോഭനങ്ങളെയും ഇതുപയോഗിച്ച് അവർ നേരിടുന്നു. ദീനം, ദൗർബല്യം, ദാരിദ്ര്യം മുതലായ കാരണങ്ങളാൽ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്ന സ്വദേശങ്ങളിലുള്ള സ്വ സഹോദരങ്ങളെയും അതിൽ അവർ പങ്കുചേർക്കും. അങ്ങനെയാണു പ്രവിശാലമായ ചക്രവാളങ്ങളിൽ പരന്നു കിടക്കുന്ന മുസ്ലിം ലോകത്തേക്ക് 'ഈമാനിക'മായ ഈ വൈദ്യുതി പ്രവഹിക്കുന്നത്. അതെ, പാമരൻ പഠിക്കുന്നു; അശക്തൻ ശക്തനാകുന്നു; അധീരൻ ധീരനാകുന്നു. ഹജ്ജു മുഖേന മുസ്ലിം സമുദായം തങ്ങളുടെ സന്ദേശ പ്രചരണത്തിനും ദൗത്യനിർവഹണത്തിനും പുതിയ ശൈലിയും ശക്തിയും സംഭരിക്കുന്നു. ഭാവിജീവിതത്തിൻെറ പുരോഗതിക്കുതകുന്ന പുതിയ പാതകൾ കണ്ടു പിടിക്കുകയും ചെയ്യുന്നു.

www.abulhasanalinadwi.org

## മാനവ സാഹോദര്യം വിളിച്ചറിയിക്കുന്ന ഹജ്ജ്

അധിക മുസ്ലിം രാഷ്ട്രങ്ങളും ഇന്ന് പലവിധ കാരണങ്ങളാൽ ദേശ–ഭാഷ–വർണ്ണ–വർഗ്ഗ ചിന്താഗതികൾക്കടിമപ്പെട്ടുകയും, അതിന്റെ വേട്ടമൃഗമായി അധ:പതിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സങ്കുചിതമായ പ്രാദേശിക സാമുദായിക പ്രവണതകൾക്കെതിരെയുള്ള ഒരു വിപ്ലവ കാഹളം കൂടിയാണ് ഹജ്ജ്. ഇസ്ലാമിക സാമുദായികത്വമെന്ത്? എങ്ങനെ? എന്ന ഒരു പ്രഖ്യാപനവുമാണത്. വിവിധ നാടുകളിൽ നിന്ന് ഇവിടെ എത്തിയ മുസ്ലിംകൾ തങ്ങളുടെ ദേശീയവും പക്ഷപാതപരവുമായ ഉടയാടകളും വസ്ത്രങ്ങളും അഴിച്ചുമാററുന്നു. അനന്തരം ദീനിന്റെയും, ഹജ്ജ്–ഉംറ:കളുടെയും സാങ്കേതിക ഭാഷയിൽ 'ഇഹ്റാം' എന്ന ഏക 'വസ്ത്രം' ധരിക്കുന്നു. തുടർന്ന് രാജാവും, പ്രജയും, ധനികനും, ദരിദ്രനും , വലിയവനും, ചെറിയവനും ഒരേ ഭാഷയിൽ ഒരേ മുദ്രാവാക്യം മുഴക്കിക്കൊണ്ട് നീങ്ങുന്നു. * ''അല്ലാഹുവേ ! ഞാനിതാ നിന്റെ വിളിക്കുത്തരം നൽകിക്കൊണ്ടു ഹാജറായിരിക്കുന്നു. നിന്റെ അധീശാധികാരത്തിൽ യാതൊരു പങ്കുകാരുമില്ല. സർവ്വ സ്തോത്രങ്ങളും അനുഗ്രഹങ്ങളും നിനക്കു മാത്രമുള്ളതാകുന്നു. എല്ലാ അധികാരാവകാശങ്ങളും നിന്റെതാകുന്നു. നിനക്ക് യാതൊരു പങ്കുകാരുമില്ല.'' ഇങ്ങനെ ഇസ്ലാം വിഭാവന ചെയ്യുന്ന സാമുദായികത്വം ഒരേ ഒരു വേഷത്തിലും ഒരേ ഒരു മുദ്രാവാക്യത്തിലുമുൾക്കൊണ്ടതാണെന്നു ലോകസമക്ഷം പ്രകടമാക്കുകയാണ്. അതിൽ കുബേരകനും, കുചേലനും, അടിമയും, ഉടമയും, ധനികനും ദരിദ്രനും വ്യത്യാസമില്ല. ഇവിടെയാണ് ഇസ്ലാമിക ഐക്യവും സഹോദര്യവും നിലകൊള്ളുന്നത്. അറബിയും അനറബിയും സമീപവാസിയും വിദൂരദേശക്കാരനും ഒരേ ലക്ഷ്യത്തെ മുന്നിൽ കാണുകയും

---

* لبيك اللهم لبيك لبيك لا شريك لك لبيك ان الحمد والنعمة لك والملك لاشريك لك

www.abulhasanalinadwi.org

ഒരേ രൂപത്തിൽ ആരാധന നിർവഹിക്കുകയും ചെയ്യുന്നു. എല്ലാവരും ഒരു വീടിനെ പ്രദക്ഷിണം ചെയ്യുന്നു. സഫാ, മർവ എന്നീ രണ്ടു ലക്ഷ്യത്തെ മുൻനിർത്തി ഓടുന്നു. മിനായിലേക്ക് ഒന്നായി തിരിക്കുന്ന അവർ അറഫയിലേക്കും അതേ രൂപത്തിൽ പോകുന്നു. ഒരു സ്ഥലത്തു തന്നെ എല്ലാ ഹാജിമാരും 'നില്ക്കുക'യും 'നിശാവാസം' നടത്തുകയും ചെയ്യുന്നു. 'ജബൽറഹ്മത്തി'ൽ കൂട്ടത്തോടെ അവർ ഹാജറായി പ്രാർത്ഥിക്കുന്നു. * ''നിങ്ങൾ അറഫാത്തിൽ നിന്ന് ഇറങ്ങിയാൽ മശ്അറുൽഹറാമിന്റെ അടുക്കൽ വെച്ച് അല്ലാഹുവിനെ സ്മരിക്കുവീൻ, അവൻ നിങ്ങൾക്ക് നേർവഴി കാണിച്ചു തന്നതു പോലെ അവനെ നിങ്ങൾ സ്മരിക്കുക, അതിന്മുമ്പു നിശ്ചയമായും നിങ്ങൾ വഴിപിഴച്ചവരിൽ പെട്ടവരായിരുന്നു.'' ഒന്നായി 'മടങ്ങുക'യും ഒററക്കെട്ടായി 'നില്ക്കുക'യും ഒരുമിച്ചു നടക്കുകയും ചെയ്യുന്നു. 'പിന്നെ (എല്ലാ) ആളുകളും ഇറങ്ങുന്നേടത്ത് നിന്ന് നിങ്ങളും ഇറങ്ങുക, അല്ലാഹുവിനോട് മാപ്പിരക്കുകയും ചെയ്യുക; നിശ്ചയം അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാണ്.' ** മിനായിലും അവൻ കുറേ ദിവസങ്ങൾ ഒന്നിച്ചു കഴിച്ചു കൂട്ടുന്നു. ബലി, തലമുടി നീക്കൽ, കല്ലെറിയൽ തുടങ്ങിയ കർമ്മങ്ങളും ഒന്നായി തന്നെ ചെയ്തു തീർക്കുന്നു.

ഹജ്ജ് അവശേഷിക്കുന്ന കാലത്തോളം–അല്ലാഹുവിന്റെ അനുഗ്രഹത്തോടെ അന്ത്യനാൾവരെ ഇടതടവില്ലാതെ നിലനിൽക്കുന്ന ഒരു നിർബന്ധ കർമ്മമാണത്; ഈ സമുദായത്തിന്റെ അസ്തിത്വത്തെ പിടിച്ചു നിർത്തുന്ന ഒരു മഹത്തായ സ്ഥാപനവുമാണ്– ഇതര സമുദായങ്ങളെ വിഴു

---

* فَإِذَآ أَفَضْتُم مِّنْ عَرَفَٰتٍ فَٱذْكُرُوا۟ ٱللَّهَ عِندَ ٱلْمَشْعَرِ ٱلْحَرَامِ ۖ وَٱذْكُرُوهُ كَمَا هَدَىٰكُمْ وَإِن كُنتُم مِّن قَبْلِهِۦ لَمِنَ ٱلضَّآلِّينَ ۝ البقرة: ١٩٨

** ثُمَّ أَفِيضُوا۟ مِنْ حَيْثُ أَفَاضَ ٱلنَّاسُ وَٱسْتَغْفِرُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ۝ ٢٢ - ١٩٩

www.abulhasanalinadwi.org

ങ്ങിയതുപോലെ മുസ്ലിംകളെ യാതൊരു വിധത്തിലുള്ള സാമുദായികത്വത്തിനും വിഴുങ്ങാൻ കഴിയുകയില്ല; അവർ അതിൻെറ ബലിയാടുകളാവുകയില്ല. മുസ്ലിം രാഷ്ട്ര ങ്ങൾക്കൊന്നുംതന്നെ അവർക്ക തങ്ങളുടെ രാജ്യത്തോടു കൂടു തൽ പക്ഷപാത മനഃസ്ഥിതിയും, സ്നേഹവുമെല്ലാ മുണ്ടെങ്കിൽതന്നെയും ഇത്തരത്തിലുള്ള ഒരു ഖിബ്ലഃ നിർ മ്മിക്കാൻ സാദ്ധ്യമല്ല. അതെ, ആഗോള മുസ്ലിംകൾ അഭിമുഖമായി നിൽക്കകയും ഹജ്ജിനു ചെല്ലുകയും ചെയ്യുന്ന ഒരു കഅ്ബ: അതൊന്ന് മാത്രമേയുള്ളൂ. പാശ്ചാ ത്യനും, പൗരസ്ത്യനും, അറബിയും അനറബിയുമെല്ലാം അതിനുമാത്രം അഭിമുഖമായി നമസ്ക്കരിക്കുന്നു. മുസ്ലി മായ ഇന്ത്യക്കാരനും, യൂറോപ്യനും, അഫ്ഗാൻവാസിയും, അമേരിക്കക്കാരനുമുള്ള ഏക കഅബയാണത്. "(ആദര ണീയമായ ആ) ഗേഹത്തെ നാം ജനങ്ങളുടെ പ്രതിഗമന സങ്കേതവും നിർഭയ കേന്ദ്രവുമാക്കി(യത്ത് സ്മരിക്കുക.) ഇബ്റാഹീം മഖാമിൽനിന്നു നിങ്ങൾ നമസ്ക്കാരസ്ഥലം സ്വീകരിക്കുക". (അൽബഖറ:125) ഉർവ്വീതലത്തിൽ ഏത്ത് ഓണം കോറാമൂലയിലും വിദൂരദിക്കകളിലും താമസിക്കുന്ന മുസൽമാൻപോലും ആ വീട് ജീവിതത്തിൽ ഒരിക്കലെങ്കിലും കാണാൻ കൊതിക്കുന്നു. കൂട്ടം കൂട്ടമായി അവിടെയെ ത്താൻ എന്തു ത്യാഗവും സഹിക്കുന്നു. ആ ദർബ്ബാറിൽ ഹാജറാകുക എന്നതു ജീവിതത്തിലെ ഏററവും വലിയ ആഗ്ര ഹവും, സാഫല്യവും, സൗഭാഗ്യവുമായി അവർ കാണുന്നു. അതിനുവേണ്ടി എത്ര ദിനരാത്രങ്ങൾ വേണമെങ്കിലും എണ്ണി യെണ്ണി കഴിച്ചുകൂട്ടാൻ അവർ ഒരുക്കമാണ്.

## ഹജ്ജിൻെറ പ്രയോജനം

ഹജ്ജ് മുഖേന അനവധി നേട്ടങ്ങളും ഉപകാരങ്ങളുമു ണ്ട്. അതിൽ ചിലതെല്ലാം നമുക്കറിയാം. മററുചിലതു ന മുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, നമുക്കറിഞ്ഞുകൂടാത്തതും അതെസമയം നാം ആസ്വദിച്ചുകൊണ്ടിരിക്കുന്നതുമായ നേട്ട ങ്ങളായിരിക്കും അറിയുന്നതിനേക്കാൾ കൂടുതൽ. ആരാധ

നകളുടെ യുക്തിരഹസ്യങ്ങൾ തേടിപ്പിടിച്ച് അതിന്റെ ഉള്ളിലേക്കിറങ്ങിച്ചെല്ലുന്ന അഗാധ പണ്ഡിതാന്മക്കുപോലും അതുമനസ്സിലാക്കാൻ കഴിഞ്ഞിരിക്കുകയില്ല. ഹജ്ജിന്റെ നേട്ടങ്ങളെകുറിച്ച് വിശുദ്ധ ഖുർആൻ പറഞ്ഞവാക്ക്: * ''അവക്ക് ഉപകാരപ്രദമായ പലതിനും സന്നിഹിതരാവാൻ'' എന്നാണ്. ഇവിടെ അവർക്ക് ''ഉപകാരപ്രദമായ പലതിനും'' എന്ന് അർത്ഥം വരുന്ന 'മനാഫിഅ്'' എന്ന പദത്തെ 'സർവ്വനാമം' (നക്കിറഃ) ആയിട്ടാണ് ഖുർആൻ പ്രയോഗിച്ചത്. അതിനാൽ നേട്ടങ്ങളുടെ പട്ടിക അധികവും അല്ലാഹു അവ്യക്തമാക്കിയിരിക്കുകയാണ്. ഓരോ കാലത്തും മാറിവന്നുകൊണ്ടിരിക്കുന്ന നേട്ടങ്ങളുടെ അഖിലവശങ്ങളെയും ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് അത് ഏതെല്ലാമെന്നു ക്ളിപ്തപ്പെടുത്താതെ പറഞ്ഞത്.**

---

* لِيَشْهَدُوا مَنَافِعَ لَهُمْ

** മുസ്ലിം ലോകത്തിന്റെ എല്ലാ മണ്ഡലങ്ങളിലെയും പ്രതിനിധികൾ പങ്കെടുക്കുന്ന ഒരു സന്ദർഭമാണ് ഹജ്ജ് എന്നതിൽ രണ്ടു പക്ഷമില്ല. ഈ സമ്മേളനത്തിൽ ഉപകാരപ്രദമായ പലതിനും ഓരോരുത്തർക്കും സാക്ഷികളാകാം. അവർക്ക് ആശയ വിനിമയങ്ങൾ നടത്താം, പരിചയപ്പെടാം. ഐക്യത്തോടെ മുന്നേറാൻ ഒത്തൊരുമിച്ച് തീരുമാനം എടുക്കാം. അത്യുത്തമമായ അഭിപ്രായങ്ങളിൽ ഏകോപിക്കാം. എന്നാൽ ഹജ്ജ്കൊണ്ടുള്ള പ്രധാന നേട്ടങ്ങൾ ഇതൊന്നുമല്ല; ആധുനികരായ പല ചിന്തകൻമാരും എഴുത്തുകാരും രാഷ്ട്രീയ നേതാക്കളും ഹജ്ജിനെ സംബന്ധിച്ച് വിശദീകരിക്കുമ്പോൾ അതിന്റെ പ്രധാന നേട്ടവും ലക്ഷ്യവും ഇതൊക്കെയാണെന്നു പറയുന്നത് കേൾക്കാം. ലോകമുസ്ലിംകളുടെ രാഷ്ട്രീയ കാര്യങ്ങൾ ചർച്ചചെയ്യുന്ന ഒരു കോൺഫ്രൻസായി ചിലർ അതിനെ ചിത്രീകരിക്കുന്നത് കാണാം. ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യവും ലക്ഷ്യവും ഇതായിരുന്നെങ്കിൽ തികച്ചും പ്രശാന്തമായ അന്തരീക്ഷത്തിൽ ഏതെങ്കിലും ഒരു സ്ഥലത്ത്മാത്രം സംഘടിപ്പിക്കുന്ന ഒരു സമ്മേളനമായിരുന്നു അത്. ചിന്തിക്കാനും, ചർച്ചചെയ്യാനും, ആശയ വിനിമയം നടത്തി അഭിപ്രായങ്ങൾ കൈമാറാനും അതാണല്ലോ ഉത്തമം. എന്നാൽ ഹജ്ജ് ആദ്യന്തം ഒരു നിരന്തര യാത്രയാണ്. മേൽപറഞ്ഞ

## നിർഭയ നാടിന്റെ ഉത്തരവാദിത്വം

ഹജ്ജ് 'ഉമ്മത്തുമ്മുസ്‌ലിമ:'യുടെ അതുല്യമായ ഒരു സമ്മേളനംതന്നെ. 'ഈമാനി'കവും ആത്മീയവുമായ ഒരന്തരീക്ഷത്തിൽ മുസ്‌ലിംകൾ വിശ്വാസ–വികാര–വിഭാവനകളുടെ ഒരേ 'പ്ലാററുഫോമി'ൽ ഒരുമിച്ചുകൂടുന്നു. ആ അന്തരീക്ഷത്തിൽനിന്ന് എന്തെല്ലാമോ തരത്തിലുള്ള നവശക്തിയും പുതുജീവനും അവർക്ക് കരഗതമാവുന്നു. ഇതര സം

---

കാര്യങ്ങൾക്കൊന്നും യാതൊരു സൗകര്യങ്ങളുമില്ലാത്ത രൂപ
ത്തിൽ ഒരു സ്ഥലത്ത് നിന്ന് മറെറാരു സ്ഥലത്തേക്ക്. നില
യ്ക്കാത്ത പ്രവാഹം. അതിനും പുറമെ ആദ്യമായി അതിൽ
പങ്കെടുക്കാൻ ക്ഷണിക്കപ്പെടേണ്ട വ്യക്തികൾതന്നെ പണ്ഡി
തൻമാർ, രാഷ്ട്രീയ നേതാക്കൾ, ധൈഷണിക രാക്ഷസർ
തുടങ്ങിയവർ മാത്രമാകേണ്ടിയിരുന്നു. അവർക്കാണല്ലോ
ഇത്തരം പ്രശ്നങ്ങളിൽ യുക്തമായ തീരുമാനങ്ങൾ കൈ
കൊള്ളാൻ കഴിയുന്നത്. മേൽവിവരിച്ച കാര്യങ്ങളെല്ലാം
ഹജ്ജിന്റെ അനുഗ്രഹങ്ങളിലും ഉദ്ദേശ്യ ലക്ഷ്യങ്ങളിലും പെട്ട
താണെന്നതിൽ സംശയമില്ല. പക്ഷേ, അതാണ് ഹജ്ജ് കൊ
ണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്ന ചിന്ത ശരിയല്ല. ഹജ്ജ് അല്ലാ
ഹുവിന്റെ നിർദ്ദേശമനുസരിച്ചുള്ള എല്ലാ മുസ്‌ലിംകൾക്കും
നിർബന്ധമായ ഒരു ആരാധനാ കർമ്മമാണ്; 'ആ ഭവനത്തി
ലേക്കുള്ള തീർത്ഥയാത്ര (ഹജ്ജ്) അതിനുള്ള മാർഗ്ഗം സൗക
ര്യപ്പെട്ടവർക്ക്. അല്ലാഹുവിനോടുള്ള കടമയാണ്. ആരെങ്കിലും
നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു ലോകരെ ആശ്രയിക്കാത്ത
വനാണ്'' (ആലുഇംറാൻ: 97). നബി (സ) പറഞ്ഞു: 'ആരുടെ
യെങ്കിലും അധീനതയിൽ ഒരു വാഹനവും യാത്രക്കുള്ള പാഥേ
യവുമുണ്ടായിരുന്നിട്ടും അല്ലാഹുവിന്റെ ഗേഹത്തിങ്കൽ പോയി
ഹജ്ജ് ചെയ്തില്ലെങ്കിൽ അവൻ ജൂതനോ കൃസ്ത്യാനിയോ
ആയി മരിക്കാതിരിക്കട്ടെ.'

അതിനും പുറമെ രാഷ്ട്രീയ കാര്യങ്ങളുടെ പരിഹാരാ
ർത്ഥമാണ് ഹജ്ജ് നിർബന്ധമായതെങ്കിൽ, അതിന്റെ ആകൃതി
തന്നെ ഇതേ രൂപത്തിലാകുമായിരുന്നില്ല. അതിന്വേണ്ടി
സന്ധിക്കാൻ നിശ്ചയിച്ച സ്ഥലമാകട്ടെ ഈ വിജന വിശാ
ലമായി ഒഴിഞ്ഞു കിടക്കുന്ന മരുപറമ്പും ആവുകയില്ലായിരുന്നു.

www.abulhasanalinadwi.org

സ്കാരങ്ങൾ, ചിന്താഗതികൾ, ചുററുപാടുകൾ, അയൽരാജ്യങ്ങൾ, സമൂഹങ്ങൾ തുടങ്ങിയവയുടെ സ്വാധീനം മൂലം വിശ്വാസാചാരങ്ങളിൽ വൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അതു നേരെയാക്കാൻ അവർ ശ്രമിക്കുന്നു.

കലുഷമായ ചുററുപാടിൽ കഴിഞ്ഞുകൂടിയപ്പോൾ എങ്ങനെയൊക്കെയോ വികലവും വിരൂപവുമായിത്തീർന്ന മതനിയമങ്ങളെ അതിൻെറ ഉറവിടത്തിൽനിന്നു ശുദ്ധമായിതന്നെ നേരിട്ടു സ്വീകരിക്കാൻ അവർക്കവസരം ലഭിക്കുന്നു. ഇതൊരു സത്യവും സംഭവ്യവുമാണെന്ന് വന്നപ്പോൾ ബുദ്ധിയും തൻേറടവും നമ്മളോട് ചില കാര്യങ്ങൾ ഉപദേശിക്കുന്നു: ഇസ്ലാമിൻെറ അന്തഃസത്തയും ഹജ്ജിൻെറ യുക്തിയും അത് നിർബ്ബന്ധമാണെന്ന് കൽപിക്കുന്നു. അതെന്തന്നല്ലേ? ഹജ്ജ് നടക്കുന്ന ഈനിർഭയരാജ്യം (ബലദേ അമീൻ) ഇസ്ലാമിൻെറ തനതായ ജീവിതമാതൃക കാഴ്ചവെക്കണം എന്നുതന്നെ. അതിൻെറ അഖിലവശങ്ങളും പ്രത്യേകതകളും പ്രകടനങ്ങളും ഉൾകൊള്ളണം. ഇവിടം സന്ദർശിക്കുന്ന ഏതൊരു ഹാജിയും (സന്ദർശന സമയം എത്ര കുറച്ചായാലും) പ്രസ്തുത പ്രത്യേകതകൾ സ്പർശിച്ചും രുചിച്ചും അറിയേണ്ടതുണ്ട്. കാരണം അല്ലാഹു ഈ നാടിനെ എക്കാലത്തേക്കുമുള്ള ഹജ്ജിൻെറ കേന്ദ്രവും ജനങ്ങളുടെ പ്രതിഗമനസങ്കേതവുമാക്കിയിരിക്കയാണ്. എല്ലാവർക്കുമുള്ള നിർഭയസങ്കേതവും അഭയഗേഹവുമാണത്. ഓരോ വർഷവും മുസ്ലിംകൾ ഇങ്ങോട്ടു പ്രവഹിക്കുമ്പോൾ അവർ വിചാരിക്കുന്നതിങ്ങനെയാണ്: 'ഞങ്ങൾ സന്ദർശിക്കാൻ പോകുന്ന രാജ്യം ഇസ്ലാമിൻെറ ആത്മീയ തലസ്ഥാനവും പരിശുദ്ധിയുടെ ഉറവിടവും, ദീനിൻെറ ജൻമഗേഹവുമാണ്.' അവിടെ എത്തുന്ന ഏതൊരു സാധാരണ മുസൽമാനും കാണുന്നതും കേൾക്കുന്നതും എന്തൊ അത്തന്നെ സത്യവും മാനദണ്ഡവുമെന്ന് സ്വാഭാവികമായും വിശ്വസിക്കുന്നു. കാരണമുണ്ട്. അവനെ സംബന്ധിച്ചിടത്തോളം ഇന്നും തൻെറ ദീനീ പ്രവർത്തനങ്ങൾക്ക് മാതൃക മക്ക, മദീന നിവാസികളുടെ പ്രവർത്തനങ്ങൾ തന്നെയാണ്. അവിടം സന്ദർശിക്കുന്ന അന്യ നാട്ടുകാരായ മുസ്ലിംകൾക്ക് അതിനെക്കാൾ വലിയൊരു തെളിവും രേഖയും വേറെയില്ല.

www.abulhasanalinadwi.org

ഇത് മനുഷ്യന്റെ പ്രകൃതിയാണ്; തത്വചിന്തക്കോ തർക്ക ശാസ്ത്രത്തിനോ ഇതിനെ തകർക്കാൻ സാദ്ധ്യമല്ല. സരളവും സംപുഷ്ടവുമായ സാഹിത്യ–സംഭാഷണങ്ങൾക്കതിനെ മാററി മറിക്കാനും കഴിയില്ല. ഏതൊരു മതത്തിന്റേയും, സംസ്ക്കാരത്തിന്റേയും വാക്താക്കൾ എപ്പോഴും അതിന്റെ തലസ്ഥാന നഗരിയെ വീക്ഷിച്ചുകൊണ്ടിരിക്കും. ആ തലസ്ഥാന നഗരിയുടെ വാക്ക് തെളിവും, അന്തിമാഭിപ്രായവുമായി പരിഗണിക്കും. സംസ്ക്കാരം, സാഹിത്യം, ഭാഷ, നിയമനിർമ്മാണം തുടങ്ങിയ എല്ലാ രംഗത്തും അതു നമുക്കു കാണാം. അതുകൊണ്ടാണ് അറബികൾ തങ്ങളുടെ ഭാഷയുടെ രീതിയും ശൈലിയുമെല്ലാം ഖുറൈശികൾക്കും, പിന്നീട് ഗ്രാമീണർക്കും വിട്ടുകൊടുത്തത്. 'മാലിക്കീ മദ്ഹബി'ൽ മദീനക്കാരുടെ പ്രവർത്തനം മാനദണ്ഡമായതിനു കാരണം ഇതാണ്. സ്പെയിൻ വൈജ്ഞാനികവും സംസ്ക്കാരികവുമായി അതിന്റെ ഉച്ചിയിലായിരുന്ന കാലഘട്ടത്തിൽ കോർഡോവായിരുന്നു അധിക പ്രശ്നങ്ങളിലും പാശ്ചാത്യ പണ്ഡിതരുടെ മാനദണ്ഡം. അന്ന് 'കോർഡോവ' പണ്ഡിതൻമാരെക്കൊണ്ടും നിയമജ്ഞരെകൊണ്ടും നിറഞ്ഞിരുന്നു. ഇതിനെല്ലാം പുറമെ അന്നും ഇന്നും ഏതൊരു ജനതയും തങ്ങളുടെ നാടിന്റെ തലസ്ഥാനം സാംസ്ക്കാരിക തലത്തിന് മാതൃകയായി സ്വീകരിക്കാറുണ്ട്. അവിടെ ഉണ്ടാകുന്ന ചലനങ്ങളും മാററങ്ങളും പിന്തുടരുന്ന കാര്യത്തിൽ ഓരോരുത്തരും മൽസരിച്ച് മുന്നിൽ കടക്കാൻ ശ്രമിക്കുന്നു. അതു ഫാഷനും പരിഷ്ക്കാരവുമായി സമൂഹം അംഗീകരിക്കുന്നു. ഇതുകൊണ്ടെല്ലാമാണ് പ്രബോധകരും പരിഷ്ക്കർത്താക്കളുമായ പണ്ഡിതരെ സംബന്ധിച്ചിടത്തോളം ഹജ്ജ്കാലം ഒരു പരീക്ഷണത്തിന്റേയും മൽസരത്തിന്റേയും സന്ദർഭമായത്. കാരണം ഓരോ ഹാജിയും അവിടെനിന്നു തിരിച്ചു നാട്ടിലെത്തിയാൽ ഇതു പറയാൻ തുടങ്ങുന്നു: ഞങ്ങൾ അവിടെ കണ്ടതു് ഇതിനെതിരാണല്ലോ.*

---

* [1384 ഹി:ൽ 'റാബിത്വത്തുൽ ആലമിൽ ഇസ്ലാമി' മക്കയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഗ്രന്ഥകാരൻ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗം]

www.abulhasanalinadwi.org

## 'നിർഭയനാട്'-അതിന്റെ പ്രത്യേകതകൾ കാത്തുസൂക്ഷിക്കുക.

ഇതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന മററൊരു വശമുണ്ട്. (ചരിത്രത്തിന്റെ ഏതു ദശയിലും, ജീവിതത്തിന്റെ സാംസ്കാരികവും നാഗരികവുമായ ഏതു രംഗങ്ങളിലും) ഈ നിർഭയ രാജ്യത്തിന് അതിന്റേതായ പ്രകൃതിയും പരുഷതയും അൽപമെങ്കിലും എന്നെന്നും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഏതിൽ ഏതൊരു അന്തരീക്ഷത്തിലും ചുററുപാടിലുമാണോ ആദ്യകാല മുസ്ലിംകൾ വന്ന് ഹജ്ജ് നിർവ്വഹിച്ചത്, അതെ അന്തരീക്ഷവും ചുററുപാടും അൽപമെങ്കിലും ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലും നിന്ന്‌വരുന്ന ഹാജിമാർക്ക് അനുഭവിക്കാൻ സാധിക്കുന്നു. ആ അന്തരീക്ഷത്തിലേക്ക് കാലെടുത്തു കുത്തുന്ന ഹാജിമാർക്കെല്ലാം മനസ്സിൽ ഒരു വിചാരമുണ്ടാകുന്നു: തങ്ങളിപ്പോൾ എല്ലാ അർത്ഥത്തിലും ഒരു നവീന ലോകത്താണ്; ഒരുപുതിയ അന്തരീക്ഷത്തിലും പരിതഃസ്ഥിതിയിലുമാണ്; ഇത്തരത്തിലുള്ള ഒരു വികാര-വിചാരമുണ്ടാകൽകൊണ്ട്, അവർക്ക് തങ്ങളുടെ നാട്ടിലെ ജീവിതാന്തരീക്ഷത്തിൽനിന്ന് അകലാനും കുറച്ചു പുതമനിറഞ്ഞ അനുഭൂതികളും പൂർവ്വകാല സ്മരണകളും അയവിറക്കാനും കഴിയുന്നു; തങ്ങളുടെ നാട്ടിലും വീട്ടിലും മാത്രം കഴിഞ്ഞുകൂടിയാൽ ലഭിക്കാത്ത ആത്മീയ സന്തോഷവും സംതൃപ്തിയും കരസ്ഥമാകുന്നു. എന്നാൽ ഇന്ന് കഅ്ബയും, ഹറം ശരീഫും മാത്രം ആ പൗരാണിക രൂപത്തിൽ അവശേഷിക്കുന്നു; ബാക്കിഭാഗങ്ങളെല്ലാം അടിമുടി വ്യത്യാസപ്പെടുകയും ചെയ്തു. ഈ നിർഭയരാജ്യം (ബലദേ അമീൻ) അതിന്റെ അയൽനാടുകളായ അമേരിക്കയുടെയും യൂറോപ്പിന്റെയും ഭാഗവും പകർപ്പുമാവുകയും ചെയ്തു; പാശ്ചാത്യസംസ്കാരം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ—നൻമതിൻമകളും ഖുറഫാത്തുകളുമെല്ലാം—ഇവിടെ സ്വാധീനം ചെലുത്തിയിരിക്കുന്നു. ശരീഅത്ത് പൊടിപടലങ്ങളിൽമുങ്ങിക്കുളിച്ച ജടിലൻ ( الشعث التفل ) എന്ന്‌വിശേഷിപ്പിച്ച ഹാജി ആധുനിക സംസ്കാരത്തിന്റെ

www.abulhasanalinadwi.org

അയത്നലളിതമായ മാർഗ്ഗങ്ങളും ആഡംബരങ്ങളും വേണ്ടുവോളം ആസ്വദിക്കുന്നു; ആശ്വാസവും ആർഭാടവുമെല്ലാം ആർത്തിക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നു. അവന്റെ അന്തരാളത്തിൽ യഥാർത്ഥആത്മീയതയോ, ജീവിതത്തിൽ പരിവർത്തനങ്ങളും പരിഷ്കരണങ്ങളും സൃഷ്ടിക്കാൻ പററുന്ന നവ്യവും ശക്തവുമായ ഏതെങ്കിലും വസ്തുവോ കണ്ടെത്താൻ സാധിക്കുന്നില്ല.

അതുകൊണ്ടാണ് ഹജ്ജ് ജിഹാദിന്റെ തന്നെ ഒരു ഭാഗമായി പ്രഖ്യാപിക്കപ്പെട്ടത്. ഹസ്രത്ത് ആയിശഃ(റ)യിൽ നിന്ന് ഇമാം ബുഖാരി നിവേദനം ചെയ്യുന്നതു കാണുക: ‘‘ഏററവും ശ്രേഷ്ഠവും ഉത്തമവുമായ ജിഹാദു സ്വീകാരയോഗ്യമായ ഹജ്ജാണ്.’ ആയിശ: (റ) യിൽ നിന്ന് തന്നെ മറെറാരു നിവേദനം: ഞാൻ പ്രവാചകരോട് ചോദിച്ചു: ജിഹാദിനെയാണ് ഞങ്ങൾ ഏററവും ശ്രേഷ്ഠമായ കർമ്മമായി കാണുന്നത്. എന്നിരിക്കെ ജിഹാദ്തന്നെ എന്തുകൊണ്ടു ഞങ്ങൾക്കു ചെയ്തുകൂടാ? പ്രവാചകൻ പ്രതിവചിച്ചു: അല്ലാ ഏററവും ശ്രേഷ്ഠമായ ജിഹാദ് സ്വീകാരയോഗ്യമായ ഹജ്ജാണ്.’’. നബി (സ) യിൽ നിന്ന് ഉമർ (റ) ഉദ്ധരിക്കുന്നു: ‘‘നിങ്ങൾ, നിങ്ങൾക്ക് ഹജ്ജിന് പോകാൻ വാഹനവും പാഥേയവും തയ്യാർചെയ്യൂ. കാരണം അതും ഒരു ജിഹാദു തന്നെയാണ്.’’

ഇന്ന് മക്കതന്നെ പരിവർത്തന വിധേയമാവുകയും പാശ്ചാത്യ നാഗരികതയുടെ പകർപ്പായിത്തീരുകയും ചെയ്തു. യൂറോപ്പിലെ വൻ നഗരങ്ങളിൽ മാത്രം ലഭ്യമാകുന്ന ആർഭാടങ്ങളും ആഡംബരങ്ങളും മററു സുഖസൗകര്യങ്ങളും സജ്ജീകരണങ്ങളും അവിടെ ഏർപ്പെടുത്തിയെന്നിരിക്കട്ടെ, എന്നാൽ ഹാജിമാർക്ക് എന്തോ തരത്തിലുള്ള ഒരു ആത്മീയാനുഭൂതി നഷ്ടപ്പെട്ടതായിതോന്നും. ജീവിതത്തിലും ഹൃദയാന്തരാളത്തിലും ഹജ്ജ് മുഖേന ഉണ്ടായിത്തീരേണ്ട പലമാററങ്ങളും നേട്ടങ്ങളും കുറഞ്ഞുപോയതായി അനുഭവപ്പെടും.

www.abulhasanalinadwi.org

## ഹജ്ജിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൂടുതൽ ഫല പ്രദമാകാൻ ശരീഅത്ത് കണ്ട യുക്തി നിയമങ്ങൾ

ദൈവീക നിയമമായ ഇസ്ലാമിക ശരീഅത്ത് ഹജ്ജിന് വേണ്ടി ഒരു പ്രത്യേക അന്തരീക്ഷം ഒരുക്കി. അത് മനുഷ്യനിൽ കാര്യബോധവും ലക്ഷ്യ ചിന്തയുമുണ്ടാക്കും. അവൻെറ മനസ്സിനെയും മസ്തിഷ്ക്കത്തെയും സ്വാധീനിക്കും. ആത്മീയതയുടെയും ആരാധനയുടെയും വിശുദ്ധിയുടെയും പട്ടുകൾകൊണ്ട് അതിനെ ആവരണം ചെയ്യും അധികം ഹാജിമാരുടെയും ഹജ്ജ് യാത്ര നീണ്ടതും വിവിധ ഭൂഖണ്ഡങ്ങൾ മുറിച്ചു കടക്കുന്നതുമായിരിക്കും. ആ യാത്രയിൽ വ്യത്യസ്തങ്ങളായ ചുററുപാടുകൾ അവൻ തരണം ചെയ്യുന്നു. പലതരത്തിലുള്ള നയനാനന്ദകരമായ കാഴ്ചകൾ കാണാൻ ഇടവരുന്നു. പുതിയ പുതിയ അനുഭവങ്ങളും അനുഭൂതികളും അവനെ ആലിംഗനം ചെയ്യുന്നു. കൃത്യാന്തരബാഹുല്യ ചിന്തയും, പ്രവർത്തന നൈരന്തര്യവും ഒന്നിന് ശേഷം മറെറാന്നായി ഉണ്ടായിക്കൊണ്ടിരിക്കുക ഈ യാത്രയുടെ പ്രത്യേകതയാണ്. പുതിയ പുതിയ പട്ടണങ്ങളും അതിലെ നാനാതരം ജനതതികളുമായി ബന്ധപ്പെടുന്നു. ചിലപ്പോഴെല്ലാം കൂടുതൽ സമയം തന്നെ, ഓരോ ഘട്ടത്തിലും ചെലവഴിച്ചേക്കാം. സ്ത്രീകളും പുരുഷൻമാരും വൃദ്ധൻമാരും യുവജനങ്ങളുമെല്ലാം ഈ യാത്രയിലുണ്ട്. ചിലപ്പോൾ ഹാജിയുടെ കൂടെ അവൻെറ ഭാര്യയും കുട്ടികളുമുണ്ടാകുന്നു. ഇതെല്ലാം കാരണമായി ഹജ്ജിൻെറ പവിത്രതക്കും ഗാംഭീര്യത്തിനും കോട്ടം തട്ടുകയും, ആരാധനാ ജിഹാദ് എന്നെല്ലാമുള്ള ധാരണപോയി മറയുകയും ചെയ്തേക്കാം ഇവിടെ ഹാജിക്കു ഒരാശങ്ക ഉടലെടുക്കുന്നു: അതായത് ഈ യാത്രയും കേവലം ഒരു ഉല്ലാസയാത്രയായി ഭവിക്കുമോ? കാരണം പല സ്ഥലങ്ങളും താൻ സന്ദർശിക്കുന്നു. മററു യാത്രകളുടെതുപോലെ ചരിത്രപ്രാധാന്യങ്ങളായ സ്ഥലങ്ങളിൽ ചുററിക്കറങ്ങുന്നു. അങ്ങനെ അവസാനം ഒഴിഞ്ഞ കൈകളുമായി മടങ്ങേണ്ടി വരുമോ?

www.abulhasanalinadwi.org

അതിനാൽ ഈ അപകടകരമായ നീക്കത്തിൻെറ കവാട ങ്ങാം കൊട്ടിയടക്കാൻ ഇസ്ലാമിക ശരീഅത്ത് ഹജ്ജിന് ചി ല ചായങ്ങാം നൽകി. അതിന് അതിൻേറതായ പരിശുദ്ധി യും പവിത്രതയും പ്രദാനം ചെയ്തു. എത്ര അശ്രദ്ധയി ലും കളിയിലും തമാശയിലും കാര്യത്തിൽ നിന്നകന്നു പോ കാത്ത വിധത്തിലുള്ള ഒരു തരം മതിൽകെട്ടും കിടങ്ങും അ തിൻെറ ചുററും സ്ഥാപിച്ചു. ഈ ലക്ഷ്യം മുൻനിർത്തി അതിലോലവും യുക്തവുമായ ചില നിയമങ്ങാം ശരീഅ ത്ത് നിർണ്ണയിച്ചു. അത് മുഖേന ഹജ്ജിന് ഹാജിയുടെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കാൻ സാധിക്കുന്നു. അവ ൻെറ ശിക്ഷണ–സംസ്കരണത്തിൻെറ ഒരു ഘടകമായി അ ത് വർത്തിക്കും. ദൈവസാമീപ്യത്തിനുള്ള മാദ്ധ്യമം എന്ന ത് ഇതിലെല്ലാം ഉപരിയായി വേറെ നിലകൊള്ളുന്നു.

ഒന്നാമതായി ഹജ്ജിനെ ഇസ്ലാം അതിൻെറ നാലു സ്തം ഭങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചു. ഹജ്ജിൻെറ നിബന്ധന കാം പൂർത്തിയാക്കിയ ഏതൊരാളും അത് നിർവ്വഹിക്കാതെ തരമില്ല. ഏതു പരിതസ്ഥിതിയിലും അത് അവനിൽ നിന്ന് ഒഴിവാക്കപ്പെടുകയില്ല. പകരമായി മറെറാന്ന് സ്വീ കരിക്കപ്പെടുകയുമില്ല. അല്ലാഹു പറയുന്നു:* 'എല്ലാ നിലക്കും മാർഗ്ഗം ശരിയായ ആളുകാം ആ ഭവനത്തിലേ ക്ക് അല്ലാഹുവിന് വേണ്ടി യാത്ര ചെയ്യൽ നിർബന്ധമാ ണ്. ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം, നിശ്ച യം അല്ലാഹു സർവ്വലോകരോടും ആശ്രയരഹിതനാണ്.' ന ബി (സ) പറഞ്ഞതായി അലി (റ) വിൽ നിന്ന് ഇമാം തിർമു ദി നിവേദനം ചെയ്യുന്നു: "അല്ലാഹുവിൻെറ ഗേഹത്തിൽ എ ത്താൻ പററുന്ന വാഹനവും പാഥേയവും ആർക്കെങ്കിലും സൗ കര്യപ്പെട്ടു; എന്നിട്ടും അവൻ ഹജ്ജ് ചെയ്യാതിരിക്കയാണെ

* وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ ﴿٩٧﴾ آل عمران

www.abulhasanalinadwi.org

ങ്കിൽ ജൂതനായിട്ടോ ക്രിസ്ത്യാനിയായിട്ടോ അവൻ മരിച്ചു പോകാതിരിക്കട്ടെ.'' പ്രവാചകർ(സ) നിർദ്ദേശിക്കുന്നു: ''ഇസ്ലാം പഞ്ചസ്തംഭങ്ങളിൽ സ്ഥാപിതമാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ല, മുഹമ്മദ് (സ) അവന്റെ ദൂതനാകുന്നു; നമസ്കാരം കൃത്യമായി നിർവ്വഹിക്കുക; സക്കാത്ത് കൊടുക്കുക; റമസാനിൽ വ്രതമനുഷ്ടിക്കുക; കഴിവുള്ളവൻ ഹജ്ജ് ചെയ്യുക.''

ഹജ്ജിന്റെ ശ്രേഷ്ഠതകളും, മഹാത്മ്യങ്ങളും, അല്ലാഹുവിന്റെ അടുക്കൽ അതിനു നൽകപ്പെടുന്ന ഉയർന്ന സ്ഥാനമാനങ്ങളും നബി (സ) വിശദമായി പറഞ്ഞിട്ടുണ്ട്. അവയാണു ജനഹൃദയങ്ങളിൽ ആശയും അഭിനിവേശവും ഇളക്കിവിടുന്നത്. വിശ്വാസവും പ്രതിഫലാകാംക്ഷയും സൃഷ്ടിക്കുന്നത്. ഏതു പ്രവർത്തനത്തിലും ഈ രണ്ടു കാര്യങ്ങൾ ഇല്ലാതിരുന്നാൽ അല്ലാഹുവിന് അത് സ്വീകാര്യമോ, പ്രതിഫലാർഹമോ അല്ല. അബൂഹുറൈറ: (റ) നിവേദനം ചെയ്യുന്നു: ''സ്വീകാര്യമായ ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫലമില്ല''. അബൂഹുറൈറ(റ) വിൽനിന്ന് മറ്റൊരു നബിവചനം: ''ആരെങ്കിലും അല്ലാഹുവിന്‌വേണ്ടി ഹജ്ജു ചെയ്തു; അനന്തരം ചീത്ത പ്രവർത്തനവും, അസഭ്യഭാഷണവും ഉണ്ടായില്ല; എന്നാൽ അവൻ തന്റെ മാതാവ് പ്രസവിച്ച ദിവസത്തെപ്പോലെ (ഹജ്ജിൽനിന്ന്) മടങ്ങി''(സിഹാഹുസ്സിത്ത:അബൂദാവൂദൊഴികെ) ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: ''നിങ്ങൾ ഹജ്ജും ഉംറ:യും നിരന്തരമായി നിർവ്വഹിക്കുക. കാരണം ഇരുമ്പ്, സ്വർണ്ണം, വെള്ളി എന്നിവയെ ചൂള സംസ്ക്കരിക്കുന്നപോലെ അവ രണ്ടും മനുഷ്യനെ പാപത്തിൽനിന്ന് ശുദ്ധീകരിക്കുന്നു. സ്വീകാര്യമായ ഹജ്ജിന് പ്രതിഫലമായി സ്വർഗ്ഗമല്ലാതെ മറ്റൊന്നുമില്ല. ഏതൊരു ദിവസം സത്യവിശ്വാസി 'ഇഹ്റാമി'ൽ പ്രവേശിക്കുന്നുവോ അന്നത്തെ സൂര്യാസ്തമനത്തോടെ അവന്റെ അഖില പാപങ്ങളും പൊറുക്കപ്പെടുന്നു'. (തിർമുദി, നസാഈ) ആയിശ:(റ) യിൽനിന്ന്: ''അറഫാ ദിനത്തിൽ അല്ലാഹുവിന്റെ ദാസൻമാരെ നരകത്തിൽനിന്ന് മോചിപ്പിക്കുന്നത്പോലെ മ

www.abulhasanalinadwi.org

ററൊരു ദിവസവുമില്ല.'' (മുസ്ലിം) നബി(സ) യോടു ഒരിക്കൽ ആരാഞ്ഞു: ഏററവും ശ്രേഷ്ഠമായ കർമ്മം ഏതാണ്? അവിടുന്ന് പറഞ്ഞു: അല്ലാഹുവിലും റസൂൽ (സ)ലും വിശ്വസിക്കുക. പിന്നെ എന്താണ്? നബി (സ) പറഞ്ഞു: അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മസമരം ചെയ്യുക. പിന്നെ എന്ത്? അവിടുന്ന് പറഞ്ഞു? സ്വീകാര്യമായ ഹജ്ജ്''. (ബു:മു:)

ഹജ്ജിന് പ്രത്യേക 'മീഖാത്തു'കാം നിർണ്ണയിച്ചു എന്നതും അതിൻെറ യുക്തിപൂർണ്ണമായ നിയമങ്ങളിൽ പെട്ട ഒന്നാണ്. അതുമൂലം ഹാജിയിൽ ഒരു നവ്യമായ ബോധവും ചിന്തയും ഉടലെടുക്കുന്നു. അവാച്യമായ ആത്മീയത 'മീഖാത്തി'ൽ വെച്ച് അവനെ തട്ടി ഉണർത്തുന്നു. താനൊരു രാജകൊട്ടാരത്തിൻെറ സമീപത്തെത്തിയിരിക്കുന്നു; അടുത്തതായി ആ രാജാവിൻെറ പരിശുദ്ധവും പവിത്രവുമായ പ്രദേശത്തേക്ക് കാലെടുത്തു കുത്തുകയാണ്. 'മീഖാത്ത്'' മുഖേനയുണ്ടാകുന്ന അവൻെറ വിചാരങ്ങാം ഇതെല്ലാമാണ്. ഈ 'മീഖാത്ത്''കളില്ലായിരുന്നെങ്കിൽ ഹാജിമാർ യാതൊരു വികാര–വിചാരവുമില്ലാതെ ആ പവിത്ര സന്നിധാനത്തിലേക്ക് കടന്ന് ചെല്ലുമായിരുന്നു. ഗ്രാമീണരും അനഭ്യസ്തവിദ്യരും മററും രാജാക്കൻമാരുടെയും മന്ത്രിമാരുടെയും ദർബാറുകളിൽ വിവേക–വിചാരമില്ലാതെ തിങ്ങിക്കടക്കമ്പോാം അവരെ വെറുപ്പോടെ പുറത്താക്കുന്നത് നാം കാണുന്നില്ലേ? വിവിധ രാജ്യങ്ങളിൽ നിന്ന് വരുന്ന ഹാജിമാർക്ക് വ്യത്യസ്ത 'മീഖാത്തു'കാം നിർണ്ണയിച്ചതിലുള്ള യുക്തിയെക്കുറിച്ച് ശാഹ്‌വലിയ്യുല്ലാഹിദുഹ്‌ലവി എഴുതുന്നു:

''മീഖാത്തുകാം നിർണ്ണയിച്ചതിൻെറ അടിസ്ഥാനം ഇതാണ്; ഒരു വശത്ത് ഹജ്ജിന് വരുന്നവർ ശാരീരിക സുഖങ്ങളെ പരിത്യജിച്ച് മുടിയും നഖങ്ങളുമെല്ലാം മുറിക്കാതെ ഹാജറാകണമെന്നാണ് കല്പന; മറുവശത്ത് ഓരോരുത്തരും താന്താങ്ങളുടെ നാടുകളിൽ നിന്ന് ഇതേ രൂപത്തിൽ 'ഇഹ്റാമി'ൽ പ്രവേശിച്ച് അവിടെ എത്തിച്ചേരുക എന്നത് പ്രയാസകരവും. ഒന്നും രണ്ടും അതിലധികവും മാസത്തെ വഴി

www.abulhasanalinadwi.org

താണ്ടി വേണം അധിക ഹാജിമാർക്കും അവിടെ എത്തിച്ചേരാൻ. അതിനാൽ ഓരോ ഭാഗത്ത് നിന്നും വരുന്ന ഹാജിമാർക്ക് 'ഇഹ്റാമിൽ' പ്രവേശിക്കാൻ പററുന്ന പ്രത്യേക സ്ഥലങ്ങരം അനിവാര്യമായി. അവർ അവിടെ നിന്ന് 'ഇഹ്റാമി'ൽ പ്രവേശിക്കുന്നതിനാൽ പ്രസ്തുത സ്ഥലങ്ങരം പ്രസിദ്ധവും പൊതു കവാടവുമായിരിക്കണം. മദീനക്കാർക്ക് വേണ്ടി നിശ്ചയിച്ച (ദുൽഹുലൈഫ:) മീഖാത്താണ് ഏററവും ദൂരത്ത് സ്ഥിതി ചെയ്യുന്നത്. അതിന് കാരണമുണ്ട്. മദീന 'വഹ്യി'ന്റെ കേന്ദ്രവും, 'ഈമാനി'ന്റെ കോട്ടയും, 'ഹിജ്റ'യുടെ ഗേഹവുമാണ് അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാൻ ആരുണ്ട് എന്ന വിളിക്കുത്തരം നൽകിയ ഒന്നാമത്തെ പട്ടണവും അതാണല്ലോ. അതിനാൽ അവിടത്തെ നിവാസികളും അതിലെ കടന്നുപോകുന്നവരും അല്ലാഹുവിന്റെ വചനത്തെ ഉയർത്തിപ്പിടിക്കാനും ആരാധനകളിൽ കൂടുതൽ മുഴുകാനും മററുള്ളവരേക്കാരം ബാദ്ധ്യസ്ഥരാണ്. തായിഫ്, യമാമ: പോലുള്ള പ്രദേശങ്ങളെക്കാരം ആദ്യമായി വിശ്വാസത്തിലേക്ക് കടന്നുവരികയും അതിൽ ആത്മാർത്ഥമായി അടിയുറച്ചു നിൽക്കുകയും ചെയ്ത പട്ടണമാണ് മദീന. അവിടത്തുകാർക്ക് മീഖാത്തിന്റെ ദൂരം മററുള്ളവരേക്കാരം കൂട്ടിയതിന്റെ യുക്തി അതാണ്" (ഹുജ്ജത്തുല്ലാഹിൽബാലിഗ: വാ:2 പേ:44)

'ഇഹ്റാം' അതു ഹാജിയുടെ ബോധമണ്ഡലത്തെ തട്ടി ഉണർത്തുന്നു. അശ്രദ്ധയും അബോധാവസ്ഥയും നീക്കം ചെയ്ത് താനൊരു മഹത്തായ കാര്യത്തിലേക്കു പ്രവേശിക്കുകയാണെന്ന തോന്നൽ ജനിപ്പിക്കുന്നു. രാജകീയ സദസ്സിലേക്കു കടന്നുചെല്ലുന്നുവെന്ന പ്രതീതി അവനിൽ സംജാതമാക്കുന്നു. താൻ ധരിച്ചിരിക്കുന്ന പൊള്ളയായ ബാഹ്യപ്രകടനങ്ങളിൽനിന്നും, വ്യർത്ഥമായ സാംസ്ക്കാരിക ചിഹ്നങ്ങളിൽനിന്നും, നശ്വരമായ വേഷഭൂഷാദികളിൽനിന്നും ഇഹ്റാമാണ് ഹാജിയെ പുറത്തുകൊണ്ടുവരുന്നത്. അപ്പോരം ഹജ്ജിന് വേണ്ടിയുള്ള ഈ 'ഇഹ്റാം' നമസ്ക്കാരത്തിനുവേണ്ടിയുള്ള 'തക്ബീറത്തുൽ ഇഹ്റാം' പോലെയാണെന്ന് കാണാം. അത് നമസ്ക്കരിക്കുന്നവനെ ഒരു

www.abulhasanalinadwi.org

ക്ഷത്തിൽനിന്ന് മററൊരന്തരീക്ഷത്തിലേക്ക് നയിക്കുന്നു; അതുവരെയുണ്ടായിരുന്ന സ്വാതന്ത്ര്യത്തിൽനിന്ന് അവനെ തടയുന്നു. ശൈഖുൽ ഇസ്‌ലാം അഹമ്മദുബ്നു അബ്ദുറഹീമുദ്ദഹ്‌ലവി എഴുതുന്നത് കാണുക:

'ഹജ്ജിലും ഉംറയിലും പ്രവേശിക്കുന്നവരുടെ 'ഇഹ്റാമി'നെ നമസ്ക്കാരത്തിന്‌വേണ്ടിയുള്ള 'തക്ബീറത്തുൽ ഇഹ്റാം' പോലെ കരുതാം. അത് ആൽമാർത്ഥതയുടെയും ഗാംഭീര്യത്തിൻെറയും ബഹിർ പ്രകടനമാണ്. സത്യവിശ്വാസിയുടെ ദൃഢമായ മനക്കരുത്തിൻെറ ബാഹ്യചിഹ്നവുമാണ്. ആഢംബരങ്ങളിൽനിന്നും ആർഭാടങ്ങളിൽനിന്നും അവൻ തൻെറ ശരീരത്തെ പുറത്തുകൊണ്ടുവരുന്നു. ആസ്വാദനങ്ങളെയും സുഖഭോഗങ്ങളെയും പരിത്യജിച്ച്, അല്ലാഹുവിനെ ഭയമുള്ളവനാക്കിത്തീർക്കുന്നു. അല്ലാഹുവിന്‌വേണ്ടി ഏതു ത്യാഗത്തിൻെറയും, പരവശതയുടെയും, വ്യസനത്തിൻെറയും വേഷമണിയാൻ അവൻ തയ്യാറാണെന്ന് അത് സൂചിപ്പിക്കുന്നു.' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ: 2 പേജ്: 44)

ഇത്‌പോലെ 'ഇഹ്റാമി'ൽനിന്നു പുറത്തുവരാനും ചില ചിട്ടകളും നിയമങ്ങളുമുണ്ട്. ഇഹ്റാമിനാൽ ബന്ധിതനായ ഹാജി ആ നിയമങ്ങൾ പാലിച്ചേ തീരൂ. താൻ ഹജ്ജിലേക്ക് പ്രവേശിച്ചപ്പോൾ തൻെറ ശരീരത്തെ അബോധാവസ്ഥയിൽനിന്ന് ഉണർത്തി; അതിനു ബോധവും വെളിവും നൽകിയിരുന്നു, അതുപോലെ ഹജ്ജിൻെറ കർമ്മങ്ങളിൽനിന്നു വിരമിക്കുമ്പോഴും ചെയ്തേ പററൂ. ഒററയടിക്കു പുറത്തുവരാനോ, നിഷിദ്ധമായിരുന്ന വസ്തുക്കളെപെട്ടെന്നു രുചിക്കാനോ പാടില്ല. അതിന് ചില പ്രത്യേകമായ കർമ്മങ്ങളും കരുത്തുകളും ഉണ്ടായിരിക്കണം. ക്രമപ്രവൃദ്ധമായ രൂപത്തിൽ ഹജ്ജിൽനിന്നു പുറത്തുവരിക. നമസ്ക്കാരത്തിലാണെങ്കിൽ 'സലാം' ചൊല്ലി വിരമിക്കുന്നു; എന്നാൽ ഹജ്ജിൽനിന്നു 'ഹൽഖ' (തലമുണ്ഡനം) മുഖേന പുറത്തുവരുന്നു. ശാഹ്‌വലിയ്യുല്ലാഹി (റ) വീണ്ടും എഴുതുകയാണ്:

www.abulhasanalinadwi.org

''ഹജ്ജിൻെറ ഗൗരവത്തിനും ഗാംഭീര്യത്തിനും വിഘ്നം സൃഷ്ടിക്കാത്ത ഒരു പ്രവർത്തനത്തിലൂടെ, അതിൽ നിന്ന് പുറത്ത് വരിക എന്നതാണ് 'ഹൽഖി'ൻെറ രഹസ്യം. ഇങ്ങനെ ഒരു പ്രത്യേക രൂപം ജനങ്ങൾക്ക് നിർണ്ണയിച്ചു കൊടുത്തില്ലായിരുന്നെങ്കിൽ അവർ ഓരോരുത്തരും വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിക്കുമായിരുന്നു. മാത്രമല്ല, ഈ സന്ദർഭം ഹാജി തൻെറ മുഷിഞ്ഞതും പൊടിപുരണ്ടതുമായ വേഷത്തിൽ നിന്ന് പൂർണ്ണമായി പുറത്തു വരാനുള്ളതാണല്ലോ. നമസ്കാരത്തിൽ നിന്ന് വിരമിക്കാനുള്ള 'സലാം' പോലെതന്നെ.' (ഹുജ്ജത്തുല്ലാഹിൽബാലിഗ:വാ:2, പേ:45)

'തൽബിയത്ത്'' ധാരാളമായി ചൊല്ലാൻ ശരീഅത്ത് കല്പിച്ചു. ഹജ്ജ് മുഖേന കൂടുതൽ ഫലങ്ങളും നേട്ടങ്ങളും കൊയ്തെടുക്കാനുള്ള വ്യവസ്ഥാപിതമായ ഒരു രൂപമാണ് അത്. അധികമായും, അത്യുച്ചത്തിലും 'തൽബിയത്ത്'' ചൊല്ലാൻ നബി (സ) ആജ്ഞാപിച്ചിട്ടുണ്ട്. ഏററവും ശ്രേഷ്ഠമായ ഹജ്ജ് ഏതെന്ന് നബി (സ) യോട് ആരാഞ്ഞു. അവിടുന്ന് പറഞ്ഞു:* 'കൂട്ടം കൂട്ടമായ ജനപ്രവാഹവും, പ്രകമ്പന പൂരിതമായ അവരുടെ തൽബിയത്തും നിറഞ്ഞ ഹജ്ജ്''– (ഇബ്നുമാജ:)

അലസമായ ഹൃദയങ്ങളെ തട്ടിയുണർത്തി ആവേശഭരിതമാക്കുന്നതിൽ തൽബിയത്തിന് അന്യാദൃശമായ സ്വാധീനശക്തിയുണ്ട്. അത് ജനഹൃദയങ്ങളെ ഹജ്ജിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കു കൈപിടിച്ചാനയിക്കുന്നു. അല്ലാഹുവിലുള്ള വിശ്വാസവും പ്രേമവും ഹാജിമാരിൽ നിറക്കുന്നു. പരമകാരുണികനായ അല്ലാഹുവിൻെറ ഉമ്മറപ്പടിയിൽ മുട്ടുകുത്തി വീഴാൻ 'തൽബിയത്ത്'' ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഇലക്ട്രിക് ലൈനുകളിൽ വൈദ്യുതി പ്രവഹിക്കുന്നത് പോലെ ഹാജിയുടെ സിരകളിലും, ബോധമണ്ഡലങ്ങളിലും ഹണേന്ദ്രിയങ്ങളിലുമെല്ലാം 'ഈമാനും' 'ഇഖ്ലാസും' പാസ്സ് ചെയ്യുന്നതു തൽബിയ്യത്തു കൊണ്ടു മാത്രമാണ്.

---

* الحج والثج

www.abulhasanalinadwi.org

ചിലപ്പോഴെല്ലാം ഹാജിമാർ യാതൊരു മുന്നൊരുക്കവും അറിവുമില്ലാതെയാണ് ഇസ്‌ലാമിന്റെ അതിമഹത്തായ ഈ കർമ്മം നിർവ്വഹിക്കാൻ ഒരുങ്ങുന്നത്. അത്തരം സാഹചര്യത്തിൽ ഹജ്ജ് മുഖേന ഉദ്ദേശിക്കപ്പെടുന്ന എല്ലാ നേട്ടങ്ങൾക്കും ഈ തൽബിയത്ത് ഹാജിമാരെ അർഹരാക്കുന്നു. ഹാജിയുടെ കണ്ഠനാളങ്ങളിൽ നിന്ന് 'ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക, ലബ്ബൈക്കലാശരീക്കലക്ക ലബ്ബൈക്ക, ഇന്നൽഹംദ വന്നി അ്മതല്ക്ക, വൽമുൽക്കലാശരീക്കലക്ക' എന്ന മുദ്രാവാക്യം പുറപ്പെട്ടു കഴിഞ്ഞാൽ ഹജ്ജിന്റെ ഉന്നതമായ ലക്ഷ്യങ്ങളും അന്തസ്സത്തയും അവൻ അറിയാതെത്തന്നെ ഉൾക്കൊള്ളാൻ തുടങ്ങും. അതോടെ സഹന–സന്തോഷ–പ്രേമങ്ങളുടെ പളുങ്കു കോപ്പകൾ അനിയന്ത്രിതമായി കവിഞ്ഞൊഴുകുന്നു. അവന്റെ സിരകളിൽ തൗഹീദിന്റെ ഉജ്ജ്വല നാളങ്ങൾ പ്രകാശിക്കും. അങ്ങനെ ഖലീലുല്ലാഹി ഇബ്‌റാഹീം (അ) ന്റെയും, റസൂലുല്ലാഹി മുഹമ്മദ് (സ) യുടെയും, അവരുടെ പ്രബോധന ദൗത്യം ഏറ്റെടുത്ത അനുയായികളുടെയും സംഘടനയിൽ ഇവനും ഒരംഗമായിച്ചേരും.

അല്ലാഹു ഹജ്ജിന് രണ്ട് പവിത്രതകൾ നൽകി അനുഗ്രഹിച്ചു; അതാണ് ഹജ്ജ് നടക്കുന്ന സ്ഥലവും കാലവും പ്രത്യേകമായിതന്നെ ആദരിക്കാൻ കൽപിച്ചത്. ഹാജിയുടെ മനസ്സിൽ സദാ ഈ മഹത്തായ ആരാധനാ കർമ്മത്തിന്റെ വലിപ്പത്തെക്കുറിച്ചു ബോധമുണ്ടാവണം. തന്നിൽ അർപ്പിതമായ ഉത്തരവാദിത്വവും ഉദ്യോഗവും ഒരു നിസ്സാര കാര്യമല്ലെന്നവൻ മനസ്സിലാക്കട്ടെ. ഇരുപ്പിലും നടപ്പിലും, ചലന നിശ്ചലാവസ്ഥകളിലും ചിന്താവിഷ്ടനും, ഇന്ദ്രിയാധീനനുമായിരിക്കട്ടെ. ആത്മീയാന്തരീക്ഷത്തിൽനിന്ന് ഒരു നാഴികയോ വിനാഴികയോ ഒഴിഞ്ഞുനിൽക്കൽ പാടില്ല. അല്ലാഹു പറയുന്നു: * 'ആകാശങ്ങളേയും ഭൂമിയേയും പടച്ച

---

* إِنَّ عِدَّةَ الشُّهُورِ عِنْدَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمٰوٰتِ وَالْأَرْضَ مِنْهَا
أَرْبَعَةٌ حُرُمٌ ذٰلِكَ الدِّينُ الْقَيِّمُ فَلَا تَظْلِمُوا فِيهِنَّ أَنْفُسَكُمْ
التوبة

www.abulhasanalinadwi.org

ദിവസത്തിൽ, നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം അവന്റെ വിധിപ്രകാരം പന്ത്രണ്ടു മാസങ്ങളാകുന്നു. അവയിൽ നാലെണ്ണം യുദ്ധം നിഷിദ്ധമായതാണ്. അതാണ് ശരിയായ മതം. അതിനാൽ ആ മാസങ്ങളിൽ നിങ്ങൾ നിങ്ങളെത്തന്നെ ആക്രമിക്കരുത്.'

മററൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:– * 'വിലക്കപ്പെട്ട മാസത്തിൽ യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കും. നീ പറയുക: അതിൽ യുദ്ധം ചെയ്യൽ വലിയ കുററം തന്നെ.'

ഇമാം മുസ്ലിമിന്റെ ഹദീസ്: 'നിശ്ചയം കാലം ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിനത്തിലേതുപോലെ അതിന്റെ പ്രാഥമികാവസ്ഥയിലേക്ക്തന്നെ മടങ്ങിയിരിക്കുന്നു. വാനലോകങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച നാളിൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ്. അതിൽ നാലെണ്ണം പവിത്ര മാസങ്ങളാണ്; ദുൽഖഅദ്, ദുൽഹജ്ജ്, മുഹറം എന്നിങ്ങനെ തുടരെയായി മൂന്നും, ശഅ്ബാനിന്റെയും ജുമാദയുടെയും മദ്ധ്യേയുള്ള 'മുളറ്' ഗോത്രക്കാരുടെതായ റജബുമാണ് ആ നാലു മാസങ്ങൾ',

സ്ഥലത്തിന്റെ പവിത്രതയെ സംബന്ധിച്ച് അല്ലാഹു പറയുന്നു: ** 'ഈ നാടിനെ പുണ്യഭൂമിയാക്കിയ ഇതിന്റെ നാഥനെമാത്രം ആരാധിക്കുവാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടത്. എല്ലാ വസ്തുക്കളും അവന്റെതാണ്. 'മുസ്ലിംകളിൽപ്പെട്ടവനായിരിക്കാനും ഞാൻ ആജ്ഞാപിക്കപ്പെട്ടു.'

---

** إِنَّمَا أُمِرْتُ أَنْ أَعْبُدَ رَبَّ هَٰذِهِ الْبَلْدَةِ الَّذِي حَرَّمَهَا وَلَهُ كُلُّ شَيْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ الْمُسْلِمِينَ النمل

* يَسْأَلُونَكَ عَنِ الشَّهْرِ الْحَرَامِ قِتَالٍ فِيهِ ۖ قُلْ قِتَالٌ فِيهِ كَبِيرٌ البقرة : ٢١٧

www.abulhasanalinadwi.org

മക്കാവിജയദിനം പ്രവാചകൻ പറഞ്ഞതായി ഹസ്രത്ത് ഇബ്നു അബ്ബാസ് (റ) പറയുന്നു: '(ഇന്നുമുതൽ ഇവിടെ നിന്ന്) പലായനമില്ല, എങ്കിലും ജിഹാദും, നിയ്യത്തുമുണ്ട്. എപ്പോഴം നിങ്ങൾ ദീനിന്റെ മാർഗ്ഗത്തിൽ വിളിക്കപ്പെടുന്നുവോ ഉടനെ അതിനു പുറപ്പെട്ടുകൊള്ളണം.' അന്ന് അവിടുന്ന് പറഞ്ഞു: 'അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച നാളിൽ തന്നെ ഈ നാടിനെ പവിത്രമായി കൽപ്പിച്ചിരിക്കുന്നു. അന്ത്യനാൾ വരെ അത് പവിത്രമായിത്തന്നെ നിലനില്ക്കും. എനിക്ക് മുമ്പ് അവിടെ യുദ്ധം ചെയ്യാൻ ആർക്കും അനുവാദം നല്കപ്പെട്ടിട്ടില്ല. പകലിൽ നിന്ന് അല്പസമയമല്ലാതെ എനിക്കും അവിടെ യുദ്ധം അനുവദിക്കപ്പെട്ടിട്ടില്ല. ഈ സ്ഥലം അല്ലാഹു പാവനമായി വിധിച്ചതിനാൽ അന്ത്യനാൾ വരെ അങ്ങനെ തന്നെയായിരിക്കും. അവിടത്തെ സസ്യലതാദികൾ മുറിക്കൽ നിഷിദ്ധമാണ്. മൃഗങ്ങളെ വേട്ടയാടാൻ പാടില്ല. വീണു കിടക്കുന്ന സാധനങ്ങൾ അവകാശികളല്ലാതെ എടുക്കരുത്. ഇബ്നു അബ്ബാസ് (റ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ! കോരപ്പുല്ല് ഒഴിവാകുമോ? അവിടുന്ന് പറഞ്ഞു: കോരപ്പുല്ലൊഴികെ.''

ഹറമിൽ വെച്ചു ചെയ്യുന്ന കുററകരമായ പ്രവർത്തനം ഭൂമിയുടെ മറേറതൊരു ഭാഗത്തു വെച്ചു ചെയ്യുന്നതിനേക്കാൾ ശിക്ഷാർഹമാണ്. ഒരു വിഭാഗം പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ അവിടെ വെച്ചു പാപം ചെയ്യാൻ വിചാരിച്ചാൽ പോലും അതു കുററമായി ഗണിക്കപ്പെടുന്നതാണ്. ഹറമിന്റെ മാത്രം പ്രത്യേകതയാണിത്. അതിന്നായി അവർ പറയുന്ന തെളിവ് വിശുദ്ധ ഖുർആനിലെ ഈ സൂക്തമാണ്: * "അവിടെ അന്യായമായി ആരെങ്കിലും (വല്ല) അക്രമവും ഉദ്ദേശിക്കുകയാണെങ്കിൽ വേദനാജനകമായ ശിക്ഷയെ നാം അവനെ രുചിപ്പിക്കും.'' അല്ലാമാ ഇബ്നു

---

* ومن يرد فيه بإلحاد بظلم نذقه من عذاب اليم — الحج : ٢٥

www.abulhasanalinadwi.org

കസീർ (റ) പറയുന്നു; "ഹറമിൽ വെച്ച് ഒരു പാപം ചെയ്യാൻ വിചാരിച്ചവൻ പോലും ആക്ഷേപാർഹനും ശിക്ഷിക്കപ്പെടേണ്ടവനുമാണ്. പാപം ചെയ്യാനുള്ള സൗകര്യം അവനുണ്ടാകട്ടെ ഉണ്ടാകാതിരിക്കട്ടെ ഇത് ഭൂമിയിൽ ഹറം ശരീഫിൻെറ മാത്രം പ്രത്യേകതയായി ഗണിക്കാം."

ഹജ്ജിൻെറ സ്ഥലകാലങ്ങൾക്കു പവിത്രതയും പരിശുദ്ധിയും കല്പിച്ചതു പോലെ, അതിൻെറ 'ഇഹ്റാമിനും' പല പ്രത്യേക പവിത്രതകളും മര്യാദകളും നിശ്ചയിച്ചിട്ടുണ്ട്. അതാണ് 'ഇഹ്റാമി'ലായിരിക്കെ വേട്ടയാടാൻ പാടില്ലെന്ന് പറഞ്ഞത്. അല്ലാഹു പറയുന്നു: *

"നിങ്ങൾ ഹജ്ജിന് വേണ്ടി ഇഹ്റാം കെട്ടിയാൽ വേട്ട മൃഗങ്ങളെ കൊല്ലാൻ പാടില്ല." മറെറാരു സ്ഥലത്ത് പറയുന്നു:** "നിങ്ങൾക്കും യാത്രക്കാർക്കും ഉപയോഗിക്കുവാനായി സമുദ്രത്തിൽ നിന്ന് വേട്ടയാടിയും അല്ലാതെയും ലഭിക്കുന്ന വസ്തുക്കൾ അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇഹ്റാമിൽ പ്രവേശിച്ചവരായിരിക്കുമ്പോൾ കരയിൽ നിന്ന് വേട്ടയാടാൻ പാടില്ല. ഏതൊരു അല്ലാഹുവിലേക്കാണോ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത് അവനെ സൂക്ഷിക്കുക."

ഹസ്രത്ത് ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി (റ) എഴുതുന്നു: "ഇഹ്റാമിൽ പ്രവേശിച്ച ഹാജിമാർക്ക് ഇത്തരം കാര്യങ്ങൾ നിഷിദ്ധമായി വിധിക്കാൻ കാരണമുണ്ട്; അതുമുഖേന വിനയവും വണക്കവുമുണ്ടാകുന്നു. ആർഭാടരാഹിത്യവും, അല്ലാഹുവിലുള്ള ഭയവും കൂടിവരുന്നു. ശരീരേച്ഛകളെയും അമിതാസ്വാദനത്തേയും പരിത്യജിക്കുന്നു. വേട്ട ആനന്ദദായകവും, ഉല്ലാസപൂർണ്ണവുമായതിനാലാണ് നി

---

* يا ايها الذين آمنوا لا تقتلوا الصيد وانتم حرم — المائدة : ٩٥

** احل لكم صيد البحر وطعامه متاعا لكم وللسيارة وحرم عليكم صيد البر مادمتم حرما واتقوا الله الذى اليه تحشرون — المائدة - ٩٦

www.abulhasanalinadwi.org

ഷിദ്ധമായി പ്രഖ്യാപിച്ചത്'' (ഹുജജത്തുല്ലാഹിൽബാലിഗ: വാ:2, പേ: 44)

പല ആളുകാംക്കും ഹജജ്യാത്ര വളരെ സുദീർഘമായിരിക്കും. അല്ലാഹു പറയുന്നു: * ''ഹജജിന്വേണ്ടി നീ ജനങ്ങളോട് വിളിച്ചു പറയുക. അവർ വിദൂരദേശങ്ങളിൽനിന്ന് വരുന്ന മെലിഞ്ഞ ഒട്ടകത്തിന്റെ പുറത്തായും കാൽനടയായും നിന്റെയടുക്കൽ എത്തും.'' ഈ യാത്രയിൽ ജനങ്ങാം പല തരത്തിലുള്ള അവസ്ഥകാം തരണം ചെയ്യേണ്ടിവരുന്നു. നാനാതരത്തിലുള്ള സ്വഭാവക്കാരുമായി കണ്ടുമുട്ടുന്നു. പുതുമുഖങ്ങളുമായി ദീർഘകാലം ബന്ധപ്പെടുകയും സഹവസിക്കുകയും ചെയ്യുന്നു. പലതും പലരിൽ നിന്നുമാണ് നേടേണ്ടതും ക്രയവിക്രയങ്ങാം നടത്തേണ്ടതും. ഇത്തരം ഘട്ടങ്ങളിൽ ജനങ്ങാം പല സ്വഭാവക്കാരായതിനാൽ തമ്മതമ്മിൽ പൊരുത്തക്കേടും അസഹിഷ്ണുതയും ഉടലെടുക്കാറുണ്ട്. വിശാലമനസ്കതയും വിട്ടുവീഴ്ചയും എല്ലാവരിലും കാണുകയില്ല. സംഗതി ഇങ്ങനെയായതിനാൽ ഹാജി തന്റെ നാട്ടിലും വീട്ടിലുമില്ലാത്ത ഒരു ചുററുപാടിൽ ഹജജിന്റെ തന്നെ അന്തസ്സത്തക്ക് എതിരായ സ്വഭാവചര്യകളിലേക്ക് നീങ്ങാൻ പ്രേരിതനാകുന്നു. അതിനാൽ ഇത്തരം സാദ്ധ്യതകാം മുന്നിൽ കണ്ടു കൊണ്ട് അതിന്റെ കവാടങ്ങാം അല്ലാഹു കൊട്ടിയടക്കുന്നു:** ''ഹജജ് (ആചരിക്കേണ്ട) മാസങ്ങാം അറിയപ്പെട്ടതാണ്. ആരെങ്കിലും അതിൽ ഹജജ് ചെയ്യുകയാണെങ്കിൽ പിന്നെ സ്ത്രീകളുമായി സല്ലപിക്കാ

---

* وأذن في الناس بالحج يأتوك رجالا وعلى كل ضامر يأتين من كل فج عميق
الحج: ٢٧

** الحج أشهر معلومات فمن فرض فيهن الحج فلا رفث ولا فسوق ولا جدال في الحج وما تفعلوا من خير يعلمه الله وتزودوا فإن خير الزاد التقوى واتقون يا أولي الألباب
— البقرة : ١٩٧

www.abulhasanalinadwi.org

നോ, ചീത്ത കാര്യങ്ങൾ ചെയ്യാനോ, തർക്കിക്കാനോ പാടില്ല. നിങ്ങൾ ഏതു നൻമ ചെയ്താലും അത് അല്ലാഹു അറിയും. നിങ്ങൾ പാഥേയം ഒരുക്കുക. നിശ്ചയം ഉത്തമമായ പാഥേയം തഖ്വ തന്നെ. ബുദ്ധിയുള്ളവരെ, എന്നെ നിങ്ങൾ സൂക്ഷിക്കുക.''

ദേഹം, ദേഹി, കരുത്ത്, കർമ്മം, സ്ഥലം, കാലം എന്നിവകളോടെല്ലാം ബന്ധപ്പെടുത്തി നിയമ നിർദ്ദേശങ്ങൾ നൽകപ്പെട്ട തീർത്ഥയാത്ര യഥാർത്ഥത്തിൽ ഇതരമതങ്ങളിൽ കണ്ടെത്തുക സാദ്ധ്യമല്ല. അതിനാൽ ഈ നിലയിൽ ഹജ്ജ് അതുല്ല്യമായ ഒരു ആരാധനാകർമ്മമാണ്. അതിനു പരിശുദ്ധി, വിരക്തി, ധ്യാനം, ത്യാഗം, സൂക്ഷ്മത തുടങ്ങിയ പവിത്രതയുടെ പുടവകൾ കൊണ്ട് മേലാട ധരിപ്പിച്ചിരിക്കുന്നു. ജീവിതത്തെ നിയന്ത്രിക്കുന്നതിലും സ്വഭാവത്തെ സംസ്കരിക്കുന്നതിലും അതിന് ആഴമേറിയ സ്വാധീനശക്തിയുണ്ട്. പ്രവാചകപ്രഭുവിന്റെ വാക്യം അതാണ് പഠിപ്പിക്കുന്നത്: * ''ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഹജ്ജ് നിർവ്വഹിച്ചു; എന്നിട്ടവൻ അസഭ്യ വാക്കുകളും അനാശാസ്യ പ്രവർത്തനങ്ങളും വരാതെ സൂക്ഷിച്ചു; എന്നാൽ അവനെ അവന്റെ മാതാവ് പ്രസവിച്ചത് പോലെ മടങ്ങി.''

## ഇതര മതങ്ങളിലെ ''ഹജ്ജും സിയാറത്തും''

പ്രത്യേക വിശുദ്ധ മന്ദിരങ്ങൾ സ്ഥാപിച്ച് തീർത്ഥാടനം ചെയ്യുകയും, നിശ്ചിത കാലത്തും സ്ഥലത്തും സമ്മേളിക്കുകയും ചെയ്യാത്ത സമുദായങ്ങളോ മതക്കാരോ ലോകത്തില്ല. തീർത്ഥാടനത്തിന് അതിന്റേതായ ആചാരങ്ങളും

---

* من حج لله فلم يرفث ولم يفسق رجع كيوم ولدته أمه

— رواه الستة الا ابا داود

www.abulhasanalinadwi.org

അനുഷ്ഠാനങ്ങളുമുണ്ട്. എന്ത്കൊണ്ട് എന്ന ചോദ്യത്തിന്, അത് മനുഷ്യൻെറ പ്രകൃതിയും മനസ്സാക്ഷിയുടെ തേട്ടവുമാണ് എന്നു മാത്രമേ ഉത്തരമുള്ളൂ. നാം മുമ്പു വിവരിച്ചുകഴിഞ്ഞു: മനുഷ്യൻ തൻെറ നഗ്നമായ കണ്ണുകൾകൊണ്ട് കാണുവാൻ കഴിയുന്ന വികാര–വിചാരങ്ങളും, 'പ്രേമ'–വിശ്വാസങ്ങളും, ആശകളും ആവേശങ്ങളും അടക്കിവെക്കാൻ പററുന്ന ഒരു വസ്തുവിനെ, സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ സദാ തെരഞ്ഞുകൊണ്ടിരുന്നു; അവിടെനിന്ന് അവന് ശാന്തിയും സമാധാനവും കൈവരണം; കാലങ്ങളായി ചെയ്തുകൂട്ടിയ പാപങ്ങൾക്ക് പരിഹാരം കിട്ടണം; മാനസികോല്ലാസവും മാനവിക ബഹുമതിയും ലഭ്യമാകണം. അതിനുവേണ്ടി ഒരു മഹത്തായ കേന്ദ്രം. അവിടെ മതപരവും വൈകാരികവുമായ സാഹോദര്യവും ആത്മീയാന്തരീക്ഷവും ഒത്തുചേരണം. ഇത് മനുഷ്യൻെറ എന്നുമുള്ള ആശയാണ്. അതുകൊണ്ടുതന്നെ എല്ലാ സമുദായവും എക്കാലത്തും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിലുള്ള തീർത്ഥാടനവും അതിനുള്ള കേന്ദ്രവും അവലംബിച്ചുപോന്നിട്ടുണ്ട്. അവർ തങ്ങളുടെ ദേവീ ദേവൻമാർക്ക ബലികൾ നടത്തുകയും ഖുർബാനകൾ അർപ്പിക്കകയും ചെയ്തുപോന്നിരുന്നു. അല്ലാഹുവിൻെറ വാക്യത്തിൽനിന്ന് ഇക്കാര്യം വ്യക്തമാണ്.* ''ഓരോ സമുദായത്തിനും നാം ബലികർമ്മം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് അല്ലാഹു കൊടുത്ത മൃഗങ്ങളുടെ മേൽ അവൻെറ നാമം അവർ സ്മരിക്കാൻവേണ്ടി. അപ്പോൾ നിങ്ങളുടെ ആരാധ്യൻ, ഒരേ ഒരു ആരാധ്യനേയുള്ളൂ. അതിനാൽ അവന് നിങ്ങൾ സർവ്വാത്മനാ കീഴടങ്ങുവിൻ, വിനയാന്വിതരെ സന്തോഷവാർത്ത അറിയിക്കുക.''

---

* ولكل أمة جعلنا منسكا ليذكروا اسم الله على ما رزقهم من بهيمة الانعام فالهكم اله واحد فله اسلموا وبشر المخبتين — الحج : ٣٤

www.abulhasanalinadwi.org

വേറൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:* "എല്ലാ സമുദായത്തിനും ഒരു മാർഗ്ഗം നാം നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അവരത് ആചരിച്ചു കൊള്ളണം. അതുകൊണ്ട് അക്കാര്യത്തിൽ അവർ നിന്നോടു പിണങ്ങേണ്ടതില്ല. നീ നിന്റെ നാഥനിലേക്കു ക്ഷണിച്ചു കൊള്ളുക. നിശ്ചയം നീ നേർമാർഗ്ഗത്തിൽ തന്നെയാകുന്നു."

ഭൂമുഖത്ത് മൺമറഞ്ഞ നഗരങ്ങളിലും നാഗരികതകളിലും വിശുദ്ധ തീർത്ഥാടന കേന്ദ്രങ്ങളുണ്ടായിരുന്നുവെന്ന് പുരാവസ്തു ഗവേഷകരും, ഭൂഗർഭ നിരീക്ഷകരും തെളിയിച്ചു കഴിഞ്ഞു. ചരിത്രാന്വേഷകരായ പണ്ഡിതന്മാരും ഈ വസ്തുത സമ്മതിച്ചിട്ടുണ്ട്. പക്ഷേ, അതിന്റെ യാഥാർത്ഥ്യത്തിലേക്കും സാംസ്കാരിക നിലവാരത്തിന്റെ സത്യസന്ധതയിലേക്കും കടന്നു ചെല്ലുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഊഹങ്ങളും അനുമാനങ്ങളുമാണവർക്കവലംബം; അതു വഴി വ്യക്തവും പൂർണ്ണവുമായ ഒരു ചരിത്രസത്യം ലഭിക്കുകയില്ല.

ഈ വിഷയത്തിൽ ജൂതമതവും പിന്നീട് ക്രിസ്തുമതവും നമ്മളോട് ഏറ്റവും അടുപ്പമുള്ള മതങ്ങളാണ്. ചരിത്രത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചത്തിൽ സുദീർഘമായ കാലങ്ങൾ കഴിച്ചവരാണവർ. ഗ്രന്ഥകാരന്മാരും ചരിത്രകാരന്മാരും അവരുടെ കാര്യത്തിൽ പ്രത്യേകം താല്പര്യം കാണിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ–സാംസ്ക്കാരിക–വൈജ്ഞാനിക മണ്ഡലങ്ങളിൽ മുൻപന്തിയിൽ നിന്നുകൊണ്ട് വലിയ സംഭാവനകളർപ്പിച്ച സജീവസമുദായങ്ങളുമാണവർ. ബൈത്തുൽ മുഖദ്ദസും, അതിനോടു ബന്ധപ്പെട്ട പുരാതന ഗേഹങ്ങളുമെല്ലാം ഇവരുടെ തീർത്ഥാടന സ്ഥലങ്ങളും ആത്മീയ കേന്ദ്രങ്ങളുമാണ്. അവിടേക്കുള്ള ഹജ്ജ് യാത്ര പൗരാണിക കാലം മുതൽ അറി

---

• لكل أمة جعلنا منسكا هم ناسكوه فلا ينازعنك في الأمر وادع الى ربك
انك لعلى هدى مستقيم — الحج : ٦٧

www.abulhasanalinadwi.org

യപ്പെട്ടതുമാണ്. എങ്കിലും (വിശദവും വ്യക്തവുമായ രൂപത്തിൽ നിയമനിർദ്ദേശങ്ങൾ വരച്ചു കാണിക്കപ്പെട്ട) ഇസ്ലാമിലെ ഹജ്ജിനോട് അതിനെ താരതമ്യം ചെയ്താൽ, പലതരത്തിലുള്ള അവ്യക്തതകളുടെ പൊടിപടലങ്ങൾ അതിൽ കടന്നു കൂടിയതായി കാണാൻ കഴിയും. 'ജൂതവിജ്ഞാനകോശത്തി'ൻെറ പത്താം വാള്യത്തിൽ വന്ന ഒരു ഭാഗം ശ്രദ്ധിക്കുക:

'REYIAH എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബൈത്തുൽ മുഖദ്ദസിലേക്കുള്ള ഹജ്ജ് വർഷത്തിൽ മൂന്ന് ഉത്സവ വേളകളിലാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്. Harvest Festival, * Easter, Feast of Tabernacles എന്നിവയാണ് അവ. ജൂതപ്രമാണമായ Mishnah യുടെ അടിസ്ഥാനത്തിൽ കുട്ടികൾ, സ്ത്രീകൾ, അന്ധർ, സാധുക്കൾ, ശാരീരിക മാനസികരോഗികൾ ഒഴികെയുള്ള എല്ലാവരും അതിൽ സംബന്ധിക്കൽ നിർബന്ധമായിരുന്നു. കുട്ടികൾ എന്നത്കൊണ്ടു വിവക്ഷിക്കപ്പെടുന്നത് പിതാവിൻെറ സഹായം കൂടാതെ സ്വയം ബൈത്തുൽ മുഖദ്ദസിലെത്താൻ കഴിവില്ലാത്ത ബാലികാ ബാലൻമാരെയാണ്. മോശേ നിയമപ്രകാരം എല്ലാ ഹാജിമാരും എന്തെങ്കിലും ഒരു സംഭാവന (Offering) നാഥൻെറ മുമ്പിൽ അർപ്പിക്കൽ അനിവാര്യമായിരുന്നു. പക്ഷേ, അതിത്ര വേണമെന്ന് തോത് നിയ്ചയിക്കപ്പെട്ടിട്ടില്ല. സ്ത്രീകളും കുട്ടികളും പങ്കെടുക്കൽ നിർബന്ധമില്ലെങ്കിൽതന്നെ അവർ തങ്ങളുടെ പിതാക്കൻമാരുടെയും ഭർത്താക്കൻമാരുടെയുംകൂടെ ഇതര മേളകളെപ്പോലെ ഇതിലും പങ്കെടുക്കാറുണ്ട്. Gesius florus എന്ന ചരിത്രകാരൻ (എ. ഡി. 63–66) പറയുന്നു: Passover എന്ന ഒററ ഉത്സവത്തിൽ മാത്രം ജൂതർ 256500 ആട്ടിൻകുട്ടികളെ ബലിയർപ്പിച്ചു. പത്താൾക്ക് ഒരാട്ടിൻകുട്ടി എന്ന ക്രമത്തി

---

* ജോവിഷ് എൻസൈക്ലോ പീഡിയയിൽ പറയുന്നു: ഈ ഉത്സവത്തിന് ബൈത്തുൽ മുഖദ്ദസിൽ എല്ലാ പുരുഷൻമാരും സന്നിഹിതരാകൽ നിർബന്ധമായിരുന്നു. (Pentecos) എന്ന ശീർഷകം നോക്കുക.

www.abulhasanalinadwi.org

ലാണെങ്കിൽതന്നെ അതിൽ പങ്കെടുത്ത വ്യക്തികളുടെ എണ്ണം 2565000 വരും. Toseffa യോടനുബന്ധിച്ച് ഒരിക്കൽ പ ന്ത്രണ്ടുലക്ഷം ആട്ടിൻകുട്ടികളുടെ കാലുകൾ മുറിക്കപ്പെട്ട. ഈ സംഖ്യ ഒരു പക്ഷേ, അതിശയോക്തി കലർന്നതായി രിക്കാം.

ക്ഷേത്രത്തിന്റെ നശീകരണശേഷവും ഹജ്ജ് മുടങ്ങാതെ നിലനിന്നുപോന്നു. ക്രിസ്താബ്ദം 1187–ൽ സലാഹുദ്ദീൻ അയ്യൂബിയുടെ നേതൃത്വത്തിൽ മുസ്ലിംകൾ ബൈത്തുൽ മുഖദ്ദസ് പിടിച്ചടക്കി. അതോടെ പൗരസ്ത്യ പ്രദേശങ്ങളിൽ താമസിച്ചിരുന്ന ജൂതൻമാർക്ക് ബൈത്തുൽ മുഖദ്ദസും (ഡമസ്ക്കസുമുതൽ ബാബിലോണിയ, ഈജിപ്ത് വരെയുള്ള) മററു പുണ്യസ്ഥലങ്ങളും അനായാസം സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. പൗരസ്ത്യരായ ജൂതൻമാർ, പ്രത്യേകിച്ചും ബാബിലോണിയയിലും കുർദിസ്ഥാനിലും താമസിക്കുന്നവർ പതിനാലാം നൂററാണ്ടു മുതൽ വർഷത്തിൽ ചുരുങ്ങിയത് ഒരിക്കലെങ്കിലും ഹജ്ജ് നിർവഹിക്കുക എന്ന സമ്പ്രദായം മുടങ്ങാതെ നിലനിർത്തിപ്പോന്നു. ധാരാളം പേർ ഈ ഹജ്ജിനുപോയത് കാൽനടയായിട്ടായിരുന്നു. യൂറോപ്പിലെ ജൂതൻമാരെ അവിടെ നിന്നും ഹജ്ജിന് വരാൻ പ്രേരിപ്പിച്ചത് കരിശുയുദ്ധമായിരുന്നു, എ. ഡി. 1492–ൽ സ്പെയിനിൽ നിന്ന് ജൂതൻമാർ നാടുകടത്തപ്പെട്ടു. അതോടെ മുസ്ലിം (തുർക്കി) പ്രദേശങ്ങളിലേക്ക് ധാരാളം പേർ പലായനം ചെയ്തു. അപ്പോൾ തീർത്ഥാടകരായ ജൂതരുടെ എണ്ണം വർദ്ധിച്ചു. റമാബ് (Ramab) ഗ്രാമത്തിലെ സാമുവൽ പ്രവാചകന്റെ ശവകുടീരത്തിൽ നടത്തപ്പെടുന്ന വാർഷിക പെരുനാളിനോടനുബന്ധിച്ചാണ് പലരും സമ്മേളിച്ചിരുന്നത്.

വിശുദ്ധ ഭൂമിയിലേക്കു തീർത്ഥാടനം ചെയ്ത് ക്രൈസ്തവർ സന്ദർഭം ഉപയോഗപ്പെടുത്തുമ്പോൾ ഇതര രാജ്യങ്ങളിൽ പാർക്കുന്ന തങ്ങളുടെ സഹോദരങ്ങൾ അത് ചെയ്യാത്തതിൽ ജൂതലോകത്തിന് വേദനയുണ്ട്. പൗരസ്ത്യരും, ആഫ്രിക്കയുടെ വടക്കു കിഴക്കൻ നിവാസികളുമായ ജൂ

www.abulhasanalinadwi.org

തൻമാർ ഹജ്ജിന് 'സന്ദർശന നാളുകൾ' എന്നാണ് പറഞ്ഞിരുന്നത്. അന്ന് രാജാവ്, നബി, വലിയ്യ് പോലുള്ള മഹാത്മാക്കളുടെ ഖബറുകൾ സന്ദർശിക്കുക എന്നത് അവരുടെ ആചാരമാണ്. പൊതുപെരുന്നാൾ പോലെ ഈ ദിനങ്ങളിലും അവർ ഉല്ലാസോൻമത്തരായി കഴിഞ്ഞു കൂടുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു.

എല്ലാ വെള്ളിയാഴ്ച വൈകുന്നേരവും ജൂലൈ പതിനേഴുമുതൽ ആഗസ്ത് ഒമ്പത് വരെ തുടരെയായി ഇരുപത്തിമൂന്ന് ദിവസത്തെ പ്രദോഷങ്ങളിലും ജൂതൻമാർ 'ഹൈക്കലേ സുലൈമാനി' യുടെ പടിഞ്ഞാറു ഭാഗത്തെ ഭിത്തിയുടെ മുന്നിൽ സമ്മേളിക്കാറുണ്ടായിരുന്നു. അവസാന ദിവസം അവരുടെ ഈ സമ്മേളനം ആരംഭിക്കുന്നത് പാതിരാവിന് ശേഷമാണ്.

ഇതിനെല്ലാം പുറമെ പ്രാദേശികമായ പല ശവകുടീരങ്ങളും ഉത്സവപറമ്പുകളുമുണ്ട്. അങ്ങോട്ടെല്ലാം അതതു നാട്ടിലെ ജൂതൻമാർ തീർത്ഥയാത്ര ചെയ്യുന്നു.' (Jewish Encyclo peadia-vol-see Pilgrimage)

'എൻസൈക്ലോപീഡിയ ഓഫ് റിലീജ്യൻ ആൻഡ് എതിക്സ്' ക്രൈസ്തവമതത്തിലെ ഹജ്ജ്– സിയാറത്തിനെ കുറിച്ച് വിവരണം നൽകുന്നതു കാണുക:

വിശുദ്ധ കേന്ദ്രങ്ങളെ ലക്ഷ്യംവെച്ചു മനുഷ്യൻ നടത്തുന്ന തീർത്ഥയാത്രയാണ് ഹജ്ജ്. നമ്മുടെ യജമാനനായ മിശിഹായുടെ ഐഹിക ജീവിതത്തോടു ബന്ധപ്പെട്ട ഫലസ്തീനിലെ പുണ്യസ്ഥലങ്ങളും, വിശുദ്ധമത നേതാക്കളുടെ റോമിലുള്ള ആ സ്ഥാനങ്ങളും, രക്തസാക്ഷികളുടെയും ദൈവസാമീപ്യം കരസ്ഥമാക്കിയ സന്യാസികളുടെയും മററും അന്ത്യവിശ്രമ കുടീരങ്ങളും അതിനുദാഹരണങ്ങളാണ്.

മിശിഹായുടെ ആദ്യത്തെ ഒന്നും രണ്ടും തലമുറകൾ അവിടുത്തെ ഭൗതിക ജഢത്തോട് ബന്ധപ്പെട്ട വസ്തുക്കളെയും സ്ഥലങ്ങളെയും അന്വേഷിച്ചു കണ്ടുപിടിച്ച്, പുണ്യ

www.abulhasanalinadwi.org

വും അനുഗ്രഹവും സമ്പാദിക്കൽ ഒരാവശ്യമായി കണ്ടിരുന്നില്ല. ഇക്കാര്യത്തിൽ അവരെ അപേക്ഷിച്ച് മൂന്നാം നൂററാണ്ടിന് ശേഷമുള്ള പിൻതലമുറക്കാരാണ് മുൻപന്തിയിലെത്തിയത്. അവർ മിശിഹയുടെ ആദർശസിദ്ധാന്തങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനുപകരം ഭൗതിക ജഡത്തോടു ബന്ധപ്പെട്ട അവശിഷ്ടങ്ങൾ തേടിപ്പിടിക്കാനും അങ്ങോട്ടു തീർത്ഥാടനം ചെയ്യാനും തീരുമാനിച്ചു.

എ. ഡി. പതിമൂന്നാം നൂററാണ്ടായപ്പോഴേക്കും വിശുദ്ധ ഭൂമിയിലേക്കുള്ളതിനേക്കാൾ പ്രാധാന്യം റോമിലേക്കുള്ള തീർത്ഥയാത്രക്കായി. ബൈത്തുൽ മുഖദ്ദസിനോടൊപ്പം സന്ദർശകർ പ്രാധാന്യം കൊടുത്ത ഭൂമി റോം തന്നെയായിരുന്നു. മാർപ്പാപ്പയുടെ അധികാരകേന്ദ്രമെന്ന കാരണത്താൽ റോം ഒരു സന്ദർശനസ്ഥലമായിത്തീർന്നു. കൂടാതെ വി: പത്രോസിൻെറയും വി: പൗലോസിൻെറയും അന്തിമ വിശ്ര കുടീരങ്ങളും അവിടെയാണ്. അതോടെ റോമാ നഗരം ലോക കത്തോലിക്കാ വിഭാഗത്തിൻെറ പ്രതിഗമന സങ്കേതമായി ഉയർന്നു. രക്തസാക്ഷികളുടെ ശവകുടീരങ്ങളാൽ പവിത്രമാക്കപ്പെട്ട, മൃതാത്മാക്കളുടെ കഴിമാടങ്ങളിലേക്ക് (Cata Combs) സന്ദർശകരും തീർത്ഥാടകരും നിരന്തരമായി പ്രവഹിക്കാൻ തുടങ്ങി. റോമിലേക്കുള്ള തീർത്ഥാടനം ചരിത്രത്തിൻെറ ഒരു ദശയിലും സന്ദർശകർ വേണ്ടെന്ന് വെച്ചിട്ടില്ല. അവിടെയുള്ള കനീസകളും, ചരിത്ര സ്മാരക പുണ്യ കേന്ദ്രങ്ങളുമെല്ലാം എക്കാലത്തും സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.'

ഇതു കേവലം ഫാലസ്തീനിലെ ചില പുണ്യസ്ഥലങ്ങളുടെയും സന്ദർശന ഗേഹങ്ങളുടെയും മാത്രം കഥയല്ല; മറിച്ച്, ജൂത–ക്രൈസ്തവർ താമസിക്കുന്ന എല്ലാ സ്ഥലങ്ങളുടെയും കഥയാണ്. അവിടെയെല്ലാം അവർ ശവക്കല്ലറകളും, കുഴിമാടങ്ങളും, പ്രതിമകളും കൊണ്ടു നിറച്ചിരിക്കന്നു. ആരെയും അത്ഭുതപ്പെടുത്തുന്ന രൂപത്തിൽ അതിൻെറ എണ്ണം വളർന്നിരിക്കുന്നു. Eneyclo paedia of Religion and Et" hies ലും, Jewish Eneyclopaedia ലും 'തീർത്ഥാടനവും സന്ദർ

www.abulhasanalinadwi.org

ശനവും' എന്ന ശീർഷകത്തിൽ യൂറോപ്പിലുള്ള പുണ്യ സ്ഥലങ്ങളായി ഗണിക്കപ്പെടുന്ന ശവകുടീരങ്ങളെയും, പുണ്യപുരുഷൻമാരുടെ സ്മാരക സൗധങ്ങളെയുംപററി വിശദീകരിച്ചിട്ടുണ്ട്. അവിടേക്കു തീർത്ഥയാത്ര ചെയ്യുന്ന ദിനങ്ങളുടെയും മാസങ്ങളുടെയും സൂക്ഷ്മ വിവരമുണ്ട്. പ്രസ്തുതയാത്രക്ക് വേണ്ടിയുള്ള പ്രത്യേകമായ ആചാരാനുഷ്ഠാനങ്ങളും വിവരിച്ചിരിക്കുന്നു. ഇവിടെ വായനക്കാർ ഒരു കാര്യം ഗ്രഹിക്കുക: ശവകുടീരങ്ങളിലേക്കുള്ള വേദഗ്രന്ഥക്കാരായ ജൂത–ക്രൈസ്തവരുടെ തീർത്ഥാടനവും, അതിനോടുള്ള അവരുടെ അതിരു കവിഞ്ഞ ആദരവും മനസ്സിനെയും മസ്തിഷ്ക്കത്തെയും മദിച്ചു കളയുന്ന അനുരാഗവും, അതിന്വേണ്ടി എന്തു കഷ്ടപ്പാടും സഹിക്കാനുള്ള മനോഭാവവുമെല്ലാം അവസാനം അവരെ ശിർക്കിലും, അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിലും കൊണ്ടെത്തിച്ചു. ഇക്കാര്യം വായനക്കാർ ശരിയായവിധം ഗ്രഹിക്കുമ്പോഠം മാത്രമാണ് പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് (സ) പറഞ്ഞ ചില വാക്യങ്ങളുടെ ആന്തരാർത്ഥവും പൊരുളും മനസ്സിലാകുന്നത്. അവിടുന്ന് ചില കാര്യങ്ങളിൽ സന്ദേഹവും ഉത്കണ്ഠയും രേഖപ്പെടുത്തിയതെന്തിന് എന്ന് അപ്പോഠം ഗ്രഹിക്കാൻ കഴിയും. അന്ത്യനാഠം വരെയുള്ള എല്ലാ സമുദായങ്ങഠംക്കും സാക്ഷിയാകേണ്ട, തൗഹീദിൻെറ ധ്വജവാഹകരായ, അന്തിമ സമുദായമെന്ന അപര നാമത്താൽ അറിയപ്പെടുന്ന മുസ്ലിംകഠംക്ക്, ജൂത–ക്രൈസ്തവർക്ക് വന്ന് ഭവിച്ചതുപോലുള്ള മാർഗ്ഗ ഭ്രംശം വരാതിരിക്കാനും വേണ്ട മുൻ കരുതലുകഠം സ്വീകരിക്കാൻ നബി (സ) കൽപ്പിച്ചു. തൻെറ ഭൗതിക ശരീരം അന്തിമ വിശ്രമം കൊള്ളുന്ന ഖബറിനെ ശിർക്കു–ബിദ്അത്തുകളിൽ നിന്ന് രക്ഷിക്കാനും, സ്നേഹാധിക്യത്താൽ അതിർലംഘനങ്ങഠം വരാതിരിക്കാനും ശ്രദ്ധിക്കണമെന്നു തിരുമേനി മുന്നറിയിപ്പു നൽകിയിട്ടുണ്ട്. മരണശയ്യയിൽ കിടന്നുകൊണ്ട് അന്ത്യശ്വാസം വലിക്കുന്ന സമയത്ത് അല്ലാഹുവിൻെറ റസൂലിനെ കൂടുതൽ ചിന്താധീനനാക്കിയ വിഷയവും ഇത് തന്നെയായിരുന്നു. ഹഃ ആയിശ

www.abulhasanalinadwi.org

[റ] യും ഇബ്നു അബ്ബാസ് [റ] വും പറഞ്ഞതായി ഇമാം ബുഖാരി [റ] ഉദ്ധരിക്കുന്നു:*

"അല്ലാഹുവിന്റെ ദൂതൻ രോഗശയ്യയിലായപ്പോൾ പുതപ്പ് മുഖത്ത് വലിച്ചിടാൻ തുടങ്ങി. (ഇടക്കിടക്ക് രോഗം മൂർഛിക്കുമ്പോൾ) ശ്വാസം മുട്ടുമ്പോൾ പുതപ്പ് മുഖത്തു നിന്നു മാററും. അപ്പോഴെല്ലാം അവിടുന്ന് പറയുന്നുണ്ട്: ജൂതൻമാരും ക്രിസ്ത്യാനികളും തങ്ങളുടെ പ്രവാചകൻമാരുടെ ഖബറുകളെ സാഷ്ടാംഗ നമസ്കാരത്തിനുള്ള സ്ഥലങ്ങളാക്കിയതിനാൽ അവരെ അല്ലാഹു ശപിച്ചു! ഈ വാക്യത്തിലൂടെ അവരുടെ പ്രവർത്തനങ്ങൾ തന്റെ സമുദായത്തിൽ ഉണ്ടാകാതിരിക്കാൻ താക്കീത് നല്കുകയായിരുന്നു അവിടുന്ന് ചെയ്തത്."

നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) രേഖപ്പെടുത്തിയിരിക്കുന്നു: 'ജൂതൻമാരെ അല്ലാഹു ശപിച്ചിരിക്കുന്നു; അവർ തങ്ങളുടെ പ്രവാചകൻമാരുടെ ഖബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കി മാററി'. ആയിശ (റ) ചൂണ്ടിക്കാട്ടുന്നു: 'ഉമ്മുസലമ (റ) ഹബ്സീനിയായിൽ കണ്ട 'മാരിയ' എന്നറിയപ്പെടുന്ന ഒരു കനീസയെപ്പററി നബി (സ) യോട് പറഞ്ഞു കൂട്ടത്തിൽ അവർ അതിൽ കണ്ട ചിത്രങ്ങളെ കുറിച്ചും. അപ്പോൾ പ്രവാചകൻ പറഞ്ഞു: 'അവരാണ് അല്ലാഹുവിന്റെ അടുക്കൽ ഏററവും നികൃഷ്ടരായ സൃഷ്ടികൾ, അവർ തങ്ങളിൽപെട്ട ഏതെങ്കിലും ഒരു നല്ല ദാസൻ അഥവാ ഒരു സദ്ചരിതൻ അന്തരിച്ചാൽ അദ്ദേഹത്തിന്റെ ഖബറിന്റെ പുറത്ത് പള്ളികൾ ഉണ്ടാക്കിയിരുന്നു. ആ ചിത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു.' (ബുഖാരി; കിത്താബു സ്സ്വലാത്ത്) പ്രവാചകൻ പറഞ്ഞതായി സ്ഥിര

---

* لما نزل برسول الله ﷺ طفق يطرح خميصة له على وجهه فاذا اغتم كشفها عن وجهه فقال وهو كذلك لعنة الله على اليهود والنصارى اتخذوا قبور انبيائهم مساجد يحذر ما صنعوا — البخاري

www.abulhasanalinadwi.org

പ്പെട്ട വാക്കാണിത്: * "അല്ലാഹുവേ, എൻെറ ഖബറിനെ നീ ആരാധിക്കപ്പെടുന്ന ബിംബമാക്കരുതേ! തങ്ങളുടെ പ്രവാചകൻമാരുടെ ഖബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കിയ ജനതയുടെ മേൽ അല്ലാഹുവിൻെറ കോപം കഠിനമായിത്തീർരിക്കുന്നു."

മഖ്ബറകളിലേക്കും, പ്രതിമകൾ സ്ഥാപിച്ച സങ്കേതങ്ങളിലേക്കും, മററു വിശേഷപ്പെട്ട സ്ഥാപനങ്ങളിലേക്കുമെല്ലാം പ്രത്യേക ഉദ്ദേശ്യത്തോടെ, പുണ്യം പ്രതീക്ഷിച്ചുകൊണ്ട്, ഒരുങ്ങിപ്പിടിച്ചുള്ള തീർത്ഥയാത്ര നബി (സ) ശക്തമായ ഭാഷയിൽ വിലക്കിയിരിക്കുന്നു. വളരെ പ്രസിദ്ധമായ ഹദീസാണ്:** "മൂന്നു പള്ളികളിലേക്കല്ലാതെ തീർത്ഥയാത്ര പാടില്ല; മസ്ജിദുൽ ഹറാം, മസ്ജിദുറസൂൽ, മസ്ജിദുൽ അഖ്സാ എന്നിവയാണ് ആ മൂന്ന് പള്ളികൾ." അങ്ങനെ അവിടുന്ന് ദർഗ്ഗകളിലേക്കും, മഖ്ബറകളിലേക്കുമുള്ള തീർത്ഥയാത്ര തടയൽ വഴി പൂർവ്വ സമുദായങ്ങൾ പിന്തുടർന്ന വ്യക്തമായ ശിർക്കിൽനിന്നും, ബിംബാരാധനയിൽനിന്നും ഈ സമുദായത്തെ രക്ഷിച്ചു.

പക്ഷേ, മുസ്ലിംകളിൽതന്നെ പല വിഭാഗങ്ങളും അല്ലാഹുവിൻെറ പ്രവാചകൻ വിയോഗാവസരത്തിൽ ഈ സമുദായത്തോട് ചെയ്ത ഗൗരവമുള്ള 'ആ വസിയ്യത്ത്' പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നില്ല. ഏതു കാര്യത്തിലാണോ അവിടുന്ന് ആശങ്ക പ്രകടിപ്പിച്ചത് അതേ 'ഫിത്ന'യിൽ അവരും അകപ്പെട്ടു. 'ദർഗ്ഗാ ശരീഫുകളും' 'മഖാമുകളും' അവർ പടുത്തുയർത്തി. നാട്ടിൻെറ നാനാ ഭാഗങ്ങളിൽനിന്നും

---

* اللهم لا تجعل قبرى وثنا يعبد ، اشتد غضب الله على قوم اتخذوا قبور أنبيائهم مساجد — رواه مالك فى الموطأ

** لا تشد الرحال الا الى ثلاثة مساجد المسجد الحرام ومسجد الرسول والمسجد الأقصى — البخارى

www.abulhasanalinadwi.org

വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് ജനങ്ങൾ അങ്ങോട്ടു പ്രവഹിക്കാൻ തുടങ്ങി. അവ പുണ്യ മുസ്ലിം തീർത്ഥാടനകേന്ദ്രങ്ങളാണെന്ന പ്രചാരണം ഉണ്ടായി. സാഷ്ടാംഗ നമസ്കാരം ചെയ്യാനും ആഗ്രഹ സഫലീകരണത്തിന് പ്രാർത്ഥിക്കാനുമുള്ള സങ്കേതങ്ങളാണ് മഖ്ബറകളെന്ന ധാരണ വളർന്നു.* അങ്ങനെ അവർ പ്രവാചകപുംഗവൻെറ പ്രവചനത്തിൻെറ സാക്ഷാൽക്കാരങ്ങളായി;** "നിങ്ങൾ നിങ്ങളുടെ മുൻഗാമികളുടെ കാലടികളെ പൂർണ്ണമായും അനുധാവനം ചെയ്യും; മുഴത്തിന് മുഴമായും, ചാണിന് ചാണായും."

ഈ 'മഖ്ബറ'കളും 'ജാറ'ങ്ങളും 'ദർഗ്ഗ'കളുമെല്ലാം (അതിൽ ചിലത് വ്യാജവും കുൽസിതവുമാണെന്നത് വേറെകാര്യം) ഇസ്ലാമിലെ മസ്ജിദുകളുടെ മാത്രമല്ല, ചില സ്ഥലങ്ങളിൽ കഅ്ബാലയത്തിൻെറ തന്നെ സ്ഥാനവും വലിപ്പവും പിടിച്ചുപററിയിരിക്കുന്നു. വിവരമില്ലാത്ത സാധാരണക്കാർ 'കഅ്ബ'യെപ്പോലെ വിദൂരദേശങ്ങളിൽനിന്ന് അങ്ങോട്ടു തീർത്ഥയാത്ര ചെയ്യുന്നു. അവിടെ ഉറൂസുകളും, ആണ്ടു നേർച്ചകളും സംഘടിപ്പിച്ച് ജൂത-നസാറാക്കളെപ്പോലെ ആഘോഷം നടത്തുന്നു.

ഈ വിഭാഗക്കാരെകുറിച്ച് ശൈഖുൽ ഇസ്ലാം തഖിയ്യുദ്ദീൻ ഇബ്നുതൈമിയ്യഃ (റ)പറഞ്ഞ വാക്കുകൾ ഇവിടെ ഓർത്തുപോവുകയാണ്: "അവരുടെ ദർഗ്ഗകളും പ്രതിഷ്ഠക

---

* നാഗൂർ, അജ്മീർ, ഏർവാടി, ബീമാപള്ളി, പുത്തൻപള്ളി, മുത്തുപ്പേട്ട, കാഞ്ഞിരമറ്റം, ഉള്ളാൾ തുടങ്ങി നൂറുകണക്കിന് പ്രസിദ്ധവും അപ്രസിദ്ധവുമായ ജാറങ്ങളുടെ പൂജാരികളെയും അതിന് നേതൃത്വം നൽകുന്നവരെയും ഈ വരികൾ കണ്ടു തൃപ്തിപ്പെട്ടെങ്കിൽ! (വിവർത്തകൻ).

** لتتبعن سنن من قبلكم شبرا بشبر وذراعا بذراع — البخاری

www.abulhasanalinadwi.org

ളും ആദരണീയവും ജനനിബിഡവുമാണ്, അവരുടെ പള്ളികളാകട്ടെ ജനശൂന്യവും അനാദരണീയവുമാണ്." (മിൻഹാജുസ്സുന്നഃ വാ:1, പേ: 130, 131)

മുസ്‌ലിം പ്രദേശങ്ങൾ നേരിട്ടു സന്ദർശിക്കാൻ ഇറങ്ങിത്തിരിക്കുന്ന ഒരു ലോക സഞ്ചാരിക്കു ഇന്ന് കാണാൻ കഴിയുന്നത് എണ്ണമററ മഖ്ബറകളും ദർഗ്ഗകളുമാണ്. അതിൻെറ ഉയർന്ന ഖുബ്ബകളും, മനോഹരമായ മണിമേടകളും അയാളെ അൽഭുതപ്പെടുത്തും. വിശാലമായ വഖ്ഫു സ്വത്തുക്കളും സാമ്പത്തികശേഷിയും ഈ ജാറങ്ങൾക്കുണ്ട്. 'കബറുമൂടൽ', സുജൂദ് ചെയ്യൽ, മരിച്ചവരുടെ പേരിൽ നേർച്ചയാക്കൽ, ബലിമൃഗങ്ങളെ നേർന്ന് വിടൽ, ഉദ്ദേശസാഫല്യത്തിന് ഖബറാളിയോട് പ്രാർത്ഥിക്കൽ തുടങ്ങി എത്രയെത്ര ശിർക്കൻ ആചാരങ്ങളും ബിദ്അത്തുകളുമാണ് ആ സഞ്ചാരിക്കവിടെ കാണാൻ കഴിയുന്നത്! ഇത്തരം വേദനാജനകമായ പ്രവർത്തനങ്ങൾ കണ്ട് ഇസ്‌ലാം ഇന്ന് കണ്ണുനീർ പൊഴിക്കുന്നു. പക്ഷേ, ആരുണ്ടത് കാണാൻ ? !

ഹിന്ദുമതത്തിന് (ബുദ്ധ–ജൈന–ബ്രാഹ്മണ വിഭാഗങ്ങളെല്ലാം ഉൾപ്പെടെ) അതിൻെറതായ പ്രത്യേകതയുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളും, അമ്പലങ്ങളും, ആസ്ഥാനങ്ങളും, പ്രതിഷ്ഠകളുമെല്ലാം ധാരാളമായി അവിടെ നമുക്ക് കാണാം. അതിൽ ചിലത് മതപരമായ സംഭവവികാസങ്ങൾ കൊണ്ടും, മററ് ചിലത് മഹർഷിമാർക്കും മുനിമാർക്കും ബോധോദയമുണ്ടായ സ്ഥലങ്ങൾ എന്ന നിലക്കും, വേറെ ചിലത് പ്രസിദ്ധമായ ദേവി–ദേവൻമാരുടെ പ്രതിഷ്ഠകൾ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങൾ എന്ന നിലയ്ക്കുമാണ് ചരിത്രപ്രാധാന്യമർഹിക്കുന്നത്. നാട്ടിൻെറ നാനാഭാഗത്തു നിന്നും ജനങ്ങൾ അങ്ങോട്ടു തീർത്ഥയാത്ര ചെയ്യുന്നു. വിവിധ തരത്തിലുള്ള ആഘോഷപരിപാടികളും മേളകളും അവിടെ സംഘടിപ്പിക്കുന്നു. ഹിന്ദുക്കളുടെ വിശ്വാസമനുസരിച്ച് മതപരമായ കർമ്മങ്ങളും സ്നാന–നൈവേദ്യ വഴിപാടുകളും നടത്തി പോരുന്നു.

www.abulhasanalinadwi.org

ഈ പുണ്യസ്ഥലങ്ങളും, തീർത്ഥാടന കേന്ദ്രങ്ങളും അധികവും ഗംഗാനദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. അവിടെ ലക്ഷക്കണക്കിന് ഭക്തജനങ്ങൾ സ്നാനത്തിനായി ദിനേന എത്തുന്നു. വർഷത്തിലൊരിക്കലും, പല പ്രാവശ്യവും നടത്തപ്പെടുന്ന സ്നാനങ്ങൾ ആ കൂട്ടത്തിലുണ്ട്. ചില സ്നാനങ്ങൾ രണ്ടു വർഷത്തിലൊരിക്കലും മററു ചിലത് പല വർഷങ്ങൾ പിന്നിടുമ്പോഴും നടത്തപ്പെടുന്നവയാണ്. ഗംഗയും യമുനയും സന്ധിക്കുന്ന സ്ഥലമായ 'പ്രയാഗ'യിൽ ലക്ഷങ്ങൾ പങ്കെടുക്കുന്ന 'കുംഭ' സ്നാനം പന്ത്രണ്ട് കൊല്ലങ്ങൾ കൂടുമ്പോൾ മാത്രമാണ് നടത്തപ്പെടുന്നത്. ഇങ്ങനെ മതത്തിന്റെ അടിസ്ഥാനത്തിൽ പുണ്യം കല്പിക്കപ്പെടുന്ന സ്ഥലങ്ങൾ നിരവധിയാണ്. അമ്പലങ്ങൾ, ക്ഷേത്രങ്ങൾ, മണ്ഡപങ്ങൾ എന്ന പേരിലെല്ലാം അവ അറിയപ്പെടുന്നു. (മത വിഭാഗീയ ഉൾപിരിവുകൾക്കനുസരിച്ച്) അവിടെയെല്ലാം വ്യത്യസ്ത തരത്തിലുള്ള കർമ്മങ്ങളും വഴിപാടുകളുമുണ്ട്.

ഈ ആഘോഷങ്ങളും ഉറൂസുകളുമെല്ലാം ദേവീദേവൻമാരോടോ, ബിംബാരാധനയോടോ ബന്ധമുള്ളതാണ്. ഇതെല്ലാം കാണുമ്പോൾ വിശുദ്ധ ഖുർആന്റെ അമാനുഷികത കൂടുതൽ പ്രസക്തമാകുന്നു. ആദരണീയമായ കഅ്ബാലയത്തിലേക്കു തീർത്ഥാടനം ചെയ്യാൻ കൽപിക്കുന്നതിന്റെ മുന്നോടിയായി ഖുർആൻ പറഞ്ഞത് ഇതരമതങ്ങളോട് ബന്ധപ്പെട്ട എല്ലാവിധ തീർത്ഥാടനങ്ങളും ആചാരങ്ങളും വർജ്ജിക്കാനും ശിർക്കിൽനിന്ന് പൂർണ്ണമായും മുക്തമാകുവാനുമാണ്, അല്ലാഹു പറയുന്നു: * "അത് (സ്വീകരിക്കുക.) അല്ലാഹുവിന്റെ പവിത്രതകളെ ആരെങ്കിലും ആദരിച്ചാൽ അ

* ذلك ومن يعظم حرمات الله فهو خير له عند ربه واحلت لكم الانعام الا ما يتلى عليكم فاجتنبوا الرجس من الاوثان واجتنبوا قول الزور حنفاء لله غير مشركين به — الحج : ٣٠، ٣١

www.abulhasanalinadwi.org

ത് അവൻെറ നാഥൻെറയടുക്കൽ അവന്ന് നല്ലതാണ്;നിങ്ങൾക്ക് (ഗ്രന്ഥത്തിൽ) ഓതിത്തരുന്നതൊഴികെയുള്ള കന്നുകാലികൾ നിങ്ങൾക്കനുവദിക്കപ്പെട്ടിരിക്കുന്നു, എന്നാൽ വൃത്തികെട്ട വിഗ്രഹങ്ങളെ നിങ്ങളുപേക്ഷിക്കണം, അല്ലാഹുവിന്‌വേണ്ടി പരമാർത്ഥികളും, അവനോടു പങ്കുചേർക്കാത്തവരുമായി, കള്ളവാക്കും നിങ്ങൾ ഉപേക്ഷിക്കണം,"

മില്യൻ കണക്കിന് അനുയായികളുള്ള ഭൂമുഖത്തെ പ്രസിദ്ധ മതങ്ങളിലെ 'ഹജ്ജി' (Pilgrime) നെ കുറിച്ചും അതിലെ ആചാരങ്ങളെകുറിച്ചുമുള്ള ഒരു സംക്ഷിപ്ത വിവരണമാണ് നാമിവിടെ കണ്ടത്. ഹസ്രത്ത് ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി (റ) ഹജ്ജിനെ കുറിച്ചെഴുതിയത് എത്ര ശരിയാണ്!

ഹജ്ജിൻെറ അടിത്തറ എല്ലാ സമുദായക്കാരിലുമുണ്ട്; അവർക്കെല്ലാം അല്ലാഹുവിൻെറ വ്യക്തമായ ദൃഷ്ടാന്തത്തിൻെറ അടിസ്ഥാനത്തിൽ തങ്ങളുടെ നല്ലവരായ മുൻഗാമികളോട് ബന്ധപ്പെട്ട ബലികളും കർമ്മാനുഷ്ടാനങ്ങളും നടത്തി അനുഗ്രഹീതരാകണമല്ലോ. കാരണം അത് മുഖേന അവർക്ക് ദൈവസാമീപ്യം കരസ്ഥമാക്കിയവരെയും അവരുടെ പ്രവർത്തനങ്ങളെയും സദാ സ്മരിക്കാൻ കഴിയുന്നു.

സംഗതി ഇങ്ങനെയിരിക്കെ എന്തുകൊണ്ടും അതിനേററവും അർഹമായത് അല്ലാഹുവിൻെറ ഗേഹമായ കഅ്ബയാണ്. കാരണം അവിടെ അവൻെറ വ്യക്തമായ ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നു. ഭുവനനിവാസികളിൽ സിംഹഭാഗത്തിൻെറയും ആത്മീയ നേതാവായ ഹസ്രത്ത് ഇബ്റാഹീം നബി (അ) മാണ് അതു പടുത്തുയർത്തിയത്. വിജനമായ മരുപ്പറമ്പിൽ, അല്ലാഹുവിനെ മാത്രം ആരാധിക്കാൻ അവൻെറതന്നെ കൽപനയാൽ, ഉർവ്വിയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ വീടാണത്. അതല്ലാതെ ലോകത്ത് ആര്, എന്ത്, തീർത്ഥാടനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ അവിടെയെല്ലാം ശിർക്കും ബിദ്അത്തുമുണ്ട്. അതിനൊന്നും യാതൊരു അടിസ്ഥാനവുമില്ല' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ: വാ: 1, പേ: 59)

www.abulhasanalinadwi.org

അപ്പോഠം ഇസ്‌ലാമിലെയും ഇതര മതങ്ങളിലേയും ഹജ്ജിനെ താരതമ്യം ചെയ്യുകയും അവയിലുള്ള വ്യത്യാസങ്ങഠം മനസ്സിലാക്കുകയും ചെയ്യുന്ന ഏതൊരാഠംക്കും ഈ പറഞ്ഞകാര്യങ്ങളിലെത്തിച്ചേരാൻ കഴിയും. ഈ സൂക്തം അവന്റെ നാവിൽ നിന്ന് പുറപ്പെടുകയും ചെയ്യും. * "എല്ലാ സമുദായത്തിനും ഒരു മാർഗ്ഗം നാം നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അവർ അത് ആചരിച്ചുകൊള്ളണം. അതുകൊണ്ട് അക്കാര്യത്തിൽ അവർ നിന്നോട് പിണങ്ങേണ്ടതില്ല. നീ നിന്റെ നാഥനിലേക്ക് ക്ഷണിച്ചുകൊള്ളുക. നിശ്ചയം നീ നേർമാർഗ്ഗത്തിൽതന്നെയാകുന്നു."

## ഹജ്ജിൽ ഇസ്‌ലാം വരുത്തിയ പരിഷ്കരണങ്ങൾ

കഴിഞ്ഞ മൂന്ന് സ്തംഭങ്ങളിലേത്പോലെ ഹജ്ജിലും ഇസ്‌ലാം പല പരിഷ്കരണ–സംസ്കരണ പ്രവർത്തനങ്ങളും നടത്തി. അജ്ഞാനകാലക്കാർ അവരുടെ വകയായി ധാരാളം 'ജാഹിലിയ്യാ' ആചാരങ്ങളും 'ബിദ്അത്തു'കളും ഹജ്ജിൽ കടത്തിക്കൂട്ടി. അവ ഹജ്ജിന്റെ രൂപഭാവങ്ങഠംതന്നെ മാററിമറിച്ചു. ഇബ്റാഹീം (അ) പഠിപ്പിച്ച മാതൃകയിൽനിന്ന് ബഹുദൂരം അവർ അകന്നുപോയി. ഹജ്ജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഫലങ്ങളും അവിടെ വിനഷ്ടമായി. അജ്ഞാനകാലത്തെ അഭിമാനബോധം, ഗോത്രമഹിമ ഖുറൈശികളുടെ അഹന്ത, ഔന്നിത്യചിന്ത തുടങ്ങിയവയാണ് ഈ വികലതകളുണ്ടാകാൻ കാരണം. വിശുദ്ധ ഖുർആൻ അവതരിച്ചതോടെ ഇസ്‌ലാമിക ശരീഅത്ത് ഹജ്ജിൽ മുളച്ചുപൊന്തിയ ബിദ്അത്തുകളെയും ജാഹിലിയ്യാ ആചാരങ്ങളെയും വേരോടെ പിഴുതെറിഞ്ഞു. പടുമുളകഠം നാമാവശേഷമാക്കി. തൽസ്ഥാനങ്ങളിൽ അതിനേക്കാഠം ഉത്തമമായതു പ്രത്യക്ഷപ്പെട്ടു.

---

* لكل أمة جعلنا منسكا هم ناسكوه فلا ينازعنك في الأمر وادع إلى ربك إنك لعلى هدى مستقيم — الحج : ٦٧

www.abulhasanalinadwi.org

ഖുറൈശികൾ ജാഹിലിയ്യാ കാലത്ത് മററു ഹാജിമാരുടെ കൂടെ അറഫ:യിൽ പോയിരുന്നില്ല. അതിനവർക്കൊരു ന്യായമുണ്ടായിരുന്നു: 'ഞങ്ങൾ അല്ലാഹുവിൻെറ സൃഷ്ടികളിൽ വിശിഷ്ടരാണ്. അതിനാൽ മററുള്ളവരെക്കാൾ ഉയർന്ന സ്ഥാനമാനങ്ങളുള്ളവരും വ്യത്യസ്ത പദവികളിൽ കഴിയുന്നവരുമാണ്. സർവ്വാദരണീയരായ ഞങ്ങൾ സാധാരണക്കാരുടെകൂടെ അങ്ങോട്ടു പോകണമെന്നോ?' അല്ലാഹു അവരുടെ ഈ ഔന്നിത്യബോധത്തെയും ഗോത്രമഹിമയെയും, കുടുംബ ഗൗർവ്വിനെയും തട്ടിനീക്കി. അവരോട് പറഞ്ഞു: മററുള്ളവർ അറഫ:യിലേക്ക് പോവുകയും അവിടെ താമസിക്കുകയും ചെയ്യുന്നു, നിങ്ങളും അത്പോലെ പ്രവർത്തിക്കൂ.* "പിന്നെ ആളുകൾ ഇറങ്ങുന്നേടത്തുനിന്നു നിങ്ങളും ഇറങ്ങുവിൻ"

ഇമാം ബുഖാരി റിപ്പോർട്ടു ചെയ്യുന്നു: ഖുറൈശികളും പിൻപററിയവരും മുസ്ദലിഫ:യിൽ മാത്രം തങ്ങിയിരുന്നു. അതിന് അവർ പറഞ്ഞ കാരണം തങ്ങൾ 'ഹുമുസ്'** കളാണെന്നാണ്, മററു അറബികൾ അറഫ:യിലേക്ക പോവുകയും അവിടെ നിൽക്കുകയും ചെയ്തിരുന്നു, അങ്ങനെ കഴിഞ്ഞു പോരുമ്പോഴാണ് ഇസ്ലാം വന്നത്. അതോടെ അല്ലാഹു പ്രവാചകനോട് കൽപ്പിച്ചു: അറഫയിൽ പോവുക, അവിടെ നിൽക്കുക, അനന്തരം മററു ജനങ്ങളോടുകൂടെ മടങ്ങുക. 'ജനങ്ങൾ ഉറങ്ങുന്നേടത്ത്'*** നിന്ന് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് അതാണ്. ഇബ്നുകസീർ, ഇബ്നു അബ്ബാസ്, മുജാഹിദ്, അതാഅ്, ഖതാദഃ സുദ്ദീ തുടങ്ങിയ പണ്ഡിതൻമാരും ഇതേ അഭിപ്രായക്കാർതന്നെ. മഹാനാ

---

* ثم افيضوا من حيث افاض النـاس — البقرة : ١٩٩

** മതകാര്യങ്ങളിൽ തീവ്രതയുള്ളവർ

*** من حيث افاض النـاس

www.abulhasanalinadwi.org

യ ഇബ്നുജരീർ ഈ അഭിപ്രായത്തിനു മുൻഗണന കൊടുക്കുകയും, പണ്ഡിതലോകത്തിൻെറ 'ഇജ്മാഅ്'' ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

അജ്ഞാനകാലത്ത് അറബികൾ ഒന്നായി സമ്മേളിച്ച് പരസ്പരം അപദാനാഭിമാനങ്ങൾ എടുത്തു പറയുക പതിവായിരുന്നു. മററുള്ളവർക്കില്ലാത്തതും തങ്ങൾക്കുമാത്രം ഉള്ളതുമായ മഹാത്മ്യങ്ങൾ എണ്ണിപ്പറഞ്ഞ് എതിരാളിയെ തറപററിക്കും. അന്നത്തെ പ്രസിദ്ധ ചന്തകളായിരുന്ന 'ഉക്കാസ്'' 'ദുൽമജന്ന' 'ദുൽമജാസ്'' എന്നീ അങ്ങാടിമേളകൾ ഇതിൻെറ പ്രധാന സങ്കേതങ്ങളായിരുന്നു. ഹജ്ജും ഇത്തരത്തിലുള്ള ഒരു വേദിയാക്കി അവർ മാററി. ഹജ്ജ് വേള ഓരോ ഗോത്രക്കാരും തങ്ങളുടെ പിതാമഹൻമാരുടെ മഹത്വങ്ങളും ധീരകൃത്യങ്ങളും വിളിച്ചുപറയാനുള്ള സന്ദർഭമാക്കി മാററി. 'മിനയിലുള്ള സമ്മേളനം തിളച്ചുപൊന്തിയ അവരുടെ ജാഹിലിയ്യാ ദുരഭിമാനത്തെ ശമിപ്പിക്കുന്നതായിരുന്നു. അപ്പോഴാണ് അല്ലാഹു അതു തടഞ്ഞുകൊണ്ട് ഉത്തമമായ മറെറാന്ന പകരമാക്കിയത്.* "അങ്ങനെ നിങ്ങൾ നിങ്ങളുടെ ഹജ്ജ് കർമ്മങ്ങൾ പൂർത്തീകരിച്ചാൽ, അല്ലാഹുവിനെ സ്മരിക്കുക–(മുമ്പ്) നിങ്ങൾ നിങ്ങളുടെ പിതാക്കൻമാരെ സ്മരിച്ചിരുന്നതുപോലെ; അല്ലെങ്കിൽ അതിനേക്കാൾ അധികമധികം ശക്തിയോടെ.''

ഇബ്നു അബ്ബാസ് (റ) പറയുന്നു: ഹജ്ജ് കാലത്ത് അറബികളിൽ ഒരാചാരമുണ്ടായിരുന്നു. അവരിൽ ഒരാൾ എഴുന്നേററുനിന്ന്, തൻെറ പിതാവിൻെറ പാരമ്പര്യവും പ്രാഗത്ഭ്യവും എണ്ണിപ്പറയും: 'അദ്ദേഹം സാധുക്കളെ ഭക്ഷിപ്പിച്ചിരുന്നു; കഷ്ടപ്പെടുന്നവരുടെ ഭാണ്ഡങ്ങൾ വഹിച്ചിരുന്നു മററുള്ളവരുടെ ചുടുനിണംകൊണ്ട് ദാഹശമനം വരുത്തിയിരുന്നു.' തങ്ങളുടെ പിതാമഹൻമാരെപ്പററിയുള്ള ഇ

---

• فاذا قضيتم مناسككم فاذكروا الله كذكركم آباءكم او اشد ذكرا البقرة-٢٠٠

www.abulhasanalinadwi.org

ത്തരം അപദാനങ്ങളല്ലാതെ മററൊന്നും അവിടെ നടന്നിരുന്നില്ല. ഈ സന്ദർഭത്തിലാണ് അല്ലാഹു കൽപ്പിച്ചത്:* "അപ്പോഠം സ്വപിതാക്കളെ നിങ്ങഠം സ്മരിക്കുന്നത്പോലെയോ, അതിൽ കൂടുതലായോ അല്ലാഹുവിനെ നിങ്ങഠം സ്മരിക്കുക".

കാലചക്രത്തിൻെറ കറക്കത്തിൽ ഹജ്ജിൽ പല മാററങ്ങളും ജനങ്ങഠം വരുത്തി. ഹജ്ജിന് അതിൻേറതായ പരിശുദ്ധിയും പവിത്രതയുമുണ്ടായിരുന്നു. പക്ഷേ അതെല്ലാം കാലക്രമത്തിൽ മറഞ്ഞുപോയി. കളി–ചിരി–തമാശകഠക്കും, പോർ വിളിക്കുമുള്ള ഒരു വേദിയായി അവരതിനെ കണ്ടു. അപ്പോഠം അല്ലാഹു പറഞ്ഞു: ** "അശ്ളീലമോ, അധിക്ഷേപങ്ങളോ, ദുർവിവാദങ്ങളോ ഹജ്ജിൽ പാടുള്ളതല്ല."

പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവ് ഇബ്നു കസീർ (റ) പറയുന്നു: മേൽ ആയത്തിൻെറ അവതരണ പശ്ചാത്തലം മാലിക്കിൽനിന്ന് അബ്ദുല്ലാഹിബ്നു വഹബ് വിശദീകരിക്കുകയാണ്: 'മുസ്ദലിഫയിൽ മശ്അറുൽ ഹറാമിൻെറ സമീപത്ത് ഖുറൈശികഠം തമ്പടിക്കും. എന്നിട്ട് ഓരോരുത്തരും മററുള്ളവരോട് പോർവിളി നടത്തും. ഒരു വിഭാഗം പറയും: 'ഞങ്ങളാണ് സത്യത്തിൻെറ വക്താക്കഠം; അപ്പോഠം മററവർ പറയും: അല്ല, ഞങ്ങളാണ്. മുഹമ്മദുബ്നു കഅ്ബ് (റ) പറയുന്നു: ഖുറൈശികഠം 'മിന'യിൽ സമ്മേളിക്കുമ്പോഠം ഓരോ വിഭാഗവും മറെറ വിഭാഗത്തോട് ഉറക്കെ വിളിച്ചുപറയും: 'ഞങ്ങളുടെ ഹജ്ജാണ് നിങ്ങളുടെതിനേക്കാഠം സമ്പൂർണ്ണമായിട്ടുള്ളത്.'

ഇതുപോലെ ജാഹിലിയ്യാകാലത്ത് അറബികഠം തങ്ങളുടെ ആരാധ്യവസ്തുക്കഠംക്ക്വേണ്ടി ബലികർമ്മങ്ങഠം നടത്തുമ്പോഠം അതിൻെറ മാംസം അവയുടെ മുമ്പിൽ വെക്കുക

---

* فاذكروا الله كذكركم آباءكم او اشد ذكرا — البقرة : ٢٠٠

** فلا رفث ولا فسوق ولا جدال فى الحج — البقرة : ١٩٧

www.abulhasanalinadwi.org

യും, രക്തം അവയുടെ മീതെ തളിക്കുകയും ചെയ്തുപോന്നു. അതിനെ എതിർത്തുകൊണ്ട് അല്ലാഹു പറഞ്ഞു:* "അവയുടെ മാംസമോ, രക്തമോ അല്ലാഹുവിനെത്തുന്നില്ല." ഇബ്നുകസീർ (റ) അബൂഹാതിമിന്റെ പരമ്പരയിലൂടെ ഒരു സംഭവം ഉദ്ധരിക്കുന്നുണ്ട്: (ജാഹിലികാം) 'അജ്ഞാന കാലക്കാർ ഒട്ടകത്തിന്റെ മാംസവും രക്തവും കഅ്ബയുടെ ഭിത്തിയിൽ എറിഞ്ഞു പിടിപ്പിച്ചു. ഇത് കണ്ട സഹാബികാം പ്രവാചകനോടു ചോദിച്ചു: ഈ കർമ്മത്തിന് അവരെക്കാാം അർഹരായവർ ഞങ്ങളല്ലെ? അപ്പോഴാണ് അല്ലാഹു അവതരിപ്പിച്ചത്: "അവയുടെ മാംസമോ, രക്തമോ അല്ലാഹുവിനെത്തുന്നില്ല; മറിച്ച്, നിങ്ങളിൽ നിന്നുള്ള 'തഖ്‌വ' യാണ് അല്ലാഹുവിനു ലഭിക്കുന്നത്." (അൽഹജ്ജ്-37)

വിശ്വാസം വികലമായപ്പോാം നടന്നിരുന്ന മറ്റൊരു ആചാരം നോക്കൂ! അവർ ഹജ്ജിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ വീട്ടിന്റെ മുൻ കവാടത്തിലൂടെ അകത്ത് കടക്കുകയില്ല. പിന്നിലൂടെ മതിൽ ചാടി മാത്രമേ അകത്ത് പ്രവേശിക്കുകയുള്ളൂ, നേരെയുള്ള വാതിലിലൂടെ അകത്ത് കടക്കൽ ഹാജിയെ സംബന്ധിച്ചിടത്തോളം ഒരു മഹാ പാതകമാണെന്ന് അവർ വിശ്വസിക്കുന്നു ഈ വിശ്വാസത്തെ എതിർത്തുകൊണ്ട് അല്ലാഹു പറഞ്ഞു: ഇതൊരു പുണ്യ കർമ്മമല്ലതന്നെ.* "പിൻഭാഗങ്ങളിലൂടെ നിങ്ങാം വീട്ടിൽ ചെല്ലുക എന്നതല്ല പുണ്യം. എന്നാൽ തഖ്‌വയുള്ളവനാരോ അവനാണ് പുണ്യവാൻ. നിങ്ങാം വാതിലിലൂടെ വീട്ടിൽ കയറുക."

ഇമാം ബുഖാരി ബർറാഇൽനിന്നുദ്ധരിക്കുന്നു: ജാഹിലിയ്യാ കാലത്ത് അവർ ഇഹ്റാമിൽ പ്രവേശിച്ചാൽ വീടിന്റെ പിൻവശത്തുകൂടിയായിരുന്നു അകത്ത് കടന്നത്. അപ്പോഴാണ് അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചത്.

---

• لن ينال الله لحومها ولا دماؤها — الحج : ٣٧

* وليس البر بأن تأتوا البيوت من ظهورها ولكن البر من اتقى وأتوا البيوت من ابوابها — البقرة : ١٨٩

www.abulhasanalinadwi.org

ഇപ്രകാരം അബൂദാവൂദ്ത്തയാലിസി (റ) വും ബർറാഇൽനിന്നുദ്ധരിച്ചിട്ടുണ്ട്: 'ഏതെങ്കിലും യാത്ര കഴിഞ്ഞ് അൻസാരികൾ വന്നാൽ, അവർ തങ്ങളുടെ വീടിന്റെ മുൻവാതിലിലൂടെ അകത്ത് പ്രവേശിച്ചിരുന്നില്ല. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് മേൽസൂക്തം അവതരിപ്പിച്ചത്.' കൂടാതെ മറ്റൊരു സമ്പ്രദായവും അവരിലുണ്ടായിരുന്നു: ഹജ്ജിന് പോകുമ്പോൾ യാത്രക്കാവശ്യമായ പാഥേയവും വാഹനസൗകര്യവും ഏർപ്പെടുത്തിയിരുന്നില്ല. അതും കറകരമായ പ്രവർത്തിയായിട്ടാണവർ കണ്ടത്. അവരുടെ വാദം 'തങ്ങൾ അല്ലാഹൂവിന്റെ അതിഥിയായിട്ടാണ് പുറപ്പെടുന്നത്. അത്കൊണ്ട് പാഥേയത്തിന്റെയും വാഹനസൗകര്യത്തിന്റെയും ആവശ്യമില്ല, അത് 'തവക്കുലി' (എല്ലാം അല്ലാഹുവിൽ അർപ്പിക്കൽ)നെതിരാണ്.' അതേ സമയം മററുള്ളവരോട് യാചിച്ച് ആവശ്യങ്ങൾ പൂർത്തീകരിക്കുന്നത് ഒരു കുറവായോ കുററമായോ അവർ കണ്ടിരുന്നുമില്ല. മറിച്ച് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ത്യാഗവും അർപ്പണബോധവുമായി കാണുകയും ചെയ്തു, ഇതും തെററായ വിശ്വാസമാണെന്ന് അല്ലാഹു പഠിപ്പിച്ചു.* "നിങ്ങൾ യാത്രക്ക് പാഥേയം ഒരുക്കിക്കൊള്ളുക; എന്നാൽ ഏററവും നല്ല പാഥേയം 'തഖ്‌വ' തന്നെ".

ഇബ്നു അബ്ബാസിൽ നിന്ന് ഔഫീ പറഞ്ഞതായി ഇബ്നു കസീർ (റ) ഉദ്ധരിക്കുന്നു: അന്ന് ഒരു വിഭാഗമാളുകളുണ്ടായിരുന്നു. അവർ യാതൊരു ഒരുക്കവും കൂട്ടാതെ ഹജ്ജിന് പുറപ്പെടും. ഞങ്ങൾ അല്ലാഹുവിന്റെ വീടിനെ ലക്ഷ്യം വെച്ച് തീർത്ഥാടനത്തിനു പോകുന്നവരാണ്. എന്നിരിക്കെ അവൻ ഞങ്ങളെ ഭക്ഷിപ്പിക്കയില്ലെന്നോ? അപ്പോൾ അല്ലാഹു പറഞ്ഞു: ജനങ്ങളോട് യാചിക്കാതെ പോയി തിരിച്ചുവരാൻ പററുന്ന രൂപത്തിൽ 'നിങ്ങൾ പാഥേയം ഒരുക്കുക.' ഇബ്നു അബ്ബാസിൽ നിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു: 'യമൻകാർ ഹജ്ജിന് പുറപ്പെട്ടിരുന്നത് പാഥേയ

---

* وتزودوا فان خير الزاد التقوى — البقرة : ١٩٧

www.abulhasanalinadwi.org

മില്ലാതെയായിരുന്നു.' 'ഞങ്ങൾക്കതിന്റെ ആവശ്യമില്ല; ഞങ്ങൾ 'തവക്കുൽ' ചെയ്തവരാണ്' എന്നാണവർ ഇതിന് കാരണം പറഞ്ഞത്. അപ്പോൾ അല്ലാഹു അവരോട് പറഞ്ഞു: 'നിങ്ങൾ പാഥേയം ഒരുക്കണം. എന്നാൽ ഏററവും നല്ല പാഥേയം 'തഖ്‌വ' തന്നെ.'

ഇത്പോലെ ജാഹിലിയ്യാക്കാരിലുണ്ടായിരുന്ന മററൊരു തെററായ വിശ്വാസമായിരുന്നു 'ഹജ്ജ്' കാലത്തു കച്ചവടം പാടില്ല' എന്നത്. ഒരു 'ഹലാലാ'യ കാര്യത്തെ 'ഹറാ'മായി കണ്ടുകൊണ്ടു അവർ കഴിഞ്ഞുകൂടി. ഇബ്നു അബ്ബാസിൽനിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു: ഉക്കാസ, ദുൽമജന്ന:, ദുൽമജാസ്, പോലുള്ള അങ്ങാടികൾ വലിയ വലിയ വ്യാപാര കേന്ദ്രങ്ങളായിരുന്നു. എന്നാൽ ഹജ്ജ് കാലത്ത് കച്ചവടം ഒരു കുററമാണെന്ന് അവർ വിശ്വസിച്ചു. അതിനെ എതിർത്തുകൊണ്ടാണ് ഈസൂക്തം അവതരിപ്പിച്ചത്.* ''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹമന്വേഷിക്കൽ ഒരു കുററമേയല്ല.'' ഇബ്നുഅബ്ബാസിൽനിന്ന് മുജാഹിദ് ഉദ്ധരിക്കുന്നതിങ്ങനെയാണ്: ഹജ്ജ് കാലത്ത് അറബികൾ ക്രയവിക്രയങ്ങൾ ചെയ്തിരുന്നില്ല. 'ഇത് ദൈവത്തെ സ്മരിക്കാനും പ്രകീർത്തിക്കാനുമുള്ള നാളുകളാണ്; കച്ചവട–വ്യാപാരത്തിനുള്ളതല്ല'. എന്നായിരുന്നു അവർ പറഞ്ഞത്. അപ്പോൾ അല്ലാഹു അവരോടു പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം അന്വേഷിക്കൽ, നിങ്ങൾക്ക് യാതൊരു കുററവുമുള്ളതല്ല.' (അൽബഖറ: 198)

ഇതിനെല്ലാം പുറമെ ഏററവും വൃത്തികെട്ട ഒരാചാരമുണ്ടായിരുന്നു; അവർ നഗ്നരായി കഅ്ബയെ പ്രദക്ഷിണം ചെയ്തിരുന്നു. അതിനും അവർക്ക് ന്യായം പറയാനുണ്ട്. 'ഞങ്ങൾ തെററു ചെയ്യുമ്പോൾ ധരിക്കുന്ന ഈ വസ്ത്രം ഉപയോഗിച്ചുകൊണ്ട് എങ്ങനെ കഅ്ബയെ 'ത്വാഫ്' ചെയ്യും?' ഇത് ഏററവും വലിയ ഒരു വിനാശത്തിന്റെ ക

---

* ليس عليكم جناح ان تبتغوا فضلا من ربكم — البقرة : ١٩٧

www.abulhasanalinadwi.org

വാടമായിരുന്നു. അങ്ങനെ അതും അല്ലാഹു ഈ ആയത്തു മുഖേന കൊട്ടിയടച്ചു:* "മനുഷ്യരെ, എല്ലാ പള്ളികളുടെയും സമീപത്ത് നിങ്ങൾ അലങ്കാരം സ്വീകരിക്കുവിൻ."

ഇമാം മുസ്ലിമും, നസാഇയും (റ) നിവേദനം ചെയ്യുന്നു: അവർ സ്ത്രീകളും പുരുഷൻമാരും കഅ്ബാലയത്തെ പ്രദക്ഷിണം ചെയ്തിരുന്നത് നഗ്നരായിട്ടായിരുന്നു. പകൽ പുരുഷൻമാരും രാത്രി സ്ത്രീകളും. അവർ ചില അശ്ളീല പദ്യശകലങ്ങൾ ആലപിച്ചിരുന്നു.** അപ്പോൾ അല്ലാഹു അവതരിപ്പിച്ചതാണ്.** "നിങ്ങൾ എല്ലാ പള്ളികളുടെയും സമീപത്ത് അലങ്കാരം സ്വീകരിക്കുക" എന്നത്. ഇബ്നു അബ്ബാസിൽ നിന്ന് 'ഔഫി'യും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'സീനത്ത്' കൊണ്ട് വിവക്ഷ വസ്ത്രമാണെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഇബ്നുകസീർ, മുജാഹിദ്, അത്വാഅ്, ഇബ്റാഹീമുന്നഖഈ, സഈദുബ്നു ജുബൈർ, ഖതാദ: സുദ്ദീ, സ്വഹ്ഹാക്ക്, മാലിക്, സുഹ്രി എന്നീ മഹാരഥൻമാരെല്ലാം പ്രസ്തുത ആയത്തിന് ഇതേ വ്യാഖ്യാനം തന്നെയാണ് കൊടുത്തത്. മുശ്രിക്കുകളുടെ നഗ്ന 'തവാഫി'നെ ഉദ്ദേശിച്ചാണിതെന്ന് മേൽപറഞ്ഞ സലഫുസ്സാലിഹുകൾ ഏകകണ്ഠമായി പറഞ്ഞ ഒന്നാണ്. പ്രവാചകൻ പ്രാവർത്തിക രൂപത്തിൽ ഹജ്ജത്തുൽ വദാഇന് ഒരു വർഷം മുമ്പ് അതിന് അന്ത്യം കുറിച്ചു കൊണ്ട് അബൂബക്കർ (റ) നെ അങ്ങോട്ടയച്ചു. അദ്ദേഹം ജനങ്ങളോടായി പ്രഖ്യാപിച്ചു: 'ഈ വർഷം മുതൽ മുശ്രിക്കുകളും, നഗ്നരും കഅ്ബയെ പ്രദക്ഷിണം ചെയ്യാൻ പാടില്ല.' ഇമാം ബുഖാരി അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം ചെയ്യുന്നു: 'ഹജ്ജത്തുൽ വദാഇന്റെ ഒരു വർഷം മുമ്പ് ഹ: അബൂ

---

• يا بنى آدم خذوا زينتكم عند كل مسجد — الاعراف : ٣١

•• اليوم يبدو بعضه او كله    وما بدا منه فلا احله

www.abulhasanalinadwi.org

ബക്കർ (റ) വിൻെറ നേതൃത്വത്തിൽ ഒരു സംഘത്തെ നബി (സ) അയച്ചു. അപ്പോൾ അവിടുന്ന് അബൂബക്കർ (റ) നോട് കല്പിച്ചു: 'ബലി ദിവസം ജനങ്ങളോട് വിളിച്ചു പറയുക: അടുത്ത വർഷം മുതൽ മുശ്‌രിക്കുകൾ ഹജ്ജ് ചെയ്യാനോ നഗ്നരായവർ കഅ്ബയെ 'ത്വവാഫ്' ചെയ്യാനോ പാടില്ല.' (ബുഖാരി; കിത്താബുൽ മഗാസി)

'സഫാമറുവ'യിൽ തവാഫ് ചെയ്യുന്നത് കുററകരമാണെന്നായിരുന്നു ജാഹിലിയ്യാ കാലത്ത് ചിലർ വിശ്വസിച്ചു പോന്നത്. ഈ വിശ്വാസത്തെ എതിർത്തുകൊണ്ട് ഖുർആൻ അവതരിപ്പിച്ചു: * "നിശ്ചയം സഫായും മറുവായും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപ്പെട്ടതാകുന്നു. അതിനാൽ ആര് കഅ്ബയിൽ ചെന്ന് ഹജ്ജോ, ഉംറയോ നിർവ്വഹിക്കുന്നുവോ അവൻ അതു രണ്ടും പ്രദക്ഷിണം വെക്കുന്നതിൽ കുററമൊന്നുമില്ല."

ഹ: ആയിശ:യിൽനിന്ന് ഉർവ (റ) നിവേദനം ചെയ്യുന്നു: 'ഒരിക്കൽ ആയിശ:(റ) എന്നോട് ചോദിച്ചു: 'ഇന്നസ്സ്വഫാ...' എന്നു തുടങ്ങുന്ന ഈ സൂക്തത്തിൻെറ വിവക്ഷയെന്ത്? ഞാൻ പറഞ്ഞു: 'ഹജ്ജ് ചെയ്യുന്നവൻ 'സഫാമർവാ'യെ തവാഫ് ചെയ്തില്ലെങ്കിലും കുഴപ്പമില്ല.' ഉടനെ ആയിശ:(റ) പറഞ്ഞു: എൻെറ സഹോദരീ പുത്രാ, നീ പറഞ്ഞത് വലിയ തെററാണ്. അങ്ങനെയും അർത്ഥം പറയാമെങ്കിലും വിവക്ഷയതല്ല. അതിനൊരു അവതരണ പശ്ചാത്തലമുണ്ട്. അൻസാരികൾ മുസ്‌ലിമാകുന്നതിന് മുമ്പ് 'മുഥല്ലല്' എന്ന സ്ഥലത്ത് സ്ഥാപിച്ചിരുന്ന, തങ്ങളുടെ ദൈവമായ 'മനാത്ത'ക്ക് പ്രകീർത്തനം നടത്തിയിരുന്നു. അങ്ങനെ 'മനാത്ത'ക്ക് പ്രകീർത്തനം (തഹ്‌ലീൽ) നടത്തിയ ഏതൊരാളും 'സഫാമർവാ'യുടെ മദ്ധ്യേ 'ത്വവാഫ്' ചെയ്യൽ കുററമായി

---

* ان الصفا والمروة من شعائرالله فمن حج البيت اوعتمر فلا جناح عليه ان يطوف بهما — البقرة : ١٥٨

www.abulhasanalinadwi.org

അവർ കണ്ടിരുന്നു. അപ്പോൾ മുസ്ലിമായശേഷം ഇതിനെ സംബന്ധിച്ച് അവർ നബി (സ) യോട് ചോദിച്ചു: പ്രവാചകരെ, ഞങ്ങൾ ജാഹിലിയ്യാ കാലത്ത് 'സഫാമറുവ'യിൽ ത്വവാഫ് ചെയ്യൽ തെററും കുററവുമായി കണ്ടിരുന്നു; ഇന്ന ഞങ്ങളെന്തുവേണം? ഈ സന്ദർഭത്തിൽ അല്ലാഹുവിൻെറ നിർദ്ദേശം വന്നു: 'നിശ്ചയം സഫായും മറുവായും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപ്പെട്ടതാകുന്നു. അതിനാൽ വല്ലവനും കഅ്ബയിൽചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്നവെങ്കിൽ അത്തു രണ്ടും പ്രദക്ഷിണം ചെയ്യുന്നതിൽ യാതൊരു കുററവുമില്ല.' ആയിശ (റ) പറയുന്നു: 'അനന്തരം നബി (സ) അവയെ പ്രദക്ഷിണം ചെയ്യുക എന്ന ചര്യ നടപ്പിൽ വരുത്തി. അതിനാൽ ഇനിമുതൽ ആർക്കും അതുപേക്ഷിക്കാൻ പാടില്ല.' (ബു: മു:) ഇമാം ബുഖാരി ആസിമിബ്നു സുലൈമാൻ വഴി അനസിൽനിന്ന് ഉദ്ധരിക്കുന്നു: അദ്ദേഹം അനസ് (റ) വിനോട് 'സഫാമർവാ'യെക്കുറിച്ച് ചോദിച്ചു: അപ്പോൾ അനസ് (റ) പറഞ്ഞു: അവ രണ്ടും ജാഹിലിയ്യാ ആചാരമാണെന്നാണ് ഞങ്ങൾ വിശ്വസിച്ചിരുന്നത്. ഇസ്ലാം വന്നപ്പോഴും അതേ നില തുടർന്നു. അങ്ങനെയാണ് 'ഇന്നസ്സ്വഫാവൽമർവ:' എന്ന സൂക്തമവതരിച്ചത്.

അങ്ങനെ എല്ലാവിധത്തിലും വികലവും വിരൂപവുമാക്കപ്പെട്ട ഈ മഹത്തായ സ്തംഭത്തെ അതിൻെറ പരിശുദ്ധവും യഥാർത്ഥവുമായ 'ഇബ്റാഹീമി' സ്ഥിതിയിലേക്ക് ഇസ്ലാമിക ശരീഅത്ത് മടക്കികൊണ്ടുവന്നു. പാമരരും, അതിർലംഘകരും, ധിക്കാരികളുമെല്ലാം അതിൽ കൈ കടത്തുകയും മായം ചേർക്കുകയും ചെയ്തിരുന്നെങ്കിലും അവസാനം അത്തരം കൈകടത്തലുകളിൽനിന്നും കൂട്ടിചേർക്കലിൽനിന്നും ഇസ്ലാം ശാശ്വതമായി ഹജ്ജിനെ രക്ഷിച്ചു. *

---

* ഹജ്ജിൽ ഇസ്ലാം വരുത്തിയ പരിഷ്കരണങ്ങൾ എന്ന അദ്ധ്യായത്തിന് സയ്യിദ് സുലൈമാൻ നദ്‌വിയുടെ 'സീറത്തുന്നബി' അഞ്ചാം വാള്യത്തോട് കടപ്പാടുണ്ട്

www.abulhasanalinadwi.org

www.abulhasanalinadwi.org